
ചാവറയച്ചൻ



a deepika publication



CHOTHIRAKUNNEL MAHA KUDUMBOM

A treasury of eminent personalities - bishops and saintly persons, priests and religious, scientists and scholars, men of letters and journalists, planters and industrialists, agriculturists and businessmen, social workers and politicians.... all walks of life.

- ❒ Chothirakunnel
  - ♦ Karukayil
  - ♦ Munnoottinalpathil
  - ♦ Madathilackal
  - ♦ Puthenkaduppil
  - ♦ Illipparampil
  - ♦ Chemmarappallil
  - ♦ Oottappunnackal
  - ♦ Kandamkalam
  - ♦ Kadhalikkadu
  - ♦ Paraekkattil
  - ♦ Athikalam
  - ♦ Vengacherry
  - ♦ Kunnampalli
  - ♦ Thoppil



- ❒ Vaadayil
  - ♦ Anattil
  - ♦ Uthuppassery
  - ♦ Kuzhichandom
  - ♦ Arupara
  - ♦ Elamthuruthil
  - ♦ Puthenpurackal
  - ♦ Chethimattom
  - ♦ Vathukkadu
- ❒ Poyalyilthekedom
  - ♦ Puthuveettilkalam
  - ♦ Manathara
  - ♦ Srampickal
- ❒ Malempurackal

CHOTHIRAKUNNEL MAHA KUDUMBA YOGAM

Thottakkad, Kottayam- 686 539

With Best Compliments From

MIRZA TANNERS LIMITED

A-7, Mohan Co-operative Indl. Estate, Mathura Road, New Delhi,

Manufacturers of 'Red Tape' Shoes

KURUVILA KURIAKOSE AMBALATHATTIL *(Executive Director & CFO)*

AGREENCO

AGREENCO LTD.


The power that leads the Agro sector


MARAM COLLEGE
LIBRARY

Reliable on each and every step



AGREEN HASHCO
Pineapple Processing Unit



AGREENCO FIBREFOAM
Contour Hug Mattress



AGREENCO RUBBER TECHNOLOGIES
Processed Rubber



AGREENCO VIDESH
International Business



AGREENCO advantage SSI
Small Scale Industries



AGREENCO Jaiva
Bio Compost Manure

The Kerala State Agro Co-operative Ltd
2nd Floor, Abna Complex, Pallikkunnu, Kannur-670 004, Kerala, India.
Tel: 0497-2765115, 2765116, 2767463, Fax: 0497-2765117 • E-mail: agreenco@vsnl.net • www.agreencoind.com


Centenary Memorial Gate(1831-1931

Dharm... Library
Acc. 85384
Call. No. 291.1/C391
AR

Chavara Birth Bicentenary Special 2004





A Deepika Publication
Price: Rs.75.00
March 31, 2004

Edited, printed and published by Jose Thomas Pattara on behalf of M/s.Rashtra Deepika Ltd., College Road, Kottayam-1 and printed at Rajhans Enterprises, Bangalore. RNI No. 55182/94/KI/KTM/312/99.
Ph:(PBX):Editorial-0481-2566706, 2566707.
Office-2566708, 2566709. Fax:0481-2567947.
deepika@deepika.com

Managing Director
Jose Thomas Pattara
Chief Editor
Fr. Jose Panthaplamthottiyil
Editor-In-Charge
Raju Mathew
Consultant Editors
Fr. Mathew Koottumkal C.M.I
Fr. Thomas Panthaplackal C.M.I
Fr. Z. M .Moozhoor C.M.I

Editorial Board
Joseph Mathew
Alexander Sam
P.P.James
Babu Kadalikkadu
Swapna Tom
Johnson Poovanthuruth
Joshy Kurian
Photos
K.J. Jose, Deepika
K. R. Anil Kumar, Deepika
Drusia Thampy, Mannanam
Cover Design and Layout
Mathews Orathel, Beam KTM
Thomas Antoney
P. J. Joseph

ആമുഖം

സന്തോഷകരമെന്നു പറയട്ടെ, ജീവിച്ചിരിക്കുന്നവർ മാത്രമല്ല, മരിച്ചവരുംകൂടി ഉൾക്കൊള്ളുന്നതാണു സമൂഹം. മരിച്ച മഹാന്മാർ ഇപ്പോഴും നമ്മുടെയിടയിൽ ജീവിക്കുന്നു. നമുക്കു വേണമെങ്കിൽ അവരെ കാണാം, അവരെ കേൾക്കാം.

അലക്സിസ് കാരൽ.

രണ്ടു നൂറ്റാണ്ടു മുമ്പ് ജനിക്കുകയും പതിമൂന്നു പതിറ്റാണ്ടു മുമ്പ് അന്തരിക്കുകയും ചെയ്ത വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ നമുക്ക് കാണുകയും കേൾക്കുകയും ചെയ്യാവുന്ന വിധത്തിൽ നമ്മുടെയിടയിൽ ജീവിക്കുന്നു. ശാരീരികമായി അദ്ദേഹം ജീവിച്ചിരുന്നപ്പോൾ കണ്ടിരുന്നതിൽ വളരെക്കൂടുതലായി അദ്ദേഹത്തെ ഈ നാട് ഇപ്പോൾ കാണുന്നു. അന്നു സംസാരിച്ചിരുന്നതിനേക്കാൾ വളരെക്കൂടുതൽ ഇപ്പോൾ അദ്ദേഹം നമ്മോടു സംസാരിക്കുന്നു. അന്നു ചിന്തിപ്പിച്ചിരുന്നതിനെക്കാൾ വളരെക്കൂടുതലായി അദ്ദേഹം ഇന്നു നമ്മെ ചിന്തിപ്പിക്കുന്നു. മരണം ചാവറയച്ചനെ സംബന്ധിച്ചിടത്തോളം അസംഗതമായിരിക്കുന്നു.

ഒട്ടെല്ലാ മഹാന്മാക്കളെയും സംബന്ധിച്ച സത്യമാണു മരണത്തിനുശേഷമുള്ള നിലനിൽപ്പെന്നു പറയാം. ചാവറയച്ചൻ മഹാത്മാവു മാത്രമല്ല, പുണ്യാത്മാവു കൂടിയായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളത്തിൽ സാമൂഹിക പരിഷ്കർത്താവ്, വിദ്യാഭ്യാസ പ്രവർത്തകൻ, സാംസ്കാരിക നായകൻ എന്നീ നിലകളിലുള്ള അദ്ദേഹത്തിന്റെ സംഭാവനകളുടെ മൂല്യപരിശോധന സംശയാതീതമായ മഹത്വത്തിന്റെ പീഠം അദ്ദേഹത്തിനു നീക്കിയിട്ടുകൊടുക്കും. എന്നാൽ, ആ നിലകളിലുള്ള മഹത്വത്തിൽ എത്രയോ അധികമാണ് ആധ്യാത്മിക രംഗത്തു ചാവറയച്ചൻ ആർജിച്ചത്.

ചാവറയച്ചന്റെ സാമൂഹികമായ പ്രവർത്തനങ്ങൾ പോലും വിദൂരഭാവിയിലേക്കു മാറ്റൊലികൊള്ളുന്നതായിരുന്നു. കാലിക പ്രസക്തിക്ക് അപ്പുറമുള്ള പ്രസക്തിയെക്കുറിച്ച് അദ്ദേഹം എപ്പോഴും ചിന്തിച്ചിരുന്നുവെന്നുവേണം മനസിലാക്കാൻ. സ്വന്തം നാളുകളിലേക്ക് എന്നതിനേക്കാൾ ഭാവിയിലേക്ക് നോക്കിയിരുന്ന ക്രാന്തദർശിയായിരുന്നു അദ്ദേഹം. ഭാവിക്കുവേണ്ടി ചെയ്യാനും അത് അത്യന്തം പ്രായോഗിക ബുദ്ധിയോടെയും ഉൾക്കാഴ്ചയോടെയും ചെയ്യാനും അതിനുവേണ്ടി സ്വയം സമർപ്പണത്തിന്റെ ആഴത്തിലേക്കു പോകാനും അദ്ദേഹം മനസുവച്ചു. സന്യാസ സഭയുടെയും സന്യാസിനി സഭയുടെയും സ്ഥാപനത്തിലൂടെ തന്റെ പ്രവർത്തനങ്ങളെ ഭാവി കാലത്തേക്കു നീട്ടിക്കൊണ്ടു പോകാൻ അദ്ദേഹത്തിനു കഴിഞ്ഞു. സ്കൂളുകൾ, അച്ചുകൂടം എന്നിവയുടെ സ്ഥാപനംപോലും എത്രയോ ദൂരവ്യാപകമായ ഫലങ്ങളാണു സൃഷ്ടിച്ചത്, സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്! കേരളം ഇന്നു കൈവരിച്ചിരിക്കുന്ന വിദ്യാഭ്യാസ പുരോഗതിക്കും ദളിതർ കേരള സമൂഹത്തിൽ നേടിയിരിക്കുന്ന മാന്യതയ്ക്കും ചാവറയച്ചനോടു നാം കടപ്പെട്ടിരിക്കുന്നു.

ഈ ഭൗതിക സംഭാവനകളുടെ തിളക്കത്തെ അതിശയിക്കുന്നതാണ് അദ്ദേഹത്തിന്റെ ആധ്യാത്മിക പ്രഭ. ഇന്ത്യയിലെ പ്രഥമ ഏതദ്ദേശീയ സന്യാസ സഭയും സന്യാസിനി സഭയും സ്ഥാപിച്ചുവെന്നതു മാത്രമല്ല അദ്ദേഹത്തിന്റെ ഈ പ്രഭയുടെ നിദാനം. ദൈവസ്നേഹവും പരസ്നേഹവും കൊണ്ടു പാകിയ വിശുദ്ധിയുടെ പാതയിലൂടെയാണു ബുദ്ധിയുറച്ചനാൾ മുതൽ മരണം വരെ അദ്ദേഹം സഞ്ചരിച്ചത്. ത്യാഗവും ക്ഷമയും എളിമയും സേവനബുദ്ധിയും ആ ആധ്യാത്മിക വ്യക്തിത്വത്തിന്റെ ഇളക്കാനാവാത്ത ഭാഗങ്ങളായിരുന്നു.

മഹാത്മാഗാന്ധിക്കു മുമ്പ് സ്വന്തം ജീവിതം സ്വന്തം സന്ദേശമാക്കിയ ഈ മഹാത്മാവ് കേരളത്തിന്റെ അഭിമാനമാണ്. ദൈവത്തിന്റെ നാടെന്നു കേരളത്തെക്കുറിച്ചുള്ള വിശേഷണം കൂടുതൽ അന്വർഥമാകുന്നതു ചാവറയച്ചനെപ്പോലെയുള്ള ആധ്യാത്മിക പുരുഷന്മാരിലൂടെയായിരിക്കും. ഏതായാലും, കേരളത്തിൽ ഇന്ന് അറിയപ്പെടുന്നവരിൽ ഒട്ടുമിക്കവരുടെയും നാമങ്ങളെ കാലം തുടച്ചുകളഞ്ഞശേഷവും ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ നാമം നിലനിൽക്കുമെന്നതിൽ സംശയമില്ല.

ചാവറയച്ചൻ സ്ഥാപിച്ച അച്ചുകൂടത്തിൽനിന്നു ജന്മമെടുത്ത ദീപികയ്ക്ക് അദ്ദേഹത്തിന്റെ ജന്മദിനശതാബ്ദിയിൽ ആ പുണ്യപുരുഷന്റെ ജീവിതത്തെയും സേവനങ്ങളെയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ സമൂഹത്തിൽ സൃഷ്ടിച്ച ചലനങ്ങളെയും കുറിച്ച് ഈ പ്രത്യേക പതിപ്പ് പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു. ഒരു കടപ്പാടുപോലെയെടുത്താണു ഞങ്ങളീ പതിപ്പ് പുറത്തുകൊണ്ടുവരുന്നത്. അതു നിർവഹിക്കുവാൻ ലേഖനങ്ങൾ, രേഖകൾ, ചിത്രങ്ങൾ, വിവരങ്ങൾ, പരസ്യങ്ങൾ തുടങ്ങിയവ നൽകി ഞങ്ങളെ സഹായിച്ച എല്ലാവരോടും ഞങ്ങൾക്ക് അതിയായ നന്ദിയുണ്ട്. കൂടാതെ, ഈ ഗ്രന്ഥം വാങ്ങുകയും ഇതിന്റെ താളുകൾക്കു സ്വന്തം സമയം നൽകുകയും ചെയ്യുന്ന എല്ലാവർക്കും നന്ദി.

വാഴ്ത്തപ്പെട്ട ചാവറയച്ചൻ വിശുദ്ധനായി പ്രഖ്യാപിക്കപ്പെടുന്ന പുണ്യദിനത്തിനായി നിങ്ങളോടൊപ്പം ദീപികയും കാത്തിരിക്കുന്നു.

ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ സി.എം.ഐ
ചീഫ് എഡിറ്റർ

അകം താളുകളിൽ

മുഖ്യമന്ത്രി എ. കെ. ആന്റണി 11
അപ്പസ്തോലിക് നുൺഷ്യോ 11
മഹത്തായ ജീവിതം
-കർദിനാൾ മാർ വർക്കി വിതയത്തിൽ 12
ബസേലിയോസ് മാർത്തോമാ മാത്യൂസ് ദിതീയൻ കാതോലിക്കാബാവാ 13
ബസേലിയോസ് തോമസ് പ്രഥമൻ ശ്രേഷ്ഠ കാതോലിക്കാ 13
ഡോ.ഡാനിയേൽ അച്ചാരുപറമ്പിൽ, വരാപ്പുഴ ആർച്ച് ബിഷപ് 14
ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലിത്ത 14
Blessed Kuriakose Elias Chavara 15
കാലത്തിനു മുമ്പേ നടന്ന നവോത്ഥാന നായകൻ
-പ്രഫ. എ. ശ്രീധരമേനോൻ 16
ജീവന്റെ അറയിലേക്ക്
-ഡോ. സുകുമാർ അഴീക്കോട് 21
ചാവറ അച്ചൻ : മരുഭൂമി പൂക്കുന്ന അനുഭവം
-പെരുമ്പടവം ശ്രീധരൻ 23
കേരളനവോത്ഥാനത്തിലെ ശുക്രനക്ഷത്രം
- പ്രഫ. എം.കെ.സാനു 25
അറിവും ആത്മീയതയും ആയുധമാക്കിയ ആചാര്യൻ
-ഡോ. സിറിയക് തോമസ് 28
ആരംഭകൻ ചാവറയച്ചൻ 29
ചാവറയച്ചനും അവസാനത്തെ ഇലയും
-ഡോ. സി. വി. ആനന്ദബോസ് 30
സുറിയാനി സഭയിൽ നിന്നൊരു നവോത്ഥാന നായകൻ
-പി. ഗോവിന്ദപ്പിള്ള 32
മരിയഭക്തിയുടെ മാർഗദീപം
-ഡി. ബാബു പോൾ ഐ.എ.എസ് 35
സുകൃതം സ്മര
-ഡോ. എം. ലീലാവതി 36
വിശുദ്ധകിരീടം ചൂടുന്ന ഈ മലയാളി എന്റെ സ്വന്തമാണ്
-സിബി മാത്യൂ ഐ.പി.എസ് 38
ജീവിതത്തിന്റെ മാർഗദീപം
-വി.ജെ.കുര്യൻ ഐ.എ.എസ് 39
ആ അദൃശ്യസാമീപ്യത്തിൽ എല്ലാം ഭദ്രം
-ഭദ്രൻ 40



ചാവറഭക്തിയിലൂടെ ആത്മവിശ്വാസം
-ഷൈനി വിത്സൺ 41
ആ ദർശനപുണ്യത്തിൽ
-സ്ഫടികം ജോർജ് 42
വാഴ്ത്തപ്പെട്ട ചാവറയച്ചൻ 43
ദിവ്യമുദ്ര
-ജോൺ ആന്റണി 44
സേവനത്തിന്റെ പാതയിലെ സി.എം.ഐ സഭ
-ഫാ.ആന്റണി കരിയിൽ സി.എം.ഐ 76
വാഴ്ത്തപ്പെട്ട ചാവറയച്ചനും സി.എം.സിയും
-മദർ എഡ്വേർഡ് സി.എം.സി 84
Congregation of the Mother of Carmel 88
ചാവറയച്ചനും സീറോമലബാർ സഭയും
-ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ 90
അരൂപിയുടെ സംഗീതം
-റവ.ഡോ.തോമസ് ഐക്കര സി.എം.ഐ 92
വാഴ്ത്തപ്പെട്ട ചാവറയച്ചൻ സി.എം.ഐ സഭാസ്ഥാപകൻ
-റവ.ഡോ. എ. മത്യാസ് മുണ്ടാടൻ സി.എം.ഐ 94
ഉയരത്തിലെ വീട്: സിദ്ധിയും സിദ്ധാന്തവും
-റവ. ഡോ. തോമസ് കാടൻകാവിൽ സി.എം.ഐ 99
ചാവറയച്ചൻ: വിശ്വാസസംരക്ഷൻ
-റവ. ഡോ. തോമസ് മാമ്പ്ര സി.എം.ഐ 101
ദൈവാരൂപി നിറഞ്ഞ മനുഷ്യൻ
- ഫാ. ജോസ് ചിറ്റിലപ്പള്ളി സി.എം.ഐ 107
ചാവറയച്ചനും വിദ്യാഭ്യാസരംഗവും
-റവ. ഡോ.തോമസ് ചാത്തംപറമ്പിൽ സി.എം.ഐ 109
പ്രിയോരച്ചനിൽനിന്ന് പ്രിയോർ മാവിലേക്ക് 113
മലയാള മാധ്യമ കുടുംബത്തിന്റെ പൂർവപിതാവ്
-ഡോ.സെബാസ്റ്റ്യൻ പോൾ 115

അക്ഷരങ്ങളിൽ തുടിക്കുന്ന ചാവറചൈതന്യം
-ഡോ. കുര്യാസ് കുമ്പളക്കുഴി 118
അനസ്താസ്യയുടെ രക്തസാക്ഷ്യം; ആദ്യ ഖണ്ഡകാവ്യകൃതി
-ഡോ.സെഡ് എം.മൂഴൂർ സി.എം. ഐ 121
സ്ത്രീമുന്നേറ്റത്തിന്റെ മാർഗദീപം
-സിസ്റ്റർ ക്ലിയോപാട്ര സി.എം. സി 124
ചാവറയച്ചന്റെ സമ്പൂർണകൃതികൾ 126
ചാവറയച്ചൻ: നാഴികക്കല്ലുകൾ 127
ചാവറക്കുടുംബം 127
ചാവറയച്ചന്റെ കാലത്ത് സ്ഥാപിതമായ ആശ്രമങ്ങൾ 128
ചാവരുളിലെ കുടുംബദർശനം
-പ്രഫ. മാത്യു ഉലകംതറ 129



കേരളസഭയ്ക്കു നവചൈതന്യം പകർന്ന അജപാലകൻ
-ഫാ. മാത്യു കണിയാംപറമ്പിൽ സി. എം. ഐ 131
അവഗണിക്കപ്പെട്ടവർക്കും ദരിദ്രർക്കും ചാവറയച്ചന്റെ കർമ പദ്ധതികൾ
-ഫാ.ഓസ്റ്റിൻ കളപ്പുര സി.എം. ഐ 133
സി.എം.ഐ സഭയിലെ ബിഷപ്പുമാർ 135
ഏലിയാസച്ചനും ദലിതരുടെ സമുദ്ധാരണവും
-ഡോ. തോമസ് കാലായിൽ സി.എം. ഐ 136
നാളാഗമങ്ങളിലെ ചരിത്രവിശേഷം
-ഫാ. തോമസ് പന്തപ്ലാക്കൽ സി.എം. ഐ 139
നാമകരണനടപടികളും ചാവറയച്ചനും
-ഫാ. ലൂക്കാസ് വിത്തുവട്ടിക്കൽ സി.എം. ഐ 142
ചാവറയച്ചന്റെ സ്നേഹവിപ്ലവും ചില സ്ത്രീ ശാക്തീകരണ ചിന്തകളും
-പ്രഫ. മോനമ്മ കോക്കാട് 147
വിശുദ്ധഗിരിയിൽ വിശ്രമം
-മരിയൻ ജോർജ് 149
കൈനകരിയുടെ പുണ്യതേജസ്
-സെർജി ആന്റണി 152
ചാവറപ്പിതാവിന്റെ ശക്തിസ്രോതസുകൾ
-ടി. ദേവപ്രസാദ് 156
ചാവറയച്ചന്റെ സാമിപ്യം അറിഞ്ഞ പെണ്ണാപറമ്പിൽ കുടുംബം
-പി.സി. കുര്യാക്കോസ് 159
ദുരന്തങ്ങളിൽ കരുത്തേകിയ ചാവറഭക്തി
-ബിനോയ് സി.എം.ഐ 161
ചാവറയച്ചന്റെ സന്നിധിയിൽ സിജിക്ക് അനുഗ്രഹവർഷം
-റജി പഴയിടം 162
Carmelites of Mary Immaculate 163
സഹനപുത്രിക്കു സമാശ്വാസമായി ചാവറയച്ചൻ
-വട്ടപ്പലം 164
ചാവറയച്ചനൊപ്പം സന്യാസവ്രതം അനുഷ്ഠിച്ചവർ 166
ഇവർ വഴി തുറന്നവർ 167
ക്രിസ്തീയ ചൈതന്യത്തിന്റെ ഉദാത്ത പ്രതീകം
-ആർ. വെങ്കട്ടരാമൻ 180

Advertisement Index

The Woodlands 2
Kerala State Agro Co-operative Ltd 3
Kalathil Scariah Aprem Achan 173
Kristhu Jayanthi College 179
Navadarsanagram 181
C.M.C Vimala Provincial House 181
C.M.I.Generalate 183
St. Joseph Monastery, Mannanam 185
Kottayam St Joseph Province 186
St, Paul Province, Bhopal 187
Carmel Provincial House Moovattupuzha 188
C.M.I Devamatha Province, Thrissur 189
Province of St.Joseph, Thiruvananthapuram 190
Christ Nagar Group of Schools,TVM 191
C.M.I St. Thomas Provincial House Amalapuri 192
St. Joseph's Monastery, Devagiri 192
St.Jude Higher Secondery School Mukhathala 193
St. Paul's Province Mysore 193
Little Flower Monastery,Poonjar 194
C.M.C. Provincial House, Palai 194
Nirmal Province,Jagadalpur 194
St. John's Monastery Mutholy 194
Bharathamatha, Palakkadu 194
Silver Hill's School, Kozhikkode 194
C.M.I. Novitiate Marikunnu 194
Chothirakunnel Maha Kudumbam 195
Rajagiri Educational Institutions 196



എ.കെ. ആന്റണി
മുഖ്യമന്ത്രി

കേരളത്തിന്റെ ആധ്യാത്മിക, സാമൂഹിക, വിദ്യാഭ്യാസ മേഖലകളിൽ ശ്രദ്ധേയമായ കർമ്മ പരിപാടികൾകൊണ്ട് ശാശ്വത യശസ്കനായ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ രണ്ടാം ജന്മ ശതാബ്ദിയോടനുബന്ധിച്ച് ദീപിക ഒരു പ്രത്യേക പതിപ്പ് പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്.

കേരളത്തിന്റെ സാമൂഹിക ജീവിതത്തിൽ, പ്രത്യേകിച്ച് ക്രൈസ്തവ സമൂഹത്തിൽ ബഹുമുഖമായ മാറ്റങ്ങൾക്ക് തുടക്കംകുറിച്ച ക്രാന്തദർശിയായിരുന്നു ചാവറയച്ചൻ. അദ്ദേഹം സ്ഥാപിച്ച നിരവധി സ്ഥാപനങ്ങൾ സാമൂഹിക പുരോഗതിക്ക് ആക്കംകൂട്ടാൻ സഹായകമായിട്ടുണ്ട്.

ചാവറയച്ചന്റെ വിശിഷ്ടമായ സേവനങ്ങൾ അനുസ്മരിച്ചുകൊണ്ട് ഈ മഹനീയാവസരത്തിൽ ദീപിക ഒരു പ്രത്യേക പതിപ്പ് പ്രസിദ്ധീകരിക്കുന്നത് എന്തുകൊണ്ടും ഉചിതവും കാലിക പ്രസക്തവുമാണ്.

ഈ സംരംഭത്തിന് സർവവിധ വിജയവും ആശംസിക്കുന്നു.



Archbishop Pedro Lopez Quintana
Apostolic Nuncio

I am happy to learn that Deepika, the oldest Malayalam daily, is bringing out a special edition to mark the inauguration of the Bicentennial Birthday Celebrations of Blessed Kuriakose Elias Chavara.


In his homily during the Mass of Beatification of Father Kuriakose Elias Chavara, the Holy Father John Paul II said, "Today the Church solemnly recalls with love and gratitude all his efforts to resist threats of disunity and to encourage the clergy and faithful to maintain unity with the See of Peter and the Universal Church. His success in this, as in all his many undertakings, was undoubtedly due to the intense charity and prayer which characterized his daily life, his close communion with Christ and his love for the Church as the visible Body of Christ on earth."

The Deepika remains an important and inspired initiative of Blessed Kuriakose Elias Chavara, and faithfully carried forward by the Carmelites of Mary Immaculate, co-founded by him. While I congratulate and thank the management of the Deepika on the Chavara Special they are bringing out, I pray that it inspires all its readers to work assiduously for the ideals that Blessed Kuriakose Elias Chavara stood for - the promotion of peace and harmony in our society, especially by using the power of the written word.

With my blessings and prayerful wishes for a worthy celebration of Chavara Jayanti 200,
I remain,

Yours sincerely in Christ,

Arcbishop Pedro Lopez Quintana
Apostolic Nuncio



കർദിനാൾ മാർ വർക്കി വിതയത്തിൽ

മേജർ ആർച്ച് ബിഷപ്പ്

മഹത്തായ ജീവിതം


കേരളം കണ്ട ഏറ്റവും മഹത്തായ ജീവിതങ്ങളിലൊന്നാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റേത്. വലിയൊരു വിശുദ്ധനാണ് ചാവറയച്ചനെന്ന് എന്റെ ബാല്യകാലത്തുതന്നെ പറഞ്ഞുകേട്ടിരുന്നു. എന്റെ ജന്മസ്ഥലത്തിനടുത്തുള്ള കൂനമ്മാവിലാണ് അദ്ദേഹം തന്റെ അന്ത്യകാലം കഴിച്ചുകൂട്ടിയത്. ദിവംഗതനായതും അവിടെത്തന്നെ.

ഏകദേശം അരനൂറ്റാണ്ടുമുൻപ് റോമിൽ പരിശുദ്ധ സിംഹാസനത്തിന്റെ ദേവാലയത്തിൽ ഞാൻ ഗവേഷണത്തിലേർപ്പെട്ടിരിക്കവേ ചാവറയച്ചന്റെ വിശുദ്ധിയെക്കുറിച്ച് വളരെ നല്ല രണ്ടു രേഖകൾ ലഭിച്ചു. അതുവരെ വെളിച്ചം കാണാത്തതായിരുന്നു അവ. ഈ രേഖകളുടെ കോപ്പി ചാവറയച്ചന്റെ നാമകരണ പരിപാടിയുടെ അധ്യക്ഷന് അയച്ചുകൊടുത്തതിനെത്തുടർന്ന് മാന്നാനത്ത് നാമകരണ കോടതിയിൽ എന്നെ സാക്ഷിയായി വിസ്തരിക്കുകയുണ്ടായി.


കേരളത്തിലൊട്ടാകെയും, പ്രത്യേകിച്ച് ദളിത് വിഭാഗങ്ങളിലും വിദ്യാവെളിച്ചമെത്തിക്കുന്നതിൽ ചാവറയച്ചൻ വഹിച്ച പങ്ക് നിസ്തുലമാണ്. സാമൂഹികരംഗത്ത് അദ്ദേഹത്തിന്റെ സംഭാവനകൾക്കുള്ള അംഗീകാരമായാണ് ചാവറയച്ചന്റെ ബഹുമാനാർത്ഥം ഇന്ത്യാ ഗവൺമെന്റ് തപാൽ സ്റ്റാമ്പ് പുറപ്പെടുവിച്ചത്.

ചാവറയച്ചന്റെ ധീരവും ശക്തവുമായ നിലപാടില്ലായിരുന്നെങ്കിൽ മാർതോമാ ശ്ലീഹായാൽ സ്ഥാപിതമായ കേരളത്തിലെ വ്യക്തിസഭ വഴിതെറ്റിപ്പോകുമായിരുന്നെന്ന ചരിത്രവസ്തുത പ്രത്യേകം സ്മരിക്കേണ്ടിയിരിക്കുന്നു. അനുഗൃഹീതമായ തന്റെ തൂലികകൊണ്ടും അദ്ദേഹം സഭയെ സേവിച്ചു.

ദൈവത്തിൽ ജീവിച്ച വ്യക്തിയായിരുന്നു ചാവറയച്ചൻ. തന്റെ കർമ്മശേഷിക്ക് അദ്ദേഹം ഊർജസ്രോതസ് കണ്ടെത്തിയത് ആഴമേറിയ ആധ്യാത്മികതയിൽനിന്നായിരുന്നു. തന്നെത്തന്നെ ശൂന്യനാക്കി സഹജീവികൾക്ക് അദ്ദേഹം സേവനം ചെയ്തു. ഈ ജൂബിലി വർഷത്തിൽ ഏവരും ചാവറയച്ചനിൽനിന്ന് സ്വന്തമാക്കാൻ യത്നിക്കേണ്ടത് ഈ സേവന തൃഷ്ണയും ആന്തരികവളർച്ച പ്രാപിക്കാനുള്ള ത്വരയുമായിരിക്കണം.



ബസേലിയോസ് മാർത്തോമ്മാ മാത്യൂസ്
ദ്വിതീയൻ കാതോലിക്കാബാവാ



ബസേലിയോസ് തോമസ് പ്രഥമൻ
ശ്രേഷ്ഠ കാതോലിക്കാ

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ രണ്ടാം ജന്മ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ദീപിക ചാവറയച്ചന്റെ ഒരു ജീവചരിത്രം പ്രസിദ്ധീകരിക്കുന്നു എന്ന് അറിയുന്നതിൽ അതിയായി സന്തോഷിക്കുന്നു.

ചാവറയച്ചനെപ്പറ്റി പല പുസ്തകങ്ങളും ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തെപ്പറ്റി കേരളത്തിലെ സാമൂഹിക, സാംസ്കാരിക, സാഹിത്യനായകന്മാരുടെ ലേഖനങ്ങളും മറ്റും ഉൾപ്പെടുന്ന ഒരു പുതിയ പുസ്തകം പ്രസിദ്ധീകരിക്കുന്നത് ഉചിതമാണ്. ദീപികയുടെ ഈ സംരംഭം വളരെ ശ്ലാഘനീയമാണ്.

വി. മർത്തോമ്മാ ശ്ലീഹായാൽ ജ്ഞാനസ്നാനം ചെയ്യപ്പെട്ട പകലോമറ്റം കുടുംബത്തിന്റെ ഒരു ശാഖയായി കരുതപ്പെടുന്ന ചാവറ കുടുംബത്തിൽ ജനിച്ച്, ചെറുപ്പം മുതലേ പുണ്യജീവിതം നയിച്ച്, ക്രൈസ്തവലോകത്തെന്നല്ല സമൂഹത്തിൽ പൊതുവേ എല്ലാവർക്കും മാതൃകയായി തീർന്ന അദ്ദേഹത്തിന്റെ സേവനങ്ങളും ജീവിതശൈലിയും പ്രചോദനം നല്കുന്നവയാണ്.

ആദ്ധ്യാത്മിക രംഗത്തെന്നപോലെ സാമൂഹ്യ, സാംസ്കാരിക, സാഹിത്യ, വിദ്യാഭ്യാസ മണ്ഡലങ്ങളിലെല്ലാം തിളക്കമാർന്ന പ്രവർത്തനം കാഴ്ചവെച്ച ശ്രേഷ്ഠനായ ഈ സന്യാസിവര്യന്റെ ജീവിതത്തിലേക്ക് കണ്ണോടിക്കുമ്പോൾ ഒരു പൂർണവ്യക്തിത്വത്തെയാണ് നാം ദർശിക്കുന്നത്.

അദ്ദേഹത്തെപ്പറ്റിയുള്ള പുതിയ ജീവിതഗ്രന്ഥം പൊതുവെ അർഹമായവിധം സമൂഹത്തിൽ സ്വീകാര്യമായിത്തീരും എന്നതിന് സംശയമില്ല.

പുണ്യാത്മാക്കൾ നാടിന്റെയും സമൂഹത്തിന്റെയും പൊതുസ്വത്താണ്. സ്വന്തം പ്രവർത്തനമണ്ഡലത്തിന്റെ കേവലമായ അതിരുകൾക്കുള്ളിൽ ഒതുങ്ങുന്നതല്ല അവരുടെ കർമ്മഫലം. പുണ്യചരിതനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ മാഹാത്മ്യം വിലയിരുത്തുമ്പോൾ ഇക്കാര്യം നമുക്കു വ്യക്തമാകും.

ആധ്യാത്മികരംഗത്തും ഭൗതികരംഗത്തും പതിറ്റാണ്ടുകൾക്കപ്പുറത്തേക്കു ദൃഷ്ടികൾ പായിച്ച കർമ്മകുശലനായിരുന്നു ചാവറയച്ചൻ. നമ്മുടെ സംസ്കാരത്തോടും പാരമ്പര്യത്തോടും യോജിച്ചുപോകുന്ന ജീവിതരീതി സ്വന്തമായുള്ളൊരു സന്യാസ സമൂഹത്തെ അദ്ദേഹം കരുപ്പിടിപ്പിച്ചു.


ആ ദൂരക്കാഴ്ചയുടെ ഫലം അത്ഭുതാവഹം തന്നെ. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, അച്ചടിമാധ്യമം തുടങ്ങിയ രംഗങ്ങളിൽ കേരളം മുന്നോക്കാവസ്ഥ കൈവരിച്ചതിൽ ചാവറയച്ചനുള്ള പങ്ക് എത്രയോ വലുതാണ്.

ചാവറയച്ചനെ വിശുദ്ധപദവിയിലേക്കുയർത്താൻ നടപടികൾ അന്തിമഘട്ടത്തിലെത്തി നിൽക്കുമ്പോൾ അദ്ദേഹത്തിന്റെ മഹത്വം ഇന്നത്തെ തലമുറയ്ക്കു പരിചയപ്പെടുത്താനുള്ള 'ദീപിക'യുടെ ശ്രമം ശ്ലാഘനീയം തന്നെ. ദൈവതിരുമുമ്പിൽ വിശുദ്ധരാകുന്നവർ എല്ലാ സഭകളുടെയും പൊതുസ്വത്താണ്.



ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ

വരാപ്പുഴ മെത്രാപ്പോലീത്ത



ഫിലിപ്പോസ് മാർ ക്രിസോസ്റ്റം

മാർത്തോമ്മാ മെത്രാപ്പോലീത്ത

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ 200-ാം ജന്മവാർഷിക ത്തോടനുബന്ധിച്ച് ദീപിക സ്മരണിക പ്രസിദ്ധീകരിക്കുന്നതിൽ എനിക്കതിയായ സന്തോഷമുണ്ട്.

സി.എം.ഐ സഭയുടെ സ്ഥാപകപിതാ ക്കന്മാരിൽ ഗണനീയനും പ്രഥമ പ്രിയോർ ജനറലുമായിരുന്ന ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ അസാധാരണ വ്യക്തിത്വ ത്തിന്റെ ഉടമയായിരുന്നു. ക്രിസ്തുനാഥനെ അനുകരിച്ച് എല്ലാവർക്കും നന്മകൾ ചെയ്തു കൊണ്ട് ജീവിതവിശുദ്ധി കൈവരിച്ച അദ്ദേഹത്തിന്റെ ജീവിതം നമുക്കേവർക്കും ഉത്തമ മാതൃകയാണ്.

ഭാരതസഭാനഭോമണ്ഡലത്തിലെ പുണ്യനക്ഷത്രമായി വിരാജിക്കുന്ന വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ 200-ാം ജന്മവാർഷികാഘോഷങ്ങൾക്ക് സർവ വിജയാശംസകളും നേരുന്നു.

ചരിത്രം ജീവിതങ്ങളുടെയും സംഭവങ്ങളു ടെയും വ്യക്തികളുടെയും സമൂഹത്തിന്റെയും രാജ്യത്തിന്റെയും ജനനം, വളർച്ച, താഴ്ച, നാശം, ഉയർച്ച, സാഫല്യം എന്നിവയുടെ സന്തോഷവും ദുഃഖവും നിറഞ്ഞ സമ്മിശ്ര അനുഭവങ്ങളുടെ രേഖയാണ്. പ്രഥമദൃഷ്ട്യാ ഇതിന് അർഥവും പൊരുളും ഉദ്ദേശ്യവും കണ്ടെത്തുക പ്രയാസമാണ്. എന്നാൽ വേദപുസ്തകം, ദൈവം ചരിത്ര ത്തിൽ പ്രവർത്തിക്കുന്നവനും ചരിത്രത്തെ നയിക്കുന്നവനും ആകുന്നുവെന്ന് നമ്മെ പഠിപ്പിക്കുന്നു. ഈ ക്രിസ്തീയ സത്യത്തിന്റെ ഒരു തെളിവാണ് വാഴ്ത്തപ്പെട്ട ചാവറ അച്ചന്റെ ജീവിതം.

സാധാരണയായതിനെ അസാധാരണയായി രൂപാന്തരപ്പെടുത്തുന്നവൻ, പലപ്പോഴും അവഗണിക്കപ്പെട്ടവരെയാണ് വീണ്ടെടുപ്പുകാരായി തെരഞ്ഞെടുക്കുന്നത്. ചരിത്രത്തിൽ ചരിത്രം സൃഷ്ടിച്ച കനൃകമറിയം സാധാരണക്കാരിയായ ഒരു സ്ത്രീയായിരുന്നു. ചാവറയച്ചൻ മറ്റൊരു ഉദാഹരണം ആണ്.

അച്ചൻ, ലഭിച്ച അരൂപിയെ അറയിൽ പൂട്ടിവയ്ക്കുകയല്ല,ധാരാളമായി എല്ലാവരു ടെയും അനുഗ്രഹത്തിനായി വർധിപ്പിച്ചു വിത രണം ചെയ്തു. വിദ്യാഭ്യാസം, തിരുവചന ധ്യാനം, ദർശനത്തോടും ശിക്ഷണത്തോടും കൂടിയ ജീവിതരംഗങ്ങൾ എന്നിവ അച്ചന്റെ പ്രത്യേകശ്രദ്ധ ആകർഷിച്ചിരുന്നു. ദൈവവുമായുള്ള ബന്ധത്തിൽ ആത്മ നിർവൃതി കണ്ടെത്തിയ ധന്യനായ ഒരു തപസ്വിയായിരുന്നു അച്ചൻ.

അച്ചന്റെ ദർശനം, ജീവിതശൈലി, സമർപ്പണം, സേവനസന്നദ്ധത എന്നിവ എല്ലാ ക്കാലത്തും സമൂഹത്തെയും വ്യക്തികളെയും വെല്ലുവിളിക്കുന്നതിനും രൂപാന്തരപ്പെടുത്തുന്ന തിനും സഹായമായിത്തീരട്ടേ എന്ന് ഞാൻ പ്രാർഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.



Blessed Kuriakose Elias Chavara

Kuriakose (Cyriac) Chavara was born in 1805, of pious and devout Catholic parents of Syro-Malabar Church, at Kainakary, Kerala, India. In baptism he was given the name Kuriakose (Cyriac). After his early schooling in the native village and priestly studies under Fr. Thomas Palackal at Pallippuram, he was ordained priest in 1829.

In 1831, co-operating with Fr. Thomas Palackal and Fr. Thomas Porukara, he founded the indigenous religious congregation for men, now known as the Carmelites of Mary Immaculate (C.M.I). It was after the death of the senior companions in the foundation that Fr. Kuriakose with the first members, made the religious profession in 1855.

In religion he took the name Kuriakose Elias of the Holy Family. Starting seven religious houses, besides the first one at Mannanam, in different parts of Kerala, the new congregation made great strides in the spiritual renovation in the Syro-Malabar Church. Seminaries for the education and formation of clergy, introduction of annual retreats for priests and people and Sunday homilies, a publishing house for the propagation of Catholic doctrine, a house for the dying and destitute as a lay charitable organization, special attention to catechumens and schools for general education were among the various activities under Fr.Chavara's leadership.

Many valuable improvements in the Syro-Malabar liturgy, Eucharistic devotion and devotion to the Holy Family are largely to his credit. In 1866, with the co-operation of Fr. Leopold Beccaro OCD, he started the Congregation of the Mother of Carmel (C.M.C) for women. A schism threatened the Church in the area in 1861, creating a very critical situation. Fr. Chavara, then Vicar General of the Syro-Malabar Church, was gratefully remembered and acknowledged by Pope Pius IX, the then and later leaders of the Church and is revered by the Catholic community in general, for his strenuous fight against Thomas Rochos' intrusion and for his effective leadership in thwarting the schism and thus saving the Church in Kerala.

Amidst his diverse and manifold activities, he found time and leisure to write a few books, both in prose and in verse, for the benefit of the faithful. His counsels to the Christian families given in the form of the 'Testament of a Loving Father' are universally applicable and are relevant to this day. Essentially a man of prayer and intense charity, he stayed in close communion with the Lord amidst his several religious and social activities permeating his spirituality to all around him, so much so that he was accepted and referred to as a man of God, from his early years.

On January 3, 1871, Fr. Chavara, after a short but painful illness, died at Koonammavu preserving his baptismal innocence. His mortal remains were later transferred from Koonammavu to Mannanam in 1889 and are piously kept in St. Joseph's Monastery church.

The diocesan process for his beatification was inaugurated by Archbishop Mar Mathew Kavukattu of Changanassery on January 3, 1958 at the request of the late Fr. Maurus CMI, the then Prior General.

The Sacred Congregation having scrutinised the writings of the Servant of God and other relevant documents, formally introduced the cause on March 15, 1980. On April 7, 1984, Pope John Paul II solemnly declared the heroic virtues of the Servant of God, thus elevating him to the status of Venerable. On February 8, 1986 during his historic visit to Kottayam, Kerala, Pope John Paul II raised Venerable Kuriakose Elias Chavara to the honours of the Altar declaring him 'BLESSED.'



പ്രൊഫ. എ. ശ്രീധരമേനോൻ

കാലത്തിനു മുമ്പേ നടന്ന നവോത്ഥാന നായകൻ

കാലത്തിനു മുമ്പേ ജനിച്ച മഹാ പ്രതിഭാശാലിയായ ഒരു സാമൂഹ്യനേതാവായിരുന്നു ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ. പത്തൊൻപതാം നൂറ്റാണ്ട് മാനവസമൂഹത്തിനു സമ്മാനിച്ച ദീർഘദർശിയായ പുണ്യതേജസ്. കേരള ചരിത്രകാരന്മാർ നീതീകാണിക്കാത്ത സാമൂഹ്യപരിഷ്കർത്താവ്.


ആധുനിക കേരള ചരിത്രത്തിലെ നവോത്ഥാന കാലഘട്ടമാണ് പത്തൊമ്പതാം നൂറ്റാണ്ട്. നവോത്ഥാനനായകരുടെ കൂട്ടത്തിൽ ചരിത്രകാരന്മാർ പ്രാധാനമായും സ്ഥാനം കൊടുത്തത് വൈകുണ്ഠസ്വാമികൾ, ചട്ടമ്പി സ്വാമികൾ, ശ്രീനാരാ



മാന്നാനം ആശ്രമദേവാലയം

യണ ഗുരു, അയ്യങ്കാളി തുടങ്ങിയ ഹൈന്ദവ സാമൂഹ്യ പരിഷ്കർത്താക്കൾക്കാണ് . വക്കം അബ്ദുൾ ഖാദർ മൗലവിക്ക് മുസ്ലിം സമുദായത്തിലെ നവോത്ഥാനനായകനായി അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ, ക്രൈസ്തവ സാമുദായികപരിഷ്കർത്താക്കളെ കേരള ചരിത്രകാരന്മാർ പൊതുവേ അവഗണിച്ചു. ഈ അബദ്ധംമൂലം കേരളചരിത്രത്തിൽ അർഹമായ സ്ഥാനം ലഭിക്കാതെപോയ നവോത്ഥാനനായകനാണ് ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ.

ചാവറയച്ചന്റെ പരിഷ്കാരങ്ങളുടെ ഔന്നത്യം മനസിലാക്കണമെങ്കിൽ അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ തിരുവിതാംകൂറിന്റെ രാഷ്ട്രീയ സാമൂഹിക സ്ഥിതിഗതികൾ മനസിലാക്കേണ്ടതുണ്ട്.



ചാവറയച്ചന്റെ കാലത്തെ കേരളം

ചാവറയച്ചൻ ഭൂജാതനാകുന്നതിനുമുമ്പുള്ള കാലഘട്ടം തിരുവിതാംകൂർ ചരിത്രത്തിൽ രാഷ്ട്രീയമായും സാമൂഹ്യമായും വളരെ പ്രാധാന്യം അർഹിക്കുന്നു. പതിനെട്ടാം ശതാബ്ദത്തിൽ മാർത്താണ്ഡവർമ്മ (1729-58) വേണാടിന്റെ അയൽ രാജ്യങ്ങൾ ആക്രമിച്ച് കീഴടക്കി തിരുവിതാംകൂർ രാജ്യത്തെ ഒരു വൻ സൈനിക ശക്തിയാക്കി. ഒരു കേന്ദ്രീകൃത ഭരണകൂടം സ്ഥാപിച്ച് പല ഭരണ പരിഷ്കരണങ്ങൾക്കും നേതൃത്വം നൽകി. ഭരണ സംവിധാനം ആധുനികീകരിക്കുവാനുള്ള പ്രക്രിയയ്ക്കു തുടക്കം കുറിച്ചു. മാർത്താണ്ഡവർമയുടെ പിൻഗാമിയായ ധർമരാജാ (1758-1798) ഈ പ്രക്രിയ ത്വരിതപ്പെടുത്തി.

പതിനെട്ടാം ശതാബ്ദം അവസാനിക്കുന്നത് പക്ഷേ, രാഷ്ട്രീയ അസ്വാസ്ഥ്യങ്ങളുടെയും അശാന്തിയുടെയും അന്തരീക്ഷത്തിലാണ്. ടിപ്പുവിന്റെ ആക്രമണ ഭീഷണിയായിരുന്നു ഇതിനുള്ള കാരണങ്ങളിലൊന്ന്.

പത്തൊൻപതാം ശതാബ്ദത്തിന്റെ ആദ്യഘട്ടത്തിൽ വേലുത്തമ്പിദളവയുടെ നേതൃത്വത്തിൽ ബ്രിട്ടീഷ് അധീശശക്തിയെ വെല്ലുവിളിച്ചുകൊണ്ടുള്ള പോരാട്ടവും ഉണ്ടായി. 1809 ൽ ഈ കലാപം അടിച്ചമർത്തപ്പെട്ടു. ഇക്കാലഘട്ടത്തിൽ തിരുവിതാംകൂറിലെ രാജാവ് ദുർബലനായ ബാലരാമവർമയായിരുന്നു. (1798-1810)

തുടർന്ന് റാണി ഗൗരി ലക്ഷ്മി ഭായി (1810 -1815) , പാർവതിഭായി (1815-1829), സ്വാതി തിരുനാൾ (1829 -1847), ഉത്രം തിരുനാൾ മാർത്താണ്ഡവർമ (1847-1860),ആയില്യം തിരുനാൾ രാമവർമ (1860-1880) എന്നിവർ ഭരണാധികാരികളായി.

ചാവറയച്ചന്റെ ജീവിതവും പ്രവർത്തനങ്ങളും ഇക്കാലത്തായിരുന്നു (1805 -1871) . ഈ കാലഘട്ടം പൊതുവേ തിരുവിതാംകൂറിന് പുരോഗതിയുടേതായിരുന്നു. പാശ്ചാത്യവിദ്യാഭ്യാസത്തിനു തുടക്കംകുറിച്ചതും നിരവധി സാമൂഹിക അനാചാരങ്ങൾ നിർമാർജനം ചെയ്യപ്പെട്ടതും ഇക്കാലത്താണ്. സാമൂഹിക സ്വാതന്ത്ര്യവും പൗരസമത്വവും ലക്ഷ്യമാക്കിയുള്ള പല പരിഷ്കാരങ്ങളും നടപ്പാക്കപ്പെട്ടു. റാണി ലക്ഷ്മിഭായിയുടെ കാലത്ത് റസിഡന്റായിരുന്ന കേണൽ മൺറോ ദിവാൻ പദവി വഹിച്ചത് പരിഷ്കാരങ്ങൾക്ക് കൂടുതൽ കാര്യക്ഷമത പകർന്നു. ഭരണയന്ത്രം കൂടുതൽ ആധുനികവത്കരിക്കപ്പെട്ടു.

ഇക്കാലത്താണ് പ്രൊട്ടസ്റ്റന്റ് മിഷണറിമാർ തിരുവിതാംകൂറിൽ വന്ന് പ്രവർത്തനമാരംഭിച്ചത്. ലണ്ടൻ മിഷൻ സൊസൈറ്റി, ചർച്ച് മിഷൻ സൊസൈറ്റി എന്നീ സംഘടനകൾ നാഗർകോവിൽ, ആലപ്പുഴ, കോട്ടയം എന്നീ പ്രധാന കേന്ദ്രങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചു പാശ്ചാത്യവിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചു. കേരള കത്തോലിക്കാസഭ, ഇക്കാലത്ത് ഈ രംഗത്തു നിഷ്ക്രിയമായിരുന്നു.

കേരള സമൂഹത്തിന്റെ പൊതുവായ ചില സവിശേഷതകൾകൂടി ഇത്തരുണത്തിൽ പരാമർശിക്കേണ്ടതുണ്ട്. ജാതിവ്യവസ്ഥയെ ആധാരമാക്കിയുള്ള യുക്തിഹീനമായ പല അനാചാരങ്ങളും നിലവിലിരുന്നു. സവർണർക്ക് (ബ്രാഹ്മണർ, ക്ഷത്രിയർ, നായർ തുടങ്ങിയ സമുദായങ്ങളിൽ പെട്ടവർ) സമൂഹത്തിൽ അമിതപ്രാധാന്യം നൽകപ്പെട്ടപ്പോൾ താഴ്ന്ന ജാതിക്കാരായ അവർണർക്ക് ഏറെ അവഗണനകൾ അനുഭവിക്കേണ്ടിവന്നു. ഹൈന്ദവസാമൂഹ്യഘടനയിൽ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ തത്വങ്ങൾക്ക് വലിയ സ്ഥാനമൊന്നും ഉണ്ടായിരുന്നില്ല. ഉയർന്ന ജാതിക്കാർ താഴേത്തട്ടിലുള്ളവരെ വളരെയേറെ അവശതകൾക്കു വിധേയരാക്കിയിരുന്നു. അവർണർക്ക് ക്ഷേത്രങ്ങളിൽ പ്രവേശിക്കുവാനോ ആരാധന നടത്തുവാനോ സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. സർക്കാർ ഉദ്യോഗങ്ങൾ അപ്രാപ്യമായിരുന്നു. സർക്കാർവക പൊതുവിദ്യാലയങ്ങളിൽ പ്രവേശനം ലഭിച്ചിരുന്നില്ല. പൊതുനിരത്തുകളിൽക്കൂടി സ്വതന്ത്രമായി യാത്ര ചെയ്യുവാൻപോലും അവകാശം ഉണ്ടായിരുന്നില്ല. തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ, കണ്ടുകൂടായ്മ തുടങ്ങിയ സാമൂഹ്യ അനാചാരങ്ങളും ഹൈന്ദവസമൂഹത്തിന് അവമതി ചാർത്തിക്കൊണ്ടു നിലനിന്നു.

ഈ സാഹചര്യത്തിൽ താഴ്ന്നജാതികളിൽപെട്ട പലരും

ക്രിസ്തുമതത്തിലേക്ക് ആകർഷിക്കപ്പെടുകയും മതപരിവർത്തനം നടത്തുകയും ചെയ്തു.

അക്കാലത്തെ ക്രൈസ്തവസമൂഹത്തെക്കുറിച്ചും ചില വസ്തുതകൾ മനസിലാക്കേണ്ടതുണ്ട്. ക്രൈസ്തവർക്കിടയിൽ പല അവാന്തരവിഭാഗങ്ങളും ഉണ്ടായിരുന്നതിനാൽ ക്രൈസ്തവഐക്യം യാഥാർത്ഥ്യമായിരുന്നില്ല. കത്തോലിക്കരും അകത്തോലിക്കരും തമ്മിൽ രൂക്ഷമായ മത്സരം ഉണ്ടായിരുന്നു. പ്രോട്ടസ്റ്റന്റ് മിഷനറിമാരുടെ വരവോടെ ഇതു കൂടുതൽ പ്രകടമായി. കത്തോലിക്കരുടെ ഇടയിൽ തന്നെ രൂക്ഷമായ ഭിന്നതകൾ നിലവിലിരുന്നു. പോർട്ടുഗീസ് ഭരണകാലത്ത് കത്തോലിക്കാസഭയിൽ ഉണ്ടായ ലത്തീൻവത്ക്കരണത്തെതുടർന്നു ഭിന്നതകൾ രൂക്ഷമായി. ലത്തീൻ ആരാധനക്രമത്തിന് ലഭിച്ച പ്രത്യേക പരിഗണന സുറിയാനിക്കാരെ അസ്വസ്ഥരാക്കി. രണ്ടു വിഭാഗക്കാർക്കും പ്രത്യേക സംവിധാനങ്ങൾ വേണമെന്ന മുറവിളി സജീവമായി. ലത്തീൻകാർക്കിടയിൽ തന്നെ അഞ്ഞൂറ്റിക്കാരും എഴുന്നൂറ്റിക്കാരും തമ്മിൽ പ്രകടമായ അഭിപ്രായഭിന്നത ഉണ്ടായി.

വിദ്യാഭ്യാസപരമായി എല്ലാ സമുദായങ്ങളും പിന്നോക്കാവസ്ഥയിലായിരുന്നു. വ്യവസ്ഥാപിത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം തന്നെയായിരുന്നു കാരണം. ആശാന്മാർ നടത്തുന്ന നിലത്തെഴുത്തു കളരികളെന്ന ഗ്രാമീണ വിദ്യാലയങ്ങളാണ് അന്നുണ്ടായിരുന്നത്.

ഈ വസ്തുതകളുടെ വെളിച്ചത്തിൽ വേണം ചാവറയച്ചന്റെ ജീവിതവും നേട്ടങ്ങളും വിലയിരുത്തുവാൻ.

1. ഭാരതവത്ക്കരണം.

പോർട്ടുഗീസുകാരുടെ കാലത്തുണ്ടായ പിളർപ്പിനെതുടർന്നു ദേശീയവും അന്തർദേശീയവുമായ വിവിധസ്വാധീനശക്തികളുടെ സമ്മർദ്ദത്തിൽ പെട്ട കേരളത്തിലെ ക്രൈസ്തവസമൂഹത്തിന് പല പിളർപ്പുകൾ കൂടി നേരിടേണ്ടിവന്നെങ്കിലും കേരളീയ സമൂഹത്തിനും സംസ്ക്കാരത്തിനും സ്വന്തമായ സംഭാവനകൾ നൽകാനായിട്ടുണ്ട്.

വിശ്വാസത്തിൽ ക്രൈസ്തവരാണെന്നതൊഴിച്ചാൽ മറ്റെല്ലാക്കാര്യങ്ങളിലും ഇവർ അടിസ്ഥാനപരമായി ദേശീയവീക്ഷണമുള്ള കേരളീയരാണ്. ഈ നാടിന്റെ സംസ്കാരികഘടനയിൽ അവർ ഇണങ്ങിച്ചേർന്നിട്ടുണ്ട് എന്നതാണ് സത്യം.ഈ ജീവിതരീതിയോട് അടുത്തകാലത്തായി ഇന്ത്യയിലാകെ പുതിയ അഭിനിവേശം കൈവന്നിട്ടുണ്ട്. ഈ ആവേശത്തിനു തുടക്കം കുറിച്ചത് ചാവറയച്ചനാണ്.കേരളസമൂഹത്തിന്റെ മുഖ്യധാരയിലേക്കു കത്തോലിക്കാസമൂഹത്തെ കൊണ്ടുവരുവാൻ അദ്ദേഹത്തിനായി.ഭാരതത്തിന്റെ ആധ്യാത്മികസമ്പത്ത് സ്വാംശീകരിക്കുവാനാണ് അദ്ദേഹം തന്റെ അനുയായികളെ ഉപദേശിച്ചത്.സംസ്കൃതപഠനത്തിന് വളരെ പ്രാധാന്യം നൽകുകയും അതിനായി സ്കൂൾ സ്ഥാപിക്കുകയും ചെയ്തു. ഹൈന്ദവർക്കിടയിലെ പല ആചാരങ്ങളെയും ആധാരമാക്കി അനുഷ്ഠാനങ്ങൾ അദ്ദേഹം നടപ്പിലാക്കി. ഹൈന്ദവഭവനങ്ങളിൽ സാധാരണമായിരുന്ന സന്ധ്യാനാമകീർത്തനത്തെ അനുകരിച്ച് ക്രിസ്തുവിന്റെ ജീവിതകഥകളെ ആധാരമാക്കിയുള്ള പ്രാർത്ഥനാ ഗാനങ്ങൾ ആലപിക്കുന്നതിന് അദ്ദേഹം നേതൃത്വവും പ്രേരണയും നൽകി. പള്ളിയിൽ കടലാസുകൊണ്ടും തുണികൊണ്ടും ഉള്ള കൃത്രിമ പൂക്കൾക്കു പകരം പച്ചപ്പൂക്കൾ വേണമെന്ന് നിഷ്ക്കർഷിച്ചതും ശുദ്ധ സംഗീതം പാടണമെന്നു വ്യവസ്ഥ ചെയ്തതുമെല്ലാം ഭാരതീയ ആചാരങ്ങൾ അനുകരിച്ചതിന്റെ ഉദാഹരണങ്ങളാണ്. ആദ്ധ്യാത്മിക മണ്ഡലം കൂടുതൽ ഊർജ്ജസ്വലമാക്കുവാൻ അദ്ദേഹം ഉപദേശിച്ച പല ആചാരങ്ങളും ഭാരതീയമായിരുന്നു. ജപമാല, വേദപുസ്തകപാരായണം, വൈദികരുടെ വാർഷികധ്യാനം,ഇടവകധ്യാനം,കുർബാനക്കിടയിലെ സുവിശേഷപ്രസംഗം, സാഷ്ടാംഗ നമസ്ക്കാരം തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഇവയിൽ പലതും ഹൈന്ദവരീതികളാണ്.സുറിയാനിയിൽ വായിക്കുന്ന സുവിശേഷഭാഗത്തിന്റെ സാരാംശം മലയാളത്തിൽ പ്രസംഗിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

വിശ്വാസികൾക്കുവേണ്ടി ഖണ്ഡകാവ്യങ്ങളടക്കം പലതരം ഭക്തഗ്രന്ഥങ്ങൾ ഉണ്ടാക്കി. എഴുത്തച്ഛന്റെ കിളിപ്പാട്ടിന്റെ ശൈലിയിൽ യേശുവിന്റെ ജീവിതത്തെ ആധാരമാക്കി പ്രാർത്ഥനാഗീതങ്ങൾ രചിച്ചു.

കേരളക്രൈസ്തവരിലെ പ്രബലവിഭാഗമായ അകത്തോലിക്കരെ, പ്രത്യേകിച്ചും യാക്കോബായ സുറിയാനിക്രൈസ്തവരെ കത്തോലിക്കാസഭയിലേക്കു കൊണ്ടുവരുവാൻ അദ്ദേഹം യത്നിച്ചു. സുറിയാനിക്കാരുടെ പ്രത്യേകതകൾ നിലനിർത്തിക്കൊണ്ട് ഇതിനു കഴിയണമെന്ന് അദ്ദേഹം വാദിച്ചു. കേരള സഭാചരിത്രത്തിലെ സുപ്രധാന സംഭവമായ പുനരൈക്യപ്രസ്ഥാനത്തിന്റെ തുടക്കം ഇവിടെ നിന്നാണ്.

ഇങ്ങനെ, ക്രൈസ്തവസമൂഹത്തിൽ ബഹുമുഖമായ മാറ്റങ്ങൾക്കു ചാവറയച്ചൻ തുടക്കം കുറിച്ചു.അതുകൊണ്ടു കേരളത്തിലെ ക്രൈസ്തവരുടെ സംസ്ക്കാരിക നവോത്ഥാനത്തിന്റെ ശുക്രനക്ഷത്രമെന്നു ചാവറയച്ചനെ വിളിക്കാം.

ഇക്കാലത്ത് ഏറെ പ്രഘോഷിക്കപ്പെടുന്ന ദേശിയോദ്ഗ്രഥനത്തെക്കുറിച്ച് ആരും ചിന്തിക്കാതിരുന്ന കാലത്താണ് ചാവറയച്ചൻ ഈ നടപടികൾക്കു നേതൃത്വം നൽകിയത്.

2. മതസൗഹാർദ്ദം, മത സഹിഷ്ണുത

മതസൗഹാർദ്ദത്തിനുവേണ്ടിയുള്ള ചാവറയച്ചന്റെ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്.ആരാധനാലയങ്ങൾ സ്ഥാപിക്കുമ്പോൾ സമീപവാസികളായ ഇതരമതസ്ഥരുടെ വികാരം അദ്ദേഹം കണക്കിലെടുത്തിരുന്നു. മാന്നാനത്തിന് അല്പം അകലെ ആശ്രമം സ്ഥാപിക്കുന്നതിന് സമീപവാസികളായ ചില ഹിന്ദുക്കൾക്ക് തടസമുണ്ടെന്ന് ഒരു മുസ്ളിമിൽ നിന്നും അറിഞ്ഞതു കൊണ്ടാണ് അദ്ദേഹം ആശ്രമത്തിനു വേണ്ടി ഇപ്പോഴത്തെ സ്ഥലം കണ്ടെത്തിയത്. കല്ലും മരവും കൊണ്ടുള്ള ദേവാലയത്തെക്കാൾ പ്രധാനമാണ് മനുഷ്യർക്കിടയിലെ സമാധാനമെന്ന് അദ്ദേഹം പഠിപ്പിച്ചു.

ഹൈന്ദവർ വളരെ ആദരവോടെ കണക്കാക്കുന്ന അർത്തുങ്കൽ പള്ളിയിലെ സേവനത്തിന്റെ സ്വാധീനം കൂടിയാവണം, ചാവറയച്ചനിൽ അനുപമമായ മതസഹിഷ്ണുത ഉണ്ടായിരുന്നു. ചേർത്തല താലൂക്കിലെ അർത്തുങ്കൽ പ്രദേശത്തുള്ള ഹൈന്ദവർക്കു കത്തോലിക്കാപള്ളിയിലെ വിശുദ്ധ സെബാസ്റ്റ്യൻ, വെളുത്തച്ഛനാണ്. ശബരിമലയ്ക്കു പോകുന്നവർ

അവിടെ വന്നു പ്രർത്ഥിച്ചു വ്രതം അവസാനിപ്പിക്കുന്നു. ഈ പാരമ്പര്യം എനിക്ക് നേരിട്ടു ബോധ്യപ്പെട്ട യാഥാർത്ഥ്യമാണ്. ഉരുളുനേർച്ചപോലെയുള്ള ചില ഹൈന്ദവ ഭക്താനുഷ്ഠാനങ്ങൾ ഈ പള്ളിയിൽ ഉണ്ടായിരുന്നു. 1829 ൽ ഈ പള്ളിയിൽ വച്ചാണ് ചാവറയച്ചൻ പട്ടമേറ്റത്.

3. അധികാര വികേന്ദ്രീകരണം

പോർട്ടുഗീസുകാരുടെ വരവോടെ കേരള കത്തോലിക്കാ സഭയ്ക്ക് കേന്ദ്രീകൃത ഭരണസംവിധാനമായി. ഒരു വികാരി ജനറാളിനായിരുന്നു ഭരണച്ചുമതല. സഭാവിശ്വാസികൾക്ക് ഇതിൽ അതൃപ്തിയുണ്ടായിരുന്നു. അധികാരവികേന്ദ്രീകരണം സഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുമെന്നും സഭാംഗങ്ങളുടെ ആത്മീയ ജീവിതവളർച്ചയ്ക്ക് കാരണമാകുമെന്നും ചാവറയച്ചൻ മനസിലാക്കി. അങ്ങനെയാണ് സഭയെ നാലു പ്രവിശ്യകളാക്കിയത്.

വികേന്ദ്രീകൃത ഭരണസംവിധാനം വന്നതോടെ സഭയ്ക്ക് സാമ്പത്തിക അടിത്തറ കൂടുതൽ ഭദ്രമാക്കപ്പെട്ടു. പിടിയരി, നൂറ്റിക്കഞ്ചു പതിവ് പോലുള്ള പങ്കുവയ്ക്കലുകൾ നടപ്പാക്കി.

ഓരോ ക്രൈസ്തവഭവനത്തിലും ഓരോ ദിവസവും വേണ്ട അരിയിൽനിന്നും നല്ലകാര്യങ്ങൾക്കുവേണ്ടി ഒരുപിടി മാറ്റിവയ്ക്കുന്നതാണ് പിടിയരി. ഓരോ പള്ളിയിലും ചെലവു കഴിഞ്ഞുള്ള മിച്ചത്തിൽ നിന്നു അഞ്ചുശതമാനം രൂപതയിലേക്കു നൽകുന്നതാണ് നൂറ്റിക്കഞ്ച്. ഈ തുക കൊണ്ടാണ് രൂപത സ്കൂളുകളും ആശുപത്രികളും സ്ഥാപിച്ചു നടത്തുന്നത്.

4. വിദ്യാഭ്യാസ-സാമൂഹികപ്രവർത്തനങ്ങൾ

കേരളത്തിന്റെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ മാറ്റുവാൻ ചാവറയച്ചൻ വിലപ്പെട്ട സംഭാവനകൾ നൽകി. എല്ലാ പള്ളികളോടുംചേർന്ന് പള്ളിക്കൂടം സ്ഥാപിക്കണമെന്ന് കർശന നിർദേശം നൽകി. എല്ലാ വീട്ടിലെയും കുട്ടികൾ സ്കൂളിൽ ചേർന്നിരിക്കണമെന്നും നിർദേശിച്ചു. ഇങ്ങനെ ചെയ്യാത്ത പള്ളികൾക്ക് ആത്മീയപ്രവർത്തനങ്ങൾക്ക് അനുമതി നിഷേധിക്കുമെന്നും ചാവറയച്ചൻ താക്കീതു ചെയ്തു. ഇതോടെ കത്തോലിക്കാസഭ വിദ്യാഭ്യാസരംഗത്ത് ഏറെ സജീവമായി.

സ്കൂളിൽവരുന്ന പാവപ്പെട്ട കുട്ടികൾക്ക് സൗജന്യ ഉച്ചക്കഞ്ഞി നൽകാനും അച്ചൻ മുൻകൈയെടുത്തു. 1940കളിൽ തിരുവിതാംകൂറിൽ ഈ സാമൂഹ്യപരിപാടി ആരംഭിച്ചതിനു പ്രചോദനം ചാവറയച്ചന്റെ ഈ നടപടിയാണ്. സർക്കാർ സ്കൂളുകളിൽ പാവപ്പെട്ടവർക്ക് ഉച്ചക്കഞ്ഞി ഏർപ്പെടുത്തണമെന്ന് ശിപാർശ ചെയ്തുകൊണ്ട് ദിവാനായിരുന്ന സി.പി. രാമസ്വാമി അയ്യർ 1936 നവംബർ 26ന് മഹാരാജാവിനു സമർപ്പിച്ച കുറിപ്പിൽ ക്രൈസ്തവസ്ഥാപനങ്ങളിലെ ഈ പതിവ് മാതൃകയായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

പള്ളിക്കൂടങ്ങളിൽ ജാതിമതഭേദമന്യേ എല്ലാ കുട്ടികൾക്കും പ്രവേശനം നൽകി. സർക്കാർ സ്കൂളുകളിൽപ്പോലും ദളിതർക്കും അവർണർക്കും പ്രവേശനമില്ലാതിരുന്നകാലത്താണിതെന്ന് ഓർക്കണം.

ദളിത് കുട്ടികളെ സ്കൂളിലെത്തിക്കുവാൻ ചാവറയച്ചൻ മുൻകൈയെടുത്തു. ഇവർ പഠനം മുടക്കാതിരിക്കാൻ പാഠപുസ്തകം, വസ്ത്രം, ഉച്ചക്കഞ്ഞി എന്നിവ സൗജന്യമായി നൽകി.

വൈദികപരിശീലനത്തിന് പോർട്ടുഗീസുകാർ സെമിനാരികൾ സ്ഥാപിച്ചിരുന്നുവെങ്കിലും ചാവറയച്ചൻ പ്രവർത്തനം നടത്തുന്നകാലത്തും മല്പാന്മാരുടെ നേതൃത്വത്തിൽ ഗുരുകുല സമ്പ്രദായത്തിലുള്ള വൈദികപരിശീലനകേന്ദ്രങ്ങളാണ് പ്രചാരത്തിലിരുന്നത്. സുറിയാനി, ലത്തീൻ, ദൈവശാസ്ത്രം എന്നിവ ഇവിടെ പഠിപ്പിച്ചിരുന്നു.



ചാവറയച്ചൻ സ്ഥാപിച്ച മാന്നാനം സെന്റ് ജോസഫ്സ് പ്രസ് ഇന്ന്

വിദ്യാഭ്യാസമില്ലാത്ത വൈദികരെ ഒന്നിനും കൊള്ളില്ലെന്ന അഭിപ്രായക്കാരനായിരുന്ന ചാവറയച്ചൻ സെമിനാരി സമ്പ്രദായം വിപുലമാക്കി, പുനഃസംഘടിപ്പിച്ചു. സുറിയാനിക്കാർക്ക് പ്രത്യേക സെമിനാരി എന്ന നിലയ്ക്ക് മാന്നാനത്തെ സെമിനാരി വളർത്തിയെടുത്തു. അക്കാലത്ത് മധ്യതിരുവിതാംകൂറിലെ ഏറ്റവും വലിയ കെട്ടിടമായിരുന്നു ഈ സെമിനാരി. മാന്നാനത്തിനു പുറമേ മറ്റു പല കേന്ദ്രങ്ങളിലും ചാവറയച്ചൻ ഉപസെമിനാരികൾ സ്ഥാപിച്ചു.

സഭയുടെ ആത്മീയ, വിദ്യാഭ്യാസപ്രവർത്തനങ്ങൾ കൂടുതൽ ഊർജസ്വലമാക്കുവാനാണ് ചാവറയച്ചൻ മാന്നാനത്ത് 1846ൽ അച്ചുകൂടം സ്ഥാപിച്ചത്. പ്രോട്ടസ്റ്റന്റ് മിഷണറിമാർ കോട്ടയത്തു സ്ഥാപിച്ച പ്രസുമായി മത്സരിച്ച് മാന്നാനത്തെ സെന്റ് ജോസഫ്സ് പ്രസ് ഈ രംഗത്തു പ്രശസ്തി നേടി. അച്ചടിയിൽ മാത്രമല്ല, ബൈൻഡിംഗിലും വേണ്ട ക്രമീകരണം ഇവിടെയുണ്ടാക്കി. ഫ്രാൻസ്, സ്പെയിൻ തുടങ്ങിയ രാജ്യങ്ങളിൽനിന്നുമാണ് അച്ചടിക്കുള്ള കടലാസ് കൊണ്ടുവന്നത്. ഇവിടെനിന്നും ആദ്യം പ്രസിദ്ധീകരിച്ചത് ജ്ഞാന

പീയൂഷം എന്ന പ്രാർഥനാപുസ്തകമാണ്. പിൽക്കാലത്ത് നസ്രാണി ദീപികയും ഇവിടെനിന്നു പ്രസിദ്ധീകരിക്കപ്പെട്ടു. ചാവറയച്ചന്റെ ക്രാന്തിദർശിത്വത്തിനു നിറഞ്ഞ നിദർശനമാണ് മുദ്രാലയ പ്രവർത്തനങ്ങൾ. മലയാള പത്രപ്രവർത്തനചരിത്രം ഈ മഹാപ്രതിഭയോട് കടപ്പെട്ടിരിക്കുന്നു.

5. ജീവകാരുണ്യപ്രവർത്തനങ്ങൾ

ചാവറയച്ചന്റെ വ്യക്തിമുദ്ര പതിഞ്ഞ മറ്റൊരു മേഖലയാണ് ജീവകാരുണ്യപ്രവർത്തനങ്ങളുടേത്. അഗതികൾക്ക് അഭയം നൽകാൻ ഭവനങ്ങളുണ്ടാക്കി. കൈനകരിയിലെ മന്ദിരത്തിനിട്ട പേര് പരസ്പരസ്നേഹ ധർമശാല എന്നാണ് . ഈ മന്ദിരങ്ങൾ നടത്താനുള്ള ബാധ്യത സമൂഹത്തിനുണ്ടെന്നു ബോധ്യപ്പെടുത്താനായി ചാവറയച്ചന്. തന്മൂലം വിഭവസമാഹരണം ക്ലേശകരമായതുമില്ല. യാചകർക്കു ധർമംകൊടുക്കാതിരിക്കരുതെന്ന് അച്ചൻ കർശനമായി ഉപദേശിച്ചു.

6. നീതിപൂർവകമായ കൂലി

ചാവറയച്ചന്റെകാലത്ത് ദളിതർ മുതലായവരെക്കൊണ്ട് നിർബന്ധമായി ജോലി ചെയ്യിച്ചിരുന്നു. ന്യായമായ കൂലി നൽകിയിരുന്നുമില്ല. ഊഴിയം എന്നായിരുന്നു ഈ പതിവിനെ വിളിച്ചിരുന്നത്. അച്ചൻ ഇതിനെ എതിർത്തു. തൊഴിലാളിക്ക് ന്യായമായ കൂലി കൊടുക്കണമെന്ന് ശഠിച്ചു. ദൈവം പാവപ്പെട്ടവർക്കൊപ്പമാണെന്ന അച്ചന്റെ നിലപാട്, ദരിദ്രനാരായണനെന്ന സ്വാമി വിവേകാനന്ദ ദർശനവുമായി സമാനമാണ്. ഒന്നും സ്വന്തമാക്കാത്തതിന്റെ മഹത്വവും ചാവറയച്ചൻ ഉദ്ഘോഷിച്ചു.

7. സ്ത്രീശാക്തീകരണം

സ്ത്രീകൾക്കു സമൂഹത്തിൽ അർഹമായ സ്ഥാനം ലഭിക്കുന്നതിന് ചാവറയച്ചൻ യത്നിച്ചു. അതിനായി അവരെ വിദ്യ അഭ്യസിപ്പിക്കുവാൻ ശ്രമങ്ങളാരംഭിച്ചു. ഈ ലക്ഷ്യത്തിനുവേണ്ടിയാണ് സന്യാസിനിസഭയെന്ന ആശയം അച്ചൻ ഉയർത്തിയത്. സ്ത്രീകളിൽനിന്നുതന്നെ ഒരുസംഘത്തെ രൂപപ്പെടുത്തിയെടുത്ത് അവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുകയായിരുന്നു ഉദ്ദേശ്യം. സ്ത്രീസ്വാതന്ത്ര്യം, സമത്വം, സ്വാശ്രയത്വം എന്നിവ കൈവരിക്കാൻ ചാവറയച്ചൻ പല പദ്ധതികളും നടപ്പാക്കി.

കന്യാസ്ത്രീ മഠങ്ങൾവഴി വിദ്യാഭ്യാസത്തിനുപുറമേ തുന്നൽപോലുള്ള കരകൗശലവേലകളും പഠിപ്പിച്ചു. യൂറോപ്പിൽപ്പോലും കന്യകാമഠങ്ങൾ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമുമ്പാണ് കർമലീത്താ സന്യാസിനിസഭയിലൂടെ ചാവറയച്ചൻ ഈ മാറ്റങ്ങൾക്കു തുടക്കംകുറിച്ചത്.

8. ധാർമിക പെരുമാറ്റസംഹിത

ചാവറയച്ചൻ ക്രൈസ്തവ ജീവിതക്രമത്തിനായി തയ്യാറാക്കി നൽകിയ പെരുമാറ്റച്ചട്ടം സാർവത്രികസാമൂദായിക പ്രസക്തിയുള്ളതാണ്. ഏതു കാലത്തും പ്രസക്തവുമാണ്. അശോകന്റെ ശാസനങ്ങളെ ബുദ്ധധർമസംഹിത എന്നതിനപ്പുറം സാർവത്രിക ധർമസംഹിതയെന്നു വിളിക്കുന്നതുപോലെ അച്ചന്റെ ധർമനിയമങ്ങളെയും കണക്കാക്കാം. ഭാഷയിലും ശൈലിയിലും വരെ അശോകശാസനകളുമായി അവയ്ക്കുള്ള സാമ്യം എന്നെ വിസ്മയപ്പെടുത്തുന്നു.അശോകശാസനങ്ങളിൽ സുപ്രധാനമാണല്ലോ മതസഹിഷ്ണുത.സ്വന്തം മതത്തെ വളർത്താനാകുമെന്ന് തെറ്റിദ്ധരിച്ചു അന്യമതങ്ങളെ പരിഹസിക്കുന്നവർ സ്വന്തം മതത്തിനു തന്നെ അവമതി വരുത്തുന്നു എന്ന് അശോകൻ പഠിപ്പിച്ചു. ചാവറയച്ചന്റെ മതസഹിഷ്ണുതയ്ക്കും ഈ ഔന്നത്യം ഉണ്ടായിരുന്നു. ദൈനംദിന ജീവിതത്തിൽ വൃത്തിയും വെടിപ്പും ഉണ്ടാവണം, യാചകർക്ക് ധർമം നൽകണം, പാവങ്ങളിൽ ദൈവത്തെ കാണണം, ധാർമികമൂല്യങ്ങൾ എല്ലാവരും ഉയർത്തിപ്പിടിക്കണം. സ്നേഹം, വിനയം, മിതവ്യയം, ദയ, നീതി, ദൈവഭയം, മാതാപിതാക്കളോടുള്ള കടമകൾ, മുതിർന്നവരോടുള്ള ബഹുമാനം എന്നിവ പാലിക്കണം, സ്വന്തമല്ലാത്ത വസ്തുക്കൾ ഉടമസ്ഥനു തിരിച്ചുകൊടുക്കണം തുടങ്ങിയ ശാസനങ്ങൾ അച്ചന്റെ നിർദ്ദേശങ്ങളിലുണ്ട്. കളവുമുതൽ സൂക്ഷിക്കുന്ന വീട് കത്തിനശിക്കുമെന്ന് അച്ചൻ പഠിപ്പിച്ചു.

ശിശുപീഡനകഥകൾ കേട്ടുകേൾവിപോലുമില്ലാതിരുന്ന കാലത്ത് ഇതേക്കുറിച്ച് ചാവറയച്ചൻ മുന്നറിയിപ്പു നൽകി. മക്കളെ ബന്ധുവീടുകളിൽ വിടുന്നതിൽ ഏറെ ജാഗ്രത പുലർത്തണമെന്ന് അദ്ദേഹം ഓർമിപ്പിച്ചു. മാലാഖമാരായി ബന്ധുവീടുകളിൽ ചെല്ലുന്ന കുഞ്ഞുങ്ങൾ പിശാചുക്കളായി മടങ്ങുന്ന അവസരങ്ങളുണ്ടെന്ന് അദ്ദേഹം അനുസ്മരിപ്പിച്ചു.

7. ചരിത്രത്തോട് പ്രതിപത്തി

ചരിത്രരേഖകൾ സൂക്ഷിക്കുന്നതിന്റെ പ്രാധാന്യം ശരിക്കും മനസിലാക്കി ചാവറയച്ചൻ. അദ്ദേഹം എഴുതിയ നാളാഗമങ്ങൾ, 1829 മുതൽ 1870 വരെയുള്ള സഭാചരിത്രത്തിന്റെ സുപ്രധാനരേഖയാണ്.

പ്രാചീനഭാരതത്തിലും കേരളത്തിലും ചരിത്രത്തോടും ചരിത്രരേഖകളോടും പ്രതിപത്തിയുണ്ടായിരുന്നില്ലെന്നും ചരിത്രം കെട്ടുകഥകളിലും ഐതിഹ്യങ്ങളിലും ഒതുങ്ങിയിരുന്നുവെന്നും ഓർക്കുമ്പോഴാണ് ചരിത്രരേഖകളോടുള്ള ചാവറയച്ചന്റെ പ്രതിപത്തിയുടെ കാലാതീതവൈഭവം മനസിലാകുന്നത്.

8. ഉപസംഹാരം

കേരളചരിത്രം പഠിക്കുമ്പോഴും രചിക്കുമ്പോഴും പല കുറി കണ്ടുമുട്ടിയ ചാവറയച്ചനെപ്പറ്റി വിശദമായി പഠിക്കാനായില്ലല്ലോ എന്ന് എനിക്ക് ദുഃഖം തോന്നുന്നു. ആ സങ്കടം തീർക്കുവാൻവേണ്ടിക്കൂടിയാണ് ഈ കുറിപ്പ്.

ചാവറയച്ചന്റെ ജീവിതവും നേട്ടങ്ങളും വിലയിരുത്തുന്നതിൽ ചരിത്രകാരന്മാർ വീഴ്ചവരുത്തിയിട്ടുണ്ട്. കേരളത്തിന്റെ നവോത്ഥാനചരിത്രം ചില ഹൈന്ദവസംഘടനകളിലും പരിഷ്കർത്താക്കളിലും ഒതുങ്ങി. ചാവറയച്ചനെപ്പോലുള്ളവർക്ക് അർഹമായ സ്ഥാനം നൽകേണ്ടതുണ്ട്.

ചാവറയച്ചന്റെ സന്ദേശവും ജീവിതവും നേട്ടങ്ങളും കത്തോലിക്കാസമുദായത്തിനു മാത്രമുള്ളതല്ല. എല്ലാ സമുദായങ്ങൾക്കും എല്ലാക്കാലത്തും പ്രസക്തമാണ്. കാലത്തിനു മുമ്പേ ജനിച്ച മഹാനായിരുന്നു ചാവറ കുര്യാക്കോസച്ചനെന്ന് നിസംശയം പറയാം.

തയാറാക്കിയത്
ടി. ദേവപ്രസാദ്



ഡോ. സുകുമാർ അഴീക്കോട്

ജീവന്റെ അറയിലേക്ക്

ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എന്നാണ് ഈ വൈദികശ്രേഷ്ഠന്റെ മുഴുപ്പേര്. പക്ഷേ, അദ്ദേഹം എങ്ങും സ്മരിക്കപ്പെടുന്നത് ചാവറയച്ചൻ എന്ന സംക്ഷേപസുന്ദരമായ പേരിലാണ്. ആ പ്രചാരമാർന്ന ചുരുക്കപ്പേരിൽ അദ്ദേഹത്തെ ഭക്തിപൂർവം വിളിച്ചുപോന്ന തലമുറകൾ, ആ വിളിയിൽ ഏതോ ഒരു യുക്തിയോ അർത്ഥമോ മറച്ചുവച്ചതുപോലെ തോന്നുന്നു.

അച്ചന്റെ കുടുംബനാമമാണ് ചാവറ. അദ്ദേഹത്തിന്റെ പൂർവികരുടെ പാരമ്പര്യത്തിന്റെ വിളനിലമാണ് ആ കുടുംബം. സാധാരണ നരജീവിതം നയിക്കുന്നവർ സ്വന്തം കർമങ്ങൾ കൊണ്ട് കുടുംബത്തിന്റെ ചരിത്രത്തിൽ തങ്ങളുടെ നല്ലൊരു സംഭാവന കൂട്ടിച്ചേർക്കുന്നു. അപ്രകാരമാണ് ലോകജീവിതം അതിന്റെ പാളത്തിലൂടെ മുന്നോട്ടു പോകുന്നത്.

ചാവറയച്ചൻ സന്യാസിയായപ്പോൾ കുടുംബത്തെ ഉപേക്ഷിച്ചില്ല. സന്യാസത്തിലേക്കു കടന്നു ചെല്ലുന്നയാൾ ലൗകിക കുടുംബത്തിന്റെ കണ്ണി അറക്കുന്നുവെന്നാണ് പൊതുവിലുള്ള സങ്കൽപം. പക്ഷേ, കുടുംബത്തിൽ നിന്ന് കണ്ണി മുറിച്ച് അകന്നു പോകുന്നവർ 'ധൂർത്തപുത്രന്മാർ' ആണ്. കുര്യാക്കോസ് ഏലിയാസ് സൽപുത്രനാകയാൽ തന്റെ കുടുംബത്തെ നിഷേധിക്കുകയല്ല, അതിവർത്തിക്കുകയാണ് ചെയ്തത്. അതിവർത്തനത്തിൽ ഒന്നും ഇല്ലാതാവുന്നില്ല; ഓരോന്നിന്റെയും അതിർത്തി വലുതാവുന്നതേയുള്ളൂ. സന്യാസത്തിന്റെ നിയോഗം ഏൽക്കുന്ന ആളുടെ കുടുംബം വളരെ വലുതാണ്, ലോകം മുഴുവനുമാണ്, ആ ലോകത്തിലെ അനാഥരും അശരണരും അടങ്ങിയ അധഃകൃത സമൂഹമാണ്. 'വസുധൈവ കുടുംബകം' എന്നു പറയുന്ന അവസ്ഥ.



ചാവറയച്ചൻ ഉപയോഗിച്ചിരുന്ന വള്ളം

ഈ വലിയ - ആരെയും ഒഴിവാക്കാത്ത - കുടുംബം സർവേശ്വരന്റെ ചുമതലയിൽ പെടുന്നു. സ്വന്തം കുടുംബത്തെ വിശ്വകുടുംബത്തിൽ ലയിപ്പിച്ച് പ്രവർത്തിക്കാൻ വ്രതമെടുത്ത ആളുകളാണ് സന്യാസികൾ, ദൈവത്തിന്റെ കൈവിരലുകൾ. ആ അംഗുലികൾ കൊണ്ട് ദൈവം കുഷ്ഠരോഗികളെ തലോടുകയും വ്രണിതന്റെ മുറിവ് കെട്ടുകയും ദുഃഖിതന്റെ കണ്ണീരൊപ്പുകയും ചെയ്യുന്നു. ആ വഴിയാണ് ക്രിസ്തുദേവൻ ചവിട്ടിപ്പോയ വഴി. ലോകദൃഷ്ടിയിൽ അതു സുഖരഹിതവും വേദനാപൂർണവുമാണ്. അതാണ് കുരിശിന്റെ സന്ദേശം. കുരിശ് ലോകദൃഷ്ടിയിൽ കഠിനയാതന ഉളവാക്കുന്ന ദണ്ഡനയന്ത്രമാണ്. പക്ഷേ, ജീവന്റെ അവസാനിക്കാത്ത പാതയിലൂടെ സഞ്ചരിച്ച്, വിശ്വൈകനാഥന്റെ അടുത്തേക്കു പോകാൻ ഒരുങ്ങുന്നവർക്ക് ആനന്ദത്തിന്റെയും അലൗകിക സാഫല്യത്തിന്റെയും മാർഗമാണത്.

മൃത്യുവിൽ നിന്ന് അമരത്വത്തിലേക്ക് പോകണമെന്ന് ഉപനിഷത്ത് പറഞ്ഞ സത്യം യേശു ഭഗവാൻ ജീവിതത്തിൽ നിന്ന് അനശ്വരതയിലേക്കുള്ള പ്രയാണം എന്നു വിവരിച്ചു. അനശ്വരതയിൽ കാലത്തിന്റെ ചലനം തീരുകയും നിത്യകാലമെന്ന പരോക്ഷാനുഭവം ഉണ്ടാവുകയും ചെയ്യുന്നു.

ആ ജീവന്റെ അറയിലേക്കാണ് ഈ ചാവറക്കാരൻ മുഖം തിരിച്ചു പോയത്. അദേഹത്തിന്റെ ആത്മീയജീവിതത്തിന്റെ ലക്ഷ്യം നേരത്തേ ആ മനസിൽ സൂക്ഷിച്ചിരുന്നുവെന്ന് 'ചാവറ' എന്ന പദം ഏതോ മിസ്റ്റിക്ക് രീതിയിൽ ചിന്താശീലരോട് സംവദിക്കുന്നുവെന്ന് ഞാൻ ഉൽപ്രേക്ഷിക്കട്ടെ.

ഈ അനശ്വരതയിൽ അച്ചൻ വൈദികർക്കും കന്യകൾക്കും ധ്യാനനിഷ്ഠയ്ക്ക് ഉതകുന്ന മഠങ്ങൾക്ക് രൂപം നൽകി. 'വിദ്യാഭ്യാസത്തിലൂടെ വിമോചനത്തിന്റെ തുടക്കം' എന്ന ആശയത്തെ പ്രായോഗികമാക്കി കാണിച്ചു. പള്ളിയുണ്ടെങ്കിൽ പള്ളിക്കൂടം വേണം. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തിന്റെ നവീകരണം കൂടി ഈ പരിപാടിയിൽ അച്ചൻ ഉൾച്ചേർത്തില്ലേ? ഉൾച്ചേർത്തെന്നാണ് എന്റെ വിശ്വാസം. പാവങ്ങളെ തെരഞ്ഞുപിടിച്ച് അവരെ ജ്ഞാനത്തിന്റെ പ്രകാശത്തിൽ പ്രതിഷ്ഠിച്ചു. കുടുംബത്തിന്റെ അറയിൽ നിന്ന് മാനവസമൂഹത്തിന്റെ വിശാലമായ തുറന്ന അറയിലേക്കു സഞ്ചരിക്കാൻ അദ്ദേഹം പല വഴികൾ ഉണ്ടാക്കി. അറിവ് അച്ചടിയിലൂടെ പ്രചരിപ്പിക്കാൻ മുദ്രണശാല തുടങ്ങി- കേരളത്തിലെ ആദ്യമുദ്രണയത്നങ്ങളിൽ ഒന്ന്. അദ്ദേഹം പത്രാധിപരായി പ്രവർത്തിച്ചു. സഭയിലെ ഉന്നത നിർവാഹകശക്തിയായി പ്രവർത്തിച്ചു.

ഇതൊക്കെ ചെയ്യുമ്പോൾ അച്ചന്റെ നോട്ടം കാലാതീതമായ മഹാജ്യോതിസിലോട്ടായിരുന്നു. ലൗകികവും ആത്മീയവുമായ മണ്ഡലങ്ങളെ പരസ്പരചൈതന്യപ്രവാഹത്തിലൂടെ ഉദ്ഗ്രഥിക്കുമ്പോൾ വ്യക്തിത്വത്തിന്റെ ദൈവികപ്രഭാവം പ്രഫുല്ലമാകുന്നു. അപ്പോൾ അദ്ദേഹം വാഴ്ത്തപ്പെടുന്നവനാണ്!




ചാവറയച്ചൻ സഞ്ചരിച്ചിരുന്ന വില്ലുവണ്ടി



പെരുമ്പടവം ശ്രീധരൻ

ചാവറ അച്ചൻ
മരുഭൂമി പൂക്കുന്ന അനുഭവം



ക്രൂദ്ധമധ്യാഹ്നം മേഞ്ഞ് ചുട്ടുപഴുത്തുകിടക്കുന്ന ഒരു മരുഭൂമി. മരങ്ങൾ മുഴുവൻ ഉണങ്ങിപ്പോയി. ഒരീന്തപ്പനയുടെ നിഴൽപോലുമില്ല. മഴ വിദൂരമായ ഒരോർമയാണിപ്പോൾ മരുഭൂമിക്ക്. ഒരു തളിരോ പൂവോ കണ്ടിട്ട് നാളേറെയായി. നനവും പച്ചപ്പുമൊക്കെ മരുഭൂമിയിൽ പൊള്ളവാക്കുകളായിത്തീരുന്നു. ആൾത്താമസമുള്ള ഗ്രാമങ്ങൾ എത്രദൂരെയാണ്! ഒടുവിലത്തെ യാത്രക്കാരന്റെ കാൽപാടുകളും മരുഭൂമിയിലെ കാറ്റു മായ്ച്ചുകളഞ്ഞിരിക്കുന്നു. കുറെ ദൂരെ ഒരൊട്ടകത്തിന്റെ ദ്രവിച്ചുതുടങ്ങിയ അസ്ഥിപഞ്ജരം മണലിൽ പാതി പുതഞ്ഞുകിടക്കുന്നു. മരുഭൂമിക്കു മുകളിലൂടെ എന്നോ പറന്നുപോയ പക്ഷിയുടെ ചിറകിൽനിന്നു കൊഴിഞ്ഞ തൂവൽ കാറ്റത്ത് മണലിൽക്കിടന്ന് അനങ്ങുന്നു. അപ്പോൾ കത്തുന്ന വെയിലിൽ നഗ്നപാദനായ ഒരാൾ നടന്നുവരുന്നു. കാഴ്ചയിൽ ഒരു യോഗിയുടെ മുഖച്ഛായയുണ്ട് അയാൾക്ക്. ഉണങ്ങിനിൽക്കുന്ന മരക്കൂട്ടങ്ങളുടെയിടയിൽ വന്നുനിന്ന് അയാൾ ആകാശത്തിനു നേർക്ക് മുഖമുയർത്തി. പിന്നെ ഉണക്കമരങ്ങൾക്കിടയിൽ പൊള്ളുന്ന മണലിലിരുന്ന് അയാൾ ധ്യാനത്തിൽ മുഴുകി.

മരുഭൂമിയുടെ ചൂടറിയാതെ. പൊള്ളലറിയാതെ. വിശപ്പും ദാഹവുമില്ലാതെ. രാപ്പകലുകളറിയാതെ. കുറെ ദിവസങ്ങൾക്കുശേഷം അയാൾ ധ്യാനത്തിൽനിന്നുണർന്ന് എങ്ങോട്ടെന്നില്ലാതെ വീണ്ടും യാത്രയായി. ദൂരെ, അയാൾ കാഴ്ചയിൽനിന്നു മറയാൻ തുടങ്ങുമ്പോൾ പെട്ടെന്ന് ഉണക്കമരങ്ങൾ തളിർത്തു. തളിരുകളോടും പൂക്കളോടും കൂടി കാടുകൾ കാറ്റത്തുലഞ്ഞു. മരുഭൂമി പുത്തു.

പുണ്യശ്ലോകനായ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെ ഓർക്കുമ്പോൾ ഈ കഥയും എന്റെ ഓർമയിൽ വരുന്നു. വിശുദ്ധിയുള്ള ഒരാൾ മരുഭൂമിയിൽ കാൽകുത്തുമ്പോൾ മരുഭൂമി പുക്കുന്നു. അങ്ങനെ ഒരനുഭവമല്ലേ ചാവറയച്ചന്റെ ജന്മംകൊണ്ട് കേരളത്തിനുണ്ടായത്! കേരളത്തിലെ കത്തോലിക്കരുടെ വിശ്വാസജീവിതത്തെ മാത്രമാണോ തന്റെ ശ്ലൈഹിക മുദ്രപതിഞ്ഞ കർമങ്ങൾകൊണ്ട് ചാവറയച്ചൻ ഭാസുരമാക്കിയത്? സഭയുടെ സ്വതന്ത്രമായ പ്രവർത്തനങ്ങൾക്കും സ്വത്വസ്വരൂപണത്തിനും വേണ്ടി ചാവറയച്ചൻ സഹിച്ച യാതനകൾ അദ്ദേഹത്തിന് പ്രേഷിതന്റെ പരിവേഷമുണ്ടാക്കുന്നുവെന്ന് ചരിത്രം വായിക്കുന്നവർ തിരിച്ചറിയും. വിശ്വാസജീവിതത്തിനൊപ്പം സാംസ്കാരികജീവിതവും കൂടി സമന്വയിപ്പിച്ച ആളെന്നനിലയിൽ ചാവറയച്ചൻ സമൂഹത്തിന്റെ പൊതുവായ പുരോഗതിയും ശ്രേയസും മുൻകൂട്ടി കണ്ടിരുന്നുവെന്ന് ആദരവോടെ ഓർമിക്കപ്പെടും. പള്ളികളോടനുബന്ധിച്ച് പള്ളിക്കൂടങ്ങളുണ്ടാകണമെന്ന് നിർദേശിച്ചതിന്റെയും സന്യാസസഭകൾ സ്ഥാപിച്ചതിന്റെയും പിന്നിൽ മഹത്തായ ലക്ഷ്യങ്ങളുണ്ടായിരുന്നു ചാവറയച്ചന്.

മാന്നാനം കുന്നിൽ ഒരു സംസ്കൃതവിദ്യാലയം സ്ഥാപിക്കാൻ ചാവറയച്ചൻ കാണിച്ച താൽപര്യം അദ്ദേഹത്തെ ഇന്ത്യയുടെ സാംസ്കാരികപാരമ്പര്യത്തിന്റെ ഓഹരിക്കാരനാക്കിത്തീർത്തു. പള്ളികൾ, പള്ളിക്കൂടങ്ങൾ, സെമിനാരികൾ, സന്യാസസംഘങ്ങൾ, അനാഥാലയങ്ങൾ, പ്രസ്, പുസ്തകപ്രസാധനം-എളിയ സാഹചര്യങ്ങളിൽ എന്തൊക്കെയാണ് ചാവറയച്ചൻ സാക്ഷാത്കരിച്ചതെന്ന് അത്ഭുതത്തോടെയേ നമുക്ക് ഓർക്കാൻ കഴിയൂ.

വൈദികൻ ആത്മാവിന്റെ കാവൽക്കാരനായിരിക്കുമ്പോൾത്തന്നെ ദാരിദ്ര്യത്തിലും അജ്ഞതയിലും കഴിയുന്ന പാവങ്ങളുടെ ഇടയിലേക്കുചെന്ന് അവരുടെ ദുഃഖത്തിൽ അവരെ സാന്ത്വനിപ്പിക്കുന്ന കർമയോഗികൂടിയായിരിക്കണമെന്ന് ചാവറയച്ചൻ പഠിപ്പിച്ചു.

സ്വന്തം സമുദായത്തെയും സഭയെയും മാത്രമല്ല സമൂഹത്തെയാകമാനം ആശ്ലേഷിക്കുന്നതായിരുന്നു ചാവറയച്ചന്റെ സ്നേഹവായ്പെന്നും അത് ജാതിയുടെയോ മതത്തിന്റെയോ വേർതിരിവുകളെ അംഗീകരിക്കാത്തതായിരുന്നുവെന്നും നാമറിയുന്നു. ചാവറയച്ചന്റെ ജീവിതം നിരീക്ഷിക്കുമ്പോൾ അതിന് മഹത്തായ ഒരാശയമുണ്ടായിരുന്നുവെന്നും അത് മനുഷ്യനന്മയായിരുന്നുവെന്നും വെളിവാകും.

'അന്യന്മാർക്ക് വല്ല ഉപകാരവും ചെയ്യാത്ത ദിവസം തന്റെ ആയുസിന്റെ കണക്കിൽ കൂട്ടുന്നതല്ലെ'ന്ന് എഴുതി

വയ്ക്കുന്ന മനസ് നമ്മുടെ ഹൃദയാകാശത്തിൽ ഉദിച്ചു നിൽക്കുന്ന നന്മയുടെ സൂര്യനെ ഓർമിപ്പിക്കുന്നു.

ഇതിനൊക്കെപ്പുറമേ ചാവറയച്ചൻ അനുഗൃഹീതനായ ഒരു കവിയായിരുന്നല്ലോ. ആത്മാനുതാപവും മരണവീട്ടിൽ പാടുന്നതിനുള്ള പാനയും വായിക്കുമ്പോൾ ഏകാന്തതകളിൽ ആ മനസ് അനുഭവിച്ചിരുന്ന കവിതയുടെ ദിവ്യ ലാവണ്യത്തെക്കുറിച്ച് ഓർത്തുപോകും. അനുതാപാർദ്രമായ ഒരു മനസിന്റെ ഉൾത്തുടിപ്പുകൾകൊണ്ട് ചാവറയച്ചന്റെ കവിത ഭാവനിർഭരമായിരിക്കുന്നു. ആധ്യാത്മികതയുടെ അഴകുള്ള കവിതയാണത്.

ഞാൻ ഈയിടെ വീണ്ടും മരണവീട്ടിൽ പാടാനുള്ള പാനയെടുത്തു വായിച്ചു. തന്റെ മരണത്തിൽ സങ്കടപ്പെടുകയും വിലപിക്കുകയും ചെയ്യുന്ന ബന്ധുക്കളോടും സുഹൃദ്ജനങ്ങളോടും മരിച്ചയാൾ ജീവിതത്തെയും മരണത്തെയും മനുഷ്യബന്ധങ്ങളെയുംകുറിച്ച് അനുതാപത്തോടെ ഏറ്റുപറയുന്ന ജ്ഞാനപ്പാനയാണ് 'മരണവീട്ടിൽ പാടുന്നതിനുള്ള പാന'. ഒരു ആത്മഭാഷണത്തിന്റെ ഛായയുണ്ടതിന്. ഇന്നലെവരെ നമ്മൾ രാഗദ്വേഷങ്ങൾ പങ്കുവച്ച് ആഹ്ളാദത്തോടെ ജീവിച്ചു. ഇന്നു താൻ ജീവിതത്തിനപ്പുറത്താണ്.

'നിങ്ങളും ഞാനുമായൊന്നിച്ചു മോദിച്ചു
ഇന്നു ഞാൻ നിങ്ങളെ വേർപെട്ടിതാ'

ജീവിതത്തിന്റെ മറുകരയിൽ മരണത്തിന്റെ ശ്യാമതീരങ്ങളിൽ നിൽക്കുമ്പോൾ അയാളുടെ ആത്മാവ് ഇടറുന്നു.

'ഒന്നിച്ചു സ്നേഹത്താൽ മോദിച്ച നാളതിൽ
നന്ദിയാൽ യാതൊന്നും കേൾപ്പിച്ചില്ല'.

ഒന്നിച്ചു ജീവിച്ചകാലത്ത് സ്നേഹിക്കുകയും സഹായിക്കുകയും ചെയ്തവരോട് നന്ദിപറയാൻ മറന്നുപോയത് ഇപ്പോൾ ഒരപരാധമായി ആത്മാവ് തിരിച്ചറിയുന്നു. കളിച്ചുരസിച്ച് ജീവിതം ആഘോഷിച്ചപ്പോൾ ഗർവും ക്രോധവുംകൊണ്ട് മനുഷ്യബന്ധങ്ങളുടെ പവിത്രത അറിയാതെ പോയതിന്റെ കുറ്റബോധം ഇപ്പോൾ ആത്മാവിനെ അലട്ടുന്നു. ഓർക്കാപ്പുറത്ത് മരണം ജീവിതത്തെ കീഴടക്കുമ്പോൾ ഭൂമിയിൽ മനുഷ്യന്റെ അസ്തിത്വം ഓർമയായിത്തീരുന്നു. മരണത്തിന്റെ ശ്യാമഭൂവിൽ നിൽക്കുമ്പോൾ ജീവിതത്തെ സംബന്ധിച്ച വലിയ ഒരറിവ് മനുഷ്യാത്മാവ് ഉൾക്കൊള്ളുന്നു.

'നിങ്ങളിലൊന്നു പോലായിരുന്നിന്നലെ
നിങ്ങളുമെന്നെപ്പോലാകും നാളെ'

ജീവിച്ചുതീർത്ത ജന്മത്തിന്റെ അനുഭവങ്ങളിൽനിന്നുൾക്കൊണ്ട പൊരുൾ ദാർശനികമായ ചിന്തയായി കവിതയിൽ നിറയുന്നു.

'ജീവിതകാലത്തിൽ സ്നേഹിതന്മാർ പലർ
ജീവൻപിരിയുമ്പോൾ ആരുമില്ല.
കൂട്ടരുണ്ടായ് പലർ സ്നേഹിതന്മാരവർ
കൂടെവരുവതിന്നാരുണ്ടിപ്പോൾ...'

ശുദ്ധീകരണസ്ഥലത്തേക്കുള്ള ആത്മാവിന്റെ യാത്രയിൽ ഭൂമിയിലെ ജീവിതത്തിന്റെ ഓർമ പുണ്യപാപങ്ങളുടെ ഭാണ്ഡമായി അതു ചുമക്കുന്നുണ്ട്. കടന്നുപോന്ന കണ്ണീർപ്പാടത്തിന്റെയോ മരുഭൂമിയുടെയോ സമതലത്തിന്റെയോ നേർക്ക് ആ നിമിഷങ്ങളിൽ ഹൃദയത്തിലെ കണ്ണ് തുറക്കുന്നു.

ഏതാണ് ഭൂമിയിലെ ഏറ്റവും വലിയ ദുഃഖം? യാതൊരു സന്ദേഹവുമില്ലാതെ ഉത്തരം ഏറ്റുപറയാൻ അപ്പോൾ കഴിയുന്നു.

'മർത്യർക്കു നേരിടും ദുഃഖങ്ങളൊക്കെയിൽ
മൃത്യുസമം ദുഃഖം ലോകേയില്ലേ!'

ഭൂമിയിൽ മനുഷ്യന് മൂന്ന് തോഴികളാണുള്ളത്. ലോകം, ശരീരം, മിഥ്യാഭിമാനം എന്നിങ്ങനെ. പക്ഷേ മരണസമയത്ത് ഇതൊന്നും ഉപകാരപ്പെടാതെ വെറുതേ നഷ്ടപ്പെടുകയാണ്. മരണത്തിനു മുമ്പിൽ ജീവിതത്തിന്റെ കണക്കുതീർക്കുമ്പോൾ ശേഷിക്കുന്നത് വല്ല സത്കൃത്യവും ചെയ്തിട്ടുണ്ടെങ്കിൽ അതുമാത്രം. ജീവിതത്തിന്റെ തുരങ്കം കടന്നുപോകുമ്പോൾ കൂടെവരുന്നത് ആ തോഴിയാണ്.

ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്കുവേണ്ടിയുള്ള പ്രാർഥന വിശ്വാസജീവിതത്തിന്റെ ഉടമ്പടിയും നിക്ഷേപവുമാണെന്ന് ഈ കാവ്യംകൊണ്ട് ചാവറയച്ചൻ ഓർമിപ്പിക്കുന്നു.

പാവപ്പെട്ട ഒരു വൃദ്ധ രോഗംപിടിപെട്ട് മരിച്ചു. ആ അമ്മയുടെ രണ്ടു പെണ്മക്കൾ കന്യാസ്ത്രീമഠത്തിലുണ്ട്. അതിൽ ജീവിതം പ്രാർഥനയാക്കിത്തീർത്ത ഒരു പുണ്യവതി, ധ്യാനസമയത്ത് വിശുദ്ധമാതാവ് ആ പാവപ്പെട്ട അമ്മയെ വന്നു കൂട്ടിക്കൊണ്ടുപോകുന്നത് സ്വപ്നത്തിൽ കണ്ടു. അമ്മയെ വിശുദ്ധമാതാവ് തന്നെ വന്ന് കൂട്ടിക്കൊണ്ടുപോയ സ്ഥിതിക്ക് ഇനി അമ്മയ്ക്കുവേണ്ടി പ്രാർഥിക്കേണ്ട കാര്യമില്ലെന്ന് മക്കളും അവരുടെ മറ്റു ബന്ധുജനങ്ങളും വിചാരിച്ചു. വൃദ്ധയെ എല്ലാവരും മറന്നു. അങ്ങനെയിരിക്കുമ്പോൾ മാതാവ് വന്ന് ആ വൃദ്ധയെ സ്വർഗത്തിലേക്കു കൂട്ടിക്കൊണ്ടുപോയെന്നു സ്വപ്നം കണ്ട പുണ്യവതി തന്നെ മറ്റൊരു സ്വപ്നം കണ്ടു ഞെട്ടിയുണർന്നു. എനിക്കുവേണ്ടി ആരും പ്രാർഥിച്ചില്ലല്ലോ എന്നുപറഞ്ഞ് ആ പാവപ്പെട്ട അമ്മ ശുദ്ധീകരണസ്ഥലത്തു കിടന്നു കരയുന്നു. വിശുദ്ധമാതാവ് വന്ന് കൂട്ടിക്കൊണ്ടുപോയെങ്കിലും ശുദ്ധീകരണസ്ഥലത്ത് ചെല്ലുമ്പോൾ മറ്റുള്ളവരുടെ പ്രാർഥന വേണം അനുതാപവ്യത്തിക്ക്. പിന്നെ പുണ്യവതിയുടെയും വൃദ്ധയുടെ മക്കളുടെയും പ്രാർഥനകൊണ്ട് വൃദ്ധ ശുദ്ധീകരണസ്ഥലത്തെ പരീക്ഷ കഴിഞ്ഞ് സ്വർഗത്തിൽ പ്രവേശിച്ചു.

ശുദ്ധീകരണസ്ഥലത്ത് ആത്മാവിന് പ്രാർഥന കൂട്ടായി നിൽക്കുന്നു.

ശുദ്ധീകരണസ്ഥലത്തെക്കുറിച്ച് ചാവറയച്ചന്റെ നിരീക്ഷണം ഇങ്ങനെയാണ്.

'നീതിക്കു തക്കപോൽ ശുദ്ധിവരുത്തുവാൻ
ശുദ്ധീകരസ്ഥലം സൃഷ്ടിചെയ്തു'

ശുദ്ധീകരണസ്ഥലത്തെ യാതനകൾകൊണ്ട് ആത്മാവിന് ഒരുദിവസം ചിലപ്പോൾ നീണ്ട കാലമായി തോന്നും. മരിച്ച കട്ടിലിൽനിന്ന് ജഡം ഇനിയും ഇറക്കിയിട്ടില്ലെന്ന അവസ്ഥയിൽപ്പോലും ശുദ്ധീകരണസ്ഥലത്ത് ആത്മാവ് അനുഭവിക്കുന്ന കൊടും യാതന ചാവറയച്ചൻ ഇങ്ങനെ സങ്കൽപനം ചെയ്യുന്നു:

'നീ മരിച്ചതിൻശേഷമിതുവരെ
ഏകദിനം തികഞ്ഞില്ല ദൃഢം.
നിന്നുടെ ദേഹത്തെ മണ്ണിൽ മറപ്പാനായ്
ഇന്നിതുനേരം മതിയായില്ല.
നീ മരിച്ചെന്നൊരാ കട്ടിലതിൽതന്നെ
നിൻ ദേഹമപ്പോൽ കിടന്നീടുന്നു.
നീ സഹിച്ചീടുന്നോരഗ്നിയിൻ ശക്തിയാൽ
ഈനേരങ്ങൾ ബഹുകാലങ്ങൾപോൽ...
നിന്റെ ചിത്തം തന്നിൽ തോന്നിയ കാരണം
ഈ വണ്ണം ചൊല്ലീ നീ, നേരല്ലത്'.

നാട്ടുഭാഷയുടെ സാരള്യത്തോടെയാണ് ചാവറയച്ചന്റെ കവിത.

ശുദ്ധിയോടെ ജീവിച്ച ആത്മാവിനുപോലും ശുദ്ധീകരണസ്ഥലത്തെ നൂൽപ്പാലം കടക്കാൻ ഭൂമിയിൽ തന്റെ പ്രിയപ്പെട്ടവരുടെ പ്രാർഥന വേണം. അപ്പോൾ ശുദ്ധിയില്ലാതെ ജീവിച്ചവരുടെ കാര്യമോ?

വിശ്വാസജീവിതത്തിന് പ്രവൃത്തിയും പ്രാർഥനയും എത്ര അനിവാര്യമാണെന്ന് ഈ കാവ്യം നമ്മെ ഓർമിപ്പിക്കുന്നു.

ഒരു പുണ്യാത്മാവിന്റെ പാദസ്പർശം പൂക്കുന്നതിന്റെ ഒരു കഥയിൽ ഞാൻ ഈ ലേഖനം ആരംഭിച്ചത് ചാവറയച്ചൻ കേരളത്തിന്റെ സാംസ്കാരികജീവിതത്തെ എങ്ങനെ സുരഭിലമാക്കിത്തീർത്തു എന്നു ബോധ്യപ്പെടുത്താൻ വേണ്ടിയായിരുന്നുവെന്നുപറഞ്ഞ് ഞാനിത് അവസാനിപ്പിക്കട്ടെ.



പ്രഫ. എം. കെ. സാനു

കേരള നവോത്ഥാനത്തിലെ ശുക്രനക്ഷത്രം

പുണ്യകർമങ്ങൾകൊണ്ട് ജീവിതം അർഥപൂർണമാക്കുന്നവർ കാലത്തെ അതിജീവിക്കുന്നു. മരണത്തിന്റെ അതിർത്തി ലംഘിച്ചുകൊണ്ട് അവർ നിത്യതയുടെ ഭാഗമായിത്തീരുന്നു. വാസ്തവത്തിൽ അവരുടെ ജീവിതം ആരംഭിക്കുന്നതുതന്നെ മരണത്തിനുശേഷമാണ്.

ഈ പൊതുനിയമത്തിന് ഉത്തമ ദൃഷ്ടാന്തമെന്നനിലയിലാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ഇന്നും ജനങ്ങളുടെ ആരാധനാപാത്രമായി ശോഭിക്കുന്നത്. 1805-ൽ ജനിച്ച് 1871-ൽ സ്വർഗസ്ഥനായ ആ പുണ്യപുരുഷൻ മുഖ്യമായും ആധ്യാത്മികരംഗത്താണ് പ്രവർത്തനം സമർപ്പിച്ചത്. പതിനൊന്നാം വയസിൽ അൾത്താരബാലനാകുന്നതിൽ ആനന്ദമനുഭവിച്ചു. അതിന്റെ തുടർച്ചയായാണ് പൗരോഹിത്യവൃത്തിയുടെ പഠന ശിക്ഷണങ്ങൾക്കു വിധേയനാകുന്നത്. 24-ാം വയസിൽ അൾത്താരയിൽ ബലിയർപ്പിക്കുന്ന പുരോഹിതനായിത്തീരുകയും ചെയ്തു.

പുരോഹിതവൃത്തിയുടെ വിവിധ ഘട്ടങ്ങളിലൂടെയാണ് അന്ത്യംവരെ ആ ജീവിതം തുടരുന്നത്. ആ കാലയളവിൽ ഏവരുടെയും സ്നേഹബഹുമാനങ്ങൾ മാത്രമല്ല ചാവറയച്ചൻ നേടിയത്. അടുത്തിടപഴകുന്ന ആർക്കുംതന്നെ ആരാധനാ മനോഭാവത്തോടെയല്ലാതെ ആ പുണ്യപുരുഷനെ നോക്കുക സാധ്യമായിരുന്നില്ല. അത്രമാത്രം വിശുദ്ധമായ നിഷ്ഠകളോടെയാണ് തന്റെ പെരുമാറ്റങ്ങളും പ്രവൃത്തികളും അദ്ദേഹം നിയന്ത്രിച്ചുപോന്നത്. ആ നിയന്ത്രണത്തിനു പിന്നിൽ സുദൃഢമായ വിശ്വാസവും സമുന്നതമായ ദർശനവുമുണ്ടായിരുന്നു.



മാന്നാനം ആശ്രമദേവാലയാങ്കണം

ജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ ചാവറയച്ചൻ വൈദിക സമൂഹത്തിനയച്ച കത്തിലെ ഒരു ഭാഗം നോക്കൂ:

''സ്നേഹിക്കപ്പെട്ട കൂടപ്പിറപ്പുകളേ, ഈ നമ്മുടെ എളിയ സമൂഹം മനുഷ്യർ ഉണ്ടാക്കിയതല്ല. പിന്നെയോ, തമ്പുരാൻ തന്നെ തന്റെ എത്രയോ പുതുമകളാൽ ഇതിനെ സ്ഥാപിക്കുകയും നടത്തുകയും വർധിപ്പിക്കുകയും ചെയ്തു എന്നതിന് നിങ്ങളെല്ലാവരും സാക്ഷികളായിരിക്കുന്നു. അതുകൊണ്ട് ഈ ദൈവികപ്രവൃത്തിക്കു ഭേദം വരുത്തുന്നതിന് മനുഷ്യരുടെ ഞെരുക്കങ്ങൾ മതിയാകില്ല. ഇതിന് ഒരേയൊരു കാര്യം തന്നെ മതിയായിരിക്കുന്നു. അതായത് നാം നമ്മുടെ ദൈവവിളിപ്പിനെ മറന്ന്, അതിന്റെ കടങ്ങളെ ഉപേക്ഷിച്ച്, നമ്മുടെ ജീവിതാന്തസിനടുത്ത മൂല്യങ്ങളായ എളിമ, അനുസരണം, പരസ്നേഹം, സന്യാസ അച്ചടക്കം, സമൃദ്ധമായ ഭക്തി എന്നീ പുണ്യങ്ങളെ വിചാരത്തിൽ മാത്രം പാലിച്ചാൽ മതിയെന്നു വച്ച് പ്രവൃത്തിയാലേ നിറവേറ്റാതിരിക്കുന്ന ഈ കൊവേന്തകളെ ചുരുങ്ങിയ കാലത്തിനകത്ത് ദൈവം ഇല്ലാതാക്കാൻ മതിയായിരിക്കയും ചെയ്യുന്നു.''

വിശ്വാസത്തിനനുസരണമായി ധ്യാനാത്മക ജീവിതം നയിക്കുന്നതുകൊണ്ടുമാത്രം ദൈവശുശ്രൂഷ പൂർണമാകുന്നില്ല എന്നതായിരുന്നു ചാവറയച്ചന്റെ വീക്ഷണം. മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വാക്യങ്ങളിൽ അടങ്ങിയിട്ടുള്ള താക്കീതിന്റെ അർഥമതാണ്. ആചാരങ്ങളും അനുഷ്ഠാനങ്ങളുമല്ല, കരുണാർദ്രമായ സേവനകർമങ്ങളാണ് ദൈവവിശ്വാസത്തിന്റെ യഥാർഥമായ ആവിഷ്കാരമെന്ന് അച്ചൻ എപ്പോഴും ഓർമിപ്പിക്കുകയും ചെയ്തുപോന്നു. അച്ചൻ തറച്ചെഴുതുന്നു:

''ചുമരുകളുടെ കനമല്ല, അതിനുള്ളിൽ പാർക്കുന്നവരുടെ പുണ്യമാണ് സന്യാസസമൂഹത്തെ ബലമുള്ളതാക്കുന്നത്.''

യഥാർഥമായ ആത്മീയത ഒരിക്കലും ഭൗതിക ജീവിതത്തെ അവഗണിക്കുന്നില്ല. നാം ജനിക്കുന്ന സമൂഹത്തിൽ നമ്മെ തൊട്ടുരുമ്മി നിൽക്കുന്ന ജീവിതവൈഷമ്യങ്ങളും പ്രശ്നങ്ങളും അഭിമുഖീകരിക്കേണ്ട ബാധ്യതയാണ് ദൈവം നമ്മിൽ സമർപ്പിച്ചിരിക്കുന്നത്. ഈ ബാധ്യത നിറവേറ്റുന്നതിന് വാഴ്ത്തപ്പെട്ട ചാവറയച്ചൻ പല മേഖലകളിലായി പ്രവർത്തനം വ്യാപിപ്പിച്ചു. എക്കാലവും വിജ്ഞാനദാഹിയായിരുന്ന ചാവറയച്ചൻ വിദ്യാഭ്യാസത്തിന് സമൂഹത്തിൽ വലിയ സ്ഥാനമുണ്ടാകണമെന്നു മനസിലാക്കി. ജാതിവ്യവസ്ഥമൂലം പള്ളിക്കൂടങ്ങളിൽ പോകാനോ പഠിക്കാനോ സാധിക്കാതെ വലയുന്ന കീഴ് ജാതിക്കാർക്കാണ് അതിന്റെ പ്രയോജനം ഏറെ ആവശ്യമെന്നും ചാവറയച്ചൻ അറിഞ്ഞു. അതിന്റെ ഫലമായാണ് പല ഭാഗങ്ങളിലും വിദ്യാലയങ്ങൾ സ്ഥാപിക്കാൻ അദ്ദേഹം മുൻകൈയെടുത്തത്.

ഇന്നു തിരിഞ്ഞുനോക്കുമ്പോൾ നമുക്കദ്ഭുതം തോന്നും. ചാവറയച്ചൻ തന്റെ ആശ്രമത്തോടുചേർന്ന് 1846-ൽ ഒരു സംസ്കൃത വിദ്യാലയംതന്നെ ആരംഭിച്ചിരുന്നു. അവിടെ അധ്യാപകനായി നിയമിച്ചത് തൃശൂർ സ്വദേശിയായ ഒരു വാര്യരെയാണ്. ആ വിദ്യാലയത്തിൽ പഠനം നടത്തുന്നതിന് ആശ്രമവാസികളായ വൈദികരെയും ശെമ്മാശന്മാരെയും ചേർക്കാൻ ഒട്ടും താമസമുണ്ടായില്ല. മറ്റ് ഇടവകകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട വൈദികരെയും പഠനത്തിനു നിയോഗിച്ചു. ഹിന്ദുമതത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ അറിഞ്ഞുകൊണ്ടല്ലാതെ സഭാപ്രവർത്തനം സാർഥകമാക്കാൻ സാധ്യമല്ലെന്ന് ചാവറയച്ചൻ എപ്പോഴും ഉദ്ബോധിപ്പിക്കുകയും ചെയ്തു.ഹിന്ദുമതത്തെ മാത്രമല്ല, ഇസ്ലാം മതത്തെയും ചാവറയച്ചൻ അങ്ങേയറ്റം ആദരിച്ചുപോന്നുവെന്നത് പ്രത്യേകമായി സ്മരിക്കേണ്ട വസ്തുതയാണ്.

പാശ്ചാത്യ സമ്പ്രദായത്തിലുള്ള വിദ്യാലയങ്ങൾ എല്ലാ ഇടവക പള്ളികളോടും ചേർന്ന് ആരംഭിക്കാനുള്ള നിർദേശവും 1864-ൽ ചാവറയച്ചൻ ഒരു സർക്കുലറിന്റെ രൂപത്തിൽ പള്ളികളിലേക്കയച്ചു. അന്ന് അച്ചൻ സീറോ-മലബാർ സഭയുടെ വികാരി ജനറാളായിരുന്നു. ആ നിർദേശം അനുസരി



മാന്നാനം കുര്യാക്കോസ് ഏലിയാസ് കോളജ്

ക്കേണ്ട ബാധ്യതയിൽനിന്ന് ഇടവക പള്ളികൾക്ക് ഒഴിഞ്ഞുമാറുക സാധ്യമായിരുന്നില്ല. അതിന്റെ ഫലമായി അനേകം സ്കൂളുകൾ സ്ഥാപിതമായി. ആ സ്കൂളുകളിൽ ദളിത് വിഭാഗത്തിൽപ്പെട്ട കുഞ്ഞുങ്ങൾക്കു പ്രത്യേക പ്രോത്സാഹനമാണ് നൽകിയത്.

തികഞ്ഞ ദാരിദ്ര്യത്തിലാണ് അക്കാലത്തു മിക്ക ദളിത് കുടുംബങ്ങളും കഴിഞ്ഞുപോന്നിരുന്നത്. ചാവറയച്ചൻ ആ കുഞ്ഞുങ്ങൾക്കു സൗജന്യമായി പുസ്തകവും വസ്ത്രവും നൽകി. അതോടൊപ്പം അവർക്ക് ഉച്ചക്കഞ്ഞി നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തി. കേരളത്തിന്റെ ചരിത്രത്തിൽ ദരിദ്ര വിദ്യാർഥികൾക്കു സൗജന്യഭക്ഷണം ആദ്യമായി നൽകിയത് ചാവറയച്ചനാണെന്ന് എത്രപേർ ഓർമിക്കുന്നു?

വിദ്യാഭ്യാസം മികവുറ്റ രീതിയിൽ നടക്കണമെങ്കിൽ അധ്യാപകർ അന്തസോടെ ജീവിക്കണമെന്നും ചാവറയച്ചൻ മനസിലാക്കിയിരുന്നു. അതുകൊണ്ട് അവർക്ക് തുലോം മെച്ചപ്പെട്ട ശമ്പളം നൽകാൻ എപ്പോഴും ശ്രദ്ധിക്കുകയും ചെയ്തു. സേവന സ്ഥിരത നൽകി അവരെ സുരക്ഷിതരാക്കാനും ചാവറയച്ചൻ മറന്നില്ല.

ഇതൊക്കെയും നടക്കുന്നത് 1865 കാലത്താണെന്നോർമിക്കണം. അന്ന്, ശ്രീ നാരായണഗുരു കേവലം ഒമ്പതു വയസുള്ള ബാലൻ മാത്രമായിരുന്നു. മതമോ ജാതിയോ പരിഗണിക്കാതെ വിദ്യാഭ്യാസത്തിലൂടെ ഒരു സമൂഹത്തെ പാരതന്ത്ര്യത്തിന്റെ ചങ്ങലകളിൽനിന്നു മോചിപ്പിക്കാൻ കഠിനമായും സാഹസികമായും പരിശ്രമിച്ച ചാവറയച്ചനു നമ്മുടെ നവോത്ഥാന നായകരിൽ സുപ്രധാന സ്ഥാനമുണ്ടെന്നോർമിപ്പിക്കാനാണ് ഇക്കാര്യങ്ങൾ ഇവിടെ പ്രസ്താവിച്ചത്.

സ്ത്രീകൾക്കു വിദ്യാഭ്യാസം നൽകുകയെന്നത് അന്ന് ആർക്കും ആലോചിക്കാൻ കഴിയുന്ന കാര്യമായിരുന്നില്ല. എങ്കിലും ക്രാന്തദർശിയായ ചാവറയച്ചന്റെ കണ്ണുകൾ സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും കണ്ടറിഞ്ഞു. ഒരു സ്ത്രീക്ക് വിദ്യാഭ്യാസം ലഭിച്ചാൽ ഒരു കുടുംബം മാത്രമല്ല, അയൽക്കാർകൂടി വിദ്യാഭ്യാസത്തിലേക്കുള്ള വഴി കണ്ടെത്തിത്തുടങ്ങുമെന്ന് ചാവറയച്ചൻ മനസിലാക്കി. അതിന്റെ ബലത്തിലാണ് സ്കൂളുകളിൽ പഠിക്കാൻ പെൺകുട്ടികൾക്ക് പ്രത്യേകമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയത്.

പട്ടിണിയും ദാരിദ്ര്യവും കേരളീയ സമൂഹത്തിൽ സജീവ സാന്നിധ്യമായിരുന്ന അക്കാലത്ത് ചാവറയച്ചൻ ആ പ്രശ്നങ്ങളെ നേരിടുവാൻ കഠിനപ്രയത്നം ചെയ്തു. ഭക്ഷണവും വസ്ത്രവും മാത്രമല്ല വിദ്യാഭ്യാസവും അവർക്കു നല്കി. അതിന്റെ ഫലമായി ലോകസേവനത്തിനുള്ള തൃഷ്ണ അനേകം അനാഥബാലന്മാരിൽ അങ്കുരിപ്പിക്കുവാൻ ചാവറയച്ചനു സാധിച്ചു. അനാഥരായി അലയാനോ കുറ്റകൃത്യങ്ങളിൽ മുഴുകാനോ സാധ്യതയുള്ള കുരുന്നു ജീവിതങ്ങളെയാണ് ഇതുവഴി ചാവറയച്ചൻ സമൂഹത്തിനു പ്രയോജനമുള്ളവരാക്കിമാറ്റിയത്.

വിവാഹം, മരണം തുടങ്ങിയ മുഹൂർത്തങ്ങൾ അക്കാലത്ത് ദരിദ്രരെ ഒട്ടൊന്നുമല്ല അലട്ടിയിരുന്നത്. അതിൽ അവർക്ക് സാന്ത്വനമരുളുന്നതിനുള്ള സംവിധാനങ്ങൾ ഓരോ ഇടവകയിലും സജ്ജീകരിക്കേണ്ടതാണന്നു ചാവറയച്ചനു ബോധ്യമായി. അതനുസരിച്ചുള്ള പ്രായോഗിക കർമങ്ങൾ ഇടവകകളിൽ ഏർപ്പാടാക്കുകയും ചെയ്തു. ചെറിയ ചെറിയ തുകകളും ചെറിയ അളവിൽ ധാന്യങ്ങളും എല്ലാ കുടുംബങ്ങളിൽനിന്നും സംഭരിച്ചുകൊണ്ടാണ് നിരന്തരമായ സേവനപരിപാടികൾ നടന്നുപോന്നത്. ഇതുമൂലം പുണ്യകർമങ്ങളിൽ പങ്കാളികളാകാൻ സമൂഹത്തിലെ അധികംപേർക്കും സാധിക്കുകയും ചെയ്തു.

അയൽക്കാരനെ സ്നേഹിക്കാനും അയൽക്കാരനെ ശുശ്രൂഷിക്കാനുമാണ് ദൈവം തന്നെ നിയോഗിച്ചിരിക്കുന്നതെന്ന വിശ്വാസം ചാവറയച്ചനിൽ ബാല്യം മുതൽക്കുതന്നെ ജ്വലിച്ചുനിന്നു. താനല്ല, തന്നിലൂടെ ദൈവമാണ് ആതുരരെ സേവിക്കുന്നതെന്ന് അദ്ദേഹം എപ്പോഴും കരുതുകയും ചെയ്തിരുന്നു. അയൽക്കാർക്കുവേണ്ടി സേവനമനുഷ്ഠിക്കുകയാണ് ദൈവസ്നേഹം ലഭിക്കുന്നതിനുള്ള ഏറ്റവും വിശിഷ്ടമായ മാർഗമെന്ന് ചാവറയച്ചൻ അനുയായികളെ ഓർമിപ്പിച്ചുകൊണ്ടിരുന്നു.

അന്യമതവിശ്വാസികളായ അയൽക്കാർക്കും ആ സേവനത്തിന്റെ ഗുണഫലങ്ങൾ ധാരാളമായി ലഭിച്ചുവന്നു. അതുകൊണ്ടാണ് ജാതി-മത ഭേദമെന്യേ ഏവരും ചാവറയച്ചനെ വണങ്ങാനും ചാവറയച്ചന്റെ സൽക്കർമങ്ങളിൽ പങ്കുകൊള്ളാനും ഉത്സാഹം കാണിച്ചുപോന്നത്. മികച്ച സംഘാടകനായിരുന്ന അച്ചനാകട്ടെ ജനങ്ങളുടെ ആ ഉത്സാഹത്തെ രചനാത്മകമായ കർമപരിപാടികളായി വികസിപ്പിക്കുകയും ചെയ്തു.

അറിവും ചിന്താശീലവുമുള്ള വൈദികനെന്ന നിലയിൽ ചാവറയച്ചൻ ധാരാളം കൃതികൾക്കു രൂപം നൽകിയിട്ടുണ്ട്. അവയിൽ ''ആത്മാനുതാപം'' സവിശേഷ പ്രാധാന്യമർഹിക്കുന്നു. പല ഭാഗങ്ങളുള്ള ആ കാവ്യം ആത്മീയ ജീവിതത്തിന്റെ ഉള്ളറകൾ അനാവരണം ചെയ്യുന്നു. ഈശ്വരാനുഭവം നേടിയിട്ടുള്ള ഒരു ഹൃദയത്തിന്റെ സ്പന്ദനമാണ് വായനക്കാർക്ക് ആ കാവ്യത്തിൽനിന്നു ലഭിക്കുക.

ലൗകിക ജീവിതത്തിന്റെ നശ്വരമായ രംഗങ്ങളിൽനിന്നും ചിത്രങ്ങളിൽനിന്നും അനുവാചകമാനസം സാവധാനത്തിൽ ഉയരുകയും ശാശ്വതമായ ആധ്യാത്മിക രഹസ്യങ്ങളുടെ വിഹായസിൽ എത്തിച്ചേരുകയും ചെയ്യുന്നു. ഇതിനു തുല്യമായ പാരായണാനുഭവം പ്രദാനം ചെയ്യുന്ന കൃതികൾ മലയാളത്തിൽ തുലോം കുറവാണെന്നുകൂടി പ്രസ്താവിച്ചുകൊള്ളട്ടെ. പ്രത്യേക പഠനം അർഹിക്കുന്ന ഒരു വിഷയമാണ് ചാവറയച്ചന്റെ സാഹിത്യസംഭാവനകൾ.

കുമാരനാശാൻ പാടിയതുപോലെ, കേരളം അന്ധകാരത്തിൽ ആണ്ടുകിടന്നിരുന്നൊരു ഘട്ടത്തിൽ - അനാചാരങ്ങളുടെയും ജാതി സ്പർദ്ധയുടെയും വേതാളങ്ങൾ സമൂഹത്തെ ഗ്രസിച്ചിരുന്നൊരു ഘട്ടത്തിൽ- ആധുനിക ജീവിതത്തിന്റെ മൂല്യങ്ങൾ കേരളീയരിൽ അങ്കുരിപ്പിക്കുന്നതിനുവേണ്ടി തന്റെ അസുലഭമായ കർമവൈഭവം മുഴുവൻ സമർപ്പിച്ചുവെന്നതുമൂലമാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ജീവിതം ഇതിഹാസതുല്യമായി വികാസം പ്രാപിച്ചത്.

ഇന്നു തിരിഞ്ഞുനോക്കുമ്പോൾ 19-ാം നൂറ്റാണ്ടിന്റെ കേരള ചരിത്ര ചക്രവാളത്തിൽ ഒരു ശുക്രനക്ഷത്രമായി അദ്ദേഹം തെളിഞ്ഞുല്ലസിക്കുന്നു. ആ ഭാസുര നക്ഷത്രം എന്നുമെന്നും കേരളീയർക്ക് മാർഗദർശകമായിരിക്കും; പ്രചോദകമായിരിക്കും.

പിഴയ്ക്കാത്ത മനുഷ്യരില്ല
പൊറുക്കാത്ത ദൈവവുമില്ല.



മടി സർവ ദുർഗുണങ്ങളുടെയും
മാതാവാകുന്നു.



ഡോ. സിറിയക് തോമസ്

അറിവും ആത്മീയതയും ആയുധമാക്കിയ ആചാര്യൻ

മലയാളത്തിന്റെ മഹാചാര്യന്മാരിൽ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ പേരും ആലേഖനം ചെയ്യപ്പെട്ടിട്ട് നാളേറെയായി. തികച്ചും സങ്കീർണമായിരുന്ന ഒരു സാമൂഹിക കാലഘട്ടത്തിൽ അവിശ്വസനീയമായ ക്രാന്തദർശിത്വത്തോടു കൂടിയാണ് ചാവറയച്ചൻ കാലത്തിനു മുമ്പേ നടന്നുനീങ്ങിയത്. കാലത്തിനൊപ്പം, അതിനു മുന്നിലായി നടക്കുമ്പോഴും കാലത്തിനപ്പുറം കാണാനുള്ള അസാമാന്യമായ ഒരു സിദ്ധി സവിശേഷതയാണ് അദ്ദേഹം തെളിയിച്ചത്. സാധാരണസാഹചര്യങ്ങളിൽ ജനിച്ച് സാധാരണ സാഹചര്യത്തിൽ തന്നെ വളർന്ന് സന്യാസത്തിന്റെ സഹനസമ്പൂർണമായ പാതകൾ സ്വീകരിച്ച് പൗരോഹിത്യത്തിന്റെ പടവുകൾ കയറിയ ചാവറയച്ചൻ ജീവിതത്തിൽ ഉടനീളം അസാധാരണമായ സാഹചര്യങ്ങളെ നേരിടാനും അവയെ അതിവർത്തിക്കാനും നിയോഗമുള്ളവനായിരുന്നു.

അവിശ്വസനീയമായ വിശ്വാസദാർഢ്യവും ആഴമായ ഭക്തിയും അസാധാരണമായ ദൈവാശ്രയബോധവും ചാവറയച്ചനെ തന്റെ സമകാലീന സന്യസ്ഥരിൽനിന്ന് വ്യത്യസ്തനാക്കി. സഭയെക്കുറിച്ചും സമൂഹത്തെക്കുറിച്ചും അദ്ദേഹത്തിന് വ്യക്തമായ ധാരണകളും കാഴ്ചപ്പാടുകളും ഉണ്ടായിരുന്നു. അപ്രാപ്യമെന്നു തോന്നാവുന്ന ലക്ഷ്യങ്ങൾ നിശ്ചയിക്കുമ്പോഴും ആരേയും അദ്ഭുതപ്പെടുത്തുന്ന പ്രായോഗികബുദ്ധിയും വൈഭവവും അദ്ദേഹം പ്രകടിപ്പിക്കുകയുണ്ടായി. യാഥാസ്ഥിതിക ക്രിസ്ത്യൻ സമൂഹത്തിന്റെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയും സമുദായത്തിന്റെ താരതമ്യേന ഭദ്രമായ സാമ്പത്തികസ്ഥിതിയും സാംസ്കാരികവും സാമൂഹികവുമായ വളർച്ചയുടേയും വികസനത്തിന്റേയും സാധ്യതകളും വ്യക്തമായി തിരിച്ചറിയാനുള്ള അസാമാന്യമായ ഒരുൾക്കാഴ്ചയാണ് ചാവറയച്ചൻ സ്വന്തം ജീവിതത്തിലൂടെ സാക്ഷ്യപ്പെടുത്തിയത്.



മാന്നാനം ആശ്രമദേവാലയാങ്കണം

ചാവറയച്ചന്റെ 'ചാവരുൾ' വിദ്യാഭ്യാസപരമായി മുന്നോട്ടുപോകുവാൻ ക്രൈസ്തവസമൂഹത്തിനുള്ള ഒരുഗ്രശാസനമായിരുന്നു. സ്കൂളുകൾ സ്ഥാപിക്കാത്ത പള്ളികൾക്ക് മുടക്കുകല്പന പുറപ്പെടുവിക്കുമെന്ന് ഭീഷണിയുയർത്താൻപോലും അദ്ദേഹം തയാറായത് ആ വഴിക്കുള്ള സമുദായത്തിന്റെ സാധ്യതകളേയും സേവനബാധ്യതകളേയും തിരിച്ചറിഞ്ഞതുകൊണ്ടാണ്. ആധ്യാത്മികതയിൽ അധിഷ്ഠിതമല്ലാത്ത അറിവുകൾ അപകടകരമാണെന്ന തിരിച്ചറിവ് ഉണ്ടായിരുന്നതുകൊണ്ടാവണം ആത്മീയാനുഷ്ഠാനങ്ങൾക്ക് സ്വന്തം ജനങ്ങളെ അദ്ദേഹം നിരന്തരം നിർബന്ധിച്ചുകൊണ്ടിരുന്നത്. റോമൻ സിംഹാസനത്തിന്റെ ആധ്യാത്മിക മേൽക്കോയ്മയെ അംഗീകരിച്ചപ്പോഴും സുറിയാനി സഭയുടെ തനിമയേയും വ്യക്തിത്വത്തേയും ഉയർത്തിപ്പിടിക്കുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സുറിയാനി സഭയുടെ വികാരി ജനറലായി ഉയർത്തപ്പെട്ടപ്പോൾ സഭയുടെ ആത്മീയാചാര്യനും ഭരണമേധാവിയുമെന്ന നിലയിൽ സീറോ-മലബാർ സഭയുടെ പിൽക്കാലവളർച്ചയ്ക്ക് ശക്തമായ അടിത്തറയിടാനും അച്ചൻ ശ്രദ്ധിക്കുകയുണ്ടായി. നവീനാശയങ്ങളെ സഹർഷം സ്വാഗതം ചെയ്യാനുള്ള സന്മനസ്സ് കാണിക്കുമ്പോഴും സഭയുടെ ആധ്യാത്മികവും ഘടനാപരവുമായ പാരമ്പര്യങ്ങൾ ഉപേക്ഷിക്കാതിരിക്കാനുള്ള വിവേകവും അച്ചനുണ്ടായി.

വാഴ്ത്തപ്പെട്ട ചാവറയച്ചൻ ഒരേസമയം ചരിത്രത്തിന്റെ സംരക്ഷകനും വർത്തമാനകാലത്തിന്റെ കാവൽക്കാരനുമായി. സ്വന്തം നിലപാടുകളിൽ ഉറച്ചുനിന്നുകൊണ്ടുതന്നെ സഭയുടേയും സമുദായത്തിന്റെയും ഭാവി കരുപ്പിടിപ്പിക്കുന്നതിൽ അനുപമമായ ഉൾക്കാഴ്ചയും അദ്ദേഹം പ്രദർശിപ്പിച്ചു. ഒരേസമയം തന്നെ അദ്ദേഹം സഭാധ്യക്ഷനും സമുദായനേതാവുമായി. സന്യാസത്തിന്റെ സമഗ്രതയിലും സാമൂഹിക പരിഷ്കർത്താവിന്റെ ദൗത്യമേറ്റെടുക്കാൻ അച്ചൻ ധൈര്യപ്പെട്ടു.

വാഴ്ത്തപ്പെട്ട ചാവറയച്ചൻ മാന്നാനം കുന്നിലുയർത്തിയ ആത്മീയതയുടെ അഭൂതപൂർവമായ അഗ്നിജ്വാല അദ്ദേഹം ജീവിച്ച കാലത്തു മാത്രമല്ല പിന്നീടുവന്ന കാലങ്ങളേയും ദീപ്തമാക്കി. സീറോ-മലബാർ സഭ ഇന്ന് ചൂടി നിൽക്കുന്ന അവളുടെ സ്വാതന്ത്ര്യ കിരീടത്തിന് ഒരുപക്ഷേ നാം ഏറ്റവും കൂടുതൽ കടപ്പെട്ടിട്ടുള്ളതിൽ മുൻനിരയിൽ നിൽക്കുന്നത് ചാവറയച്ചൻ തന്നെയാവണം. പാറേമാക്കൽ ഗോവർണദോറുടെ സാഹസികതയും സ്വാതന്ത്ര്യേച്ഛയും ചാവറയച്ചന്റെ ദീർഘവീക്ഷണവും പ്രായോഗികക്ഷമതയുമാണ് സീറോ-മലബാർ സഭയുടെ പിൽക്കാല വളർച്ചയ്ക്കും ഇന്നത്തെ ഉയർച്ചയ്ക്കും അടിസ്ഥാന കാരണങ്ങളായി വർത്തിച്ചിട്ടുള്ളതെന്നതിൽ സംശയമില്ല.

വ്യത്യസ്തതകൾ പുലർത്തിയ പുരോഹിതനും സന്യാസിയും വിദ്യാഭ്യാസ വിചക്ഷണനും ഭരണാധികാരിയുമായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ. സന്യാസത്തിന്റെ കാമ്പു കാണാൻ കഴിഞ്ഞ അച്ചന് ജീവിതത്തിന്റെ ആഴങ്ങളിലുള്ള സത്യത്തെ ഗ്രഹിക്കുവാനും സാധിച്ചിരുന്നു. ചാവറയച്ചന്റെ ജീവിതത്തെ ധന്യമാക്കിയതും അദ്ദേഹം സ്ഥാപിച്ച സന്യാസസഭയെ ശക്തമാക്കിയതും അദ്ദേഹം നയിച്ച സുറിയാനി സഭയെ അനുഭവസമ്പന്നമാക്കിയതും ചരിത്രത്തിന്റെ ഒരു കാലഘട്ടത്തിൽ അതിനെ സൃഷ്ടിക്കുകയും സമർഥമായി അതിനെ തിരുത്തുകയും ചെയ്ത അച്ചന്റെ സിദ്ധികൾ തന്നെ. കേരളത്തിലെ സുറിയാനിസഭയ്ക്കു ദൈവം കാരുണ്യപൂർവം സമ്മാനിച്ച ആത്മീയമായ ഒരു അക്ഷയപാത്രമാണ് അച്ചൻ എന്നു പറയുന്നതിലും അസംഗതമായിട്ടൊന്നുമില്ല.

ആരംഭകൻ ചാവറയച്ചൻ



- മാർപാപ്പയുടെ അംഗീകാരമുള്ള ഭാരതത്തിലെ ആദ്യ സന്യാസസഭയ്ക്ക്- സി.എം.ഐ - പാലയ്ക്കലച്ചനോടും പോരൂക്കരയച്ചനോടും ചേർന്ന് തുടക്കമിട്ടു (1831).
- ഞായറാഴ്ച പ്രസംഗങ്ങൾ പതിവാക്കി. കേരളത്തിലെ ദേവാലയങ്ങളിൽ വൈദികർക്കും അല്മായർക്കും വേണ്ടി ധ്യാനങ്ങൾ സംഘടിപ്പിച്ചു (1831 മുതൽ).
- സീറോമലബാർ സഭയുടെ ആദ്യ മേജർ സെമിനാരിക്ക് മാന്നാനത്തു തുടക്കമിട്ടു (1833).
- കേരളസഭയിൽ മാന്നാനത്ത് 'കുരിശിന്റെ വഴി' ആരംഭിച്ചു (1840).
- കേരളസഭയിൽ ദിവ്യകാരുണ്യഭക്തിക്കു പ്രചാരം നല്കി (1843).
- സീറോമലബാർ സഭയിൽ ആദ്യമായി പ്രസും പ്രസിദ്ധീകരണശാലയും മാന്നാനത്ത് സ്ഥാപിച്ചു (1846).
- കേരളത്തിൽ ആദ്യത്തെ കത്തോലിക്കാ സ്കൂൾ (സംസ്കൃതം) മാന്നാനത്തു സ്ഥാപിച്ചു (1846).
- സീറോ മലബാർ സഭയിലെ ആദ്യത്തെ വിശ്വാസ പരിശീലനകേന്ദ്രം മാന്നാനത്താരംഭിച്ചു(1853)
- ആർച്ച് ഡീക്കൻമാർക്കു ശേഷം സീറോമലബാർ സഭയിലെ ആദ്യത്തെ വികാരിജനറാൾ ആയി (1861).
- കേരളസഭയിൽ റോക്കോസ് ശീശ്മയ്ക്കെതിരേ പോരാട്ടത്തിനു നേതൃത്വം നല്കി (1861).
- മലയാളത്തിലെ ആദ്യ ഖണ്ഡകാവ്യം 'അനസ്താസ്യയുടെ രക്തസാക്ഷ്യം' രചിച്ചു (1862).
- 'ഒരു പള്ളിക്ക് ഒരു പള്ളിക്കൂടം' എന്ന ആശയം കേരളസഭയിൽ നടപ്പിലാക്കി (1864).
- കേരളത്തിലെ ആദ്യ സന്യാസിനി സമൂഹത്തിന് (സി.എം.സി.) ലിയോപ്പോൾദ് അച്ചനോടു ചേർന്ന് തുടക്കമിട്ടു (1866).
- നാല്പതുമണി ആരാധന ആരംഭിച്ചു(1866)
- ആദ്യ കത്തോലിക്കാ അല്മായ, ജീവകാരുണ്യ സംഘടനയായ നന്മരണസഭ സ്ഥാപിച്ചു (1869).
- രോഗികൾക്കും അഗതികൾക്കും വേണ്ടി കേരളത്തിൽ ആദ്യമായി അഗതിഭവനം കൈനകരിയിൽ സ്ഥാപിച്ചു. (1869).
- കാനൻ നമസ്കാരം, ആരാധനാക്രമം, അനുഷ്ഠാനങ്ങൾ തുടങ്ങിയവയിൽ നവീകരണങ്ങൾ വരുത്തി. (1865-1869).



ഡോ. സി. വി. ആനന്ദബോസ് ഐ.എ.എസ്

ചാവറയച്ചനും അവസാനത്തെ ഇലയും

ചാവറയച്ചനെ ഞാൻ കണ്ടിട്ടില്ല. ആ സാന്നിധ്യം അനുഭവിച്ചറിഞ്ഞിട്ടുണ്ട്. ഷേക്സ്പിയർ പറഞ്ഞതുപോലെ, "thereby hangs a tale." ഒരു പുണ്യവാൻ നടന്ന മണ്ണിലൂടെ നടക്കാൻ കഴിയുക, ശ്വസിച്ച വായു ശ്വസിക്കാൻ കഴിയുക, ജീവിച്ച അന്തരീക്ഷത്തിൽ ജനിച്ചു വളരാൻ കഴിയുക - അപൂർവമായ ഒരനുഭൂതി തന്നെയാണിത്. എനിക്കു പങ്കുവയ്ക്കാനുള്ളതും അതുമാത്രമാണ്.

സെന്റ് പീറ്റേഴ്സ് ബസലിക്കയാണ് രംഗം. മാർപാപ്പയെ നേരിൽക്കാണാനുള്ള അദമ്യമായ ആഗ്രഹവുമായി ഞങ്ങൾ അവിടെയെത്തി. ഞാനും ഭാര്യ ലക്ഷ്മിയും. ഏതാനും ദിവസങ്ങളേ ഞങ്ങൾ റോമിൽ തങ്ങുന്നുള്ളു. യു.എന്നിന്റെ പാർപ്പിട ഉച്ചകോടിയിൽ പങ്കെടുക്കാൻ ഇസ്താംബൂളിലേക്കു പോകുന്നവഴിയാണ്.

റോമിലെ താമസം കർമലീത്താ സഭയുടെ ഭവനത്തിൽ. മാന്നാനത്തെ അച്ചന്മാർ ഞങ്ങൾ വരുന്ന വിവരം റോമിലെ സുപ്പീരിയറായ ലൂക്കാച്ചനെ അറിയിച്ചിരുന്നു. വിമാനത്താവളത്തിൽ ഇറങ്ങിയതുമുതൽ ലൂക്കാച്ചൻ ഞങ്ങളുടെ ലോക്കൽ ഗാർഡിയനായി. മാർപാപ്പയെ കാണണം. റോം വിടുന്നതിനു മുമ്പ് കാണുകയും വേണം. ബുദ്ധിമുട്ടുള്ള കാര്യമാണ്. എങ്കിലും ഈശ്വരനിശ്ചയം അതായിരുന്നു. പിറ്റേന്നുതന്നെ മാർപാപ്പയെ കാണാൻ അവസരം ലഭിച്ചു. മാർപാപ്പയോടു ലൂക്കാച്ചൻ പറഞ്ഞു : ഇവർ ഇന്ത്യയിൽ നിന്നു വന്നവരാണ്. മാർപാപ്പ തിരുത്തി: 'കേരളത്തിൽനിന്ന്, അല്ലേ? 'ഏതാനും നാൾമുമ്പ് മാർപാപ്പ കേരളത്തിൽ വന്നിരുന്നു ;ചാവറയച്ചനെയും അൽഫോൻസാമ്മയെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കാൻ. ഞാൻ ഭക്തിപുരസരം അറിയിച്ചു: "കേരളത്തിൽ നിന്നാണ്. മാന്നാനത്തു നിന്നാണ്. ചാവറയച്ചന്റെ സ്ഥലത്തു നിന്നാണ്."

അങ്ങനെ അഞ്ചു തലമുറകൾക്കുശേഷം മാന്നാനത്തെ ചിറ്റേഴം തറവാട്ടിൽനിന്നുള്ള എന്നെ കൈപിടിച്ചുയർത്തി ചാവറയച്ചൻ പത്രോസിന്റെ സിംഹാസനത്തിനു മുന്നിൽ എത്തിച്ചിരിക്കുന്നു. വീട്ടിലെ കാരണവന്മാർ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്: ചാവറയച്ചൻ മാന്നാനത്ത് പള്ളി പണിയാൻ വന്നപ്പോൾ ചിറ്റേഴത്തെ കളപ്പുരയാണ് അച്ചന്മാർക്കു വിശ്രമിക്കാനും പണിയായുധങ്ങൾ വയ്ക്കാനും ഉപയോഗിച്ചിരുന്നതെന്ന്. അന്നത്തെ കാരണവന്മാരോട് അച്ചൻ പറഞ്ഞ പല കാര്യങ്ങളും ആദരവിലും സ്നേഹത്തിലും പൊതിഞ്ഞ് തറവാട്ടിലെ തലമുറകൾക്കു കൈമാറിയിട്ടുള്ളത് ഞാൻ ഓർമിച്ചു. ചാവറയച്ചൻ പള്ളി പണിത കഥ. സെമിനാരി സ്ഥാപിച്ച കഥ. വാഴപ്പിണ്ടിയിൽ പ്രസുണ്ടാക്കിയ കഥ. ത്യാഗത്തിന്റെ, വിശ്വാസത്തിന്റെ പീഡാനുഭവത്തിന്റെ, ഉയിർത്തെഴുന്നേൽപ്പിന്റെ കഥ.

ഇതൊക്കെ എനിക്ക് കേട്ടറിവേയുള്ളു, വീട്ടിലെ കാരണവന്മാരിൽനിന്നും. പക്ഷേ, അവർ കേട്ടത് അവരുടെ അച്ഛനപ്പൂപ്പന്മാരിൽനിന്നാണ്. അവർ കേട്ടതോ ചാവറയച്ചനിൽനിന്ന് നേരിട്ട്. അതുകൊണ്ടുതന്നെ ആ കേട്ടറിവിന് ആത്മാവുണ്ട്. എന്തൊക്കെയാണ് ഞാൻ കേട്ടത്? മാന്നാനത്ത് പള്ളി പണിയാൻ ചാവറയച്ചന് താൽപര്യമില്ലായിരുന്നത്രേ! പിന്നെ?... ആ 'പിന്നെ'യുടെ പിന്നാലെ പോകുമ്പോഴാണ് അച്ചന്റെ മനസും അച്ചന്റെ മഹത്വവും മനസിലാകുന്നത്.

നീണ്ടനാളത്തെ അന്വേഷണത്തിനുശേഷമാണ് പള്ളി പണിയാനുള്ള സ്ഥലം കണ്ടെത്തിയത്. പുല്ലരിക്കുന്നാണ് പള്ളിക്കായി തീരുമാനിച്ച സ്ഥലം. അനുമതിക്കായി ദിവാനെ സമീപിച്ചു. ദിവാൻ ഏറ്റുമാനൂർ തഹസിൽദാരോടു റിപ്പോർട്ട് ചോദിച്ചു. പുല്ലരിക്കുന്നിൽ പള്ളി പണിയുന്നതിൽ ആർക്കെങ്കിലും എതിർപ്പുണ്ടോ? ആദ്യമൊന്നും ആരും എതിർത്തില്ല. എന്നാൽ കുമാരനല്ലൂർ ദേവീക്ഷേത്രത്തിലെ ഭക്തജനങ്ങളിൽ ചിലർക്ക് ഒരാശങ്ക. ദേവിയുടെ ദൃഷ്ടി പതിയുന്ന സ്ഥലമാണ് ക്ഷേത്രത്തിനടുത്തുള്ള പുല്ലരിക്കുന്ന്. അവിടെ മറ്റൊരു ദേവാലയം വരുന്നത് അത്ര തൃപ്തികരമല്ലല്ലോ. ഒന്നുപറഞ്ഞ് രണ്ടുപറഞ്ഞ് ഇതൊരു ചർച്ചാവിഷയമായി. കലക്കവെള്ളത്തിൽ മീൻപിടിക്കാൻ ചിലർ ഇടയ്ക്കുവന്നു ചാടി. ഒരു ചുവടുപോലും പിന്മാറരുത് എന്ന് അച്ചന്മാരുടെമേലും സമ്മർദമുണ്ടായി. വേണ്ടിവന്നാൽ കണ്ണിനു കണ്ണ്, പല്ലിനു പല്ല് എന്ന നിലയിലേക്കു കാര്യങ്ങൾ നീങ്ങാൻ തുടങ്ങി. അവിടെയാണ് ചാവറ അച്ചൻ 'ഞാൻ ജീവനും വഴിയും വെളിച്ചവുമാകുന്നു" എന്ന തിരുവചനത്തിന്റെ ജീവസുറ്റ പ്രതീകമായി മാറിയത്. 'അന്യമതസ്ഥരെ മുറിപ്പെടുത്തിക്കൊണ്ട് പുല്ലരിക്കുന്നിൽ പള്ളി പണിയണ്ട'-അച്ചൻ തറപ്പിച്ചു പറഞ്ഞു.

പുല്ലരിക്കുന്നിന്റെ നഷ്ടം മാന്നാനത്തിന്റെ നേട്ടമായത് ദൈവഹിതം. റോമിൽനിന്ന് പണം ചാക്കിൽക്കെട്ടി കൊണ്ടുവന്നല്ല ചാവറയച്ചൻ പള്ളി പണിതത്. പിടിയരി പിരിച്ചും ഉത്പന്നപ്പിരിവു നടത്തിയുമാണ്. അതിൽ സഹകരിച്ചത് ഇടവകക്കാർ മാത്രമല്ല, നാട്ടുകൂട്ടം മുഴുവനായിരുന്നു. ഇതു ഞാൻ മനസിലാക്കിയത് കേട്ടറിവിലൂടെയല്ല. എൺപതുകഴിഞ്ഞ എന്റെ വലിയമ്മ പിടിയരി ഇടുന്നത് ഞാൻ കണ്ടിട്ടുണ്ട്. അതിന്റെ തുടക്കം ചാവറയച്ചനിൽനിന്നാണെന്ന് വല്യമ്മയുടെ വല്യമ്മൂമ്മ പറഞ്ഞ് അവർ കേട്ടിട്ടുണ്ടത്രേ. അതവിടെ നിൽക്കട്ടെ. ചാവറയച്ചൻ പള്ളി പണിതത്, സെമിനാരി സ്ഥാപിച്ചത്, സംസ്കൃതവിദ്യാലയം തുടങ്ങിയത്, അച്ചുകൂടം സ്ഥാപിച്ചത്, വിയർപ്പൊഴുക്കിയും വിയർപ്പൊഴുക്കിച്ചും തന്നെയായിരുന്നു. അതൊരു തപസ്യയായിരുന്നു. ഉൾവിളിയായിരുന്നു.

ഇതൊന്നും പെട്ടെന്നുണ്ടായതല്ല. നൊമ്പരമില്ലാതെ പിറവിയില്ലല്ലോ. ചാവറയച്ചൻ നൊമ്പരം വളരെയേറെ സഹിച്ചി

രുന്നു. അടുത്തുനിന്നവരും അടുത്തുകൂടിയവരും പുളിച്ച വീഞ്ഞും മുൾക്കിരീടവും നൽകാൻ തുനിഞ്ഞു. ഒളിഞ്ഞും തെളിഞ്ഞും. അച്ചനെ മാന്നാനത്തുനിന്നും മാറ്റി. അതിനുള്ള കുതന്ത്രങ്ങൾ ഒരുക്കാൻ കള്ളൻ കപ്പലിൽത്തന്നെ ഉണ്ടായിരുന്നു. അവർ തന്ത്രം മെനഞ്ഞത് ശുദ്ധഹൃദയനായ ചാവറയച്ചൻ അറിഞ്ഞില്ല. മെത്രാനോട് അവർ കള്ളക്കഥകൾ പറഞ്ഞുകേൾപ്പിച്ചു. അസത്യം സത്യത്തെക്കാൾ വിശ്വസനീയമാണല്ലോ, ആരംഭത്തിൽ. ചാവറയച്ചന്റെ കാര്യത്തിലും അങ്ങനെതന്നെ സംഭവിച്ചു. താൻ ചോരയും നീരും നൽകി പള്ളിപണിത് പാതിയെത്തിയപ്പോൾ മാന്നാനത്തുനിന്നും മാറ്റിനിയമിച്ചു. അനുസരണയുള്ള വൈദികൻ എന്നനിലയിൽ മെത്രാസനത്തിന്റെ കൽപനകൾ ശിരസാവഹിച്ചെങ്കിലും അച്ചന്റെ മനസ് മാന്നാനത്തു തന്നെയായിരുന്നു. കർത്താവിൽ ശരണംപ്രാപിക്കുകയല്ലാതെ ചാവറയച്ചന്റെ മുമ്പിൽ മറ്റു വഴികളുണ്ടായിരുന്നില്ല. സത്യം ആർക്കും ദൈവത്തിന്റെ മുമ്പിൽനിന്നും മറച്ചുവയ്ക്കാനാകില്ലല്ലോ.

ക്രമേണ മെത്രാനു കാര്യം മനസിലായി. ചാവറയച്ചനെ മാന്നാനത്തേക്കു മാറ്റിനിയമിച്ചു. പിന്നെയൊരിക്കലും തിരിഞ്ഞുനോക്കേണ്ടിവന്നിട്ടില്ല.

മാന്നാനം പള്ളി, വൈദികരുടെ ആശ്രമം, പള്ളിവക അച്ചുക്കൂടം, സംസ്കൃതവിദ്യാലയം, അനാഥാലയം, ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പടർന്നുപന്തലിച്ചുകിടക്കുന്ന കർമലീത്താസഭ... ഇതിന്റെയൊക്കെ പിതാവാകാൻ ചാവറ തറവാട്ടിലെ കൊച്ചു കുരിയാക്കോസിന് ദൈവനിയോഗം ലഭിച്ചു.

എങ്ങനെ, എന്തുകൊണ്ട്? ഈശോസഭയിലെ ഒരു വൈദികനുണ്ടായിരുന്നു. പേര് ജെറാർദ് മാൻലി ഹോപ്കിൻസ്. അദ്ദേഹം ഒരു കവികൂടിയായിരുന്നു. പിൽക്കാലത്ത് പ്രസിദ്ധനായ കവി. അദ്ദേഹത്തിന്റെ ഒരു കവിതയുണ്ട്. 'റെക്ക് ഓഫ് ദി ഡോയിഷ്ലാൻഡ്' (Wreck of the Deutschland). ജർമനിയിലെ ബ്രെയ്മൻ തുറമുഖത്തുനിന്ന് ഒരു കപ്പൽ പുറപ്പെട്ടു. ആ കപ്പലിൽ യാത്രക്കാരായി അഞ്ചു കന്യാസ്ത്രീകളുമുണ്ട്. നടുക്കടലിൽവച്ച് കപ്പൽ മുങ്ങുന്നു. ടൈറ്റാനിക് കണ്ടവർക്കറിയാം മുങ്ങുന്ന കപ്പലിലെ യാത്രക്കാരുടെ വെപ്രാളം. ചിലർ ഓടുന്നു. ചിലർ ചാടുന്നു. ചിലർ കപ്പലിൽത്തന്നെ മുകളിലേക്കും താഴേക്കും കയറിയിറങ്ങുന്നു. ഈ കന്യാസ്ത്രീകളാകട്ടെ ഒന്നും സംഭവിക്കാത്തമട്ടിൽ അക്ഷോഭ്യരായി, നിസംഗരായി മറ്റുള്ളവരെ സമാധാനിപ്പിക്കുന്നു. ഇവർക്കിതെങ്ങനെ സാധിച്ചു. മുമ്പിൽ സമ്പൂർണ സമർപ്പണം. സ്വർഗത്തിലെ വേട്ടനായെക്കുറിച്ച് ഫ്രാൻസിസ് തോംസൺ എഴുതിയ കവിതയുണ്ടല്ലോ- 'ദ ഹൗണ്ട് ഓഫ് ഹെവൻ' (The Hound of Heaven). സ്വർഗസ്ഥനായ പിതാവുതന്നെയാണ് ഈ വേട്ടനായ്. വേട്ടനായിൽനിന്ന് കുതറിയോടുന്ന, തെന്നിമാറുന്ന ഭക്തൻ. രക്ഷയില്ല. ഒടുവിൽ വേട്ടനായയെത്തന്നെ ശരണംപ്രാപിക്കുന്നു. അതേ, ദൈവത്തിനുമുമ്പിൽ സമ്പൂർണ സമർപ്പണം. അതിന്റെ പൊരുൾ ഹോപ്കിൻസിന് ഉൾക്കൊള്ളാനായി. ഫ്രാൻസിസ് തോംസണ് സ്വാംശീകരിക്കാനായി. ഇവർ കവിതയിലൂടെ നേടിയത് ചാവറയച്ചൻ ജീവിതത്തിൽ നേടി. ഈ സമ്പൂർണ സമർപ്പണമാണ് സാധാരണക്കാരിൽ സാധാരണക്കാരനായി ജീവിച്ച ചാവറയച്ചനെ അസാധാരണന്മാരിൽ അസാധാരണനായി മാറ്റിയത്.

ചാവറയച്ചന്റെ സംഭാവന എന്താണ്? പള്ളിയും പള്ളിക്കൂടവും സെമിനാരിയും പ്രസും ആത്മാനുതാപം പോലുള്ള കൃതികളും, കേരളത്തിന്റെ സീമകൾ അതിലംഘിച്ചു വളർന്നുപടർന്ന ഒരു സന്യാസസമൂഹവും മാത്രമല്ല. അതിന്റെ പിന്നിലെ ഈശ്വരസാന്നിധ്യം തന്നെയാണ്. ഒ. ഹെൻട്രിയുടെ ഒരു കഥയുണ്ട്-അവസാനത്തെ ഇല. ഒരിടത്തൊരു പെൺകുട്ടി. അവൾ രോഗശയ്യയിലാണ്. കട്ടിലിൽ കിടന്നുകൊണ്ട് ജനാലയിലൂടെ പുറത്തെ ഭിത്തിയിൽ പിടിച്ചുകയറിയിരിക്കുന്ന ഒരു വള്ളിച്ചെടിയിൽ നോക്കിക്കിടക്കാനേ അവൾക്കു കഴിയുന്നുള്ളു. ചെടിയിലെ ഓരോ ഇല പൊഴിയുമ്പോഴും അവൾക്കറിയാം തന്റെ ജീവിതത്തിലെ ഒരു ദിവസം കൊഴിഞ്ഞിരിക്കുന്നു. അയലത്ത് ഒരു യുവാവുണ്ട്. അയാൾ ഒരു ചിത്രകാരനാണ്. ചിത്രരചനയിൽ അർഹമായതു നേടാൻ അയാൾക്കു കഴിഞ്ഞിട്ടില്ല. തന്റെ മാസ്റ്റർപീസ് വരയ്ക്കുന്ന ദിനവുംകാത്ത് അയാൾ കഴിയുന്നു. പെൺകുട്ടി കാണുന്നു- ചെടിയിൽ ഇനി ഒരൊറ്റയിലയേ അവശേഷിച്ചിട്ടുള്ളു. അവൾക്കു മനസിലായി. ഇന്നു രാത്രി ആ ഇല കൊഴിയും. അതോടെ തന്റെ ജീവിതത്തിലെ അവസാനനിമിഷവും കൊഴിഞ്ഞുവീഴും. അവൾക്കു സങ്കടം. അയൽവാസികൾക്കു സങ്കടം. പിറ്റേന്നു രാവിലെ അയൽക്കാർ ജനാലയിലൂടെ എത്തിനോക്കി. അവരുടെ ഭയം അസ്ഥാനത്തായിരുന്നു. പെൺകുട്ടി സന്തോഷംകൊണ്ട് തുള്ളിച്ചാടുന്നു. അവൾക്കൊരു പുതുജീവൻ ലഭിച്ചിരിക്കുന്നു. വച്ചെടിയിലെ അവസാനത്തെ ഇല കൊഴിഞ്ഞിട്ടില്ല. അയൽക്കാർക്കു സന്തോഷമായി. എന്നാൽ ചെടിയുടെ ചുവട്ടിൽ അവരൊരു കാഴ്ച കണ്ടു. ഒരു യുവാവ് അവിടെ മരിച്ചുകിടക്കുന്നു.

അത് അയലത്തെ ചിത്രകാരനായിരുന്നു. ചെടിയിലെ അവസാനത്തെ ഇല അയാൾ വരച്ചുചേർത്തതാണ്. അയാളുടെ മാസ്റ്റർപീസ്. മഞ്ഞപെയ്യുന്ന രാത്രിയിൽ അയാൾ ഭിത്തിയിൽ ഒരില വരച്ചുചേർത്തു, ആ പെൺകുട്ടിയെ രക്ഷിക്കാൻ. ആത്മത്യാഗത്തിന്റെ രക്തസാക്ഷി.

ചാവറയച്ചൻ എന്തു ചെയ്തു? നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും മറ്റൊരാളുടെ ജീവിതത്തിൽ അവസാന ഇല വരച്ചുചേർക്കുന്നോ പിഴുതെറിയുന്നോ; ഈ തിരിച്ചറിവു നമുക്കു നൽകി-അതാണ്, അതുമാത്രമാണ് ചാവറയച്ചനു നൽകാനുണ്ടായിരുന്ന വിധവയുടെ ചില്ലിക്കാശ്.



മാന്നാനം ആശ്രമദേവാലയത്തിലെ മണിമാളിക



പി. ഗോവിന്ദപ്പിള്ള

സുറിയാനി സഭയിൽ നിന്നൊരു നവോത്ഥാന നായകൻ

ഇരുപതാം നൂറ്റാണ്ടിന്റെ പൂർവാർദ്ധം പൂർത്തിയാക്കാൻ മൂന്നുവർഷം ബാക്കി നിൽക്കുന്ന 1947 ഓഗസ്റ്റ് 15-നാണ് രണ്ടു നൂറ്റാണ്ടിലേറെക്കാലത്തെ ബ്രിട്ടീഷ് സാമ്രാജ്യത്വ നുകം വലിച്ചെറിഞ്ഞ് ഭാരതം ലോകരാഷ്ട്ര സമൂഹത്തിലെ അന്തസുറ്റ അംഗമായി തല ഉയർത്തി പ്രവേശിച്ചത്. 1858-59 ലെ പ്രഥമ സ്വാതന്ത്ര്യ സമരമുൾപ്പെടെ ഹിംസാത്മകവും അഹിംസാത്മകവുമായ ചെറുതും വലുതുമായ അനവധി ധീരോദാത്ത സമരങ്ങളാണ് ഈ സ്വാതന്ത്ര്യത്തിന് വഴി തുറന്നത്. എങ്കിലും ആ സമരത്തിന് നമ്മെ സജ്ജരാക്കിയതും ഭാരതത്തെ ഒരാധുനിക രാഷ്ട്രമെന്ന നിലയിൽ സുഘടിതമായി രൂപപ്പെടുത്തിയതും സ്വാതന്ത്ര്യാനന്തര കാലത്ത് പലപ്പോഴും പല പരീക്ഷണങ്ങളും അതിജീവിക്കാൻ നമുക്ക് കഴിവുണ്ടാക്കിയതും 19-ാം നൂറ്റാണ്ടിൽ ആരംഭിച്ച് വികാസം നേടിയ നവോത്ഥാനം എന്ന മഹാ സാംസ്കാരിക പ്രക്രിയയാണ്.

ഭാരതീയ നവോത്ഥാനം ദേശവ്യാപകവും സമഗ്രവുമായ പ്രക്രിയ ആയിരുന്നു എങ്കിലും രാഷ്ട്രത്തിന്റെ വിവിധ സാംസ്കാരിക മേഖലകളിൽ അതിന്റെ കാലവും രൂപവും വിവിധങ്ങളായിരുന്നു. ഉദാഹരണത്തിന്, ഈ പുതിയ ഉണർവ് ആദ്യം പ്രത്യക്ഷപ്പെട്ടത് ബംഗാളിലായിരുന്നു. 19-ാം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽ തന്നെ ബംഗാളിൽ അത്



ചാവറയച്ചൻ ഉപയോഗിച്ചിരുന്ന കസേര മാന്നാനം ചാവറ മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു.

പൂത്തുലയാൻ തുടങ്ങി. കേരളത്തിലാകട്ടെ അതിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയത് 19- ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മാത്രമാണ്. ബംഗാളിലെ നവോത്ഥാനത്തിന്റെ പിതാവായി പരിഗണിക്കപ്പെടുന്നത് രാജാറാം മോഹൻ റോയി (1772-1833) ആണെങ്കിൽ കേരളത്തിന്റെ നവോത്ഥാനത്തിന്റെ രാജശിൽപിയായി ശ്രീനാരായണ ഗുരുവിനെ (1845- 1928) ചരിത്രകാരന്മാർ ആദരിക്കുന്നു. എന്നാൽ കേരളത്തിലായാലും ബംഗാളിൽ ആയാലും ഇതര സംസ്ഥാനങ്ങളിൽ ആയാലും നവോത്ഥാനം പോലെ സർവാംഗീണവും ഗഹനവുമായ ഒരു പരിവർത്തനം ഏതെങ്കിലും ഒരു മഹാവ്യക്തിയിൽ നിന്ന് തുടങ്ങി ആ വ്യക്തിയിൽ സമാപിക്കുന്നില്ല. അതുകൊണ്ട് രാജാറാം മോഹൻ റോയിയേയും ശ്രീനാരായണ ഗുരുവിനേയും പശ്ചിമേന്ത്യയിൽ ദയാനന്ദ സരസ്വതിയെയും (1824-1833) ജ്യോതിബഫൂലെയെയും തമിഴകത്തിൽ ഇ.വി.രാമസ്വാമി നായ്ക്കരെയും എല്ലാം നവോത്ഥാന നായകരായി വാഴ്ത്തുന്നതിൽ തെറ്റില്ലെങ്കിലും ഇവർക്കെല്ലാം മുമ്പും പിമ്പും പ്രവർത്തിച്ച അനേകം പ്രതിഭാശാലികളായ നവോത്ഥാന നായകരെ വിസ്മരിക്കുന്നത് ചരിത്രത്തോട് കാട്ടുന്ന അനീതിയായിരിക്കും. ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലെ നവോത്ഥാന ചരിത്രങ്ങളിൽ എന്നപോലെ കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിലും ഇത്തരം അനീതികൾമൂലം പല വിടവുകളും സംഭവിച്ചു പോയിട്ടുണ്ട്.

ഈയിടെ ഈ ലേഖകൻ എഴുതി പ്രസിദ്ധീകരിച്ച 'കേരള നവോത്ഥാനം: ഒരു മാർക്സിസ്റ്റ് വീക്ഷണം' എന്ന കൃതിയുടെ ഒന്നും രണ്ടും സഞ്ചികകളിൽ ഇത്തരം ചില വിടവുകൾ അടയ്ക്കാനും ഇരുളടഞ്ഞ ചില ഏടുകളിലേക്ക് വെളിച്ചം വീശാനും ഒരെളിയ ശ്രമം നടത്തുകയുണ്ടായി. ആ ശ്രമത്തിന്റെ ഭാഗമായി സാധാരണ ചില സമുദായങ്ങളുടെ ചരിത്രത്തിൽ മാത്രം സ്മരിക്കപ്പെടുന്ന പല മഹത്തുകളുടെയും പരിഷ്കരണ പ്രവർത്തനങ്ങളെയും വ്യക്തിപ്രഭാവങ്ങളേയും കേരള ചരിത്രത്തിന്റെ പൊതുധാരയിലേക്ക് സന്നിവേശിപ്പിക്കാൻ ഒരെളിയ ശ്രമം നടത്തുകയുണ്ടായി. അവരിൽ ഒരാളാണ് ശ്രീനാരായണനു മുമ്പ് ജീവിച്ചിരുന്ന ദക്ഷിണ കേരളത്തിലെ ചാന്നാർ-നാടാർ സമൂഹങ്ങളിൽ നവോത്ഥാന സന്ദേശം എത്തിച്ച് അവരെ ഉദ്ബുദ്ധരാക്കിയ നാഗർകോവിൽ സ്വാമിത്തോപ്പിലെ ശ്രീ വൈകുണ്ഠ സ്വാമി (1809-1951). മറ്റൊരാളാണ് മധ്യതിരുവിതാംകൂറിലെ ദളിതരായ പുതുക്രിസ്ത്യാനികളുടെ പുത്തനുണർവിനു വേണ്ടി പരിശ്രമിക്കുകയും പിന്നീട് ദളിത സമൂഹത്തിന്റെ മുഴുവനും നായകനായി ഉയരുകയും ചെയ്ത പൊയ്കയിൽ യോഹന്നാൻ എന്ന ഇരവിപേരൂരിലെ കുമാര ഗുരുദേവൻ (1878-1938). മാവേലിക്കര ആസ്ഥാനമായി പ്രവർത്തിച്ച സാംബവ സമുദായ അംഗമായ സ്വാമി ശുഭാനന്ദൻ (1880-1950) ചരിത്രത്തിന്റെ പൊതുധാരയിൽ സ്മരിക്കപ്പെടാതെ അവശേഷിക്കുന്നു.

ഇവരൊക്കെ വിവിധ ഹൈന്ദവ സമൂഹങ്ങളുടെ പരിഷ്കർത്താക്കളായി കേരളത്തിന്റെ സമഗ്ര പുരോഗതിക്ക് സംഭാവന ചെയതതാണെങ്കിൽ ക്രൈസ്തവ, മുസ്ലീം മത വിഭാഗങ്ങളിലും ഇത്തരം അനേകം പരിഷ്കരണ പ്രവർത്തനങ്ങൾ കൊണ്ട് 19-ാം നൂറ്റാണ്ടും 20-ാം നൂറ്റാണ്ടിന്റെ പൂർവാർദ്ധവും മുഖരിതമായിരുന്നു. മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയിലെ കലാപകാരിയായി ഉയർന്ന, മാർത്തോമ്മാ സഭാ സ്ഥാപനത്തിന് അടിത്തറപാകിയ പാലക്കുന്നത്ത് അബ്രഹാം മല്പാൻ, മുസ്ലിം സമൂഹത്തിലെ അനാചാരങ്ങൾക്ക് എതിരെ പടപൊരുതി വിദ്യാഭ്യാസത്തിനും നവീകരണത്തിനും വേണ്ടി ശ്രമിച്ച വക്കം അബ്ദുൾ ഖാദർ മൗലവി (1873- 1932) തുടങ്ങിയ പലരേയും സമുദായ ചരിത്രത്തിന്റെ സങ്കുചിത ചരിത്രത്തിൽ നിന്ന് മോചിപ്പിച്ച് കേരളത്തിന്റെ സമഗ്ര പുരോഗതിയുടെ അധിനായകരായി പ്രതിഷ്ഠിക്കേണ്ടതുണ്ട്.

II

ചാവറ അച്ചൻ എന്ന ചുരുക്കപ്പേരിൽ ജനലക്ഷങ്ങൾക്ക് സുപരിചിതനായി വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെ (1805-1871) കുറിച്ച് എഴുതാൻ ഇരുന്നപ്പോൾ തോന്നിയ വിചാര വികാരങ്ങളാണ് ഇതുവരെ കുറിച്ചത്. കേരളീയ കത്തോലിക്കാ സഭയിൽ, വിശേഷിച്ച് കത്തോലിക്കാ സുറിയാനി സഭയിൽ ദൂരവ്യാപകമായ പരിഷ്കരണങ്ങൾക്ക് നേതൃത്വം നൽകിയ അനുഗൃഹീത പുരോഹിത ശ്രേഷ്ഠൻ എന്ന നിലയിൽ ചാവറ അച്ചൻ സഭയ്ക്കകത്തും വെളിയിലും അറിയപ്പെടുന്നു എന്നത് നേരു തന്നെ. എന്നാൽ അദ്ദേഹത്തിന്റെ സമർപ്പിത ജീവിതവും ദീർഘദൃഷ്ടിയോടുകൂടിയുള്ള പരിഷ്ക്കരണ പ്രവർത്തനങ്ങളും കേരള നവോത്ഥാന ചരിത്രത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്. കേരളീയ ജനസമൂഹത്തിന്റെ സമഗ്രമായ സാമൂഹ്യവികാസത്തിനും സാംസ്കാരിക അഭ്യുന്നതിക്കും ഈ പ്രവർത്തനങ്ങൾ എപ്രകാരം സഹായകമായി എന്നു പരിശോധിച്ച് കേരളത്തിലെ നവോത്ഥാന നായകരുടെ അഗ്രാസനങ്ങളിൽ അദ്ദേഹത്തെ പ്രതിഷ്ഠിക്കുക എന്ന ചരിത്ര ശാസ്ത്രധർമം നാം വേണ്ട വിധത്തിൽ നിർവഹിച്ചിട്ടുണ്ടോ എന്നു സംശയം.

ചാവറ അച്ചന്റെ 200-ാം ജന്മദിന ആഘോഷവും മാർപ്പാപ്പ ജോൺ പോൾ രണ്ടാമൻ അദ്ദേഹത്തെ വിശുദ്ധ പദവിയുടെ ആദ്യഘട്ടമായി വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചതും പൊതുവേ കേരള ചരിത്ര ശാസ്ത്രത്തിൽ സാംസ്കാരികവും സാമൂഹ്യവും ആയ ഘടകങ്ങൾക്ക് മുൻതൂക്കം നൽകാനുള്ള പുതുപ്രവണതകളും ചാവറ അച്ചന്റെ ജീവിതത്തിലേക്കും സംഭാവനകളിലേക്കും കൂടുതൽ ചുഴിഞ്ഞു നോക്കാൻ നമുക്ക് സന്ദർഭവും പ്രചോദനവും നൽകുന്നു.

ഈ പുത്തൻ പരിശ്രമങ്ങളും പൊരുളും വ്യാപ്തിയും മനസിലാക്കാൻ എങ്ങനെയാണ് ക്രിസ്തീയ സഭകളിൽ പരിവർത്തനങ്ങളും പരിഷ്ക്കരണങ്ങളും സംഭവിച്ചത് എന്നതിനെക്കുറിച്ച് അൽപ്പമൊന്ന് വിശദീകരിക്കേണ്ടിയിരിക്കുന്നു. കാലാകാലങ്ങളിൽ കാലോചിതമായ പരിവർത്തനങ്ങൾക്കും പരിഷ്ക്കാരങ്ങൾക്കും വിധേയമാവാൻ വിസമ്മതിക്കുന്ന സ്ഥാപനങ്ങളും സിദ്ധാന്തങ്ങളും സമ്പ്രദായങ്ങളും കാലഹരണപ്പെടുകയും കാലയവനികയ്ക്കുള്ളിൽ മറയുകയും ചെയ്യും എന്നത് അനിഷേധ്യമായ ഒരു ചരിത്ര സത്യമാണ്. അങ്ങനെ കാലയവനിയ്ക്കുള്ളിൽ മറഞ്ഞുപോയ മതങ്ങൾ പലതുണ്ട്. അങ്ങനെയുള്ള ഒന്നാണ് ക്രിസ്തുവിന് ആറു നൂറ്റാണ്ട് മുമ്പ് ഇന്നത്തെ ഇറാനിൽ ജീവിച്ചിരുന്ന സാരതുഷ്ട്രർ സ്ഥാപിക്കുകയും ആയിരം വർഷത്തോളം പശ്ചിമേഷ്യയിലാകെ വ്യാപിച്ച് ആധിപത്യം വഹിക്കുകയും ചെയ്തിരുന്ന പാഴ്സി മതം. ചരിത്രത്തിന്റെ എല്ലാ ഗതിവിഗതികളേയും അതിജീവിച്ച് രണ്ടായിരം വർഷം പിന്നിട്ടിട്ടും ഇനിയുമൊരങ്കത്തിന് ബാല്യമുണ്ട് എന്ന നിലയിൽ മൂന്നാം സഹസ്രാബ്ദത്തിലും വെല്ലുവിളികളെ നേരിട്ട് മുന്നേറാൻ ക്രിസ്തീയ സഭയ്ക്ക് കഴിയുന്നുണ്ടെങ്കിൽ അതിന്റെ കാരണം ആവർത്തിച്ചാവർത്തിച്ചുള്ള നവീകരണത്തിനും പരിഷ്കരണത്തിനും അതിന് കഴിവുണ്ട് എന്നതാണ്.

ക്രിസ്തീയ സഭയിലെ ഈദൃശ പരിഷ്ക്കരണ സംരംഭങ്ങൾ പല രൂപങ്ങളിലാണ് പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ ആഭിമുഖ്യത്തിൽ ക്രിസ്തുമതം വിശാലമായ റോമാ സ്രാമാജ്യത്തിന്റെ ഓദ്യോഗിക മതമായി അംഗീകരിക്കപ്പെട്ട ശേഷം റോമൻ കത്തോലിക്കാ സഭ ഏറ്റവും വലിയ ക്രിസ്തീയ സഭയായി ഐശ്വര്യത്തിന്റേയും അധികാരത്തിന്റേയും കൊടുമുടികളിലേക്ക് കുതിച്ചുകയറി. അങ്ങനെ പീഡിതരുടേയും മർദ്ദിതരുടേയും മതം ഭരണാധികാരത്തിന്റെ മതമായി മാറിയതോടെ വിശുദ്ധിയുടെ സ്ഥാനത്ത് അശുദ്ധിയും കാൽവരിയിലെ മരക്കുരിശിന്റെ സ്ഥാനത്ത് പൊൻകുരിശും, ത്യാഗത്തിന്റെ സ്ഥാനത്ത് സുഖലോലുപതയും സഭാഘടനയിൽ നുഴഞ്ഞുകയറാൻ തുടങ്ങി.

ഇടവിട്ടിടവിട്ട് വിശുദ്ധൻമാരും മതപരിഷ്കർത്താക്കളും ആവിർഭവിച്ച് ഈ മാലിന്യങ്ങളെ തൂത്തെറിഞ്ഞ് സഭയെ വീണ്ടും വിശുദ്ധിയിലേക്ക് നയിക്കാൻ നടത്തിയ യത്ന

ങ്ങളാണ് സഭയെ മുന്നോട്ടു നയിച്ചതും സർവനാശത്തിൽ നിന്നു മതത്തെ കരകയറ്റിയതും. ക്രിസ്തീയ സഭയെ അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പിളർപ്പിലേക്ക് നയിച്ച 'റിഫോർമേഷൻ' അഥവാ മതനവീകരണത്തിന്റെ നേതാവായ മാർട്ടിൻ ലൂഥർ (1483-1546) ഇത്തരത്തിലൊരു പരിഷ്കർത്താവായിരുന്നു. പിന്നീട് മാർട്ടിൻ ലൂഥർ സ്ഥാപിച്ച പ്രോട്ടസ്റ്റന്റ് സഭയിലും അപചയങ്ങളും അഭിപ്രായ വ്യത്യാസങ്ങളും പൊട്ടിപ്പുറപ്പെട്ട് കാൽവനിസ്റ്റുകൾ, മെത്തേഡിസ്റ്റുകൾ, ഇവാഞ്ചലിസ്റ്റുകൾ തുടങ്ങി പല അവാന്തര വിഭാഗങ്ങൾ പ്രത്യക്ഷപ്പെട്ടതിന്റെ പുറകിലും മതപരിഷ്ക്കരണ യത്നങ്ങളുടെ പ്രേരണകൾ കാണാവുന്നതാണ്.

എന്നാൽ ഇപ്രകാരം സഭയിൽ പിളർപ്പ് ഉണ്ടാകാതെ അതിന്റെ ഐക്യം സംരക്ഷിച്ചുകൊണ്ടു തന്നെ നവീകരണ പ്രവർത്തനങ്ങളും പരിഷ്കരണങ്ങളും നടപ്പാക്കിയവരും പലരുണ്ട്. അങ്ങനെയുള്ള പരിഷ്കർത്താക്കളിൽ ബെനഡിക്ടൈൻ സന്യാസി സംഘത്തിന്റെ സ്ഥാപകനായിരുന്ന വിശുദ്ധ ബെനഡിക്ട് (480-543) ആണ് മിക്കവാറും ആദ്യത്തെ പരിഷ്കർത്താവ്. നേരത്തെ പരാമർശിച്ച കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ (പിന്നീട് വിശുദ്ധ കോൺസ്റ്റന്റൈൻ) നേതൃത്വത്തിൽ നടന്ന നിഖിയ സുനഹദോസിലെ തീരുമാനങ്ങൾക്കും ക്രിസ്തുമതത്തെ രാഷ്ട്രമതമായി പ്രഖ്യാപിച്ച നടപടിക്കും ശേഷം സഭാഘടനകളിലും നടപടികളിലും കടന്നുകൂടിയ അനാചാരങ്ങളെ തിരസ്ക്കരിച്ച് ജീവിത ലാളിത്യവും പുരോഹിത വിശുദ്ധിയും സേവനതത്പരതയും വീണ്ടെടുക്കാൻ ബെനഡിക്ട് നടപ്പിലാക്കിയ ചട്ടവട്ടങ്ങളും സ്ഥാപിച്ച ബെനഡിക്ടൈൻ സന്യാസി സംഘവും ക്രിസ്തീയ സഭയെ വടക്കൻ യൂറോപ്പിൽ നിന്നും വടക്കുകിഴക്കൻ ഏഷ്യയിൽ നിന്നും ഇരച്ചു കയറിയ വിവിധ പ്രാകൃത ജനങ്ങളുടെ ക്രിസ്തീയ വിരുദ്ധമായ ആചാരക്രമങ്ങളിൽ നിന്നും വിശ്വാസങ്ങളിൽ നിന്നും രക്ഷിച്ച് നിലനിറുത്താനും സഭയ്ക്ക് നവചൈതന്യം പകരാനും സഹായകരമായി.

സുമാർ ആറു നൂറ്റാണ്ടിനുശേഷം വളരെ വ്യത്യസ്ത പ്രകൃതിയായ മറ്റൊരു വിശുദ്ധൻ സഭയിൽ തന്റെ അതുല്യവും അത്യാകർഷകവും ആയ ജീവിത വിശുദ്ധിയിലൂടെയും സേവനതത്പരതയിലൂടെയും സഭയ്ക്ക് പുത്തുണർവ് നൽകി- അസീസിയിലെ വിശുദ്ധ ഫ്രാൻസീസ് (1181-1226) ആയിരുന്നു അത്. ബുദ്ധനെയും മഹാവീരനെയും പോലെ ഭാരതീയ ശൈലിയിലുള്ള ജീവകാരുണ്യത്തിന്റെ പ്രതീകം കൂടിയായിരുന്നു മനുഷ്യസഹോദരങ്ങൾ ഉൾപ്പെടെ സർവ ജീവജാലങ്ങളേയും ഈശ്വര സൃഷ്ടികളായി കരുതി സ്നേഹിച്ച് അവയുമായി ഇടപഴകിയ വിശുദ്ധ ഫ്രാൻസിസ്. രാഷ്ട്രീയാധികാരവും മതാധികാരവും ധനസമ്പുഷ്ടിയും ഇഴചേർന്നുവർത്തിച്ച അക്കാലത്തെ അധികാരദുരയുടെ ഇടനാഴികളിൽ ലാളിത്യത്തിന്റെയും സേവനത്തിന്റേയും തെളിനീർ ഒഴുക്കാൻ ഫ്രാൻസീസ് വഴി ഒരുക്കി. വിശുദ്ധ ഫ്രാൻസിസിന്റെ ജീവിതശൈലിയേയും സേവന പാരമ്പര്യത്തേയും പിന്തുടരുന്ന ഫ്രാൻസിസ്കൻ സന്യാസി സംഘം ഇപ്പോഴും പ്രവർത്തിച്ചുവരുന്നു. വിശുദ്ധ തോമസ് അക്വീനാസ് (1225-1274) മറ്റൊരു തരത്തിലാണ് സഭയെ പരിഷ്ക്കരിക്കാൻ ശ്രമിച്ചത്.

ഇക്കാലത്ത് യൂറോപ്പിൽ വീണ്ടും പുനരുജ്ജീവിക്കാൻ തുടങ്ങിയ സോക്രട്ടീസ്, പ്ലാറ്റോ, അരിസ്റ്റോട്ടിൽ തുടങ്ങിയ ക്ലാസിക്കൽ ഗ്രീക്ക് ദാർശനികരുടെ ചിന്തയും ക്രിസ്തീയ ദൈവശാസ്ത്ര ചിന്തകളും സമന്വയിച്ച് മതവിശ്വാസത്തിനും സിദ്ധാന്തത്തിനും കുറേക്കൂടി ബലവത്തായ അടിത്തറ നൽകാനാണ് അക്വീനാസ് ഉദ്യുപ്തനായത്. തോമസ് അക്വീനാസിന്റെ സിദ്ധാന്തങ്ങൾ അക്കാലത്തെ ഫ്യൂഡൽ സാമൂഹ്യ വ്യവസ്ഥയുടെ ഉച്ചനീചത്വശ്രേണീബദ്ധതയുടെ സിദ്ധാന്തവൽക്കരണം ആയിരുന്നു എന്നൊക്കെയുള്ള വിമർശനങ്ങൾ തിരസ്ക്കരിക്കേണ്ടതില്ലെങ്കിലും അക്കാലത്ത് അനന്തമായി നടന്നു കൊണ്ടിരുന്ന തലനാരിഴ കീറാൻ പോന്ന നിരർഥകവാദപ്രതിവാദ വ്യായാമങ്ങളിൽ യുക്തിയുടെ കിരണം പ്രസരിപ്പിക്കാൻ അക്വീനാസിന്റെ ഇടപെടലിന് കഴിഞ്ഞു എന്നത് നിസ്തർക്കമാണ്.

ഇപ്പറഞ്ഞ പരിഷ്കർത്താക്കളുടെ പേരുകൾ ചില ഉദാഹരണങ്ങൾ മാത്രമാണ്. ഇവരെ കൂടാതെ മറ്റ് പലരുടേയും സേവനങ്ങളെ അനുസ്മരിക്കാവുന്നതാണ്. മാർപ്പാപ്പമാരിൽ ഭൂരിപക്ഷവും യാഥാസ്ഥിതികരും ഗതാനുഗതികത്വത്തിൽ വിശ്വസിച്ചിരുന്നവരും ആയിരുന്നെങ്കിലും ഗ്രിഗറി ഒന്നാമൻ (540-604), ഗ്രിഗറി പതിമൂന്നാമൻ (1502-1585), നമ്മുടെ കാലഘട്ടത്തിലെ ജോൺ ഇരുപത്തിമൂന്നാമൻ (1881-1963), ഇപ്പോഴത്തെ മാർപാപ്പ ജോൺ പോൾ രണ്ടാമൻ തുടങ്ങിയവരും പല നിലവാരങ്ങളിൽ പരിഷ്ക്കരണയത്നം നടത്തിയിട്ടുള്ളവരാണ്.

അൽപം വ്യത്യസ്തനാണെന്ന് തോന്നാവുന്ന വിശുദ്ധ ഇഗ്നേഷ്യസ് ലയോള (1491-1556)യുടെ ഉദാഹരണം കൂടി ചൂണ്ടിക്കാട്ടി ഈ ഭാഗം ഉപസംഹരിക്കാം. മാർട്ടിൻ ലൂഥർ സഭയെ പിളർന്ന് പരിഷ്ക്കാരം നടത്താൻ ശ്രമിച്ചതിന് പ്രതിവിധിയായി സഭയുടെ ഐക്യം നിലനിറുത്തി അതിൽ സേവനത്തിന്റെ മാതൃക പുലർത്താൻ ശ്രമിച്ചയാളാണ് വിശുദ്ധ ലയോള. മാർട്ടിൻ ലൂഥറുടെ പരിഷ്കാരങ്ങളെ റിഫർമേഷൻ അഥവാ മതനവീകരണം അഥവാ മതപരിഷ്ക്കരണം എന്നാണ് വിശേഷിപ്പിച്ചു വരുന്നത്. മാർട്ടിൻ ലൂഥറുടെ പരിഷ്ക്കരണ പ്രവർത്തനങ്ങൾ കത്തോലിക്കാ സഭയെ ആകെ പിടിച്ചു കുലുക്കുകയും അതിന്റെ ഒരു ഭാഗത്തെ അടർത്തിക്കൊണ്ടുപോകുകയും ചെയ്തതിനു ശേഷമുള്ളവ കത്തോലിക്കാ സഭയെ വീണ്ടും ക്ഷീണിപ്പിക്കാതിരിക്കാനുള്ള വീറുറ്റ ശ്രമം ആയിരുന്നു ലയോളയുടേത്. അതിനായി അദ്ദേഹം സ്ഥാപിച്ച പ്രസിദ്ധ സന്യാസി സംഘമാണ് ഈശോ സഭ അഥവാ സൊസൈറ്റി ഓഫ് ജീസസ്. ജെസ്യൂട്ട് എന്ന് ചുരുക്ക പ്രയോഗം. കത്തോലിക്കാ സഭയുടെ അടിസ്ഥാന പ്രമാണങ്ങളിൽ അടിയുറച്ചു നിൽക്കുകയും അതിനു വേണ്ടി വീറോടെ വാദിക്കുകയും രാഷ്ട്രീയാധികാരം ഉള്ളിടത്ത് പ്രൊട്ടസ്റ്റന്റുകൾക്ക് എതിരേ അത് ഉപയോഗിക്കുകയും എല്ലാം ചെയ്തെങ്കിലും പ്രൊട്ടസ്റ്റന്റ് കലാപത്തിന്റെ കാരണങ്ങൾ കുറെയൊക്കെ നിവാരണം ചെയ്ത് സഭയെ ശുദ്ധീകരിക്കുന്നതിന് സാധാരണയിൽ കവിഞ്ഞ അളവിൽ വിജ്ഞാനത്തിന് പ്രാധാന്യം കൽപ്പിക്കുന്ന ജെസ്യൂട്ടുകൾ ഗണ്യമായ വിജയം കൈവരിച്ചു.

ആദ്യകാലത്തൊക്കെ യാഥാസ്ഥിതികത്വത്തിന്റെ മൂർത്തിമദ്ഭാവമായിട്ടാണ് ജെസ്യൂട്ടുകൾ കരുതപ്പെട്ടിരുന്നതെങ്കിലും പിൽക്കാലത്ത് അവർ നവീന ചിന്തയുടെയും ഉദ്ബുദ്ധതയുടേയും പതാകാവാഹകന്മാരായി അറിയപ്പെടാൻ തുടങ്ങി. ഇപ്പോഴും കത്തോലിക്കാ സന്യാസി സംഘങ്ങളിൽ വച്ച് ഏറ്റവും കൂടുതൽ വിജ്ഞാനകുതുകികളും വിദ്വാൻമാരും ഉള്ളത് ജെസ്യൂട്ടുകൾക്കിടയിലാണ്. കഴിഞ്ഞ മൂന്ന് നാല് പതിറ്റാണ്ടു കാലത്ത് ക്രിസ്തീയ സഭകളിൽ മാത്രമല്ല എല്ലാ മതവിജ്ഞാനീയ മേഖലകളിലും രാഷ്ട്രീയ സാമൂഹ്യതലങ്ങളിലും ചലനം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന വിമോചന ദൈവശാസ്ത്രം, കറുത്ത ദൈവശാസ്ത്രം, ക്രിസ്ത്യൻ സോഷ്യലിസം മുതലായവയുടെ പ്രണേതാക്കളിൽ ഒരു വലിയ പങ്ക് ജെസ്യൂട്ട് വൈദികരാണ് എന്നത് അർത്ഥഗർഭമായ വസ്തുതയത്രേ.

III

ഇതുവരെ വിവരിച്ച കേരളത്തിലെ നവോത്ഥാന പ്രവണതകളുടെയും പ്രമാണിമാരുടെയും സ്വഭാവവിശേഷങ്ങൾ സമന്വയിച്ചു ചേർന്ന ഒരു നവോത്ഥാന നായകനായിരുന്നു

(ശേഷം പേജ് 169)



ഡി. ബാബു പോൾ ഐ.എ.എസ്

മരിയഭക്തിയുടെ മാർഗദീപം

മലങ്കരസഭയുടെ ചരിത്രത്തിൽ വളരെ ചുരുക്കമായി മാത്രമാണ് ഇന്നാട്ടുകാരായ പിതാക്കന്മാരെ നാം കണ്ടുമുട്ടുന്നത്. ഇത് നേതൃസ്ഥാനത്ത് ശ്രേഷ്ഠപിതാക്കന്മാർ ഇല്ലാതിരുന്നതിനാലാകാൻ ഇടയില്ലല്ലോ. രേഖകൾ വിരളമെന്ന പൊതുപ്രസ്താവന മാത്രമാണ് വിശദീകരണം.

മാർത്തോമ്മാശ്ലീഹാ ഇന്ത്യയിൽ വന്നുവെന്ന കാര്യം സാഹചര്യത്തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്രസത്യംപോലെ അംഗീകരിക്കാവുന്നതാണെന്ന നിഗമനം പ്രശസ്ത ചരിത്രകാരനായ വിൻസന്റ് സ്മിത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. വടക്കുപടിഞ്ഞാറേ ഇന്ത്യയിൽ ആദ്യം വന്നു, ദൈവമാതാവിന്റെ സ്വർഗാരോഹണവേളയിൽ യരുശലേമിലേക്ക് മടങ്ങി. എ.ഡി. 45-ൽ ഹിപ്പാളൂസ് വാണിജ്യവാതങ്ങൾ (Trade Winds) എന്ന ഭൂമിശാസ്ത്രപ്രതിഭാസം കണ്ടെത്തിയതിനെത്തുടർന്ന് സാധ്യമായ കടൽമുറിച്ചുള്ള യാത്രയിൽ ആദ്യം സൊക്കോത്ര ദ്വീപിലും പിന്നെ കേരളതീരത്തും എത്തിച്ചേർന്നു, മൈലാപ്പൂരിൽ രക്തസാക്ഷിമരണംവരിച്ചു എന്നീ സംഗതികൾ അവിശ്വസിക്കുന്നതിനെക്കാൾ വിശ്വസിക്കുന്നതാണ് യുക്തിഭദ്രം. കേരളത്തിൽ നമ്പൂതിരിമാർ ഉണ്ടായിരുന്നില്ലെന്നത് ഈ ചരിത്രത്തെ ദുർബലമാക്കേണ്ടതില്ല. അശോകനുശേഷം ശങ്കരൻവരെ ബുദ്ധമതമായിരുന്നു ഇവിടെ പ്രധാനം. ശ്ലീഹാ വന്നകാലത്തെ നാട്ടുപ്രമാണിമാരെ മാനസാന്തരപ്പെടുത്തി മാർഗംകൂട്ടി എന്നു ധരിച്ചാൽമതി. ഏതായാലും അക്കാലംമുതൽ വിദേശത്തുനിന്ന് വന്നെത്തിയ പിതാക്കന്മാരുടെയും നേതാക്കന്മാരുടെയും കഥയല്ലാതെ നമ്മുടെ നാട്ടുകാരുടെ കഥ ഏറെ കാണുന്നില്ല. പോർച്ചുഗീസുകാരുടെ ആഗമനത്തോടെയാണ് രേഖകളുടെ പിൻബലത്തോടെ എടുത്തുകാണിക്കാവുന്ന നേതൃത്വം മലയാളക്രൈസ്തവർക്ക് സിദ്ധിച്ചതെന്ന് സ്ഥൂലമായി പറയാം.

ഇങ്ങനെ നേതൃനിരയിൽ വന്ന മിക്കവരും പ്രഗത്ഭർതന്നെയായിരുന്നു, ഉദയംപേരൂരിനു മുമ്പും കൂനൻകുരിശിനു പിമ്പും. കൂറുകളായി വിഭജിക്കപ്പെട്ടപ്പോഴും ഇരുവിഭാഗങ്ങളിലും നല്ല നേതാക്കൾ ഉയർന്നുവന്നു. നിധീരിക്കൽ മാണിക്കത്തനാരും ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരും പള്ളൂരുത്തി യാക്കോബ് കത്തനാരും എല്ലാം പ്രാതസ്മരണീയർ തന്നെ. എന്നാൽ വിശുദ്ധിയുടെ ദീപസ്തംഭമായി നാം കാണുന്നത് ചാവറയച്ചനെയും പരുമലത്തിരുമേനിയേയും ആണ് പ്രധാനമായും.

ചാവറയച്ചന്റെ ജീവിതം ഒരു ബഹുമുഖപ്രതിഭയിലേക്കാണ് വിരൽചൂണ്ടുന്നത്. വിദ്യാഭ്യാസം, മാധ്യമരംഗം, സഭയുടെ ദേശീയതാബദ്ധമായ വികാരങ്ങൾ തുടങ്ങി ഒട്ടേറെ സംഗതികളിൽ ഒരേസമയം വ്യാപൃതനാകാൻ കഴിയുകയും അതോടൊപ്പം ആധ്യാത്മികതയിൽനിന്നും മരിയഭക്തിയിൽനിന്നും ഊർജം ശേഖരിക്കുകയും ചെയ്ത മഹാത്മാവാണു ചാവറയച്ചൻ.

നിധീരിക്കലച്ചനെക്കുറിച്ചല്ലാതെ ചാവറയച്ചനെക്കുറിച്ച് എന്റെ വന്ദ്യപിതാവുമായി ചർച്ച ചെയ്യാൻ എനിക്ക് സന്ദർഭമുണ്ടായതായി ഓർക്കുന്നില്ലെങ്കിലും രണ്ടുകാര്യങ്ങളിൽ ചാവറയച്ചന്റെ മാർഗദർശനവും അനുഗ്രഹവും അച്ഛനുണ്ടായി എന്ന് ഇപ്പോൾ ഞാൻ ചിന്തിച്ചുപോകുന്നു. ഒന്ന് മാതാവും മടിയിലിരിക്കുന്ന മകനും എന്ന ധ്യാനചിന്തയാണ്. മകനെക്കൂടാതെ മാതാവിനെ കണ്ടിട്ടില്ലെന്നും 'അമ്മേ' എന്ന് വിളിക്കുന്നതാണ് ഇഷ്ടമെന്നും അച്ഛൻ 1979-ൽ ഒരു ലേഖനത്തിൽ എഴുതിയിരുന്നു. ഇവിടെ ചാവറയച്ചന്റെ ആത്മാവ് അദൃശ്യമായി സ്വാധീനിച്ചതായി പറയാം. രണ്ടാമത്തേത് മരണത്തിന് തൊട്ടുമുമ്പ് അമ്മയെക്കുറിച്ച് പറയാനും പഠിപ്പിക്കാനും ഇടയായതാണ്. ഇവിടെ ചാവറയച്ചന്റെ അനുഗ്രഹവും കരുതലും പിൻതലമുറയിലെ ഒരു വൈദികന് കിട്ടിയെന്നും കരുതാം. ഈ രണ്ട് ആശയങ്ങളും ചാവറയച്ചന്റെ സ്മരണയിൽ അഭയംപ്രാപിക്കാൻ എന്നെ പ്രേരിപ്പിക്കുന്നുണ്ട്.

മരിയഭക്തിയാണ് ചാവറയച്ചനിൽ ഞാൻ ആദരിക്കുന്ന പ്രധാന ഭാവം. മിക്ക ദിവസവും കൊന്ത ചൊല്ലുന്നവനാണ് ഞാൻ. 'എത്രയും ദയയുള്ള മാതാവേ' എന്നതാണ് എന്റെ ഇഷ്ടഗീതം. അതുകൊണ്ടുതന്നെ മാതാവിൽ അഭയവും ആ മടിത്തട്ടിൽ ദൈവസാന്നിധ്യവും കണ്ട ചാവറയച്ചൻ എനിക്ക് പ്രിയങ്കരനായ സ്വർഗീയമധ്യസ്ഥനായി ഭവിക്കുന്നു.

ഭാരതസഭയുടെ ശക്തി മരിയഭക്തിയിലാണ് തെളിയേണ്ടത്. ഓഗസ്റ്റ് 15-ന് സ്വാതന്ത്ര്യം കിട്ടിയത് യാദൃച്ഛികമായി മൗണ്ട്ബാറ്റന്റെ സൗകര്യത്തിനുവേണ്ടി തീയതി നിശ്ചയിച്ചതുകൊണ്ടാണെന്ന് ചരിത്രകാരന്മാർ എഴുതിക്കൊള്ളട്ടെ, മാതാവിന്റെ സവിശേഷമായ കരുണ ഭാരതത്തിനുണ്ടെന്നതിന്റെ തെളിവായിട്ടാണ് ഞാൻ അതു കാണുന്നത്.

ചാവറയച്ചൻ കാണിച്ചുതന്ന മരിയഭക്തിയുടെ മാർഗത്തിൽ നമുക്ക് നമ്മെത്തന്നെ സ്ഥിരപ്പെടുത്താം. അതിന് വന്ദ്യപിതാവായ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ മധ്യസ്ഥത നമുക്ക് കോട്ടയും പാലവും ആയിരിക്കട്ടെ.



ഡോ. എം. ലീലാവതി

'സുകൃതം സ്മര'

ഞാൻ, എന്റെ, എനിക്ക് എന്നിങ്ങനെയുള്ള ചിന്തകൾ വെടിഞ്ഞ് അന്യജീവനുതകുന്ന സേവനത്തിൽ ആയുഷ്കാലം മുഴുവൻ ഏർപ്പെടാൻ കഴിയുന്നവർ അനുഗൃഹീതാത്മാക്കളാണ്. അനുഗ്രഹദാതാക്കളായി അവർ അദൃശ്യ വിശ്വശക്തിയാൽ ഉയർത്തപ്പെടുന്നു. ഈ അവസ്ഥയെയാണ് 'അരൂപിയുടെ മേലൊപ്പുള്ള അസ്തിത്വം' എന്നു വിവരിക്കാവുന്നത്.

ചാവറ കുര്യാക്കോസച്ചൻ സേവനത്തിനായി സ്വയം ഉഴിഞ്ഞുവച്ച് അനുഗൃഹീതാത്മാവായി. ഭൗതിക ശരീരം വെടിഞ്ഞതിനുശേഷം തന്നിൽ വിശ്വസിച്ച് അഭയം പ്രാപിക്കുന്നവർക്ക് അനുഗ്രഹദാതാവായ സത്തയായി അദ്ദേഹം വാഴുന്നു.

ഭൗതികമായ ഒരു നേട്ടത്തിനുവേണ്ടിയും സ്വാർഥകേന്ദ്രിതമായി ഇച്ഛിക്കുകയോ പ്രാർഥിക്കുകയോ ചെയ്തിട്ടില്ലാത്തവർക്കു മാത്രമേ, സാന്ത്വനം തേടുന്നവരുടെ ഭൗതികമായ ഇച്ഛകളും പ്രാർഥനകളും അറിയാനും അനുഗ്രഹിക്കാനുമുള്ള സിദ്ധിയുണ്ടാവുന്നുള്ളൂ. നിർമമരും നിരീഹരുമായി ജീവിച്ചവർ മമത്വബദ്ധരും അഭിലാഷ പരതന്ത്രരുമായവർക്ക് ആശ്രയമേകുന്നു. ഒരു വലിയ ഛായാവൃക്ഷം തണൽ തേടിയെത്തുന്നവർക്കു തളർച്ച തീർത്തുകൊടുക്കുന്നു. അവർക്കു തണൽ വിരിക്കാൻ ചണ്ഡകിരണന്റെ ചൂടുമുഴുവൻ സ്വന്തം ശിരസിലേറ്റുവാങ്ങുന്നു. പ്രകാശകിരണങ്ങളിൽനിന്നു സംഭരിക്കുന്ന ഊർജത്തെ മാധുര്യമാക്കി പരിവർത്തിപ്പിച്ച് സഞ്ചയിക്കുകയും ഫലങ്ങളിലൂടെ ആ മാധുര്യത്തെ പറന്നെത്തുന്ന കിളികൾക്കും നടന്നുതളർന്നെത്തുന്ന മനുഷ്യർക്കും നൽകി പൈദാഹം തീർത്തുകൊടുക്കുകയും ചെയ്യുന്നു.

സസ്യങ്ങളും വൃക്ഷങ്ങളും ഫലമൂലങ്ങളിൽ സംഭരിച്ചുവയ്ക്കുന്ന ഊർജം അവയ്ക്കു സ്വയം വിശപ്പടക്കാനുള്ളതോ, സന്തതിപരമ്പരകൾക്കായി ഉദ്ദേശിക്കുന്നതോ അല്ല. തികച്ചും നിസ്വാർഥമായ അസ്തിത്വത്തിന്റെ പരമ മാതൃകകളാണ് വൃക്ഷസസ്യാദികൾ.

വിശേഷബുദ്ധിയില്ലാത്ത അവയുടെ പരാർഥജീവിതംകണ്ട് വിശേഷബുദ്ധിയുള്ള മനുഷ്യൻ അസ്തിത്വത്തിന്റെ മൗലിക പാഠം പഠിക്കണമെന്ന് ജീവജാലങ്ങളുടെ സ്രഷ്ടാവായ പരമശക്തി വിവക്ഷിച്ചിട്ടുണ്ടെന്ന് തിരിച്ചറിയുന്നത് ലക്ഷക്കണക്കിനുള്ള മനുഷ്യരിൽ തെരഞ്ഞെടുക്കപ്പെട്ട ചുരുക്കംചിലർ മാത്രമാണ്. ഈ തത്വം നമ്മുടെ മഹാകവി വള്ളത്തോൾ ഇങ്ങനെ ആവിഷ്കരിച്ചിരിക്കുന്നു:

പെരുത്തുനൂറ്റാണ്ടിനിടയ്ക്കൊരിക്കലീ
മരുപ്പറമ്പാമുലകത്തിലീശ്വരൻ
ഒരുറ്റവൃക്ഷത്തെ നടന്നു പാന്ഥരായ്
വരുന്നവർക്കുത്തമ വിശ്രമത്തിനായ്

വാസ്തവത്തിൽ എല്ലാ തണൽ മരങ്ങളും അനുഷ്ഠിക്കുന്നത് നിസ്വാർഥ സേവനകർമമാണ്. എല്ലാ മനുഷ്യരും തണൽമരങ്ങളുടെ കർമമേറ്റെടുക്കാൻ ശക്തരാകുന്നില്ല. അതിനു ശക്തരാകുന്നവർ നൂറ്റാണ്ടുകൾക്കിടയ്ക്ക് വല്ലപ്പോഴുമേ പ്രത്യക്ഷരാകുന്നുള്ളൂ എന്നതുകൊണ്ട് കവി ഒറ്റമരമായും ഉറ്റമരമായും അത്തരം അമരസത്തയെ രൂപണം ചെയ്യുകയാണ്.

ആ തരത്തിൽപ്പെട്ട ഉറ്റവനായ മഹാമാനുഷ ചൈതന്യമാകുന്നു ചാവറയച്ചൻ. 'ആകുന്നു' എന്ന വർത്തമാനക്രിയ പ്രയോഗിക്കുന്നത് 'ആയിരുന്നു' എന്ന ഭൂതകാല ക്രിയയ്ക്ക് ആ മഹാസത്തയുടെ സന്തതസാന്നിധ്യത്തിൽ പ്രസക്തിയില്ലാത്തതുകൊണ്ടാണ്. വിശ്വസിക്കുന്നവരുടെ ചേതസിൽ ആ സാന്നിധ്യത്തിന്റെ അനുഭൂതിയുണ്ടാകുന്നു. അനുഭൂതി ചിഹ്നങ്ങളായി അനുഗ്രഹങ്ങൾ വന്നുചേരുന്നു.

പ്രവാചകന്റെ അന്യാപദേശകഥകൾപോലെ പല സൂക്തങ്ങളും ചാവറയച്ചന്റേതായുണ്ട്. നാലു സ്നേഹിതന്മാരുടെ കഥ അവയിലൊന്നാണ്. ഒരാൾക്കു മൂന്നു സ്നേഹിതന്മാരുണ്ടായിരുന്നു. ഏത് ആപത്തിലും എപ്പോഴും സഹായത്തിനെത്തിക്കൊള്ളാമെന്ന് ഉറപ്പുകൊടുത്തിരുന്നവർ. പക്ഷേ, രാജാവ് അയാൾക്കു വധശിക്ഷ വിധിച്ചപ്പോൾ രക്ഷിക്കാൻ ആ മൂന്നുപേർക്കും കഴിഞ്ഞില്ല. അതുവരെ പ്രത്യക്ഷപ്പെടുകയോ വാഗ്ദാനങ്ങൾ നൽകുകയോ ചെയ്തിട്ടില്ലാത്ത നാലാമനാണ് രക്ഷിക്കാനെത്തിയതെന്ന് വാച്യമായ കഥ.

അന്യാപദേശരീതിയിൽ പറയപ്പെട്ട ഈ നാലു സ്നേഹിതന്മാരാരൊക്കെയെന്ന് വ്യക്തമാക്കിത്തന്നിട്ടുണ്ട്. ഒന്നാം സ്നേഹിതൻ ലോകം. 'രാജാവ് ഏല്പിക്കുന്ന വധശിക്ഷ' ജനിച്ചവർക്കെല്ലാവർക്കും എപ്പോഴെങ്കിലുമൊരിക്കൽ നേരി

ടേണ്ടതായ മൃതിയാണ്. മൃതിയെ നേരിടേണ്ട നേരത്ത് മനുഷ്യന് ലോകത്തിന്റെ സഹായമില്ല. ആരും കൂട്ടില്ല. ഒറ്റയ്ക്കു വരുന്നു; ഒറ്റയ്ക്കു പോകുന്നു.

രണ്ടാമത്തെ സ്നേഹിതൻ ബന്ധുമിത്രവർഗംതന്നെ. മത്സരം വരുമ്പോൾ വിലക്കിനിർത്താനോ ഒരു നിമിഷം പോലും ജീവിതം നീട്ടിക്കൊടുപ്പിക്കാനോ ഒരു ശുഭകാംക്ഷിക്കും സാധ്യമല്ല.

മൂന്നാമത്തെ സ്നേഹിതൻ മറ്റാരുമല്ല; ഞാൻ എന്ന സത്തയുടെ ആധാരമായി വർത്തിക്കുന്ന ഭൗതികശരീരംതന്നെ. 'ഞാൻ' എന്ന അവബോധം അതിന്റെ പ്രവൃത്തി നിർത്തിയാൽ അതുതന്നെയാണ് മൃതി. ബോധ പ്രേരിതമായിട്ടുള്ള പ്രവൃത്തികളെല്ലാം പെട്ടെന്നു നിലയ്ക്കുന്നു. 'ഞാൻ' എന്ന സത്തയെ മൃതി പിടികൂടിയാൽ, യാന്ത്രികമായ ചില ചേഷ്ടകൾ ചിലപ്പോൾ യന്ത്രസഹായത്തോടെ നിലയ്ക്കാനനുവദിക്കാതെ നീട്ടിക്കൊണ്ടുപോകാൻ കഴിഞ്ഞാലും അത് മൃതിയുടെ പിടിയിൽനിന്നുള്ള വിടുതലല്ല.

ബലിഷ്ഠമായ അവയവങ്ങൾ പ്രവർത്തനക്ഷമമായിരിക്കുമ്പോൾപോലും ഓർക്കാപ്പുറത്തു മൃതി പിടികൂടിയെന്നിരിക്കട്ടെ. ആ ആജ്ഞയ്ക്കു വിധേയമായി ഹൃദയം മിടിപ്പു നിർത്തുന്നു. ശ്വാസകോശം വികാസസങ്കോചങ്ങൾ നിർത്തുന്നു. രക്തത്തിന്റെ ഒഴുക്കു നിലയ്ക്കുമ്പോൾ മസ്തിഷ്കകോശങ്ങൾ പ്രവർത്തനരഹിതമാകുന്നു. ശരീരം എന്ന സത്ത ശിലപോലെ നിശ്ചേതനമാകുന്ന അവസ്ഥയാണിത്. ആ അവസ്ഥ വന്നുചേരുമ്പോൾ 'അരുത്' എന്നൊരു സന്ദേശം പ്രസരിപ്പിക്കാൻ ശരീരം അശക്തമാണ്.

മൂന്നു സ്നേഹിതന്മാരും നിസഹായരായിരിക്കെ നാലാമത്തെ സ്നേഹിതൻ എത്തുന്നു- ജീവിതകാലത്തു ചെയ്ത പുണ്യം എന്ന സുഹൃത്ത്. പുരാകൃത പുണ്യം രണ്ടുതരത്തിലും രക്ഷകസത്തയാകാറുണ്ട്. മൃതിവരാതെ കടക്കുന്നു ചിലപ്പോൾ, മൃതി സംഭവിച്ചാൽ, ഞാൻ എന്ന ആത്മാവിന്, പുണ്യഫലം കൂടെത്തന്നെ എപ്പോഴും നിൽക്കുന്ന കൂട്ടുകാരനായിരിക്കും.

വനേരണേ വന്നിമഹാബ്ധിമധ്യേ
മഹോന്നതേ പർവത മസ്തകേ
ചസുപ്തം പ്രമത്തം വിഷമ സ്ഥിതം
ചരക്ഷന്തി പുണ്യാനി പുരാകൃതാനി.

കാട്ടിലും യുദ്ധത്തിലും അഗ്നിബാധയിലും കടൽക്കോളിലും പർവതശിഖരത്തിലും ഉറക്കത്തിലും ഉന്മാദത്തിലും ഏതു ദുർഘട ഘട്ടത്തിലും പുരാകൃതപുണ്യം രക്ഷിക്കാനെത്തുന്നു. അങ്ങനെ വധശിക്ഷ ഒഴിവാക്കിക്കാൻ മനുഷ്യൻ നിർമമമായി ചെയ്യുന്ന പുണ്യകർമങ്ങളുടെ ഫലങ്ങൾ എത്തിച്ചേരുന്നു.

മൃതി സംഭവിച്ചാലും പുണ്യഫലമാണ് മൃതന് അസ്തിത്വത്തിൽ അമരത്വം നേടിക്കൊടുക്കുന്നത്. ഇതര മനുഷ്യർക്ക് നന്മ വരുത്തുന്നതേ ചെയ്യൂ എന്ന് നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കുന്നവർ, അവരുടെ സ്മൃതിയിൽ മൃതിയില്ലാതെ വർത്തിക്കുന്നു.

സത്കർമനിഷ്ഠ ശ്വാസോച്ഛ്വാസവും ഹൃദയ സ്പന്ദനവും പോലെ അത്ര സ്വാഭാവികമായി ഭവിക്കത്തക്കവണ്ണം സദ്വാസനകളെ പോഷിപ്പിക്കാൻ ഉപദേശം കൊടുക്കുക മാത്രമല്ല പ്രവൃത്തികൊണ്ട് നിദർശനമായി ഭവിക്കുകയാണ് മഹത്തുക്കളായ പുണ്യാത്മാക്കളുടെ ശൈലി.

പ്രവർത്തനംകൊണ്ട് മാതൃക കാട്ടിയതിനാലാണ് ചാവറയച്ചൻ പുണ്യാത്മാവായി നമ്മുടെ മനസിൽ അമരത്വത്തോടെ കുടികൊള്ളുന്നത്. മദർ തെരേസയെപ്പോലുള്ളവർ ഈയടുത്തകാലത്ത് നമ്മുടെ ഇരുണ്ട കാലഘട്ടത്തിൽ വെളിച്ചം വിതറിയതും അങ്ങനെതന്നെ. രണ്ടാം ലോകമഹായുദ്ധകാലത്ത് നാസിസ്റ്റ് ഭരണത്തിന്റെ നിഷ്ഠൂരതയോട് ഏറ്റുമുട്ടേണ്ടിവന്ന ഫാദർ കോൽബേയുടെ ആത്മത്യാഗ വീരചരിതവും നമ്മെ ഓർമിപ്പിക്കുന്നത് ഋഷിപ്രഭാവം മനുഷ്യന് അപ്രാപ്യമോ വസ്തുസ്ഥിതികൾക്കതീതമായ സങ്കല്പകഥകളോ അല്ല എന്നാണ്.

ഏത് ഇരുട്ടുമുറ്റിയ കഠോരകാലഘട്ടത്തിലും ആത്മബലി സന്നദ്ധതയോടുകൂടിയ ഋഷിതേജസുകൾ ഉദിച്ചുയരാം, പ്രഭ ചൊരിയാം, ആ പ്രകാശപുഞ്ജങ്ങളിൽ നിന്ന് സാധാരണരായ നമുക്ക് ഒരു കൈത്തിരി കത്തിച്ചെടുക്കാനും അതിന്റെ പ്രകാശനാളം ഹൃദയത്തിൽ കെടാതെ സൂക്ഷിക്കാനും കഴിയും. ചാവറയച്ചന്റെ സ്മൃതിയെ സൂക്ഷിക്കുന്ന ആരാധനാകേന്ദ്രങ്ങളും സാംസ്കാരിക പ്രവർത്തനകേന്ദ്രങ്ങളും ആ തിരിനാളങ്ങളെ കെടാവിളക്കുകളാക്കി നിലനിർത്താൻ ഉദ്ദിഷ്ടമായ മാധ്യമങ്ങളാണ്.

'കൃതം സ്മര കൃതം സ്മര' എന്ന് ഉദ്ബോധിപ്പിക്കുന്ന ഈശാവാസ്യോപനിഷത്ത്, പുണ്യാത്മാക്കളുടെ മരിക്കാത്ത സത്കർമങ്ങളെ സ്മരിച്ചുകൊണ്ടിരിക്കലാണ് പിന്നാലെ വരുന്നവരുടെ കർത്തവ്യമെന്ന വസ്തുതയിൽ ഊന്നുന്നു.

സത്കർമങ്ങളുടെ പ്രകാശനാളങ്ങൾ നാം കെടാതെ സൂക്ഷിക്കേണ്ടത് അവ ചെയ്തു വഴികാട്ടിയ മഹത്തുക്കൾക്കുവേണ്ടിയല്ല, നമുക്കുവേണ്ടിത്തന്നെയാണ്. നമ്മുടെ ത്രികരണങ്ങൾ, മനസും വചസും വപുസും, നന്മയുടെയും ഉണ്മയുടെയും മേന്മയുടെയും പാളങ്ങളിൽനിന്നു വഴുതിപ്പോകാതിരിക്കാനാണ്.





സിബി മാത്യു ഐ.പി.എസ്.

വിശുദ്ധകിരീടം ചൂടുന്ന ഈ മലയാളി എന്റെ സ്വന്തമാണ്

വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ ഒരു ഭക്തനാണ് ഞാൻ. രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള ഭാരതസഭയിൽനിന്നും വാഴ്ത്തപ്പെട്ടവരുടെ പദവിയിലേക്ക് ഉയർത്തപ്പെട്ട ആദ്യത്തെ മലയാളി എന്നതാണ് ചാവറയച്ചന്റെ മധ്യസ്ഥത തേടാൻ എന്നെ പ്രേരിപ്പിക്കുന്നത്.

കത്തോലിക്കാസഭയിൽ ആയിരക്കണക്കിനു പുണ്യവാന്മാരും പുണ്യവതികളുമുണ്ട്. രക്തസാക്ഷികളുടെ ചുടുനിണവും വേദസാക്ഷികളും ആത്മസഹനവും സഭയുടെ വളർച്ചയിലെ ഏറ്റവും പ്രബലമായ ഘടകമാണെന്ന് എനിക്കറിയാം. യേശുശിഷ്യനായ തോമാശ്ലീഹാ കൊളുത്തിയ കേരളസഭയിൽനിന്ന് ഈ പദവിയിലേക്ക് ഉയർത്തപ്പെട്ടവർ അപൂർവം.

ചാവറയച്ചനോടുള്ള എന്റെ ഭക്തിയുടെ തുടക്കം, എന്നെപ്പോലെ ഒരു മലയാളിയാണല്ലോ അച്ചനെന്ന ചിന്തയിൽനിന്നാണ്. എന്നെ ശരിക്കും മനസിലാക്കുന്ന വിശുദ്ധൻ.

ചങ്ങനാശേരിക്കാരനാണ് ഞാനെങ്കിലും കുട്ടിക്കാലത്തൊന്നും ചാവറയച്ചനെക്കുറിച്ച് അധികം അറിയാനോ അച്ചന്റെ മധ്യസ്ഥത തേടാനോ എനിക്ക് സാധിച്ചിട്ടില്ല.

എറണാകുളത്ത് സിറ്റി പോലീസ് കമ്മീഷണറായി ഞാൻ നാലുവർഷം ഉണ്ടായിരുന്നു. അന്നു ചാവറ കൾച്ചറൽ സെന്ററിലെ പരിപാടികളിൽ ഞാൻ പങ്കെടുക്കാറുണ്ട്. പ്രയോർ ജനറൽ ഹൗസിലെ അച്ചന്മാരുമായി എനിക്ക് നല്ല ബന്ധവും ഉണ്ടായിരുന്നു. സി.എം.ഐ സഭയുടെ ഊർജസ്വലതയിൽ എനിക്ക് ബഹുമാനം തോന്നി. അങ്ങനെയാണ് ഞാൻ ചാവറയച്ചനെക്കുറിച്ച് അന്വേഷിച്ചത്. അവരെനിക്ക് പറഞ്ഞുതന്ന അച്ചന്റെ രൂപം, ദർശനം ഒക്കെ എന്നെ വിസ്മയിപ്പിച്ചു. കാലത്തിനുമുമ്പേ നടന്ന ഒരു മലയാളി; ഇന്നും കാലത്തെ നയിക്കാനാഗ്രഹിക്കുന്ന മലയാളികൾക്ക് ദൈവാനുഗ്രഹം നേടിത്തരുന്നതിനുള്ള മധ്യസ്ഥനായി വാഴുന്നു. സാവധാനം ഞാൻ അച്ചന്റെ മധ്യസ്ഥത പ്രാർഥിച്ചുതുടങ്ങി. അച്ചനെക്കുറിച്ച് കൂടുതൽ വായിക്കുവാൻ തുടങ്ങി. അച്ചന്റെ വിശുദ്ധിയും വിശ്വാസധൈര്യവും സാമൂഹ്യ പ്രതിബദ്ധതയും അവശവിഭാഗങ്ങളോടുള്ള സ്നേഹവും പാവങ്ങളെ സഹായിക്കുന്നതിന് മറ്റുള്ളവർക്കുള്ള ബാധ്യതയെക്കുറിച്ചുള്ള ആവേശവും അതു മനസിലാക്കിക്കുന്നതിനുള്ള മിടുക്കും എല്ലാം എന്നെ സ്വാധീനിച്ചു.

നവീകരണാനുഭവത്തിലേക്കു വന്നതോടെ ഈ സ്വാധീനം വർധിച്ചു. തിരുവനന്തപുരത്തു ഞാൻ പതിവായി പങ്കെടുക്കാറുള്ള ഗത്സമേൻ കൂട്ടായ്മയിലെ ലീഡർ സി.വി. ജോസഫ് മാതാവിന്റെ മധ്യസ്ഥത തേടിയാലുടനെ തേടുന്നത് ചാവറയച്ചന്റെയും അൽഫോൻസാമ്മയുടെയും മധ്യസ്ഥതയാണ്. സി.വിയുടെ ന്യായവും എന്റേതുതന്നെ. മലയാളികളായ നമ്മുടെ പ്രശ്നം ശരിക്കറിഞ്ഞു മധ്യസ്ഥത വഹിക്കാനാവുന്നവർ ഇവരാണ്.

ചാവറയച്ചനോട് എന്നും ഞാൻ പ്രാർഥിക്കുന്നുണ്ട്. എനിക്കും കുടുംബത്തിനും മക്കൾക്കും നാടിനും ഒക്കെ വേണ്ടി പ്രാർഥിക്കുന്നു.

ഇതൊക്കെയാണെങ്കിലും ഇന്നുവരെ മാന്നാനത്തോ കൂനമ്മാവിനോ പോയി പ്രാർഥിക്കാൻ എനിക്കവസരം ലഭിച്ചിട്ടില്ല. തീർഥാടനകേന്ദ്രങ്ങളിൽ പോകാനാകുന്നത് ദൈവം ഒരുക്കുമ്പോഴാണെന്ന് വിശ്വസിക്കുന്ന വ്യക്തിയാണ് ഞാൻ. അതുകൊണ്ട് മാന്നാനത്തു പോയി പ്രാർഥിക്കാനാകാത്തതിൽ എനിക്ക് ഇച്ഛാഭംഗമൊന്നുമില്ല. ദൈവം ഒരുക്കുന്ന ദിവസത്തിനായി കാത്തിരിക്കുകയാണ്.

സമ്പത്തിന്റെ പേരിൽ അഹങ്കരിക്കരുത്



കുടുംബത്തിന്റെ പ്രധാന സമ്പത്ത് ദൈവപേടിയും ഭക്തിയും ആകുന്നു.



വി.ജെ. കുര്യൻ ഐ.എ.എസ്

ജീവിതത്തിന്റെ മാർഗദീപം

ജീവിതം മുഴുവൻ ദൈവാരാധനയാക്കിമാറ്റിയ പുണ്യാത്മാക്കൾ ഏറെയുണ്ട്. സ്വന്തം ആത്മാവിനു ദിവ്യദീപ്തി പകർന്നതോടൊപ്പം സഹജീവികളിലേക്കും അവരുടെ ജീവിതത്തിൽനിന്ന് ആധ്യാത്മികതേജസ് പ്രവഹിച്ചു. ഇവരുടെ ജീവിതം ലോകത്തിനാകെത്തന്നെ പ്രയോജനകരമായി ഭവിക്കുന്നു.

ഈ പ്രകാശഗോപുരങ്ങളുടെ ജീവിതമാതൃക സ്വന്തമാക്കാൻ യത്നിക്കുന്നവർക്കും അവരുടെ മാധ്യസ്ഥ്യം പ്രാർത്ഥിക്കുന്നവർക്കും ആത്മീയതലത്തിലും ഭൗതികതലത്തിലും നേട്ടങ്ങൾ കൈവരുന്നു.

ഓരോ സൃഷ്ടിയുടെ കാര്യത്തിലും ദൈവത്തിനുള്ള നിശ്ചിതപദ്ധതി അംഗീകരിക്കുന്നവർക്ക് ഇത്തരം പുണ്യചരിതരുടെ ജീവിതത്തെ ഉറ്റുനോക്കുന്നത് ഗുണകരമാകാതിരിക്കില്ല. വിജയകരമായി യുദ്ധം പൂർത്തിയാക്കിയ ഈ യോദ്ധാക്കൾ, നിശ്ചയമായും നമ്മെ ദൈവത്തിന്റെ പദ്ധതിക്കു വിധേയരാകാൻ പ്രാപ്തരാക്കും. കർമപദ്ധതികൾ കരുപ്പിടിക്കുമ്പോഴും പ്രായോഗികമാക്കുമ്പോഴും പിഴവുകൾ ഒഴിവാക്കുന്നതിന് ദൈവികമായ ആശ്രയബോധവും വിശുദ്ധാത്മാക്കളുടെ മാധ്യസ്ഥ്യസഹായവും ഏറെ സഹായിക്കുന്നതായി ഞാൻ വിശ്വസിക്കുന്നു. ഈ വിശ്വാസത്തിനു പിന്നിലെ യാഥാർത്ഥ്യം വ്യക്തമാക്കുന്ന അനുഭവങ്ങൾ ഒട്ടേറെ സ്വന്തമായുണ്ട്.

ഇപ്രകാരം എന്റെ ആധ്യാത്മികജീവിതം തീർച്ചയായും കർമമണ്ഡലവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ലാപ്ടോപ്പിലെ ഡേറ്റകൾക്കും, അതിനുമപ്പുറത്തെ വിജ്ഞാനങ്ങൾക്കും പ്രായോഗികപരിചയത്തിനുമെല്ലാംമേലെ കർമരംഗത്തു തീരുമാനങ്ങളെടുക്കാനും നയിക്കാനും മനസിനെ പ്രാപ്തമാക്കുന്ന 'സൂപ്പർ കംപ്യൂട്ടറി'ന്റെ കീ ബോർഡ് പ്രവർത്തിപ്പിക്കുന്നത് ദൈവമോ ഈ വിശുദ്ധാത്മാക്കളോ ആയിരിക്കണമെന്ന് ഞാൻ ആശിക്കുന്നു; പ്രാർത്ഥിക്കുന്നു.

ഈ പ്രാർത്ഥനയിൽ ഞാൻ മാധ്യസ്ഥ്യം തേടാറുള്ള വിശുദ്ധർ ഒന്നിലേറെയുണ്ട്. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ പ്രാർത്ഥനാസഹായം ചെറുപ്പം മുതലേ തേടിവന്നിരുന്നു. പഠനകാലത്തും തുടർന്നും അതുമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ ഒട്ടേറെയുണ്ട്.

പാലാ രൂപതയിൽപ്പെട്ട കുടുംബങ്ങളെല്ലാംതന്നെ തങ്ങൾക്കു കുടുംബബന്ധമുള്ള ഒരു വിശുദ്ധന്റെ സ്ഥാനമാണ് എത്രയോ കാലമായി ചാവറയച്ചനു കൽപിച്ചുകൊടുത്തിരിക്കുന്നത്. കൈനകരിക്കാരനാണു ചാവറയച്ചനെങ്കിലും മാന്നാനവുമായുള്ള അദ്ദേഹത്തിന്റെ കർമബന്ധംതന്നെ പ്രധാനകാരണം. ചാവറയച്ചന്റെ ധന്യജീവിതത്തിന്റെ ദീപ്തി ആദ്യകാലത്തു പ്രവഹിച്ചത് സ്വാഭാവികമായും പാലാ മേഖലയിലായിരുന്നു. വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ കാര്യത്തിലും ഇതു ശരിതന്നെ.

ചാവറയച്ചനിൽനിന്ന് ആത്മീയോർജം ഉൾക്കൊള്ളാൻ മാന്നാനത്തു പോകുമ്പോഴെല്ലാം എന്റെ മനസിൽ വിസ്മയം സൃഷ്ടിച്ചുകൊണ്ടു മുന്നിൽനിൽക്കുന്നത് ആ ക്രാന്തദർശിയുടെ കർമകുശലതയെപ്പറ്റിയുള്ള ചിന്തകളാണ്. നലം തികഞ്ഞ ആധ്യാത്മികാചാര്യനായിരിക്കുമ്പോൾത്തന്നെ ആ കഠിനാധ്വാനിയുടെ കർമമണ്ഡലം എത്രയോ വിപുലവും ചടുലവുമായിരുന്നു. സി.എം.ഐ സഭയും ഒട്ടേറെ കൊവേന്തകളും പള്ളിക്കൂടങ്ങളും, അഗതിമന്ദിരങ്ങളും സ്ഥാപിക്കുന്നതിൽ ചാവറയച്ചൻ മുഖ്യപങ്കുവഹിച്ചു. മാന്നാനത്തു കൊവേന്ത പണിയാൻ നേതൃത്വം നൽകുമ്പോൾ അദ്ദേഹത്തിന്റെ പ്രായം 26 മാത്രമായിരുന്നു. സീറോ - മലബാർ സഭയുടെ വികാരി ജനറാളെന്ന നിലയിൽ ചാവറയച്ചന്റെ സേവനം എത്രയോ സ്തുത്യർഹം. സത്യവിശ്വാസത്തിലൂന്നിയ ധീരമായ പ്രവർത്തനശൈലി വഴി അദ്ദേഹം ശീശ്മയ്ക്കെതിരേയും വിദേശമേൽക്കോയ്മയ്ക്കെതിരേയും പോരാടി.

ഇതിനിടയിലും എണ്ണമറ്റ രചനകളിലൂടെ സഭയ്ക്കും സഭാമക്കൾക്കും മാർഗദർശകനായി. പ്രാർത്ഥനയും പ്രവൃത്തിയും സമന്വയിപ്പിച്ചുകൊണ്ടുള്ള ദൈവാരാധനയ്ക്ക് ഇതുപോലുള്ള മാതൃക വിരളം.

ദൈവികമൂല്യങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ടും സത്യനിഷ്ഠയിൽനിന്നു കടുകിട വ്യതിചലിക്കാതെയും കർമനിരതനാവുക വഴി സഭയെയും നാടിനെയും സേവിച്ചുകൊണ്ട് ദൈവതിരുമുമ്പിൽ നൂറുമേനി വിളവുകൊയ്ത ആ മാർഗദീപത്തിന്റെ മാധ്യസ്ഥ്യം ജീവിതത്തിലുടനീളമുണ്ടാകണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.



ഭദ്രൻ
ചലച്ചിത്രസംവിധായകൻ

ആ അദൃശ്യസാമീപ്യത്തിൽ എല്ലാം ഭദ്രം

പാലായാണ് എന്റെ നാട്. മാന്നാനവുമായി അധികം ദൂരമൊന്നുമില്ല. ചെറുപ്പത്തിൽതന്നെ ചാവറയച്ചനെക്കുറിച്ചു കേട്ടിരുന്നു. അന്നൊക്കെ വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയെ മധ്യസ്ഥയായി കണ്ടാണ് പ്രാർഥിച്ചിരുന്നത്. സ്കൂളിലെ മുതിർന്ന ക്ലാസുകളിൽ എത്തിയപ്പോഴാണ് ചാവറയച്ചനെക്കുറിച്ചു കൂടുതൽ അറിഞ്ഞത്. അദ്ദേഹത്തിന്റെ ലളിതമായ ജീവിതശൈലി എന്നെ വളരെയധികം ആകർഷിക്കുകയും ചെയ്തു. വിശുദ്ധനിലേക്കുള്ള ആ അച്ചന്റെ വളർച്ചയെക്കുറിച്ചു പഠിച്ചപ്പോഴാണ് അദ്ദേഹത്തോടു കൂടുതൽ ബഹുമാനം തോന്നിയതും.

വളരെ ചെറുപ്പത്തിൽത്തന്നെ ചാവറയച്ചനെക്കുറിച്ച് മനസിലാക്കിയിട്ടുണ്ടെങ്കിലും മാന്നാനം പള്ളിയിൽ പോകാൻ സാധിച്ചിട്ടുള്ളത് ഒരു പ്രാവശ്യം മാത്രം. മാന്നാനത്തുകൂടി പലതവണ പോയിട്ടുണ്ട്. പള്ളിയിൽ കയറണമെന്ന് കരുതിയിട്ടുണ്ട്. പക്ഷേ, തിരക്കുകൾക്കിടെ കഴിഞ്ഞില്ല. മാന്നാനം പള്ളി കേന്ദ്രീകരിച്ച് എന്റെ ഒരു സിനിമ ചിത്രീകരിക്കണമെന്നത് ഒരു മോഹമായിരുന്നു. അതു നടന്നത് 'സ്ഫടിക'ത്തിന്റെ ചിത്രീകരണസമയത്താണ്. ആദ്യമായും അവസാനമായും ഞാൻ മാന്നാനം പള്ളിയിൽ പോയതും ഈ സമയത്തുതന്നെ. ചിത്രത്തെക്കുറിച്ചുള്ള ചർച്ചകൾ തുടങ്ങിയപ്പോൾത്തന്നെ മാന്നാനം പള്ളിയാണ് എന്റെ മനസിൽ വന്നത്. ചാവറയച്ചന്റെ അനുഗ്രഹാശിസുകളുള്ള പള്ളി. കഥയുടെ പശ്ചാത്തലത്തിലും പള്ളി ചിത്രീകരിക്കേണ്ടതായുണ്ട്.

'സ്ഫടികം' സിനിമയുടെ ആദ്യഷോട്ട് എടുത്തത് പള്ളിക്കുള്ളിൽവച്ചാണ്. എന്റെ ഏറ്റവും വലിയ ആഗ്രഹവുമായിരുന്നത്.

ചിത്രത്തിന്റെ ചിത്രീകരണം തുടങ്ങുന്നതിനു മുമ്പ് ഞങ്ങൾ പ്രത്യേക ദിവ്യബലി നടത്തി. കൈപ്പംപ്ലാക്കൽ അച്ചനാണ് അന്ന് കുർബാന അർപ്പിച്ചത്. എല്ലാ യൂണിറ്റംഗങ്ങളും പങ്കെടുത്തു. ചാവറയച്ചന്റെ അനുഗ്രഹമാവാം കാര്യമായ യാതൊരു തടസവും കൂടാതെ ചിത്രീകരണം പൂർത്തിയായി. പിന്നീട് മലയാളത്തിലെ ഏറ്റവും നല്ല ചിത്രങ്ങളിൽ ഒന്നായി 'സ്ഫടികം' മാറുകയും ചെയ്തു. ചാവറയച്ചന്റെ അനുഗ്രഹാശിസുകൾ ഒന്നു കൊണ്ടുമാത്രമാണ് എനിക്ക് ഇങ്ങനെയൊരു വിജയം സൃഷ്ടിക്കാൻ കഴിഞ്ഞതെന്ന് വിശ്വസിക്കുന്നു.

സ്ഫടികത്തിനുശേഷം നിരവധി സിനിമകൾ ഞാൻ ചെയ്തു. ഒരു സിനിമ വീണ്ടും മാന്നാനം പള്ളിയിൽ ചിത്രീകരിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. ഇതുവരെ അവസരം കിട്ടിയിട്ടില്ല. ഒന്നുകിൽ ചിത്രത്തിൽ പള്ളിക്കുപറ്റിയ കഥാസന്ദർഭം ഉണ്ടാകില്ല. അല്ലെങ്കിൽ മറ്റെതെങ്കിലും പ്രശ്നങ്ങൾ.

അടുത്ത സിനിമയെങ്കിലും ചാവറ കുര്യാക്കോസച്ചന്റെ മാന്നാനം പള്ളിയിൽനിന്ന് തുടങ്ങണമെന്നാണ് ആഗ്രഹം. ആ വിശുദ്ധന്റെ അനുഗ്രഹങ്ങൾ ഉണ്ടെങ്കിൽ യാതൊരു വിധ തടസങ്ങളും ഉണ്ടാകില്ലെന്ന് തീർച്ച.

ശരീരത്തിനുള്ള ഭക്ഷണം കുട്ടികൾക്കു നൽകുന്നതുപോലെ ആത്മാവിനുള്ള ഭക്ഷണവും നൽകണം.



അതിധാരാളിത്തവും അതിലുബ്ധും ഒരുപോലെ തിന്മകളാകുന്നു.



ഷൈനി വിൽസൺ

ചാവറഭക്തിയിലൂടെ ആത്മവിശ്വാസം

ചാവറയച്ചന്റെ ഭക്തയാണ് ഞാൻ. ചാവറ ഭക്തിയിലാണ് ഞാൻ വളർന്നുവന്നതും. വാഴ്ത്തപ്പെട്ട ചാവറയച്ചനെക്കുറിച്ചു കൂടുതൽ അറിഞ്ഞത് ഹൈസ്കൂൾ പഠനകാലത്താണ്. കൃത്യമായി പറഞ്ഞാൽ എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ.

അന്ന് ഞാൻ കോട്ടയത്ത് ഗാന്ധിനഗറിലുള്ള സ്പോർട്സ് സ്കൂളിലാണു പഠിക്കുന്നത്. സ്കൂളിൽ നിന്നു കുട്ടികളെല്ലാം ഒന്നിച്ചാകും പോവുക. ഈ യാത്രകളിലാണു ചാവറയച്ചനെക്കുറിച്ചു കൂടുതൽ കാര്യങ്ങൾ അറിഞ്ഞത്.


സ്കൂളിലെ മത്സരങ്ങൾക്കു തലേന്നു മാന്നാനം പള്ളിയിൽ പോയി പ്രാർഥിക്കുന്ന പതിവ് ആദ്യം തുടങ്ങി. മീറ്റുകൾക്കു പുറപ്പെടുന്നതിനുമുമ്പു മാന്നാനം പള്ളിയിൽപോയി പ്രാർഥിച്ചാലേ ആത്മവിശ്വാസം ലഭിക്കൂ. ചാവറയച്ചന്റെ പള്ളിയിൽ പോയി പ്രാർഥിച്ചിട്ടു വരുമ്പോൾ മീറ്റിൽ ജയിച്ചു മടങ്ങാമെന്നു പ്രതീക്ഷയേറും.

1984ൽ ലോസ് ആഞ്ചൽസിൽ നടന്ന ഒളിമ്പിക്സിനുശേഷവും ഞാൻ മാന്നാനം പള്ളിയിൽ പോയി. ഒളിമ്പിക്സിൽ മുന്നേറാൻ കഴിഞ്ഞതിനു നന്ദി പറയാൻ.

1985ൽ ജക്കാർത്തയിൽ നടന്ന ഏഷ്യൻ ട്രാക്ക് ആൻഡ് ഫീൽഡ് മീറ്റിൽ എനിക്ക് റിക്കാർഡ് സ്വർണം ലഭിച്ചു. എണ്ണൂറു മീറ്ററിൽ. ഫിനിഷിംഗ് ലൈൻ മുറിച്ചുകടക്കുമ്പോൾ ആഹ്ലാദംകൊണ്ടു വാക്കുകൾ തൊണ്ടയിൽ കുടുങ്ങി. ആദ്യം നന്ദിപറഞ്ഞതു ചാവറയച്ചനാണ്. മീറ്റ് കഴിഞ്ഞെത്തിയ ഉടൻ തന്നെ മാന്നാനം പള്ളിയിൽ പോയി പ്രാർഥിക്കുകയും ചെയ്തു.

എഴുപത്തിയഞ്ചുപ്രാവശ്യം ഇന്ത്യയെ പ്രതിനിധീകരിച്ചു ട്രാക്കിലിറങ്ങാൻ കഴിഞ്ഞു. എല്ലാം ചാവറയച്ചന്റെ അനുഗ്രഹം കൊണ്ടാണെന്നു വിശ്വസിക്കുന്നു.

ഇനി ചെറിയൊരു സ്വകാര്യം: എനിക്ക് ആദ്യം ജനിച്ചവർ രണ്ടും പെൺകുട്ടികളാണ്. മൂന്നാമത് ഒരാൺകുട്ടി കൂടി വേണമെന്ന് എനിക്കും വിൽസണും വലിയ ആഗ്രഹമായിരുന്നു. അതിനായി ചാവറയച്ചനോട് പ്രാർഥിക്കുകയും ചെയ്തു. മൂന്നാമത്തെ പ്രസവത്തിൽ ആൺകുട്ടി ജനിച്ചു. അവൻ ജനിച്ചശേഷം ഞങ്ങൾ ചാവറയച്ചന്റെ പള്ളിയിൽ പോയി നന്ദി പറഞ്ഞു. എന്റെ അനുജത്തിക്കു ജോലി ലഭിക്കുന്നതിനും ഞാൻ ചാവറയച്ചനോടാണ് പ്രാർഥിച്ചത്.




ഷൈനി വിൽസനും കുടുംബവും



സ്ഫടികം ജോർജ്

ആ ദർശനപുണ്യത്തിൽ...



ആ ധന്യമായ ദിവസത്തെക്കുറിച്ച് ഇന്നും നല്ല ഓർമയുണ്ട്. 1990ൽ ആണത്. 14 വർഷങ്ങൾക്കുമുമ്പ്. കോട്ടയത്തെ വിമലഗിരി പള്ളിയിൽ ധ്യാനം നടക്കുന്നു. ഞാൻ ഗൾഫിലെ ജോലി മതിയാക്കി തിരിച്ചുവന്ന സമയവുമാണത്.

ഞാൻ ഈശോയെ മനസിൽ ധ്യാനിച്ചു പ്രാർഥിച്ചു. ആ സമയത്താണ് എനിക്കു ദർശനം ലഭിച്ചത്. സർവപ്രഭയോടുംകൂടി കരുണാമയനായ ഈശോ. ഈശോയ്ക്കുചുറ്റും നിരവധി വിശുദ്ധന്മാർ. പക്ഷേ, ഞാൻ തിരിച്ചറിഞ്ഞു. ചാവറയച്ചനെ. ദർശനത്തിൽ ഈശോയ്ക്കടുത്ത് ചാവറയച്ചനുണ്ടായിരുന്നു.

അന്നു മുതലാണ് ഞാൻ ചാവറയച്ചന്റെ കടുത്ത ഭക്തനായി മാറിയത്. എല്ലാ മനുഷ്യരെയുംപോലെ എന്റെ ജീവിതത്തിലും ബുദ്ധിമുട്ടുകളും പ്രതിസന്ധികളും ഉണ്ടാകാറുണ്ട്. ഈ സമയത്തെല്ലാം ആ വിശുദ്ധനെ മനസിൽ ധ്യാനിക്കും. ഉടൻതന്നെ ഫലപ്രാപ്തിയുണ്ടാകും.

1980 കളുടെ തുടക്കത്തിൽ തന്നെ ഞാൻ മാന്നാനത്തു പോയിരുന്നു. എന്നാൽ മാന്നാനം പള്ളിയിലേക്കുള്ള യാത്ര പതിവാക്കിയത് ഗൾഫിൽനിന്നുള്ള മടങ്ങിവരവിനു ശേഷമാണ്. ഈ സമയത്തു ശനിയാഴ്ചകളിലെ പ്രത്യേക നൊവേനകളിൽ പങ്കെടുക്കുമായിരുന്നു.

ചാവറയച്ചനുമായി എന്നെ അടുപ്പിച്ചതിൽ എന്റെ ബന്ധുവിനും പങ്കുണ്ട്. ലണ്ടനിലാണ് ഈ ബന്ധു. പലപ്പോഴും നാട്ടിൽവരുമ്പോൾ ഞങ്ങളൊരുമിച്ചു മാന്നാനം പള്ളിയിൽ പോയിരുന്നു. ആ വിശുദ്ധന്റെ മാധ്യസ്ഥ്യം പ്രാർഥിച്ചിരുന്നു.

പിന്നെ എന്റെ സിനിമാ ജീവിതത്തിനും മാന്നാനം പള്ളിയുമായി ബന്ധമുണ്ട്. 'സ്ഫടികം' എന്ന ചിത്രമാണ് മലയാള സിനിമയിൽ എനിക്കു നിലനിൽപ്പുണ്ടാക്കിയത്. ഈ ചിത്രത്തിന്റെ ആദ്യഷോട്ട് ചിത്രീകരിച്ചത് മാന്നാനം പള്ളിയിൽവച്ചായിരുന്നു. ഇതൊരു ഭാഗ്യമായി കരുതുന്നു. ചാവറയച്ചന്റെ അനുഗ്രഹം കൊണ്ടാണു ചിത്രം വിജയിച്ചതും, എനിക്കു പിടിച്ചു നിൽക്കാൻ കഴിഞ്ഞതും.

ഇപ്പോൾ മിക്കവാറും മാന്നാനം പള്ളിയിൽ പോകാറുണ്ട്. ചാവറയച്ചനെക്കുറിച്ചു കൂടുതൽ പഠിക്കാൻ ഏറെ ആഗ്രഹിക്കുന്നയാളുമാണ് ഞാൻ. അച്ചന്റെ വ്യക്തിജീവിതത്തെക്കുറിച്ച് കൂടുതൽ പഠിച്ചശേഷം ഈ വിശുദ്ധന്റെ ജീവിതത്തെ ആധാരമാക്കി ഒരു ഡോക്യുമെന്ററി നിർമിക്കണമെന്നും ആഗ്രഹമുണ്ട്.

ചാവറയച്ചനിൽ ഞാൻ കാണുന്ന ഏറ്റവും വലിയ പ്രത്യേകത ആ മനുഷ്യന്റെ ലാളിത്യമാണ്. എളിയ ജീവിതമാണ്. ഇതാണ് മറ്റുള്ളവർ പാഠമാക്കേണ്ടത്.

മറ്റൊന്ന് ചാവറയച്ചന്റെ പ്രാർഥനയായിരുന്നു. കരളുരുകിയുള്ള ഈ പ്രാർഥന തന്നെയാണ് അദ്ദേഹത്തെ ഉന്നതപദവിയിലേക്കുയർത്തിയതും.


എവിടെയോ വായിച്ചിട്ടുണ്ട്. മാന്നാനംകാർ ചാവറയച്ചനെ 'ദൈവമനുഷ്യൻ' എന്ന് വിളിച്ചിരുന്നെന്ന്. ചുറ്റുമുള്ള സമൂഹം അംഗീകരിക്കുന്ന വ്യക്തിത്വത്തിനുടമയായിരുന്നു ചാവറയച്ചൻ. ജീവിക്കുന്ന കാലത്തു തന്നെ ദൈവം അദ്ദേഹത്തെ വിശുദ്ധീകരിക്കുകയും ചെയ്തു.

നമ്മുടെ പ്രാർഥന ദൈവസന്നിധിയിൽ എത്തിക്കാൻ വിശുദ്ധൻമാരുടെ പ്രാർഥന അത്യാവശ്യമാണ്. നമ്മുടെ പ്രാർഥനയിലെ തെറ്റുകളും കുറവുകളും കണ്ടറിഞ്ഞ് അവ ദൈവസന്നിധിയിലെത്തിക്കുന്ന ദൂതൻമാരാണവർ. ചാവറയച്ചനും ഈ ഗണത്തിലെ പ്രമുഖനാണ്. വിശുദ്ധന്മാർ ജീവിക്കുന്ന ആത്മാക്കളാണ്. അവരോട് ചേർന്ന് പ്രാർഥിക്കുമ്പോൾ നമ്മുടെ പ്രാർഥനയ്ക്കു ഫലമുണ്ടാകും.

ചാവറയച്ചന്റെ കാര്യത്തിൽ ഇതു നൂറുശതമാനം ശരിയാണെന്ന് എന്റെ അനുഭവങ്ങൾ എന്നെ പഠിപ്പിക്കുന്നു.

വാഴ്ത്തപ്പെട്ട ചാവറയച്ചൻ

ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ



വാഴ്ത്തപ്പെട്ട ചാവറ കുറിയാക്കോസ് ഏലിയാസച്ചന്റെയും സി.എം.ഐ സഭയിലെ അദ്ദേഹത്തിന്റെ അനുയായികളുടെയും ജീവിതം സീറോ മലബാർ സഭയ്ക്കുവേണ്ടി ഉഴിഞ്ഞുവച്ചിട്ടുള്ളതാണ്. എത്രയെത്ര അപ്പസ്തോലിക നന്മകളാണ് അദ്ദേഹത്തിന്റെ സമർത്ഥ നേതൃത്വത്തിൽ അഥവാ ചൈതന്യധാരയിൽ വിരിഞ്ഞുവന്നിട്ടുള്ളത്. സ്കൂളുകൾ, വൈദിക പരിശീലന കേന്ദ്രങ്ങൾ, കത്തോലിക്കാ ആദർശങ്ങളുടെ പ്രചാരണത്തിനായി അച്ചടിശാല, ആസന്നമരണരായ വയോവൃദ്ധർക്ക് ആശ്വാസമന്ദിരം, പൊതുവിജ്ഞാനശാലകൾ, മതപഠനകേന്ദ്രങ്ങൾ എന്നിവയെല്ലാം അദ്ദേഹം നൽകിയ സംഭാവനകളാണ്. സീറോ-മലബാർ സഭയുടെ ആരാധനക്രമത്തിനു പുനരുദ്ധാരണമേകി. ദിവ്യകാരുണ്യത്തോടും തിരുക്കുടുംബത്തോടുമുള്ള ഭക്തി വ്യാപകമാക്കി. സഭയിലും സമൂഹത്തിലും കുടുംബങ്ങൾക്കുള്ള മൗലികസ്ഥാനം മനസിലാക്കിയ ചാവറയച്ചൻ ക്രിസ്തീയ കുടുംബങ്ങൾക്ക് പ്രോത്സാഹനവും ഉപദേശവും നൽകി ശക്തി പകർന്നു. **(1986 ഫെബ്രുവരി 8 കോട്ടയം)**

കർദ്ദിനാൾ പീറ്റർ പലസ്സീനി



പുരുഷന്മാർക്കായുള്ള കാർമലൈറ്റ് ഓഫ് മേരി ഇമ്മാക്കുലേറ്റ് (സി.എം.ഐ) സ്ത്രീകൾക്കായുള്ള ദ മദർ ഓഫ് കാർമൽ (സി.എം.സി) എന്നീ സന്യാസ സഭകളുടെ സഹസ്ഥാപകനാണു ധന്യനായ കുറിയാക്കോസ്. മാമ്മോദീസയിൽ ലഭിച്ച ദൈവവരപ്രസാദം എന്നും താൻ കാത്തു സൂക്ഷിച്ചതായി മരണശയ്യയിൽ വച്ചു പ്രഖ്യാപിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

അതേസമയം, പാപത്തെക്കുറിച്ചുള്ള ആഴമേറിയ അവബോധം പുലർത്തിക്കൊണ്ടാണ് അദ്ദേഹം ജീവിച്ചത്. പാപബോധത്തിന്റെ ഗൗരവപൂർണമായ അഭാവമുള്ള ആധുനിക ലോകത്തിന്, ഇക്കാര്യത്തിൽ, അദ്ദേഹമൊരു ചോദ്യചിഹ്നമാണ്.

(റോമിൽ വിശുദ്ധരുടെ നാമകരണ നടപടികളുടെ അധ്യക്ഷനായിരുന്ന കർദ്ദിനാൾ പീറ്റർ പലസ്സീനി, ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്നതിനോടു ചേർന്ന് ദീപികയ്ക്കു നൽകിയ സന്ദേശത്തിൽ നിന്ന്)

പി. രാമചന്ദ്രൻ (മുൻ കേരള ഗവർണർ)



വാഴ്ത്തപ്പെട്ട ചാവറയച്ചൻ കേരളത്തിന്റെ എന്നല്ല, മാനവകുലം മുഴുവന്റേയും അഭിമാന പാത്രമാണ്. അക്ഷുണ്ണധർമ്മനിചയം ഏക വ്യക്തിയിൽ വിളക്കിച്ചേർത്തതിന്റെ അസുലഭമായ ആവിഷ്ക്കാരമാണാജീവിതം. അദ്ദേഹം ഈ ഭൂമിയിൽ മനുഷ്യനായി ജനിച്ചു.

എന്നാൽ ആറരദശാബ്ദം നീണ്ടുനിന്ന അദ്ദേഹത്തിന്റെ സുകൃതചര്യകൾ ഈ മർത്യലോകത്ത് അമർത്യതയുടെ മൂശയിൽ വാർത്തെടുത്ത വ്യക്തിയായി അദ്ദേഹത്തെ പ്രതിഷ്ഠിച്ചിരിക്കുന്നു. ഇന്നലെയും ഇന്നും എന്നല്ല കാലചക്രത്തിന്റെ അവസാന സ്പന്ദനംവരെ ഈശ്വര സാക്ഷാത്ക്കാരം നേടിയ ഈ ആത്മാവ് മനുഷ്യവംശത്തിന്റെ ഹൃദയംഗമമായ ഈടുവയ്പുകളിൽ ഒന്നായിരിക്കും.

ചാവറയച്ചന്റെ ജീവിതം ആത്മാവിലാവേശം പകരുന്ന അന്തസ്സാരപൂർണമായ ഒരു വീരഗാഥയാണ്. ക്രൈസ്തവസഭയിൽ വൈദികനായ അദ്ദേഹം അഭിഷിക്തനായ നിമിഷം മുതൽ ദൈവത്തിനായി ജീവിതം ഉഴിഞ്ഞുവച്ചുകൊണ്ട് സഹജീവികളുടെ സാമൂഹ്യവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിന് ആത്മാർത്ഥമായി യത്നിച്ചു. വിലകുറഞ്ഞ മനുഷ്യർ ചെയ്യാറുള്ളതുപോലെ, ആഡംബരത്തേയോ പ്രസിദ്ധിയേയോ ലൗകികലാഭങ്ങളേയോ അംഗീകാരങ്ങളേയോ അദ്ദേഹം അന്വേഷിച്ചില്ല.

വാഴ്ത്തപ്പെട്ട ചാവറയച്ചൻ ഒരു ക്രാന്തദർശിയായിരുന്നു. താൻ ജീവിച്ച നൂറ്റാണ്ടിനെ ബഹുദൂരം പിന്നിട്ട് അദ്ദേഹം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. ആദ്ധ്യാത്മിക മൂല്യങ്ങളോടൊപ്പം സാമൂഹ്യ യാഥാർത്ഥ്യങ്ങളേയും അദ്ദേഹം മുറുകെപ്പിടിച്ചു. മാന്നാനത്ത് ഇപ്പോഴും സൂക്ഷിച്ചിട്ടുള്ള മരപ്രസ് മുദ്രിതാക്ഷരങ്ങളിലൂടെ ജനങ്ങൾക്ക് വിദ്യയുടെ വെളിച്ചം പകർന്നുകൊടുക്കാൻ ചാവറയച്ചൻ മുന്നിട്ടിറങ്ങിയതിന്റെ വാചാലമായ സാക്ഷ്യമാണ്. അദ്ദേഹം ഉണർത്തിവിട്ട സാമൂഹ്യാവബോധം മനുഷ്യർക്ക് അറിവും വെളിച്ചവും പകരുന്ന പരിയത്നത്തിന് തേയ്മാനം വരുത്തുകയില്ല. ഇതത്രേ അദ്ദേഹം രൂപം കൊടുത്ത പവിത്ര സമൂഹത്തിലെ ഓരോ അംഗത്തിന്റെയും മുഖമുദ്ര. **(ചാവറ സ്റ്റാമ്പ് പ്രകാശനം-1987 ഡിസംബർ 20)**

നിത്യചൈതന്യയതി



ദുഃഖസമുദ്രത്തിന്റെ അലമാലകൾ ചൂഴ്ന്നുയർന്നപ്പോഴും പ്രശാന്ത മനസ്കനായ ഒരു യമിയായി നിലകൊള്ളുവാൻ ചാവറയച്ചനു കഴിഞ്ഞു. തെറ്റുകളെ ശക്തമായി എതിർക്കുമ്പോൾ പോലും തെറ്റു ചെയ്തവനോടുള്ള കാരുണ്യത്തിന് അതിരുണ്ടായിരുന്നില്ല. തന്റെ പ്രതിജ്ഞയായ അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നിവയിൽ നിന്ന് അണുവോളം വ്യതിചലിക്കാതെയും, തന്റെ കർമ്മധാരയെ ദൈവത്തിനു സാക്ഷ്യപ്പെടുത്തി സ്വധർമ്മത്തിനു പോറലേല്ക്കാതെയുമാണ് ചാവറയച്ചൻ കൊണ്ടുപോയത്. വലിയ സംഘാടകനും സംയോജകനുമായിരുന്നു ചാവറ കുറിയാക്കോസ് ഏലിയാസച്ചൻ. അഭൂതപൂർവകമായ ജനസമ്മതിക്കു പാത്രമായി, സമാരാധ്യനായിരുന്നപ്പോൾപ്പോലും ഒരു മഹിമയും തന്റേതായി അദ്ദേഹം എണ്ണിയില്ല. എല്ലാം പരമകാരുണികനായ ഈശ്വരന്റെ ദയാവായ്പു മൂലം ജനങ്ങൾക്കു ലഭിക്കുന്ന കൃപാകടാക്ഷം എന്നു മാത്രമേ ആ മഹാ പുരുഷൻ കരുതിയുള്ളൂ. താൻ ഒരു നിമിത്തമെന്നതിലധികമായി അദ്ദേഹം തന്റെ മഹിമയെ ഒരിക്കലും കണ്ടിരുന്നില്ല.

ദിവ്യമുഖം

ജോൺ ആന്റണി



1

ഏന്നാണു മരണം ആ കടവിൽ അടുത്തതെന്ന് ആരും അറിഞ്ഞില്ല. കുതിർന്ന മണ്ണിലൂടെ സർപ്പത്തിന്റെ നിശബ്ദതയോടെ അതു നീങ്ങി. മനുഷ്യരുടെ നാവിൽ വിഷ്ണുചിക കൊണ്ടു തൊട്ടു. ജലം വറ്റിയ ശരീരങ്ങൾ മരണത്തിന്റെ വെറുങ്ങലിച്ച കൈകളിലേക്കു വീണു.

രാപ്പകലുകൾ വീടുകളിൽനിന്ന് ഉയർന്ന നിലവിളികൾ നനഞ്ഞ കരയിലൂടെയും കലങ്ങിയ ജലപ്പരപ്പിലൂടെയും അലഞ്ഞുനടന്നു.

മരിക്കാത്തവർ മരിക്കുന്നവരുടെ നാവുകളിൽ പകർന്ന ജലം നിഷ്ഫലയത്നങ്ങളായി കടവായ്കളിലൂടെ മടങ്ങിവന്നുകൊണ്ടിരുന്നു.

മരണത്തിന്റെ വിജയക്കൊടികൾ പോലെ ശ്മശാനങ്ങളിൽ മൺകൂനകൾ ഉയരുകയായിരുന്നു. പല വീടുകൾ ശൂന്യമായി.

കിഴക്കേ ചാവറവീട്ടിൽ കുര്യാക്കോസിന്റെയും മകൻ ജോസഫ് കുഞ്ഞിന്റെയും മരണം അടുത്തടുത്ത ദിവസങ്ങളിലായിരുന്നു. മരിക്കുന്നതിനുമുമ്പ് ഇരുവരുടെയും വരണ്ട ചുണ്ടുകളിൽനിന്ന് ഇടറിവീണത് ഒരേ പേരായിരുന്നു:

"കൊച്ചു.... കുര്യാക്കോസ്....."

അവനെക്കണ്ടിട്ട് ഒത്തിരിക്കാലമായതുപോലെ അവർക്കു തോന്നി. ഒന്നുകൂടി കണ്ടാൽമാത്രം മതി!

ഒന്നും മിണ്ടണമെന്നില്ല. ഒന്നും മിണ്ടാൻ വയ്യ.

മെഴുതിരിവെളിച്ചം പോലെയുള്ള ആ മുഖം ഒരു നോക്കു കണ്ടിരുന്നെങ്കിൽ, കണ്ണുകൊണ്ടെങ്കിലും യാത്രപറയാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നു കൊതിച്ചു.

മരണം ഒന്നും അനുവദിച്ചില്ല. മരണം തിരക്കിലായിരുന്നു. നിശബ്ദമായ വ്യഗ്രതയോടെ അത് ഇരകളെ കണ്ടെത്തിക്കൊണ്ടിരുന്നു.

ജോസഫ് കുഞ്ഞിന്റെ ഭാര്യയെയും അത് അവിടെനിന്നുതന്നെ കണ്ടെത്തി.

ആ വീട്ടിൽ ശേഷിച്ച മറിയാമ്മ, മരണം തന്റെ നേർക്കു നോക്കുന്നതു കണ്ടു. ഭർത്താവിന്റെയും മകന്റെയും അന്ത്യശ്വാസം തങ്ങിനിൽക്കുന്ന വീട്ടിൽ ആ സ്ത്രീക്കു മരണത്തെക്കുറിച്ചു ഭയം തോന്നിയില്ല.

ഈ രോഗം ബാധിച്ചവരാരെങ്കിലും രക്ഷപ്പെടുന്നതായി കേൾക്കുന്നില്ല. ലോകം അവസാനിക്കുകയാവാം. നിഴലുകൾ വളർന്നുതിങ്ങി രാത്രിയാകുന്നു. വാനമേഘങ്ങളിൽ കർത്താവു വരാൻ സമയമായിരിക്കുകയാവാം.

മണ്ണിൽനിന്നു പോകുംമുമ്പ് ഒരാഗ്രഹമേയുള്ളൂ.

"എനിക്ക്.... എന്റെ മോനെ..... ഒന്നു കാണണം" നിഴൽപോലെ കാണുന്ന ബന്ധുവിനോടു നിശ്വാസം പോലെ മറിയാമ്മ പറഞ്ഞു. ആ വാക്കുകൾ ഗ്രഹിച്ചെടുക്കാൻ ബന്ധു ബദ്ധപ്പെട്ടു.

എന്തേ ആർക്കും ഒന്നും മനസിലാകാത്തത്?

"കൊച്ചുകുര്യാക്കോസിനെ....."

ബന്ധുവിനു മനസിലായി.

"എങ്ങനെ വിളിച്ചുകൊണ്ടുവരാൻ? ഈ കരയിൽ നിന്നാരും പുറത്തേക്കു പോകരുതെന്നാണ് സർക്കാരുകൽപ്പന. ആരെയും ഇങ്ങോട്ടു കൊണ്ടുവരാനും പാടില്ല. അത്തരമാണീ ദീനം."

മറിയാമ്മയുടെ കുഴിഞ്ഞ കണ്ണുകളിൽനിന്നു സാവധാനം രണ്ടു നീർച്ചാലുകളിറങ്ങി മരിച്ചു പോയ മൂന്നു പെൺകുട്ടികൾക്കുശേഷം വളർന്നു കിട്ടിയ മകനാണ്. ഒട്ടിയ കവിളുകളെ തേടി.

കണ്ടു കൊതിതീരുംമുമ്പേ ദൈവത്തിനു സമർപ്പിച്ച മകൻ. ഏറ്റവും കൊതിയുള്ളതു ദൈവത്തിനുവേണ്ടി കൊടുക്കുകയായിരുന്നു. എന്നിട്ടും അവൻ വരുന്ന ദിവസങ്ങൾക്കു വേണ്ടി കൊതിയോടെ, പ്രാർത്ഥനയോടെ കാത്തിരിക്കുമായിരുന്നു. ഓരോ തവണ എത്തുമ്പോഴും അവൻ കൂടുതൽ കിളരം വച്ചിരുന്നു, കൂടുതൽ മെല്ലിച്ചിരുന്നു, കണ്ണുകൾക്കു തിളക്കം ഏറിയിരുന്നു. ആ കണ്ണുകളിൽനിന്ന് അവൻ നിൽക്കുന്ന മുറിയിൽ വെളിച്ചം നിറയുന്നതുപോലെ തോന്നിയിരുന്നു...

ഇപ്പോൾ എത്ര വളർന്നിട്ടുണ്ടാവും?

കണ്ണുകളിലെ തിളക്കം എത്ര ഏറിയിട്ടുണ്ടാവും?

ഒന്നു കണ്ടാൽ മാത്രം മതിയായിരുന്നു.

"ഒരു നിവൃത്തിയുമില്ലാഞ്ഞിട്ടല്ലേ ആൾ വിടാത്തത്," ബന്ധുവിന്റെ വിശദീകരണം.

കാണാനാവില്ല..... കാണാനാവില്ല.... കാണുകയെന്നതു കഴിഞ്ഞ കഥയായിരിക്കുന്നു.

"അല്ലെങ്കിൽ വേണ്ട.... ഞങ്ങൾ.... പിന്നെ... കണ്ടോളാം..." മറിയാമ്മയുടെ സ്വരം ഒരു ഗദ്ഗദത്തിലേക്ക് അലിഞ്ഞു.

ഗദ്ഗദം നേർത്തു നേർത്ത് ഇല്ലാതായി.

കുഴിഞ്ഞ കണ്ണുകൾ നിശ്ചലങ്ങളായി. കൺതടങ്ങളിലെ ചാലുകൾ ഉണങ്ങി. ശരീരത്തിൽനിന്നൊരു തണുപ്പ് മുറിയിൽ പടർന്നു.

മരണം തിടുക്കത്തിൽ പടിയിറങ്ങി.

സെമിത്തേരിയിലെ വിജയക്കൊടികൾക്കിടയിൽ പുതിയൊരെണ്ണംകൂടി.

ലോകത്തോടു യാത്രപറഞ്ഞവർ പള്ളിമണികളുടെ തുടർച്ചയായ തേങ്ങലും കാലവർഷത്തിന്റെ കറുത്ത നൃത്തവും കേട്ട് മൺകൂനകൾക്കു കീഴിൽ ഉറങ്ങി.

കാലവർഷത്തിൽ പെരുകിയ നദി കരയെ വിഴുങ്ങുമ്പോൾ ദയവില്ലാത്ത ഒരു ദിഗ്വിജയിയെപ്പോലെ മരണം അശ്വമേധം തുടരുകയായിരുന്നു. മൺകൂനകൾ ഏറിക്കൊണ്ടിരുന്നു.

അവസാനം, ആഹ്ലാദം പ്രകടിപ്പിക്കാത്ത ഒരു വിജയിയുടെ ഗർവം പുണ്ട നിശബ്ദതയോടെ മരണം എവിടേക്കോ പോയി.

കൈനകരിയിൽ അവശേഷിച്ചവർക്കു പുറത്തേക്കു കടക്കാമെന്നായി.

ചാവറ വീട്ടിലെ മരിച്ച കുര്യാക്കോസിന്റെ രണ്ടനുജന്മാർ പള്ളിപ്പുറത്തേക്കു പുറപ്പെട്ടതു കൊച്ചുകുര്യാക്കോസിനെ വിവരമറിയിക്കാനാണ്. എങ്ങനെ പറയും? എവിടെവരെ പറയും? ഞെട്ടൽ താങ്ങുവാൻ ആ പയ്യനു കെൽപ്പുണ്ടാവുമോ? വിവരം പറയുന്നതു മറ്റൊരു ദുരന്തത്തിനു കാരണമാകുമോ?

അനിവാര്യമായ അറിവിന്റെ തീക്കനൽ അവനിലേക്കു കോരിയിടുവാൻതന്നെ ചിറ്റപ്പന്മാർ തീരുമാനിച്ചു.

പള്ളിപ്പുറം സെമിനാരിയിൽ മല്പാൻ പാലയ്ക്കലച്ചനെക്കണ്ടാണ് അവർ വിവരം പറഞ്ഞത്. സ്തബ്ധനായിത്തീർന്ന അദ്ദേഹം നിമിഷങ്ങൾക്കുശേഷം അവരോടു പറഞ്ഞു:

"പറയാതെ വയ്യല്ലോ.... പറഞ്ഞോളൂ... പേടിക്കണ്ട. അവൻ വളർന്നത് ഈ സെമിനാരിയിലാണല്ലോ. ഞാൻ പഠിപ്പിച്ചിട്ടുള്ളതെല്ലാം അവൻ പഠിച്ചിട്ടുണ്ട്. അവൻ മനസുകൊണ്ടു പ്രായത്തിലേറെ വളർന്നു. പിടിച്ചുനിൽക്കാൻ കുര്യാക്കോസിനു കഴിയും."

ആശങ്ക വീങ്ങിയ മൂന്നു മുഖങ്ങൾ കുര്യാക്കോസിനെ സമീപിച്ചു.

"കുര്യാക്കോസേ, നമ്മളെ താങ്ങുവാൻ കർത്താവുണ്ട്..." അവന്റെ തോളിൽ കൈവച്ചുകൊണ്ടു മല്പാൻ പറഞ്ഞു.

അസാന്ദർഭികമായ ആ ഉപദേശം കൊച്ചുകുര്യാക്കോസിനെ ഉത്കണ്ഠാകുലനാക്കി. മൂന്നു മുഖങ്ങളിൽ നോക്കി അവൻ ചോദിച്ചു.

"എന്താണ് സംഭവിച്ചത്?... എന്റെ വീട്ടിൽ എന്താണ് സംഭവിച്ചത്?"

"കർത്താവ് അറിയാതെ ഒന്നും സംഭവിക്കുന്നില്ല, മോനേ. കർത്താവു നിനക്കു ബലം തരും."

കുര്യാക്കോസ് കണ്ണടച്ചു പ്രാർത്ഥിക്കുമ്പോൾ ചിറ്റപ്പൻ പറയാൻ തുടങ്ങി:

"കുട്ടനാട്ടിൽ പല കരയിലും കഴിഞ്ഞമാസം ദീനമായിരുന്നു. നമ്മുടെ കരയിലും ഒത്തിരിപ്പേർക്കു ദീനം പിടിച്ചു. നിന്റെ വീട്ടിലും...."

"ആർക്ക്?"

"അപ്പന്"

"അപ്പന് എന്തു പിണഞ്ഞു?"

മല്പാനച്ചൻ വീണ്ടും കൊച്ചു കുര്യാക്കോസിന്റെ ചുമലിൽ കൈവച്ചു. "എല്ലാം ദൈവനിശ്ചയമാണു, കുഞ്ഞേ."

"ദൈവം തിരിച്ചുവിളിച്ചു, മോനേ."

"എന്റെ അപ്പൻ...." കൊച്ചുകുര്യാക്കോസ് മല്പാന്റെ നെഞ്ചിലേക്കു ചാഞ്ഞു. മല്പാന്റെ കുപ്പായം കണ്ണീരിൽ കുതിർന്നു.

കരച്ചിലടക്കാനായപ്പോൾ കുര്യാക്കോസ് ചോദിച്ചു.

"എന്ന്.... എന്നായിരുന്നു?"

"മൂന്നാഴ്ചയായി. കരവിട്ട് ആരും പുറത്തുപോകരുതെന്ന് കൽപ്പനയുണ്ടായിരുന്നു. അതുകൊണ്ടാണ് ഇതുവരെ അറിയിക്കാതിരുന്നത്," ചിറ്റപ്പൻ പറഞ്ഞു.

കുര്യാക്കോസിനു വീണ്ടും ശബ്ദം നഷ്ടപ്പെട്ടു. നെഞ്ചുമുതൽ ശീർഷം വരെ നിറഞ്ഞ ഗദ്ഗദം ഒരു കരച്ചിലായി അടങ്ങുമ്പോൾ അവൻ ചോദിച്ചു:

"അപ്പോൾ.... എനിക്കിനി അപ്പനെ കാണാൻ പറ്റില്ല, അല്ലേ ചിറ്റപ്പാ?"

മല്പാനച്ചൻ അവനെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. "കുര്യാ

ക്കോസേ, നീയെന്താ അവിശ്വാസിയെപ്പോലെ നിരാശനാവുന്നത്? മരണം മനുഷ്യന്റെ അവസാനമല്ലെന്നു നിനക്കറിഞ്ഞുകൂടേ?"

പെട്ടെന്നു കുര്യാക്കോസ് ശാന്തത വീണ്ടെടുത്തു. കുറെ നിമിഷത്തെ നിശബ്ദതയ്ക്കുശേഷം അവൻ പറഞ്ഞു: "ഞങ്ങൾ സ്വർഗത്തിൽവച്ചു കണ്ടോളാം."

"അതേ, കുഞ്ഞേ എല്ലാവരും നിനക്കുവേണ്ടി സ്വർഗത്തിൽ കാത്തിരിക്കുകയാണ്," മല്പാൻ പറഞ്ഞു.

"പക്ഷേ, അമ്മ എങ്ങനെയിതു താങ്ങും? എന്റെ അമ്മ ഇപ്പോഴും കരയുകയാണോ?" കുര്യാക്കോസ് ചിറ്റപ്പന്മാരോടു ചോദിച്ചു.

"കുര്യാക്കോസേ, നീ ചഞ്ചലനാവരുത്. നീയൊരു സാധാരണ ചെറുപ്പക്കാരനെപ്പോലെയാവരുത്. എന്തിനെയും നേരിടാനുള്ള കരുത്ത് നിനക്കു തരാൻ കർത്താവിനു കഴിയും," മല്പാൻ പറഞ്ഞു.

കുര്യാക്കോസ് ചിറ്റപ്പന്മാരുടെ മുഖത്തേക്ക് ഉത്കണ്ഠയോടെ നോക്കി. മനസിലൊരു പ്രാർത്ഥനയാൽ ശക്തിയാർജിച്ചിട്ടെന്നവണ്ണം പിന്നെ പറഞ്ഞു:

"പറഞ്ഞോളൂ. എന്റെ അമ്മയ്ക്കെന്തു പറ്റി?"

"അമ്മയ്ക്കും ദീനമായിരുന്നു. അമ്മയും പോയി, കുഞ്ഞേ," ചിറ്റപ്പൻ പറഞ്ഞു.

കരയാനാവാതെ കുര്യാക്കോസ് നിലത്ത് ഇരുന്നു. ചിറ്റപ്പന്മാർ അവനെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. അവർ അവനെ പിടിച്ചെഴുന്നേൽപ്പിക്കുമ്പോൾ അവന്റെ ശരീരം ഒരു പഴന്തുണിപോലെ ദുർബലമായിരുന്നു.

തന്റെ കണ്ണുകൾ നിറയുന്നതായി മല്പാനു മനസിലായി. കണ്ണുകൾ തുളുമ്പുമെന്ന് ഭയപ്പെട്ട അദ്ദേഹം മറ്റുള്ളവരിൽനിന്നു മുഖം തിരിച്ച് കൺപീലികൾകൊണ്ടു കണ്ണീരുണക്കാൻ ശ്രമിച്ചു. സ്വയം നിയന്ത്രിക്കാനും മറ്റുള്ളവരെ നിയന്ത്രിക്കാനും കെൽപ്പുണ്ടെന്ന് അഭിമാനിക്കുന്ന താൻ വികാരാധീനനായിത്തീർന്നതിൽ അദ്ദേഹത്തിന് ലജ്ജ തോന്നി.

"മല്പാനച്ചാ, ഞങ്ങൾ കുര്യാക്കോസിനെ കൊണ്ടുപോവുകയാണ്."

"എല്ലാം തമ്പുരാന്റെ പദ്ധതിയിലുള്ളതാണ് കുഞ്ഞേ," കുര്യാക്കോസിനോടുള്ള ആ വാക്കുകളിലൂടെ സ്വന്തം കണ്ണീരിനെ തടഞ്ഞുനിർത്താൻ മല്പാനു കഴിഞ്ഞു.

ചിറ്റപ്പൻ കുര്യാക്കോസിന്റേതായി സെമിനാരിയിലുള്ള വസ്തുക്കളെല്ലാം പൊതിഞ്ഞു കെട്ടിയപ്പോൾ എല്ലാംകൂടി എന്തിനു കൊണ്ടുപോകുന്നു എന്ന് മല്പാൻ ചോദിച്ചു.

"മല്പാനച്ചാ, കുടുംബത്തിൽ ബാക്കിയുള്ള ഒരേയൊരു ആൺതരി ഇവനാണ്. കുടുംബം അന്യം നിൽക്കരുതല്ലോ," ചിറ്റപ്പന്മാർ പറഞ്ഞു.

മല്പാൻ ഒന്നും പറഞ്ഞില്ല.

കുര്യാക്കോസ് ഒന്നും കേൾക്കുകയോ കാണുകയോ ചെയ്യുന്നുണ്ടായിരുന്നില്ല. ഇറങ്ങാൻ പറഞ്ഞപ്പോൾ അവൻ ഇറങ്ങി. വഞ്ചിയിൽ കയറാൻ പറഞ്ഞപ്പോൾ കയറി.

ജ്യേഷ്ഠനും ഭാര്യയും ഈ ലോകത്തിൽ ഇനിയില്ലെന്നുള്ള നടുക്കം കൈനകരിയിലേക്കുള്ള യാത്രയിലാണ് കുര്യാക്കോസിനു ചിറ്റപ്പൻ നൽകിയത്. പൊടുന്നനേ വേരുകളെല്ലാം മുറിഞ്ഞുപോയ ഒരു വൃക്ഷമാണു താനെന്ന് അവനു തോന്നി. മണലിൽ നിൽക്കുന്ന വേരില്ലാ വൃക്ഷം.

ചിറ്റപ്പന്മാർ സംസാരിക്കുന്നതൊന്നും പിന്നീടവനു മനസിലായില്ല. അവരുടെ വാക്കുകളെ അവൻ ഭയപ്പെട്ടു. അവരുടെ വായിൽ നിറയെ ഞെട്ടിക്കുന്ന വാർത്തകളാണെന്ന് അവനു തോന്നി.

ചേന്നങ്കരിയിൽ എത്തിയതെങ്ങനെയെന്ന് അവനറിഞ്ഞില്ല. ഇരുൾ പരന്നിരുന്നു. നേരം വൈകിയതോ തന്റെ മനസിന്റെ ഇരുളോ എന്നു വ്യക്തമായില്ല. അതോ ഇപ്പോൾ ഈ ദേശത്തിന്റെ നിറം ഇതോ?


തെങ്ങോലകൾ ജീർണിച്ച മണൽത്തിട്ടയിൽ കാൽകുത്തുമ്പോൾ പരിചിതത്വത്തിന്റെ അനേകം മൃദുനാവുകൾ പാദങ്ങളിൽ ഉരുമ്മുന്നതായി കുര്യാക്കോസിനു തോന്നി. ഓർമ്മകളാണ് മണൽത്തരികളായി ചിതറിക്കിടക്കുന്നത്.

ചേന്നങ്കരിപ്പള്ളിയുടെ പിന്നിലെ സെമിത്തേരിയിലേക്കു ചിറ്റപ്പന്മാർ കുര്യാക്കോസിനെ കൊണ്ടുപോയി. മങ്ങിയ ആകാശത്തെ നോക്കി തളർന്ന അനേകം പുതിയ മൺകൂനകൾ അവിടെ മയങ്ങുന്നുണ്ടായിരുന്നു.

അടുത്തടുത്തുള്ള നാലു മൺകൂനകൾ ചിറ്റപ്പന്മാർ അവനു കാട്ടിക്കൊടുത്തു.

അവയ്ക്കു മുന്നിൽ മുട്ടുകുത്തി, നെറ്റിയിലും അധരങ്ങളിലും നെഞ്ചിലും കുരിശുവരയ്ക്കുമ്പോൾ താൻ തന്റെ വീടിന്റെ കോലായിൽ സന്ധ്യാനമസ്കാരത്തിനു മുട്ടുകുത്തിയിരിക്കുകയാണെന്ന് അവൻ കണ്ടു. അപ്പൻ ചൊല്ലുകയാണ്: "കർത്താവിന്റെ മാലാഖ മർത്തമറിയത്തോടു വചിച്ചു..."

അമ്മയോടും ഇച്ചായനോടുമൊപ്പം അവൻ ഏറ്റുചൊല്ലി, "ശുദ്ധമാന മറിയമേ, തമ്പുരാന്റെ അമ്മേ..."



പ്രാർത്ഥന ഇരുട്ടിലേക്കു നീണ്ടുപോയി.

"വന്നേ..."

ആരാണ് വിളിക്കുന്നത്? ഓ, ചിറ്റപ്പൻ. ചിറ്റപ്പൻ പിടിച്ചെഴുന്നേൽപ്പിച്ചു. മുമ്പിൽ ചൂട്ടുകറ്റ വീശി ഒരു ചിറ്റപ്പൻ നടന്നു. പിന്നാലെ നടക്കുമ്പോൾ ചോദിച്ചു:

"എങ്ങോട്ടാണ്?"

"വീട്ടിലേക്ക്. അല്ലാതെങ്ങോട്ട്?"

അപ്രസക്തമായ വീട്ടിലേക്ക്.

2

ഇപ്പോൾ സെമിത്തേരിയിൽ പോകുന്നത് കുടുംബത്തിൽ പോകുന്നതുപോലെയാണ്. കുടുംബത്തിൽ പോകുന്നതു സെമിത്തേരിയിൽ പോകുന്നതുപോലെയും. വീട് ഒഴിഞ്ഞ മൺകുടം പോലെയായിരിക്കുന്നു. അതു തന്റെ പഴയ വീടാണെന്നു കരുതാൻ വിഷമം. അവിടെ തന്റെ ഏകാന്തത മാറ്റാൻ എത്തുന്നവർ അതു വർധിപ്പിക്കുകയാണ് ചെയ്യുന്നതെന്നു തോന്നും.

കെട്ടിച്ചയച്ച പെങ്ങളും ജ്യേഷ്ഠന്റെ കുഞ്ഞും ഒഴികെ എല്ലാവരും പെട്ടെന്നൊരു നിമിഷത്തിൽ ഇല്ലാതായിരിക്കുന്നു. കൂടെ നടന്നിരുന്നവരെല്ലാം പെട്ടെന്നേതോ വഴിത്തിരിവിൽ മറഞ്ഞതുപോലെ, വഴിയറിയാത്ത താൻ ഏകാന്ത യാത്രയ്ക്ക് വിധിക്കപ്പെട്ടിരിക്കുന്നു. എങ്ങോട്ടാണിനി നടക്കേണ്ടത്?

ദൈവമേ, എനിക്കു വഴി കാട്ടിത്തരണമേ.

നിനക്ക് നിന്റെ വഴി അറിഞ്ഞുകൂടേ?

"കുടുംബം അറ്റുപൊയ്ക്കോട്ടെയെന്നു സുബോധമുള്ളോരാരെങ്കിലും വിചാരിക്കുമോ? ഇതൊക്കെ നോക്കിനടത്താൻ ഇവൻ ഒരാളെങ്കിലും ബാക്കിയുണ്ടായല്ലോ. ദൈവാനുഗ്രഹം," ചിറ്റപ്പൻ പറയുന്നു.

"കൊച്ചുകുര്യാച്ചാ, നീ മാത്രമേയുള്ളൂ ഇനിയീ കുടുംബത്തിന്," പെങ്ങൾ.

ദൈവമേ, വഴികാണിച്ചുതരണമേ.

നിനക്ക് നിന്റെ വഴി അറിയാവുന്നതാണല്ലോ.

ദൈവമേ.

"നീ ഈ വീട്ടിൽ ഒറ്റയ്ക്കാവുമെന്നൊന്നും പേടിക്കണ്ട. ഞങ്ങളൊക്കെയുണ്ടിപ്പോൾ സഹായിക്കാൻ. പതുക്കെ നല്ലൊരു പെങ്കൊച്ചിനെ ഞങ്ങളു കണ്ടുപിടിക്കാം, നിനക്ക് കൂട്ടിന്," ചിറ്റപ്പൻ.

ദൈവമേ.

കൊച്ചുകുര്യാക്കോസ് എഴുന്നേറ്റു.

"മോനേ, നീയാണിനി ഈ വീടിനു ജീവൻ കൊടുക്കേണ്ടത്," പെങ്ങൾ ഓർമിപ്പിച്ചു.

കുര്യാക്കോസിന് ഒന്നും പറയാനില്ല.

അവന്റെ മൗനം അവരെ നിസഹായരാക്കി.

അവൻ വളരുന്നത് എപ്പോഴും മൗനത്തിലേക്കാണെന്ന് അവർക്ക് തോന്നിയിട്ടുണ്ട്. കൊച്ചുന്നാളിൽ വാചാലനായിരുന്ന അവൻ സെമിനാരിയിൽ പോയതിനുശേഷം സംസാരം വളരെ കുറച്ചു. ശബ്ദങ്ങളും ചലനങ്ങളും അവനിൽനിന്നു കൊഴിഞ്ഞുപൊയ്ക്കൊണ്ടിരുന്നതുപോലെ.

ചലിക്കുന്ന മൗനമായി അവൻ പുറത്തേക്കു നടന്നു.

എവിടേക്കു പോകുന്നുവെന്ന് ആരും ചോദിച്ചില്ല. കുര്യാക്കോസ് ഇപ്പോൾ ഒരിടത്തേക്കേ പോകാറുള്ളൂ – പള്ളിയിലേക്ക്; സെമിത്തേരിയിലേക്ക്.

അവന്റെ പാദങ്ങൾക്കു കീഴിൽ മണൽത്തരികൾ സംസാരിച്ചു: നീയിവിടെ ഇരിക്കൂ. നീയിവിടെ ജീവിക്കൂ, ഇതാണു നിന്റെ മണ്ണ്. ഇവിടെയാണു നിന്റെ ജീവിതം.

പ്രിയപ്പെട്ട മണ്ണേ, നിന്നിൽ നിന്നു ഞാൻ എന്നേ പൊയ്ക്കഴിഞ്ഞു. എനിക്കിവിടെ ഒരതിഥിയാകാൻ മാത്രമേ കഴിയൂ.അമ്മ കുഞ്ഞിനെയെന്നവണ്ണം ജലം കരയെ ഒക്കത്തെടുത്ത ഈ ഭൂമിയിൽനിന്നു വേറൊരു വയലിനായി പറിച്ചുമാറ്റപ്പെട്ട ഞാറാണു ഞാൻ.

വഴിയിൽക്കണ്ട പലരും സഹതാപം പ്രകടിപ്പിച്ചു: കുഞ്ഞിന് ആരുമില്ലാതായല്ലോ; അടക്കുന്നതിനു മുമ്പ് കുഞ്ഞിന് ഒന്നു കാണാൻപോലും കഴിഞ്ഞില്ലല്ലോ. എല്ലാം വിധി! ഇനി കുഞ്ഞുവേണം എല്ലാം നോക്കിനടത്താൻ.

പള്ളിയിൽക്കയറി ഏറെനേരം പ്രാർഥിച്ചു. എന്റെ ദൈവമേ, എന്റേതെന്നു ഞാൻ കരുതിയിരുന്ന വഴി ഇപ്പോൾ അങ്ങനെയല്ലെന്നു വന്നിരിക്കുന്നുവോ? അവിടുത്തേക്ക് എന്നെക്കൊണ്ട് ഉള്ളതിനേക്കാൾ ആവശ്യം കുടുംബത്തിനു എന്നെക്കൊണ്ട് ഉണ്ടായിരിക്കുന്നുവല്ലോ.

കുര്യാക്കോസേ, നിന്നെ എനിക്കു വേണം.

കുര്യാക്കോസ് സെമിത്തേരിയിലേക്കു നടന്നു.

പാതകളുടെ അവസാനം.

അപ്പനും അമ്മയും ജ്യേഷ്ഠനും ചേട്ടത്തിയും അവിടെ വിശ്രമത്തിന്റെ മൺകൂനകൾക്കു കീഴിൽ കാത്തിരിപ്പുണ്ടായിരുന്നു. അവർ ചോദിച്ചു: കൊച്ചുകുര്യാക്കോസേ, എന്താണു നിന്റെ ദുഃഖം? എന്താണു നിന്റെ സംശയം?

എന്റെ വഴി, എന്റേതെന്നു ഞാൻ കരുതിയിരുന്ന വഴി ഞാൻ ഉപേക്ഷിക്കണോ, കുടുംബം നിലനിർത്താൻ വേണ്ടി?

നിന്റേതെന്നു നിനക്കു നിശ്ചയമുള്ള വഴിയേ നീ പോകുക. കുടുംബം നിലനിർത്താൻ നീ ബദ്ധപ്പെടേണ്ട. എല്ലാം നിശ്ചയിക്കുന്നവൻ അതു നിശ്ചയിച്ചുകൊള്ളും. അവൻ നിനക്കു നിശ്ചയിച്ചിട്ടുള്ള വഴി കണ്ടെത്തുക മാത്രമേ വേണ്ടൂ.

അതു ഞാൻ എന്നേ കണ്ടെത്തിക്കഴിഞ്ഞു.

ശരി. നീ സമാധാനത്തോടെ മടങ്ങുക.

ദിവസങ്ങൾക്കുശേഷം ആദ്യമായി ഭാരമില്ലാത്ത ഹൃദയത്തോടെ കുര്യാക്കോസ് വീട്ടിലേക്കു നടന്നു. തീരുമാനമെടുത്തതിന്റെ ആശ്വാസം.

വീട്ടിൽ പെങ്ങൾ മാത്രം. പെങ്ങളോട് പറഞ്ഞു:

"പെങ്ങളേ, ഞാൻ തീരുമാനിച്ചു. ദൈവം വിളിക്കുന്ന വഴിയേ പോകാൻ. അപ്പനും അമ്മയും ഇച്ചായനും അതുതന്നെ പറഞ്ഞു. ഞാൻ സെമിനാരിയിലേക്കു മടങ്ങുകയാണ്."

"മോനേ, നമ്മുടെ കുടുംബം! അതു നീ എന്താ ഓർക്കാത്തത്? ചുമതലകൾ ഇല്ലാത്തവരെ ദൈവം വിളിക്കട്ടെ. ഇവിടെ നിനക്കു പകരം ആരുമില്ല."

"കർത്താവിന് എന്നെത്തന്നെ വേണം. ആ വിളി എനിക്കു കേൾക്കാം. അതു നോക്കാനാണ് അപ്പനും അമ്മയും ഇച്ചായനും പറയുന്നത്."

"അപ്പോൾ.... നീ തീരുമാനിച്ചോ?"

"എന്നേ തീരുമാനിച്ചതാണ്. ആ തീരുമാനം മാറ്റുന്നില്ല എന്നു മാത്രം."

ഇനി അവനെ നിർബന്ധിച്ചിട്ടു കാര്യമില്ലെന്നു പെങ്ങൾക്കു തോന്നി. അവന്റെ തീരുമാനം മുഖത്തു കാണാം.

"പെങ്ങൾ ഇന്നുതന്നെ എടത്വായ്ക്കു പൊയ്ക്കോളൂ. സ്വത്തുക്കൾ ഞാൻ പെങ്ങളുടെയും അളിയന്റെയും പേരിൽ എഴുതാൻ പോകുകയാണ്. അക്കാര്യം അളിയനോടു പറയണം."

"വേണ്ട. ഞങ്ങൾക്കീ സ്വത്തുക്കൾ വേണ്ട."

തത്കാലത്തേക്കു മാത്രമാണ് . ഇച്ചായന്റെ മോൾ മറിയക്കുഞ്ഞു പ്രായപൂർത്തിയാകുമ്പോൾ അവൾക്കു വിട്ടുകൊടുക്കണം. അപ്പനും അമ്മയും പ്രത്യേകം പറഞ്ഞതാണ്," ചെറുചിരിയോടെ കുര്യാക്കോസ് പറഞ്ഞു. "അവർ കുറച്ചുദിവസമായി പറയുന്നതാണ്. ഇന്നാണെനിക്കു തിരിഞ്ഞത്."

"കൊച്ചുകുര്യാക്കോസേ, അതു വേണ്ട..."

"കൈനകരിക്കരയിൽ ചാവറ വീട്ടിൽ വല്യകുര്യാക്കോസിന്റെ തീരുമാനം മറുതലിക്കാൻ കൊച്ചുകുര്യാക്കോസ് ആളായിട്ടില്ല." മറിയക്കുഞ്ഞിലൂടെ ചാവറക്കുടുംബം നിലനില്ക്കും.

അവന്റെ തീരുമാനങ്ങൾ അവന്റെ മുഖത്തു കണ്ടു. പെങ്ങൾ അന്നുതന്നെ മടങ്ങി.

അടുത്തുള്ള വീടുകളിൽ കുര്യാക്കോസ് പോയി. തന്റെ അപ്പനമ്മമാരെയും ജ്യേഷ്ഠനെയും അവസാനനാളുകളിൽ സഹായിച്ചവരാണ്. അവരോട് നന്ദി പറഞ്ഞു. മനുഷ്യൻ ചെയ്യുന്ന സഹായങ്ങളിൽ ഏറ്റവും വലുത് മരണനേരത്ത് ചെയ്യുന്ന സഹായമാണ്.

സന്ധ്യയ്ക്ക് വീട്ടിൽ ഒറ്റയ്ക്കിരുന്നപ്പോൾ മനസ് ശാന്തമായിരുന്നു. അതിവേഗം വളരുന്ന വാമനനെപ്പോലെ ഇരുൾ ചുവടുകൾ വച്ച് നദിയും കരയും ആകാശവും അളന്നെടുത്തു. കൈത്തോട്ടിൽ മുങ്ങിക്കുളിച്ചു തണുത്ത ശരീരത്തെ നേർത്തൊരു കാറ്റു തുടയ്ക്കുന്നു.

ഇളംകാറ്റുപോലെ എവിടൊക്കെയോ സാന്ധ്യപ്രാർഥനകളും നാമജപങ്ങളും ഉണരുന്നുണ്ട്.

തോടിനക്കരെ ഇടയ്ക്കിടെ ചൂട്ടുകറ്റകൾ ചുവന്ന വരകൾ വരച്ച് അകലുന്നതു കാണാം. ചീവീടുകളുടെ ശബ്ദം. സ്വന്തം പ്രാർഥനയുടെ നിശബ്ദത.


ചൂട്ടുകറ്റകളിലൊന്ന് അടുത്തടുത്തു വന്നു. ആ മുറ്റത്തേക്കു കയറി. ചിറ്റപ്പൻ.

പെങ്ങളെ അന്വേഷിച്ചു.

"ഞാൻ പറഞ്ഞുവിട്ടു."

"നീ വെളുപ്പിന് എന്റെ കൂടെ പാടത്തേക്കു വരണം. കൃഷിയൊക്കെ പഠിക്കണമല്ലോ."

"ചിറ്റപ്പാ, ഞാൻ സെമിനാരിയിലേക്കു പോകുകയാണ്."



''നീയിതുവരെ മനസുമാറ്റിയില്ലേ? നീ പയ്യനാണ്. പക്വത ആകാത്തതുകൊണ്ടുള്ള തോന്നലുകളാണിതൊക്കെ. കുഞ്ഞേ, നമ്മളാരും പുണ്യാളന്മാരാകാൻ പോകുന്നില്ല. ഇനിയുള്ള കാലം ജീവിക്കാൻ നോക്ക്. കുടുംബത്തിനെങ്കിലും ജീവിതംകൊണ്ട് പ്രയോജനമുണ്ടാകട്ടെ.''

''ഞാൻ തീരുമാനമെടുത്തുകഴിഞ്ഞു, ചിറ്റപ്പാ.''

''തീരുമാനമോ! തീരുമാനമൊക്കെയെടുക്കാൻ നീയാരാ? കാരണവന്മാരു തീരുമാനിക്കും: പിള്ളേര് അനുസരിക്കും.''

''ചിറ്റപ്പാ....''

''നീയിനി സെമിനാരിയിൽ പോകുന്നില്ല! മനസിലായോ'' ചിറ്റപ്പൻ അവനെ ഒരു മുറിയിലേക്കു പിടിച്ചുതള്ളി മുറി പൂട്ടി.

3

നന്ദി, ദൈവമേ, എല്ലാറ്റിനും നന്ദി. എന്നേക്കുമായി അടഞ്ഞുവെന്നു കരുതിയ വഴി ഒരു ചെറുവിരൽകൊണ്ടെന്നവണ്ണം നീ തുറന്നുതന്നു- പള്ളിപ്പുറം പള്ളിയുടെ അൾത്താരയ്ക്കു മുന്നിൽ സാഷ്ടാംഗം പ്രണമിച്ച് കുര്യാക്കോസ് ദൈവത്തെ സ്തുതിച്ചു.

വീട്ടിനുള്ളിൽ ചിറ്റപ്പൻ പൂട്ടിയിട്ടതോടെ എല്ലാം തീർന്നുവെന്നു കരുതിയതാണ്. പത്താംവയസിൽ കണ്ടെത്തിയ പാതയാണ് പെട്ടെന്ന് അടഞ്ഞുപോയത്. അതാകട്ടെ, എല്ലാം നേരെ ചേന്നങ്കരിപ്പള്ളിയിൽ.

അടുത്തവർഷം സെമിനാരിയിൽ എത്തിയതിൽപ്പിന്നെ ഒരിക്കലും വൈദികനല്ലാത്തെ ജീവിതത്തെപ്പറ്റി ചിന്തിച്ചിട്ടില്ല. "മാതാവിന്റെ ഉദരത്തിൽവച്ചുതന്നെ നിന്നെ ഞാൻ തെരഞ്ഞെടുത്തു" എന്ന ബൈബിൾ വാക്യം തന്നെക്കുറിച്ചാണെന്നു വിശ്വസിച്ചു.

എന്നിട്ടിപ്പോൾ....

പൂട്ടിയിട്ട മുറിയിൽ ആരോ എപ്പോഴോ കൊണ്ടുവച്ച ഭക്ഷണം തണുത്തു വെറുങ്ങലിച്ചിരിക്കുന്നു. തൊടാൻ തോന്നുന്നില്ല. ഇപ്പോൾ മനസിനെയും ശരീരത്തെയും തളർത്താതെ പിടിച്ചുനിർത്തുന്നതു പ്രാർഥനയാണ്.

പ്രാർഥന വാതിൽ തുറക്കുമെന്നുതന്നെ വിശ്വസിച്ചു.

വാതിൽ തുറന്നു.

തോപ്പിലമ്മാവൻ കടന്നുവന്നു. ചിറ്റപ്പന്മാരും ഒപ്പമുണ്ടായിരുന്നു.

"കാര്യങ്ങൾ വിവേചിച്ചറിയാനുള്ള ബുദ്ധിശക്തി കുര്യാക്കോസിനുണ്ട്. അത് മുതിർന്നവരെക്കാൾ കൂടുതലുണ്ടെന്നെനിക്കു തോന്നുന്നു. പത്തു വയസുള്ളപ്പോൾ ഇവിടുന്നു പോയ കൊച്ചുകുര്യാക്കോസല്ലിത്. കത്തനാരാകാനാണു ദൈവവിളിയെന്ന് അവനു തോന്നുന്നെങ്കിൽ അതിന് എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുകയാണു വേണ്ടത്. അതിനെ തടയുന്നതാണു തെറ്റ്," അമ്മാവൻ പറഞ്ഞു.

തോപ്പിലമ്മാവൻ പറഞ്ഞാൽ ചാവറക്കുടുംബത്തിലാരും എതിരു പറയുകയില്ല.

അദ്ദേഹം എവിടെനിന്നോ സമയത്തുതന്നെ എത്തിച്ചേർന്നു. അല്ല, ദൈവം അദ്ദേഹത്തെ എത്തിച്ചു. പണ്ട്, കടവിൽ തോണിയടുപ്പിച്ച് ഇറങ്ങിവന്ന ഒരു വൈദികൻ തന്റെ ജീവിതത്തിലെ വഴിത്തിരിവ് കുറിച്ചു. ഇപ്പോൾ മറ്റൊരു തോണിയിൽ വന്ന ഈ മനുഷ്യൻ തനിക്കു ജീവിതത്തിലെ ഏറ്റവും നിർണായകമായ സഹായം ചെയ്തിരിക്കുന്നു.

കരഞ്ഞുപോയി.

പുറത്തു തട്ടിക്കൊണ്ട് അദ്ദേഹം പറഞ്ഞു: "കുര്യാക്കോസേ, നീ ദൈവത്തിന്റെ വിളി കേൾക്കു."

പിന്നെ എല്ലാം വേഗം തീർത്തു. മറിയക്കുഞ്ഞു പ്രായപൂർത്തിയാകുമ്പോൾ അവൾക്കു ലഭിക്കത്തക്ക വിധത്തിൽ സ്വത്തുക്കൾ പെങ്ങളുടെയും ഭർത്താവിന്റെയും പേർക്ക് എഴുതിക്കൊടുക്കുന്നതുൾപ്പെടെ എല്ലാം കഴിഞ്ഞപ്പോൾ തോണിയെടുത്ത് ആറ്റിലേക്കു തുഴഞ്ഞു. ആറ്റിലൂടെ കായലിലേക്ക്. കായലിനുമേൽ പോക്കുവെയിൽ ഭാരമില്ലാത്തൊരു അരൂപിയെപ്പോലെ ആകാശം മുട്ടിനിൽക്കുന്നു.

അടുത്തെങ്ങും ഒരു തോണിയോ മനുഷ്യനോ ഇല്ല. മേഘങ്ങളിൽനിന്നിറങ്ങി വന്നതുപോലെ ഏതോ പറവകൾ ആകാശവിദൂരതയിലൂടെ നീങ്ങുന്നു.

ദൈവമേ, നീ എന്നെ മാത്രമായി കാണുകയും എന്നെ മാത്രമായി കേൾക്കുകയും ചെയ്യുന്നുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ കുട്ടിയായിരിക്കുമ്പോൾ ഒരു പകർച്ചവ്യാധി നാട്ടിലൂടെ ചുറ്റി. അനേകർ മരിച്ചപ്പോൾ നീയെന്നെ രക്ഷിച്ചു. വേറൊരു പകർച്ചവ്യാധി എന്റെ കുടുംബത്തെ ഇല്ലാതാക്കിയപ്പോൾ നീയെന്നെ ഒഴിവാക്കി. നിന്റെ വിളി കേൾക്കാൻ എനിക്കുണ്ടായ തടസങ്ങളെല്ലാം നീ അകറ്റിത്തന്നു. ഇനി ഇതാ ഞാൻ നിന്റേതു മാത്രമായി നിൽക്കുന്നു, ദൈവമേ നീ എനിക്കായി നിശ്ചയിച്ചിട്ടുള്ള വഴിയിലൂടെ എന്നെ കൊണ്ടുപോകൂ.

കൊച്ചുന്നാളിൽ തന്നെ അമ്മ വെച്ചൂർ പള്ളിയിൽ കൊണ്ടുപോയി പരിശുദ്ധ ദൈവമാതാവിന്റെ പാദത്തിൽ അടിമയായി സമർപ്പിച്ചത് കുര്യാക്കോസ് ഓർത്തു. "മകളേ, ഇനിമേൽ ഇവൻ നിന്റെ മകനല്ല; മാതാവിന്റെ പ്രിയപുത്രനാണ്,' ആ പള്ളിയിലെ അച്ചൻ പറഞ്ഞു.

താൻ അമ്മയെ കണ്ടെത്തിയിരിക്കുന്നതായി കുര്യാക്കോസിനു തോന്നി. ഒരിക്കലും മരിക്കാത്ത അമ്മ. എവിടെയും തന്നോടൊപ്പം വരുന്ന അമ്മ.

കുര്യാക്കോസിനു ധൈര്യമായി. തനിക്കു തെറ്റുപറ്റാതെ നോക്കാൻ അമ്മയുണ്ട്.

കുര്യാക്കോസ് ഒരിക്കൽക്കൂടി തന്നെ ദൈവമാതാവിനു സമർപ്പിച്ചു.

കാരുണ്യമാർന്ന ഒരു കരംപോലെ സന്ധ്യയിലെ കാറ്റ് അവനെ തലോടി.

തിരിച്ചു വിട്ടിലേക്കു തോണി തുഴയുമ്പോൾ മനസിന് എന്തെന്നില്ലാത്ത ലാഘവമായിരുന്നു. യാത്രക്കാരിറങ്ങിയ ഒരു തോണിയുടെ കനമില്ലായ്മ.

കനമില്ലായ്മയാണ് ദൈവത്തിന്റെ വലിയ അനുഗ്രഹം. മാലാഖമാരുടെ കനമില്ലായ്മ. ആത്മാക്കളുടെ കനമില്ലായ്മ.

സ്വസ്ഥമായ ഉറക്കത്തിനുശേഷം പുലർച്ചയ്ക്ക് ഉണരുമ്പോൾ ജനാലയിലൂടെ പിൻനിലാവ് മുറിയിൽ കയറിക്കൂടിയിരുന്നു. വേഗം എഴുന്നേറ്റ് ഒരുങ്ങി. സെമിനാരിയിൽ നിന്നു വരുമ്പോൾ കൊണ്ടുപോയിരുന്ന സാധനങ്ങൾ കെട്ടിവച്ചിരുന്നു.

പെങ്ങളോടു യാത്ര പറഞ്ഞിറങ്ങി.

എപ്പോഴോ പെയ്ത രാത്രിമഴയിൽ നനഞ്ഞ പിൻനിലാവിലൂടെ, ഇളംതണുപ്പിൽ മയങ്ങുന്ന പാടങ്ങളുടെ വരമ്പുകളിലൂടെ വേഗം നടന്നു.

ക്ഷീണിച്ചുറങ്ങുന്ന ഗ്രാമമേ, ഒരിക്കൽക്കൂടി ഞാൻ പോകുന്നു. ഞാൻ എന്റെ വിളിയെ പിഞ്ചെല്ലട്ടെ.

പള്ളിപ്പുറം സെമിനാരിയിലെത്തിയത് പാലയ്ക്കൽ മല്പാന്റെയും ശെമ്മാശന്മാരുടെയും സന്തോഷത്തിലേക്കാണ്.

"നീ തിരിച്ചുവരുമെന്ന് എനിക്കറിയാമായിരുന്നു," മല്പാനച്ചൻ പറഞ്ഞു.

"എനിക്കു സന്തോഷമായി," ഒരു ശെമ്മാശൻ പറഞ്ഞു.

"അതെന്തേ?"

"ഹൃദയനൈർമല്യമുള്ളവരെ കാണുന്നതു തന്നെ സന്തോഷമാണ്."

"നന്നായി. എനിക്കു സഹായത്തിനൊരാളു വന്നല്ലോ," പീലിപ്പോസ് ശെമ്മാശൻ പറഞ്ഞു.

ശെമ്മാശനെങ്കിലും പീലിപ്പോസ് മധ്യവയസ്കനാണ്. പഠിപ്പിക്കുന്നതൊന്നും തലയിൽ കേറാത്ത പീലിപ്പോസിനെ സുറിയാനി പഠിക്കാൻ സഹായിച്ചിരുന്നതു കുര്യാക്കോസാണ്. വിഫലമായ ഒരു യത്നമായിരുന്നു അത്. പാലയ്ക്കലച്ചൻ പല വർഷങ്ങളും കുര്യാക്കോസ് പല ആഴ്ചകളിലും കഠിനാധ്വാനം ചെയ്തിട്ടും കുറവിലങ്ങാട്ടുകാരൻ പീലിപ്പോസിന്റെ ചെവിയിൽത്തട്ടി സുറിയാനി വാക്കുകൾ തിരികെപ്പോരുകയാണ് ചെയ്തത്.

സെമിനാരിയിൽ മടങ്ങിയെത്തിയതിനുശേഷം കുര്യാക്കോസിനു തന്റെ പഠനങ്ങൾക്കിടയിൽ പീലിപ്പോസിനെ വീണ്ടും പഠിപ്പിക്കേണ്ടതായി വന്നു. ശെമ്മാശന്മാരിൽ ഏറ്റവും സമർഥൻ കുര്യാക്കോസ് ആയിരുന്നതുകൊണ്ടും പീലിപ്പോസിനെ പഠിപ്പിക്കാനുള്ള ക്ഷമാശക്തിയും ശാന്തതയും കുര്യാക്കോസിന് ഉണ്ടായിരുന്നതുകൊണ്ടുമാണ് മല്പാൻ അവനെ അതിനു നിയോഗിച്ചത്.

കുര്യാക്കോസ് ശെമ്മാശന്റെ അധ്യാപനം വൃഥാ വ്യായാമമാകുകയായിരുന്നു. കാനോനാ നമസ്കാരങ്ങൾ അരൂപമായ നിഴലുകൾപോലെ പീലിപ്പോസിന്റെ ബോധത്തിനു പുറത്തുതന്നെ നിന്നു. "മറിയാ ആലാഹാ" എന്നു രണ്ടു വാക്കുകൾ മാത്രമാണ് അയാൾക്ക് പഠിക്കാൻ കഴിഞ്ഞത്. അതിന്റെ അർഥം "കർത്താവേ, ദൈവമേ" എന്നാണെന്നുപോലും അയാൾ മനസിലാക്കിയിരുന്നുവോ, എന്തോ? പൊരുളറിയാത്ത വാക്കുകൾ നിറഞ്ഞ നമസ്കാരപുസ്തകം നെഞ്ചത്തമർത്തിപ്പിടിച്ച് "മറിയാ ആലാഹാ" എന്ന് ഉരുവിട്ടുകൊണ്ട് അയാൾ വെറുതേ നടന്നു.

ഒടുവിൽ, ഒരു പ്രയത്നവും ഫലംചെയ്യില്ലെന്നു ബോധ്യപ്പെട്ടപ്പോൾ, അയാൾക്കു പട്ടം കൊടുക്കാൻ സാധിക്കില്ലെന്നു മല്പാനച്ചൻ വ്യക്തമാക്കി.

പീലിപ്പോസ് പൊട്ടിത്തെറിച്ചു. മല്പാനച്ചൻ തന്റെ ജീവിതം പാഴാക്കുകയായിരുന്നെന്ന് അയാൾ ആക്രോശിച്ചു. പട്ടക്കാരനായിട്ടേ താൻ പോകൂ എന്നയാൾ പ്രഖ്യാപിച്ചു.

അയാളുടെ സെമിനാരിച്ചെലവുകൾ വഹിച്ചിരുന്നയാൾ സഹായം പിൻവലിച്ചതോടെ പീലിപ്പോസിനു നിൽക്കക്കള്ളിയില്ലാതായി. താൻ പട്ടക്കാരൻ തന്നെ എന്ന് അവകാശപ്പെട്ട്, "മറിയാ ആലാഹാ" എന്ന് ഉരുവിട്ടുകൊണ്ട്, നെഞ്ചത്തടുക്കിപ്പിടിച്ച സുറിയാനിപ്പുസ്തകങ്ങളുമായി അയാൾ നടയിറങ്ങിപ്പോയി.

പട്ടക്കാരന്റെ വേഷത്തിൽ അലക്ഷ്യമായി ചുറ്റിത്തിരിയുന്ന പീലിപ്പോസിനെപ്പറ്റി എവിടൊക്കെയോ നിന്ന് പിന്നീട് കേട്ടു.

4

പരസ്പരം കണ്ടുകൂടാത്ത കുടുംബങ്ങളെപ്പോലെ അന്യോന്യം അസൂയപ്പെടുകയും ഭയപ്പെടുകയും ചെയ്ത നാട്ടുരാജ്യങ്ങളുടെ കൂട്ടമായിരുന്നു പതിനെട്ടാം നൂറ്റാണ്ടിലെ കേരളം. വടക്കൻ കേരളത്തിൽ കോട്ടയം, കോലത്തുനാട്, കടത്തനാട്, കോഴിക്കോട്, പാലക്കാട് എന്നീ രാജ്യങ്ങൾ. അവയിൽ ഏറ്റവും ശക്തം സാമൂതിരിയുടെ കോഴിക്കോട് ആയിരുന്നു. സാമൂതിരിയോട് അസൂയ വച്ചു പുലർത്തിയിരുന്ന മറ്റുള്ളവരാകട്ടെ പരസ്പരം കലഹിക്കുകയായിരുന്നു.

മലയ്ക്കും അലയാഴിക്കും ഇടയിലുള്ള നാടിന്റെ അധിപൻ എന്ന അർഥത്തിൽ കുന്നലക്കോനാതിരി എന്ന പുകൾ സമ്പാദിച്ച സാമൂതിരിയുടെ വളർച്ചയ്ക്കു തടയിട്ടതു പോർച്ചുഗീസുകാരുടെ പിന്തുണയുണ്ടായിരുന്ന കൊച്ചി രാജവംശവും തിരുവിതാംകൂറിലെ മാർത്താണ്ഡവർമ, പിൻഗാമിയായ കാർത്തികതിരുനാൾ എന്നീ രാജാക്കന്മാരുമാണ്.

സാമൂതിരിയുടെ വളർച്ച തടയപ്പെട്ടപ്പോൾ ചെറുകിട രാജാക്കന്മാർ വളർന്നു. വളരുന്തോറും മറ്റുള്ളവർക്കു പാരവയ്ക്കുക എന്നതായി നാട്ടുരാജാക്കന്മാരുടെ സുഖം. വിദേശശക്തികൾ ഇതിനെ പ്രോത്സാഹിപ്പിച്ചുകൊണ്ടുമിരുന്നു.

ഈ അവസ്ഥയാണ് കേരളത്തിൽ മൈസൂറിലെ ഹൈദരാലിയുടെ ആക്രമണത്തിന് സൗകര്യമൊരുക്കിയത്.

1766 ഫെബ്രുവരിയിൽ ഹൈദർ മലബാർ അതിർത്തി കടന്നു. കാലാളും കുതിരപ്പടയാളികളുമായി അരലക്ഷം പേർ. നാലു പീരങ്കികൾ, കപ്പലുകൾ, പത്തേമാരികൾ ഒക്കെയുമായി ശക്തിയുടെ ആ വലിയ തിര വടക്കൻ കേരളത്തിലേക്ക് അടിച്ചുകയറിയപ്പോൾ ആദ്യം കീഴടങ്ങിയതു ചിറയ്ക്കൽ എന്ന കോലത്തുനാടാണ്. പിന്നെ കോട്ടയം. തിരയെ ചെറുക്കുവാൻ ശ്രമിച്ച കടത്തനാട് വളരെ കടുത്ത ഫലങ്ങൾ അനുഭവിക്കേണ്ടിവന്നു. കടത്തനാടിന്റെ മണ്ണ് ചോരയിൽ കുതിർന്നു.

പിന്നീട് ഹൈദർ തിരിഞ്ഞതു സാമൂതിരിയുടെ കോഴിക്കോട്ടേക്കാണ്. ഹൈദരുടെ ഒരു വ്യൂഹം കോഴിക്കോട്ടു കോട്ട പിടിച്ചെടുത്തു. പഴയൊരു സന്ധിയനുസരിച്ചു സാമൂതിരി ഹൈദർക്കു കൊടുക്കാനുണ്ടായിരുന്നതും സാമൂതിരി മുടക്കം വരുത്തിയതുമായ കപ്പം വാങ്ങിയെടുക്കാൻ ഹൈദർ സാമൂതിരിയെയും മന്ത്രിമാരെയും തടവിലാക്കി. കുടുംബാംഗങ്ങളെ രഹസ്യമായി തിരുവിതാംകൂറിലേക്കയച്ചശേഷം സാമൂതിരി തന്റെ കോട്ടയ്ക്കും കൊട്ടാരത്തിനും ആയുധപ്പുരയ്ക്കും തീകൊളുത്തി, ആ തീയിൽ ഒടുങ്ങി.

കോഴിക്കോടിന്റെ വീഴ്ചയെത്തുടർന്ന് കൊച്ചിയും തിരുവിതാംകൂറും പിടിക്കാനായി ഹൈദരുടെ നീക്കം. കൊച്ചി, തിരുവിതാംകൂർ രാജാക്കന്മാർക്കെതിരേ പടയ്ക്കുപോകരുതെന്ന് അവരുമായി വ്യാപാരബന്ധമുണ്ടായിരുന്ന ഡച്ച് കമ്പനി ഹൈദരോട് അപേക്ഷിച്ചു. ഈ രാജാക്കന്മാർ തന്റെ കോയ്മ അംഗീകരിച്ചു കപ്പം തന്നാൽ യുദ്ധം ഒഴിവാക്കാമെന്നായിരുന്നു ഹൈദരുടെ മറുപടി. ഹൈദർ ആവശ്യപ്പെട്ട നാലു ലക്ഷം രൂപയും എട്ട് ആനകളും കപ്പമായി കൊടുത്ത് കൊച്ചി രാജാവ് യുദ്ധം ഒഴിവാക്കി. അതിന്റെ നാലിരട്ടി തുകയാണ് തിരുവിതാംകൂറിനോട് ഹൈദർ ആവശ്യപ്പെട്ടത്. ഇംഗ്ലീഷ് കമ്പനിയുടെ സംരക്ഷണമുണ്ടായിരുന്ന തിരുവിതാംകൂറിലെ കാർത്തിക തിരുനാൾ മഹാരാജാവ് കപ്പം കൊടുക്കാൻ കൂട്ടാക്കിയില്ല. മൈസൂർപ്പടയെ തടയാൻ രാജ്യത്തിന്റെ വടക്കേ അതിർത്തിയിൽ അദ്ദേഹം കോട്ടകൾ നിർമിച്ചു.

കേരളത്തിൽ കാലവർഷം തുടങ്ങിയതിനാൽ, ആക്രമണങ്ങൾ നിർത്തിവച്ച് ഹൈദരാലി കോയമ്പത്തൂരിലേക്ക് പോയി. കൊച്ചി രാജ്യത്തായിരുന്ന രണ്ടാം സാമൂതിരി ഉടനെ നാട്ടിൽ തിരിച്ചെത്തി ഹൈദരുടെ കാവൽപ്പട്ടാളക്കാരെ ആക്രമിച്ചു. കടത്തനാട്, കോട്ടയം എന്നിവിടങ്ങളിലെ രാജാക്കന്മാരും കലഹം തുടങ്ങി.

തിരിച്ചെത്തിയ ഹൈദർ സാമൂതിരിയുടെ നാട്ടിൽ ഭയങ്കരമായ പ്രതികാരം തുടങ്ങി. മൈസൂർ പട്ടാളക്കാർ കൊള്ളയും കൊള്ളിവയ്പുമായി അഴിഞ്ഞാടി. പാലക്കാട്ട് ഹൈദർ ഒരു കോട്ട നിർമിക്കുകയും ചെയ്തു.

ഈ സമയം മൈസൂറിൽ മഹാരാഷ്ട്രസൈന്യത്തിന്റെ ആക്രമണമുണ്ടായതിനാൽ ഹൈദർക്കു മടങ്ങേണ്ടിവന്നു. കോട്ടയം, കടത്തനാട് രാജാക്കന്മാർ അവസരം മുതലാക്കി അധികാരം തിരിച്ചുപിടിച്ചതിനാൽ ഹൈദരുടെ കൈവശം കോഴിക്കോട് മാത്രമാണവശേഷിച്ചത്.

മഹാരാഷ്ട്രയ്ക്കു പുറമേ അവിടവിടെ ഇംഗ്ലീഷ് സൈന്യത്തിന്റെ ആക്രമണം കൂടി നേരിടേണ്ടി വന്നതോടെ ഹൈദർക്കു കോഴിക്കോട്ടുള്ള തന്റെ സൈന്യത്തെ പിൻവലിക്കേണ്ടത് ആവശ്യമായി. കേരളത്തിലെ യുദ്ധങ്ങൾക്കു തനിക്കു ചെലവായ തുക മലബാറിലെ രാജാക്കന്മാരിൽനിന്ന് വസൂലാക്കിക്കൊണ്ടും പാലക്കാട്ടുകോട്ടയുടെ അവകാശം നിലനിർത്തിക്കൊണ്ടും ഹൈദർ പിൻവാങ്ങി.

മഹാരാഷ്ട്രരുടെ ശല്യം ഒടുങ്ങിയപ്പോൾ ഹൈദർ വീണ്ടും കേരളത്തിലേക്കു പട്ടാളത്തെ അയച്ചു. സാമൂതിരി വീണ്ടും നാടുവിട്ടുപോകേണ്ടിവന്നു. കൊച്ചി കീഴടക്കാതിരിക്കാനായി അവിടത്തെ രാജാവായ ശക്തൻതമ്പുരാനിൽ നിന്നു ഹൈദർ കപ്പം വാങ്ങുകയും ചെയ്തുപോന്നു.

മലബാറിൽ മൈസൂർ ആക്രമണങ്ങൾ നടക്കുമ്പോൾ അവിടെനിന്ന് ഒളിച്ചോടിയ ധാരാളം നാടുവാഴികളും നമ്പൂതിരിമാരും മറ്റുള്ളവരും തിരുവിതാംകൂറിലാണ് അഭയം തേടിയത്. ആ അഭയാർഥികളെ സ്വാഗതം ചെയ്ത തിരുവിതാംകൂർ ധർമരാജ്യമെന്നും അവിടത്തെ കാർത്തിക തിരുനാൾ രാജാവു ധർമരാജാവെന്നും അറിയപ്പെട്ടു.

അന്നത്തെ പ്രതിരോധാവശ്യങ്ങളും അഭയാർഥി പ്രവാഹവും നേരിടുവാൻ ധർമരാജാവിനു ഭീമമായ തുക ആവശ്യമായി വന്നു. അപ്പോൾ 14 ലക്ഷം രൂപ നൽകി രാജാവിനെ സഹായിച്ചതു തച്ചിൽ മാത്തുത്തരകനാണ്. ഇതിനു നന്ദിയായി രാജാവ് മാത്തുത്തരകനു പല സ്ഥാനമാനങ്ങളും നൽകി.

മാത്തുത്തരകന്റെ സഹോദരനായ തച്ചിൽ അബ്രാഹം കത്തനാർ മലബാറിലെ കുത്തിയതോട്ടിൽ സെമിനാരി സ്ഥാപിച്ച് അതിന്റെ റെക്ടറായിരിക്കുമ്പോഴാണ് അവിടെ ഹൈദരാലിയുടെ പുത്രൻ ടിപ്പുസുൽത്താന്റെ ആക്രമണമുണ്ടായത്. അബ്രാഹം മല്പാനും ശിഷ്യരും അടക്കം ധാരാളം ക്രൈസ്തവർ തെക്കോട്ടു പലായനം ചെയ്തു. മല്പാനും ശിഷ്യരും എത്തിയതു തെക്കൻ പള്ളിപ്പുറത്താണ്. അദ്ദേഹമാണ് പള്ളിപ്പുറം സെമിനാരി സ്ഥാപിച്ചത്.

അബ്രാഹം കത്തനാർ പ്രായാധിക്യംകൊണ്ടു വിരമിച്ചപ്പോഴാണ് അവിടെ പഠനം നടത്തി വൈദികപട്ടം സ്വീകരിച്ച പാലയ്ക്കൽ തോമാക്കത്തനാർ സെമിനാരിയുടെ റെക്ടറായത്. വരാപ്പുഴ മെത്രാന്റെ സെക്രട്ടറിയായി ജോലി ചെയ്തുവരുമ്പോഴാണ് പാലയ്ക്കലച്ചനു റെക്ടറുടെ ജോലി ഏറ്റെടുക്കേണ്ടിവന്നത്.

ജ്ഞാനസമ്പാദനത്തിൽ അത്യധികം ഉത്സുകനായിരുന്ന പാലയ്ക്കൽ മല്പാൻ ഏതാണ്ടു മുഴുവൻ സമയവും പഠനത്തിനും ശെമ്മാശന്മാരെ പഠിപ്പിക്കുന്നതിലും മുഴുകി. സുറിയാനി, തമിഴ് എന്നീ ഭാഷകളിൽ പണ്ഡിതനായിരുന്ന അദ്ദേഹം ആ ഭാഷകളിലെ പല ആധ്യാത്മിക ഗ്രന്ഥങ്ങളും ശെമ്മാശന്മാരുടെ ആവശ്യത്തിനായി പകർത്തിച്ചു.

സുറിയാനിയേക്കാൾ വളരെയധികം ആധ്യാത്മിക ഗ്രന്ഥങ്ങളുള്ള ഭാഷയാണ് ലത്തീൻ. കുറെ ശെമ്മാശന്മാരെയെങ്കിലും ആ ഭാഷ പഠിപ്പിച്ചാൽ നന്നായിരുന്നുവെന്നു പാലയ്ക്കൽ മല്പാനു തോന്നി. ഏറ്റവും സമർഥരായ മൂന്നുപേരെ അദ്ദേഹം അതിനു തെരഞ്ഞെടുത്തു. ഒരാൾ കുര്യാക്കോസ് ആയിരുന്നു.വരാപ്പുഴ സെമിനാരിയിൽ വിട്ടു ശെമ്മാശൻമാരെ ലത്തീൻ പഠിപ്പിക്കാമെന്നു പ്രതീക്ഷിച്ചെങ്കിലും അതു നടന്നില്ല.

അങ്ങനെയിരിക്കേ വരാപ്പുഴയിൽ ഒരു വ്യാധി പടർന്നുപിടിച്ചു. രോഗം അനേകം പേരെ മരണത്തിന് ഏല്പിച്ചുകൊടുത്തു. താനുമായി ബന്ധപ്പെടുന്ന സ്ഥലങ്ങളിലെല്ലാം വ്യാധികൾ ഓടിയെത്തുകയാണോയെന്നു കുര്യാക്കോസിനു തോന്നി. ഇല്ല, തനിക്കൊന്നുംവരില്ല. ഇത്രയും കാലം തന്നെ കാത്തുപോന്ന ദൈവം ഇനിയും തന്നെ സംരക്ഷിക്കും. മറ്റുള്ളവരെ രോഗത്തിൽനിന്നു രക്ഷിക്കണമെന്നായിരുന്നു കുര്യാക്കോസിന്റെ പ്രാർഥന.

പകർച്ചവ്യാധിയെക്കുറിച്ചു കേട്ട് പാലയ്ക്കൽ മല്പാൻ വരാപ്പുഴയിലെത്തി മൂന്നു വൈദികവിദ്യാർഥികളെയും പള്ളിപ്പുറത്തേക്കു കൊണ്ടുപോന്നു. ലത്തീൻ പഠനം എന്ന സ്വപ്നം പൊലിഞ്ഞതായി കുര്യാക്കോസിനു തോന്നി.

പക്ഷേ കുര്യാക്കോസിനെയെങ്കിലും ലത്തീൻ പഠിപ്പിക്കണമെന്നു പാലയ്ക്കലച്ചൻ ദൃഢനിശ്ചയം ചെയ്തു. അതിനുള്ള വഴി അദ്ദേഹം അന്വേഷിച്ചുകൊണ്ടിരുന്നു. വഴി കണ്ടെത്തുകയും ചെയ്തു. തങ്കിപ്പള്ളിയിൽ വികാരിയായ മെയിൻ പാതിരിക്കു ലത്തീൻ അറിയാം. അദ്ദേഹം കുര്യാക്കോസിനെ പഠിപ്പിക്കാമെന്നേറ്റു.

ബുദ്ധിശാലിയായ കുര്യാക്കോസ്, മെയിൻ പാതിരിയോടൊപ്പം താമസിച്ച് ലത്തീൻ മാത്രമല്ല, പോർച്ചുഗീസ് ഭാഷയും പഠിച്ചു. എട്ടാം മാസം കുര്യാക്കോസിനു രോഗം ബാധിച്ചതിനാൽ പഠനം നിർത്തി മടങ്ങേണ്ടിവന്നു.

പള്ളിപ്പുറത്തു മടങ്ങിയെത്തിയശേഷം കുര്യാക്കോസ് ശെമ്മാശൻ സുറിയാനിപഠനം തുടർന്നു. സുറിയാനി വിജ്ഞാനത്തിൽ മറ്റു ശെമ്മാശന്മാരേക്കാൾ അനേകകാതം മുന്നിലെത്തി കുര്യാക്കോസ്.

"എന്തിനിങ്ങനെ ചത്തുകിടന്നു പഠിക്കുന്നു?" ഒരിക്കൽ മറ്റൊരു ശെമ്മാശൻ ചോദിച്ചു.

"പഠിത്തമില്ലാത്ത പട്ടക്കാരൻ ആർക്കും ഉപകാരമില്ലാത്തവനാണ് എന്നാണെന്റെ വിശ്വാസം. ഉപകാരമില്ലാത്തവനെന്നു മാത്രമല്ല, ആ പട്ടക്കാരൻ മറ്റുള്ളവരെ വഴിതെറ്റിച്ചുവെന്നും വരും. അതുകൊണ്ട് എത്രയധികം പഠിക്കുന്നുവോ അത്രയും നല്ലത്." കുര്യാക്കോസ് പറഞ്ഞു.

ഒരിക്കൽ മല്പാനച്ചൻ കുര്യാക്കോസിനോടു പറഞ്ഞു: "കത്തനാരന്മാർ ചൊല്ലേണ്ട കാനോന നമസ്കാരങ്ങൾ പല പുസ്തകങ്ങളിലായാണു കിടപ്പ്. അതുകൊണ്ട് ഈ നമസ്കാരങ്ങൾ വേണ്ടവിധത്തിൽ ചൊല്ലുവാൻ പ്രയാസമാണ്."

ഹൃദര, കെശ്കോൽ തുടങ്ങിയ സുറിയാനി ഗ്രന്ഥങ്ങളിൽ ചിതറിക്കിടക്കുന്ന നമസ്കാരങ്ങൾ ക്രോഡീകരിക്കുന്ന ജോലി കുര്യാക്കോസ് ഏറ്റെടുത്തു.

ഓരോ ദിവസത്തേക്കുള്ള നമസ്കാരങ്ങൾ ക്രമമായി ചിട്ടപ്പെടുത്താൻ കുര്യാക്കോസിനു കഴിഞ്ഞു. മല്പാനച്ചനെ അദ്ഭുതപ്പെടുത്തുന്ന വേഗത്തിലാണ് ആ ജോലി തീർത്തു കൊടുത്തത്.

കുര്യാക്കോസ് ശെമ്മാശൻ തയാറാക്കിയ ആ പുസ്തകം പിന്നീടു സുറിയാനി കത്തോലിക്കാ വൈദികരെല്ലാം ഉപയോഗിക്കാൻ തുടങ്ങി.

നമസ്കാരങ്ങൾ മലയാളത്തിലേക്കു മാറ്റപ്പെടുന്നതുവരെയുള്ള അനേകം ദശകങ്ങൾ ആ പുസ്തകം ഉപയോഗിച്ചിരുന്നു.

ആസ്തപ്പാടു പട്ടവും അഞ്ചാം പട്ടവും കിട്ടിയ കുര്യാക്കോസ് ശെമ്മാശനു ഡീക്കൻപട്ടം ലഭിച്ചത് 22-ാം വയസിലാണ്. 1827-ൽ വരാപ്പുഴ ബിഷപ് മിലേസ്യാ പ്രൻസ്ഗസ്കറാണ് ആ പട്ടം നൽകിയത്.

പക്ഷേ, കുര്യാക്കോസ് ഡീക്കനു പുരോഹിതപട്ടം കൊടുക്കേണ്ട കാലമായപ്പോൾ പെട്ടെന്നു പ്രശ്നങ്ങൾ ഉരുത്തിരിഞ്ഞു. ഒട്ടും പ്രതീക്ഷിക്കാതിരുന്ന പ്രശ്നങ്ങൾ.

5

എല്ലാം കലങ്ങിത്തെളിയുകയാണെന്നു കുര്യാക്കോസിനു തോന്നി.

അർത്തുങ്കൽപ്പള്ളിയിൽനിന്നു ശെമ്മാശൻ കടൽപ്പുറത്തേക്കു നടന്നു. കടലിന്റെ തീരത്തു നിൽക്കുമ്പോൾ ദൈവത്തെ കാണാമെന്നു തോന്നാറുണ്ട്. കടലിന്റെ അനന്തത ദൈവത്തിന്റെ അനന്തതയുടെ ചിഹ്നമാണ്; ആകാശത്തിന്റെ വിശാലത ദൈവകൃപയുടെ മുദ്രയാണ്.

ഗംഭീരവിസ്മയമായ സമുദ്രത്തിന്റെ തീരത്തു നിൽക്കുമ്പോൾ ആർക്കാണ് സ്വന്തം നിസ്സാരത വെളിപ്പെടാത്തത്? കടൽത്തീരത്തെ ഒരു മണൽത്തരിയുടെ അല്പത്വത്തിലേക്കു സ്വയം ചുരുങ്ങുന്ന നിമിഷങ്ങൾ.

മഹാസാഗരത്തെ കൈക്കുടന്നയിലെ ജലമാക്കുന്ന സർവശക്തൻ, ഒരു മണൽത്തരിയുടെ പ്രാധാന്യമുള്ള തന്നെ കരുണയോടെ പരിഗണിക്കുന്നു!

തടിച്ച സുറിയാനി തക്സ താങ്ങിപ്പിടിച്ചു പുരോഹിതനോടൊപ്പം അൾത്താരയിലെത്തി ശുശ്രൂഷി ആയിരുന്ന കൊച്ചുന്നാൾ മുതൽ ഉണ്ടായിരുന്ന അഭിലാഷമാണ് പുരോഹിതനായി ദിവ്യബലി അർപ്പിക്കുകയെന്നത്. അർഥമറിയാത്ത സുറിയാനി നമസ്കാരങ്ങൾ അലിഞ്ഞുചേർന്ന ആ പുലർവേളകളിൽ മുളച്ച ആഗ്രഹത്തിന്റെ സാഫല്യത്തിനുള്ള വഴികൾ ഒരുക്കിത്തന്നത് ആരാണ്? വഴിയിലുണ്ടായ എത്രയോ വലിയ തടസങ്ങൾ നീക്കിത്തന്നത് ആരാണ്?

ദൈവമേ, എല്ലാം നീ.

ഏറ്റവും അവസാനം പ്രതിസന്ധിയുണ്ടായത് പട്ടം കിട്ടുന്ന കാര്യം വന്നപ്പോൾ.

പട്ടത്തിന്റെ കാര്യം പറയാൻ പാലയ്ക്കലച്ചൻ തന്നെയും കൂട്ടി വരാപ്പുഴ അരമനയിൽ എത്തുന്നതുവരെ അങ്ങനെയൊരു തടസം ചിന്തയിലെങ്ങുമില്ലായിരുന്നു. പട്ടം കൊടുക്കൽ മെത്രാനച്ചൻ നിർത്തിവച്ചിരിക്കുകയാണെന്ന വിവരം ഇടിവാൾ പോലെയാണ് വന്നുവീണത്.

ലത്തീൻസഭയിലെ രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള കലഹമായിരുന്നു കാരണം. അവരിലൊരു കൂട്ടർ മെത്രാനെ ധിക്കരിക്കുന്ന അവസ്ഥ വരെ എത്തി കാര്യങ്ങൾ. അയർലൻഡുകാരനായ ബിഷപ് മൗറേലിയൂസ് സ്തബലീനി ഈ സാഹചര്യത്തിൽ വരാപ്പുഴയിലെ ചുമതലകൾ നിർത്തിവച്ച് സ്വന്തം നാട്ടിലേക്കു മടങ്ങാനുള്ള തീരുമാനത്തിലായിരുന്നു.

മാർപാപ്പ ഇടപെട്ടു. അല്ല, ദൈവം ഇടപെട്ടു എന്നു പറയണം. ബിഷപ് സ്തബലീനി തത്കാലം വരാപ്പുഴ മെത്രാപ്പോലീത്തയായി തുടരാൻ മാർപാപ്പ ആവശ്യപ്പെട്ടു. അദ്ദേഹം അനുസരിച്ചു. എന്നാൽ, വരാപ്പുഴ അരമനയിൽനിന്നു മാറിനിൽക്കാനായിരുന്നു അദ്ദേഹത്തിന്റെ തീരുമാനം.

അർത്തുങ്കൽ വിശുദ്ധ അന്ത്രയോസിന്റെ പള്ളിയിലേക്ക്



മെത്രാനച്ചൻ താമസം മാറ്റി. അവിടെയെത്തിയപ്പോൾ അദ്ദേഹം തന്റെ കാര്യം പരിഗണിച്ചു. പട്ടം തരാൻ തീരുമാനമായി.

അങ്ങനെ ആ ദിവസമെത്തുന്നു. 1829 നവംബർ 29 നാളെയാണ്. തനിക്കായി ദൈവം തെരഞ്ഞെടുത്ത ദിവസം. ഒരുപക്ഷേ, ദൈവമേ, നിന്റെ മഹാഗ്രന്ഥത്തിൽ നീ എനിക്കായി എന്നേ കുറിച്ചിട്ട ദിവസം. നിന്റെ തീയതികളിലൂടെ നീങ്ങാനേ സൃഷ്ടികൾക്കു സാധിക്കൂ. നീ വരച്ചിട്ട രേഖകളിലൂടെ സഞ്ചരിക്കാനേ പ്രപഞ്ചഗോളങ്ങൾക്കു സാധിക്കൂ.

നിന്റെ പരിശുദ്ധിയാൽ മനുഷ്യരുടെ ചില തീയതികളേ നീ ധന്യമാക്കുന്നു.

തന്റെ ജീവിതത്തിലെ ഏറ്റവും ധന്യമായ ദിവസമാണ് നാളെയെന്ന് കുര്യാക്കോസ് കണ്ടു.

ഈ ദിവസം കാണുവാൻ ഈ ലോകത്ത് ഏറ്റവും കൂടുതലാഗ്രഹിച്ച മൂന്നുപേർ ഇന്നു ലോകത്തിലില്ല.

മാലാഖമാരും വിശുദ്ധരും പരിശുദ്ധനെ പാടിസ്തുതിക്കുന്ന ലോകത്ത്, പരിശുദ്ധന്റെ സാന്നിധ്യം നിർവൃതിയായി അനുഭവിച്ചുകൊണ്ടിരിക്കുന്ന ആ മൂന്നു പേരോട് ഏതു മാലാഖയാണ് പറയുക, നിങ്ങളുടെ പ്രിയമുള്ളവന്റേതായി നിങ്ങൾ ഏറ്റവും ആഗ്രഹിച്ച ദിവസം ഇതാ ഭൂമിയിൽ ഉദിക്കുന്നു; നന്മയുടെ വഴിയിൽനിന്ന് ഒരിക്കൽപ്പോലും തെറ്റിപ്പോകാതെ, ലോകത്തിന്റെ ഏതെങ്കിലും പ്രലോഭനത്തിൽ വീഴാതെ, മാമ്മോദീസായിൽ കിട്ടിയ വരപ്രസാദം ഒട്ടുമേ കളഞ്ഞുപോകാതെ അവൻ ഇത്രത്തോളമെത്തിയിരിക്കുന്നു; നിങ്ങൾ അവനുവേണ്ടി പ്രാർഥിക്കുവിൻ; അവനു പോകേണ്ട ദുർഘടമായ പാതകളിൽ ആ വരപ്രസാദം ഇനിയും കാത്തുസൂക്ഷിക്കാൻ അവനു ശക്തി നല്കുന്നതിനുവേണ്ടി ഏറ്റവും പരിശുദ്ധനും ഏറ്റവും ശക്തനുമായവനോട് പ്രാർഥിക്കുവിൻ.

സ്വർഗത്തിന്റെ കിളിവാതിൽ തുറന്ന് അവർ ആ ദിവസത്തെ നോക്കുന്നുണ്ടാവും. വിശുദ്ധ സെബസ്ത്യാനോസിന്റെ അപദാനങ്ങളാൽ നിറഞ്ഞ അർത്തുങ്കൽ, അണിഞ്ഞൊരുങ്ങിയ ദേവാലയം, സ്ഥാനവസ്ത്രങ്ങളണിഞ്ഞ മെത്രാപ്പോലീത്തയുടെ മുന്നിൽ കൊച്ചുകുര്യാക്കോസ്... എല്ലാം അവിടെയിരുന്ന് കാണില്ലേ?

6

സ്വർഗത്തിന്റെ സ്വർണജാലകത്തിലൂടെ മൂന്ന് ആത്മാക്കൾ ഭൂമിയിലേക്കു നോക്കി: ആകാശത്തിൽ, മാലാഖമാരുടെ വൃന്ദങ്ങളെപ്പോലെ വെൺമേഘങ്ങൾ. താഴെ, വെട്ടിത്തിളങ്ങുന്ന ആറുകളുടെയും തോടുകളുടെയും വെള്ളിനാടകൾക്കിടയിലെ വില്ലീസ് വയലുകളിൽ ആകാശത്തിലെ പറവകൾ ഇന്നലെയുടെയും നാളെകളുടെയും ഭാരമില്ലാതെ പറന്നു നടന്നു തീറ്റ നേടുന്നു.

പമ്പയാറ്റിലൂടെ ഒട്ടേറെ വള്ളങ്ങൾ നീങ്ങുന്നതും കാണാം. അവ നിറയെ ആളുകളാണ്. സുപരിചിതർ. കൈനകരിയിലെയും ചേന്നംകരിയിലെയും ആളുകൾ. അവരുടെ വസ്ത്രങ്ങളുടെ കോടിമണം ഇങ്ങു സ്വർഗത്തിലെത്തുന്നു. അവരുടെ വാക്കുകളും ചിന്തകളും സ്വർഗത്തിലെത്തുന്നു. അവർ പറയുന്നതും ചിന്തിക്കുന്നതും കുര്യാക്കോസിനെക്കുറിച്ചാണ്: വലിയ സുറിയാനി കുർബാനപ്പുസ്തകം താങ്ങിപ്പിടിച്ച് അൾത്താരയിൽ എത്തിയിരുന്ന കൊച്ചുകുട്ടി; ഒരു കരയാകെ സന്തോഷം പ്രസരിപ്പിച്ചുകൊണ്ട് നൈർമല്യത്തിന്റെ കതിരുപോലെ പ്രത്യക്ഷപ്പെടാറുണ്ടായിരുന്ന ബാലൻ; അനാഥത്വത്തിന്റെ തീവ്രതയെ പ്രാർഥനയിലൂടെ മറികടന്നവൻ; നദിയിൽ വീണാൽ തുള്ളിത്തെറിക്കുന്ന വെയിൽപോലെ നന്മനിറഞ്ഞ പ്രസരിപ്പായി ഗ്രാമത്തിൽ സൗഹൃദസന്ദർശനങ്ങൾക്ക് എത്തിയിരുന്നവൻ. അവൻ വൈദികനാവുന്നു. അവൻ ഈ ഗ്രാമത്തിന്റെ പുണ്യമാണ്.

അർത്തുങ്കൽപ്പള്ളിയിലേക്കാണവരുടെ വഞ്ചികൾ നീങ്ങുന്നത്. പള്ളി അണിഞ്ഞൊരുങ്ങിയിരിക്കുന്നു. സെബസ്ത്യാനോസ് പുണ്യവാന്റെ അപദാനങ്ങൾ നിറഞ്ഞ വായുവിലൂടെ പള്ളിമണിയുടെ വിശേഷാൽ മുഴക്കം. പള്ളിയിൽനിന്നുയരുന്ന സ്തോത്രങ്ങൾക്ക് ആകാശങ്ങളിലിരിക്കുന്ന ബാവ കാതോർക്കുന്നു.

പള്ളിയുടെ പുരാതനമായ അൾത്താരയിൽ കിരീടവും സ്ഥാനവടിയും വഹിക്കുന്ന മൗറേലിയൂസ് സ്തബലീനി മെത്രാപ്പോലീത്തയിൽനിന്നു ചാവറ കുര്യാക്കോസ് പട്ടമേൽക്കുന്നു. ആ നിമിഷം സ്വർഗത്തിൽ മാലാഖമാർ ദൈവത്തെ സ്തുതിക്കുന്നു. സ്വർഗത്തിലെ സ്വർണപ്രഭയിൽ ഒരു കതിർകൂടി ചേരുന്നു.

ചാവറ കുര്യാക്കോസച്ചന്റെ പുത്തൻ കുർബാന. ആർദ്രമായ കണ്ണുകളോടും വിറയ്ക്കുന്ന കരങ്ങളോടുംകൂടി അർപ്പിക്കപ്പെടുന്ന റാസയിലെ പദങ്ങളും വികാരങ്ങളും ആകാശത്തേക്കുയർന്ന്, അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും ഇസ്രയേലിന്റെയും ദൈവത്തിന്റെ പക്കലേക്ക്.

കൊച്ചുകുര്യാക്കോസ് പുരോഹിതനായിരിക്കുന്നു. കൊച്ചു കുര്യാക്കോസ് കുർബാന അർപ്പിക്കുന്നു. ഞങ്ങളുടെ കൊച്ചുകുര്യാക്കോസ്, കർത്താവിനാൽ തെരഞ്ഞെടുക്കപ്പെട്ടവനായിരിക്കുന്നു. അവൻ കെട്ടുന്നതു സ്വർഗത്തിലും കെട്ടപ്പെടും; അവൻ അഴിക്കുന്നതു സ്വർഗത്തിലും അഴിക്കപ്പെടും.

അവനെ തെരഞ്ഞെടുക്കുകയും ഒരുക്കുകയും ചെയ്ത ദൈവമേ, സ്തോത്രം. അവനെ പോറ്റിയ ലോകമേ, നന്ദി.

അവനെ സ്നേഹിച്ച അയൽക്കാരേ, അവനു വഴികാട്ടിയ ഗുരുക്കന്മാരേ, നിങ്ങളുടെ ഹൃദയങ്ങൾ അവയിലെ സ്നേഹവുമായി സ്വർഗത്തിനുനേരെ തുറന്ന് ഇരിക്കുകയാണ്. നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ. മറ്റൊരാളെ സ്നേഹിക്കുന്നവനു തന്റെ സ്നേഹം സമ്മാനമായി നൽകുന്നവനാണ് ദൈവം. നിങ്ങളുടെ വീടുകളിൽ ദൈവസ്നേഹം പുലരട്ടെ. നിങ്ങളുടെ വഞ്ചികളിൽ ദൈവസ്നേഹം യാത്ര ചെയ്യട്ടെ.

സ്വർഗസ്ഥരായ മൂന്ന് ആത്മാക്കളുടെ കണ്ണുകളിൽനിന്നു സന്തോഷത്തുള്ളികൾ ഭൂമിയിലേക്ക്, പമ്പയാറ്റിലേക്കു വീണു.

അവ പമ്പയാറ്റിന്റെയും ഭൂമിയുടെയും പുണ്യമായി.

7

അർത്തുങ്കൽ പള്ളിയിലെ കുർബാന കഴിഞ്ഞപ്പോൾ ചേന്നംകരി ഇടവകക്കാർ പുത്തനച്ചന്റെ ചുറ്റും കൂടി. അച്ചന്റെ ഔദ്യോഗികമായ ഒന്നാമത്തെ ദിവ്യബലി ചേന്നംകരി

പള്ളിയിൽ അർപ്പിക്കണമെന്നായിരുന്നു അവരുടെ ആവശ്യം. കുര്യാക്കോസച്ചൻ സമ്മതിച്ചു.

1829 നവംബർ 30-ന്, സുവാറായുടെ ഒന്നാം ഞായറാഴ്ച, കുര്യാക്കോസച്ചൻ ചേന്നംകരി പള്ളിയിൽ അർപ്പിച്ച പുത്തൻ കുർബാന കാണാൻ എത്തിയവരെക്കൊണ്ട് പള്ളി മാത്രമല്ല, പള്ളിമുറ്റവും നിറഞ്ഞു. താൻ അൾത്താര ബാലനായും പിന്നീട് പൗരോഹിത്യാർഥിയായും എത്തിയ ദേവാലയത്തിന്റെ അൾത്താരയിൽ നവപൂജ അർപ്പിക്കുമ്പോൾ കുര്യാക്കോസച്ചന്റെ ഹൃദയം നിറഞ്ഞിരുന്നു. തന്നെ സ്നേഹിക്കുന്നവരുടെ നടുവിലാണ് താൻ. താൻ തീർക്കപ്പെട്ട മണ്ണിലാണ് താൻ. തന്റെ മനസിലെ ആദ്യത്തെ ചിത്രങ്ങൾക്കു മുന്നിൽ. ദൈവമേ, ഈ മണ്ണിനെയും മനുഷ്യരെയും അനുഗ്രഹിക്കണമേ.

ദിവസങ്ങൾക്കുശേഷം പള്ളിപ്പുറത്തെത്തി കുര്യാക്കോസച്ചൻ മല്പാനച്ചനെ കണ്ടു. കൊച്ചച്ചന്റെ വർത്തമാനങ്ങൾ ശെമ്മാശന്മാർക്കൊക്കെ ആഹ്ലാദകരമായിരുന്നു. കുര്യാക്കോസച്ചനെപ്പോലെയാകാൻ അവരിൽ പലരും രഹസ്യമായി ആഗ്രഹിക്കുകയും ചെയ്തിരിക്കണം.

കുറച്ചുദിവസത്തിനുശേഷം കുര്യാക്കോസച്ചൻ ചേന്നംകരിയിൽ മടങ്ങിയെത്തി. ഇടവകയിലെ വീടുകൾ തോറും സന്ദർശനം. വീട്ടിലേക്ക് ഒരു ഭാഗ്യം കടന്നുവരുന്നതുപോലെയാണ് കൊച്ചച്ചന്റെ സന്ദർശനത്തെ ഓരോ കുടുംബവും സ്വീകരിച്ചത്. സന്തോഷകരമായൊരു കുടുംബകാര്യം ചർച്ച ചെയ്യുന്നതുപോലെ അദ്ദേഹം ഓരോ വീട്ടിലും ആധ്യാത്മിക കാര്യങ്ങൾ സംസാരിച്ചിരുന്നു. ആധ്യാത്മിക കാര്യങ്ങൾ ഇത്രയേറെ മധുരമായ ഒരു സംസാരവിഷയമാക്കാമെന്ന് അപ്പോഴാണ് പലർക്കും മനസിലായത്.



പല ആൺകുട്ടികളുടെയും ഉള്ളിൽ ഒരു രഹസ്യം ജനിച്ചു- കുര്യാക്കോസച്ചനെപ്പോലെ ഒരച്ചൻ ആകണം.

അദ്ദേഹം സംസാരിച്ചിരിക്കുമ്പോൾ സമയം പോകുന്നത് ആതിഥേയർ അറിയില്ല.

സമയം പോകുന്നതു കുര്യാക്കോസച്ചനും അറിഞ്ഞില്ല. ഒരു മാസം പെട്ടെന്നങ്ങു കടന്നുപോയി. തുലാവർഷത്തിലെ വെള്ളപ്പൊക്കം അടങ്ങുന്നതുപോലെ; വെള്ളം ഉടനേയൊന്നും വറ്റുകില്ലെന്ന് ആദ്യം തോന്നും; പെട്ടെന്നൊരു ദിവസം കര വരണ്ടുണങ്ങിക്കിടക്കും.

പുളിങ്കുന്നിൽ കുറെ പരിചയക്കാരുണ്ട്. കുര്യാക്കോസച്ചൻ അതുവഴിയും ഒന്നു ചുറ്റിയടിച്ചു.

കുട്ടനാട്ടിലെത്തിയാൽ തിരിച്ചുപോകാൻ തോന്നില്ല. ദൈവകാരുണ്യംപോലെ ഒഴുകുന്ന തെളിനീർത്തോടുകളും നെൽച്ചെടികൾ ഓളംവെട്ടുന്ന പാടങ്ങളും വെള്ളക്കൊറ്റികൾ ധ്യാനിച്ചിരിക്കുന്ന വരമ്പുകളും. പൂർണഗർഭിണികളെപ്പോലെ ആയാസപ്പെട്ടു നീങ്ങുന്ന കെട്ടുവള്ളങ്ങൾ ആലപ്പുഴയ്ക്കാവും. മാത്തുത്തരകന്റെ കാലം മുതലാണത്രേ ആലപ്പുഴയിലേക്കും അവിടെനിന്നു തിരിച്ചും യാത്ര ചെയ്യുന്ന കെട്ടുവള്ളങ്ങളുടെ എണ്ണം ഇത്ര വർധിച്ചത്. ആലപ്പുഴയെ വൻ തുറമുഖമാക്കുന്നതിനു സഹായിക്കുകയും രാജാവിനെ ആപത്ഘട്ടത്തിൽ ഭീമമായ തുക നൽകി സഹായിക്കുകയും ചെയ്ത തരകനെ വേലുത്തമ്പി ദളവ നീചമായി പീഡിപ്പിച്ചു. തരകന്റെ മുറിച്ചെടുത്ത ചെവി, ദളവ തന്റെ കാര്യശേഷിയുടെ ചിഹ്നമായി പ്രദർശിപ്പിച്ചു. ചരിത്രത്തിന്റെ അനീതിക്ക് ഇരയായ മാത്തുത്തരകന്റെ ഓർമയ്ക്ക് ആലപ്പുഴയുടെ പ്രതാപവും അവിടേക്കൊഴുകുന്ന കെട്ടുവള്ളങ്ങളും മാത്രമേയുള്ളൂ.

വള്ളങ്ങളിൽ തൂക്കിയിട്ട റാന്തലുകൾ രാത്രിജോലിക്കുശേഷം ഉറക്കത്തിലാണ്. അവയ്ക്കു കീഴിൽ കച്ചവടക്കാർ കായൽക്കാറ്റേറ്റു സുഖനിദ്രയിൽ. വള്ളക്കാർ അർഥമില്ലാത്ത എന്തൊക്കെയോ പാട്ടുകൾ പാടുന്നു.

ജന്മനാട് എന്ന ബന്ധമാണോ കുട്ടനാടിനെ ഇത്രയധികം സ്നേഹിക്കാൻ തന്നെ പ്രേരിപ്പിക്കുന്നത്? അതോ കുട്ടനാടിന്റെ കാവ്യാത്മകതയോ?

വലിയനോമ്പു തുടങ്ങിയപ്പോൾ പുളിങ്കുന്നിലായിരുന്നു. അപ്പോഴാണ് പുതിയൊരാശയം തോന്നിയത്. നോമ്പ് സാർഥകമാക്കാൻ ആളുകളെ പ്രേരിപ്പിക്കുന്നതിന് ഒരു ധ്യാനം നടത്തുക.

പുളിങ്കുന്ന് തെക്കേ അങ്ങാടിയറ്റത്തുള്ള കുരിശുപള്ളിയിൽ ധ്യാനത്തിനു സൗകര്യം കിട്ടി. ആദ്യദിവസം ആളുകൾ കുറവായിരുന്നു. പിറ്റേ ദിവസം മുതൽ സംഗതി മാറി. കുര്യാക്കോസച്ചന്റെ ധ്യാനപ്രസംഗം മണിക്കൂറുകളോളം കേട്ടിട്ടും ആളുകൾക്ക് മടുപ്പില്ല. ഇതിങ്ങനെ കുറെയങ്ങു നീണ്ടുകൊള്ളട്ടെ എന്നായി ആളുകൾ.

സംഭാരം വിൽക്കുന്ന മാടക്കടയിലും പലചരക്കുകടയിലും വഴിയിലും വരമ്പത്തും കണ്ടുമുട്ടുന്നവരുടെ കുശലം അതിനെക്കുറിച്ചായി.

"താൻ ചാവറേലച്ചന്റെ പ്രസംഗം കേൾക്കുന്നുണ്ടോ?"

"എടോ, പ്രസംഗമല്ല; ധ്യാനം."

"എന്തായാലും സംഗതി കൊള്ളാം. ഈ നോമ്പിൽ ഏതായാലും കള്ളിന്റെ കച്ചോടം തീരെ കുറയും."

"ഞങ്ങളുടെ വീട്ടിൽ ഉപവാസം പതിവായിരിക്കയാണ്. എന്നിട്ടും ആരെയും കണ്ടാൽ അങ്ങനെ തോന്നുകയേയില്ല".

ധ്യാനം അവസാനിച്ചപ്പോഴേക്കും അതിന്റെ പ്രസിദ്ധി കുട്ടനാട്ടിലെങ്ങും പരന്നിരുന്നു. വേറെ ഒന്നോ രണ്ടോ സ്ഥലത്തുകൂടി ധ്യാനപ്രസംഗം നടത്തിയാലോയെന്ന് കുര്യാക്കോസച്ചൻ ആലോചിക്കുമ്പോഴാണ് പള്ളിപ്പുറം സെമിനാരിയിൽ നിന്നൊരാൾ അന്വേഷിച്ചെത്തിയത്. ചേന്നംകരി പള്ളിയിൽ അന്വേഷണം നടത്തിയിട്ടാണ് വരവ്.

"മല്പാനച്ചൻ അരിശപ്പെട്ടിരിക്കുകയാണ്,"ദൂതൻ പറഞ്ഞു.

"എന്തുപറ്റി?"

"എത്ര നാളായി കൊച്ചച്ചൻ പള്ളിപ്പുറത്തുനിന്ന് പോന്നിട്ട്? ഇതിലേ കറക്കവും പ്രസംഗവുമൊക്കെയായി നടന്നാൽ സെമിനാരിയിലെ കാര്യങ്ങൾ ആരു നോക്കും? മല്പാനച്ചന് അങ്ങോട്ടോ ഇങ്ങോട്ടോ തിരിയണമെങ്കിൽ അവിടെ ആരുണ്ട്?"

അക്കാര്യം അത്ര ഗൗരവപൂർവം ചിന്തിച്ചിരുന്നില്ല എന്നതാണ് വാസ്തവം. മല്പാനച്ചന്റെ അഭാവത്തിൽ സെമിനാരിയിൽ അദ്ദേഹത്തിന്റെ ജോലികൾ ഏതാണ്ടെല്ലാം തന്നെ നിർവഹിച്ചിരുന്നത് താനാണ്. ഇടവക സന്ദർശനങ്ങളും പ്രസം

ഗങ്ങളും ധ്യാനവുമൊക്കെ ഒത്തിരിയാളുകൾക്ക് ഗുണം ചെയ്യുന്നതാണെന്നു കണ്ടപ്പോൾ മറ്റെല്ലാം മറന്നു.

പിന്നെ താമസിച്ചില്ല, പള്ളിപ്പുറത്തേക്കു മടങ്ങി.

സെമിനാരിയിലെത്തിയപ്പോൾ കുര്യാക്കോസച്ചൻ പ്രതീക്ഷിച്ചത്ര കോപിഷ്ടനായിരുന്നില്ല പാലയ്ക്കലച്ചൻ.

"പുളിങ്കുന്നിലെ ധ്യാനപ്രസംഗത്തെക്കുറിച്ചൊക്കെ കേട്ടു. കാര്യം നല്ലതുതന്നെ. പക്ഷേ ഇവിടത്തെ കാര്യങ്ങൾ നടക്കണ്ടേ? എനിക്കു പഴയതുപോലൊന്നും വയ്യ. സെമിനാരി കഴിഞ്ഞിട്ടേയുള്ളൂ എനിക്ക് ബാക്കിയെന്തും. കൊച്ചച്ചൻ ഇവിടെ ഉണ്ടായിരിക്കണം. ധ്യാനപ്രസംഗങ്ങൾ ഈ പ്രദേശത്തൊക്കെ സംഘടിപ്പിക്കാം. ഇവിടത്തെ പള്ളികൾവരെ എത്തിയിട്ടുണ്ട് ചാവറക്കൊച്ചച്ചന്റെ പ്രസംഗത്തിന്റെ പെരുമ."

പള്ളിപ്പുറം പരിസരങ്ങളിൽ ധ്യാനപ്രസംഗത്തിനു സാധ്യതയുണ്ടെന്നു കേട്ടപ്പോൾ കുര്യാക്കോസച്ചനു സന്തോഷമായി. സെമിനാരി കാര്യങ്ങളോടൊപ്പം ധ്യാനങ്ങളും നടത്താം.

താമസിയാതെ അടുത്തുള്ള ഇടവകകളിൽ കുര്യാക്കോസച്ചന്റെ ധ്യാനപ്രസംഗങ്ങൾ നടന്നു. അനേകം പേർക്കു പുതിയൊരനുഭവമായിരുന്നു ധ്യാനം. ഒരിടവകയിൽ നടത്തുന്ന ധ്യാനത്തിലേക്ക് അടുത്ത ഇടവകകളിൽനിന്നും ആളുകൾ എത്തുകയായി.

ദൂരസ്ഥലങ്ങളിലേക്കും കുര്യാക്കോസച്ചൻ ധ്യാനപ്രസംഗത്തിനു ക്ഷണിക്കപ്പെട്ടുതുടങ്ങി. ചാവറ കുര്യാക്കോസച്ചൻ എന്നത് ആൾക്കൂട്ടങ്ങളെ സൃഷ്ടിക്കുന്ന നാമമായി മാറി. ചെറുതും വലുതുമായ പള്ളികളിൽ വലിയ ആൾക്കൂട്ടങ്ങൾ അദ്ദേഹത്തിന്റെ വാക്കുകൾക്കു മുന്നിൽ, സ്വർഗത്തിലേക്കു ഹൃദയത്തിന്റെ വാതിൽ തുറന്നുവച്ച് ഇരുന്നു. സ്വർഗത്തിന്റെ രശ്മികൾ അനേകം ഹൃദയങ്ങളിലേക്കു കടന്നു.

കേരള ക്രൈസ്തവരിൽ ആധ്യാത്മികമായ പുതിയൊരു ഉണർന്നെണീക്കൽ സംഭവിക്കുകയായിരുന്നു.

8

ചമ്പക്കുളം കല്ലൂർക്കാടുകാരൻ കണിയാന്തറ യാക്കോബിനു വിവാഹം തീരുമാനമായി. കാണാൻ മോശമല്ലാത്ത, മനസിനിഷ്ടപ്പെട്ട പെൺകുട്ടി. കുടുംബവും നന്ന്. നിശ്ചയം തുടങ്ങിയുള്ള ചടങ്ങുകളുടെ തീയതികൾ ആലോചിക്കുകയായിരുന്നു ബന്ധുക്കൾ.

ആ ഞായറാഴ്ച കല്ലൂർക്കാടു പള്ളിയിൽ കുർബാന കാണാൻപോയ യാക്കോബിന് ആ ദിവസം തന്റെ ജീവിതത്തിലെ വഴിത്തിരിവാകുമെന്ന് ഒരു പ്രതീക്ഷയും ഉണ്ടായിരുന്നില്ല. ആധ്യാത്മിക കാര്യങ്ങളിൽ ഒട്ടൊക്കെ താത്പര്യമുണ്ടെങ്കിലും പതിവായി കുർബാന കാണണമെന്ന നിർബന്ധമൊന്നും യാക്കോബിന് ഉണ്ടായിരുന്നില്ല. പള്ളിയിലേക്കു പോകുംവഴി കൂട്ടുകാരെ കണ്ടുമുട്ടിയാൽ കമ്പനിയടിക്കുന്നതിലായിരുന്നു യാക്കോബിനു താത്പര്യം.

ഏതായാലും അന്നു യാക്കോബ് കുർബാനയിൽ പങ്കുകൊണ്ടു. കുർബാനയ്ക്കിടയിൽ പ്രസംഗം നടത്തിയത് കാഞ്ഞിരപ്പള്ളിയിൽനിന്നുള്ള കുഞ്ഞാക്കോ കത്തനാരായിരുന്നു. പ്രസംഗകൻ പുതിയ ഒരാളായതുകൊണ്ട് യാക്കോബ് പതിവിൽക്കവിഞ്ഞ് പ്രസംഗം ശ്രദ്ധിച്ചു. ശ്രദ്ധിച്ചപ്പോഴാണ് അതുവരെ താൻ പ്രസംഗങ്ങൾ കേട്ടിരുന്നില്ലെന്നു യാക്കോബിന് മനസിലായത്. പ്രസംഗങ്ങൾ കേട്ടിരുന്നില്ലെന്നു തന്നെയല്ല, ജീവിതത്തെക്കുറിച്ച് താൻ കാര്യമായൊന്നും ചിന്തിച്ചിരുന്നില്ലെന്നും വ്യക്തമായി. നേർവഴിയിൽ ചരിക്കുന്ന ഒരുവൻ എന്നു താൻ സ്വയം അഭിമാനിച്ചിരുന്നു. എന്നാൽ ആധ്യാത്മികമായി തന്റെ മൂല്യം വളരെക്കുറവാണെന്ന് ഈ പ്രസംഗം കേട്ടപ്പോൾ ബോധ്യമാകുന്നു.

പോരൂക്കര തോമ്മാക്കത്തനാരുമായി ഒരിക്കൽ താൻ സംഭാഷണം നടത്തിയതു യാക്കോബ് ഓർത്തു. സമപ്രായക്കാരനായ ആ പഴയ അയൽവാസി നാട്ടിൽ വരുമ്പോഴെല്ലാം താൻ അദ്ദേഹവുമായി ആത്മീയ കാര്യങ്ങൾ ഒട്ടേറെ സംസാരിച്ചിട്ടുണ്ട്. അച്ചനുമായി അത്തരം വിഷയങ്ങൾ സംസാരിക്കുന്നതു വളരെ ഉണർവുണ്ടാക്കുന്ന കാര്യമാണ്. പിന്നെ കുറച്ചു ദിവസത്തേക്ക് താൻ വളരെ ആധ്യാത്മികനിഷ്ഠയുള്ള ആളായിരിക്കും. കുറച്ചു ദിവസത്തേക്കു മാത്രം.

പോരൂക്കരയച്ചൻ ഡീക്കൻപട്ടം ഏറ്റശേഷം നാട്ടിൽ വന്നപ്പോൾ തന്നോട് പറഞ്ഞ ഒരു കാര്യം യാക്കോബിന് ഓർമ വന്നു. ലോകം, ശരീരം, പിശാച് എന്നിവ ആത്മാവിന്റെ രക്ഷയ്ക്കു തടസമാകുന്നതിനെക്കുറിച്ചായിരുന്നു സംസാരം. ഒടുവിൽ അദ്ദേഹം പറഞ്ഞു: "ഞാൻ കുർബാനപ്പട്ടം ഏറ്റുവന്നാൽ നമുക്കു രണ്ടുപേർക്കുംകൂടി വല്ല വനവാസത്തിനും പൊയ്ക്കളയാം. ലോകത്തിനു നടുവിൽ ജീവിച്ചാൽ ആത്മീയരക്ഷ നേടുന്ന കാര്യം പ്രയാസമാണ്."

വനവാസത്തെക്കുറിച്ചു യാക്കോബ് അതിനു മുമ്പു ചിന്തിച്ചിരുന്നില്ല, അന്നു പോരൂക്കരയച്ചൻ സംസാരിക്കുമ്പോഴാണ് അതൊരു ചിന്താവിഷയമായത്. തന്റേതായ ഒരു കുടുംബം എന്ന സ്വപ്നം ഉള്ളിലെ കൊച്ചുനിധിയായിരുന്നു. അച്ചൻ പറയുന്നതൊക്കെ ശരിയാണെങ്കിലും യൗവനത്തിലേക്കു കടന്നപ്പോൾ മുതൽ ഉള്ളിൽ സൂക്ഷിക്കുന്ന രഹസ്യനിധി ഉപേക്ഷിക്കാൻ മനസത്ര തയാറായില്ല. എന്നാൽ അച്ചന്റെ മുഖത്തു നോക്കി മറുത്തുപറയുവാനും കഴിഞ്ഞില്ല. അതിനാൽ വനവാസമെന്ന ആശയത്തിനു യാക്കോബ് സമ്മതം മൂളി.

മെല്ലെ ആ ആശയം മാഞ്ഞുപോയി. വിവാഹാലോചനകൾ വന്നപ്പോൾ സഹകരിച്ചു. നല്ലൊരു ആലോചന വന്നപ്പോൾ സമ്മതം പറയുകയും ചെയ്തു.

എന്നാലിപ്പോൾ ആകെ ചിന്താക്കുഴപ്പമാകുന്നു. ലോകം മുഴുവൻ നേടിയാലും ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്തുഫലം? കർത്താവിന്റെ ആ ചോദ്യം, സർവകലാശാലാവിദ്യാർഥിയായ ഫ്രാൻസിസ് സേവ്യറുടെ ഹൃദയത്തിലേക്ക് ഇഗ്നേഷ്യസ് ലയോള തൊടുത്തുവിട്ടുകൊണ്ടിരുന്ന ആ ചോദ്യമാണ് കുഞ്ഞാക്കോ കത്തനാരുടെ പ്രസംഗം യാക്കോബിനു സമ്മാനിച്ചത്. ആ ചോദ്യം പല ഉൾപ്പിരിവുകളോടെ യാക്കോബിനെ മഥിച്ചു.

വൈദികനാകാൻ സാധിച്ചില്ലെന്നതുകൊണ്ട് ആത്മാവിനെ സമ്പന്നമാക്കാനുള്ള വഴികളൊന്നും തനിക്കില്ലെന്നു വരുമോ?

യാക്കോബ് ചിന്തയുടെ ചൂളയിലായിരുന്നു. ചിന്തിക്കുകയും പ്രാർഥിക്കുകയും ചെയ്തുകൊണ്ട് അന്നു പകൽ മുഴുവൻ യാക്കോബ് പള്ളിയിൽത്തന്നെ കഴിഞ്ഞു. അവസാനം വിവാഹം വേണ്ടെന്ന തീരുമാനത്തിൽ എത്തി. എന്നാൽ പകരമൊരു മാർഗം കണ്ടെത്താൻ കഴിഞ്ഞില്ല. വൈകുന്നേരമായിട്ടും യാക്കോബിന് ഒരു വഴിയും തെളിഞ്ഞുകിട്ടിയില്ല.

അശാന്തിയുടേതായിരുന്നു യാക്കോബിന് ആ സന്ധ്യയും രാത്രിയും.

പുലർച്ചയ്ഴുന്നേറ്റ് വീണ്ടും പള്ളിയിൽപ്പോയി. ഒരു വഴി കാണിച്ചുതരണമേ എന്നു മുട്ടിന്മേൽനിന്ന് ദൈവമാതാവിനോട് അപേക്ഷിച്ചു.

പോരൂക്കരയച്ചൻ അവതരിപ്പിച്ച, വനവാസമെന്ന ആശയം സ്വീകാര്യമാണെന്നു തോന്നി. പക്ഷേ, താനൊരാളായി എങ്ങനെ വനവാസം നടത്താനാണ്? പോരൂക്കരയച്ചനെ കണ്ടിട്ടു കാലം കുറെയായി. അദ്ദേഹമിപ്പോൾ എവിടെയാണെന്നുപോലും അറിയില്ല. വനവാസം എന്ന ആശയം അദ്ദേഹത്തിന്റെ മനസിൽ ഇപ്പോഴുമുണ്ടോ എന്നും തീർച്ചയില്ല.

ദൈവമാതാവേ, വഴി കാട്ടണമേ. പോരൂക്കരയച്ചനെ കാണാനുള്ള വഴിയെങ്കിലും ഉണ്ടാക്കിത്തരണമേ.

യാക്കോബ് പിന്നെയും ഏറെനേരം പ്രാർഥിച്ചു.

ഉച്ചയ്ക്കുമുമ്പ് പള്ളിയിൽനിന്നിറങ്ങി. അപ്പോൾ അവിടെയാരോ പറയുന്നതു കേട്ടു: "പോരൂക്കരയച്ചൻ കടവിൽ എത്തിയിട്ടുണ്ട്."

നേരോ!

യാക്കോബ് കടവിലേക്കോടി. പോരൂക്കരയച്ചൻ വഞ്ചിയിൽനിന്നിറങ്ങിവരുകയായിരുന്നു.

"യാക്കോബേ, ഞാൻ നിന്നെ അന്വേഷിച്ചു വരുകയായിരുന്നു,"അച്ചൻ പറഞ്ഞു.

"എന്താണു കാര്യം?"

"നിന്റെ കല്യാണം നിശ്ചയിച്ചുവെന്നു കേട്ടു."

"നിശ്ചയംവരെ എത്തിയതാണ്. ഞാനതു വേണ്ടെന്നുവച്ചു."

"വേറെ ആലോചന വന്നുകാണും?"

"അല്ല. വിവാഹം തന്നെ വേണ്ടെന്നുവച്ചു. അച്ചൻ പണ്ടു പറഞ്ഞ കാര്യത്തെക്കുറിച്ചാണ് ആലോചിക്കുന്നത്.

"വനവാസം?"

"അതേ."

അവർ പള്ളിമേടയിൽ എത്തി സംസാരിച്ചിരുന്നു. യാക്കോബിന്റെ തീരുമാനം ആത്മാർഥമാണെന്നു മനസിലായപ്പോൾ വരാപ്പുഴ അരമനയിൽ എത്താൻ യാക്കോബിനോട് ആവശ്യപ്പെട്ട് പോരൂക്കരയച്ചൻ മടങ്ങി.

വരാപ്പുഴ മെത്രാന്റെ സെക്രട്ടറിയായി ജോലി ചെയ്യുകയായിരുന്നു പോരൂക്കരയച്ചൻ. നേരത്തെ സെക്രട്ടറിയായിരുന്ന പാലയ്ക്കലച്ചൻ പള്ളിപ്പുറം സെമിനാരിയുടെ ചുമതല യേറ്റതിനുശേഷം മെത്രാൻ നല്ലൊരു സെക്രട്ടറിയുടെ അഭാവം മൂലം വിഷമിക്കുകയായിരുന്നു. പോരൂർക്കരയ

ച്ചൻ കൊല്ലത്ത് തങ്കശേരിപ്പള്ളിയിൽ വികാരിയായിരിക്കുമ്പോഴാണ് ആത്മമിത്രമായ പാലയ്ക്കലച്ചൻ, മെത്രാനച്ചന്റെ സെക്രട്ടറിസ്ഥാനം ഏൽക്കാമോഎന്നു ചോദിച്ചത്. തങ്കശേരിപ്പള്ളിയിൽ പല പരിപാടികളും തുടങ്ങിവച്ചിരുന്നു. കുറഞ്ഞൊരു കാലത്തിനുള്ളിൽ ഇടവകയിലെ ജനങ്ങളുമായി ഗാഢമായൊരു ബന്ധം സ്ഥാപിക്കുകയും ചെയ്തിരുന്നു. എങ്കിലും പാലയ്ക്കലച്ചൻ ആവശ്യപ്പെട്ടപ്പോൾ അതു സന്തോഷപൂർവം സ്വീകരിച്ചു.

വരാപ്പുഴ അരമനയിലെ ജോലി പോരൂക്കരയച്ചനു പുതിയ സാധ്യതകൾ തുറന്നുകൊടുത്തു. വിദേശമിഷനറിമാർ ധാരാളം എത്തിയിരുന്ന അരമനയിൽ അവരുമായി ആശയവിനിമയത്തിനുള്ള സാധ്യതയായിരുന്നു ഏറ്റവും മുഖ്യം. കൂടാതെ വിദേശ ക്രൈസ്തവപ്രസിദ്ധീകരണങ്ങൾ അരമനയിൽ ധാരാളമായി ഉണ്ടായിരുന്നു. അവ വായിക്കുന്നതും പോരൂക്കരയച്ചന് ഏറെ പ്രിയംകരമായിരുന്നു.

വിദേശ പ്രസിദ്ധീകരണങ്ങളുമായും മിഷനറിമാരുമായുള്ള ബന്ധമാണ് പോരൂക്കരയച്ചനിൽ സന്യാസത്തോടുള്ള ആഭിമുഖ്യത്തിന് വിത്തിട്ടത്. നാൾതോറും ആ ആഭിമുഖ്യം വളർന്നുവന്നു. പാലയ്ക്കലച്ചനുമായി അദ്ദേഹമതു ചർച്ചചെയ്തു.

തികഞ്ഞ ആധ്യാത്മിക പുരുഷനായ പാലയ്ക്കൽ മല്പാനച്ചന് ഏറ്റവും താത്പര്യമുള്ള വിഷയമായിരുന്നു സന്യാസം.

അന്നു കുര്യാക്കോസ് പൗരോഹിത്യം സ്വീകരിച്ചിട്ടില്ല. സന്യാസം തുടങ്ങുന്നതിനെക്കുറിച്ചുള്ള ചർച്ച പുരോഗമിച്ചപ്പോൾ പാലയ്ക്കലച്ചൻ പറഞ്ഞു:

"നമുക്കു ശെമ്മാശനെക്കൂടി വിളിക്കാം."

"ചാവറ?"

"അതേ. ശെമ്മാശനും ഈ വിഷയത്തിൽ താത്പര്യമുണ്ടാവും."

കുര്യാക്കോസിന് തന്നെക്കാൾ അഞ്ചുവയസുമാത്രം പ്രായക്കൂടുതലുള്ള പോരൂക്കരയച്ചനോട് പ്രത്യേക ബഹുമാനമുണ്ടായിരുന്നു.

കുര്യാക്കോസിനെ കണ്ടപ്പോൾ പോരൂക്കരയച്ചൻ പറഞ്ഞു: പ്രസംഗത്തിനുള്ള ശെമ്മാശന്റെ കഴിവിനെപ്പറ്റി ഞാൻ ഒത്തിരി കേട്ടിട്ടുണ്ട്. ശെമ്മാശൻ പട്ടം സ്വീകരിക്കുന്നതു കാത്തിരിക്കയാണ് ഞാൻ. ശെമ്മാശൻ പേരെടുക്കുമെന്നതിനു സംശയമില്ല."

"എന്തായാലും പോരൂക്കര തോമാച്ചന്റെയത്ര സൽപേര് എനിക്കു കിട്ടില്ല. തങ്കശേരിയിലെ ആളുകൾക്കു പോരൂക്കരയച്ചന്റെ പരിഷ്കാരങ്ങളൊന്നും മറക്കാൻ കഴിയുന്നില്ല. കല്യാണത്തിനുമുമ്പുള്ള അന്തംചാർത്ത് നിർത്തലാക്കിയതിൽ ആളുകൾക്ക് വളരെ സന്തോഷമുണ്ട്. സുറിയാനിപ്പള്ളികളിൽ സംഗീതം ആകാമെന്നു കാട്ടിക്കൊടുത്തതും പോരൂക്കരയച്ചനാണല്ലോ. പല സുറിയാനിപ്പള്ളികളിലും ഇപ്പോൾ റബേക്കുകൊട്ടു പഠിച്ചവരെ ഏർപ്പെടുത്തിത്തുടങ്ങിയിട്ടുണ്ട്. പോരൂക്കരയച്ചൻ വികാരിയായിരുന്ന കാലത്താണ് തിരുക്കർമങ്ങളും പെരുന്നാളുകളും ഏറ്റവും ഭംഗിയിലായതെന്നാണ് തങ്കിപ്പള്ളിക്കാർ പറയുന്നത്. അവിടെ യൗസേപ്പു പിതാവിന്റെ ഭക്തരുടെ സംഘടനയും പോരൂക്കരയച്ചന്റെ സംഭാവനയാണല്ലോ," കുര്യാക്കോസ് പറഞ്ഞു.

"യൗസേപ്പ് പിതാവിന്റെ മനോഹരമായ ഒരു തിരുസ്വരൂപം ഉണ്ടാക്കണമെന്ന് എനിക്കാഗ്രഹമുണ്ട്. മിടുക്കനായൊരു മേസ്തിരിയെ എനിക്കറിയാം. പക്ഷേ, നല്ല പണച്ചെലവുവരും. കണ്ടുമുട്ടുന്ന പരിചയക്കാരിൽനിന്നൊക്കെ ഓരോ ചക്രം വീതം പിരിച്ചുകൊണ്ടിരിക്കുകയാണ് ഞാൻ."

കുര്യാക്കോസ് പറഞ്ഞു:" എന്റെ കൈയിൽ ചക്രമില്ല. തിരുസ്വരൂപം മനോഹരമാകാൻ പ്രാർഥിക്കാം."

"യൗസേപ്പ് പിതാവ് സഹായിക്കട്ടെ." പോരൂക്കരയച്ചൻ പറഞ്ഞു.

പിന്നെ പോരൂക്കരയച്ചൻ വിഷയത്തിലേക്ക് ചെന്നു.

9

ഒരു തപോഭവനം നിർമിക്കുക എന്ന ആശയത്തിൽ പോരൂക്കരയച്ചനും പാലയ്ക്കലച്ചനും ചാവറയച്ചനും കണിയാന്തറ യാക്കോബും ഒരുമിച്ചുചേർന്നുവെങ്കിലും അതെങ്ങനെയെന്ന കാര്യത്തെക്കുറിച്ച് അവർക്കാർക്കും ഒരു തിട്ടവുമുണ്ടായിരുന്നില്ല. മലയാളക്കരയിലെന്നല്ല, ഇന്ത്യയിലെങ്ങും ക്രൈസ്തവർക്ക് അങ്ങനെയൊരെണ്ണമുള്ളതായി കേട്ടിട്ടില്ല.

"വൈദികൻ നല്ലൊരു വൈദികനായി ജീവിക്കാൻ ശ്രമിച്ചാൽപ്പോരേ? പടിഞ്ഞാറൻ നാടുകളിലെവിടെയൊക്കെയോ ഉണ്ടെന്നു പറയുന്ന സന്യാസജീവിതത്തിന് ഇവിടെയുള്ളവർ ഇറങ്ങിപ്പുറപ്പെടേണ്ട കാര്യമുണ്ടോ?", ചിലരൊക്കെ ചോദിച്ചു. വൈദികർ തങ്ങളോടുതന്നെയും ആ ചോദ്യം ചോദിച്ചു.

സമൂഹത്തിൽ ആദരണീയമായ ഒരു സ്ഥാനം നേടിക്കഴിഞ്ഞയാളാണ് പാലയ്ക്കൽ മല്പാനച്ചൻ. പോരൂക്കരയച്ചനാകട്ടെ, തങ്കശേരിയിൽ വികാരിയായിട്ടിരുന്ന കാലംകൊണ്ടു കൊല്ലം പ്രദേശത്താകെ ജനസമ്മതി പിടിച്ചുപറ്റിയ വൈദികൻ. വിവിധ മതസ്ഥരായ ജനങ്ങൾക്കു മാത്രമല്ല, യൂറോപ്യന്മാരും സ്വദേശികളുമായ ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്കും അദ്ദേഹം പ്രിയങ്കരനായിരുന്നു. ചുരുങ്ങിയ കാലത്തിനുള്ളിൽ കൊല്ലം പ്രദേശത്ത് ആധ്യാത്മികമായൊരു ഉണർവുണ്ടാക്കാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു.

ചാവറശെമ്മാശനാകട്ടെ എല്ലാറ്റിനും സമർഥനായി സെമിനാരിക്കു പുറത്തുപോലും അറിയപ്പെട്ടിരുന്നു.

അങ്ങനെ മൂവരും ജനശ്രദ്ധയുടെ വെള്ളിവെളിച്ചത്തിൽ നിൽക്കുമ്പോഴാണ് അവർ സന്യാസത്തെക്കുറിച്ച് ആലോചിച്ചത്. ദീർഘമായി ആലോചിച്ചും ലോകത്തിൽനിന്നും വിട്ടുനിൽക്കാതെ ലോകർക്ക് ഉപകാരപ്രദമായ സന്യാസ ജീവിതം എന്ന ആശയത്തിലാണ് അവസാനം അവർ ചെന്നെത്തിയത്.

പോരൂക്കരയച്ചനും പാലയ്ക്കൽ മല്പാനും ഇക്കാര്യം സ്തബലീനി മെത്രാനോട് സംസാരിക്കാൻ അർത്തുങ്കൽ പള്ളിയിലെത്തി. അവർ മെത്രാനച്ചനോട് കാര്യങ്ങൾ വിശദമായി സംസാരിച്ചു. മെത്രാനച്ചന്റെ സെക്രട്ടറിയായ പോരൂക്കരയച്ചൻ ആ ജോലിയിൽനിന്നു തന്നെ ഒഴിവാക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു.

മെത്രാനച്ചൻ പറഞ്ഞു: കൊവേന്ത. അതാണു നിങ്ങളുടെ ആശയം, അല്ലേ?"

"അതേ," പാലയ്ക്കലച്ചൻ പറഞ്ഞു. "പക്ഷേ, അതെങ്ങനെ സാധിക്കും? വല്ല രാജാക്കന്മാരോ പ്രഭുക്കന്മാരോ സഹായിക്കാൻ ഉണ്ടായിരുന്നെങ്കിൽ സാധിച്ചേനേ. ക്രിസ്ത്യാനികളായ രാജാക്കന്മാർ ഇല്ലല്ലോ."

"മനസുണ്ടായാൽ മാർഗവുമുണ്ട്. ക്രിസ്ത്യൻ രാജാക്കന്മാർ ഇല്ലെങ്കിലും ഇവിടെ ധാരാളം ക്രിസ്ത്യാനികൾ ഉണ്ടല്ലോ. അവരോട് ധർമം വാങ്ങിച്ചാൽ കാര്യം നടക്കും," മെത്രാനച്ചൻ പറഞ്ഞു.

അതു ശരിയാണെന്നു രണ്ടു വൈദികർക്കും തോന്നി. വളരെ സന്തോഷത്തോടെയാണ് അവർ മടങ്ങിയത്.

കൊവേന്ത തുടങ്ങണമെങ്കിൽ വലിയ ചെലവു വരും. അത്രയും തുക ആളുകളിൽനിന്നു പിരിച്ചെടുക്കണമെങ്കിൽ മെത്രാന്റെ ധർമക്കടലാസ് ആവശ്യമാണ്. അതിനായി ഏതാനും ദിവസത്തിനുശേഷം അവർ വീണ്ടും സ്തബലീനി മെത്രാനെ സമീപിച്ചു.

കൊവേന്ത തുടങ്ങുന്നത് സാഹസമാവില്ലേ എന്ന സന്ദേഹത്തിലായിരുന്നു അപ്പോൾ മെത്രാനച്ചൻ. പക്ഷേ, മല്പാനച്ചന്റെയും സെക്രട്ടറിയച്ചന്റെയും ഉത്സാഹം കണ്ടപ്പോൾ, ധർമക്കടലാസു കൊടുക്കാൻ അദ്ദേഹം തയാറായി. അദ്ദേഹം പോരൂക്കരയച്ചനോട് പറഞ്ഞു: "സെക്രട്ടറി തന്നെ ഒരു ധർമക്കടലാസ് എഴുതിയുണ്ടാക്കൂ."

രണ്ടച്ചന്മാരും ചേർന്ന് ധർമക്കടലാസിന്റെ കരടു തയാറാക്കി. മലയാളം വശമായിരുന്ന മെത്രാനച്ചൻ പല പേജുകൾ വരുന്ന ആ രേഖ വായിച്ചു മനസിലാക്കിയശേഷം സ്വന്തം കൈപ്പടയിൽ പകർത്തിയെഴുതി ഒപ്പുവച്ചു. ഇരുന്നൂറു രൂപ സ്വന്തം സംഭാവനയായി അപ്പോൾത്തന്നെ അച്ചന്മാരുടെ കൈയിൽ കൊടുക്കുകയും ചെയ്തു.

സ്തബലീനി മെത്രാന്റെ കൈനീട്ടം നന്നായിരുന്നു. കൊവേന്തയുടെ സ്ഥാപനത്തിനു പലരും സംഭാവനകൾ നല്കി.

പിരിവു മുന്നോട്ടുകൊണ്ടുപോകുന്നതിനു മുമ്പ് കൊവേന്തയ്ക്കു യോജിച്ച സ്ഥലം കണ്ടെത്തണം. സന്യാസത്തിനു വേണ്ടിയുള്ള ആശ്രമമായതുകൊണ്ട് ജനവാസം കുറഞ്ഞ സ്ഥലമായിരിക്കണം. ശുദ്ധജലം അത്യാവശ്യം. കാറ്റും വെളിച്ചവും ധാരാളം ലഭ്യമായ ഒരു മലയാണെങ്കിൽ നന്നായി. വഞ്ചിയിലും വണ്ടിയിലും എത്താവുന്ന സ്ഥലവുമായിരിക്കണം.

മല്പാനച്ചൻ, പോരൂക്കരയച്ചൻ, ചാവറയച്ചൻ, കണിയാന്തറ യാക്കോബ് എന്നിവരും കല്ലുങ്കൽ ഇട്ടി ഐപ്പ്, അദ്ദേഹത്തിന്റെ പണിക്കാരൻ ഇട്ടൻ എന്ന ഈഴവൻ എന്നിവരും ചേർന്നാണ് സ്ഥലം കണ്ടുപിടിക്കാൻ പുറപ്പെട്ടത്.

വെട്ടിക്കാട്ടുമുക്ക്, മുളക്കുളം എന്നിവിടങ്ങളിലാണ് ആദ്യം അന്വേഷണം നടത്തിയത്. മുളക്കുളത്ത് പെരിയപ്പുറം മാത്തൻ വൈദ്യർ സൗജന്യമായി സ്ഥലം നല്കാൻ സന്നദ്ധനായി മുന്നോ

ട്ടുവന്നു. മുളക്കുളത്തു കത്തോലിക്കർക്കു സ്വന്തമായി ഒരു പള്ളിയുണ്ടാക്കുക എന്നതു മാത്തൻ വൈദ്യരുടെ ആഗ്രഹമായിരുന്നു.

എന്നാൽ വൈദ്യരുടെ പുരയിടത്തിനു വീതി കുറവായിരുന്നു. മാത്രമല്ല, അങ്ങോട്ടേക്കു വഴി നിർമിക്കേണ്ടിടത്ത് ഒരു വലിയ പാറ തടസം പറയുന്നു. അന്വേഷണസംഘത്തിന് ആ സ്ഥലത്തെക്കുറിച്ച് തൃപ്തി തോന്നിയില്ല.

വെട്ടിക്കാട്ടുമുക്കിനു സമീപമുള്ള ചെമ്മാഞ്ചിക്കുന്നിനെക്കുറിച്ചു കേട്ട് സംഘം അവിടെയെത്തി. കുന്നിന്റെ മുകളിൽ സാധനങ്ങൾ എത്തിക്കുന്നതു വിഷമകരമാണെന്നു കണ്ടതിനാൽ ആ സ്ഥലവും ഉപേക്ഷിച്ചു.

പിറവം, വടകര എന്നീ സ്ഥലങ്ങളിൽ നടത്തിയ അന്വേഷണവും ഫലം ചെയ്തില്ല. തുടർന്ന് തെക്കുഭാഗത്തേക്ക് അന്വേഷണം മാറി. അതിരമ്പുഴയ്ക്കടുത്തുള്ള വേദഗിരിക്കുന്ന് യോജിച്ച സ്ഥലമാണെന്ന് അതിരമ്പുഴപ്പള്ളി വികാരി അറിയിച്ചു. കോട്ടയത്തിനടുത്തുള്ള ഒരു സ്ഥലവും പരിഗണനയ്ക്കെത്തി.

എന്നാൽ സ്ഥലങ്ങൾ സന്ദർശിച്ച അന്വേഷണസംഘത്തിന് ഓരോരോ കാരണങ്ങളാൽ ആ സ്ഥലങ്ങൾ ഇഷ്ടപ്പെട്ടില്ല.

കോട്ടയത്തുനിന്നു മടങ്ങുമ്പോൾ കുടമാളൂരിനടുത്തു പുല്ലരിക്കുന്ന് എന്ന മനോഹരമായ സ്ഥലം കണ്ടെത്തി. ഇറങ്ങി പരിശോധിച്ചപ്പോൾ എല്ലാ സൗകര്യങ്ങളും അവിടെ ഒത്തിണങ്ങുന്നതായി കണ്ടു. സ്ഥലത്തിന്റെ ഉടമ അതു വില്ക്കാനും തയാർ.

രണ്ടുവർഷം നീണ്ട അന്വേഷണം കണ്ടെത്തലിൽ അവസാനിച്ചതിലുള്ള സന്തോഷത്തോടെ മടങ്ങിയ സംഘം അനന്തര നടപടികളിലേക്ക് ഉത്സാഹത്തോടെ പ്രവേശിച്ചു. സ്ഥലം വാങ്ങി പള്ളി സ്ഥാപിക്കുന്നതിനു മെത്രാന്റെ അനുവാദം വേണം. അത് ഉടനേതന്നെ സമ്പാദിച്ചു. അടുത്തതായി , സർക്കാരിന്റെ അനുവാദത്തിനു മെത്രാൻ അപേക്ഷിക്കണം. മെത്രാൻ അപേക്ഷകൾ എഴുതിക്കൊടുത്തു. കൊല്ലത്തുള്ള ആക്ടിംഗ് എക്സിക്യൂട്ടീവിനുവേണം അപേക്ഷ സമർപ്പിക്കാൻ. കൊല്ലത്തു ജനങ്ങൾക്കിടയിലും സർക്കാർതലത്തിലും സ്വാധീനമുള്ള പോരൂക്കരയച്ചനെത്തന്നെ അവിടേക്കയച്ചു.

കൊല്ലത്തു താൻ നേരത്തേ വികാരിയായിരുന്ന തങ്കിപ്പള്ളിയിലേക്കാണു പോരൂക്കരയച്ചൻ നേരേ പോയത്.

പള്ളിയിലാരൊക്കെയോ സുറിയാനിപ്പാട്ടുകൾ പഠിക്കുകയാണ്. പോരൂക്കരയച്ചനു ചാരിതാർഥ്യം തോന്നി. താൻ തുടങ്ങിവച്ച ഗാനാലാപനം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. മറ്റുപല പള്ളികളിലേക്കും അതു പകർന്നിട്ടുമുണ്ട്. തപ്പുകളാലും കിന്നരങ്ങളാലും ഈ മലയാളക്കര സർവശക്തനെ സ്തുതിക്കട്ടെ. തുമ്പികളും പറവകളും കാറ്റും മേഘങ്ങളും ആ കീർത്തനങ്ങൾ ഏറ്റുവാങ്ങാൻ കാത്തിരിക്കുന്നു.

ദൈവമേ, പ്രപഞ്ചത്തിലെ അനേകകോടി നക്ഷത്രങ്ങളും ഗ്രഹങ്ങളും നിനക്കുമുന്നിൽ എരിയുന്ന തിരിനാളങ്ങളെങ്കിൽ ഭൂമി നിനക്കുവേണ്ടി പാടുന്ന തംബുരുവാണ്. നീയീ ഭൂമിയിൽ വായുവിനെയും ജീവജാലങ്ങളെയും അരുവികളെയും സൃഷ്ടിച്ചത് നിനക്കുവേണ്ടി പാടുവാനാണ്. നീയീ ഭൂമിയിൽ മനുഷ്യരെ സൃഷ്ടിച്ചത് നിന്റെ മഹത്ത്വം അറിഞ്ഞു പാടുവാനാണ്.

ചെറിയൊരാൾക്കൂട്ടത്തിന്റെ നടുവിലാണ് താൻ എന്നു പോരൂക്കരയച്ചൻ പെട്ടെന്നു കണ്ടു.

''അച്ചാ, ഞങ്ങൾ അച്ചനെ കാണാൻ ആശിച്ചിരിക്കുകയായിരുന്നു,'' ആളുകൾ ആവേശഭരിതരായി.

''ഞാനൊരു സർക്കാരു കാര്യത്തിനു വന്നതാണു, മക്കളേ. നിങ്ങളെന്തിനാണ് എന്നെക്കാണാൻ ആഗ്രഹിച്ചത്?''

''പോരൂക്കരയച്ചനെക്കാണാൻ തങ്കിപ്പള്ളിക്കാർ ആഗ്രഹിക്കുന്നതെന്തിനാണെന്നോ? ഞങ്ങൾക്ക് അച്ചനെ മറക്കാൻ കഴിയുമോ? ഈ ഇടവകയെ വളർത്തിയത് അച്ചനല്ലേ. ഏതായാലും അച്ചൻ ഇപ്പോൾ എത്തിയത് നന്നായി. ഞങ്ങളുടെ വികാരിയച്ചൻ അവധിയെടുത്തു പോയിരിക്കുകയാണ്. ഇവിടെയിപ്പോൾ അച്ചന്മാരാരുമില്ല. അച്ചനെ ഞങ്ങൾ വിടില്ല.''

''പക്ഷേ ഞാൻ അടിയന്തരമായി കുറെ സർക്കാരുകാര്യങ്ങളുമായി വന്നതാണ്. അതുടനേ തീർത്തു മടങ്ങണം.''

''ദൈവമേ, സർക്കാരുകാര്യങ്ങൾ പതുക്കെ നടന്നാൽ മതിയേ. വികാരിയച്ചൻ മടങ്ങിവരുന്നതുവരെയെങ്കിലും പോരൂക്കരയച്ചനെ ഇവിടെനിന്നു തിരിച്ചയയ്ക്കരുതേ.''

''സർക്കാരിനു പെറ്റീഷൻ കൊടുക്കാൻ വന്ന എന്നെക്കുറിച്ചു നിങ്ങൾ ദൈവത്തിനു പെറ്റീഷൻ കൊടുക്കുന്നോ?''

''ദൈവമേ, ഞങ്ങൾ അനാഥരാണേ...''

അവരുടെ നിർബന്ധത്തിനു പോരൂക്കരയച്ചൻ വഴങ്ങി. വികാരിയച്ചൻ മടങ്ങിവരുന്നതുവരെ വികാരിയുടെ ജോലികൾ ചെയ്യാമെന്ന് അദ്ദേഹം സമ്മതിച്ചത് തങ്കിപ്പള്ളി ഇടവകക്കാരെ മുഴുവൻ സന്തോഷിപ്പിച്ചു.

ഇടവകയിലെ ജോലികൾ നിർവഹിക്കുന്നതിനിടയിൽത്തന്നെ പോരൂക്കരയച്ചൻ പുല്ലരിക്കുന്നിൽ പള്ളിയും കൊവേന്തയും പണിയുന്നതിനു സർക്കാരനുമതിക്കുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്തു. വിദേശികൾ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാർക്കിടയിൽ അച്ചനു സ്വാധീനമുണ്ടായിരുന്നതിനാൽ കാര്യങ്ങൾ വേഗം നീങ്ങി. ദിവാൻജിയുടെ അനുമതി കിട്ടണമെങ്കിൽ ഇനി ഏറ്റുമാനൂർ തഹസീൽദാരുടെ സമ്മതിപത്രം വേണം. അതിനു കൊടുക്കേണ്ട ഉത്തരവ് കൊല്ലത്തെ ഉദ്യോഗസ്ഥരിൽനിന്നു വാങ്ങി അതിരമ്പുഴയിലേക്കു മടങ്ങുമ്പോൾ പോരൂക്കരയച്ചൻ സന്തോഷവാനായിരുന്നു.

അതിരമ്പുഴയിൽനിന്ന് ഏറ്റുമാനൂരെത്തി തഹസീൽദാർക്ക് ഉത്തരവ് കൈമാറി.

അടുത്തൊരു ദിവസം ചാവറയച്ചനോടും കണിയാന്തറയാക്കോബിനോടുമൊപ്പം പോരൂക്കരയച്ചൻ അതിരമ്പുഴയ്ക്കു വഞ്ചിയിൽ വരുമ്പോഴാണ് വേറൊരു കുന്നു കണ്ടത്.

നീലാകാശത്തേക്ക് ഒരു കൂപ്പുകൈ പോലെ നില്ക്കുന്ന കുന്ന്.

10

കാന്തമായ ഒരു തപസിന്റെ മൗനത്തിലാണ്ട കുന്ന്. വളക്കൂറിന്റെ മുഖലക്ഷണമുള്ള പച്ചക്കാടിന്റെ വല്മീകത്തിലാണു താപസൻ.

പോരൂക്കരയച്ചനും ചാവറയച്ചനും യാക്കോബും പരസ്പരം നോക്കി.

"വെള്ളവും വളക്കൂറുമുള്ള മണ്ണ്. കണ്ടില്ലേ കാടിന്റെ കടുംപച്ചനിറം അങ്ങു മുകളറ്റംവരെ," യാക്കോബ് പറഞ്ഞു.

വഞ്ചിനിന്നു. "മാന്നാനം കുന്ന്," വഞ്ചിക്കാരൻ പറഞ്ഞു.

"നമുക്കൊന്നു കുന്നുകയറി നോക്കിയാലോ?" യാക്കോബ് അഭിപ്രായപ്പെട്ടു.

"യാക്കോബേ, കല്യാണനിശ്ചയം കഴിഞ്ഞു പിന്നെയും പെണ്ണുകാണാൻ പോകുന്നതു മാന്യതയല്ല."

"കല്യാണനിശ്ചയം കഴിഞ്ഞ ഒരാൾ സന്യാസത്തിന് ഇറങ്ങിത്തിരിച്ചതുകൊണ്ട് ഒരു പെൺകുട്ടി രക്ഷപ്പെട്ടതായി കേട്ടിട്ടുണ്ട്," യാക്കോബ് പറഞ്ഞു.

"എന്നു പറഞ്ഞ്, സന്യാസി രക്ഷപ്പെടുന്നു. അതുപോട്ടെ. മാന്നാനം കുന്നിനെ മറന്നേക്കൂ. പുല്ലരിക്കുന്നിന്റെ കാര്യം ഇത്രയുമൊക്കെയായ സ്ഥിതിക്ക് ഇനി നമ്മൾ സമയം കളയണ്ട," പോരൂക്കരയച്ചൻ പറഞ്ഞു.

പുല്ലരിക്കുന്നിൽ ക്രൈസ്തവ ദേവാലയവും ആശ്രമവും പണിയുന്നതിന് ആർക്കെങ്കിലും എതിർപ്പുണ്ടോയെന്നു തഹസീൽദാർ വിജ്ഞാപനത്തിലൂടെ അന്വേഷിച്ചപ്പോഴാണ് പ്രശ്നമുയർന്നത്. കുമാരനല്ലൂർ ഭഗവതിയുടെ സങ്കേതമാണ് പുല്ലരിക്കുന്നെന്നും അതിനാൽ തങ്ങൾക്ക് എതിർപ്പുണ്ടെന്നും ക്ഷേത്രം ഊരാണ്മക്കാർ അറിയിച്ചു.

അപ്രതീക്ഷിതമായുണ്ടായ ആ എതിർപ്പ് കൊവേന്ത നിർമാണത്തിന് ഇറങ്ങിത്തിരിച്ചവരെ തളർത്തിക്കളഞ്ഞു. രണ്ടുവർഷം നീണ്ട അന്വേഷണത്തിനുശേഷം കണ്ടുപിടിച്ച ഇഷ്ടസ്ഥലമായിരുന്നു പുല്ലരിക്കുന്ന്. അതു വാങ്ങാനുള്ള നടപടികൾ ഏറെ പുരോഗമിക്കുകയും ചെയ്തതാണ്. എന്നാലിപ്പോൾ വഞ്ചി തിരുനക്കരെത്തന്നെ.

തടസവാദം ഉന്നയിക്കുന്ന ഊരാണ്മക്കാരെ എതിർത്തു തോല്പിക്കണമെന്ന ആവേശവുമായി പലരും മുന്നോട്ടുവന്നു. ഏറ്റുമാനൂരിൽനിന്ന് ഒജനാർ മേത്തർ എന്ന വ്യാപാരിപ്രമുഖൻ ഇക്കാര്യത്തിൽ അച്ചന്മാർക്ക് എന്തു പിന്തുണയും നല്കാൻ തയാറായി എത്തി.

എന്നാൽ, വഴക്കുവേണ്ട എന്ന നിലപാടിലായിരുന്നു അച്ചന്മാർ.

കൂട്ടത്തിൽ ഏറ്റവും ചെറുപ്പമായ ചാവറയച്ചനെ ചൂടാക്കാൻ കഴിഞ്ഞേക്കുമെന്നു ചിലർ പ്രതീക്ഷിച്ചു. പക്ഷേ, അവരുടെ ശ്രമം ഫലിച്ചില്ല. "നമുക്കങ്ങു തോറ്റുകൊടുക്കാം. ജയിക്കണമെന്ന സഹജമായ ആഗ്രഹത്തെ അങ്ങനെ നമുക്കു തോല്പിക്കാം. ദൈവത്തിനു മുന്നിൽ അതായിരിക്കും ജയം" - ചാവറയച്ചന്റെ പ്രതികരണം അങ്ങനെയായിരുന്നു.

"തോല്ക്കുന്നെങ്കിൽത്തന്നെ അത് അന്തസോടെയാകരുതോ? മാന്യമായ ഒരു ഒത്തുതീർപ്പ് ആയിക്കൂടേ? പിടിവാശിക്കും വേണം ഒരതിര്. ക്ഷമയ്ക്കും വേണം അതിര്."



“ക്ഷമയ്ക്ക് അതിരു കല്പിക്കരുത്. എന്നും എവിടെയും എല്ലാവരോടും എന്നാണ് ക്ഷമയുടെ പ്രമാണം,” ചാവറയച്ചൻ പറഞ്ഞു.

സദാ ആടിനെപ്പോലെ ശാന്തനായ ചാവറയച്ചനെ വഴക്കിനു പ്രേരിപ്പിക്കാൻ ശ്രമിച്ചതിൽ അവർക്കു സ്വയം പുച്ഛം തോന്നി.

പോരുക്കരയച്ചനും യാക്കോബും മാന്നാനം കുന്നിനെക്കുറിച്ചോർമിച്ചു. അന്വേഷണസംഘവും കുടമാളൂർക്കാരായ ചില സഹായികളും ഉടൻ അങ്ങോട്ടു തിരിച്ചു.

കുന്നിന്റെ അടിവാരത്തു താമസിക്കുന്ന കുടുംബത്തിന്റെ സഹായത്തോടെ അവർ കുന്നുകയറി. ഇടതൂർന്ന കുറ്റിക്കാടുകൾ കുന്നിന്റെ പടച്ചട്ടപോലെ ആരോഹകരെ ചെറുത്തു. കാടുകൾ ഒടിച്ചും വെട്ടിയും നീങ്ങിയ സംഘത്തെ അവരുടെ ആവേശം മുകളിലേക്കു കൊണ്ടുപോയി.

പകുതിവഴിയായപ്പോഴേക്കും ആവേശം ഇരട്ടിച്ചു. കാരണം, പ്രകൃതിയുടെ സൗന്ദര്യവിസ്തൃതി അവരുടെ മുന്നിൽ തുറക്കപ്പെടുകയായിരുന്നു. പടിഞ്ഞാറുനിന്നു കൊണ്ടുവന്ന കാറ്റു പുരട്ടി പ്രകൃതി അവരോട് അനുനയം തുടങ്ങുകയായിരുന്നു.

രണ്ടുവർഷമായി തങ്ങൾ അന്വേഷിച്ചിരുന്നത് ഈ മലയാണെന്ന് അവർ മനസിലാക്കുകയായിരുന്നു. കാടിന്റെ വല്മീകത്തിനുള്ളിൽ താൻ തപസിരുന്നത് ഈ പാദസ്പർശത്തിനുവേണ്ടിയായിരുന്നുവെന്ന് മലയും മനസിലാക്കുകയായിരുന്നു.

മലയുടെ കന്യാമണ്ണിലൂടെ അവർ മുകളിലേക്ക്, മുകളിലേക്കു നടന്നു.

മുകളറ്റം.

പെട്ടെന്ന് അവരുടെ കണ്ണുകൾ അനേകം കാതങ്ങൾ അകലേക്കു പറന്നു – തോടുകളും മലകളും പാടങ്ങളും കടന്ന് വേമ്പനാട്ടുകായലോളം.സൂര്യൻ ഒരു ചുവന്ന മുറിവായിത്തീരുന്ന വിശാല ചക്രവാളത്തോളം.

ദൈവമേ, ഇത്രയുംകാലം ഞങ്ങളറിയാതെ നീ ഞങ്ങളെ നടത്തിക്കൊണ്ടിരുന്നത് ആകാശത്തിനടുത്തു നീ സൂക്ഷിച്ച ഈ മനോഹര സ്ഥലിയിലേക്കായിരുന്നു, അല്ലേ? നിന്റെ വഴികൾ കൊടുംകാട്ടിലൂടെയും പാറക്കെട്ടിലൂടെയും മരുഭൂമിയിലൂടെയും ആയാലും അവയെല്ലാം നിന്റെ ഉദ്യാനത്തിലേക്കാണെന്ന് ഒരിക്കൽക്കൂടി എനിക്കു ബോധ്യപ്പെടുന്നു – ചാവറയച്ചൻ മനസിൽ പറഞ്ഞു.

ആ മലയുടെ മുകളിൽ, സന്ധ്യയ്ക്കു കീഴിലിരുന്ന് അവർ ദൈവത്തെ നമസ്കരിച്ചു.

അച്ചന്മാർക്കു സ്ഥലം ബോധിച്ചുവെന്നു മനസിലായപ്പോൾ സ്ഥലമുടമയ്ക്കു സന്തോഷമായി. പള്ളിക്കും ആശ്രമത്തിനുമായി തന്റെ സ്ഥലം തെരഞ്ഞെടുക്കപ്പെട്ടല്ലോ എന്നായിരുന്നു അയാളുടെ ചാരിതാർഥ്യം.

പുതിയ സ്ഥലത്തെക്കുറിച്ചുള്ള വിവരങ്ങളുമായി പിറ്റേന്നു തന്നെ സ്തബലീനി മെത്രാന്റെ പക്കലേക്ക് പോരുക്കരയച്ചൻ പുറപ്പെട്ടു. ഔദ്യോഗിക നടപടികൾ ഒരിക്കൽക്കൂടി ആവർത്തിക്കേണ്ടിയിരിക്കുന്നു.

അപേക്ഷയുമായി ഇത്തവണയും കൊല്ലത്തേക്കു പോയതു പോരുക്കരയച്ചൻ തന്നെ. കാര്യങ്ങൾ വേഗത്തിൽ നീങ്ങി. തഹസീൽദാർക്ക് അപേക്ഷയും നല്കി.

താത്കാലിക ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാടുവെട്ടിത്തെളിക്കാൻ തുടങ്ങി. അച്ചന്മാർക്ക് പിന്നെയങ്ങോട്ട് വിശ്രമമില്ലാത്ത ജോലിയായിരുന്നു. പണിക്കാർ, അവർക്കുവേണ്ട ഭക്ഷണസാധനങ്ങൾ, പണിയായുധങ്ങൾ ഒക്കെയും സംഘടിപ്പിച്ച് പണിസ്ഥലത്ത് എത്തിക്കണം. സമീപവാസികളുടെ സഹകരണം നല്ലവണ്ണം ലഭിച്ചതിനാൽ വലിയ പ്രയാസംകൂടാതെ എല്ലാം നടന്നുകൊണ്ടിരുന്നു.

പള്ളി പണിയുന്ന കുന്നിന് അച്ചന്മാർ സുറിയാനിയിൽ പുതിയൊരു പേരിട്ടു: ബേസ് റൗമ. സ്വർഗീയ ഭവനം എന്നർഥം.

കാടുതെളിക്കൽ വിഷമകരമായ ജോലിയായിരുന്നു. പണിക്കാർക്ക് ആവശ്യമായത്ര കുടിവെള്ളം ബേസ് റൗമയിൽ എത്തിക്കുക എന്നതുതന്നെ വിഷമകരം. കുന്നിൽ ഒരു കിണറുണ്ടായിരുന്നെങ്കിൽ എന്ന് എല്ലാവരും ആഗ്രഹിച്ചു. ദൈവം അനുഗ്രഹിച്ചാൽ ആ പ്രശ്നത്തിനും പരിഹാരമുണ്ടാവുമെന്നു ചാവറയച്ചൻ പണിക്കാരെ സമാധാനിപ്പിച്ചു. രണ്ടു ദിവസത്തിനുശേഷം, കാടുമൂടിക്കിടന്നൊരു കിണർ കുന്നിന്റെ മുകൾഭാഗത്തായി കണ്ടെത്തി. തൊഴിലാളികൾ ഉത്സാഹത്തോടെ കാടുവെട്ടിത്തെളിച്ചു കിണർ തേവി ശുദ്ധമാക്കിയെടുത്തു. ദാഹജലത്തിന്റെ പ്രശ്നത്തിന് അതോടെ പരിഹാരമായി.

ദിവസവും അതിരമ്പുഴയിൽ ദിവ്യബലി അർപ്പിച്ചശേഷമായിരുന്നു അച്ചന്മാർ ബേസ് റൗമയിൽ എത്തിയിരുന്നത്. പള്ളിപ്പുറം സെമിനാരിയിലെ കാര്യങ്ങളും നടക്കേണ്ടിയിരുന്നതിനാൽ പാലയ്ക്കൽ മല്പാന് അവിടെപ്പോകാൻ കഴിയാതിരുന്ന

ദിവസങ്ങളിൽ ചാവറയച്ചൻ സെമിനാരിക്കാര്യങ്ങൾ നോക്കിപ്പോന്നു.

ആയിടയ്ക്കാണ് സ്തബലീനി മെത്രാന് ആരോഗ്യപരമായ കാരണത്താൽ അർത്തുങ്കൽപ്പള്ളിയിൽനിന്നു കുടമാളൂർ പള്ളിയിലേക്കു താമസം മാറ്റേണ്ടിവന്നത്. മാന്നാനത്തെ പള്ളി പണിയുടെ വിവരങ്ങൾ അപ്പപ്പോൾ അറിഞ്ഞുകൊണ്ടിരിക്കാൻ അത് അദ്ദേഹത്തെ സഹായിച്ചു.

ദിവസവും അതിരമ്പുഴയിൽ പോയി കുർബാന ചൊല്ലി മാന്നാനത്തുവന്ന് പണികൾ നടത്തുന്നതു വൈദികർക്ക് ബുദ്ധിമുട്ടായതിനാൽ ബേസ് റൗമയിൽ താത്കാലികമായി ഓലകൊണ്ട് ഒരു കുരിശുപുര കെട്ടി കുർബാന ചൊല്ലുവാൻ അവർ മെത്രാനച്ചന്റെ അനുവാദം തേടി. ഓലകൊണ്ടു കെട്ടാതെ കല്ലുകൊണ്ടു ചെറിയൊരു കുരിശുപുര നിർമിച്ചു കുർബാന ചൊല്ലുവാൻ മെത്രാൻ അനുമതി നല്കി.

മലയാളം വായിക്കുന്നതിലും എഴുതുന്നതിലും തത്പരനായിരുന്നു ഐറിഷുകാരനായ മെത്രാനച്ചൻ. അച്ചന്മാർ മുതൽപ്പടിക്കാരനു കൊടുക്കാൻ വേണ്ടി തയാറാക്കിക്കൊണ്ടിരുന്ന ഒരു കത്ത് കണിയാന്തറ യാക്കോബിന്റെ കൈവശം കണ്ട മെത്രാനച്ചൻ ആ കത്ത് സ്വന്തം കൈയക്ഷരത്തിൽ എഴുതിപ്പൂർത്തിയാക്കി കൊടുത്തയയ്ക്കുകപോലും ചെയ്തു.

കാര്യങ്ങൾ നടത്തുന്നതിൽ വളരെ സമർഥനായിരുന്നു കണിയാന്തറ യാക്കോബ്. തഹസീൽദാർഓഫീസിൽനിന്നും മറ്റും സാധിക്കേണ്ട കാര്യങ്ങൾ പണച്ചെലവില്ലാതെതന്നെ അദ്ദേഹം സാധിച്ചെടുത്തു. അദ്ദേഹവും ചാവറയച്ചനുംകൂടി കുന്നിലെ പണികൾക്കു മേൽനോട്ടം വഹിച്ചു.

ഏറെ യാത്രകൾ നടത്താനുള്ള ആരോഗ്യം ചാവറയച്ചന് ഇല്ലാതിരുന്നതിനാൽ ഇടവകകൾതോറും പിരിവു നടത്തി പണവും നെല്ലും മറ്റും കൊണ്ടുവരുന്ന ജോലി പോരൂക്കരയച്ചൻ ഏറ്റെടുത്തു.

പള്ളി പണിയാൻ ഔദ്യോഗികമായി അന്തിമ അനുമതി വന്നതോടെ കാര്യങ്ങൾ കൂടുതൽ വേഗത്തിൽ പുരോഗമിക്കയായി. എത്രയുംവേഗം കുരിശു സ്ഥാപിച്ചുകൊള്ളാൻ മെത്രാനച്ചൻ നിർദേശിച്ചു.

കുന്നിന്റെ അടിവാരത്ത് ചിറ്റേഴത്ത് ഈച്ചിരൻ എന്നയാൾ വിട്ടുകൊടുത്ത കളപ്പുരയിലായിരുന്നു മിക്കവരുടെയും താമസവും ഭക്ഷണവും. തയ്യിൽ തരകൻ കൊടുത്ത മരംകൊണ്ട് ഒരു കുരിശു നിർമിച്ച് കളപ്പുരയിൽവച്ചു പോരൂക്കരയച്ചൻ വെഞ്ചരിച്ചു.

മരങ്ങളും പുല്ലുകളും പൂത്തുനിന്ന മേടമാസത്തിലെ ഒരു ദിവസമായിരുന്നു അത്. ധാരാളം ആളുകൾ എത്തി. സന്ധ്യയായപ്പോൾ എല്ലാവരും ചേർന്ന് കൊട്ടും ഘോഷവുമായി പൂമണത്തിന്റെയും പടിഞ്ഞാറൻ കാറ്റിന്റെയും അകമ്പടിയോടെ കുന്നിൻ മുകളിലേക്കു കയറി. കുരിശു സ്ഥാപിച്ചപ്പോൾ മൂന്നു വൈദികരുടെയും അനേകം സ്ഥലവാസികളുടെയും ഹൃദയങ്ങൾ ദൈവത്തിൽ ഒന്നുചേർന്നു. സകലപുണ്യവാന്മാരുടെ ലുത്തിനിയയിൽ കലർന്ന് രാത്രി ബേസ് റൗമയുടെ മുകളിൽനിന്ന് താഴേക്കു പടർന്നു.

പെട്ടെന്ന് ആൾക്കൂട്ടത്തിൽനിന്ന് ഒരാളുടെ നിലവിളി ഉയർന്നു. അയാളെ പാമ്പുകടിച്ചിരിക്കുന്നു. എല്ലാവർക്കും പരിഭ്രമമായി. അയാളെ എത്രയുംവേഗം താഴേക്കു കൊണ്ടുപോകാനുള്ള ശ്രമമായി. എന്നാൽ അല്പം നടന്നതോടെ അയാൾ തീരെ അവശനായിത്തീർന്നു. ഒരു വിധത്തിൽ താഴെയെത്തിച്ചു. പക്ഷേ, അടുത്തെങ്ങും വിഷഹാരി ഉണ്ടായിരുന്നില്ല. പോരൂക്കരയച്ചൻ രോഗിയുടെമേൽ വിശുദ്ധജലം തളിച്ചുകൊണ്ട് പറഞ്ഞു: "എങ്ങും കൊണ്ടുപോകേണ്ട. എല്ലാവരും പ്രാർഥിച്ചാൽ മതി."

ആളുകൾ പ്രാർഥിച്ചു. രോഗിയെ വിഷഹാരിയുടെ പക്കൽ കൊണ്ടുപോയതുമില്ല.

നേരം പുലർന്നപ്പോഴേക്കും രോഗി പൂർണ സൗഖ്യം പ്രാപിച്ചു.

11

ബേസ് റൗമയിൽ കുരിശ് ഉയർന്നതു മുതൽ ആളുകൾ അവിടേക്കു ധാരാളമായി എത്തിക്കൊണ്ടിരുന്നു. പുതിയൊരു പുണ്യസങ്കേതം കണ്ടെത്തിയ മട്ടിലായിരുന്നു ആളുകൾ.

കുരിശിനു സമീപം ജോലിക്കാർക്കായി ഒരു പന്തൽ കെട്ടി. അവിടത്തെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പകൽ മുഴുവൻ അവർ മല തെളിക്കും. സന്ധ്യയ്ക്ക് സകല പുണ്യവാന്മാരുടെ ലുത്തിനിയ.

പുണ്യത്തിന്റെ പർവതങ്ങൾ താണ്ടി സ്വർഗത്തിന്റെ നിത്യതയിലേക്കു കയറിപ്പോയ മുഖ്യപിതാക്കളും ദീർഘദർശികളുമായ വിശുദ്ധർ, കർത്താവിന്റെ ശിഷ്യരായ വിശുദ്ധർ, വേദസാക്ഷികളായ വിശുദ്ധർ, വേദശാസ്ത്രികളായ വിശുദ്ധർ, ഗുരുക്കന്മാരും ആചാര്യരും സന്യാസികളും തപോധനന്മാരുമായ വിശുദ്ധർ, കന്യകകളും വിധവകളുമായ പുണ്യവതികൾ... അവരുടെ രാപകലുകളില്ലാത്ത ലോകത്തേക്ക്, അവസാനമില്ലാത്ത ചിദാനന്ദത്തിലേക്ക്, ബേസ് റൗമയിലെ വിയർപ്പിന്റെ ഗന്ധമുള്ള സന്ധ്യകൾ കൈകൂപ്പി: ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ... ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ...

ബേസ് റൗമയിൽ കപ്പേള പണിയാൻ മെത്രാനച്ചൻ അനുവദിച്ചതനുസരിച്ച് ഉടൻ തന്നെ കപ്പേള നിർമാണം തുടങ്ങി.

കപ്പേളയുടെ പണി തീരുംമുമ്പു തന്നെ ആശ്രമത്തിന്റെ ശിലാസ്ഥാപനം നിശ്ചയിച്ചു. 1831 മേയ് 11നു സ്തബലീനി മെത്രാൻ ശിലാസ്ഥാപനം നിർവഹിക്കാനായിരുന്നു തീരുമാനം.

ആ ദിവസം അടുത്തപ്പോഴേക്കും മെത്രാനച്ചന്റെ അസുഖം വർധിച്ചു. എന്നാൽ ഇടവകകളിലേക്കെല്ലാം ക്ഷണക്കത്ത് അയച്ചുപോയിരുന്നതിനാൽ തീയതി മാറ്റുക അപ്രായോഗികമായിരുന്നു. അതുകൊണ്ട് താൻ എത്താമെന്നു മെത്രാനച്ചൻ സമ്മതിച്ചു. തലേദിവസം വൈകുന്നേരത്തോടെ അദ്ദേഹത്തെ മലമുകളിലേക്കു ചുമന്നു കയറ്റി. അദ്ദേഹത്തിനു കിടക്കുവാനായി ഒരു ഓലപ്പുര നിർമിച്ചിരുന്നു. അദ്ദേഹം ഓലപ്പുരയിലും മറ്റുള്ളവർ പന്തലിലുമായി കിടന്നു.

നേരം പുലർന്നപ്പോൾ മെത്രാനച്ചന്റെ അസുഖം കലശലായിക്കഴിഞ്ഞിരുന്നു. അദ്ദേഹത്തിന് എഴുന്നേറ്റു നിൽക്കുവാൻപോലും വയ്യാത്ത സ്ഥിതി.

ഈ സ്ഥിതിയിൽ, ശിലാസ്ഥാപനം പാലയ്ക്കലച്ചൻ നിർവഹിക്കട്ടെയെന്നു മെത്രാൻ പറഞ്ഞു. എങ്കിൽ പോരൂക്കരയച്ചനാകട്ടെ എന്നായിരുന്നു പാലയ്ക്കലച്ചന്റെ മറുപടി. പോരൂക്കരയച്ചനും പാലയ്ക്കലച്ചനും തമ്മിൽ കുറെ തർക്കിച്ചശേഷം പോരൂക്കരയച്ചൻ തന്നെ എന്നു തീരുമാനമായി.

ആശ്രമം ആരുടെ നാമധേയത്തിലായിരിക്കണമെന്ന് അതുവരെ തീരുമാനിച്ചിട്ടില്ലായിരുന്നു. സ്നാപക യോഹന്നാന്റെ പേരാണ് മെത്രാൻ നിർദേശിച്ചത്. എന്നാൽ വിശുദ്ധ ദൊമിനിക്കോസിന്റെ സഭക്കാരുടെ സന്യാസ ജീവിതത്തിൽ ആകൃഷ്ടനായിരുന്ന പാലയ്ക്കൽ മല്പാൻ ആ വിശുദ്ധന്റെ പേരിലാവാം ആശ്രമം എന്നു പറഞ്ഞു. വിശുദ്ധ യൗസേപ്പിന്റെ ഉറച്ച ഭക്തനായ പോരൂക്കരയച്ചനാവട്ടെ യൗസേപ്പുപിതാവിന്റെ പേരു മുന്നോട്ടു വച്ചു. ഉടനെ മെത്രാനച്ചനും പാലയ്ക്കൽ മല്പാനും ഇതു സമ്മതിക്കുകയും ചെയ്തു. അങ്ങനെ മൗറേലിയൂസ് സ്തബലീനി മെത്രാപ്പോലീത്തയുടെ സാന്നിധ്യത്തിൽ 1831 മേയ് 11ന് മാന്നാനം ബേസ്റൗമയിൽ വിശുദ്ധ യൗസേപ്പുപിതാവിന്റെ നാമത്തിൽ ആശ്രമത്തിന് പോരൂക്കര തോമാ അച്ചൻ അടിസ്ഥാന ശിലയിട്ടു. പാലയ്ക്കൽ തോമാ മല്പാനും ചാവറ കുര്യാക്കോസ് അച്ചനും, ആത്മാവിൽപുളകം അണിഞ്ഞുനിന്ന ആ ദിവ്യമുഹൂർത്തത്തിന് അനേകം വൈദികരും അല്മായരും സാക്ഷ്യം വഹിച്ചു.

അസുഖം വഷളായിക്കഴിഞ്ഞിരുന്നതിനാൽ മെത്രാനച്ചൻ അപ്പോൾത്തന്നെ കുടമാളൂരിലേക്കു പോയി.

രണ്ടാഴ്ചയ്ക്കുശേഷമാണ് കപ്പേളയുടെ പണി പൂർത്തിയായത്. പെന്തക്കുസ്താ ദിനത്തിൽ കപ്പേള വെഞ്ചരിച്ചു ദിവ്യബലി അർപ്പിച്ചു. ചടങ്ങിൽ എത്തിയിരുന്ന എല്ലാ വൈദികരും ഓരോ രൂപ നേർച്ചയിട്ടതു വഴി അമ്പതിലധികം രൂപ ലഭിച്ചു. പിറ്റേന്നു തന്നെ ആശ്രമത്തിന്റെ പണി തുടങ്ങി. കണിയാന്തറ യാക്കോബ് പണികൾക്ക് വിദഗ്ധമായ മേൽനോട്ടം നൽകി.

ആശ്രമ നിർമാണം കാര്യമായ മുടക്കമില്ലാതെ നടക്കുമ്പോഴാണ് സ്തബലീനി മെത്രാപ്പോലീത്തയ്ക്കു യൂറോപ്പിലേക്കു സ്ഥലം മാറ്റമുണ്ടായത്. മെത്രാനച്ചനെ അർത്തുങ്കൽപള്ളിലേക്ക് താമസം മാറാൻ പ്രേരിപ്പിച്ചതു പാലയ്ക്കൽ മല്പാനും പോരൂക്കരയച്ചനും ചാവറയച്ചനും ചേർന്നാണെന്ന തെറ്റിദ്ധാരണയാൽ പത്തു ലത്തീൻ പള്ളികൾ ഈ വൈദികരെ ബഹിഷ്കരിക്കാൻ തീരുമാനിച്ചിരുന്നു. ഒരു വിഭാഗം ആൾക്കാർ ഇപ്പോഴും തന്നോടു വിരോധം വച്ചു പുലർത്തുന്നുവെന്നതിലും അതിന്റെ പേരിൽ മൂന്നു വൈദികർക്കെതിരേ ബഹിഷ്കരണം പ്രഖ്യാപിച്ചുവെന്നതിലും മനംനൊന്ത മെത്രാനച്ചൻ സ്ഥലംമാറ്റത്തിന് അപേക്ഷിക്കയായിരുന്നു.

സ്തബലീനി മെത്രാപ്പോലീത്തയുടെ സ്ഥലംമാറ്റം മൂന്നു വൈദികരെയും വല്ലാതെ വേദനിപ്പിച്ചു. ആശ്രമം സ്ഥാപിക്കു

ന്നതിന് അനുവാദം മാത്രമല്ല സഹായവും പ്രോത്സാഹനവും അദ്ദേഹം നൽകി. അദ്ദേഹത്തിനു തങ്ങളെക്കുറിച്ചുണ്ടായിരുന്ന മതിപ്പും പിതൃതുല്യമായ വാത്സല്യവും അവർക്ക് ഒരിക്കലും മറക്കാവതായിരുന്നില്ല.

മെത്രാനച്ചനെ യാത്രയാക്കാൻ പാലയ്ക്കലച്ചനോടൊത്തു പള്ളിപ്പുറത്തു നിന്നു ചാവറയച്ചനും മാന്നാനത്തുനിന്നു പോരൂക്കരയച്ചനോടൊപ്പം യാക്കോബും അർത്തുങ്കൽ പള്ളിയിൽ എത്തി. അനേകം പള്ളികളിൽ നിന്നും വൈദികരും അല്മായ പ്രതിനിധികളും എത്തിയിരുന്നു.

മെത്രാനച്ചനോടു യാത്ര പറയാൻ കടന്നുചെന്നപ്പോഴേക്കും ചാവറയച്ചന്റെ ശരണമെല്ലാം കെട്ടിരുന്നു. മറ്റു രണ്ട് അച്ചന്മാരും ഈ അവസ്ഥയിൽത്തന്നെയായിരുന്നു. മൂന്ന് അച്ചന്മാരും കരഞ്ഞുപോയി. വയോവൃദ്ധിയുടെ അനുഗ്രഹങ്ങളും വാത്സല്യവും തളംകെട്ടിയ കുഴിഞ്ഞ വെള്ളാരങ്കണ്ണുകളിലും നീർ പടർന്നു. ചുളിഞ്ഞു വിളറിയ തോലിനുമീതേ നീല ധമനികൾ എഴുന്നു നിൽക്കുന്ന മെല്ലിച്ച കൈകളുയർത്തി അദ്ദേഹം അവരെ ആശീർവദിച്ചു. ബേസ് റൗമയുടെ മുകളിൽ ഉയർന്നു വരുന്ന കൊവേന്തയുടെ രൂപം അദ്ദേഹത്തിന്റെ മനസിൽ തെളിഞ്ഞിരിക്കാം.

''ദൈവത്തിന്റെ പദ്ധതികൾ വളരെ വളരെ വലുതാണ്. നമുക്ക് ഊഹിക്കാൻ പോലും വയ്യാത്തത്ര വലുത്. അവയിൽ ഭാഗമാകാനേ നമുക്കാവൂ. നമുക്ക് വളരെ അപ്പുറമായിരിക്കും അവ പൂർത്തിയാവുന്നത്. നമ്മൾ കാത്തു നിൽക്കേണ്ടതില്ല,''മെത്രാനച്ചൻ പറഞ്ഞു.

മെത്രാനച്ചനെ വഹിച്ചുകൊണ്ടു വില്ലുവണ്ടി കടപ്പുറത്തേക്ക് നീങ്ങി. പിന്നാലെ അച്ചന്മാർ നടന്നു ചെന്ന് അദ്ദേഹത്തോടൊപ്പം വഞ്ചിയിൽക്കയറി. കേരളക്കരയെ അദ്ദേഹം സ്നേഹത്തോടെ ഒരിക്കൽകൂടി നോക്കി. സ്നേഹം കണ്ണുകളിൽ നീർത്തുള്ളികളായി.

സ്നേഹം അവസാനം ഒരു കണ്ണീർത്തുള്ളിയാണ്.

വഞ്ചി കപ്പലോളം എത്തി. അദ്ദേഹം കപ്പലിലേക്കു കയറി.സന്നദ്ധനായ ഒരു നാവികനെപ്പോലെ കാറ്റു തിരക്കുകൂട്ടി.

കപ്പലിന്റെ പായ വിരിഞ്ഞു. നങ്കൂരം ഉയർന്നു. കപ്പലിന്റെ അരികുകളിൽ ഓളങ്ങൾ വെമ്പൽ പുണ്ടു.

സ്തബലീനി മെത്രാപ്പോലീത്തയുമായി പായ്ക്കപ്പൽ പടിഞ്ഞാറേക്കു നീങ്ങി.

12

സ്തബലീനി മെത്രാപ്പോലീത്തയുടെ പിൻഗാമിയായി എത്തിയതു ഫ്രാൻസിസ് സേവ്യർ മെത്രാപ്പോലീത്തയാണ്. പണ്ടു മിഷനറിയായി വരാപ്പുഴയിൽ സേവനം ചെയ്തിട്ടുള്ള പുതിയ മെത്രാപ്പോലീത്തയെ പാലയ്ക്കൽ മല്പാൻ വരാപ്പുഴ അരമനയിൽ സന്ദർശിച്ചു. പഴയ മെത്രാനച്ചന്റെ സെക്രട്ടറിയായിരുന്ന മല്പാനച്ചനെ കണ്ടപ്പോൾ തനിക്കൊരു സെക്രട്ടറിയെ സംഘടിപ്പിച്ചു തരണമെന്ന് മെത്രാപ്പോലീത്ത ആവശ്യപ്പെട്ടു. മംഗലത്തു ചാണ്ടിയച്ചനെ മല്പാനച്ചൻ ഏർപ്പെടുത്തിക്കൊടുക്കുകയും ചെയ്തു.

ചാവറയച്ചനും പോരൂക്കരയച്ചനും ഇടയ്ക്കിടെ പുതിയ മെത്രാനച്ചനെ സന്ദർശിച്ചുപോന്നു.

ആ ബന്ധത്തിൽ വിള്ളൽ വീഴാൻ താമസമുണ്ടായില്ല. പാലയ്ക്കൽ - പോരൂക്കര - ചാവറ വൈദികത്രയത്തോട് വിരോധമുണ്ടായിരുന്നവർ മെത്രാന്റെ ചെവി കടിക്കുന്നുണ്ടായിരുന്നു. കൊവേന്ത നിർമാണത്തിന്റെ പേരിൽ ഈ അച്ചന്മാർ പണം പിരിച്ചു സ്വന്തം കുടുംബങ്ങളിലേക്കു കൊണ്ടുപോകുന്നുവെന്നുവരെ അവർ ആരോപിച്ചു.

മാന്നാനത്തായിരുന്ന ചാവറ, പോരൂക്കരയച്ചന്മാരെയും പള്ളിപ്പുറത്തു നിന്നു മല്പാനച്ചനെയും മെത്രാൻ അരമനയിലേക്കു വിളിച്ചുവരുത്തി. കൊവേന്ത നിർമാണത്തെക്കുറിച്ച് അവരെ അദ്ദേഹം ചോദ്യം ചെയ്തു. മറുപടികളിൽ കുറ്റമൊന്നും മണക്കാൻ കഴിയാതെ വന്നപ്പോൾ മെത്രാൻ ചോദിച്ചു:

"ആരുടെ അനുവാദത്തോടെയാണ് നിങ്ങൾ കൊവേന്ത ആരംഭിച്ചത്?"

"സ്തബലീനി മെത്രാപ്പോലീത്തയുടെ."

"രേഖാമൂലമായ അനുവാദമാണ് എനിക്കു കാണേണ്ടത്. രേഖാമൂലം."

പിറ്റേന്നുതന്നെ പോരൂക്കരയച്ചൻ, സ്തബലീനി മെത്രാൻ എഴുതി നൽകിയിരുന്ന അനുമതിപത്രവുമായി ഫ്രാൻസിസ് സേവ്യർ മെത്രാനെ കണ്ടു.

മെത്രാൻ അതു വായിച്ചുനോക്കിയശേഷം മടക്കിനൽകുക മാത്രം ചെയ്തു. ഒന്നും മിണ്ടിയില്ല.

ഒരാഴ്ചയ്ക്കുശേഷം മാന്നാനത്തു ചാവറയച്ചന് മെത്രാനച്ചന്റെ ഒരു കത്തു കിട്ടി. ചാവറയച്ചനെ തെക്കൻ പള്ളിപ്പുറം പള്ളിയിൽ വികാരിയായി സ്ഥലം മാറ്റിക്കൊണ്ടുള്ളതായിരുന്നു കത്ത്. അച്ചൻ ഞെട്ടിപ്പോയി.

സ്ഥലം മാറിയാൽ മാന്നാനത്തെ പണികളെല്ലാം മുടങ്ങും. മല്പാനച്ചൻ പള്ളിപ്പുറം സെമിനാരിയിൽ സുഖമില്ലാതെ കഴിയുകയാണ്. പോരൂക്കരയച്ചനാവട്ടെ പിരിവിനുവേണ്ടി സദാ യാത്രയിലുമാണ്. കണിയാന്തറയ്ക്കുമാത്രമായി വഹിക്കാവുന്ന ജോലിയല്ല മാന്നാനത്തുള്ളത്.

മെത്രാനെ കണ്ടു കാര്യങ്ങൾ ബോധിപ്പിക്കാൻ പോരൂക്കരയച്ചനുമായി ആലോചിച്ചു ചാവറയച്ചൻ തീരുമാനിച്ചു.

പിറ്റേന്നുതന്നെ ചാവറയച്ചൻ വരാപ്പുഴ അരമനയിലെത്തി. മെത്രാന്റെ കരം ചുംബിച്ചശേഷം പറഞ്ഞു: "എന്നെ പള്ളിപ്പുറം വികാരിയായി നിയമിച്ചുകൊണ്ടുള്ള പിതാവിന്റെ കത്തു കിട്ടി. ദയവുചെയ്ത് അതു റദ്ദാക്കണം."

മെത്രാൻ കടുപ്പിച്ചൊന്നു നോക്കി.

"ഞാൻ മാറിയാൽ ആശ്രമംപണി മുടങ്ങും. മല്പാനച്ചനു സെമിനാരിയിൽ നിന്നു മാറിനിൽക്കാൻ സമയമില്ല. പോരൂക്കരയച്ചനാവട്ടെ പള്ളികളിലും വീടുകളിലും പിരിവിനായി എപ്പോഴും യാത്രയിലുമാണ്. ദയവുചെയ്ത് വികാരിത്തത്തിൽ നിന്ന് എന്നെ ഒഴിവാക്കണം."

മെത്രാനച്ചന്റെ ശരീരത്തിലെ രക്തം മുഴുവൻ അദ്ദേഹത്തിന്റെ മുഖത്തേക്കെത്തിയെന്നു തോന്നി.

"കല്പന കല്പനയാണ്." ചുമന്ന മുഖം ചലിച്ചു.

"പിതാവേ, ഞാൻ പറയുന്നത്.."

"ഞാനാണു പറയുന്നത്. അത് അനുസരിച്ചാൽ മതി."

കാര്യത്തിന്റെ ഗൗരവം മെത്രാനച്ചനു മനസിലായിട്ടില്ലെന്നുണ്ടോ? ചാവറയച്ചൻ വിക്കിവിക്കിപ്പറഞ്ഞു: "മാന്നാനത്തെ പണികൾ മുടങ്ങും. അതുകൊണ്ടാണ്..."

"അനുസരണം എന്തെന്ന് അറിയില്ല, അല്ലേ! തന്നിഷ്ടം നടക്കണം അല്ലേ!" മെത്രാൻ വിറയ്ക്കുകയായിരുന്നു.

"പിതാവേ, ക്ഷമിക്കണം." അച്ചൻ കരച്ചിലിന്റെ വക്കത്ത് എത്തിയിരുന്നു.

"പോകൂ ഇവിടന്ന്!" മെത്രാൻ ഗർജിച്ചു.

ചാവറയച്ചൻ മടങ്ങി. പിറ്റേദിവസം തെക്കൻ പള്ളിപ്പുറം പള്ളിയുടെ ചുമതല ഏറ്റെടുത്തു.

ആശ്രമനിർമാണം ഏതുവിധേനയും നടത്തണമല്ലോ. സംഭാവനപ്പിരിവിനുവേണ്ടിയുള്ള യാത്രകൾ ചുരുക്കി പോരൂക്കരയച്ചൻ കൊവേന്തയുടെ നിർമാണ മേൽനോട്ടം വഹിക്കാൻ തുടങ്ങി. വിശ്രമം തീരെക്കുറവ്. അദ്ദേഹം അധ്വാനിച്ചുകൊണ്ടിരുന്നു.

അപ്പോഴാണു രണ്ടാമത്തെ പ്രഹരമുണ്ടായത്: പോരൂക്കരയച്ചനെ കൊല്ലം പ്രദേശത്തെ പള്ളികളുടെ ചുമതലയേൽപ്പിച്ചുകൊണ്ടു മെത്രാനച്ചന്റെ ഉത്തരവു വന്നു.

മാന്നാനത്തെ നടുക്കം പള്ളിപ്പുറം സെമിനാരിയിലും തെക്കൻ പള്ളിപ്പുറം പള്ളിയിലും അതേ ശക്തിയോടെ ഉണ്ടായി. കൊവേന്ത നിർമാണം അവസാനിക്കുകയാണെന്നു വൈദികത്രയത്തിനു തോന്നി.

മെത്രാന്റെ മനസു മാറ്റാൻ പോരൂക്കരയച്ചൻ ഒരു ശ്രമം നടത്തണോ? വേണ്ട. ചാവറയച്ചനുണ്ടായ അനുഭവം അദ്ദേഹത്തെ ആ ആലോചനയിൽ നിന്നു പിന്തിരിപ്പിച്ചു.

"പത്തേന്തി സ്വീകരിച്ച് പൊയ്ക്കൊള്ളൂ. മേല്പട്ടക്കാരനെ മറുതലിക്കേണ്ട. ദൈവതിരുമനസെന്നു കരുതിയാൽ മതി". പാലയ്ക്കലച്ചനും ഉപദേശിച്ചു. പോരൂക്കരയച്ചൻ കൊല്ലത്തേക്കു യാത്രയായി.

ബേസ് റൗമ നിശബ്ദമായി.

13

കൊവേന്തനിർമാണം എങ്ങനെയും തുടരണമെന്നു മൂന്നു വൈദികരും ആഗ്രഹിച്ചു. കണിയാന്തറ യാക്കോബ് സമർഥനാണെങ്കിലും അദ്ദേഹത്തിനു മാത്രമായി എന്തു ചെയ്യാൻ കഴിയും?

പാലയ്ക്കൽ മല്പാന്റെ അനന്തരവനായ ഒരു നവവൈദികൻ പള്ളിജോലിയൊന്നും ലഭിക്കാതെ പള്ളിപ്പുറത്തുണ്ടായിരുന്നു. വർക്കിയച്ചനെ മാന്നാനത്ത് അയച്ചു യാക്കോബിനെ സഹായിക്കാമെന്നു മല്പാൻ തീരുമാനിച്ചു. എല്ലാവർക്കും

അതു സന്തോഷമായി. കഴിയുമ്പോഴൊക്കെ ചാവറയച്ചനും മാന്നാനത്തു പൊയ്ക്കൊണ്ടിരുന്നു.

ഒരു തവണ ചാവറയച്ചനു മാന്നാനത്തു രണ്ടു മൂന്നാഴ്ച തുടർച്ചയായി താമസിക്കേണ്ടിവന്നു. തെക്കൻ പള്ളിപ്പുറം പള്ളിയിലെ കാര്യങ്ങൾ നോക്കാൻ അദ്ദേഹം വർക്കിയച്ചനെ മാന്നാനത്തുനിന്ന് അവിടേക്കയച്ചു.

മൂന്നു നോയമ്പിന്റെ കാലത്താണു വർക്കിയച്ചൻ തെക്കൻ പള്ളിപ്പുറത്ത് എത്തുന്നത്. നോയമ്പിന്റെ നേർച്ച വിളമ്പുന്ന സമയത്ത് വലിയ ജനത്തിരക്കുണ്ടായി. ഉന്തും തള്ളും നടന്നു. വർക്കിയച്ചൻ ഒരു ചൂരൽവടിയുമായി നടന്ന് ആളുകളെ നിയന്ത്രിക്കാൻ ശ്രമിച്ചു. പ്രശ്നങ്ങളുണ്ടാക്കിയ ചിലരെ അച്ചൻ ചൂരൽകൊണ്ട് അടിക്കുകയും ചെയ്തു.

അടിയേറ്റവരിലൊരാൾ സ്ഥലത്തെ വലിയൊരു കുടുംബക്കാരനായിരുന്നു. അയാളും കുടുംബക്കാരും പരാതിയുമായി മെത്രാനെ സമീപിച്ചു. തങ്ങളുടെ വികാരിയായ ചാവറയച്ചൻ മാന്നാനത്തു പോയി താമസിച്ച സാഹചര്യത്തിലാണു മാന്യനായ പരാതിക്കാരന് ആളുകളുടെ മുന്നിൽവച്ചു വെറുമൊരു കൊച്ചച്ചന്റെ തല്ലുകൊള്ളേണ്ടിവന്നതെന്നും പരാതിയിൽ ചേർത്തിരുന്നു.

മെത്രാൻ ഉടൻതന്നെ വർക്കിയച്ചനെയും പാലയ്ക്കൽ മല്പാനെയും മാന്നാനത്തുനിന്നു ചാവറയച്ചനെയും വിളിപ്പിച്ചു. ചാവറയച്ചൻ യാതൊരു കാരണവശാലും ഇടവകയിൽനിന്ന് എട്ടു ദിവസത്തിൽക്കൂടുതൽ മാറിനിൽക്കാൻ പാടില്ലെന്ന് അദ്ദേഹത്തിനുള്ള കത്തിൽ പറഞ്ഞിരുന്നു.

ചാവറയച്ചൻ വരാപ്പുഴയിൽ എത്തുമ്പോഴേക്കും 'വലിയ കുടുംബക്കാരൻ' പരാതി പിൻവലിച്ചിരുന്നു. അതിനാൽ ആശ്വാസത്തോടെയാണ് അച്ചൻ മെത്രാനെ കാണാൻ ചെന്നത്.

മെത്രാന്റെ കൈമുത്തി ചാവറയച്ചൻ കാത്തുനിന്നു. മെത്രാനച്ചൻ ചോദ്യഭാവത്തിൽ നോക്കി.

"പിതാവിന്റെ കല്പന കിട്ടിയിരുന്നു. മാന്നാനത്ത് അത്യാവശ്യമായി പണികൾ നടക്കുന്നതുകൊണ്ടാണ് പള്ളിയിൽനിന്നു മാറിനിൽക്കേണ്ടിവന്നത്. പണികൾ തുടരാതിരിക്കുവാനും വയ്യ. അതുകൊണ്ട്..."

"അതുകൊണ്ട്?"

"എന്നെ വികാരിസ്ഥാനത്തുനിന്ന് ഒഴിവാക്കി മാന്നാനത്തേക്ക് അയയ്ക്കണം. വികാരിയായി വർക്കിയച്ചനെ വച്ചാൽ നന്നാവും. കൊച്ചച്ചനെങ്കിലും നല്ല പ്രാപ്തിയുള്ള ആളാണ്," ചാവറയച്ചൻ പറഞ്ഞു.

"വിലയിരുത്തലുകളും തീരുമാനങ്ങളും ഞാൻ നടത്തിക്കൊള്ളാം."

"ആശ്രമംപണി മുടങ്ങരുതെന്നു വിചാരിച്ചാണ്..."

"ധിക്കാരത്തിന് അവസാനമില്ല, അല്ലേ! മേല്പട്ടക്കാരനോടാണ് സംസാരിക്കുന്നതെന്ന് അറിഞ്ഞുകൂടാ! പട്ടം മുടക്കാൻ വേറൊരു കാരണം വേണ്ട!" മെത്രാന്റെ ശബ്ദത്തിൽ മുറികുലുങ്ങി.

ചാവറയച്ചൻ വിറച്ചുപോയി. വിറയലോടെ മെത്രാന്റെ കൈമുത്തി അദ്ദേഹം അരമന വിട്ടു.

14

ഫ്രാൻസിസ് സേവ്യർ മെത്രാപ്പോലീത്ത അങ്ങനെയൊരു നിലപാടെടുത്തത് എന്തിനെന്നറിയില്ല. ഒരുപക്ഷേ, സന്യാസജീവിതത്തിന് ഒരുങ്ങുന്ന ആ വൈദികരെ അദ്ദേഹം പരീക്ഷിക്കുകയായിരുന്നിരിക്കാം. അല്ലെങ്കിൽ അദ്ദേഹത്തിലൂടെ ദൈവം അവരെ പരീക്ഷിച്ചതാവാം. കുരുക്ക് ദൈവം തന്നെ അഴിച്ചു.

ഏതാനും ആഴ്ചകൾക്കു ശേഷം വർക്കിയച്ചനെ തെക്കൻ പള്ളിപ്പുറം പള്ളിയുടെ വികാരിയായി നിയമിച്ചുകൊണ്ടു മെത്രാനച്ചൻ കല്പന പുറപ്പെടുവിച്ചു. ചാവറയച്ചനു മുഴുവൻ സമയവും ആശ്രമനിർമാണത്തിനുവേണ്ടി ചെലവഴിക്കാമെന്നായി.

മുടങ്ങിപ്പോയ ജോലികൾ പൂർത്തിയാക്കുവാനായി ചാവറയച്ചൻ വിശ്രമമറിയാതെ അധ്വാനിച്ചു. ബേസ് റൗമയുടെ സന്ധ്യകൾ വീണ്ടും സകലപുണ്യവാന്മാരുടെ ലുത്തിനിയയിൽ അലിഞ്ഞു:

"ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ... അപേക്ഷിക്കണമേ.... അപേക്ഷിക്കണമേ..."

പ്രാർഥനകളും അധ്വാനവും ചേർന്ന് ആശ്രമത്തിന്റെ കല്ലുകൾ അടുക്കിക്കൊണ്ടിരുന്നു.

ആശ്രമനിർമാണത്തിൽ താത്പര്യം തോന്നി പാലയ്ക്കൽ മല്പാന്റെ ശിഷ്യനായ ഒരച്ചൻ മാന്നാനത്തെത്തി ചാവറയച്ചനെയും യാക്കോബിനെയും സഹായിക്കാൻ തുടങ്ങി. യാക്കോബിന്റെ നാട്ടുകാരൻ കൂടിയായിരുന്നു കല്ലൂത്തറ ഗീവർഗീസ് അച്ചൻ.

കല്ലുപണിയിലും മരപ്പണിയിലും വിദഗ്ധനായ ഒരാളെ പോരൂക്കരയച്ചൻ കൊല്ലത്തുനിന്ന് മാന്നാനത്തേക്ക് അയച്ചു. പണികൾ കൂടുതൽ ഊർജിതമായി.

താമസിയാതെ പോരൂക്കരയച്ചനെയും വികാരിസ്ഥാനത്തുനിന്ന് മെത്രാൻ ഒഴിവാക്കി. അദ്ദേഹത്തിനും മാന്നാനത്ത് എത്തി കൊവേന്തയ്ക്കുവേണ്ടി മുഴുവൻ സമയവും കൊടുക്കാമെന്നായി. ഒരു വർഷത്തോളം നീണ്ട ആശങ്ക അതോടെ വഴിമാറി.

പാലയ്ക്കൽ മല്പാൻ മാന്നാനത്ത് എത്തുന്ന ദിവസങ്ങളിൽ അദ്ദേഹത്തിന്റെ രണ്ടു ശിഷ്യന്മാർ അതിരമ്പുഴയിൽനിന്ന് അദ്ദേഹത്തെ കാണാൻ എത്തുമായിരുന്നു. അദ്ദേഹം അവർക്കു കഴിയുന്നത്ര ഉപദേശങ്ങളും പാഠങ്ങളും കൊടുക്കുകയും ചെയ്തുപോന്നു. അതു പതിവായതോടെ മാന്നാനത്ത് ആശ്രമത്തോടനുബന്ധിച്ച് ഒരു സെമിനാരി കൂടി തുടങ്ങിയാലോ എന്ന് മല്പാനച്ചൻ ചിന്തിച്ചുതുടങ്ങി. അതു നല്ല കാര്യമാണെന്നു ചാവറയച്ചനും തോന്നി.

എന്നാൽ, പോരൂക്കരയച്ചന്റെ അഭിപ്രായം മറിച്ചായിരുന്നു. "സെമിനാരി നടത്തുക എന്നത് എത്ര വിഷമംപിടിച്ച കാര്യമാണെന്നത് മല്പാനച്ചന് അറിയാമല്ലോ. എന്തിന്, നാട്ടിൽ ധാരാളം സെമിനാരികൾ ഉണ്ടായിരുന്നതിൽ ഇപ്പോൾ എത്രയെണ്ണം ബാക്കിയുണ്ട്? നല്ല നിലയിൽ നടന്നിരുന്ന സെമിനാരികൾപോലും ഇല്ലാതായി. അങ്ങനെയുള്ളപ്പോൾ നമ്മളൊരെണ്ണം തുടങ്ങണോ? ആശ്രമമായിരുന്നു നമ്മുടെ ലക്ഷ്യം. കൊവേന്ത ഏറ്റവും നന്നായി നടത്തിക്കൊണ്ടു പോകാനല്ലേ ശ്രമിക്കേണ്ടത്? സെമിനാരി ഒരു ഭാരമാകാനാണിട."

"ആശ്രമത്തിനു സെമിനാരി സഹായമാകുമെന്നാണെനിക്കു തോന്നുന്നത്. സെമിനാരിയിൽ പഠിക്കുന്നവരിൽ കുറെപ്പേരെയെങ്കിലും ആശ്രമത്തിനുവേണ്ടി പട്ടമേല്പിക്കാമല്ലോ. ശെമ്മാശന്മാർ പ്രാർഥനയ്ക്കും പള്ളിശുശ്രൂഷയ്ക്കും കൂട്ടാവുകയും ചെയ്യും."

ദൈവശുശ്രൂഷയ്ക്കു വേണ്ടി കുറെപ്പേരെ ഒരുക്കുവാൻ സാധിക്കുമെങ്കിൽ അത് ഏറ്റവും വലിയ കാര്യമായിരിക്കുമെന്നായിരുന്നു ചാവറയച്ചന്റെ അഭിപ്രായം. അതിനുവേണ്ടി കുറെ വിഷമങ്ങൾ സഹിക്കണമെങ്കിൽ സഹിക്കണം.

അവസാനം, സെമിനാരി തുടങ്ങാൻ തന്നെ തീരുമാനമായി. അതിരമ്പുഴ നിന്നുള്ള രണ്ടു വിദ്യാർഥികളുമായാണ് 1833-ൽ സെമിനാരി തുടങ്ങിയത്.

1834-ൽ ദേവാലയനിർമാണം തുടങ്ങി.

ആശ്രമത്തിന്റെ പണി പൂർത്തിയാകുന്നതിനു മുമ്പുതന്നെ അച്ചന്മാർ ആശ്രമത്തിന്റേതായ ജീവിതക്രമങ്ങൾ ഒട്ടൊക്കെയും ആരംഭിച്ചിരുന്നു. ബേസ് റൗമയിൽ നിന്ന് ജപങ്ങൾ ഏതാണ്ടു നിരന്തരമായി ഉയർന്നുകൊണ്ടിരുന്നു. മലയുടെ താഴെനിന്നു മുകൾവരെയായി പതിന്നാലു കുരിശുകൾ സ്ഥാപിച്ചു സ്ലീവാപ്പാത തുടങ്ങി. ഇതിനേക്കുറിച്ചു കേട്ടറിഞ്ഞ് അടുത്തുള്ള ഇടവകകളിൽനിന്ന് ധാരാളമായി ആളുകൾ എത്തുവാനും തുടങ്ങി.

വെള്ളിയാഴ്ച വൈകുന്നേരങ്ങളിൽ ആളുകൾ മലയടിവാരത്തിൽനിന്നു സ്ലീവാപ്പാത തുടങ്ങും. കല്ലുകളിലും പാറകളിലും ഉരസി നീങ്ങുന്ന മരക്കുരിശിനു പിന്നാലെ സ്വന്തം കുരിശുകളുമായി മലകയറുന്ന മനുഷ്യരും ചുവന്ന ചിറകുകൾ വീശിയെത്തുന്ന സന്ധ്യയും ബേസ്റൗമയുടെ നിറുകയിൽ സന്ധിക്കും. ആകാശത്തിന്റെ ചുവന്ന മുറിവുണങ്ങുമ്പോഴേക്കും ആളുകൾ മലയിറങ്ങുകയായി.

വളരെവേഗം സെമിനാരിയിൽ വിദ്യാർഥികളുടെ എണ്ണം വർധിച്ചു. പാലയ്ക്കൽ മല്പാൻ പള്ളിപ്പുറം സെമിനാരിയിൽത്തന്നെ സേവനം തുടർന്നു. അനാരോഗ്യം അദ്ദേഹത്തെ മാന്നാനത്തു താമസിക്കുന്നതിൽനിന്നു തടയുകയായിരുന്നു.

മാന്നാനത്തെ സെമിനാരി വിദ്യാർഥികളിൽ കൊവേന്ത ജീവിതം ആഗ്രഹിക്കുന്ന കുറെപ്പേരുണ്ടായിരുന്നു. ചാവറയച്ചൻ, തോപ്പിലച്ചൻ, യാക്കോബ് എന്നിവരോടൊപ്പം ധ്യാനാരൂപിയിലുള്ള ജീവിതത്തിന് അവർക്കു പരിശീലനം കൊടുത്തുപോന്നു.

സെമിനാരിയിൽ തിരക്കു വർധിച്ചതോടെ ചുമതലകൾ പലതും പോരൂക്കരമല്പാൻ ചാവറയച്ചനുമായി പങ്കുവച്ചു. അപ്പോഴാണു പാലയ്ക്കലച്ചന്റെ രോഗം കലശലായി

ത്തീർന്നത്. അതോടെ പള്ളിപ്പുറം സെമിനാരിയിലെ കാര്യങ്ങളും ചാവറയച്ചൻ നോക്കേണ്ടിവന്നു. മാന്നാനത്തിനും പള്ളിപ്പുറത്തിനുമായി ചാവറയച്ചൻ തന്റെ ദിവസങ്ങൾ വിഭജിച്ചു. പോരൂക്കരയച്ചൻ പിരിവിനായി മിക്കപ്പോഴും യാത്രയിലായിരുന്നു.

പാലയ്ക്കൽ മല്പാനച്ചന്റെ രോഗം നാൾക്കുനാൾ വർധിച്ചുവന്നു. പത്താം വയസുമുതൽ തന്റെ ജീവിതത്തോട് ഒരു അവയവംപോലെ ചേർന്നുനിന്ന ആ വലിയ മനുഷ്യന്റെ വേദനകൾ ചാവറയച്ചൻ സ്വന്തം ഹൃദയത്തിൽ ഏറ്റുവാങ്ങി. മഹാക്ഷമയോടെ കഠിനവേദനകൾ സഹിച്ച ഈയോബിന്റെ ചിത്രമാണ് രോഗശയ്യയിലെ മല്പാനച്ചൻ ചാവറയച്ചന്റെ മനസിൽ വരച്ചത്.

1841 ജനുവരി 16 വെള്ളിയാഴ്ച അന്ത്യകൂദാശകൾ സുബോധത്തോടെ സ്വീകരിച്ച് മല്പാനച്ചൻ ഉറങ്ങി.

നിത്യതയിലേക്ക് ഉണരുവാനുള്ള ഉറക്കം.

15

മാന്നാനം ആശ്രമത്തിന്റെ നിർമാണത്തിന് ആദ്യമൊക്കെ തടസങ്ങളിട്ട ഫ്രാൻസിസ് സേവ്യർ മെത്രാപ്പോലീത്തയ്ക്ക് പിന്നീട് മാന്നാനം സെമിനാരിയെക്കുറിച്ചു വലിയ മതിപ്പായി. 1844-ൽ അദ്ദേഹം പോരൂക്കരയച്ചനെയും ചാവറയച്ചനെയും പൊതുമല്പാന്മാരായി നിയമിച്ചുകൊണ്ടു പത്തേന്തിയിറക്കി. ആ വർഷം അവസാനം മെത്രാനച്ചൻ ദിവംഗതനാകുകയും ചെയ്തു.

പാലയ്ക്കൽ മല്പാന്റെ നിര്യാണത്തിനുശേഷം പള്ളിപ്പുറം സെമിനാരിയുടെ കാര്യങ്ങൾ ചാവറയച്ചൻ കുറെയൊക്കെ നടത്തിപ്പോന്നുവെങ്കിലും താമസിയാതെ അതിന്റെ പ്രവർത്തനം നിലച്ചു. ആ തിരി കെടുന്നതു മുൻകൂട്ടി കണ്ടുകൊണ്ടാവാം മല്പാനച്ചൻ മാന്നാനത്ത് മറ്റൊരു തിരി കൊളുത്തുന്നതിന് ഉത്സാഹിച്ചത്.

മാന്നാനത്തെ തിരിയാകട്ടെ കൂടുതൽ കൂടുതൽ ശോഭയോടെ പ്രകാശിച്ചുകൊണ്ടിരുന്നു.

പള്ളിപ്പുറം സെമിനാരിയിൽ വിദ്യാർഥിയായിരുന്ന കാലത്ത് സുറിയാനിയിൽനിന്നും തമിഴിൽനിന്നും പുസ്തകങ്ങൾ പകർത്തിയെഴുതിക്കൊണ്ടിരുന്ന ചാവറയച്ചനു പുസ്തകത്തിന്റെ മൂല്യം നന്നായി അറിയാമായിരുന്നു. നമ്മുടെ പൂർവികർ എത്രയോ നല്ല കാര്യങ്ങൾ പറഞ്ഞിട്ടുണ്ടാവാം. ഒരുപക്ഷേ ജീവിതത്തെയും ലോകത്തെയും സംബന്ധിച്ച് അതിപ്രധാനമായ കാര്യങ്ങൾ. അവ ശേഖരിച്ചുവയ്ക്കാൻ കാലത്തിനു കഴിഞ്ഞിട്ടുണ്ടാവില്ല. വാക്കുകളെ വായുവിൽ ഒഴുകിപ്പോകാതെ പുസ്തകം തടയുന്നു. അച്ചടിച്ച പുസ്തകമാകട്ടെ, അനേകമനേകം പേരിലേക്കു വാക്കുകളെ കൊണ്ടുപോകുകയും ചെയ്യുന്നു.

ഒരു അച്ചടിയന്ത്രം ഉണ്ടായിരുന്നെങ്കിൽ എന്നു ചാവറയച്ചൻ വളരെ ആഗ്രഹിച്ചു. മലയാളത്തിൽ ഒരു പ്രാർഥനാപ്പുസ്തകവും അച്ചടിക്കപ്പെട്ടിരുന്നില്ല. തിരുവിതാംകൂറിൽ രണ്ട് അച്ചടിയന്ത്രങ്ങളേ ഉണ്ടായിരുന്നുള്ളൂ. ഒന്ന്, പ്രോട്ടസ്റ്റന്റുകാർ കോട്ടയത്തു സ്ഥാപിച്ചിരുന്ന സി.എം.എസ്. പ്രസ്. രണ്ട്, തിരുവനന്തപുരത്തെ സർക്കാർ അച്ചുകൂടം.

അച്ചടിയന്ത്രമെന്നും മലയാളപുസ്തകമെന്നുമൊക്കെ ചാവറയച്ചൻ പറയുമ്പോൾ ചിലർ ചിരിക്കും. "ഈ അച്ചൻ ഇതെന്തോന്നാണു പറയുന്നത്? അച്ചടിയന്ത്രം! അങ്ങനെയൊരു സാധനം അച്ചൻ കണ്ടിട്ടുണ്ടോ? അതു കണ്ടിട്ടുള്ള ആരെയെങ്കിലും കണ്ടിട്ടുണ്ടോ? ലോകത്തെവിടെയെങ്കിലുമൊക്കെ അച്ചടിയന്ത്രമുള്ളതുകൊണ്ട് നമുക്കു മലയാളം പുസ്തകം അച്ചടിക്കാൻ പറ്റുമോ? കൊവേന്തയുണ്ടാക്കുന്നതുപോലെയും പള്ളി പണിയുന്നതുപോലെയുമല്ല അച്ചടി."

അച്ചൻ പിന്തിരിഞ്ഞില്ല.

ആദ്യം ഒരു പ്രസ് കാണുക തന്നെ.

അദ്ദേഹം കോട്ടയത്ത് സി.എം.എസ്. പ്രസിൽ എത്തി. അച്ചടിയുടെ അദ്ഭുതം കാണാൻ എത്തിയയാളെ പ്രസിന്റെ മേൽനോട്ടക്കാർ ചോദ്യം ചെയ്തു. അച്ചടി കണ്ടു മനസിലാക്കുകയാണുദ്ദേശ്യമെന്നറിഞ്ഞപ്പോൾ അവർ പറഞ്ഞു: "അച്ചൻ തിരിച്ചുപോയാട്ടെ."

അച്ചൻ ചോദ്യഭാവത്തിൽ നോക്കി.

"അച്ചടിയെന്നു പറയുന്നത് ഒരു മാന്ത്രികവിദ്യയാണെന്നു കരുതിയാൽ മതി. അത് എല്ലാവർക്കും പറഞ്ഞിട്ടുള്ളതല്ല," പ്രസിന്റെ മേൽനോട്ടക്കാരൻ പറഞ്ഞു.

"ഞാനൊന്നു കണ്ടതുകൊണ്ട്...."

"...ഒരു പ്രയോജനവുമില്ല. അച്ചൻ പോയാട്ടെ."

അച്ചൻ പോയത് തിരുവനന്തപുരത്തേക്കാണ്. തിരക്കിട്ട ജോലികൾക്കിടയിലെ ദീർഘയാത്ര. എന്തെങ്കിലും പ്രയോജനമുണ്ടാക്കിയേ തിരികെ വരാവൂ എന്നു നിശ്ചയിച്ചു.

ലക്ഷ്യം വെളിപ്പെടുത്തിയാൽ സർക്കാർ പ്രസിലും സന്ദർശനം നിഷേധിക്കപ്പെട്ടേക്കാം.

ചാവറയച്ചൻ സർക്കാർ പ്രസിന്റെ വാതിൽക്കൽ, ജോലി കഴിഞ്ഞു വരുന്ന ജീവനക്കാരെ കാത്തുനിന്നു.

അവരിൽ ഒരാൾ അച്ചനെക്കണ്ടു കൈകൂപ്പി "ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ" ചൊല്ലി.

അച്ചൻ മിശിഹായെ സ്തുതിച്ചുപോയി.

അച്ചൻ അയാളുടെ പിന്നാലെ കൂടി. പ്രസിന്റെ പ്രവർത്തനം കാണാൻ കോട്ടയത്തിനടുത്തുള്ള മാന്നാനത്തുനിന്ന് എത്തിയതാണെന്നും സഹായിക്കണമെന്നും പറഞ്ഞു. പിറ്റേ ദിവസം സൗകര്യമുണ്ടാക്കാമെന്നു കത്തോലിക്കനായ ജോലിക്കാരൻ ഏറ്റു.

പിറ്റേന്ന് അയാളോടൊപ്പം മുദ്രാലയത്തിൽ കടന്നു. പ്രസിന്റെ പ്രവർത്തനം മനസിലാക്കിക്കൊടുക്കാൻ പലരും സഹായിച്ചു. കാണുന്നതും കേൾക്കുന്നതുമെല്ലാം അച്ചൻ മനസിൽ കുറിച്ചുവച്ചു. പ്രസിന്റെ ചിത്രം മനസിൽ അച്ചടിച്ചു.

തിരിച്ചു മാന്നാനത്ത് വന്നിറങ്ങിയയുടനേ അച്ചൻ ചെയ്തത് കുറെ വാഴപ്പിണ്ടികൾ വെട്ടിയെടുക്കുകയാണ്. ആ പിണ്ടികൾകൊണ്ട് അദ്ദേഹം പ്രസിന്റെ മാതൃക നിർമിച്ചു. പിറ്റേന്നു തന്നെ ഒരു ആശാരിയെ വരുത്തി ആ മാതൃകയിൽ പ്രസ് പണിയാൻ ഏർപ്പാടാക്കി.

ഇനി അക്ഷരങ്ങൾ വേണം. ഈയത്തിൽ അക്ഷരങ്ങൾ നിർമിച്ചു പരിചയമുള്ള ഒരാളെ കിട്ടുമോയെന്ന് അന്വേഷിച്ചു. സി.എം.എസ്. പ്രസിൽ ജോലി ചെയ്തിരുന്ന ഒരു പാണ്ടിത്തട്ടാനെ കണ്ടുപിടിച്ചു.

അയാൾ മലയാള അക്ഷരങ്ങൾ ചതുരവടിവിലാണ് നിർമിച്ചുകൊടുത്തത്.. തട്ടാനെ തിരികെക്കൊണ്ടുപോകാൻ പ്രസുകാർ ശ്രമിക്കുന്നതറിഞ്ഞ് ചാവറയച്ചൻ പുളിങ്കുന്നിലുള്ള ഒരു സ്നേഹിതന്റെ വീട്ടിലേക്ക് അയാളെ മാറ്റി. ആ വീട്ടിലിരുന്ന് അയാൾ അക്ഷരങ്ങളെല്ലാം ഈയത്തിൽ സൃഷ്ടിച്ചു.

സർക്കാർ അനുമതിയായിരുന്നു അടുത്തതായി വേണ്ടിയിരുന്നത്. വരാപ്പുഴ മെത്രാൻ ലൂദവിക്കോസുവഴി ബ്രിട്ടീഷ് റസിഡന്റിന്റെ ശിപാർശ സമ്പാദിച്ച് 1846 ജൂലൈയിൽ രാജാവിന്റെ അനുമതിപത്രം വാങ്ങിയെടുത്തു.

അച്ചടി മഷി, കടലാസ്, ഈയം ഇവയ്ക്കുവേണ്ടിയായി അടുത്ത നെട്ടോട്ടം. മദ്രാസ്, പുതുശേരി എന്നിവിടങ്ങളിൽനിന്നു വാങ്ങുവാനുള്ള ശ്രമം വിജയിച്ചില്ല. യൂറോപ്പിൽനിന്നു വരുത്തണം. കൊച്ചിയിലെ വ്യാപാരി വഴി നൂറു രൂപയുടെ സാധനങ്ങൾക്ക് ഓർഡർ കൊടുത്തു. പക്ഷേ നാനൂറു രൂപയുടെ സാധനങ്ങളാണ് എത്തിയത്. ചില്ലറയായി സാധനങ്ങൾ കിട്ടില്ലെന്നും ചരക്കു മൊത്തം എടുക്കണമെന്നുമായി വ്യാപാരി. ചാവറയച്ചൻ കുഴഞ്ഞു. ചെന്നക്കാട്ടു തൊമ്മൻ എന്നയാൾ ഇടപെട്ടാണ് ഒരുവിധത്തിൽ പ്രശ്നം പരിഹരിച്ചത്.

തിരുവനന്തപുരം അച്ചുകൂടത്തിൽ ജോലി പഠിച്ച ഒരാളെ ചാവറയച്ചൻ മാന്നാനത്തു വരുത്തി. അങ്ങനെ മാന്നാനത്തെ പ്രസ് പ്രവർത്തിച്ചു തുടങ്ങി.

ചാവറയച്ചൻ എഴുതിയ ഒരു ഉപദേശപത്രമാണ് ആദ്യമായി അച്ചടിച്ചത്. മാന്നാനത്ത് ഒരു അദ്ഭുതം സംഭവിച്ചതുപോലെയായിരുന്നു. മലയാള വാക്കുകൾ പതിഞ്ഞ ആ കടലാസുകൾ ആളുകൾ കണ്ണിൽനിന്നു പല ദൂരത്തിൽ പിടിച്ചു നോക്കുകയും മണത്തുനോക്കുകയും ചെയ്തു.

താമസിയാതെ അടുത്തുള്ള വീടുകളിലും പള്ളികളിലും ആ കടലാസുകൾ വിതരണം ചെയ്യപ്പെട്ടു. ആളുകൾ താത്പര്യപൂർവം അതു വായിക്കുകയും സൂക്ഷിച്ചുവയ്ക്കുകയും ചെയ്തു.

പുസ്തകം അടിച്ചിറക്കണമെങ്കിൽ പുസ്തകംകെട്ടു പരിചയമുള്ള ആളെ വേണം. കൊച്ചിയിലുള്ള ഒരു യഹൂദൻ ബോംബെയിൽനിന്നു ബൈൻഡിംഗ് പഠിച്ചുവന്നിട്ടുണ്ടെന്നറിഞ്ഞു ചാവറയച്ചൻ അയാളെ തേടിപ്പിടിച്ചു മാന്നാനം പ്രസിൽ നിയമിച്ചു.

മാന്നാനത്തുനിന്ന് ആദ്യമിറങ്ങിയ പുസ്തകം 'ജ്ഞാനപീയൂഷം' ആണ്. ഒരു പ്രാർഥനാപുസ്തകമായിരുന്നു ഇത്.

മാന്നാനം പ്രസിൽ തിരക്കു വർധിച്ചു. ധാരാളം പേർ അവിടെ അച്ചടിയും ബൈൻഡിംഗും പഠിച്ച് അവിടെത്തന്നെ ജോലി ചെയ്തു.

എഴുത്തുകടലാസ് രണ്ടെണ്ണം വീതം കൂട്ടിയൊട്ടിച്ചാണ് ആദ്യം അച്ചടി നടത്തിയിരുന്നത്. പിന്നീട് വരാപ്പുഴ മെത്രാന്റെ സഹായത്താൽ വിദേശത്തുനിന്ന് അച്ചടിക്കടലാസ് വരുത്താൻ തുടങ്ങി.

"ആളുകൾ വായിക്കട്ടെ," ചാവറയച്ചൻ പറഞ്ഞു. "വായന ഇഷ്ടമായാൽ ഏകാന്തതയിൽ സന്തോഷമുണ്ടാകും."

ധാരാളം പേർക്കു വായന ശീലമായിക്കൊണ്ടിരിക്കുന്നു; സന്തോഷമായിക്കൊണ്ടിരുന്നു.

ചാവറയച്ചന്റെ മറ്റൊരാഗ്രഹം കൂടി ആ വർഷം ഫലമണിഞ്ഞു. ഒരു സംസ്കൃത വിദ്യാലയം ആരംഭിക്കുക എന്ന ആഗ്രഹം.

ബേസ്റൗമയിൽ പണിത സംസ്കൃത പാഠശാലയിൽ പഠിപ്പിക്കാൻ തൃശൂരിൽ നിന്നൊരു വാര്യരെ വരുത്തി. ആശ്രമത്തിലെ വൈദികരും ശെമ്മാശന്മാരും ഇടവകകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരും അവിടെ പഠനം തുടങ്ങി.

16

1846 ജനുവരി. രോഗം അല്പം മയപ്പെട്ടുവെന്നു തോന്നിയപ്പോൾ പോരൂക്കരയച്ചൻ ചമ്പക്കുളത്തുള്ള വീട്ടിലേക്കു ചാവറയച്ചനോടൊപ്പം യാത്ര പുറപ്പെട്ടു.

പോരൂക്കരയച്ചൻ എന്നും യാത്രകളിലായിരുന്നു. അനേകമനേകം യാത്രകൾ. മൂന്നു ജ്ഞാനികളെ ബേദ്ലഹേമിലേക്ക് നയിച്ച ദിവ്യനക്ഷത്രത്തെപ്പോലെ ഒരു ലക്ഷ്യബോധം എന്നും യാത്രകളെ നയിച്ചു. ഗലീലിയാക്കടലിൽ വലിയ മീൻകോരിനു സ്ഥാനം കാട്ടിക്കൊടുത്തവൻ ധർമം കിട്ടാവുന്ന ഇടങ്ങൾ എന്നും കാണിച്ചുതന്നുകൊണ്ടിരുന്നു. അതിനാൽ യാത്രകൾ എന്നും ഉന്മേഷത്തിലായിരുന്നു.

ഈ യാത്ര അങ്ങനെയല്ല. തീരെ വയ്യ.

വീട്ടിൽ അമ്മയും ബന്ധുക്കളും കാത്തിരിപ്പുണ്ടായിരുന്നു.

എല്ലാവരെയും അച്ചൻ സ്നേഹത്തോടെ തഴുകി. എല്ലാറ്റിനെയും സ്നേഹത്തോടെ നോക്കി.

"ഞാൻ ഒത്തിരി ജീവിച്ചുവെന്നു തോന്നുന്നു," അച്ചൻ അമ്മയോട് പറഞ്ഞു.

"എന്റെ മോനു 46 വയസല്ലേ ആയുള്ളൂ. ഇനിയും ഒത്തിരിയുണ്ടു ജീവിതം."

"അതേ. ഇനിയാണു ജീവിതം."

പിറ്റേ ദിവസം രാവിലെ അദ്ദേഹം മടക്കയാത്രയ്ക്കു തയാറായി. രോഗത്തിന്റെ വിഷമങ്ങളൊന്നും ആരെയും കാട്ടാതെ ശ്രദ്ധിച്ചു. വീട്ടിൽനിന്നു മടങ്ങുമ്പോഴെല്ലാം അമ്മയുടെ കൈമുത്താറുള്ളതാണ്. ഇത്തവണ കുറെനേരം ആ വിരലുകളിൽ തഴുകിയശേഷമാണു മുത്തിയത്.

ഇല്ല, താൻ കരഞ്ഞില്ലെന്ന് അച്ചൻ ധൈര്യപ്പെട്ടു. അമ്മയുടെ വിരലിൽ കണ്ണീർ പുരണ്ടില്ല.

വള്ളം സന്ദ്ധമായി. നദി ഓളങ്ങളായി ചിതറി.

മാന്നാനത്ത് എത്തുമ്പോൾ അദ്ദേഹത്തിന് ആശ്വാസമുണ്ടായിരുന്നു. ബേസ് റൗമയുടെ മുകളിലെത്തി അദ്ദേഹം എല്ലാം നോക്കിക്കണ്ടു. ആശ്രമം, സെമിനാരി, അച്ചുകൂടം, സംസ്കൃത വിദ്യാലയം...

എല്ലാം നന്നായിരിക്കുന്നു.....

അബ്രാഹാമിന്റെ മടിത്തട്ടുപോലെ വിശാലമായ ആകാശം.

അതിനു കീഴിൽനിന്ന് അച്ചൻ ദൈവത്തെ സ്തുതിച്ചു.

പിന്നീടുള്ള ദിവസങ്ങൾ അദ്ദേഹം വേദനയിലും പ്രാർഥനയിലും കർത്താവിന്റെ വരവിനുവേണ്ടിയുള്ള കാത്തിരിപ്പിലുമായിരുന്നു.

"മരണമെന്ന കടൽയാത്രയിൽ യൗസേപ്പ് പിതാവാണു നമ്മുടെ കപ്പിത്താൻ," അച്ചൻ പറയുമായിരുന്നു. അച്ചൻ കപ്പിത്താനെ കാത്തിരുന്നു.

17

1846 മകരം എട്ടിനായിരുന്നു പോരൂക്കരയച്ചന്റെ മരണം. ചെറിയൊരു ജീവിതകാലംകൊണ്ടു വളരെക്കാര്യങ്ങൾ ചെയ്തുതീർത്ത മഹാത്മാവ്. ഇന്ത്യയിലെ ആദ്യത്തെ ഏതദ്ദേശ സന്യാസസഭയുടെ ജന്മത്തിനു കാരണക്കാരിൽ ഒരാളായ അദ്ദേഹത്തിന് ആ സഭയ്ക്ക് ഔദ്യോഗിക അംഗീകാരം ലഭിക്കുന്നത് ഈ ലോകത്തിൽവച്ചു കാണാനായില്ല.

ആദ്യം പാലയ്ക്കലച്ചന്റെ മരണം. അഞ്ചുവർഷം കഴിഞ്ഞപ്പോൾ പോരൂക്കരയച്ചന്റെ മരണം. രണ്ടു ചിറകുകളും ഒടിഞ്ഞ പക്ഷിയെപ്പോലെയായി ചാവറയച്ചൻ.

പക്ഷേ, നിഷ്ക്രിയനാകാൻ വയ്യ. കൂടുതൽ ക്രിയാനിരതനാവുകയാണ് വേണ്ടത്. "മടി സർവ ദുർഗുണങ്ങളുടെയും മാതാവാകുന്നു" എന്നു പഠിപ്പിച്ച തനിക്ക് ദുഃഖത്തിൽ മുഴുകിക്കഴിയാൻ അവകാശമില്ല. തനിക്കായി ദൈവം എണ്ണിവച്ചിരിക്കുന്ന ദിവസങ്ങൾ എത്രയെന്ന് അറിയില്ല. ആവുന്നത്ര ചെയ്യുക.

ചാവറയച്ചൻ വരാപ്പുഴയിലെത്തി ബെർണർദീനോസ് മെത്രാപ്പോലീത്തയെ സന്ദർശിച്ചു. സന്യാസസഭ തുടങ്ങുവാൻ അനുവാദവും വിലപ്പെട്ട സഹായങ്ങളും നല്കിയതു സ്തബലീനി മെത്രാപ്പോലീത്തയാണ്. അദ്ദേഹത്തിനുശേഷം വന്ന ഫ്രാൻസിസ് സേവ്യർ, ലുദവിക്കോസ് മെത്രാപ്പോലീത്തമാർ കൊവേന്തയുടെ കാര്യത്തിൽ ഏതാണ്ടൊരു നിസ്സംഗമനോഭാവമാണ് പുലർത്തിയത്. അതുകൊണ്ട്, കൊവേന്ത തുടങ്ങി ഒന്നര ദശാബ്ദം കഴിഞ്ഞിട്ടും അതിനു തിരുസ്സഭയുടെ ഔദ്യോഗികാംഗീകാരം ലഭിച്ചില്ല.

ധ്യാനയോഗവും കർമയോഗവും സമന്വയിപ്പിച്ചുകൊണ്ടുള്ള ജീവിതക്രമമായിരുന്നു മാന്നാനത്തെ സന്യാസിമാരുടേത്. പ്രാർഥനാപൂർണമായ ജീവിതം നയിച്ചിരുന്ന അവർ വൈദികവിദ്യാർഥികളെ പരിശീലിപ്പിക്കുക, കുമ്പസാരിപ്പിക്കുക, പള്ളികളിൽ പ്രസംഗിക്കുകയും വേദപാഠക്ലാസുകൾ നടത്തുകയും ചെയ്യുക, ധ്യാനങ്ങൾ സംഘടിപ്പിക്കുക, അച്ചടിച്ച പുസ്തകങ്ങളും പത്രികകളും വഴി ജനങ്ങളെ നന്മയിലേക്കു തിരിക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്തുപോന്നു. ചാവറയച്ചന്റെ ധ്യാനപ്രസംഗങ്ങൾ നാടെങ്ങും പ്രസിദ്ധമായിരുന്നു. ധ്യാനപ്രസംഗത്തിനുവേണ്ടിയുള്ള യാത്രകൾക്കിടയിൽ അദ്ദേഹം കൊവേന്തയ്ക്കു വേണ്ടിയുള്ള പിരിവും നടത്തിപ്പോന്നു.

മാന്നാനത്തെ ധ്യാനങ്ങളിൽ സംബന്ധിക്കാൻ നാടിന്റെ നാനാഭാഗങ്ങളിൽനിന്ന് ആളുകൾ എത്തിയിരുന്നു. പള്ളിമുടക്കു കല്പിച്ചിട്ടുള്ളവരെ മെത്രാൻ മാന്നാനത്തേക്കാണു പറഞ്ഞുവിട്ടിരുന്നത്. അവിടെ ധ്യാനവും കുമ്പസാരവും കഴിച്ചു സാക്ഷ്യപത്രം നേടിയാൽ മുടക്കു പിൻവലിക്കുന്ന കാര്യം മെത്രാൻ പരിഗണിക്കും.

പോരൂക്കര മല്പാന്റെ നിര്യാണത്തിനുശേഷം മാന്നാനത്ത് അമലോദ്ഭവമാതാവിന്റെ ദാസസംഘത്തിൽ അംഗങ്ങളായി ഉണ്ടായിരുന്നതു ചാവറയച്ചനു പുറമേ പുളിങ്കുന്ന് തോപ്പിൽ ഗീവർഗീസ് അച്ചൻ, കാഞ്ഞിരപ്പള്ളി പുത്തൻപുരയ്ക്കൽ കുഞ്ഞാക്കോ അച്ചൻ, കളപ്പുരയ്ക്കൽ മത്തായി അച്ചൻ, കണിയാന്തറ യാക്കോബ് എന്നിവരാണ്. ഈ സഭയ്ക്ക് സന്യാസസഭയായുള്ള ഔദ്യോഗിക അംഗീകാരം നല്കണമെന്ന അപേക്ഷ ആവർത്തിക്കാനാണ് ചാവറയച്ചൻ ബെർണർദീനോസ് മെത്രാപ്പോലീത്തയെ സമീപിച്ചത്.

അനുകൂലഭാവത്തിലായിരുന്നു മെത്രാപ്പോലീത്തയുടെ മറുപടി. ആശ്രമവാസികളുടെ ജീവിതക്രമത്തിന്റെ വിശദവിവരങ്ങൾ എഴുതി നല്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ചാവറയച്ചൻ എഴുതിക്കൊടുത്തു. മെത്രാനച്ചൻ അത് തന്റെ സഭയായ കർമലീത്താ സഭയുടെ യൂറോപ്പിലുള്ള സുപ്പീരിയർ ജനറലിന് അയച്ചുകൊടുത്തു.

മറുപടിയായി, കർമലീത്താസഭയുടെ നിയമാവലി യൂറോപ്പിൽനിന്ന് അയച്ചുതന്നു. "ഈ നിയമങ്ങൾ സ്വീകരിച്ചു പ്രവർത്തിക്കാൻ തയാറാണോയെന്ന് നോക്കൂ," മെത്രാപ്പോലീത്ത ചാവറയച്ചനോടു പറഞ്ഞു.

മാന്നാനത്തു വന്ന് ദാസസംഘത്തിലെ മറ്റ് അംഗങ്ങളോടൊപ്പം ചാവറയച്ചൻ നിയമാവലി പരിശോധിച്ചു. യൂറോപ്യന്മാർക്കുവേണ്ടി ഉണ്ടാക്കപ്പെട്ട ആ നിയമങ്ങൾ പലതും ഇന്ത്യയിലെ സാഹചര്യത്തിൽ അപ്രായോഗികമാണെന്ന് അവർ കണ്ടു. നോമ്പും മറ്റും വളരെ കഠിനം.

ചാവറയച്ചൻ കുറെ ഭേദഗതികൾ നിർദേശിച്ചു.

ഭേദഗതിനിർദേശങ്ങൾ പലതും മെത്രാൻ അംഗീകരിച്ചില്ല.

കൂടുതൽ പരിശോധനകൾക്കുശേഷം നിയമാവലിയുടെ അന്തിമരൂപം ഉണ്ടാക്കി അദ്ദേഹം ചാവറയച്ചനു നല്കി. ഈ നിയമാവലി പൂർണമനസോടെ സ്വീകരിക്കാൻ കഴിയുന്നവരെ മാത്രം സഭയിൽ ചേർത്താൽ മതിയെന്നു മെത്രാൻ നിർദേശിക്കുകയും ചെയ്തു.

കാര്യമായ മാറ്റങ്ങളൊന്നും നിയമാവലിയിൽ വരുത്തിയിട്ടില്ലെന്നതു ചാവറയച്ചനെ വ്യസനിപ്പിച്ചു. ഇരുപത്തഞ്ചു നോയമ്പിന്റെയും അമ്പതു നോയമ്പിന്റെയും എല്ലാ ദിവസങ്ങളിലും ഉപവാസം വേണമെന്ന നിയമം മാറ്റിയിട്ടില്ല. ഏകാന്തത, മൗനം എന്നിവയെക്കുറിച്ചുള്ള നിയമങ്ങളും കഠിനമാണ്.

സുറിയാനി റീത്തുകാർക്ക് ഉപവാസം ആണ്ടിൽ ഒൻപതു ദിവസമായി റോമിൽനിന്ന് ഇളവു ചെയ്തിട്ടുണ്ടെന്ന വിവരം ചാവറയച്ചൻ മെത്രാനെ അറിയിച്ചു. അതിനു രേഖാമൂലം തെളിവു വേണമെന്നായി മെത്രാൻ. അച്ചൻ വളരെ പണിപ്പെട്ട് അതിന്റെ രേഖകൾ സംഘടിപ്പിച്ചു മെത്രാനു സമർപ്പിച്ചു. അതു പഠിച്ചു വ്യാഖ്യാനിക്കുവാനായി മെത്രാൻ റോമിലേക്ക് അയച്ചുകൊടുത്തു.

കാലം മുന്നോട്ടു പോകുകയായിരുന്നു. 1855 ആയി. 1831-ൽ ആരംഭിച്ച സന്യാസസഭയ്ക്ക് ഇതുവരെ അംഗീകാരം ആയിട്ടില്ലെന്നതു ചാവറയച്ചനെ ദുഃഖിപ്പിച്ചു. സഭ അംഗീകരിക്കപ്പെടുന്നതു കാണാതെ പാലയ്ക്കൽ മല്പാനും പോരൂക്കര മല്പാനും കടന്നുപോയി. തന്റെ ജീവിതകാലത്തും അംഗീകാരം ഉണ്ടാവില്ലെന്നു വരുമോ?

ചാവറയച്ചൻ മുട്ടിപ്പായി പ്രാർഥിച്ചു.

ഒടുവിൽ, ഒൻപത് ഉപവാസം എന്നതു ശരിവച്ചുകൊണ്ടു റോമിൽനിന്ന് അറിയിപ്പുവന്നു. അതോടെ, അമലോദ്ഭവ ദാസസംഘത്തെ ഔദ്യോഗികമായി സന്യാസസഭയാക്കുന്നതിന് ബെർണർദീനോസ് മെത്രാൻ ഉത്സാഹിച്ചു. അമലോദ്ഭവ മാതാവിന്റെ തിരുനാളാണ് അതിനുള്ള ദിവസമായി അദ്ദേഹം നിശ്ചയിച്ചത്.

അതിനു മുമ്പായി സന്യാസാർഥികൾക്കു ധ്യാനം നല്കുവാൻ മെത്രാൻ, മർസലിനോസ് മിഷനറിയെ മാന്നാനത്തേക്ക് അയച്ചു.

അവർ സ്വീകരിക്കുവാൻ പോകുന്ന സന്യാസജീവിതത്തിന്റെ നിയമങ്ങളെയും ഗൗരവത്തെയും ശ്രേഷ്ഠതയെയും കുറിച്ചു വിവരിച്ചുകൊണ്ടായിരുന്നു ധ്യാനം. ആശ്രമത്തിന്റെ ആവൃതിനിർണയം, മൗനവ്രതം തുടങ്ങിയവയെക്കുറിച്ചു ധ്യാനപ്രസംഗകൻ ഊന്നിപ്പറഞ്ഞു. പൂർണമനസും നല്ല ഉറപ്പുമുള്ളവർ മാത്രം സന്യാസം സ്വീകരിച്ചാൽ മതിയെന്നും അദ്ദേഹം പറഞ്ഞു.

ധ്യാനത്തോടെ പലരുടെയും മനസിന് ഇളക്കമായി. ഇത്രയും കഠിനമായ ജീവിതരീതിയാവും തങ്ങൾ പിന്തുടരേണ്ടിവരുകയെന്ന് അവർ പ്രതീക്ഷിച്ചിരുന്നില്ല. സന്യാസസഭയിൽ ചേരുന്നതിൽനിന്ന് രണ്ടു വൈദികരും എട്ടു ശെമ്മാശന്മാരും ഒരു യോഗാർഥിയും പിന്മാറി. ചാവറയച്ചനും പത്തു വൈദികരും ശേഷിച്ചു.

സഭയിൽ ചേരാൻ ഒരുങ്ങിയിരുന്നവരിൽ പകുതിപ്പേർ പിന്മാറിയത് ചാവറയച്ചനെ ദുഃഖിപ്പിച്ചു. എന്നാൽ, മെത്രാനച്ചൻ അദ്ദേഹത്തെ ആശ്വസിപ്പിച്ചു. ചഞ്ചലരായ കൂടുതൽപേർ ഉണ്ടായിരിക്കുന്നതിനെക്കാൾ ദാർഢ്യമുള്ള കുറച്ചുപേർ ഉണ്ടായിരിക്കുന്നതാണ് നല്ലതെന്നും ആ ദാർഢ്യം നിലനിൽക്കാൻ താൻ പ്രാർഥിക്കാമെന്നും മെത്രാൻ പറഞ്ഞു.

സന്യാസികളുടെ വേഷം ചാവറയച്ചനാണ് തീരുമാനിച്ചത്. ഇടവക വൈദികരുടെ വസ്ത്രത്തിൽനിന്നു വലിയ വ്യത്യാസം ആവശ്യമില്ല. അവരുടെ ളോഹയ്ക്കു പുറമേ തോൽകൊണ്ടുള്ള അരക്കെട്ടും ളോഹയ്ക്കകത്തു രോമം കൊണ്ടുള്ള കർമലീത്താ വെന്തിങ്ങയുമാണ് നിശ്ചയിച്ച വേഷം. ശെമ്മാശന്മാർക്ക് ളോഹയ്ക്കു പുറത്ത് അരക്കെട്ടു വേണ്ട.

1855-ൽ അമലോദ്ഭവ മാതാവിന്റെ തിരുനാൾ ദിനമായ ഡിസംബർ എട്ട്.

ഇന്ത്യയിൽ ആദ്യമായി ഒരു ക്രൈസ്തവ സന്യാസസഭയിലെ അംഗങ്ങൾ ഔദ്യോഗികമായി വ്രതവാഗ്ദാനം നടത്തുന്ന ചടങ്ങിനു സാക്ഷ്യം വഹിക്കാൻ അനേകം ഇടവകകളിൽനിന്ന് ആളുകൾ മാന്നാനത്തേക്ക് ഒഴുകുമ്പോൾ ചാവറയച്ചന്റെ മനസ്സ് അഗാധമായ ധ്യാനത്തിലായിരുന്നു. ആകാശംപോലെ അപാരമായ ദൈവകൃപയെയോർത്ത് അദ്ദേഹം കണ്ണീരായിത്തീരുകയായിരുന്നു. ആദിയും അന്ത്യവുമില്ലാത്തവൻ, പ്രപഞ്ചഗോളങ്ങളെ ഒരു ജപമാലയുടെ മണികൾപോലെ കൈയിലൊതുക്കിയും കാലത്തെ സ്വന്തം മെതിയടികളാക്കിയുമിരിക്കുന്നവൻ, ഭൂമിയെ തന്റെ സ്നേഹത്തിന്റെ സ്വർണത്താലമാക്കിയവൻ ഈ നീർക്കുമിളയ്ക്കു നല്കുന്ന കൃപ എത്രയധികമാണ്! ഒരു നീർക്കുമിളയെ തലോടാൻ മാത്രം സൂക്ഷ്മവും മൃദുവുമായല്ലോ, മഹാശക്താ, നിന്റെ വിരലുകൾ!

പാലയ്ക്കൽ മല്പാനെയും പോരൂക്കര മല്പാനെയും ചാവറയച്ചൻ ഓർത്തു. ഈയൊരു ദിവസത്തിനുവേണ്ടി അവർ എത്ര ആശിച്ചു! എന്നാൽ പ്രപഞ്ചത്തിൽനിന്ന് അവരെ വിളിച്ച് എല്ലാം സ്വർഗത്തിലിരുന്നു കാണാൻ അവർക്ക് ഇരിപ്പിടമൊരുക്കുകയാണ് പ്രപഞ്ചത്തിന്റെയും സ്വർഗത്തിന്റെയും നാഥൻ ചെയ്തത്.

ബേസ് റൗമയുടെ നിറുകയിൽ മണിമുഴങ്ങി. അതിനു മുകളിൽ ദൈവദൂതരെപ്പോലെ മേഘങ്ങൾ അണിനിരന്നു.

ചാവറയച്ചനും മറ്റു പത്തു വൈദികരും വ്രതവാഗ്ദാനത്തിന് ഒരുങ്ങി സെമിനാരി കവാടത്തിൽ എത്തി. വരാപ്പുഴ മെത്രാപ്പോലീത്തയുടെ പ്രതിനിധി മാർസലിനോസ് മിഷനറി കാർമികനായി എത്തിയിരുന്നു.

മറ്റ് അനേകം വൈദികരും ശെമ്മാശന്മാരും ആയിരക്കണക്കിന് ജനങ്ങളും ആ മുഹൂർത്തത്തെ അറിയുവാൻ കാത്തുനിൽക്കുമ്പോൾ റബേക്കുകളും തമ്പേറുകളും ഗായകകണ്ഠങ്ങളും സ്തോത്രങ്ങളായി ഉണർന്നു. നിശബ്ദ സ്തോത്രങ്ങളായി ധൂമകലശങ്ങളിൽനിന്നു കുന്തിരിക്കത്തിന്റെ ഗന്ധം പടർന്നു.

ഒറ്റ ളോഹ ധരിച്ച് കൈകളിൽ കർമല ഉത്തരീയവും തുകൽബെൽറ്റും വ്രതവാഗ്ദാനക്കുറിപ്പുമായി ചാവറയച്ചൻ നമ്രശിരസ്കനായി ദേവാലയത്തിലേക്കു നീങ്ങി.

മദ്ബഹയ്ക്ക് അരികിലുള്ള എട്ടുവട്ടത്തിനു കീഴിലെ കസേരയിൽ തിരുക്കർമവസ്ത്രങ്ങൾക്കുള്ളിലിരിക്കുന്ന തല സ്ഥാനിയായ മർസലിനോസ് പാതിരിയുടെ സമീപത്തു ചാവറയച്ചൻ മുട്ടുകുത്തി. ആചാരപ്രകാരമുള്ള ചോദ്യങ്ങൾ, ഉത്തരങ്ങൾ, സന്യാസജീവിതത്തിന്റെ അടിസ്ഥാന വ്രതങ്ങളെക്കുറിച്ചു മർസലിനോസ് മിഷനറിയുടെ പ്രസംഗം. മൗനം, ഏകാന്തത, പ്രാർഥന, എളിമ എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം വിവരിച്ചു.

അടുത്തതായി വ്രതവാഗ്ദാനം. മുട്ടിന്മേൽനിന്ന്, കൈയിൽ കുരിശുരൂപം പിടിച്ച് ദൈവത്തെയും സകല വിശുദ്ധരെയും സാക്ഷിയാക്കി ചാവറയച്ചൻ ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ വ്രതത്രയം അനുഷ്ഠിച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്തു. കുരിശുരൂപവും തലസ്ഥാനിയുടെ കരവും ചുംബിച്ചു. തലസ്ഥാനി ചാവറയച്ചനെ ചുമലുകളിൽ പിടിച്ച് എഴുന്നേല്പിച്ച് ഉത്തരീയം അണിയിക്കുകയും തോൽവാറ് ധരിപ്പിക്കുകയും ചെയ്തു. ചാവറയച്ചൻ നിലത്തു സാഷ്ടാംഗം വീണുകിടന്നപ്പോൾ പരിശുദ്ധാത്മാവിനോടുള്ള പ്രാർഥന ഉയർന്നു.

സന്യാസസഭയിൽ പ്രവേശിക്കുമ്പോൾ പുതിയൊരു പേരുകൂടി സ്വീകരിക്കണം എന്ന നിയമമനുസരിച്ച് ചാവറയച്ചൻ 'തിരുക്കുടുംബത്തിന്റെ കുറിയാക്കോസ് ഏലിയ' എന്ന നാമം സ്വീകരിച്ചു.

ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ടും ചാവറയച്ചനെ അഭിനന്ദിച്ചുകൊണ്ടും ചെറുതായി പ്രസംഗിച്ച മിഷനറി ചാവറയച്ചനെ സന്യാസസമൂഹത്തിന്റെ പ്രിയോർ എന്ന അധികാരിയായി പ്രഖ്യാപിക്കുകയും ചെയ്തു.

ചാവറയച്ചന്റെ പ്രിയോർസ്ഥാനം അംഗീകരിക്കുന്നതിന്റെ അടയാളമായി മറ്റു സന്യാസികൾ മുട്ടുകുത്തി അദ്ദേഹത്തിന്റെ കൈ ചുംബിച്ചു.

പിന്നീട് സ്തപസു കുർബാനയ്ക്കുശേഷം പത്തു വൈദികരുടെ വ്രതവാഗ്ദാനം നടന്നു. മർസലിനോസ് മിഷനറിയുടെ സാന്നിധ്യത്തിൽ പ്രിയോരച്ചന്റെ മുന്നിൽ രണ്ടുപേർ വീതമാണു വ്രതസമർപ്പണം നടത്തിയത്.

പ്രിയോരച്ചനെക്കൂടാതെ അന്നു വ്രതവാഗ്ദാനം നടത്തി അമലോദ്ഭവ മാതാവിന്റെ ദാസസംഘത്തിൽ അംഗങ്ങളായ പത്തു വൈദികർ പ്രിയോരച്ചന്റെ അമ്മാവന്റെ മകൻ തോപ്പിൽ ഗീവർഗീസച്ചൻ, പോരൂക്കര കുര്യാക്കോസച്ചൻ, കൊച്ചുപുരയ്ക്കൽ കുര്യച്ചൻ, മുഞ്ഞനാട്ട് മത്തായി അച്ചൻ, കളപ്പുരയ്ക്കൽ മത്തായിയച്ചൻ, വല്യാറ യാക്കോബച്ചൻ, കണിയാരകത്തു മാണിയച്ചൻ, പാലയ്ക്കൽ കുര്യച്ചൻ, കട്ടക്കയത്തു ചാണ്ടിയച്ചൻ, കളത്തിൽ സ്കറിയാച്ചൻ എന്നിവരാണ്.

ചടങ്ങുകളെല്ലാം പൂർത്തിയായപ്പോൾ പ്രിയോരച്ചന്റെ ഹൃദയം ദൈവത്തോടുള്ള നന്ദിയാൽ നിറഞ്ഞിരുന്നു. ആശ്രമദേവാലയത്തിലെ അൾത്താരയ്ക്കു മുന്നിൽ അദ്ദേഹം

ദൈവത്തെ വിളിച്ചു:
"എന്റെ അപ്പാ...."
സാഷ്ടാംഗം പ്രണമിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു:
"ഈ പേരുകൊണ്ടല്ലാതെ മറ്റൊന്നിനാലും നിന്നെ വിളിക്കാൻ എന്റെ ഹൃദയം അനുവദിക്കുന്നില്ല."

18

ലിസ് റൗമയിലെ ആശ്രമത്തിനുള്ളിൽ നിറഞ്ഞ ധ്യാനാത്മകമായ മൗനവും മൗനത്തെ ഇടയ്ക്കിടെ മുറിച്ച പ്രാർഥനാ മർമരങ്ങളും ആശ്രമവാസികളെ ദിവ്യമായൊരു ചരടിൽ പരസ്പരബന്ധിതരാക്കി. സെമിനാരിയിലെയും സംസ്കൃതപാഠശാലയിലെയും ശബ്ദങ്ങൾ ആശ്രമകവാടത്തിൽ നിന്ന് ആദരപൂർവമായ അകലം പാലിച്ചു. ഇലകൾ കൊഴിയുന്നതുപോലെ ശാന്തവും നിശബ്ദവുമായിരുന്നു ആശ്രമത്തിലെ ചലനങ്ങൾ.

ദൈവം നിശബ്ദത കൊണ്ടാണു സംസാരിക്കുന്നത്. ആശ്രമത്തിലെ ആർഷമായ മൗനത്തിൽ സന്യാസികൾ ജീവിതത്തെക്കുറിച്ചും നിത്യജീവിതത്തെക്കുറിച്ചും കൂടുതൽ ഉൾക്കാഴ്ചകൾ നേടിക്കൊണ്ടിരുന്നു.

ആ കാഴ്ചകൾ അവർ മറ്റുള്ളവർക്കു പകർന്നുകൊടുത്തുകൊണ്ടുമിരുന്നു.

പ്രിയോരച്ചൻ ധ്യാനപ്രസംഗങ്ങൾക്കു പോകുക സാധാരണമായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ആളുകൾക്ക് ആധ്യാത്മികമായ ആനന്ദാനുഭവങ്ങളായി പരിണമിച്ചു. ആശ്രമത്തിന്റെ മൗനത്തിൽനിന്ന് ഊറിക്കൂടി ധ്യാനങ്ങളിൽ കുളിർജലപാതങ്ങളായി മാറുകയായിരുന്നു അദ്ദേഹത്തിനു വാക്കുകൾ.

ദൈവത്തെയും നിത്യജീവിതത്തെയുംകുറിച്ചുള്ള ദർശനങ്ങൾ മാത്രമല്ല, അനുദിന ജീവിതത്തെയും കുടുംബജീവിതത്തെയുംകുറിച്ചു പ്രയോഗ ലളിതമായ ഉപദേശങ്ങളും അദ്ദേഹം ആളുകൾക്കു നൽകി.

'ഉള്ളതുകൊണ്ട് സംതൃപ്തനാകുക. അതു ന്യായമായി അധ്വാനംകൊണ്ടു വർധിപ്പിക്കുക. അന്യനെ വഞ്ചിച്ചു ധനികനാകുന്നവൻ നിർഭാഗ്യനാണ്.'

'അധികം സ്നേഹിതന്മാർ വേണ്ട. നല്ലൊരു സ്നേഹിതനെ ആയിരംപേരിൽനിന്നു തെരഞ്ഞെടുക്കുക.'

'നിന്റെ വീട്ടിൽ പരദൂഷണത്തിന്റെ ഒരുവാക്കുപോലും കേൾക്കാൻ ഇടവരരുത്.'

'കുട്ടികളോട് അധികവാത്സല്യവും അധിക കാഠിന്യവും പാടില്ല. രണ്ടും തിന്മയാണ്.'

'കട്ട വസ്തു കത്തിപ്പോകും.'

'വേലക്കാർക്കു ന്യായമായ കൂലി കൊടുക്കാതിരിക്കുകയോ വച്ചുതാമസിപ്പിക്കുകയോ ചെയ്യരുത്.'

പ്രിയോരച്ചന്റെ വാക്കുകൾ സഹസന്യാസികൾക്കും വിലപ്പെട്ടതായിരുന്നു. ഒരു പുണ്യപുരുഷനെപ്പോലെയാണ് അവർ അദ്ദേഹത്തെ കരുതിയത്. ദൃഢമായൊരു സ്നേഹബന്ധത്താൽ ദൈവം അവരെ ഒന്നിച്ചുനിർത്തി.

മാന്നാനത്തെ ആശ്രമത്തിന്റെ മാതൃകയിൽ ലത്തീൻ റീത്തുകാർക്കുവേണ്ടി ഒരു ആശ്രമം തുടങ്ങണമെന്നു ബെർണർദീനോസ് മെത്രാന് ആഗ്രഹമുണ്ടായിരുന്നു. കൂനമ്മാവിൽ തന്റെ മുൻഗാമികളിലൊരാൾ പണിയിച്ചിരുന്ന പള്ളിയും കെട്ടിടവും അതിനായി ഉപയോഗിക്കാമെന്ന് അദ്ദേഹം കണക്കുകൂട്ടി. ആ ഉദ്ദേശ്യത്തോടെ മൂന്നു ശെമ്മാശന്മാരെയും ഒരു പാതിരിയെയും മെത്രാൻ അവിടെ താമസിപ്പിച്ചു. എന്നാൽ ഏതാനും മാസങ്ങൾക്കു ശേഷം നാലുപേരും ആശ്രമജീവിതം ഉപേക്ഷിച്ചുപോയി.

അനാഥമായിത്തീർന്ന കൂനമ്മാവ് ആശ്രമം മാന്നാനത്തെ സഭയുടെ ശാഖയായി നടത്തിക്കൊണ്ടുപോകണമെന്നു മെത്രാൻ പ്രിയോരച്ചനോട് ആവശ്യപ്പെട്ടു. പ്രിയോരച്ചൻ മാന്നാനത്തുനിന്ന് രണ്ട് അച്ചന്മാരെയും മൂന്നു ശെമ്മാശന്മാരെയും കൂനമ്മാവിലേക്ക് അയച്ചു.

1859-ഓടെ കൂനമ്മാവ് സുറിയാനി കർമ്മലീത്താ സഭയുടെ ഏക നൊവിഷ്യേറ്റ് ആയിത്തീർന്നു.

ചാവറയച്ചന്റെ നേതൃത്വത്തിലുള്ള സഭയുടെ കീർത്തി കേരളത്തിലെങ്ങും പരന്നു. ഉത്തരതിരുവിതാംകൂറിൽ ഒരു സന്യാസഭവനം സ്ഥാപിക്കണമെന്ന് ആ പ്രദേശത്തുള്ളവർ അഭ്യർഥിച്ചതനുസരിച്ച് മെത്രാൻ ചാവറയച്ചനോട് അവിടെ ആശ്രമത്തിനു സ്ഥലം കണ്ടുപിടിക്കാൻ നിർദേശിച്ചു. അങ്ങനെ 1858ൽ പ്രിയോരച്ചൻ എൽത്തുരുത്തിൽ ആശ്രമം ആരംഭിച്ചു. എൽത്തുരുത്ത് എന്ന പേര് പ്രിയോരച്ചൻതന്നെ കൊടുത്തതാണ്. 'ഏൽ' എന്ന സുറിയാനി പദത്തിന്റെ അർഥം ദൈവം. എൽത്തുരുത്ത് 'ദൈവത്തിന്റെ ദ്വീപ്.'

മാന്നാനത്ത് സെമിനാരി ആരംഭിച്ച കാലത്ത് അവിടെ ശെമ്മാശൻ ആയിരിക്കുകയും താമസിയാതെ പിണങ്ങിപ്പോകുകയും ചെയ്തയാളാണ് കുടക്കച്ചിറ അന്തോനി. 'ഓലമടൽ ഒടിച്ചുകെട്ടിയാണെങ്കിലും ഞാനൊരു കൊവേന്ത ഉണ്ടാക്കും. മാന്നാനത്ത് പുണ്യവാളൻ ഉണ്ടാകുന്നതിനു മുമ്പ് എന്റെ കൊവേന്തയിൽ പുണ്യവാളൻ ഉണ്ടാകും' എന്ന പ്രഖ്യാപനത്തോടെയായിരുന്നു കുടക്കച്ചിറ ശെമ്മാശൻ പിരിഞ്ഞത്. പിന്നീട് പാലായിൽ ഒരു മൽപാന്റെ കീഴിൽ വൈദിക പഠനം പൂർത്തിയാക്കി വൈദികനായ കുടക്കച്ചിറ, ലുദവിക്കോസ് മെത്രാന്റെ അനുമതിയോടെ വനപ്രദേശമായ പ്ലാശനാലിൽ ഒരു കൊവേന്ത സ്ഥാപിക്കുകയും ചെയ്തു. സുറിയാനി റീത്തുകാർക്ക് ഒരു സുറിയാനി മെത്രാൻ വേണമെന്ന് ആഗ്രഹിച്ചിരുന്ന കുടക്കച്ചിറയച്ചൻ അതിനുവേണ്ടി ബാഗ്ദാദിലേക്കു പോയി. അവിടെവച്ച് 1858ൽ അദ്ദേഹം മരണമടഞ്ഞതോടെ പ്ലാശനാൽ ആശ്രമം അനാഥമായി.

ആ ആശ്രമം ഏറ്റെടുത്തു നടത്തണമെന്നു മെത്രാനച്ചൻ ചാവറയച്ചനോട് ആവശ്യപ്പെട്ടു. അതനുസരിച്ച് മാന്നാനത്തുനിന്ന് ഏതാനും വൈദികരെയും ഒരു യോഗാർഥിയെയും ചാവറയച്ചൻ പ്ലാശനാലിലേക്ക് അയച്ചു. പക്ഷേ ഏറെക്കഴിയുംമുമ്പ് അവരിൽ പലർക്കും മലമ്പനി പിടിപെട്ടു. കളപ്പുരയ്ക്കൽ മത്തായി അച്ചൻ മലമ്പനിയാൽ മരണമടയുകയും ചെയ്തു.

ശേഷിച്ചവരെ ചാവറയച്ചൻ മാന്നാനത്തേക്കു തിരിച്ചുവിളിച്ചു. പിന്നെ ആരേയും ആ വനപ്രദേശത്തേക്ക് അയച്ചില്ല. കൊവേന്തക്കെട്ടിടം അരുവിത്തുറ പള്ളി ഏറ്റെടുക്കുകയും ചെയ്തു. എന്നും ഒരു പടയാളിയുടെ സ്വഭാവം പ്രദർശിപ്പിച്ചിരുന്ന കുടക്കച്ചിറ അന്തോനിയച്ചന്റെ ആശ്രമസ്വപ്നം അങ്ങനെ അദ്ദേഹത്തിനു പിന്നാലെ മരിച്ചു.

ആരക്കുഴയ്ക്കു സമീപം വാഴക്കുളത്ത് നമ്പ്യാപറമ്പിൽ കത്തനാർ പണിയിച്ചിരുന്ന ഒരു കുരിശുപള്ളിയും മുറിയുമുണ്ടായിരുന്നു. ആരക്കുഴ ഇടവകക്കാരുടെ എതിർപ്പുമൂലം വർഷങ്ങളായി പള്ളി പ്രവർത്തിക്കാതിരിക്കുകയായിരുന്നു. പള്ളിയും മുറിയും അവയ്ക്കു ചുറ്റുമുള്ള സ്ഥലവും കൊവേന്തയ്ക്കായി ഏറ്റെടുക്കണമെന്നു നമ്പ്യാപറമ്പിലച്ചൻ ചാവറയച്ചനോട് അഭ്യർഥിച്ചു. മെത്രാന്റെ അനുവാദം വാങ്ങി ചാവറയച്ചൻ അവ ഏറ്റെടുത്തു. കർമല എന്ന പേരോടെ അവിടെ ആരംഭിച്ച കൊവേന്തയിലേക്കു മാന്നാനത്തു നിന്ന് രണ്ടു വൈദികരെ അയച്ചു.

വാഴക്കുളം ആശ്രമം അനുദിനം അഭിവൃദ്ധിപ്പെട്ടു. അതിന്റെ പ്രിയോരായി കാനാട്ട് യാക്കോബച്ചനെ നിയമിച്ചു.

പ്രിയോരച്ചന്മാർ ഒന്നിലേറെയായതോടെ ചാവറയച്ചൻ വലിയ പ്രിയോരച്ചൻ എന്നറിയപ്പെടാൻ തുടങ്ങി.

സന്യാസസമൂഹത്തിന്റെ വളർച്ച വലിയ പ്രിയോരച്ചനെ മറ്റാരെയുംകാൾ സന്തോഷിപ്പിച്ചു. പ്രതീക്ഷിക്കാത്ത വാതിലുകൾ തുറന്നുതന്ന് ദൈവം അതിനെ വളർച്ചയിലേക്കു നയിക്കുന്നു.

അമലോദ്ഭവ മാതാവിന്റെ ദാസസംഘം എന്ന പേരിൽ അറിയപ്പെട്ട ആ സമൂഹത്തിന് 1861ൽ ബെർണർദീനോസ് മെത്രാൻ വഴി കർമലീത്ത നിഷ്പാദുക സഭയുടെ ഉന്നതാധികാരിയിൽ നിന്ന് ഒരു അറിയിപ്പ് കിട്ടി. മാന്നാനത്തെ സന്യാസസമൂഹത്തെ കർമലീത്താ നിഷ്പാദുക സമൂഹത്തിന്റെ മൂന്നാം സഭയായി സ്വീകരിച്ചിരിക്കുന്നുവെന്നായിരുന്നു അറിയിപ്പ്.

മാന്നാനത്തെ സഭ ആവശ്യപ്പെട്ടിട്ടോ അവരുടെ സമ്മതം വാങ്ങിയിട്ടോ ആയിരുന്നില്ല യൂറോപ്പിലെ സഭയുടെ ഈ തീരുമാനം. ബെർണർദീനോസ് മെത്രാന്റെ ഉപദേശപ്രകാരമായിരുന്നിരിക്കാം ഇത്.

കർമലീത്താ നിഷ്പാദുക സഭയുടെ (ഒ.സി.ഡി) ഒന്നാം സഭ വൈദികർക്കും രണ്ടാം സഭ കന്യാസ്ത്രീകൾക്കും മൂന്നാം സഭ അൽമായർക്കും വേണ്ടിയുള്ളതാണ്. മാന്നാനത്തെ സഭയെ മൂന്നാം സഭയാക്കിയതിൽ സമൂഹാംഗങ്ങൾക്ക് അതൃപ്തി തോന്നി. എന്നാൽ തന്നോടും സഭയിലെ മറ്റംഗങ്ങളോടും പിതൃതുല്യമായ സ്നേഹം കാട്ടുകയും സഭയെ ഒരു രക്ഷാധികാരിയെപ്പോലെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന മെത്രാനച്ചനോട് എങ്ങനെ എതിർപ്പു കാട്ടുമെന്നായിരുന്നു ചാവറയച്ചന്റെ ധർമസങ്കടം. അനുസരിക്കാൻ കടപ്പെട്ടിരിക്കുന്നവർ ധിക്കരിക്കാൻ തുടങ്ങുകയോ?

ആശ്രമം സ്ഥാപിക്കാൻ ഇറങ്ങിപ്പുറപ്പെട്ടശേഷം പല പരീ

ക്ഷണങ്ങളുമുണ്ടായി. എല്ലാറ്റിലും ജയിച്ചു. ഇതു മറ്റൊരു പരീക്ഷണമാവാം.

ഉന്നതാധികാരികളുടെ കയ്പേറിയ തീരുമാനം ചാവറയച്ചനും മറ്റ് സന്യാസികളും ശിരസാവഹിച്ചു.

കർമലീത്താ നിഷ്പാദുക മൂന്നാം സഭ എന്നിന്റെ ചുരുക്കരൂപമായ ക.നി.മൂ.സ (ടി.ഒ.സി.ഡി) എന്നത് സഭാംഗങ്ങളുടെ പേരിനൊപ്പം ഉപയോഗിക്കാനും തുടങ്ങി.

19

പ്രാശനാലിലെ കൊവേന്തയുടെ സ്ഥാപകനായ കുടക്കച്ചിറ അന്തോനിക്കത്തനാർ വരാപ്പുഴ മെത്രാപ്പോലീത്തയുമായി നീരസത്തിലായിരുന്നു. കത്തനാർ പഠിപ്പിച്ച വൈദിക വിദ്യാർഥികൾക്കു പട്ടം കൊടുക്കാൻ മെത്രാപ്പോലീത്ത തയാറായില്ല എന്നതാണു കാരണം. വൈദികവിദ്യാർഥികൾക്കു ലഭിച്ചിരുന്ന പരിശീലനം പരിശോധനാവിഷയമാക്കിയ ശേഷമേ പട്ടംകൊടുക്കൂ എന്നതായിരുന്നു മെത്രാന്റെ നിലപാട്.

സ്വന്തം റീത്തുകാരനായ ഒരു മെത്രാനെ കിട്ടണമെന്നതു കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ തീവ്രമായ ആഗ്രഹമായിരുന്നു. അവരുടെ നേതാവായി മാറിയ കുടക്കച്ചിറക്കത്തനാർ സഹപ്രവർത്തകരായ തൊണ്ടനാട്ട് അന്തോനിക്കത്തനാർ, ഇല്ലിക്കൽ കത്തനാർ, രണ്ട് ശെമ്മാശന്മാർ, കുറെ വൈദിക വിദ്യാർഥികൾ എന്നിവരോടൊപ്പമാണ് ബാഗ്ദാദിലേക്ക് പുറപ്പെട്ടത്.

കേരളത്തിലേക്ക് ഒരു മെത്രാനെ അയയ്ക്കാൻ ബാഗ്ദാദിലെ പാത്രിയർക്കീസിനെ പ്രേരിപ്പിക്കുകയായിരുന്നു അവരുടെ ഉദ്ദേശ്യം. അതിനുള്ള സാങ്കേതിക തടസങ്ങൾ കാരണം പാത്രിയർക്കീസ് ആദ്യമൊന്നും വഴങ്ങിയില്ല. എന്നാൽ കുടക്കച്ചിറയും സംഘവും ശ്രമം തുടർന്നു.

പക്ഷേ തങ്ങളുടെ ദൗത്യം എവിടെയെങ്കിലും എത്തിക്കാനാവുംമുമ്പു കുടക്കച്ചിറയും ഏതാനും ശെമ്മാശന്മാരും രോഗബാധിതരായി ആ മെസൊപ്പൊട്ടേമിയൻ മണ്ണിൽ ലയിച്ചു.

ശേഷിച്ചവർ ശ്രമം മുന്നോട്ടു കൊണ്ടുപോയി. പാത്രിയർക്കീസും മാർപാപ്പയുടെ പ്രതിനിധിയും തമ്മിൽ ചില അഭിപ്രായ വ്യത്യാസങ്ങൾ ഉരുത്തിരിഞ്ഞിരുന്നു. ഈ സാഹചര്യത്തിൽ തൊണ്ടനാട്ട് അന്തോനിക്കത്തനാരുടെയും കൂട്ടരുടെയും പ്രേരണയ്ക്കു പാത്രിയർക്കീസ് വഴങ്ങി. തോമസ് റോക്കോസ് എന്ന വൈദികനെ മെത്രാനായി പാത്രിയർക്കീസ് വാഴിക്കുകയും കേരളത്തിലെ സുറിയാനി സഭയുടെ നിരീക്ഷകനായി പോകാൻ ചുമതലയേല്പിക്കുകയും ചെയ്തു.

മാർപാപ്പയുടെ പ്രതിനിധി വിവരമറിഞ്ഞു. അദ്ദേഹം ഉടൻതന്നെ വരാപ്പുഴ മെത്രാന് എഴുതി. ബാബേലിൽനിന്നു റോക്കോസ് എന്ന മെത്രാൻ കേരളത്തിലേക്കുവരാൻ ഒരുങ്ങുന്നുവെന്നും മാർപാപ്പയുടെ അംഗീകാരമില്ലാതെ വരുന്ന റോക്കോസ് കേരളത്തിലെ സഭയിൽ പ്രശ്നങ്ങളൊന്നും സൃഷ്ടിക്കാതെ സൂക്ഷിക്കണമെന്നുമായിരുന്നു കത്ത്. കേരളത്തിലെ സഭയുടെ ഭരണം പിടിച്ചെടുക്കുകയാണ് റോക്കോസിന്റെ ലക്ഷ്യമെന്നു സംശയിക്കുന്നതായും കത്തിൽ പറഞ്ഞിരുന്നു.

ഇതേസമയം തൊണ്ടനാട്ടു കത്തനാർ തങ്ങൾക്കു കൽദായമെത്രാനെ ലഭിച്ച സന്തോഷവിവരം കേരളത്തിലുള്ള തന്റെ സഹായികളെ അറിയിക്കുകയും അദ്ദേഹത്തെ കേരളത്തിൽ സ്വീകരിക്കുവാൻ ഏർപ്പാടുകൾ ചെയ്യുകയും ചെയ്തു.

കേരളത്തിലേക്കു മെത്രാനെ അയയ്ക്കാൻ പാത്രിയർക്കീസിന് അവകാശമില്ലെന്നും അങ്ങനെയാരെങ്കിലും എത്തിയാൽ സ്വീകരിക്കരുതെന്നും റോമിലെ പ്രോപ്പഗന്താ തിരുസംഘത്തിൽനിന്നുള്ള കത്തും വരാപ്പുഴ മെത്രാനു ലഭിച്ചു.

പക്ഷേ റോക്കോസ് മെത്രാൻ വരുന്നതായുള്ള വാർത്ത കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾക്കിടയിൽ അതിവേഗം സഞ്ചരിച്ചു. സ്വന്തമായൊരു മെത്രാനെ ആശിച്ചിരുന്ന അവർ ആവേശഭരിതരായി. റോമിൽനിന്നുള്ള അനുവാദമില്ലാതെയാണ് മെത്രാൻ എത്തുന്നതെന്നും അദ്ദേഹത്തെ സ്വീകരിക്കരുതെന്നും വരാപ്പുഴ മെത്രാപ്പോലീത്തയും മിഷനറിമാരും ഇടവകകളിൽ അറിയിച്ചു.

പക്ഷേ ജനങ്ങളുടെ ആവേശം അടങ്ങിയില്ല. അത് അനുദിനം വർധിക്കുകയാണ് ചെയ്തത്. റോക്കോസ് മെത്രാൻ കൊച്ചിയിൽ കപ്പലിറങ്ങിയപ്പോഴേക്കും അതു വലിയൊരു ആഘോഷമായി പരിണമിച്ചു.

ആളുകൾ വലിയൊരു അപകടത്തിലേക്കാണു പോകുന്നതെന്നു ചാവറയച്ചൻ കണ്ടു. വരാപ്പുഴ മെത്രാനച്ചന്റെയും മിഷനറിമാരുടെയും മുന്നറിയിപ്പുകൾ ജനങ്ങൾ പാടേ അവഗണിക്കുന്നു. മാർപാപ്പയുടെ അംഗീകാരമില്ലാത്ത ഒരു മെത്രാനെ ആവേശത്തോടും ഭക്തിയോടും കൂടി സ്വീകരിക്കുന്നു.

റോക്കോസ് മെത്രാൻ മാർപാപ്പയുടെ അംഗീകാരമുള്ള മെത്രാനല്ലെന്നും ഈ മെത്രാന്റെ പിന്നാലെ പോകുന്നതു തിരുസഭയ്ക്ക് എതിരാണെന്നും വിശദീകരിച്ചുകൊണ്ട് ചാവറയച്ചൻ പല ലേഖനങ്ങൾ മാന്നാനം പ്രസിൽനിന്ന് അടിച്ചിറക്കി. "എന്നോടുകൂടി അല്ലാത്തവൻ എനിക്കു വിരോധിയാകുന്നു" എന്ന യേശുവിന്റെ വാക്യം ഓർമിപ്പിച്ചുകൊണ്ടായിരുന്നു പല ലേഖനങ്ങളും.

"വാതിലിൽക്കൂടി തൊഴുത്തിൽ കയറാത്തവൻ കള്ള ഇടയനാകുന്നു," ചാവറയച്ചൻ എഴുതി. മാർപാപ്പയുടെ കല്പനയോടുകൂടിയാണ് റോക്കോസ് മെത്രാൻ എത്തിയിരിക്കുന്നതെങ്കിൽ അദ്ദേഹം വരാപ്പുഴ മെത്രാപ്പോലീത്തയെ കാണാനും അധികാരപത്രം കാണിക്കാനും തയാറാകാത്തതെന്തെന്ന ചോദ്യം ചാവറയച്ചൻ ഉന്നയിക്കുകയും ചെയ്തു.

കൊച്ചിയിൽ വന്നിറങ്ങിയ റോക്കോസ് ആദ്യം കാണാൻ പോയതു യാക്കോബായ സഭയിലെ കൂറില്ലോസ് ബാവായെയാണ്. കുറച്ചു ദിവസം ബാവായുടെ കൂടെ കഴിഞ്ഞു. പിന്നീട് തൊണ്ടനാട്ട് അച്ചനും മറ്റും വാടകയ്ക്ക് എടുത്തുകൊടുത്ത ഒരു വീട്ടിൽ താമസമായി. അവിടെനിന്നു പള്ളിവികാരിമാരെയും മല്പാന്മാരെയും തന്നെ കാണാൻ ക്ഷണിച്ചുകൊണ്ട് റോക്കോസ് കത്തുകളയയ്ക്കുകയും ചെയ്തു.

നാടിന്റെ നാനാഭാഗത്തുനിന്നും അൽമായർ മാത്രമല്ല, വൈദികരും മല്പാന്മാരും റോക്കോസിന്റെ പക്കലേക്കു വന്നുകൊണ്ടിരുന്നു. കൽദായ മെത്രാനുമായുള്ള കൂടിക്കാഴ്ച അവരെയൊക്കെ ആവേശഭരിതരാക്കുകയും ചെയ്തു.

വരാപ്പുഴ മെത്രാന്റെ ശാസനത്തെയും ചാവറയച്ചന്റെ ഉപദേശങ്ങളെയും അവഗണിച്ചുകൊണ്ട് ആളുകൾ റോക്കോസ് മെത്രാനെക്കുറിച്ച് ആവേശംകൊണ്ടു.

വൈദികർക്കായുള്ള ഒരു ധ്യാനം മാന്നാനത്തു തുടങ്ങുകയായിരുന്നു. മിക്ക വൈദികരും ധ്യാനത്തിന്റെ ഇടവേളകൾ ഉപയോഗിച്ച് റോക്കോസ് മെത്രാനെക്കുറിച്ചുള്ള ചർച്ചയ്ക്കാണ്.

"സുറിയാനി മെത്രാനുവേണ്ടി നമ്മൾ ആഗ്രഹിച്ചിരുന്നതാണ്. ഇപ്പോൾ അങ്ങനെയൊരു മെത്രാൻ എത്തിയിരിക്കുന്നു. അവിടെയും ഇവിടെയുമിരുന്ന് അദ്ദേഹം വ്യാജനാണോ യഥാർഥനാണോ എന്നു ചർച്ച ചെയ്യുന്നതിനുപകരം ആദ്യം നമ്മൾ അദ്ദേഹത്തെ കാണുകയല്ലേ വേണ്ടത്?" ഒരച്ചൻ ചോദിച്ചു.

"കാണുന്നതിലെന്താണ് തെറ്റ്? കണ്ടു സംസാരിക്കുമ്പോൾ സത്യം മനസിലാക്കാമല്ലോ," മറ്റൊരച്ചൻ പറഞ്ഞു.

''പുതിയ മെത്രാനെ കാണുന്നതേ തെറ്റ് എന്ന ബെർണർദീനോസ് പിതാവിന്റെ നിലപാട് ഏതായാലും ശരിയല്ല. കാണുകയോ സംസാരിക്കുകയോ ചെയ്താൽ കാൽക്കൽ വീഴുന്നുവെന്നല്ലല്ലോ അർഥം."

"സുറിയാനി ക്രിസ്ത്യാനികൾക്കു ചിന്തിക്കാനുള്ള കഴിവ് ഇല്ലെന്നായിരിക്കും സായിപ്പു പിതാവിന്റെ ധാരണ."

ചാവറയച്ചൻ അപ്പോൾ അങ്ങോട്ടു കടന്നുവന്നതിനാൽ അച്ചന്മാർ സംസാരം നിർത്തി. ധ്യാനദിവസങ്ങളിൽ മൗനം ആചരിക്കണമെന്നു പ്രിയോരച്ചനു നിർബന്ധമാണ്.

അച്ചന്മാരുടെ സംസാരവിഷയം എന്തായിരുന്നുവെന്നു പ്രിയോരച്ചനു മനസിലായി. അദ്ദേഹം അപ്പോൾ ഒന്നും പറഞ്ഞില്ല. എന്നാൽ, മൗനം ആചരിക്കുന്നതിൽ പലരും ഉപേക്ഷ കാട്ടുന്നുണ്ടെന്നും ഈ ഉപേക്ഷ ശരിയല്ലെന്നും ധ്യാനപ്രസംഗകൻവഴി അദ്ദേഹം ഓർമിപ്പിച്ചു.

വീണ്ടും ഒരിടവേള.

"സംസാരവിഷയം എന്തെന്നു മനസിലായതുകൊണ്ടാവും പ്രിയോരച്ചൻ മൗനാചരണം ഇത്രമേൽ നിഷ്കർഷിക്കുന്നത്," ഒരച്ചൻ അഭിപ്രായപ്പെട്ടു.

"ഇവരൊക്കെ എന്തിനാണ് പുതിയൊരു മെത്രാനെ ഭയപ്പെടുന്നത്? വരാപ്പുഴപ്പിതാവിനു ഭയപ്പെടേണ്ടതായി എന്തോ ചില കാര്യങ്ങൾ പുതിയ മെത്രാനിലുണ്ട് എന്നല്ലേ അതിനർഥം?"

"കാണാൻ പാടില്ല, പുതിയ മെത്രാനെക്കുറിച്ചു സംസാരിക്കാനേ പാടില്ല എന്നൊക്കെയുള്ള നിർബന്ധം ശരിയാവില്ല."

പ്രിയോരച്ചന്റെ കാല്പെരുമാറ്റം അവരുടെ കുശുകുശു

പ്പിനു കടിഞ്ഞാൺ വലിച്ചു.

ഇടവേളയ്ക്കുശേഷം ധ്യാനം തുടങ്ങിയപ്പോൾ പ്രിയോരച്ചൻ പ്രസംഗപീഠത്തിൽ പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തിന്റെ മുഖം ചുവന്നിരുന്നു.

"ധ്യാനദിവസങ്ങളിലെ മൗനാചരണത്തിൽനിന്നു പലരെയും പിന്തിരിപ്പിക്കുന്നതു ബാബേലിൽ നിന്നുവന്ന മെത്രാനെക്കുറിച്ചുള്ള ജിജ്ഞാസയാണെന്നു ഞാൻ മനസിലാക്കുന്നു. റോക്കോസ് മെത്രാനെക്കുറിച്ച് ഒന്നെനിക്കു തീർച്ചയുണ്ട്: അദ്ദേഹം വന്നിരിക്കുന്നത് പരിശുദ്ധ മാർപാപ്പയുടെ കല്പനകൂടാതെയാണ്. അദ്ദേഹത്തിനു കീഴ്പെടുന്നതു മഹാരോൻ ശിക്ഷയ്ക്ക് അർഹതയുണ്ടാക്കുന്ന കുറ്റവുമാണ്. ശരിയായ അനുവാദം കൂടാതെയാണ് അദ്ദേഹം വന്നിരിക്കുന്നതെന്ന് ഈ ത്രൊണോസിൽ തൊട്ടു ഞാൻ സത്യം ചെയ്യാം," പ്രിയോരച്ചൻ പറഞ്ഞു.

ധ്യാനപ്രസംഗകനായ യാക്കോബ് കത്തനാർ ഇടപെട്ടു: "ബഹുമാനപ്പെട്ട പ്രിയോരച്ചാ, റോക്കോസ് മെത്രാന്റെ കാര്യത്തിൽ അങ്ങെന്തിനാണ് ക്ഷോഭിക്കുന്നത്? അങ്ങോ ഞങ്ങളോ പുതിയ മെത്രാനെ കണ്ടിട്ടില്ല. കാണുകപോലും ചെയ്യാതെ വിധി പറയരുത്."

"വെറുതെ പറയുന്നതല്ല. എനിക്കു പൂർണബോധ്യമുണ്ട്. റോക്കോസ് മെത്രാൻ എത്തുന്നതിനു മുമ്പുതന്നെ പ്രോപ്പഗന്താ തിരുസംഘത്തിൽനിന്നു വരാപ്പുഴ അരമനയിൽ കത്തു കിട്ടിയതാണ്, ഈ വരവിന് മാർപാപ്പയുടെ അംഗീകാരമില്ലെന്ന്."

സത്യമല്ലാത്ത ഒരു കാര്യം പ്രിയോരച്ചൻ പറയുകയില്ലെന്ന് അച്ചന്മാർക്കെല്ലാവർക്കും വിശ്വാസമുണ്ടായിരുന്നു. അതിനാൽ ധ്യാനത്തിന്റെ ഇടവരമ്പുകളിലെ റോക്കോസ് ചർച്ചകൾ ശമിച്ചു.

ധ്യാനം സമാപിച്ചു.

"കൽദായക്കാരുടെ നാട്ടിലൊക്കെ ധ്യാനമുണ്ടോ?" ധ്യാനത്തിൽ പങ്കെടുത്തവരിലൊരാൾ പിരിഞ്ഞുപോകാൻ നേരം മറ്റൊരച്ചനോട് ചോദിച്ചു.

"നമുക്കു റോക്കോസ് മെത്രാനോടു ചോദിക്കാം," അപരൻ തമാശയായി പറഞ്ഞു.

"പലതും ചോദിക്കാനുണ്ടായിരുന്നു. പക്ഷേ മഹറോൻ!" ആദ്യത്തെ അച്ചൻ തമാശ വലിച്ചുനീട്ടി.

"കണ്ടതുകൊണ്ടും സംസാരിച്ചതുകൊണ്ടുമൊന്നും ആർക്കും മഹറോൻ കിട്ടുകയില്ല," മറ്റൊരച്ചൻ കാര്യഗൗരവത്തോടെ പറഞ്ഞു.

"റോക്കോസ് മെത്രാന്റെ വേഷം ഒന്നു കാണേണ്ടതുതന്നെയാണെന്നാണു ജനസംസാരം," വേറൊരാൾ.

"മെത്രാന്റെ സംസാരവും അതിവിശേഷമാണത്രേ. സുറിയാനിയിൽ മണിമണിയായി സംസാരിക്കും."

"ഈ മണിമണി നമുക്കു മനസിലാവുമോ?"

"മനസിലാകാത്തതു തൊണ്ടനാട്ടച്ചൻ പറഞ്ഞുതരും."

"എങ്കിൽ കൊച്ചിവരെ പോയി കാര്യങ്ങൾ നേരിട്ടു മനസിലാക്കുന്നതു നല്ലതല്ലേ?"

"എന്തുകൊണ്ടും അതു നല്ലതാണെന്നാണ് എന്റെ അഭിപ്രായം."

റോക്കോസിനെ കാണുകയെന്ന ആഗ്രഹത്തിൽനിന്നു മിക്ക വൈദികരും പിന്നോട്ടു പോയിട്ടില്ലെന്നു ചാവറയച്ചനു മനസിലായി. പിരിഞ്ഞുപോകുന്നതിനു മുമ്പായി എല്ലാവർക്കും ഒരു ഉപദേശംകൂടി കൊടുത്താലോയെന്നു പ്രിയോരച്ചൻ ആലോചിച്ചു. അതിരമ്പുഴ സെമിനാരി റെക്ടറായ ആൽബർത്തോസ് അച്ചനോട് ഇക്കാര്യം ആലോചിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "പ്രിയോരച്ചാ, അങ്ങെന്തു പറഞ്ഞാലും പോകേണ്ടവർ പോകും. ദിവസവും നൂറുകണക്കിന് ആളുകളാണ് അവിടെ പൊയ്ക്കൊണ്ടിരിക്കുന്നത്. എനിക്കും ഒന്നു പോകണമെന്നുണ്ട്. അച്ചൻ എന്തു പറയുന്നു?"

"എനിക്കു പറയാനുള്ളതെന്താണെന്ന് അച്ചന് അറിയാമല്ലോ. ഇനി സ്വന്തം ബുദ്ധിയനുസരിച്ചു ചെയ്യുക," ചാവറയച്ചൻ പറഞ്ഞു.

ആൽബർത്തോസച്ചൻ കൊച്ചിക്കു പോയി.

എന്നു മാത്രമല്ല, ബാഗ്ദാദിലേക്കു പോയിരുന്ന കുറെ ശെമ്മാശന്മാരെ അതിരമ്പുഴയിലേക്കു കൊണ്ടുവരുകയും ചെയ്തു. കറുത്ത കുപ്പായവും ഇടക്കെട്ടും അറബിത്തൊപ്പിയും ധരിച്ച അവരെ കാണാനും ആളുകൾ കൂടി.

വരാപ്പുഴ രൂപതയുമായി നീരസത്തിലായിരുന്ന വൈദികരെ റോക്കോസ് പക്ഷക്കാർ തങ്ങളുടെ കൂടെച്ചേർത്തു. പേരും കഴിവുമുള്ള ധാരാളം പേരെ അവർക്കു കിട്ടി. ഇനി തങ്ങളുടെ പ്രവർത്തനങ്ങൾക്കു സാമ്പത്തിക സഹായം നല്കാൻ ശേഷിയുള്ള കുറെപ്പേരെ വേണം. ധനാഢ്യനും സമുദായപ്രമാണിയുമായ പാറായി വലിയ അവിരാതരകനെ തങ്ങളുടെ പക്ഷത്തേക്കു കൊണ്ടുവന്നാൽ അതു വലിയൊരു നേട്ടമായിരിക്കുമെന്ന് അവർ കണക്കുകൂട്ടി.

രണ്ടു വള്ളം നിറയെ അച്ചന്മാർ തൈക്കാട്ടുശേരിയിലുള്ള പാറായിത്തരകന്റെ വീട്ടിലെത്തി. വരാപ്പുഴ മെത്രാപ്പോലീത്തയുമായി വളരെ സൗഹൃദത്തിലായിരുന്ന തരകനു പുതിയ മെത്രാന്റെ കൂടെച്ചേരാൻ താത്പര്യമുണ്ടായിരുന്നില്ല. എന്നാൽ ഇത്രയേറെ വൈദികർ ചേർന്നു തുടർച്ചയായി നിർബന്ധിക്കുകയും പുതിയ സ്ഥാനമാനങ്ങൾ കിട്ടാൻ സാധ്യതയുണ്ടെന്നു തോന്നുകയും ചെയ്തതിനാൽ തരകൻ അവരോടൊപ്പം റോക്കോസ് മെത്രാനെ കാണാൻപോയി. ഒൻപതാം പീയൂസ് മാർപാപ്പയുടെ കല്പനപ്രകാരമാണ് റോക്കോസ് മെത്രാനെ വാഴിച്ച് അയയ്ക്കുന്നതെന്നുള്ള പാത്രിയർക്കീസിന്റെ കത്ത് എല്ലാവരെയും തൃപ്തിപ്പെടുത്തി.

തൈക്കാട്ടുശേരിയിൽനിന്നു വന്നവരും തെക്കും വടക്കുമുള്ള പ്രദേശങ്ങളിൽനിന്ന് എത്തിയിരുന്നവരും ചേർന്ന് യാക്കോബായ മെത്രാൻ കുറിലോസിന്റെ നേതൃത്വത്തിൽ റോക്കോസ് മെത്രാന് ഉജ്ജ്വലമായ സ്വീകരണം നൽകി.

തുടർന്ന് റോക്കോസ് പക്ഷക്കാരുടെ ശക്തി അതിവേഗം വർധിച്ചുവന്നു. നാടിന്റെ നാനാഭാഗങ്ങളിൽനിന്നു പള്ളിവികാരിമാരും പ്രമാണിമാരും ജനങ്ങളും എത്തി റോക്കോസ് മെത്രാനു പിന്തുണ പ്രഖ്യാപിച്ചുകൊണ്ടിരുന്നു.

പിന്തുണ ഏറിയപ്പോൾ തൊണ്ടനാട്ടു കത്തനാരുടെയും കൂട്ടരുടെയും മോഹങ്ങൾ വർധിച്ചു. മാന്നാനം കൊവേന്തയും എൽത്തുരുത്തു കൊവേന്തയും പിടിച്ചെടുക്കണമെന്നും റോക്കോസ് മെത്രാൻ അവിടെ രണ്ടിടത്തുമായി താമസിച്ചു ഭരണം നടത്തണമെന്നും അവർ തീരുമാനിച്ചു.

അവരുടെ പദ്ധതി മനസിലാക്കിയ മർസലിനോസ് മിഷനറി പ്രിയോരച്ചനെ വിവരമറിയിച്ചു. സർക്കാർ സഹായം തേടുവാൻ ഉപദേശിക്കുകയും ചെയ്തു. എന്നാൽ പ്രിയോരച്ചൻ അതിനു മുതിർന്നില്ല. യൗസേപ്പുപിതാവിന്റെ നാമത്തിലുള്ള കൊവേന്തയെ പുണ്യവാളൻ സംരക്ഷിക്കുമെന്ന് അദ്ദേഹത്തിന് ഉറപ്പായിരുന്നു. കൊവേന്തയ്ക്ക് ഒരു സംരക്ഷണ ഏർപ്പാടും അദ്ദേഹം ചെയ്തില്ല.

പിറ്റേ ദിവസം തൊണ്ടനാട്ടു കത്തനാരും രണ്ടു മല്പാന്മാരും ഒരു പള്ളിവികാരിയും മറ്റു രണ്ടു പേരും മാന്നാനത്തെത്തി. ചാവറയച്ചൻ അവരെ സ്വീകരിച്ച് ആശ്രമത്തോടു ചേർന്നുള്ള ഒരു കെട്ടിടത്തിലേക്കു കൊണ്ടുപോയി.

റോക്കോസ് മെത്രാനെക്കുറിച്ചാണ് അവർ സംസാരിച്ചത്. മാർപാപ്പയുടെ അംഗീകാരമുള്ളയാളാണോ ഈ മെത്രാനെന്നു ചാവറയച്ചൻ ചോദിച്ചു.

"അക്കാര്യത്തിൽ സംശയം വേണ്ട," തൊണ്ടനാട്ടു കത്തനാർ പറഞ്ഞു.

"തെളിവുണ്ടോ?" പ്രിയോരച്ചൻ ചോദിച്ചു.

"ഉണ്ട്. പാത്രിയർക്കീസിന്റെ കൈയൊപ്പുള്ള കത്തുണ്ട്. അഞ്ചാറു മെത്രാന്മാരുടെ സാക്ഷ്യമുണ്ട്. പോരെ?"

"എനിക്കതൊക്കെ ഒന്നു വായിച്ചുനോക്കണമെന്നുണ്ട്. കൊണ്ടുവന്നിട്ടുണ്ടോ?"

"കൊണ്ടുവന്നിട്ടില്ല. ഭാഷ അറിയാവുന്ന ധാരാളം പേർ വായിച്ചുനോക്കിയതാണ്."

കാരക്കുന്നത്തു മല്പാൻ പറഞ്ഞു: "ഞാൻ വായിച്ചു. കുഴപ്പമൊന്നും കണ്ടില്ല."

"റോക്കോസ് മെത്രാനെ കൊച്ചിയിൽ ഇരുത്തുന്നതു ശരിയല്ല. ഇതുപോലുള്ള നല്ല ആശ്രമങ്ങളുള്ളപ്പോൾ എന്തിനവിടെ കഴിയണം? അല്ല, പ്രിയോരച്ചന്റെ ഇഷ്ടംപോലെ," തൊണ്ടനാട്ടച്ചൻ പറഞ്ഞു.

"റോമിൽനിന്ന് അനുവാദമുണ്ടെന്നല്ലേ പറഞ്ഞത്. ഞാൻ റോമിലേക്ക് എഴുതിച്ചോദിക്കാം."

"അതിന്റെ ആവശ്യമില്ല. സംശയമുണ്ടെങ്കിൽ പാത്രിയർക്കീസിനോടു എഴുതിച്ചോദിച്ചോളൂ. റോമിലേക്ക് എഴുതിയാൽ ഈ നൂറ്റാണ്ടിലെങ്ങും മറുപടി നോക്കണ്ട."

പ്രിയോരച്ചനു പ്രാർഥനയ്ക്കും ധ്യാനത്തിനുമുള്ള സമയമായിരുന്നു. അദ്ദേഹം കൊവേന്തയിലേക്കു പോയി.

സന്ധ്യയ്ക്കു ധ്യാനം കഴിഞ്ഞു മടങ്ങിവന്നപ്പോഴും സംഘം മടങ്ങിയിരുന്നില്ല. മടങ്ങാനുള്ള ലക്ഷണവും കണ്ടില്ല. പ്രിയോരച്ചൻ അവർക്ക് വിഭവസമൃദ്ധമായ അത്താഴത്തിനും താമസത്തിനുമുള്ള ഏർപ്പാടുകൾ ചെയ്തു.

അത്താഴം കഴിഞ്ഞപ്പോൾ ചാവറയച്ചൻ അവർക്കൊരു കുറിപ്പു കൊടുത്തുവിട്ടു. അവരെല്ലാവരും റോക്കോസ് മെത്രാനോട് അടുപ്പം പുലർത്തുന്ന ആളുകളായതിനാൽ, കൊവേ

ന്തയിൽ കുർബാന ചൊല്ലാൻ അനുവദിച്ചാൽ താൻ വരാപ്പുഴ മെത്രാപ്പോലീത്തയോടു സമാധാനം ബോധിപ്പിക്കേണ്ടിവരും; അനുവദിക്കാതിരുന്നാൽ അത് ആഗതർക്ക് അപമാനമാകുകയും ചെയ്യും. അങ്ങനെയൊരു വിഷമസന്ധി സൃഷ്ടിക്കാതെ പുലർച്ചയ്ക്കുതന്നെ മടങ്ങിയാൽ നന്നായിരുന്നു എന്നായിരുന്നു കുറിപ്പ്.

കൊവേന്ത പിടിച്ചടക്കാൻ വന്നവർ ഈയൊരു കുറിപ്പുകൊണ്ട് അടങ്ങുമോയെന്നു ചാവറയച്ചനു സംശയം തോന്നി. എന്നാൽ എല്ലാം യൗസേപ്പു പിതാവ് നോക്കിക്കൊള്ളും എന്നോർത്തപ്പോൾ അദ്ദേഹത്തിന് ആശ്വാസമായി. സമാധാനത്തോടെ അദ്ദേഹം ഉറങ്ങി.

നേരം പുലർന്നപ്പോൾ തൊണ്ടനാട്ടു കത്തനാരും സംഘവും സ്ഥലംവിട്ടിരുന്നു.

ബേസ് റൗമയിലെ വൃക്ഷങ്ങളിൽ വീണ്ടും പ്രഭാതശാന്തിയുടെ കീർത്തനങ്ങൾ ചിറകടിച്ചു.

20

As വീണ കായൽജലത്തിന്റെ പ്രവാഹംപോലെ ആളുകൾ റോക്കോസ് മെത്രാന്റെ പക്കലേക്കു പായുകയായിരുന്നു. നോക്കിനില്ക്കേ ജനങ്ങളും വൈദികരും പള്ളികളുമെല്ലാം ആ കൽദായ മെത്രാന്റെ കൈകളിലേക്ക് ഓടിയെത്തിക്കൊണ്ടിരുന്നു. മടകെട്ടാനുള്ള വരാപ്പുഴ മെത്രാന്റെ ശ്രമങ്ങളെല്ലാം കുത്തിയൊലിച്ചുപോകുകയായിരുന്നു.

എന്തു ചെയ്യണമെന്നു വലിയ പ്രിയോരച്ചനും ഒരെത്തുംപിടിയും കിട്ടിയില്ല. ബെർണർദീനോസ് മെത്രാനുമായി അദ്ദേഹം കൂടിയാലോചിച്ചു. റോക്കോസ് ശീശ്മയിലേക്കു മാറിയിട്ടില്ലാത്ത വൈദികർക്കായി പ്രിയോരച്ചൻ ഒരു യോഗം വിളിച്ചുകൂട്ടാൻ തീരുമാനിച്ചു.

തെക്കൻ പള്ളിപ്പുറം പള്ളിയിൽ നടക്കുന്ന യോഗത്തിലേക്കു ക്ഷണിച്ചുകൊണ്ടുള്ള കത്തിൽ ചർച്ചാവിഷയം പറഞ്ഞിരുന്നു. അതു കണ്ടപ്പോൾതന്നെ പലരും യോഗത്തിനു പോകേണ്ടെന്നു തീരുമാനിച്ചു. റോക്കോസിനെ കാണുന്നതുമുടക്കിക്കൊണ്ടുള്ള തീരുമാനം വല്ലതും യോഗത്തിൽ ഉണ്ടായെങ്കിലോ! അതിനാൽ കഴിവതുംവേഗം പുതിയ മെത്രാനെ സന്ദർശിക്കുന്നതായിരിക്കും ബുദ്ധിയെന്ന് അവർ തീരുമാനിച്ചു.

യോഗം നടന്നു. പക്ഷേ അതിൽ സംബന്ധിച്ചതു വിരലിലെണ്ണാൻ മാത്രം വൈദികർ.

പ്രിയോരച്ചനുണ്ടായ വ്യസനം കുറച്ചൊന്നുമായിരുന്നില്ല. കർത്താവുതന്നെ പ്രശ്നത്തിനു പരിഹാരമുണ്ടാക്കട്ടെയെന്ന് അദ്ദേഹം സമാധാനിച്ചു.

ഇതിനിടയിൽ റോക്കസിന്റെ ഒരു ദൂതൻ ചാവറയച്ചനെ വന്നു കണ്ടു. ചാവറയച്ചനു മെത്രാൻ സ്ഥാനം വാഗ്ദാനം ചെയ്തുകൊണ്ടായിരുന്നു വരവ്.

''അദ്ദേഹത്തെ എന്റെ നന്ദി അറിയിച്ചേക്കു. പക്ഷേ എനിക്കു മെത്രാനാകാൻ അശേഷം ആഗ്രഹമില്ല,'' അച്ചൻ പറഞ്ഞു. ദൂതൻ മടങ്ങി.

കുറെ ദിവസത്തിനുശേഷം പ്രിയോരച്ചനു റോക്കോസ് മെത്രാന്റെ ഒരു കത്തു ലഭിച്ചു. താൻ തൈക്കാട്ടുശേരിയിൽ താമസിക്കുകയാണെന്നും പ്രിയോരച്ചൻ അവിടെയെത്തിതന്നെ കാണണമെന്നുമായിരുന്നു കത്ത്.

ബെർണർദീനോസ് മെത്രാനെ കണ്ട് അനുവാദം വാങ്ങി പ്രിയോരച്ചൻ തൈക്കാട്ടുശേരിയിലേക്കു പുറപ്പെട്ടു. തൈക്കാട്ടുശേരിയിൽ എത്തിയപ്പോൾ അവിടെ നല്ല തിരക്ക്. ബാബേലിൽ നിന്നുള്ള മെത്രാനെ കാണാൻ എത്തിയതായിരുന്നു ആളുകൾ.

ചാവറയച്ചൻ പാറായി തരകന്റെ വീട്ടിലെത്തി താൻ റോക്കോസിനെ കാണാനും രേഖകൾ പരിശോധിക്കാനും വന്നതാണെന്നറിയിച്ചു. തരകൻ ഉടൻതന്നെ മെത്രാന്റെ സെക്രട്ടറിയായ തൊണ്ടനാട്ടു കത്തനാരെ വിവരം ധരിപ്പിച്ചു.

പ്രിയോരച്ചൻ രേഖകൾ പരിശോധിച്ചാൽ ഇത്രയും ആളുകളുടെ മുന്നിൽവച്ചു കള്ളി പുറത്താകുമെന്നു കത്തനാർക്കറിയാം. കത്തനാർ തരകനോടു പറഞ്ഞു: ''പ്രിയോരു വന്നവഴിക്കു പൊയ്ക്കൊള്ളാൻ പറഞ്ഞോളൂ.''

''എന്താണു കാരണം പറയുക?''

''മെത്രാനച്ചനു കാണാൻ സൗകര്യമില്ലെന്നു പറഞ്ഞോളൂ.''

''കാണാൻ മെത്രാനച്ചൻ ക്ഷണിച്ചിരുന്നതാണല്ലോ''

''ക്ഷണിച്ചത് എത്ര ദിവസം മുമ്പാണ്! വന്നിരിക്കുന്നത് ഇപ്പോൾ! കാണാനല്ലല്ലോ വന്നിരിക്കുന്നത്, പരിശോധിക്കാനല്ലേ! പറ്റില്ലെന്നു പറയൂ.''

പ്രിയോരച്ചൻ മടങ്ങി. കടവിൽ അദ്ദേഹം വള്ളക്കാരനെ കാത്തുനിൽക്കുമ്പോൾ പല വള്ളങ്ങളിൽ ധാരാളം പേർ എത്തുന്നുണ്ടായിരുന്നു - റോക്കോസ് മെത്രാനെ കാണാൻ.

സ്വന്തമായി ഒരു മെത്രാനെ ലഭിക്കണമെന്ന സുറിയാനി ക്രിസ്ത്യാനികളുടെ ആഗ്രഹം ആർക്കും തടഞ്ഞുനിർത്താനാവുന്നതല്ലെന്നു പ്രിയോരച്ചൻ കണ്ടു. തനിക്കും ആ ആഗ്രഹമുണ്ടെങ്കിലും വരാപ്പുഴ മെത്രാപ്പോലീത്തയെ ധിക്കരിക്കാൻ തനിക്കു സാധിക്കില്ല. മാർപാപ്പയാൽ നിയുക്തനായ ആളാണ് അദ്ദേഹം. റോക്കോസ്, മാർപാപ്പ നിയമിച്ച മെത്രാനായിരുന്നെങ്കിൽ മറ്റാരെയുംകാൾ താൻ സന്തോഷിച്ചേനേ.

ഒരു വള്ളത്തിൽ വന്നിറങ്ങിയവരിൽ ഒരാളെ പരിചയമുള്ളതുപോലെ പ്രിയോരച്ചനു തോന്നി. മുഷിഞ്ഞുകീറിയ ളോഹ ധരിച്ച, പൊക്കം കുറഞ്ഞ ഒരാൾ. തലയും മുഖത്തെ കുറ്റിരോമങ്ങളും നരച്ചുവികൃതമായിരിക്കുന്നു. കക്ഷത്തിൽ പഴകിദ്രവിച്ചൊരു പുസ്തകം.

പ്രിയോരച്ചൻ വിളിച്ചു:

''പീലിപ്പോസ്...''

അയാൾ നിന്നു.

''എന്നെ മനസിലായോ?'' പ്രിയോരച്ചൻ ചോദിച്ചു. അയാളുടെ മുഖത്ത് പരിചയത്തിന്റെ ഒരണുപോലും കണ്ടില്ല. അയാൾ പറഞ്ഞു:

''ഞാൻ മെത്രാനെ കാണാൻ പോകയാണ്.'' പീലിപ്പോസ് നടന്നു.

പെട്ടെന്ന് അയാൾ തിരിച്ചുവന്നു. പ്രിയോരച്ചന്റെ കൈമുത്തിയിട്ടു വീണ്ടും നടന്നുനീങ്ങി.

എന്തു ചെയ്യണമെന്നോ പറയണമെന്നോ അറിയാതെ പ്രിയോരച്ചൻ നിൽക്കുമ്പോൾ, നടന്നകലുന്ന അയാളിൽ നിന്നു രണ്ടു വാക്കുകൾകൂടി കേട്ടു:

''മറിയ ആലാഹാ..''

പ്രിയോരച്ചന്റെ വഞ്ചി നീങ്ങാൻ തുടങ്ങിയപ്പോൾ കരയിലൂടെ ഒരു വൃദ്ധൻ ബദ്ധപ്പെട്ടു നടന്നുവന്നു.

''എന്നെ... അക്കരയ്ക്കൊന്നു... വിടാമോ...'' അയാൾ ചോദിച്ചു.

വള്ളം കടവിലടുപ്പിച്ചു. പ്രിയോരച്ചൻ വൃദ്ധനെ രണ്ടുകൈകൾകൊണ്ടും പിടിച്ചു വള്ളത്തിൽ കയറ്റിയിരുത്തി.

വഞ്ചി നീങ്ങിക്കൊണ്ടിരിക്കേ വൃദ്ധൻ ചോദിച്ചു:

''അച്ചൻ മെത്രാനെ കണ്ടിട്ടുവരുകയായിരിക്കും?''

''ഞാൻ കണ്ടില്ല,'' പ്രിയോരച്ചൻ പറഞ്ഞു.

''ഞാൻ കണ്ടു. കൺനിറയെ കണ്ടു. ദൈവമേ, ഞങ്ങൾക്കൊരു മെത്രാനായല്ലോ!''

''റോക്കോസ് ദൈവം തന്ന മെത്രാനല്ല. മാർപാപ്പ അയച്ച മെത്രാനല്ല,'' പ്രിയോരച്ചൻ പറഞ്ഞു.

''അങ്ങനെ പറയരുതച്ചോ. ഞാനെത്ര കാലമായി നമുക്കു സ്വന്തമായൊരു മെത്രാനെ കാത്തിരിക്കുകയായിരുന്നു!''

''വരും, നമുക്കു മെത്രാൻ വരും.''

''അങ്ങനെ വിചാരിച്ചിട്ടു കാര്യമില്ല. എന്റെ ആയുസു തീരുന്നതിനുമുമ്പു വന്നെങ്കിലല്ലേ എനിക്കു കാണാൻ പറ്റൂ. ആരൊക്കെ എന്തൊക്കെ പറഞ്ഞാലും ഇതുതന്നെയാണു നമുക്കുള്ള മെത്രാനെന്നു വിശ്വസിക്കാനാണെനിക്കിഷ്ടം.''

പ്രിയോരച്ചന്റെ മുഖത്തേക്കു നോക്കിയിരുന്നിട്ട് വൃദ്ധൻ പറഞ്ഞു: ''അച്ചനെ എനിക്കറിയില്ല. പക്ഷേ... അച്ചൻ ഒരു മെത്രാനായിരുന്നെങ്കിൽ!...''

''എന്ത്!'' പ്രിയോരച്ചൻ ഞെട്ടി.

''വെറുതെ ഒരാശ. നടക്കാൻ പോകുന്നില്ല. ഈ ആയുസിൽ സാധിച്ചതിനൊക്കെ ദൈവത്തിനു നന്ദി.''

''അപ്പച്ചന്റെ ആഗ്രഹങ്ങൾ ഒട്ടുമുക്കാലും സാധിച്ചോ?''

''ആഗ്രഹങ്ങൾ!.. ആഗ്രഹിക്കുന്നതു സാധിക്കയില്ല; ആഗ്രഹിക്കാത്തതു സാധിക്കും. അതല്ലേ ജീവിതം!... പിള്ളേരെ പഠിപ്പിച്ചുകയറ്റണമെന്നതു വലിയ ആഗ്രഹമായിരുന്നു. സാധിച്ചില്ല. പഠിത്തമില്ലെങ്കിൽ ജീവിതം പാഴാണ്. അച്ചൻ എന്നെങ്കിലും മെത്രാൻ ആവുകയാണെങ്കിൽ...''

''അങ്ങനെ പറയേണ്ട'' പ്രിയോരച്ചൻ ഇടയ്ക്കുകയറി.

''ശരി. എന്തെങ്കിലും ആവുകയാണെങ്കിൽ... ആൾക്കാർക്കു പഠിത്തത്തിനുള്ള ഏർപ്പാടു ചെയ്യണം. പഠിത്തംകൊണ്ടേ ജീവിതം രക്ഷപ്പെടൂ.''

''ശരിയാണ്'' പ്രിയോരച്ചൻ സമ്മതിച്ചു.

വൃദ്ധന് ഇറങ്ങാനുള്ള സ്ഥലമായിരുന്നു.

കടവിൽ അടുപ്പിച്ച വഞ്ചിയിൽനിന്നു പ്രിയോരച്ചൻ വൃദ്ധനെ താങ്ങിപ്പിടിച്ച് ഇറക്കി. അയാൾ കിതച്ചു.

''ഇവിടെനിന്ന് ഏറെ നടക്കാനുണ്ടോ?'' അച്ചൻ ചോദിച്ചു.

"ഇല്ല. ഇനി അധികം നടപ്പില്ല." അയാൾ ഒരു ഒതുക്കുകല്ലിലിരുന്നു.

"വള്ളം മാന്നാനം വരെയുണ്ട്. ആരെങ്കിലും കയറാനുണ്ടോ?" യാത്രയ്ക്കൊരുങ്ങി അവിടെ നിന്നവരോടു പ്രിയോരച്ചൻ ചോദിച്ചു.

"ഇല്ല. ഞങ്ങൾ തൈക്കാട്ടുശേരിക്കാണ്."

വഞ്ചി നീങ്ങി.

21

പ്രഭാതത്തിന്റെ സുഗന്ധം രാത്രിയുടെ സംഭാവനയാണ്. പ്രഭാതത്തിന്റെ കുളിര് രാത്രിയുടെ സമ്മാനമാണ്.

പ്രഭാതം അതറിയുന്നില്ല. രാത്രിയുടെ പാരിതോഷികങ്ങൾ ആരും അംഗീകരിക്കുന്നില്ല. ഒരു കുറ്റവാളിയെപ്പോലെ രാത്രി എന്നും യാത്രയാവുന്നു.

പുലർവെളിച്ചം അമാന്തിച്ചെത്തുന്ന കുന്നിൻമുകളിൽ നിൽക്കുമ്പോൾ പ്രിയോരച്ചന് ദൈവത്തോട് എന്തെന്നില്ലാത്ത സ്നേഹം തോന്നി. ദുഃഖങ്ങൾക്കും ദുരനുഭവങ്ങൾക്കുമുള്ളിൽ ദൈവം എന്തെങ്കിലുമൊരു നന്മ ഒളിച്ചുവയ്ക്കുന്നു. അതു കാണാതെയാണു മനുഷ്യർ ദൈവത്തെ പഴിക്കുന്നത്.

മരങ്ങളുടെ ചുമലുകളിൽ നിന്നു പക്ഷികൾ പുതിയൊരു ദിവസത്തിലേക്കു പറക്കാൻ വെമ്പൽകൊള്ളുകയാണ്. ഒരു രാത്രി അഭയം നൽകിയതിനു മരങ്ങളോടു നന്ദി പറയുകയാവുമോ പക്ഷികൾ?

അല്ലെങ്കിൽ ഓരോ കിളിക്കു വേണ്ടിയും ദൈവം ഓരോ മരം വച്ചുപിടിപ്പിക്കുന്നുണ്ടാവാം.ഓരോ മരത്തിനും കൂട്ടിനായി കിളികളെ അടവിരിയിക്കുന്നുമുണ്ടാവാം. കിളികൾ അവയുടെ ചിലപ്പുകളാലും മരങ്ങൾ അവയുടെ നിശബ്ദമായ സഹിഷ്ണുതയാലും ദൈവത്തെ സ്തുതിക്കുകയല്ലേ?

മനുഷ്യനാണു ദൈവത്തെ സ്തുതിക്കുവാൻ സമയമില്ലാത്തത്. പ്രകൃതിയുടെ നന്മകളെ സ്വന്തം തിന്മകൾക്കൊണ്ടു നിഷ്പ്രഭമാക്കുകയാണു മനുഷ്യൻ.

ഇതു കവിതയുടെ പ്രഭാതമാണ്. പ്രിയോരച്ചൻ ആശ്രമത്തിൽക്കയറി എഴുതാനിരുന്നു.

"അനാദ്യഗുണനിധേ സർവേശ പരാപരാ
അനന്തഗുണാനിതാ സർവമംഗള ദേവാ
അന്തമില്ലാത്ത തവ കരുണാബ്ധിയാലെന്നെ
അന്തിച്ചിടാതുള്ള സൃഷ്ടിയായ്ച്ചമച്ചല്ലോ..."

ആരൊക്കെയോ മുറിയിലേക്കു കടന്നുവരുന്നതു പ്രിയോരച്ചൻ കണ്ടു. ആശ്രമവാസികളെല്ലാവരും തന്നെയുണ്ട്. അവരുടെ മുഖങ്ങളിലെ ഉത്കണ്ഠ കണ്ടപ്പോൾ പ്രിയോരച്ചനു വിഷയം മനസിലായി - റോക്കോസ്. കൂടുതൽ പള്ളികൾ അങ്ങോട്ടുമാറിയിട്ടുണ്ടാവും.

"എങ്ങനെയാണു പുതിയ കണക്കുകൾ?" പ്രിയോരച്ചൻ ചോദിച്ചു.

"എൺപത്താറ് ഇടവകപ്പള്ളികൾ പൂർണമായി പൊയ്ക്കഴിഞ്ഞു."

"ഭാഗികമായോ?"

"ഏകദേശം മുപ്പത്."

പ്രിയോരച്ചൻ കണക്കുകൂട്ടി. സുറിയാനി കത്തോലിക്കരുടെ ഇടവകപ്പള്ളികൾ 154 ആയിരുന്നു. അതിൽ 116 പള്ളികൾ കൈവിട്ടുപോയിരിക്കുന്നു. ശേഷിക്കുന്നതു വെറും 38. അവയിൽ മിക്കതും കൊവേന്തകളോട് അടുത്തുള്ളവയായിരിക്കണം.

"എന്തെങ്കിലും ചെയ്തില്ലെങ്കിൽ..." എല്ലാവരുടെയും മുഖത്ത് ആശങ്കയാണ്. "എന്തെങ്കിലും മാർഗം കണ്ടേതീരൂ."

"എല്ലാം ശരിയാകുമെന്നാണെന്റെ വിശ്വാസം. കർത്താവ് ഇതനുവദിക്കയില്ല." പ്രിയോരച്ചന് ഉറപ്പായിരുന്നു. "നമ്മൾ കൂടുതൽ മുട്ടിപ്പായി പ്രാർഥിക്കണം."

"നമ്മുടേതായി ഒരു മെത്രാൻ ഉണ്ടാവുകയാണെങ്കിൽ പിന്നെയാരും റോക്കോസിന്റെ പുറകെ പോവുകയില്ല."

"അതിനു മാർപാപ്പ തിരുമേനി മനസാകണം. കാര്യങ്ങളുടെ യഥാർഥസ്ഥിതി തിരുമേനിയെ എങ്ങനെയെങ്കിലും അറിയിക്കണം." പ്രിയോരച്ചൻ പറഞ്ഞു.

"റോമായിൽനിന്ന് എന്തെങ്കിലും നടപടി ഉണ്ടായിവരുമ്പോഴേക്കും നമുക്കിവിടെ പള്ളി ഒന്നുമില്ലാതായെന്നു വരും."

"അങ്ങനെ സംഭവിക്കയില്ല. തമ്പുരാൻ അതു സമ്മതിക്കില്ല."

അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ വരാപ്പുഴ അരമനയിൽ നിന്നു ദൂതൻ വന്നു. പ്രിയോരച്ചൻ അടിയന്തരമായി ബെർണർദീനോസ് മെത്രാപ്പോലീത്തയെ കാണണമെന്നായിരുന്നു സന്ദേശം.

റോക്കോസ് പക്ഷത്തേക്കു പോയ പള്ളികളുടെയും വൈദികരുടെയും സുറിയാനി കത്തോലിക്കാ നേതാക്കളുടെയും കണക്കുമായാണു പ്രിയോരച്ചൻ മെത്രാപ്പോലീത്തയുടെ പക്കലെത്തിയത്. പക്ഷേ കണക്കുകൾ അവതരിപ്പിക്കേണ്ടിവന്നില്ല. മെത്രാനച്ചൻ എല്ലാം അറിഞ്ഞിരുന്നു. അദ്ദേഹം പറഞ്ഞു:

"മറ്റൊരു പ്രധാന കാര്യം പറയാനാണു ഞാൻ അച്ചനെ വിളിപ്പിച്ചത്."

"എന്താണ്?"

"സുറിയാനിക്കാർക്ക് ഒരു മെത്രാൻ അത്യാവശ്യമാണ്."

"അതേ, പിതാവേ."

"പ്രിയോരച്ചൻ ആ പദവി ഏറ്റെടുക്കണമെന്നാണ് എന്റെ ആഗ്രഹം."

പ്രിയോരച്ചനു കണ്ഠമടഞ്ഞുപോയി.

"ഈ സ്ഥാനത്തിന് ഏറ്റവും യോഗ്യൻ പ്രിയോരച്ചനാണ്."

പ്രിയോരച്ചന്റെ കണ്ണുകൾ നിറഞ്ഞു. അദ്ദേഹം വിക്കിവിക്കി പറഞ്ഞു: "നന്ദി, പിതാവേ... വളരെ നന്ദി... ദൈവത്തിനു സ്തുതി... പക്ഷേ... ഞാൻ അങ്ങനെ ഒരു സ്ഥാനവും ആഗ്രഹിക്കുന്നില്ല. സന്യാസത്തിനുവേണ്ടി സമർപ്പിച്ചതാണ് എന്റെ ജീവിതം."

"അതുകൊണ്ടെന്ത്? മെത്രാൻപദവി വഹിക്കുന്നതുകൊണ്ടു സന്യാസം മുടങ്ങുകയില്ല," മെത്രാനച്ചൻ പറഞ്ഞു.

"പിതാവു നിർബന്ധിക്കരുത്. സന്യാസസഭ ഏറ്റവും നന്നായി നടത്തിക്കൊണ്ടുപോവുകയാണ് എന്റെ ഒന്നാമത്തെ കടമയെന്നു ഞാൻ കരുതുന്നു. ദൈവം ആയുസു തരുന്നത്രകാലം അത് എന്റെ ജീവിതത്തിന്റെ ചലനശക്തിയായിരിക്കണമെന്നാണ് എന്റെ ആഗ്രഹം... അങ്ങ് അങ്ങേയറ്റത്തെ കനിവോടെ എനിക്കായി സൂചിപ്പിച്ച പദവി, ആ കടമ യഥാവിധി നിർവഹിക്കുന്നതിന് എനിക്കു തടസമായേക്കും. അതുകൊണ്ട് അങ്ങെന്നെ നിർബന്ധിക്കരുത്." പ്രിയോരച്ചൻ മെത്രാനച്ചനെ താണു വണങ്ങി.

"എങ്കിൽ..." മെത്രാനച്ചൻ ആലോചിച്ചു. "പ്രിയോരച്ചൻ ഇരിക്കൂ."

അദ്ദേഹം ഇരുന്നു.

"സുറിയാനിസഭയോടു കടമയുള്ളതായി പ്രിയോരച്ചൻ കരുതുന്നില്ലേ?"

"തീർച്ചയായും ഉണ്ട്."

"എങ്കിൽ... സുറിയാനിസഭയുടെ വികാരിജനറാളായി സഭയെ സേവിക്കുന്നതിന് അച്ചനു സാധിക്കില്ലേ?"

"വികാരി ജനറാൾ... അതും ഒരു ഉയർന്ന പദവിയാണ്... എങ്കിലും അങ്ങ് അങ്ങനെ ആഗ്രഹിക്കുന്നുവെങ്കിൽ... കർത്താവു തിരുമനസാകുന്നുവെങ്കിൽ... എനിക്കു തടസമില്ല."

ചാവറ കുര്യാക്കോസ് അച്ചനെ സുറിയാനി കത്തോലിക്കരുടെ വികാരി ജനറാളായി നിയമിച്ചുകൊണ്ട് 1861 ജൂൺ എട്ടിനു ബെർണർദീനോസ് മെത്രാപ്പോലീത്ത കല്പന പുറപ്പെടുവിച്ചു. "... ഈ സ്ഥാനത്തിനുവേണ്ട സ്ഥിരതയും സാമർഥ്യവും ബോധജ്ഞാനവും പുണ്യവ്യാപാരവും താങ്കൾക്കുണ്ടെന്നു നാം മനസിലാക്കുന്നു... നമ്മുടെ കീഴിൽ മലയാളത്തിലുള്ള സുറിയാനി പള്ളികളിലെ വൈദികരുടെയും അൽമേനികളുടെയും ആത്മപരിപാലനം നടത്തി അവരെ ഭരിക്കുന്നതിനു വികാരിജനറാളായിട്ടു താങ്കളെ നാം നിശ്ചയിക്കുന്നു. വിശുദ്ധപള്ളി ആകമാനമായിട്ട് അനുവദിച്ചിട്ടുള്ള അധികാരവും അനുവാദവും നൽകുന്നുവെന്നതു കൂടാതെ പ്രത്യേകമായി താങ്കൾക്കു നാം എഴുത്താലെ തരുന്ന ക്രമക്കടലാസിൽ പറയുന്ന അനുവാദങ്ങളും അധികാരവും ഇതോടൊപ്പം തരുകയും ചെയ്യുന്നു.."

ദൈവം പുതിയൊരു ജോലികൂടി തന്നെ ഏൽപിക്കുകയാണെന്നു പ്രിയോരച്ചൻ കണ്ടു. വലിയ ഉത്തരവാദിത്വം. ഒപ്പം വലിയൊരു പദവിയും.

തന്നെക്കുറിച്ചു വളരെയേറെ പ്രതീക്ഷകൾ തമ്പുരാന് ഉണ്ട്.

അവിടുന്നു തന്നെ എത്രമാത്രമാണു സ്നേഹിക്കുന്നത്. ആ സ്നേഹം അളക്കാവുന്ന ഒരു പാത്രവും ലോകത്തിലില്ല.

അല്ല, ഉണ്ട്, ഹൃദയം. ദൈവം അനുഗ്രഹിക്കുന്ന ഹൃദയത്തിന് എത്ര വേണമെങ്കിലും വിശാലമാവാൻ കഴിയും; എന്തിനെയും ഉൾക്കൊള്ളാൻ കഴിയും.

ദൈവമേ!

നീയെന്നെ ഇത്രയധികം സ്നേഹിക്കുമ്പോൾ നിന്നിലല്ലാതെ മറ്റൊന്നിനുമേൽ എന്റെ സ്നേഹം എങ്ങനെ ഞാൻ വയ്ക്കും?

22

വികാരി ജനറാൾ എന്ന നിലയിൽ തന്റെ ആദ്യത്തെ ദൗത്യം എന്തെന്നതു പ്രിയോരച്ചനു വ്യക്തമായിരുന്നു - റോക്കോസ് ശീശ്മയിൽനിന്നു സുറിയാനി കത്തോലിക്കരെ രക്ഷിക്കുക.

അതിന് ആദ്യമായി വേണ്ടത്, മാർപാപ്പയുടെ അംഗീകാരമുള്ള മെത്രാനാണോ റോക്കോസ് എന്നതും മാർപാപ്പയുടെ അനുമതിയോടെയാണോ അദ്ദേഹം മലയാളത്തിൽ എത്തിയതെന്നതും റോമിൽനിന്നു നേരിട്ട് അറിയുകയാണ്.

അതിനാൽ, കാര്യങ്ങളെല്ലാം വിവരിച്ചുകൊണ്ടും മലയാളത്തിൽ സുറിയാനി കത്തോലിക്കരുടെ സ്ഥിതി അത്യന്തം ആശങ്കാജനകമാണെന്ന് അറിയിച്ചുകൊണ്ടും റോക്കോസിന് ആധികാരികതയുണ്ടോയെന്നുള്ള വിവരം വെളിപ്പെടുത്തണമെന്ന് അപേക്ഷിച്ചുകൊണ്ടും പ്രിയോരച്ചൻ ഉടൻതന്നെ ഒൻപതാം പീയൂസ് മാർപാപ്പയ്ക്ക് എഴുതി.

ദിവസങ്ങൾക്കുള്ളിൽ ഈ വിവരങ്ങളെല്ലാമായി പ്രോപ്പഗാന്താ തിരുസംഘത്തിനും പ്രിയോരച്ചൻ എഴുതി.

കത്തുകൾ റോമിൽ കിട്ടുവാനും അവിടെനിന്നു മറുപടി ലഭിക്കാനും കാലതാമസമുണ്ടാകുമെന്നു പ്രിയോരച്ചന് അറിയാമായിരുന്നു. ദിവസങ്ങൾ കഴിയുന്തോറും ആളുകളും പള്ളികളും നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണ്. എന്തുചെയ്യണമെന്നു പിടികിട്ടുന്നില്ല. ശീശ്മയ്ക്കെതിരേയുള്ള മുന്നറിയിപ്പുകളും വിശുദ്ധ പത്രോസിന്റെ സിംഹാസനത്തോടു വിശ്വസ്തത പുലർത്തേണ്ടതിന്റെ ആവശ്യകത വിശദീകരിക്കുന്ന ലേഖനങ്ങളും മാന്നാനം പ്രസിൽനിന്നു ധാരാളമായി അടിച്ചിറക്കിക്കൊണ്ടിരുന്നു. അവ പക്ഷേ മടവീണ വെള്ളത്തിന്റെ ഒഴുക്കിനെ തടയുവാനിടുന്ന കമ്പും കോലും മാത്രമേ ആകുന്നുള്ളൂ.

എന്തു ചെയ്യണമെന്നു മെത്രാപ്പോലീത്തയ്ക്കും പിടിയുണ്ടായിരുന്നില്ല. അദ്ദേഹം ആകെ അങ്കലാപ്പിലാണെന്നു തോന്നി. പ്രിയോരച്ചൻ അദ്ദേഹത്തെ ആശ്വസിപ്പിച്ചു: "എല്ലാം നേരേയാകുമെന്നാണെന്റെ വിശ്വാസം. കാരണം, ദൈവം നമ്മുടെ കൂടെയുണ്ടല്ലോ. പോയവർ പോലും തിരിച്ചുവരുമെന്നു നമുക്ക് വിശ്വസിക്കാം."

"അതെ. വിശ്വസിക്കാം"

റോമിൽനിന്നു മറുപടി കാണാത്തതിനാൽ പ്രോപ്പഗന്താ സംഘത്തിനു പ്രിയോരച്ചൻ വീണ്ടും കത്തെഴുതി.

അതിനും മറുപടിയില്ല.

റോക്കോസ് മെത്രാൻ ഓടിനടന്ന് ചോദിക്കുന്നവർക്കെല്ലാം പട്ടം കൊടുക്കുകയും മെത്രാപ്പോലീത്ത മുടക്കു കല്പിച്ചിട്ടുള്ളവർക്ക് മുടക്കുതീർത്തു കൊടുക്കുകയുമാണ്. സെമിനാരികളിൽനിന്നു പിരിച്ചയച്ചവരെ വിളിച്ചുവരുത്തി പട്ടം കൊടുക്കുക പോലും ചെയ്യുന്നു. മെത്രാൻ സ്ഥാനമൊഴികെ ഏതു സ്ഥാനവും ആർക്കും കൊടുക്കാൻ അദ്ദേഹം തയാറാണ്. അങ്ങനെയും ധാരാളംപേർ അദ്ദേഹത്തിന്റെ പിന്നാലെ കൂടുന്നുണ്ട്.

എല്ലാവരും ഉറക്കത്തിലാണ്ടിരിക്കുമ്പോഴും പ്രിയോരച്ചൻ മുട്ടിന്മേൽനിന്നു പ്രാർഥിച്ചു: ദൈവമേ, ഈ വിപത്ഘട്ടത്തിൽ സുറിയാനിസഭയെ അങ്ങ് ഈ ബലഹീനന്റെ കൈകളിൽ ഏല്പിച്ചിരിക്കയാണല്ലോ. അങ്ങുതന്നെ സഭയെ ആപത്തിൽനിന്നു രക്ഷിക്കണമേ. ഞാനൊരു വഴിയും കാണുന്നില്ല. എല്ലാറ്റിനും നീ തന്നെ പരിഹാരമുണ്ടാക്കിത്തരണമേ.

പിറ്റേദിവസവും അതിന്റെ പിറ്റേദിവസവും അതിനടുത്ത ദിവസങ്ങളിലുമെല്ലാം പ്രിയോരച്ചൻ തപാൽ കാത്തിരുന്നു. റോമിൽനിന്നു മറുപടിയൊന്നുമില്ല.

പ്രിയോരച്ചൻ മൂന്നാമതും പ്രോപ്പഗന്താ സംഘത്തിന് എഴുതി. കാത്തിരുന്നു.

നാലാമതും എഴുതി. കാത്തിരുന്നു.

ഈ സമയം, തന്റെ പക്ഷത്തേക്കു ചേർന്ന പള്ളികൾ തങ്ങളുടെ വരുമാനം- അനുദിന ചെലവുകൾ കഴിച്ചുള്ളത് - പാറായിത്തരികനെ ഏല്പിക്കണമെന്നു റോക്കോസ് മെത്രാൻ കല്പനയിറക്കി. മാന്നാനം കൊവേന്തയും എൽത്തുരുത്ത് കൊവേന്തയും പിടിച്ചെടുക്കാനും റോക്കോസ് പക്ഷക്കാർ തീരുമാനിച്ചു.

ദിവസങ്ങൾക്കുള്ളിൽ പ്രിയോരച്ചനു റോക്കോസ് മെത്രാന്റെ ഒരു കത്തു കിട്ടി. തന്നെയും തന്നെ അയച്ച പാത്രിയർക്കീസ് തിരുമേനിയെയും അപമാനിക്കുന്ന പ്രവർത്തനങ്ങളിലാണ് പ്രിയോരച്ചനും ശിഷ്യരും ഏർപ്പെട്ടിരിക്കുന്നതെന്നും ഉടൻതന്നെ അവയിൽനിന്നു പിന്തിരിഞ്ഞു മാപ്പപേക്ഷിക്കണമെന്നുമായിരുന്നു കത്ത്. പ്രിയോരച്ചൻ അതിനു മറുപടി കൊടുത്തില്ല.

പള്ളികൾ പിടിച്ചെടുക്കാനുള്ള റോക്കോസ് പക്ഷത്തിന്റെ ശ്രമം പല പള്ളികളിലും സംഘർഷങ്ങൾക്ക് ഇടയാക്കാൻ തുടങ്ങി. തൃശൂർ, ഒല്ലൂർ, അരണാട്ടുകര എന്നിവിടങ്ങളിൽ ആളുകൾ ഏതാണ്ടു തുല്യശക്തിയുള്ള രണ്ടു സംഘങ്ങളായി തിരിഞ്ഞ് ഏറ്റുമുട്ടി. റോക്കോസ് പട്ടം കൊടുക്കാൻ വന്ന ആരക്കുഴപ്പള്ളിയിൽ സംഘർഷം രക്തച്ചൊരിച്ചിലിന്റെ വക്കോളം എത്തുകയും ചെയ്തു.

റോക്കോസിന്റെ സന്ദർശനം മൂലം പള്ളികളിൽ സംഘർഷാവസ്ഥ ഉണ്ടാകുന്നതിനാൽ ഈ സന്ദർശനങ്ങൾ തടയണമെന്നു പ്രിയോരച്ചൻ പേഷ്കാർക്ക് ഹർജി കൊടുത്തു. അതു പ്രയോജനം ചെയ്തു. തെക്കൻ പള്ളികളിൽ റോക്കോസിന്റെ സന്ദർശനം തടഞ്ഞുകൊണ്ടു പേഷ്കാരുടെ ഉത്തരവുണ്ടായി. ഇതിനെ പിൻചെന്ന് വടക്കൻ പ്രദേശത്തെ കത്തോലിക്കാ പക്ഷക്കാർ സർക്കാരിൽ ഹർജികൊടുത്തതിനെത്തുടർന്ന് അവിടെ റോക്കോസിനെതിരേ കൊച്ചി ദിവാന്റെ നിരോധനാജ്ഞ വന്നു. അങ്ങനെ റോക്കോസിന്റെ പള്ളി സന്ദർശനവും കൊവേന്തപിടിത്തവും താത്കാലികമായെങ്കിലും നിലച്ചു. പ്രിയോരച്ചന് അല്പം ആശ്വാസമായി.

അവസാനം റോമിൽനിന്നു മറുപടി വന്നു. പ്രോപ്പഗന്ത തിരുസംഘത്തിൽനിന്ന് 1861 ഓഗസ്റ്റ് 21-ന് അയച്ച കത്ത് പ്രിയോരച്ചനു കിട്ടുന്നത് ഒക്ടോബർ ഏഴിന്. റോക്കോസ് മെത്രാൻ ന്യായാനുസൃതമായി അയയ്ക്കപ്പെട്ടിട്ടുള്ള ആളല്ലെന്നും മാർപാപ്പയുടെ വിശദമായ കത്ത് പിന്നാലെ അയയ്ക്കുന്നതാണെന്നുമായിരുന്നു തിരുസംഘം അധ്യക്ഷന്റെ കത്ത്.

പ്രിയോരച്ചന് ആശ്വാസമായി. അദ്ദേഹം ഉടൻതന്നെ പള്ളികളിലെല്ലാം വിവരമറിയിച്ചു.

ഒൻപതാം പീയൂസ് മാർപാപ്പയുടെ കൈയൊപ്പോടും മുദ്രയോടുംകൂടിയ കത്ത് ഒക്ടോബർ 30-ന് പ്രിയോരച്ചനു ലഭിച്ചു.

മലയാളത്തിലെ സഭയിൽ പ്രശ്നം ഉടലെടുത്തപ്പോൾ റോമിലേക്ക് എഴുതിച്ചോദിച്ചതിൽ സന്തോഷം പ്രകടിപ്പിച്ചുകൊണ്ടാണ് മാർപാപ്പ കത്തു തുടങ്ങിയിരിക്കുന്നത്. മലയാളത്തിലെ പള്ളികളുടെ കാര്യത്തിൽ യാതൊരു തരത്തിലും ഇടപെടരുതെന്നു പാത്രിയർക്കീസിനു താൻ ആജ്ഞ കൊടുത്തിരുന്നതാണെന്നും പാത്രിയർക്കീസ്,സ്വന്തം ഇഷ്ടപ്രകാരം അയച്ചിരിക്കുന്ന റോക്കോസ് മെത്രാൻ പള്ളിക്കടുത്ത അധികാരങ്ങളൊന്നുമില്ലാത്ത ആളാണെന്നും കത്ത് തുടർന്നു പറഞ്ഞു. പള്ളിക്കടുത്ത മഹറോനു റോക്കോസ് അർഹനായിരിക്കയാണ്. ബെർണർദിനോസ് മെത്രാപ്പോലീത്തയോടു മാത്രം കീഴ്പ്പെട്ടിരിക്കുക. റോക്കോസിനെ തിരികെ വിളിക്കാൻ പാത്രയർക്കീസ് ബാവായോട് താൻ കല്പിച്ചിട്ടുണ്ടെന്നും മാർപാപ്പ കത്തിൽ പറഞ്ഞു.

മലയാളത്തിലെ സഭയുടെ കാര്യങ്ങൾ നേരിട്ടുകണ്ട് റിപ്പോർട്ടു ചെയ്യുന്നതിനായി മാത്രമാണ് ബാബേൽ പാത്രിയർക്കീസ് റോക്കോസ് മെത്രാനെ അയച്ചത്. അതാകട്ടെ, റോമിൽനിന്നുള്ള വിലക്കിനെ അവഗണിച്ചും. സ്വന്തം റീത്തുകാരനായ മെത്രാനെ ആഗ്രഹിച്ചിരുന്ന കേരള സുറിയാനിക്കാർ തനിക്കു നല്കിയ സ്വീകരണം ആസ്വദിച്ചതോടെ റോക്കോസ് മെത്രാൻ വളരെ മുന്നോട്ടുപോയി. വളരെ വളരെ. അതിനദ്ദേഹത്തിനു പ്രേരണ നല്കിക്കൊണ്ട് തൊണ്ടനാട്ടുകത്തനാരും മറ്റും അടുത്തുനിന്നു. തനിക്കില്ലാത്ത അധികാരങ്ങൾ പ്രയോഗിച്ച റോക്കോസ് ഈ മലയാളക്കരയിൽ തന്റേതായ ഒരു സാമ്രാജ്യം വെട്ടിയെടുക്കാമെന്നു മോഹിച്ചു.

റോക്കോസ് അധികാരപരിധി കടക്കുന്നതായി അറിഞ്ഞ പാത്രിയർക്കീസ് ബാവ അദ്ദേഹത്തെ തിരിച്ചുവിളിച്ചുകൊണ്ടു കത്തയച്ചു. മെത്രാൻ അത് അവഗണിക്കുകയാണു ചെയ്തത്.

റോക്കോസിന്റെ പള്ളിസന്ദർശനങ്ങൾ തടഞ്ഞുകൊണ്ടു സർക്കാർ ഉത്തരവുണ്ടായതോടെ മെത്രാന്റെ അശ്വമേധം നിലച്ചു. അങ്ങനെയിരിക്കേയാണു തിരിച്ചെത്തുവാൻ ആവശ്യപ്പെട്ടുകൊണ്ടു പാത്രിയർക്കീസിന്റെ കത്ത് വീണ്ടും വന്നത്. മലയാളത്തിൽനിന്നു തിരിച്ചുപോകുന്നില്ലെങ്കിൽ മഹറോൻ ചൊല്ലുന്നതാണെന്നു മാർപാപ്പയുടെ അറിയിപ്പും വന്നു.

റോക്കോസ് വിഷമത്തിലായി. തിരിച്ചുപോകണോ വേണ്ടയോ? മലയാളത്തിൽ താൻ കെട്ടിപ്പടുത്തുകൊണ്ടിരിക്കുന്ന സാമ്രാജ്യം ഉപേക്ഷിക്കുകയോ? യാതൊരു കാരണവശാലും തിരിച്ചുപോകരുതെന്ന് അദ്ദേഹത്തിന്റെ മലയാളി സഹായികൾ ഉപദേശിച്ചു. ഉറച്ചുനിന്നാൽ ശക്തിയും അധികാരവും വർധിക്കും, സാമ്രാജ്യം വിപുലപ്പെടുമെന്നൊക്കെ

അവർ ഓതിക്കൊടുത്തു.

മലങ്കരസഭയിൽനിന്നു റോക്കോസ് പിന്തിരിയുന്നില്ലെങ്കിൽ അദ്ദേഹത്തെ മഹറോൻ ചൊല്ലണമെന്ന് മാർപാപ്പയുടെ ഉത്തരവ് വരാപ്പുഴ മെത്രാപ്പോലീത്തയ്ക്കു ലഭിച്ചു. ഈ ഉത്തരവിന്റെയും മാർപാപ്പയ്ക്ക് പാത്രിയർക്കീസ് അയച്ച കത്തിന്റെയും പകർപ്പുകളും വരാപ്പുഴ മെത്രാപ്പോലീത്തയുടെ കത്തിനു പ്രിയോരച്ചൻ തയാറാക്കിയ സുറിയാനി പരിഭാഷയും റോക്കോസിന് അയച്ചുകൊടുത്തു.

ഇവ കൂടി എത്തിയതോടെ, തനിക്ക് മടങ്ങിപ്പോകണമെന്നായി റോക്കോസ്. എന്നാൽ തൊണ്ടനാട് കത്തനാരും പാറായിത്തരകനും മറ്റും അതിന് അദ്ദേഹത്തെ അനുവദിച്ചില്ല. മഹറോനെങ്കിൽ മഹറോൻ! പിന്നത്തെ കാര്യം പിന്നെ നോക്കാം.

മടങ്ങാൻ റോക്കോസ് തയാറല്ലെന്നു വ്യക്തമായതോടെ അദ്ദേഹത്തെ മഹറോൻ ചൊല്ലാനുള്ള നടപടികൾ വരാപ്പുഴ മെത്രാസനം സ്വീകരിച്ചു.

സൊബ്രാപെലീസും ഉറാലയുമിട്ട പന്ത്രണ്ടു വൈദികർ പന്ത്രണ്ടു മെഴുകുതിരികൾ കത്തിച്ചുപിടിച്ചു. അവരുടെ മധ്യേ കാപ്പയും അംശമുടിയും വടിയുമായി മെത്രാപ്പോലീത്ത. മരണമണി മുഴങ്ങിക്കൊണ്ടിരുന്നു. വലിയ മെഴുകുതിരി കത്തിച്ചുപിടിച്ച് മെത്രാപ്പോലീത്ത നമസ്കാരങ്ങൾ ചൊല്ലുകയും വൈദികർ ഏറ്റുചൊല്ലുകയും ചെയ്തുകൊണ്ടിരുന്നു.

മഹറോന്റെ കഠിനമായ വാക്കുകൾ മെത്രാപ്പോലീത്ത നിർത്തിനിർത്തിപ്പറഞ്ഞു: "....കർത്താവിന്റെ തിരുശരീരത്തിന്റെയും തിരുരക്തത്തിന്റെയും കൈക്കൊള്ളലിൽനിന്നും, സകല ക്രിസ്ത്യാനികളുടെ കൂട്ടായ്മയിൽനിന്നും അയാളെ വേർതിരിച്ചുകൊണ്ടും മഹറോൻ ഏറ്റവൻ ആകുന്നുവെന്നു നാം തീർച്ചയാക്കി നിശ്ചയിച്ചുകൊണ്ടും വിശുദ്ധ പള്ളിയുടെ അതിർത്തികളിൽനിന്നും ആകാശത്തിലും ഭൂമിയിലും അയാളെ പുറത്തുകളഞ്ഞിരിക്കുന്നു... തിരിച്ചുവരുകയും, അയാൾ ദ്രോഹിച്ച ദൈവത്തിന്റെ പള്ളിയോടു പരിഹാരം ചെയ്ത് ഉത്തരിക്കുകയും ചെയ്യുന്നതുവരെ പിശാചിനോടുകൂടെയും നരകവാസികളായ എല്ലാവരോടും കൂടെയും എന്നേയ്ക്കുമുള്ള അഗ്നിക്ക് നാം അയാളെ വിധിച്ചുകല്പിക്കയും ചെയ്യുന്നു."

മെഴുകുതിരികൾ കെടുത്തി അവയിൽ ചവിട്ടിയശേഷം മെത്രാപ്പോലീത്തയും വൈദികരും പള്ളിയിൽനിന്നു മടങ്ങി.

അടുത്തതായി, മഹറോൻ ചൊല്ലിയ വിവരം ശിക്ഷ വിധിക്കപ്പെട്ട ആളെ ഔദ്യോഗികമായി അറിയിക്കുകയാണ്. മെത്രാനച്ചന്റെ കത്തുമായി റോക്കോസിനെ കാണാൻ പോയത് കൂനമ്മാവ് കൊവേന്ത വികാരി കാപ്പിൽ ഗീവർഗീസച്ചൻ. അന്നു റോക്കോസും സംഘവും ഞാറയ്ക്കൽ പള്ളിയിലുണ്ടായിരുന്നു. അവിടെയെത്തിയ കാപ്പിലച്ചൻ റോക്കോസിനെ കാണുവാൻ അനുവാദം ചോദിച്ചപ്പോൾ മെത്രാനു സമയമില്ല എന്നായിരുന്നു തൊണ്ടനാട് അന്തോനിക്കത്തനാരുടെ മറുപടി.

"എങ്കിൽ ഈ കത്ത് കൊടുത്താൽ മതി," കാപ്പിലച്ചൻ പറഞ്ഞു.

സംഗതിയറിയാതെ തൊണ്ടനാട്ടച്ചൻ കത്തുവാങ്ങി. അദ്ദേഹം കത്തു പൊട്ടിക്കാൻ തുടങ്ങിയപ്പോഴേക്കും കാപ്പിലച്ചൻ ഇറങ്ങിക്കഴിഞ്ഞിരുന്നു. മഹറോൻ പ്രഖ്യാപനമാണെന്നു കണ്ട തോണ്ടനാട്ടച്ചൻ അതു കാപ്പിലച്ചന്റെ കൈയിൽ തിരികെക്കൊടുക്കുവാൻ ശ്രമിച്ചു.

"അത് റോക്കോസ് മെത്രാനുള്ള കത്താണ്. അതവിടെ കൊടുത്തേക്കൂ," കത്തു തിരികെ വാങ്ങാൻ തയാറാകാതെ കാപ്പിലച്ചൻ നടന്നു. തൊണ്ടനാട്ടച്ചൻ തിരികെച്ചെന്ന് റോക്കോസിനെയും കൂട്ടരെയും വിവരമറിയിച്ചു. കത്തു സ്വീകരിക്കാതെ അത്, കൊണ്ടുവന്നയാളുടെ കൈയിൽത്തന്നെ തിരിച്ചുകൊടുക്കാനായി അവർ കാപ്പിലച്ചന്റെ പിന്നാലെ ഓടി. എന്നാൽ കാപ്പിലച്ചൻ ഒരു വീട്ടിൽക്കയറി ഒളിച്ചു. അച്ചനെ വിട്ടുകൊടുക്കണമെന്ന റോക്കോസ്പിണിയാളുകളുടെ ആവശ്യം വീട്ടുടമസ്ഥൻ അംഗീകരിച്ചില്ല.

റോക്കോസ് പക്ഷക്കാരുടെ കൈയിൽപ്പെടാതെ കാപ്പിലച്ചനെ വീട്ടുടമസ്ഥൻ ലത്തീൻ റീത്തുകാരായ അയൽക്കാരെ ഏല്പിച്ചു. ലത്തീൻകാർ അച്ചനെ സുരക്ഷിതനായി കൂനമ്മാവിൽ എത്തിക്കുകയും ചെയ്തു.

മഹറോൻ ചൊല്ലപ്പെട്ടതോടെ റോക്കോസ് മെത്രാന്റെ ധൈര്യം ചോരാൻ തുടങ്ങി. മഹറോൻ പരസ്യമായപ്പോൾ ആളുകൾ അദ്ദേഹത്തിന്റെ പക്ഷത്തുനിന്നു പിൻവാങ്ങാനും തുടങ്ങി. മെത്രാൻ ആകെ അസ്വസ്ഥനായി. അദ്ദേഹം ഒരിടത്തും സ്ഥിരമായി തങ്ങിയില്ല. സ്വന്തം നാട്ടിലേക്കു തിരിച്ചുപോകാനും അദ്ദേഹം ആലോചിച്ചു. എന്നാൽ സഹായി സംഘം അതനുവദിച്ചില്ല.

പല ഇടവകകളിലും ആൾക്കാർ റോക്കോസിനെതിരേ തിരിയുകയും തങ്ങളുടെ പള്ളിയിൽ പ്രവേശിക്കുന്നതു തടഞ്ഞുകൊണ്ട് സർക്കാരിന്റെ ഉത്തരവ് സമ്പാദിക്കുകയും ചെയ്തു. അതിനാൽ അദ്ദേഹത്തിനു കടന്നുചെല്ലാൻ കഴിയുന്ന സ്ഥലങ്ങൾ വിരളമായി. മടങ്ങിയാൽ മതിയെന്നായി അദ്ദേഹത്തിന്. കുറെക്കാലത്തേക്കെങ്കിലും മാഞ്ഞൂർ പള്ളിയിൽ താമസിക്കാമെന്നു കരുതി അവിടെയെത്തിയ മെത്രാനെ സ്വാഗതം ചെയ്തത് അദ്ദേഹത്തെ കാത്ത് നിയമപാലകർ അവിടെയുണ്ട് എന്ന വാർത്തയാണ്. അതിനാൽ കരയ്ക്കിറങ്ങാനാവാതെ ഒരു രാത്രി മുഴുവൻ ബോട്ടിൽ കഴിയേണ്ടിവന്നു.

"ദയവുചെയ്ത് എന്നെ കൊച്ചിയിൽ എത്തിക്കണം. ഇനി വേറെ എങ്ങോട്ടും എന്നെ കൊണ്ടുപോകേണ്ട," റോക്കോസ് തന്റെ സഹായികളോട് പറഞ്ഞു.

മെത്രാൻ കപ്പൽ കയറി സ്ഥലംവിടാൻ ഒരുങ്ങുകയാണെന്നു സഹായികൾക്കു ചുവച്ചു. അങ്ങനെ സംഭവിച്ചാൽ പങ്കായമില്ലാത്ത വഞ്ചിയുടെ സ്ഥിതിയിലാകും തങ്ങൾ.

"കൊച്ചിയിലേക്കു നമുക്കു രണ്ടുദിവസം കഴിഞ്ഞു പോകാം. ഇപ്പോൾ..."

"ഇല്ല. ഇപ്പോൾ കൊച്ചി."

"തിരുമേനീ...."

"ഇല്ല. കൊച്ചി."

എങ്കിൽ അങ്ങനെയാവട്ടെയെന്നു സഹായികൾ സമ്മതിച്ചു. പക്ഷേ, ബോട്ട് തന്റെ നാട്ടിലേക്കു വിടാൻ പാറായിത്തരകൻ ബോട്ടുകാർക്ക് നിർദേശം കൊടുത്തു - മെത്രാനറിയാതെ.

ബോട്ട് തൈക്കാട്ടുശേരിയിൽ എത്തിയശേഷമാണ് താൻ കബളിപ്പിക്കപ്പെട്ടതായി റോക്കോസ് മനസിലാക്കുന്നത്.

"ഞാനിവിടെ കാൽകുത്തില്ല!" അദ്ദേഹം രോഷം കൊണ്ടു.

"തിരുമേനിയെ ഞങ്ങൾ കൊച്ചിയിൽ വിടാം. തത്കാലം ഇവിടെ.."

"നിങ്ങളെന്നെ കബളിപ്പിച്ചു!"

തിരുമേനി തങ്ങളെ കബളിപ്പിക്കാതിരിക്കാനാണ് എന്നവർ പറഞ്ഞില്ല. "കബളിപ്പിക്കുകയല്ല, തിരുമേനീ, കൊച്ചിയിൽ ഞങ്ങൾ കൊണ്ടുപോകാം."

"ഇപ്പോൾ കൊച്ചിയിലേക്ക്! ഇപ്പോൾ കൊച്ചിയിലേക്ക്! എന്റെ കല്പനയാണ്!"

"കല്പനയൊന്നു തിരുത്തിയാൽ വേണ്ടില്ല. ഭക്ഷണമൊക്കെ കഴിച്ചിട്ടു നാളെ..."

"ഭക്ഷണം കൊച്ചിക്കോട്ടയിൽ ചെന്നിട്ടു മാത്രം!"

"തിരുമേനി എന്തിനാണിങ്ങനെ വാശിപിടിക്കുന്നത്?"

"എനിക്കു സുഖമില്ല. ഡോക്ടറെ കാണണം."

"ഇവിടെ വൈദ്യരുണ്ട്. കാണിക്കാം."

"ഡോക്ടർ സായ്പിനെയാണ് കാണണ്ടത്. കൊച്ചി! എന്റെ കല്പനയാണ്!"

കല്പനകേട്ടു ബോട്ട് കൊച്ചിയിലേക്കു തിരിച്ചു.

കൊച്ചിക്കോട്ടയിൽ താമസിക്കുമ്പോൾ റോക്കോസ് വരാപ്പുഴ മെത്രാപ്പോലീത്തയ്ക്കു രഹസ്യമായൊരു സന്ദേശമയച്ചു. താൻ സ്വദേശത്തേക്കു മടങ്ങാൻ ആഗ്രഹിക്കുന്നുവെന്നും യാത്രയ്ക്കു പണവും സഹായവും നല്കിയാൽ ഉടൻ താൻ സ്ഥലം വിട്ടുകൊള്ളാമെന്നുമായിരുന്നു സന്ദേശം.

മെത്രാപ്പോലീത്ത ഉടൻതന്നെ വലിയ പ്രിയോരച്ചനെ വരുത്തി.

തിരിച്ചുപോകാൻ റോക്കോസ് സന്നദ്ധത പ്രകടിപ്പിച്ചിരിക്കുന്നതു നല്ല കാര്യമാണ്. താൻ സൃഷ്ടിച്ച പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കി അദ്ദേഹം മടങ്ങുമെങ്കിൽ അദ്ദേഹത്തിനു മാപ്പുകൊടുക്കുകതന്നെ വേണം -ചാവറയച്ചൻ പറഞ്ഞു.

മാർപാപ്പയെ മറികടന്നു കേരളസഭയിൽ ഭരണം പിടിച്ചെടുക്കാൻ ശ്രമിക്കുകയും കൂദാശകൾ പരികർമം ചെയ്യുകയും ചെയ്തതിനു രേഖാമൂലം മാപ്പു ചോദിച്ചാൽ മഹറോൻ ശിക്ഷ പോക്കാമെന്നും ബോംബെ വരെയുള്ള കപ്പൽക്കൂലി നല്കുകയും അവിടെനിന്നു ബാഗ്ദാദിലേക്കു പോകാനുള്ള ചെലവ് ബോംബെ മെത്രാനിൽനിന്നു ലഭിക്കാൻ ഏർപ്പാടാക്കുകയും ചെയ്യാമെന്നും മെത്രാപ്പോലീത്ത റോക്കോസിനു സന്ദേശം നൽകി. സുറിയാനിയിലുള്ള ഈ കത്ത് പ്രിയോരച്ചനാണ് എഴുതിയത്. അതുമായി കൊച്ചിക്കോട്ടയിലെത്തി റോക്കോസിനെ കണ്ടതും പ്രിയോരച്ചൻ തന്നെ.

മാപ്പപേക്ഷ എഴുതിക്കൊടുക്കാൻ റോക്കോസ് തയാറായില്ല. മാർപാപ്പയുടെ കത്ത് കിട്ടിയപ്പോൾത്തന്നെ താൻ മടങ്ങാൻ നിശ്ചയിച്ചതാണെന്നും എന്നാൽ ജനങ്ങൾ അനുവ

ദിക്കാതിരുന്നതു കൊണ്ട് മടക്കയാത്ര മുടങ്ങുകയായിരുന്നുവെന്നും റോക്കോസ് പറഞ്ഞു.

"അതുകൊണ്ട് മഹറോൻ ശിക്ഷ നമുക്കു വീഴുന്നതല്ല. മാപ്പപേക്ഷ ഞാൻ എഴുതുകയുമില്ല. നിങ്ങൾ നമ്മുടെ മഹറോൻ പോക്കുകയും വേണ്ട. പക്ഷേ ഞാൻ തിരിച്ചുപൊയ്ക്കൊള്ളാം. പോകുന്നതിനുള്ള ചെലവുകൾ വരാപ്പുഴ മെത്രാൻ തന്നാൽ ഉപകാരം. അതു കിട്ടിയാൽ മാത്രമേ എനിക്കു പോകാനാവൂ."

"അപ്പോൾ, ഒന്നും എഴുതിത്തരുകയില്ലെന്നാണോ?" പ്രിയോരച്ചൻ ചോദിച്ചു.

"എഴുതിത്തരാം. മാർപാപ്പയുടെ കല്പനയാലല്ല നാം ഇവിടെ വന്നതെന്ന് എഴുതിത്തരാം. ഇവിടെ പാർപ്പാനും ഭരിപ്പാനുമല്ല, ഇവിടത്തെ കാര്യങ്ങൾ കണ്ട് അന്വേഷണം ചെയ്യാൻ മാത്രമായാണ് പാത്രിയർക്കീസ് ബാവ എന്നെ അയച്ചതെന്നും എഴുതിത്തരാം. ഇതിന്റെ അടിസ്ഥാനത്തിൽ എന്റെ മടക്കയാത്ര ശരിപ്പെടുത്തിത്തരാൻ പ്രിയോരച്ചൻ വേണ്ടതു ചെയ്യണം എന്നാണെന്റെ അപേക്ഷ," റോക്കോസ് പറഞ്ഞു.

പ്രിയോരച്ചൻ വരാപ്പുഴയിലെത്തി മെത്രാപ്പോലീത്തയുമായി ആലോചിച്ചു. മതി, പ്രശ്നം തീരട്ടെ എന്നായിരുന്നു തീരുമാനം. എങ്ങനെയും റോക്കോസ് പോയിക്കിട്ടിയാൽ മതി. യാത്രയ്ക്കുള്ള സഹായങ്ങൾ ചെയ്തുകൊടുക്കാമെന്നു റോക്കോസിനെ അറിയിച്ചു.

റോക്കോസ് മടങ്ങാൻ ഒരുങ്ങുന്നുവെന്ന രഹസ്യം എങ്ങനെയോ ചോർന്നു. അദ്ദേഹത്തെ തോളിലേറ്റി നടന്നിരുന്നവർ അങ്കലാപ്പിലായി. തൊണ്ടനാട്ട് അന്തോനിക്കത്തനാർ തങ്ങളുടെ കീഴിലുള്ള പല പള്ളികളിലേക്കും എഴുതി വിവരമറിയിച്ചു. മെത്രാന്റെ മടക്കം തടയണമെന്നായിരുന്നു കത്ത്. കേസുകൊടുത്തിട്ടാണെങ്കിലും തടയണം.

വിവരമറിഞ്ഞയുടൻ പല നേതാക്കളും ഓടിയെത്തി. പലരും കോപാകുലരായിരുന്നു.

"ഞങ്ങളെ ഈ അവസ്ഥയിലാക്കിയിട്ട് കടന്നുകളയാനാണോ ഒരുക്കം? കാലിന്മേൽ ഞങ്ങൾ ചങ്ങല വയ്പിക്കും," ഒരു കുട്ടർ മെത്രാന്റെ മുഖത്തുനോക്കിപ്പറഞ്ഞു. മെത്രാനാകെ വിരണ്ടുപോയി.

ഏതാനും മാസം കഴിഞ്ഞേ താൻ പോകൂ എന്നു റോക്കോസ് ഉറപ്പുകൊടുത്തു. ഇതിനിടയിൽ താൻ ബാബേലിൽച്ചെന്നു മറ്റൊരു മെത്രാനെ കൊണ്ടുവരാമെന്നു തൊണ്ടനാട്ട് കത്തനാർ പറഞ്ഞു. കത്തനാർക്കും ഒരു സഹായിക്കും ബാബേലിൽ പോകാനുള്ള പണം ആളുകൾ പിരിച്ചെടുത്തുകൊടുത്തു.

ഈ സമയം തങ്ങളുടെ മതപരമായ അടിയന്തരകാര്യങ്ങൾ നടത്തിത്തരാമെന്നു പറഞ്ഞ് മെത്രാൻ അയ്യായിരം രൂപ ചെലവു ചെയ്തിച്ചിട്ടുണ്ടെന്നും ഈ തുക തിരിച്ചുകിട്ടണമെന്നും പറഞ്ഞ് ചിലർ റോക്കോസിനെതിരേ കേസുകൊടുത്തു.

റോക്കോസ് ആകെ പരവശനായി.

"പേടിക്കേണ്ട. ഇവിടെനിന്നു യാത്രയയയ്ക്കാനുള്ള ഏർപ്പാടുകളെല്ലാം ഞങ്ങൾ ചെയ്യാം," ചാവറയച്ചൻ അദ്ദേഹത്തെ ആശ്വസിപ്പിച്ചു.

ഒരു സായിപ്പു ജഡ്ജിയുടെ കോടതിയിലാണ് കേസ് സമർപ്പിച്ചിരുന്നത്. കേസ് നിലനില്പില്ലാത്തതാണെന്നു വരാപ്പുഴ മെത്രാപ്പോലീത്തയുടെ ആൾക്കാരും കൂറീലോസ് മെത്രാനും ബോധ്യപ്പെടുത്തിയതിനെത്തുടർന്ന് ജഡ്ജി എത്രയും വേഗം നടപടികൾ നടത്തി കേസ് തള്ളി. രഹസ്യമായാണ് ഇക്കാര്യങ്ങൾ നടന്നത്.

1862 മാർച്ച് മാസമായിരുന്നു അത്.

ബോംബെയിലേക്ക് കപ്പൽ പുറപ്പെടുന്ന ദിവസം രാവിലെ പത്തുമണിക്കുതന്നെ തൊണ്ടനാട്ടു കത്തനാരും സഹായിയും കപ്പലിൽ കയറി ഇരിപ്പുറപ്പിച്ചു. നാലുമണിക്കു ശേഷമേ കപ്പൽ പുറപ്പെടൂ.

റോക്കോസ് മെത്രാൻ തന്റെ താമസസ്ഥലത്തു സന്ദർശകരുമായി സംസാരിച്ചുകൊണ്ടിരുന്നു. രണ്ടു വൈദികരുമായി സംഭാഷണം നടത്തിക്കൊണ്ടിരിക്കുമ്പോൾ സമയം നാലറിയിച്ചുകൊണ്ടുള്ള മണിമുഴങ്ങി. പെട്ടെന്നു റോക്കോസ് എഴുന്നേറ്റു. എവിടെനിന്നൊക്കെയോ കുറെപ്പേർ അദ്ദേഹത്തിന്റെ മുറിയിലേക്ക് ഓടിക്കയറി. അവർ മെത്രാന്റെ പെട്ടികളും മറ്റു വസ്തുക്കളുമെടുത്തു വേഗം പുറത്തുകടന്നു തുറമുഖത്തേക്കു നീങ്ങി. ലത്തീൻകാരും ഏതാനും സുറിയാനിക്കാരുമായിരുന്നു അവർ.

അവർ റോക്കോസിന്റെ സാധനങ്ങൾ കൊണ്ടുവന്ന് കപ്പലിൽവച്ചു പുറത്തിറങ്ങി. അവരോടൊപ്പം വന്ന റോക്കോസ് പെട്ടെന്നു കപ്പലിൽ കയറി. നിമിഷങ്ങൾക്കകം കപ്പൽ യാത്ര പുറപ്പെടുകയായി.

ഓടിയെത്തിയ ശീശ്മക്കാർക്കു നോക്കിനിൽക്കാനേ കഴിഞ്ഞുള്ളൂ. തങ്ങൾ സ്വന്തമായി കാത്തുസൂക്ഷിച്ചിരുന്ന 'നിധി' ഇതാ, പൊയ്പോകുന്നു! ഇനി തങ്ങൾക്കൊരു മെത്രാനില്ല!

ചിലർ കരഞ്ഞുപോയി. വിജയിച്ചുനിൽക്കേ ഓർക്കാപ്പുറത്തു പരാജയം വന്നുവീണിരിക്കുന്നു. എങ്ങനെ സഹിക്കും!

ഇതേ കപ്പലിൽ പോയിരിക്കുന്ന തൊണ്ടനാട്ടു കത്തനാർ മറ്റൊരു മെത്രാനെ കൊണ്ടുവരുമെന്നുള്ളതായിരുന്നു അവരുടെ ഏക ആശ്വാസം.

നൈരാശ്യവും അപമാനവും കലർന്നതായിരുന്നു ശീശ്മക്കാരുടെ പിന്നീടുള്ള ആഴ്ചകൾ. അവർ ഏറെക്കാത്തിരുന്നിട്ടും ബാബേലിൽനിന്നുള്ള പുതിയ മെത്രാനെ കണ്ടില്ല. തൊണ്ടനാട്ടു കത്തനാർ പാത്രിയർക്കീസ് ബാവയുടെ പക്കൽ നിരന്തരം അപേക്ഷിച്ചിട്ടും ഏതെങ്കിലും മെത്രാനെ മലയാളത്തിലേക്ക് അയയ്ക്കാൻ അദ്ദേഹം തയാറായില്ലെന്നതാണു വസ്തുത. ഒരു മെത്രാനെ അയച്ചതിൽനിന്നു വലിയൊരു പാഠം അദ്ദേഹം പഠിച്ചുകഴിഞ്ഞിരുന്നു.

തന്റെ പക്കൽ മടങ്ങിയെത്തി പശ്ചാത്താപപൂർവം കുറ്റങ്ങൾക്കെല്ലാം മാപ്പപേക്ഷിച്ച റോക്കോസിനോടു പാത്രിയർക്കീസ് ക്ഷമിച്ചു. റോക്കോസിനു ബാവ ഒരു ഇടവകയുടെ ചുമതലയാണ് ഏല്പിച്ചുകൊടുത്തത്. ആ ഇടവകയുടെ ഭരണവുമായി മലയാളത്തിലെ തകർന്ന സാമ്രാജ്യത്തിന്റെ അധിപൻ ഒതുങ്ങിക്കൂടി.

ബാബേലിൽനിന്ന് ആരെയും കാണാതായപ്പോൾ ശീശ്മപക്ഷക്കാരിൽ പലരുടെയും മനസു മാറുകയായി. നേതാക്കൾ അനുയായികളുടെ കണ്ണിൽപ്പെടാതെ നടക്കാൻ തുടങ്ങി. താമസിയാതെ പല പള്ളികളും വരാപ്പുഴ അതിരൂപതയിലേക്കു മടങ്ങിവന്നു. റോക്കോസ് ശീശ്മ അസ്തമിക്കുകയായിരുന്നു.

പ്രിയോരച്ചൻ ഹൃദയം നിറഞ്ഞു ദൈവത്തെ സ്തുതിച്ചു. പ്രശ്നങ്ങളുടെ എത്ര വലിയ കരിമ്പാറക്കെട്ടുകളും ഒരു മധുരനാരങ്ങയുടെ തൊലി പൊളിക്കുന്നതുപോലെ അവിടുന്നു ചീന്തിക്കളയുന്നു.

പ്രിയോരച്ചൻ തന്റെ കാവ്യഗ്രന്ഥത്തിൽ കുറിച്ചു:

"ശ്വാസവുമെനിക്കുനീ, ഭക്ഷണപാനീയവും നീ
ആശ്വാസം നിന്നിലല്ലാതെവിടെ വയ്ക്കും നാഥാ?"

23

ഒരുത്തവണ മാന്നാനത്തെ ദർശനപ്പെരുന്നാൾ സാധാരണയിലേറെ ആഘോഷത്തോടെയാണു നടന്നത്. ആഘോഷമൊന്നും ഉണ്ടാവുകയില്ലെന്നാണു കരുതിയത്. കാരണം, പെരുന്നാൾ ഏറ്റു നടത്താൻ സമ്മതിച്ചിരുന്നയാൾ റോക്കോസ് മെത്രാന്റെ പക്ഷത്തുചേർന്ന് അദ്ദേഹത്തിനുവേണ്ടി സജീവമായി പ്രവർത്തിക്കുകയായിരുന്നു. പകരം മറ്റൊരാളെ കണ്ടെത്താൻ കഴിഞ്ഞതുമില്ല. അങ്ങനെയിരിക്കേയാണ് സംഭവങ്ങളുടെ ഗതി പെട്ടെന്നു മറുദിശയിലേക്കായത്. റോക്കോസ് കടൽ കടന്നതോടെ പ്രസുദേന്തി മാനസാന്തരപ്പെട്ട് പഴയ അതിരൂപതയിലേക്കു തിരിച്ചുവന്നു. നേരത്തെ ഏറ്റിരുന്ന പെരുന്നാൾ കൂടുതൽ കേമമായി നടത്തുകയും ചെയ്തു.

പെരുന്നാളിനു നേർച്ചയായി കിട്ടിയ പണത്തിൽ നല്ലൊരു ഭാഗം വലിയ പ്രിയോരച്ചൻ പാവപ്പെട്ടവർക്കായി നൽകി. ആയിരം ചക്രത്തിനു കോടിവസ്ത്രം വാങ്ങി അദ്ദേഹം ദരിദ്രരായ സ്ത്രീകൾക്കും കുട്ടികൾക്കും വിതരണം ചെയ്തു.

ശീശ്മ കെട്ടടങ്ങിയ സ്ഥിതിക്ക്, വികാരി ജനറാൾ എന്ന നിലയിൽ മറ്റു കാര്യങ്ങളിലേക്കു തന്റെ ശ്രദ്ധ കൂടുതലായി എത്തണമെന്നു പ്രിയോരച്ചനു തോന്നി. ജനങ്ങൾക്ക് അഭിവൃദ്ധി ഉണ്ടാകണമെങ്കിൽ അവർക്കു വിദ്യാഭ്യാസം ലഭിക്കണം. കുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി എന്തെങ്കിലും പദ്ധതി തുടങ്ങണമെന്ന ആഗ്രഹം വളരെക്കാലമായി ഉള്ളതാണ്. പണ്ടേന്നോ തന്റെ വഞ്ചിയിൽക്കയറിയ അപരിചിതനായ വൃദ്ധൻ പറഞ്ഞത് ഓർമ വരുന്നു: "എന്നെങ്കിലും അങ്ങേയ്ക്ക് ഏതെങ്കിലും അധികാരം കിട്ടുകയാണെങ്കിൽ പിള്ളേരുടെ പഠിത്തത്തിനുള്ള ഏർപ്പാടുണ്ടാക്കണം."

മാന്നാനം കൊവേന്തയുടെ അധികാരം ലഭിച്ചപ്പോൾ കൊവേന്തയോട് അനുബന്ധിച്ചു സംസ്കൃത പാഠശാല തുടങ്ങിയിരുന്നു. മാന്നാനത്തെ സെമിനാരിയും വിദ്യാഭ്യാസ സ്ഥാപനമാണെന്നു പറയാം. പക്ഷേ ഇവ കൊണ്ട് തീരെക്കുറച്ചു പേർക്കു മാത്രമേ പ്രയോജനം ലഭിക്കൂ. എല്ലാവർക്കും വിദ്യാ

ഭ്യാസം ലഭിക്കുന്ന സ്ഥിതിയുണ്ടായെങ്കിൽ മാത്രമേ കാണാൻ തക്കവിധം എന്തെങ്കിലും പുരോഗതി സമൂഹത്തിൽ ഉണ്ടാവൂ. പടിഞ്ഞാറൻ രാജ്യങ്ങളുടെ പുരോഗതിക്ക് ഒരു കാരണം അവിടത്തെ ജനങ്ങളുടെ വിദ്യാഭ്യാസമാണെന്നതിനു സംശയമില്ല.

ബെർണർദീനോസ് മെത്രാപ്പോലീത്തയുമായി പ്രിയോരച്ചൻ ഇക്കാര്യം സംസാരിച്ചു.

''പ്രോട്ടസ്റ്റന്റുകാർ ചർച്ച് മിഷൻ സൊസൈറ്റി വഴി നടത്തുന്ന വിദ്യാഭ്യാസ പ്രവർത്തനം കൊണ്ട് ധാരാളം പേർക്കു വളരെയേറെ പ്രയോജനം ലഭിക്കുന്നുണ്ട്. അതേസമയം സുറിയാനിക്കാരിൽ നല്ലൊരു ഭാഗം ഇപ്പോഴും വേണ്ടത്ര വിദ്യാഭ്യാസം കിട്ടിയിട്ടില്ലാത്തവരാണ്. അവരുടെ വിദ്യാഭ്യാസത്തിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് എനിക്കാഗ്രഹമുണ്ട്. അവർക്കുവേണ്ടി മാത്രമല്ല, എല്ലാവർക്കുവേണ്ടിയും. എല്ലാവർക്കും വിദ്യാഭ്യാസം എന്നത് ഞാൻ വളരെക്കാലമായി കൊണ്ടുനടക്കുന്ന ഒരു സ്വപ്നമാണ്,'' പ്രിയോരച്ചൻ പറഞ്ഞു.

''സാർവത്രിക വിദ്യാഭ്യാസം, അല്ലേ. നല്ലകാര്യം തന്നെ. നിങ്ങൾ സുറിയാനിക്കാരിൽ ധാരാളം പേർ സമ്പന്നരാണല്ലോ. വികാരി ജനറാളിന് എന്തെങ്കിലും പദ്ധതിയുണ്ടെങ്കിൽ നടപ്പാക്കിക്കൊള്ളൂ. എന്റെ പിന്തുണയുണ്ടാവും. പക്ഷേ സാമ്പത്തികമായ പിന്തുണയൊന്നും ഇപ്പോൾ പ്രതീക്ഷിക്കരുത്,'' മെത്രാപ്പോലീത്ത പറഞ്ഞു.

''എല്ലാവർക്കും സാമാന്യ വിദ്യാഭ്യാസം. കുറെപ്പേർക്കെങ്കിലും ഉന്നത വിദ്യാഭ്യാസം. ആളുകൾ ഇംഗ്ലീഷ് പഠിച്ചാൽ അവർക്ക് പുതിയൊരു ലോകം തന്നെ തുറന്നു കിട്ടും. ഇതൊക്കെയാണെന്റെ ആഗ്രഹങ്ങൾ.''

''ഇംഗ്ലീഷ് വേണ്ട, ഇംഗ്ലീഷിൽ ഇപ്പോൾ ഏറെയുള്ളതു പ്രോട്ടസ്റ്റന്റ് പ്രസിദ്ധീകരണങ്ങളാണ്. ഇംഗ്ലീഷ് പഠിച്ച് ആളുകൾ അവ വായിക്കാനിടയായാൽ അങ്ങോട്ടൊരു ഒഴുക്കുണ്ടായെന്നു വരും.''

''വിദ്യാഭ്യാസം നേടുമ്പോൾ ചിന്താശക്തി വർധിക്കുമല്ലോ. തെറ്റും ശരിയും വിവേചിച്ചറിയുവാൻ അവർക്കു കഴിയും,'' പ്രിയോരച്ചൻ ചൂണ്ടിക്കാട്ടി.

''ആ വിവേചനശക്തി എല്ലാവർക്കും ഉടനേ ഉണ്ടാവണമെന്നില്ല. ഇംഗ്ലീഷിൽ എഴുതിയിട്ടുള്ളതെല്ലാം കൂടുതൽ ശരിയും നല്ലതുമാണെന്നല്ലോ ഇന്നാട്ടുകാരുടെ വിചാരം.''

''എങ്കിൽ...''

''ഇംഗ്ലീഷ് വേണ്ട. മറ്റുള്ളതൊക്കെ പഠിപ്പിക്കുന്ന സ്കൂളുകൾ ഉണ്ടാക്കിക്കൊള്ളൂ. അതിനു വേണ്ടതെന്താണെന്നു വച്ചാൽ വികാരി ജനറാളിന്റെ അധികാരം ഉപയോഗിച്ചു ചെയ്തുകൊള്ളൂ.''

പ്രിയോരച്ചൻ പിന്നെ താമസിച്ചില്ല. മാന്നാനത്ത് അദ്ദേഹം ഒരു വിദ്യാലയത്തിന്റെ പണി തുടങ്ങി. അതോടൊപ്പം സുറിയാനി കത്തോലിക്കരുടെ എല്ലാ പള്ളികളിലേക്കും ഒരു കല്പന അയച്ചു. ഓരോ ഇടവകപ്പള്ളിയോടും അനുബന്ധിച്ച് ഒരു പള്ളിക്കൂടം പണിയണമെന്നും അവിടെ ജാതിമത വർഗ ഭേദമില്ലാതെ എല്ലാ കുട്ടികൾക്കും പ്രവേശനം നൽകണമെന്നുമായിരുന്നു കല്പന.

ദൈവമേ, എന്റെ യോഗ്യതയ്ക്കപ്പുറമുള്ള ഒരു പദവി നീ എനിക്കു തന്നിരിക്കുന്നു. ഇതുപയോഗിച്ചു സഭയ്ക്കുവേണ്ടിയും ഈ നാടിനുവേണ്ടിയും കുറെ നന്മകൾ ചെയ്യാൻ എനിക്കു നീ ശക്തി തരേണമേ-പ്രിയോരച്ചൻ പ്രാർഥിച്ചു.

പാവപ്പെട്ടവർക്കായി ഇനിയും ഏറെ ചെയ്യേണ്ടിയിരിക്കുന്നു. ആരുടെയും കണ്ണിൽപ്പെടാത്തവരാണവർ. അവർ ജനിക്കുന്നതും ജീവിക്കുന്നതും മരിക്കുന്നതും ആരും ശ്രദ്ധിക്കുന്നില്ല. അവരുടെ ജീവിതത്തിൽ എന്തു സംഭവിച്ചാലും അത് അയൽക്കാർക്കുപോലും പറയാനോ കേൾക്കാനോ മാത്രമുള്ള വിശേഷമല്ല. വലിയവരുടെ ജലദോഷം വലിയ വാർത്തയാണ്. ചെറിയവരുടെ മരണം ചെറിയ വാർത്തപോലുമല്ല. കുട്ടനാട്ടിൽ പണ്ടു മടവീഴുമ്പോൾ കർഷകത്തൊഴിലാളികളെ തല്ലിക്കൊന്നു വെള്ളത്തിലിട്ടു ചേറുകൊണ്ടു മൂടി ചിറകെട്ടുമായിരുന്നുവത്രേ.

കമ്പിന്റെയും കോലിന്റെയും വിലയേ ഇന്നും ദരിദ്രർക്കു സമൂഹത്തിലുള്ളൂ.

അവർക്കുവേണ്ടി ചെയ്യാൻ ഒത്തിരിയൊത്തിരിയുണ്ട്. അവരുടെ പട്ടിണി മാറ്റുക എന്നതാണ് അടിയന്തരമായി ചെയ്യേണ്ടത്.

''പാവപ്പെട്ടവരെ നിങ്ങൾ ഒരിക്കലും വെറും കൈയോടെ മടക്കിയയയ്ക്കരുത്... വേലക്കാർക്ക് അർഹമായ കൂലി കൊടുക്കാതിരിക്കരുത് എന്നു മാത്രമല്ല അതു വച്ചു താമസിപ്പിക്കുകയും ചെയ്യരുത്... ദൈവം പാവങ്ങളുടെ പക്ഷത്താണ്. പാവപ്പെട്ടവരെ നിന്ദിക്കരുത്, ബുദ്ധിമുട്ടിക്കയും ചെയ്യരുത്. കാരണം, പാവങ്ങളുടെ കണ്ണീർ കണ്ടാൽ ദൈവം നിശ്ചയമായും നിന്നോടു പകരം ചോദിക്കും,' പ്രിയോരച്ചൻ തന്റെ ' ഒരു നല്ല അപ്പന്റെ ചാവരുൾ' എന്ന കൃതിയിൽ എഴുതി.

ഉപദേശങ്ങൾ കൊടുക്കാൻ ആർക്കും കഴിയും. സ്വയം കേമനായി ചമയാൻ ഉപദേശം പോലെ നല്ലൊരു മാർഗമില്ല.

പാവങ്ങളെ സഹായിക്കാനുള്ള ഒരു പ്രായോഗിക മാർഗം പെട്ടെന്നു തോന്നി. ഓരോ വീട്ടിലും ഓരോ പ്രാവശ്യം അരി പാകം ചെയ്യുമ്പോഴും ഒരു പിടി അരി പാവപ്പെട്ടവർക്കായി മാറ്റിവയ്ക്കുക.

ഉടനേ തന്നെ പ്രിയോരച്ചൻ ഒരു പ്രാർഥന എഴുതിയുണ്ടാക്കി അച്ചടിപ്പിച്ചു. അതോടൊപ്പം എല്ലാ ഇടവകപ്പള്ളികളിലേക്കും ഒരു കല്പനയും അയച്ചു: പള്ളിയിൽ നിന്ന് ഓരോ ക്രൈസ്തവ ഭവനത്തിലും ഒരു പാത്രം ഏല്പിക്കുക. ഊണിന് അരി അളന്നു പാകം ചെയ്യാനിടുന്ന ഓരോ അവസരത്തിലും ഒരു പിടി അരി ഇതോടൊപ്പം അയയ്ക്കുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടു പാത്രത്തിൽ ഇടുക. മാസാന്ത്യത്തിൽ എല്ലാ വീടുകളിൽ നിന്നും പാത്രങ്ങൾ ശേഖരിച്ച് അരി പാവപ്പെട്ടവർക്കു വിതരണം ചെയ്യണം.

നല്ല പ്രതികരണമാണ് അതിനു ലഭിച്ചത്. അതിനു പിടിയരിപ്പിരിവ് എന്നു പേരും വന്നു. പിടിയരി ഒട്ടേറെ പാവങ്ങളുടെ പട്ടിണി മാറ്റി.

ഒരു ദിവസം പ്രിയോരച്ചൻ കേട്ടു: ബാബേലിൽ നിന്നു പുതിയ മെത്രാൻ കൊച്ചിയിൽ എത്തിയിരിക്കുന്നു-അബദ് ഈശോ മെത്രാൻ.

പുതിയ മെത്രാനെ കാണാൻ ആളുകൾ കൊച്ചിയിലെത്തി. പക്ഷേ റോക്കോസ് മെത്രാൻ കൊച്ചിയിൽ ഇറങ്ങിയപ്പോൾ ഉണ്ടായ ആൾക്കൂട്ടത്തിന്റെ ഒരംശമേ ഇത്തവണ ഉണ്ടായുള്ളൂ.

പളുപളെ മിന്നുന്ന നീളൻ കുപ്പായവും അറബികളുടേതുപോലുള്ള ശിരോവസ്ത്രവും അംശവടിയും മോതിരവുമായി എത്തിയ അബദ് ഈശോ മെത്രാന്റെ മുഖം പക്ഷേ മലയാളികളുടേതുപോലെയായിരുന്നു. മെത്രാനെ കാണാനെത്തിയവർ ആ മുഖം വേഗം തിരിച്ചറിഞ്ഞു-പഴയ തൊണ്ടനാട്ട് അന്തോണിക്കത്തനാർ.

മിക്കവരും നിരാശരായി.

അബദ് ഈശോ മെത്രാനും നിരാശനായി. റോക്കോസ് മെത്രാനെ തിളയ്ക്കുന്ന ചൂടോടെ സ്വീകരിച്ചവർ തനിക്കു നൽകുന്നത് ഇത്ര തണുത്ത സ്വീകരണമോ!

തൊണ്ടനാട്ടു കത്തനാർ എത്ര കഷ്ടപ്പെട്ടു സമ്പാദിച്ച മെത്രാൻ സ്ഥാനമാണ്! റോക്കോസിനു പകരം മറ്റൊരു മെത്രാനെ കിട്ടാൻവേണ്ടി എത്ര നാൾ അദ്ദേഹം കത്തോലിക്കാ പാത്രിയർക്കീസിന്റെ കാലു പിടിച്ചു!

പ്രയോജനമുണ്ടാകാതെ വന്നപ്പോൾ എവിടെയെങ്കിലും ഒരു മെത്രാനെ കിട്ടുമോയെന്ന് അന്വേഷിച്ചു നടന്നു. അവസാനമാണ് തോന്നിയത്, എന്തിനു മറ്റൊരു മെത്രാനുവേണ്ടി ഇങ്ങനെ നിഷ്ഫലമായി അലയുന്നു, തനിക്കു തന്നെ മെത്രാനായിക്കൂടേയെന്ന്. അങ്ങനെ കുർദിസ്ഥാനിലെത്തി അവിടത്തെ നെസ്തോറിയൻ പാത്രിയർക്കീസിനെ കണ്ടു. അദ്ദേഹം മലയാളി കത്തനാരുടെ ആഗ്രഹം നിറവേറ്റിക്കൊടുത്തു. അങ്ങനെ തൊണ്ടനാട്ട് അന്തോനിക്കത്തനാർ, തിളങ്ങുന്ന പട്ടുകുപ്പായത്തിന്റെയും ശിരോവസ്ത്രത്തിന്റെയും ഉള്ളിൽ നില്ക്കുന്ന അബദ് ഈശോ മെത്രാനായി മാറി.

പാറായി അവിരാത്തരകനാണ് അബദ് ഈശോ മെത്രാനെ കൊച്ചിയിൽ സ്വീകരിക്കാൻ നേതൃത്വം കൊടുത്തത്. ആളുകളുടെ തണുപ്പൻ മനോഭാവം തരകനെയും നിരാശപ്പെടുത്തി. മെത്രാൻ കൊച്ചിയിൽ താമസിച്ചിട്ടു വലിയ കാര്യമില്ലെന്നു തോന്നിയപ്പോൾ തരകൻ അദ്ദേഹത്തെയും സഹായി പൂണ്ടിക്കുളം ശെമ്മാശനെയും തൈക്കാട്ടുശേരിയിലേക്കു കൊണ്ടുപോയി.

സ്വീകരണങ്ങളോ കാര്യമായി ആരുടെയെങ്കിലും സന്ദർശനമോ ഒന്നും ഉണ്ടാകാതെ തൈക്കാട്ടുശേരിയിൽ ഇരുന്നപ്പോൾ മെത്രാൻ അസ്വസ്ഥനായി. പഴയ പരിചയങ്ങൾ ഉപയോഗിച്ച് കുറെ സ്വീകരണങ്ങൾ സംഘടിപ്പിച്ചാലോ എന്ന് അദ്ദേഹം ആലോചിച്ചു. ആ ഉദ്ദേശ്യത്തോടെ കുറെ പള്ളികളിലേക്ക് എഴുതി.

തരകനോട് ആലോചിക്കാതെയാണ് അദ്ദേഹം അതു ചെയ്തത്. അതു തരകന് ഇഷ്ടപ്പെട്ടില്ല. ജനസമ്മതിയില്ലാത്ത മെത്രാനെ ചുമലിൽ നിന്നൊഴിവാക്കാൻ കാത്തിരുന്ന തരകൻ ഇതൊരു വലിയ കാരണമാക്കി മെത്രാനോടു കടുത്ത നീരസം പ്രകടിപ്പിച്ചു.

''ഇതൊക്കെ തരകനോട് ആലോചിക്കണമെന്നു പറയുന്നതു കഷ്ടമാണ്. റോക്കോസ് മെത്രാൻ എന്തെല്ലാം കാര്യങ്ങൾ ആരോടും ആലോചിക്കാതെ ചെയ്തിരുന്നു!'' മെത്രാൻ പറഞ്ഞു.

''അതു റോക്കോസ് മെത്രാൻ. ഇത് അന്തോനിക്കത്തനാർ,'' തരകൻ പുച്ഛിച്ചു.

ഈ അവഹേളനം അബ്ദീശോ മെത്രാനു സഹിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം അപ്പോഴേ സ്ഥലം വിട്ടു.

അതിരമ്പുഴയിലേക്കാണു മെത്രാൻ പോയത്. പ്രതീക്ഷിച്ച സ്വീകരണം അവിടെക്കിട്ടിയില്ല. അതിനാൽ പ്ലാശനാലിലേക്കു പോയി. അവിടെയും തഥൈവ.

ഈ സ്ഥിതിയിൽ മെത്രാൻ വലിയ പ്രിയോരച്ചന്റെ സഹായം തേടാൻ നിശ്ചയിച്ചു. ഒരു കത്ത് അദ്ദേഹം പ്രിയോരച്ചനു കൊടുത്തയച്ചു. തന്നെക്കുറിച്ചു ജനങ്ങൾക്കിടയിലുള്ള തെറ്റിദ്ധാരണ മാറ്റാൻ സഹായിക്കണമെന്നായിരുന്നു കത്ത്.

പ്രിയോരച്ചനു സഹായിക്കാവുന്ന കാര്യമല്ലായിരുന്നു അത്. ആരും പിന്തുണയ്ക്കാനില്ലാതെ അബ്ദീശോ മെത്രാൻ പ്ലാശനാലിൽ കഴിഞ്ഞുകൂടി.

പള്ളികളോടു ചേർന്നു പള്ളിക്കൂടം എന്ന തന്റെ പദ്ധതി ഇടവകകളിൽ എത്രമാത്രം പ്രാവർത്തികമായി എന്നു പരിശോധിച്ചപ്പോഴാണ് ചുരുക്കം ചില ഇടവകകളിൽ മാത്രമേ അതിനുള്ള ശ്രമം തുടങ്ങിയിട്ടുള്ളൂ എന്നു പ്രിയോരച്ചനു മനസിലായത്. പണമില്ലെന്നായിരുന്നു ചിലരുടെ മറുപടി. പണം എങ്ങനെയും സംഘടിപ്പിച്ചു പള്ളിക്കൂടം പണിതേ തീരൂ എന്നു പ്രിയോരച്ചൻ കർശനമായി അറിയിച്ചു.

''ജാതിമത ഭേദമില്ലാതെ എല്ലാവരെയും പള്ളിക്കൂടത്തിൽ പഠിപ്പിക്കണമെന്നല്ലേ അങ്ങ് പറഞ്ഞത്. ഞങ്ങളുടെ പ്രദേശത്തു മറ്റു മതസ്ഥരാണു ബഹുഭൂരിപക്ഷം. പള്ളിക്കൂടം തുടങ്ങിയാൽ അവിടെ പഠിക്കുന്നവരിൽ ഏറെയും മറ്റു മതക്കാരായ കുട്ടികളായിരിക്കും. നമ്മൾ കഷ്ടപ്പെട്ടുണ്ടാക്കുന്ന പള്ളിക്കൂടത്തിന്റെ പ്രയോജനം കൂടുതൽ കിട്ടുന്നതു മറ്റുള്ളവർക്കായിരിക്കും'' എന്നായിരുന്നു ചിലരുടെ വാദം.

''മറ്റു മതസ്ഥർക്കു കൂടുതൽ പ്രയോജനം കിട്ടുന്നതിൽ ഒരു കുഴപ്പവുമില്ല. അറിവ് ആർക്കും നിഷേധിക്കരുത്. എല്ലാവരും അറിവു നേടിയാലേ സമൂഹത്തിനു പുരോഗതിയുണ്ടാകൂ. അതുകൊണ്ട് ഒട്ടും അമാന്തിക്കാതെ പള്ളിക്കൂടം പണിയൂ,'' പ്രിയോരച്ചൻ നിർദേശിച്ചു.

ആയിടയ്ക്കു ബെർണർദീനോസ് മെത്രാപ്പോലീത്തയുടെ ഒരു സന്ദേശം പ്രിയോരച്ചനു കിട്ടി: മെത്രാനച്ചനു പലപ്പോഴും വികാരി ജനറാളുമായി ചർച്ചകൾ ആവശ്യമാകാറുണ്ട്; അതിനാൽ വികാരി ജനറാൾ മാന്നാനം കൊവേന്തയിൽ നിന്നു കൂനമ്മാവു കൊവേന്തയിലേക്കു താമസം മാറ്റിയാൽ നന്നായിരുന്നു. വികാരി ജനറാളിന്റെ ജോലിക്ക് അതു നന്നായിരിക്കുമെന്നു പ്രിയോരച്ചനും തോന്നി. അദ്ദേഹം ഉടൻ തന്നെ കൂനമ്മാവിലേക്കു താമസം മാറ്റാനുള്ള ഒരുക്കങ്ങൾ ചെയ്തു. മാന്നാനത്തെ ചുമതലകൾ പോരുക്കര കുര്യാക്കോസ് ഏലീശാ അച്ചനെ ഏല്പിച്ചു.

കൈനകരിയിലേക്കൊന്നു പോകണം. ജന്മനാട്ടിൽ പോയിട്ട് നാളേറെയായി.

വഞ്ചിയിലിരിക്കുമ്പോൾ എഴുതുവാനായി നാളാഗമവും ''നല്ല അപ്പന്റെ ചാവരു'' ളും എടുത്തിരുന്നു. വർഷങ്ങളായി ദിവസവും മുടങ്ങാതെ എഴുതിക്കൊണ്ടിരിക്കുന്നതാണു നാളാഗമം. അതു വെറും ദിനാന്തക്കുറിപ്പുകളാകരുതെന്നു നിർബന്ധമുണ്ടായിരുന്നു. തന്റെയും സമകാലികരുടെയും അനുഭവങ്ങൾകൊണ്ട് ഭാവിതലമുറകൾക്ക് എന്തെങ്കിലും പ്രയോജനമുണ്ടാകുന്നെങ്കിൽ ഉണ്ടാകട്ടെ. ആ ആഗ്രഹം കൊണ്ടാണ് ഓരോ അനുഭവവും വിശദമായി കുറിച്ചത്; വൈദ്യന്മാർ തരുന്ന മരുന്നിന്റെ വിശദവിവരങ്ങൾപോലും എഴുതിവച്ചത്.

'ചാവരു' ളിലും കുറെ കുറിപ്പുകൾ എഴുതി. അപ്പോഴേക്കും ഉറക്കത്തിന്റെ പൂമ്പൊടി കൺപീലികളിൽ വീണു. കൺപീലികളിൽ... കൺപോളകളിൽ...

സ്വർഗത്തിലെ പൂന്തോട്ടത്തിൽ നിന്നു വീഴുന്ന പൂമ്പൊടികളാണ് മനുഷ്യരെയും പക്ഷിമൃഗാദികളെയും ഉറക്കുന്നതെന്ന് പണ്ട് അമ്മയാണോ പറഞ്ഞു തന്നിട്ടുള്ളത്? നല്ല പ്രവൃത്തികൾ ചെയ്യുന്നവർ പൂമ്പൊടിയിൽ മയങ്ങുമ്പോൾ നല്ല സ്വപ്നങ്ങൾ കാണും. തിന്മകൾ ചെയ്യുന്നവർക്കു ദുഃസ്വപ്നങ്ങൾ. പുണ്യജീവിതം നയിക്കുന്നവർ വേദനകൾക്കു നടുവിലും മനോഹരമായ സ്വപ്നങ്ങൾ കാണും. ലോകത്തിലില്ലാത്ത നിറങ്ങളോടു കൂടിയ സ്വപ്നങ്ങൾ.

കൈനകരിയുടെ ഗന്ധമേറ്റാണ് ഉറക്കമുണർന്നത്. പച്ചനിറമാർന്ന സ്വപ്നംപോലെ തന്റെ നാട്. ആറ്റിലേക്ക് ആകാംക്ഷയോടെ എത്തിനോക്കിനിൽക്കുന്ന തെങ്ങുകൾക്കു പിന്നിൽ പ്രൗഢകളായ കുടുംബിനികളെപ്പോലെ തേന്മാവുകൾ.

വഞ്ചി തണലിൽ ചാരി നിന്നു.

കരയിൽ കാൽകുത്തുന്നതിനു മുമ്പു തന്നെ ആളുകൾ ഓടിയെത്താൻ തുടങ്ങി. 'ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ'യിൽ തുടങ്ങുന്ന കുശലങ്ങൾ. മിക്കവരുടെയും രൂപങ്ങൾ മാറിയിരിക്കുന്നു. കുഞ്ഞുങ്ങൾ മുതിർന്നവരും, മുതിർന്നവർ വയ്യാത്തവരും ആയിത്തീർന്നിരിക്കുന്നു. ആറ്റിലെ ഒഴുക്കുപോലെയാണ് കാലം. ഒറ്റനോട്ടത്തിൽ ഒഴുക്കു കാണില്ല. കുത്തിയൊഴുകുമ്പോൾ മാത്രമാണ് ശ്രദ്ധിക്കുക.

താൻ കൂനമ്മാവിലേക്കു സ്ഥലം മാറുകയാണെന്നു പ്രിയോരച്ചൻ പറഞ്ഞു.

''അങ്ങോട്ടു പോകുന്നതിനു മുമ്പ് അച്ചനു ഞങ്ങളോടൊന്നും പറയാനില്ലേ?'' ഒരാൾ ചോദിച്ചു.

''ഉണ്ട്. എനിക്കു പറയാനുള്ളതു കുറെ ഈ പുസ്തകത്തിലുണ്ട്. 'ഒരു നല്ല അപ്പന്റെ ചാവരുൾ'. നിങ്ങൾക്കായി ഞാനെഴുതിയ പുസ്തമാണ്. അച്ചടിച്ചിട്ടു തരാം, പോരേ?''

''ഈയിടെ ചില പിള്ളാർ അച്ചനെക്കുറിച്ചു പറയുന്നതു കേട്ടു, അച്ചടിയച്ചനെന്ന്.''

എല്ലാവരും ചിരിച്ചു.

''ഇവിടെ ചൂരലടിയച്ചന്മാരൊന്നും ഇല്ലാത്തതുകൊണ്ടാണ്... ശരി, അച്ചടിയച്ചൻ നടക്കട്ടെ.'' പ്രിയോരച്ചൻ ആളുകളുടെ പുഞ്ചിരികൾക്കും കൂപ്പുകൈകൾക്കും ഇടയിലൂടെ മുന്നോട്ടു നടന്നു.

യജമാന സ്നേഹമുള്ള വളർത്തുനായെപ്പോലെ നദി കരയുടെ പാദങ്ങളെ നക്കിത്തുടച്ചു കിടക്കുന്നു.

വയലിന്റെ പച്ചയെ വകഞ്ഞിടുന്ന ഇടവരമ്പിലൂടെ നടന്നു.

വീട്ടിൽ മറിയക്കുഞ്ഞിന്റേയും ഭർത്താവിന്റെയും അവരുടെ മക്കളുടെയും സ്നേഹം കാത്തിരിപ്പുണ്ടായിരുന്നു.

വീട്ടുവിശേഷങ്ങളുടെ നടുവിലേക്കു നാട്ടുകാർ പലരും വന്നു കയറിക്കൊണ്ടിരുന്നു. വീട്ടു വിശേഷങ്ങളിൽ നിന്നു നാട്ടുവിശേഷങ്ങളിലേക്ക്.

അപ്പോഴാണ് പ്രിയോരച്ചൻ നാട്ടുകാരുടെ മുന്നിൽ പുതിയൊരു വിഷയം അവതരിപ്പിച്ചത്:

''നമുക്കിവിടെയൊരു ഉപവിശാല തുടങ്ങിയാലോ?''

''എന്തോന്നു ശാല?''

''ഉപവിശാല, ആരോരുമില്ലാത്ത രോഗികളും വൃദ്ധരും ഒക്കെയായ പാവങ്ങളെ താമസിപ്പിച്ചു ശുശ്രൂഷിക്കുന്ന ഒരു വീട്.''

''ആരു ശുശ്രൂഷിക്കും?''

''നമ്മൾ. നിങ്ങൾ. അതിനുള്ള ചെലവും നിങ്ങൾ തന്നെ വഹിക്കണം. അനാഥരെയും അഗതികളെയും നിങ്ങൾ അവിടെ ശുശ്രൂഷിക്കണം, ചികിത്സിക്കണം, സഹായിക്കണം, ഇതിന് ഒരു സമ്മാനവും ഈ ലോകത്തിൽ നിങ്ങൾക്കു കിട്ടുകയില്ല. ചിലപ്പോൾ ഒരു പുഞ്ചിരി കിട്ടിയേക്കാം. ചിലപ്പോൾ ചീത്തവിളിയായിരിക്കാം.''

''നാട്ടിലെവിടെയെങ്കിലും ഇങ്ങനെയൊന്നുണ്ടോ?''

''ഇന്ത്യാ രാജ്യത്ത് ഉള്ളതായി അറിവില്ല. യൂറോപ്പിൽ ധാരാളമുണ്ട്. അവിടെ ഭ്രാന്തന്മാർക്കും കുഷ്ഠരോഗികൾക്കും അനാഥർക്കും വെവ്വേറെ അഗതിമന്ദിരങ്ങളുണ്ട്. പ്രഭുക്കളും രാജകുടുംബാംഗങ്ങളും വരെ ആ മന്ദിരങ്ങളിലെത്തി രോഗികളെ ശുശ്രൂഷിക്കുകയും അവരുടെ മുറിവുകൾ കഴുകുകയും മറ്റും ചെയ്യാറുണ്ട്. ചില രാജാക്കന്മാരും രാജ്ഞിമാരും ആളറിയിക്കാതെ വേഷം മാറിയാണ് ഈ ശുശ്രൂഷപ്പണിക്ക് എത്തുന്നത്.'' പ്രിയോരച്ചൻ വിവരിച്ചു.

നാട്ടുകാരിൽ കുറേപ്പേർ സന്ദിഗ്ധത പ്രകടിപ്പിച്ചതിനെത്തുടർന്ന് പ്രിയോരച്ചൻ ഇടവക വികാരിയെ പോയിക്കണ്ടു കാര്യങ്ങൾ വിവരിച്ചു. താൻ കുറെ രൂപ പിരിവെടുത്തു തരാമെന്നും ആ പണം ഒരു ശാശ്വത ഫണ്ടാക്കി അതിന്റെ പലിശകൊണ്ട് ഉപവിശാല നടത്തണമെന്നും പ്രിയോരച്ചൻ പറഞ്ഞു. മന്ദിരം സ്ഥാപിച്ചുകഴിഞ്ഞാൽ അതിന്റെ ചുമതല കൈനകരിയിലെ അൽമായർക്കു പൂർണമായി വിട്ടുകൊടുക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

സംതൃപ്തിയോടെയാണ് പ്രിയോരച്ചൻ മടങ്ങിയത്. പാടങ്ങളിൽ നിന്ന് അവയുടെ നിശ്വാസം പോലെ ഇടയ്ക്കിടെ കൂട്ടമായി ഉയരുന്ന പറവകളെ നോക്കി കുറച്ചുനേരം നിന്നു. പറവകൾക്കു പറക്കാൻ വിശാലമായ ആകാശവും ഭക്ഷിക്കാൻ കതിർമണികളും ഒരുക്കിനിർത്തിയിരിക്കുന്ന സർവേശ്വരാ, തലചായ്ക്കാനിടമില്ലാത്ത മനുഷ്യപുത്രർക്ക് നീ ഈ കരയിൽ ഒരു മന്ദിരം പണിയേണമേ. അവിടെ ശുശ്രൂഷകൾ നടത്തുന്നവർക്കായി നീ സ്വർഗത്തിൽ മന്ദിരങ്ങൾ പണിയേണമേ.

പ്രിയോരച്ചൻ വഞ്ചിയിൽ കയറി. ആറ്റിൽ ദൂരെ പിടച്ചു ചാടുന്ന വെയിലിന്റെ വെള്ളി മത്സ്യങ്ങൾ. കുറച്ചു നേരം നോക്കിയിരുന്നപ്പോൾ കണ്ണിലേക്ക് ഉറക്കത്തിന്റെ പൂമ്പൊടി.

പൂമ്പൊടി തട്ടിക്കളഞ്ഞ് നെഞ്ചത്തു കൈചേർത്തു പ്രാർഥിച്ചു- കൈനകരിക്കുവേണ്ടി.

മാന്നാനത്തു തിരിച്ചെത്തിയപ്പോൾ, ഇടമറ്റത്തു കെട്ടുതെങ്ങിന്റെ കാര്യങ്ങൾക്കായി പോയിരുന്ന കൊവേന്തക്കാര്യസ്ഥൻ കൊച്ചൗസേപ്പ് കാത്തിരിപ്പുണ്ടായിരുന്നു. ഇടമറ്റത്തുനിന്നു പ്ലാശനാലിലും പോയ കൊച്ചൗസേപ്പ് അവിടെവച്ച് അബ ദീശോ മെത്രാനെ കാണാനിടയായത്രേ. മലമ്പനി ബാധിച്ച മെത്രാൻ ഒരു കൊച്ചുവീട്ടിലായിരുന്നു താമസം. ആ വീട്ടിലുള്ളവർക്കും മലമ്പനി പിടിപെട്ടു. അവർ രോഗത്തിന്റെ ദുരിതത്തിൽ കഴിയുമ്പോൾ ആ വീട് വെള്ളപ്പൊക്കത്തിൽ നശിച്ചു. പ്രായമുള്ള ഒരു സഹോദരിയല്ലാതെ ആരും സഹായത്തിനില്ലാതെ, മലമ്പനിയുടെ ദുരിതങ്ങളുമായി ചെറ്റക്കുടിലിൽ കഴിയുന്ന അബദീശോ മെത്രാന്റെ അവശരൂപം ആരിലും സഹതാപമുണർത്തുമെന്നു കൊച്ചൗസേപ്പ് പറഞ്ഞു.

''ഇങ്ങനെ അവിടെക്കിടന്നു ദുരിതപ്പെടാതെ മാന്നാനത്തു വന്നു താമസിച്ചുകൂടേയെന്നു ഞാൻ ചോദിച്ചു. ഇതിനു വലിയ പ്രിയോരച്ചൻ സമ്മതിക്കുമോയെന്ന് അങ്ങേർക്കു പേടി. ചോദിച്ചാൽ തീർച്ചയായും സമ്മതിക്കുമെന്നു ഞാൻ പറഞ്ഞു,'' കൊച്ചൗസേപ്പ് കൂട്ടിച്ചേർത്തു.

''അതിനെന്താ, വരട്ടെ. ഞാൻ നാളെ കൂനമ്മാവിലേക്കു മാറുകയാണ്. അതൊന്ന് അറിയിച്ചേക്കൂ.''

രാത്രി ബേസ് റൗമയിലെ തോട്ടത്തിൽ പ്രിയോരച്ചൻ ഇരുന്നു. തോട്ടത്തിൽ താൻ നട്ട തൈകളെല്ലാം വളർന്നു മരങ്ങളായിരിക്കുന്നു. ഈ രാത്രിയിൽ അവയിൽ നക്ഷത്രങ്ങൾ പൂത്തിരിക്കുന്നു.

ഒരു പക്ഷേ ഈ കുന്നിലെ തന്റെ ദൗത്യങ്ങളെല്ലാം ഈ രാത്രികൊണ്ട് പൂർത്തിയാവുകയായിരിക്കാം. മറ്റൊരു മേച്ചിൽപ്പുറം തനിക്കായി ദൈവം ഒരുക്കിക്കഴിഞ്ഞിരിക്കാം.

24

നമ്മാവു കൊവേന്തയിലെത്തി കുറെ ദിവസങ്ങൾക്കുശേഷം വലിയ പ്രിയോരച്ചന് അബ ദീശാ മെത്രാന്റെ ഒരു കത്തു ലഭിച്ചു. ഒന്നു നേരിട്ടു കാണാൻ സൗകര്യമുണ്ടാക്കണം എന്ന് അപേക്ഷിച്ചുകൊണ്ടായിരുന്നു കത്ത്.

കൊച്ചിക്കോട്ടയിൽ എത്തുക, കാണാം എന്നു പ്രിയോരച്ചൻ മറുപടി കൊടുത്തു.

പറഞ്ഞിരുന്ന ദിവസം രാവിലെ തന്നെ പ്രിയോരച്ചൻ കൊച്ചിക്കോട്ടയിൽ എത്തി. അഞ്ചു മണിവരെ കാത്തിരുന്നിട്ടും അബ ദീശോയെ കാണാതെ വന്നപ്പോൾ അദ്ദേഹം മടങ്ങാൻ ഒരുങ്ങി. അപ്പോൾ അതാ, തെക്കേ വഴിയിൽ കൂടി അബദീശോയും ഒരു ശെമ്മാശനും പാത്തും പതുങ്ങിയും വരുന്നു. നീണ്ട താടി മീശ. വെളുത്ത ളോഹയുടെ മേൽ കറുത്ത കാപ്പ. ഒരു കൈയിൽ വടിയും മറു കൈയിൽ കുടയും. കാപ്പ ഒരു കൈകൊണ്ടു താങ്ങി, ആരെങ്കിലും കാണുന്നുണ്ടോയെന്നു ചുറ്റും നോക്കി പരവശനായി എത്തുന്ന അബദീശോയെക്കണ്ടു പ്രിയോരച്ചൻ അങ്ങോട്ടു ചെന്നു സ്തുതി ചൊല്ലി.

കസേരയിൽ ഇരുന്ന അബദീശോ കുറെ കടലാസുകൾ പുറത്തെടുത്തു. നെസ്തോറിയൻ പാത്രിയർക്കീസിൽ നിന്നും മെത്രാൻസ്ഥാനം കിട്ടിയെന്നതിന്റെ സാക്ഷ്യപത്രവും ആ പാത്രിയർക്കീസിന്റെ ഒരു കത്തുമാണു കടലാസുകൾ എന്നു കണ്ടപ്പോൾ പ്രിയോരച്ചൻ അവ മെത്രാന്റെ കൈയിൽ തിരികെക്കൊടുത്തു.

''ഇതൊന്നും എനിക്കു കാണേണ്ട. ഒരു കത്തോലിക്കാ വൈദികൻ ചെയ്യാൻ പാടില്ലാത്ത കാര്യങ്ങളാണ് അങ്ങു ചെയ്തിരിക്കുന്നത്. പശ്ചാത്തപിച്ചു പ്രായശ്ചിത്തം ചെയ്യുകയാണ് ഇനി ചെയ്യാവുന്നത്.'' പ്രിയോരച്ചൻ പറഞ്ഞു.

ചെറിയ മൗനത്തിനുശേഷം അബദീശോ പറഞ്ഞു: ''ഞാൻ മെത്രാൻസ്ഥാനം ഉപേക്ഷിക്കണോ? ഉപേക്ഷിക്കാം... ഇനിയെനിക്ക് ഒരു സ്ഥാനവും വേണ്ട. ബാക്കിയുള്ള കാലം സഭയോടു ചേർന്നു സ്വസ്ഥമായി ജീവിച്ചാൽ മതി.''

''ഞാൻ മെത്രാപ്പോലീത്താ അച്ചനോടു സംസാരിക്കാം. അദ്ദേഹം റോമായിലേക്ക് എഴുതി അനുവാദം വാങ്ങിത്തരും.''

''ഇല്ല. മെത്രാപ്പോലീത്ത എന്നോടു ക്ഷമിക്കയില്ല. റോമായിലേക്ക് എഴുതുകയുമില്ല.''

'എല്ലാവരും ഒരുപോലെയല്ലല്ലോ. ഇക്കാര്യം ഞാൻ പറഞ്ഞു ശരിയാക്കാം. സമാധാനത്തോടെ പൊയ്ക്കൊള്ളൂ.'

അബദീശോ മെത്രാൻ യാത്ര പറഞ്ഞു.

പ്രിയോരച്ചൻ പിറ്റേന്നു തന്നെ ബെർണർദീനോസ് മെത്രാപ്പോലീത്തയെക്കണ്ട് കാര്യം സംസാരിച്ചു. റോമിലേക്ക് എഴുതാമെന്നു മെത്രാനച്ചൻ സമ്മതിച്ചു.

'അവിടെ നിന്നു മറുപടി വരുന്നതുവരെ അബ... എന്തു മെത്രാനാ?' മെത്രാപ്പോലീത്ത ചോദിച്ചു.

'അബദീശോ മെത്രാൻ'.

'അബദീശോ മെത്രാൻ മാന്നാനം കൊവേന്തയിൽപോയി ധ്യാനിക്കട്ടെ.'

തൊണ്ടനാട്ടു കത്തനാർക്കു ധ്യാനത്തിനുള്ള സൗകര്യവും താമസം, ഭക്ഷണം മുതലായവയും ഏർപ്പെടുത്തിക്കൊടുക്കാൻ വലിയ പ്രിയോരച്ചൻ മാന്നാനം കൊവേന്തയുടെ പ്രിയോർക്ക് എഴുതി.

വിവരങ്ങൾ അറിഞ്ഞപ്പോൾ തൊണ്ടനാട്ടു കത്തനാർക്കു വലിയ സന്തോഷമായി. അദ്ദേഹം കൃതജ്ഞതാഭരിതനായി പ്രിയോരച്ചന് എഴുതി:

'എന്റെ ജ്ഞാനപിതാവേ, ഈ മറുപടി കിട്ടുന്നതുവരെ ഞാൻ പല ചിന്തകളിൽ ഉൾപ്പെട്ടു വിഷമിച്ചിരുന്നു. ഒരു സുഖവും എനിക്കുണ്ടായിരുന്നില്ല. എന്നാൽ പെരിയ ബഹുമാനപ്പെട്ട പിതാവ് ഞാൻ യോഗ്യനല്ലെങ്കിലും എന്നെ അനുഗ്രഹിച്ചു. സത്യമുള്ള എന്റെ പിതാവ് അങ്ങുതന്നെ. ഇനി അങ്ങയുടെ മനസനുസരിച്ച് എന്നതിലുപരി ഒരു ലക്ഷ്യവും എനിക്കില്ല... എത്രയും പെരിയ പെരിയ ബഹുമാനപ്പെട്ട പിതാവായ മെത്രാപ്പോലീത്താ അച്ചന്റെ കല്പനയ്ക്കും ഉപദേശത്തിനും കീഴ്വഴങ്ങി മാന്നാനത്തെ കൊവേന്തയിലേക്കു ഞാൻ ഇപ്പോൾത്തന്നെ പുറപ്പെടുകയാണ്.'

കത്ത് പ്രിയോരച്ചൻ മെത്രാപ്പോലീത്തയെ കാണിച്ചു. അദ്ദേഹത്തിനും സന്തോഷമായി.

'പിതാവേ, ഒരു കാര്യം കൂടി പറയാനുണ്ട്,' പ്രിയോരച്ചൻ പറഞ്ഞു. 'എല്ലാ പള്ളികളോടും ചേർന്നു പള്ളിക്കുടം പണിയണമെന്നുള്ള എന്റെ നിർദേശം പല വികാരിമാരും ഗൗരവത്തിലെടുത്തിട്ടില്ല. ഓരോ കാരണം പറഞ്ഞ് അവർ ഒഴിഞ്ഞു മാറുകയാണ്.'

'വികാരി ജനറാളിന്റെ അധികാരം പ്രയോഗിച്ചോളൂ' മെത്രാപ്പോലീത്ത പറഞ്ഞു.

'ശരി'

പ്രിയോരച്ചൻ പിന്നെ താമസിച്ചില്ല. എല്ലാ സുറിയാനിപ്പള്ളികളിലേക്കും സർക്കുലർ അയച്ചു. പള്ളിക്കുടങ്ങൾ പണിയാത്ത ഇടവകപ്പള്ളികളിലെ വികാരിമാർക്ക് അംശമുടക്കു കല്പിക്കുമെന്നായിരുന്നു സർക്കുലർ.

1864-ലായിരുന്നു അത്.

പള്ളിക്കൂടം സ്ഥാപിച്ചില്ലെങ്കിൽ കുർബാനയും മറ്റു കൂദാശകളും നടത്തുവാനുള്ള അനുവാദം തടയുമെന്ന വികാരി ജനറാളിന്റെ പ്രഖ്യാപനം, വികാരിമാരെ ഉറക്കത്തിൽ നിന്ന് ഉണർത്തുന്ന ഇടിമുഴക്കമായി.

സുറിയാനി കത്തോലിക്കാ സമുദായത്തെയും നാടിനെയും അത് പുതിയൊരു ഉണർവിലേക്കു ഞെട്ടിയെഴുന്നേല്പിച്ചു.

25

ചാവറയച്ചന്റെ കർശനമായ കല്പനയെത്തുടർന്ന് ഒട്ടുമിക്ക സുറിയാനി കത്തോലിക്കാപ്പള്ളികളോടും ചേർന്നു സ്കൂളുകൾ ഉണ്ടായി. അതിന്റെ ഫലമായി സുറിയാനിസഭയിൽ മാത്രമല്ല മലയാളസമൂഹത്തിലും നിരക്ഷരരുടെ എണ്ണം വളരെവേഗം കുറഞ്ഞുകൊണ്ടിരുന്നു.

അവശസമുദായങ്ങളിൽപ്പെട്ടവർക്കു സവർണരുടെ വിദ്യാലയങ്ങളിൽ പ്രവേശനം നിഷേധിക്കപ്പെട്ടിരിക്കയായിരുന്നു. ചാവറയച്ചനാകട്ടെ, കത്തോലിക്കാ പള്ളിക്കൂടങ്ങളിൽ ദലിത് കുട്ടികൾക്ക് വിദ്യാഭ്യാസം നല്കാൻ പ്രത്യേകം ശ്രദ്ധിച്ചു. ദലിതരുടെ വീടുകളിൽച്ചെന്നു കുട്ടികളെ പള്ളിക്കൂടത്തിൽ അയയ്ക്കാൻ നിർബന്ധിക്കുകയും പുസ്തകങ്ങളും വസ്ത്രങ്ങളും സൗജന്യമായി നല്കുകയും ചെയ്തു. ഇടവകകളിൽ പിരിവു നടത്തിയാണ് ഇതിനുള്ള പണം കണ്ടെത്തിയത്.

സ്കൂളുകളിൽ വരാൻ തുടങ്ങിയ ദലിത് കുട്ടികളിൽ പലരും വളരെവേഗം പഠനം അവസാനിപ്പിക്കുന്നതായി ചാവറയച്ചൻ മനസിലാക്കി. മാതാപിതാക്കൾ കൂലിപ്പണിക്കു പോകുമ്പോൾ, വീട്ടിൽ ഉച്ചഭക്ഷണത്തിനു വകയില്ലാതിരുന്നതിനാൽ കുട്ടികളെ കൂടെ കൊണ്ടുപോകുക പതിവായിരുന്നു. മാതാപിതാക്കളുടെ പണിസ്ഥലത്തുനിന്നു കുട്ടികൾക്കു ഭക്ഷണം കിട്ടും. സ്കൂളിൽ പോയാൽ ഈ പാവം കുട്ടികൾ ഉച്ചയ്ക്കു പട്ടിണിയിരിക്കണം.

ദലിതരായ കുട്ടികൾ പഠനം ഇടയ്ക്കുവച്ച് അവസാനിപ്പിക്കുന്നതിനു കാരണം ഇതാണെന്നു മനസിലാക്കിയ പ്രിയോരച്ചൻ അതിനു കണ്ടുപിടിച്ച പരിഹാരമാർഗമാണ് പള്ളിക്കൂടങ്ങളിലെ ഉച്ചക്കഞ്ഞിവിതരണം.

പാവപ്പെട്ട കുട്ടികൾക്കു പള്ളിക്കൂടങ്ങളിൽനിന്ന് ഉച്ചഭക്ഷണം കിട്ടുമെന്നു വന്നതോടെ അവർ പതിവായി ക്ലാസിലെത്താൻ തുടങ്ങി. ഇതിനുള്ള അരി പല പള്ളികളും പിടിയരിപ്പിരിവിലൂടെ സംഘടിപ്പിച്ചു.

സുറിയാനി ക്രിസ്ത്യാനികളിലെ സമ്പന്നരിൽനിന്നു സംഭാവനകൾ സ്വീകരിച്ച് പ്രിയോരച്ചൻ മാന്നാനത്തിനു സമീപം പതിനേഴുപറ പുഞ്ചനിലം വാങ്ങി. പള്ളിക്കൂടത്തിലെ ഉച്ചക്കഞ്ഞി വിതരണത്തിനും അധ്യാപകരുടെ ശമ്പളത്തിനും വേണ്ടിയായിരുന്നു അത്.

കുഞ്ഞുങ്ങൾക്കു തിരിച്ചറിവിന്റെ പ്രായമായാൽ പള്ളിക്കൂടത്തിൽ അയയ്ക്കാൻ ചാവറയച്ചൻ ലേഖനങ്ങൾ വഴിയും വികാരിമാർ വഴിയും ജനങ്ങളെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു.

സ്കൂളുകൾ സ്ഥാപിക്കുന്നതിൽ ഒതുങ്ങുന്നതായിരുന്നില്ല അദ്ദേഹത്തിന്റെ വിദ്യാഭ്യാസപ്രവർത്തന സ്വപ്നം. സഭയുടെ നേതൃത്വത്തിൽ ഒരു സർവകലാശാല തന്നെ അദ്ദേഹത്തിന്റെ പദ്ധതിയിൽ ഉണ്ടായിരുന്നു. എന്നാൽ, കാലത്തിനു മുന്നേയുള്ള പദ്ധതിയായിപ്പോയി അത്.

പക്ഷേ ചാവറയച്ചൻ ആവിഷ്കരിച്ച മറ്റെല്ലാ പദ്ധതികളുംതന്നെ വിജയകരമായിത്തീർന്നിട്ടുണ്ട്. സാമ്പത്തികപ്രശ്നങ്ങളോ സാങ്കേതികപ്രശ്നങ്ങളോ ഒന്നും അവയുടെ വഴിമുടക്കിയില്ല. എവിടെനിന്നു പണം ലഭിക്കും എന്ന് അമ്പരന്നുനിന്ന അവസരങ്ങളിൽ, ഒട്ടും പ്രതീക്ഷിക്കാത്ത വഴികളിലൂടെ പണമെത്തി മുന്നിൽനിന്നു. സാങ്കേതികമായ കുരുക്കുകളെ ഏതോ അദൃശ്യമായ കരങ്ങൾ അഴിച്ചെടുത്തുകൊണ്ടുമിരുന്നു.

എല്ലാ തിരക്കുകൾക്കും പാച്ചിലുകൾക്കുമിടയിലും ജനങ്ങളുടെയും വൈദികരുടെയും ആധ്യാത്മിക വളർച്ച അദ്ദേഹത്തിന്റെ ശ്രദ്ധയിൽനിന്ന് ഒരു നിമിഷം തെന്നിയതില്ല. മറിച്ച്, ആധ്യാത്മിക ഉണർവിനുള്ള ഓരോരോ പദ്ധതികൾ അദ്ദേഹം കണ്ടെത്തിക്കൊണ്ടിരുന്നു. ഇടവക വൈദികരുടെ വാർഷികധ്യാനം, വികാരി ജനറാളായിരിക്കുമ്പോൾ ചാവറയച്ചൻ അവതരിപ്പിച്ചതാണ്. വൈദികരുടെ സൗകര്യത്തെപ്രതി മാന്നാനത്തും ഏൽത്തുരുത്തിലും നടത്തിപ്പോന്ന ധ്യാനത്തിനു കർമലീത്താ വൈദികർ നേതൃത്വം കൊടുത്തു.

ധ്യാനത്തെ ജനങ്ങൾ എങ്ങനെ സ്വാഗതം ചെയ്യുന്നുവെന്നത് ധ്യാനഗുരുവായിരിക്കേ ചാവറയച്ചൻ മനസിലാക്കിയിരുന്നതാണ്. വികാരിജനറാളായപ്പോൾ അദ്ദേഹം ഇടവക വാർഷികധ്യാനം നിർബന്ധിതമാക്കി. ഓരോ ഇടവകയിലും മൂന്നു ദിവസത്തിൽ കുറയാതെ വാർഷികധ്യാനം നടത്തണമെന്ന് അദ്ദേഹം അനുശാസിച്ചു. അവിടെയും ധ്യാനഗുരുക്കന്മാരായി കർമലീത്താ സഭാംഗങ്ങളുടെ സേവനം ലഭ്യമായിരുന്നു. ധ്യാനത്തിനുശേഷം ഈ വൈദികർ കുടുംബങ്ങളിലെ വഴക്കുകളും അയൽക്കാർ തമ്മിലുള്ള പ്രശ്നങ്ങളും പള്ളിയിലെ തർക്കങ്ങളും മറ്റും രമ്യതയിലെത്തിക്കുകയും ചെയ്തുപോന്നു.

ഞായറാഴ്ച ദിവ്യബലിയോടു ചേർന്നുള്ള പ്രസംഗം നിർബന്ധിതമാക്കിയതും വലിയ പ്രിയോരച്ചൻ തന്നെ.

ഒരിക്കൽ യൂറോപ്പിൽനിന്നു കുറെ മിഷനറിമാർ വരാപ്പുഴ അരമനയിലെത്തിയപ്പോൾ ബെർണർദീനോസ് മെത്രാപ്പോലീത്ത പ്രിയോരച്ചനെ മിഷനറിമാർക്കു പരിചയപ്പെടുത്തിയത് ഇങ്ങനെയാണ്: "ഇതു ചാവറ കുറിയാക്കോസ് അച്ചൻ. ഇദ്ദേഹമാണ് ഇന്നു മലയാളം ഭരിക്കുന്നത്."

ചാവറയച്ചനോടുള്ള സ്നേഹംകൊണ്ടും അദ്ദേഹത്തിന്റെ ഭരണനിപുണതയെക്കുറിച്ചുള്ള മതിപ്പുകൊണ്ടുമാണ് മെത്രാപ്പോലീത്ത അങ്ങനെ പറഞ്ഞത്. എന്നാൽ, അധികാരം തന്നിൽ കേന്ദ്രീകരിക്കാൻ ചാവറയച്ചൻ ഇഷ്ടപ്പെട്ടില്ല. സുറിയാനി കത്തോലിക്കാ സഭയെ അദ്ദേഹം നാലു റീജനുകളായി വിഭജിക്കുകയും ഓരോ റീജനും ഒരു ഡെപ്യൂട്ടിയുടെ കീഴിലാക്കുകയും ചെയ്തു. കർമ്മലീത്താ വൈദികരെയാണ് അദ്ദേഹം ഡെപ്യൂട്ടിമാരായി നിയമിച്ചത്.

വികാരി ജനറാളിന് ആത്മീയ പിതാവും കുമ്പസാരക്കാരനുമായി മെത്രാപ്പോലീത്ത നല്കിയത് മിഷനറിയായ ലെയോപോൾഡ് ബെക്കാരോയെയാണ്. മിഷനറിയും ചാവറയച്ചനും തമ്മിൽ മണിക്കൂറുകൾ നീളുന്ന ആത്മീയചർച്ചകൾ പതിവായി. യൂറോപ്പിലെ മാസാദ്യവെള്ളിയാഴ്ച ആചരണത്തെക്കുറിച്ചു പ്രിയോരച്ചൻ മനസിലാക്കിയത് ലെയോപോൾഡ് മിഷനറിയിൽ നിന്നാണ്. ആദ്യവെള്ളിയാഴ്ച ഭക്തിയും നാല്പതുമണി ആരാധനയും പ്രിയോരച്ചൻ സുറിയാനിസഭയിൽ അവതരിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു.

കൊവേന്തകളിലെ ദിനചര്യയുടെ ഭാഗമായിരുന്ന ജപമാല കുടുംബങ്ങളിലേക്കു വഴികണ്ടതും ചാവറയച്ചനിലൂടെയാണ്. വികാരി ജനറാളായപ്പോൾ മുതൽ അദ്ദേഹം കുടുംബങ്ങളിൽ ജപമാലഭക്തി പ്രചരിപ്പിക്കുവാൻ കൂടുതലായി യത്നിച്ചു. താമസിയാതെ കൊന്തജപം കത്തോലിക്കാ കുടുംബങ്ങളിലെ സാന്ധ്യപുഷ്പങ്ങളായി.

സുറിയാനി കത്തോലിക്കാപ്പള്ളികൾക്കു പൊതുവായൊരു കുർബാനക്രമം ഉണ്ടായിരുന്നില്ല. ഓരോ പ്രദേശത്തും ഓരോ തരത്തിലായിരുന്നു കുർബാന. ഓരോന്നും പഠിച്ച് ഏകീകൃതവും വിശദവുമായൊരു സുറിയാനി കുർബാനക്രമപുസ്തകം ഉണ്ടാക്കിയെടുത്തത് ചാവറയച്ചനാണ്. കുന മ്മാവു കൊവേന്തയിലെ പ്രസിൽ അത് അച്ചടിച്ച് എല്ലാ പള്ളികൾക്കും വിതരണം ചെയ്യുകയും ചെയ്തു.

ഒരു ദിവസം ചാവറയച്ചൻ കുന മ്മാവു കൊവേന്തയിലെ തന്റെ മുറിയിലിരുന്ന് എഴുതുമ്പോൾ, കതകിൽ മുട്ടുന്ന ശബ്ദം കേട്ടു. തിരിഞ്ഞുനോക്കിയപ്പോൾ, അന്ധാളിച്ചുപോയി. ബെർണർദീനോസ് മെത്രാപ്പോലീത്ത. അച്ചൻ ഓടിച്ചെന്ന് അദ്ദേഹത്തിന്റെ കൈമുത്തി.

മെത്രാപ്പോലീത്ത മുറിക്കുള്ളിലേക്കു കയറി.

"ഞാൻ ഒരു കാര്യം ചർച്ച ചെയ്യാൻ വന്നതാണ്," അദ്ദേഹം പറഞ്ഞു.

മുറിയിൽ ആകെ ഒരു കസേരയും ചെറിയ മേശയുമേയുള്ളൂ. പുസ്തകങ്ങൾ വച്ചിരിക്കുന്ന പെട്ടിയും. ചാവറയച്ചൻ കസേര മെത്രാനച്ചനു നീക്കിയിട്ടുകൊടുത്തു.

പക്ഷേ, മെത്രാപ്പോലീത്ത പുസ്തകപ്പെട്ടിയുടെ പുറത്താണിരുന്നത്. "പ്രിയോരച്ചൻ കസേരയിലിരിക്കൂ."

"അരുത്. അങ്ങ് കസേരയിലിരുന്നാട്ടെ."

നിർബന്ധിച്ചിട്ടു ഫലമുണ്ടായില്ല. ചാവറയച്ചൻ കസേരയിൽ ഇരിക്കേണ്ടിവന്നു.

രൂപത അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി ചർച്ച ചെയ്യാനാണ് മെത്രാപ്പോലീത്ത വന്നത്. അദ്ദേഹം ആലോചിച്ചിട്ട് ഒരു പരിഹാരവും കാണാനാവുന്നില്ല.

കുറേനേരം ആലോചിച്ചശേഷം ചാവറയച്ചൻ ഒരു ആശയം കൊണ്ടുവന്നു. ഓരോ പള്ളിയുടെയും വരുമാനത്തിൽ ചെലവു കഴിച്ചു മിച്ചം വരുന്ന തുകയുടെ വെറും അഞ്ചു ശതമാനം രൂപതയ്ക്കു നല്കുക. മിച്ചത്തിന്റെ അഞ്ചു ശതമാനം മാത്രമായതിനാൽ ആർക്കും വലിയ എതിർപ്പുണ്ടാകാനിടയില്ല.

"എങ്കിൽ പ്രിയോരച്ചൻ തന്നെ പദ്ധതി നടപ്പാക്കുക കൂടി ചെയ്യാമോ?"

ആ ഭാരവും ചാവറയച്ചൻ ഏറ്റെടുത്തു.

പക്ഷേ, എല്ലാ പള്ളിക്കാരുടെയും സ്നേഹാദരവുകൾ നേടിക്കഴിഞ്ഞിരുന്ന ചാവറയച്ചന് ആ പദ്ധതി നടപ്പിലാക്കുവാൻ ഒരു വിഷമവുമുണ്ടായില്ല.

26

ചാവറയച്ചനും ലെയോപോൾഡ് മിഷനറിയും തമ്മിൽ ഗാഢമായ ഒരു ബന്ധം രൂപപ്പെട്ടുകഴിഞ്ഞിരുന്നു. ആത്മീയാനുഭവങ്ങളും ചിന്തകളും അവർ നിത്യവും പങ്കുവച്ചു. ചാവറയച്ചന്റെ ഉള്ളിലേക്കിറങ്ങിച്ചെല്ലുന്തോറും പുണ്യപ്രശോഭിതമായ ഒരാത്മാവിനെ മിഷനറി കണ്ടെത്തുകയായിരുന്നു. താൻ ജനിച്ചതും പ്രവർത്തിച്ചതുമായ രാജ്യങ്ങളിലും ഈ രാജ്യത്തും തനിക്കു പരിചയപ്പെടാൻ കഴിഞ്ഞിട്ടുള്ള വ്യക്തികളിൽവച്ച് ഏറ്റവും ദിവ്യത നിറഞ്ഞ മനുഷ്യൻ.

ഋഷിമാരുടേതായ ഏതോ പഴയ കാലഘട്ടത്തിന്റെ ഓർമയിൽ ഉറങ്ങുന്ന ഇന്ത്യയെന്ന രാജ്യത്തിന്റെ തെക്കേയറ്റത്തുള്ള ഹരിതഭൂമിയിൽ താനെത്തിപ്പെട്ടത് ഈ പുണ്യാത്മാവുമായുള്ള ബന്ധത്തിലൂടെ ജീവിതത്തിലെ ഏറ്റവും വലിയ ധന്യതയായിത്തീർന്നെന്നു ലെയോപോൾഡ് മിഷനറിക്കു തോന്നിയിരുന്നു. സാധിക്കുമ്പോഴെല്ലാം അദ്ദേഹവുമായി സംസാരിക്കാൻ മിഷനറി ശ്രമിക്കുകയും ചെയ്തുപോന്നു.

യൂറോപ്പിലേതുപോലെ ഈ നാട്ടിലും സ്ത്രീകൾക്കായുള്ള ഒരു സന്യാസസഭ ഉണ്ടാകണമെന്നതു ചാവറയച്ചന്റെ വലിയ ആഗ്രഹമാണെന്ന് മിഷനറിക്ക് അറിയാമായിരുന്നു. കന്യാസ്ത്രീമഠത്തിനുവേണ്ടി വരാപ്പുഴയ്ക്കടുത്തു മാണമ്പാടിയിൽ സ്ഥലംവാങ്ങി കെട്ടിടം പണി തുടങ്ങിയതുമാണ്.

എന്നാൽ റോക്കോസ് ശീശ്മ ഉത്കണ്ഠ പരത്തിയ നാളുകളിൽ കന്യാസ്ത്രീകളെക്കാൾ അടിയന്തരമായി സഭയ്ക്കു വേണ്ടതു പുതിയ വൈദികരെയാണെന്നു മെത്രാനച്ചൻ ഉൾപ്പെടെ പലരും അഭിപ്രായപ്പെട്ടതിനാൽ സ്ഥലം സെമിനാരിക്കായി വിട്ടുകൊടുക്കുകയാണ് ചെയ്തത്. അങ്ങനെ, കന്യാസ്ത്രീമഠം എന്ന ചാവറയച്ചന്റെ അഭിലാഷം അണിയറയിലേക്കു മടങ്ങിപ്പോയി.

ഒരു സായാഹ്നയാത്രയിൽ ലെയോപോൾഡ് മിഷനറി ചാവറയച്ചനോട് ചോദിച്ചു: "കന്യാസ്ത്രീമഠം എന്ന ആശയം പ്രിയോരച്ചന്റെ മനസിൽ ഇപ്പോഴും സജീവമാണോ?"

"അതേ."

"കുനമ്മാവു കൊവേന്തയ്ക്കടുത്ത് വാകയിൽ എന്നൊരു വീടുണ്ട്. അവിടെ ഏലീശ്വാ എന്നൊരു വിധവയും അവർക്കു പതിന്നാലു വയസുള്ള മകളുമുണ്ട്. മകൾക്കു പല വിവാഹാലോചനകളും വന്നു. പക്ഷേ, അവൾക്കു താത്പര്യമില്ല. അവരെ രണ്ടുപേരെയും ചേർത്ത് ഒരു മഠം തുടങ്ങിയാലോ? അവർക്കു സ്വന്തമായുള്ള പുരയിടത്തിൽ മഠം പണിയാം."

നല്ല ആശയമെന്നു ചാവറയച്ചനു തോന്നി. ബെർണർദീനോസ് മെത്രാപ്പോലീത്തയ്ക്കും താത്പര്യമായി.

കർമലീത്താ മൂന്നാം സഭയുടെ നിയമാവലി പ്രിയോരച്ചൻ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി ഏലീശ്വായ്ക്കും മകൾക്കും കൊടുത്തു. അതനുസരിച്ച് ജീവിക്കാൻ അവർക്കു സമ്മതമാകുകയും ചെയ്തു.

പുരയിടത്തിനു ചില കടബാധ്യതകൾ ഉണ്ട്. കടങ്ങൾ വീട്ടിക്കൊള്ളാമെന്നു പ്രിയോരച്ചൻ സമ്മതിച്ചു. ഏലീശ്വായുടെ ബന്ധുക്കളുടെ സഹായത്തോടെ താത്കാലികമഠം പണിയാം.

ഒരാൾ പ്രിയോരച്ചനു പത്തു രൂപ സംഭാവന നൽകി. വേറെ എട്ടു രൂപ കൂടി സംഘടിപ്പിച്ചു. മൊത്തം പതിനെട്ടു രൂപ മൂലധനം. പനമ്പും തെങ്ങുതടിയുംകൊണ്ട് ഭക്ഷണമുറിയും പ്രാർഥനാമുറിയും കിടപ്പുമുറിയുമുള്ള മഠം പണിതു.

മഠത്തിന്റെ പണി നടക്കുമ്പോൾ കുനമ്മാവു കൊവേന്തയിൽ നാല്പതുമണി ആരാധന നടക്കുന്നുണ്ടായിരുന്നു. ആരാധനയിൽ സംബന്ധിക്കാൻ എത്തിയവർ മഠത്തെക്കുറിച്ച് അറിഞ്ഞു. പലരും സംഭാവന നൽകി.

വാകയിൽ ഏലീശ്വയോടും മകൾ അന്നയോടുമൊപ്പം കന്യാലയ ജീവിതത്തിനു തയാറായി ഏലീശ്വയുടെ സഹോദരി ക്ലാര, വൈക്കം സ്വദേശിനി ഏലീശ്വ എന്നിവർ മുന്നോട്ടുവന്നു.

1866 ഫെബ്രുവരി 13. ലെയോപോൾഡ് മിഷനറിയുടെ മുന്നിൽ നാലു സന്യാസാർഥിനികൾ വ്രതവാഗ്ദാനം നടത്തി. ഇന്ത്യയിലെ ആദ്യത്തെ സുറിയാനി കത്തോലിക്കാ സന്യാസിനിസഭയുടെ തുടക്കമായിരുന്നു അത്. സി.എം.സി. (കോൺഗ്രിഗേഷൻ ഓഫ് ദ മദർ ഓഫ് കാർമൽ) എന്ന സന്യാസിനി സഭയുടെ ആദ്യത്തെ അംഗങ്ങളായി നാലു സ്ത്രീകൾ സ്കാപ്പുളാര ധരിച്ചു നിൽക്കുമ്പോൾ പ്രിയോരച്ചൻ സുറിയാനിയിലും ലെയോപോൾഡ് അച്ചൻ ലത്തീനിലും തെദേവും പാടി. ഭൂമിയിൽനിന്ന് ഇരുനിറങ്ങളിലെത്തിയ ആ കൃതജ്ഞതാ മലരുകളെ ദൈവം തന്റെ പൂപ്പാത്രത്തിൽ വാത്സല്യപൂർവം നിക്ഷേപിച്ചിട്ടുണ്ടാവണം.

പനമ്പുമഠം ഒരു കാലവർഷത്തെയും തുലാവർഷത്തെയും അതിജീവിച്ചേക്കും. ഒരു കൊല്ലത്തിനുള്ളിൽ പുതിയ മഠം പണിതു തീർക്കണം. പാശ്ചാത്യമാതൃകയിലുള്ള നല്ലൊരു കെട്ടിടം. ഇനി ഒരു നിമിഷം വൈകാതെ അതിനുള്ള കഠിനശ്രമം തുടങ്ങിയേ തീരൂ- പ്രിയോരച്ചൻ തീരുമാനിച്ചു.

സാമ്പത്തിക സഹായം ചെയ്യാൻ സാധിക്കുന്ന കഴിയുന്നത്ര ആളുകളെ എത്രയും വേഗം സന്ദർശിക്കണം. പഴയതുപോലെ യാത്ര വയ്യ. അല്പം സഞ്ചരിക്കുമ്പോഴേക്കും ക്ഷീണിക്കുന്നു. പക്ഷേ യാത്രകൾ ഒഴിവാക്കിയാൽ മഠം ഉണ്ടാകാൻ പോകുന്നില്ല.

കഴിയുന്നത്ര സംഭാവന നൽകണമെന്ന് എല്ലാ ഇടവകകളിലേക്കും എഴുതിയറിയിച്ചു. കല്ലൂർക്കാട്ടു പള്ളിയിൽ ചെന്നപ്പോൾ നൂറു രൂപ കിട്ടി. അവിടെനിന്നു പുളിങ്കുന്നിലും ചേന്നങ്കരിയിലും പോയി. പിന്നെ മുട്ടം, അർത്തുങ്കൽ തുടങ്ങിയ സ്ഥലങ്ങളിലേക്ക്.

ഓരോ യാത്ര കഴിയുമ്പോഴും തളരുന്നു. എങ്കിലും കഴിയുന്നത്ര പള്ളികളിൽ പോയേ തീരൂ എന്നു പ്രിയോരച്ചൻ തീരുമാനിച്ചു.

ലത്തീൻകാർക്കായി മഞ്ഞുമ്മേൽ വലിയൊരു കൊവേന്തയുടെ നിർമാണം മെത്രാപ്പോലീത്ത ആരംഭിച്ചിരുന്നു. അതിനു വലിയൊരു തുക വിദേശത്തുനിന്നും സ്വദേശത്തുനിന്നുമായി സംഭാവന ലഭിച്ചിരുന്നു. അതിൽ ചെറിയൊരു ഭാഗം സി.എം.സി. മഠത്തിന്റെ നിർമാണത്തിനു നല്കാമോയെന്നു ലെയോപോൾഡ് മിഷനറി മെത്രാനച്ചനോട് ചോദിച്ചു. എന്നാൽ ലത്തീൻകാർക്കായി ലഭിച്ചിരിക്കുന്ന ആ പണത്തിൽനിന്ന് അല്പംപോലും മഠത്തിനായി നല്കാൻ സാധിക്കില്ലെന്നായിരുന്നു മെത്രാനച്ചന്റെ നിലപാട്.

മിഷനറിയിൽനിന്ന് ഈ വിവരമറിഞ്ഞപ്പോൾ ചാവറയച്ചൻ ഒരു വിഷമവും കാട്ടിയില്ല. "പണം വേറൊരു റീത്തുകാർക്കു വേണ്ടി വിനിയോഗിക്കുന്നതിന് പിതാവിനു സാങ്കേതിക പ്രശ്നങ്ങളുണ്ടാവും. സ്തബലീനിപ്പിതാവിനെപ്പോലെ ഒരു റീത്തുകാരുടെ ശത്രുത സമ്പാദിക്കാൻ അദ്ദേഹം ആഗ്രഹിക്കുന്നില്ലെന്നതു സ്വാഭാവികം," ചാവറയച്ചൻ മിഷനറിയെ ആശ്വസിപ്പിച്ചു.

പിരിഞ്ഞുകിട്ടിയ പണംകൊണ്ടു മഠത്തിന്റെ പണി തുടങ്ങി. ആവശ്യമുള്ള പണം എവിടെ നിന്നെങ്കിലും കിട്ടുമെന്നു പ്രിയോരച്ചന് ഉറപ്പുണ്ടായിരുന്നു. കർത്താവ് ഇടയനായി കൂടെയുള്ളിടത്തോളം കാലം തനിക്ക് ഒന്നിനും മുട്ടുണ്ടാവുകയില്ല.

മലയാറ്റൂർ പള്ളിയിലേക്കും പരിസരപ്രദേശങ്ങളിലേക്കും പിരിവിനു പുറപ്പെടുമ്പോൾ തുലാവർഷം തുടങ്ങിയിരുന്നു. ചേരാനല്ലൂരിൽവച്ച് വാതപ്പനി തുടങ്ങി. പനി മൂർച്ഛിച്ച് രണ്ടു ദിവസം അബോധാവസ്ഥയിൽ കിടന്നു.

തീരെ അവശനായാണ് പ്രിയോരച്ചൻ കുനമ്മാവ് കൊവേന്തയിൽ മടങ്ങിയെത്തിയത്. അപ്പോഴേക്കും കാലിൽ നീരു വന്നു പൊട്ടി.

രോഗത്തിനു കുറവുണ്ടായപ്പോൾ വീണ്ടും പിരിവിനിറങ്ങി.

ഈ പ്രയത്നംകൊണ്ട് പ്രയോജനമുണ്ടായി. പലരും കൈയയച്ചു സംഭാവന നൽകി. മൊത്തം എണ്ണായിരത്തോളം രൂപ പിരിഞ്ഞുകിട്ടി.

അദ്ഭുതകരമായ വേഗത്തിലാണ് മഠത്തിന്റെ പണി മുന്നേറിയത്. ഏതോ വലിയ സമ്പന്നൻ കെട്ടിടം പണിയിക്കുന്നതുപോലെ തിരക്കായിരുന്നു പണിസ്ഥലത്ത്. ധാരാളം തൊഴിലാളികൾ. മേൽനോട്ടം വഹിക്കാൻ വേണ്ടത്ര ആളുകൾ. എല്ലാവരും അത്യുത്സാഹത്തിലായിരുന്നു. പണി തടസപ്പെടുത്തുന്നവിധം ഒരിക്കലും പണത്തിനു കുറവു വന്നില്ല.

എട്ടുമാസംകൊണ്ടു കെട്ടിടത്തിന്റെ പണി പൂർത്തിയായി.

1867 മാർച്ചിൽ സന്യാസിനികൾ പനമ്പുമഠത്തിൽനിന്നു പുതിയ കെട്ടിടത്തിലേക്കു താമസം മാറ്റി. അപ്പോഴേക്കും കന്യാസ്ത്രീകളുടെ എണ്ണം വർധിച്ചിരുന്നു. പുതിയ കെട്ടിടത്തിൽവച്ച് സന്യാസവസ്ത്രധാരണ കർമം സാഘോഷം നടന്നു.

തങ്ങളുടെ കാര്യത്തിൽ ദൈവം അത്യന്തം താത്പര്യം പുലർത്തുന്നുവെന്നു ചാവറയച്ചനും ലെയോപോൾഡ് അച്ചനും ഒരിക്കൽകൂടി ബോധ്യമാവുകയായിരുന്നു. അല്ലെങ്കിൽ, വെറും പതിനെട്ടു രൂപകൊണ്ട് ആരംഭിച്ച നിർമാണം ഇത്ര വേഗത്തിൽ, ഇത്ര മനോഹരമായി സംപൂർത്തിയിൽ എത്തുമായിരുന്നില്ല.

"സർവേശ്വരൻ എന്നെ കൂടുതൽ കടപ്പെടുത്തുവാനായി ഈ ഭാഗ്യപ്പെട്ട കാഴ്ച കാണുവാൻ എന്റെ ആയുസ് ഇത്രയും നീട്ടിത്തന്നു. അവിടുത്തേക്ക് എല്ലായ്പോഴും സ്തുതി വർധിക്കട്ടെ." ആശ്രമദേവാലയത്തിലെ അൾത്താരയ്ക്കു മുന്നിൽ പ്രിയോരച്ചന്റെ കൃതജ്ഞത മിഴിനീർത്തുള്ളികളായി മാറി.

കന്യാസ്ത്രീകളുടെ നവസന്യാസഗുരുവായി ലെയോപോൾഡ് മിഷനറി സേവനമനുഷ്ഠിച്ചു.

മഠത്തിൽ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു. കൂടാതെ തയ്യൽ, റേന്തപ്പണി, കൊന്തകെട്ട് തുടങ്ങിയ കൈത്തൊഴിലുകൾ പരിശീലിക്കുന്നതിനും ചെയ്യുന്നതിനും ഏർപ്പാടുണ്ടാക്കി.

തയ്യലിലും അലങ്കാരപ്പണികളിലും വിദഗ്ധയായ ഒരു മദാമ്മയെ കൊച്ചിയിൽനിന്നു വരുത്തിയാണ് ആ പണികളിൽ കന്യാസ്ത്രീകൾക്കു പരിശീലനം കൊടുത്തത്.

ഈ തൊഴിലുകളിൽ വൈദഗ്ധ്യം നേടിയതോടെ കന്യാസ്ത്രീകൾ പുറത്തുനിന്നുള്ള സ്ത്രീകളെ ഇവ പഠിപ്പിക്കാനും തുടങ്ങി.


ഒരു ദിവസം വരാപ്പുഴ അരമനയിൽവച്ച് പ്രിയോരച്ചൻ പഴയ അബദീശോ മെത്രാനെ കാണാനിടയായി. മാന്നാനം കൊവേന്തയിൽ ധ്യാനത്തിൽ സംബന്ധിക്കുകയും തുടർന്ന് അവിടെ താമസിക്കുകയും ചെയ്ത തൊണ്ടനാട്ടു കത്തനാർ മഹറോൻ ശിക്ഷയിൽനിന്നു പൊറുതി ലഭിച്ചതിനുശേഷം

(ശേഷം പേജ് 175)



ഡോ. ആന്റണി കരിയിൽ, സി.എം.ഐ.
പ്രിയോർ ജനറാൾ

സേവനത്തിന്റെ പാതയിലെ സി.എം.ഐ. സഭ



സി.എം.ഐ സഭയുടെ മേജർ സെമിനാരി: ബാംഗളൂരിലെ ധർമ്മാരാം കോളജ്

1831-ൽ കോട്ടയം ജില്ലയിലെ മാന്നാനംകുന്നിൽ ഒരു സുകൃതസമൂഹ ജീവിതം പൊട്ടിവിരിഞ്ഞു. അതായിരുന്നു സി.എം.ഐ. സഭ. നിർണായക ചരിത്രം ഉൾക്കൊള്ളുന്നതാണ് തുടർന്നങ്ങോട്ടുള്ള 19-ാം നൂറ്റാണ്ട്. ക്രൈസ്തവ സഭയിലും ജനസമൂഹത്തിലും ആത്മീയരംഗത്തെന്നപോലെ ഭൗതിക, ബൗദ്ധികതലങ്ങളിലും നിരവധി പരിമിതികൾ. ദൈവാത്മാവിനാൽ നയിക്കപ്പെട്ട ചാവറയച്ചനും തന്നോടണിചേർന്ന സന്യാസസമൂഹവും ഒരു കാന്തിക വലയം സൃഷ്ടിച്ചു. ദൈവത്തെ നായകനായി മുന്നിൽ നിർത്തി; അവർ പടക്കുതിരകളും. ജനങ്ങളുടെ ആവശ്യങ്ങളെ അവർ സ്പർശിച്ചു. തൊട്ടതെല്ലാം പൊന്നായി മാറി. 1831-നും 1871-ൽ വാഴ്ത്തപ്പെട്ട ചാവറയച്ചൻ മരിക്കുന്നതിനുമിടയിലുള്ള നാല്പതു വർഷംകൊണ്ട് കേരളത്തിൽ എല്ലാ മേഖലകളിലും ഒരു നവോത്ഥാനമുണ്ടായി.


ഭാരതത്തിലെ ആദ്യ നൈയാമിക ക്രൈസ്തവ സന്യാസസഭ എന്ന വിധത്തിൽ വളരെയധികം പുതുമ നിറഞ്ഞതും, ഒരേസമയം വിവിധ ആവശ്യങ്ങളിലേക്ക് ശ്രദ്ധതിരിക്കേണ്ടതുമായ സാഹചര്യമായിരുന്നു സഭയിലെ ആദ്യഅംഗങ്ങൾക്ക്. ദൈവാരൂപിയിൽ നിറഞ്ഞ ഒരു ഗണം വൈദികർ. അവരുടെ എല്ലാ ചലനങ്ങളും മറ്റു മതസ്ഥരടക്കം എല്ലാവരും ശ്രദ്ധയോടും താത്പര്യത്തോടും വീക്ഷിച്ചു. പ്രാർഥനയും പ്രവർത്തനങ്ങളും സമന്വയിപ്പിച്ചുകൊണ്ടുള്ള അവരുടെ മുന്നേറ്റത്തിൽ ചുരുങ്ങിയ നാളുകൾകൊണ്ട് കേരളത്തിന്റെ പല ഭാഗങ്ങളിലായി ഏഴു സന്യാസാശ്രമങ്ങൾ ജനപ്രേരണയോടെ തുടങ്ങി. സിരാകേന്ദ്രമായ മാന്നാനത്ത് വൈദിക, സന്യാസ പരിശീലനത്തിനുള്ള സെമിനാരികൾ, വിദ്യാസ്ഥാപനങ്ങൾ, അച്ചടിശാലയും പ്രസിദ്ധീകരണങ്ങളും, അധ:കൃതരെ ഉദ്ധരി

ക്കുവാനുള്ള സാമൂഹ്യപ്രവർത്തനങ്ങളും വിശ്വാസപരിശീലന കേന്ദ്രവും; എല്ലാം ഒന്നിനു പുറകെ ഒന്നായി രൂപം കൊണ്ടു. ഇതുപോലെ മറ്റാശ്രമങ്ങളോടു ചേർന്നും പ്രവർത്തനങ്ങൾ തുടങ്ങാൻ ജനങ്ങളും ഇടവക വൈദികരും പ്രചോദിതരായി. സ്ത്രീകൾക്കുള്ള സന്യാസസഭയ്ക്കും തുടക്കമിട്ടതോടെ അടുക്കളയിലൊതുങ്ങിയിരുന്ന സ്ത്രീജനങ്ങളും വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെയും സാമൂഹ്യസേവനരംഗങ്ങളിലൂടെയും സമൂഹത്തിന്റെ പൊതുധാരയിലേക്കിറങ്ങിത്തിരിച്ചു.

സന്യാസവൈദികർ ഇടവകകൾതോറും ധ്യാനപ്രസംഗങ്ങളും കുടുംബനവീകരണ പരിപാടികളുമായി കടന്നുചെന്നതോടെ ജനങ്ങളുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞു. അവരുടെ പ്രവർത്തന മേഖലകൾ വർധിച്ചു. സന്യാസികൾക്കും ജനങ്ങൾക്കും ആവേശമായി. പാലയ്ക്കൽ, പോരൂക്കര തോമാച്ചന്മാരും ചാവറയച്ചനും ചേർന്നപ്പോൾ ഉണ്ടായ "ഈ മലയാളത്തിൽ വൈദികർക്കുപോലും ഒരു താപസഭവനമില്ലാത്തതിനാൽ ഏറിയ നന്മകൾക്ക് വീഴ്ചയായിരിക്കുന്നു" എന്ന തിരിച്ചറിവിൽ നിന്നുയിർകൊണ്ട സി.എം.ഐ. സഭയുടെ സിദ്ധി എന്തെന്നു വ്യക്തമായി. ദൈവമക്കളുടെ ആവശ്യങ്ങളെല്ലാം തിരുസഭയുടെ ആവശ്യങ്ങളാണെന്ന തിരിച്ചറിവ്. ദൈവത്തിനും ജനങ്ങൾക്കും വേണ്ടി ജീവിക്കുക. കാലത്തിന്റെ ചുവരെഴുത്തുകൾ തിരിച്ചറിഞ്ഞ് നന്മയായിട്ടുള്ളതൊക്കെ ചെയ്യുവാനുള്ള സ്വാതന്ത്ര്യമായിരുന്നു ആദ്യപിതാക്കളിലൂടെ സി.എം.ഐ. സഭയ്ക്കു ലഭിച്ച പൈതൃകം.

റോമിലേക്കും മറ്റിതര നേതൃസ്ഥാനങ്ങളിലേക്കും അറിയിക്കുവാൻ അവർ നേതൃത്വമെടുത്തു. ജനങ്ങളുടെയും വൈദികരുടെയും ഒപ്പുകൾ ശേഖരിച്ച് ഇടവിടാതെ നിവേദനങ്ങൾ അയച്ചുതുടങ്ങി. ഇതിന്റെ പ്രത്യാഘാതഫലമായിരുന്നു വരാപ്പുഴ മെത്രാന്റെ കല്പനപ്രകാരം സി.എം.ഐ സഭയിലെ ഏഴു വീരസന്താനങ്ങളെ സഭയിൽനിന്നു ബഹിഷ്കരിക്കേണ്ടിവന്നതും, 'ഏഴു വ്യാകുല'ങ്ങളായി ഇവരെ കേരള സഭ നെഞ്ചിലേറ്റേണ്ടിവന്നതും.

എന്തായാലും അവരുടെ ത്യാഗങ്ങളും ശ്രമങ്ങളും ഫലമണിഞ്ഞു, 1886-ൽ സ്വന്തമെത്രാന്മാരോടുകൂടി രണ്ടു വികരിയാത്തുകൾ ലഭിച്ചപ്പോൾ. മേലൂസ് ശീശ്മയെ ഉച്ചാടനം ചെയ്യുന്നതിൽ നിധീരിക്കൽ മാണിക്കത്തനാരും, 'ഏഴു വ്യാകുല'ങ്ങളിൽ ഒരാളായ പഴേപറമ്പിൽ ലൂയിസച്ചനും (പിന്നീട് മെത്രാൻ), കട്ടക്കയം വലിയ ചാണ്ടിച്ചൻ സി.എം.ഐയും മറ്റും എടുത്ത നേതൃത്വം ഏറ്റു പറയാതെ വയ്യ. വലിയ ചാണ്ടിയച്ചനെ, നിധീരിക്കൽ മാണിക്കത്തനാർ ലോകജേതാവായ അലക്സാണ്ടർ ചക്രവർത്തിയോടുപമിച്ചതും, അദ്ദേഹത്തിന്റെ ആത്മീയ നവീകരണപ്രവർത്തനങ്ങൾക്ക് പരിശുദ്ധ പിതാവ് ലെയോ 13-ാമനിൽ നിന്നു "മിഷനറി അപ്പസ്തോലിക്ക" എന്ന സ്ഥാനവും കീർത്തിമുദ്രയും ലഭിച്ച കാര്യവും ഇവിടെ സ്മരിക്കുന്നു.



സ്വന്തമെത്രാന്മാർക്കുവേണ്ടിയുള്ള ശ്രമം

കലുഷിതമായ അന്തരീക്ഷത്തിൽ ശീശ്മയിൽനിന്ന് ശീശ്മയിലേയ്ക്ക് വഴുതി വീണുകൊണ്ടിരുന്ന കേരളസഭയെ, പരിശുദ്ധ മാർപാപ്പയുടെ പരമാധികാരത്തിൽ ഒത്തുചേർത്ത് ഐക്യത്തിൽ നിലനിർത്തുകയെന്നതായിരുന്നു സഭയുടെ ആദ്യ ശ്രമം. റോക്കോസ് ശീശ്മയെത്തുടർന്ന് വീണ്ടും മേലൂസ് ശീശ്മ തലപൊക്കിയപ്പോൾ, ജനങ്ങളുടെ കെട്ടടങ്ങാത്ത സ്വാതന്ത്ര്യദാഹത്തിന് ശമനം വരുത്താതെ വഴിയില്ല എന്നവർ വിവേചിച്ചറിഞ്ഞു. സ്വന്തം മെത്രാൻ നാട്ടിലുണ്ടായാലേ പറ്റൂ എന്ന് കാര്യകാരണസഹിതം

സി.എം.ഐ. സഭയും മിഷൻ പ്രവർത്തനങ്ങളും

തിരുസഭയുടെ ജീവിതത്തിൽ സന്യാസസമൂഹങ്ങൾ സജീവമായി പങ്കുകാരാകണമെന്നും, അവരവരുടെ പ്രത്യേക സിദ്ധിക്കനുസരിച്ച് സഭയുടെ വചനപ്രഘോഷണത്തിലും, ആരാധനക്രമത്തിലും അജപാലന ശുശ്രൂഷയിലും, ക്രൈസ്തവ സൈക്യപ്രവർത്തനങ്ങളിലും, മിഷൻ പ്രവർത്തനങ്ങളിലും സാമൂഹ്യപ്രവർത്തനങ്ങളിലും പങ്കുചേരണമെന്നും രണ്ടാം വത്തിക്കാൻ കൗൺസിൽ നിർദേശിച്ചു. (പി.സി. 2). എന്നാൽ രണ്ടാം വത്തിക്കാൻ കൗൺസിൽ നടക്കുന്നതിന് ഒരു നൂറ്റാണ്ടു മുമ്പു മുതൽ സി.എം.ഐ. സഭ ഈ ആശയങ്ങൾക്കൊത്തു പ്രവർത്തിച്ചു തുടങ്ങി എന്നു കാണാം. സഭ തുടക്കം മുതലേ ഒരു മിഷനറിസഭയായിരുന്നു. ഇന്നുവരെയുള്ള സഭയുടെ മിഷൻപ്രവർത്തനങ്ങളെ ആറുഘട്ടങ്ങളായി തിരിക്കാം.

സി.എം.ഐ ജനറൽ കൗൺസിലർമാർ



ഫാ. മാത്യു കണിയാമ്പറമ്പിൽ വികാരി ജനറാൾ. (ജനറൽ കൗൺസിലർ, സുവിശേഷവത്കരണവും അജപാലനവും)



ഫാ. ജോസ് ചിറ്റിലപ്പള്ളി വിദ്യാഭ്യാസം



ഫാ.ഓസ്റ്റിൻ കളപ്പുര പ്രേഷിതപ്രവർത്തനം



ഫാ. ജസ്റ്റിൻ കോയിപ്പുറം ഫിനാൻസ്



ഫാ. തോമസ് പുളിക്കൻ ജനറൽ ഓഡിറ്റർ

1. കാറ്റികിസ്മനേറ്റുകളുടെ കാലം

ഒന്നാം ഘട്ടം പ്രധാനമായും വചനപ്രഘോഷണങ്ങളുടെ കാലമായിരുന്നു. ജോസഫ് തയ്യിലച്ചൻ, കട്ടക്കയം വലിയ ചാണ്ടിയച്ചൻ, അപ്രേം കളത്തിലച്ചൻ, ജേക്കബ് പാലാക്കുന്നേലച്ചൻ എന്നിങ്ങനെ ആദ്യകാല അംഗങ്ങളെല്ലാം തന്നെ സുപ്രസിദ്ധ ധ്യാനഗുരുക്കളായിരുന്നു. ഇവരുടെ പ്രസംഗങ്ങൾ അകത്തും പുറത്തും വളരെയധികം ആളുകളിൽ മാനസാന്തരം ഉളവാക്കി. അക്രൈസ്തവരായ മാനസാന്തരപ്പെട്ടവർക്കുവേണ്ടി വിശ്വാസപഠന കേന്ദ്രങ്ങളായി മിക്ക വാറും എല്ലാ ആശ്രമങ്ങളോടും ചേർത്ത് കാറ്റികിസ്മനേറ്റുകൾ തുടങ്ങി. മാന്നാനം, പുളിങ്കുന്ന്, എൽത്തുരുത്ത്, അമ്പഴക്കാട്, മുത്തോലി, ചെത്തിപ്പുഴ, വാഴക്കുളം, കുര്യനാട് എന്നിവയൊക്കെ ഇവയിൽ ചിലതാണ്. 1931 ആയപ്പോഴേക്കും ഇരുപതിനായിരത്തിലേറെ അംഗങ്ങളെ ക്രിസ്തുസഭയിലേക്കാനയിക്കുവാൻ സാധിച്ചു എന്ന് അന്നുണ്ടായിരുന്ന ആശ്രമങ്ങളിലെ രേഖകൾ സാക്ഷ്യം വഹിക്കുന്നു.

2. സി.എം.ഐ. സഭയും പുനരൈക്യശ്രമങ്ങളും

കേരളസഭയിലെ പുനരൈക്യശ്രമങ്ങളിലും സഭാംഗങ്ങളുടെ പങ്ക് സുപ്രധാനമാണ്. 1920-നും 1935 നുമിടയിലുള്ള പുനരൈക്യശ്രമങ്ങളാണ് രണ്ടാംഘട്ടത്തിലേത്. കത്തോലിക്കാസഭയിൽനിന്നു വേർപിരിഞ്ഞുപോയ യാക്കോബായ സമൂഹത്തിന്റെ ഇടയിൽ പ്രവർത്തിക്കുന്നതിനായി 1921-ൽ കൊല്ലം രൂപതാധ്യക്ഷൻ അലോഷ്യസ് ബൻസിഗർ സഭാംഗങ്ങളെ ക്ഷണിച്ചു. അതിനു മുമ്പുതന്നെ കേരളസഭാ ചരിത്രകാരനും കൂടിയായ ബർണാർഡച്ചൻ പുനരൈക്യത്തിനുള്ള പ്രാർഥനകൾ അച്ചടിച്ച് ജനങ്ങൾക്ക് കൊടുത്തുകൊണ്ട് പ്രവർത്തനത്തിന് തുടക്കമിട്ടിരുന്നു. സ്റ്റീഫൻ തയ്യിലച്ചനും ഹൈസിന്ത് അച്ചനും ഹെൻട്രി, ഇഗ്നേഷ്യസ്, ഗ്രിഗറിയച്ചന്മാരും യാക്കോബായാക്കാരുടെയിടയിൽ പ്രവർത്തനങ്ങൾ തുടങ്ങിയതോടെ അവരുടെയിടയിലെ കത്തോലിക്കാസഭയോടുള്ള അതൃപ്തിയും ആശങ്കകളും കെട്ടടങ്ങിത്തുടങ്ങി. മാർപാപ്പയുടെ പ്രതിനിധി ലപ്പീസിയെ തിരുമേനിക്ക് ഗ്രിഗറിയച്ചൻ സമർപ്പിച്ച നിവേദനം ഉപകാരപ്രദമായി. തുടർന്ന് പുനരൈക്യത്തെക്കുറിച്ചുള്ള ചിന്തകളും പ്രവർത്തനങ്ങളും ശക്തിപ്പെടുകയും 1930-ൽ മാർ ഇവാനിയോസും മാർ തെയോഫിലസും അവരോടൊപ്പം അനേകം യാക്കോബായ അംഗങ്ങളും കത്തോലിക്കാ സഭയിലേയ്ക്ക് പുനരൈക്യപ്പെടുകയും ചെയ്തു.

അയിരൂർ, പുതുപ്പള്ളി, ചെത്തിപ്പുഴ തുടങ്ങിയ ആശ്രമങ്ങളോട് ചേർന്നും കൊല്ലം, തിരുവനന്തപുരം പ്രദേശങ്ങളിലും സഭ നടത്തിയ പുനരൈക്യശ്രമങ്ങൾ അനേകരെ കത്തോലിക്കാ സഭയിലേക്കാനയിക്കാൻ നിമിത്തങ്ങളായി. ഈ രംഗത്ത് സഭ നടത്തിയിരുന്ന 'ദീപിക' ദിനപത്രവും മറ്റിതര മാസികകളും വലിയ പങ്കുവഹിച്ചിട്ടുണ്ട്. പുതുതായി ആരംഭിച്ച മലങ്കര റീത്തിലെ തിരുവനന്തപുരം, തിരുവല്ലാ രൂപതകളുടെ ഔദ്യോഗിക ഉപദേശകനായിരുന്നു, സഭാംഗവും സുപ്രസിദ്ധ ചരിത്രകാരനുമായിരുന്ന പ്ലാസിഡ് പൊടിപാറയച്ചൻ. ഒ.ഐ.സി. സഭയുടെ സ്ഥാപകനായിരുന്ന മാർ ഇവാനിയോസിന്റെ താത്പര്യപ്രകാരം 1952 വരെ അവരുടെ ആത്മീയകാര്യങ്ങളിൽ സി.എം.ഐ. സഭാംഗങ്ങൾ സഹായികളായിരുന്നു.

3. സൗത് ഇന്ത്യൻ മിഷൻ

സുറിയാനി കത്തോലിക്കരുടെ അതിർത്തിയായ പമ്പാനദിക്കും ഭാരതപ്പുഴയ്ക്കും പുറത്തേക്കുള്ള മുന്നേറ്റമായിരുന്നു മൂന്നാംഘട്ടത്തിൽ. അന്നത്തെ കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളായ കന്യാകുമാരിയിലേക്കും വടക്കൻ പ്രദേശങ്ങളായ മലബാറിലേക്കുമുള്ള പ്രവർത്തനങ്ങളാണ് 1935-നു ശേഷമുള്ള ഈ ഘട്ടത്തിൽ നടന്നത്. കൊല്ലം , കോട്ടാർ രൂപതകളിലും തിരുവനന്തപുരം, കന്യാകുമാരി നാടാർ സമൂഹത്തിനിടയിലും തമിഴ്നാട്ടിലെ കോയമ്പത്തൂർ, സേലം, തൂത്തുക്കുടി പ്രദേശങ്ങളിലും മലബാറിലെ സുറിയാനി കത്തോലിക്കരായ കുടിയേറ്റക്കാരുടെയിടയിലുമുണ്ടായ സി.എം.ഐ. സാന്നിധ്യം അദ്ഭുതകഥകൾ കൊണ്ടു നിറഞ്ഞ സാഹസികതയുടെ ചരിത്രമാണ്.

അത്തനേഷ്യസ്, കെറുബിൻ, ബർണർഡിൻ, അന്തോനീനൂസ് തുടങ്ങി അനേകം സഭാംഗങ്ങൾ മലബാർ പ്രദേശത്ത് അനേകം പള്ളികളും സ്കൂളുകളും റോഡുകളും പാലങ്ങളും എന്നു വേണ്ട ജനങ്ങൾക്കാവശ്യമുള്ളതെല്ലാം ഉണ്ടാക്കാൻ നേതൃത്വമെടുത്തു. റോമിലെ ഓറിയന്റൽ കോൺഗ്രിഗേഷനിൽ സീറോ മലബാർ സഭയുടെ കൺസൾട്ടറായിരുന്ന പ്ലാസിഡച്ചന്റെ ഇടപെടലുകൾ സീറോ മലബാർ സഭയുടെ അതിർത്തികൾ വ്യാപിപ്പിക്കുവാൻ കാരണമാകുകയും 1953-ൽ തലശേരി രൂപതയ്ക്ക് രൂപംകിട്ടാൻ സഹായകമാകുകയും ചെയ്തു. ഇക്കാര്യത്തിൽ ബോംബെ ആർച്ച്ബിഷപ്പായിരുന്ന കാർഡിനൽ ഗ്രിസ്റ്റിന്റെ സേവനവും നന്ദിയോടെ നമുക്കനുസ്മരിക്കാം. തലശേരിയുടെ ഭാഗമായിരുന്ന ഊട്ടി പ്രദേശങ്ങളിലേക്കും കർണാടകത്തിലേക്കും നമ്മുടെ അച്ചൻമാർ കടന്നു ചെന്നു. ജോബ് മൈലാടിയച്ചനും ബർക്കുമാൻസച്ചനുമൊക്കെ അവരിൽ ചിലരാണ്. ഹൈറേഞ്ച് പ്രദേശങ്ങളിലേക്ക് ആദ്യമായി കടന്നു ചെന്ന ശൗര്യാരച്ചനെ ആ നാട്ടുകാർ രണ്ടാം ശൗര്യാർ എന്നു വിളിക്കുന്നു. കോയമ്പത്തൂർ മിഷന് മലാഖിയാസച്ചനെ മറക്കാനാവില്ല. ഇപ്രകാരം കേരളത്തിലും ചുറ്റുപാടുമുള്ള സംസ്ഥാനങ്ങളിലും സഭാംഗങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ വഴി 1866-നും 1966-നുമിടയിൽ 48700 ലേറെ ആളുകളിൽ ക്രിസ്തു സന്ദേശം എത്തിക്കുവാനും

സി.എം.ഐ പ്രൊവിൻഷ്യൽമാർ


ഫാ. തോമസ് മാമ്പ്ര
തിരുവനന്തപുരം


ഫാ. ജോസഫ് വടക്കൻ
കോട്ടയം


ഫാ. മാത്യു വട്ടത്തറ
കളമശേരി


ഫാ. ജൊവാക്കിം പുഴക്കര
മൂവാറ്റുപുഴ


ഫാ. ജെറോം ചെറുശേരി
തൃശൂർ


ഫാ. മാത്യു ചാലിൽ
കോഴിക്കോട്


ഫാ. ജോൺ പീറ്റർ
മുരിങ്ങത്തേരി
കോയമ്പത്തൂർ


ഫാ. തോമസ് ആയാംകുടി
മൈസൂർ

വിശ്വാസത്തിൽ ഉറപ്പിക്കുവാനും സാധിച്ചു എന്ന് സഭയുടെ രേഖകളിൽ കാണുന്നു.

4. ഇറാക്ക്, ഇറാൻ മിഷൻ

1938-ൽ ഇറാനിലേക്ക് ഒരു ഗ്രൂപ്പ് പോകാൻ തയാറെടുത്തെങ്കിലും പെട്ടെന്നവിടെയുണ്ടായ ചില രാഷ്ട്രീയ പ്രതിസന്ധികൾമൂലം പരിപാടി വേണ്ടെന്നു വച്ചു. പിന്നീട് 1960-ലാണ് പാത്രിയർക്കീസിന്റെ ക്ഷണപ്രകാരം അനുകൂല സാഹചര്യം തുറന്നുകിട്ടിയത്. ഇതായിരുന്നു നാലാം ഘട്ടം. വെർജിൻ, മാർസൽ, ഫാബിയാൻ, എമ്മാനുവേൽ എന്നീ അച്ചന്മാരായിരുന്നു അവിടത്തെ മിഷനറിമാർ. ആദ്യം ഇറാക്കിലും പിന്നീട് ഇറാനിലുമായി നടത്തിയ മിഷൻ പ്രവർത്തനങ്ങൾ 1966-ഓടെ ഉപേക്ഷിക്കേണ്ടിവന്നു. കാരണം 97 ശതമാനത്തോളം വരുന്ന മുസ്ലിം ജനതയുടെയിടയിലെ പ്രവർത്തനങ്ങൾ വളരെ ദുഷ്കരമായിരുന്നു. ഇന്ത്യ വിട്ടുള്ള ആദ്യശ്രമമായിരുന്നു നാലാംഘട്ടത്തിൽ നടത്തിയത്. ആറുവർഷംകൊണ്ട് ഇവർക്കവിടെ വിശ്വാസവഴിയിൽ പലതിനും അടിസ്ഥാനമിടുവാൻ കഴിഞ്ഞു. പാത്രിയർക്കിസ് തിരുമേനി മനസില്ലാ മനസോടെയാണ് അവരെ തിരിച്ചയച്ചതും.

5 നോർത്ത് ഇന്ത്യൻ മിഷൻ

സി.എം.എ. സഭയുടെ വിപുലമായ മിഷൻ പ്രവർത്തനങ്ങൾ അരങ്ങേറിയത് 1954 മുതലുള്ള വടക്കേ ഇന്ത്യൻ മിഷനുകളിലൂടെയാണ്. ഇതായിരുന്നു അഞ്ചാംഘട്ടത്തിന്റെ തുടക്കം. റെയ്ഗാർ, അംബികപ്പൂർ രൂപതയിലേക്ക് സഭാംഗങ്ങളെ ബിഷപ് സെവറിൻ ക്ഷണിച്ചു. അന്ന് സഭയ്ക്കുണ്ടായിരുന്ന മൂന്നു പ്രോവിൻസുകളിൽനിന്ന് കാസിയൂസ്, ദിയാഗോ, വിയാനി എന്നീ അച്ചന്മാരെ മിഷനിലേക്ക് യാത്രയാക്കി. അതോടെ വടക്കേ ഇന്ത്യ സഭയുടെ പ്രധാന പ്രവർത്തന മേഖലയായി. 1962-നും 1977- നുമിടയിൽ ഛരാന്ദാ, സാഗർ, ജഗ്ദൽപ്പൂർ, ബിജിനോർ, രാജ്ക്കോട് എന്നീ അഞ്ച് മിഷൻ രൂപതകളും 1999-ൽ അദിലബാദ് രൂപതയും പരിശുദ്ധ പിതാവ് സഭയുടെ പ്രവർത്തനങ്ങൾക്കായി ഏല്പിച്ചുതന്നു. 2,67,253 ചതുരശ്ര കിലോമീറ്റർ വിസ്തീർണവും 49,160 കത്തോലിക്കരുമുള്ള ആറു വടക്കേ ഇന്ത്യൻ സീറോ-മലബാർ മിഷൻ രൂപതകളെ സി.എം.ഐ. മെത്രാന്മാരാണ് നയിക്കുന്നത്. ഈ ആറ് രൂപതകളിലും കേരളത്തിനു പുറത്തുള്ള മറ്റു സംസ്ഥാനങ്ങളിലുമായി സഭയുടെ ഏഴ് പ്രോവിൻസുകളും ഒരു റീജിയനും രണ്ട് സബ് റീജിയനുകളും ഇവിടങ്ങളിൽ 466 വൈദികരും പ്രവർത്തിക്കുന്നു.

6. സി.എം.ഐ. സഭ മറ്റു രാജ്യങ്ങളിൽ

വിദേശരാജ്യങ്ങളിൽ സഭയുടേതായ സ്ഥാപനങ്ങൾ ആരംഭിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളെ ആറാം ഘട്ടത്തിൽപെടുത്താം. ഇന്ന് റോം, ജർമനി, യു.എസ്.എ., ആഫ്രിക്ക എന്നിവിടങ്ങളിലായി ആറ് സ്ഥാപനങ്ങളുണ്ട്. ആഫ്രിക്കയിൽ പുതുതായി ഒരു സബ് റീജിയനും നോവിഷ്യേറ്റുഭവനവും ആരംഭിച്ചു. ആഫ്രിക്കൻ, പാശ്ചാത്യനാടുകളിലായി 20 ഓളം രാജ്യങ്ങളിൽ 237 അംഗങ്ങൾ മിഷൻ പ്രവർത്തനങ്ങളും അജപാലനശുശ്രൂഷകളും നടത്തുന്നു. ഇവരിൽ ചിലർ ഉപരിപഠനവും നടത്തുന്നവരാണ്. ഇങ്ങനെ സഭയുടെ എഴുന്നൂറിലേറെ അംഗങ്ങൾ കേരളത്തിനു വെളിയിൽ ഇന്ത്യയിലും വിദേശങ്ങളിലുമായി വിവിധ മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു.

7. വിസ്തൃത അജപാലനരംഗങ്ങൾ

സഭയുടെ ആരംഭകാലത്ത് വചനപ്രഘോഷണവും കൂദാശകളുടെ പരികർമവുമായിരുന്നു പ്രധാനപ്പെട്ട രണ്ട് അജപാലന ശുശ്രൂഷകൾ. സഭാംഗങ്ങളുടെ എണ്ണം കൂടുകയും




ഫാ. ജോർജ് ഓലിക്കൽ
ചാന്ദ



ഫാ. ജയിംസ് പനയ്ക്കൽ
ജഗദൽപുർ



ഫാ. ലൂയിസ്
മാളിയേക്കൽ
സാഗർ



ഫാ. പോൾ കണ്ണൂർകാട്ട്
രാജ്കോട്ട്



ഫാ. ജെറാൾഡ്
പടിഞ്ഞാറേപ്പീടിക
ബിജ്നോർ

പല പ്രോവിൻസുകളും ഉണ്ടാവുകയും ചെയ്തപ്പോൾ പ്രവർത്തനമേഖലകളും വർധിച്ചു. പൗരോഹിത്യ ശുശ്രൂഷകളിൽ പുതിയ രൂപഭാവങ്ങൾ ഉണ്ടായി. അങ്ങനെ പ്രോവിൻസുകളിലും പൊതുമേഖലയിലും ധ്യാനകേന്ദ്രങ്ങളും, ബൈബിൾ പഠനകേന്ദ്രങ്ങളും, കൗൺസിലിംഗ് സെന്ററുകളും, എക്യുമെനിക്കൽ ഡയലോഗ്സെന്ററുകളും, മതാന്തരസംവാദ കേന്ദ്രങ്ങളും, കൾച്ചറൽ സെന്ററുകളുമെല്ലാം പ്രവർത്തനനിരതമായി. ബാംഗളൂർ, കോയമ്പത്തൂർ, റോം തുടങ്ങിയ മതാന്തര സംവാദകേന്ദ്രങ്ങൾ, കൊച്ചി, കോഴിക്കോട്, തൊടുപുഴ, കോട്ടയം എന്നിവിടങ്ങളിലെ കൾച്ചറൽ സെന്ററുകൾ, ധ്യാനകേന്ദ്രങ്ങളായ തലോർ ജറുസലം, തളിപ്പറമ്പ് ദർശന, കർമൽ സ്പിരിച്വാലിറ്റി സെന്റർ യു.എസ്.എ, പൂർണോദയ ഭോപ്പാൽ, സി.എസ്.ആർ. പരിയാരം എന്നീ ആത്മീയ നവീകരണകേന്ദ്രങ്ങൾ ഇവയിൽ ചിലതു മാത്രമാണ്.

ഇതുകൂടാതെ പല സഭാംഗങ്ങളും രൂപതകളുടെ ഇടവകകളിൽ വികാരിമാരായി സഹായിക്കുന്നുണ്ട്. സഭയുടെ പല ഭവനങ്ങളോടും ചേർന്ന് ഇടവകകളും നടത്തിവരുന്നു. 1988-ൽ കെ.സി.ബി.സി. ഭരമേല്പിച്ചതുപ്രകാരം മുംബൈയിലെ 50,000 ലേറെ വരുന്ന സീറോ മലബാർ സഭാംഗങ്ങളുടെ അജപാലനാവശ്യങ്ങൾ അധികവും നിർവഹിച്ചിരുന്നത് സി.എം.ഐ. സഭാംഗങ്ങളായിരുന്നു. ബാംഗളൂർ സിറ്റിയിൽ സീറോ മലബാർ സഭയുടെ ചില ഇടവകകളും സബ് സെന്ററുകളും സഭാംഗങ്ങളുടെ നേതൃത്വത്തിൽ നടത്തുന്നു. റോമിൽ താമസിക്കുന്ന സീറോ മലബാർ സഭാംഗങ്ങളുടെ അജപാലന ശുശ്രൂഷകളും സഭാംഗങ്ങളെയാണ് ഏല്പിച്ചിരിക്കുന്നത്.

വൈദിക പരിശീലനരംഗം

വൈദിക പരിശീലനരംഗത്തും സഭയുടെ തുടക്കം മുതൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. ഇന്ന് സന്യാസപരിശീലനത്തിനുവേണ്ടിയുള്ള 35 സ്ഥാപനങ്ങൾ കൂടാതെ മൂന്ന് മേജർ സെമിനാരികൾ ബാംഗളൂർ, വാർധ, ഭോപ്പാൽ എന്നിവിടങ്ങളിലും കൂടാതെ പൂനയിൽ ഒരു മേജർ സ്റ്റഡി ഹൗസും സഭയുടേതായി പ്രവർത്തിക്കുന്നു. വാർധയിലും ഭോപ്പാലിലും മിഷനറിമാരെ ഒരുക്കുന്നതിന് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള പരിശീലനമാണ് നൽകുന്നത്, അതിനോടൊപ്പം സാംസ്കാരിക സമന്വയവും. ബാംഗളൂർ ധർമാരം വിദ്യാക്ഷേത്രത്തിൽ സഭാംഗങ്ങളോടൊപ്പം വിവിധ രൂപതകളിലേയും സന്യാസ, സന്യാസിനി സമൂഹങ്ങളിലേയും അംഗങ്ങൾക്ക് തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിക്കാനുള്ള സൗകര്യം ഉണ്ട്. ഇപ്പോൾ 950 ഓളം വിദ്യാർഥികൾ പഠിക്കുന്നു. വിവിധ ഫാക്കൽട്ടികളും അനുബന്ധസ്ഥാപനങ്ങളുമുള്ള വിദ്യാക്ഷേത്രം താമസിയാതെ എക്ലോസിയാസ്റ്റിക്കൽ യൂണിവേഴ്സിറ്റിയായി ഉയർത്തപ്പെടുമെന്നു പ്രതീക്ഷിക്കുന്നു. ഭോപ്പാലിലെ ആഷ്ടറീജിയനൽ സെമിനാരിയും കോൽക്കത്തയിലെ മോർണിംഗ് സ്റ്റാർ സെമിനാരിയും കുറേക്കാലത്തേക്ക് സി.എം.ഐ. അച്ചന്മാരായിരുന്നു റെക്ടർമാരായി നയിച്ചിരുന്നത്. ഇപ്പോൾ ആഫ്രിക്കയിൽ നമീബിയായിലെ സെമിനാരിയെ നയിക്കുന്നത് സഭാംഗങ്ങളാണ്.

ഇതരസന്യാസസഭകളുമായുള്ള പങ്കുവയ്ക്കൽ

സി.എം.ഐ. സഭയ്ക്ക് തുടക്കമിട്ടപ്പോൾ സന്യാസജീവിതത്തിന്റെ പ്രത്യേകതകൾക്കനുസരിച്ച് ജീവിതക്രമങ്ങൾ രൂപപ്പെടുത്താൻ വേണ്ട നിർദേശം തരാൻ ഇന്ത്യയിൽ ആരും ഉണ്ടായിരുന്നില്ല. അതുകൊണ്ട് വിദേശമിഷനറിമാരുടെ സഹായമായിരുന്നു ലഭിച്ചത്. അവരുടെ സഹായങ്ങൾ നന്ദിയോടെ ഇത്തരുണത്തിൽ അനുസ്മരിക്കുന്നു. സി.എം.ഐ. സഭ തുടങ്ങിയതിനുശേഷം കേരളത്തിലുണ്ടായ ഏതദ്ദേശീയ സന്യാസസഭകൾ പലതും വിവിധ മേഖലകളിൽ സഭാംഗങ്ങളുടെ സേവനം തേടിയിരുന്നു. അവരുടെ സഭയുടെ നിയമാവലികൾ രൂപപ്പെടുത്തുന്നതിലും, പരിശീലനരംഗത്ത് നോവീസ് മാസ്റ്ററായും ആത്മീയ പാലകരായും, ഡലഗേറ്റും ചാപ്ലയിൻസുമായുമെല്ലാം സേവനങ്ങൾ പങ്കിടുവാൻ കഴിഞ്ഞിരുന്നു എന്നതും സഭ സന്തോഷത്തോടെ സ്മരിക്കുന്നു. സഹോദരിസഭയായ സി.എം.സി.യുടെ കാര്യത്തിൽ പ്രത്യേകിച്ചും. ഭാരതസംസ്കാരവും പാരമ്പര്യങ്ങളും, സീറോമലബാർ സഭയുടെ തനിമയും ഉൾക്കൊണ്ടു വളർന്നുവന്ന പരിചയസമ്പന്നസമൂഹം എന്ന നിലയിലായിരിക്കാം പുതുതായി രൂപം കൊണ്ട പല സഭകളും ഇത്തരം സേവനങ്ങൾക്കായി കർലീത്താസഹോദരിമാരെ ക്ഷണിച്ചത് എന്നു കരുതുന്നു.

വിദ്യാഭ്യാസ സാമൂഹ്യരംഗങ്ങൾ

സി.എം.ഐ. സഭയുടെ രണ്ടു പ്രധാന പ്രവർത്തനമേഖലകളാണ് വിദ്യാഭ്യാസവും സാമൂഹ്യസേവനവും. 19-ാം നൂറ്റാണ്ടിന്റെ പകുതിവരെ കേരളജനത പ്രത്യേകിച്ചും കത്തോലിക്കാസമൂഹം വിദ്യാഭ്യാസരംഗത്തു വളരെ പിന്നോക്കമായിരുന്നല്ലോ. ഈ രംഗത്ത് വാഴ്ത്തപ്പെട്ട ചാവറയച്ചൻ ഏല്പിച്ച ദൗത്യം സഭ ഊർജസ്വലതയോടെ തുടരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് നേതൃത്വമെടുക്കാൻ സാഹചര്യങ്ങൾ അദ്ദേഹത്തെ അനുവദിച്ചില്ലെങ്കിലും, അദ്ദേഹം സ്ഥാപിച്ച സ്കൂളിന്റെ തുടർച്ചയായി കേരള സുറിയാനി കത്തോലിക്കാ സഭയിലെ ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ 1885-ൽ മാന്നാനത്തുണ്ടായി. ഇന്ന് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലായി മെഡിക്കൽ കോളജ്, എൻജിനീയറിംഗ് കോളജ്, യൂണിവേഴ്സിറ്റി കോളജുകൾ, ടെക്നിക്കൽ സ്കൂളുകൾ,പ്രഫഷനൽ സ്കൂളുകൾ എന്നിങ്ങനെ നേഴ്സറി സ്കൂളുകൾ വരെയുള്ള 525 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സഭ നേതൃത്വം കൊടുക്കുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസരംഗത്ത് കേരളത്തിലെ ആദ്യത്തെ സർക്കാരേതര സ്ഥാപനങ്ങളിൽപെടുന്നതാണ് പുന്നപ്ര പോളിടെക്നിക്.

വാഴ്ത്തപ്പെട്ട ചാവറയച്ചൻ പിടിയരി പിരിച്ചും, മറ്റുള്ള



സി.എം.ഐ. പ്രിയോർ ജനറാൾ ഹൗസ്, എറണാകുളം

വരിൽനിന്ന് ഇതര സഹായങ്ങൾ സ്വീകരിച്ചും, ആശ്രമത്തിൽനിന്നെടുത്തും സമൂഹത്തിലെ താഴേക്കിടയിലുള്ളവരുടെ ഭൗതികവും ആത്മീയവുമായ വളർച്ചയ്ക്കുവേണ്ടി പലതും പ്രവർത്തിച്ചു. അദ്ദേഹം നിർദേശിച്ചു : "അന്യന്മാർക്ക് വല്ല ഉപകാരം ചെയ്യാത്ത ദിവസം നിന്റെ ആയുസിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല" എന്ന്. സാമൂഹ്യസേവനരംഗത്ത് സഭ നേതൃത്വം കൊടുക്കുന്ന 233 സ്ഥാപനങ്ങൾ ഉണ്ട്. മെഡിക്കൽകോളജും ഹോസ്പിറ്റലുകളും ക്ലിനിക്കുകളും, ആരോഗ്യസംരക്ഷണ കേന്ദ്രങ്ങളും, ഗ്രാമവികസനകേന്ദ്രങ്ങളും, സ്ത്രീജനസമഗ്രവികാസകേന്ദ്രങ്ങളും ഇവയിൽപ്പെടുന്നു.

സഭയുടെ എല്ലാ പ്രോവിൻസുകളും അതിന്റെ സുഹൃത്തുക്കളും ചേർന്ന് 1985-ൽ ആരംഭിച്ച ഒരു സാമൂഹ്യ സന്നദ്ധസംഘടനയാണ് 'സിറിയക് ഏലിയാസ് വോളന്ററി അസോസിയേഷൻ (CEVA). രാഷ്ട്രീയ മതപരിഗണനകൾക്കതീതമായി സമൂഹത്തിൽ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കയും മറ്റു സംഘടനകൾക്ക് ആവശ്യമായ പ്രോത്സാഹനവും മാർഗനിർദേശവും നൽകുകയുമാണ് 'സേവാ'യുടെ പ്രവർത്തനങ്ങൾ. കാൾക്യുബൽ ഫൗണ്ടേഷൻ, ജർമൻ ഗവൺമെന്റ്, യൂറോപ്യൻ യൂണിയൻ മുതലായ ഏജൻസികളുടെ സാമ്പത്തിക സഹായത്തോടെ 'സേവാ'യുടെ കോ- ഓർഡിനേഷനിൽ മൂന്നു മുതൽ അഞ്ചുവരെ വർഷം നീണ്ടുനിൽക്കുന്ന 57 വലിയ പദ്ധതികളും ഏകവർഷകാലാവധി വരുന്ന 507 ചെറിയ പദ്ധതികളും ആവിഷ്കരിച്ച് സാമൂഹ്യസേവനരംഗത്ത് ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട്. 'സേവ'യുടെ പ്രവർത്തനങ്ങൾ ഇന്ന് ഭാരതത്തിന്റെ എല്ലാ സംസ്ഥാനങ്ങളിലേയ്ക്കും വ്യാപിച്ചിട്ടുണ്ട്. ബുദ്ധിമാന്ദ്യമുള്ളവർക്കുവേണ്ടി സഭ നടത്തുന്ന സേവനങ്ങളും ഫാ. ഫെലിക്സ് സി.എം,ഐയുടെ പങ്കും അന്തർദേശീയ അംഗീകാരം കിട്ടിയിട്ടുള്ളതാണ്.

ഇത്തരത്തിൽ ഭാരതത്തിന്റെ സാമൂഹിക സാമ്പത്തിക വികസനരംഗത്ത് വലിയ സേവനത്തിനു നേതൃത്വമെടുക്കുവാൻ സാധിക്കുന്നതിൽ സി.എം.ഐ സഭ ചാരിതാർഥ്യത്തോടെ സന്തോഷിക്കുന്നു.

സഭയുടെ നേതൃത്വത്തിൽ നൂറുവർഷത്തിലധികം നയിച്ചിരുന്ന 'ദീപിക' ദിനപത്രം സാമൂഹ്യഅനീതികൾക്കെതിരെ എന്നും പടപൊരുതിയിരുന്നു. രണ്ടാം ലോകമഹായുദ്ധകാലത്ത് ദീപിക ഏർപ്പെടുത്തിയ സമാഹരണ പദ്ധതി വഴി ശേഖരിച്ച അനേകായിരം രൂപാ യൂറോപ്പിലെ ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് അയച്ചുകൊടുത്തതിന് വത്തിക്കാനിൽനിന്ന് അഭിനന്ദനങ്ങളും ആശംസകളും സ്വീകരിക്കാനും കഴിഞ്ഞു എന്നതും അഭിമാനത്തോടെ ഓർക്കുന്നു.

സി.എം.ഐ. സഭ മാധ്യമലോകത്ത്

മാധ്യമലോകം ഇന്നു ലോകത്തെ കീഴടക്കിയിരിക്കുന്നു. ഈ രംഗത്തു വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ചുവടുപിടിച്ചു സഭ കൂടുതലായി ശ്രദ്ധ പതിപ്പിച്ചത് പ്രിന്റ് മീഡിയായി



അമല ഹോസ്പിറ്റൽ, തൃശൂർ

ലാണ്. ദീപികയായിരുന്നു ഈ രംഗത്തെ സുപ്രധാന കാൽവയ്പ്. സഭയുടേതായി ഇന്നു പതിനേഴ് പബ്ലിഷിംഗ് ഹൗസുകളും ഇരുപതു ബുക്ക് ഹൗസുകളും പതിമൂന്ന് ആനുകാലിക പ്രസിദ്ധീകരണങ്ങളും ഇംഗ്ലീഷ്, മലയാളം, മറ്റിതര ഭാഷകളിലായി ഉണ്ട്. ദൈവശാസ്ത്രം, തത്വ ശാസ്ത്രം, ബൈബിൾ, ആത്മീയശാസ്ത്രം, ധർമശാസ്ത്രം, ചരിത്രം, ആരാധനാക്രമം, സാമൂഹ്യശാസ്ത്രം, സാഹിത്യം എന്നീ മേഖലകളിൽ സഭാംഗങ്ങൾ പുസ്തകങ്ങൾ രചിച്ചുകൊണ്ട് അറിവിന്റെ ലോകത്തേയ്ക്ക് ധാരാളം സംഭാവനകൾ നൽകുന്നുണ്ട്. ഇന്ത്യൻ തിയോളജിയിൽ ബ്രിട്ടോ ചെത്തിമറ്റമച്ചനും, തിരുസഭാചരിത്രത്തിൽ പ്ലാസിഡച്ചനും, മുണ്ടാടൻ മത്യാസച്ചനും ആരാധനാക്രമ നവീകരണത്തിൽ സിലാസച്ചനും, ആരാധനാഗാനങ്ങളിൽ ആബേലച്ചനും, ലിറ്റർജിക്കൽ ആർട്ടിൽ ജോയി ഇളംകുന്നപ്പുഴയച്ചനും, ബൈബിളിൽ ജോസഫ് പാത്രപാങ്കലച്ചനും, പോൾ കല്ലുവീട്ടിലച്ചനും, സാഹിത്യത്തിൽ ചെറിയാൻ കുനിയന്തോടത്ത് അച്ചനും സെഡ് എം. മൂഴൂരച്ചനുമൊക്കെ വ്യക്തിമുദ്ര പതിപ്പിച്ചവരാണ്. വിശുദ്ധ കുർബാനയൊഴിച്ച് ഇന്നു പയോഗിക്കുന്ന ആരാധനാക്രമത്തിലെ അധികം ക്രമങ്ങളും ആബേലച്ചൻ രചിച്ചതാണ്. സീറോ മലബാർ സഭയുടെ ഹിന്ദി ആരാധനാക്രമം രൂപീകരിക്കുന്നതിൽ സഭാംഗങ്ങളുടെ പങ്ക് എടുത്തുപറയേണ്ടതാണ്. ബൈബിളിലെ പഞ്ച ഗ്രന്ഥിയും പുതിയനിയമവും കേരള കത്തോലിക്കരുടെയിടയിൽ മലയാളത്തിലേക്കു വിവർത്തനം ചെയ്ത ആദ്യവ്യക്തിയും സഭാംഗമായ ആണ്ടുമാലി മാണിക്കത്തനാരാണ്. വാഴ്ത്തപ്പെട്ട ചാവറയച്ചൻ മുതൽ ഇന്നുവരെ സഭാംഗങ്ങളിലൂടെ മാത്രം വിവിധ വിഷയങ്ങളിൽ ആയിരം കൃതികളെങ്കിലും സമൂഹത്തിനു കാഴ്ചവയ്ക്കാൻ സാധിച്ചിട്ടുണ്ടെന്നു സന്തോഷത്തോടെ ഓർക്കുന്നു.

സമ്പർക്കമാധ്യമരംഗത്ത് സിനിമ, റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയവ എല്ലാ മനുഷ്യരുടെയും തന്നെ ജീവിതത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. ആധുനികമായ എല്ലാ സൗകര്യങ്ങളോടുംകൂടി ശബ്ദ, ചിത്രസംയോജന സംവിധാനങ്ങളോടുകൂടിയ രണ്ട് ആർട്ട് സ്റ്റുഡിയോകളാണ് തൃശൂരിലെ ചേതനയും സാഗറിലെ നവചേതനയും. ഇവയിലൂടെ മലയാളത്തിലും, ഹിന്ദിയിലും മറ്റിതര ഭാഷകളിലും ധാരാളം ക്രിസ്ത്യൻ ഗാനങ്ങളും ഇതരകലാവതരണങ്ങളും പുറത്തുവരുന്നു.സി.എം.ഐ. സഭ അതിന്റെ വളർച്ചയുടെ വിവിധ പടികളിലൂടെ കടന്ന് 175-ാം വയസിലേയ്ക്ക് എത്തിനിൽക്കുകയും സ്ഥാപക പിതാക്കളിൽ ഒരുവനായ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ജനനത്തിന്റെ ദ്വിശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കമിടുകയും ചെയ്തിരിക്കുന്നു. 2695 അംഗങ്ങളും 13 പ്രോവിൻസുകളും ഒരു റീജിയനും നാലു സബ് റീജിയനുകളും ആറു മിഷൻ രൂപതകളുമുള്ള സഭ, ആദ്യപിതാക്കന്മാരിൽനിന്നു സ്വീകരിച്ച സിദ്ധികൾക്കനുസരിച്ച് കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചുകൊണ്ട് തിരുസഭയെയും ലോകസമൂഹത്തെയും ശുശ്രൂഷിക്കുന്നു.ഈ ശ്രമത്തിനിടയിൽ തെറ്റുകളും കുറവുകളും പലതും കണ്ടെത്താൻ കഴിഞ്ഞേക്കാമെങ്കിലും 'അണ്ണാൻകുഞ്ഞിനും തന്നാലായത്' എന്നപോലെ സി.എം.ഐ. സഭ പ്രവർത്തനനിരതമായിരിക്കുന്നു.

ഉപകരിച്ച പഠനസഹായികൾ

1. I.C. Chacko- മാർ ലൂയിസ് പഴേപറമ്പിൽ
2. Prior General's House-സി.എം.ഐ. മിഷൻ അന്നും ഇന്നും
3. Bartholomew and Placid- The Carmelite Congregation of Malabar- 1831-1931.
4. Podipara Placid, The Thomas Christians
5. Ralph CMI, The Apostolate of the CMI Congregation among the Jacobites.
6. Archives, Prior General's House, Ernakulam.
7. അതിരൂപതാ പ്രസിദ്ധീകരണം-ചങ്ങനാശേരി അതിരൂപത, ഇന്നലെ, ഇന്ന്.
8. Fr. Thomas Panthaplackal, Carmelites of Mary Immaculate (CMI) in the Mission of the Church (Thesis).

സി.എം.ഐ മുൻ പ്രിയോർ ജനറൽമാർ


ചാവറയച്ചൻ
1885–1871


സിറിയക് എലിസേവൂസ്
1871–1885


ബിഷപ് ആൻഡ്രൂ അജൂതി
1886–1891



കർദിനാൾ ലിമിയോണി
1891–1892


ബിഷപ് ബർണാർഡ്
1892–1902



ഫാ.അലക്സാണ്ടർ (സീനിയർ) കട്ടക്കയം
1902–1908


ഫാ.ബേസിൽ
1908–1914


ഫാ.അലക്സാണ്ടർ (ജൂണിയർ) കട്ടക്കയം
1914–1917, 1920–1923


ഫാ.ഗബ്രിയേൽ
1917–1920



ഫാ.അലോഷ്യസ്
1923–1926



ഫാ.ജോൺ ബർക്ക്മാൻസ്
1926–1932, 1942–1947


ഫാ.സിൽവസ്റ്റർ
1932–1936


ഫാ.ബർത്തലോമിയോ
1936–1942



ഫാ.വിൻസെന്റ്
1947–1952


ഫാ.മാവുരൂസ്
1953–1966


ഫാ.കനീഷ്യസ്
1966–1972


ഫാ.തിയോ ബാൾഡ്
1972–1978


ഫാ.തോമസ് ഐക്കര
1978–1984


ഫാ. വിജയാനന്ദ്
1984–1990


ഫാ.തോമസ് മാമ്പ്ര
1990–1996


ഫാ.അലക്സ് ഊക്കൻ
1996–2002

Carmelites of Mary Immaculate

Bishops	6
Priests	1415
Permanent Deacons	4
Brothers	41
Scholastics	603
Novices	180
Aspirants	486
Total Members	2732
Deceased	601
General Curia	1
Provinces	13
Region	1
Sub-Region	4
Mission Dioceses	6
Canonical Houses	40
Houses	41
Residences	76
Centres	84
Aspirants' House	27
Novitiates	11
In India	10
Outside India	1
Renewal Centres	3
Parishes	75
Hospitals	12
Dispensaries/Clinics	36
Science Research Cen11tre	1
Institutions for Mentally Challenged	4

Social Service Centres	99
Children's Homes	4
Boys' Homes	6
Homes for theAged	2
Homes for the Handicaped	5
Medical College	1
Engineering College	1
University Colleges	17
Parallel Colleges	5
B.Ed Colleges	4
Nursing Schools	4
Polytechnic	1
ITC & Technical Institutes	11
CBSE Schools	35
ICSE Schools	8
Higher Secondary Schools	43
High Schools	75
Upper Primary Schools	77
Lower Primary Schools	82
Nursery Schools	81
Non-formal Ed.Centres	79
Hostel and Boarding Houses	35
Cultural & Dialogue Centres	17
Printing and Publishing Houses	16
Periodicals	13
Book Houses	19
Mission Stations	135



മദർ എഡ്വേർഡ് സി.എം.സി.
സുപ്പീരിയർ ജനറൽ

വാഴ്ത്തപ്പെട്ട ചാവറയച്ചനും സി.എം.സിയും

സജീവിതത്തെ നിഷ്കാമകർമംകൊണ്ടും, കർമത്തെ ജ്ഞാനംകൊണ്ടും, ജ്ഞാനത്തെ ഈശ്വരോപാസനകൊണ്ടും ധന്യമാക്കിത്തീർത്ത ഒരു മഹാത്മാവാണ് വാഴ്ത്തപ്പെട്ട ചാവറയച്ചൻ. കാലഘട്ടങ്ങളെ ഉല്ലംഘിക്കുന്ന ദീർഘവീക്ഷണവും കർമോത്സുകതയും സാമൂഹിക പ്രതിബദ്ധതയും പരോപകാരതത്പരതയും ഒത്തിണങ്ങിയ ഈ ആദ്ധ്യാത്മികാചാര്യൻ മാതൃസഭയിലും മലയാളക്കരയിലും ആവിഷ്കരിച്ചു നടപ്പാക്കിയ നൂതനയത്നങ്ങളും അതിന്റെ ദൂരവ്യാപകമായ ഫലങ്ങളും വാക്കുകൾക്കതീതമാണ്. അവയിൽ ഏറ്റവും സർവോൽകൃഷ്ടവും ഇരുലോകങ്ങൾക്കും ഇന്നും ഫലമരുളുന്നതും നിത്യതയോളം ഫലമുളവാക്കുന്നതുമായ അതുല്യമായ സംരംഭമായിരുന്നു രണ്ട് സന്യാസസമൂഹങ്ങളുടെ സ്ഥാപനം. അദ്ദേഹം സമാരംഭം കുറിച്ച എല്ലാ സംരംഭങ്ങളുടെയും മകുടമായിരുന്നു അത്. സഭയിലും സമുദായത്തിലും അവയുടെ രണ്ടിന്റെയും അടിസ്ഥാനമായ കുടുംബത്തിലും കുടുംബത്തിന്റെ വിളക്കായ സ്ത്രീജനങ്ങളുടെയിടയിലും ഉളവാക്കാൻ അദ്ദേഹം ആഗ്രഹിച്ച ആത്മീയവും ഭൗതികവുമായ പരിവർത്തനം

ആലുവായിലെ സി.എം.സി. ജനറലേറ്റ്



മുൻ സുപ്പീരിയർ ജനറൽമാർ


മദർ മേരി സെലിൻ


മദർ സിൽവിയ


മദർ സ്റ്റെല്ലാ മരിയ


മദർ ഫ്രീമ


മദർ ബെനകാസിയ


മദർ ഫിദേലിസ്

സി.എം.സി. ജനറൽ കൗൺസിലർമാർ


സിസ്റ്റർ സാൺറ്റ അസി. സുപ്പീരിയർ ജനറൽ


സിസ്റ്റർ സിബിയ


സിസ്റ്റർ ടെരസിൻ


സിസ്റ്റർ റോസലിന്റ്


സിസ്റ്റർ ചെറുകുസുമം

സ്വജീവിതകാലത്തു മാത്രമല്ല, കാലാകാലത്തോളം തുടരാൻ ലോകത്തിനും തിരുസഭയ്ക്കുമായി അദ്ദേഹം നൽകിയ സർവോൽകൃഷ്ടമായ സംഭാവന!

ചാവറപ്പിതാവിന്റെ സന്യാസദർശനം

"ഏറിയനാൾ മുമ്പിനാലേ സത്യവേദം നടന്നുവന്ന ഈ മലയാളത്തിൽ കൊവേന്തകളും കന്യാസ്ത്രീമഠങ്ങളും ഉണ്ടാകാതെയും ഈ പുണ്യങ്ങളുടെ കേൾവിയല്ലാതെ ഒരു നല്ല പുണ്യ കണ്ടു പഠിത്വവും കൂടാതെയും ആൺവർഗക്കാർക്കു പട്ടസുഖം എന്നതിനാൽ കന്നിസുഖക്കാരാകുന്നു എന്നല്ലാതെ സ്ത്രീവർഗത്തിന് കന്നിത്വം കാത്തിരിപ്പാൻ മനസുള്ളവരുണ്ടായാലും ആയതിനു ഒരു പോംവഴിയും നിർവാഹവും കൂടാതെ ഈ ദുഃഖത്തിൽതന്നെ ദീർഘകാലമായി നടന്നുവരികയിൽ" ചാവറയച്ചന് ദുഃഖശമനം കൈവന്നത് 1866 ഫെബ്രുവരി പതിമൂന്നിന് സ്ത്രീകൾക്കുവേണ്ടിയുള്ള ഒരു സന്യാസിനീസമൂഹം കൂടി സ്ഥാപിതമായപ്പോഴാണ്. 1831-ൽ പുരുഷന്മാർക്കും 1866-ൽ സ്ത്രീകൾക്കും വേണ്ടിയുള്ള രണ്ട് ഏതദ്ദേശീയ സന്യാസ സമൂഹങ്ങൾക്കു വിത്തുപാകിയ ചാവറയച്ചന്റെ ഹൃദയനൊമ്പരം, ആ നൊമ്പരം അദ്ദേഹത്തിലുളവാക്കിയ സർഗാത്മകമായ ഹൃദയാഭിലാഷം, അഭിലാഷപൂർത്തീകരണത്തിനായി നടത്തിയ യത്നങ്ങൾ തുടങ്ങിയവ അദ്ദേഹത്തിന്റെ സ്വന്തം കൈപ്പടയിൽ എഴുതിയ സി.എം.ഐ, സി.എം.സി. നാളാഗമങ്ങളുടെ പേജുകളിൽ വ്യക്തമാണ്. അദ്ദേഹത്തെ അലട്ടിയിരുന്ന ഹൃദയവ്യഥകൾ ഇവയായിരുന്നു. ശുദ്ധ മാർത്തോമ്മാശ്ലീഹായിൽനിന്നും സത്യവിശ്വാസം സ്വീകരിക്കാൻ ഈ മലയാളനാടിന് ഇടവന്നിട്ടും അതിനുശേഷം പല നൂറ്റാണ്ടുകൾ കഴിഞ്ഞ് വിശ്വാസം സ്വീകരിച്ച പല നാടുകളിലും ഉള്ളതുപോലെ ഇവിടെ വിശുദ്ധർ ഉണ്ടായില്ല. അങ്ങനെ സഭ 'മച്ചി'യായിരിക്കുന്നു. ക്രിസ്ത്യാനികൾ പൂർവനസ്രാണികൾ ആകുന്നുവെങ്കിലും ശുദ്ധമാക്കപ്പെട്ടവരുടെ വിത്തും മുളയും ഇല്ലാതെ ആയിരിക്കുന്നതിന്റെ കാരണമായി അദ്ദേഹം പറയുന്നവയിൽ ഒന്ന് ഇവിടെയുള്ളവരുടെ 'ജ്ഞാനകുറുടത്വ'മാണ്. കാരണം, വെളിവു കൂടാതെ പരലോകത്തെയും അതിൽ കുടിയിരിക്കുന്ന തമ്പുരാനെയും അറിവാൻ വശമില്ലാതാകും.' മറ്റൊന്ന് പുണ്യത്തിന്റെ വഴിയിൽ നടക്കാൻ ആഗ്രഹിക്കുന്നവർക്ക് ഒരു നല്ല കണ്ടുപഠനത്തിന് കൊവേന്തകളും കന്യാസ്ത്രീമഠങ്ങളുമില്ല. ബ്രഹ്മചര്യം പാലിച്ച് നിർമലരും ദരിദ്രരും ദൈവഹിതമനുവർത്തിക്കുന്നവരും വിശുദ്ധരുമായി സന്യാസജീവിതം നയിക്കാൻ സ്ത്രീപുരുഷന്മാർക്ക് അവസരമില്ല. അതിനാൽ ഏറിയ നന്മകൾക്ക് ഇവിടെ വീഴ്ച വരുന്നു. ചുരുക്കത്തിൽ, മനുഷ്യനിലെ ആത്മീയവും ഭൗതികവുമായ അന്ധതയെ നീക്കി വിശുദ്ധിയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാൻ അങ്ങനെ വിശുദ്ധരുടെ ഒരു കൂട്ടമാക്കി മച്ചിയായ കേരളസഭയെ ധന്യയാക്കാൻ, ഏറിയ നന്മകൾ ഇവിടെ ഉളവാക്കാൻ അദ്ദേഹം കണ്ടെത്തിയ മാർഗമായിരുന്നു സന്യാസഭവനങ്ങളുടെ സ്ഥാപനം. ഒരു 'തപസുഭവന'മായി, 'ദർശനവീടായി', 'പട്ടാംഗയായി ഉപവി പാലിക്കുന്ന പുണ്യസങ്കേതമായി' സന്യാസഭവനത്തെ അദ്ദേഹം നോക്കിക്കണ്ടു. ഉദാത്തമായ ഈ സന്യാസദർശനം ഭാരതസഭയ്ക്ക്, ആഗോളസഭയ്ക്ക് ഭാഗ്യമായിത്തീർന്നു.

സി.എം.സി. സ്ഥാപനവും ലക്ഷ്യവും

സി.എം.സി. സ്ഥാപിതമാകുന്നത് 1866 ഫെബ്രുവരി പതിമൂന്നിനാണെങ്കിലും കേരള നസ്രാണികളിൽനിന്നുള്ള ആദ്യസന്യാസിയായി പുരുഷന്മാർക്കുള്ള സന്യാസസമൂഹം സ്ഥാപിച്ച ചാവറയച്ചൻ സ്ത്രീകൾക്കായി ഒന്ന് ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ മുമ്പു തന്നെ നടത്തിയിരുന്നു. 1859-ൽ ആലങ്ങാട്ടും 1860-ൽ പുത്തൻപള്ളിയിലും വ്യവസ്ഥാപിതമായ നീക്കങ്ങൾ തന്നെ നടത്തി. പുത്തൻപള്ളിയിൽ ഏകദേശം 33 പേർക്ക് താമസിക്കത്തക്ക മഠം പണിത് എല്ലാം സജ്ജമാക്കി. അപ്പോഴാണ് റോക്കോസ് ശീശ്മ കേരളസഭയുടെ മേൽ ആഞ്ഞടിച്ചത്. നല്ല പുരോഹിതരുടെ അഭാവമാണ് ശീശ്മ പടർന്നുപിടിക്കാൻ കാരണമായതെന്ന നിഗമനത്തിൽ അന്നത്തെ വികാരി അപ്പസ്തോലിക്കാ ബർണർദീനോസ് മെത്രാപ്പോലീത്തായുടെ ആജ്ഞപ്രകാരം ആ കെട്ടിടം സെമിനാരിയാക്കി മാറ്റി. ഇന്നത്തെ മംഗലപ്പുഴ (ആലുവാ) സെമിനാരിയുടെ തുട

സി.എം.സി. പ്രൊവിൻഷ്യൽ സുപ്പീരിയർമാർ



സി. വിൻസെന്റ് മേരി
എറണാകുളം



സി. സിസി
ചങ്ങനാശ്ശേരി



സി. നിലൂസ്
തൃശ്ശൂർ



സി. ഫിലോസിറ്റ
പാലാ



സി. ബെന്നോ
കോതമംഗലം



സി. സിബി
തലശ്ശേരി



സി. ജാനറ്റ്
ഇരിങ്ങാലക്കുട



സി. ഫിൻബർ
പാലക്കാട്



സി. സിസി
കാഞ്ഞിരപ്പള്ളി



സി. റോസ് ജോസ്
ഗാസിയാബാദ്

ക്കമായിരുന്നു അത്.

പുരോഹിതരുടെ പരിശീലനത്തിൽ ചാവറയച്ചൻ എന്നും ബദ്ധശ്രദ്ധനായിരുന്നെങ്കിലും ബ്രഹ്മചര്യം പാലിച്ച് കന്യകകളായി ജീവിക്കുവാൻ ആഗ്രഹിച്ചു കാത്തുനിന്ന വർക്ക് കന്യാസ്ത്രീമഠം സ്ഥാപിച്ചു നൽകുക എന്ന അഭിലാഷം സഫലമാകാതെ പോയതിൽ അദ്ദേഹം ഹൃദയവ്യഥ അനുഭവിച്ചു. ഈ ദുഃഖത്തിൽ കഴിയവേയാണ് അന്നത്തെ കർമലീത്താ മൂന്നാം സഭയുടെ ഡെലഗേറ്റ് പ്രൊവിൻഷ്യലായ ലെയോപ്പോൾദ് ബെക്കാറൊ എന്ന ഇറ്റാലിയൻ യുവമിഷനറിയുമായി ചാവറയച്ചൻ കണ്ടുമുട്ടുന്നത്. ദൈവപരിപാലന ക്രമീകരിച്ച ആ കണ്ടുമുട്ടലും സൗഹൃദവും കേരളസഭയ്ക്ക് ഭാഗ്യമായി തുണച്ചു. ലെയോപ്പോൾദച്ചന്റെ സഹകരണത്തോടെ സ്ത്രീകൾക്കായുള്ള ആദ്യമഠം ഇരുവരുടെയും കർമഭൂമിയായിരുന്ന കുനമ്മാവിൽ 1866 ഫെബ്രുവരി പതിമൂന്നിന് സ്ഥാപിതമായി. ലത്തീനും സിറിയനും എന്ന ഭേദം കൂടാതെ ആദ്യമായി ചേർന്ന നാല് അംഗങ്ങളെക്കൊണ്ട് വെറും പതിനെട്ടു രൂപാ ചെലവു ചെയ്തു നിർമിച്ച ഒരു പനമ്പുമഠത്തിൽ വളരെ എളിയരീതിയിൽ ആരംഭിച്ച കുനമ്മാവിലെ സെന്റ് തെരേസാസ് കർമലമഠം അങ്ങനെ മലയാളനാടിന്റെ എന്നല്ല, കേരളത്തിൽ ഉടലെടുത്തതും ലോകവ്യാപകമായി തീർന്നിട്ടുള്ളതുമായ എല്ലാ സന്യാസിനീസമൂഹങ്ങളുടെയും, ഭവനങ്ങളുടെയും മാതൃഗൃഹമായിത്തീർന്നു.

കന്യാസ്ത്രീമഠം സ്ഥാപിച്ചതിന്റെ പിന്നിലെ ചാവറയച്ചന്റെ പ്രത്യേക ലക്ഷ്യമെന്തായിരുന്നുവെന്ന് അദ്ദേഹത്തിന്റെ അധ്യാത്മികപിതാവും സഹസ്ഥാപകനുമായ ലെയോപ്പോൾദച്ചൻ എഴുതുന്നതിപ്രകാരമാണ്: ''*മലയാളത്തിലെ പെൺപൈതങ്ങൾക്ക് ഒരു പുണ്യസങ്കേതവും വേദകാര്യങ്ങളെ പഠിക്കുന്നതിനും നല്ല ക്രിസ്ത്യാനി പൈതങ്ങളായിട്ട് വളരുന്നതിനും ഒരു കന്യാസ്ത്രീമഠം*'' സി.എം.സി. നാളാഗമത്തിൽ തത്സംബന്ധമായി ചാവറയച്ചൻ ഇപ്രകാരം രേഖപ്പെടുത്തുന്നു: *"അവരുടെ ആത്മകാര്യങ്ങൾ വെടിപ്പായിട്ടു നടക്കുന്നതുമല്ലാതെ പെൺപൈതങ്ങളെ കുസ്തൂര മുതലായ കൈവേലകളും പഠിപ്പിക്കുന്നതിനും എന്നുള്ള വേലയിൽ ഏർപ്പെടുത്താം."* ചുരുക്കത്തിൽ, സന്യാസിനികളാകുന്നവരുടെ ജീവിതവിശുദ്ധി, വിശ്വാസപരിശീലനം ,ക്രിസ്തീയ രൂപീകരണം, പുണ്യങ്ങളുടെ അഭ്യസിപ്പിക്കൽ തുടങ്ങിയവ വഴി ആത്മാക്കളുടെ രക്ഷയ്ക്കും വിശുദ്ധിക്കുമായുള്ള പ്രേഷിതശുശ്രൂഷ, ബൗദ്ധികവും തൊഴിൽ പരവുമായ പരിശീലനത്തിലൂടെയുള്ള സമഗ്രവികസനം എന്നിവയാണ് സ്ഥാപകൻ ഉന്നംവച്ചത്. ഈ ലക്ഷ്യങ്ങൾ സാധിതമാക്കാൻ പെൺകുട്ടികളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കുവാനാണ് സ്ഥാപകർ അഭിലഷിച്ചത്. സ്ത്രീകളിലൂടെ കുടുംബത്തെ, സമൂഹത്തെ, സഭയെ നവീകരിക്കുക, സമഗ്രവിമോചനത്തിലേക്കും വിശുദ്ധിയിലേക്കും നയിക്കുക ഈ സ്ഥാപകലക്ഷ്യങ്ങൾ ഈ സന്യാസസമൂഹത്തിലൂടെ വളരെവേഗം തന്നെ സാധിച്ചു തുടങ്ങി എന്ന് ചാവറയച്ചന്റെ പിൻഗാമിയായ പോരൂക്കര ഏലീശാച്ചൻ രേഖപ്പെടുത്തുന്നുണ്ട്. അദ്ദേഹം എഴുതുന്നത് കന്യാസ്ത്രീകളിൽനിന്നും ലഭിച്ച ഒരു കത്തിന് മറുപടിയായിട്ടാണ്: "എത്രയും പ്രിയപ്പെട്ട കൂടപ്പിറപ്പുകളേ, കൊടുത്തയച്ച കായതം എത്രയും സന്തോഷത്തോടെ വായിച്ചറിഞ്ഞു. വീണ്ടും വീണ്ടും വായിച്ചു. ഉലക്കപിടിക്കയും കലം തേയ്ക്കുകയും ചെയ്യുന്ന കൈ ഇതിൻവണ്ണം എഴുതുവാനും, തന്നെയും തന്റെ സ്രഷ്ടാവിനെയും അറിയാതെയും അക്ഷരംകൂട്ടി ഒരുമിച്ച് വേണ്ടുംവണ്ണം പറയാൻ തിരിയാതെയും ഒരു പ്രകാരം മൃഗമെന്നപോലെ അടുക്കളജീവിത സ്ഥിതിക്കാരായ നിങ്ങളെ ഇത്ര ഏറ്റിക്കപ്പെട്ട ഭാഗ്യാവസ്ഥയിൽ ഉയർത്തി സ്ഥാപിച്ച സർവേശ്വരനെ സ്തുതിക്കയും ചെയ്തു." 19-ാം നൂറ്റാണ്ടിലെ സ്ത്രീകളുടെ അവസ്ഥ എന്തായിരുന്നുവെന്ന് യഥാവിധി അറിയുമ്പോഴാണ് ഈ പരിവർത്തനത്തിന്റെ മൂല്യം ഗ്രഹിക്കാനാവുക.


സി.എം.സി. ഇന്ന്

ചാവറപിതാവും ലെയോപ്പോൾദച്ചനും കൂടി 1866-ൽ സ്ഥാപിച്ച ഈ സന്യാസിനീസമൂഹം 1887-ലെ ലത്തീൻ-സുറിയാനി റീത്തുകളുടെ വിഭജനത്തെ തുടർന്ന് 1890-ൽ രണ്ട് സന്യാസിനീ സമൂഹങ്ങളായി വേർതിരി

സി.എം.സി. പ്രൊവിൻഷ്യൽ സുപ്പീരിയർമാർ



സി. മേരി ഡേവിസ്
അങ്കമാലി



സി. ബിൻസി
മാനന്തവാടി



സി. റോസുല
മഞ്ഞേരിയൽ




സി. സീലിയ
ഹസാരിബാഗ്



സി. ലില്ലി ഗ്രേസ്
വാർദ്ധ



സി. ജൂലിറ്റ
താമരശ്ശേരി



സി. അസംറ്റ
ഭോപ്പാൽ



സി. സിബി
ഇംഫാൽ



സി. ലിസി അഗസ്റ്റിൻ
ബിനാ



സി. ലേതൂസ്
ഇടുക്കി

ക്കപ്പെട്ടു. സി.എം.സി. (സുറിയാനി) സി.റ്റി.സി. (ലത്തീൻ) എന്നീ പേരുകളിൽ അവ ഇന്ന് അറിയപ്പെടുന്നു.

സി.എം.സി. ഇന്ന് തെക്ക് കേരളത്തിലും തമിഴ്നാട്ടിലും മാത്രമല്ല ഭാരതത്തിലെമ്പാടും ആഫ്രിക്ക, അമേരിക്ക, യൂറോപ്പ് എന്നീ ഭൂഖണ്ഡങ്ങളിലും വ്യാപിച്ചിരിക്കുന്നു. വടക്കേ ഇന്ത്യയിൽ നിന്നെന്നപോലെ ആഫ്രിക്കൻ മണ്ണിൽനിന്നും തദ്ദേശീയരായ യുവതികളിൽ ഈ സമൂഹത്തിന്റെ ആത്മചൈതന്യം സ്വായത്തമാക്കി ഇതിൽ അംഗങ്ങളായിരിക്കുന്നു. വടക്കേ ഇന്ത്യയിലെ ഏഴു മിഷൻ പ്രോവിൻസുകളുടെ മൂന്ന് റീജനുകളും ഉൾപ്പെടെ ആകെ 20 പ്രോവിൻസുകളും നാല് മിഷൻ റീജനുകളും നാല് വിദേശമിഷൻ റീജനുകളുമുള്ള സി.എം.സിയിൽ 6200- ഓളം കന്യാസ്ത്രീകളും 650 ഓളം സന്യാസാർഥിനികളും, 590 ഭവനങ്ങളും അതിനടുത്ത വിദ്യാഭ്യാസ-ആതുര ശുശ്രൂഷാ-സാമൂഹ്യസേവന സ്ഥാപനങ്ങളുമുണ്ട്. ഇവ വഴിയായി കുടുംബങ്ങളുടെ പ്രത്യേകിച്ച്, സ്ത്രീകളുടെയും കുട്ടികളുടെയും ഭൗതീകമായ ഉന്നമനത്തോടൊപ്പം സ്ഥാപകർ ലക്ഷ്യംവെച്ച ക്രിസ്തീയ, രൂപീകരണം സാധിക്കാനും പുണ്യത്തിന്റെ പാതയിൽ നടക്കാനും, നടത്താനും അങ്ങനെ ദൈവരാജ വിസ്തൃതിക്കായി യത്നിക്കാനും സാധിക്കുന്നു.

മാത്രമല്ല, പ്രഥമ ഏതദ്ദേശീയ സന്യാസിനീ സമൂഹമെന്ന നിലയിൽ ഈ സുറിയാനിസഭയിൽ ജന്മമെടുത്ത പല സന്യാസിനീ സമൂഹങ്ങൾക്കും അവരുടെ പ്രാരംഭദശയിലും വളർച്ചയുടെ ഘട്ടങ്ങളിലും സന്യാസപരിശീലനവും പ്രബോധനവും നൽകുവാൻ ആരംഭം തുടങ്ങി ഇന്നുവരെ സി.എം.സി. മക്കൾ ബദ്ധരാണ്. കേന്ദ്രഭവനമായ മൗണ്ട് കാർമൽ ജനറലേറ്റിലും, മിഷനറിമാരുടെ പരിശീലനകേന്ദ്രമായ ബാംഗളൂർ ജ്ഞാനോദയയിലും ഈ പ്രേഷിതദൗത്യം ഇന്നും തുടരുന്നു. നാൽപ്പതിലധികം സന്യാസിനീസമൂഹങ്ങൾ ഇതിനോടകം സി.എം.സിയിലൂടെ ചാവറപ്പിതാവിന്റെ ചൈതന്യത്തിന്റെ സ്പർശനം ഏറ്റുവാങ്ങിയിട്ടുണ്ട്.

ജ്ഞാനകുരുടത്വമെന്ന അന്ധകാരത്തെ നീക്കാൻ ,വിദ്യാഭ്യാസത്തിലൂടെ മാനവഹൃദയങ്ങൾക്കു വെളിവ് നൽകാൻ അഭിലഷിച്ച ചാവറപ്പിതാവിന്റെ യുഗദൗത്യത്തിലാണ് സി.എം.സി. മക്കളിലധികവും ഏർപ്പെട്ടിരിക്കുക. കേരളത്തിൽ മാത്രമല്ല, ഭാരതത്തിന്റെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും നേഴ്സറി മുതൽ കലാലയംവരെ സുബുദ്ധികൾക്കു മാത്രമല്ല, സമൂഹം അവഗണിക്കുന്ന മന്ദബുദ്ധികൾക്കും ജ്ഞാനപ്രകാശം നൽകാൻ അവർ യത്നിക്കുന്നു. അനാഥർക്കും ദരിദ്രർക്കും, രോഗികൾക്കും മരണാസന്നർക്കും ഉപവിശാലയും നന്മരണസഖ്യവും ആരംഭിച്ച അദ്ദേഹത്തിന്റെ കാല്പാടുകൾ പിൻതുടർന്ന് രോഗീശുശ്രൂഷയിലും അനാഥരുടെ സംരക്ഷണത്തിലും കുടുംബപ്രേഷിതത്വത്തിലും ഇടവകയിലെ ദൈവജനത്തിന്റെ വിശ്വാസ രൂപീകരണത്തിലും സി.എം.സി. മക്കൾ വ്യാപൃതരാണ്. ചാവറപ്പിതാവ് ദീപശിഖ കൊളുത്തിയ, മേൽപ്പറഞ്ഞ ഓരോ രംഗത്തെയും പല നവസന്യാസസമൂഹങ്ങളും തങ്ങളുടെ പ്രത്യേക സിദ്ധിയുടെ ഭാഗമായി സ്വീകരിച്ച് സ്തുത്യർഹമായ സേവനം കാഴ്ചവയ്ക്കുന്നതിൽ, അങ്ങനെ വീഴ്ചവന്നുപോയ ഏറിയ നന്മകളെ സമൂഹത്തിനു പ്രദാനം ചെയ്യുന്നതിൽ ചാവറയച്ചനോടൊപ്പം സി.എം.സി. മക്കളും ഇന്ന് സന്തോഷിക്കുന്നു, അഭിമാനം കൊള്ളുന്നു.

വിശുദ്ധരാൽ കേരളസഭയെ ധന്യയാക്കാൻ അഭിലഷിക്കുകയും അൾത്താര വണക്കത്തിനായി ആദ്യമായി ഈ സഭയിൽനിന്നും പ്രതിഷ്ഠിതനാവുകയും ചെയ്ത ചാവറയച്ചന്റെ അനുഗാമികളും മക്കളുമായി അനേകായിരങ്ങൾ ഇന്ന് സ്വർഗീയവും ഭൗതികവുമായ സഭാഗാത്രത്തിലുണ്ട്. അവരിൽ പല വിശുദ്ധസൂനങ്ങളും ഇന്നു സഭയിൽ അനുസ്മരിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്നു. ഇക്കൂട്ടത്തിൽ ഒരാളാണ് സി.എം.സി. പുത്രിയായ ധന്യയായ എവുപ്രാസ്യാമ്മ. ചുരുക്കത്തിൽ, വിവിധ സന്യാസസമൂഹങ്ങളിലൂടെയും, ബഹുമുഖമായ അവരുടെ പ്രവർത്തനങ്ങളിലൂടെയും വിശുദ്ധിയാൽ അലംകൃതരായ ധന്യാത്മാക്കളിലൂടെയും ചാവറയച്ചൻ ഇന്നും തന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ ആദിമരൂപമായി സി.എം.സിയെ നട്ടുവളർത്തി പരിപാലിച്ച, സുറിയാനിസഭയുടെ അഭിമാനമായ വന്ദ്യപിതാവിന് സി.എം.സി. മക്കളുടെ സ്നേഹാന്വിതമായ പ്രമാണം!

Congregation of the Mother of Carmel

ആലുവായിൽ ജനറലേറ്റ് ആരംഭിക്കുന്നതിനു മുമ്പ് സി.എം.സി സഭയ്ക്ക് പൊതുവായ ഒരു ജനറലേറ്റ് ഇല്ലായിരുന്നു. കൂനമ്മാവിലെ മഠം മാതൃഭവനമായി നിലകൊണ്ടു.

കേരളത്തിലെ ആറു സീറോ മലബാർ രൂപതാഘടകങ്ങളിലായി ആറു മദർ ജനറൽമാരുടെ കീഴിലായിരുന്നു സമൂഹം. 1963 നവംബർ 16 നാണ് ഒരു സുപ്പീരിയർ ജനറലിന്റെ കീഴിൽ സഭയുടെ ഏകീകരണം സാധ്യമായത്. ഏകീകൃത സി.എം.സിയുടെ കൂട്ടായ പ്രവർത്തനങ്ങൾക്ക് ഒരു കേന്ദ്രഭവനം ആവശ്യമായി വന്നപ്പോഴാണ് ജനറലേറ്റ് രൂപം കൊണ്ടത്.

ഇപ്പോൾ സി.എം.സിയിൽ കേരളത്തിൽ 13 പ്രോവിൻസുകളും കേരളത്തിനു പുറമേ ഏഴു മിഷൻ പ്രോവിൻസുകളും നാലു മിഷൻ റീജനുകളുമാണുള്ളത്. കൂടാതെ ജനറൽ തലത്തിൽ ആഫ്രിക്ക, അമേരിക്ക, ജർമനി, ഇറ്റലി എന്നിവിടങ്ങളിൽ ഓരോ റീജനുമുണ്ട്. സി.എം.സി. സന്യാസിനീ സമൂഹത്തിന് ആകെ 590 ഭവനങ്ങളാണുള്ളത്.

കേരളത്തിൽ - 375 (344 Houses +31 Residences)
ഇന്ത്യ (കേരളത്തിനു പുറമേ) - 184; വിദേശത്ത് - 31 (Africa -10, America-5, Germany -13, Italy-3).

Provinces

1. Ernakulam - The Provincial Superior (Sr. Vincent Mary)
   Carmelite Provincial House, Kovilavattom Road,
   Ernakulam- Kochi - 682035
   Telephone: 0484- 2362545.
2. Changanacherry - The Provincial Superior (Sr. Cisy)
   Holy Queen's Provincial House, Changanacherry - 686101.
   Telephone: 0481-2402973.
3. Thrissur - The Provincial Superior (Sr. Nilus)
   Holy Trinity Convent, Kolazhy P.O, Thrissur-10
   Telephone: 0487 - 2201770.
4. Pala - The Provincial superior (Sr. Philocitta)
   Carmelite Provincial House, Pala P.O, Kottayam-686575.
   Telephone: 0482 2212226.
5. Kothamangalam - The Provincial Superior (Sr. Benno)
   Carmelite Provincial House, Kozhippilly,
   Kothamangalam, Ernakulam - 686691.
   Telephone: 0485- 2862347.
6. Thalassery - The Provincial Superior (Sr. Sibi)
   Carmelite Provincial House, Nellickampoil
   P.O.Ulickal, Kannur- 670705.
   Telephone: 0498-2290309.
7. Irinjalakuda - The Provincial Superior (Sr. Janet),
   Udaya Provincial House, Irinjalakkuda, Thrissur - 680125.
   Telephone: 0488-2825371.
8. Palakkad - The Provincial Superior (Sr. Finbar),
   Jai Christo Provincial House,
   Palakkad - 678004.
   Telephone: 0491-2534929.
9. Kanjirappilly - The Provincial Superior (Sr. Cisy Carmel)
   C.M.C Amala Provincial House,
   Podimattom, Parathode P.O, Kottayam.
   Telephone: 0482-2802736.
10. Ghaziabad - The Provincial Superior (Sr. Rose Jose),
    Pushparam, 277 Sarvodaya Nagar, Near by pass Road,
    Ghaziabad- 201009. U.P.
    Telephone: 0120 2740006.
11. Angamaly - The Provincial Superior (Sr. Mary Davis),
    C.M.C Mary Matha Provincial House, Vengoor,
    Piraroor P.O, Kalady- 683574.
    Telephone: 0484-2462045.
12. Mananthavady - The Provincial Superior (Sr. Bency),
    Mount Carmel Provincial House, Nadavayal P.O,
    Panamaram Via, Wayanad- 670721.
    Telephone: 0493-2610057.
13. Mancherial - The Provincial Superior (Sr. Rosula)
    Christu Jyoti Provincial House,
    ACC Mancherial, Adilabad, Ap -504209.
    Phone: 0873 6252417
14. Hazaribagh - The Provincial Superior (Sr. Celia).
    Carmel House, Hazaribag P.O,
    Jharkand - 8253301. Telephone: 06546 222767.
15. Thamarassery - The Provincial Superior (Sr. Julita)
    Carmelite Provincial House
    Thiruvambady P.O, Kozhikode - 673603.
    Phone : 0455- 2252052.
16. Wardha - The Provincial Superior (Sr. Lilly Grace)
    Carmelodaya Provincial House,
    Sawangi Medhe, Wardha -442001, M.S.
    Telephone: 07152-240584.
17. Bhopal - The Provincial Superior (Sr. Assumpta)
    Mount Carmel Provincialate Baghmugalia P.O,
    Arvind Nagar. Bhopal, MP- 462043.
    Telephone: 0755-2481533.
18. Imphal - The Provincial Superior (Sr. Sibi)
    Sanjoe Provincial House, Nirmalabas, Imphal P.O,
    Manipur- 795001 Telephone: 0385- 2220711.
19. Bina - The Provincial Superior (Sr. Lissy Augustine)
    Nirmal Jyoti Provincial House, Bina P.O,
    Sagar, MP - 470113
    Telephone: 07580 222238
20. Idukki- The Provincial Superior (Sr. Lactus),
    Stella Maria Carmelite Convent
    Adimaly - 685561,
    Telephone: 0486-2422257.

Regions

1. Indore- The Regional Superior (Sr. Sajeeva)
   Khrist Bhavan, Asruwad Marg
   Kasthurbagram - 452020, Indore - M.P,
   Telephone: 07312874270.
2. Kanyakumari - The Regional Superior (Sr. Emirit),
   Carmel Matha Convent, Carmel Nagar, Kovalam P.O,
   Kanyakumari, T.N.- 629702. Telephone: 04652370931.
3. Rajkot - The Regional Superior (Sr. Visitation),
   Madonna, Revi Park Block C, Kalawad Road,
   Sourashtra University P.O, Rajkot- 360005,
   Gujarat, Telephone: 02812572981.
4. Jagdalpur - The Regional Superior (Sr. Ansa),
   Chavara Sadan, Kondagaon P.O, 494226,
   Bastar (Dt.) Telephone: 07786243410.

Mother Edward C.M.C
Superior General
Mount Carmel Generalate
Thaikattukara P.O, Aluva- 683106, Ernakulam.

ധന്യയായ എവുപ്രാസ്യമ്മ



VENERABLE MOTHER EUPHRASIA
PIONEER MEMBER OF THE
CONGREGATION OF THE MOTHER OF CARMERL
FOUNDED BY BLESSED CHAVARA

നാമകരണത്തിനുള്ള ജപം

സ്നേഹസ്വരൂപനായ ദൈവമേ, അങ്ങേ സ്തുതിക്കും തിരുസ്സഭയുടെ മഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും ഉപകരിക്കുമെങ്കിൽ അങ്ങേ വിശ്വസ്ത ദാസിയായ എവുപ്രാസ്യമ്മയെ വിശുദ്ധരുടെ പട്ടികയിൽ ചേർക്കണമെന്ന് അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. പരി. കർമ്മല അമ്മേ, വി. യൗസേപ്പിതാവേ, ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായോ, സകല വിശുദ്ധരേ, ധന്യയായ എവുപ്രാസ്യമ്മയുടെ മഹത്ത്വീകരണത്തിനുവേണ്ടി പരിശുദ്ധ ത്രിത്വത്തിനു മുമ്പിൽ നിങ്ങൾ മാദ്ധ്യസ്ഥം വഹിക്കണമേ.
പിതാവായ ദൈവമേ, ഞങ്ങളിപ്പോൾ അപേക്ഷിക്കുന്ന പ്രത്യേക അനുഗ്രഹം (.....) അങ്ങയുടെ മഹത്വത്തിനും ധന്യയായ എവുപ്രാസ്യമ്മയുടെ നാമകരണത്തിനും ഉതകുന്നവിധം ഞങ്ങൾക്കു നല്കേണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു. ആമ്മേൻ. 3 ത്രിത്വ.

Imprimatur:
+ Mar Joseph Kundukulam (Bishop of Trichur)

Trichur
16-7-1989

SR. NILUS C.M.C, PROVINCIAL SUPERIOR
HOLY TRINITY CONVENT, KOLAZHY, THRISSUR -10.

With best compliments:



- A luminary in the Kerala Church, a true son of the Mother Church, fought the Rochos Schism in his sincere work to maintain the unity of Kerala Church. Nourished the faith of the people with the 40 hrs adoration, Sunday Sermons and Annual Retreats.
- A man of dreams - dreams to adorn the Kerala Church with a long row of saints. His dream impelled him to launch into the establishment of two indigenous religious congregations -CMI & CMC.
- He was a contemplative out in the world and back in the presence of the Eucharistic Lord.
- He was a great educationist, started schools attached to each church to build a better world to live in Opened the schools for the untouchables.
- Having the experience of a beloved son of God, he loved people without any reserve and respected each and every person. Hence he proclaimed the dignity of human beings and eradicated untouchability and opened the portals of schools for them too.
- He was a pioneer in the field of social work - began the first house of charity.
- The hardships he underwent to begin the press speak of his sincere love for human beings, to make them knowledgeable.

Sister Provincial & Community
CMC Generalate, Aluva



ആർച്ച്ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ

ചാവറയച്ചനും സീറോമലബാർ സഭയും

മാർത്തോമ്മാ നസ്രാണികളുടെ ചരിത്രം ഏറെ സങ്കീർണമാണ്. സ്വദേശീയവും വിദേശീയവുമായ ഘടകങ്ങളും ഒപ്പം ആകസ്മികമായി കടന്നുവന്ന പല സംഭവങ്ങളും ചരിത്രം സങ്കീർണമാക്കാൻ ഇടയാക്കിയിട്ടുണ്ട്. ഈ സഭാചരിത്രത്തിന്റെ നാൾവഴിയിൽ വിശുദ്ധിയുടെയും വിജ്ഞാനത്തിന്റെയും സഹിഷ്ണുതയുടെയും തീക്ഷ്ണതയുടെയും പുണ്യപ്രഭാപൂരം ചാർത്തി നിൽക്കുന്ന വിശിഷ്ട വ്യക്തിത്വമാണ് വാഴ്ത്തപ്പെട്ട ചാവറയച്ചന്റേത്. സീറോ മലബാർ സഭയുടെ വിശുദ്ധനായ ഒരു വീരപുത്രനായിരുന്നു അദ്ദേഹം. തീക്ഷ്ണമതിയായ ഒരു അജപാലകശ്രേഷ്ഠൻ, താപസ്യ ജീവിതത്തിന്റെ നൈർമല്യ വിശുദ്ധികൾ തന്റെ സന്യാസ ജീവിതത്തിലൂടെ സഭയ്ക്കും ലോകത്തിനും മുമ്പിൽ തെളിച്ചുവച്ച സീറോ മലബാർ സഭയിലെ (അദ്ദേഹത്തിന്റെ ഭാഷയിൽ കൽദായ സുറിയാനി സഭയിലെ) ആദ്യ സന്യാസി യെന്ന നിലയിലാണ് നാമിന്ന് അദ്ദേഹത്തെ ബഹുമാനിക്കുകയും വണങ്ങുകയും ചെയ്യുന്നത്.

സഭാചരിത്രത്തിലെ പ്രശ്ന സങ്കീർണമായ ഒരു കാല ഘട്ടമായിരുന്നു ചാവറയച്ചന്റേത്. യൂറോപ്യന്മാരായ കർമലീത്താ മിഷനറിമാരുടെ ഭരണകാലം. ഈ ഭരണത്തിന്റെ കീഴിൽ തങ്ങളുടെ സുറിയാനി കത്തോലിക്കാ സമൂഹം സാമൂഹ്യമായും വിദ്യാഭ്യാസപരമായും സഭാപരമായും പിന്നോക്കം പോകുന്നുവെന്ന ചിന്തയായിരുന്നു സാമാന്യമായി അന്നു നിലനിന്നിരുന്നത്. അതിനു കാരണമായിരുന്നത് ഈ സഭയിൽനിന്നു തന്നെയുള്ള മെത്രാന്മാരില്ലാത്തതാണെന്നായിരുന്നു പൊതുവായ കണ്ടെത്തൽ. സഹോദരീ സഭയായ യാക്കോബായ സഭയ്ക്ക് സ്വന്തം "ജാതി"യിൽ മെത്രാന്മാരുണ്ട് എന്നതും 'സ്വജാതീയ' മെത്രാന്മാർ വേണം എന്ന വാദഗതിക്ക് ആക്കം കൂട്ടിയിരുന്നു. അതിനുവേണ്ടി റോമിലും ലിസ്ബണിലുമൊക്കെ ഏറെ ശ്രമങ്ങൾ നടന്നു. 16-ാം നൂറ്റാണ്ടുവരെ തങ്ങൾക്ക് അജപാലന ശുശ്രൂഷ നലകിയ കൽദായസഭ സഭാകേന്ദ്രത്തിൽ നൽകിയ നിരന്തരമായ നിവേദനങ്ങളുടെ ഫലമായി മലബാറിലെ സ്ഥിതിഗതികൾ പഠിക്കുവാൻ കൽദായ കത്തോലിക്കാ പാത്രിയർക്കീസ് അവിടെനിന്നും തോമസ് റോക്കോസ് എന്ന സുറിയാനി മെത്രാനെ അയയ്ക്കുന്നു. അദ്ദേഹത്തെ സ്വീകരിച്ചാനയിക്കാനെത്തിയ പള്ളിക്കാരുടെയും പട്ടക്കാരുടെയും സമുദായ നേതാക്കന്മാരുടെയും ബാഹുല്യം യൂറോപ്യൻ മിഷനറി നേതൃത്വത്തെ ഭയചകിതരാക്കി. സ്വന്തം റീത്തിൽപ്പെട്ട മെത്രാൻ വന്നതിൽ ആവേശംപൂണ്ട് അദ്ദേഹത്തെക്കൊണ്ട് പട്ടംകൊടുക്കലും ഇടവക സന്ദർശനവും നടത്തിക്കിട്ടാൻ വിശ്വാസികൾ ഉത്സാഹിച്ചു. അതിന് റോക്കോസ് മെത്രാൻ വഴങ്ങുകയും ചെയ്തു. ഈ സാഹചര്യത്തിൽ സുറിയാനിക്കാരെ സാന്ത്വനപ്പെടുത്താനും നയിക്കാനുമായി ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെ വരാപ്പുഴയിൽ വികാരിജനറാളായി 1861 ജൂൺ രണ്ടിന് മെത്രാപ്പോലീത്ത നിയമിച്ചു.

എങ്കിലും സമുദായാംഗങ്ങളെ സാന്ത്വനപ്പെടുത്തുന്നതിനും സമുദായത്തെ ഉൽക്കർഷത്തിലേക്ക് നയിക്കുന്നതിനും 'സ്വജാതീയ' മെത്രാന്മാർ ഉണ്ടായേ തീരൂ എന്ന് ചാവറയച്ചൻ റോമിൽ അറിയിക്കുന്നുണ്ട്. ശീശ്മ ഉണ്ടാകാതിരിക്കണമെങ്കിലും മറ്റ് ക്രൈസ്തവസഭയുമായി ഐക്യം ഉണ്ടാകണമെങ്കിലും സമൂഹത്തിന് അഭിവൃദ്ധിയുണ്ടാകണമെങ്കിലും സ്വജാതീയ മെത്രാന്മാർ വേണമെന്നും അല്ലാത്തപക്ഷം സഭയിൽ ഭിന്നതകൾ രൂക്ഷമാവുകയേയുള്ളൂ എന്നുമായിരുന്നു ചാവറയച്ചന്റെ നിലപാട്. അതിനുവേണ്ടി ഒരു സന്യാസ ശ്രേഷ്ഠന്റെയും വികാരി ജനറാളിന്റെയും പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ശ്രമിച്ച വ്യക്തിയാണ് അദ്ദേഹം.പിൽക്കാലത്ത് നിധീരിക്കൽ മാണിക്കത്തനാരും മറ്റു പ്രമുഖരും ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ടിരുന്നു.

ബഹുമാനപ്പെട്ട ചാവറയച്ചന്റെ പരിശ്രമങ്ങളിൽ ഏറ്റവും ശ്രദ്ധേയമായത് അദ്ദേഹം നേതൃത്വം കൊടുത്തു സ്ഥാപിച്ച കർമലീത്ത സന്യാസസമൂഹമാണ് (സി.എം.ഐ.). ഈ സന്യാസഭവനങ്ങളെല്ലാം തന്നെ അറിവിന്റെയും ആധ്യാത്മികതയുടെയും കേന്ദ്രങ്ങളായിട്ടാണ് അറിയപ്പെട്ടത്. ഇന്ന് ലോകത്ത് ആകമാനം പ്രവർത്തിക്കുന്ന രണ്ടായിരത്തി ഇരുനൂറോളം വൈദികർ ഈ സന്യാസമൂഹത്തിലുണ്ട്. അതുപോലെ അദ്ദേഹം സ്ഥാപിച്ച സന്യാസിനീസമൂഹം (സി.എം.സി.) സ്ത്രീവിദ്യാഭ്യാസത്തിനും പെൺകുട്ടികളുടെ പരിശീലനത്തിനും ഈ കഴിഞ്ഞ ഒന്നര നൂറ്റാണ്ടുകാലം നൽകിയിട്ടുള്ള സേവനം ആദരപൂർവം മാത്രമേ അനുസ്മരിക്കാനാവൂ.

വിദ്യാഭ്യാസ പ്രവർത്തനങ്ങളെയും അഗതി ശുശ്രൂഷയെയും ചാവറയച്ചൻ ഏറെ പ്രോത്സാഹിപ്പിച്ചിരുന്നു.ആശയപ്രചാരണത്തിനായി പ്രസും നിരാശ്രയർക്കും മരണാ

സന്നരായവർക്കും താങ്ങും തണലുമായ ആശ്രയഭവനങ്ങളും കത്തോലിക്കാവിദ്യാഭ്യാസം സ്വീകരിക്കുന്നവരെ പരിശീലിപ്പിക്കുന്നതിനായി പ്രത്യേകവേദികളും സംവിധാനങ്ങളും ഏതാണ്ട് ഒന്നരനൂറ്റാണ്ടുകൾക്കു മുമ്പു തന്നെ അദ്ദേഹം ആസൂത്രണം ചെയ്തുവെന്ന് മനസ്സിലാക്കുമ്പോഴാണ് ആ പ്രേഷിതചൈതന്യത്തിന്റെ മഹത്വം നാം അറിയുക.

അദ്ദേഹം സുറിയാനി കത്തോലിക്കരുടെ ഇടയിൽ ദിവ്യകാരുണ്യ ആരാധനയും തിരുക്കുടുംബ വണക്കവും പ്രചരിപ്പിച്ചു. ഇവയെല്ലാം സ്വന്തം റീത്തിന്റെ പ്രകൃതിക്ക് യോജിച്ചതാണെന്നോ ആരാധനാരീതിക്ക് ചേരുന്നതാണെന്നോ എന്നുള്ള ചിന്തയൊന്നും അക്കാലത്ത് പ്രബലമായിരുന്നില്ലെന്നു നാം ഓർക്കേണ്ടതുണ്ട്.ഭക്താനുഷ്ഠാനങ്ങൾ ആരാധനാമാറ്റത്തിനു തന്നെ കേടുവരുത്തിയേക്കാമെന്ന് അന്ന് ചിന്തിക്കാനായില്ല.

സുറിയാനി ആരാധനാക്രമവും സ്വന്തം സഭയിലെ മെത്രാന്മാരുമായാൽ മതി എന്ന ധാരണയായിരുന്നു പലർക്കും. അതുപോലെ പൗരസ്ത്യ റീത്തിന്റെ പ്രകൃതിക്ക് നിരക്കാത്ത ഭക്താഭ്യാസങ്ങൾ പ്രോത്സാഹിപ്പിക്കരുതെന്ന് ഇന്നു നിലനിൽക്കുന്ന സഭാനിർദേശങ്ങളെപ്പറ്റിയൊന്നും അന്ന് അറിവുണ്ടായിരുന്നില്ലതാനും. വിശ്വാസികളുടെ ഇടയിൽ ഭക്തിജീവിതം വളർത്താനുള്ള ആത്മാർഥമായ ശ്രമമായിരുന്നു അദ്ദേഹത്തിന്റേത്.

സ്വജാതീയ മെത്രാന്മാർക്കുവേണ്ടി അക്കാലത്തുണ്ടായിരുന്ന മുറവിളി (ചാവറയച്ചൻ യാഥാർഥ്യബോധത്തോടെ റോമിൽ ബോധ്യപ്പെടുത്താൻ ശ്രമിച്ച ആവശ്യം.) കേവലം സ്വജാതിയരുടെ ഭരണത്തിനു വേണ്ടിയുള്ളതായിരുന്നില്ലെന്നാണ് കാണുന്നത്. സ്വന്തം സഭയുടെ തനിമയും മഹത്വവും സംരക്ഷിക്കാനും വളർത്താനുമുള്ള തീക്ഷ്ണമായ ആഗ്രഹമായിരുന്നു അതിനു പിന്നിൽ. സ്വജാതീയ മെത്രാന്മാർ തങ്ങളുടെ സുറിയാനി ആരാധനാ നിയമത്തിന്റെ മഹത്വം സംരക്ഷിക്കാനും വളർത്താനും ശ്രമിക്കുന്നില്ലെന്നു പറഞ്ഞ് ഈ സംരംഭത്തിനു നേതൃത്വം കൊടുത്തവർ തന്നെ പിന്നീട് സ്വന്തം മെത്രാന്മാരോട് സങ്കടം അറിയിക്കുന്നതായി ചരിത്രത്തിൽ കാണുന്നുണ്ട്. ലിയോ പതിമൂന്നാമൻ മാർപാപ്പയുടെ 'ഓറിയന്തീയും ഡിഗ്നിത്താസ്' എന്ന ചാക്രിക ലേഖനത്തെ അടിസ്ഥാനമാക്കി സ്വന്തം ജാതിയിലെ മെത്രാന്മാരെ അവരുടെ കടമകളെക്കുറിച്ച് ബോധ്യപ്പെടുത്തുന്ന ഇവരുടെ ശ്രമങ്ങൾ ശ്രദ്ധേയമാണ്.

വ്യക്തമായ ദിശാബോധവും ഒപ്പം യാഥാർഥ്യബോധവും ചേർന്ന ഒരു നേതൃത്വമായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ സീറോ മലബാർ സഭയ്ക്കു നൽകിയത്. സന്യാസജീവിതത്തിന്റെ വിശുദ്ധിയും വിവേകവും അദ്ദേഹത്തിന്റെ നേതൃത്വത്തിനുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ സാമൂഹ്യ ദർശനങ്ങൾ ഇന്നും സഭാസമൂഹത്തിന് ആക്കവും ഉത്തേജനവുമാണ്. മലബാറിലെ സുറിയാനി സഭയ്ക്ക് ശ്രദ്ധേയമായ നേതൃത്വം നൽകിയ വാഴ്ത്തപ്പെട്ട ചാവറയച്ചൻ നമുക്ക് മാതൃകയും പ്രചോദനവും ആയിരിക്കട്ടെ.





ഡോ. തോമസ് ഐക്കര സി.എം.ഐ

അരൂപിയുടെ സംഗീതം

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ഒരസാധാരണ സമഗ്ര വ്യക്തിത്വത്തിന്റെ ഉടമയാണ്. ഉദ്ഗ്രഥനം സത്തയിൽ സമ്യക്കായി സ്വാംശീകരിച്ച ദൈവത്തിന്റെ മനുഷ്യൻ. ദൈവത്തിനും ജനത്തിനുമായി വ്യവസ്ഥയില്ലാതെ സ്വയം സമർപ്പിച്ച മഹാത്മാവായ മനുഷ്യസ്നേഹി.

ചാവറയച്ചൻ ജീവിച്ചിരിക്കുമ്പോൾ തന്നെ പ്രകാശമാനമായ ഒരസാധാരണപ്രതിഭാസമായിരുന്നു. തന്റെ മനോഹര സാന്നിധ്യത്താൽ സകലർക്കും അനുഗ്രഹമായി ജീവിച്ച അദ്ഭുത പ്രതിഭയായിരുന്നു അദ്ദേഹം. ദൈവാരൂപിയുടെ വാചാലമായ ശബ്ദമായിരുന്നു അവിടത്തെ പാവനമായ പെരുമാറ്റ ശൈലി. അദ്ദേഹത്തിന്റെ അനുദിന ജീവിതം ഒരനുസ്യൂത സന്ദേശമായിരുന്നു. ഉന്നതമായ ഉദ്ഗ്രഥനത്തിന്റെ സന്ദേശം; ഉദാത്തമായ സ്നേഹത്തിന്റെ സന്ദേശം; അഗാധമായ നന്ദിയുടെ സന്ദേശം; കലവറയില്ലാത്ത അടിയറവയ്ക്കലിന്റെ സന്ദേശം. നഗ്നനേത്രങ്ങൾക്ക് അദൃശ്യമായ ദൈവസാന്നിധ്യത്തിന്റെ പ്രകാശിക്കുന്ന പ്രതിബിംബമായിരുന്നു ചാവറയച്ചന്റെ വ്യക്തിത്വം.

അദ്ദേഹത്തിന്റെ ജീവിത ദർശനത്തിന്റെ ഉൾഘടകങ്ങൾ അടിസ്ഥാനഭാവത്രയമാണ് (Triple base attitude). ദൈവപരിപാലനയിലുള്ള അചഞ്ചലമായ വിശ്വാസം, ദൈവകൃപകൾക്കുള്ള അഗാധമായ നന്ദി, ദൈവാനുഗ്രഹങ്ങൾക്ക് ആനുപാതികമായി ഉത്തരം നൽകുവാൻ കഴി



ചാവറയച്ചൻ കൈനകരിയിൽ സ്ഥാപിച്ച വൃദ്ധമന്ദിരം ചിത്രകാരനായ രാമചന്ദ്രൻമാസ്റ്ററുടെ ഭാവനയിൽ

യാതെ പോയതിലുള്ള ആത്മാർത്ഥമായ അനുതാപം. ആത്യന്തികമായി ചാവറയച്ചൻ പ്രതിധാനവും പ്രവർത്തനവും സമന്വയിപ്പിച്ച ഒരടിസ്ഥാന മിസ്റ്റിക് (mystic) ആയിരുന്നു. ദൃശ്യമായവയിൽനിന്ന് അദൃശ്യമായ ദൈവസാന്നിദ്ധ്യ ശക്തി സദാപി അനുഭവിച്ചിരുന്ന ദൈവത്തിന്റെ മനുഷ്യനായിരുന്നു അദ്ദേഹം.

തന്റെ ചുറ്റുമുള്ള പ്രകൃതിയെ പ്രകാശമാനമായ ഒരു ദൈവമേഖല (divine milieu)യായി കണ്ടാസ്വദിച്ച് ജീവിച്ച കവിഹൃദയത്തിലാണ് ദൈവവചനം വിടർന്ന് പുഷ്പിച്ചത്. അദ്ദേഹത്തിന്റെ മുഖ്യമൂലധനം ദൈവാശ്രയ ബോധമായിരുന്നു, സമ്പത്തും സ്വാധീനവുമായിരുന്നില്ല. തന്റെ വൈദിക വിളിയിൽ സംഘർഷ സാഹചര്യമുണ്ടായപ്പോൾ തുടങ്ങി, ഉത്തരവാദിത്വ നിർഭരമായ നിരവധി പ്രവർത്തന മേഖലകളിലേക്ക് ഇറങ്ങിയപ്പോഴെല്ലാം ചാവറയച്ചന്റെ പ്രധാന ശക്തി ഈ മൂലധനത്തിന്റെ ഉൾശക്തിയായിരുന്നു.

മനസും ഹൃദയവും വികസിച്ച് പ്രകാശിതരായ വ്യക്തികളെല്ലാം നന്ദിയുള്ളവരാണ്. അനുദിനം ലഭിക്കുന്ന അനേകം അനുഗ്രഹങ്ങളെപ്പറ്റി അവർക്ക് വ്യക്തമായ അവബോധമുണ്ടായിരിക്കും. അഭാവങ്ങളെക്കാൾ അധികമായി അനുഗ്രഹങ്ങളെക്കുറിച്ചായിരിക്കും അവർ ചിന്തിക്കുക. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ജീവിതം അനുഗ്രഹങ്ങൾക്കുള്ള കൃതജ്ഞതയുടെ ഒരു സ്തോത്രഗീതമായിരുന്നു. തന്റെ ജീവിതം തന്നെ നന്ദിയുടെ ഗാനമായി ആലപിച്ച ഒരു ഗായകൻ. ഭാരതത്തിന്റെ ചിരകാലാഭിമാനമായ രവീന്ദ്രനാഥ ടാഗോറിനെപ്പോലെ ജീവിതം നന്ദിയുടെ ചിരന്തന ഗാനമായിട്ടാലപിക്കണമെന്ന് ഉറച്ചു വിശ്വസിച്ച അരൂപിയുടെ സംഗീതമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം.

നന്ദിയുടെ മനോഭാവം ഒരു ആധ്യാത്മിക ടോണിക്കാണ്. മനഃശാസ്ത്ര പ്രചോദക ശക്തിയാണ്. നമുക്കേറ്റം ആവശ്യമായ സമാധാനം, സന്തോഷം, സമഗ്ര ഉദ്ഗ്രഥനം എന്നിവ ലഭിക്കുവാൻ ഉപയുക്തമായ ഉത്തമമനോഭാവം.

അനുഗ്രഹങ്ങളെപ്പറ്റിയുള്ള അടിയുറച്ച അവബോധവും തത്ഫലമായുള്ള നന്ദിയുടെ മനോഭാവവും മൂന്നാമതൊരു ഭാവത്തിലേക്ക് അദ്ദേഹത്തെ ആനയിച്ചു. തനിക്കു ലഭിച്ച നിരവധിയായ കൃപകൾക്കു വേണ്ടത്ര പ്രതികരിക്കുവാൻ കഴിയാതെ പോയതിലുള്ള ഖേദം. ഈ തിരിച്ചറിവാണ് അദ്ദേഹത്തെ ആത്മാനുതാപത്തിന്റെ ഭാവങ്ങളിലേക്ക് ആനയിച്ചത്.

പ്രതിധാനവും പ്രവർത്തനവും ദൈവോന്മുഖതയും സഹോദരോന്മുഖതയും ജീവിതത്തിൽ ഒന്നാക്കിയ ചാവറയച്ചൻ പ്രാർത്ഥനയുടെ മനുഷ്യൻ മാത്രമായിരുന്നില്ല; അദ്ദേഹം പ്രാർത്ഥനയായിരുന്നു. (He not only prayed but he was a prayer).

ദൈവാശ്രയ ബോധവും അഗാധമായ നന്ദിയും അനുതാപത്തിന്റെ ഭാവങ്ങളും വാഴ്ത്തപ്പെട്ട ചാവറയച്ചനെ പൂർണമായി ഗ്രസിച്ചതിനാൽ സാധാരണ ബുദ്ധിക്ക് അസാധ്യമായവ അനായാസം സാധ്യമാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ചാവറപ്പിതാവിന്റെ ദർശനവും (vision) ദൗത്യവും (mission) അനുദിന ജീവിതത്തിൽ തിളങ്ങുന്നയാഥാർത്ഥ്യമായിത്തീർന്നു, അർപ്പണത്തിലൂടെ സ്വയം അടിയറ വയ്ക്കുന്ന അനുകരണീയമായ ഒരു ഭക്തിസാധന (Sadhana of devotion or a Sadhana of surrender). തൽഫലമായി എല്ലാവർക്കും എവിടെയും അദ്ദേഹം ഒരനുഗ്രഹമായിരുന്നു. സാന്നിധ്യം സംഗീതമാക്കി സഹോദരങ്ങൾക്കായി ആലപിച്ച ഒരു കർമഗായകനായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ.

Compliments from

THE PROVINCIAL
LITTLE FLOWER
MISSION CENTRE
Bharathiar University P.O.
Coimbatore - 641046
Phone: 0422-2422789



ഡോ. മത്യാസ് മുണ്ടാടൻ സി.എം.ഐ

വാഴ്ത്തപ്പെട്ട ചാവറ അച്ചൻ സി.എം.ഐ സഭാ സ്ഥാപകൻ

വന്ദ്യനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ സി.എം.ഐ സഭാ സ്ഥാപകനാണെന്നു പൊതുവേ ധാരണയുണ്ട്. സി.എം.ഐ സഭ സ്ഥാപിച്ചത് അദ്ദേഹം മാത്രമാണെന്ന് കരുതുന്നവരുമുണ്ട്. 1986-ൽ വാഴ്ത്തപ്പെട്ടവനെന്ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പ പ്രഖ്യാപിച്ചശേഷം ഈ ധാരണയ്ക്കു പ്രസക്തി കൂടി. സഭാ സ്ഥാപകന്മാരായി കണക്കാക്കപ്പെടുന്ന മറ്റു രണ്ടുപേരെ, ചാവറയച്ചന്റെ ഗുരുഭൂതനായ പാലയ്ക്കൽ തോമ്മാ മൽപാനച്ചനെയും ഇദ്ദേഹത്തിന്റെ സഹപ്രവർത്തകനായിരുന്ന പോരൂക്കര തോമ്മാ മൽപാനച്ചനേയും ഇന്ന് പലരും അറിയുകപോലുമില്ല. സി.എം.ഐ നിയമാവലിയിൽ സ്ഥാപകരെപ്പറ്റി പറഞ്ഞിരിക്കുന്ന ഉദ്ധരണി ഇതാണ് :

ഭാരതത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ശ്ലൈഹികസഭയിലെ പാലയ്ക്കൽ തോമ്മാ, പോരൂക്കര തോമ്മാ, ചാവറ കുര്യാക്കോസ് ഏലിയാസ് എന്നീ സ്ഥാപക പിതാക്കന്മാരുടെ മിശിഹായിലുള്ള തീവ്രമായ ദൈവാനുഭൂതിയിൽനിന്ന് അതു (സി.എം.ഐ സ്നേഹസമൂഹം) ജന്മംകൊണ്ടു. (സി.എം.ഐ നിയമാവലി നമ്പർ 1).

സി.എം.ഐ സഭ മൂന്നു പേരെയും സ്ഥാപക പിതാക്കളായിട്ടാണ് ഗണിച്ചിരുന്നതെന്ന് ഈ ഉദ്ധരണിയിൽനിന്നും വ്യക്തമാണ് . എന്നാൽ, ഈ നൂറ്റാണ്ടിന്റെ ആദ്യശതകങ്ങളിൽ കാര്യങ്ങൾ അത്ര വ്യക്തമായിരുന്നില്ല. അഭിപ്രായവ്യത്യാസവുമുണ്ടായിരുന്നു. മൂത്ത രണ്ടുപേർ മാത്രമാണ് സ്ഥാപകർ എന്നും ചാവറയച്ചൻ പിന്നീടു വന്നതുകൊണ്ടു സ്ഥാപകരുടെ ഗണത്തിൽപെടുത്തുന്നത് ശരിയല്ലെന്നും അഭിപ്രായമുള്ളവരുണ്ടായിരുന്നു. 1931-ൽ സഭയുടെ സ്ഥാപന ശതാബ്ദി ആഘോഷിച്ച അവസരത്തിൽ ഒരു അനുസ്മരണ ഗ്രന്ഥം ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചു: The Carmelite Congregation of Malabar. അതിന്റെ ഒന്നാം അധ്യായത്തിന്റെ തലക്കെട്ടുതന്നെ 'സഭയുടെ രണ്ടു സ്ഥാപകർ - മാതൃഭവനത്തിന്റെ ആരംഭം' എന്നാണ്. പാലയ്ക്കൽ, പോരൂക്കര അച്ചന്മാരെ മാത്രം ഇതിൽ സ്ഥാപകരായി ചിത്രീകരിക്കുന്നു.

1930കളിലാണ് ചാവറയച്ചനും സ്ഥാപകനാണെന്ന ആശയത്തിനു കൂടുതൽ പ്രചാരം കിട്ടിയത്. പക്ഷേ, അഭിപ്രായവ്യത്യാസങ്ങൾ കുറെയെല്ലാം പിന്നീടും തുടർന്നു. നാമകരണ നടപടികൾ തുടങ്ങിയതോടെ ചാവറയച്ചൻ മാത്രമാണ് സ്ഥാപകൻ എന്ന പ്രതീതി വളർന്നു. ഒരുപക്ഷേ , ഇന്നത്തെ തലമുറ മറ്റു രണ്ടുപേരെ കാര്യമായി ശ്രദ്ധിക്കുന്നുണ്ടെന്ന് തോന്നുന്നില്ല. നേരത്തെ ഉണ്ടായിരുന്ന സംശയങ്ങൾക്ക് നിദാനം ഒരുപക്ഷേ, വന്ദ്യ ചാവറയച്ചന്റെ തന്നെ പ്രതിപാദനങ്ങളായിരിക്കാം. അതേപ്പറ്റി താഴെ സൂചിപ്പിക്കുന്നതാണ്. അതിനു മുൻപ് സ്ഥാപനചരിത്രം ഹ്യസ്വമായി വിവരിക്കട്ടെ.

സി.എം.ഐ സഭാസ്ഥാപനചരിത്രം

മാർത്തോമ്മാ ക്രൈസ്തവരുടെ ഇടയിൽ പതിനാറാം നൂറ്റാണ്ടിനു മുമ്പുതന്നെ സന്യാസ ജീവിതം ഉണ്ടായിരുന്നുവെന്നതിന് തെളിവുകൾ ഉണ്ട്. പതിനേഴാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഗീവർഗീസ് ആർച്ച് ഡീക്കൻ മുൻകൈയെടുത്ത് സന്യാസജീവിതം പുനർജീവിപ്പിക്കുന്നതിനു പരിശ്രമിച്ചു. 'വിശുദ്ധ തോമസിന്റെ സന്യാസസഭ' എന്ന നാമത്തിൽ ഇടപ്പള്ളിയിൽ ഒരു ആശ്രമം ആരംഭിച്ചു. കൂനൻ കുരിശു ബഹളത്തോടെ (1653) അതു നിന്നുപോയി എന്നാണ് തോന്നുന്നത്. അതിനെപ്പറ്റി സൂചനയൊന്നും പിന്നീട് കാണുന്നില്ല. അതിനുശേഷം ഏതാണ്ട് രണ്ടു നൂറ്റാണ്ടുകൾ സന്യാസജീവിതത്തിനുള്ള അവരുടെ ഇച്ഛ സുപ്തഭാവസ്ഥയിലായിരുന്നു. അത് ഉദ്ദീപിപ്പിച്ചത് വിശുദ്ധരായ പാലക്കൽ പോരൂക്കര തോമ്മാച്ചന്മാർ, ചാവറ കുര്യാക്കോസച്ചൻ എന്നീ മൂവരാണ്. (കാണുക Mundadan , History and Beyond 1997:156ff) അത് 19-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലായിരുന്നു. പോരൂക്കര അച്ചൻ വൈദികനാകുന്നതിനു മുമ്പുതന്നെ വനവാസം ആഗ്രഹിച്ചു തുടങ്ങിയതായി സൂചനയുണ്ട്. പാലയ്ക്കലച്ചനാകട്ടെ, പള്ളിപ്പുറത്തു സെമിനാരിയിൽ സ്വന്തം ശിഷ്യരുമൊത്ത് ഒരു സന്യാസജീവിതംതന്നെ നയിച്ചിരുന്നുവെന്ന് പറയാം. ഡൊമിനിക്കൻ സഭാ ചൈതന്യത്തിൽ. പ്രാർത്ഥന, തപസ്, പഠനം, ക്രമമായ സമൂഹജീവിതം, അജപാലനോന്മുഖത ഇവയെല്ലാം ഒത്തിണക്കി പോയിരുന്ന അദ്ദേഹത്തിന്റെ സന്യാസസമമായ ജീവിതശൈലിയെക്കുറിച്ചു അരുമശിഷ്യൻ വിശദമായി വിവരിക്കുന്നുണ്ട്. (കാണുക ചാവറയച്ചന്റെ സമ്പൂർണ കൃതികൾ: 1, 2, 3, 8, 25, 32f, 38-42; പോരൂക്കര 1, 2, 3, 9, 33 etc).

പഠനവും അറിവും വിശുദ്ധിയും കൈമുതലായി ഉണ്ടാ

യിരുന്ന ഈ രണ്ട് അച്ചന്മാരോട് ചാവറയച്ചനും ഒത്തുകൂടിയപ്പോൾ സന്യാസാശ്രമം എന്ന ആശയം മുളയെടുത്തു. വരാപ്പുഴ വികാരി അപ്പസ്തോലിക്ക മൗറീലിയൂസ് സ്തബിലീനി (1827-31) അതിനുള്ള അനുവാദവും നൽകി (1829). പള്ളികളും വ്യക്തികളും ധനസഹായം ചെയ്തു. സുദീർഘവും ക്ലേശപൂർണവുമായ സ്ഥലാന്വേഷണത്തിന്റെ അവസാനം മനോഹരമായ ഓലൻകണ്ണാമുക്കളെന്ന മാന്നാനം കുന്നു കണ്ടെത്തി. ഉദാരമതികളായ തയ്യിൽ (പെരുമാലിൽ) കുര്യൻ തരകനും അനുജൻ തയ്യിൽ കൊച്ചുപോത്തൻ മാപ്പിളയും ആ കുന്ന് ആശ്രമത്തിനായി വിട്ടുകൊടുത്തു. ചാവറയച്ചന്റെ ഭാഷയിൽ 'വെള്ളസൗഖ്യവും സ്ഥലസൗഖ്യവും' ഒത്തു ചേർന്ന ഒരു സ്ഥലമാണ് അവർ അന്വേഷിച്ചു നടന്നത്. ലോകബഹളങ്ങളിൽ നിന്ന് അകന്ന് നിശബ്ദതയിൽ പ്രാർത്ഥിക്കുവാനും തപസുചെയ്യുവാനുമുള്ള കുന്ന് ; ജനങ്ങളോട് സമ്പർക്കം പാലിക്കാൻ, വള്ളത്തിൽ സഞ്ചരിക്കാൻ വെള്ളവും ആവശ്യമായിരുന്നു. രണ്ടും സമ്മേളിച്ച ഒരു സ്ഥലമായിരുന്നു മാന്നാനത്ത് അവർ കണ്ടെത്തിയത്. 1831 മേയ് 11-ന് ആശ്രമത്തിന് കല്ലിട്ടു. അതിനുശേഷം പണികൾ നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ അസൗകര്യങ്ങൾ വകവയ്ക്കാതെ അച്ചന്മാർ അവിടെ താമസിച്ചുതുടങ്ങുകയും ചെയ്തു. 1841-ൽ പാലക്കലച്ചനും 1846-ൽ പോരുക്കരയച്ചനും മരിച്ചു. അതോടെ പൂർണ്ണ ഉത്തരവാദിത്വം ചാവറയച്ചൻ ഏറ്റെടുത്തു. വ്യവസ്ഥാപിതമായ ഒരു നിയമാവലിക്കുവേണ്ടിയുള്ള പരിശ്രമം 1855-ൽ സഫലമായി. അന്നത്തെ വികാരി അപ്പസ്തോലിക്ക ബർണഡിൻ ബച്ചിനേള്ളി നവീകൃത കർമ്മലീത്തരുടെ നിയമങ്ങൾ അൽപം മിനുക്കുപണികളോടെ അവർക്കു നൽകി. അതനുസരിച്ച് വാഴ്ത്തപ്പെട്ട ചാവറയച്ചനും മറ്റു പത്തു വൈദികരും പരസ്യമായി സന്യാസ വ്രതങ്ങൾ എടുത്തു. പുതിയ നിയമാവലി പ്രകാരം അവരുടെ ജീവിതശൈലിക്ക് -ഡൊമിനിക്കൻ രീതിക്ക് -കുറെയൊക്കെ മാറ്റം വന്നു. എന്നാൽ, കാതലായ ആഭിമുഖ്യങ്ങൾ പഴയതുപോലെ തുടർന്നു.

ചാവറയച്ചനും സഭാസ്ഥാപനവും

വാഴ്ത്തപ്പെട്ട ചാവറയച്ചൻ സഭാസ്ഥാപന ആരംഭം വിവരിക്കുമ്പോൾ പാലയ്ക്കലച്ചനും ("ആശ്രമസ്ഥാപകൻ") പോരുക്കരയച്ചനും ("ഞങ്ങളുടെ തലവനും [പാലക്കൽ കാലം ചെയ്തശേഷം അദ്ദേഹമായിരുന്നു തലവൻ] രണ്ടാമത്തവനും ആയ പോരുക്കര തൊമ്മി മൽപാനച്ചൻ",(കാണുക സമ്പൂർണ കൃതികൾ 41, 55) ചേർന്നാണ് സ്ഥാപനത്തിനുള്ള ശ്രമങ്ങൾ ആരംഭിച്ചത് എന്ന പ്രതീതിയാണ് ഉണ്ടാകുക. താൻ പിന്നീട് സഹായിക്കുകയാണുണ്ടായതെന്നും (കാണുക സം.കൃ. 26). പക്ഷേ, പ്രചോദനത്തെയും ആദ്യകാല സംരംഭങ്ങളെയും പറ്റി പറയുന്നവിധം നോക്കിയാൽ നമുക്കനുഭവപ്പെടുന്നത് ചാവറയച്ചൻ അവയോട് അങ്ങേയറ്റം താദാത്മ്യം പ്രാപിക്കുന്നതും അതിലൊക്കെ വികാര തീവ്രതയോടെ പങ്കുവഹിക്കുന്നതുമായാണ്. ഇതിനു പ്രധാന കാരണം സ്വന്തം ഗുരുഭൂതനോടും അദ്ദേഹത്തിന്റെ എല്ലാ പരിപാടികളോടും ചാവറയച്ചനുണ്ടായിരുന്ന ഉറ്റ പ്രതിബദ്ധതയായിരിക്കണം. ഗുരുഭൂതനായ പാലയ്ക്കലിന് ഈ ഉത്തമ ശിഷ്യനെ സഭാസ്ഥാപന പ്രസ്ഥാനവുമായി ബന്ധപ്പെടുത്തണമെന്ന നിയോഗം ആദ്യംമുതൽക്കുതന്നെ ഉണ്ടായിരുന്നുവെന്നാണ് തോന്നുന്നത്. ശിഷ്യനാകട്ടെ പുതിയ ഉദ്യമത്തിന്റെ പ്രചോദനവും ഉദ്ദേശ്യവും തുടക്കംമുതലേ സ്വായത്തമാക്കിയിരിക്കണം.

ചാവറയച്ചൻ നേരിട്ടു രംഗത്തു വരുന്ന അവസരങ്ങളിൽ ചിലത് ഒന്നു പരിശോധിച്ചു നോക്കാം. പട്ടമേൽക്കുന്നതിനു മുമ്പുതന്നെ സ്ഥലാന്വേഷണ പ്രക്രിയയിൽ ചിലപ്പോഴെല്ലാം പങ്കുചേർന്നിട്ടുണ്ട്. മൂന്നാം പ്രാവശ്യം സ്ഥലം അന്വേഷിക്കാൻ പോയ സംഘത്തിലാണെന്നു തോന്നുന്നു ആദ്യമായി പങ്കെടുത്തത്. മറ്റു വൈദിക വിദ്യാർത്ഥികളും പോകാൻ ആഗ്രഹം കാണിച്ചെങ്കിലും പാലക്കലച്ചൻ ചാവറയച്ചനെ മാത്രമേ കൊണ്ടുപോയുള്ളുവെന്നത് ശ്രദ്ധേയമാണ്. അതുപോലെതന്നെ, മാന്നാനത്തെ കാര്യങ്ങൾ എങ്ങനെ പോകുന്നുവെന്നന്വേഷിക്കുവാൻ ഈ ശിഷ്യനെയാണ് ഗുരു നിയോഗിച്ചത് (കാണുക സ.കൃ. 19, 20). പാലക്കലച്ചനും ശിഷ്യനും തമ്മിലുണ്ടായിരുന്ന ഉറ്റബന്ധത്തെ ചാവറയച്ചൻ വിവരിക്കുന്നത് എടുത്തു പറയേണ്ടതുണ്ട്. പാലക്കലച്ചന്റെ ജീവചരിത്രം എഴുതാൻ താൻ എത്ര കടപ്പെട്ടവനാണെന്നു സൂചിപ്പിക്കുന്നതു നോക്കുക:

ഈ കാര്യം നിറവേറ്റുവാൻ എനിക്ക് എത്രയോ കടമായിരിക്കുന്നു.... പൈതൽ പ്രായം മുതൽ ആത്മത്തിനടുത്തതും ശരീരത്തിനടുത്തതുമായ രണ്ടു സമ്പ്രതികളിലും



മാന്നാനത്ത് സി.എം.ഐ. സഭാ സ്ഥാപനം; ഭൂമിപൂജ (രാമചന്ദ്രൻ മാസ്റ്ററുടെ പെയിന്റിംഗ്)

അദ്ദേഹംതന്നെ അന്വേഷിച്ചു നടത്തി പഠിപ്പിച്ചു വളർത്തി. അദ്ദേഹത്തിന്റെ മരണം വരെയും മാംസത്തിനടുത്ത സംബന്ധക്കാരിലും അരുപിക്കടുത്ത മക്കളായ ശിഷ്യരിലും അധികമായിട്ടുള്ള താൽപര്യവും എന്റെ മേൽവച്ചു. അദ്ദേഹത്തിന്റെ സമ്പത്തിനവകാശി എന്നപോലെ താൻ താൽപര്യം വച്ചു സ്നേഹിച്ചു എന്ന സമ്പത്തായ ഈ കൊവേന്തയുടെ വേലയ്ക്കും എന്നെ ചുമതലപ്പെടുത്തിയും വച്ച് മരിക്കുകയും ചെയ്തു (സ.കൃ. 59).

ഇതൊക്കെയാണെങ്കിലും സഭാരംഭത്തെപ്പറ്റി ചാവറയച്ചൻ എഴുതുമ്പോൾ അതു പൂർണ്ണമായും ആദ്യത്തെ രണ്ടുപേരിലേക്ക് ഒതുക്കി നിർത്തുന്നതുപോലെയാണ് തോന്നുക. 1831 മേയ് 11-ാം തീയതിയാണല്ലോ ആശ്രമത്തിന്റെ തറക്കല്ലിട്ടത്. അതുകഴിഞ്ഞുണ്ടായ ബുദ്ധിമുട്ടേറിയ വർഷങ്ങളെ ("ഞെരിക്കിട")ക്കുറിച്ച് എഴുതുമ്പോൾ അദ്ദേഹം പറയുകയാണ്: *എന്നാൽ, ഇതിനുള്ള (മാന്നാനത്തെ പ്രയത്നങ്ങൾക്ക്) പ്രധാനികളും വേലക്കാരും മനസുകാരും എല്ലാം ഈ അച്ചന്മാരു രണ്ടും [പാലക്കൽ, പോരൂക്കര] തന്നെ* (സ.കൃ. 26).

കഥാനായകൻ ഇത്തരത്തിൽ ആ രണ്ടു പിതാക്കന്മാരെ ഉയർത്തിക്കാണിക്കുന്നതായിരിക്കും അവർ മാത്രമാണ് സ്ഥാപകരെന്ന ചിലരുടെ നിഗമനത്തിന് ഒരു കാരണം.എന്നാൽ, വേറെ പല വസ്തുതകളും പ്രമുഖരായവരുടെ സാക്ഷ്യങ്ങളും പരിഗണിച്ചാലേ ചിത്രം വ്യക്തമാകുകയുള്ളു.

(1831-ൽ സ്തബിലീനി സ്ഥാനമൊഴിഞ്ഞു. പകരം വന്ന പെഷേത്തോ മെത്രാൻ ആദ്യമൊക്കെ പിതാക്കന്മാരോട് വലിയ ലോഹ്യം കാണിച്ചില്ല. വേറെയും പല വൈഷമ്യങ്ങൾ ഇക്കാലത്തുണ്ടായിട്ടുണ്ട്.)

സ്ഥാപകനാണെന്നു കരുതാനുള്ള ന്യായങ്ങൾ

മുകളിൽ കൊടുത്തിരിക്കുന്ന ഉദ്ധരണിക്കുശേഷമാണ് തന്റെ നേരിട്ടുള്ള രംഗപ്രവേശനത്തെപ്പറ്റി ചാവറയച്ചൻ സൂചനകൾ നൽകുന്നത്. ചെറുപ്രായം മുതലേ തന്റെ മല്പാനച്ചന്റെ മനസിനു മുഴുവൻ ചേർന്നു നടക്കണമെന്നു കരുതി പ്രവർത്തിച്ചു. 1829 നവംബർ 29-ന് അർത്തുങ്കൽ വച്ച് സ്തബിലീനി മെത്രാനിൽനിന്ന് താൻ പട്ടമേറ്റു. പാലക്കൽ പോരൂക്കര പിതാക്കന്മാരുടെ ഉപദേശമനുസരിച്ച് മെത്രാനോടുകൂടി അർപ്പിച്ച ആദ്യത്തെ ദിവ്യപൂജയിൽതന്നെ മാന്നാനത്തു തുടങ്ങിയിരിക്കുന്ന സംരംഭപൂർത്തീകരണത്തിനുവേണ്ടി നിയോഗിച്ചു പ്രാർത്ഥിച്ചു. അടുത്ത ഞായറാഴ്ച (മംഗളവാർത്താ കാലം 1-ാം ഞായർ) സ്വന്തം ഇടവക ചേന്നംകരി പള്ളിയിൽ ആഘോഷമായി പൂജ അർപ്പിച്ചപ്പോഴും ഈ നിയോഗമുണ്ടായിരുന്നുവെന്നു വേണം കണക്കാക്കാൻ. അതിനുശേഷം മാർഗനിർദേശം ലഭിക്കാൻ പള്ളിപ്പുറത്തു ചെന്നു മൽപാനെ സന്ദർശിച്ചു. പിന്നെയും സ്വന്തം ഇടവകയിലേക്ക് തിരിച്ച് അവിടെ ഒരുമാസം ചെലവഴിച്ചു. അതിനിടയിൽ പുളിങ്കുന്നു സന്ദർശിക്കുകയും അവിടത്തെ തെക്കേ അങ്ങാടി കപ്പേളയിൽ ജനങ്ങൾക്കായി ഒരു ധ്യാനം നടത്തുകയും ചെയ്തു. അതിന്റെയൊക്കെ ഫലമായി ആ സ്ഥലത്തോട് ഒരു പറ്റിപ്പിടിത്തം ('പറ്റുതൽ', 'പിടുത്തം') തോന്നി. പക്ഷേ, ഈ താമസവും ചുറ്റലും മൽപാന്റെ നിർദേശങ്ങൾക്കു യോജിച്ചതല്ലായിരുന്നു എന്ന് മനസിലാക്കി.

ആയതിനാൽ ഭയപ്പെട്ടു വീണ്ടും പള്ളിപ്പുറത്തു വന്നു. ആയിടയിൽ അത്രമാത്രം ചുറ്റിയതല്ലാതെ ശേഷം ഒക്കെയും ഈ ഗതിക്കും അഭിപ്രായത്തിനും ചേർന്നവനായിട്ട് ഞാനും ഇങ്ങനെ മൂന്നാൾ അല്ലാതെ മുഴുവൻ മനസുവച്ചു സംബന്ധക്കാരേയും വീടും ഉപേക്ഷിച്ച് പാർപ്പാനും ചെലവുചെയ്യാനും ആരുമില്ല (കാണുക സം. കൃ: 26).

സ്തബിലീനി മാറി പെഷേത്തോ വികാരി അപ്പസ്തോലിക്കായി വന്ന ശേഷമുണ്ടായ ബുദ്ധിമുട്ടു കാലത്താണ് ('ഞെരിക്കിട'യിൽ) ആശ്രമത്തിനായുള്ള ചാവറയച്ചന്റെ പ്രതിബദ്ധതയും പൂർണ്ണ സമർപ്പണവും വളരെ തെളിവായി കാണാൻ കഴിയുന്നത്- അതും ചെറുപ്പത്തിന്റെ ഉത്സാഹത്തിമിർപ്പിലും ആവേശത്തിലും കൈക്കൊണ്ട സാഹസികമായ ചില കാൽവയ്പ്പുകളിൽ. പുതിയ വികാരി അപ്പസ്തോലിക്ക പെഷേത്തൊ അദ്ദേഹത്തിന്റെ മുൻഗാമിയുടെ ആശിർവാദത്തോടെ പിതാക്കന്മാർ കൈക്കൊണ്ട സംരംഭത്തോട് അത്ര താൽപര്യമില്ലാഞ്ഞിട്ടോ, ചില കുബുദ്ധികളുടെ ആവലാതികൾ കേട്ടിട്ടോ,പിതാക്കന്മാരുടെ അനുസരണഭാവം പരീക്ഷിക്കുന്നതിനോ ചില നടപടികൾ കൈക്കൊണ്ടു. അതിൽ ഒന്നാണ് ചാവറയച്ചനെ മാന്നാനത്തുനിന്നും പള്ളിപ്പുറം വികാരിയായി മാറ്റിയത്. അദ്ദേഹം ഉടനേ അനുസരിച്ചു. പക്ഷേ, വലിയ മനോവേദനയോടെയായിരുന്നു ഇത്. കാരണം താൻ മാന്നാനത്തു നിന്നു പോയാൽ അവിടത്തെ കാര്യങ്ങൾ അവതാളത്തിലാകുമെന്നറിയാമായിരുന്നു.

ഇത്തരുണത്തിൽ ഉത്തമമായ ഉദ്ദേശ്യത്തോടെ, മൂത്തവർ രണ്ടു പേരുടെയും അനുവാദത്തോടെ -അവർക്കു സംശയമുണ്ടായിരുന്നു, മാന്നാനത്തെ സംരംഭത്തെ മുടക്കാനുള്ള നീക്കമാണോ എന്ന് -ചില ചുവടുവയ്പ്പുകൾ എടുത്തു. അവയെ പെഷേത്തെ മെത്രാൻ കണ്ടത്, വിവേകശൂന്യം മാത്രമല്ല, മറുതലഭാവത്തോടുകൂടിയതുമായിട്ടാണ്. ചാവറയച്ചൻ വരാപ്പുഴ പോയി മാന്നാനത്തു നിന്നു തന്നെ മാറ്റിയതിനെക്കുറിച്ച് സങ്കടം ബോധിപ്പിച്ചു. മാന്നാനത്തു നിന്നും താൻ മാറിനിന്നാൽ അവിടത്തെ പണികൾ മുടങ്ങിപ്പോകുമെന്നതുകൊണ്ട് പള്ളിപ്പുറത്തെ നിയമനത്തിൽനിന്നും തന്നെ ഒഴിവാക്കണമെന്നഭ്യർത്ഥിച്ചു. ഇതിനു കൽപ്പന കേൾക്കണമെന്നുമാത്രം കൽപ്പിച്ചു. ചാവറയച്ചൻ വിടാതെ കാര്യങ്ങൾ വിശദീകരിച്ചു:

വീണ്ടും ഞാൻ കുറെ സങ്കടമായിട്ടെന്നപോലെ പറഞ്ഞു. അപ്പോൾ ആ മുഷ്കരത്വത്തിന്റെ അവസ്ഥപ്രകാരം തിരിഞ്ഞുകൊണ്ട് 'തന്റെ തന്നിഷ്ടം പോലെ ബോധിച്ചിടത്തു നടക്കണം. മേൽപട്ടക്കാരന്റെ ചൊൽവിളി പിടിച്ചില്ലയോ?' എന്നും കുറെ കർഷിച്ചു കൽപ്പിച്ചതിനാൽ കൽപ്പന അനുസരിച്ചു പോന്നു (സ.കൃ: 29).

വന്ദ്യനായ ചാവറ പള്ളിപ്പുറത്തെ ജോലി അങ്ങേയറ്റം വിശ്വസ്തതയോടെ നിർവഹിക്കുന്നതിനിടയിൽ മാന്നാനത്തു പോയി അവിടത്തെ കാര്യങ്ങൾ അന്വേഷിക്കുമായിരുന്നു. പള്ളിപ്പുറത്തു സഹായിക്കാൻ പാലക്കൽ മൽപാന്റെ അനന്തരവൻ വർക്കി കത്തനാരെ കിട്ടിയതുകൊണ്ട് കാര്യം എളുപ്പമായി. ഈ വൈദികൻ ഇടവകയിലെ ഒരാളെ ഒരു കുറ്റത്തിന് ഒന്നു തല്ലി. അവിവേകമായ ഈ പ്രവൃത്തി ചാവറയച്ചനു കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കി. ആവലാതികൾ വരാപ്പുഴയെത്തി. വികാരി അപ്പസ്തോലിക്കാ അദ്ദേഹത്തിന് ഒരു കൽപ്പന അയച്ചു. മെത്രാന്റെ എഴുത്താലുള്ള അനുവാദം കൂടാതെ പള്ളിപ്പുറത്തുനിന്നും എട്ടു ദിവസത്തിലധികം മാറിനിൽക്കാൻ പാടില്ലെന്ന് . വിശുദ്ധാത്മാവിന്റെ സങ്കടം വർധിച്ചു. എന്നാൽ, നിരാശനാകാതെ മുന്നോട്ടുതന്നെ പോയി. ഇതിനിടയ്ക്കു പാലയ്ക്കലച്ചൻ സെമിനാരിയിലും കൊല്ലം പ്രദേശങ്ങളിലേക്ക് സ്ഥലംമാറ്റപ്പെട്ട പോരൂക്കര അച്ചൻ അവിടെയും ഉത്തമസേവനം ചെയ്തിരുന്നതു മെത്രാനച്ചനു സന്തോഷം നല്കിയതായി തോന്നി . അതു കൊണ്ട് അദ്ദേഹത്തിന്റെ മനസുമാറിക്കാണുമെന്നു ചാവറയച്ചൻ ഊഹിച്ചു. പക്ഷേ, ഈ നിഗമനം ശരിയായിരുന്നില്ല. "എന്റെ അറിവുകേടും ചെറുപ്പവും കൊണ്ട് എന്നേ പറയാനുള്ളു" എന്ന് അദ്ദേഹം പിന്നീട് ദുഃഖിക്കുകയാണ് ചെയ്തത്.

കാര്യങ്ങൾ ശരിയാകുമെന്ന പ്രതീക്ഷയോടെ, മല്പാന്റെ അനുഗ്രഹം സ്വീകരിച്ച് വരാപ്പുഴയ്ക്ക് പുറപ്പെട്ടു. മെത്രാൻ തിരുമേനിയെക്കണ്ട് പള്ളിപ്പുറത്തെ വികാരിത്വം

മാറ്റിക്കൊടുക്കണമെന്നു വിനയപൂരസരം അപേക്ഷിച്ചു. ആദ്യം ഒരുത്തരവും കിട്ടിയില്ല. അതുകഴിഞ്ഞു നടന്ന സംഗതികൾ ചാവറയച്ചൻ വിവരിക്കുന്നു :

വീണ്ടും പൈതങ്ങളുടെ സിദ്ധാന്തം പോലെ ഞാൻ പറഞ്ഞു: "വർക്കി കത്തനാരച്ചൻ വികാരിത്വം നടത്തുവാൻ കൊള്ളാവുന്ന പട്ടക്കാരൻ ആകുന്നു. ഇതല്ലാതെ മല്പാനച്ചനു ചടപ്പാകയാലും അവിടെത്തന്നെ പഠിപ്പിക്കുന്നതിനാലും വേണ്ടിയ കാര്യങ്ങളൊക്കെയും അദ്ദേഹംതന്നെ പറഞ്ഞു നടത്തിക്കുന്നതും ആകയാൽ മനോഗുണമായിട്ട് അയാൾക്ക് വികാരിത്വം കൊടുക്കണം" എന്നും പറഞ്ഞപ്പോൾ താൻ പോകുക എന്നു കൽപ്പിച്ചാറെ ഞാൻ ക്ലേശിച്ചു. അപ്പോൾ കൽപ്പിച്ചു "താൻ ചെന്ന് അയാളെ ഇങ്ങോട്ടു പറഞ്ഞയക്കുക" എന്ന്. അപ്പോൾ ഞാൻ പറഞ്ഞതായത് "എനിക്കു ചെന്നാലുടൻ മാന്നാനത്തിനു പോകണം. അയാൾ കൂദാശയും മറ്റും അറിയുന്നവനാകുന്നു" എന്ന്. ഈ എന്റെ വകതിരിവില്ലാത്ത ഉത്തരം കേട്ടപ്പോൾ പെ.ബ. അച്ചൻ സ്വരം പുറപ്പെടുവിച്ചുകൊണ്ട് കസേരയോടുകൂടി തിരിഞ്ഞു. ഞാൻ അധികം ഭയപ്പെട്ടുപോയി. അപ്പോൾ പിതാവിനടുത്ത ഉപവിയോടുകൂടി കൽപ്പിച്ചു. "താൻ ചെറുപ്പം. ഇങ്ങനെയോ മേൽപ്പട്ടക്കാരുടെ മുൻപിൽ ഉത്തരിക്കേണ്ടത്? തന്റെ മനസുപോലെ നടക്കണം. ആ! ആ! ഇതിനോ പട്ടമേറ്റത്? ഇപ്പോൾത്തന്നെ മുടക്കുവാൻ ആവശ്യം. പോ! പോ!" എന്നുള്ള കൽപ്പന കേട്ട് ഞാൻ ഭയപ്പെട്ടു. മുട്ടുകുത്തി കൈമുത്തി ഇറങ്ങുകയും ചെയ്തു.

എന്നാൽ മിഖായേൽ [മെത്രാനച്ചന്റെ സെക്രട്ടറി മൈക്കൾ കൊറിഞ്ഞു] പാദ്രി എന്നെ മുടക്കി ഒന്നും പറയാതിരിപ്പാൻ. അതെന്തെന്നു അദ്ദേഹത്തിനു പരിചയത്താലും മറ്റും മെത്രാപ്പോലീത്താച്ചന്റെ ഭാവം പകർന്നിരിക്കുന്നുവെന്നു തിരിഞ്ഞു. എന്നാൽ, താഴെയിറങ്ങി വീണ്ടും വിചാരിച്ചപ്പോൾ അധികം ഭയപ്പെട്ടു. അതെന്തെന്നു പട്ടാങ്ങയിലെ എന്നെ മുടക്കുവാൻതക്ക ഉത്തരങ്ങളായിപ്പോയി. ഞാൻ പറഞ്ഞത് എന്റെ അറിവുകേടും കൊവേന്തയുണ്ടാകണമെന്നുള്ള താത്പര്യവുംകൊണ്ടത്രേ ഇങ്ങനെ പറയുന്നത് എന്നു നിരൂപിച്ച് അന്ന് എന്നോട് അധികം ക്ഷമിച്ചു. വീണ്ടും മറ്റ് ഓരോരുത്തർക്കുള്ള കല്പന കേൾക്കുമ്പോൾ ഒക്കെയും എന്നോടു ക്ഷമിച്ചതിനെയും എന്റെ തിരിവില്ലായ്കയും ഞാൻ വിചാരിക്കും. ഇങ്ങനെ പുറപ്പെട്ട് വീണ്ടും പള്ളിപ്പുറത്തു വന്ന് വർക്കിയച്ചനെ വരാപ്പുഴയ്ക്ക് അയച്ചാറെ മനോഗുണമായി വികാരിത്വം കൊടുക്കുകയും ചെയ്തു (സ.കൃ. 31).

ചാവറയച്ചൻ ചെയ്തത് അവിവേകമായിപ്പോയിരിക്കാം. പക്ഷേ, അദ്ദേഹത്തിന്റെ സുവിശ്വാസവും ഉത്തമ ഉദ്ദേശ്യവും വളരെ വ്യക്തമാണ്. മാന്നാനത്തെ ആശ്രമത്തേക്കുറിച്ചുള്ള തീക്ഷ്ണതയാണ് ഈ സാഹസങ്ങൾക്കൊക്കെ പ്രേരകമായത്. ഇവയിലെല്ലാം നാം കാണുന്നത് മൂത്തവർ രണ്ടുപേരും പിൻനിരയിൽ നില്ക്കുന്നതും ചാവറയച്ചൻ മുൻപിൽ പ്രവർത്തിക്കുന്നതുമാണ്. ഒരു പക്ഷേ, പാലക്കലച്ചന്റെ മരണത്തിനു മുൻപുതന്നെ അദ്ദേഹത്തിന്റെ 'സമ്പത്തിന്' കൊവേന്തയുടെ വേലയെന്ന സമ്പത്തിന് അവകാശിയായി നിയമിതനായ ചാവറയച്ചൻ നേതൃനിലയിലേക്കു നീങ്ങിത്തുടങ്ങിയെന്നും മൂത്തവർ അതിൽ സന്തോഷിച്ചുവെന്നും എന്നുള്ള ഒരു പ്രതീതിയല്ലേ നമുക്കുണ്ടാകുക? ഈ സംഭവങ്ങൾക്കുശേഷം അദ്ദേഹം എഴുതുന്നു:

അന്നുമുതൽ ഞാൻ മുഴുവനായിട്ടു കൊവേന്തക്കാരനെപ്പോലെ മാംസ സംബന്ധക്കാരിൽനിന്നും നീങ്ങിവരവും ചിലവും അവിടെത്തന്നെയെന്നു നിശ്ചയിച്ചു (സ.കൃ. 32).

ഇതിൽനിന്നെല്ലാം നമുക്ക് അനുമാനിക്കാനാവുന്നത് ചാവറയച്ചൻ സി.എം.ഐ സഭയുടെ സ്ഥാപക പിതാക്കന്മാരുടെ നിരയിൽ നില്ക്കുന്ന ആളാണെന്നാണ്. ഈ സത്യം കൂടുതൽ ഉറപ്പിക്കുവാൻ ചില പ്രമുഖ വ്യക്തികളുടെ സാക്ഷ്യങ്ങൾകൂടി ചേർത്തുകൊള്ളട്ടെ.

പ്രമുഖ വ്യക്തികളുടെ സാക്ഷ്യങ്ങൾ

അദ്ദേഹത്തിന്റെ ആത്മപിതാവും സഭയുടെ പ്രൊവിൻഷ്യൽ ഡെലഗേറ്റുമായിരുന്ന ലെയോപോൾദ് ഒ.സി.ഡി തന്റെ ഡയറിയിൽ 1871 ജനുവരി മൂന്നിന് എഴുതിവച്ചു:

തിരുക്കുടുംബത്തിന്റെ കുരിയാക്കോസ് ഏലിയാസച്ചൻ കളങ്കമറ്റ ഒരു ജീവിതം നയിച്ചശേഷം ഇന്നു ദിവംഗതനായി. മലബാറിലെ [കർമ്മലീത്താ] സഭയുടെ സ്ഥാപകനും ആദ്യ പ്രിയോരുമായ ഇദ്ദേഹം സന്ന്യാസിനികൾക്കായി ഒരു മഠവും സ്ഥാപിച്ചു.

ആ ആണ്ടിൽത്തന്നെ ലെയോപോൾദച്ചൻ മലയാളത്തിൽ ചാവറയച്ചന്റെ ഒരു ലഘു ജീവചരിത്രവും എഴുതുകയുണ്ടായി. അതിൽ അദ്ദേഹം പറയുന്നു: തോമസ് പാലക്കൽ, തോമസ് പോരൂക്കര 'നമ്മുടെ കുരിയാക്കോസ് ചാവറ' അച്ചന്മാർ ഒരു ആശ്രമം തുടങ്ങാൻ നിശ്ചയിച്ചു (Vithuvattical: 7). അദ്ദേഹംതന്നെ കർമ്മലീത്താ ജനറാളിന് 1870- ലാണെന്നു തോന്നുന്നു, ഒരു റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.അതിലും ഈ ആശയംതന്നെ സൂചിപ്പിക്കുന്നുണ്ട് (Positio : 1896).

ചാവറയച്ചന്റെ പിൻഗാമി,രണ്ടാമത്തെ പൊതുപ്രിയോരായിരുന്ന പോരൂക്കര കുറിയാക്കോസ് ഏലീശാച്ചൻ എഴുതുന്നു:

[മലയാളത്തിൽ പുത്തനായി സ്ഥാപിച്ച് കർമ്മലീത്താ നിഷപാദുക മൂന്നാം സഭയുടെ അടിസ്ഥാനക്കാരനും ഒന്നാമത്തെ പ്രിയോരും മലയാളത്തിന്റെ മൽപാനും വികാരി ജനറാളും ആയ കുറിയാക്കോസ് ഏലിയ... എന്ന ഞങ്ങളുടെ പിതാവ്... (പോരൂക്കര: 31).]

ചാവറയച്ചൻ തനിച്ച് ഉത്തരവാദിത്വം ഏല്ക്കുന്നു

നേരത്തേ സൂചിപ്പിച്ചതുപോലെ രണ്ടു പിതാക്കന്മാരുടെ ദേഹവിയോഗത്തിനു മുൻപുതന്നെ ചാവറയച്ചൻ പലതിനും നേതൃത്വം നല്കിത്തുടങ്ങി. എന്നാൽ, പോരൂക്കരയുടെ മരണശേഷം നേതൃത്വത്തിന്റെ ഭാരം മുഴുവൻ അദ്ദേഹത്തിന്റെ ചുമലിലായി. ഇതിനെക്കുറിച്ച് കുറിയാക്കോസ് പോരൂക്കര ചാവറയച്ചന്റെ സംക്ഷിപ്ത ജീവചരിത്രത്തിൽ എഴുതുന്നു:

ഇതിനിടയിൽ ഞങ്ങളുടെ ഒന്നാമത്തെ ശ്രേഷ്ഠനും ക.നി.മൂ. സഭയുടെ ഒന്നാമത്തെ സ്ഥാപകനുമായ പാലക്കൽ തോമ്മാ മല്പാനച്ചൻ 1841-ാം കാലം മകരം 16-ാംതീയതിയും രണ്ടാമത്തെ ശ്രേഷ്ഠനും സ്ഥാപകനുമായ പോരൂക്കര തോമ്മാ മല്പാനച്ചൻ 1846-ാം കാലം മകരം 8-ാംതീയതിയും തുടങ്ങിയ വേലകളുടെ പൂർണതകൾ കാൺമാൻ ഇടവരാതെ, ചെയ്ത വേലകളുടെ സമ്മാനം കൈക്കൊള്ളുന്നതിനായി ദൈവത്തിന്റെ പക്കൽ പോയി. ഇവരിരുവരും പ്രിയോരച്ചനെ [ചാവറയച്ചനെ] എല്ലാം ഏല്പിച്ചുകൊണ്ടത്രെ മരിച്ചത്... ഈ വന്ദ്യപിതാക്കളുടെ മരണത്താലും ആരംഭിച്ചു നടത്തിവന്നിരുന്ന ഭാരപ്പെട്ട ഈ ചുമട് തന്റെമേൽ വന്നിരുന്നതിനാലും എത്രയും വ്യാകുലപ്പെട്ടു. എങ്കിലും തന്റെ ഏറ്റിക്കപ്പെട്ട എളിമയാൽ ദൈവത്തിന്മേലും, മാതാവിന്റെയും യൗസേപ്പുപിതാവിന്റെയും മദ്ധ്യസ്ഥത്തിന്മേലും ഉറച്ചുകൊണ്ട് സ്വാഭാവികമായി തനിക്കുണ്ടായിരുന്ന സാധുഗുണത്തോടുകൂടെ തന്റെ മുന്നോരുടെ പിന്നടിയിൽ അവരുടെ ചുമടുകൊണ്ടു നടപ്പാൻ തുടങ്ങി... (പോരൂക്കര: 34).

ചാവറയച്ചൻ തനിച്ചു നിർവഹിച്ച കാര്യങ്ങൾ കുറിയാ

ക്കോസച്ചൻ തന്നെ വിവരിക്കുന്നുണ്ട്: ജനസമ്മതവും ആരോഗ്യവുമുള്ള അംഗങ്ങളുടെ സംഖ്യ വർദ്ധിച്ചു. അവർ എല്ലായിടത്തും പോയി ധ്യാനങ്ങൾ നടത്തുകയും പ്രസംഗിക്കുകയും ചെയ്തിരുന്നതുകൊണ്ട് എവിടെയും ഒരു ആദ്ധ്യാത്മിക ഉണർവു വന്നു. ആശ്രമപണിക്ക് ധാരാളം ധർമ്മം ലഭിച്ചു. 1855-ൽ നിയമാവലി സമൂഹത്തിനു ലഭിച്ചു. അതനുസരിച്ച് ചാവറയച്ചനും മറ്റു പത്ത് അംഗങ്ങളും 1855 ഡിസംബർ എട്ടിനു അമലോത്ഭവ മാതാവിന്റെ തിരുനാൾദിവസം സന്യാസവ്രതങ്ങൾ എടുത്തു. ചാവറയച്ചൻ പൊതുപ്രിയോരായി നിയമിതനായി. അങ്ങനെ 1831-ൽ തുടങ്ങിയ സംരംഭം ഇരുപത്തിനാലാം വർഷം പൂർത്തിയായി. അതിനുശേഷം ദൈവഭവനമായ ആശ്രമത്തിൽ നല്ല ശിക്ഷണവും നിയമങ്ങളുടെ സൂക്ഷ്മമായ അനുവർത്തനവും എളിമ, അനുസരണം എന്ന പുണ്യങ്ങളുടെ അഭ്യസനവും നന്നായി നടന്നു. അംഗങ്ങൾ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ഊന്നിയ സുകൃതജീവിതത്തിന്റെ ഉച്ചിയിൽ വ്യാപരിക്കയും ഉത്തമമാതൃക കൊണ്ടും ഉപദേശങ്ങളാലും മറ്റുള്ളവർക്ക് പുണ്യവഴിയിൽ നടക്കാൻ പ്രോത്സാഹനം നല്കുകയും ചെയ്ത് എല്ലാവരെയും പ്രബുദ്ധരാക്കി. ചാവറയച്ചന്റെ നിര്യാണത്തിനു മുമ്പുതന്നെ അഞ്ചു പുതിയ ആശ്രമങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. റോക്കോസിന്റെ വിഭജന ഉദ്യമത്തെ പരാജയപ്പെടുത്തി സുറിയാനിക്കാരുടെ വികാരി ജനറാളായും മറ്റു പലവിധത്തിലും കേരളസഭയ്ക്ക് ആകമാനം വലിയ സേവനങ്ങൾ അദ്ദേഹം കാഴ്ചവച്ചു.

സമാപനം

ഇക്കാര്യങ്ങളെല്ലാം പരിഗണിക്കുമ്പോൾ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ സി.എം.ഐ സഭയുടെ സ്ഥാപകത്രയത്തിൽ ഒരാളാണെന്നുള്ളതിനു സംശയം അവശേഷിക്കുന്നില്ല. അദ്ദേഹത്തിന്റെ നാമകരണാർഥം രൂപീകൃതമായ ചരിത്ര കമ്മീഷന്റെ അദ്ധ്യക്ഷൻ മോൺ. കുര്യൻ വഞ്ചിപ്പുര ഇതെല്ലാം അനുസ്മരിച്ചുകൊണ്ടു പ്രസ്താവിക്കുന്നത്, ചാവറയച്ചൻ സി.എം.ഐ സ്ഥാപകൻ എന്ന പദവിക്ക് പ്രത്യേക വിധത്തിൽ അർഹനാണെന്നാണ്. വാഴ്ത്തപ്പെട്ടവന്റെ ഒരു നല്ല ജീവചരിത്രം ഇംഗ്ലീഷിൽ എഴുതിയിട്ടുള്ള പ്രഫ. കെ. സി. ചാക്കോ സാക്ഷിക്കുന്നത്: "ചാവറയെ ഞാൻ മനസ്സിലാക്കിയിരിക്കുന്നത് സി.എം.ഐ സഭയുടെ സ്ഥാപകരിൽ പ്രമുഖനായിട്ടാണ് ." (Positio: 102, 625). പാലക്കൽ, പോരൂക്കര പിതാക്കന്മാരുടെ മരണശേഷം ചാവറയച്ചൻ നിർവഹിച്ച കാര്യങ്ങൾ കണക്കിലെടുത്ത് അഭിവന്ദ്യ ജയിംസ് കാളാശേരി മെത്രാനച്ചൻ 1939-ൽ കുറിച്ചിട്ടുള്ള വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം ഉപസംഹരിക്കാം:

ഇനി കേരള സുറിയാനി കർമ്മലീത്താ സഭയുടെ സ്ഥാപകൻ കുര്യാക്കോസ് ഏലിയാസച്ചനാണെന്നു പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലോ... (വലേരിയൻ: ii).

സൂചിത ഗ്രന്ഥങ്ങൾ

- *The Carmelite Congregation of Malabar,* Trichinopoly: 1932.
- *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ,* വാല്യം 1, മാന്നാനം: 1981 (സ. കൃ.)
- *അമലോത്ഭവ കന്യകാ മറിയത്തിന്റെ കർമ്മല സഭ: നിയമാവലി & ഡയറക്ടറി,* എറണാകുളം: 1984.
- Lucas Vithuvattical CMI, ed., *A Short Biography of Blessed Kuriakose Chavara,* by Fr. Leopold Beccaro of St. Joseph O.C.D., Mannanam: 2003
- A. Mathias Mundadan CMI, *History and Beyond.* Aluva: 1997.
- പോരൂക്കര കുറിയാക്കോസ് ഏലീശ, *പോരൂക്കര പെ.ബ. തോമ്മാ മല്പാനച്ചന്റെ ചരിത്രം, ചാവറ പെ.ബ. കുറിയാക്കോസ് മല്പാനച്ചന്റെ ചരിത്രം, മലയാളത്തിലെ ക.നി.മൂ. സഭയുടെ സ്ഥാപക പിതാക്കന്മാർ,* (മാന്നാനം 1905). പുനഃപ്രസിദ്ധീകരണം, എറണാകുളം:1989, PP 19-40.
- *Positio Super Introductione Causae et super Virtutibas* (Cyriaci Eliae Chavara)", Vatican: 1977.
- വലേരിയൻ, സി.ഡി., *മലങ്കര സഭാ മാതാവിന്റെ ഒരു വീര സന്താനം,* മാന്നാനം: 1939 (Reprint ,1963).



മാന്നാനം പള്ളിയിൽ ചാവറയച്ചന്റെ ഞായറാഴ്ച പ്രസംഗം - രാമചന്ദ്രൻ മാസ്റ്ററുടെ ഭാവനയിൽ



ഡോ. തോമസ് കാടൻകാവിൽ സി.എം.ഐ

ഉയരത്തിലെ വീട്: സിദ്ധിയും സിദ്ധാന്തവും

വാഴ്ത്തപ്പെട്ട ചാവറയുടെ പ്രത്യേക സിദ്ധിയും അതിന്റെ പിന്നാമ്പുറത്തെ ചിന്താധാരയും ഇതിനകം പല വട്ടം പലരും ചർച്ച ചെയ്തിട്ടുള്ളതാണ്. എത്ര വ്യാഖ്യാനിച്ചാലും തീരാത്തതും പുതുമ നശിക്കാത്തതുമായ മാനങ്ങൾ അതിനുണ്ടെന്ന ചിന്തയാണ് വീണ്ടും അതിന്മേൽ സ്പർശിക്കുവാൻ പ്രേരണ നൽകുന്നത്.

ഉയരത്തിലെ വീട് (സുറിയാനിയിൽ ബേസ്= വീട്, റൗമ്മ=ഉയരത്തിൽ) നാട്ടുഭാഷയിൽ പറഞ്ഞാൽ കുന്നും പുറത്തെ വീട്, കാറ്റും വെളിച്ചവും ധാരാളം ലഭിക്കുന്ന ഭവനം തന്നെയായിരിക്കും. വചനത്തിന്റെ വെളിച്ചവും ദൈവാരൂപിയെ ആവാഹിക്കുന്ന മന്ദമാരുതനുമാണ് ഈ കാറ്റും വെളിച്ചവുമെന്ന തിരിച്ചറിവ് ഒരുപക്ഷേ നമ്മിൽ പലർക്കും ഉണ്ടായിരിക്കണമെന്നില്ല. എന്നാൽ മാന്നാനം കുന്നിൻപുറത്തുയർത്തിയ ആശ്രമം 'ദർശന' വീടായിരുന്നു. അത് കേരളസഭയിലെ ഒരു രണ്ടാം പന്തക്കോസ്താ യുടെ തുടക്കം കുറിച്ചു. "ദൈവം അരുളിച്ചെയ്യുന്നു: അവസാന നാളുകളിൽ ഇങ്ങനെ സംഭവിക്കും. എന്റെ ആത്മാവിനെ ഞാൻ എല്ലാ മനുഷ്യരുടെയും മേൽ വർഷിക്കും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും. നിങ്ങളുടെ യുവാക്കൾക്ക് ദർശനമുണ്ടാകും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നം കാണും. ആ നാളുകളിൽ എന്റെ ദാസന്മാരുടെയും, ദാസിമാരുടെയും മേൽ എന്റെ ആത്മാവിനെ വർഷിക്കും. അവർ പ്രവചിക്കും. മുകളിൽ ആകാശത്ത് അദ്ഭുതങ്ങളും താഴെ ഭൂമിയിൽ അടയാളങ്ങളും ഞാൻ കാണിക്കും"(Joel 2: 28-32 Acts 2:17-19).

ഉന്നത ശൃംഗങ്ങളുടെ ശിഖരങ്ങൾ കീഴടക്കുമ്പോൾ ചിലരവിടെ അവരുടെ വിജയക്കൊടി നാട്ടുന്നു. മറ്റു ചിലരവിടെ ദേവാലയങ്ങൾ ഉയർത്തുന്നു. ഉന്നതങ്ങളിലേക്ക് കയറിപ്പോകുന്തോറും ഈശ്വരനിലേക്ക് അടുക്കുന്നു എന്ന കവിഭാവനയും മിസ്റ്റിക്കൽ അനുഭവവും മനുഷ്യമനസിന്റെ കൂടപ്പിറപ്പാണ്. മലയാറ്റൂരിലും ശബരിമലയിലും മനുഷ്യൻ മലകയറുന്നെങ്കിലും വിശ്വാസിക്ക് അത് ദൈവാരോഹണമാണ്. കർമലമലകയറ്റം (Ascent of Mount Carmel) ഒരു ആത്മീയപാതയായി തെളിഞ്ഞുവന്നപ്പോൾ 'ദർശന' വീടിനു പിന്നിൽ ഒരു സിദ്ധാന്തവും രൂപപ്പെട്ടു. ദൈവികതയുടെ അടയാളങ്ങളും ആവിഷ്കാരങ്ങളും സാർവത്രികമായി കാണാൻ തുറന്നിരിക്കുന്ന ഭാരതീയ മനസിന്റെ തന്നെ ഒരു തനിരൂപമായിരുന്നു ചാവറ. താൻ നേതൃത്വം കൊടുത്തു സ്ഥാപിച്ച ആശ്രമവും അതിലെ നിവാസികളും, എല്ലാ മനുഷ്യരുടെമേലും ദൈവാത്മാവ് സമൃദ്ധമായി വർഷിക്കപ്പെടാനും, അങ്ങനെ ഏവരും സത്യത്തിന്റെ പ്രവാചകരാകാനും നിമിത്തമായി തീരണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. നാടിന്റെയും നാട്ടുകാരുടെയും നന്മയ്ക്കുതകുന്ന ദർശനങ്ങൾ കാണുന്ന യുവാക്കളും, ആവിഷ്കരിക്കപ്പെട്ടുകൊണ്ടിരിക്കേണ്ട അരൂപിയുടെ വിപ്ലവത്തെ സ്വപ്നം കാണുന്ന തപോവൃദ്ധരും ഉള്ള ഒരു നാടായിത്തീരണം ഈ നാടെന്നായിരുന്നു ചാവറയുടെ സ്വപ്നം.

സാദ്ധ്യമായതും സാധ്യമാക്കേണ്ടതുമായവയെക്കുറിച്ച് സ്വപ്നം കാണാനുള്ള കഴിവു ക്ഷയിക്കുമ്പോൾ ദൈവത്തിന്റെ സൃഷ്ടികർമത്തിൽ സഹകാരിണിയാകാൻ ആത്മാവിൽ നിറച്ചിരിക്കുന്ന ദൈവികതയും ചരമമടയുന്നു. നേടി എടുക്കേണ്ടവയെക്കുറിച്ചുള്ള സ്വപ്നങ്ങളാണ് ആത്മാവിന്റെ ഊർജസ്രോതസ്. ചാവറ അരൂപിയുടെ മേലൊപ്പുള്ള മനുഷ്യനായിരുന്നു എന്ന് അദ്ദേഹത്തോടു സഹവസിച്ചവരും സഹചരിച്ചവരും സാക്ഷ്യപ്പെടുത്തുമ്പോൾ അദ്ദേഹം അരൂപിയാൽ സർവാഭിഷിക്തനായിരുന്നു എന്ന് അദ്ദേഹം കൈവെച്ച തുറകളുടെ ചരിത്രവികാസം തന്നെ ഇന്നു സാക്ഷ്യപ്പെടുത്തുന്നു. ദൈവത്തിന്റെ നാമത്തിലെത്തുന്ന നമ്മുടെ ഇടയിലെ പരിവ്രാജകരേയും അവധൂതരേയും നമ്മൾ ദൈവികമനുഷ്യരായി കാണുന്നു. മാന്നാനത്തെ 'ബേസ് റൗമ്മ' ദർശന വീടു മാത്രമായിരുന്നില്ല, അതു തപസ്ഭവനവും കൂടിയായിരുന്നു. തപസിരുന്നിട്ട് കർമയോഗത്തിലേക്ക് ഇറങ്ങുന്ന ചാവറ നൂറ്റാണ്ടുകളുടെ സൽക്കർമഫലം തന്നെയാണ്. അദ്ദേഹത്തിന്റെ ജനനത്തെക്കുറിച്ചു പറഞ്ഞാൽ നാരദഭക്തിസൂത്രത്തിലെ ദൈവിക മനുഷ്യരുടെ അവതരണത്തെക്കുറിച്ചുള്ള പരാമർശം സാർഥകമാണെന്നു പറയാം: മോദന്തേ പിരാരോ, നൃത്യന്തിദേവതാ: സനാഥാചേയം ഭൂർഭവതി- പൂർവപിതാക്കൾ സന്തോഷിക്കുന്നു. ദേവദൂതർ നൃത്തം ചെയ്യുന്നു. ഭൂമി സനാഥയായി തീരുകയും ചെയ്തിരിക്കുന്നു.

1805 ഫെബ്രുവരി 10-ന് ജനിച്ച ചാവറയുടെ രണ്ടാം ജന്മശതാബ്ദിയുടെ പടിവാതിലിൽ ഇന്നു നാം എത്തിനിൽക്കുന്നു. ആ ജനനത്തിൽ സന്തോഷിക്കുന്ന മൺമറഞ്ഞു പോയ പൂർവപിതാക്കളും, അതിനു സാക്ഷ്യം നിന്നു സന്തോഷാധിക്യത്താൽ നൃത്തം ചെയ്ത മാലാഖമാരും ഇന്ന് ഭൂമിയിൽ അദ്ദേഹത്തിന്റെ ജന്മദിനാനുസ്മരണം ഒരുക്കുന്ന നമ്മുടെ ഇടയിൽ അദ്ദേഹം ഒരു നവനേതൃത്വഭാവമായി അവതരിക്കട്ടെ എന്ന് ആശംസിക്കുന്നുണ്ടാകും.

ചാവറയുടെ സിദ്ധിയുടെയും സിദ്ധാന്തത്തിന്റെയും

കാതൽ ഒരു ഇരുമുഖപ്രമമാണെന്നു പറയാം. അത് ദൈവ സാന്നിധ്യത്തിലേയ്ക്ക്, ഔന്നത്യങ്ങളെ എത്തിപ്പിടിക്കാൻ ഉയർന്നു നിൽക്കുന്ന മലപോലെ, ജ്വാലയായി ഉയർന്ന്, സ്നേഹാരൂപിയുടെ കാറ്റിൽ സഹോദരങ്ങളിലേയ്ക്ക് സേവനമായി കടന്നുചെല്ലുന്ന കർമോത്സുകതയാണ്. ദൈവാനുഭവത്തിന്റെയും ക്രിസ്തുദർശനത്തിന്റെയും ഏഴാം നിലയിൽ എത്തിയിട്ട്, അവിടെ ആ താബോറിൽ (LK 9:33) തങ്ങാനല്ല കർമപാതയിലേയ്ക്ക് ഇറങ്ങാനാണ് അദ്ദേഹം ഉത്സാഹിച്ചത്. കർമലമലകയറ്റവും രാമദർശനവും ഈശ്വരാനുഭവത്തിനുള്ള സാധനയെ സമാന ചിന്താധാരയിലൂടെ അവതരിപ്പിക്കുന്നുണ്ട്. ആദിനാഥ് എന്ന മറാഠി കവിയുടെ ഭാവാർഥരാമായണത്തിൽ ശ്രവണം, സാധന, നിത്യാനിത്യജ്ഞാനം, മനനം, നിധിധ്യാസനം, പൂർണപരിത്യാഗം എന്നീ പടികൾ കടന്ന് ഭക്തൻ ഏഴാം സ്വർഗമായ സാക്ഷാൽക്കാരം പ്രാപിക്കുന്നുവെന്നു പറയുന്നു. ഭാരതീയ ആദ്ധ്യാത്മികതയുടെ ഈ ഘടനാ വിശേഷണത്തിന് ലേശവും കോട്ടം വരുത്താതെ അത്, കർമലയിലേയ്ക്കുള്ള ആത്മീയപാതയിലൂടെ തന്നെ, ദൈവാനുഭവത്തിന്റെ തീർഥത്തിലെത്താൻ ചാവറ സ്വന്തമാക്കി. ഋഷിഭാവനായ ചാവറയിൽ പൗരസ്ത്യവും പാശ്ചാത്യവുമായ രണ്ട് ആത്മീയപാതകൾ മനോജ്ഞമായി, പരസ്പരം സമ്പന്നമാക്കിക്കൊണ്ട് സമ്മേളിക്കുന്നതുകാണാം.

ചാവറയുടെ ദർശനത്തിന്റെ രണ്ടാംഘട്ടം ദൈവാനുഭവത്തിന്റെ ബോധിവൃക്ഷച്ചോട്ടിൽനിന്നും ബോധിസത്വയുടെ ലോകോപകാരപ്രവർത്തനങ്ങളിലേക്കുള്ള നീക്കമാണ്, സർവപ്രാണികളുടെയും സമഗ്രവിമോചനത്തിനായുള്ള കർമപദ്ധതിയാണ്. ചാവറയുടെ ഏറ്റം ഉന്നംവച്ചുള്ള കർമക്ഷേത്രം കുടുംബങ്ങൾ തന്നെയായിരുന്നു.

കുടുംബങ്ങളെ സംബന്ധിച്ചുള്ള ശാസ്ത്രീയ പഠനങ്ങൾ കാണിക്കുന്നത് ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ കുടുംബങ്ങളുടെ ഭദ്രത വളരെയേറെ ദുർബലമായിട്ടുണ്ടെന്നാണ്. ഇന്നു നാം നിത്യഏകാകികളേയും, ഒരേ വർഗവിവാഹിതരേയും, വിവാഹം കൂടാതെ തന്നെ സഹവസിക്കാൻ ഒരുമ്പെടുന്ന സ്ത്രീപുരുഷന്മാരെയും അത്ര വിരളമല്ലാതെ തന്നെ കണ്ടുമുട്ടുന്നുണ്ട്. ഇതു കാണിക്കുന്നത് മനുഷ്യൻ ഇന്നുണ്ടാക്കുന്ന കുടുംബങ്ങൾക്ക് അവയുടെ കർത്തവ്യബോധവും കെട്ടുറപ്പും നഷ്ടമായിക്കൊണ്ടിരിക്കയാണെന്നാണ്. കെട്ടുറപ്പുള്ള കുടുംബം ഒരു സാംസ്കാരിക മൂല്യമാണെന്ന ധാരണ തളർന്നാൽ കുടുംബത്തിനു വേണ്ടി അദ്ധ്വാനവും, സമയവും, സമ്പത്തും ബലികഴിക്കാൻ സമൂഹത്തിൽനിന്നും കിട്ടേണ്ട പിൻബലവും പ്രചോദനവും വ്യക്തികൾക്കു നഷ്ടമാകും. ഇത് ഒരുവന്റെ സ്വാധീനതയിലുള്ളതെല്ലാം സ്വയംതൃപ്തിക്കും സ്വന്തം വളർച്ചയ്ക്കുമായി മാത്രം ഉപയോഗിക്കുവാൻ വ്യക്തികളെ പ്രേരിപ്പിക്കുന്ന ഒരു സ്ഥിതിവിശേഷത്തിലേയ്ക്ക് നമ്മുടെ സമൂഹത്തെ നയിക്കും. മൂല്യഭദ്രമായ കുടുംബങ്ങളുടെ അഭാവത്തിൽ മൂല്യച്യുതി കൊടികുത്തിവാഴുന്ന ഒരു സമൂഹാന്തരീക്ഷത്തിലേക്കായിരിക്കും നാം വഴുതി വീഴുക.

സ്നേഹത്തിന്റെ രാസയോഗത്തിൽ ഒന്നായി തീരേണ്ട കുടുംബങ്ങൾക്കു മാതൃക ചാവറയുടെ കാഴ്ചപ്പാടിൽ നസ്രത്തിലെ യേശുവിന്റെ കൊച്ചു കുടുംബമായിരുന്നു. പരസ്പരവിശ്വാസത്തിന്റെയും, സ്നേഹത്തിന്റെയും അനുസരണത്തിന്റെയും വിളനിലമായ കുടുംബങ്ങളിൽ നിന്നേ സർവലോകത്തിനും നന്മ ഭവിക്കാനുള്ള വിശാലമായ കർമപദ്ധതികൾ ഉരുത്തിരിയൂ. കുടുംബത്തിലെ കലഹമാണ് സമൂഹത്തിലേയ്ക്ക് ആക്രമണവാസനയായി കവിഞ്ഞൊഴുകുക. ഒരു സാമൂഹ്യ പരിഷ്കർത്താവിന്റെ ക്രാന്തദൃഷ്ടിയോടെ ചാവറ മനുഷ്യകുടുംബങ്ങളിലാണ് ശ്രദ്ധിച്ചത്. അദ്ദേഹം തന്റെ മരണപത്രത്തിൽ കുടുംബത്തെക്കുറിച്ചെഴുതി: "സ്നേഹത്തിന്റെ ബന്ധത്തിൽ, രക്തത്താലോ, കെട്ടുബന്ധത്താലോ ഒന്നാക്കപ്പെട്ട ഏതാനും ആളുകളുടെ സമൂഹമാണ് കുടുംബം." ഈ കുടുംബത്തിന്റെ നിർവചനത്തിൽ മർമസ്ഥാനത്ത് നിൽക്കുന്നത് സ്നേഹബന്ധമാണ്. ഇത് ശിഥിലമായാൽ കുടുംബത്തിന് പിന്നെ നില നിൽപ്പില്ല. ശ്രീരാമനെ അദ്ദേഹത്തിന്റെ പിതാവിനോടുള്ള സ്നേഹാദരവുകളിൽ നിന്നും പിൻതിരിപ്പിക്കാൻ രാമായണത്തിൽ ജാബലി എന്ന യുക്തിവാദി അപ്പൻ, അമ്മ, സഹോദരീ സഹോദരങ്ങൾ, രക്തബന്ധം, വിവാഹബന്ധം ഇവയുടെ എല്ലാം പവിത്രത വെറും മാനുഷിക സങ്കൽപ്പങ്ങളാണെന്നും, പിതാവിനോടു ചെയ്ത ഒരു വാഗ്ദാനത്തിന്റെ വെളിച്ചത്തിൽ ഒരു വ്യാഴവട്ടത്തിലേറെ രാജ്യഭരണ ചുമതല മറ്റൊരാളെ ഏല്പിച്ചിരിക്കുന്നത് വിഡ്ഢിത്തമാണെന്നും വാദിക്കുന്നുണ്ട്. ഈ വാദമുഖം ഇന്നത്തെ കച്ചവടമനസ്ഥിതിയുടെ പേരിൽ അംഗീകരിച്ചാൽ നമ്മുടെ ഇടയിലെ സകല വിശുദ്ധബന്ധങ്ങളും ശിഥിലമാകും, നമ്മൾ സംസ്കാരത്തിന്റെ ആദ്യനാളുകളിൽ തന്നെ തിരിച്ചെത്തുകയും ചെയ്യും.


'വിശുദ്ധകുടുംബം' എന്നത് ചാവറ തന്റെ രണ്ടാം പേരായി സ്വീകരിച്ചു. സ്വന്തം ആദർശങ്ങളുടെ ചുരുക്കെഴുത്തായി സ്വന്തനാമത്തിൽ തന്നെ അദ്ദേഹം അത് ഉൾപ്രവേശിപ്പിച്ചു. കുടുംബങ്ങളെല്ലാം വിശുദ്ധമായി തീരണമെന്ന ഉന്നതാദർശമാണ് ചാവറ നമുക്കു തരുന്ന തറവാട്ടു സ്വത്ത്. ഒരു മനുഷ്യന്റെ ജനനത്തിന്റെ ആദ്യവിനാഴിക മുതൽ അന്ത്യയാത്രയാകുന്ന ഘട്ടംവരെയുള്ള എല്ലാ നിമിഷവും ചാവറയുടെ ശ്രദ്ധയിൽ ഉണ്ടായിരുന്നു. വിദ്യാസമ്പന്നരും സംസ്കൃതചിത്തരുമായ കുടുംബിനികളാണ് ഭവനങ്ങളുടെ ഭദ്രദീപം എന്ന ഉൾക്കാഴ്ചയോടെ കൂനമ്മാവിൽ ആരംഭിച്ച ആദ്യ കന്യാസ്ത്രീമഠത്തോടനുബന്ധിച്ച് (1866) പെൺകുട്ടികൾക്കായും ഒരു ബോർഡിംഗ് തുറക്കുന്നുണ്ട്.

1869-ൽ എഴുതിയ നല്ല അപ്പന്റെ ചാവരുൾ എന്ന പേരിൽ അറിയപ്പെടുന്ന അദ്ദേഹത്തിന്റെ മരണലിഖിതം, പിൽക്കാലത്ത് കേരളത്തിലെ സമസ്ത ക്രൈസ്തവകുടുംബങ്ങളിലും രൂപപ്പെട്ട ആചാരമര്യാദകളുടെ സംക്ഷിപ്തരൂപമായിരുന്നു. പരസ്പര സ്നേഹം, വിനയം, മിതവ്യയം, പരിശ്രമശീലം, നീതി, ക്ഷമ, വ്യവഹാരങ്ങളിൽനിന്നും ഒഴിഞ്ഞുനിൽക്കൽ, ദൈവഭയം തുടങ്ങിയ സുകൃതങ്ങളുടെ അഭ്യാസം അദ്ദേഹം നിർദേശിക്കുന്നു. ഈ സന്ദേശത്തിൽ ഒരു മന:ശാസ്ത്രജ്ഞന്റെ ഉൾക്കാഴ്ചയോടെ മക്കളെ വളർത്തേണ്ട രീതിയും വിവരിക്കുന്നു.

കരുണാർദ്രമായ ഒരു ഹൃദയത്തിന്റെ ഉടമയായിരുന്നു ഈ ആത്മീയഗുരു. 1843-ൽ സ്ഥാപിച്ച കൊൺഫ്രറ്റേർനിറ്റിയുടെ അംഗങ്ങൾക്ക് തിരുക്കുടുംബത്തിന്റെ സംരക്ഷണത്തിന് സ്വയം സമർപ്പിക്കുവാനും, തിരുക്കുടുംബ നായകനായ യൗസേപ്പിന്റെ തിരുനാൾ ദിനത്തിൽ അയൽവക്കത്തുള്ള ഒരു സാധു കുടുംബത്തെ സ്വന്തം ഭവനത്തിൽ പന്തിഭോജനത്തിന് വിളിക്കുവാനും ഉള്ള പ്രത്യേക ചുമതലകളാണുണ്ടായിരുന്നത്. രോഗികളോടും അനാഥരോടും കാരുണ്യം കാണിക്കുവാൻ അഗതികളുടെ ഒരു ഉപവിശാലതുറക്കുവാനും ബന്ധുക്കളോടുള്ള സ്വാതന്ത്ര്യത്തോടെ സ്വന്തം ഇടവകക്കാരെ ചുമതലപ്പെടുത്തുന്നുണ്ട്.

ചാവറയുടെ വ്യക്തിത്വത്തിന്റെ ഉള്ളറകളിലേക്ക് വെളിച്ചം വീശുന്ന ചില സന്ദർഭങ്ങളിലൂടെയാണ് ഈ പരാമർശം കടന്നുപോയത്.

അദ്ദേഹത്തിന്റെ സിദ്ധിയും സിദ്ധാന്തവും ദൈവത്തിലേക്കും മനുഷ്യനിലേക്കും ഒപ്പം തിരിഞ്ഞിരുന്ന ദ്വിവിധ സ്നേഹമായിരുന്നു. ഈ സ്നേഹയാഗത്തിലെ അനുസ്യൂത അർപ്പണങ്ങളായിരുന്നു ആ ദൈവിക മനുഷ്യന്റെ കർമങ്ങളത്രയും.



ഡോ. തോമസ് മാമ്പ്ര സി.എം.ഐ


ചാവറയച്ചൻ: വിശ്വാസസംരക്ഷകൻ

ആമുഖം

പത്തൊൻപതാം ശതാബ്ദത്തിലെ കേരളസഭാചരിത്രം സി.എം.ഐ സഭയുടെയും വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെയും ചരിത്രത്തോടും പ്രവർത്തനങ്ങളോടും അഭേദ്യം ബന്ധപ്പെട്ടതാണ്. ചാവറയച്ചനെ സഭയുടെ 'വിശ്വാസസംരക്ഷകനായി' ദർശിക്കുന്നതിന്റെ സാംഗത്യം വ്യക്തമാക്കുവാൻ ചില പ്രധാന ഘടകങ്ങൾ അവശ്യം അനുസ്മരിക്കേണ്ടതുണ്ട്. 1. കേരളസഭയും കൽദായ സുറിയാനി സഭയുമായുള്ള സുദീർഘമായ ബന്ധം. 2. കൊളോണിയൽ 'പദ്രാവാദോ' വ്യവസ്ഥയിൽ ലത്തീൻ സഭാധികാരികളും വിദേശ രാഷ്ട്രീയാധികാരവും ഏതദ്ദേശീയ ജനതകളുടെയും സഭകളുടെയുംമേൽ നടത്തിയിരുന്ന അധീശത്വം. 3. 'തോമ്മയുടെ നിയമം' അനുസരിക്കുന്ന കേരളത്തിലെ പൗരസ്ത്യസഭയ്ക്ക് സ്വന്തറീത്തിൽനിന്നും ജാതിയിൽ നിന്നും മേലധ്യക്ഷന്മാരെ ലഭിക്കണമെന്നുള്ള അദമ്യമായ അഭിലാഷം. 4. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ വിശാലമായ സഭാവിജ്ഞാനീയവും ആഴമേറിയ ആധ്യാത്മീകതയും. സമഗ്രഗവേഷണ പഠനാർഹമായ ഈ വിഷയം ലേഖനപരിധിയിൽ നിന്നുകൊണ്ട് സംക്ഷിപ്തമായി പ്രതിപാദിക്കാം.

കേരളസഭയും കൽദായ സുറിയാനിസഭയും തമ്മിലുള്ള ബന്ധം

അപ്പസ്തോലനായ മാർത്തോമ്മായുടെ ഭാരതസുവിശേഷവത്കരണം മറ്റേതു കാലത്തേക്കാൾ ഇന്ന് സഭാചരിത്രകാരന്മാർ അംഗീകരിക്കുന്നുണ്ട്. തോമാശ്ലീഹാ ഇവിടെ സഭാസമൂഹങ്ങൾ സ്ഥാപിച്ചപ്പോൾ അവയ്ക്കു നേതൃത്വം നൽകു



ചാവറയച്ചൻ ആദ്യ സി.എം.സി സന്യാസിനികളുടെ വ്രതം സ്വീകരിക്കുന്നു- രാമചന്ദ്രൻ മാസ്റ്ററുടെ പെയിന്റിംഗ് ശേഖരത്തിൽനിന്ന്

വാനും പൗരോഹിത്യ ശുശ്രൂഷ നടത്തുവാനും വൈദികരെയും മേലധ്യക്ഷന്മാരെയും അഭിഷേകം ചെയ്തിരുന്നുവെന്ന് ന്യായമായും കരുതണം. എ.ഡി 345-ലെ നിഖ്യാ സൂനഹദോസോടുകൂടിയാണ് വിദൂരസ്ഥലങ്ങളായ പല സഭകളെക്കുറിച്ചും മറ്റു സഭകൾക്ക് അറിവു ലഭിക്കാനിടയായതെന്നാണ് പണ്ഡിതമതം.

പശ്ചിമേഷ്യയിലെ സഭാസമൂഹങ്ങളുമായി ആരംഭകാലം മുതൽക്കെ ഭാരതക്രൈസ്തവ സഭാ സമൂഹങ്ങൾക്കുണ്ടായിരുന്ന വാണിജ്യവ്യാപാര ബന്ധങ്ങൾ കാലക്രമത്തിൽ കൂടുതൽ ദൃഢതരമാകുന്നതായി ചരിത്രം പറയുന്നു. സഭാസ്ഥാപകരുടെ പരസ്പര ബന്ധങ്ങളും ഇരുകൂട്ടരും ഉപയോഗിച്ചിരുന്ന സുറിയാനി വിശുദ്ധ ഗ്രന്ഥങ്ങളും സുറിയാനി ഭാഷയുമെല്ലാം ചേർന്ന് ഈ സഭകൾക്ക് ഒരു പൊതുമുഖം നൽകിയെന്നു പറയുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. നാലാം ശതാബ്ദത്തോടുകൂടി പശ്ചിമേഷ്യൻ സഭയിൽ നിന്ന് പ്രത്യേകിച്ച്, ബാബേലിലെ കൽദായ സുറിയാനി സഭയിൽ നിന്ന് ഭാരതസഭയിൽ മെത്രാന്മാരെ സ്വീകരിച്ചിരുന്നതായും കാണുന്നുണ്ട്. ക്രമേണ പതിമൂന്നാം നൂറ്റാണ്ടോടുകൂടി പശ്ചിമേഷ്യൻ വ്യാപാരസംഘങ്ങൾ മുസ്‌ലിം വാണിജ്യസംഘങ്ങൾക്ക് വഴിമാറിക്കൊടുക്കേണ്ടിവന്നു. എങ്കിലും ഇരുസഭകളും തമ്മിലുള്ള ബന്ധങ്ങളും കൽദായ പാത്രീയർക്കീസ് കേരളസഭയ്ക്ക് അവരുടെ അഭ്യർഥനയനുസരിച്ചു മേലധ്യക്ഷന്മാരെ നിയമിച്ചുനൽകുന്ന പതിവും തുടർന്നുപോന്നു. നാലാം നൂറ്റാണ്ടിനും പതിനഞ്ചാം ശതാബ്ദത്തിനുമിടയിൽ മധ്യകേരളത്തിൽ ധാരാളം സുറിയാനി ക്രൈസ്തവ സമൂഹങ്ങളും ദേവാലയങ്ങളും സ്ഥാപിതമായി. തങ്ങളുടെ സ്വന്തമായ സുറിയാനി റീത്തിനോടും (തോമായുടെ മാർഗം - Law of Thomas) അതേ റീത്തിൽപ്പെട്ട മെത്രാന്മാരോടും അവർ വിദേശികളായിരുന്നാൽപ്പോലും, കേരള സുറിയാനി കത്തോലിക്കർക്ക് അതുല്യമായ സ്നേഹബഹുമാനാദരങ്ങളാണുണ്ടായിരുന്നത്. മറ്റൊരു റീത്തിനെക്കുറിച്ചോ റീത്തിൽപ്പെട്ട മെത്രാന്മാരെക്കുറിച്ചോ 15-ാം നൂറ്റാണ്ടിന്റെ അവസാനം വരെ പറയത്തക്ക അറിവൊന്നും അവർക്കുണ്ടായിരുന്നതായി കാണുന്നില്ല.

കൊളോണിയൽ രാഷ്ട്രീയ, സഭാധികാരികളുടെ അധീശത്വം കേരള സഭയിൽ

1498-ൽ കോഴിക്കോട്ടും പിന്നീടു ഗോവയിലും എത്തിച്ചേർന്ന പോർട്ടുഗീസുകാർ കൊച്ചിയും ഗോവയും കേന്ദ്രീകരിച്ചാണ് പ്രവർത്തനങ്ങൾ ആരംഭിക്കുകയും വികസ്വരമാക്കുകയും ചെയ്തത്. തെക്കേ അമേരിക്കയിൽ സ്പെയിൻകാർക്കു നൽകിയതുപോലെയുള്ള അധികാരാവകാശങ്ങൾ മാർപ്പാപ്പ 'പദ്രൊവാദോ' ഉടമ്പടിയിലൂടെ പോർച്ചുഗീസ് അധിനിവേശ പ്രദേശങ്ങളിൽ പോർട്ടുഗൽ രാജാവിനും നൽകി. അതനുസരിച്ച് പോർട്ടുഗലിന്റെ അധീനതയിൽപ്പെട്ട സ്ഥലങ്ങളിൽ മെത്രാന്മാരെ നാമനിർദേശം ചെയ്യുവാനുള്ള അധികാരം പോർട്ടുഗൽ രാജാവിനു ലഭിച്ചു. ഈ അധികാരം ഉപയോഗിച്ചു ഭാരതത്തിലും കേരളത്തിലും ലത്തീൻ സഭാധികാരം ഏർപ്പെടുത്തുവാനും സ്ഥിരീകരിക്കുവാനുമുള്ള പരിശ്രമങ്ങൾ ആരംഭിച്ചു നടപ്പിലാക്കുകയായി. 1516 വരെ കേരള സുറിയാനി സഭയ്ക്ക് പോർട്ടുഗീസുകാരുമായും ലത്തീൻ സഭാധികാരികളുമായും പറയത്തക്ക പ്രശ്നങ്ങളൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ 1517-ൽ നടാടെ Alvaro Penteado എന്ന പോർട്ടുഗീസ് വൈദികൻ കേരള സഭയ്ക്ക് നെസ്തോറിയൻ പാഷണ്ഡത ആരോപിച്ചു. കേരള സഭയിൽ ചിലയവസരങ്ങളിൽ രണ്ടു കൽദായ മെത്രാന്മാരുണ്ടായിരുന്നതായും അവരിലൊരാൾ വിരളമായിട്ടെങ്കിലും നെസ്തോറിയൻ ചിന്താഗതിക്കാരനായിരുന്നതായും ചില ചരിത്ര പഠിതാക്കൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നു വരികിലും തങ്ങളുടെ ലത്തീൻ റീത്തിനും കൂദാശാപരികർമ്മ വിധികൾക്കും വ്യത്യസ്തമായി സുറിയാനി ക്രമത്തിൽ കണ്ടവയ്ക്കെല്ലാം പോർട്ടുഗീസുകാർ പൊതുവിൽ നെസ്തോറിയൻ പാഷണ്ഡത ആരോപിച്ചിരുന്നതായിട്ടാണ് കാണുന്നത്. ഏതാണ്ട് ഈ കാലയളവിൽ യൂറോപ്പിൽ കത്തോലിക്കാ സഭയ്ക്കെതിരായി പ്രൊട്ടസ്റ്റന്റു നവീകരണ പ്രസ്ഥാനം സമാരംഭിച്ചിരുന്നത്, ആരോപണം ഗൗരവമായി വീക്ഷിക്കുന്നതിനും അതിന്റെ വളർച്ച നിരുത്സാഹപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ സജീവമാക്കുന്നതിനു കാരണമായി. 1595-ൽ ക്ലെമെന്റ് എട്ടാമൻ മാർപ്പാപ്പ കേരള സുറിയാനി സഭയെ 'പദ്രൊവാദോ'യുമായി ബന്ധപ്പെടുത്തുകയും 1599-ലെ ഉദയംപേരൂർ സൂനഹദോസിനുശേഷം 'പദ്രൊവാദോ' ഭരണത്തിൻ കീഴിലാക്കുകയും ചെയ്തു. വൈപ്പിൻ കോട്ട സെമിനാരിസ്ഥാപനവും അവിടത്തെ ഈശോസഭാ വൈദികരുടെ സുറിയാനിക്കാർക്കിടയിലെ അജപാലനവുമെല്ലാം അവരെ ലത്തീൻ സഭയോട് അടുപ്പിക്കുവാനും കൽദായ പാത്രിയർക്കീസിൽ നിന്ന് അകറ്റാനുമുള്ള തന്ത്രപരമായ നീക്കങ്ങളായി അവർ മനസിലാക്കി. അവരുടെയിടയിൽ ഭരണം നടത്തിയിരുന്ന കൽദായ മെത്രാന്മാരെ ശീശ്മ ആരോപിച്ചും ബലം പ്രയോഗിച്ചും പലപ്പോഴും നീക്കം ചെയ്തതും ചില മെത്രാന്മാർ പോർട്ടുഗീസുകാരുടെ കസ്റ്റഡിയിൽവച്ചു മരിക്കുവാനിടയായതും ലത്തീൻ/പോർട്ടുഗീസ് സഭാ പ്രവർത്തനങ്ങളെ കൂടുതൽ സംശയദൃഷ്ടിയോടെ



ചാവറയച്ചൻ ഉപയോഗിച്ചിരുന്ന കട്ടിൽ മാന്നാനം മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു

വീക്ഷിക്കുവാൻ കളമൊരുക്കി. സ്വന്തം റീത്തിൽപ്പെട്ട വൈദികമേലദ്ധ്യന്മാരില്ലെങ്കിൽ പരമ്പരാഗതമായ അവരുടെ റീത്തും ആചാരങ്ങളും സുരക്ഷിതമായിരിക്കയില്ലെന്നും, അവർക്ക് അന്യമായ ലത്തീൻ റീത്തും ആചാരാനുഷ്ഠാനങ്ങളും അവരുടെമേൽ അടിച്ചേൽപ്പിക്കപ്പെടുമെന്നും അവർ ഉറച്ചു വിശ്വസിച്ചു. അതുകൊണ്ട് എന്തു ത്യാഗം സഹിച്ചും സുറിയാനി മെത്രാൻമാരെ ലഭിക്കുവാൻ വേണ്ടിയുള്ള പരിശ്രമങ്ങൾ അവർ തീവ്രമായി തുടർന്നു കൊണ്ടിരുന്നു. മറുവശത്ത് സുറിയാനിക്കാരുടെയിടയിൽ 'നെസ്തോറിയൻ പാഷണ്ഡത' കടന്നു വരുന്നതിനും തുടരുന്നതിനും പ്രധാനകാരണം കൽദായ മെത്രാന്മാരുടെ സാന്നിദ്ധ്യവും പ്രവർത്തനങ്ങളുമാണെന്നും, അതുകൊണ്ട് ആരോപിക്കപ്പെട്ട പാഷണ്ഡത തടയുന്നതിനുള്ള ഏകമാർഗം കേരളത്തിൽ പ്രവേശിക്കുന്നതിൽ നിന്ന് കൽദായ മെത്രാന്മാരെ തടയുകയാണെന്നും പോർട്ടുഗീസ് സഭാധികാരികൾ അനുമാനിച്ചു. മാത്രമല്ല, കൽദായ മെത്രാന്മാർ കേരളത്തിലുള്ളിടത്തോളം കാലം സുറിയാനിക്കാരെ ലത്തീൻ ഭരണത്തിലാക്കുവാനോ, അവരുടെ റീത്ത് ലത്തീനീകരിക്കുവാനോ സാധിക്കയില്ലെന്നും അവർ തിരിച്ചറിഞ്ഞു. അതുകൊണ്ട് കൽദായ മെത്രാന്മാരുടെ കേരള പ്രവേശനവും സാന്നിദ്ധ്യവും എങ്ങനെയും തടയണമെന്നും അതിനുപയുക്തമായ മാർഗങ്ങൾ സഭാതലത്തിലും രാഷ്ട്രീയാധികാരതലത്തിലും സ്വീകരിക്കണമെന്നും പോർട്ടുഗീസധികാരികൾ തീരുമാനിച്ചു. 1662-ൽ റോമിൽ പ്രൊപ്പഗാന്താ തിരുസംഘം സ്ഥാപിക്കുകയും കാലാന്തരത്തിൽ രാഷ്ട്രീയ കൊളോണിയൽ ശക്തി ബ്രിട്ടീഷ് മേൽക്കോയ്മ ആയിത്തീരുകയും ചെയ്തപ്പോഴും കേരളത്തിലെ സുറിയാനിക്കാർ 'പദ്രൊവാദോ' അധികാരത്തിൻ കീഴിലും 'പ്രൊപ്പഗാന്താ' അധികാരത്തിൻ കീഴിലുമായി തുടരുകയാണുണ്ടായത്. 'പ്രൊപ്പഗാന്താ' അധികാരത്തിലുണ്ടായിരുന്ന വിദേശീയരായ വരാപ്പുഴ വൈദിക മേലദ്ധ്യക്ഷന്മാരും സുറിയാനിക്കാരെ ലത്തീനധികാരത്തിൻകീഴിൽ നിലനിർത്തുവാൻ ആഗ്രഹിച്ചതുകൊണ്ടും സാധിക്കുന്നിടത്തോളം കൽദായ മെത്രാന്മാർ കേരളത്തിലേയ്ക്ക് വരാതിരിക്കുവാൻ വേണ്ട എല്ലാ മുൻകരുതലുകളും സ്വീകരിച്ചിരുന്നു. ലത്തീനധികാരികളുടെ ഇത്തരം നിരോധനം ശക്തിപ്പെടുത്തോറും കൽദായ മെത്രാന്മാരെ കൊണ്ടുവരുവാനുള്ള സുറിയാനിക്കാരുടെ നിശ്ചയം കൂടുതൽ ദൃഢതരമാകുകയും പരിശ്രമങ്ങൾ ദ്വിഗുണീഭവിക്കുകയും ചെയ്തിരുന്നു.

റോക്കോസ് മെത്രാന്റെ കേരളത്തിലെ സാന്നിദ്ധ്യം

a) മെത്രാന്റെ കേരളാഗമനം: കുറെ കാലമായി കൽദായമെത്രാന്മാർ കേരളത്തിൽ ഇല്ലാതിരുന്ന സാഹചര്യത്തിലാണ് 1852-ൽ ദെനഹാ ബർയോന എന്ന കൽദായ വൈദികൻ കേരളത്തിൽ വന്നത്. അദ്ദേഹവുമായുള്ള സുറിയാനി പക്ഷത്തെ ചില നേതാക്കന്മാരുടെ ചർച്ചയിൽ കൽദായ മെത്രാനെ ലഭിക്കുവാനുള്ള അവരുടെ തീവ്രമായ ആഗ്രഹം കത്തുകൾ മുഖേന കൽദായപാത്രിയർക്കീസിനെ നിർബന്ധപൂർവം അറിയിച്ചാൽ പാത്രിയർക്കീസ് അതു സാധിച്ചുകൊടുക്കുമെന്നും കത്തെഴുതാൻ അദ്ദേഹം തന്നെ അവരെ സഹായിക്കാമെന്നും പറഞ്ഞു. അദ്ദേഹത്തിന്റെ സഹായത്തോടെ എഴുതിയ പല കത്തുകളും നിവേദനങ്ങളും സഹിതം വരാപ്പുഴ അധികാരത്തോടു നീരസത്തിൽ കഴിഞ്ഞിരുന്ന കുടക്കച്ചിറ അന്തോനിയച്ചനും ഏതാനും വൈദികരും ശെമ്മാശന്മാരും 1854-ൽ ബാബേലിലേയ്ക്ക് കപ്പൽയാത്ര തിരിച്ചു. കൽദായ പാത്രിയർക്കീസിന് നിവേദനം കൊടുക്കരുതെന്ന് വരാപ്പുഴനിന്ന് നിർദേശിച്ചെങ്കിലും ആ ആജ്ഞ ലംഘിച്ച് പള്ളിക്കുറ്റത്തിന് വിധേയനായിട്ടാണ് കുടക്കച്ചിറയച്ചൻ ബാബേലിലേയ്ക്ക് പോയത്. പാത്രിയർക്കീസിനെ സന്ദർശിച്ചു നിവേദനങ്ങൾ സമർപ്പിച്ചെങ്കിലും പാത്രിയർക്കീസിൽ നിന്ന് അനുഭാവ പൂർണമായ മറുപടി ലഭിച്ചില്ല. എങ്കിലും അതിനുശേഷം നിരന്തരവും നിർബന്ധപൂർണവുമായ പ്രേരണയ്ക്കു വഴങ്ങി പാത്രിയർക്കീസ് തോമ്മാ

ST. VINCENT GROUP OF CMI SCHOOLS AT PALA




ST. VINCENT ENG. MED. H.S.S.
(Established in 1963) Ph: 212975
State Syllabus - From Std. I to XII
New Admissions to Std. I, V, VIII and Plus One (XI)

ST. VINCENT KINDERGARTEN
(State Syllabus - LKG & UKG)

CHAVARA CMI PUBLIC SCHOOL & JUNIOR COLLEGE Ph: 216191
CBSE (Established in 1998) From Std. I to Std. XII (Plus Two)
New Admissions to Std. I and XI (Plus One)

CHAVARA KINDERGARTEN - CBSE
(LKG & UKG)

ST. VINCENT BOARDING HOUSE
(For Boys) Ph: 212621
School buses are available
Hostel for girls (run by sisters) available near the school campus



ST. VINCENT CMI MONASTERY
(Established in 1953) Ph: 212493

റോക്കോസ് ഉൾപ്പെടെ രണ്ടു വൈദികരെ 1860 സെപ്റ്റംബറിൽ മെത്രാന്മാരായി വാഴിക്കുകയും മാർ തോമ്മാ റോക്കോസിനെ കേരളത്തിലേയ്ക്കയക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ബാബേലിലെ വത്തിക്കാൻ പ്രതിനിധിയുമായി നീരസത്തിലായിരുന്നതിനാൽ പാത്രിയർക്കീസ് ഈ വിവരം അദ്ദേഹത്തെ അറിയിച്ചില്ല. അതുപോലെതന്നെ കേരളസഭയിൽ മെത്രാനധികാരം നടത്തുവാൻ തന്റെ വ്യക്തമായ അംഗീകാരത്തോടുകൂടി മാത്രമേ മെത്രാന്മാരെ അയയ്ക്കാവൂ എന്ന് മാർപ്പാപ്പായുടെ കല്പനയുണ്ടായിരുന്നെങ്കിലും ഈ അംഗീകാരപത്രം കൂടാതെയാണ് റോക്കോസിനെ കേരളത്തിലേയ്ക്കയച്ചത്. റോക്കോസിനെ കേരളത്തിലേയ്ക്കയയ്ക്കുന്നത് അവിടെ മെത്രാൻ ഭരണം നടത്തുവാനല്ലെന്നും സഭാ കാര്യങ്ങൾ നിരീക്ഷിച്ചു പഠിച്ചുവരുവാനാണെന്നുമുള്ള കത്താണ് കൽദായ പാത്രിയർക്കീസ് അദ്ദേഹത്തിന് നൽകിയത്. വേറെ വാക്കിൽ പറഞ്ഞാൽ കേരള സഭാകാര്യങ്ങളുടെ ഒരു നിരീക്ഷകനായിട്ടല്ലാതെ ഭരണാധികാരിയായിട്ടല്ല റോക്കോസിനെ പാത്രീയർക്കീസ് അയച്ചതെന്ന കാര്യം ആരംഭം മുതൽ വ്യക്തമായിരുന്നു.

1857-ൽ ബാബെലിൽ വച്ച് കുടക്കച്ചിറയച്ചൻ ചരമം പ്രാപിക്കുകയും അദ്ദേഹത്തിന്റെ അനന്തരവൻ തൊണ്ടനാട്ട് അന്തോനിച്ചനും കൂട്ടരും കൂടി റോക്കോസ് മെത്രാനെ കൊണ്ടുവരുവാൻ ഏർപ്പെടുകൾ ചെയ്യുകയും ഇക്കാര്യം കേരളത്തിലെ അനുഭാവമുണ്ടായിരുന്ന പല പള്ളികളിലും അറിയിക്കുകയും ചെയ്തു. കൽദായ മെത്രാന് ഉചിതവും ആഡംബരപൂർണവുമായ സ്വീകരണം നൽകണമെന്ന് നേരത്തെ അറിയിച്ചതനാൽ കൊച്ചിയിൽ വന്നപ്പോൾ പല പള്ളിക്കാരും ചേർന്ന് മെത്രാനെയും സംഘത്തെയും സ്വീകരിക്കുകയും ചെയ്തു. വളരെ നാളായി പ്രതീക്ഷിച്ചിരുന്ന കൽദായ മെത്രാൻ വന്നു ചേർന്ന വാർത്ത കാട്ടുതീ പോലെ നാടെങ്ങും പരക്കുകയും മെത്രാനെ കാണുവാൻ കൂടുതൽ കൂടുതൽ പള്ളിക്കാരും സമൂഹങ്ങളും പോകുകയും ചെയ്തു. ഇതിനിടയിൽ റോക്കോസ് മെത്രാൻ കേരളത്തിലെത്തുന്നത് മാർപ്പാപ്പയുടെ അംഗീകാരപത്രത്തോടു കൂടിയല്ലെന്ന് പ്രൊപ്പഗാന്ത തിരുസംഘത്തിൽ നിന്ന് 1860 നവംബർ 16-ാം തീയതി വരാപ്പുഴ വികാരി അപ്പസ്തോലിക്കായെ അറിയിക്കുകയും അദ്ദേഹം അത് പള്ളികളിലെല്ലാം രേഖാമൂലം അറിയിക്കുകയും റോക്കോസിനെ മെത്രാനായി സ്വീകരിക്കുന്നവർ പള്ളിക്കുറ്റത്തിൽ വീഴുമെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്തു.

വരാപ്പുഴ വികാരി അപ്പസ്തോലിക്കയുടെ നിർദേശപ്രകാരം ഭാരതത്തിലെ പ്രഥമ ഏതദ്ദേശീയ സഭയുടെ പൊതു ശ്രേഷ്ഠനായിരുന്ന ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ സംഗതികളുടെ ഗൗരവം വിശദമാക്കി ജനങ്ങളും പള്ളിക്കാരും റോക്കോസിനെ തങ്ങളുടെ മെത്രാനായി സ്വീകരിക്കരുതെന്നു കാണിച്ച് 1861 ഫെബ്രുവരി മാസത്തിൽ സുറിയാനി പള്ളികളിലേയ്ക്ക് കത്തെഴുതുകയും ചെയ്തു. പക്ഷേ ഈ രണ്ടു കത്തുകൾക്കും അനുകൂലമായ പ്രതികരണം കാര്യമായൊന്നും ലഭിച്ചില്ല. വിദേശ ലത്തീൻ മെത്രാന്മാരുടെ അധീശത്വം ഉറപ്പിക്കുവാൻ അവർ ചെയ്യുന്ന ചില ഉപായങ്ങളായിട്ടു മാത്രമേ ഈ കത്തുകൾ പരിഗണിക്കപ്പെട്ടുള്ളു. അതുകൊണ്ടു തന്നെ ബഹുഭൂരിപക്ഷം ജനങ്ങളും അവയ്ക്കു കാര്യമായ വില കല്പിച്ചതായും കാണുന്നില്ല. വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ നിർദേശാനുസരണം ചാവറയച്ചൻ പ്രവർത്തിച്ചു എന്നതിൽ കവിഞ്ഞ് അദ്ദേഹത്തിന്റെ കത്തിന് ഗൗരവമായ സ്വീകരണമോ തദനുസരണമുള്ള പ്രതികരണമോ ലഭിച്ചതായും കാണുന്നില്ല. ആരംഭത്തിൽ മാറി നിന്നിരുന്ന ഇടവകകളും സമൂഹങ്ങളും പോലും സാവധാനം റോക്കോസ് മെത്രാനെ ആവേശപൂർവം സ്വീകരിച്ചാദരിക്കുന്ന ചിത്രമാണ് കാണാനാകുന്നത്. ദീർഘമായ കാത്തിരിപ്പിനു ശേഷം സ്വന്ത രീത്തിൽപ്പെട്ട മെത്രാനെ ലഭിച്ചതിലുള്ള സന്തോഷവും വികാരാവേശവും അണപൊട്ടിയൊഴുകിയപ്പോൾ, അതിൽ ഉൾച്ചേർന്നിരുന്ന നൈയാമികവശങ്ങളോ സാധുതയോ ഒക്കെ വിസ്മൃതിയിലാണ്ടുപോയി എന്നു വേണം കരുതുവാൻ.

b) റോക്കോസ് മെത്രാന്റെ പ്രവർത്തനങ്ങൾ:

കേവലം സഭാ നിരീക്ഷകനായി 1861-ൽ മെയ് മാസം ഒമ്പതാം തീയതി കേരളത്തിലെത്തിയ റോക്കോസ് മെത്രാൻ തന്റെ അധികാരപരിധികളെല്ലാം മറികടന്നു പ്രവർത്തിക്കുന്നതായിട്ടാണ് കാണുന്നത്. സുറിയാനി പള്ളികളുടെയും സമൂഹങ്ങളുടെയും ആവേശകരമായ വരവേല്പും സ്വീകരണവും അദ്ദേഹത്തെ ശരിക്കും സ്വാധീനിച്ചതുപോലെ തോന്നി. സാധാരണ ജനങ്ങൾ അവർ ആഗ്രഹിക്കുന്ന സ്വന്ത രീത്തിൽപ്പെട്ട മെത്രാനെ കെട്ടിയ സന്തോഷത്തിമിർപ്പിൽ നിയമവശങ്ങളെപ്പറ്റി അധികം ചിന്തിക്കാതെ പോയെങ്കിൽ, എവിടെയും എല്ലായിടത്തും മെത്രാനടുത്ത സ്വീകരണം ലഭിച്ച റോക്കോസ് ജനങ്ങളുടെ അംഗീകാരത്തിൽ മനം മയങ്ങിയതുപോലെയായി. ഈ അവസരം മുതലാക്കി തൊണ്ടനാട്ട് അന്തോനിയച്ചനും കൂട്ടരും മെത്രാനടുത്ത് അധികാരാവകാശങ്ങൾ ജനമധ്യത്തിൽ പ്രായോഗികമാക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. അത് ഒരു വശത്ത് അവരുടെ അവകാശങ്ങൾക്കുള്ള നീതീകരണമായും മറുവശത്ത് റോക്കോസ് മെത്രാനുള്ള ജനത്തിന്റെ വസ്തുതാപരമായ (de facto) അംഗീകാരം, ഒരു പക്ഷേ റോമിൽ നിന്ന് അംഗീകാരം നേടാനിടയാക്കുന്ന വഴിയായും അവർ സ്വപ്നം കണ്ടിരുന്നിരിക്കാം. അർദ്ധസത്യങ്ങളും കുറെയൊക്കെ അസത്യങ്ങളും പ്രതീക്ഷകളും നൽകി ജനത്തെയും ജനനായകരെയും റോക്കോസിനെത്തന്നെയും അവർ കബളിപ്പിക്കുകയായിരുന്നെന്നു കരുതുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. അതിലൂടെ സ്വന്ത നിലപാടുകൾക്ക് ന്യായീകരണവും ജനത്തിനു സംതൃപ്തിയും റോക്കോസിന് അധികാരാഭിനിവേശവും നൽകാൻ അവർക്കു കഴിഞ്ഞു. റോക്കോസ് മെത്രാൻ ശെമ്മാശ്ശന്മാർക്ക് ചെറുപട്ടങ്ങളും ചില ഡീക്കന്മാർക്ക് പൗരോഹിത്യപട്ടവും നൽകിയതുൾപ്പെടെ തന്റെ മെത്രാനടുത്ത അധികാരങ്ങൾ വിനിയോഗിക്കുകയും അംഗീകാരം ആവശ്യപ്പെടുകയും ചെയ്തു. വികാരതലത്തിലുള്ള, മെത്രാന്റെയും ജനത്തിന്റെയും അനുഭവം ചോദ്യം ചെയ്യപ്പെടാത്തിടത്തോളം കാലം മാത്രമേ നിലനില്ക്കൂ എന്നറിഞ്ഞിരുന്നതിനാൽ തൊണ്ടനാട്ട് അന്തോണിച്ചനും കൂട്ടരും യഥാർത്ഥ വസ്തുതകൾ ജനത്തിൽ നിന്ന് മറച്ചു വച്ച് അവർക്ക് മാർഗഭ്രംശം വരുത്തുകയാണു ചെയ്തത്. ദുരുപദിഷ്ടമായ ഈ പ്രവർത്തനങ്ങൾ ഫലത്തിൽ സഭയിൽ ഒരു ഛിദ്രം സൃഷ്ടിക്കയാണ് ചെയ്തുന്നതെന്നും, അത് കഴിയുന്നത്ര വേഗം വിജയകരമായി തടഞ്ഞില്ലെങ്കിൽ സഭാതരുവിനെ ശാശ്വതമായിത്തന്നെ ബാധിക്കുമെന്നും മനസിലാക്കിയ വരാപ്പുഴയുടെ അധികാരികൾ അതിനായി തെരഞ്ഞെടുത്തത് സുറിയാനിക്കാർക്ക് പ്രിയംകരനും സുസമ്മതനും, സന്യാസസമൂഹത്തിന്റെ പൊതുശ്രേഷ്ഠനുമായിരുന്ന ചാവറയച്ചനെ തന്നെയാണ്. താമസമെന്യേ 1861 ജൂൺ മാസം എട്ടാം തീയതി അദ്ദേഹത്തെ കേരളത്തിലെ കൽദായ സുറിയാനിക്കാരുടെ മുഴുവൻ വികാരി ജനറാളായി നിയമിക്കുകയും ചെയ്തു. സ്ഥാനമാനങ്ങളിൽ തല്പരനായിരുന്നില്ലെങ്കിലും മാതൃസഭയെ വിനാശകരമായ ഛിദ്രത്തിൽ നിന്ന് രക്ഷിക്കുവാൻ, വലിയ വില കൊടുക്കേണ്ടിവരുമെന്നറിഞ്ഞുകൊണ്ടു തന്നെ, അദ്ദേഹം ആ സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു.

വാഴ്ത്തപ്പെട്ട ചാവറയച്ചനും റോക്കോസ് ശീശ്മയും

a) ലത്തീനധികാരികളും ചാവറയച്ചനും:

പ്രൊപ്പഗാന്താ തിരുസംഘത്തിൻ കീഴിലുള്ള വരാപ്പുഴ വികാരി അപ്പസ്തോലിക്കയുടെ അധികാര സീമയിലാണ് 1829-ൽ സി.എം.ഐ സഭാ സ്ഥാപനത്തിന് പ്രാരംഭം കുറിക്കുന്നത്. 1831-ൽ മെയ് 11-ാം തീയതി മാന്നാനം കുന്നിൽ കുരിശും താമസിയാതെ കപ്പേളയും സ്ഥാപിച്ചെങ്കിലും 1840-ഓടു കൂടിയാണ് സമൂഹജീവിതം ആരംഭിക്കുന്നത്. (സന്യാസവ്രതങ്ങളനുഷ്ഠിച്ചുകൊണ്ട് നിയമപരമായ സന്യാസസഭാ സ്ഥാപനത്തിനുവേണ്ടി മേലദ്ധ്യക്ഷന്മാർക്ക് തുടരെ അപേക്ഷകൾ നൽകിയെങ്കിലും പല കാരണങ്ങളാൽ അനുകൂലമായ പ്രതികരണം ലഭിക്കുവാൻ കാലതാമസം നേരിട്ടു. 1841-ൽ ബ.പാലയ്ക്കൽ തോമ്മാമല്പാനച്ചനും, 1846-ൽ ബ.പോരൂക്കര തോമ്മാമല്പാനച്ചനും ചരമം പ്രാപിച്ചു.) 1855-ലാണ് ചാവറയച്ചനും അദ്ദേഹത്തോടു കൂടി മറ്റു പത്തു ബ.വൈദികരും നിയമാനുസൃതം സന്യാസവ്രതങ്ങളനുഷ്ഠിച്ചുകൊണ്ട് സന്യാസജീവിതം സമാരംഭിക്കുന്നത്.


ആദ്യം വ്രതം ചെയ്ത പതിനൊന്നു പിതാക്കന്മാരും സുറിയാനിക്കാരായിരുന്നെങ്കിലും നൈയാമിക സ്ഥാപനം അന്നു നിലവിലിരുന്ന ലത്തീൻ കാനോനാനിയമങ്ങൾക്കും സഭാ കീഴ്വഴക്കങ്ങൾക്കും അനുസരിച്ചായിരുന്നു. ഉദയംപേരൂർ സൂനഹദോസിനുശേഷം രണ്ടര ശതാബ്ദത്തിലേറെ ലത്തീനധികാരത്തിൻ കീഴിൽ ലത്തീനീകരിക്കപ്പെട്ട പൗരസ്ത്യസമൂഹമായിരുന്നുകൊണ്ട് പൗരസ്ത്യ സഭാ പാരമ്പര്യങ്ങളെ

ക്കുറിച്ചുള്ള അറിവും പരിചയവും അവർക്ക് പ്രായേണ കുറവായിരുന്നെങ്കിലും സുറിയാനി പാരമ്പര്യങ്ങൾക്കനുസരിച്ച് പല തിരുത്തലുകൾക്കും അവർ ആവശ്യപ്പെട്ടിരുന്നു. ദീർഘനാളത്തെ പ്രാർത്ഥനയ്ക്കും പരിശ്രമത്തിനും കാത്തിരിപ്പിനും ശേഷം അംഗീകാരം ലഭിച്ച സന്യാസ സമൂഹമെന്ന നിലയിലും, ചാവറയച്ചൻ അതിന്റെ നായകനെന്ന നിലയിലും വിവേകത്തോടും സൂക്ഷ്മതയോടും കൂടി ഓരോ ചുവടും മുന്നോട്ടുവയ്ക്കേണ്ടത് സന്യാസസമൂഹത്തിന്റെയും അതിന്റെ നേതൃത്വത്തിലേയ്ക്ക് ഉറ്റുനോക്കിയിരുന്ന സുറിയാനി സഭയുടെയും ഭാവിയെ സാരമായി ബാധിക്കുന്ന കാര്യമാണെന്ന അവബോധം അവർക്കുണ്ടായിരുന്നുവെന്നും അനുമാനിക്കുന്നതിൽ തെറ്റില്ല.

രാഷ്ട്രീയമായി ബ്രിട്ടീഷ് ഭരണാധികാരമാണ് ഉണ്ടായിരുന്നത്. അവരും മറ്റു യൂറോപ്യൻ ഭരണാധികാരികളെപ്പോലെ തന്നെ വാണിജ്യതാല്പര്യങ്ങൾക്കു മുൻഗണന നൽകിയിരുന്നതുകൊണ്ടും വത്തിക്കാനുമായുണ്ടായിരുന്ന ബന്ധങ്ങൾക്കനുസൃതമായി രാഷ്ട്രീയവും സഭാപരവുമായ നിലപാടുകൾ സ്വീകരിച്ചിരുന്നു. നിലവിലുള്ള സമാധാനാന്തരീക്ഷത്തിന് കോട്ടം വരുത്തുന്നതൊന്നും അവർക്കു സ്വീകാര്യമായിരുന്നില്ല. സുറിയാനിക്കാരുടെ റീത്തു സ്നേഹവും സ്വന്തറീത്തിൽപ്പെട്ട മെത്രാന്മാരെ ലഭിക്കണമെന്ന അദമ്യമായ അഭിലാഷവും കേരളത്തിലെ വിദേശ ലത്തീൻ ഭരണാധികാരികൾക്കറിയാമായിരുന്നെങ്കിലും വിദേശികളോ സ്വദേശികളോ ആയ സുറിയാനി മെത്രാന്മാർക്ക് ഭരണാധികാരം വിട്ടുകൊടുക്കുവാൻ അവർ തയാറായിരുന്നില്ല. സങ്കീർണമായ ഈ സാഹചര്യത്തിലും സ്വന്തറീത്തിലും ജാതിയിലുംപെട്ട മെത്രാനെ ലഭിക്കുകയെന്നത് കേരള സുറിയാനി സഭയുടെ ന്യായമായ അവകാശമാണെന്നും ആ കാര്യസാദ്ധ്യത്തിനുവേണ്ടി ന്യായമായ ശ്രമങ്ങൾ തെറ്റല്ലെന്നുമുള്ള ബോദ്ധ്യവും ചാവറയച്ചനും കൂട്ടർക്കും ഉണ്ടായിരുന്നു. ഈ കാര്യസാദ്ധ്യത്തിനുള്ള വഴി സുദീർഘവും തിരിച്ചടികൾ ഉൾക്കൊള്ളുന്നതുമായാൽപ്പോലും വ്യവസ്ഥാപിത മാർഗങ്ങളിലൂടെ അതു നേടിയെടുക്കുവാൻ ശ്രമിക്കേണ്ടതാണെന്നും അവർ കരുതിയിരുന്നു. ഈ ആവശ്യത്തിനായി റോമൻ തിരുസംഘത്തിന്റെ തലവനായ കർദ്ദിനാളിന് ചാവറയച്ചൻ തന്നെ രണ്ടു കത്തുകളെഴുതുന്നത് ചാവറയച്ചന്റെയും അദ്ദേഹത്തിന്റെ സമൂഹത്തിന്റെയും നിലപാടുകൾക്കുള്ള ഉത്തമതെളിവുകളാണ്.

b) എന്തുകൊണ്ട് ചാവറയച്ചൻ റോക്കോസ് മെത്രാനെതിരേ?

സ്വന്തറീത്തിൽപ്പെട്ട മെത്രാനെ ലഭിക്കുന്ന കാര്യത്തിൽ തല്പരനായിരുന്നിട്ടും, കൽദായ പാത്രിയർക്കീസിനാൽ അയയ്ക്കപ്പെട്ട മാർതോമ്മാ റോക്കോസ് മെത്രാനെ അംഗീകരിച്ച് സ്വീകരിക്കാതിരിക്കുകയും കേരളം വിട്ട് സ്വന്തനാട്ടിലേയ്ക്ക് തിരികെ പോകുന്നതുവരെ അദ്ദേഹത്തിനെതിരെ ശക്തമായി പൊരുതുകയും ചെയ്യുവാൻ ചാവറയച്ചനെയും അനുയായികളെയും പ്രേരിപ്പിച്ച ചേതോവികാരം എന്ത് എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. യുക്തിസഹമായി കരുതാവുന്ന മൂന്നു നാലു സാദ്ധ്യതകളുണ്ട്: ഒന്ന്, രാഷ്ട്രീയ, സഭാരംഗങ്ങളിൽ യൂറോപ്യൻ അധിനിവേശം കൊടികുത്തിവാണിരുന്ന അക്കാലത്ത് ഇമ്മാതിരി കുരിശുയുദ്ധങ്ങൾക്ക് വിജയസാദ്ധ്യത കുറവാണെന്ന തിരിച്ചറിവ്. രണ്ട്, കൽദായ പാത്രിയർക്കീസിന്റെ അനുവാദത്തോടുകൂടി നിരീക്ഷകനായി വന്നതാണെങ്കിലും റോക്കോസ് മെത്രാന്റെ സാന്നിദ്ധ്യവും പ്രവർത്തനങ്ങളും ഉപകാരത്തെക്കാളേറെ ഉപദ്രവമാണ് സഭയ്ക്ക് നൽകുന്നതെന്ന ബോദ്ധ്യം. മൂന്ന്, റോക്കോസ് മെത്രാനെ കൊണ്ടുവന്നവരും കൊണ്ടു നടന്നവരിൽ പ്രധാനികളും ലത്തീനധികാരികളുമായി നേരത്തെതന്നെ അഭിപ്രായ വ്യത്യാസത്തിലും നീരസത്തിലും കഴിഞ്ഞിരുന്നതുകൊണ്ട് അവരുടെ അവകാശവാദങ്ങൾ സംശയാസ്പദമായി കരുതിയതാകാം. നാല്, അടങ്ങാത്ത അവകാശവാദങ്ങളുടെയും ഒടുങ്ങാത്ത തർക്കവിതർക്കങ്ങളുടെയും പശ്ചാത്തലത്തിൽ റോക്കോസ് മെത്രാന് പ്രസക്തമായ അധികാരപത്രവും തജ്ജന്യമായ അവകാശങ്ങളും ഉണ്ടെന്ന് അസന്ദിഗ്ധമായി ബോദ്ധ്യമായ ശേഷം മാത്രം അദ്ദേഹത്തെ സ്വീകരിക്കുകയോ അതല്ലെങ്കിൽ തിരസ്കരിക്കുകയോ ചെയ്യാമെന്ന സുചിന്തിതവും വസ്തുനിഷ്ഠവുമായ നിലപാടായിരിക്കാം. ആദ്യത്തെ മൂന്ന് സാദ്ധ്യതകളും തീർത്തും പ്രസക്തിരഹിതമല്ലെങ്കിലും വളരെ പരിമിതികളുള്ളവയാണ്. അതുകൊണ്ട് ചാവറയച്ചനെ അവ കാര്യമായി സ്വാധീനിച്ചുവെന്നു ചിന്തിക്കുവാൻ പ്രയാസമുണ്ട്. എന്നാൽ അവയ്ക്കെല്ലാം ഉപരി നാലാമത്തെ യുക്തിഭദ്രവും സുചിന്തിതവും വസ്തുനിഷ്ഠവുമായ നിലപാടാണ് അദ്ദേഹം സ്വീകരിച്ചതെന്നനുമാനിക്കുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. സമൂഹമദ്ധ്യത്തിൽ ആദരണീയനും സ്വീകാര്യനും വിശുദ്ധനുമായ വ്യക്തി എന്ന നിലയിലും ഭാരതത്തിലെ പ്രഥമ ഏതദ്ദേശീയ സന്യാസ സമൂഹത്തിന്റെ പൊതുശ്രേഷ്ഠൻ എന്ന നിലയിലും സഭയിലും സമൂഹത്തിലും അദ്വിതീയമായ സ്ഥാനവും വിശ്വാസ്യതയും അദ്ദേഹത്തിനുണ്ടായിരുന്നു. ആ നിലയ്ക്ക് അദ്ദേഹം സ്വീകരിക്കുന്ന നിലപാടുകളും എടുക്കുന്ന തീരുമാനങ്ങളും ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുവാൻ പോരുന്നവയുമായിരുന്നു. അതുകൊണ്ടുതന്നെ തീരുമാനങ്ങൾ യുക്തിഭദ്രതയോടും യാഥാർത്ഥ്യബോധത്തോടും കൂടി വിലയിരുത്തിയശേഷം മാത്രം സ്വീകരിക്കേണ്ടതുമായിരുന്നു. ഇമ്മാതിരി തീരുമാനങ്ങളിൽ ന്യായാന്യായങ്ങൾ ഉള്ളുരുകിയ പ്രാർത്ഥനയുടെയും പ്രായശ്ചിത്തത്തിന്റെയും പശ്ചാത്തലത്തിൽ ദൈവികപ്രേരണയോടുകൂടിയ തിരിച്ചറിവിന്റെ പ്രാധാന്യവും അദ്ദേഹം കണക്കിലെടുത്തിരുന്നുവെന്ന് ന്യായമായും കരുതണം. തിരിയുന്നിടത്തെല്ലാം നെസ്തോറിയൻ തുടങ്ങിയ പാഷണ്ഡതകൾ കേരള സഭയിൽ ആരോപിച്ചിരുന്ന വിദേശ സഭാധികാരികൾക്ക് പുതിയൊരു ഛിദ്രമത്തിന്റെ വടി കൊടുക്കുവാൻ ചാവറയച്ചനെപ്പോലെയുള്ളവർ തയാറായിരുന്നില്ലെന്നും ന്യായമായും അനുമാനിക്കാവുന്നതാണ്.



ചാവറയച്ചൻ എഴുത്തിന്റെ പണിപ്പുരയിൽ- ഒരു പെയിന്റിംഗ്

c) മാനദണ്ഡം ലത്തീനധികാരികൾക്കും ബാധകം

അതിപ്രധാനമായ മറ്റൊരു കാര്യം കൂടി അനുസ്മരിക്കേണ്ടതുണ്ട്. മേലധികാരികളോടുള്ള ആദരവിനും ബഹുമാനത്തിനും കുറവു വരാതെ തന്നെ അവരുടെ ചെയ്തികളെല്ലാം ഈയസരത്തിൽ വസ്തുനിഷ്ഠമായി വിധിവിധേയമാക്കുന്ന നിലപാടാണ് ചാവറയച്ചൻ സ്വീകരിച്ചതെന്നു കാണാം. റോക്കോസ് മെത്രാൻ വേണ്ട അനുമതിയോടു കൂടിയല്ല മെത്രാനാടുത്ത അധികാരാവകാശങ്ങൾ കേരളത്തിൽ പ്രയോഗിക്കുന്നതെന്ന് റോമിൽ നിന്ന് വരാപ്പുഴ വികാരി അപ്പസ്തോലിക്കയെ അറിയിച്ചു.

അദ്ദേഹം ആ വിവരം ചാവറയച്ചനെയും സുറിയാനിപ്പള്ളിക്കാരെയും അറിയിക്കുകയും ചെയ്തു. വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ നിർദേശമനുസരിച്ച് റോക്കോസിനെ സുറിയാനിപ്പള്ളികളിൽ ന്യായമായ മെത്രാനെപ്പോലെ സ്വീക

രിക്കരുതെന്ന് ചാവറയച്ചൻ കത്തെഴുതിയെന്നത് വസ്തുതയാണെങ്കിലും വരാപ്പുഴയുടെ ഈ അവകാശവാദത്തെപ്പോലും വിവാദത്തിന്റെ പശ്ചാത്തലത്തിൽ വിധേയപുരസ്സരം യാഥാർത്ഥ്യാന്വേഷണത്തിന്റെ പേരിൽ വിധിവിധേയമാക്കുന്ന ചാവറയച്ചനെയാണ് നാം കാണുന്നത്. സംഘതികളുടെ യഥാർത്ഥസ്ഥിതി അറിയുവാനുള്ള തീവ്രമായ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹം പരിശുദ്ധ പിതാവ് ഒമ്പതാം പീയൂസ് മാർപ്പാപ്പയ്ക്കെഴുതിയ രണ്ടു കത്തുകൾ ഇതിന്റെ ഈടുറ്റ സാക്ഷ്യങ്ങളാണ്. രണ്ടാമത്തെ കത്തിൽ വിവരം അദ്ദേഹത്തെ നേരിട്ടറിയിക്കണമെന്നും, തങ്ങളുടെ ആരാധനക്രമഭാഷയായ സുറിയാനിയിൽത്തന്നെ മറുപടി വേണമെന്നും ഒരളവുവരെ നിർബന്ധപൂർവം മാർപ്പാപ്പയോടഭ്യർത്ഥിക്കുന്നതും ശ്രദ്ധേയമാണ്. വസ്തുതകൾ മറ്റൊരാൾ വഴിയോ ഭാഷാതർജ്ജമയിലൂടെ മാത്രമോ ലഭിച്ചാൽ അന്നത്തെ കലുഷിതാന്തരീക്ഷത്തിൽ വസ്തുതകളുടെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടുവാൻ സാദ്ധ്യതയുണ്ടെന്നു മനസിലാക്കിക്കൊണ്ടുതന്നെയാകണം ഇത്തരത്തിലൊരഭ്യർത്ഥന മാർപ്പാപ്പയ്ക്കു സമർപ്പിക്കുവാൻ അദ്ദേഹം തയാറായത്. കാലതാമസവും ഇരുപക്ഷത്തുനിന്നുള്ള വിരോധവും ക്ഷണിച്ചുവരുത്തിയേക്കാമെങ്കിലും, ആത്യന്തികമായി രണ്ടു ഭാഗത്തുനിന്നും അപവാദത്തിനിടയാകാത്തതും സത്യത്തിനു മാത്രം മുൻഗണന നല്കുന്നതുമായ സുധീരമായ നിലപാട്! സത്യം അന്വേഷിക്കുകയും അതുമാത്രം അംഗീകരിക്കുകയും അതിനെമാത്രം എന്തു വിലകൊടുക്കേണ്ടിവന്നാലും, അനുധാവനം ചെയ്യുകയും ചെയ്യുകയുള്ളുവെന്ന ഉറച്ച നിലപാടിൽ നിന്ന് ഒരു ശക്തിക്കും അദ്ദേഹത്തെ പിൻതിരിപ്പിക്കുവാൻ കഴിഞ്ഞില്ല.

d) ചാവറയുടെ സഭാദർശനം

കൊളോണിയൽ രാഷ്ട്രീയാധികാരവും സഭാധികാരവും പലപ്പോഴും കൈകോർത്ത് അവരുടെ പൊതുലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ സഭാധികാരശ്രേണികളെ ദുരുപയോഗിച്ച സംഭവങ്ങളും അവസരങ്ങളുമുണ്ട്. ഇത്തരം അനുഭവങ്ങളുടെ വെളിച്ചത്തിൽ കൂടിയാകാം ന്യായമായ നിയമനപത്രമോ അധികാരാവകാശങ്ങളോ ഇല്ലായെന്നു കേട്ടിട്ടും റോക്കോസ് മെത്രാനെ ആവേശപൂർവം സ്വീകരിക്കുവാൻ സുറിയാനിക്കാരിൽ മഹാഭൂരിപക്ഷവും തയാറായത്. അവരുടെ ന്യായമായ അവകാശവാദങ്ങൾ സ്വീകരിക്കപ്പെടാത്ത സാഹചര്യത്തിൽ വളരെ നാളുകൾക്കുശേഷം സ്വന്തം റീത്തിൽ നിന്ന് ലഭിച്ച മെത്രാനെ, ചില നൈയാമിക പ്രതിബന്ധങ്ങൾ അവഗണിച്ചുകൊണ്ടു പോലും, അവർ സ്വീകരിച്ചെങ്കിൽ റീത്തിനോടുള്ള അവരുടെ അകമഴിഞ്ഞ സ്നേഹത്തിന്റെയും പ്രതിബദ്ധതയുടെയും വേർപിരിയാനാകാത്ത ബന്ധത്തിന്റെയും അതിരുകടന്ന പ്രകടനമായിത്തന്നെ കണക്കാക്കാം. ജനസാമാന്യത്തിന്റെ വികാരാവേശങ്ങളുടെ കുത്തൊഴുക്കിൽ അവരും സൂക്ഷിക്കേണ്ട ചില നിയമവശങ്ങളും ആധികാരികതയുടെ അനുപേക്ഷണീയ നിബന്ധനകളും വേണ്ടവണ്ണം കണക്കിലെടുക്കുകയോ വിശകലന വിമർശന വിധേയമാക്കുകയോ ചെയ്തില്ലെന്നു വരാം.

എന്നാൽ തന്റെ കാലഘട്ടത്തിലെ വൈദിക സമൂഹത്തിൽ ദൈവവിജ്ഞാനീയത്തിലും വിശുദ്ധ ഗ്രന്ഥ പാണ്ഡിത്യത്തിലും ദൈവഭക്തിയിലും സഭാ സ്നേഹത്തിലും അദ്വിതീയനായിരുന്ന ചാവറയച്ചന്റെ കാഴ്ചപ്പാടിനും പ്രവർത്തനങ്ങൾക്കും വിശ്വാസബദ്ധവും സഭാനിയമാനുസൃതവുമായ ചില മാനദണ്ഡങ്ങളുണ്ടായിരുന്നു. സമൂഹത്തെ വിശുദ്ധീകരിക്കുവാനും പഠിക്കുവാനും ദൈവിക പദ്ധതിയിലൂടെ നടത്തുവാനും നിയുക്തനായ വൈദികൻ എന്ന നിലയിൽ വൈദിക, സന്യാസ ജീവിതത്തിന്റെ ഉത്തരവാദിത്വങ്ങൾ അദ്ദേഹം ഗൗരവമായിത്തന്നെ കാണുകയും തദനുസരണം പ്രവർത്തിക്കുകയും ചെയ്തിരുന്നു.

സഭാസംബന്ധമായ കാര്യങ്ങളിൽ ജനത്തിന് വ്യക്തമായദർശനവും ശരിയായ ദിശാബോധവും നൽകേണ്ട ഉത്തരവാദിത്വവും അദ്ദേഹത്തിനുണ്ടായിരുന്നു. 'ദൈവമാണെന്റെ ഓഹരി' എന്ന സങ്കീർത്തനപാദം ആദർശമായി സ്വീകരിക്കുകയും, തിരുസഭയെ ഒന്നായി ദർശിച്ച് മാതൃതുല്യം സ്നേഹിക്കുകയും ചെയ്തിരുന്ന അദ്ദേഹം ന്യായമായ സഭാധികാരികളുടെ കല്പനകളിലും തീരുമാനങ്ങളിലും ദൈവികപദ്ധതിയുടെ കാലികമായ ആവിഷ്കരണമാണ് കണ്ടത്. അതിനാൽ വേദനാജനകമായിരുന്നാൽപ്പോലും അവയെ സർവ്വാത്മനാ സ്വീകരിക്കുകയും ആദരവോടെ അനുവർത്തിക്കുകയുമാണ് ചെയ്തിട്ടുള്ളത്. സ്വർഗത്തിൽ പരിശുദ്ധ ത്രീത്വത്തിന്റെയും ലോകത്തിൽ തിരുക്കുടുംബത്തിന്റെയും മാതൃകയിൽ സഭയെ മുഴുവൻ ഒരു വിശാല കുടുംബമായിക്കണ്ട ചാവറയച്ചന് സഭയുടെ ഐക്യത്തിനും കെട്ടുറപ്പിനും കോട്ടം വരുത്തുന്ന നീക്കങ്ങളും തീരുമാനങ്ങളും ഒരിക്കലും സ്വീകാര്യമായിരുന്നില്ല. ദുരൂഹവും കയ്പുനിറഞ്ഞതുമായ തീരുമാനങ്ങളായിരുന്നാൽപ്പോലും സഭയുടെ ഐക്യത്തിനു വിഘാതമാകുന്ന തരത്തിൽ എതിർത്തു തോല്പിക്കുക എന്നതിനേക്കാൾ സ്വീകരിച്ചു സംവദിക്കുന്ന വിശ്വാസാത്മകമായ നയമാണ് അദ്ദേഹം എന്നും സ്വീകരിച്ചിരുന്നത്. ഇത്തരം പ്രവർത്തനശൈലിക്ക് ഉദാഹരണങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ വേറെയും കാണാൻ കഴിയും.

e) ചാവറയച്ചൻ വിശ്വാസസംരക്ഷകൻ:

കേരളസഭയുടെ കത്തോലിക്കാ വിശ്വാസ സംരക്ഷണത്തിനുവേണ്ടി, റോക്കോസ് ശീശ്മയുടെ പശ്ചാത്തലത്തിൽ രണ്ടു സുപ്രധാന നേട്ടങ്ങളാണ് ചാവറയച്ചൻ കൈവരിച്ചത്. ഒന്ന്, അവശ്യം വേണ്ട അധികാരാനുമതികൾ കൂടാതെ അധികാരം പ്രയോഗിക്കുവാനും കൈവശപ്പെടുത്തുവാനും പരിശ്രമിച്ച റോക്കോസ് മെത്രാനെയും അടുത്ത അനുയായികളെയും സുധീരം നേരിടുകയും അദ്ദേഹത്തെ മനസാന്തരപ്പെട്ട വ്യക്തിയായി സ്വന്തം നാട്ടിലേയ്ക്ക് തിരിച്ചയയ്ക്കുകയും ചെയ്തത്. രണ്ട്, റീത്തിനോടുള്ള സ്നേഹത്തിന്റെ ആവേശത്തിൽ റോക്കോസ് മെത്രാന്റെ പക്ഷം ചേർന്ന് കേരളസഭയിലെ മഹാഭൂരിപക്ഷം സുറിയാനി പള്ളികളെയും വിശ്വാസികളെയും അവരുടെ തെറ്റു പറഞ്ഞു മനസിലാക്കി, കത്തോലിക്കാ വിശ്വാസത്തിലേയ്ക്കും മാർപാപ്പായുടെ അധികാര സീമയിലേയ്ക്കും തിരിച്ചുകൊണ്ടുവന്നത്. ഈ സംഭവവികാസങ്ങളുടെ പിന്നിൽ ചാവറയച്ചനും സഹകാരികളും നടത്തിയ വീരോചിതപ്രവർത്തനങ്ങളും പ്രദർശിപ്പിച്ച സാഹസിക ധീരതയും, അചഞ്ചലവും അഗാധവുമായ സഭാസ്നേഹവും കേരളസഭാചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ട അദ്ധ്യായമാണ്. കേരളസഭ വിശ്വാസ ഐക്യം വീണ്ടെടുക്കുന്നതിനും സുശക്തവും സുസംഘടിതവുമായി മുന്നേറുന്നതിനു കളമൊരുക്കുന്നതിലും ചാവറയുടെയും കൂട്ടരുടെയും പങ്ക് അനിഷേധ്യവും അവിസ്മരണീയവുമാണ്. അദ്ദേഹം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്ത കാലഘട്ടത്തിലെ ചിന്താധാരകളും, ചരിത്ര, സാമൂഹ്യപശ്ചാത്തലങ്ങളും പരിമിതികളും മുൻനിറുത്തി വിലയിരുത്തുമ്പോൾ ചാവറയച്ചനെ അധീശശക്തികളുടെ അനുഭാവിയായിട്ടോ സ്വന്തറീത്തിന്റെയും പാരമ്പര്യത്തിന്റെയും വിരോധിയായിട്ടോ കാണുവാൻ ഒരിക്കലും സാധിക്കയില്ല.

ഉപസംഹാരം

കേരളസഭാചരിത്രത്തിലെ നിർണായകവും ആവേശകരവും ക്രിയാത്മകവുമായ ഒരു കാലഘട്ടത്തിനു തുടക്കം കുറച്ച ആശയസംഘട്ടനങ്ങളും മാനസികസംഘർഷങ്ങളും നിറഞ്ഞ കാലയളവിൽ, ആഴമായ വിശ്വാസത്തിന്റെയും, സുദൃഢമായ സഭാ സ്നേഹത്തിന്റെയും ആത്മാർത്ഥവും നിഷ്പക്ഷവുമായ സത്യാന്വേഷണത്തിന്റെയും പാതയിലൂടെ സഭാ നൗകയെ വിദഗ്ധമായി നയിച്ച വിനീതനായ സഭാശ്രേഷ്ഠിയാണ് വാഴ്ത്തപ്പെട്ട ചാവറയച്ചൻ. സഭയ്ക്കെതിരേ ആഞ്ഞടിച്ച റോക്കോസ് ശീശ്മ കൊടുങ്കാറ്റിൽ നിന്ന് സ്വന്തം ജീവൻ പോലും പണയപ്പെടുത്തി അതിനെ രക്ഷിക്കുകയും ശാന്തമായ തുറമുഖത്തെത്തിക്കുകയും ചെയ്ത ചാവറയച്ചനെ വിശ്വാസ സംരക്ഷകൻ എന്നു വിശേഷിപ്പിക്കുന്നത് എന്തുകൊണ്ടും ന്യായപൂർണവും അർത്ഥസമ്പുഷ്ടവുമാണ്. അദ്ദേഹത്തിൽ വിളങ്ങിയ സത്യത്തോടുള്ള പ്രതിബദ്ധതയും സ്തുതിക്കും ഭീഷണിക്കും വഴങ്ങാത്ത ധീരമായ നിലപാടും എന്തു വിലയും കൊടുത്ത് സഭയുടെ വിശ്വാസവും ഐക്യവും ഊട്ടിവളർത്തുന്ന നേതൃത്വശൈലിയും പ്രതിസന്ധികളെ തരണം ചെയ്തു മുന്നേറുവാൻ ഇന്നത്തെ കേരള സുറിയാനി സഭയ്ക്ക് പ്രചോദനവും മാർഗദീപവുമരുളട്ടെ.

ആധാരകൃതികൾ:

1. ചാവറയച്ചന്റെ നാളാഗമങ്ങൾ : സമ്പൂർണകൃതികൾ Vol. II
2. ഫാ. ബർണാർദ് T.O.C.D : സി.എം.ഐ സഭ ആദ്യദശകങ്ങളിൽ
3.. Pius Malekandathil (ed.) Jarnada of Dom Alexis de Menezes
4. ഫാ. സെഡ് എം. മൂഴൂർ : അരൂപിയുടെ മേലൊപ്പുള്ള മനുഷ്യൻ
5. Fr. Lucas Vithuvattickal C.M.I : History of the Roccos Schism, Herald of the East , Vol. VI, Nos. 1-3 & 4



ഫാ. ജോസ് ചിറ്റിലപ്പള്ളി സി.എം.ഐ

ദൈവാരൂപി നിറഞ്ഞ മനുഷ്യൻ

സുവിശേഷത്തിൽ യേശു മൊഴിഞ്ഞ ഏറ്റവും ചെറിയ ഉപമ ഓർത്തുപോവുകയാണ്. ഒറ്റവാചകത്തിലൊതുങ്ങുന്ന പുളിമാവിന്റെ ഉപമ. ഒട്ടേറെ സത്യങ്ങൾ ഒളിവിതറുന്ന സുന്ദരമായ രൂപകം. "ഒരു സ്ത്രീ മൂന്നളവ് മാവിൽ അതു മുഴുവൻ പുളിക്കുവോളം ചേർത്തുവച്ചിരിക്കുന്ന പുളിമാവു പോലെയാണ് ദൈവരാജ്യം." (ലൂക്കാ. 13:21)

പരിശുദ്ധ കന്യകാമറിയം അടുക്കളയിൽ അപ്പമുണ്ടാക്കുമ്പോൾ പുളിമാവ് ചേർത്തു വയ്ക്കുന്ന മാവിൽ വരുന്ന അനുപമമായ പരിവർത്തനം യേശു വിസ്മയമൂറുന്ന മിഴികളോടെ വീക്ഷിച്ചിട്ടുണ്ടായിരിക്കണം. പുളിമാവിന്റെ പ്രവർത്തനഫലമായി പരുപരുത്ത മാവ് മാർദ്ദവമുള്ളതായി നീളത്തിലും വീതിയിലും ഉയർന്ന് വിരിഞ്ഞു പൊങ്ങുന്നു. മാവ് പാത്രത്തിൽ കോരിയൊഴിച്ച് പാകപ്പെടുത്തിക്കഴിയുമ്പോൾ രുചികരമായ അപ്പമായിത്തീരുന്നു.

നിത്യപിതാവിന്റെ സത്യവചനമായ യേശുവാകുന്ന പുളിമാവുകൊണ്ട് അടിമുടി പുളിപ്പിച്ച് അനുസ്യൂതം ദൈവത്തിലേക്ക് ഉയരുകയും അനവരതം മനുഷ്യരിലേക്ക് വിരിയുകയും ചെയ്ത അതുല്യവ്യക്തിപ്രഭവമായിരുന്നു വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. നമ്മുടെ മുൻ രാഷ്ട്രപതി ഡോ. ആർ. വെങ്കിട്ടരാമന്റെ വീക്ഷണത്തിൽ ധ്യാനയോഗവും കർമ്മയോഗവും സ്വന്ത ജീവിതശൈലിയിൽ സമഞ്ജസമായി സമന്വയിപ്പിച്ച അപൂർവ യുഗകർത്താവായിരുന്നു ചാവറയച്ചൻ. 19-ാം നൂറ്റാണ്ടിൽ ജീവിച്ച്, 20-ാം നൂറ്റാണ്ടിന്റെ ഇതിഹാസമായി വളർന്ന്, 21-ാം നൂറ്റാണ്ടിലെ പ്രകാശഗോപുരമായി തീർന്ന പരിപൂർണതയുടെ ആചാര്യനായിട്ടാണ് സുകുമാർ അഴീക്കോട് ചാവറയച്ചനെ വിശേഷിപ്പിച്ചത്.

പ്രഥമവും പ്രധാനവുമായി കുര്യാക്കോസ് ഏലിയാസച്ചൻ ഒരു ധ്യാനയോഗിയായിരുന്നു. ഈശ്വരോന്മുഖതയായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ഏറ്റവും സമ്പന്നമായ വശം. പ്രാർഥനയായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. മാന്നാനം കുന്നിൻമുകളിലേക്ക് നടന്നുനീങ്ങുന്ന ചാവറയച്ചനെ നോക്കി "ഇതാ ദൈവാരൂപിയാൽ നിറഞ്ഞ മനുഷ്യൻ" എന്ന് ജനങ്ങൾ പറയുമായിരുന്നു. ചാവറയച്ചനെ സംബന്ധിച്ചിടത്തോളം ദൈവം സ്നേഹധനനായ ഒരു പിതാവാണ്. ദൈവപിതാവിനെ സ്നേഹസമ്പന്നനായ അപ്പച്ചനായി കണ്ടറിഞ്ഞ് ആ അപ്പന്റെ മുമ്പിൽ നിൽക്കുന്ന മകന്റെ ചാരുതയാർന്ന ചിത്രം ചാവറയച്ചന്റെ സാഹിത്യകൃതികളിൽ, പ്രത്യേകിച്ച് 'ധ്യാനസല്ലാപങ്ങ'ളിലും 'ആത്മാനുതാപ' ത്തിലും നമുക്കു ദർശിക്കാനാവും.

ചാവറയച്ചന്റെ വീക്ഷണത്തിൽ പ്രാർഥന അപ്പനുമായുള്ള സ്നേഹസംഭാഷണമാണ്. ക്രൈസ്തവ ആധ്യാത്മികതയുടെ അടിസ്ഥാനം ദൈവവും മനുഷ്യനും തമ്മിലുള്ള പിതൃപുത്രബന്ധമാണ്. ദൈവത്തെ 'ആബാ' എന്നു വിളിക്കാനാണ് യേശു നമ്മെ പഠിപ്പിച്ചത്. പിതാവായ ദൈവത്തെ ആബാ എന്നു വിളിക്കുന്ന പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെയാണ് നാം സ്വീകരിച്ചിരിക്കുന്നത്. ചാവറയച്ചന്റെ പ്രാർഥന ഈ പിതൃപുത്രബന്ധത്തിന്റെ അനുഭവവും ആസ്വാദനവുമാണ്.

മുപ്പത്തിരണ്ടു പേജ് മാത്രമുള്ള ധ്യാനസല്ലാപങ്ങളിൽ 31 പ്രാവശ്യം ദൈവത്തെ 'അപ്പാ' എന്ന് ചാവറയച്ചൻ വിളിക്കുന്നുണ്ട്. "ഇതാ എന്റെ അപ്പന്റെ തിരുമുമ്പിൽ ഞാൻ വരുന്നു... പ്രിയമുള്ള അപ്പാ നിന്റെ മുമ്പിൽ ഞാൻ മുട്ടുകുത്തിയിരിക്കുന്നു... എന്റെ അനുഗ്രഹമുള്ള അപ്പാ, നിന്റെ തിരുമുഖം എത്രയും അഴകുള്ളതാണ്...എന്റെ അപ്പാ, ആ പേരുകൊണ്ടല്ലാതെ നിന്നെ വിളിക്കുവാൻ എന്റെ ഹൃദയം എന്നെ അനുവദിക്കുന്നില്ല..." ഇന്നിന്റെ 'മമ്മി-ഡാഡി' സംസ്കാരത്തിൽ നിന്ന് വിഭിന്നമായി ദൈവത്തെ അപ്പാ എന്ന് അഭിസംബോധന ചെയ്യുന്ന അതീവഹൃദ്യമായ ഒരു ഉൾക്കാഴ്ചയുടെ ഉടമയായ ചാവറയച്ചനെ ഈ വരികളിൽ നമുക്കു കാണാം. ദൈവത്തെ 'എന്റെ അപ്പനും' 'നല്ല അപ്പനും' ആയിക്കാണുന്ന 'ആബാനുഭവ'ത്തിന്റെ മൂർത്തീഭാവമായിരുന്നു ചാവറയച്ചൻ.

ആത്മാനുതാപത്തിലെ ഈരടികളിലും ഇതേ ശൈലി തന്നെ മുഴങ്ങിക്കേൾക്കാം.

"മമപിതാവ് നീയേ ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നയേ മറ്റെന്തുഗുണം നാഥാ.
എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
നിന്നിലല്ലാതെ ഞാനെങ്ങനെ ജീവിക്കുന്നു.
ശ്വാസവുമെനിക്കു നീ യാവനപാനം നീയേ
ആശ്വാസം നിന്നിലല്ലാതെയെവിടെയെനിക്കയ്യോ."

ദൈവസന്നിധിയിൽ ധ്യാനനിർലീനനായി നൽക്കുന്ന ചാവറയച്ചൻ സെന്റ് പോളിനെപ്പോലെ 'എനിക്ക് ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവു' മാണെന്ന് പ്രഖ്യാപിക്കുകയാണ്. ഇതെങ്ങനെ സാധിതമായി എന്ന ചോദ്യത്തിനുള്ള ഉത്തരം ചാവറയച്ചൻ തന്നെ നല്കുന്നുണ്ട്.

"എത്രയും ചിത്രമാം നിന്മുഖപദ്മത്തെ
ഏകാന്തപ്രേമത്താൽ പാർക്കുന്നഹം".

അങ്ങനെ ഏകാന്തപ്രേമത്തിൽ എത്രയും മനോഹരമായ യേശുവിന്റെ തിരുമുഖം ഉറ്റുവീക്ഷിച്ച്, പരിശുദ്ധാ

രൂപി നിറഞ്ഞ ദിവ്യപുരുഷനായി ഉയരുകയായിരുന്നു ചാവറയച്ചൻ. യേശുവിൽ സ്നേഹവും ഭാഗ്യവും ദർശിച്ച്, ശ്വാസവും ആശ്വാസവും നിക്ഷേപിച്ച്, യാവനയും പാനീയവും ആസ്വദിച്ച് യേശുബദ്ധമായ ഒരു ജീവിതം നയിക്കുവാൻ ചാവറയച്ചനു സാധിച്ചു. "കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും. എന്റെ ഭാഗധേയം അവിടുത്തെ കരങ്ങളിലാണ്." (സങ്കീർത്തനം 16) എന്ന മനോഭാവം ചാവറയച്ചനിൽ രൂഢമൂലമായിരുന്നു.

യേശുഅനുഭവത്തിനുള്ള തീവ്രമായ അഭിവാഞ്ഛ ചാവറയച്ചനിൽ തിളങ്ങിനിന്നിരുന്നു. ആത്മാനുതാപത്തിലെ മൂന്നാം അധ്യായം മുഴുവൻ യേശുവിനാൽ നിറയാനുള്ള പ്രാർഥനാപ്രകരണങ്ങളാണ്.

"കാരുണ്യനാഥനാം ദൈവകുമാരന്റെ
ആരണ്യശോഭയെ കാണാകേണം.
മാനുഷനീചവേഷത്തെ ധരിച്ചൊരു
മാനുഷത്രാതാവെ കാണാകേണം.
ഉന്നതനാം ദൈവം കന്യാമറിയത്തിൽ
വന്നുപിറന്നതും കാണാകേണം,"

'കാണാകേണം, കൃഷ്ണാ കണികാണാകേണം' എന്ന ഹൈന്ദവ ഭക്തിഗാനത്തിന്റെ ഈണത്തിൽ വിരചിതമായ ഈ വരികളിൽ യേശുവിനെ സദാ മനസ്സിൽ നിനച്ച്, യേശുവിന്റെ ജീവിതരംഗങ്ങൾ ഹൃദ്യമായി അനുസ്മരിച്ച്, യേശുവുമായി താദാത്മ്യം പ്രാപിക്കുന്ന ചാവറയച്ചനെയാണ് നമുക്കു കാണുവാൻ കഴിയുക. യേശുവിനെ കണ്ണോടു കണ്ണുകണ്ട് ദൈവാനുഭവത്തിന്റെ പുതിയ മേഖലകളിലേക്ക് പ്രവേശിക്കുന്ന ചാവറയച്ചൻ, അസ്സീസിയിലെ വി. ഫ്രാൻസിസിനെപ്പോലെ, പ്രകൃതിയിലൂടെയും അനുദിനജീവിത സംഭവങ്ങളിലൂടെയും സ്വർഗപിതാവിന്റെ പക്കലേക്കുയരുന്നത് ആത്മാനുതാപത്തിലെ വരികൾ വ്യക്തമാക്കുന്നു.

"ആകാശഗമനവും ആദിത്യചന്ദ്രന്മാരും
പ്രകാശഗ്രഹങ്ങളും നക്ഷത്രക്കൂട്ടങ്ങളും
ഭൂമിയിൽ മുളച്ചുള്ള പുല്ലുപുഷ്പാദികളും
ഭൂതലും സമസ്തവും സൂക്ഷിച്ചുനോക്കിക്കൊണ്ട്
ഇതൊക്കെ സൃഷ്ടിച്ചതെന്തുകാരണമെന്നും
ഇതിനെക്കണ്ട് നിന്റെ മഹിമ ഗ്രഹിപ്പാനും
ഇപ്പോലെയുള്ള ഭാഗ്യമീലോകെ വച്ചുവെങ്കിൽ
അപ്പരലോകെയുള്ള ഭാഗ്യങ്ങളെത്രചിത്രം
എന്നിതൊക്കെയും കണ്ടു ഗ്രഹിപ്പാൻ കണ്ണുതന്നു"

പ്രപഞ്ചത്തെ ദൈവത്തിന്റെ കണ്ണോടുകൂടി വീക്ഷിക്കുന്ന വിശ്വഗായകനായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ.

ദൈവാനുഭവത്തിന്റെ അനന്തരഫലം അനുതപ്തഹൃദയമാണ്. പരിശുദ്ധി തന്നെയായ ദൈവപിതാവിന്റെ സന്നിധിയിൽ നിൽക്കുമ്പോൾ താനെത്ര നിസാരനാണെന്ന ചിന്ത ചാവറയച്ചനെ 'ആത്മാനുതാപത്തി' ലേക്ക് നയിക്കുന്നു. സർവനന്മയായ ദൈവത്തെ ധ്യാനിക്കുന്നതിനോ അവിടുത്തെ അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനോ തനിക്കർഹതയില്ലെന്ന് ചാവറയച്ചൻ ആവർത്തിച്ചേറ്റു പറയുന്നത് ധ്യാനസല്ലാപങ്ങളിലും ആത്മാനുതാപത്തിലും സുതരാം വ്യക്തമാണ്.

"വെണ്മയായ് നടപ്പാനായ് തന്നൊരു വെള്ളവസ്ത്രം
നന്മയും കളഞ്ഞയ്യോ പാപിഞാൻ മഹാമൂഢൻ
നിന്നുടെ പുത്രസ്ഥാനം നശിപ്പിച്ചതും ദുഃഖം
എന്നതിൽപരം ദുഃഖം പിശാചിൻ ദാസനായി
പാപിയാം മമ പൈതൽ പ്രായത്തിൻ കുറ്റങ്ങളെ
താപത്താൻ പൊറുതിയെക്കണ്ടു പ്രാർഥിക്കുന്നേൻ.
നിന്നുടെ തിരുക്കരം നീട്ടിയെൻ തിരുവാഴ്വ്
തന്നിടണമേ മമപാപവും പോക്കിടേണം."

'മാമ്മോദീസായിൽ ലഭിച്ച പ്രസാദവരം ഒരിക്കലും കളങ്കപ്പെടുത്തിയിട്ടില്ല' എന്ന് മരണാവസരത്തിൽ പ്രഖ്യാപിക്കുവാൻ കഴിഞ്ഞ ചാവറയച്ചന്റെ പാപബോധവും അനുതാപാരൂപിയും ഉന്നതമായ ദൈവാനുഭവത്തിന്റെയും ഉദാത്തമായ പുണ്യപൂർണതയുടെയും പ്രകാശനമാണ്.

പാപബോധം സ്നേഹധനനായ ദൈവപിതാവിൽ ആശ്രയിക്കുന്നതിന് ചാവറയച്ചന് ഉൾപ്രേരണയേകി. ധ്യാനസല്ലാപങ്ങളിൽ ദൈവഭവനത്തിൽ കണ്ണുംനട്ടുകൊണ്ട്, ധൂർത്തപുത്രനെ മനസിൽ സ്വരൂപിച്ചുകൊണ്ട് ചാവറയച്ചൻ വിവരിക്കുന്ന രംഗം അതീവഹൃദ്യമാണ്: "ഇതാ, സ്വർഗവാതിലുകൾ തുറക്കുന്നു. ഞാൻ ഈ വേഷത്തിൽ എന്തു ചെയ്യേണ്ടു. ഇപ്പോൾ എന്റെ അപ്പൻ വന്ന് എന്നെ പിടിച്ചു തഴുകും. ഞാനതിന് യോഗ്യനല്ല. അതിനാൽ ഞാൻ അവിടുത്തെ തൃപ്പാദങ്ങളിൽ വീഴട്ടെ."

ഇവിടെ ചാവറയച്ചന്റെ ദൈവാനുഭവം ആത്യന്തികലക്ഷ്യത്തിൽ എത്തിച്ചേരുന്നു. അതുകൊണ്ടാണ് ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചുകൊണ്ട് ജോൺപോൾ രണ്ടാമൻ മാർപാപ്പ പുറപ്പെടുവിച്ച ഔദ്യോഗിക ഡിക്രിയിൽ പറയുന്നത്: "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ പക്കൽ വന്ന് അവനോടുകൂടി വസിക്കുകയും ചെയ്യും" (യോഹ. 14: 23). കർത്താവിന്റെ ഈ വചനങ്ങൾ പ്രസാദവരമുള്ള ഏതു ക്രിസ്തുശിഷ്യനിലും സാർഥകമാണെങ്കിൽ, വന്ദ്യനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനിൽ ഈ ദൈവികസാന്നിധ്യം ബാഹ്യലോകത്തിന് ദൃശ്യമാകത്തക്കവിധം വളരെ പ്രകടമായിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ ഒരു ദൈവികമനുഷ്യനായി അഥവാ പരിശുദ്ധാത്മാവ് നിറഞ്ഞവനായി മനുഷ്യർ കാണുകയും അപ്രകാരം പരസ്യമായി അംഗീകരിക്കുകയും ചെയ്തു."

അങ്ങനെ യേശുവാകുന്ന വചനത്തെ "കണ്ണുകൊണ്ടു കണ്ട്, കാതുകൊണ്ടു കേട്ട്, കൈകൾകൊണ്ടു തൊട്ട് (1 യോഹ. 1:1) ആ വചനാനുഭവം സ്വായത്തമാക്കിയ ചാവറയച്ചൻ മനുഷ്യർക്ക് ദൈവത്തിന്റെ മനോജ്ഞദാനമായിത്തീർന്നു. ആത്മാവിന്റെ ആന്തരീകഹർമ്യത്തിൽ ദൈവാനുഭവത്തിന്റെ അഗ്നിയാൽ ജ്വലിച്ച അദ്ദേഹം 'തപസ്സുഭവന' മായ ദർശനവീട് സ്ഥാപിച്ച് ജനനന്മയ്ക്കുപകാരപ്രദമായ അനേകം കർമപരിപാടികൾ ആവിഷ്കരിച്ചു. ദൈവാരൂപിയാൽ നിറഞ്ഞ ചാവറയച്ചൻ ആ അരൂപിയുടെ പ്രകാശം ലോകമെങ്ങും പ്രസരിക്കുവാൻ ആഗ്രഹിച്ചതിൽ അദ്ഭുതത്തിന് അവകാശമില്ല. ചാവറയച്ചൻ ആത്മാനുതാപത്തിൽ ആലപിക്കുന്നതു ശ്രദ്ധേയമാണ്:

"കേസരിരാജൻ നീ, നിന്നുടെ സുമതം
കേരളമൊക്കെയും കാണാകേണം
കൈകാലും ശേഷവും നൽകിയ നിൻവേദം
കൈക്കൊണ്ടിടുന്നതും കാണാകേണം".

ചുരുക്കത്തിൽ ജ്ഞാന-ഭക്തി-കർമ്മമാർഗങ്ങളെ സ്വകാര്യവ്യക്തിത്വത്തിൽ സുന്ദരമായി സമന്വയിപ്പിച്ച ധന്യാത്മാവാണ് ചാവറയച്ചൻ. അതുകൊണ്ടുതന്നെ ഒരു പുരുഷായുസ്സിൽ ചെയ്യാവുന്നതിലധികം കാര്യങ്ങൾ ചെയ്തു തീർക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. സന്യാസസഭകളുടെ സ്ഥാപനം, അജപാലന പരിഷ്കാരങ്ങൾ, ആരാധനക്രമ നവീകരണം, വിശ്വാസസംരക്ഷണം, വിദ്യാഭ്യാസപ്രവർത്തനം, മുദ്രാലയപ്രേഷിതത്വം, ജീവകാരുണ്യ ശുശ്രൂഷ, സാഹിതീസേവനം, കുടുംബസമുദ്ധാരണം എന്നീ തലങ്ങളിൽ ചാവറയച്ചൻ കാഴ്ചവച്ച സംഭാവനകൾ അന്നത്തെ തലമുറയെ ധന്യമാക്കി. അനന്തര തലമുറയ്ക്കു പ്രചോദനമായി. അങ്ങനെ സുഭഗസ്മരണാർഹനായ മാർ മാത്യു കാവുകാട്ട് മെത്രാപ്പോലീത്ത പറഞ്ഞതുപോലെ, ചാവറയച്ചൻ "സന്യാസികളുടെ ഇടയിൽ ഒരു സമുദായസേവകനും സമുദായ സേവകരുടെ ഇടയിൽ ഒരു സന്യാസിവര്യനും ഇരുകൂട്ടരുടെയും ഇടയിൽ ഒരു ദൈവികമഹാപുരുഷനുമായി ഉയർന്നു നിൽക്കുന്നു."




ഡോ. തോമസ് ചാത്തംപറമ്പിൽ സി.എം.ഐ

ചാവറയച്ചനും വിദ്യാഭ്യാസരംഗവും

കേരളിയുടെ വിദ്യാസമ്പത്തു വർദ്ധിപ്പിക്കാൻ വൈരാഗ്യസമാനമാം വാശിയോടാദ്യം തൊട്ടേ നിർമാണപ്രക്രിയകൾ പ്രേഷിതചൈതന്യത്തോടമഹാനനുഷ്ഠിച്ചു വിശ്രമരഹിതനായ്.

(മാത്യു ഇടമറ്റം: കാർത്തിക നക്ഷത്രം)

പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളത്തിലെ മത, സാമുദായിക, വിദ്യാഭ്യാസ രംഗങ്ങളിൽ മായാത്ത മുദ്ര പതിപ്പിച്ച മുനിവര്യനാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലി



ചാവറയച്ചൻ ദളിതർക്കു വേണ്ടി ആരംഭിച്ച വിദ്യാലയം - രാമചന്ദ്രൻമാസ്റ്ററുടെ ഒരു പെയിന്റിംഗ്



ചാവറയച്ചൻ മാന്നാനത്തു സ്ഥാപിച്ച സംസ്കൃത സ്കൂൾ

യാസച്ചൻ. കേവലം കർഷക കച്ചവട മേഖലകളിൽ മാത്രം അറിയപ്പെട്ടിരുന്ന കേരള കത്തോലിക്കരെ സാംസ്കാരികവും സാമുദായികവും വിദ്യാഭ്യാസപരവുമായ മേഖലകളിൽ മുൻനിരയിലെത്തിക്കുവാൻ ശ്രമം തുടങ്ങിയത് ചാവറയച്ചനായിരുന്നു. കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ കത്തോലിക്കാസഭയുടെ ഇന്നത്തെ സ്ഥാനം എന്താണോ, അത് ചാവറയച്ചനെന്ന ഒരു വ്യക്തിയുടെ ദീർഘവീക്ഷണത്തിന്റെ ഫലമാണ്. അക്ഷരസ്നേഹിയായിരുന്ന ആ മഹാനുഭാവൻ വിത്തു പാകിയ പ്രസ്ഥാനമാണ് ഇന്നൊരു മഹാവൃക്ഷമായി നിലകൊള്ളുന്നത്. 'വിദ്യ' യുടെ അനന്തസാധ്യതകൾ കണ്ടറിഞ്ഞ ചാവറയച്ചന്റെ പ്രവർത്തനങ്ങൾ ആധുനിക കേരളത്തിന്റെ നിർമിതിയിൽ അതുല്യമായ പങ്കു വഹിക്കുന്നുണ്ട്. സാക്ഷരകേരളത്തിന്റെ രൂപീകരണത്തിൽ അദ്ദേഹം വഹിച്ച പങ്ക് തിരിച്ചറിയണമെങ്കിൽ പത്തൊമ്പതാം നൂറ്റാണ്ടിലെ കേരള വിദ്യാഭ്യാസചരിത്രത്തിലൂടെ ഒന്നു കണ്ണോടിക്കേണ്ടിയിരിക്കുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിലെ കേരള വിദ്യാഭ്യാസരംഗം

കുടിപ്പള്ളിക്കൂടങ്ങളുടെയും ആശാൻകളരികളുടെയും നാടായിരുന്നു കേരളം. ഇരുപതിലേറെ നാട്ടുരാജ്യങ്ങളായി വിഭജിക്കപ്പെട്ടിരുന്ന കേരളം, പില്ക്കാലത്ത് തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെയുള്ള മൂന്നു രാജ്യങ്ങളായി മാറിയെങ്കിലും ജനങ്ങളുടെ വിദ്യാഭ്യാസ രീതിയിൽ പ്രകടമായ മാറ്റം സംഭവിച്ചിരുന്നില്ല. പാശ്ചാത്യ മിഷനറിമാരുടെ വരവോടെയാണ് വിദ്യാഭ്യാസരംഗത്ത് അല്പമെങ്കിലും ആധുനികത കേരളത്തിലുണ്ടായിത്തുടങ്ങിയത്. പ്രാചീനകാലം മുതൽ കേരളത്തിലുണ്ടായിരുന്ന സംസ്കൃതാഭ്യസനം വഴി പുറംലോകത്തേക്കുള്ള ഒരു തുറവി കേരളീയർക്കു ലഭിച്ചിരുന്നോ എന്നതു സംശയമാണ്. മതാഭ്യസനത്തിന്റെയും സമുദായ മേൽക്കോയ്മയുടെയും ഒരു പാധി മാത്രമായിരുന്നു സംസ്കൃത പഠനം.

വിദ്യാഭ്യാസരംഗത്ത് സമൂലമായ മാറ്റങ്ങൾ വരുത്താവുന്നതായിരുന്നു തിരുവിതാംകൂറിൽ 1819ൽ 'വെർണാകുലർ സ്കൂളുകൾ' സ്ഥാപിച്ചുകൊണ്ടുള്ള മഹാറാണി ഗൗരി പാർവതി ഭായിയുടെ വിളംബരം1. അനേകം സ്കൂളുകൾ ആരംഭിക്കപ്പെട്ടുവെങ്കിലും പലവിധ കാരണങ്ങളാൽ അധികം താമസിയാതെന്നെ അവയിൽ പലതും നാമാവശേഷമായി. തിരുവിതാംകൂറിലെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു തുടക്കംകുറിച്ചത് സ്വാതിതിരുനാൾ രാമവർമ മഹാരാജാവായിരുന്നു. നാഗർകോവിൽ സെമിനാരിയിലെ പ്രധാനാധ്യാപകനായിരുന്ന റോബർട്സിനെ വിളിച്ചുവരുത്തി 1834-ൽ അദ്ദേഹം സ്കൂൾ തുടങ്ങി2. റവ. ഡാസൻ 1818-ൽ മട്ടാഞ്ചേരിയിൽ സ്ഥാപിച്ചതാണ് കൊച്ചി രാജ്യത്തെ ആദ്യ ഇംഗ്ലീഷ് സ്കൂൾ3. മലബാറിലെ ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ 'ബാസൽ മിഷൻ' 1848-ൽ കല്ലായിയിൽ ആരംഭിച്ചു4. തിരുവിതാംകൂറിലെ ആദ്യത്തെ ഉന്നതവിദ്യാഭ്യാസസ്ഥാപനം 1866-ൽ കോളജായി ഉയർത്തപ്പെട്ട സി.എം.എസ്5 സ്കൂളാണ്. 1816-ൽ പുരോഹിതാർഥികൾക്കായി സി.എം.എസ് ആഭിമുഖ്യത്തിൽ കോട്ടയത്താണ് ഇതാരംഭിച്ചത്6. ഇങ്ങനെ, പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശയിൽ വിദ്യാഭ്യാസരംഗത്ത് കേരളത്തിൽ ചലനങ്ങൾ ഉണ്ടായിത്തുടങ്ങിയെങ്കിലും സുറിയാനി കത്തോലിക്കർക്ക് അത് അപ്രാപ്യമായിരുന്നു.

സുറിയാനി കത്തോലിക്കരും വിദ്യാഭ്യാസവും

കേരളത്തിലെ പരമ്പരാഗത സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രം മാറ്റിയെഴുതിയ ഒരു സംഭവമായിരുന്നു 1599-ൽ നടന്ന ഉദയംപേരൂർ സൂനഹദോസ്. ആരാധനാപരവും അനുഷ്ഠാനപരവുമായ ഒട്ടേറെക്കാര്യങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്തിയതു കൂടാതെ, വിദ്യാഭ്യാ

സരംഗത്തും ഉദയംപേരൂർ സൂനഹദോസ് അടിസ്ഥാനപരമായി ഇടപെട്ടു. സുറിയാനിക്കാർ അന്യമതസ്ഥരായ അധ്യാപകരുടെ പക്കൽ വിദ്യ അഭ്യസിക്കുന്നതിനെ സൂനഹദോസ് വിലക്കി[7]. സുറിയാനിക്കാരായ ആശാന്മാർ അന്യമതസ്ഥരായ കുട്ടികളെ ആകർഷിക്കുന്നതിനായി ഒന്നും ചെയ്യരുതെന്നും സൂനഹദോസ് കല്പിച്ചു[8]. കുടിപ്പള്ളിക്കൂടങ്ങളും ആശാൻകളരികളും മാത്രമുണ്ടായിരുന്ന ആ കാലഘട്ടത്തിൽ, ഈ വിലക്കുകളുടെ പരിണതഫലം അതീവ ഗുരുതരമായിരുന്നു.

സൂനഹദോസിനു ശേഷം ഭരണാധികളായിരുന്നവർ സൂനഹദോസ് തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ ഒട്ടേറെ വിജയിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിൽ വിദേശ മിഷനറിമാർ ഭരണത്തിൽനിന്നൊഴിവാകുന്നതുവരെ വിദ്യാഭ്യാസരംഗം അവഗണിക്കപ്പെട്ടു കിടന്നു. ഇഗ്നേഷ്യസ് പേർസിക്കോയുടെ ചരിത്രപ്രസിദ്ധമായ റിപ്പോർട്ടിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "സുറിയാനിക്കാരെ ഭരിക്കുന്ന കർമ്മലീത്തക്കാർ വിദ്യാഭ്യാസരംഗത്ത് കാര്യമായി ഒന്നും ചെയ്തിട്ടില്ല[9]. പൊതുവേ പറഞ്ഞാൽ മിഷനറിമാർ ഭാഷാജ്ഞാനം, നാട്ടുകാരായ വൈദികരുടെയും തങ്ങളെ ഏല്പിച്ചിരിക്കുന്ന ക്രിസ്ത്യാനികളുടെയും വിദ്യാഭ്യാസം എന്നീ കാര്യങ്ങളിൽ ഇന്ത്യയിൽ ഒരിക്കലും വിശ്രുതി നേടിയിട്ടില്ല[10]." കച്ചവട, കൃഷി കാര്യങ്ങളിൽ നിപുണരായിരുന്ന സുറിയാനികൾ അതുവിട്ടൊരു വഴി തെരഞ്ഞെടുക്കാൻ പ്രേരിപ്പിക്കപ്പെട്ടതേയില്ല. ചാവറയച്ചന്റെ കാലത്തിനു മുമ്പ് സുറിയാനി കത്തോലിക്കരുടെ ഇടയിൽനിന്നും അറിയപ്പെടുന്ന ഒരു സാഹിത്യകാരനോ പണ്ഡിതനോ ഉയർന്നുവന്നിട്ടില്ല എന്നതിനു കാരണവും ഇതുതന്നെ. 1884 ഒക്ടോബർ അഞ്ചിന് നിരവധി സുറിയാനി വൈദികർ ചേർന്ന് പ്രൊപ്പഗാന്തായുടെ പ്രീഫെക്ടിന് എഴുതിയ കത്തിൽ സൂചിപ്പിച്ചിരിക്കുന്നത് ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. "സുറിയാനി കത്തോലിക്കരുടെ ഇടയിൽനിന്ന് കോളജ് പഠനം കഴിഞ്ഞ് ഡിഗ്രി കിട്ടിയവരായി ആരുമില്ല. യാക്കോബായ സഹോദരങ്ങളിൽ ഡിഗ്രി കിട്ടിയവരായി നൂറിലധികം പേരുണ്ട്. വക്കീലന്മാർ, ഡോക്ടർമാർ, ജഡ്ജിമാർ തുടങ്ങി മറ്റു സമുദായങ്ങളിൽ പലരുള്ളപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽ ആരുമില്ല."[11]

ക്രാന്തദർശിയായ സമുദായസ്നേഹി

താനുൾപ്പെടുന്ന സമൂഹത്തിന്റെയും സമുദായത്തിന്റെയും ദുരവസ്ഥ കണ്ട് ചാവറയച്ചൻ പ്രത്യുത്തരിച്ചത് അതീവ


മാന്നാനം ആശ്രമം

ശ്രദ്ധയോടെയായിരുന്നു. ഭാരതത്തിലെ പ്രഥമ ഏതദ്ദേശീയ സന്യാസസഭയുടെ നേതൃത്വം അതിന്റെ ആരംഭഘട്ടത്തിൽത്തന്നെ ഏറ്റെടുക്കേണ്ടിവന്ന ചാവറയച്ചൻ, തന്റെയും സഭയുടെയും സിദ്ധികൾ സമുദായ പുരോഗതിക്കായി ഉപയോഗിക്കാൻ തുടങ്ങി. സുറിയാനി കത്തോലിക്കരുടെ ആദ്യത്തെ വിദ്യാലയവും സദ്ഗ്രന്ഥങ്ങൾ പ്രചരിപ്പിക്കുന്നതിനായി ആദ്യത്തെ അച്ചുകൂടവും സ്ഥാപിക്കുകവഴി മഹത്തായ ഒരു മുന്നേറ്റത്തിനാണ് ആ മഹാൻ തുടക്കംകുറിച്ചത്.

വിദ്യാഭ്യാസത്തിനായി ഒരു സ്കൂളിന്റെ പടിവാതിൽ പോലും കടക്കാൻ സാധിച്ചിട്ടില്ലാത്ത ചാവറയച്ചന്, തനിക്കും തന്റെ പൂർവികർക്കും നഷ്ടമായത്, തന്റെ സമകാലീനർക്കും പിൻഗാമികൾക്കും നേടിക്കൊടുക്കണമെന്ന നിശ്ചയദാർഢ്യമുണ്ടായിരുന്നു. വിദ്യാഭ്യാസരംഗത്ത് വളരെയേറെ പിന്നോക്കാവസ്ഥയിലായിരുന്ന സ്വസഹോദരങ്ങളെ പിടിച്ചുയർത്താൻവേണ്ടി അദ്ദേഹം ആവിഷ്കരിച്ച പദ്ധതികൾ അദ്ദേഹത്തിന്റെ വിദൂരവീക്ഷണത്തിന്റെയും ധീരതയുടെയും അവിസ്മരണീയമായ തെളിവുകളാണ്. ചാവറയച്ചനുണ്ടായിരുന്ന ഈ സമുദായസ്നേഹത്തിന്റെ പിന്തുടർച്ചയാണ് അദ്ദേഹത്തിന്റെ സഭാംഗങ്ങൾ ഇന്നു വിദ്യാഭ്യാസമേഖലയിൽ നല്കിക്കൊണ്ടിരിക്കുന്ന ഉജ്വല നേതൃത്വം. കേരളസഭയ്ക്ക് കേരളത്തിനു നല്കാൻ സാധിച്ച ഏറ്റവും വലിയ സംഭാവന വിദ്യാദാനവും ഉയർന്ന വിദ്യാഭ്യാസ നിലവാരവുമാണ് എന്നത് തർക്കരഹിതമാണ്. ന്യൂനപക്ഷമായ ക്രിസ്ത്യാനികൾക്ക് പൊതുസമ്മതി കിട്ടിയിട്ടുള്ള ഏതെങ്കിലും സേവനരംഗം ഭാരതത്തിലുണ്ടെങ്കിൽ അത് വിദ്യാഭ്യാസരംഗമാണ്. നാടിനെ ക്രൈസ്തവമാക്കുന്നതിൽ പള്ളിക്കൂടങ്ങൾ നേരിട്ടു ലക്ഷ്യംവച്ചിട്ടില്ലെന്നതു ശരിതന്നെ. എന്നാൽ, ക്രൈസ്തവമായ ഒരു ധാർമിക വീക്ഷണം, അതായത് ധർമാധർമങ്ങളെ വേർതിരിച്ചറിയുന്നതിനുള്ള കഴിവും പ്രതികരണശേഷിയും പടുത്തുയർത്തുന്നതിൽ ക്രൈസ്തവ വിദ്യാലയങ്ങൾ വഹിച്ചിട്ടുള്ള പങ്ക് കുറച്ചൊന്നുമല്ല[12].

സംസ്കൃത സ്കൂൾ സ്ഥാപനം

സഹജീവികളുടെ ഭൗതികക്ഷേമത്തിൽനിന്നു വിട്ടുമാറിയുള്ള ഒറ്റപ്പെട്ടുനില്പ് ഏതൊരു മതസംഘടനയെയും ബലഹീനമാക്കും. അത്തരമൊരു ദുരവസ്ഥയെ തരണം ചെയ്യാനുള്ള പരിശ്രമമാണ് ചാവറയച്ചനിൽനിന്നുണ്ടായത്. മാന്നാനത്ത് ആശ്രമം തുടങ്ങി പതിനഞ്ചാം വർഷത്തിൽ, അതായത് 1846-ൽ ആശ്രമത്തോടു ചേർന്ന് ഒരു സംസ്കൃത വിദ്യാലയം ചാവറയച്ചൻ സ്ഥാപിച്ചു. ഉദയംപേരൂർ സൂനഹദോസിന്റെ പിൻബലത്തോടെയും പ്രൊട്ടസ്റ്റന്റ് ആശയങ്ങൾ പരക്കുമെന്ന ഭീതിമൂലവും ഇംഗ്ലീഷ് വിദ്യാഭ്യാസം നിഷിദ്ധമാക്കിയ അന്നത്തെ സഭാധികാരികളുടെ കർക്കശ നിലപാടു മൂലമാണ് പാഠശാലയുടെ മാധ്യമം സംസ്കൃതമാക്കിയത്. സമൂഹത്തിന്റെ മേലേക്കിടയിലുള്ളവരുടെ ഇടയിൽ മലയാളത്തെ അപേക്ഷിച്ച് സംസ്കൃതത്തിനുണ്ടായിരുന്ന സ്ഥാനവും ഒരുപക്ഷേ അദ്ദേഹത്തെ പ്രേരിപ്പിച്ചിരിക്കാം. വിദ്യാലയസ്ഥാപനത്തെപ്പറ്റി ചാവറയച്ചന്റെ സമകാലികനായ പാറപ്പുറത്ത് വർക്കിയച്ചൻ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്: "ഈ സമയം ഒപ്പിച്ച് മാന്നാനം ആശ്രമത്തോടു ചേർന്ന് ഒരു സംസ്കൃത സ്കൂളും സ്ഥാപിച്ചിട്ടുണ്ടായിരുന്നു. അതിൽ ഈ ആശ്രമത്തിൽ ചേർന്ന വൈദികരും സമീപമുള്ള സ്ഥലങ്ങളിൽനിന്ന് കുട്ടികളും ചേർന്നു പഠിച്ചിരുന്നു. ഇതിന്റെ നടത്തിപ്പിനായി തൃശൂരിൽനിന്ന് വാര്യർ ജാതിയിൽ ചേർന്ന ഒരു വാദ്ധ്യാരെ വരുത്തിയിരുന്നു. ഇയാൾ മലയാളഭാഷയിലും സംസ്കൃത ഭാഷയിലും വളരെ സമർത്ഥനായിരുന്നു."[13]

ആർപ്പൂക്കരയിലും മാന്നാനത്തും വിദ്യാലയങ്ങൾ

സംസ്കൃത വിദ്യാലയത്തിന്റെ വിജയം ചാവറയച്ചനെ കൂടുതൽ കർമകുശലനാക്കി. സമൂഹത്തിലെ താഴേക്കിടയിൽ കിടക്കുന്നവരിലായി പിന്നീട് അദ്ദേഹത്തിന്റെ ശ്രദ്ധ. വെറും സാമ്പത്തികസഹായംകൊണ്ടു മാത്രം അധഃകൃതരുടെയും പിന്നോക്ക സമുദായക്കാരുടെയും ശോചനീയാവസ്ഥ പരിഹരിക്കപ്പെടുകയില്ല എന്ന് അദ്ദേഹം മനസിലാക്കി. സാക്ഷരത്വവും സംസ്കാരവും ഉണ്ടാക്കിയെടുക്കുക വഴി, ചവിട്ടിമെതിക്കപ്പെട്ട അവരുടെ മനുഷ്യത്വത്തെ പുനരുദ്ധരിക്കാൻ അദ്ദേഹം തുനിഞ്ഞിറങ്ങിയതിന്റെ മകുടോദാഹരണങ്ങളാണ് ആർപ്പൂക്കരയിലെയും മാന്നാനത്തെയും വിദ്യാലയങ്ങൾ. പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന അവരുടെ 'അധസ്തല' ത്ത് പ്രകാശംപരത്തിയ വെള്ളിനക്ഷത്രങ്ങളായിരുന്നു ഈ പാഠശാലകൾ[14]. പാറപ്പുറത്ത് വർക്കിയച്ചൻ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: "മാന്നാനത്ത് ഈ കുന്നേൽ സ്കൂൾ പണിതുടങ്ങുകയും ആർപ്പൂക്കര തുരുത്തുമാലിയുടെ കുന്നേൽ പുലയർ മാർഗം കൂടുന്നവർക്ക് കപ്പേളയും അതോടു ചേർന്ന് സ്കൂളും പണിയിക്കുന്നതിന് സ്ഥലം കണ്ടു നിശ്ചയിച്ചു."[15] തൊട്ടുകൂടാത്ത താഴ്ന്ന ജാതികളെ വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കുക മാത്രമല്ല, അവർക്കു നിഷിദ്ധമായിരുന്ന സംസ്കൃതം തന്നെ അവരെ പഠിപ്പിച്ച് ജാതിയുടെ പേരിലുള്ള വിലക്കുകളെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ പൂർവാർധത്തിൽത്തന്നെ ധീരമായി വെല്ലുവിളിക്കുകയും ചെയ്ത പ്രഥമ ഭാരതീയനായിരുന്നു ചാവറയച്ചൻ.[16]

കോളജ് സ്ഥാപന ലക്ഷ്യം


പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിൽ സ്കൂളുകൾ വളരെ വിരളമായിരുന്നു എന്നു കണ്ടുകഴിഞ്ഞു. സ്കൂളുകൾ തുടങ്ങുകയെന്നത് മഹത്തായ കാര്യവും. ഇങ്ങനെയുള്ള സാഹചര്യത്തിലാണ് ഉന്നത വിദ്യാഭ്യാസം എന്ന ആശയം ചാവറയച്ചനിൽ ഉദിച്ചത്. സുറിയാനിക്കാരുടെ ബഹുമുഖ വളർച്ചയ്ക്കു പര്യാപ്തമായ രീതിയിൽ മാന്നാനത്ത് ഒരു കേന്ദ്ര കോളജ് സ്ഥാപിക്കണമെന്ന് അദ്ദേഹം അഭിലഷിച്ചു[17]. അതിനായുള്ള ശ്രമവും തുടങ്ങി. വിധിവൈപരീത്യമെന്നേ പറയേണ്ടൂ, ഇക്കാലയളവിലാണ് കേരളസഭയെ പിടിച്ചുലച്ച റോക്കോസ് മെത്രാന്റെ ആഗമനം. റോക്കോസിനെ പ്രതിരോധിക്കുന്നതിൽ അമ്പേ പരാജയപ്പെട്ട സഭാധികാരികൾക്കു മുമ്പിൽ ഒരു വഴിയേ ശേഷിച്ചിരുന്നുള്ളൂ- ഏവർക്കും സമ്മതനായിരുന്ന ചാവറയച്ചനെ നേതൃത്വസ്ഥാനത്തേക്ക് ഉയർത്തുകയെന്നത്. 1861 ജൂൺ എട്ടാം തീയതി വിപുലമായ അധികാരങ്ങളോടെ ചാവറയച്ചനെ വികാരി ജനറാളായി ബർണർദീനോസ് മെത്രാപ്പോലീത്ത നിയമിച്ചു. തുടർന്ന് കുന്നമ്മാവിലേക്ക് സ്ഥലംമാറ്റി. മുപ്പതിലേറെ വർഷങ്ങളായി താൻ താമസിച്ചിരുന്ന കൊവേന്തയോടുള്ള ആത്മബന്ധവും മാന്നാനത്തെ ഒരു ഉന്നത വിദ്യാഭ്യാസകേന്ദ്രമാക്കണമെന്നുള്ള ആഗ്രഹവും അനുസരണം വ്രതമായെടുത്ത ചാവറയച്ചനു തടസമായി നിന്നില്ല. പിന്നീട് മാന്നാനത്തേക്കു തിരിച്ചുവരാൻ സാധിക്കായ്കയാലും വികാരി ജനറാളിന്റെ ജോലിത്തിരക്കു മൂലവും കോളജ് സ്ഥാപനം അങ്ങനെ സ്വപ്നമായി അവശേഷിച്ചു.

ചരിത്രപ്രസിദ്ധമായ സർക്കുലർ

വികാരി ജനറാളായ ചാവറയച്ചൻ അത്യുജ്വലമായ നേതൃത്വമാണ് കേരളസഭയ്ക്കു നല്കിയത്. കേരളത്തിലെ വിദ്യാഭ്യാസ പുരോഗതിയുടെയും നൂറു ശതമാനം സാക്ഷരതയുടെയും മൂലകാരണം ചാവറയച്ചൻ ബർണ്ണർദീനോസ് മെത്രാപ്പോലീത്തയെക്കൊണ്ട് പുറപ്പെടുവിച്ച ഒരു സർക്കുലറാണ്. "ഇടവകകൾ തോറും വിദ്യാലയങ്ങൾ സ്ഥാപിക്കണമെന്നും, അല്ലാത്തപക്ഷം അംശമുടക്ക് കല്പിക്കുമെന്നും" താക്കീത് നല്കിക്കൊണ്ടുള്ളതായിരുന്നു ആ സർക്കുലർ. നിർദേശമനുസരിക്കാത്ത പള്ളികൾ അടച്ചിടു

പ്രിയോരച്ചനിൽ നിന്ന് പ്രിയോർമാവിലേക്ക്

ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്നതിന് മുമ്പ് വരെ അദ്ദേഹം അധികവും അറിയപ്പെട്ടിരുന്നത് വലിയ പ്രിയോരച്ചൻ എന്ന പേരിലാണ്. കാരണം അദ്ദേഹം നേതൃത്വമെടുത്ത സന്യാസ സഭയുടെ അതുവരെയുള്ള എല്ലാ ആശ്രമങ്ങളുടെയും പൊതു സുപ്പീരിയർ അദ്ദേഹമായിരുന്നു. അദ്ദേഹത്തിനു മാത്രമായിരുന്നു 'പ്രിയോർ' എന്ന സ്ഥാനപ്പേരും. അതുകൊണ്ട് സഭാംഗങ്ങളും മറ്റുള്ളവരും അദ്ദേഹത്തെ 'വലിയ പ്രിയോരച്ചൻ' എന്നേ വിളിച്ചിരുന്നുള്ളൂ. 1864-നും 1871-നും മിടയിലാണ് ചാവറയച്ചൻ കൂനമ്മാവിലെ ആശ്രമവാസിയായിരുന്നത്. ഒരിക്കൽ സമ്മാനമായി ലഭിച്ച വിശേഷതരം മാങ്ങയുടെ അണ്ടി തന്റെ മുറിയുടെ അടുത്ത് നട്ടുപിടിപ്പിച്ചിരുന്നു. ആ മാവ് പിന്നീട് പ്രിയോർമാവ് എന്ന പേരിൽ അറിയപ്പെട്ടു. നൂറു വർഷത്തോളം ജീവിച്ച പ്രിയോർമാവ് ഉണങ്ങിയപ്പോൾ മുറിച്ചു കഷണങ്ങളാക്കി സി.എം.ഐ, സി.എം.സി സഭകളുടെ ഭവനങ്ങളിൽ ഇന്ന് തിരുശേഷിപ്പുപോലെ സൂക്ഷിച്ചിരിക്കുന്നു. പ്രിയോർ മാവിൻ തൈകൾ ഈ പേരിൽ തന്നെ ഇന്നും നഴ്സറികളിൽ നിന്ന് ലഭ്യമാണ്.



മെന്നുപോലും കല്പിച്ചത് വൈജ്ഞാനികമണ്ഡലത്തിൽ ഒരു വിപ്ലവം സൃഷ്ടിക്കുന്നതിനുള്ള വിത്തുപാകലായിരുന്നു. ചാവറയച്ചൻ സ്വന്തം കൈപ്പടയിൽ എഴുതിയ ആ സർക്കുലറിൽ ഔദ്യോഗികമായി മുദ്രവച്ചിരിക്കുന്നത് ബർണ്ണദീനോസ് മെത്രാപ്പോലീത്തയായിരുന്നു. സർക്കുലർ പുറപ്പെടുവിച്ചിട്ട് അടങ്ങിയിരിക്കുകയായിരുന്നില്ല ചാവറയച്ചൻ. കല്പന നടപ്പിൽ വരുത്തുന്നതിനും വിദ്യാദാന പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനും തന്റെ സഭാംഗങ്ങളെ ചുമതലപ്പെടുത്തി. ഓരോ കൊവേന്തയും അതതിന്റെ അതിർത്തിയിലുള്ള പള്ളികളിലെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിച്ചു**18**. പള്ളികളുടെ കൂടെയുള്ള പള്ളിക്കൂടങ്ങൾ അങ്ങനെ കേരളത്തിലെ സജീവമായ വിദ്യാഭ്യാസരംഗത്തിന്റെ പരിശീലനക്കളരികളും പ്രതീകങ്ങളുമായി മാറി.

സെമിനാരികളും വിദ്യാഭ്യാസരംഗവും

ഏതൊരു മതത്തിന്റെയും വക്താക്കളായി വർത്തിക്കുന്നത് പുരോഹിതന്മാരാണ്. മതങ്ങളുടെ പ്രതിഛായ കരുപ്പിടിക്കുന്നതിൽ പുരോഹിതന്മാർക്കുള്ള പങ്ക് ഏറെയാണ്. കഴിവുറ്റ പുരോഹിതന്മാരെ വാർത്തെടുക്കുന്നതിൽ മതങ്ങൾ എക്കാലവും ശ്രദ്ധവച്ചിരുന്നു. ക്രിസ്തുമതത്തിലും സ്ഥിതി മറിച്ചല്ല. പുരോഹിതാർഥികളുടെ പരിശീലനം കത്തോലിക്കാ സഭ അതീവഗൗരവത്തോടെയാണ് നടത്തിവരുന്നത്. കത്തോലിക്കാസഭയിലെ പുരോഹിത പരിശീലനകേന്ദ്രങ്ങളാണ് സെമിനാരികൾ. ട്രെന്റ് സൂനഹദോസാണ് (1545-1563) ഇന്നത്തെ രൂപത്തിലുള്ള സെമിനാരികളുടെ സ്ഥാപനകാരണം.

യൂറോപ്പിലും മറ്റുമുള്ള സെമിനാരികളോട് ചേർന്നാണ് പ്രസിദ്ധമായ പല വിദ്യാഭ്യാസകേന്ദ്രങ്ങളും ഉയർന്നുവന്നിട്ടുള്ളത്. പാശ്ചാത്യമിഷനറിമാർ കേരളത്തിൽ ചില സെമിനാരികൾ തുടങ്ങിയിരുന്നുവെങ്കിലും മല്പാന്മാരുടെ കൂടെത്താമസിച്ച് പരിശീലനം നേടിയവരായിരുന്നു ചാവറയച്ചനുൾപ്പെടെ ഒട്ടുമിക്ക സുറിയാനി വൈദികരും. പക്ഷേ, അറിവും പാണ്ഡിത്യവുമുള്ള വൈദികർ അതിൽ തുലോം തുച്ഛമായിരുന്നു. യഥാർഥ സ്ഥിതി മനസിലാക്കിയിരുന്ന ചാവറയച്ചൻ ആശ്രമസ്ഥാപനത്തോടൊപ്പം സെമിനാരി സ്ഥാപനത്തിലും മുൻകൈയെടുത്തു. അറിവും പാണ്ഡിത്യവുമുള്ള വൈദികരുണ്ടായാലേ സഭയും സമുദായവും പുരോഗതി നേടൂ എന്നദ്ദേഹത്തിനറിയാമായിരുന്നു. "1833ൽ മാന്നാനത്ത് സുറിയാനിക്കാരുടേതായ ആദ്യത്തെ സെമിനാരി അദ്ദേഹം സ്ഥാപിച്ചു. 1866ൽ വാഴക്കുളത്തും 1868ൽ എൽത്തുരുത്തും സെമിനാരികൾ സ്ഥാപിക്കപ്പെട്ടു. 1872ൽ പുളിങ്കുന്നിൽ സ്ഥാപിക്കപ്പെട്ട സെമിനാരിയുടെയും തുടക്കക്കാരൻ ചാവറയച്ചനാണ്."19ചാവറയച്ചന്റെ ക്രാന്തദർശിത്വം ഫലം ചൂടി. യൂറോപ്പിൽ സംഭവിച്ചത് ഈ കൊച്ചു കേരളത്തിലും സംഭവിച്ചു. മാന്നാനവും വാഴക്കുളവും എൽത്തുരുത്തും പുളിങ്കുന്നും കേരളത്തിലെ അറിയപ്പെടുന്ന വിദ്യാഭ്യാസ കേന്ദ്രങ്ങളായി മാറി.

കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതി: ചാവറയച്ചന്റെ തനതുദർശനം

സന്യാസസഭാസ്ഥാപനം ചാവറയച്ചനുൾപ്പെടെ പലരുടെയും കൂട്ടായ പരിചിന്തനത്തിന്റെ ഫലമായിരുന്നുവെങ്കിൽ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ചാവറയച്ചന്റേതു മാത്രമായ ദർശനമായിരുന്നു. അദ്ദേഹത്തിന് വിദ്യയുടെ വിലയറിയാമായിരുന്നു. സമുദായത്തെ കൈപിടിച്ചുയർത്താൻ സമാരംഭിച്ച സന്യാസസഭ ഏതു വേദിയിൽ ആദ്യം കാലെടുത്തുവയ്ക്കണമെന്ന് ചിന്തിച്ചപ്പോൾ വിദ്യയുടെ വേദിയാണ് അദ്ദേഹത്തിന്റെ മുമ്പിൽ തെളിഞ്ഞത്. ആശ്രമസ്ഥാപനം സഭയുടെ വളർച്ചയ്ക്ക് കാരണമായെങ്കിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സമൂഹപുരോഗതിക്ക് അടിത്തറ പാകി.

വിദ്യാഭ്യാസത്തെക്കുറിച്ച് ചാവറയച്ചന് വ്യക്തമായ വീക്ഷണമുണ്ടായിരുന്നു. അദ്ദേഹമെഴുതി: "തിരിച്ചറിവുണ്ടായാ

വാഴ്ത്തപ്പെട്ട ചാവറയച്ചൻ

സി. പി. ശ്രീധരൻ



ചാവറകൃതികളുടെ അന്തർഭാഗത്തേയ്ക്ക് കടക്കുമ്പോഴാണ് സമർപ്പിത ചേതസായ ഒരു ക്രൈസ്തവ ഭക്തന്റെ അന്തർപ്രചോദിതങ്ങളായ വാങ്മയ രൂപങ്ങൾ മനസിലാക്കുന്നത്. ഒരു കവിയുടെ വ്യക്തിമുദ്ര ഭാവാവിഷ്കാരത്തിലാണ് പ്രകടമാകുന്നത്. ഭാവന രൂപമായ പദവാക്യഛന്ദോലങ്കാരം പ്രയോഗിക്കുന്നതിൽ ചാവറയച്ചന്റെ വിരുത് ഒന്നു വേറെതന്നെ ആണ്. 'അനസ്ത്യാസ്യായുടെ രക്തസാക്ഷ്യം' എന്ന ഖണ്ഡകവിതയിൽ അനസ്താസ്യാ എന്ന കുട്ടി സന്യാസം സ്വീകരിച്ച് സോഫിയാ എന്ന മഠാധിപയുടെ സമീപത്ത് ധ്യാനനിരതയായി നിൽക്കുന്ന രംഗം അദ്ദേഹം ചിത്രീകരിച്ചിട്ടുണ്ട്. ദുഷ്ടനായ പ്രോബായുടെ ഭീഷണിക്കു വഴങ്ങാത്ത അനസ്താസ്യായുടെ അക്ഷോഭ്യപ്രകൃതിയേയും അചഞ്ചല ഭക്തിയേയും ചൈതന്യഭാസുരമായി ആവിഷ്കരിച്ചിരിക്കുന്നു. നിഗൂഢമായ കാവ്യസൗന്ദര്യം പദച്ചെപ്പുകളിൽ ഉടുപ്പിച്ച് ചേതനയുടെ സൂക്ഷ്മവും ആസ്പഷ്ടവുമായ സ്പന്ദനങ്ങളെ അനാവരണം ചെയ്യുന്നതിൽ ചാവറയച്ചൻ വിശുദ്ധനാണെന്ന് ആത്മാനുതാപം തുടങ്ങിയ കൃതികൾ തെളിയിക്കുന്നു.

ഡോ. കെ. എം. തരകൻ



ചാവറയച്ചന്റെ ദർശനം വളരെ സ്പഷ്ടമാണ്. അതു ശുഭാപ്തി വിശ്വാസത്താൽ നിർഭരമാണ്, പ്രസന്നമാണ്, പ്രസാദാത്മകമാണ്. ത്യാഗനിർഭരമായ ഒരു ജീവിതമായിരുന്നു, അദ്ദേഹത്തിന്റേത്. എങ്കിലും ആ ജീവിതത്തിൽ ഒരു നിമിഷം പോലും ഏകാന്തത അനുഭവപ്പെട്ടിട്ടില്ല. ചാവറയച്ചന്റെ ദർശനത്തിന്റെ ഒരു മഹത്ത്വമായാണിതിനെ ഞാൻ എണ്ണുന്നത്. ഞാൻ വേറെ, നിങ്ങൾ വേറെ എന്നൊരു മനോഭാവം ആ വ്യക്തിയിൽ ഉണ്ടായിരുന്നില്ല. അദ്ദേഹം കത്തോലിക്കനായിരുന്നുവെന്ന് കത്തോലിക്കർ പറയും. എന്നാൽ അദ്ദേഹം ഒരു വലിയ ക്രിസ്ത്യാനി ആയിരുന്നു. ഒരു വലിയ മനുഷ്യനായിരുന്നു. ഒരു ദൈവദാസനായിരുന്നു. ദൈവദാസൻ മനുഷ്യരുടെ മുഴുവൻ സേവകൻ കൂടിയാണ്. ദൈവദാസനായതുകൊണ്ട് വാഴ്ത്തപ്പെട്ടവൻ എന്ന പദവിക്കുകൂടി അദ്ദേഹമർഹനായിരിക്കുന്നു. ചാവറയച്ചന്റെ ദർശനം ഒരേ സമയം ദൈവത്തിന്റെ ദാസനും മനുഷ്യസ്നേഹിയും ആയിരിക്കുക എന്നതാണ്. മഹത്തായ ആ പ്രഭാപൂരത്തിന്റെ-തേജസിന്റെ-ശക്തി ഇന്ന് ഒരു മണ്ഡലത്തിൽ മാത്രമല്ല എല്ലാ മണ്ഡലങ്ങളിലും വ്യാപിച്ചു നില്ക്കുകയാണ്.

ലുടൻ പൈതങ്ങളെ പള്ളിക്കൂടത്തിൽ അയയ്ക്കണം. ഇതും പോരാ, അവർ പഠിക്കുന്നു എന്നും അവർ എങ്ങനെയുള്ള കുട്ടുകൂടിയാണ് നടക്കുന്നതെന്നും അന്വേഷിക്കണം. ഞായറാഴ്ചതോറും അവർ പഠിച്ചതിനെ പരിശോധിക്കണം."[20] നിർധനരായ കുട്ടികൾക്ക് പഠനസൗകര്യമൊരുക്കുവാൻ ഇടവകകളെയും സമ്പന്നരെയും അദ്ദേഹം ചുമതലപ്പെടുത്തി. താൻ സ്ഥാപിച്ച വിദ്യാലയങ്ങളുടെ നിലനില്പിനായി വരുമാനമാർഗങ്ങളും അദ്ദേഹം കണ്ടെത്തി.[21] ചാവറയച്ചന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കുവാൻ അദ്ദേഹം തുടക്കം കുറിച്ച സ്കൂളുകളുടെയോ നടത്തിക്കൊണ്ടുപോന്നിരുന്ന സ്ഥാപനങ്ങളുടെയോ എണ്ണമല്ല പ്രധാനം. മറിച്ച്, വിദ്യാഭ്യാസം സമൂഹത്തിനൊരാവശ്യമാണെന്നും അതുകൊണ്ടുമാത്രമേ മേൽഗതിയുണ്ടാകൂയെന്നും ഉള്ള ചിന്താഗതി സമൂഹത്തിൽ കുത്തിവയ്ക്കുകയും പൊതുവിദ്യാഭ്യാസം നൽകുന്നതിനുള്ള സൗകര്യങ്ങൾ പള്ളികളും ആശ്രമങ്ങളും എന്തു ത്യാഗം സഹിച്ചും സംലബ്ധമാക്കിക്കൊടുക്കണമെന്നുമുള്ള ഒരവബോധം സൃഷ്ടിക്കുകയും ചെയ്തു എന്നതാണ് ചാവറയച്ചന്റെ വിദ്യാഭ്യാസദർശനത്തിന്റെ അനന്യത.

Notes

1.സർവവിജ്ഞാനകോശം വാല്യം 8, തിരുവനന്തപുരം: S.I.E.P, "കേരളം", 390.

2. സർവവിജ്ഞാനകോശം, 386.

3. സർവവിജ്ഞാനകോശം, 387.

4. വിജ്ഞാനം മലയാളം എൻസൈക്ലോപീഡിയാ വാല്യം 8, തിരുവനന്തപുരം. എ.ശ്രീധരമേനോൻ, "കേരളചരിത്രം", 9761.

5. സർവവിജ്ഞാനകോശം, 386.

6. CMS-Church Mission Society.

7. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ Session 111, ഡിക്രി 12.

8. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ Session 111, ഡിക്രി 11.

9. ചാൾസ് പൈങ്ങോട്ട്, "കേരളസഭ പത്തൊമ്പതാം നൂറ്റാണ്ടിൽ" (ഇഗ്നേഷ്യസ് പേർസിക്കോയുടെ റിപ്പോർട്ട്), കോട്ടയം: QRSI, 41.

10. ചാൾസ് പൈങ്ങോട്ട്, ..., 70.

11. Archives of Oriental Congregation, s.c.Malabaresi 1878-1889 1224 V. ഉദ്ധരണി, ചാൾസ് പൈങ്ങോട്ട്....., 103.

12. കിളിച്ചിമല, "ക്രൈസ്തവ വിദ്യാലയങ്ങളുടെ ആവശ്യകത", "ചാവറ ചരമശതാബ്ദി"യിലെ ലേഖനം, 160.

13. പാറപ്പുറം, "നാളാഗമം", 1474.

14. തൊണ്ടിപ്പുര, "ചാവറയച്ചൻ: സാമുദായിക പരിഷ്കർത്താവ്," "ചാവറ ചരമശതാബ്ദി"യിലെ ലേഖനം, 58.

15. പാറപ്പുറം, "നാളാഗമം"

16. തോമസ് കാടൻകാവിൽ, "അവതാരിക", വിത്സൻ കോക്കാട്ട്, "വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ദളിത് ദർശനം", 8.

17. റൊമയോ തോമസ്, "Eduction Review", ഉദ്ധരണി, "മലങ്കര സഭാ മാതാവിന്റെ ഒരു വീരസന്താനം", 138.

18. വലേരിയൻ, "മലങ്കരസഭാമാതാവിന്റെ ഒരു വീരസന്താനം", 138.

19. ജോൺ റൊമയോ പട്ടശേരി, "വാഴ്ത്തപ്പെട്ട ചാവറയച്ചൻ: വ്യക്തിയും വീക്ഷണവും", വാല്യം 1, 67-68.

20. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, "ഒരുനല്ല അപ്പന്റെ ചാവരുൾ" 18.

21. വർഗീസ് കാഞ്ഞിരത്തിങ്കൽ, "കേരള ദീപം", 38.



ഡോ. സെബാസ്റ്റ്യൻ പോൾ

മലയാള മാധ്യമ കുടുംബത്തിന്റെ പൂർവപിതാവ്



ചാവറയച്ചൻ സ്ഥാപിച്ച പ്രസ്

'അക്ഷരം വിപ്രഹസ്തേന'യെന്ന ഭോഷത്തത്തെ അഭിമാനപൂർവം കെട്ടിയെഴുന്നള്ളിച്ച ഭാരതസംസ്കാരത്തെ ശക്തമായി വെല്ലുവിളിച്ചുകൊണ്ട്, അറിയാനും പഠിക്കാനുമുള്ള മനുഷ്യന്റെ അവകാശത്തിനു പരിമിതികൾ പാടില്ലെന്ന് ആദ്യംതന്നെ പ്രഖ്യാപിച്ച ചരിത്രമാണു മലയാളനാടിന്റേത്.

ചാതുർവർണ്യത്തിന്റെ താഴത്തെ തട്ടിലുള്ളവരിലേക്കും ഇവിടെ പത്തൊൻപതാം നൂറ്റാണ്ടിൽത്തന്നെ വിദ്യാവെളിച്ചം കടന്നുചെന്നു തുടങ്ങിയിരുന്നു. വിദേശത്തുനിന്നുള്ള ക്രിസ്ത്യൻ മിഷനറിമാർക്കാണ് നാം ഇതിനു നന്ദി പറയേണ്ടതെങ്കിലും ഈ നീക്കത്തിനു പെട്ടെന്നുതന്നെ ഇവിടെ വിപ്ലവഫലങ്ങളുളവാക്കാനായതിനു കാരണം തദ്ദേശീയരായ ഏതാനും ധിഷണാശാലികൾ തന്നെയായിരുന്നു.

കാലത്തിനുമുമ്പേ ചിറകുവിടർത്തിപ്പറന്ന ആ ചരിത്രശിൽപികളുടെ നിരയിൽ ഗണ്യമായ സ്ഥാനമാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചനുള്ളത്. 'പള്ളിക്കൂടങ്ങളി'ലൂടെ ആരംഭിച്ച വിദ്യാഭ്യാസ വിപ്ലവത്തിന് ഊർജം പകരാൻ അച്ചടിമാധ്യമങ്ങൾ അനിവാര്യമാണെന്നു പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽത്തന്നെ ചാവറയച്ചൻ ചിന്തിച്ചുതുടങ്ങിയിരുന്നു. വിപരീതസാഹചര്യങ്ങളെ അതിജീവിച്ചു വിജയം കൈവരിക്കാനുള്ള ആ നിശ്ചയദാർഢ്യത്തിന്റെയും കഠിനാധ്വാനത്വരയുടെയും ഫലമാണ് 1846-ൽ മാന്നാനത്തു സ്ഥാപിതമായ സെന്റ് ജോസഫ്സ് പ്രസ്.

കേരളനാടിന്റെയും മലയാളഭാഷയുടെയും പിൽക്കാല ചരിത്രത്തിൽ മാന്നാനം സെന്റ് ജോസഫ്സ് പ്രസ്

ചെലുത്തിയ സ്വാധീനം ഏറെ വലുതാണ്. ഇവിടെ 'നസ്രാണി ദീപിക' അച്ചടിക്കാൻ ആരംഭിച്ചത് ഇന്ത്യയുടെ തന്നെ മാധ്യമചരിത്രത്തിൽ നാഴികക്കല്ലായി. ആദ്യത്തെ മലയാള ദിനപ്പത്രമായ 'ദീപിക' അച്ചടിമഷി പുരണ്ട് വെളിച്ചം കണ്ടത് 1887-ൽ ആയിരുന്നെങ്കിലും സാംസ്കാരികകേരളത്തിന്റെ കണ്ണും കാതും നാവുമായി മാറാൻ ശേഷിയുള്ളൊരു ദിനപ്പത്രത്തെക്കുറിച്ചുള്ള സ്വപ്നം അരനൂറ്റാണ്ടിനുമുൻപുതന്നെ ചാവറയച്ചനു സ്വന്തമായുണ്ടായിരുന്നു.

ഈ സ്വപ്നത്തിന്റെ ചിറകായാണ് അദ്ദേഹം മാന്നാനത്ത് പ്രസ് ആരംഭിച്ചത്. ആ നിലയ്ക്ക് മലയാളത്തിലെ അച്ചടി മാധ്യമരംഗത്തിന്റെ തലതൊട്ടപ്പനെന്ന് ചാവറയച്ചനെ വിളിക്കുന്നത് അനുചിതമാകില്ല.

പ്രോട്ടസ്റ്റന്റ് മിഷനറിമാരും ജെസ്യൂട്ട് മിഷനറിമാരും സുവിശേഷപ്രവർത്തനത്തിനായി പ്രസുകൾ സ്ഥാപിച്ചിരുന്നു. പക്ഷേ കേരള സംസ്കാരത്തെ ഉൾക്കൊള്ളുന്ന എന്തെങ്കിലുമൊക്കെ ഈ പ്രസുകളിൽനിന്നു പുറത്തുവരുന്നത് അപൂർവമായിരുന്നു. സി.എം.ഐ സന്യാസസമൂഹത്തിന്റെ സ്ഥാപകരിലൊരാളായ ചാവറയച്ചൻ പുതിയൊരു പ്രസിനെപ്പറ്റി ചിന്തിച്ചത് ഈ സാഹചര്യത്തിലാണ്. അതു യാഥാർഥ്യമാക്കാൻ സഹിച്ച യാതനകളുടെ കഥ, അദ്ദേഹത്തിന്റെ ജീവിതകഥയുടെ തന്നെ മിഴിവാർന്ന ഒരധ്യായമായി.

ഇന്ത്യയിൽ ആദ്യത്തെ പ്രസ് സ്ഥാപിതമായതു ഗോവയിലാണ്. ഈ പ്രസ് ഗോവയിലെത്തിയതിനു പിന്നിൽ രസകരമായൊരു കഥയുണ്ട്. പോർട്ടുഗൽ രാജാവ് അബിസീനിയയിലെ രാജാവിനു സമ്മാനമായി കപ്പലിൽ അയച്ചുകൊടുത്ത പ്രസ്, കപ്പൽക്കമ്പനിക്കു പറ്റിയ അബദ്ധത്തിന്റെ ഫലമായി ഗോവയിലെത്തിയതാണ്. 1556 സെപ്റ്റംബർ അഞ്ചിന് ഗോവയിലെത്തിയ പ്രസ് അബിസീനിയയിലേക്കുതന്നെ കൊണ്ടുപോകാൻ, പ്രസിന്റെയൊപ്പം യാത്രചെയ്തിരുന്ന സ്പാനീഷ് മിഷണറി യത്നിച്ചുവെങ്കിലും ഗോവയിലെ പോർട്ടുഗീസ് ഗവർണർ ഇടപെട്ടു.

അതോടെ പ്രസ് ഗോവയിൽത്തന്നെയുറച്ചു. അങ്ങനെ ഗോവയിലെ സെന്റ് പോൾ ജെസ്യൂട്ട് സെമിനാരിയിൽ ഇന്ത്യയിലെ ആദ്യത്തെ അച്ചുകൂടം സ്ഥാപിതമായി.

ഈ പ്രസിനുപിന്നിലെ മുഖ്യസാങ്കേതിക വിദഗ്ധരിലൊരാളായിരുന്ന ബ്രദർ ജോൺ ഗൊൺസാൽവസ് 1577-ൽ വൈപ്പിക്കോട്ട സെമിനാരിയിൽ വന്ന് ആദ്യത്തെ 'മലബാർ ടൈപ്പു'കൾ കൊത്തിയുണ്ടാക്കാൻ നേതൃത്വം നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

മൂന്നു പതിറ്റാണ്ടുകഴിഞ്ഞ് കൊല്ലത്ത് ഫാ.ഫ്രയർ ഒരു പ്രസ് സ്ഥാപിച്ചു. വിശുദ്ധ ഫ്രാൻസിസ് സേവ്യർ രൂപപ്പെടുത്തിയ വേദോപദേശസംഗ്രഹം ഇവിടെ അച്ചടിച്ചു.

അച്ചടിവിദ്യ ഇന്ത്യയിൽ പിന്നീടു വളർന്നത് വളരെ മന്ദഗതിയിലായിരുന്നു. 1778-ലാണ് ബംഗാളിൽ ആദ്യത്തെ പ്രസ് സ്ഥാപിതമായത്. മുംബൈയിൽ 1807 ലും. ഇക്കാലത്ത് കോട്ടയത്ത് സി.എം.എസ് പ്രസും തിരുവനന്തപുരത്ത് സർക്കാർ അച്ചുകൂടവും സ്ഥാപിതമായി.

കോട്ടയത്തെ സി.എം.എസ് പ്രസ് തികച്ചും പ്രോട്ടസ്റ്റന്റ് മതപ്രചാരണത്തിൽമാത്രം ശ്രദ്ധയൂന്നി. ഒരു പുതിയ പ്രസ് സ്ഥാപിക്കാനുള്ള ചാവറയച്ചന്റെ മോഹത്തെക്കുറിച്ചറിഞ്ഞ ഈ പ്രസിന്റെ മേധാവികൾ തികച്ചും വിരുദ്ധനിലപാടാണത്രേ സ്വീകരിച്ചത്. പ്രസ് ഒന്നു കാണാനുള്ള ചാവറയച്ചന്റെ അഭ്യർഥന നിരസിക്കപ്പെട്ടു. സഹപ്രവർത്തകർപോലും അച്ചന്റെ പദ്ധതി അപ്രായോഗികമാകുമെന്നു പറഞ്ഞു നിരുത്സാഹപ്പെടുത്തി.

പ്രസിന്റെ സുവർണജൂബിലി വേളയിലെ (1896 ജനുവരി 10) 'ദീപിക' മുഖപ്രസംഗത്തിൽ നിന്നൊരു ഭാഗം:

''അന്നത്തെ കാലാവസ്ഥയ്ക്ക് കേവലം അപൂർവവും വിസ്മയകരവും ആയിരുന്ന ഈ കാര്യത്തിനായുള്ള പരിശ്രമവും ആലോചനയും അന്ന് ഒരുവിധം ബുദ്ധിമത്തുക്കളായ ജനങ്ങൾപോലും പരിച്ഛേദം ഒരു അസാധ്യമായ പരിശ്രമം ആണെന്നു നിർണയിച്ചു. എന്നാലും, ചാവറയച്ചൻ അവരുടെ നിർണയങ്ങളേയും ആലോചനകളേയും അഗണ്യമാക്കി. അതുനിമിത്തം സാധാരണക്കാരായ മറ്റു ജനങ്ങൾ ഇദ്ദേഹത്തിന്റെ ശ്രമം ബുദ്ധിഭ്രമത്തിന്റെ ആരംഭമാണെന്നുകൂടെ പറഞ്ഞുതുടങ്ങി. പക്ഷേ, ഇതൊന്നുംകൊണ്ട് സ്ഥിരോത്സാഹിയായ ഈ മനുഷ്യന്റെ അഭിപ്രായത്തിന് യാതൊരു ഭേദഗതിയും ഉണ്ടായില്ല. ഇതു സംബന്ധമായ ഓരോ ജോലികൾ ആരംഭിക്കുകയും ചെയ്തു.''

വിപരീതസാഹചര്യങ്ങൾക്കു കീഴടങ്ങാതെ ചാവറയച്ചൻ തിരുവനന്തപുരത്തുപോയി സർക്കാർ അച്ചുകൂടം വിശദമായി കണ്ടു. അവിടെയുണ്ടായിരുന്ന കത്തോലിക്കരായ ചില ജീവനക്കാർ അച്ചനെ സഹായിച്ചു. പ്രസിന്റെ 'ഡയഗ്രം' മനസിൽ കുറിച്ചിട്ടാണ് അച്ചൻ മടങ്ങിപ്പോന്നത്. തിരിച്ചെത്തിയ ഉടനെ വാഴപ്പിണ്ടിയിൽ അദ്ദേഹം പ്രസിന്റെ ഒരു മാതൃകയുണ്ടാക്കി. ഈ മാതൃകയിൽനിന്നു മരത്തിൽ അച്ചുകൂടം നിർമ്മിച്ചു.

അക്ഷരനിർമിതിയായിരുന്നു അടുത്ത വെല്ലുവിളി. ടൈപ്പ് കൊത്തുന്നവരാരും ചാവറയച്ചനെ സഹായിക്കാതിരിക്കാൻ സി.എം.എസ് പ്രസുകാർ ഉപരോധം തന്നെ ഒരുക്കി. ഒടുവിൽ ശിവരാമൻ എന്ന തമിഴ്നാട്ടുകാരനായ തട്ടാനെ തിരുവല്ലയിൽനിന്നു സംഘടിപ്പിച്ചു. ശിവരാമൻ ജോലി തുടങ്ങിയതറിഞ്ഞ് അയാളുടെ മുൻ അധികാരി ആരുടെയോ പ്രേരണയാലെത്തി ശിവരാമനെ പിടിച്ചുകൊണ്ടുപോകാനൊരുങ്ങി. ഇതിനെയെല്ലാം ചെറുത്ത് പുളിങ്കുന്നിൽ ചാവറയച്ചന്റെ സുഹൃത്തായ തോപ്പിൽ കുര്യൻ കുരുവിളയുടെ വീട്ടിൽ താമസിച്ചു ശിവരാമൻ തന്റെ ദൗത്യം പൂർത്തിയാക്കി.

ഒടുവിൽ പ്രസിന് ലൈസൻസ് കിട്ടേണ്ട സമയമായപ്പോൾ സർക്കാരിൽനിന്ന് എതിർപ്പുയർന്നു. വരാപ്പുഴ മെത്രാപ്പോലീത്താ ലുദ്വിക്കോസിനോട് ചാവറയച്ചൻ പരാതി പറഞ്ഞു. മെത്രാപ്പോലീത്തായുടെ സുഹൃത്തായിരുന്ന ബ്രിട്ടീഷ് റസിഡന്റ് കല്ലൻ സായ്പിനെക്കൊണ്ട് നടത്തിയ ശിപാർശ അനുകൂലഫലമുണ്ടാക്കി.

ഈ ഘട്ടത്തിലാണ് പ്രസ് ഓടിക്കാൻ ഒരു പ്രിന്ററുടെ അഭാവം അച്ചനു ബോധ്യമായത്. തിരുവനന്തപുരം അച്ചുകൂടത്തിൽനിന്ന് കുര്യൻ എന്ന പ്രിന്റർ ദൗത്യമേറ്റെടുത്തു. മാന്നാനത്തു താമസിച്ചുകൊണ്ട് കുര്യൻ പ്രിന്റർ ഒട്ടേറെപ്പേർക്ക് പരിശീലനം നൽകി. ചാവറയച്ചന്റെ പ്രസ് അങ്ങനെ ഓട്ടംതുടങ്ങാമെന്ന നിലയിലായി. ബോംബെയിൽപോയി 'ബൈൻഡിംഗ്' പഠിച്ചുവന്ന കൊച്ചിക്കാരനായ ഒരു യഹൂദനെ വരുത്തി പ്രസിലെ ബൈൻഡറാക്കി. ഇയാളുടെ കീഴിൽ പലരും

ഈ തൊഴിൽ പഠിച്ചു. മാന്നാനവും തുടർന്ന് കോട്ടയവും അച്ചടികേന്ദ്രമായി ഉയർന്നത് പിൽക്കാലചരിത്രം.

പ്രസ് പ്രവർത്തനക്ഷമമായി ജോലിക്കാരും റെഡിയായപ്പോഴാണ് കടലാസിനും മഷിക്കും സഹിക്കേണ്ടിവരുന്ന ക്ലേശം ചില്ലറയല്ലെന്ന് അച്ചനു ബോധ്യമായത്. വിദേശത്തുനിന്നു വരുത്തേണ്ടിയിരുന്ന കടലാസിനും മഷിക്കും സാമ്പത്തികം തന്നെയായിരുന്നു മുഖ്യപ്രശ്നം. എന്തായാലും കൊച്ചിക്കാരനായ കമീശയെ ചട്ടംകെട്ടി. ആലപ്പുഴ ഇലഞ്ഞിക്കൽ ചെറിയാൻ കുഞ്ഞും വൈക്കത്തുകാരൻ കൊച്ചു പൗലോസുമാണ് ഇതിനു സഹായിച്ചതെന്ന് നാളാഗമത്തിൽ പറയുന്നു. നൂറു രൂപയുടെ കടലാസ്, മഷി, ഈയം എന്നിവയാണ് ബുക്ക് ചെയ്തത്. പത്തു രൂപ അഡ്വാൻസ് നൽകി.

പക്ഷേ അച്ചൻ പ്രതീക്ഷിച്ചതിലുമേറെ ചരക്ക് ഒരുമിച്ചുവന്നു. തുകയും ഏറി. മൊത്തമായല്ലാതെ സാധനങ്ങൾ എടുക്കാൻ സമ്മതിക്കില്ലെന്നായി ഏജന്റ്. ഒടുവിൽ ചേന്നക്കാട്ട് തോമ്മാച്ചനെന്നയാൾ ഇടപെട്ട് ഏജന്റിന്റെ നിബന്ധനകളിൽ അയവുവരുത്തി. തോമാച്ചൻ തന്നെ മുൻകയ്യെടുത്ത് ഒരു ചിട്ടി തുടങ്ങി, മൂവായിരം ചക്രം സമാഹരിച്ചു. ഈ തുകയും ഇതേ തുകയ്ക്കുള്ള 'കച്ചീട്ടും' നൽകി. ആറായിരം ചക്രത്തിന്റെ കടലാസും, മഷിയും, ഈയവും തോമാച്ചൻ കരയ്ക്കിറക്കി. മറ്റൊരു സന്യാസവൈദികന്റെ സഹായത്തോടെ ചാവറയച്ചൻ ചരക്ക് കൊച്ചിയിൽനിന്ന് മാന്നാനത്തെത്തിച്ചു.

തന്റെ സഹപ്രവർത്തകർക്കും സ്നേഹിതർക്കുമായി ചാവറയച്ചൻ എഴുതിയ ഒരു ഉപദേശപത്രമാണ് മാന്നാനം പ്രസിൽ നിന്ന് ആദ്യമായി അച്ചടിച്ചത്. ക്രാന്തദർശിയായ ആ കഠിനാധ്വാനിയുടെ നിസ്തന്ദ്ര ശ്രമം ഒടുവിൽ അച്ചടിത്താളുകളായി വിജയപരിണാമത്തിലെത്തി.

'ജ്ഞാനപീയൂഷം' എന്ന പ്രാർത്ഥനാപുസ്തകമാണു പുസ്തകരൂപത്തിൽ ഇവിടെ ആദ്യം അച്ചടിച്ചത്. കേരളസഭയെ വിപത്സന്ധിയിലെത്തിക്കുമെന്ന് അക്കാലത്തു ധാരണ പരത്തിയ 'റോക്കോസ്' ശീഷ്മക്കെതിരെ ചാവറയച്ചന്റെ തൂലിക ഉതിർത്ത ലേഖനങ്ങളും പ്രബോധനങ്ങളുമെല്ലാം മാന്നാനം പ്രസിലാണ് അച്ചടിച്ചത്.

പുളിങ്കുന്ന് തോപ്പിൽ കുര്യൻ തമിഴിൽനിന്നു വിവർത്തനം ചെയ്ത പല കൃതികളും ഇവിടെ നിന്നു പ്രസിദ്ധീകരിച്ചു.

അച്ചടിക്കടലാസിന്റെ ദൗർലഭ്യം ചാവറയച്ചനെ വല്ലാതെ വിഷമിപ്പിച്ചിരുന്നു. രണ്ട് എഴുത്തുകടലാസ് കൂട്ടിയൊട്ടിച്ചാണ് ഒറ്റക്കടലാസാക്കി അച്ചടിക്കുപയോഗിച്ചിരുന്നത്. ഒടുവിൽ ഫ്രാൻസിൽനിന്നും സ്പെയിനിൽനിന്നും നല്ല കടലാസ് എത്തിക്കാൻ വരാപ്പുഴ മെത്രാപ്പോലീത്ത സഹായിച്ചു.

മാന്നാനം അച്ചുകൂടത്തിന്റെ ശാഖയായി കൂനമ്മാവിൽ ചാവറയച്ചൻ മറ്റൊരു അച്ചുകൂടവും സ്ഥാപിച്ചു. ധാരാളം പ്രാർത്ഥനാപുസ്തകങ്ങളും ലഘുഗ്രന്ഥങ്ങളും ഇവിടെനിന്നു വെളിച്ചംകണ്ടു.

മലയാളത്തിലെ ആദ്യ ദിനപ്പത്രത്തിന്റെ ഗർഭഗൃഹമാകാൻ കഴിഞ്ഞതാണ് മാന്നാനം സെന്റ് ജോസഫ്സ് പ്രസിന്റെ ഏറ്റവും വലിയ ഭാഗ്യമായി കാണാവുന്നത്. ചാവറയച്ചൻ കാലയവനികയ്ക്കു പിന്നിൽ മറഞ്ഞ് വർഷങ്ങൾ കഴിഞ്ഞാണ് 'നസ്രാണി ദീപിക' വെളിച്ചംകണ്ടതെങ്കിലും പ്രസിന്റെ സ്ഥാപനവേളയിൽ ചാവറയച്ചൻ കണ്ട സ്വപ്നം നിധീരിക്കൽ മാണിക്കത്തനാരും മറ്റും ചേർന്നു പൂർത്തിയാക്കുകയായിരുന്നു.

മതപ്രചരണത്തിനു മാത്രമായി പ്രസ് നടത്തുന്നതായിരുന്നു വിദേശമിഷണറിമാരുടെ രീതിയെങ്കിൽ, നാടിന്റെയും സമൂഹത്തിന്റെയും വിശാലതാൽപര്യങ്ങൾക്കാണു ചാവറയച്ചൻ മുൻതൂക്കം നൽകിയത്. അദ്ദേഹത്തിന്റെ പിൻഗാമികളായി 'ദീപിക'യെ നയിച്ചവരും ഇക്കാര്യത്തിൽ തികഞ്ഞ ശ്രദ്ധ ചെലുത്തി.

മഹാകവി ഉള്ളൂർ 'ദീപിക'യിലെ സ്ഥിരം എഴുത്തുകാരിലൊരാളായിരുന്നു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള കുറേക്കാലം ദീപികയുടെ മുഖപ്രസംഗ രചന നിർവഹിച്ചിരുന്നകാര്യം അധികം പേർക്ക് അറിയുമെന്നു തോന്നുന്നില്ല. കുമ്മനം ഗോവിന്ദപിള്ള, ചക്കനാട്ട് ശങ്കരപിള്ള, പി.ആർ. നാണു തുടങ്ങിയവർ ദീപികയുടെ എഡിറ്റർമാരായിരുന്നതും അങ്ങനെതന്നെ.

സ്റ്റേറ്റ് കോൺഗ്രസിന്റെ വളർച്ചയിൽ ഊറ്റമായ പിന്തുണ നൽകിക്കൊണ്ടു സ്വാതന്ത്ര്യസമരത്തിനു പിന്നിൽ ദീപിക അടിയുറച്ചുനിന്നു. ജാതി വ്യവസ്ഥയ്ക്കെതിരേ ആഞ്ഞടിച്ചു. 'മലയാളി മെമ്മോറിയൽ' പ്രസ്ഥാനത്തിനു ശക്തിപകർന്നു. ചെറുകിട കർഷകർക്കും മലയോര കുടിയേറ്റക്കാർക്കും വേണ്ടി തൂലിക പടവാളാക്കി.

തിരുവിതാംകൂറിൽ സാധാരണപൗരനു വോട്ടവകാശം ലഭ്യമാക്കാൻ ദീപിക വീറോടെ പൊരുതി. സ്റ്റേറ്റ് കോൺഗ്രസിന് ദീപിക ഊർജം പകർന്നപ്പോൾ കുപിതനായ ദിവാൻ സർ സി.പി.രാമസ്വാമി അയ്യർ, ദീപികയുടെ എഡിറ്ററായിരുന്ന ഫാ.ഷാബോറിനെ നിരന്തരം ഭീഷണിപ്പെടുത്തിയതും ഒടുവിൽ അറസ്റ്റു ചെയ്തതും ചരിത്രത്തിൽ വേണ്ടത്ര സ്ഥാനം നേടിയ സംഭവങ്ങളാകാതെ പോയതു വിസ്മയമുണർത്തുന്നു. പിൽക്കാലത്തും അധഃസ്ഥിതർക്കുവേണ്ടി വീറോടെ ശബ്ദിച്ചു ദീപിക.

ജീവാത്മാവിന്റെ ആശയങ്ങളുമായി ദീപിക മുന്നേറിയെന്നു ചൂണ്ടിക്കാണിക്കാനാണ് ഈ ചരിത്രസംഭവങ്ങൾ അയവിറക്കിയത്. മലയാളമാധ്യമ കുടുംബത്തിന്റെ പൂർവ പിതാവുതന്നെയാണു വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ.

ഹൃദയത്തിലെ സത്യത്തെ നാവിനാൽ വഞ്ചിക്കരുത്.



സർവേശ്വരൻ സൂക്ഷത്തിനായി നിങ്ങളുടെ കൈയിൽ എൽപിച്ചിട്ടുള്ള നിക്ഷേപമാകുന്നു നിങ്ങളുടെ മക്കൾ.



ഡോ. കുര്യാസ് കുമ്പളക്കുഴി

അക്ഷരങ്ങളിൽ തുടിക്കുന്ന ചാവറചൈതന്യം


കല മനുഷ്യന്റെ ആത്മീയാഹാരമാണ് എന്നു നിർവചിച്ചതു ലിയോ ടോൾസ്റ്റോയ് ആണ്. സാഹിത്യാദി കലാരൂപങ്ങളുടെ വായനയും ആസ്വാദനവും നമ്മുടെ സാംസ്കാരികവികാസത്തിനു പ്രയോജനപ്പെടണം എന്നാണദ്ദേഹത്തിന്റെ നിലപാട്. കലാസ്വാദനം, ധർമബോധവും വിവേകചിന്തയും ബുദ്ധിവികാസവും മാനസികാഹ്ലാദവും പ്രദാനം ചെയ്യുമെന്നു ഭാരതീയ കലാചിന്തകരുടെ കുലപതിയായ ഭരതമുനിയും സിദ്ധാന്തിക്കുന്നുണ്ട്.

ലാവണ്യദർശനത്തിന്റെ പ്രകാശമാനമായ ഒരു മുഖമാണിത്. ഇതു മുൻനിർത്തി പല എഴുത്തുകാരും തങ്ങളുടെ രചനകൾ പ്രബോധനാത്മകവും ആദർശാത്മകവുമാക്കാൻ ബോധപൂർവം ശ്രമിക്കാറുണ്ട്. വിശ്വസാഹിത്യത്തിലെ പ്രഖ്യാതങ്ങളായ പ്രാചീന രചനകളൊക്കെ ഈ വസ്തുത സാക്ഷ്യപ്പെടുത്തുന്നു.

ഇവിടെനിന്ന് ഒരു പടികൂടി കടന്ന്, ചില എഴുത്തുകാർ തങ്ങളുടെ മതപരവും ആധ്യാത്മികവുമായ വിശ്വാസങ്ങളും വീക്ഷണങ്ങളും സാഹിത്യരൂപങ്ങൾ മുൻനിർത്തി ആവിഷ്കരിക്കാൻ ശ്രമിക്കുന്നതായി കാണാം. ജനങ്ങളുടെ ആധ്യാത്മിക പുരോഗതിയും വിശുദ്ധിയുമാണ് അവരുടെ ലക്ഷ്യം. തീക്ഷ്ണമായ പ്രതിജ്ഞാബദ്ധതയോടെ സാഹിത്യത്തെ സജ്ജനങ്ങളുടെ ആത്മീയാഹാരമാക്കി മാറ്റുന്ന പ്രക്രിയയാണിത്.

ഈ ലക്ഷ്യം മുൻനിർത്തിയാണ് ചാവറയച്ചൻ തൂലിക കൈയിലെടുത്തത്. ഒരെഴുത്തുകാരനു സാധാരണഗതിയിൽ ലഭ്യമാകാവുന്ന പ്രശസ്തിയും അംഗീകാരവും സാമ്പത്തികനേട്ടവും അദ്ദേഹത്തിന് ആവശ്യമുണ്ടായിരുന്നില്ല. അതിനെക്കാൾ മഹത്തരമായ പ്രയോജനപരതയാണ്, ജനങ്ങളുടെ ആത്മീയ ഉണർവെന്ന ലക്ഷ്യമാണ് അദ്ദേഹത്തെ പ്രചോദിപ്പിച്ചത്.

അസാധാരണമായ സിദ്ധിവിശേഷങ്ങളുടെ ഉടമയായിരുന്ന ചാവറയച്ചന് സാഹിത്യവാസനയും അന്യമായിരുന്നില്ല. അല്ലായിരുന്നെങ്കിൽ അദ്ദേഹം വരഞ്ഞിട്ട അക്ഷരക്കൂട്ടങ്ങളിൽ സാരസ്വതസ്പർശം നിറയുമായിരുന്നില്ല. പക്ഷേ, ഈ സിദ്ധി അനന്യമനസ്കനായി പ്രയോജനപ്പെടുത്താൻ ബഹുകാര്യവ്യഗ്രത ഒരിക്കലുമദ്ദേഹത്തെ അനുവദിച്ചുമില്ല. ദിവസത്തിന്റെ ദൈർഘ്യം 24 മണിക്കൂറിലധികം ആവശ്യമുണ്ടായിരുന്ന അദ്ദേഹത്തിന് പലതിലൊന്നായി മാത്രം സാഹിത്യരചനയെയും കണക്കാക്കാനേ



ചാവറയച്ചന്റെ കൃതികൾ

കഴിഞ്ഞിരുന്നുള്ളൂ.

എങ്കിലും ലഭ്യമായ ഇടവേളകളിൽ അക്ഷരദേവതയുടെ ഉദാരമായ അനുഗ്രഹം അദ്ദേഹത്തെ തേടിയെത്തുക തന്നെ ചെയ്തു. ആത്മാനുതാപം, അനസ്താസ്യായുടെ രക്തസാക്ഷ്യം, മരണവീട്ടിൽ പാടുന്നതിനുള്ള പാന എന്നീ കാവ്യങ്ങളും നല്ല അപ്പന്റെ ചാവരുൾ, ധ്യാനസല്ലാപം, ധ്യാനക്കുറിപ്പുകൾ തുടങ്ങിയ ഗദ്യരചനകളും ഈ വസ്തുത സാക്ഷ്യപ്പെടുത്തുന്നു. അതിവിശുദ്ധവും അത്യന്തതീക്ഷ്ണവും ജനങ്ങളുടെ ആത്മീയരക്ഷയിൽ അത്യുത്കണ്ഠാഭരിതവുമായ ഒരാത്മാവിൽനിന്ന് അരുണവർണമായൊഴുകിയ ആധ്യാത്മിക പ്രവാഹങ്ങളാണവ. അവയിലെമ്പാടും നിറഞ്ഞുതുടിക്കുന്നത് ആസ്വാദകരുടെ ആത്മീയ വിശുദ്ധിയെന്ന ചാവറയച്ചന്റെ അശാന്തമായ ഉദ്വേഗമാണ്.


കാവ്യജീവിതത്തിൽ ചാവറയച്ചന് മാതൃകയായിരുന്നത് അർണോസ് പാതിരിയാണെന്നു കരുതാം. 1844 മുതൽ അർണോസ്പാതിരിയുടെ കൃതികൾ അച്ചടിച്ചുതുടങ്ങിയിരുന്നു. അല്ലാതെതന്നെ, അർണോസ് കൃതികളുടെ താളിയോലപ്പകർപ്പുകൾ ക്രൈസ്തവസമൂഹത്തിൽ സുലഭമായിരുന്നുതാനും. ചാവറയച്ചന്റെ ആത്മാനുതാപത്തെ ചില ചരിത്രകാരന്മാർ അർണോസിന്റെ കൃതിയാണെന്നു തെറ്റിദ്ധരിക്കുകയുമുണ്ടായി. മരണവീട്ടിൽ പാടുന്ന പാനയ്ക്കും അർണോസിന്റെ ചതുരന്ത്യത്തിലെ മരണപർവത്തിനും തമ്മിൽ രചനാപരമായ സാമ്യം ഏറെയുണ്ടുതാനും. 'മരണവീട്ടിൽ പാടുന്നതിനുള്ള പർവം' എന്നാണ് ചാവറയച്ചൻ തന്റെ കൃതിക്കു നല്കിയിരുന്ന ശീർഷകം എന്നതും ശ്രദ്ധിക്കേണ്ടതാണ്.

ആത്മാനുതാപം

പന്ത്രണ്ട് അധ്യായങ്ങളും 4029 വരികളുമുള്ള സാമാന്യം ദീർഘമായ കാവ്യമാണ് ആത്മാനുതാപം. തനിക്കു ദൈവം നല്കിയ അനുഗ്രഹങ്ങൾക്കു പകരമായി തന്റെ ജീവിതം കൊണ്ട് അവിടുത്തെ ഇഷ്ടം മാത്രം നിറവേറ്റാൻ കഴിയാതെ പോയതിലുള്ള അനുതാപമാണ് കൃതിയുടെ സാരാംശം എന്നു പറയാം. സ്വന്തം ജീവിതാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ യേശുവിന്റെ ജീവിതവും പ്രബോധനങ്ങളും ആദിമസഭയുടെ ആരംഭവും വളർച്ചയും ആഖ്യാനം ചെയ്യുകയാണ് കവി. മാതാവിനോടുള്ള നിറഞ്ഞ ഭക്തിയും മാധ്യസ്ഥ്യാപേക്ഷയും ആഖ്യാനത്തിന്റെ പരഭാഗശോഭ വർധിപ്പിക്കുന്ന ഘടകമാണ്. 'അമലോത്ഭവ മാതാവിന്റെ ദാനസംഘം' എന്നു താൻകൂടി മുൻകൈയെടുത്തു സ്ഥാപിച്ച സന്യാസസമൂഹത്തിനു പേരിട്ട ചാവറയച്ചന് മാതാവിനോടുള്ള ഭക്തി എത്ര ആഴമേറിയതാണെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ജപമാലഭക്തിക്കു കേരള ക്രൈസ്തവസമൂഹത്തിൽ ഇത്രയേറെ പ്രചാരം ലഭിക്കാൻ മുഖ്യകാരണക്കാരനും ചാവറയച്ചൻ തന്നെ. "ചരടിൽ തൂക്കിയ ബൈബിളെ"ന്നു ജപമാലയെ വിശേഷിപ്പിച്ചതിന്റെ പൊരുളും മറ്റൊന്നല്ല. ആത്മാനുതാപത്തിന്റെ അന്തസ്തലം അത്യഗാധമായ വിശ്വാസത്തിന്റെയും ഭക്തിയുടെയും സമർപ്പണസന്നദ്ധതയുടെയും ആഴവും പരപ്പും ഒരേപോലെ ഉള്ളടക്കുന്നതാണ്.

ആദിനായകനായ സർവേശ്വരൻ
ആദത്തിൻ സുതനായ് ചമച്ചെന്നെയും
ആയതിനെന്തുകാരണം ദൈവമേ
ആദ്യഹീനനാം നിന്റെ ദയതന്നെ!

എന്നു കാവ്യാരംഭത്തിൽ തന്നെ തനിക്കു മനുഷ്യജന്മം നല്കിയ മഹാകൃപയ്ക്കു മുന്നിൽ കവി വിനയാന്വിതനാകുന്നു. പതുക്കെപ്പതുക്കെ ജീവിതത്തിലേക്കു കൺതുറക്കുകയും പിച്ചവയ്ക്കുകയും, പിന്നെപ്പിന്നെ അനുഭവങ്ങളുടെ വൈരുധ്യങ്ങളിൽ ഇടറിവീഴുകയും അക്ഷരങ്ങളുടെ അദ്ഭുതലോകത്തേക്കു ഗുരുനാഥന്റെ കരങ്ങൾപിടിച്ചു


15

ചാവറയച്ചന്റെ കൈയക്ഷരം

ചുവടുവയ്ക്കുകയും ചെയ്തതനുസ്മരിക്കുമ്പോഴും കവി അത്ഭുതം കൂറുന്നു:

ഇത്ര പാപിയാമെന്നുടെ ഹീനത
തത്രപോക്കിയതെത്ര മഹാചിത്രം!

ശൈശവബാല്യകൗമാരങ്ങൾ പിന്നിട്ടു കവി മുന്നോട്ടു നീങ്ങുന്ന ചിത്രം രണ്ടാം അധ്യായത്തിൽ മനോഹരമായി വരച്ചിടുന്നു. കണ്ണുകൾക്കുള്ളിൽ എപ്പോഴും കത്തിജ്വലിക്കുന്ന അകക്കണ്ണുമായി സഞ്ചരിച്ച ചാവറയച്ചനു ജീവിതത്തിന്റെ പൊരുൾ നന്നേ ചെറുപ്പത്തിൽ തന്നെ യാഥാർഥ്യബോധത്തോടെ തിരിച്ചറിയാൻ കഴിഞ്ഞിരുന്നു. അതുകൊണ്ടാണ്,

ഇന്നുകാണുന്ന പച്ചപ്പുല്ലതു നാളെത്തന്നെ
മന്ദിച്ചുവരളുന്നു വാടുന്നു സൂര്യോഷ്ണത്താൽ
മെച്ചമായ് കണ്ടീടുന്ന പുഷ്പങ്ങൾ ബഹുവിധം
ഇച്ഛയായതിനുള്ള ശോഭയും സുഗന്ധവും
എത്രയും ക്ഷണംകൊണ്ടു മാറിപ്പോയ് വീണീടുന്നു
ചിത്രമായതിനുള്ളൊരഴകുമൊക്കെപ്പോകും

എന്നു മുന്നറിയിപ്പുതരാൻ ആ തൂലികയ്ക്കു കഴിഞ്ഞത്. മഹാഭാരതത്തിൽ യക്ഷപ്രശ്നം എന്ന ഭാഗത്ത് യക്ഷൻ യുധിഷ്ഠിരനോടു ചോദിക്കുന്ന ദാർശനിക ഗൗരവമാർന്ന ചോദ്യങ്ങളിലൊന്ന്, ലോകത്തിൽ ആശ്ചര്യകരമായതെന്ത് എന്നതായിരുന്നു. ഓരോ ദിവസവും ജീവജാലങ്ങൾ ചത്തൊടുങ്ങുന്നതു കണ്മുന്നിൽ കണ്ടിട്ടും തനിക്കു മരണമില്ലെന്നതു പോലെ മനുഷ്യർ പെരുമാറുന്നതിനെക്കാൾ ആശ്ചര്യകരമായി മറ്റൊന്നില്ല എന്നു യുധിഷ്ഠിരൻ മറു

പടി നല്കി. ആ മറുപടി ഉള്ളടക്കുന്ന മനുഷ്യമനോഭാവത്തിലെ ആപത്പ്രവണതകളെ യഥാസമയം കണ്ടറിയാൻ പലർക്കും കഴിയാറില്ല. അതിനു വരം കിട്ടിയ ചാവറയച്ചൻ ആത്മാനുതാപത്തെ ഈ പൊള്ളുന്ന ജീവിതയാഥാർഥ്യത്തിന്റെ തീക്ഷ്ണമായ ആഖ്യാനമാക്കി മാറ്റിയിരിക്കുകയാണ്.

മരണത്തിന്റെ താഴ്വരയിൽക്കൂടി നടക്കാൻ വിധിക്കപ്പെട്ട നിസ്സഹായനായ മനുഷ്യൻ എവിടെയാണ് ആശ്രയവും അഭയവും കണ്ടെത്തുക? ചാവറയച്ചനു സംശയമില്ല, യേശുവിന്റെ ജീവിതകഥയിലും അവിടുത്തെ പ്രബോധനങ്ങളിലും. തികഞ്ഞ ഔചിത്യബോധത്തോടെ തന്റെ ലക്ഷ്യം നേടാൻ ആവശ്യമായത്ര ബൈബിൾ കഥാഭാഗങ്ങൾ തെരഞ്ഞെടുത്ത് തന്റേതായ വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും ചേർത്ത് ഈ വസ്തുതകൾ പറഞ്ഞുകൊടുക്കാനാണ് തുടർന്നുള്ള അധ്യായങ്ങളിൽ കവി ശ്രമിക്കുന്നത്.

കന്യകാമാതാവിന്റെ ജീവിതവും ആത്മാനുതാപത്തിൽ സമാന്തരമായി ആഖ്യാനം ചെയ്യുന്നുണ്ട്. അവിടുത്തെ സ്വർഗാരോഹണ ഘട്ടംവരെ ഇതു നീളുന്നു. കടശ്ശിയപേക്ഷ എന്ന അവസാനഭാഗം മാതാവിനോടുള്ള പ്രത്യേകപ്രാർഥനയാണ്.

കന്നിയമ്മേ, നിന്റെ ദാസിയായ പാപിഞാനിതാ
മന്നിലുള്ള നിന്റെ ശുദ്ധജീവിതത്തെയല്പമായ്
എന്നശുദ്ധാത്മാവിനാലെ പാപിയെന്നദാസി മേ
നിന്റെ ശുദ്ധനാവിനാലെ തരികയിന്നു ശരണവും

എന്നാണ് കവി അപേക്ഷിക്കുന്നത്. ഈ അപേക്ഷ അമ്മ കനിഞ്ഞു കൈക്കൊണ്ടു എന്നതിനു കാലവും ചരിത്രവും സാക്ഷി.

മരണപർവം

581 ഈരടികൾ മാത്രമുള്ള ചെറുകാവ്യമാണ് മരണവീട്ടിൽ പാടുന്നതിനുള്ള പാന. ചാവറയച്ചന്റെ മരണപർവം എന്നുതന്നെ ഇതിനെ വിശേഷിപ്പിക്കാം.

ക്രൈസ്തവവിശ്വാസമനുസരിച്ച് മരണത്തെ എങ്ങനെ സമീപിക്കണം, മനുഷ്യന്റെ മരണാനന്തരാനുഭവങ്ങളെന്തെല്ലാം, ആത്മാവിനു മോക്ഷം ലഭിക്കാൻ എന്തെല്ലാം ചെയ്യണം തുടങ്ങിയ വസ്തുതകൾ വിശദീകരിച്ചു ബോധ്യപ്പെടുത്താനാണ് കവി ആഗ്രഹിക്കുന്നത്. ഇതിലേക്ക് ഏതാനും ഉദാഹരണങ്ങൾ കൂടി അദ്ഭുതസംഭവങ്ങൾ എന്ന നിലയിൽ അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്.

മനുഷ്യൻ തന്റെ ആത്മസുഹൃത്തുക്കളായി മൂന്നു വസ്തുതകളെയാണ് പൊതുവെ സ്വീകരിച്ചിരിക്കുന്നതെന്നു കവി ഓർമിപ്പിക്കുന്നു. ലോകം, അഭിമാനം, ശരീരം. എന്നാൽ ഇവയൊന്നും യഥാർഥ സുഹൃത്തുക്കളല്ല. കാരണം ഇവയൊക്കെ ഏറിയാൽ മരണത്തോളമേ നിലനിൽക്കൂ. മരണത്തിനപ്പുറത്തും ജീവിതമുണ്ട്. അവിടേക്ക് നമ്മെ നയിക്കാൻ ഈ സുഹൃത്തുക്കൾക്കാവില്ല. നാലാമതൊരു സുഹൃത്തുണ്ട്-സുകൃതങ്ങൾ. അവയ്ക്കു മാത്രമേ മരണത്തിനപ്പുറത്തും നമ്മെ സഹായിക്കാൻ കഴിയൂ. അതുകൊണ്ട് യഥാർഥ സുഹൃത്ത് സത്കർമങ്ങളാണ്. അവ സ്വന്തമാക്കാൻ നാം വളരെ കരുതലോടെ യത്നിക്കണമെന്നു കവി ആഹ്വാനം ചെയ്യുന്നു.

സഭാപ്രസംഗകൻ ഏഴാമധ്യായം ആരംഭിക്കുന്നതിങ്ങനെയാണ്: "സൽപേരു വിലയേറിയ സുഗന്ധതൈലത്തേക്കാളും മരണദിനം ജന്മദിനത്തെക്കാളും ഉത്തമം. വിരുന്നുവീട്ടിൽ പോകുന്നതിനെക്കാൾ വിലാപഭവനത്തിൽ പോകുന്നത് ഉത്തമം. കാരണം, ഇതാണ് സർവമനുഷ്യരുടെയും അന്ത്യം. അതു ജീവിച്ചിരിക്കുന്നവരുടെ ഹൃദയത്തിൽ തട്ടുകയും ചെയ്യും. ചിരിയെക്കാൾ ദുഃഖം ഉത്തമം, മുഖം വാടുമ്പോൾ ഹൃദയം ഉല്ലസിക്കും." ഈ വാക്യങ്ങൾ കാവ്യവത്കരിച്ചുകൊണ്ടാണ് മരണവീട്ടിൽ പാടുന്ന പാനയുടെ തുടക്കം:

ജന്മദിനത്തെക്കാൾ മരണദിനം നല്ലൂ
ജന്മാഘോഷത്തെക്കാൾ മരണഘോഷം
കല്യാണപന്തലിൽ പോകുന്നതിനെക്കാൾ
കണ്ണോക്കിൻ കേതത്തിൽ പോകനന്നു.
എന്നുള്ളൊരീ വാർത്ത ഇന്നുള്ളതല്ലഹോ
മുന്നുള്ള ബുദ്ധിമാൻ രാജസുതൻ
മാന്യനാം കൊഹ്ലസാൽ ചൊല്ലപ്പെടുന്നതും
ധന്യരാം മേജനം കേട്ടീടണം.

വികാരഭരിതവും വിചാരമധുരവുമായ ആവിഷ്കാരമാണ് ചാവറയച്ചന്റെ പാന. മരണത്തെ മുഖാമുഖം കണ്ടുകൊണ്ടിരുന്ന് ഈ പാന പാടുന്ന നിമിഷങ്ങൾ തീർച്ചയായും ജീവിതത്തെ വിശുദ്ധീകരിക്കുന്ന ധന്യമുഹൂർത്തമായിരിക്കും. പക്ഷേ, ചാവറയച്ചൻ ആഗ്രഹിച്ചതുപോലെ ഈ പാന ഇന്നു നമ്മുടെ മരണവീടുകളിൽ ആലപിക്കപ്പെടുന്നില്ല. അത്രയ്ക്കു വർത്തമാനകാല സമൂഹത്തിന്റെ ആത്മവിശുദ്ധിയും ആധ്യാത്മികാവബോധവും കൈമോശം വന്നിട്ടുണ്ടെന്നു നമ്മൾ നെടുവീർപ്പോടെ തിരിച്ചറിയുക.

അനസ്താസ്യയുടെ രക്തസാക്ഷ്യം

91 ഈരടികൾ മാത്രമുള്ള ലഘുകാവ്യമാണിത്. ആലാപനസൗഭാഗ്യം ഏറെയുള്ള വഞ്ചിപ്പാട്ടുവൃത്തത്തിലാണ് രചന. മൂന്നാം ശതകത്തിൽ റോമാചക്രവർത്തി വലേരിയന്റെ കാലത്ത്, സത്യദൈവത്തെ ആരാധിക്കരുതെന്ന കല്പന ലംഘിച്ചതിന് അതിദാരുണമായി കൊലചെയ്യപ്പെട്ട അനസ്താസ്യ എന്ന പെൺകുട്ടിയുടെ ഉജ്ജ്വലമായ രക്തസാക്ഷ്യത്തിന്റെ മനോഹരമായ ആഖ്യാനം. പീഡനങ്ങൾ ഒന്നൊന്നായി ഏറ്റുവാങ്ങുന്നതിനിടയിൽ അവൾക്കിത്തിരി വെള്ളം കൊടുത്തതിന്റെ പേരിൽ വധിക്കപ്പെട്ട സിറിലോസ് എന്ന യുവാവിന്റെ വധവും ഇതിൽ ഉപാഖ്യാനമായി ചേർത്തിട്ടുണ്ട്.

പുണ്യകന്നി അനസ്താസ്യ തന്റെയാത്മം ക്ഷണം തന്നെ
പുണ്യശോഭ നിറഞ്ഞുള്ള വിസ്മയത്താലേ
ദേഹസത്തുക്കളൊക്കെയി ക്രൂരശോകം ഭവിച്ചപോൽ
ദേഹി ശോഭ കിരീടങ്ങൾ ചൂടിയാനന്ദാൽ
പുഷ്യരാഗം പഞ്ചരത്നം വൈരവൈഡൂര്യമാണിക്കം
പച്ചമരതകമാദിയലംകാരത്താൽ
സ്നേഹമേറും മണവാളൻ യേശു തന്റെ മന്ദിരത്തിൽ
ദാഹമോടേ കുടിവച്ചു മണിയറയിൽ

എന്നാണ് കവി സാക്ഷ്യപ്പെടുത്തുന്നത്. ക്രൈസ്തവസമൂഹത്തിന്, മഹത്തായ ഒരു രക്തസാക്ഷ്യ കഥ പാദങ്ങൾക്കു വിളക്കും വഴികളിൽ പ്രകാശവുമാകത്തക്കവിധം അവതരിപ്പിക്കുകയാണ് ചാവറയച്ചൻ.

കവിയെന്ന നിലയിൽ മാത്രമല്ല, ഗദ്യകാരൻ എന്ന നിലയിലും ചാവറയച്ചന്റെ സംഭാവനകൾ ശ്രദ്ധേയമാണ്. ഒരു വ്യക്തിയുടെ ജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന ഗൗരവമേറിയ ഉപദേശ നിർദേശങ്ങൾകൊണ്ടു മഹത്തായ ഒരു ഗദ്യകാവ്യമായിത്തീർന്നിരിക്കുകയാണ് നല്ല അപ്പന്റെ ചാവരുൾ. കഥകളും ഉപകഥകളും ഉചിതമായി വിന്യസിച്ചുകൊണ്ടുള്ള ആഖ്യാനം ലക്ഷ്യം കൈവരിക്കാൻ തികച്ചും പര്യാപ്തമാണ്. ധ്യാനസല്ലാപങ്ങളിലും ധ്യാനക്കുറിപ്പുകളിലും മാത്രമല്ല, കത്തുകളിൽപോലും സഹജീവിസ്നേഹംകൊണ്ടും സർവജനക്ഷേമാകാംക്ഷകൊണ്ടും തുടിക്കുന്ന വിശ്വാസതീക്ഷ്ണമായ ഒരു ഹൃദയത്തിന്റെ സാന്നിധ്യം നമുക്കു തൊട്ടറിയാൻ കഴിയും. ഒരെഴുത്തുകാരന്റെ ഏറ്റവും വലിയ വിജയം തന്റെ രചനകളിൽ പകർന്നുവയ്ക്കാൻ കഴിയുന്ന ആത്മാംശമാണ് എന്ന സത്യം ചാവറയച്ചന്റെ കൃതികളിലൂടെ കടന്നുപോകുമ്പോൾ നമ്മൾ അനുഭവിച്ചറിയുന്നു.



ഡോ. സെഡ്. എം. മൂഴൂർ

അനസ്താസ്യായുടെ രക്തസാക്ഷ്യം; ആദ്യത്തെ ഖണ്ഡകാവ്യകൃതി

മലയാള ഖണ്ഡകാവ്യ പ്രസ്ഥാനത്തെക്കുറിച്ചു പറയുമ്പോൾ അതിനെ പ്രാചീനമെന്നും ആധുനികമെന്നും രണ്ടുവിധത്തിൽ കണക്കാക്കാറുണ്ട്.

സംസ്കൃതകാവ്യങ്ങളെ അനുകരിച്ചാണ് ആദ്യകാലത്ത് ഖണ്ഡകാവ്യങ്ങളുണ്ടായത്. സംസ്കൃതത്തിൽ ഖണ്ഡകാവ്യത്തെ ഇങ്ങനെ നിർവചിക്കുന്നു.

അല്പാക്ഷര സന്ദിഗ്ധം
സംസാരം സർവ്വതോമുഖം
സ്തോഭക്ഷോഭകരം വാക്യം
ഖണ്ഡകാവ്യം പ്രചക്ഷതേ

സംസ്കൃതരീതി അവലംബിച്ചു രൂപംകൊണ്ട ഖണ്ഡകാവ്യങ്ങളെ പ്രാചീന ഖണ്ഡകാവ്യങ്ങൾ എന്നു വിളിക്കാം. അതിനുദാഹരണമാണ് കുചേലവൃത്തം വഞ്ചിപ്പാട്ട്.

ആംഗലഭാഷാ കാവ്യങ്ങളുമായി ബന്ധപ്പെട്ടാണ് ആധുനിക ഖണ്ഡകാവ്യ രചന മലയാളത്തിൽ രൂപപ്പെടുന്നത്. വേർഡ്സ്വർത്തിന്റെയും കോൾറിഡ്ജിന്റെയും കാലത്തോടെ വികസ്വരമായ കാല്പനികപ്രസ്ഥാനം പോലൊരു പരിവർത്തനം പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ ഉണ്ടായി. നവോത്ഥാന കാലമെന്നാണ് ഇത് അറിയപ്പെടുന്നത്. നവോത്ഥാനത്തിന്റെ മുഖ്യധാരകൾ പാശ്ചാത്യ സാഹിത്യസമ്പർക്കം, ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ആവിർഭാവം, സ്വാതന്ത്ര്യവാഞ്ഛ, വിദ്യാസമ്പന്നരുടെ ഇടയിലെ സാമൂഹ്യാവബോധം തുടങ്ങിയവയാണ്. സാമൂഹ്യ, രാഷ്ട്രീയരംഗങ്ങളിലുണ്ടായ നവോത്ഥാനം സാഹിത്യവീക്ഷണത്തെയും ഏറെ സ്വാധീനിച്ചു.

വസ്തുനിഷ്ഠമെന്നും ആത്മനിഷ്ഠമെന്നും ഖണ്ഡകാവ്യങ്ങളെ തിരിക്കാം. കവിയുടെ സ്വാനുഭവത്തേക്കാൾ കഥകൾക്കും പ്രകൃതിസംഭവങ്ങൾക്കും ആയിരിക്കും വസ്തുനിഷ്ഠ ഖണ്ഡകാവ്യങ്ങളിൽ പ്രാധാന്യം. മലയാളത്തിൽ മഗ്ദലനമറിയം, കരുണ, പിംഗള തുടങ്ങിയ പ്രശസ്ത കാവ്യങ്ങൾ വസ്തുനിഷ്ഠ പ്രതിപാദനത്തിന് ഉദാഹരണങ്ങളാണ്. കവിയുടെ വികാരവിചാരങ്ങൾക്കും സ്വന്തം വ്യക്തിത്വപ്രകാശനത്തിനുമാണ് ആത്മനിഷ്ഠ ഖണ്ഡകാവ്യങ്ങളിൽ പ്രാധാന്യമുള്ളത്. നാലപ്പാട്ട് നാരായണമേനോന്റെ കണ്ണുനീർത്തുള്ളി ആത്മനിഷ്ഠ ഖണ്ഡകൃതിയാണ്. എന്നാൽ, പല ഖണ്ഡകാവ്യ കൃതികളിലും മിശ്രരീതി കാണാറുണ്ട്. അവയെ വ്യക്തിനിഷ്ഠമെന്നോ ആത്മനിഷ്ഠമെന്നോ വ്യവച്ഛേദിച്ചു പറയാൻ കഴിയില്ല.

പ്രാചീന ഖണ്ഡകാവ്യങ്ങൾക്കെന്നതുപോലെ അധികം നീളമില്ലാത്ത ഇതിവൃത്തം തന്നെയാണ് ആധുനിക ഖണ്ഡകാവ്യങ്ങൾക്കുമുള്ളത്. ഇവയിലെ ഇതിവൃത്തങ്ങൾ ആദിമധ്യാന്തങ്ങളൊപ്പിച്ചു പൂർണമായ മട്ടിൽ രൂപംകൊള്ളുകയല്ല. ഇതിവൃത്തത്തിലെ സുപ്രധാന ഭാഗത്തിന് മിഴിവു നല്കി അപ്രധാന ഭാഗങ്ങൾ സൂച്യരൂപത്തിലാക്കി ആവിഷ്കരിക്കയാണ്, ആധുനിക ഖണ്ഡകാവ്യത്തിന്റെ രീതി. നാടകീയമോ കാവ്യാത്മകമോ ആയ കഥാഭാഗമായിരിക്കും സാമാന്യേന ഖണ്ഡകാവ്യത്തിനാസ്പദം.

ഇതിവൃത്തം, ആധുനിക ഖണ്ഡകാവ്യത്തിൽ 'ബന്ധനസ്ഥനായ അനിരുദ്ധനി'ലേതുപോലെ പുരാണപ്രസിദ്ധമായിരിക്കാം അല്ലെങ്കിൽ കപോലകല്പിതമാകാം അതുമല്ലെങ്കിൽ സങ്കല്പങ്ങളും യാഥാർഥ്യങ്ങളും ചേർന്ന മിശ്രമാകാം. എന്തായിരുന്നാലും വായനക്കാരുടെ ശ്രദ്ധ പിടിച്ചുപറ്റാൻ കഴിയുന്ന വിധം ആവിഷ്കരിച്ചിരിക്കണം. ഇതിവൃത്ത ഘടനകളെ ഔചിത്യഭാസുരമായ രീതിയിൽ അനുപാതദീക്ഷയോടെ അംഗോപാംഗങ്ങളൊപ്പിച്ച് വികാരസാന്ദ്രമായി അവതരിപ്പിക്കാൻ കഴിയുക എന്നതാണ് ആധുനിക ഖണ്ഡകാവ്യങ്ങളുടെ സംവിധാനരീതി. കഥയുടെ വികാസ പരിണാമങ്ങൾക്കനുയോജ്യമായ വിധത്തിൽ വർണനകളും അലങ്കാരങ്ങളും ഉണ്ടാകാം. പക്ഷേ, ഇത് കഥയുടെ ഏകാഗ്രമായ പുരോഗതിക്കു പറ്റിയ രീതിയിലേ ആകാവൂ. നല്ലൊരു ചെറുകഥയുടെ കാവ്യസാത്കൃതമായ രൂപമാണ് ആധുനിക ഖണ്ഡകാവ്യമെന്നു പറയാം.

"സമഗ്രമായ ജീവിതത്തിന്റെ എല്ലാ ഭാഗങ്ങളിലുമായി ചിതറുന്നതിനു പകരം അതിന്റെ ഒരു ഭാഗത്ത് കവിപ്രതിഭ ഉറച്ചുനില്ക്കുമ്പോൾ ഒരു ഖണ്ഡകാവ്യം രൂപമെടുക്കുന്നു."

ആധുനിക ഖണ്ഡകാവ്യങ്ങളുടെ സാമാന്യ സ്വഭാവമാണ് മേൽവിവരിച്ചത്. ഈ പ്രത്യേകതകൾ ചാവറയച്ചൻ എഴുതിയ 'അനസ്താസ്യായുടെ രക്തസാക്ഷ്യം' എന്ന കൃതിക്കുണ്ടോ എന്നാണു പരിശോധിക്കേണ്ടത്.

പ്രഖ്യാതമായ ഒരു കഥ ആദിമകാല ക്രൈസ്തവരുടെ ചരിത്രത്തിൽനിന്ന് എടുത്തിരിക്കുന്നു. അധികം നീളമില്ലാത്ത ഇതിവൃത്തം എന്നത് കൃതിയുടെ വലിപ്പത്തിൽ മാത്രമല്ല പ്രതിപാദനത്തിലും കാണുന്ന പ്രത്യേകതയാണ്. അനസ്താസ്യാ എന്ന തരുണീമണിയുടെ ജീവിതകഥ മുഴുവനും അവതരിപ്പിക്കുന്നുവെങ്കിലും ജീവചരിത്രത്തിലെ സുപ്രധാന ഭാഗങ്ങൾക്കു മിഴിവേകി അപ്രധാന ഭാഗങ്ങൾ സൂചിപ്പിച്ചു

മാത്രം കാവ്യം അവതരിപ്പിക്കുന്ന ഉചിതജ്ഞനായ കവിയെ ആണിവിടെ ദർശിക്കുന്നത്. നാടകീയത ഭംഗമില്ലാതെ പാലിക്കുന്നുമുണ്ട്. ഭാവതീവ്രതയും ഭാവനാത്മകതയും രൂപസാരള്യമാർന്ന പ്രതിപാദനവും ഈ കൃതിയുടെ സവിശേഷതകളാണ്. ഔചിത്യപൂർണമായ അലങ്കാരങ്ങളും വർണനകളും ഈ ഖണ്ഡകാവ്യത്തിന് അകൃത്രിമശോഭ നല്കുന്നു.

മലയാളത്തിലെ ആധുനിക ഖണ്ഡകാവ്യ പ്രസ്ഥാനത്തിന്റെ അരുണോദയമായി സാഹിത്യ ചരിത്രകാരന്മാർ എ.ആർ. രാജരാജ വർമയുടെ മലയവിലാസത്തെയാണ് എടുത്തുകാട്ടുന്നത്. ആ കൃതി കൊല്ലവർഷം 1070 (ക്രിസ്ത്വബ്ദം 1895)-ൽ ആണ് വിരചിതമായത്. എന്നാൽ, ചാവറ കുര്യാക്കോസച്ചൻ അനസ്താസ്യായുടെ രക്തസാക്ഷ്യം രചിച്ചത് 1862-ൽ ആയിരുന്നു. അതായത്, കേരളപാണിനിയുടെ മലയവിലാസത്തിനു മൂന്നു പതിറ്റാണ്ടു മുൻപ്.

മലയാളത്തിലെ ശ്രദ്ധേയമായ ഖണ്ഡകാവ്യങ്ങളെല്ലാം മലയവിലാസത്തിന്റെ അനുജത്തിമാരാണ്. കെ.സി. കേശവപിള്ളയുടെ 'ആസന്നമരണ ചിന്താശതകം' ആണ് അവയിൽ ഒന്നാമത്തേത്. പിന്നീട് രൂപംകൊണ്ട ഖണ്ഡകാവ്യങ്ങൾ പലതും വിലാപ കാവ്യങ്ങളായിരുന്നു. 'ഒരു വിലാപം' എന്ന പേരിൽ വി.സി. ബാലകൃഷ്ണപ്പണിക്കരും സി.എസ്. സുബ്രഹ്മണ്യം പോറ്റിയും ഓരോ കൃതിയും 'പ്രിയവിലാപം' എന്നപേരിൽ എ. രാജരാജവർമ ഒരു കൃതിയും രചിച്ചു. തികച്ചും ആത്മനിഷ്ഠങ്ങളായ പ്രസ്തുത കൃതികൾക്കു ശേഷമാണ് ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരുടെ കൃതികൾ കൈരളിയെ കോൾമയിർകൊള്ളിച്ചത്. അങ്ങനെ ആധുനിക ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റെ കാലഘട്ടം പരാമർശിക്കുമ്പോൾ വിശേഷിച്ച് ഒരുകാര്യം ഓർക്കാനുള്ളത് ചാവറയച്ചന്റെ ഖണ്ഡകാവ്യത്തിന് പതിറ്റാണ്ടുകൾ ശേഷമാണ് മലയവിലാസമടക്കമുള്ള ഖണ്ഡകാവ്യങ്ങൾ മലയാളത്തിൽ വിരചിതമായത് എന്നത്രേ.

പശ്ചാത്തലം

1599-ൽ നടന്ന ഉദയംപേരൂർ സൂന്നഹദോസ് വരെ കേരളത്തിലെ സുറിയാനി കത്തോലിക്കാ സമുദായത്തിന്റെ ആധ്യാത്മികാവശ്യങ്ങൾ നിറവേറ്റിയത് ബാബേൽ പാത്രിയാർക്കീസിനാൽ നിയുക്തരായ സുറിയാനി മെത്രാന്മാർ ആയിരുന്നു. എന്നാൽ, സൂന്നഹദോസിലെ നിശ്ചയപ്രകാരം പാശ്ചാത്യ ലത്തീൻ മെത്രാന്മാർ കേരളത്തിലെ കത്തോലിക്കാസഭയുടെ ഭരണം ഏറ്റെടുത്തു. തുടർന്നുള്ള രണ്ടര നൂറ്റാണ്ട് പാശ്ചാത്യർ ഭരിച്ചു. സഭാതലവനായ മാർപാപ്പയുടെ അംഗീകാരവും പാശ്ചാത്യർക്കായിരുന്നു. 1861-ൽ ബാബേലിൽനിന്ന് നിരീക്ഷകനായി മാർ തോമസ് റോക്കോസ് എന്ന മെത്രാൻ കേരളത്തിലെത്തി. ലത്തീൻ ഭരണത്തിൽ അതൃപ്തരായ സുറിയാനിക്കത്തോലിക്കർ അദ്ദേഹത്തിന്റെ പിന്നിൽ അണിനിരന്നു. ഭൂരിപക്ഷം പള്ളികളും തോമസ് റോക്കോസ് മെത്രാൻ പിടിച്ചെടുത്തു ഭരണം തുടങ്ങി. മാർപ്പാപ്പായുടെ അറിവും അംഗീകാരവും ഇല്ലാതെ കടന്നുവന്ന റോക്കോസിനെതിരേ, സുറിയാനിക്കത്തോലിക്കരുടെ അനിഷേധ്യനേതാവായിരുന്ന വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസച്ചൻ മുന്നിട്ടിറങ്ങി. ഒരു വർഷത്തോളം നീണ്ടുനിന്ന ആഭ്യന്തരസമരത്തിനുശേഷം മാർ തോമസ് റോക്കോസ് പരാജയം സമ്മതിച്ച് ബാബേലിലേക്ക് തിരിച്ചുപോയി. കത്തോലിക്കാവിശ്വാസത്തിനുവേണ്ടി ജീവൻപോലും ത്യജിക്കുവാൻ തയാറായാണ് ചാവറയച്ചൻ സമരമുഖത്തിറങ്ങിയത്. ജനങ്ങൾക്കും സഹപ്രവർത്തകർക്കും ഉത്തേജനവും ആവേശവും നൽകുവാൻ വേണ്ടിയാണ് വിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച അനസ്താസ്യായുടെയും സിറിലിന്റെയും കഥ ചാവറയച്ചൻ കാവ്യമായി രചിച്ചത്. അദ്ദേഹം അച്ചടിച്ചു വിളംബരം ചെയ്ത ലഘുലേഖയിൽ 'ഇങ്ങനെയുള്ളവരുടെ (റോക്കോസ് മെത്രാൻ) കൈകളാൽ രക്തസാക്ഷിയായി മരിക്കാൻ ഇടവരുന്നെങ്കിൽ അതു ദൈവത്തിന്റെ അധികമായ അനുഗ്രഹം എന്നോർത്ത് അതിനുകൂടിയും തുനിയുക ആവശ്യമായിരിക്കുന്നു' എന്നു കാണുന്നു. ഒരുപക്ഷേ, ഈ ഖണ്ഡകാവ്യം മുഴുവൻ അച്ചടിച്ചുവിതരണം ചെയ്തിരിക്കാം, ആ രേഖയോടൊപ്പം.

ഇതിവൃത്തം

എ.ഡി മൂന്നാം നൂറ്റാണ്ടിൽ വലേറിയൻ ചക്രവർത്തി റോമിൽ ഭരണം കൈയേറ്റു ക്രൈസ്തവരെ നിഹനിക്കുവാനും ജനങ്ങളെയെല്ലാം ജോവ് (ജൂപ്പിറ്റർ) ദേവന്റെ ആരാധകരാക്കുവാനും പരിശ്രമിച്ചു. ചക്രവർത്തിയുടെ മതമർദനത്തിനും വിഗ്രഹപൂജയ്ക്കും അരു നിന്നത് പ്രോബാ എന്ന മന്ത്രിപുംഗവനായിരുന്നു.

അക്കാലഘട്ടത്തിൽ സോഫിയാ എന്ന ഒരു കന്യാസ്ത്രീ ഒരു കന്യാലയം നടത്തിയിരുന്നു. അതീവസുന്ദരിയായ അനസ്താസ്യാ എന്ന തരുണീരത്നം മഠത്തിൽ അംഗമായി. ക്രിസ്ത്യാനാ എന്നുകൂടി നാമമുള്ള അവളെ മന്ത്രി കൊട്ടാരത്തിലേക്കു പിടിച്ചുകൊണ്ടുപോയി. ക്രിസ്തുമതം ഉപേക്ഷിക്കണമെന്നും ജൂപ്പിറ്റർ ദേവനെ ആരാധിക്കണമെന്നും അങ്ങനെ ചെയ്താൽ സമ്പത്തും രാജ്ഞീപദവും നൽകാമെന്നും മന്ത്രി വാഗ്ദാനം ചെയ്തു.

പക്ഷേ, അനസ്താസ്യാ അവയെല്ലാം തൃണസമാനം തള്ളിക്കളഞ്ഞു. ക്രിസ്തുവിനുവേണ്ടി ആത്മാർപ്പണം ചെയ്യാൻ തയാറായി. ക്രൂരമർദനങ്ങൾക്ക് അവളുടെ മനസുമാറ്റാനായില്ല. തടവറയിൽക്കിടന്നും യേശുവിന്റെ സ്തുതി പാടിയ അവളുടെ നാവ് മന്ത്രി അറുത്തുകളഞ്ഞു. ആസന്നമരണയായ അനസ്താസ്യാ സമീപം നിന്നിരുന്ന സിറിലോസ് എന്ന ചെറുപ്പക്കാരനോട് തെല്ലു ദാഹജലം ആംഗ്യഭാഷയിൽ യാചിച്ചു. അയാൾ ജലം പകർന്നു നൽകി. ധീരോദാത്തയായ അനസ്താസ്യായേയും അവൾക്കു ദാഹനീർ പകർന്നുകൊടുത്ത സിറിലോസിനെയും പ്രോബാ നിർദയം വധിച്ചു. തനിക്കുവേണ്ടി വീരചരമം വരിച്ച ആ രണ്ടുപേരുടെയും ആത്മാക്കളെയേശു സൗഭാഗ്യപൂർണമായ പറുദീസായിലേക്ക് ആനയിച്ചു. ഇത്രയുമാണ് പുരാവൃത്തം.

കുട്ടനാട്ടുകാരനായ ചാവറയച്ചൻ ഈ മനോഹര കാവ്യരചനയ്ക്ക് വഞ്ചിപ്പാട്ടുരീതിയാണ് സ്വീകരിച്ചിട്ടുള്ളത്.

പ്രതിപാദനരീതി

എദുക്കാന്താത്ത് (വിദ്യാനികേതനം), സെനാത്തുമാർ (സെനറ്റ് അംഗം), നായകജാതത്രിയുഗം (ക്രിസ്തുവിനുശേഷം മൂന്നാം നൂറ്റാണ്ട്) എന്നിങ്ങനെ ചുരുക്കം ദുർഗ്രഹപദങ്ങളേ കാവ്യത്തിലുള്ളൂ.


മലയാള ഖണ്ഡകാവ്യ പരമ്പരയിലെ ആദ്യകൃതികളുടെയല്ല, കുമാരനാശാൻ അവസാനമെഴുതിയ 'കരുണ'യുടെ ശൈലിയിലാണ് ചാവറകൃതിയുടെ രചനയെന്നു കാണാം.

അദ്ഭുതമായ് വിളങ്ങുന്ന സോഫിയാ എന്നുള്ള ശ്രേഷ്ഠ
ചൊൽപ്പെരിയ റോമ്മാതന്നിൽ വസിക്കുംകാലം
അനസ്താസ്യാ എന്ന പൈതൽ, പുതുകന്നി ഗണത്തോടെ
അണച്ചുചേർപ്പതിനായിട്ടുണർത്തിച്ചപ്പോൾ,
അമ്മ സോപ്യാ, പ്രിയമാതാല സ്നേഹമോടെ മകളായി
അങ്ങവളെ ചേർത്തു തന്റെ പുണ്യകേതത്തിൽ.

എത്ര മധുരവും ലളിതവുമായ ശൈലിയാണെന്നു കാണുക. അത്യന്താധുനിക കവിതയുടെ ദുർഗ്രഹത എന്ന ദുർബാധ മലയാൺമയെ ഗ്രസിക്കുന്നതിനുമുമ്പുള്ള കവിതയ്ക്ക് ഒരു മാതൃകയായി കണക്കാക്കാം.

മുന്നിൽ മന്ത്രിപുംഗവൻ നിൽക്കേ, പ്രശാന്തയായി മകൾക്ക് അന്ത്യോപദേശം നൽകുന്ന സോഫിയായെ എത്ര മർമ്മജ്ഞതയോടെയാണ് കവി ചിത്രീകരിച്ചിട്ടുള്ളത്. എത്രയുംവേഗം രാജാവിന്റെ പക്കലേക്ക് നീ ചെല്ലുക എന്നു സോഫിയാ പറയുമ്പോൾ അതു വലേറിയൻ ചക്രവർത്തിയെക്കുറിച്ചാവുമെന്നാണ് മന്ത്രി ധരിക്കുന്നത്. മണവാളനായ ക്രിസ്തുവിനെയാണെന്നതു മനോഹരമായി അവതരിപ്പിക്കുന്ന ഭാഗം നോക്കുക.

വാർത്തയൊക്കെ കേട്ടുടനെ പാർത്തുനിന്ന പുണ്യസോപ്യാ
ചേർത്തു തന്റെ മാർവിടത്തിൽ സ്നേഹപുത്രിയെ



പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അധ്യക്ഷൻ കർദിനാൾ അലക്സാണ്ടർ ബർണബോയ്ക്ക് ചാവറയച്ചൻ സുറിയാനിയിൽ എഴുതിയ കത്ത്

സ്നേഹമേറും മകളേ നിൻഭാഗ്യമേറും മണവാളൻ
ദാഹമോടെവിളിക്കുന്നു വേഗമായ്പ്പോക
പൂർവകാലേ നിൻകരത്തെ നീട്ടിദിവ്യദാഹമോടേ
മാറിടത്തിലണച്ചൊരു രാജനെ ഓർക്ക
നിൻമണത്തെ മുടിപ്പാനായ് ഒൺമയോടെ ധരിത്രിയിൽ
ഭംഗിയേറും കൊടി ഏന്തി വൻഗിരിയേറി
മെച്ചമേറും കിരീടത്തെ വച്ചുചൂടിശിരസിനെ
അർച്ചനയായണച്ചു തൻജീവനുംകൂടെ
എന്ന നിന്റെ സുന്ദരനാം പുണ്യരാജമണവാളൻ
ഇന്നു തന്റെ മഹത്വം നീ കാട്ടുക വേഗം.

ക്രിസ്തുമതം ഉപേക്ഷിക്കണമെന്നും, ചക്രവർത്തിയുടെ ഇംഗിതം നിറവേറ്റിയാൽ രാജ്യത്തെ സമ്പത്തു മുഴുവൻ സ്വന്തമാക്കാമെന്നുമുള്ള ചടുലവാക്കുകൾകൊണ്ട് മന്ത്രി അവളെ പ്രലോഭിപ്പിക്കുന്നു. പക്ഷേ, അവൾ പറയുന്നു.

'ലോകഭാഗ്യം സമർപ്പിക്കാൻ ദാഹമില്ല മമചിത്തേ
കൊലഹലമായ ശിക്ഷാഭീതിയുമില്ല.'

എന്ന്. കൊലപാതകം ഹലമാക്കിയ ആളാണ് ചക്രവർത്തി. മന്ത്രി കോപാന്ധനായി മാറി. ചുരുങ്ങിയ വാക്കുകളിൽ ആ രംഗം കവി അവതരിപ്പിക്കുന്നു.

'ക്രൂരഭാവം നടിച്ചവൻ ചുണ്ടുരണ്ടും ചുവപ്പിച്ചു
ക്രോധവീര്യാൽ മുഖം സൂര്യാമേഘമായ് മൂടി;

എന്നാണ്. പിന്നീട് നിശിതവും ക്രൂരവുമായ ശിക്ഷാനടപടികൾ ഓരോന്നായി അവൾക്കെതിരേ മന്ത്രി അയയ്ക്കുന്നു.

'കന്നി തന്റെ ദേഹമൊക്കെ ചീന്തിയവർ പൊളിച്ചിട്ട്
ചിന്തി വീഴും ചോര കൊണ്ടു കുതിർത്തുഭൂമി.

യാതൊരു വിധ ശിക്ഷകൊണ്ടും അവളെ കീഴ്പ്പെടുത്തുവാൻ റോമൻ സൈന്യാധിപനു കഴിഞ്ഞില്ല. യേശുവിന്റെ അപദാനങ്ങൾ വാഴ്ത്തിയ അനസ്താസ്യായുടെ നാവ് അറുത്തുമാറ്റി.

'കഷ്ടമയ്യോ ശിഷ്ടനാവും പിഴുതുവേരാൽ
ശുദ്ധവായിൽനിന്നുടനേ കൊച്ചൊരാറെന്നതുപോലെ
രക്തധാര പുറപ്പെട്ടു, നനച്ചു സർവം.'

തുടർന്ന് സിറിലോസ് അവൾക്ക് ദാഹജലം പകരുന്നതും ഇരുവരേയും ഖലന്മാർ മൃത്യുവിലേക്ക് നയിക്കുന്നതുമാണ് സംക്ഷിപ്തമായി ചാവറയച്ചൻ അവതരിപ്പിച്ചിട്ടുള്ളത്.

ഈ കഥ ഒരു ശുഭപര്യവസായിയായി മാറ്റിയിരിക്കുന്നുവെന്നതും ശ്രദ്ധേയമാണ്. പുഷ്യരാഗം, പഞ്ചരത്നം, വൈരവൈഡൂര്യം, പച്ചമരതകം തുടങ്ങിയ രത്നങ്ങൾക്കൊണ്ട് അലംകൃതമായ പറുദീസയിലേക്ക് യേശു ഈ രണ്ട് ആത്മാക്കളേയും ആനയിക്കുന്നതോടെ അനസ്താസ്യായുടെ രക്തസാക്ഷ്യം അവസാനിക്കുന്നു.


പല ആളുകളോടും സന്ദർഭവശാൽ ഈ കാവ്യത്തെക്കുറിച്ച് സംസാരിച്ചിട്ടുണ്ട്. ഹേയ്! അങ്ങനെ ഒരു കാവ്യം മലയാളത്തിലെ പ്രഥമ ഖണ്ഡകാവ്യമായിരിക്കയില്ല എന്നാണ് മിക്കവരും തന്നെ പറഞ്ഞത്. പക്ഷേ, അവരാരും ഈ കാവ്യകൃതി മുഴുവനായി വായിച്ചിട്ടുള്ളവരല്ല. ആശാന്റെ കരുണയോ, വള്ളത്തോളിന്റെ മഗ്ദലനമറിയമോ, ഉള്ളൂരിന്റെ പിംഗളയോ വായിക്കുന്നവർക്ക് അതേ തോതു വച്ച് അളന്ന് ഈ കൃതിയെ വിലയിരുത്താൻ കഴിയും. മറ്റു ഖണ്ഡകാവ്യങ്ങളിൽ നിന്ന് ഏതംശത്തിലാണ് ഈ കൃതിക്ക് കുറവുള്ളതെന്ന് ചൂണ്ടിക്കാണിച്ചാൽ അത് അംഗീകരിക്കാം.

1981-ൽ സുദീർഘമായ അവതാരികയോടുകൂടി അനസ്താസ്യായുടെ രക്തസാക്ഷ്യം ഞാൻ പ്രസിദ്ധീകരിച്ചു. ശൂരനാട്ടു കുഞ്ഞൻപിള്ള, സച്ചിതാനന്ദൻ (കവി), ഗുരു നിത്യചൈതന്യയതി, ഡോ.പി.വി.വേലായുധൻപിള്ള എന്നിവർക്ക് അയച്ചുകൊടുത്തു. ഇവരെല്ലാം എന്റെ കണ്ടെത്തൽ അംഗീകരിക്കുകയും കവിയായ ചാവറയച്ചന്റെ കൃതിയെക്കുറിച്ചു വിലപ്പെട്ട അഭിപ്രായം നൽകുകയും ചെയ്തു. അനസ്താസ്യായുടെ രക്തസാക്ഷ്യം സമ്പൂർണമായി വായിക്കുകയും മറ്റു ഖണ്ഡകാവ്യകൃതികളുമായി താരതമ്യപ്പെടുത്തുകയും ചെയ്യുന്ന ഏതൊരാളും അത് പ്രഥമഖണ്ഡകാവ്യമായി അംഗീകരിക്കും എന്നുറപ്പുണ്ട്. കൃതി വായിക്കാതെ ഊഹിച്ചു അഭിപ്രായം പറയുന്നവരെ കണക്കിൽപ്പെടുത്തേണ്ടതില്ല.

1844-ൽ സ്വന്തമായി ഒരു അച്ചടിയന്ത്രം ഡിസൈൻ ചെയ്തു നിർമിച്ച ചാവറയച്ചൻ മുദ്രണാലയരംഗത്തെ അതികായനാണ്. 1887-ൽ ആരംഭിച്ച നസ്രാണി ദീപിക ദിനപ്പത്രം ആ പ്രസിലാണ് ഒരു വ്യാഴവട്ടക്കാലം അച്ചടിച്ചത്. ചാവറയച്ചന്റെ ബൃഹദ്കവിതയായ ആത്മാനുതാപം ലെയോപോൾദ് മിഷനറിയുടെ ആമുഖക്കുറിപ്പോടുകൂടി ആ പ്രസിൽനിന്നും പുറത്തുവന്നു. അനസ്താസ്യായുടെ രക്തസാക്ഷ്യം, കത്തോലിക്കാസഭയിലെ ആഭ്യന്തരസമരകാലത്ത് വിശ്വാസികളെ ലക്ഷ്യമാക്കി രചിച്ചതാകയാൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി എന്നതിനു സംശയമില്ല. പക്ഷേ, ആ കൃതി കത്തോലിക്കാ സമൂഹത്തിൽ മാത്രം ഒതുങ്ങി. ഇതും ഇതുപോലുള്ള കൃതികളും വള്ളംകളിക്കും മറ്റുമായി പാട്ടുകൾ എന്ന നിലയിൽ ഉപയോഗിച്ചിരുന്നെങ്കിലും സാഹിത്യരംഗത്ത് അറിയപ്പെട്ടില്ല. അതുകൊണ്ട് ഈ കൃതിയെപ്പറ്റി പരാമർശനംപോലും നമുക്ക് കാര്യമായി കിട്ടിയിട്ടില്ല. എങ്കിലും കയ്യെഴുത്ത് മാന്നാനത്തും മൈക്രോഫിലിം ബാംഗളൂർ ധർമാരാം കോളജിലും സുക്ഷിക്കുന്നുണ്ട്.

ചാവറ കൃതികളേക്കുറിച്ചു പൊതുവേ ഒരു വാക്ക് പറഞ്ഞുകൊള്ളട്ടെ. അസ്വസ്ഥവും മതനിരപേക്ഷവുമായ ഊഷരഭൂമിയിൽ നിന്നടിക്കുന്ന ഗ്രീഷ്മക്കാറ്റേറ്റ് തളരുന്ന ആത്മാവിനെ ഈശ്വരോപാസനയുടെ നിഷ്ക്കുടനികുഞ്ജത്തിൽ തലചായ്ച്ചാശ്വസിക്കുവാൻ സഹർഷം മാടിവിളിക്കുന്ന മാലാഖയുടെ ശാലീനതയും അക്ലിഷ്ടമോഹനമായ രചനയുടെ മാധീകണങ്ങൾ പേറുന്ന മാധുര്യവും നിസ്തുലമായ ഭക്തിയുടെ പ്രകാശഗോപുരനടയിൽ നിതാന്തനർത്തനം നടത്തുന്ന വാഗ്ദേവതയുടെ ശക്തിസൗന്ദര്യങ്ങളും ചാവറ കൃതികളിൽ നാം ദർശിക്കുന്നു.

ക്ഷണപ്രഭാചഞ്ചലമായ ഭൗതികസുഖങ്ങൾ ത്യാജ്യകോടിയിൽ ത്തള്ളി അനർഘവും അനശ്വരവുമായ ദിവ്യസ്നേഹത്തിന്റെ ആ മേഖലകളിലേക്ക് ഉഡ്ഡയനം ചെയ്യുന്ന ആത്മാവിന്റെ ചിറകടിസ്വരം അനസ്താസ്യായുടെ രക്തസാക്ഷ്യം എന്ന കൃതിയിൽ നാം ശ്രവിക്കുന്നു. മർദനങ്ങളുടെ മുന്നിൽ അടിപതറാതെ നിൽക്കുകയും മരണത്തെ നിത്യതയുടെ ദിവ്യയാനമാക്കുകയും ചെയ്ത തരുണീരത്നത്തിന്റെ ജീവിതം അനുഗാനം ചെയ്യുന്ന അനസ്താസ്യായുടെ രക്തസാക്ഷ്യം എന്ന ഈ കൃതി ഈർച്ചവാളിന്റെ വായ്ത്തലയ്ക്ക് അടിപണിയാത്ത മനുഷ്യാത്മാവിന്റെ ഈശ്വരോന്മുഖ പ്രയാണത്തിന്റെ നിസ്തുല പ്രതീകമാണ്. ആത്മാനുതാപത്തിൽ ഉഷസന്ധ്യയുടെ സൗമ്യപ്രകാശമാണ് ഓളം വെട്ടുന്നതെങ്കിൽ മധ്യാഹ്നസന്ധ്യയുടെ തീക്ഷ്ണജ്വാലകളാണ് വീരരസം ഉൾത്തുടികൊട്ടുന്ന അനസ്താസ്യായുടെ രക്തസാക്ഷ്യമെന്ന ഖണ്ഡകാവ്യകൃതിയിൽ അവാച്യശോഭ ചാർത്തി നിലകൊള്ളുന്നത്.



സിസ്റ്റർ ക്ലിയോപാട്ര സി.എം.സി

സ്ത്രീമുന്നേറ്റത്തിന്റെ മാർഗദീപം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ജനിച്ച ചാവറയച്ചൻ രാജ്യത്തെ, പ്രത്യേകിച്ച് കേരളത്തിലെ സ്ത്രീകൾക്കും കുട്ടികൾക്കും ഒരു വരദാനമാണ്. സ്ത്രീകളെക്കുറിച്ച് മഹത്വപൂർണമായ കാഴ്ചപ്പാടുണ്ടായിരുന്ന അദ്ദേഹം കേരളീയ വനിതകളുടെ ജീവിതത്തിൽ പ്രകാശം പരത്താൻ അങ്ങേയറ്റം ശ്രമിച്ചു.

സാമൂഹികമായ നിയമങ്ങളുടെയും ചിട്ടവട്ടങ്ങളുടെയും ഇടയിൽ കുരുങ്ങിക്കഴിയുകയായിരുന്നു പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിലെ സ്ത്രീകൾ. സമൂഹത്തിലോ പള്ളിയിലോ എന്തിനധികം, സ്വന്തം വീട്ടിൽപോലും സ്ത്രീക്കു സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. അവകാശങ്ങളുടെ കാര്യത്തിൽ സ്ത്രീകൾ പൂർണമായും പുരുഷന്മാർക്കു കീഴിലായിരുന്നു. കൗമാരത്തിനുശേഷം അവർക്കു വിദ്യാഭ്യാസവും നൽകിയിരുന്നില്ല. ചുരുക്കത്തിൽ, ഏതെങ്കിലും ആശാന്റെ കീഴിലുള്ള കളരിവിദ്യാഭ്യാസം മാത്രമായിരുന്നു സ്ത്രീകൾക്കു വിധിച്ചിരുന്നത്. താഴ്ന്ന ജാതിയിൽപ്പെട്ട സ്ത്രീകൾക്ക് അതും നിഷിദ്ധമായിരുന്നു.

സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിലും സ്ത്രീ-പുരുഷ സമത്വം ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ കുടുംബസ്വത്തിൽ സ്ത്രീക്ക് അവകാശമില്ലായിരുന്നു. നന്നേ ചെറുപ്പത്തിൽ പെൺകുട്ടികളെ വിവാഹം കഴിപ്പിച്ചയയ്ക്കും. അവർക്കു കൊടുക്കുന്ന സ്ത്രീധനം ഭർത്താവിന്റെ സ്വത്തായി മാറും. വീട്ടുജോലികളെല്ലാം കൃത്യമായി ചെയ്യുക, ഒരു നല്ല ഭാര്യയും അമ്മയുമാകുക- ഇതായിരുന്നു സ്ത്രീയെക്കുറിച്ചുള്ള സങ്കല്പം. ഒരു ജോലിക്കു പോകാനോ പണം സമ്പാദിക്കാനോ അവൾക്ക് അവകാശമുണ്ടായിരുന്നില്ല. അതായത് പൂർണമായും മറ്റുള്ളവരെ ആശ്രയിച്ചു കഴിയുക എന്നതായിരുന്നു സ്ത്രീയുടെ അവസ്ഥ.

പള്ളിയിലും സ്ത്രീകൾക്ക് വിലയുണ്ടായിരുന്നില്ല. പെരുന്നാൾ, വിവാഹം തുടങ്ങിയ ചടങ്ങുകളിൽ പങ്കെടുക്കാൻ പെൺകുട്ടികൾക്ക് അനുവാദമില്ലായിരുന്നു. നയപരമായ കാര്യങ്ങളിലും തീരുമാനങ്ങൾ എടുക്കുന്ന മീറ്റിംഗുകളിലും സ്ത്രീകൾ ഒഴിവാക്കപ്പെട്ടു.

പള്ളിപ്പറമ്പുകളിൽ സംഘടിപ്പിക്കുന്ന ധ്യാനങ്ങളിൽപോലും പങ്കെടുക്കാൻ സ്ത്രീകൾക്ക് അനുവാദമുണ്ടായിരുന്നില്ല. പാരിഷ് കൗൺസിലിലും സ്ത്രീപ്രാതിനിധ്യമില്ല. ദൈവശാസ്ത്രമോ സമാനവിഷയങ്ങളോ പഠിക്കാൻ അവർക്ക് സാധിച്ചിരുന്നില്ല. ചുരുക്കം പറഞ്ഞാൽ, ഗർഭധാരണവും കുട്ടികളെ വളർത്തലും കുടുംബത്തിലെ എല്ലാവരുടെയും സുഖസൗകര്യങ്ങൾക്കുവേണ്ടിയുള്ള അധ്വാനവുമല്ലാതെ സമൂഹത്തിലോ പള്ളിയിലോ സ്ത്രീകൾക്ക് യാതൊരു പങ്കും ഉണ്ടായിരുന്നില്ല. ദൈവികകാര്യങ്ങൾക്കുമാത്രമായി സ്ത്രീകൾ ജീവിക്കുക എന്നതിനെക്കുറിച്ച് ആർക്കും അറിവുണ്ടായിരുന്നുമില്ല.

ഇതൊക്കെമൂലം സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും മതപരവുമായ കാര്യങ്ങളിൽ പിന്നോക്കാവസ്ഥയിലായിരുന്നു സുറിയാനി കത്തോലിക്കാ സ്ത്രീകൾ. സമൂഹത്തെ വ്യത്യസ്തമായ രീതികളിൽ സേവിക്കാനുള്ള കഴിവുകൾ അനുകൂലമായ സാഹചര്യങ്ങളുടെ അഭാവം മൂലം അവരിൽത്തന്നെ ഒളിഞ്ഞുകിടന്നു.

ഈ സാമൂഹിക പശ്ചാത്തലത്തിലാണ് കേരളത്തിന്റെ മാത്രമല്ല, ഇന്ത്യയുടെ തന്നെ ഒരു മഹാനായ നേതാവിന്റെ ഉയർച്ചയ്ക്ക് 19-ാം നൂറ്റാണ്ട് സാക്ഷിയാകുന്നത്- ചാവറ കുര്യാക്കോസ് ഏലിയാസ്. 1805 ഫെബ്രുവരി പത്തിന് ജനിച്ച് 1871 ജനുവരി മൂന്നിനു ദിവംഗതനായ ആ പുണ്യാത്മാവ് സ്ത്രീകളുടെ ആധ്യാത്മികശക്തിക്കു സമൂഹത്തിൽ അംഗീകാരം നേടികൊടുക്കുകയും സമൂഹത്തിൽ അവരുടെ മുന്നേറ്റത്തിനു വഴിതെളിക്കുകയും ചെയ്തു.

വികാരി ജനറാളെന്ന നിലയിൽ ചാവറയച്ചൻ ക്രൈസ്തവസഭയിലെ ഭിന്നതയ്ക്കെതിരേ പോരാടി സഭയുടെ ഐക്യത്തിനും വളർച്ചയ്ക്കുംവേണ്ടി ആകുന്നത്ര ശ്രമിച്ചു. അച്ചൻ സ്കൂളുകൾ തുടങ്ങി, കുട്ടികളുടെ വിദ്യാഭ്യാസകാര്യങ്ങളിൽ അങ്ങേയറ്റം ശ്രദ്ധിച്ചു. ദരിദ്രർക്കും അശരണർക്കും രോഗികൾക്കും മരണാസന്നർക്കുമായി ജീവിതം ഉഴിഞ്ഞുവച്ചു.

ചാവറയച്ചനു സ്ത്രീകളെക്കുറിച്ച് മഹത്വപൂർണമായ കാഴ്ചപ്പാടാണുണ്ടായിരുന്നതെന്നു പറഞ്ഞല്ലോ. സ്ത്രീയുടെ ശക്തിയെക്കുറിച്ചുള്ള അവബോധം ചാവറയച്ചനുണ്ടായിരുന്നു. കുഞ്ഞിനെ രൂപപ്പെടുത്തുന്നയാൾ എന്നതാണ് സ്ത്രീയെക്കുറിച്ചുള്ള ചാവറയച്ചന്റെ ആദ്യത്തെ അറിവ്. കുട്ടിയുടെ ഭാവി ഭാഗികമായി നിർണയിക്കപ്പെടുന്നത് അമ്മ കുഞ്ഞിനെ എങ്ങനെയാണ് സ്നേഹിക്കുന്നത്, വളർത്തുന്നത് എന്നതിനെ ആശ്രയിച്ചിരിക്കും. തന്റെ സ്വാഭാവരൂപീകരണത്തിനുള്ള പൂർണ ക്രെഡിറ്റ് ചാവറയച്ചൻ തന്റെ അമ്മയ്ക്കു നൽകുന്നു.

എങ്ങനെയാണ് തന്റെ ഹൃദയത്തിലേക്ക് അമ്മ ദൈവസ്നേഹം പകർന്നുതന്നതെന്ന് 'ആത്മാനുതാപം' എന്ന കൃതിയിൽ ചാവറയച്ചൻ വർണിക്കുന്നുണ്ട്.

സ്വർഗത്തിന്റെ പ്രതിബിംബമായാണ് ക്രൈസ്തവ കുടുംബങ്ങളെ ചാവറയച്ചൻ കണ്ടിരുന്നത്. കുടുംബത്തിൽ സമാധാനവും സന്തോഷവും ഉണ്ടാകണമെന്ന് 'ഒരു നല്ല അപ്പന്റെ ചാവരുളി'ലൂടെ ചാവറയച്ചൻ പറയുന്നു. അച്ചന്റെ കാഴ്ചപ്പാടിൽ സ്ത്രീയാണ് സമാധാനത്തിന്റെ ഉപകരണമായി വർത്തിക്കേണ്ടത്. സ്നേഹംകൊണ്ടു നിറഞ്ഞ സ്ത്രീക്ക് സ്നേഹം പകർന്നുകൊടുക്കാൻ മാത്രമല്ല, സ്നേഹത്താൽ എല്ലാവരെയും ഐക്യപ്പെടുത്താനും കഴിയും.

വിശുദ്ധി, ശാലീനത, അടക്കം എന്നീ ഗുണങ്ങൾ ചാവറയച്ചൻ എന്നും വിലമതിച്ചിരുന്നു. വസ്ത്രധാരണത്തിലും പെരുമാറ്റത്തിലും സ്ത്രീ അടക്കം പാലിക്കേണ്ടത് അത്യാവശ്യമാണെന്ന് അദ്ദേഹം കരുതിയിരുന്നു. ദൈവഭയം, വിശുദ്ധി, സൗമ്യത, ക്ഷമ തുടങ്ങിയ സ്വഭാവഗുണങ്ങൾകൊണ്ടു സ്ത്രീ വിളങ്ങണമെന്നും ഇവയൊക്കെയാണ് അവളുടെ യഥാർഥ സമ്പാദ്യവും ആഭരണങ്ങളുമെന്നും ചാവറയച്ചൻ വിശ്വസിച്ചു.

ദാനധർമം പ്രോത്സാഹിപ്പിക്കേണ്ടതാണെന്ന് ഉദ്ബോധി



ചാവറയച്ചൻ പണിയിച്ച കൂനമ്മാവിലെ കന്യാസ്ത്രീ മഠം

പ്പിച്ച ചാവറയച്ചൻ അതിനുള്ള പ്രധാന ഉത്തരവാദിത്വം സ്ത്രീക്കാണെന്നു വിശ്വസിച്ചു. ദാനധർമമെന്ന ശീലം കുട്ടികളിലും ഭർത്താവിലും ഒരു സ്ത്രീയാണ് ഉണ്ടാക്കേണ്ടത്. മറ്റുള്ളവർക്ക് നന്മ ചെയ്യാത്ത ദിവസം ആയുസിന്റെ പുസ്തകത്തിൽ കൂട്ടുകയില്ലെന്നും ചാവറയച്ചൻ പറയുന്നു. ദരിദ്രർക്കും യാചകർക്കും സഹായം ആവശ്യമുള്ളവർക്കും വേണ്ടതു നൽകണമെന്നും കാരണം ഇതു ദൈവത്തിന്റെ കല്പനയാണെന്നും ചാവറയച്ചൻ ഉപദേശിക്കുന്നു ('നല്ല അപ്പന്റെ ചാവരുൾ': 13-14).

പത്തൊമ്പതാം നൂറ്റാണ്ടിലാണു ജീവിച്ചിരുന്നതെങ്കിലും കുട്ടികൾക്കു സ്വാതന്ത്ര്യം നൽകണമെന്ന സിദ്ധാന്തക്കാരനായിരുന്നു ചാവറയച്ചൻ. "തങ്ങളുടെ തൊഴിൽ എന്തെന്നു തീരുമാനിക്കാനുള്ള പ്രായം കുട്ടികൾക്കാവുമ്പോൾ അവർക്ക് തെരഞ്ഞെടുപ്പിനുള്ള പൂർണസ്വാതന്ത്ര്യം നൽകണം. അല്ലാതെ അതു മാതാപിതാക്കളുടെ ചുമതലയല്ല. പതിനാറ്- പതിനെട്ടു വയസാകുന്ന ആൺകുട്ടിയും പതിനാല്-പതിനാറ് വയസാകുന്ന പെൺകുട്ടിയും തങ്ങളുടെ തൊഴിൽ എന്തായിരിക്കണമെന്ന് സ്വയം നിശ്ചയിക്കണം. വിവാഹത്തിന്റെ കാര്യത്തിലും 'വ്യക്തിയുടെ താത്പര്യം' സ്വയം നിശ്ചയിക്കണം. ('ഒരു നല്ല അപ്പന്റെ ചാവരുളി'ൽനിന്ന്).

പിന്നോക്കജാതിയിൽപ്പെട്ടവരെ കൈപിടിച്ചുയർത്താനും ചാവറയച്ചൻ ശ്രദ്ധിച്ചു. അച്ചൻ അവരെ സ്കൂളിലെത്തിച്ചു. എല്ലാ മതവിഭാഗത്തിലുംപെട്ട പെൺകുട്ടികളെ സ്കൂളിലെത്തിക്കാനും വിദ്യാഭ്യാസംവഴി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാനും ചാവറയച്ചൻ ഉത്സാഹിച്ചു. ദലിതർക്ക് ഭക്ഷണവും വസ്ത്രവും മാത്രമല്ല, പുസ്തകവും പെൻസിലും ആവശ്യമാണെന്നു വിശ്വസിക്കുകയും അവ നല്കുകയും ചെയ്ത മറ്റൊരു സാമൂഹ്യപരിഷ്കർത്താവും അന്നത്തെ കാലത്തുണ്ടായിരുന്നില്ല.

കേരളസഭ മറ്റു രാജ്യങ്ങളിലെ സഭകളെപ്പോലെ പുണ്യവാൻമാർക്കോ പുണ്യവതികൾക്കോ ജന്മം നൽകാത്തതിൽ ചാവറയച്ചൻ ദുഃഖിതനായിരുന്നു. ഈ കുറവു പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് 1831-ൽ പുരുഷൻമാർക്കുവേണ്ടിയുള്ള ആദ്യത്തെ പ്രാദേശിക സന്യാസസഭയായ കാർമലൈറ്റ്സ് ഓഫ് മേരി ഇമാക്കുലേറ്റ് (സി.എം.ഐ) സഭയ്ക്കു തുടക്കമിട്ടത്.

1855-ൽ ആ സന്യാസഭയ്ക്ക് അംഗീകാരം ലഭിച്ചതോടെ സ്ത്രീകൾക്കുവേണ്ടിയും ഒരു സന്യാസസഭ തുടങ്ങണമെന്നായി ചാവറയച്ചന്റെ മോഹം. കന്യാസ്ത്രീമഠത്തിനുവേണ്ടി വരാപ്പുഴയ്ക്കടുത്ത് മാണമ്പാടിയിൽ സ്ഥലംവാങ്ങി കെട്ടിടം പണി തുടങ്ങിയതുമാണ്. എന്നാൽ, റോക്കോസ് ശീശ്മ ഉത്കണ്ഠ പരത്തിയ നാളുകളിൽ പുതിയ വൈദികരെയാണ് സഭയ്ക്ക് കന്യാസ്ത്രീകളേക്കാൾ ആവശ്യം എന്ന അഭിപ്രായമുയർന്നതിനെത്തുടർന്ന് സ്ഥലം സെമിനാരിക്കു വിട്ടുകൊടുത്തു. അങ്ങനെ കന്യാസ്ത്രീമഠം വീണ്ടും സഫലമാകാത്ത ആഗ്രഹമായി തുടർന്നു.

എന്നാൽ, ദൈവം എല്ലാത്തിനും ഒരു സമയം നിശ്ചയിച്ചിട്ടുണ്ട്. കൂനമ്മാവ് കൊവേന്തയ്ക്കടുത്ത് വാകയിൽ എന്ന വീട്ടിലെ ഏലീശ്വാ എന്ന വിധവയും അവരുടെ പതിന്നാലു വയസുള്ള മകളും ഏലീശ്വയുടെ സഹോദരി ക്ലാരയും വൈക്കം സ്വദേശിനിയായ ഏലീശ്വയും ദൈവത്തിനായി സ്വയം സമർപ്പിക്കാൻ മുന്നോട്ടുവന്നു. 1866 ഫെബ്രുവരി 13-നു ലെയോപോൾഡ് മിഷനറിയുടെ മുന്നിൽ ഈ നാലു സന്യാസാർഥിനികളും വ്രതവാഗ്ദാനം നടത്തി. ഇവരായിരുന്നു കൂനമ്മാവുമഠത്തിലെ ആദ്യ അംഗങ്ങൾ.

ഇന്ത്യയിലെ ആദ്യത്തെ സന്യാസിനിസഭയ്ക്ക് ഇങ്ങനെ തുടക്കമായി- സി.എം.സി.സഭ (കോൺഗ്രിഗേഷൻ ഓഫ് ദ മദർ ഓഫ് കാർമൽ). തെങ്ങുകൊണ്ടും പനമ്പുകൊണ്ടുമുള്ള ഒരു താത്കാലിക ഭവനമാണ് ആദ്യം പണിതത്.

ഇനി മഠത്തിനായി ഒരു നല്ല കെട്ടിടം പണിയണം. ചാവറയച്ചൻ ഇതിനായി സംഭാവനതേടി യാത്രതുടങ്ങി. ഇതിനിടെ വാതപ്പനി മൂർച്ഛിച്ച് രണ്ടുദിവസം ചാവറയച്ചൻ അബോധാവസ്ഥയിൽ കിടന്നു. കാലിൽ നീരുവന്നു പൊട്ടി. എങ്കിലും രോഗം അല്പം ഭേദപ്പെട്ടയുടൻ ചാവറയച്ചൻ വീണ്ടും പിരിവിനിറങ്ങി. അങ്ങനെ ഒരു വർഷത്തിനുള്ളിൽ മഠം പണി പൂർത്തിയായി.

കൂനമ്മാവു മഠത്തിനോടു ചേർന്ന് പെൺകുട്ടികൾക്കായി ഒരു ബോർഡിംഗ് സ്കൂളും തുടങ്ങി. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിലും സ്വഭാവരൂപവത്കരണത്തിലും ശ്രദ്ധിക്കുക- ഇതായിരുന്നു ചാവറയച്ചന്റെ മോഹം.

കേരളത്തിന്റെ വിവിധഭാഗങ്ങളിൽനിന്നു പെൺകുട്ടികൾ ഈ സ്കൂളിലെത്തി പഠിച്ചു. മലയാളം, തമിഴ്, ഇംഗ്ലീഷ്, ലാറ്റിൻ തുടങ്ങിയ ഭാഷകളും തയ്യൽ, പാചകം, സംഗീതം,

ചാവറയച്ചന്റെ സമ്പൂർണ കൃതികൾ

1. **നാളാഗമങ്ങൾ-വാല്യം -I**
   - -സി.എം.ഐ., സി.എം.സി. സന്യാസസഭകളുടെ സ്ഥാപനം, വളർച്ച.
   - -19-ാം നൂറ്റാണ്ടിലെ 'പദ്രൊവാദോ' 'പ്രൊപ്പഗാന്ത' സഭാ സംവിധാനങ്ങളിലെ ഭരണാധികാരികളും മിഷനറിമാരും.
   - -19-ാം നൂറ്റാണ്ടിലെ കേരളസഭയിലെ പ്രധാന സംഭവങ്ങളും വ്യക്തികളും
   - -പാലയ്ക്കൽ തോമ്മാ മല്പാന്റെ ജീവചരിത്രം (മലയാളിയെക്കുറിച്ചു മലയാളി എഴുതിയ ആദ്യജീവചരിത്രം)
2. **സാഹിത്യകൃതികൾ- വാല്യം - II**
   - - ആത്മാനുതാപം
   - - മരണവീട്ടിൽ പാടുന്നതിനുള്ള പാന
   - - അനസ്താസ്യായുടെ രക്തസാക്ഷ്യം (മലയാളഭാഷയിലെ ആദ്യ ഖണ്ഡകാവ്യം)
3. **ധ്യാനസല്ലാപങ്ങൾ - വാല്യം - III**
   - - ചാവറയച്ചന്റെ മിസ്റ്റിക് ധ്യാനസംഭാഷണങ്ങൾ
   - - ദൈവവിളിയിൽമേൽ ധ്യാനം
   - - ദൈവമനോഗുണങ്ങളിന്മേൽ ധ്യാനം
   - - ചാവുദോഷത്തിന്മേൽ ധ്യാനം
   - - രണ്ടച്ചന്മാരുടെ വില എന്നതിന്മേൽ ധ്യാനം
   - - ഭക്തിയില്ലാത്ത വൈദികന്റെ മരണം
   - - ചാവറയച്ചൻ ചൊല്ലിയിരുന്ന പ്രാർഥനകൾ
   - - നാല്പതുമണി ആരാധന.
4. **കത്തുകൾ - വാല്യം -IV**
   - - മാർപ്പാപ്പയ്ക്കെഴുതിയ കത്തുകൾ - 2
   - - പ്രൊപ്പഗാന്ത തിരുസംഘത്തിനെഴുതിയ കത്തുകൾ - 7
   - - മെത്രാന്മാർക്കുള്ള കത്തുകൾ - 10
   - - റോമിലെ കർമലീത്ത സഭാധികാരികൾക്ക് എഴുതിയ കത്തുകൾ - 2
   - - സി.എം.ഐ., സി.എം.സി. സഭാംഗങ്ങൾക്കെഴുതിയ സർക്കുലറുകളും കത്തുകളും - 32
   - - ഇടവക വൈദികർക്കുള്ള കത്തുകൾ - 4
   - - പൊതു സർക്കുലറുകൾ - 7
   - - വ്യവഹാരസംബന്ധമായ കത്തുകൾ - 3
5. **ഏകീകരിച്ചവ**
   - - തൂക്കാസ- തിരുക്കർമാചാരാനുഷ്ഠാനങ്ങൾ
   - - ലിറ്റർജിക്കൽ കലണ്ടർ
   - - മരിച്ചവർക്കുള്ള ചെറിയ ഒപ്പീസ്

റേന്തപ്പണി, പുഷ്പാലങ്കാരം, കണക്ക് തുടങ്ങിയവയും ഇവരുടെ പാഠ്യവിഷയങ്ങളായി. ഈ പെൺകുട്ടികളിൽ ചിലർ കന്യാസ്ത്രീകളായി. മറ്റുള്ളവർ വിവാഹിതരായി നല്ല ഭാര്യമാരും അമ്മമാരുമായി, കുട്ടികളെ നല്ല കുടുംബപശ്ചാത്തലത്തിൽ വളർത്തിയെടുത്തു.

1871 ജനുവരി മൂന്നിന് ചാവറയച്ചൻ ദിവംഗതനായി-ആദ്യത്തെ മഠം സ്ഥാപിച്ച് അഞ്ചുവർഷങ്ങൾക്കുശേഷം. തുടർന്ന് മഠങ്ങളുടെ എണ്ണം പെരുകി. ഓരോ മഠത്തിനുമൊപ്പം ബോർഡിംഗ് സ്കൂളും അനാഥമന്ദിരവും ആരംഭിച്ചു. സി.എം.സി. സഭ കേരളമാകെ വ്യാപിച്ചു. പെൺകുട്ടികളുടെ വിദ്യാഭ്യാസം കന്യാസ്ത്രീകളുടെ കുത്തകയായി മാറി. തുടർന്ന് കോളജുകളുടെ സ്ഥാപനംവഴി ഉപരിപഠനമേഖലയിലും ശ്രദ്ധപതിപ്പിച്ചു.

ക്രമേണ കന്യാസ്ത്രീകൾ നഴ്സിംഗ് രംഗത്തും ശ്രദ്ധപതിച്ചു. വൈദ്യരംഗത്തെ ഇവരുടെ സേവനം ശാരീരിക ക്ലേശങ്ങളുള്ളവർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക്, തുണയായി. തുടർന്ന് ഇവർ സാമൂഹ്യസേവനവും തുടങ്ങി. വീടുസന്ദർശനംവഴി ഇവർ സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങൾ മനസിലാക്കി, അവരെ പലവിധത്തിലും സഹായിച്ചു.

ഇന്നു കേരളത്തിലെ വനിതകൾ അഭ്യസ്തവിദ്യരായിരിക്കുന്നുവെങ്കിൽ ചാവറയച്ചന്റെ ദീർഘവീക്ഷണമാണ് അതിനു കാരണം. വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക, ആധ്യാത്മിക മേഖലകളിൽ സ്ത്രീകൾ മുൻനിരയിലെത്തിയിട്ടുണ്ടെങ്കിൽ അതിനുള്ള കീർത്തി വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന് അവകാശപ്പെട്ടതാണ്.


സി.എം.സി. സഭ ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക എന്നിങ്ങനെ നാലു ഭൂഖണ്ഡങ്ങളിലായി വ്യാപിച്ചിരിക്കുന്നു. അവിടെ കന്യാസ്ത്രീകൾ പഠിക്കുകയും പഠിപ്പിക്കുകയും ആതുരശുശ്രൂഷ ചെയ്യുകയും സാമൂഹ്യപ്രവർത്തനം നടത്തുകയും ചെയ്യുന്നു. ആധ്യാത്മിക, വിദ്യാഭ്യാസ, വൈദ്യശാസ്ത്ര മേഖലകളിൽ അവർ നേതൃപദവികളിലാണ്. 191 പ്രവിശ്യകളിലായി ആറായിരത്തിലേറെ കന്യാസ്ത്രീകളും ഏകദേശം 580 മഠങ്ങളും സി.എം.സി. സഭയ്ക്കുണ്ട്.

ചാവറയച്ചൻ: നാഴികക്കല്ലുകൾ

1805 ഫെബ്രുവരി 10	: കൈനകരിയിൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ജനനം.
1831 മെയ് 11	: സി.എം.ഐ സഭ സ്ഥാപിച്ചു. മാന്നാനത്ത് ആദ്യഭവനം.
1833	: മാന്നാനത്ത് സെമിനാരി സ്ഥാപിച്ചു
1846	: മാന്നാനത്ത് പ്രസ് സ്ഥാപിച്ചു
1846	: സീറോ മലബാർ സഭയുടെ ആദ്യ സ്കൂൾ മാന്നാനത്ത് പ്രവർത്തനമാരംഭിച്ചു.
1855 ഡിസംബർ 8	: മാന്നാനത്ത് സി.എം.ഐ സഭയിലെ ആദ്യ 11 പിതാക്കന്മാരുടെ സന്യാസവ്രതവാഗ്ദാനം.
1860 ഒക്ടോബർ 1	: അമലോത്ഭവ മാതാവിന്റെ ദാസർ എന്നപേരിലറിയപ്പെട്ടിരുന്ന സഭ നിഷ്പാദുക കർമലീത്താ സഭയുമായി (ഒ.സി.ഡി) അഫിലിയേറ്റ് ചെയ്യപ്പെട്ട് കർമലീത്ത നിഷ്പാദുക മൂന്നാംസഭ (ടി.ഒ.സി.ഡി) എന്ന പേരിലായി
1866 ഫെബ്രുവരി 13	: ആദ്യ സുറിയാനി സന്യാസിനിസമൂഹം-സി.എം.സി-കൂനമ്മാവിൽ സ്ഥാപിച്ചു.
1871 ജനുവരി 3	: കൂനമ്മാവിൽ ചാവറയച്ചന്റെ അന്ത്യം.
1889 മെയ് 24	: ചാവറയച്ചന്റെ ഭൗതികാവശിഷ്ടങ്ങൾ കൂനമ്മാവിൽ നിന്നും മാന്നാനം ആശ്രമദേവാലയത്തിലേക്ക് കൊണ്ടുപോന്നു.
1984 ഏപ്രിൽ 7	: ചാവറയച്ചൻ ധന്യനായി പ്രഖ്യാപിക്കപ്പെട്ടു.
1986 ഫെബ്രുവരി 8	: ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി ജോൺ പോൾ രണ്ടാമൻ മാർപാപ്പ കോട്ടയത്ത് പ്രഖ്യാപിച്ചു.
1987 ഡിസംബർ 20	: ചാവറയച്ചന്റെ ബഹുമാനാർത്ഥമുള്ള തപാൽസ്റ്റാമ്പ് രാഷ്ട്രപതി ആർ.വെങ്കിട്ടരാമൻ പുറത്തിറക്കി.
2005 ഫെബ്രുവരി 10	: വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ഇരുനൂറാം ജന്മദിനം.

ചാവറക്കുടുംബം

ചാവറ കുറിയാക്കോസ് ഏലിയാസച്ചന്റെ വംശാവലി



ഏലിയാസച്ചന്റെ മാതാവായ മറിയം പുരാതനവും പ്രശസ്തവുമായ തോട്ടയ്ക്കാട് ചോതിരക്കുന്നേൽ തറവാട്ടിലെ ഇട്ടി കുരുവിള-അന്ന ദമ്പതികളുടെ 10 സന്താനങ്ങളിൽ അഞ്ചാമത്തേതാണ്.മറിയത്തിന്റെ ഒരു സഹോദരനായ ഇടിക്കുളത്തരകന്റെ മകൻ കുഞ്ഞുതൊമ്മിയുടെ (ഇല്ലിപ്പറമ്പിൽ) പൗത്രനാണ് ഷെവ. ഐ.സി. ചാക്കോ. മാർ ളൂയിസ് പഴേപറമ്പിൽ മകളുടെ മകനും. ഇടിക്കുളത്തരകന്റെ സഹധർമിണി ത്രേസ്യാ (ആയമ്മ) ചമ്പക്കുളം പോരൂക്കര കുടുംബാംഗമാണ്. ത്രേസ്യായുടെ സഹോദരൻ ഇട്ടിക്കുരുവിളയുടെ സന്താനങ്ങളാണ് പോരൂക്കര തോമ്മാമല്പാനും പോരൂക്കര കുര്യാക്കോസ് ഏലിശ്വാച്ചനും. മറിയത്തിന്റെ മറ്റൊരു സഹോദരനായ കുര്യന്റെ മകൻ തോപ്പിൽ കുരുവിള പത്തൊൻപതാം നൂറ്റാണ്ടിന്റെ പൂർവ്വാർഥത്തിലെ പ്രശസ്തനായ ഒരു അൽമായ നേതാവാണ്. ചാവറയച്ചന്റെ വലംകൈയും തുണയുമായിരുന്നു കുര്യൻ.

ചാവറയച്ചന്റെ കാലത്ത് സ്ഥാപിതമായ ആശ്രമങ്ങൾ



വാഴക്കുളം ആശ്രമ ദേവാലയം



മാന്നാനം ആശ്രമദേവാലയം



പുളിങ്കുന്ന് ആശ്രമ ദേവാലയം



അമ്പഴക്കാട് ആശ്രമം



കൂനമ്മാവ് ആശ്രമം



മുത്തോലി ആശ്രമം



എൽത്തുരുത്ത് ആശ്രമവും ദേവാലയവും



പ്രഫ. മാത്യു ഉലകംതറ

ചാവരുളിലെ കുടുംബദർശനം

ആഴമേറിയ മന:ശാസ്ത്രജ്ഞാനവും മതദർശനവും ജീവിത നിരീക്ഷണവും സന്മാർഗനിഷ്ഠയും സ്വായത്തമാക്കിയിട്ടുള്ള ഒരു വിശുദ്ധ പുരുഷന്റെ കുടുംബദർശനമാണ് വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ചാവരുളിൽ ദൃശ്യമാകുന്നത്. കുടുംബജീവിതത്തിന്റെ നാനാവശങ്ങളെ സൂക്ഷ്മതലങ്ങളിൽ സ്പർശിക്കുന്ന ഇത്തരമൊരു ഗ്രന്ഥം മറ്റൊരു വിശുദ്ധനും എഴുതിയതായറിവില്ല. ആസന്നമരണനായ ഒരു പിതാവ് തന്റെ മക്കൾക്കു നൽകുന്ന ഉപദേശത്തിന്റെ രൂപത്തിലാണ് അതെഴുതിയിരിക്കുന്നത്. 'ഒരു നല്ല അപ്പന്റെ ചാവരുൾ' എന്ന ഗ്രന്ഥനാമംതന്നെ അതു സൂചിപ്പിക്കുന്നുണ്ട്. തന്റെ മക്കളുടെ ഭൗതിക ഭാവിയും മരണാനന്തര ജീവിതവും ശോഭനമായിക്കാണാനാഗ്രഹിക്കുന്ന ഒരു നല്ല അപ്പന്റെ മാനസിക വികാരങ്ങൾ അദ്ദേഹം വേണ്ടപോലെ കണ്ടറിഞ്ഞിരിക്കുന്നു.

ആധുനിക കാലത്തു രൂപം കൊണ്ടു വളരുന്ന വിവാഹപൂർവകോഴ്സുകൾക്കും ഫാമിലി കൗൺസലിംഗിനുമൊക്കെ പാഠ്യപുസ്തകമാക്കാവുന്ന നാതിവിസ്തൃതമായ ചിന്താരത്നങ്ങളുടെ ഒരു സമാഹാരമാണ് ചാവരുൾ. വാഴ്ത്തപ്പെട്ട ചാവറയച്ചൻ കേരളത്തിനു നൽകിയിട്ടുള്ള അനേകം മഹനീയ സംഭാവനകളിൽ പ്രധാനപ്പെട്ട ഒന്നാണ് കുടുംബനവീകരണത്തിനുള്ള ഈ മാർഗദർശനം. അതുകൊണ്ടുതന്നെ അദ്ദേഹത്തിനു നൽകിപ്പോരുന്ന മറ്റു വിശേഷണങ്ങളിൽ വച്ചു പ്രഥമസ്ഥാനം നൽകാവുന്ന ഒന്നാണ് കുടുംബപ്രേഷിതൻ എന്ന വിശിഷ്ടബിരുദം. കാരണം, കൃഷിയും വാണിജ്യവും കൂലിപ്പണിയുമുൾപ്പെടെ നമ്മുടെ സകല പ്രവർത്തനങ്ങളും കുടുംബക്ഷേമത്തിനു വേണ്ടിയാണല്ലോ. നല്ല കുടുംബങ്ങളിൽ, ആവശ്യമായ സദാചാരശിക്ഷണം ലഭിക്കുന്ന കുഞ്ഞുങ്ങളുടെ ഭവനങ്ങളിൽ നിന്നു മാത്രമേ നീതിയും സമാധാനവുമുള്ള ഒരു രാഷ്ട്രം രൂപപ്പെടുകയുള്ളൂ. അത്തരം മക്കളിൽ നിന്നേ മാതാപിതാക്കൾക്കും സമൂഹത്തിനും ഭാവിയിൽ ആശ്വാസം ലഭിക്കൂ.

ചേന്നങ്കരിപ്പള്ളി ഇടവകക്കാരനായിരുന്ന ചാവറ കുര്യാക്കോസിന്റെ മകനായിട്ടാണദ്ദേഹം ജനിച്ചതെങ്കിലും തന്റെ തറവാട്ടുകാരും കൂടപ്പിറപ്പുകളും ബന്ധുക്കളും താമസിക്കുന്ന കൈനകരിപ്പള്ളി ഇടവകയിലെ ജനങ്ങൾക്കുവേണ്ടി എഴുതിവച്ചിരുന്ന മരണശാസനമാണ് "ഒരു നല്ല അപ്പന്റെ ചാവരുൾ". താൻ മരിച്ചാലും ഈ കൈയെഴുത്ത് മരിക്കില്ലെന്ന് അദ്ദേഹം വിശ്വസിച്ചു. ആ വിശ്വാസം ഫലിക്കുകയും ചെയ്തു. കൈനകരിക്കാർക്കു മാത്രമല്ല കേരളീയർക്കു മൊത്തത്തിലും ക്രൈസ്തവർക്ക് പ്രത്യേകിച്ചും അതൊരു വിലയേറിയ കുടുംബസ്വത്തായി മാറി.

കുടുംബാംഗങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട സ്നേഹബന്ധത്തെപ്പറ്റിയാണ് ഒന്നാം ചാവരുൾ അനുസ്മരിപ്പിക്കുന്നത്. "ഭിന്നിക്കപ്പെട്ട രാജ്യം ചിന്നിച്ചിതറുന്നതുപോലെ ഭിന്നിക്കപ്പെടുന്ന കുടുംബവും തമ്മിലടിച്ചു ചിതറും". എന്നദ്ദേഹം മുന്നറിയിപ്പുനൽകുന്നു. തിരുക്കുടുംബ സദൃശമായി അന്യോന്യം സ്നേഹിച്ചും സഹായിച്ചും കഴിയേണ്ട ക്രിസ്തീയ കുടുംബങ്ങൾ നിസാരമായ അടുക്കളവഴക്കുകളിലാരംഭിച്ച് സഹോദരങ്ങൾ തമ്മിലും മാതാപിതാക്കളും മക്കളും തമ്മിലും ഉള്ള നിത്യശത്രുതയിലവസാനിക്കുന്ന എത്രയോ അനുഭവങ്ങൾ ആ വാഴ്ത്തപ്പെട്ട പിതാവിന്റെ മനസിലുണ്ടായിരിക്കണം. കെട്ടിക്കൊണ്ടുവന്നവരും വീട്ടിൽ നിന്നവരും തമ്മിലാരംഭിക്കുന്ന അഭിപ്രായ വ്യത്യാസങ്ങളാകാം ഇത്തരം ദുരന്തങ്ങളിൽ ചെന്നു കലാശിക്കുക.

കുടുംബകലഹങ്ങളുമായി കോടതി കയറുകയും സിവിലായും ക്രിമിനലായുമുള്ള സുദീർഘവ്യവഹാരങ്ങൾമൂലം കുത്തുപാളയെടുക്കുകയും ചെയ്യുന്ന കുടുംബങ്ങളെ ഓർത്തുകൊണ്ടായിരിക്കണം "സർക്കാരിൽ പോകുന്ന വഴക്കുകൾ കുടുംബങ്ങളെ നശിപ്പിക്കുമെന്നും എത്ര ന്യായമുള്ള കാര്യത്തിനായാലും കേസിനു പോകാതിരിക്കുന്നതാണ് നല്ല"തെന്നും അദ്ദേഹം ഓർമിപ്പിക്കുന്നത്. ഒരു പള്ളിവികാരിക്കോ പഞ്ചായത്ത് പ്രസിഡന്റിനോ നാട്ടിലെ മാന്യമായ ഒരു മധ്യസ്ഥനോ പറഞ്ഞുതീർക്കാവുന്ന കാര്യമായിരിക്കും. ഇടവഴിയിൽ നിന്ന ഒരു ആഞ്ഞിലിത്തടിയുടെ അവകാശത്തർക്കത്തിനുമേൽ പത്തുപന്ത്രണ്ടുകൊല്ലം കേസുകളിച്ച് കിടപ്പാടം വിറ്റു കടംവീട്ടി ഒടുവിൽ ജയിച്ചവനും തോറ്റവനും "വേണ്ടായിരുന്നു" എന്നു വീണ്ടുവിചാരത്തിലെത്തുമ്പോൾ കാലം വളരെ വൈകിയിരിക്കും. സൂചികൊണ്ട് എടുക്കാമായിരുന്നത് തൂമ്പാകൊണ്ടുപോലും എടുക്കാൻ കഴിയാത്ത സ്ഥിതി വന്നു ചേരുമെന്ന് ഈ ചാവരുളിൽ പിതാവു നമുക്കു മുന്നറിയിപ്പ് നൽകുന്നു.

കുടുംബപ്രാർഥനയെക്കുറിച്ചുള്ള ചാവരുൾ ഇക്കാലത്ത് ഏറെ പ്രസക്തമായിട്ടുള്ളതാണ്. സന്ധ്യയ്ക്കു കുരിശുമണിയടിച്ചാലുടനെ മാതാപിതാക്കളും മക്കളും ചേർന്നു കുരിശുവരച്ചു പ്രാർഥന ചൊല്ലണം. നമസ്കാരം കഴിഞ്ഞാലുടനേ സ്തുതി ചൊല്ലി അപ്പന്റെയും അമ്മയുടെയും കൈമുത്തുവാൻ മക്കളെ പരിശീലിപ്പിക്കണമെന്നും പിതാവ് പറയുന്നു. ഇന്നു കുരിശുമണിയല്ല കൂട്ടമണിയോ മരണമണിയോ അടിച്ചാലും മക്കളെല്ലാം വീട്ടിലെത്തുകയില്ല. പൊതുക്കാര്യപ്രസക്തനായ അപ്പൻ വല്ല കവലയിലോ പാർട്ടി ഓഫീസിലോ ആയിരിക്കും. അമ്മയും കൊച്ചുമക്കളും ടിവിയുടെ മുന്നിലും. പ്രാർഥന ചൊല്ലാൻ പവർകട്ടു വരുന്നതും കാത്തിരിക്കുന്ന കുടുംബങ്ങളുമുണ്ട്. അപ്പോഴെങ്കിലും കുടുംബാംഗങ്ങൾ പ്രാർഥനയ്ക്കെത്തു

മെങ്കിൽ പവർകട്ടും ഒരനുഗ്രഹം തന്നെ. ആർക്കും ഒന്നിനും സമയമില്ല. നേരത്തേ പ്രാർഥനയും കഞ്ഞികുടിയും കഴിഞ്ഞു ഉറങ്ങാൻ പോകണമെന്നും പുലർകാലേ എണീറ്റു പ്രാർഥനയും ചൊല്ലി പണിക്കിറങ്ങണമെന്നുമുള്ള, ചാവറയച്ചന്റെ നിർദേശങ്ങൾക്ക് ഏതാണ്ടു കാലഹരണം വന്നിരിക്കുന്നു!

പെൺകിടാങ്ങളെ കൗമാരപ്രായത്തിൽ അണിയിച്ചൊരുക്കി പ്രദർശന വസ്തുക്കളാക്കി പുറത്തലയാൻ വിടുന്നതിനെ വിമർശിക്കുന്നതാണ് ശ്രദ്ധേയമായ മറ്റൊരു ചാവരുൾ. ഇപ്പോൾ അണിയിച്ചൊരുക്കൽ വീട്ടിൽനിന്ന് ബ്യൂട്ടിപാർലറുകളിലേക്ക് സ്ഥലംമാറ്റം വാങ്ങിക്കഴിഞ്ഞിരിക്കുന്നു. എഴുന്നെള്ളത്തിനുള്ള ആനച്ചമയംപോലെയുള്ള പെൺചമയങ്ങൾ ഇപ്പോൾ കല്യാണത്തിനു പോകാൻ മാത്രമല്ല ശവസംസ്കാരത്തിനു പോകാനും അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുകയാണ്. സ്വർണക്കച്ചവടവും പട്ടുവസ്ത്രച്ചന്തകളും (പ്രദർശനമേളകളും) കേരളത്തിലെപ്പോലെ മറ്റൊരു സംസ്ഥാനത്തുമില്ല. ആഭരണം പാടില്ല, മിണ്ടാടക്കം വേണം, കണ്ണടക്കം പാലിക്കണം എന്നൊക്കെ ചാവറപ്പിതാവ് പറഞ്ഞാൽ ഇന്ന് അതു കേൾക്കാനാരുണ്ട്? സ്ത്രീസ്വാതന്ത്ര്യവാദത്തോടൊപ്പം സ്ത്രീപീഡന വാർത്തകളും വർധിച്ചുവരുന്ന ഇക്കാലത്ത് ആ ചാവരുളിന്റെ പൊരുളെന്തെന്ന് അല്പമൊന്ന് ധ്യാനിക്കുകയെങ്കിലും ചെയ്യുന്നതു കൊള്ളാം.

പിള്ളപ്പട തള്ളപ്പടയാക്കി വളർത്തുന്നതിനെതിരേയും ചാവറയച്ചൻ താക്കീത് നൽകുന്നുണ്ട്. കുട്ടികൾ തമ്മിലുള്ള വഴക്ക് ഏറിയാൽ ഒരു ദിവസത്തേക്ക് മാത്രമേ നീണ്ടുനിൽക്കുകയുള്ളൂ. അതിനെച്ചൊല്ലിയുണ്ടാകുന്ന മുതിർന്നവരുടെ വഴക്ക് വിനാശകരമായ കലാപങ്ങളിലെത്തിച്ചേരും. ഇതിനെക്കുറിച്ചുള്ള ടോൾസ്റ്റോയിയുടെ കഥ പ്രസിദ്ധമാണല്ലോ. പിള്ളപ്പട ഇന്ന് ഒരു പ്രശ്നമല്ലായിരിക്കാം. ഒരു വീട്ടിൽ ഒന്നോ രണ്ടോ കുട്ടികൾ. അവർക്ക് ട്യൂഷൻ കഴിഞ്ഞിട്ട് അയൽപക്കത്തുള്ളവരുമായി കളിക്കാനും പടകൂടാനും നേരമുണ്ടോ?

മക്കളെ വരുതിക്കു നിർത്തണമെന്നും അവരുടെ മുന്നിൽ മതിപ്പും ബലക്ഷയവും കാണിക്കരുതെന്നും പാടുള്ളിടത്തോളം വീട്ടധികാരം അവരെ ഏല്പിക്കരുതെന്നുമുള്ള 15-ാം ചാവരുൾ ജനാധിപത്യവാദികൾക്കും മനഃശാസ്ത്രജ്ഞൻമാർക്കും രുചിക്കാനിടയില്ല. അപ്പൻ അധ്വാനിച്ചു (അഴിമതി കാട്ടിയോ) സ്വരുക്കൂട്ടിയ പണവുമെടുത്തുകൊണ്ട് മദ്യവും മയക്കുമരുന്നുമടിച്ചുകറങ്ങാൻ പോകുന്ന മക്കളെക്കണ്ട് നിസഹായരായി നോക്കിനിൽക്കേണ്ടിവരുന്ന മാതാപിതാക്കൾക്ക് പക്ഷേ അതിന്റെ അർഥം മനസിലായെന്നു വരും. കാരണവന്മാർ മരിക്കുന്നതിനു മുമ്പേ വസ്തുക്കൾ ഭാഗം ചെയ്തുകൊടുത്തു മക്കളെ മാറ്റി പാർപ്പിക്കണമെന്ന പതിനാറാം ചാവരുളിന്റെ സ്ഥിതിയും ഇതുതന്നെ. ഭാഗം ചെയ്തുകൊടുക്കാൻ മാത്രം വല്ലതുമുള്ള കുടുംബങ്ങളിലെ ഒന്നോ രണ്ടോ മക്കൾ അമേരിക്കയിലേക്കോ ഗൾഫിലേക്കോ മാറിത്താമസിച്ചു കഴിഞ്ഞിരിക്കും. കോൺക്രീറ്റ് മന്ദിരങ്ങളിൽ ഏകാന്തത്തടവിനു വിധിക്കപ്പെടുന്ന വൃദ്ധമാതാപിതാക്കളും വൃദ്ധമന്ദിരങ്ങളെ അഭയം തേടേണ്ടിവരുന്നവരും മരിച്ചാൽ ഒരു വീഡിയോ എടുത്തയയ്ക്കണമെന്ന നിർദേശം നൽകിയിട്ടായിരിക്കും മക്കൾ മാറിത്താമസം നടത്തുന്നത്. ഞായറാഴ്ച ദിവസം പ്രാർഥനയ്ക്കും ജ്ഞാനവായനയ്ക്കും ധ്യാനത്തിനുമൊക്കെയായി ദൈവത്തിനുവേണ്ടി നീക്കിവയ്ക്കണമെന്ന ഉപദേശവും പാടേ വിസ്മരിക്കപ്പെട്ടിരിക്കുന്നു. ഞായറാഴ്ച കല്ല്യാണത്തിനും ആഘോഷങ്ങൾക്കും സിനിമാകാണലിനും കുടികൂത്താട്ടങ്ങൾക്കുമായി നീക്കിവച്ചിരിക്കുന്ന ദിവസമാണ്. വണ്ടിയുടെ ഫുട്ബോഡിൽ നിന്നു യാത്ര ചെയ്യുന്നതുപോലെ പള്ളിവരാന്തയിലോ മരച്ചുവട്ടിലോ ഇരുന്ന് ഒരു മുറിക്കുർബാന കണ്ടെങ്കിലായി- ഇല്ലെങ്കിലുമായി.

ബ്ലേഡുകമ്പനികളിൽനിന്നു കടംവാങ്ങി ബിസിനസു നടത്തി കുത്തുപാളയെടുക്കുന്നവർക്കും ബാങ്കുലോണിൽ കാറുവാങ്ങുന്നവർക്കുമെല്ലാം ചാവറപ്പിതാവു നൽകുന്ന ഒരുപദേശമുണ്ട്. നിവൃത്തിയുണ്ടെങ്കിൽ കടം വാങ്ങരുത്. കടംകൊണ്ടു മുതലുണ്ടാക്കാൻ നോക്കരുത്. വാങ്ങിയാൽ എത്രയുംവേഗം തിരിച്ചുകൊടുക്കണം. ഉപവിയുടെ പേരിലേ കടംകൊടുക്കാവൂ. ആവശ്യക്കാരന് തിരിച്ചുകിട്ടുമെന്ന പ്രതീക്ഷ കൂടാതെ കൊടുക്കുന്നതാണ് ഉപവിയുടെ പേരിലുള്ള വായ്പ. ദാനം ചോദിച്ചു കൈനീട്ടുന്നവരെ വെറുംകൈയോടെ അയയ്ക്കരുതെന്നും ദാനധർമം പരസഹായം മുതലായ നന്മ പ്രവൃത്തികൾ ചെയ്യാത്ത ഒരു ദിവസംപോലും ആയുസിലുണ്ടാകരുതെന്നും, നന്മ ചെയ്യാത്ത ദിവസങ്ങൾ നിത്യായുസിന്റെ പുസ്തകത്തിൽനിന്നു നീക്കം ചെയ്യപ്പെടുമെന്നും ചാവറപ്പിതാവ് തുടർന്നനുസ്മരിപ്പിക്കുന്നു.

വിശ്വാസത്തിനും സദാചാരത്തിനും ചേരാത്ത പുസ്തകങ്ങൾ വായിക്കയോ വീട്ടിൽവച്ചു സൂക്ഷിക്കുയോ ചെയ്യരുതെന്നും ചാവറയച്ചൻ ഓർമിപ്പിക്കുന്നു. അതു വൈക്കോലിൽ തീ ഒളിച്ചുവയ്ക്കുന്നതുപോലെ അപകടകരമാണെന്നും.

മക്കളെ വളർത്തുന്നതിനെക്കുറിച്ചുള്ള ഉപദേശങ്ങളാണിനിയുള്ളത്. മാതാപിതാക്കൾ അനുദിനം വായിച്ചു ധ്യാനിക്കേണ്ട പ്രധാന ഉപദേശങ്ങളും അവ തന്നെ. "കൊച്ചുകുഞ്ഞുങ്ങളെ ഉടുപ്പുകൂടാതെ വീട്ടിനകത്തുകൂടെയും നടത്തരുത്. അവർക്ക് മനസിലാകുന്നില്ലായെന്നു വച്ച് ക്രമമല്ലാത്ത വചനങ്ങളും ദൂഷണങ്ങളും അവരുടെ കേൾക്കെ പറയരുത്. അച്ഛനമ്മമാരുടെ മുറിയിൽ മക്കളെ കിടത്തരുത്. ആൺപൈതങ്ങളും പെൺപൈതങ്ങളും ഒരുമിച്ച് ഒരു മുറിയിൽ കിടക്കാൻ അനുവദിക്കരുത്. സ്വഭാവത്തിൽ അവർക്കറിയാത്തത് പിശാച് അവരെ പഠിപ്പിക്കും. കുട്ടികളെ സംബന്ധക്കാരുടെ വീടുകളിൽ താമസിപ്പിക്കരുത്. കുട്ടികളെ ശിക്ഷിക്കുന്നതിൽ അധികം കടുപ്പവും അധികം ദാക്ഷിണ്യവും കാണിക്കരുത്. മാതാപിതാക്കൾ പരസ്പരം ബഹുമാനിക്കുന്നത് കുട്ടികൾ കണ്ടു പഠിക്കണം. അല്ലെങ്കിൽ മക്കൾ അവരെയും ബഹുമാനിക്കയില്ല- പ്രായത്തിനടുത്ത ജോലി മക്കളെക്കൊണ്ടു ചെയ്യിക്കണം". ഇങ്ങനെയുള്ള ഉപദേശങ്ങൾ ഏത് ആധുനിക മനഃശാസ്ത്രജ്ഞനാണു നിഷേധിക്കാൻ കഴിയുക.

വലിയ ഒരു സാമ്പത്തിക ശാസ്ത്രജ്ഞന്റെ ആധികാരികതയോടെയാണ് "അതിധാരാളിത്തവും ലുബ്ധും രണ്ടു തിന്മയാകുന്നു" എന്നദ്ദേഹം പറയുന്നത്. കുടുംബസദാചാരങ്ങളുടെ പട്ടികയിൽ സ്നേഹിതന്മാരെ തെരഞ്ഞെടുക്കുന്നതിനെക്കുറിച്ചും അദ്ദേഹം പറയുന്നുണ്ട്. "സ്നേഹിതന്മാർ അധികം വേണ്ട. ആയിരം പേരിൽനിന്ന് ദൈവഭയമുള്ള ഒരുത്തനെ തെരഞ്ഞെടുക്കുക. അവർക്കു വീട്ടിൽ അധികസ്വാതന്ത്ര്യം നൽകരുത്. മദ്യപാന സൗഹൃദം മഹാവിപത്തുകൾ വരുത്തിവയ്ക്കും. മോഷ്ടിച്ച മുതൽ വീട്ടിൽ സൂക്ഷിച്ചുവയ്ക്കാൻ പോലും അനുവദിക്കരുത്. മോഷ്ടാക്കളോടും അഴിമതിക്കാരോടും കൂട്ടുവേണ്ട". ഇങ്ങനെ സുഹൃത്തുക്കളെ സംബന്ധിച്ച ഉപദേശങ്ങൾ പോലെതന്നെ ശ്രദ്ധേയങ്ങളാണ് ബന്ധുക്കളെ തെരഞ്ഞെടുക്കുന്നതിനെക്കുറിച്ചുള്ള ഉപദേശങ്ങളും. ധനസ്ഥിതി നോക്കിയല്ല ബന്ധുക്കളെ തെരഞ്ഞെടുക്കേണ്ടത്. ദൈവഭയവും നീതിബോധവും സദാചാരവുമുള്ള കുടുംബങ്ങളെ കണ്ടുപിടിച്ച് അവരുമായി ബന്ധുത ചേരണം.

ഇങ്ങനെ ജീവിതത്തിന്റെ വിവിധ മേഖലകളെ സംബന്ധിക്കുന്ന ഒരു പെരുമാറ്റച്ചട്ടവും സദാചാരശാസ്ത്രവുമാണ് കേരളീയ കുടുംബങ്ങൾക്കുള്ള ഒസ്യത്തായി വാഴ്ത്തപ്പെട്ട ചാവറയച്ചൻ എഴുതിവച്ചിരിക്കുന്നത്.



ഫാ. മാത്യു കണിയാംപറമ്പിൽ
സി.എം.ഐ. വികർ ജനറൽ

കേരള സഭയ്ക്കു നവചൈതന്യം പകർന്ന അജപാലകൻ

"എന്റെ ഹൃദയഗതങ്ങൾക്ക് അനുസൃതരായ അജപാലകരെ ഞാൻ നിങ്ങൾക്ക് നല്കും": ബൈബിളിലെ പ്രവാചകനായ ജറമിയായുടെ ഈ വാചകം ഉദ്ധരിച്ചുകൊണ്ടാണ് 1992-ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ വൈദികർക്കുവേണ്ടിയുള്ള ചാക്രികലേഖനം ആരംഭിച്ചത്. ജനതയെ വിശ്വാസത്തിലും സഭാമൂല്യങ്ങളിലും ഉറപ്പിക്കുക എന്നതാണ് ഒരു അജപാലകന്റെ കർത്തവ്യം.

പത്തൊമ്പതു നൂറ്റാണ്ടുകാലത്തെ ചരിത്രമുള്ള കേരളസഭയെ അജപാലനരംഗത്ത് ചൈതന്യവത്താക്കിയ മഹാരഥന്മാരിൽ ഏറ്റവും അഗ്രഗണ്യനാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. ക്രൈസ്തവരുടെ വിശ്വാസത്തെ തീക്ഷ്ണതരമാക്കണം. ആ വിശ്വാസം ബോധ്യങ്ങളിൽ അധിഷ്ഠിതമാകണം; ആചാരങ്ങൾ മാത്രം പോരാ. ആ ബോധ്യങ്ങൾ വിവിധ സാംസ്കാരിക രൂപഭാവങ്ങളിലൂടെ ജനതയ്ക്കു മുഴുവൻ ഒരു പ്രകാശഗോപുരമായി ഭവിക്കണം: ഇതായിരുന്നു ചാവറയച്ചന്റെ വീക്ഷണവും ദൗത്യവും.

വിദ്യാഭ്യാസ-സാംസ്കാരിക രംഗങ്ങളിലും മാധ്യമരംഗത്തും വിപ്ലവാത്മകമായ പുതിയ കാൽവയ്പുകൾക്ക് ചാവറയച്ചൻ തുടക്കം കുറിച്ചെങ്കിൽ അതിന്റെ ആത്യന്തികലക്ഷ്യം ജനതയുടെ വിശ്വാസപരിരക്ഷണവും ഉജ്ജ്വലനവുമായിരുന്നു. ഇന്നു കേരള ക്രൈസ്തവർ എല്ലാ രംഗങ്ങളിലും മികവും പ്രാമാണികതയും പ്രത്യക്ഷമാക്കുന്നുണ്ടെങ്കിൽ ഈ സമുന്നത നേട്ടത്തിനു സഭ, 19-ാം നൂറ്റാണ്ടിലെ സഭാ പ്രവാചകനായിരുന്ന ചാവറയച്ചനോടു കടപ്പെട്ടിരിക്കുന്നു.

ദാർശനികനായ വിശ്വാസസംരക്ഷകൻ

ദാർശനികർ പലതും മുൻകൂട്ടി കാണുന്നവരാണ്. വർത്തമാനകാലത്തിൽ കാലുറപ്പിച്ച് ഭൂതകാലത്തിന്റെ വെളിച്ചത്തിൽ ഭാവികാലത്തിനു രൂപംകൊടുക്കുന്നവരാണവർ. ദൈവത്തോടു ചേർന്നു നിൽക്കുന്നവരെങ്കിൽ ദൈവസ്വരത്തിന്റെ വക്താക്കളും ആയിരിക്കും. വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ ഈ ഗണത്തിൽപ്പെടുത്താം.

19-ാം നൂറ്റാണ്ടിലേക്ക് കടന്നുവന്ന ചാവറയച്ചൻ തനിക്കു മുമ്പുണ്ടായിരുന്ന കേരളസഭയേയും സമൂഹത്തേയും അതിന്റെ പരിമിതകളോടും ഇല്ലായ്മകളോടും കൂടി തിരിച്ചറിഞ്ഞു. എല്ലാം ആത്മീയമായ ഉൾക്കാഴ്ചയോടെ നോക്കിക്കണ്ട അദ്ദേഹം തന്റെ സ്വന്തമായ കേരളജനതയെ ഏതെല്ലാം മേഖലകളിലൂടെ സമുദ്ധരിക്കാമെന്നു ചിന്തിച്ചു. സ്വന്തം അമ്മയെപ്പോലെയും അമ്മയുടെ സ്ഥാനത്തും സ്നേഹിച്ചിരുന്ന കേരള സഭയെ എപ്രകാരമെല്ലാം ശുശ്രൂഷിക്കാമെന്നദ്ദേഹം കണ്ടെത്തി. 65 വർഷം കൊണ്ടവസാനിച്ച ജീവിതത്തിനുള്ളിൽ ദൈവപരിപാലനയിൽ മുട്ടിയുരുമ്മി നിന്നുകൊണ്ട് വിതച്ചിടത്തു നിന്നെല്ലാം വിളവു കൊയ്തു, ആത്മീയരംഗത്തും സാമൂഹ്യരംഗത്തും.

താൻ ഉൾക്കൊള്ളുന്ന ക്രിസ്തീയസമൂഹത്തിന്റെ ആത്മീയനവീകരണത്തിനുള്ള വഴികൾ കണ്ടെത്തുകയായിരുന്നു അദ്ദേഹം ചെയ്ത ആദ്യനടപടി. ആദ്യ നൂറ്റാണ്ടിൽ തന്നെ ക്രിസ്തുസന്ദേശം സ്വീകരിച്ച കേരളസഭയിൽ എന്തുകൊണ്ടിതുവരെ ഒരു വിശുദ്ധൻപോലും ഉണ്ടായില്ല എന്നതിന്റെ കാരണങ്ങൾ അദ്ദേഹം വിശകലനം ചെയ്തു. ആ കാലങ്ങളിലുണ്ടായിരുന്ന സഭാധികാരികളും അനുയായികളും തമ്മിലുള്ള വിടവു വലുതാണെന്നദ്ദേഹം തിരിച്ചറിഞ്ഞു. പരസ്പര സ്നേഹവും വിശ്വാസവും ഉള്ളിടത്തേ വിശുദ്ധി വളരൂ. ജീവിത വിശുദ്ധിയിൽനിന്നേ വിശുദ്ധരുണ്ടാവൂ. ആന്തരിക മുറിവുകളുടെയും എതിർപ്പുകളുടെയും അടിസ്ഥാനകാരണം സ്വന്തം റീത്തിൽനിന്നും സ്വന്തം നാട്ടിൽനിന്നുമുള്ള മെത്രാന്മാരില്ലാത്തതായിരുന്നു. ജനങ്ങളിലെയും വൈദികരിലെയും പരസ്നേഹം കുറഞ്ഞപ്പോൾ ദൈവസ്നേഹവും കുറഞ്ഞു. ഇതിനു പരിഹാരം കണ്ടെത്താൻ പ്രൊപ്പഗന്താ തിരുസംഘത്തിനെഴുതുകയും വരാപ്പുഴ മെത്രാനെ ബോധ്യപ്പെടുത്തുകയും ചെയ്തു. ന്യായാന്യായങ്ങൾ നിരത്തിവച്ചെങ്കിലും തിരുസഭയുടെ ഐക്യത്തിനും സമൂഹത്തിന്റെ പൊതുനന്മയ്ക്കും കോട്ടം വരുന്ന ഒന്നിലേക്കും ചാവറയച്ചൻ എടുത്തുചാടുകയോ നേതൃത്വമെടുക്കുകയോ ചെയ്തില്ല. വിശുദ്ധിയുടെ അടയാളം അധികാരികളോടുള്ള ആദരവും വിധേയത്വവും അനുസരണവുമാണെന്ന് അദ്ദേഹം ഉറപ്പുവരുത്തി. കേരളസഭ അഭിമുഖീകരിക്കേണ്ടിവന്ന റോക്കോസ് ശീശ്മയിൽ തിരുസഭയോടു ചേർന്നുനിന്നുകൊണ്ട് സമാധാനപൂർണമായ വിജയംവരിക്കുവാൻ സാധിച്ചത് ഇതുകൊണ്ടു മാത്ര

മാണെന്ന് വികാരിജനറാളും കൂടിയായിരുന്ന അദ്ദേഹം തെളിയിച്ചു.

ആരാധനക്രമത്തിൽ അധിഷ്ഠിതമായ ആധ്യാത്മികത

ക്രിസ്തീയജീവിതം ആരംഭിക്കുന്നതും പുരോഗമിക്കുന്നതും പൂർണതയിലെത്തുന്നതും സഭയിലെ ആരാധനക്രമ ജീവിതത്തിലൂടെയാണെന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ മനസ്സിലാക്കി. സാധാരണജനങ്ങൾക്കു നേതൃത്വം കൊടുക്കേണ്ട വൈദികരുടെ ആധ്യാത്മികജീവിതത്തിലേക്കും പരിശീലനത്തിലേക്കുമായിരുന്നു അദ്ദേഹത്തിന്റെ പ്രഥമശ്രദ്ധ. വിശുദ്ധിയുള്ള വൈദികനേ ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിലെ മധ്യസ്ഥനാകാൻ സാധിക്കൂ എന്നദ്ദേഹം സെമിനാരിയിൽ നിന്നുതന്നെ മനസിലാക്കി. തിരുസഭയോടൊത്തുള്ള അവരുടെ പ്രാർഥനാജീവിതം പ്രധാനപ്പെട്ടതാണ്. ഐകരൂപ്യം ഇല്ലാത്തതും അപൂർണവും ആവശ്യത്തിനു കോപ്പികൾ ഇല്ലാതിരുന്നതുമായ വൈദികരുടെ കാനോനനമസ്കാരം സുറിയാനി പാരമ്പര്യങ്ങൾക്കനുസരിച്ച് ക്രോഡീകരിക്കുവാൻ അദ്ദേഹം നേതൃത്വമെടുത്തു. ബലിയർപ്പണത്തിന് വ്യക്തമായ ചിട്ടയും ക്രമവും ഉണ്ടാകുന്നതിനുവേണ്ടി ആരാധനക്രമത്തിലെ ആണ്ടുവട്ട കലണ്ടറും 'തൂക്കാസ' എന്ന ക്രമചട്ടങ്ങളും ഉണ്ടാക്കി. ആരാധനക്രമത്തിലെ കുറവുകൾ പരിഹരിക്കാൻ കഴിയുന്നിടത്തോളം പാരമ്പര്യങ്ങൾക്കനുസരിച്ചുള്ള പ്രാർഥനകൾക്കു രൂപംകൊടുത്തു. ആത്മീയ ഉണർവിനാവശ്യമായ വാർഷികധ്യാനം വൈദികരുടെ ഇടയിൽ നടപ്പിലാക്കി. ഞായറാഴ്ച തോറും കുർബാനമധ്യേ വചനപ്രഘോഷണം സാധാരണമാക്കി. ഇവയെല്ലാം ഭക്തിയോടെയുള്ള ബലിയർപ്പണത്തിനും വചനാധിഷ്ഠിതമായ ജീവിതത്തിനും വൈദികരെ സഹായിച്ചു. വൈദിക പരിശീലനം വളരെ പ്രധാനപ്പെട്ടതാണെന്ന് തന്റെ സെമിനാരി റെക്ടറായിരുന്നു പാലയ്ക്കൽ തോമ്മാ മല്പാനിൽനിന്നു തന്നെ തിരിച്ചറിഞ്ഞിരുന്നു ചാവറയച്ചൻ. മാന്നാനത്തു തുടങ്ങിയതുപോലെ മറ്റു സന്യാസാശ്രമങ്ങളോടു ചേർന്നും സെമിനാരികൾ തുടങ്ങി. 1829 മുതൽ 1864 വരെ അദ്ദേഹം സെമിനാരിയിൽ പഠിപ്പിച്ചിരുന്നു. 1844 മുതൽ 1871-ൽ മരിക്കുന്നതു വരെ മലബാർ സഭയിലെ വൈദികരുടെ പരീക്ഷകനും അവരേക്കുറിച്ചു തീരുമാനമെടുക്കുന്നതിനു മെത്രാന്റെ ഉപദേശകനും ആയിരുന്നു. റോക്കോസ് ശീശ്മയുടെ കാലത്ത് ശീശ്മയിൽ വീഴാതെ തിരുസഭയോടൊത്തു നിന്ന രൂപതാ വൈദികരും അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്നു.


അജപാലനോന്മുഖമായ സന്യാസപരിശീലനം

തിരുസഭയെ കെട്ടിപ്പടുക്കുന്നതിൽ സന്യാസ സഭകൾക്കുള്ള സ്ഥാനം എന്തെന്നു വ്യക്തമായി തിരിച്ചറിഞ്ഞിരുന്ന വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ശ്രദ്ധ പതിഞ്ഞ മറ്റൊരു മേഖലയായിരുന്നു സന്യാസപരിശീലനം. ഇന്ത്യയിൽ സന്യാസികളുടെ സമൂഹജീവിതം ഇല്ലാതിരുന്നതുകൊണ്ട് തിരുസഭയ്ക്കുണ്ടാകുന്ന വലിയ നഷ്ടത്തെക്കുറിച്ച് വിലയിരുത്തിയ അദ്ദേഹവും സഹപ്രവർത്തകരും പുരുഷന്മാർക്കും സ്ത്രീകൾക്കുമായി ആരംഭിച്ച ആദ്യത്തെ രണ്ടു സന്യാസ സഭകളാണ് സി.എം.ഐ സഭയും സി.എം.സി സഭയും. സ്വയവിശുദ്ധീകരണത്തിനു ശ്രമിക്കുന്നതോടൊപ്പം ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി സമർപ്പിക്കുന്ന ഒരു സമൂഹം ഭാരതസഭയെ വളർത്തുന്നതിനും നവീകരിക്കുന്നതിനും പ്രവർത്തനനിരതമായി. അവർ ജനങ്ങൾക്കായി ധ്യാനപരിപാടികളും മതപഠന ക്ലാസുകളും തുടങ്ങി. കുടുംബവഴക്കുകൾ തീർക്കുവാൻ വീടുകളിൽ കയറിയിറങ്ങി. ആത്മനവീകരണ പരിപാടികളുമായി ഇടവകകളിലും കുടുംബങ്ങളിലും കയറിയിറങ്ങിയപ്പോൾ ജനങ്ങളുടെ ന്യായമായ വിവിധ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അവരെ പ്രബുദ്ധരാക്കി.

സമൂഹത്തിലെ വിദ്യാഭ്യാസാവശ്യങ്ങൾ നികത്താൻ ചാവറയച്ചൻ 'ഒരു പള്ളിക്ക് ഒരു പള്ളിക്കൂടം' എന്ന ആശയവുമായി മുന്നോട്ടുവന്നു. പ്രസിദ്ധീകരണരംഗത്ത് പ്രസ്സിനു തുടക്കമിട്ടു. അഗതികളെയും ആസന്നമരണരെയും സഹായിക്കാൻ 'ഉപവിശാലയ്ക്കും' സന്നദ്ധസംഘടനയ്ക്കും രൂപംകൊടുത്തു. സന്യാസിനിമഠം സ്ഥാപിച്ചതിലൂടെ സ്ത്രീജനോദ്ധാരണത്തിന് വഴികളൊരുക്കി. ഇവയെല്ലാം പ്രഥമത അജപാലനോന്മുഖവും അതോടൊപ്പം ജാതിമത വ്യത്യാസം കൂടാതെ എല്ലാവരെയും ലക്ഷ്യം വച്ചുകൊണ്ടുള്ളതുമായിരുന്നു. തന്റെ തിരുസഭാസേവനത്തിൽ ദൈവമക്കളായ സകലരുടെയും ന്യായമായ ആവശ്യങ്ങൾ ഉൾപ്പെടുത്തി കുടുംബങ്ങളെ നവീകരിക്കുന്നതിന് 'കുടുംബചട്ടം' അഥവാ 'നല്ല അപ്പന്റെ ചാവരുൾ' എഴുതിയുണ്ടാക്കി. ഇതിനനുസരിച്ചു കുടുംബങ്ങളിൽ ജീവിക്കുന്നതാകുന്നു തന്നോടു കാണിക്കാവുന്ന ഏറ്റവും വലിയ ആദരവ് എന്നദ്ദേഹം നിർദേശിച്ചു. 135 വർഷം പിന്നിടുന്ന ആ ലേഖനം ഇന്നും മാതാപിതാക്കൾക്കും മക്കൾക്കും വലിയൊരു വഴികാട്ടിയാണ്.

ദിവ്യകാരുണ്യ ഭക്തനായിരുന്ന ചാവറയച്ചൻ ക്രൈസ്തവകുടുംബങ്ങളിൽ നിന്നു ദിവസവും ഒരാളെങ്കിലും വിശുദ്ധ കുർബാനയിൽ പങ്കെടുക്കണമെന്നു നിർദേശിച്ചു. അനുദിനജീവിതത്തിലെ സഹനങ്ങൾ ദൈവപരിപാലനയുടെ ഭാഗമായി സ്വീകരിക്കുവാൻ ശക്തി കിട്ടുന്നതിനായി ക്രിസ്തുവിന്റെ കുരിശിന്റെ വഴിയിലൂടെ പ്രാർഥനാപൂർവം നടക്കുവാൻ ജനങ്ങളെ 'സ്ലീവാപാത'യിലൂടെ പ്രേരിപ്പിച്ചു. തിരുക്കുടുംബത്തിന്റെ വലിയ ഭക്തനായിരുന്ന അദ്ദേഹം പരിശുദ്ധ മാതാവിനെയും വിശുദ്ധ യൗസേപ്പിനേയും അനുകരിച്ചുകൊണ്ടു ജീവിതവിശുദ്ധിയിൽ വളരാൻ അവരോടുള്ള ഭക്തി പ്രചരിപ്പിച്ചു. ഇങ്ങനെ ദൈവജനത്തിന്റെ നന്മമാത്രം ആഗ്രഹിച്ച വാഴ്ത്തപ്പെട്ട ചാവറയച്ചൻ കേരള സഭയിലൂടെ മരണം വരെ സഭാസേവനമനുഷ്ഠിച്ചു. ഒരു പ്രദേശത്തേയും ഒരു കാലഘട്ടത്തെ മുഴുവനും അദ്ദേഹം പ്രഭാപൂരിതമാക്കി.

മോഷ്ടിച്ച വസ്തു കത്തിപ്പോകും.



പരസ്പരം മനുഷ്യർ സഹായിക്കുക എന്നത് ദൈവം തന്ന നിയമമാകുന്നു. അതിനാൽ ഓരോ ദിവസവും ഉറങ്ങുന്നതിനു മുൻപ് ആർക്കെങ്കിലും നന്മ ചെയ്യുക.



ഫാ. ഓസ്റ്റിൻ കളപ്പുര സി.എം.ഐ

അവഗണിക്കപ്പെട്ടവർക്കും ദരിദ്രർക്കും ചാവറയച്ചന്റെ കർമപദ്ധതികൾ

സർവജനത്തിന്റെയും സമഗ്രവിമോചനം തന്റെ ജീവിത ദൗത്യമായി ഗ്രഹിച്ച് സന്യാസവൈദിക ജീവിതമാരംഭിച്ച ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ സമൂഹത്തിൽ അവഗണിക്കപ്പെട്ടവർക്കും ദരിദ്രർക്കും വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ സവിശേഷശ്രദ്ധയുള്ളവനായിരുന്നു. യേശുക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ട മനുഷ്യസമൂഹത്തിന്റെ സമഗ്രവിമോചന ദൗത്യത്തിൽ (LK4: 18-19)പൂർണമായും പങ്കുകാരനാകാനുള്ള ചാവറയച്ചന്റെ തീവ്രമായ അഭിലാഷമാണ് ഇവയിലൂടെ സ്പഷ്ടമാകുന്നത്. ദരിദ്രർക്ക് സദ്വാർത്തയായ യേശുവിനെപ്പോലെ തന്റെ കാലഘട്ടത്തിൽ യേശുവിനെ അനുകരിച്ച് ദരിദ്രർക്ക് സദ്വാർത്തയാകാനും സദ്വാർത്തയേകാനും ചാവറയച്ചന്റെ കർമപദ്ധതികൾ ഉപകരിച്ചുവെന്നതിൽ സംശയിക്കേണ്ടതില്ല.

ദളിതരുടെ സമുദ്ധാരണം

അജ്ഞതയിലും ദാരിദ്ര്യത്തിലും ജീവിക്കാൻ വിധിക്കപ്പെട്ടവരും സമൂഹത്തിൽ താഴ്ന്ന വർഗക്കാരെന്ന് കരുതപ്പെട്ടിരുന്നവരുമായ പുലയവിഭാഗത്തിന്റെ സമുദ്ധാരണം ചാവറയച്ചന്റെ പ്രത്യേക പരിഗണനയായിരുന്നു. സമൂഹത്തിലെ ഉന്നതരുടെ നിലയിലേക്ക് അവരെ ഉയർത്താനായി അദ്ദേഹം ചെയ്തത് അവരുടെ വിദ്യാഭ്യാസത്തിനായി സ്കൂൾ ആരംഭിച്ചു എന്നതാണ്. വിവിധ പ്രായക്കാരായ 75 വ്യക്തികളെ ചേർത്ത് 1864-ൽ മാന്നാനത്ത് ദളിതർക്കായുള്ള വിദ്യാലയം ആരംഭിച്ചു. കൂലിവേല ചെയ്ത് ജീവിതമാർഗം കണ്ടെത്തിയിരുന്ന അവരുടെ ക്ലാസുകൾ അവധി ദിവസങ്ങളിലായിരുന്നു. രാവിലെ മുതൽ വൈകിട്ടുവരെ ക്ലാസുകൾ നടത്തുമായിരുന്നു. അവർക്കുള്ള ഉച്ചഭക്ഷണം മാന്നാനം ആശ്രമത്തിൽനിന്നാണ് നൽകിയിരുന്നത്. ഇതൊരു വലിയ ജനസേവനമാണെന്ന് മനസിലാക്കിയ മറ്റ് വൈദികരും സന്യസ്തരും ദളിത് ക്രൈസ്തവരുടെയും ദളിതരുടെയും വിദ്യാഭ്യാസത്തിനായി സ്കൂളുകൾ ആരംഭിക്കുകയുണ്ടായി. ചാവറയച്ചൻ അതിനവർക്ക് നിർദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുകയും ചെയ്തു.

പിടിയരി

ദളിതരുടെ സ്കൂളിൽ ഉച്ചഭക്ഷണത്തിനാവശ്യമായ പണം സ്വരൂപിക്കാനായി ചാവറയുടെ ബുദ്ധിയിലുയർന്ന പദ്ധതിയായിരുന്നു പിടിയരിപ്പിരിവ്. പദ്ധതി ഇപ്രകാരമായിരുന്നു : ഓരോ നേരവും ഭക്ഷണത്തിനുള്ള അരി അളന്ന് പാത്രത്തിലിട്ടശേഷം അതിൽനിന്ന് ഒരുപിടി അരിയെടുത്ത് മറ്റൊരു പാത്രത്തിലിട്ട് സൂക്ഷിക്കുക. ആഴ്ചയുടെ അവസാനത്തിൽ അത് ആശ്രമത്തിലെത്തിക്കുക, പാവങ്ങൾക്കുവേണ്ടി ഇപ്രകാരം മാറ്റിവയ്ക്കപ്പെടുന്നതിലൂടെ ഭക്ഷണത്തിൽ കുറവ് വരി



ക്രൈസ്റ്റ് കോളജ്, ബാംഗളൂർ



പുളിങ്കുന്ന് ആശ്രമം

കരമായ മനസ്ഥിതിയും പ്രവൃത്തിയുമാണെന്ന് ചാവറയച്ചൻ ജനങ്ങളെ പഠിപ്പിച്ചിരുന്നു. കൂലിക്കാരന്റെ വിയർപ്പ് വറ്റുന്നതിനു മുമ്പേ അവന്റെ കൂലി കൈയിലെത്തിയിരിക്കണമെന്ന നിർബന്ധം ജോലി ചെയ്യിപ്പിക്കുന്നവർക്കുണ്ടായിരിക്കണമെന്നതാണ് ചാവറയച്ചന്റെ പ്രബോധനം. അതുപോലെതന്നെ, അവഗണിക്കപ്പെട്ടവന്റെയും അവഹേളിക്കപ്പെട്ടവന്റെയും, മാന്യമായ കൂലിയോയുക്തമായ സഹായമോ കിട്ടാത്തവന്റെയും കണ്ണുനീർ, അതു നൽകാൻ കടപ്പെട്ടവനെതിരേയുള്ള പ്രതികാരത്തിന്റെ നിലവിളിയായി ദൈവസന്നിധിയിൽ നിലനിൽക്കുമെന്നും, അത് കൊടുക്കാതിരിക്കുന്നിടത്തോളം കൊടുക്കാൻ കടപ്പെട്ടവന് സമാധാനം അനുഭവിക്കാനാകില്ലെന്നും ചാവറയച്ചന്റെ പ്രബോധനങ്ങളിൽ കാണാം.

ഉപവിശാല

അഗതികളും അനാഥരും വൃദ്ധരും ദരിദ്രരും മരണാസന്നരുമായവരെ മാന്യമായി ജീവിക്കാനും മരിക്കാനും സഹായിക്കുക എന്നത് ചാവറയച്ചന്റെ വലിയൊരു കാഴ്ചപ്പാടിന്റെ ഭാഗമാണ്. ദൈവത്തിന്റെ രൂപത്തിലും ഛായയിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യന്റെ മഹത്വമാണ് അടിസ്ഥാന തത്വം. ദൈവഛായയിൽ ജനനം അവകാശപ്പെട്ടതാണെങ്കിൽ മൃഗങ്ങളിൽനിന്നു വ്യത്യാസപ്പെട്ട മനുഷ്യന്റെ എല്ലാ മഹത്വത്തോടുകൂടിയും ജീവിക്കാനും മരിക്കാനും മനുഷ്യന് അവകാശമുണ്ട്. ഈ കാര്യത്തിൽ സഹജീവികളെ സഹായിക്കുകയെന്നത് മനുഷ്യന്റെ വലിയ കടമയും ഉത്തരവാദിത്വവുമാണ്. ഈ ഉദ്ദേശത്തോടെയാണ് ചാവറയച്ചൻ തന്റെ സ്വന്ത ജനങ്ങളുടെയിടയിൽ, കൈനകരിയിൽ 'ഉപവിശാല'യ്ക്കു തുടക്കം കുറിക്കുന്നത്. ഇതിൽ സ്വീകരിക്കേണ്ടി വരുന്നവരെ സഹായിക്കുവാനായിട്ടാണ് ജനങ്ങളിൽനിന്നുതന്നെയുള്ള വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിലുള്ള 'നന്മരണസഖ്യം' എന്ന സംഘടനയ്ക്ക് രൂപംകൊടുത്തത്. ഇന്നത്തെ വിൻസന്റ് ഡി പോൾ സംഘടനയുടെ പ്രവർത്തനശൈലിയായിരുന്നു അതിനുള്ളത്. ഒരുപക്ഷേ, ഇത്തരത്തിലുള്ള ഇന്ത്യയിലെ ആദ്യത്തെ അത്മായ സംഘടന.

മരണസഹായസംഘം

ദരിദ്രകുടുംബങ്ങളിലെ മരണാവസരങ്ങളിൽ ആ കുടുംബങ്ങൾ അനുഭവിക്കുന്ന സാമ്പത്തികബുദ്ധിമുട്ട് കണ്ടു മനസിലാക്കിയ ചാവറയച്ചൻ, അതിനൊരു പ്രതിവിധിയായി സ്ഥാപിച്ചതാണ് നൽമരണ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ നാമത്തിലുള്ള മരണസഹായസംഘം. ഒരു പ്രദേശത്തെ എല്ലാ കുടുംബങ്ങളെയും ഈ സംഘത്തിൽ ചേർക്കാൻ




വാഴക്കുളം ആശ്രമം

ല്ലെന്നു മാത്രമല്ല, കുടുംബത്തിലെ സമൃദ്ധി വർധിക്കുകയും ചെയ്യും എന്ന വിശ്വാസത്തിൽ ഇപ്രകാരം ചെയ്യുന്നതിൽ വീട്ടുകാർക്കെല്ലാം വളരെ ഉത്സാഹമായിരുന്നു . മാത്രമല്ല, സമൂഹത്തിലെ ധനികർ ഇക്കാര്യത്തിൽ കൂടുതലായി സഹകരിക്കുകയും മറ്റ് സഹായങ്ങൾ ദരിദ്രർക്കുവേണ്ടി ചെയ്യാൻ അവർക്കിത് പ്രേരണയായിത്തീരുകയും ചെയ്തു. ഇന്നും നമ്മുടെ ക്രൈസ്തവദേവാലയങ്ങളിൽ 'പിടിയരിപ്പിരിവ്' നടത്തി ദരിദ്രരെ സഹായിക്കുന്നതു കാണാം. മാത്രമല്ല, ദരിദ്രരെ സഹായിക്കുകയെന്നത് ക്രിസ്തീയ പുണ്യമായി കരുതി ഇന്നിപ്പോൾ വിവിധ മാർഗങ്ങളിലൂടെ ചാവറയുടെ ദർശനം ദേവാലയങ്ങളും ഭക്തസംഘടനകളും കുടുംബക്കൂട്ടായ്മകളും ക്രിസ്തീയ കുടുംബങ്ങളും വ്യക്തികളും നടത്തിക്കൊണ്ടിരിക്കുന്നു എന്നതു വളരെയേറെ അഭിമാനകരമാണ്.

ബോധവത്കരണമന്ത്രം

ദരിദ്രരേയും അവശതയനുഭവിക്കുന്നവരേയും അനാഥരേയും ദൈവത്തിന്റെ മക്കളായി വീക്ഷിച്ച ചാവറയച്ചൻ, അവരെ സഹായിക്കുകയെന്നത് ക്രൈസ്തവ വിശ്വാസികളുടെ അടിസ്ഥാന ജീവിത ദൗത്യവും അനുദിന ജീവിതശൈലിയുമായിരിക്കണമെന്ന് വിശ്വാസികളെ ഉപദേശിക്കുന്നതിലും അതിനായവരെ പ്രോത്സാഹിപ്പിക്കുന്നതിലും അതീവ തൽപരനായിരുന്നു. മരണാനന്തരം മനുഷ്യന് ലഭിക്കാനിരിക്കുന്ന നിത്യ സൗഭാഗ്യത്തിന്റെ അടിസ്ഥാനമായാണ് സാധു ജനസേവനത്തെ അദ്ദേഹം കണക്കാക്കിയിരുന്നത്. തന്മൂലം ഒരു പ്രവാചകന്റെ ആധികാരികതയോടെ അദ്ദേഹം ഇപ്രകാരം പ്രഘോഷിച്ചിരുന്നു: "മറ്റു മനുഷ്യർക്ക് എന്തെങ്കിലും നന്മ പ്രവൃത്തി ചെയ്യാതെ കടന്നുപോകുന്ന ദിവസം ആയുസിന്റെ കണക്കിൽ (പുസ്തകത്തിൽ) ദൈവം ഉൾപ്പെടുത്തുകയില്ല." ഓരോ ദിവസവും നിത്യമായ സൗഭാഗ്യത്തിന്റെ അടിസ്ഥാനമാകണമെന്നും, അത് നന്മ പ്രവൃത്തികളിലൂടെയാണ് യാഥാർഥ്യമാകുന്നതെന്നും, അല്ലാത്തപക്ഷം പ്രസ്തുത ദിവസം ഒരു വ്യക്തിയുടെ നിത്യായുസിനെ സംബന്ധിച്ച് ഉപയോഗശൂന്യമാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ പ്രബോധനം. തന്മൂലം തങ്ങളുടെ വാതിൽക്കൽ മുട്ടിവിളിക്കുന്ന ദരിദ്രരെ വെറുംകൈയോടെ പറഞ്ഞയയ്ക്കുന്നതും, കൂലിവേല ചെയ്യുന്നവന് മാന്യമായ കൂലി കൃത്യസമയത്ത് നൽകാതിരിക്കുന്നതും പാപ

സി.എം.ഐ സഭയിലെ ബിഷപ്പുമാർ



മാർ ജനുവാരിയൂസ് പാലത്തുരുത്തി
ചാന്ദാരൂപതയുടെ പ്രഥമബിഷപ്



മാർ വിജയാനന്ദ് നെടുമ്പുറം
ചാന്ദാ



മാർ ഗ്രേഷ്യൻ മുണ്ടാടൻ
ബിജ്നോർ



മാർ ക്ലെമൻസ് തോട്ടുങ്കൽ
സാഗർ രൂപതയുടെ
പ്രഥമ ബിഷപ്




മാർ ജോസഫ് പാസ്റ്റർ
നീലങ്കാവിൽ
സാഗർ




മാർ ജോനാസ് തളിയത്ത്
രാജ്കോട്ട് രൂപതയുടെ
പ്രഥമ ബിഷപ്



മാർ ഗ്രിഗറി
കരോട്ടെമ്പ്രയിൽ
രാജ്കോട്ട്



മാർ പൗളീനോസ് ജീരകത്ത്
ജഗദൽപുർ രൂപതയുടെ
പ്രഥമ ബിഷപ്



മാർ സൈമൺ
സ്റ്റോക്ക് പാലാത്ര
ജഗദൽപുർ



മാർ ജോസഫ്
കുന്നത്ത്
അദിലാബാദ്



മാർ ഇമ്മാനുവേൽ
പോത്തനാമ്മുഴി
മാനന്തവാടി മുൻ ബിഷപ്

അദ്ദേഹം പരിശ്രമിച്ചു. ഒരു നിശ്ചിത സംഖ്യ പ്രതിമാസം എല്ലാ കുടുംബങ്ങളിൽനിന്നും സ്വരൂപിച്ച് ഇക്കാര്യം സ്തുത്യർഹമായി നടത്തിക്കൊണ്ടുപോകാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. മരണാവസരത്തിലെ ചെലവുകൾ നടത്തിയിരുന്നത് മരണസഹായ സംഘത്തിന്റെ ഉത്തരവാദിത്വമായിരുന്നു. ഇത് ദരിദ്രരെ സംബന്ധിച്ചിടത്തോളം വലിയ നന്മയായി ഭവിച്ചു. സാമ്പത്തിക സഹായത്തിനുപരി സംഘത്തിലെ എല്ലാ അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും മരണമടഞ്ഞ വ്യക്തിയുടെ കുടുംബത്തിൽ ഒന്നിച്ചുകൂടി പ്രാർഥിക്കുകയും മരണാനന്തര ശുശ്രൂഷയിൽ സജീവമായി പങ്കെടുക്കുകയും ചെയ്തിരുന്നു. കേരളത്തിലെ നിരവധി ദേവാലയങ്ങളിൽ ഇന്നും ഇത്തരം സംഘടനകൾ സ്തുത്യർഹമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നത് സഭയ്ക്ക് ഏറെ അഭിമാനകരമാണ്.

ആനുകാലിക സമുദ്ധാരണ പ്രവർത്തനങ്ങൾ

ആധുനിക ലോകത്തിലെ ദരിദ്രരുടെ കഷ്ടതകളും കണ്ണുനീരും സഭയുടെ തന്നെയാണെന്ന അവബോധത്തോടെ ചാവറയച്ചന്റെ പിൻഗാമികളായ സി.എം.ഐ. സഭാംഗങ്ങൾ സമാരംഭിച്ച് നടത്തിക്കൊണ്ടിരിക്കുന്ന ജനക്ഷേമപദ്ധതികൾ നിരവധിയാണ്. സഭയിൽനിന്നും പൊതുജനങ്ങളിൽനിന്നും വിദേശിയരിൽനിന്നും പണം സ്വരൂപിച്ച് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലായി 41 മേജർ പദ്ധതികളും 288 ചെറുപദ്ധതികളും നടത്തിവരുന്നുണ്ട്. മന്ദബുദ്ധികൾ, വികലാംഗർ, യാചകർ, വൃദ്ധന്മാർ എന്നിവരുടെ സംരക്ഷണത്തിനായുള്ള സ്ഥാപനങ്ങളും സഭയുടെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഓരോ ആശ്രമത്തിന്റെയും മൊത്തവരുമാനത്തിന്റെ പത്തു ശതമാനം നിർബന്ധമായും ദരിദ്രരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നൽകുന്നതിനു പുറമേ, ആശ്രമ പരിസരങ്ങളിലെ ദരിദ്രവിഭാഗത്തിന്റെ സർവതോമുഖമായ സമുദ്ധാരണത്തിൽ സവിശേഷശ്രദ്ധയും പരിഗണനയും നൽകണമെന്ന നിർദേശം സഭാനിയമത്തിലൂടെ നൽകിയിരിക്കുന്നു എന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

ഉപസംഹാരം

ദരിദ്രരുടെ സമുദ്ധാരണത്തിനായി രണ്ടു നൂറ്റാണ്ടുമുമ്പ് ചാവറയച്ചനു ദൈവം നൽകിയ ദർശനത്തിലും അതിനായുള്ള കർമപദ്ധതികളിലും ദൈവത്തിന്റെ അദ്ഭുതകരമായ കരം നമുക്ക് ദർശിക്കാനാകട്ടെ. ജനത്തിന്റെ സമഗ്രവിമോചനമെന്ന ദൗത്യം സി.എം.ഐ. സഭയിലൂടെയും ദൈവജനത്തിന്റെ സഹകരണത്തിലൂടെയും പ്രോജ്വലമാക്കാൻ ഈ ശുഭാവസരത്തിൽ നമുക്ക് പ്രതിജ്ഞാബദ്ധരാകാം; ചലനാത്മക സഭയുടെ ചാലകശക്തിയായി ഇന്നും എന്നും ചാവറയച്ചൻ നമ്മെ നയിക്കട്ടെയെന്നു പ്രാർഥിക്കാം.



ഡോ. തോമസ് കാലായിൽ സി.എം.ഐ.

ചാവറ കുര്യാക്കോസ് ഏലിയാസച്ചനും ദലിതരുടെ സമുദ്ധാരണവും

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ഇരുനൂറാം ജയന്തി ആഘോഷങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ വത്സരത്തിൽ അദ്ദേഹം നമ്മുടെ നാട്ടിലെ ദലിതരെ സമുദ്ധരിക്കാൻ നടത്തിയ പരിശ്രമങ്ങൾ പല സാമൂഹ്യപ്രവർത്തകർക്കും ഇന്നും അജ്ഞാതമാണ്. അദ്ദേഹവും സഹപ്രവർത്തകരും അനേകം ദലിതരെ ക്രിസ്തുമതത്തിന്റെ കത്തോലിക്കാവിഭാഗത്തിൽ ചേർക്കുകയും അവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുകയും ചെയ്തു എന്നതു ചരിത്രവസ്തുതയാണ്.

ദലിതക്രൈസ്തവർ

മുൻകാലങ്ങളിൽ 'അവശക്രൈസ്തവർ', 'പരിവർത്തിത ക്രൈസ്തവർ' എന്നിങ്ങനെ അറിയപ്പെട്ടിരുന്നവർ ഇപ്പോൾ 'ദലിത ക്രൈസ്തവർ' അഥവാ 'ദളിത ക്രൈസ്തവർ' എന്നാണ് അറിയപ്പെടുന്നത്. 'ദലിത' എന്ന പദം സംസ്കൃതത്തിലെ 'ദാൽ' എന്ന ക്രിയാപദത്തിൽ നിന്നാണ് ഉത്ഭവിച്ചിരിക്കുന്നതെന്നും ഈ ക്രിയാപദത്തിന് 'വെട്ടിമുറിക്കുക', 'അടിച്ചമർത്തുക' എന്നിങ്ങനെയാണ് അർഥമെന്നും അഭിപ്രായപ്പെടുന്നവരുണ്ട്. ഹിന്ദിയിൽ 'ദാൽ' എന്ന പദത്തിന് സർവസാധാരണമായ അർഥം 'പരിപ്പ്' എന്നാണ്. തുവരപ്പയറും മറ്റും തല്ലിപ്പൊട്ടിച്ചാണല്ലോ പരിപ്പെടുക്കുന്നത്. ഇവിടെയും മർദനമാണ് സൂചിപ്പിക്കപ്പെടുന്നത്.

സഹസ്രാബ്ദങ്ങളായി ഭാരതത്തിൽ നിലനിൽക്കുന്ന



സി.എം.ഐ. സഭയിലെ ആദ്യപിതാക്കന്മാർ സന്യാസവ്രതം സ്വീകരിക്കുന്നു

ജാതിപരമായ ഉച്ചനീചത്വ വ്യവസ്ഥിതിയനുസരിച്ച് ജാതിയിൽ താണവർ എന്നു കരുതപ്പെട്ട് മേൽജാതിക്കാരുടെ മേൽക്കോയ്മയ്ക്കും ചൂഷണത്തിനും മർദനത്തിനും വിധേയരായി അസ്വതന്ത്രരും അശരണരുമായി കഴിഞ്ഞിരുന്ന വിഭാഗങ്ങളെ ഒന്നാകെ ഇപ്പോൾ 'ദലിതർ' എന്ന പദംകൊണ്ടു വിവക്ഷിക്കുന്നു. ഇങ്ങനെയുള്ള സമുദായങ്ങളിൽ നിന്നു ക്രിസ്തുമതം സ്വീകരിച്ചവരെയാണ് 'ദലിതക്രൈസ്തവർ' എന്നു വിളിക്കുന്നത്. ക്രിസ്തുമതത്തിൽ ചേർന്നവരെ വിദ്യാഭ്യാസപരമായും സാമൂഹ്യമായും, സാംസ്കാരികമായും ഉയർത്താൻ വിവിധ ക്രൈസ്തവ സമൂഹങ്ങൾ പരിശ്രമിക്കുന്നു. ഈ പാവങ്ങളെ ചൂഷണം ചെയ്തിരുന്ന മേൽജാതിക്കാരെ ഇത് അരിശം കൊള്ളിക്കുന്നു. അതുകൊണ്ട് ഭാരതത്തിന്റെ ചില ഭാഗങ്ങളിൽ ക്രിസ്ത്യൻ മിഷനറിമാരും അവരോടൊപ്പം പ്രവർത്തിക്കുന്നവരും പലവിധത്തിൽ അലട്ടപ്പെടുകയും പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നതിന്റെ വാർത്തകൾ നമ്മൾ കേൾക്കുന്നുണ്ടല്ലോ. ഒന്നര നൂറ്റാണ്ടുമുമ്പ് പുണ്യശ്ലോകനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനും സഹപ്രവർത്തകരും മധ്യകേരളത്തിൽ ആരംഭിച്ച് തങ്ങളുടെ സി.എം.ഐ. സന്യാസസമൂഹത്തിനും, സി.എം.സി. സന്യാസിനീസമൂഹത്തിനും ദൗത്യമായി ഏല്പിച്ച ദലിതസമുദ്ധാരണ പ്രവർത്തനങ്ങൾ ഓർമിക്കാനാണ് ഇവിടെ പ്രധാനമായും ഉദ്ദേശിക്കുന്നത്.

ഭാരതത്തിലെ ക്രിസ്തുമത പ്രചരണ പശ്ചാത്തലം

എ.ഡി. 52-ൽ ക്രിസ്തുശിഷ്യനായ സെന്റ് തോമസ് (മാർത്തോമ്മാ ശ്ലീഹാ) കേരളത്തിൽ വന്നുവെന്നും അനേകം മേൽജാതിക്കാരെ ക്രിസ്തുമതത്തിൽ ചേർത്തശേഷം എ.ഡി. 72-ൽ മൈലാപ്പൂരിൽവച്ചു രക്തസാക്ഷിയായി മരിച്ചു എന്നുമാണ് പാരമ്പര്യം. അദ്ദേഹത്തിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവരുടെ സന്തതിപരമ്പര "മാർത്തോമ്മാ നസ്രാണികൾ" എന്നറിയപ്പെടുന്നു. ഇവർ മേൽജാതിക്കാരുടെ നിരയിൽപ്പെട്ടവർ ആയിരുന്നതുകൊണ്ട് താണജാതിക്കാരെ ക്രിസ്തുമതത്തിൽ ചേർക്കാൻ കൂട്ടാക്കിയില്ല എന്ന് പാശ്ചാത്യ ക്രൈസ്തവർ പ്രചരിപ്പിച്ചിരുന്നു. എന്നാൽ യൂറോപ്പിൽ കോൺസ്റ്റന്റൈൻ, കാറൾമാൻ തുടങ്ങിയ ക്രൈസ്തവ ചക്രവർത്തിമാരും മറ്റു ഭരണാധികാരികളും തങ്ങളുടെ ഭരണസംവിധാനങ്ങൾ ഉപയോഗിച്ച് ക്രിസ്തുമതം പ്രജകളുടെ മതം ആക്കിയതുപോലെ പ്രവർത്തിക്കാൻ ഭാരതത്തിൽ ഒരു ക്രൈസ്തവ സർവാധിപതി ആവിർഭവിച്ചില്ല എന്നും, ഇവിടത്തെ മാർത്തോമാ നസ്രാണികൾ അക്രൈസ്തവ രാജാക്കന്മാരുടെയും മറ്റു മേൽജാതിക്കാരുടെയും ദയാദാക്ഷിണ്യവും, മതസഹിഷ്ണുതയും സന്മനസും അനുഭവിച്ചാണ് നിലനിന്നിരുന്നതെന്നുമുള്ള യാഥാർഥ്യങ്ങൾ മേൽപ്പറഞ്ഞ പാശ്ചാത്യ പ്രചാരകർ പരിഗണിച്ചില്ല. എന്നാൽ നിർബന്ധമൊന്നും കൂടാതെ ബോധ്യം വന്നതിന്റെ ഫലമായി സവർണരിൽനിന്നും അവർണരിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവർ മാർത്തോമ്മാ നസ്രാണികളുടെ മുഖ്യധാരയിൽ ലയിച്ചു ചേർന്ന സംഭവങ്ങൾ ഭാരതത്തിൽ ക്രിസ്തുമതത്തിന്റെ ആരംഭം മുതലുള്ള കാലഘട്ടങ്ങളിൽ ഉണ്ടായിട്ടുണ്ട് എന്നും ചരിത്രത്തിൽ കാണാം. മാർത്തോമ്മാ നസ്രാണികളുടെ വിശ്വാസവും ജീവിതശൈലിയുമാണ് ഇതിനു നിദാനവും നിവേശനവുമായിരുന്നത് എന്നതും പ്രസ്താവ്യമാണ്.

പാശ്ചാത്യ ശൈലിയിലുള്ള മതപ്രചരണം കേരളത്തിൽ ആരംഭിച്ചത് പോർട്ടീസുകാർ, ഡച്ചുകാർ, ഫ്രഞ്ചുകാർ, ഇംഗ്ലീഷുകാർ എന്നിങ്ങനെ യൂറോപ്പിലെ വിവിധ രാജ്യക്കാർ ഇവിടെ കച്ചവടത്തിനു വന്നതോടുകൂടിയാണ്. അവർ ദലിതരുടെ ഇടയിൽ ക്രിസ്തുമത പ്രചരണം നടത്തിയപ്പോൾ, അവരുടെ സൈനികവും സാംസ്കാരികവും സാങ്കേതികവും മറ്റുമായ സഹായങ്ങൾ ആവശ്യപ്പെടുകയും പ്രയോജനപ്പെടുത്തുകയും ചെയ്ത ഈ നാട്ടിലെ ഭരണാധികാരികളും മേൽജാതിക്കാരും എതിർത്തില്ല. പുണ്യചരിതനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനും സഹസന്യാസികളും മാന്നാനത്ത് പ്രവർത്തനം ആരംഭിച്ചപ്പോൾ നിലവിലിരുന്ന സാമുദായികവും, മതപരവും, രാഷ്ട്രീയവുമായ പശ്ചാത്തലമാണ് മുകളിൽ വിവരിച്ചത്.

ദലിതസമുദായങ്ങളും ചാവറയച്ചനും

ക്രിസ്ത്വബ്ദം പത്തൊൻപതാം നൂറ്റാണ്ടിൽ കത്തോലിക്കരായ മാർത്തോമ്മാ നസ്രാണികളുടെ ഭാഗത്തുനിന്നും സംഘടിതമായ ദലിത സമുദ്ധാരണം സമാരംഭിച്ചത് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചനാണ്. ഇന്നു സി.എം.ഐ. എന്നറിയപ്പെടുന്നതും അദ്ദേഹം ദീർഘകാലം നേതൃത്വം നൽകിയിരുന്നതുമായ സന്യാസസഭയുടെ മാതൃഭവനത്തിന് 1831-ൽ മാന്നാനത്ത് ശിലാസ്ഥാപനം നടത്തി. അതിന്റെ ശാഖാഭവനങ്ങൾ പത്തൊൻപതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യശതകങ്ങളിലും കേരളത്തിന്റെ പല ഭാഗത്തും സ്ഥാപിക്കപ്പെട്ടു. അതിരമ്പുഴ, ആർപ്പൂക്കര, എടത്വാ എന്നീ സ്ഥലങ്ങളിൽ ചാവറയച്ചൻ ദലിതർക്കുവേണ്ടി മതപഠനകേന്ദ്രങ്ങൾ സ്ഥാപിച്ചുവെന്ന് ചരിത്രത്തിൽ കാണുന്നു. കൂടാതെ, സി.എം.ഐ. സഭയുടെ മാതൃഭവനമായ മാന്നാനത്തും, ശാഖാഭവനങ്ങളായ വാഴക്കുളം, എൽത്തുരുത്ത്, അമ്പഴക്കാട്, മുത്തോലി, പുളിങ്കുന്ന്, ചെത്തിപ്പുഴ, പുതുപ്പള്ളി തുടങ്ങിയവയോടനുബന്ധിച്ചും അവയുടെ ആരംഭകാലം മുതൽ ദലിതർക്ക് ക്രൈസ്തവ മതതത്വങ്ങൾ ഉപദേശിച്ചുകൊടുത്ത് അവരെ ക്രിസ്തുമതത്തിൽ ചേർത്ത് ഉദ്ധരിക്കുന്നതിനുള്ള സംവിധാനമുണ്ടായിരുന്നു. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ നേതൃത്വവും പ്രേരണയുമാണ് അദ്ദേഹത്തിന്റെ ജീവിതകാലത്തും (1805-1871) പിൽക്കാലത്തും ഇതിനു കാരണമായത്.

ഒന്നര നൂറ്റാണ്ടുമുമ്പ് അന്നത്തെ സാമൂഹ്യവ്യവസ്ഥിതിയിൽ അസ്പൃശ്യരും, അശരണരും, കഠിനാധ്വാനത്തിനു മാത്രം വിധിക്കപ്പെട്ടവരുമായി ഒരുതരം അടിമത്തത്തിൽ കഴിഞ്ഞിരുന്ന ദലിതരെ ക്രിസ്തുമതത്തിൽ ചേർക്കാൻ ചാവറയച്ചൻ മുൻകൈ എടുത്തത് ക്രിസ്തുമതത്തിൽ ആളെടുപ്പു നടത്തി അംഗസംഖ്യ കൂട്ടണമെന്ന ഉദ്ദേശ്യത്തോടുകൂടിയായിരുന്നില്ല.

ഈ പാവങ്ങളും ദൈവത്തിന്റെ മക്കളാണെന്നും ക്രിസ്തുവിന്റെ രക്ഷ ഇവർക്കും അവകാശപ്പെട്ടതാണെന്നുമുള്ള ബോധ്യമാണ് അദ്ദേഹത്തെ ഇതിനു പ്രേരിപ്പിച്ചത്. അന്നത്തെ മേൽജാതിക്കാർ ഇതിനുനേരെ നെറ്റിചുളിച്ചിരുന്നിരിക്കാം. എന്നാൽ ചാവറയച്ചനും അദ്ദേഹത്തിന്റെ സന്യാസസഭാംഗങ്ങളും ശിഷ്യരായിരുന്ന ഇടവക വൈദികരും ഉന്നംവച്ചത് ഈ പാവങ്ങളുടെ ഉദ്ധാരണമാണ് എന്ന് അവരുടെ കർമപരിപാടികൾ തെളിയിച്ചു.

അക്ഷരവെളിച്ചം

ചാവറയച്ചന്റെയും അനുയായികളുടെയും സേവനം സ്വീകരിച്ച ദലിതരിൽ ബഹുഭൂരിഭാഗവും ചേരമർ (പുലയർ), സാംബവർ (പറയർ) എന്നീ സമുദായങ്ങളിൽപ്പെട്ടവരാണ്. വിശ്വാസവെളിച്ചം മാത്രം പോരാ, അക്ഷരവെളിച്ചം കൂടി ലഭിച്ചെങ്കിലേ അവർ സ്വതന്ത്രരും ഉയരുന്നവരും ആയിത്തീരുകയുള്ളുവെന്ന് ചാവറയച്ചൻ തിരിച്ചറിഞ്ഞു. അക്കാലത്ത് ഈ പാവങ്ങൾക്ക് സർക്കാർ സ്കൂളുകളിൽ പ്രവേശനം ലഭിച്ചിരുന്നില്ല. സഭവക സ്കൂളുകൾ ഇല്ലായിരുന്നു. മേൽജാതിക്കാരുടെ മക്കളെ പഠിപ്പിച്ചിരുന്ന ആശാന്മാർ ദലിതമക്കളെ പഠിപ്പിക്കാൻ വിമുഖരായിരുന്നു. അതുകൊണ്ട് ആദ്യപടിയായി അവർക്ക് പ്രത്യേക വിദ്യാഭ്യാസസൗകര്യം ഏർപ്പെടുത്തുകയാണ് വിവേകമെന്നു ചാവറയച്ചൻ മനസിലാക്കി. ആർപ്പൂക്കര തുരുത്തുമാലികുന്നിൽ ദലിതക്രൈസ്തവർക്കുവേണ്ടി ഒരു സ്കൂൾ പണി

യുന്നതിന് ചാവറയച്ചൻ വികാരിജനറാൾ എന്ന നിലയിൽ 1864-ൽ കല്പിച്ചതായി പാറപ്പുറത്തു വർക്കിയച്ചന്റെ നാളാഗമത്തിൽ പറഞ്ഞിരിക്കുന്നു. പിന്നീട് മാന്നാനത്ത് ആശ്രമത്തോടനുബന്ധിച്ച് മലയാളം പ്രൈമറിസ്കൂൾ നിലവിൽ വന്നപ്പോൾ ഇതു നിർത്തലാക്കിയതായി കരുതാം. ദലിതർക്കുവേണ്ടി ക്രൈസ്തവ മതപഠനശാലകൾ സ്ഥാപിച്ച സ്ഥലങ്ങളിൽ അവരെ അക്ഷരം പഠിപ്പിക്കാൻകൂടി ഏർപ്പാടുകൾ ഉണ്ടായിരുന്നു എന്ന കാര്യം പ്രത്യേകം ഓർമിക്കണം. 1885-ൽ മാന്നാനത്ത് ഇംഗ്ലീഷ് സ്കൂളും തുടർന്ന് മറ്റിതര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും നിലവിൽ വന്നപ്പോൾ പ്രൈമറിസ്കൂൾ സ്ഥാപിച്ചു കൊണ്ട് ആരംഭിച്ച ചാവറയച്ചന്റെ സ്വപ്നം പൂവണിയുകയായിരുന്നു.

സാമൂഹ്യ-സാംസ്കാരിക വിപ്ലവത്തിന്റെ തുടക്കം

ദലിതർക്ക് അക്ഷരജ്ഞാനം നല്കാൻ ചാവറയച്ചൻ ആരംഭംകുറിച്ചത് അക്കാലത്തെ ദലിതപീഡനത്തിനെതിരേയുള്ള പ്രതിഷേധവും ഒരു സാമൂഹ്യ-സാംസ്കാരിക വിപ്ലവത്തിന്റെ തുടക്കവുമായിരുന്നെന്നു പറയാം. മാർത്തോമ്മാ ശ്ലീഹായുടെ കാലം മുതലുള്ള പാരമ്പര്യം അവകാശപ്പെട്ടിരുന്ന നസ്രാണി കത്തോലിക്കർക്കുപോലും ഔപചാരിക വിദ്യാഭ്യാസത്തിനു സൗകര്യം ഇല്ലാതിരുന്ന കാലത്ത് അവർക്കും ദലിത ക്രൈസ്തവർക്കും ഒരുപോലെ പഠനസൗകര്യം നല്കാൻ ചാവറയച്ചൻ പദ്ധതികൾ ആവിഷ്കരിച്ചത് ദലിതരുടെ ഉന്നമനത്തിനുവേണ്ടിയുള്ള ആദ്യ പടികൂടിയായിരുന്നു. വിദ്യാഭ്യാസത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ വീക്ഷണം വെളിവാക്കുന്ന താഴെക്കൊടുത്തിരിക്കുന്ന വാക്യങ്ങൾ ശ്രദ്ധിക്കുക:

"രണ്ടാമത്തെ വെളിവ് പഠിത്വം ആകുന്നു എന്ന് ശു.മാർ അപ്രേം മല്പാൻ പഠിപ്പിക്കുന്നു എന്നു വരുമ്പോൾ കണ്ണിന്റെ വെളിവുകൂടാതെ ലോകത്തിലുള്ള വസ്തു കാണ്മാൻ വശമില്ലാത്തതുപോലെ പഠിത്വം എന്ന വെളിവുകൂടാതെ പരലോകത്തെയും അതിൽ കുടിയിരിക്കുന്ന തമ്പുരാനെയും അറിവാൻ വശമില്ലാത്തതിനാൽ, കണ്ണില്ലാത്തവരു കുരുടന്മാരാകുന്നു എന്നതുപോലെ പഠിത്വമില്ലാത്തവർ ജ്ഞാനകുരുടന്മാരാകുന്നു." സെമിനാരി സ്ഥാപനത്തോടനുബന്ധപ്പെടുത്തി 1859 മാർച്ച് 25-ാം തീയതി ചാവറയച്ചൻ പള്ളികളിലേക്ക് അയച്ച ഒരു കത്തിലെ ആദ്യവാക്യമാണ് മുകളിൽ ഉദ്ധരിച്ചത്. പഠനമില്ലാത്തവർക്ക് ദൈവികജ്ഞാനവും ശരിയായി ഉണ്ടായിരിക്കുകയില്ല എന്ന ധ്വനിയാണല്ലോ ഇവിടെയുള്ളത്. പഠനവും ദൈവഭക്തിയും സമ്മേളിച്ചാൽ മാത്രമേ ഒരു വ്യക്തിക്ക് യഥാർഥ പൂർണിമയും പുരോഗതിയും ലഭിക്കുകയുള്ളൂ എന്ന കാര്യം ചാവറയച്ചൻ തിരിച്ചറിഞ്ഞിരുന്നു. അക്കാലത്ത് അസ്പൃശ്യരും, അക്ഷരജ്ഞാനമില്ലാത്തവരും സാംസ്കാരികമായും സാമ്പത്തികമായും അധഃസ്ഥിതരുമായിരുന്ന ദലിതർ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തണമെങ്കിൽ വലിയൊരു ദൂരം താണ്ടേണ്ടതുണ്ടെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അക്ഷരജ്ഞാനത്തിലൂടെയേ ഈ പ്രയാണത്തിലെ ആദ്യ ചുവടുവയ്പ് നടക്കുകയുള്ളൂവെന്നും അദ്ദേഹം ഗ്രഹിച്ചിരുന്നു.

കുടുംബങ്ങൾക്കുള്ള ഉപദേശത്തിൽ കുട്ടികളുടെ വിദ്യാഭ്യാസത്തെപ്പറ്റി പുണ്യപുരുഷനായ ചാവറയച്ചൻ പറയുന്നത് ശ്രദ്ധിക്കുക: "തിരിച്ചറിവുണ്ടായാലുടൻ പൈതങ്ങളെ പള്ളിക്കൂടത്തിൽ അയയ്ക്കണം. ഇതുംപോരാ, അവർ പഠിക്കുന്നുണ്ടോ എന്നും അവർ എങ്ങനെയുള്ള കൂട്ടുകൂടി നടക്കുന്നു എന്നും അന്വേഷിക്കണം. ഞായറാഴ്ചതോറും അവർ പഠിച്ചതിനെ പരിശോധിക്കണം". "ഒരു നല്ല അപ്പന്റെ ചാവരുൾ "എന്ന പേരിൽ ചാവറയച്ചൻ എഴുതിയ ദീർഘ ലേഖനത്തിൽ നിന്നുള്ള ഉദ്ധരണിയാണിത്. വിദ്യാഭ്യാസ കാര്യത്തിൽ അദ്ദേഹം എത്ര ശ്രദ്ധാലുവായിരുന്നെന്ന് ഇതു തെളിയിക്കുന്നു.

പുരോഗതിയുടെ പാതയിൽ

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ചൈതന്യം ഉൾക്കൊണ്ട് അദ്ദേഹത്തിന്റെ കാലം മുതൽ സി.എം.ഐ. സഭ വിദ്യാഭ്യാസം ഒരു പ്രധാന കർമപരിപാടിയായി സ്വീകരിച്ചിരിക്കുന്നു. വിവിധതരത്തിലുള്ള ഇരുന്നൂറ്റമ്പതിൽപരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്നു സി.എം.ഐ. സഭ നടത്തുന്നുണ്ട്. ജാതി, മത, വർണ, വർഗ വ്യത്യാസം കൂടാതെ സർക്കാർ നിയമങ്ങൾക്കു വിധേയപ്പെട്ട് ഈ സ്ഥാപനങ്ങളിൽ വിദ്യാർഥിനീവിദ്യാർഥികളെ പ്രവേശിപ്പിക്കുന്നു. ഈ സ്ഥാപനങ്ങളിലൂടെയും ഇതര കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും ശിക്ഷണം സ്വീകരിച്ച് അഭ്യസ്തവിദ്യരായ ധാരാളം ദലിതർ ജീവിതത്തിന്റെ നാനാതുറകളിൽ ഇന്നു ശോഭിക്കുന്നുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചനും ഇതര ക്രൈസ്തവവിഭാഗങ്ങളിൽപ്പെട്ട മിഷനറിമാരും നടത്തിയ ധീരമായ കാൽവയ്പിന്റെ ഫലമാണ് ഈ പുരോഗതി എന്ന് ചരിത്രഗവേഷകർ മനസിലാക്കും.

വിദ്യാഭ്യാസരംഗത്തേതുപോലെ സാമൂഹ്യമായ മറ്റു പല രംഗങ്ങളിലും ചാവറയച്ചന്റെ ഉത്തേജനവും കർമപരിപാടികളും ദലിതസഹോദരങ്ങളുടെ ഇന്നു കാണുന്ന ഉന്നമനത്തിനു നിദാനമായി ഭവിച്ചിട്ടുണ്ട്. തീണ്ടൽ തുടങ്ങിയ അനാചാരങ്ങളുടെ നിർമാർജനം, ദലിതരുടെ അടിമത്തം അവസാനിപ്പിക്കൽ, അവരുടെ കുടുംബഭദ്രത വളർത്തൽ, ആരോഗ്യ സംരക്ഷണം തുടങ്ങിയവ ചാവറയച്ചന്റെ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങളാണ്. എങ്കിലും വളരെദൂരം ഇനിയും പോകുവാനുണ്ട്. ദലിതരുടെ സമഗ്രമായ വിമോചനം ഇന്നും ഒരു വിദൂരസ്വപ്നമാണെങ്കിൽ അതിനുള്ള കാരണങ്ങൾ പലതാണെന്ന് സാമൂഹ്യാവബോധമുള്ളവർക്കെല്ലാം അറിയാം. ഭാരതത്തിലെ ഇന്നത്തെ സാഹചര്യത്തിൽ ഇത് ഒഴുക്കിനെതിരെയുള്ള നീന്തിക്കയറ്റം പോലെയാണ്.

ക്രൈസ്തവ ദലിതർക്ക് ഒരു വെല്ലുവിളി

വ്യക്തിജീവിതത്തിൽ ക്രിസ്തുമതവിശ്വാസം പുലർത്തുന്നു എന്ന കാരണത്താൽ ദലിതക്രൈസ്തവർ സർക്കാരിന്റെ ആനുകൂല്യങ്ങൾക്ക് അർഹരല്ല എന്ന സ്ഥിതിവിശേഷം ഇന്ന് "മതേതര" സ്വതന്ത്രഭാരതത്തിൽ നിലനില്ക്കുന്നു എന്നത് വിചിത്രമായിരിക്കുന്നു. ഈയവസരത്തിൽ "പരാശ്രയശൈലി" വെടിഞ്ഞ് "സ്വാശ്രയബോധം" വളർത്തുക എന്നതാണ് ക്രൈസ്തവ ദലിതർക്കു കരണീയമായിട്ടുള്ളത്. ദൈവദത്തമായ കഴിവുകളും കർമശേഷിയും ശക്തിപ്പെടുത്തി പുരോഗമനം ഒരു വെല്ലുവിളിയായി കണ്ടുകൊണ്ട് മുമ്പോട്ട് പോകുവാനുള്ള "സ്വാശ്രയബോധം" ആണ് ഓരോ ക്രൈസ്തവ ദലിതനും വളർത്തിയെടുക്കേണ്ടത്.

വായനയിൽ ഇഷ്ടമുണ്ടായാൽ ഏകാന്തതയിൽ സന്തോഷമുണ്ടാകും.



ലുബ്ധന്റെ വസ്തുക്കൾ പുഴു തിന്നും, ധാരാളിയുടെ സന്തോഷം പുകപോലെ കടന്നുപോകും.



ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ

നാളാഗമങ്ങളിലെ ചരിത്രവിശേഷം

നാളുകളുടെ ക്രമത്തിൽ അനുദിന സംഭവങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണ് നാളാഗമങ്ങൾ. ഇതൊരു വ്യക്തിയുടെ ആത്മഡയറിയായും, പൊതുസംഭവങ്ങൾ ഉൾക്കൊള്ളുന്ന നാൾവഴിയായും ഉണ്ടാകാം. വാഴ്ത്തപ്പെട്ട ചാവറയച്ചൻ എഴുതിയ നാളാഗമം എന്നത് താൻ നേരിട്ടിടപെട്ട ഒരുപിടി സംഭവങ്ങളും താൻ കേട്ടതും അറിഞ്ഞതുമായ മറ്റിതര കാര്യങ്ങളും സത്യസന്ധമായി വിവരിച്ചിരിക്കുന്നതാണ്.

1829-നും 1870-നും ഇടയിൽ മാന്നാനം, കൂനമ്മാവ് ആശ്രമങ്ങളിലിരുന്നുകൊണ്ട് അദ്ദേഹം എഴുതിവച്ചിരുന്ന കേരളസഭയിലെ 19-ാം നൂറ്റാണ്ടിലെ ചരിത്രമാണ് നാളാഗമങ്ങൾ എന്നു പറയാം. അദ്ദേഹം കുറിച്ചുവച്ച സംഭവങ്ങളെയെല്ലാം ചേരുംപടി ചേർത്ത് അടുക്കിവച്ചാൽ വ്യത്യസ്തങ്ങളായ നാലു ചരിത്രഗ്രന്ഥങ്ങളാകും.

ഒന്ന്: ഭാരത ക്രൈസ്തവചരിത്രത്തിൽ ആദ്യമായി ഉദയംകൊണ്ട സ്ത്രീപുരുഷന്മാർക്കുള്ള രണ്ടു നൈയ്യാമിക സന്യാസസഭകളുടെ തുടക്കവും അതിന്റെ വളർച്ചയിലെ വിവിധ ഘട്ടങ്ങളും ഉൾക്കൊള്ളുന്നതാണ്.

രണ്ട്: പ്രൊപ്പഗാന്ത, പദ്രുവാദോ ഭരണസംവിധാനങ്ങളിൽ 19-ാം നൂറ്റാണ്ടിൽ കേരളസഭയെ ഭരിച്ചിരുന്ന മെത്രാന്മാരെക്കുറിച്ചും അവരോടൊപ്പമുണ്ടായിരുന്ന മിഷണറിമാരെ കുറിച്ചുമുള്ള ചരിത്രം.

മൂന്ന്: 19-ാം നൂറ്റാണ്ടിൽ കേരളസഭയെ പിടിച്ചുകുലുക്കിയ പല സംഭവങ്ങളും അതിൽപ്പെട്ട പല വ്യക്തികളും ഉൾക്കൊള്ളുന്ന ചരിത്രം.

നാല്: വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ സെമിനാരി റെക്ടറും സി.എം.ഐ സഭാ സ്ഥാപനത്തിൽ മുൻപന്തിയിൽ നിന്നിരുന്ന വ്യക്തിയുമായ പാലയ്ക്കൽ തോമ്മാ മല്പാന്റെ ജീവചരിത്രം. ഈ നാലു ചരിത്രഭാഗങ്ങളെയും ഓരോന്നായി വിശദീകരിക്കയാണ് തുടർന്നുള്ള പ്രതിപാദനത്തിൽ.

1. സി.എം.ഐ, സി.എം.സി സഭകളുടെ തുടക്കവും പുരോഗതിയും

കർമ്മലീത്താ സഭാ നവീകരണരംഗത്ത് പ്രശസ്തയായിത്തീർന്ന ആവിലായിലെ വിശുദ്ധ അമ്മത്രേസ്യാ എഴുതിയ "The Book Of Foundations' എന്ന കൃതിയിലെ പ്രതിപാദന വിഷയങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, വാഴ്ത്തപ്പെട്ട ചാവറയച്ചൻ എഴുതിയ വിവരണങ്ങളിലെ സംഭവങ്ങൾ വ്യത്യസ്തമെങ്കിലും ആശയങ്ങളിൽ ധാരാളം സാമ്യം കണ്ടെത്താൻ കഴിയും. ഈ ചരിത്രഭാഗത്തിലെ പ്രധാന വിഷയങ്ങളാണ് ആശയരൂപീകരണം, അനുവാദം വാങ്ങൽ, സ്ഥലംകണ്ടെത്തൽ, നിർമാണപ്രവർത്തനങ്ങൾ, സമൂഹജീവിതക്രമങ്ങൾ, സ്ഥാപനങ്ങൾ, പ്രാർഥനാജീവിതവും അപ്പസ്തോലിക പ്രവർത്തനങ്ങളും, വളർച്ചയുടെ പടികൾ, തരണംചെയ്ത വഴികളും പ്രതിസന്ധികളും എന്നിവയെല്ലാം. വാഴ്ത്തപ്പെട്ട ചാവറയച്ചൻ എഴുതിയ ഇത്രയും ഭാഗങ്ങൾ വിലയിരുത്തിയാൽ, കേരളസഭയിൽ രൂപംകൊണ്ട സി.എം.ഐ, സി.എം.സി സഭകളുടെ സ്ഥാപക ചരിത്രവും അവയുടെ പ്രത്യേക സിദ്ധികളും എന്താണെന്നു വ്യക്തമാകും. അതിനാൽ ഈ രണ്ടു സന്യാസസഭകളുടെ ആധികാരിക ചരിത്രഗ്രന്ഥമാണ് 'നാളാഗമ' ത്തിലെ ഒരു ഭാഗം.

2. പ്രൊപ്പഗാന്ത, പദ്രുവാദോ സഭാധികാരികളും മിഷനറിമാരും

19-ാം നൂറ്റാണ്ട് കേരള സഭാചരിത്രത്തിലെ സംഭവബഹുലമായ ഒരു കാലഘട്ടമാണ്. ഈ കാലഘട്ടം പ്രധാനമായും പ്രൊപ്പഗാന്ത ഭരണസംവിധാനത്തിലായിരുന്നെങ്കിലും പദ്രുവാദോ സംവിധാനവും വെളിയിലും മറയിലും തുടർന്നിരുന്നു, അതിന്റേതായ പിടിമുറുക്കങ്ങളോടും പിരിമുറുക്കങ്ങളോടും കൂടി. ഈ രണ്ടു സംവിധാനങ്ങളിലുമുള്ള ഭരണാധികാരികളെക്കുറിച്ചും അവരുടെ നടപടികളെക്കുറിച്ചുമുള്ള സാമാന്യവിവരം വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ നാളാഗമത്തിൽനിന്നു ലഭ്യമാണ്. ആ കാലഘട്ടത്തിലെ മിഷനറിമാരെല്ലാം തന്നെ ഇറ്റാലിയൻ കർമലീത്തരും, മെത്രാന്മാർ അവരിൽനിന്നുണ്ടായവരും ആയിരുന്നു.

1802 മുതൽ സഭാഭരണം നയിച്ചിരുന്ന റെയ്മണ്ട് സൂര്യ, പീറ്റർ അൽക്കാന്ത്ര, മൗറേലിയൂസ് സ്തബിലീനി, ഫ്രാൻസിസ് സേവ്യർ, ലുദവിക്കോസ്, ബർണർഡിൻ, ലെയൊനാർദ് മെല്ലാനൊ എന്നീ വികാരി അപ്പസ്തോലിക്കമാരായിരുന്നു ചാവറയച്ചന്റെ കാലത്ത് വരാപ്പുഴ നിന്നു ഭരണം നടത്തിയിരുന്നത്. ഇവരോടൊപ്പം പ്രവർത്തിച്ചിരുന്ന മിഷനറി മൂപ്പച്ചന്മാരിൽ പ്രധാനികളാണ് മർസലിൻ, ലെയോപ്പോൾദ്, ഫിലിപ്പോസ്, ജരാർദ്, നിക്ലാവൂസ് എന്നിവരെല്ലാം . അന്നത്തെ സിറോമലബാർ സഭയുടെ ഭരണകാര്യങ്ങളിലും സി.എം.ഐ സഭയുടെ വളർച്ചയിലും ഇവ

രിൽനിന്നു പല തടസ്സങ്ങളും കയ്പേറിയ അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്. എങ്കിലും വീടും നാടും സുഖസൗകര്യങ്ങളും ഉപേക്ഷിച്ച് മിഷൻ പ്രവർത്തനത്തിനിവിടെ എത്തിയ മിഷനറിമാർ നമുക്കുവേണ്ടി വലിയ ത്യാഗം ചെയ്തിട്ടുള്ളവരായാണ് ചാവറയച്ചൻ ഇവരെക്കുറിച്ചു വിവരിക്കുന്നത്. ദുഃഖാനുഭവങ്ങൾ ദൈവപരിപാലനയുടെ ഭാഗമായി സ്വീകരിക്കാനും ചാവറയച്ചൻ അനുസ്മരിപ്പിക്കുന്നുണ്ട്. ഇന്ത്യയിൽ വേറൊരു സന്യാസസഭ മാതൃകയായി ഇല്ലാതിരുന്ന കാലത്ത് സന്യാസപരിശീലനത്തിൽ ഇവരിൽനിന്നു കിട്ടിയ നന്മകളെ അദ്ദേഹം നന്ദിയോടെ ഓർക്കുന്നു.

3. 19-ാം നൂറ്റാണ്ടിലെ കേരള സഭയിലെ സംഭവപരമ്പരകളും വ്യക്തികളും

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ജീവിതത്തിൽ 1599-ലെ ഉദയംപേരൂർ സൂനഹദോസ് മുതലിങ്ങോട്ടുള്ള 17-ാം നൂറ്റാണ്ട് വികാരതീവ്രതയേറിയ പ്രതിസന്ധികളുടെ കാലമായിരുന്നു. അതുകഴിഞ്ഞാൽ കോളിളക്കം നിറഞ്ഞതും സ്വാതന്ത്ര്യത്തിനുള്ള അഭിലാഷത്താൽ പിരിമുറുക്കം നിറഞ്ഞതുമായിരുന്നു 19-ാം നൂറ്റാണ്ട്. ഒരു വശത്തു പദ്രുവാദോ ശീശ്മ തലപൊക്കുന്നു. മറുവശത്തു നാട്ടുമെത്രാനു വേണ്ടിയുള്ള ശ്രമം നടക്കുന്നു. സ്വജാതി മെത്രാനെ ബാഗ്ദാദിൽ നിന്നെത്തിയ റോക്കോസ് മെത്രാനിൽ കണ്ടെത്തിയ ഭൂരിഭാഗം പള്ളികളും ജനങ്ങളും വലിയൊരു ശീശ്മയിൽ പതിച്ചു. വികാരി ജനറാൾ എന്ന സ്ഥാനത്തു നിന്നു ചാവറയച്ചനു ചുരുങ്ങിയ കാലം കൊണ്ടു ശീശ്മയെ ഒഴിവാക്കാൻ കഴിഞ്ഞു. ഈ രംഗത്ത് എല്ലാം നേരിട്ടറിഞ്ഞവനും ആധികാരികമായി ഇടപെട്ടവനും എന്നവിധം ഈ കാലഘട്ടത്തെക്കുറിച്ച് അദ്ദേഹം വിശദമായി എഴുതിയ ചരിത്രത്തിലും ആധികാരികമായ മറ്റൊരു രേഖയില്ല.

കേരള സഭയുടെ തനിമ നിലനിർത്തുന്നതിനും നാട്ടുമെത്രാനെ അവരോധിക്കുന്നതിനും വേണ്ടി കരിയാറ്റി, പാറേമ്മാക്കൽ കത്തനാർമാർ നടത്തിയ ശ്രമങ്ങളെ ശ്ലാഘിക്കുമ്പോൾ, 19-ാം നൂറ്റാണ്ടിൽ ഇതേ ലക്ഷ്യത്തിനുവേണ്ടി നേതൃത്വമെടുത്ത പലരുടെയും ഉദ്ദേശ്യശുദ്ധിയേയും പരിശ്രമങ്ങളേയും സംശയിക്കുക മാത്രമല്ല, ഇവരൊക്കെയാണ് ശീശ്മയ്ക്ക് വഴിതെളിച്ചത് എന്ന് അവരേക്കുറിച്ചുള്ള വിവരണത്തിൽ അദ്ദേഹം വ്യക്തമാക്കുന്നു. പനങ്കുഴ കുര്യപ്പു കത്തനാർ, ബാഗ്ദാദിൽ നിന്നെത്തിയ ദനഹ, കുടക്കച്ചിറ അന്തോനി, തൊണ്ടനാട്ടു അന്തോനിക്കത്തനാർമാർ, അന്തോനീസുബാവായുടെ സഭയിലെ രണ്ടു സന്യാസിമാർ ഇവരെല്ലാം സഭയിൽ ഭിന്നിപ്പുണ്ടാക്കാൻ നേതൃത്വമെടുത്തവരാണെന്നും ഇവരോടൊക്കെ പ്രതികരിച്ചവിധവും സംഭവങ്ങൾ നിരത്തിവച്ചുകൊണ്ട് അദ്ദേഹം നാളാഗമങ്ങളിൽ വിശദമാക്കുന്നു. പിന്നീട് അദ്ദേഹം പ്രൊപ്പഗന്താ തിരുസംഘത്തിനയച്ച കത്തുകൾ വേണ്ടവണ്ണം പരിഗണിച്ചിരുന്നെങ്കിൽ അദ്ദേഹത്തിന്റെ മരണശേഷം മറ്റൊരു 'മേലൂസ് ശീശ്മ' കേരളത്തിൽ നാമ്പെടുക്കുകയോ തീക്ഷ്ണമതികളായ ഏഴു സഭാംഗങ്ങളെ കേരള സഭയുടെ 'ഏഴു വ്യാകുലങ്ങ'ളായി ബഹിഷ്കരിക്കേണ്ടി വരികയോ ഇല്ലായിരുന്നു.



റോക്കോസ് മെത്രാനെ കപ്പലിലേയ്ക്ക് യാത്രയയ്ക്കുന്ന ചാവറയച്ചൻ - ചിത്രകാരനായ രാമചന്ദ്രൻ മാസ്റ്ററുടെ ഭാവനയിൽ

അധികാരത്തിനു വിധേയപ്പെട്ടുകൊണ്ട് മേലധികാരികളോട് സഹകരിക്കുന്നതിലാണ് നന്മയും വിശുദ്ധിയും അടങ്ങിയിരിക്കുന്നത് എന്നും അനുസരിക്കാനും അനുസരിപ്പിക്കാനും കഴിയാതെപോയ പിഴവുകൾ കേരളസഭയുടെ ആധ്യാത്മികതയെ വളരെയധികം ബാധിച്ചുവെന്നും ഈ കാരണങ്ങളാൽ തന്നെ "മാർത്തോമ്മാ ശ്ലീഹായാൽ തന്നെ സത്യവേദം കൈക്കൊണ്ട ഈ മലയാളം മച്ചി ആയിരിക്കയും അതിൽപിന്നെ സത്യവേദം കൈക്കൊണ്ട പല നാടുകളിലും ദ്വീപുകളിലും പല പുണ്യവാളന്മാരും ഉണ്ടായിരിക്കുന്നു" എന്നത് ഒരു ദുഃഖസത്യമാണെന്നും അദ്ദേഹം വേദനയോടെ നാളാഗമത്തിൽ അനുസ്മരിക്കുന്നു.

4. പാലയ്ക്കൽ തോമ്മാമല്പാന്റെ ജീവചരിത്രം

1864-ൽ കൂനമ്മാവ് കൊവേന്തയിലേക്ക് താമസം മാറിയ ചാവറയച്ചന് പാലയ്ക്കലച്ചന്റെ ജീവചരിത്രം എഴുതാൻ പ്രചോദനം നല്കിയത് ലയോപ്പോൾദ് മിഷനറിയാണ്. ഒരിക്കൽ മൂപ്പച്ചന്റെ മുമ്പിൽ തന്റെ ഗുരുവായ തോമ്മാമല്പാനെക്കുറിച്ചുള്ള മധുരസ്മരണകൾ ചാവറയച്ചൻ പങ്കുവച്ചു. എഴുതിവയ്ക്കുക, പിൻതലമുറകൾക്കും മാതൃകയും പ്രചോദനവുമാകാൻ ഉപകരിപ്പിക്കണം എന്ന അദ്ദേഹത്തിന്റെ നിർദേശത്തെ ശിരസാവഹിച്ചു ചാവറയച്ചൻ ഒരു ജീവചരിത്രകാരനായി മാറുകയായിരുന്നു. പാലയ്ക്കലച്ചന്റെ ജനനം മുതൽ മരണംവരെയുള്ള വിവിധ സംഭവങ്ങളും അദ്ദേഹത്തിന്റെ നിരവധിയായ സന്മാതൃകകളും ചർച്ചാവിഷയമായി. മല്പാന്റെ ചരിത്രം വിവരിക്കുമ്പോൾ ഉപകഥകൾ പോലെ ടിപ്പുസുൽത്താന്റെ കേരളാക്രമണവും പള്ളിപ്പുറം സെമിനാരിയിലെ വൈദികപരിശീലനവും യാക്കോബായ വൈദികരുടെ വേഷവിധാനങ്ങളോടു സാമ്യമുണ്ടായിരുന്ന സുറിയാനി കത്തോലിക്കാ വൈദികരുടെ വേഷത്തിൽ മാറ്റം വരുത്താനുണ്ടായ കാരണങ്ങളും പുതിയ ഗവേഷണത്തിനു രൂപംകൊടുത്ത രീതികളും ഗുരുവിന്റെ ഗുരുവിനെ പെരുന്നാളിനു കാണാൻ പോയ വിശേഷങ്ങളും ദൈവമാതാവിനോടുള്ള ഭക്തി പ്രചരിപ്പിച്ച വഴികളുമെല്ലാം വിവരിക്കുന്നുണ്ട്.

മലയാളഭാഷയിൽ എഴുതിയ ആദ്യത്തെ ജീവചരിത്രമായി കണക്കാക്കപ്പെടുന്നത് മലയാള വ്യാകരണകർത്താവുകൂടിയായ ഹെർമൻ ഗുണ്ടർട്ട് വിശുദ്ധ പൊലിക്കാർപ്പിനെക്കുറിച്ചെഴുതിയ 'പൊലിക്കാർപ്പൻ' എന്ന കൃതിയാണ്. എന്നാൽ, നമ്മുടെ നാട്ടിൽ ജീവിച്ച ഒരു വ്യക്തിയെക്കുറിച്ച് മലയാളത്തിൽ എഴുതിയ ആദ്യജീവചരിത്രം ചാവറയച്ചനെഴുതിയ പാലയ്ക്കലച്ചന്റെ ജീവചരിത്രമായിരിക്കും.

മുകളിൽ സൂചിപ്പിച്ച നാലു ചരിത്രാവലോകനങ്ങൾ കൂടാതെ നാളാഗമത്തിൽ അവിടവിടെയായി ചിതറിക്കിടക്കുന്ന, തിരുവിതാംകൂർ രാജാക്കന്മാർക്ക് ഏറ്റുമാനൂരും ആലുവായിലും കൊടുത്ത സ്വീകരണവും ബോംബെ മദാമ്മയുടെ കൂനമ്മാവു ബന്ധുവും കൊങ്ങിണി സ്ത്രീയുടെ മാനസാന്തരചരിത്രവും ഒന്നാം വത്തിക്കാൻ സൂനഹദോസിനോടു ബന്ധപ്പെടുത്തിയുള്ള വിവരണങ്ങളും കൂട്ടിച്ചേർത്താൽ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ നാളാഗമത്തിന്റെ ഏതാണ്ട് സമ്പൂർണവിവരണമാകും. നാളാഗമത്തിലെ ഓരോ സംഭവവിവരണത്തിലൂടെയും കടന്നുപോകുമ്പോൾ അഗാധമായ എളിമ, സഭാധികാരികളോടുള്ള വിധേയത്വം, ദൈവപരിപാലനയിലുള്ള ആശ്രയബോധം, ക്ഷമാശീലം, ദീർഘവീക്ഷണം, സത്യസന്ധത, ആർദ്രത, നിർഭയത്വം, പരസ്നേഹം, ശത്രുസ്നേഹം, വ്യക്തിബഹുമാനം, മതസഹിഷ്ണുത എന്നിങ്ങനെയുള്ള സുകൃതങ്ങളുടെ വിളനിലമായിരുന്നു അദ്ദേഹം എന്നും സ്പഷ്ടമാകുന്നുണ്ട്.

N.B. കാണുക: ചാവറയച്ചന്റെ സമ്പൂർണകൃതികൾ, വാല്യം 1, നാളാഗമങ്ങൾ മാന്നാനം 1981.

തീക്ഷ്ണതയുള്ളവരാകുവിൻ

ചാവറയച്ചൻസഭാംഗങ്ങൾക്കെഴുതിയ മരണപത്രികയിൽനിന്ന്:

''...കൊവേന്തക്കാരോടു ഞാൻ അപേക്ഷിക്കുന്നു. ഇവിടെ ഈ സഭയിൽ ഒന്നാമത്തവനായി ഞാൻ വ്രതം ചെയ്തു. ഒന്നാം പ്രിയോരും ഞാൻ ആയി. എന്നാൽ നമ്മുടെ രേഗുള നൃയപ്രമാണം അനുസരിക്കാനും അനുസരിപ്പിക്കാനും എന്റെ മേൽ ഏല്പിച്ച കടമ ഞാൻ മുഴുവനായിട്ടു നിർവഹിച്ചില്ല. നല്ല മാതൃക ഞാൻ തന്നുമില്ല. അതിനാൽ ഞാൻ നിങ്ങൾക്കു നൽകിയിട്ടുള്ള ദുർമാതൃകകൾ ക്ഷമിക്കണമെന്നും ഞാൻ തന്നെ മാതൃക നോക്കാതെ നിങ്ങൾ എന്റെ കുറവുകളും കൂടി തീർത്ത് ജീവിതത്തിൽ കൂടുതൽ തീക്ഷ്ണതയുള്ളവരായിരിക്കണമെന്ന് അപേക്ഷിക്കുന്നു.''

(*ചാവറയച്ചന്റെ കത്തുകൾ* പേജ് 103)

എനിക്കുവേണ്ടി മാത്രമല്ല, മറ്റുള്ളവർക്കുംകൂടി

ചാവറയച്ചൻ തന്റെ ജ്യേഷ്ഠന്റെ മകളുടെ മകനായ യൗസേപ്പച്ചന് എഴുതുന്ന കത്തിൽനിന്ന്:

''...തമ്പുരാന് സ്തുതിയായിരിക്കട്ടെ. എന്റെ പ്രവർത്തിയുടെ നാഴിക തീരാറായിരിക്കുന്നു. ഇനി ഏറെയില്ല. എന്നാൽ സർവേശ്വരൻ കാരണവന്മാർക്ക് കൊടുത്തതിൽ അധികം ആയുസ് എനിക്കു തന്നു. ദൈവത്തിന്റെ ഈ അധിക കൃപ എനിക്കു വേണ്ടിമാത്രം തന്നതല്ല മറിച്ച് മറ്റുള്ളവർക്കും കൂടി വേണ്ടിയുള്ളതായിരുന്നു എന്ന് ഞാനിപ്പോൾ സ്പഷ്ടമായി തിരിച്ചറിയുന്നു. എന്നാൽ ഞാനതു വേണ്ടവണ്ണം ഫലിപ്പിക്കാതെ ഒരു താലന്തു ലഭിച്ചവനെപ്പോലെ കുഴിച്ചുമൂടി നശിപ്പിച്ചുവല്ലോ എന്ന് മനസാക്ഷി എന്നെ ഇപ്പോൾ അധികം കുറ്റപ്പെടുത്തുന്നു.... എന്നാൽ എന്നെ ശക്തിപ്പെടുത്തുന്നവൻ വഴി എല്ലാം എനിക്ക് സാധ്യമാണ് എന്ന മിശിഹായുടെ വചനത്തിൽ ശരണപ്പെട്ടുകൊണ്ട്, തമ്പുരാൻ തരുന്നിടത്തോളം സമയം അവിടുത്തെ സ്തുതിക്കായിട്ടുമാത്രം ജീവിച്ച് എന്റെ ദൈവവിളിക്കനുസരിച്ച് ജോലി ചെയ്യുവാൻ നിശ്ചയിച്ചു.... കൂടപ്പിറപ്പുകൾ കുഞ്ഞനുജന്മാർക്ക് ഒക്കെയ്ക്കും കർത്താവിൽ സമാധാനം പറഞ്ഞുകൊണ്ട് എനിക്ക് നല്ല അവസരം തരുവാൻ അപേക്ഷിക്കണമെന്ന് പറയണം.''

(*ചാവറയച്ചന്റെ കത്തുകൾ* പേജ് 81, 82)



ഡോ. ലൂക്കാസ് വിത്തുവട്ടിക്കൽ സി.എം.ഐ
പോസ്റ്റുലേറ്റർ

നാമകരണനടപടികളും ചാവറയച്ചനും

ക്രൈസ്തവപുണ്യങ്ങൾ വീരോചിതമായി അഭ്യസിച്ചവരുടെ വിശുദ്ധജീവിതത്തിനു സഭ നൽകുന്ന ഔദ്യോഗികമായ അംഗീകാരമാണ് നാമകരണം. നാമകരണനടപടികൾ ഔദ്യോഗികമായി ആരംഭിക്കപ്പെട്ട വ്യക്തിയെ സഭ ദൈവദാസനെന്ന് വിളിക്കുന്നു. വിശുദ്ധനെന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെടുന്നതാണ് നാമകരണം. 1986 ഫെബ്രുവരി എട്ടിന് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ കോട്ടയത്തു വച്ച് ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി



1986 ഫെബ്രുവരി എട്ടിനു കോട്ടയത്ത് ജോൺപോൾ രണ്ടാമൻ മാർപാപ്പാ ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചപ്പോൾ



റവ. ഡോ.ആന്റണി വള്ളവന്താ സി.എം.ഐ വൈസ് പോസ്റ്റുലേറ്റർ, മാന്നാനം

പ്രഖ്യാപിച്ചു. നാമകരണനടപടിക്രമത്തിലെ പാതിവഴിയാണ് വാഴ്ത്തപ്പെട്ടവനായുള്ള പ്രഖ്യാപനം. നാമകരണത്തിനുള്ള ആദ്യ പടിയെന്നും പറയാം.

ഒരാളെ വിശുദ്ധനായോ വാഴ്ത്തപ്പെട്ടവനായോ പ്രഖ്യാപിക്കുന്നത് മാർപാപ്പയാണ്. വാഴ്ത്തപ്പെട്ടവനായുള്ള പ്രഖ്യാപനം അന്തിമ നടപടിയല്ല. വിശുദ്ധനായുള്ള പ്രഖ്യാപനമാണ് അന്തിമം. ഇതാണ് ഇവ തമ്മിലുള്ള പ്രധാന വ്യത്യാസം.

വാഴ്ത്തപ്പെട്ടവനും വിശുദ്ധനും നൽകാവുന്ന വണക്കം സംബന്ധിച്ചും വ്യത്യാസങ്ങളുണ്ട്. വാഴ്ത്തപ്പെട്ടവനുള്ള വണക്കം ഒരു രൂപതയിലോ പ്രദേശത്തോ രാജ്യത്തോ ഒരു സന്യാസസമൂഹത്തിലോ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ വിശുദ്ധനുള്ള വണക്കം സാർവത്രിക സഭയിലാകമാനമാണ് നൽകപ്പെടുന്നത്.

വാഴ്ത്തപ്പെട്ടവന്റെ തിരുനാൾ, അദ്ദേഹത്തിന്റെ രൂപതയിൽ മാത്രമാണ് കൊണ്ടാടാനാകുന്നത്. സന്യാസിയാണെങ്കിൽ അദ്ദേഹത്തിന്റെ സഭയുടെ എല്ലാ ഭവനത്തിലും കൊണ്ടാടാം. എന്നാൽ വിശുദ്ധന്റെ തിരുനാൾ സാർവത്രിക സഭയിലാകമാനം കൊണ്ടാടണമെന്ന് നിർബന്ധമാണ്.


വാഴ്ത്തപ്പെട്ടവനെക്കുറിച്ച് അദ്ദേഹത്തിന്റെ സന്യാസസമൂഹത്തിൽ പ്രത്യേക കാനോന നമസ്കാരം അനുവദിക്കപ്പെട്ടിരിക്കുന്നു. എന്നാൽ വിശുദ്ധരെ സംബന്ധിച്ച് ആഗോളസഭയിൽ പ്രത്യേക കാനോന നമസ്കാരമുണ്ട്. വിശുദ്ധ കുർബാനയിൽ പ്രത്യേക പ്രാർഥന ചൊല്ലുന്നതിനുള്ള അനുമതിയുടെ വ്യവസ്ഥയും ഇതുതന്നെ.

വാഴ്ത്തപ്പെട്ടവന്റെ നാമധേയത്തിൽ ദേവാലയം സ്ഥാപിക്കുന്നതിന് മാർപാപ്പയുടെ പ്രത്യേക അനുമതി വേണം. ആവശ്യപ്പെടുന്നവർക്ക് അതു നൽകുന്നതാണ്. വാഴ്ത്തപ്പെട്ടവന്റെ ശിരസിനു ചുറ്റും പ്രഭാവലയം വരച്ചുചേർക്കരുത്. പ്രകാശരശ്മികൾ പ്രസരിക്കുന്നതായി വരയ്ക്കാം.

വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെട്ട ഒരു വ്യക്തിയെ വിശുദ്ധനായി നാമകരണം ചെയ്യുന്നതിനുള്ള നടപടിക്രമം ഇതാണ്. വാഴ്ത്തപ്പെട്ടവനായുള്ള പ്രഖ്യാപനത്തിനുശേഷം വാഴ്ത്തപ്പെട്ടവന്റെ മധ്യസ്ഥതയിൽ ദൈവം ഒരു അദ്ഭുതം പ്രവർത്തിക്കണമെന്നുള്ളതാണ് സുപ്രധാനമായ ഒരു വ്യവസ്ഥ. വാഴ്ത്തപ്പെട്ടവന്റെ വിശുദ്ധിക്കു ലഭിക്കുന്ന ഒരു ദൈവിക അടയാളമായി പരിശുദ്ധ സിംഹാസനം കണക്കാക്കുന്നു.

അദ്ഭുതം നടന്നതായി വിവരം ലഭിച്ചാൽ, അദ്ഭുതം നടന്ന സ്ഥലത്തെ മെത്രാൻ ഇതേക്കുറിച്ചുള്ള അന്വേഷണം ആരംഭിക്കും. നാമകരണത്തിനായുള്ള തിരുസംഘത്തിന്റെ അംഗീകാരത്തോടെ ഇതിനായി ഒരു ട്രൈബ്യൂണലിനെ നിയമിക്കും. തുടർന്ന് രൂപതാതലത്തിൽ നടന്ന അന്വേഷണത്തിന്റെ കനോനിക്കൽ സാധുത തിരുസംഘം പരിശോധിക്കും. സാധുത സംബന്ധിച്ച കൽപന പുറപ്പെടുവിപ്പിക്കുകയും ചെയ്യും.

നടപടിക്രമത്തിന്റെ സാധുത, തിരുസംഘം അംഗീകരിക്കുന്നതോടെ, പോസ്റ്റുലേറ്റർ ഈ അദ്ഭുതം സംബന്ധിച്ച ഒരു 'പൊസിസിയോ' അച്ചടിച്ച് നാമകരണത്തിനുള്ള തിരുസംഘത്തിന്റെ മെഡിക്കൽ ബോർഡിന്റെ പരിശോധനയ്ക്ക് അയയ്ക്കും . മെഡിക്കൽ ബോർഡ് അംഗീകരിക്കുന്നപക്ഷം പ്രശ്നം ദൈവശാസ്ത്രജ്ഞന്മാരുടെ ഒരു സംഘത്തിന്റെ പരിശോധനയ്ക്ക് അയയ്ക്കും. ദൈവശാസ്ത്രജ്ഞന്മാരും അംഗീകരിക്കുന്നപക്ഷം തിരുസംഘത്തിലെ കർദിനാളന്മാർ പ്രശ്നം വിശദമായി ചർച്ച ചെയ്യും. അവരും



കൂനമ്മാവിൽ ചാവറയച്ചൻ താമസിച്ചിരുന്ന മുറി

അംഗീകരിച്ചാൽ നാമകരണത്തിനുള്ള തിരുസംഘം വിശുദ്ധനായുള്ള പ്രഖ്യാപനത്തിനായുള്ള കൽപന തയാറാക്കി മാർപാപ്പയുടെ കൈയൊപ്പിനായി സമർപ്പിക്കുന്നു. ഇതു മാർപാപ്പ നടത്തുന്ന ആദ്യവസാന സ്വഭാവമുള്ള പ്രഖ്യാപനമാണ്. മാർപാപ്പയുടെ അധ്യക്ഷതയിൽ നടക്കുന്ന ഒരു പൊതുചടങ്ങിൽവച്ച് ഈ കൽപന പ്രസിദ്ധീകരിക്കും.

ചാവറയച്ചനെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുവേണ്ട ദൈവിക അടയാളം എത്രയുംവേഗം ലഭിക്കുന്നതിന് നമുക്ക് തീക്ഷ്ണമായി പ്രാർഥിക്കാം.

1986 ഫെബ്രുവരി എട്ടിന് ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി മാർപാപ്പ നടത്തിയ പ്രഖ്യാപനം ഭാരതസഭയുടെ പ്രത്യേകിച്ചും സീറോ മലബാർ സഭയുടെ ദീർഘകാലമായുള്ള പ്രാർഥനയുടെയും ആഗ്രഹത്തിന്റെയും സാക്ഷാത്കാരമാണ്.

1871 ജനുവരി മൂന്നിന് കൂനമ്മാവിലെ വിശുദ്ധ ഫിലോമിനയുടെ നാമധേയത്തിലുള്ള ആശ്രമത്തിൽവച്ചാണ് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ മരിച്ചത്. ചാവറയച്ചന്റെ ആധ്യാത്മിക പിതാവും ഏഴുവർഷത്തെ കുമ്പസാരക്കാരനുമായിരുന്ന ഫാ. ലെയോപ്പോൾദ് ബെക്കാറോയ്ക്ക് അദ്ദേഹത്തിന്റെ വിശുദ്ധിയെക്കുറിച്ച് വലിയ ബഹുമാനം ഉണ്ടായിരുന്നു. ചാവറയച്ചന്റെ മരണദിവസം ഫാ. ലെയോപ്പോൾദ് തന്റെ ഡയറിയിൽ അച്ചന്റെ ഹ്രസ്വമായ ഒരു ജീവിതചരിത്രക്കുറിപ്പ് എഴുതിയിരുന്നു. ആ കുറിപ്പ് പൂർത്തിയാക്കപ്പെടുന്നത് ഈ വാക്കുകളോടെയാണ്: 'ദ, ആനിമ ബെല്ല ഏസാന്താ, പ്രെഗപെർമെ' (വിശുദ്ധവും സുന്ദരവുമായ ആത്മാവേ, എനിക്കുവേണ്ടി പ്രാർഥിക്കണമേ)

മരണത്തിന് ആറുമാസംമുമ്പ് 1870 ഓഗസ്റ്റിൽ ചാവറയച്ചൻ തന്റെ ഒസ്യത്ത് തയാറാക്കിയിരുന്നു. താൻ സ്ഥാപിച്ച രണ്ടു സഭയുടെയും -പുരുഷന്മാരുടെയും വനിതകളുടെയും-ഭാവിയെ സംബന്ധിച്ച് ചില ചിന്തകൾ ഉൾക്കൊള്ളുന്നു. ഒപ്പം തന്റെ സന്യാസസഭാംഗങ്ങൾക്കുള്ള ഹൃദ്യമായ ചില ഉപദേശങ്ങളും. ഒരു നവസന്യാസിയുടെ കൈവശം മുദ്രവച്ച കവറിലാണ് ഇതു സൂക്ഷിച്ചിരുന്നത്. ചാവറയച്ചൻ നിർദേശിച്ചിരുന്നപ്രകാരം ആ നവസന്യാസി താൻ കൈവശമുണ്ടായിരുന്ന ഒസ്യത്ത് ഫാ. ലെയോപ്പോൾദിനെ ഏൽപിച്ചു.

ഒസ്യത്ത് ലെയോപ്പോൾദ് അച്ചനെ വല്ലാതെ ഉലച്ചു. അദ്ദേഹം അതിന്റെ കോപ്പിയെടുത്ത് അന്നുണ്ടായിരുന്ന എല്ലാ ആശ്രമത്തിലേക്കും അയച്ചു.

ചാവറയച്ചൻ ഉപയോഗിച്ചിരുന്ന സന്യാസവസ്ത്രം പോലുള്ള സ്വകാര്യ വസ്തുക്കളും ലെയോപ്പോൾദ് അച്ചൻ ഇങ്ങനെ വിവിധ ആശ്രമങ്ങളിലേക്ക് അയച്ചുകൊടുക്കുകയും ചാവറയച്ചന്റെ തിരുശേഷിപ്പുകളായി സൂക്ഷിക്കണമെന്നു നിർദേശിക്കുകയും ചെയ്തു. ചാവറയച്ചന്റെ നാമകരണത്തിനുള്ള നടപടികൾ ആരംഭിക്കണമെന്ന് ലെയോപ്പോൾദ് അച്ചനുണ്ടായിരുന്നു. ഒസ്യത്തിന്റെ കോപ്പികളും തിരുശേഷിപ്പുകളും ആശ്രമങ്ങൾക്ക് അയച്ചുകൊടുത്തതും ഈ ലക്ഷ്യത്തോടെയാണ്. എന്നാൽ 1875ൽ ലെയോപ്പോൾദച്ചനെ മേലധികാരികൾ ഇറ്റലിയിലേക്ക് തിരികെ വിളിച്ചതുകൊണ്ട് ഈ ദിശയിൽ കൂടുതലായി ഒന്നും ചെയ്യാനായില്ല. പിന്നീടുള്ള കാലം മലബാർ സഭയുടെ ചരിത്രത്തിലെ കലുഷിതമായ കാലഘട്ടമായിരുന്നു. ആർക്കും നാമകരണത്തെക്കുറിച്ച് ചിന്തിക്കാനേ കഴിയുമായിരുന്നില്ല. എന്നാൽ 1936 ആയപ്പോഴേക്കും ഒരു പുത്തൻ ഉണർവുണ്ടായി. പ്രത്യേകിച്ചും സന്യാസസഭയിൽ. ചാവറ കുര്യാക്കോസച്ചന്റെ നാമകരണത്തിനുള്ള നടപടികൾ ആരംഭിക്കണമെന്ന് പല ആശ്രമങ്ങളും സഭയുടെ പൊതുഭരണനേതൃത്വത്തിന് എഴുതി.

1937ൽ ചേർന്ന പൊതുസംഘം ഇക്കാര്യം ഗൗരവമായി കണക്കിലെടുത്തു. പ്രാഥമിക നടപടി എന്നനിലയിൽ ചാവറയച്ചന്റെ ആധികാരികമായ ഒരു ജീവിതചരിത്രം തയാറാക്കണമെന്നും തീരുമാനിക്കപ്പെട്ടു. ചാവറയച്ചനെ സാധാരണക്കാർക്ക് കൂടുതൽ അടുത്തറിയാനും നാമകരണനടപടികൾ തുടങ്ങാനും അവസരമുണ്ടാക്കാനായിരുന്നു അത്. ഫാ. സൈമൺ പാട്ടാശേരി സി.എം.ഐയെ ഈ ദൗത്യം ഏൽപിച്ചു. ഫാ. വലേറിയൻ പ്ലാത്തോട്ടം സി.എം.ഐയെ സഹായിയായും നിയോഗിച്ചു. 1939ൽ വെരി.റവ. ചാവറ കുര്യാക്കോസ് ഏലിയാസ് എന്നപേരിൽ ഈ ജീവിതചരിത്രം, ഫാ. വലേറിയന്റെ ഗ്രന്ഥകർതൃത്വത്തിൽ പ്രസിദ്ധീകരിച്ചു. ചങ്ങനാശേരി മെത്രാനായിരുന്ന ജയിംസ് കാളാശേരിയുടെ

അംഗീകാരത്തോടെയാണ് പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടത്.


ജീവിതചരിത്രം പ്രസിദ്ധീകരിക്കപ്പെട്ടതോടെ ചാവറയച്ചന്റെ ജീവിതവിശുദ്ധിയേയും പുണ്യങ്ങളേയുംകുറിച്ച് കൂടുതൽപേർ അറിയാൻ തുടങ്ങി. അവരുടെ ആത്മീയവും ഭൗതികവുമായ ആവശ്യങ്ങൾക്കുവേണ്ടി ചാവറയച്ചന്റെ മാധ്യസ്ഥ്യം പ്രാർഥിച്ചും തുടങ്ങി. ഉദ്ദിഷ്ടകാര്യം സാധിച്ചതിനുള്ള ഉപകാരസ്മരണകൾ പത്രങ്ങളിലും വാരികകളിലും പ്രത്യക്ഷപ്പെടുകയും ചെയ്തു.

1953ലെ അത്യുന്നത കർദിനാൾ യൂജിൻ ടിസറാംഗിന്റെ മലബാർസന്ദർശനത്തോടെ നീക്കങ്ങൾ ശക്തമായി .അന്നത്തെ പ്രിയോർ ജനറൽ ഫാ.മാവുരൂസ് വലിയപറമ്പിലിനോട് നാമകരണനടപടികൾ ആരംഭിക്കാൻ അദ്ദേഹം നിർദേശിച്ചു. ജനറൽ കൗൺസിലിന്റെ അനുമതിയോടെ ഇതിനായി മാവുരൂസച്ചൻ, റീത്തുകൾക്കായുള്ള തിരുസംഘത്തിനെഴുതി.

1955ൽ റീത്തുകൾക്കായുള്ള തിരുസംഘത്തിന്റെ അനുമതിയായി. ചാവറ കുര്യാക്കോസച്ചന്റെ കുഴിമാടം സ്ഥിതിചെയ്യുന്ന മാന്നാനം, ചങ്ങനാശേരി അതിരൂപതയിലായതുകൊണ്ട് ചങ്ങനാശേരി ബിഷപ് മാർ മാത്യു കാവുകാടിനോട് ചാവറയച്ചന്റെ ജീവിതത്തെയും പുണ്യങ്ങളെയും കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള രൂപതാനടപടികൾ ആരംഭിക്കാൻ നിർദേശിച്ചു. 1871ൽ മരിച്ച ചാവറയച്ചന്റെ നാമകരണനടപടികൾ 1955 ൽ മാത്രം ആരംഭിക്കുന്നതുകൊണ്ട് ഇതൊരു 'ചരിത്ര നടപടി'യായി കണക്കാക്കണമെന്ന് നിർദേശിച്ചു. തന്മൂലം പൊതുസംഘം, ഫാ. പ്ലാസിഡ് പൊടിപാറ സി.എം.ഐയെ പോസ്റ്റ്ലേറ്ററായി നിയോഗിച്ചു. 1957 ഡിസംബർ 31ന് ആർച്ച്ബിഷപ് മാർ മാത്യു കാവുകാട് ചരിത്ര കമ്മീഷനെ നിയോഗിച്ചു. ഫാ. കുര്യൻ വഞ്ചിപ്പുരയ്ക്കലായിരുന്നു അധ്യക്ഷൻ. ഫാ. ആൻസലം പെരുമാലി, സെക്രട്ടറി ഫാ. ആന്റണി കൈതറമൂന്നാം അംഗവും. (മൂന്നുപേരും നിത്യസമ്മാനത്തിനു വിളിക്കപ്പെട്ടു) ചാവറയച്ചന്റേതായുള്ള രേഖകളും രചനകളും ശേഖരിക്കുകയും ശാസ്ത്രീയമായി പഠിച്ച് റിപ്പോർട്ട് തയാറാക്കുകയുമായിരുന്നു ലക്ഷ്യം.

നാമകരണനടപടികൾക്ക് മുന്നോടിയായി, ചങ്ങനാശേരി മെത്രാപ്പോലീത്ത നിയോഗിച്ച ഈ ചരിത്രകമ്മീഷനാണ് വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ പല രചനകളും കണ്ടെത്തി വെളിച്ചത്തു കൊണ്ടുവന്നത്. വാഴ്ത്തപ്പെട്ട ചാവറയച്ചനുമായി ബന്ധപ്പെട്ട രേഖകൾക്കായി കമ്മീഷനംഗങ്ങൾ ഓരോരുത്തരും ഇന്ത്യയിലെയും വിദേശത്തെയും വിവിധ ആർക്കൈവ്സുകൾ പരിശോധിക്കുകയും രേഖകൾ ശേഖരിക്കുകയും ചെയ്തു. ചാവറയച്ചനുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളും ഓഫീസുകളുമായും അവർ ബന്ധപ്പെടുകയും ആൾക്കാരെ കാണുകയും വാഴ്ത്തപ്പെട്ട ചാവറയച്ചനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

വിവിധ സ്ഥാപനങ്ങളിലും ആർക്കൈവ്സുകളിലും നിന്നായി പുസ്തകങ്ങളും കൈയെഴുത്തുപ്രതികളുമായി 210 രേഖകൾ അവർ കണ്ടെത്തി. ചാവറയച്ചന്റെയും അദ്ദേഹത്തിന്റെ സമകാലികരുടെയും രചനകൾ, ചാവറയച്ചനെക്കുറിച്ചുള്ള രചനകൾ എന്നിവയായിരുന്നു ഇവ. തിരുവന



കൂനമ്മാവിൽ ചാവറയച്ചൻ മരണമടഞ്ഞ മുറിയിൽ അദ്ദേഹത്തിന്റെ മരണം ചിത്രീകരിച്ചിക്കുന്നു

ന്തപുരം മാനുസ്ക്രിപ്റ്റ് ലൈബ്രറിയുടെ ഡയറക്ടറായിരുന്ന ശൂരനാട് കുഞ്ഞൻപിള്ളയുടെയും അദ്ദേഹത്തിന്റെ ചിത്രാക്ഷര രചനാവിദഗ്ധരായ സഹായികളുടെയും സഹായം അവർ തേടി. അന്നത്തെ ആഭ്യന്തരമന്ത്രിയായിരുന്ന പി.ടി. ചാക്കോയുടെ സഹായത്തോടെ പോലീസ് വകുപ്പിലെ ക്രൈംബ്രാഞ്ചിന്റെ സഹായവും അവർ തേടി. നിരവധി ദിവസങ്ങൾ അവർ ഒന്നിച്ചുപ്രവർത്തിച്ചു. ഉപയോഗിച്ച കടലാസ്, മഷി, ചിത്രാക്ഷരങ്ങൾ, ഒപ്പുകൾ എന്നിവയെ അടിസ്ഥാനമാക്കിയും പരസ്പരം തുലനം ചെയ്തും ഈ രചനാശേഖരത്തിൽനിന്നും വാഴ്ത്തപ്പെട്ട ചാവറയച്ചന്റെയും സമകാലീനരുടെയും നിസ്തർക്കമായ രചനകൾ കണ്ടെത്തി. ഇത്തരം 38 രേഖകൾ ഉണ്ടായിരുന്നു. അവയിൽ 27 എണ്ണം മലയാളത്തിലും ഒമ്പതെണ്ണം സുറിയാനിയിലും ഓരോന്ന് ലത്തീനിലും സുറിയാനിയിലും ഉള്ളതുമായിരുന്നു.

ചാവറയച്ചന്റെ രചനകളും രേഖകളും ശേഖരിക്കാനുള്ള ചരിത്രകമ്മീഷന് അന്വേഷണത്തിന് കൂടുതൽ സമയം വേണ്ടിവരുമെന്നതിനാൽ ആർച്ച്ബിഷപ് മാർ മാത്യു കാവുകാട്ട് 1962 ഓഗസ്റ്റ് 15നും ഒരു ട്രൈബ്യൂണലിനെ നിയോഗിച്ചു. ദൈവദാസന്റെ ജീവിതത്തെയും പുണ്യങ്ങളെയും കുറിച്ച് വിവരങ്ങൾ ശേഖരിക്കുകയായിരുന്നു കമ്മീഷന്റെ ചുമതല. ഫാ. റോമിയോ തോമസ് സി.എം.ഐ ആയിരുന്നു ട്രൈബ്യൂണലിന്റെ ഡെലിഗേറ്റ് ചീഫ് ജഡ്ജ്. ഫാ. ഈപ്പൻ അയിലുപ്പറമ്പിൽ, ഫാ. നിക്കോളാസ് പെരുമാലിൽ എന്നിവർ സഹജഡ്ജികളായിരുന്നു. ഫാ. പൗളിനോസ് ജീരകത്ത് സി.എം.ഐ, ഫാ. മത്തിയാസ് മുണ്ടാടൻ സി.എം.ഐ എന്നിവർ ട്രൈബ്യൂണലിലെ പ്രമോട്ടർ ഓഫ് ജസ്റ്റീസായിരുന്നു. ഫാ. ജോസഫ് മടുക്കക്കുഴിയായിരുന്നു നോട്ടറി. ജോസഫ് കർസറും. ട്രൈബ്യൂണൽ ഉടൻ സാക്ഷികളുടെ തെളിവെടുപ്പാരംഭിച്ചു. 501 സെഷനുകളിലായി 104 സാക്ഷികളെ വിസ്തരിച്ചു. 1967ൽ ഫാ. റോമിയോ തോമസിന് അനാരോഗ്യംമൂലം പ്രവർത്തിക്കാനാകാതെവന്നപ്പോൾ ആർച്ച്ബിഷപ് മാത്യു കാവുകാട്ട് അദ്ദേഹത്തിന്റെ രാജി സ്വീകരിക്കുകയും ഫാ. ലൂക്കാസ് വിത്തുവട്ടിക്കലിനെ ട്രൈബ്യൂണലിന്റെ പ്രസിഡന്റായി നിയമിക്കുകയും ചെയ്തു. ട്രൈബ്യൂണലുകളുടെ നടപടികളും രേഖകളുമെല്ലാം ലത്തീനിലേക്ക് വിവർത്തനം ചെയ്യുകയും അവയുടെ കോപ്പികൾ എടുക്കുകയും ചെയ്തശേഷം ട്രൈബ്യൂണലുകളുടെ പ്രവർത്തനം മാന്നാനം ആശ്രമത്തോടുചേർന്നുള്ള സെന്റ് ജോസഫ്സ് ദേവാലയത്തിൽവച്ച് ആർച്ച്ബിഷപ് മാർ ആന്റണി പടിയറ ആഘോഷമായി സമാപിപ്പിച്ചു.

1971ൽ ട്രൈബ്യൂണലിന്റെ രേഖകളും നടപടികളും റോമിലെ വിശുദ്ധരുടെ നാമകരണനടപടികൾക്കുള്ള തിരുസംഘത്തിനയച്ചുകൊടുത്തു.

തിരുസംഘം ആദ്യമായി ചെയ്തത്, ചങ്ങനാശേരി അതിരൂപതയിൽ നടന്ന കാനോനിക്കൽ നടപടിക്രമങ്ങളുടെ സാധുതയുടെ പരിശോധനയും വിലയിരുത്തലുമായിരുന്നു. 1972ൽ ഇവയുടെ സാധുത അംഗീകരിച്ചുകൊണ്ട് തിരുസംഘം കല്പന പുറപ്പെടുവിച്ചു. വിശ്വാസത്തെയും സന്മാർഗത്തെയുംകുറിച്ചുള്ള ദൈവദാസന്റെ രചനകളുടെ പരിശോധനയായിരുന്നു അടുത്തഘട്ടം. ഇവയിൽ സഭാപഠനങ്ങൾക്ക് വിരുദ്ധമായ ഒന്നുമില്ലെന്ന് 1973ൽ തിരുസംഘം പ്രഖ്യാപിച്ചു. പ്രാഥമിക നടപടിക്രമങ്ങളെല്ലാം പൂർത്തിയായി. ഇനിയുള്ളത് നാമകരണനടപടികൾക്കായുള്ള പോസ്റ്റ്ലേറ്റർ പൊസിസിയോ എന്ന രേഖ തയാറാക്കലാണ്.

സി.എം.ഐ സഭ ഫാ. ലൂക്കാസ് വിത്തുവട്ടിക്കൽ സി.എം.ഐയോട് ഈ രേഖ (പൊസിസിയോ) തയാറാക്കുവാൻ ആവശ്യപ്പെട്ടു. സഹായിക്കുന്നതിന് ഫാ. ജോസഫ് വട്ടത്തറ സി.എം.ഐ നിയുക്തനായി. ദൈവദാസനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ജീവിത

ത്തെയും പുണ്യങ്ങളെയുംകുറിച്ചുള്ള പൊസിസിയോ ലത്തീനിൽ തയാറാക്കപ്പെട്ടു. 1977ൽ പൂർത്തിയായ പൊസിസിയോ ടിപ്പോഗ്രാഫിയ വത്തിക്കാനയിൽ അച്ചടിച്ച് തിരുസംഘത്തിനു സമർപ്പിച്ചു. വിശുദ്ധരുടെ നാമകരണത്തിനുള്ള തിരുസംഘത്തിലെ ചരിത്രപണ്ഡിതരുടെ ഒരുസംഘം പൊസിസിയോ പരിശോധിക്കുന്നതാണ് ആദ്യഘട്ടം. പുസ്തകത്തിന്റെ ചരിത്രപരമായ സാധുതയും ദൈവദാസൻ ക്രൈസ്തവ പുണ്യങ്ങൾ വീരോചിതമായി അഭ്യസിച്ചിരുന്നുവെന്നതിനു മതിയായ തെളിവുകളും ആണ് ഇവർ പരിശോധിക്കുന്നത്. അവരുടെ അംഗീകാരം ലഭിച്ചതോടെ നാമകരണത്തിനുള്ള തിരുസംഘം, പരിശുദ്ധസിംഹാസനത്തിന്റെ കൂരിയായിൽ ഈ നടപടിയും സമർപ്പിക്കുന്നതിന് ഉത്തരവായി.

അതിന്റെ അടിസ്ഥാനത്തിൽ നാമകരണത്തിനായുള്ള തിരുസംഘത്തിലെ ദൈവശാസ്ത്ര ഉപദേശകർക്ക് പൊസിസിയോ നൽകപ്പെട്ടു. അവർ ഏകകണ്ഠമായി പൊസിസിയോ അംഗീകരിക്കുകയും ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ക്രൈസ്തവ പുണ്യങ്ങൾ വീരോചിതമായി അഭ്യസിച്ചിരുന്നതായി ഏകകണ്ഠമായി പ്രഖ്യാപിക്കുകയും ചെയ്തു. പൊസിസിയോ പരിശോധിച്ച ഒമ്പത് അംഗങ്ങളും ഏകകണ്ഠമായി ഇത്തരമൊരു അംഗീകാരം നൽകുന്നത് തിരുസംഘത്തിന്റെ ചരിത്രത്തിൽ അപൂർവസംഭവമാണ്. ഒരു പണ്ഡിതൻ ഇങ്ങനെ എഴുതി. 'ക്രൈസ്തവരുടെ മരണത്തെക്കുറിച്ച് അവർ വിശുദ്ധിയുടെ സുഗന്ധത്തിൽ മരിച്ചതായി പറയാറുണ്ട്. എന്നാൽ ദൈവദാസനായ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെക്കുറിച്ച് അദ്ദേഹം വിശുദ്ധിയുടെ സുഗന്ധമായി ജീവിച്ചു' എന്നാണ് പറയേണ്ടത്. കാരണം അദ്ദേഹം ദൈവത്തിന്റെ മനുഷ്യനായിരുന്നു. ഇതേത്തുടർന്ന് നാമകരണത്തിനുള്ള തിരുസംഘത്തിലെ കർദിനാൾമാരുടെ ഔദ്യോഗികസമ്മേളനം ചേരുകയും ദൈവദാസൻ, ക്രൈസ്തവപുണ്യങ്ങൾ വീരോചിതമായി അഭ്യസിച്ചിരുന്നുവെന്ന് ഏകകണ്ഠമായി അംഗീകരിക്കുകയും ചെയ്തു. 1983ൽ പരിശുദ്ധ പിതാവിന്റെ അംഗീകാരത്തോടെ ചാവറയച്ചന്റെ വീരോചിത പുണ്യങ്ങളെക്കുറിച്ചുള്ള ഔദ്യോഗികരേഖ പുറപ്പെടുവിക്കുകയും ചെയ്തു. ഈ രേഖ ഇങ്ങനെയാണ് സമാപിക്കുന്നത്. ദൈവദാസനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ദൈവികപുണ്യങ്ങളായ വിശ്വാസം, ശരണം, ഉപവി എന്നിവയും തലപ്പെട്ട പുണ്യങ്ങളായ വിവേകം, നീതി, സംയമനം, ധൈര്യം എന്നിവയും ഇവയുമായി ചേർന്ന പുണ്യങ്ങളും വീരോചിതമായി അഭ്യസിച്ചിരുന്നുവെന്നത് സുവ്യക്തമാണ്.

പോസ്റ്റ്ലേറ്ററായ ഫാ. ലൂക്കാസ് വിത്തുവട്ടിക്കൽ ഇതേത്തുടർന്ന് ദൈവദാസന്റെ മധ്യസ്ഥതയിൽ നടന്ന മൂന്ന് അദ്ഭുതങ്ങൾ തിരുസംഘത്തിനു സമർപ്പിച്ചു.

ദൈവദാസിയായ സിസ്റ്റർ അൽഫോൻസ എഫ്.സി.സിക്ക് 1937ൽ ഉണ്ടായ അദ്ഭുതരോഗശാന്തിയായിരുന്നു ഒന്ന്. ഈ രോഗശാന്തിയെക്കുറിച്ച് കുമ്പസാരക്കാരനായിരുന്ന ഫാ. അലോഷ്യസ് പെരുമാലിക്ക് ആ വർഷം തന്നെ അൽഫോൻസ സ്വന്തം കൈപ്പടയിൽ എഴുതിയിരുന്നു.

കൂനമ്മാവ് ഇടവകക്കാരനായ റോക്കിക്ക് 1949ൽ ലഭിച്ച അദ്ഭുത രോഗശാന്തിയായിരുന്നു അടുത്ത സംഭവം.

തലശേരി രൂപതയിലെ കൂടരഞ്ഞി ഇടവകയിൽപ്പെട്ട ജോസഫ് പെണ്ണാപറമ്പിൽ എന്ന ബാലന് 1959ൽ ലഭിച്ച അദ്ഭുത രോഗശാന്തിയായിരുന്നു മൂന്നാമത്തേത്.

മൂന്നാമത്തെ അദ്ഭുതമാണ് തിരുസംഘം വിശദമായ പഠനത്തിനായി തെരഞ്ഞെടുത്തത്.

ഇതേത്തുടർന്ന്അദ്ഭുതത്തെക്കുറിച്ചുള്ള പൊസിസിയോ 1984ൽ വൈസ് പോസ്റ്റ്ലേറ്റർ ഇറ്റാലിയൻ ഭാഷയിൽ തയാറാക്കി തിരുസംഘത്തിന് സമർപ്പിച്ചു.

തലശേരി രൂപതയിലെ കൂടരഞ്ഞി ഇടവകാംഗമായിരുന്ന പെണ്ണാപറമ്പിൽ ജോസഫ് മാത്യു എന്ന ആറുവയസുകാരൻ ബാലന്റെ മുടന്തിന് അദ്ഭുതകരമായി ലഭിച്ച സൗഖ്യമായിരുന്നു അത്. ജന്മനാ ഉള്ളതായിരുന്നു ആ മുടന്ത്. മാതാപിതാക്കൾ പല ഡോക്ടർമാരെയും കാണിച്ചു. നിരവധി ആശുപത്രികളിൽ ചികിത്സിപ്പിച്ചു. വൈദ്യശാസ്ത്രം ഇതിനെ 'എക്വിനോപാരസ് വിത്ത് ഫ്ളാറ്റ് ഫീറ്റ്' എന്നാണ് പറയുന്നത്. ബാലനെ പരിശോധിച്ച ഡോക്ടർമാരെല്ലാം മരുന്നു കൊണ്ടോ തിരുമ്മൽകൊണ്ടോ പാദം ശരിയാക്കാനാവില്ലെന്നു വിധിച്ചു. ശസ്ത്രക്രിയവഴി ഒരുപക്ഷേ ശരിയാക്കാനായേക്കാം എന്നായിരുന്നു അവരുടെപക്ഷം. നൂറുശതമാനം ഉറപ്പുണ്ടായിരുന്നില്ല. സാധാരണ പ്രായത്തിൽത്തന്നെ കുട്ടി നടന്നുതുടങ്ങി. പക്ഷേ കാലിന്റെ പിൻവശം കൊണ്ടായിരുന്നു. പാദത്തിന്റെ അടിഭാഗം പരസ്പരം തിരിഞ്ഞിരുന്നു. സ്കൂളിൽ പോകാറായപ്പോൾ അവരവനെ സ്കൂളിൽ ചേർത്തു. ഒരു മൈൽ അകലെയുള്ള സ്കൂളിലേക്ക് ചേച്ചി അന്നക്കുട്ടിയുമായി അവൻ നടന്നാണ് പൊയ്ക്കൊണ്ടിരുന്നത്. നടക്കുമ്പോൾ പലപ്പോഴും അവൻ വേദനകൊണ്ട് നിലവിളിച്ചിരുന്നു. അപ്പോഴൊക്കെ ചേച്ചി അവനെ എളിയിലേറ്റി നടക്കുമായിരുന്നു.

ഒരു ദിവസം ജോസഫ് കാലിലെ വേദനകൊണ്ട് കരഞ്ഞപ്പോൾ എളിയിലേറ്റുന്നതിനുപകരം ചാവറ കുര്യാക്കോസ് അച്ചനോട് പ്രാർഥിക്കുവാനാണ് ചേച്ചി നിർദേശിച്ചത്. സ്വർഗസ്ഥനായ പിതാവേ, നന്മനിറഞ്ഞ മറിയമേ എന്ന പ്രാർഥനകളും ക്രിസ്തുസ്തുതിയുമാണ് അർപ്പിച്ചത്. പ്രാർഥന ചൊല്ലിക്കൊണ്ടിരുന്നപ്പോൾ പെട്ടെന്ന് അവന്റെ വലതുകാലിൽ വിറയൽ അനുഭവപ്പെട്ടു. പാദം സാധാരണപോലെയായി. കുട്ടിയും ചേച്ചിയും സ്കൂളിലേക്കുള്ള യാത്ര തുടർന്നു.

ഈ സംഭവം പലതരം വിദഗ്ധർ പരിശോധിച്ചു. തിരുസംഘത്തിലെ ഡോക്ടർമാർ, ദൈവശാസ്ത്രജ്ഞന്മാർ, അവസാനം കർദിനാൾമാരും.

അദ്ഭുതം അംഗീകരിക്കപ്പെട്ടു. പരിശുദ്ധ പിതാവിന്റെ അംഗീകാരത്തോടെ ഇതു സംബന്ധിച്ച കൽപന 1985ൽ പ്രസിദ്ധീകരിച്ചു.

ഇതേത്തുടർന്നാണ് 1986 ഫെബ്രുവരി എട്ടിന് ഭാരതത്തിലേക്കുള്ള അജപാലനയാത്രയ്ക്കിടയ്ക്ക് ചാവറപ്പിതാവിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്ന ആഘോഷകരമായ ചടങ്ങ് നടത്തുവാൻ തീരുമാനിച്ചത്.

വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്ന രേഖ മാർപാപ്പ പൂർത്തിയാക്കുന്നത് ഇങ്ങനെയാണ്: ''പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ചങ്ങനാശേരി മെത്രാപ്പോലീത്തയായ നമ്മുടെ സഹോദരൻ ജോസഫ് പവ്വത്തിലിന്റെയും മറ്റു പല മെത്രാന്മാരുടെയും വിശ്വാസികളുടെയും അഭ്യർഥന മാനിച്ചുകൊണ്ടും, വിശുദ്ധരുടെ നാമകരണത്തിനായുള്ള തിരുസംഘത്തിന്റെ ഉപദേശം അനുസരിച്ചും, നമ്മുടെ അപ്പസ്തോലിക അധികാരം ഉപയോഗിച്ചും ധന്യനായ ദൈവദാസൻ ഇനിമേൽ വാഴ്ത്തപ്പെട്ടവൻ എന്നാകും വിളിക്കപ്പെടുകയെന്നും നാം ഇതിനാൽ പ്രഖ്യാപിക്കുന്നു. നിശ്ചിത നിയമങ്ങളനുസരിച്ചുള്ള സ്ഥലങ്ങളിൽ എല്ലാവർഷവും ജനുവരി മൂന്നിന് അദ്ദേഹത്തിന്റെ തിരുനാൾ ആഘോഷിക്കുന്നതിന് അനുവദിക്കുകയും ചെയ്യുന്നു. ഈ രേഖയിലൂടെ നാം കൽപിക്കുന്നത് ഇക്കാലവും വരാനിരിക്കുന്ന തലുറകളിലും പാലിക്കപ്പെടേണ്ടതാകുന്നു. ഇതിനെതിരായ ഒരു കൽപനയും പ്രസക്തമാകില്ല.'' നമ്മുടെ മാർപാപ്പസ്ഥാനത്തിന്റെ എട്ടാംവർഷം 1986 ഫെബ്രുവരി എട്ടിന് കോട്ടയത്തുവച്ച് പ്രഖ്യാപിക്കുന്നത്.




പ്രഫ. മോനമ്മ കോക്കാട്
(മുൻ വനിതാ കമ്മീഷൻ അംഗം)

ചാവറയച്ചന്റെ സ്നേഹവിപ്ലവവും ചില സ്ത്രീ ശാക്തീകരണ ചിന്തകളും

ഒരു വലിയ ക്രാന്തദർശിയായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ. സമൂഹത്തിന്റെയും പ്രത്യേകിച്ച് സ്ത്രീകളുടേയും പ്രശ്നങ്ങൾ മുൻകൂട്ടി കണ്ട ഒരു യുഗപുരുഷൻ. ആ ഉൾക്കാഴ്ചയുടെ തീവ്രതകൊണ്ടായിരിക്കുമല്ലോ സ്ത്രീ ശാക്തീകരണചിന്തകൾ വികസിത രാജ്യങ്ങളിൽപ്പോലും എത്തിനോക്കിയിട്ടില്ലാത്ത ഒരു കാലയളവിൽ സ്ത്രീ സ്വാശ്രയത്വത്തിനുവേണ്ടി ക്രിയാത്മക നടപടികളെടുക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. കർമ്മലീത്താ സന്യാസിനീ സമൂഹത്തിന് ജന്മം കൊടുത്തപ്പോൾ അദ്ദേഹത്തിന്റെ ഭാവനയിലുണ്ടായിരുന്നത് സ്വന്തം കാലിൽ നിൽക്കാൻ കഴിവുള്ള ഒരു സ്ത്രീസമൂഹമായിരുന്നു. കർമ്മലീത്താ സന്യാസിനീ സഭയും അതുപോലെ മറ്റനേകം സന്യാസിനീ സഭകളും കേരള മണ്ണിൽ പിൽക്കാലത്ത് വളർന്നുപന്തലിച്ചു. പക്ഷേ വരികൾക്കുള്ളിൽ വായിക്കുമ്പോൾ സന്യാസിനികളിൽ മാത്രമായി ഒതുങ്ങുന്ന ഒരു ദർശനമായിരുന്നില്ല ചാവറപ്പിതാവിന് ഉണ്ടായിരുന്നത് എന്നെനിക്കു തോന്നുന്നു. അദ്ദേഹം വഴിതെളിച്ച സ്നേഹവിപ്ലവം സ്ത്രീജനങ്ങൾ ഏറ്റെടുക്കണമെന്നും അതുവഴി സ്വയം ശാക്തീകരണവും കുടുംബ സമൂഹ ശാക്തീകരണവും നടപ്പിലാക്കണമെന്നും ആ വന്ദ്യ ദേഹം ഉദ്ദേശിച്ചിരുന്നില്ലേ? ഉണ്ടെന്നുതന്നെയാണ് എന്റെ നിഗമനം. മഹനീയമായ ഒട്ടനവധി ആശയങ്ങൾ കൊണ്ടുനടന്ന ആ പ്രതിഭാശാലിയുടെ ശ്രേഷ്ഠമനസിൽ സ്ത്രീകളെക്കുറിച്ച് ഒരു വലിയ സ്വപ്നം ഉണ്ടായിരുന്നു. സ്നേഹത്തിന്റെ കരുത്തുറ്റ ശക്തിയിൽ സ്വയം ശക്തിയാർജിക്കുകയും ആ ശക്തിയുടെ മഹത്തായ ഉപയോഗത്തിലൂടെ കുടുംബത്തേയും സമൂഹത്തേയും രക്ഷിക്കുകയും ചെയ്യുന്ന സ്ത്രീ എന്ന സ്വപ്നം.

ആ സ്വപ്നത്തിന് എന്നത്തേക്കാളുമേറെ ഇന്നു പ്രസക്തിയുണ്ട്. ദുഃഖത്തിന്റെയും ദുരിതത്തിന്റെയും അന്ധകാരത്തിന്റെയും ദിനങ്ങളാണെന്ന് സുബോധമുള്ളവരെല്ലാം വിലപിക്കുന്ന കാലമാണിത്. പണ്ടെങ്ങുമില്ലാത്തവിധം ഹിംസയും അക്രമവും കൊള്ളയും കൊള്ളരുതായ്മയും സമൂഹജീവിതത്തിൽ പടർന്നുകയറുന്നു. മതവൈര്യം മൂത്തുമൂത്ത് എല്ലാം ഭസ്മീകരിക്കപ്പെടുന്ന അവസ്ഥയിൽ എത്തിനിൽക്കുന്നു. മതങ്ങളുടെ നിലനിൽപുതന്നെ മറ്റുമ



ചാവറയച്ചനും സന്യാസിനിമാരും- ചിത്രകാരന്റെ ഭാവനയിൽ

തങ്ങളെ നിർമാർജനം ചെയ്യാനെന്നു തോന്നിക്കുംവിധം കാര്യങ്ങൾ വളർന്നുകഴിഞ്ഞു. കുടുംബങ്ങൾ കടപുഴകി വീഴുന്നു. പനിക്കു ചികിത്സിക്കാൻ പോകുന്ന ലാഘവത്തോടെ ഭാര്യാഭർത്താക്കന്മാർ വിവാഹമോചനത്തിനായി കുടുംബക്കോടതികളിൽ എത്തിച്ചേരുന്നു. മദ്യപാനികളുടെയും ലഹരി ഉപയോഗിക്കുന്നവരുടെയും എണ്ണം അനുദിനം പെരുകുന്നു. ഇക്കൂട്ടരാൽ സ്ത്രീകളും കുഞ്ഞുങ്ങളും തല്ലിച്ചതയ്ക്കപ്പെടുന്നു. സ്ത്രീകൾ മറ്റൊരിക്കലും സംഭവിച്ചിട്ടില്ലാത്തവിധം പീഡിപ്പിക്കപ്പെടുകയും, ചൂഷണം ചെയ്യപ്പെടുകയും അവഹേളിതരാവുകയും ചെയ്യുന്നു. വഴിതെറ്റിയ കൗമാരങ്ങളും യൗവനങ്ങളും ഭാവിക്ക് ഘോരഭീഷണിയാവുന്നു. അശരണരും അനാഥരുമാകുന്ന വൃദ്ധജനങ്ങൾ വൃദ്ധസദനങ്ങൾ തേടി അലയുന്നു. എല്ലാത്തിനുമുപരി ദൈവത്തിന്റെ ഈ സ്വന്തം നാട് ആത്മഹത്യയിൽ രാജ്യത്തെ ഒന്നാംസ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു.

ഭയാവഹങ്ങളായ പ്രശ്നങ്ങളുടെ ഗുരുതരാവസ്ഥയോർത്ത് ഏവരും വിലപിക്കുന്നു. പക്ഷേ ആരുടെ പക്കലും ഫലവത്തായ ഒരു പരിഹാരമാർഗം ഇല്ല എന്നതാണ് യാഥാർഥ്യം. കരകാണാക്കടൽപോലെ അതിവ്യാപകമായ പ്രശ്നങ്ങളുടെ മുൻപിൽ സർവരും നിസഹായതയോടെ മല്ലടിക്കുമ്പോൾ ചാവറയച്ചൻ തുടങ്ങിവച്ച സ്നേഹവിപ്ലവം രജതരേഖയായി തെളിഞ്ഞുവരുന്നു. സ്ത്രീപുരുഷ ഭേദമന്യേ ആർക്കും ഈ വിപ്ലവം ഏറ്റെടുത്തു നടത്താമെങ്കിലും നിസ്വാർത്ഥ സ്നേഹത്തിന്റെ അവതാരങ്ങളെന്ന വിശേഷണം ഏറ്റുവാങ്ങിയിട്ടുള്ള അമ്മമാർക്കായിരിക്കുമല്ലോ ഈ ദൗത്യം ഏറ്റെടുക്കൽ കൂടുതൽ എളുപ്പമാകുക. സ്നേഹത്തിന്റെയും ശാന്തിയുടെയും ദീപം തെളിയിക്കുവാൻ അസാധാരണകഴിവ് കിട്ടിയിട്ടുണ്ട് എന്ന് അഭിമാനിക്കുന്ന സ്ത്രീ ജനങ്ങൾക്ക് അത് തെളിയിക്കുവാനുള്ള ഒരു അവസരമായിരിക്കില്ലേ ഈ വെല്ലുവിളി ഏറ്റെടുക്കൽ?

ആത്മീയതയിൽ അടിയുറച്ച സ്നേഹഭാവത്തിന്റെ മഹാശക്തി കൈവശമുണ്ടായിരുന്നു എന്നതാണ് ചാവറയച്ചന്റെ ജീവിതവിജയരഹസ്യം. സ്നേഹത്തിന്റേയും ദയയുടേയും കരുതലിന്റേയും അതിശക്തമായ നീരൊഴുക്ക് ഉണ്ടായിരുന്ന ആ ഹൃദയത്തിൽ നിന്നും ജാതിമതവർണദേശ ഭേദമില്ലാതെ ഏവർക്കും ആശ്വാസജലം കിട്ടിയിരുന്നു. അനേകരെ തന്നിലേക്ക് ആകർഷിക്കാനും അവർക്ക് സമാധാനവും ശാന്തിയും പകർന്നുകൊടുക്കാനും ആ വന്ദ്യദേഹത്തിന് സാധിച്ചത് അതിരുകളും കണക്കുകളും ഇല്ലാത്ത സ്നേഹത്തിന്റെ വൻശക്തിയിലായിരുന്നു. ഈ സിദ്ധിയെ അല്ലാതെ മറ്റെന്തിനെയാണ് ശാക്തീകരണം എന്നു വിളിക്കുക? സ്വയം ശക്തിപ്പെടുത്താനും ചുറ്റുമുള്ളവരെയെല്ലാം രക്ഷിക്കാനും പര്യാപ്തമായ വിശിഷ്ടബലം. സ്ത്രീകളേപ്പറ്റിയുള്ള ചാവറപ്പിതാവിന്റെ ദർശനത്തിലും ഈ ശാക്തീകരണമാണ് അദ്ദേഹം ഉദ്ദേശിച്ചിരുന്നത് എന്നാണ് എന്റെ വിശ്വാസം.

അദ്ദേഹം തുടങ്ങിവച്ച സ്നേഹവിപ്ലവത്തിന്റെ പിൻഗാമികളാകുമ്പോഴാണ് യഥാർത്ഥ സ്ത്രീശാക്തീകരണം സംഭവിക്കുന്നത്. സ്ത്രീ ശാക്തീകരണത്തിന്റെ അർത്ഥംതന്നെ ഇവിടെ അതിവിപുലമാകുന്നു. സ്വന്തം ഗർഭപാത്രത്തിൽ നിന്നും വന്ന സ്വന്തം മക്കൾക്കുവേണ്ടി നിസ്വാർത്ഥതയുടെ ഏതളവുവരെ പോകാനും സ്വയം ശൂന്യവത്കരണത്തിന്റെ ഏതുഭാവം ഏറ്റുവാങ്ങാനും സ്ത്രീ തയാറാണ്. പക്ഷേ അത് തന്റെ വയറ്റിൽ പിറന്ന മക്കൾക്കുവേണ്ടി മാത്രമായി പരിമിതപ്പെടുത്തുമ്പോൾ അതിന് നിസ്വാർത്ഥതയുടെ ദൈവിക പരിവേഷം നഷ്ടമാകുകയും സ്വാർത്ഥതയുടെ അധമത്വത്തിലേക്കു മടങ്ങുകയും ചെയ്യുന്നു. വിശ്വത്തോളം വിശാലമായ മാതൃഭാവത്തിന് ദിവ്യത്വം ഉണ്ടാകുന്നത് ചുറ്റുമുള്ള സർവമനുഷ്യരേയും സ്വന്തം മക്കളായി അതിരുകളും ഭേദങ്ങളുമില്ലാതെ സ്നേഹിക്കുമ്പോഴാണ്. സ്വന്തമെന്ന പദത്തിന് എന്തർത്ഥം എന്നു ചോദിക്കുന്ന കവിയോട് നെഞ്ചത്ത് കൈവച്ച് ഉത്തരംപറയാൻ സാധിക്കണം, ഈ ലോകത്ത് പിറന്ന എല്ലാ മക്കളും എന്റെ സ്വന്തം മക്കൾ എന്ന്. അവിടെ ഹിന്ദുവെന്നോ മുസ്ലീമെന്നോ ക്രിസ്ത്യാനിയെന്നോ വ്യത്യാസം പാടില്ല. താൻ പ്രസവിച്ച മക്കൾക്കും അന്യർ പ്രസവിച്ച മക്കൾക്കും തന്റെ ഹൃദയത്തിൽ ഒരേസ്ഥാനം. ഇന്നിന്റെ ദുരിതങ്ങൾക്ക് അറുതിവരുത്താൻ ഈ സ്നേഹമാണാവശ്യം; ഈ സ്നേഹത്തിനേ അതിനു കഴിയൂ. ഈ ദിവ്യഭാവത്തെ വിശ്വമാതൃഭാവമെന്നു നമുക്കു വിളിക്കാം. ഇതിന്റെ മാന്ത്രികവലയത്തിൽ ഭർത്താവിനോടും സ്വന്തം മക്കളോടുമൊപ്പം മറ്റുള്ള എല്ലാ സഹജീവികളും സ്വന്തക്കാരായി സ്ഥാനം പിടിക്കുമ്പോൾ കുടുംബങ്ങൾ രക്ഷപ്പെടും; ഒരളവുവരെ സമൂഹവും.

തന്റെ മക്കൾക്കെല്ലാം അമ്മ ഈ സൂക്തം ഓതിക്കൊടുത്ത് വിശ്വമൈത്രീഭാവത്തിൽ അവരെ വളർത്തിയെടുത്താൽ മതസ്പർദ്ധയുടെ ഘോരാഗ്നിയിൽ നമുക്ക് വിലപ്പെട്ടതെല്ലാം എരിഞ്ഞടങ്ങില്ല. ചാവറയച്ചൻ വിഭാവനം ചെയ്ത സ്നേഹവിപ്ലവം ഇതുതന്നെയാണ്. സ്ത്രീകളിൽനിന്ന് പുറപ്പെടുമ്പോൾ ഇതിന് പതിവിലേറെ ശക്തി കാണും. കാരണം അമ്മയുടെ സ്വാധീനത്തിനു തുല്യം മറ്റൊന്നില്ലാത്തതു തന്നെ. ഹിന്ദുവും മുസ്ലീമും ക്രിസ്ത്യാനിയും ഒരേപോലെ ജനിക്കുകയും മരിക്കുകയും സിരകളിൽ ഒരേനിറത്തിലുള്ള രക്തം വഹിക്കുകയും ചെയ്യുന്നവരാണെന്ന് പഠിപ്പിച്ചെടുക്കുവാൻ മൈതാന പ്രസംഗങ്ങൾക്കാവില്ലെങ്കിലും അമ്മയുടെ സ്വാധീനത്തിനാവും. എല്ലാവരും ഏകോദരസഹോദരങ്ങളാണെന്ന സത്യം അമ്മയുടെ വായിൽനിന്നും എന്നും കേട്ടുവളരുന്ന മക്കൾ ഏതു മതത്തിലും ജാതിയിലും ജനിച്ചുവളർന്നാലും മറ്റുള്ളവരെയെല്ലാം സ്നേഹിക്കും. ഓരോ കുടുംബത്തിലെ ഓരോ അമ്മയും തന്റെ മക്കളുടെ മനസുകളിൽ നിന്നും വിദ്വേഷമെന്ന വിഷം മാറ്റിയെടുക്കുമെങ്കിൽ ഉണ്ടാകാവുന്ന അദ്ഭുതാവസ്ഥ സങ്കൽപിച്ചാൽതന്നെ എത്ര മധുരതരമാണ്.

ചരിത്രകാരന്മാർ വാനോളം പുകഴ്ത്തുന്ന ചാവറയച്ചന്റെ ശത്രുസ്നേഹവും ഇവിടെ പ്രസക്തമാവുന്നു. തനിക്കെതിരെ കള്ളക്കേസ് കൊടുത്ത വ്യക്തിയോട് ക്ഷമിക്കുകയും പിന്നീട് ആ വ്യക്തി സാമ്പത്തികമായി തകർന്നപ്പോൾ രഹസ്യമായി സഹായിക്കുകയും ചെയ്ത ചാവറയച്ചന്റെ മാതൃക അനുകരിക്കാൻ സ്ത്രീപുരുഷഭേദം ആവശ്യമില്ലെന്നറിയാം. എങ്കിലും അങ്ങനെയുള്ളവരെ വിരലിലെണ്ണാവുന്നവിധത്തിൽപോലും നമുക്കുചുറ്റും കാണുന്നില്ല എന്ന ദുഃഖസത്യം ഉളവാക്കുന്ന തീവ്രവേദനയിൽ മനസ് വീണ്ടും പ്രത്യാശയുടെ ഒരു ചെറിയ കച്ചിത്തുരുമ്പിൽ പിടിച്ചുകയറുകയാണ്. അമ്മ എന്ന പ്രത്യാശ. ഈശ്വരന് എല്ലായിടത്തും എത്തിച്ചേരാൻ സാധിക്കാത്തതുകൊണ്ടാണ് അമ്മമാരെ സൃഷ്ടിച്ചത് എന്നെഴുതിയ ചിന്തകന്റെ വാക്കുകൾ അന്വർത്ഥമാകണമെങ്കിൽ ശത്രുസ്നേഹമെന്ന ദൈവഭാവവും സ്ത്രീകളുടെ മുഖമുദ്രയാക്കണം. രക്ഷയുടെ ഒരു നൂറുങ്ങുവെട്ടം ലഭ്യമാക്കാൻ ആരെങ്കിലും മുൻപോട്ടു വന്നേ പറ്റൂ എന്ന ഇന്നത്തെ സ്ഥിതിവിശേഷത്തിൽ അത് സാന്ത്വനത്തിന്റെ തണലെന്ന വിശേഷണം ഏറെക്കിട്ടിയിട്ടുള്ള അമ്മമാർ തന്നെ ആവും. സ്ത്രീകൾക്ക് ചെറിയകാര്യങ്ങളേ ചെയ്യാനാവൂ എന്ന പരിഹാസം കേട്ടു തഴമ്പിച്ചതാണ്. എന്നാൽ ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോടെ ചെയ്യാനും സ്ത്രീകൾക്കേ കഴിയൂ എന്ന കൂട്ടിച്ചേർക്കലിന്റെ വെളിച്ചത്തിൽ ചെറിയകാര്യങ്ങളുടെ ആകെത്തുകയായ മനുഷ്യജീവിതത്തിന്റെ നാനാവിധ പ്രശ്നങ്ങൾക്കും പരിഹാരമായി, മുറിച്ചുകൊടുക്കാനോ പകുത്തുനൽകാനോ സാധ്യമാവാത്ത അമ്മയുടെ വിശാലസ്നേഹം മാത്രം പ്രത്യക്ഷപ്പെടുന്നു. തിന്മയുടെ ശക്തികളുണ്ടാക്കുന്ന വൻനാശങ്ങൾക്ക് പ്രതിരോധമായി, കുടുംബത്തേയും സമൂഹത്തേയും കാത്തുസൂക്ഷിക്കുന്ന രക്ഷാമാർഗമായി മാറുമ്പോൾ ആ വിശ്വസ്നേഹം തന്നെയാണ് യഥാർഥ സ്ത്രീ ശാക്തീകരണം; ചാവറപ്പിതാവിന്റെ സ്നേഹവിപ്ലവത്തിന്റെ കാതലും അതുതന്നെ.



മരിയൻ ജോർജ്

വിശുദ്ധഗിരിയിൽ വിശ്രമം

സമുദ്രനിരപ്പിൽനിന്നു നൂറ്റമ്പതടി ഉയരത്തിൽ ഒരു ഭൂസ്വർഗം. അവിടെ ഹൃദയങ്ങൾ ശാന്തമാകുന്നു; അസ്വസ്ഥമായ മനസുകൾ അടങ്ങുന്നു; ജീവിതത്തിൽ നടക്കേണ്ട വഴികളേതെന്ന ബോധം ഉള്ളിൽ നിറയുന്നു; എവിടെനിന്നോ എന്നപോലെ പ്രത്യാശയും പ്രതീക്ഷയും കൈവരുന്നു.

കാൽനൂറ്റാണ്ടിന്റെ പരിചയമുള്ള മാന്നാനത്തെ വിശുദ്ധഗിരിയെ എങ്ങനെയൊക്കെയാണു വിശേഷിപ്പിക്കുക. മലയാളത്തിന്റെ ഊർശ്ലേം എന്നോ? 25വർഷം മുൻപ് മാന്നാനം ദേവാലയത്തിന്റെ പടികൾ ആദ്യമായി ചവിട്ടിക്കയറുമ്പോൾ അങ്ങനെയൊരു കല്പനാദർശനം ഉണ്ടായിരുന്നു എന്നാണോർമ. മലമുകളിലെ ജറൂസലം ദേവാലയത്തിലേക്കു കടന്നുചെല്ലുന്ന അനുഭൂതി.

ആ അനുഭൂതി ഒരു കെടാത്തിരി പോലെ ഇന്നും ഉള്ളിലെരിയുന്നു. ഇതേ അനുഭൂതിയുമായി പതിനായിരങ്ങൾ, അല്ല ലക്ഷങ്ങൾ ഇന്നീ മലയാളമണ്ണിലുണ്ടെന്നറിയാം. എത്രയോ പേർ കടന്നുപോയ പാതയിലൂടെയാണ് രണ്ടര പ്പതിറ്റാണ്ടുമുമ്പ് അപരിചിതരായ അനേകം അനുഗ്രഹാർഥികളിലൊരാളായി, വിശ്വാസിശിശു മാത്രമായി നടന്നുനീങ്ങി അനുഗ്രഹം പ്രാപിച്ചത്.

നമുക്കു മുമ്പുള്ള കാലത്തെക്കുറിച്ചു നമുക്കെന്തറിയാം? പിന്നീടുള്ള കാലത്തെക്കുറിച്ചാകട്ടെ, വിസ്മയജനകമായവ മാത്രമേ പറയാനുള്ളു. അന്നു നൂറെങ്കിൽ ഇപ്പോൾ പതിനായിരം. അന്നു പതിനായിരമെങ്കിൽ ഇന്നു ലക്ഷങ്ങൾ. മാന്നാനത്തെ ധന്യഭൂമിയിലൂടെ അനുഗ്രഹം തേടി തീർഥാടനം നടത്തുന്നവരുടെ എണ്ണവും തരവും ജാതിയും കൂട്ടവും തിട്ടപ്പെടുത്താൻ ആർക്കുമത്ര എളുപ്പമാകില്ല.

ഒരു കാര്യം പകൽസൂര്യനെപ്പോലെ തെളിഞ്ഞുനിൽക്കുന്നു. മാന്നാനം കുന്നിന്റെ നെറുകയിൽ അദൃശ്യ

മാന്നാനത്തുള്ള ചാവറയച്ചന്റെ കബറിടം



നായി നിന്ന് ആ പുണ്യാത്മാവ് അനുഗ്രഹങ്ങൾ വാരിച്ചൊരിയുന്നു. സ്വർഗത്തിനും മനുഷ്യർക്കുമിടയിൽ ആ പുണ്യദേഹി സൃഷ്ടമധ്യസ്ഥനായി നിത്യദൗത്യം ഏറ്റെടുത്തിരിക്കുന്നു.

അതിനു സാക്ഷ്യം ലക്ഷങ്ങളുടെ അന്തരാത്മാവുതന്നെ നൽകുന്നു.

ഒരിക്കലൊന്നു കാണാനിടയായാൽ ഏതാത്മാവും ഏറ്റു പറയും, ഇതു ദൈവം തെരഞ്ഞെടുത്ത മണ്ണാണ്. പെനുവേൽ പോലെ, ഹോറെബ് പോലെ, താബോർ പോലെ, കേരളത്തിന്റെ കാർമൽമലപോലെ മാന്നാനം. ദൈവത്തിന്റെ സ്വന്തം നാടെന്നു പറയേണ്ടത് ഈ ചെറുകുന്നിനെ ആയിരുന്നില്ലേ? ഇവിടെ വന്നുപോയിട്ടുള്ള ആരും അങ്ങനെ സ്വയം ചോദിച്ചിട്ടുണ്ടാകും. ദൈവം മനുഷ്യനുമായി സന്ധിക്കുന്നതു വിശുദ്ധഗിരിയിൽത്തന്നെ എന്നു പലവട്ടം ഉരുവിട്ടിട്ടുമുണ്ടാകും. ഇവിടം ഭൂമിയിലെ സ്വർഗമല്ലെങ്കിൽ മറ്റെവിടെയാണത്?

ഒരു വശത്തു മനുഷ്യനെ അത്യാഹ്ലാദം കൊള്ളിക്കുന്ന, സ്വയം മറക്കാൻ അവനെ പ്രേരിപ്പിക്കുന്ന വശ്യമായ പ്രകൃതിസൗന്ദര്യം. അതോടൊപ്പം ആരെയും ദൈവോന്മുഖമാക്കുന്ന ആധ്യാത്മിക ഓജസും ചൈതന്യവും തുളുമ്പുന്ന അന്തരീക്ഷം. ചാവറയച്ചന്റെ അദൃശ്യമായ അനുഗ്രഹം അനുഭവിച്ചറിയാതെ ഒരു തീർഥാടകനും ഒരു വിശ്വാസിയും, എന്തിന് ഒരു കേവലസഞ്ചാരിപോലും, ഇവിടെ നിന്നു മടങ്ങിപ്പോയിട്ടുണ്ടാകില്ല.

ഒരു കാര്യം പറഞ്ഞേ മതിയാകൂ. ദൈവം തന്റെ പദ്ധതിക്കായി മനുഷ്യരെ മാത്രമല്ല, സ്ഥലവും തെരഞ്ഞെടുക്കുന്നു. അല്ലെങ്കിൽ കാടും മേടുമായി, പുറംലോകത്തിന്റെ ദൃഷ്ടിയിൽപ്പെടാതെ കഴിഞ്ഞിരുന്ന മാന്നാനം എങ്ങനെ പോരൂക്കര തോമസ് മല്പാനച്ചൻ, പാലയ്ക്കൽ തോമസ് മല്പാനച്ചൻ, ചാവറയച്ചൻ എന്നിവരുടെ കർമഭൂമിയായി? ലോകമായകളിൽനിന്നു സ്വയം ഒഴിഞ്ഞുമാറി വനവാസതുല്യമായ ആത്മത്യാഗജീവിതം നയിക്കാനുള്ള സ്ഥാനം മാത്രമായി മൂന്നു ധന്യാത്മാക്കൾ കണ്ടെത്തിയ ഈ ഉൾപ്രദേശം എങ്ങനെ മലയാളസഭയുടെ പ്രകാശഗോപുരമായി ഉയർന്നു?

കേരളത്തിലെ സുറിയാനി കത്തോലിക്കാസഭയെ ആഗോളകത്തോലിക്കാ കൂട്ടായ്മയിലെ ദീപ്തനക്ഷത്രമാക്കിയ ദൈവപരിപാലനയുടെ വിളനിലമാകാൻ മാന്നാനത്തിന് എങ്ങനെ കഴിഞ്ഞു? ഈ കൊച്ചുപ്രദേശത്തെ ദൈവം തെരഞ്ഞെടുത്തതു കാണാൻ ചാവറയച്ചനും മറ്റു ധന്യാത്മാക്കൾക്കും എങ്ങനെ കഴിഞ്ഞു?

ഏതാണ്ട് ഒന്നേമുക്കാൽ നൂറ്റാണ്ടുമുമ്പാണു പോരൂക്കരയച്ചനും പാലയ്ക്കലച്ചനും ചാവറയച്ചനും ചേർന്നു മാന്നാനത്തെ 'ബേസ് റൗമാ' എന്നു വിളിച്ചത്. ഉന്നതഭവനം അഥവാ സ്വർഗീയ ജറൂസലം എന്നു മാന്നാനത്തെ അന്നു വിശേഷിപ്പിച്ച അവരുടെ നാവുകളിൽ ആ വാക്കു കോറിയത് ഉന്നതങ്ങളിൽ വാഴുന്ന ദൈവമല്ലാതെ മറ്റാരായിരുന്നു? തെല്ലെങ്കിലും സംശയിക്കുന്നവർക്കുള്ള ഉത്തരം ദൈവം മാന്നാനത്തെ എത്രമാത്രം ഉയർത്തിയിരിക്കുന്നു എന്നതു തന്നെയാണ്.

സമീപപ്രദേശമായ പുല്ലരിക്കുന്നിൽ പള്ളി വയ്ക്കാൻ പ്രായോഗികതടസം ഉണ്ടായതുകൊണ്ടുമാത്രം മാന്നാനം തെരഞ്ഞെടുക്കേണ്ടിവന്നപ്പോൾ അതു ദൈവത്തിന്റെ പ്രത്യേക പദ്ധതിപ്രകാരമാണെന്ന് ചാവറയച്ചനടക്കമുള്ള പുണ്യാത്മാക്കൾക്കു മാത്രമേ അന്നു ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ടാകൂ. എന്നാലിന്ന് ഉന്നതഗിരിശൃംഗങ്ങൾക്കില്ലാത്ത ഔന്നത്യവും വൻനഗരങ്ങൾക്കില്ലാത്ത ഗരിമയുംകൊണ്ടു ദൈവം മാന്നാനത്തെ അനുഗ്രഹസമ്പന്നമാക്കിയിരിക്കുന്നു എന്ന് കാണാത്ത ഏതു കണ്ണും കേൾക്കാത്ത ഏതു കാതും തുറക്കാത്ത ഏതു ഹൃദയവും തിരിച്ചറിയും.

മാന്നാനത്തിന്റെ ഭൗതികവും ആധ്യാത്മികവുമായ പ്രൗഢി വർണിക്കാൻ ഏറെയുണ്ട്. അതിമനോഹരമായ പ്രകൃതി. പടിഞ്ഞാറ് വേമ്പനാട്ടു കായലോളങ്ങൾ തഴുകുന്ന തെങ്ങിൻ തോപ്പുകളും അതിവിശാലമായ നെല്പാടങ്ങളും. തെക്കു കോട്ടയം മെഡിക്കൽ കോളജ്, വടക്ക് മഹാത്മാഗാന്ധി സർവകലാശാലാ കാമ്പസ്, പന്ത്രണ്ടു കിലോമീറ്റർ തെക്കു കിഴക്കായി കോട്ടയം നഗരം. എം.സി.റോഡിൽനിന്നു മാന്നാനത്തേക്കു നാലുകിലോമീറ്ററാണ് അകലം. സന്ധ്യയ്ക്ക് അസ്തമയസൂര്യൻ നൽകുന്ന കാഴ്ചവിരുന്ന് വർണിക്കാനാവാത്തത്ര ചേതോഹരം.

ഇതൊക്കെ മാന്നാനത്തിന്റെ യഥാർഥഭംഗിയുടെ ഒരംശംമാത്രം. പ്രകൃതിമനോഹരമായ ഈ ചെറുഭൂഭാഗം സ്വർഗത്തിൽ ഇടം കണ്ടെത്തിയിരിക്കുന്നു എന്നതിനോളം വരില്ല ഇവയൊന്നും. ദൈവസ്നേഹത്തിന്റെ നിറകുടങ്ങളാകാൻ സ്വയം വിട്ടുകൊടുത്ത ഒരുകൂട്ടം ധന്യാത്മാക്കളുടെ യോഗം മാന്നാനത്തിനു നൽകിയ സൗഭാഗ്യങ്ങളുടെ നിര എത്രയോ നീണ്ടതാണ്. അവരുടെയിടയിലെ മകുടമായി ദൈവപരിപാലനയാൽ വളർന്ന ചാവറയച്ചന്റെ പുണ്യജീവിതത്തിനു വേദിയായ ഭൂമി എന്നതു മാത്രം മതി മാന്നാനത്തെ അതിധന്യമാക്കാൻ.

മലബാർ സുറിയാനി സഭയെ ഇന്നത്തെ ഔന്നത്യത്തിലെത്തിച്ച മാറ്റങ്ങളിലും നടപടികളിലും മാന്നാനത്തിനുള്ള പങ്ക് മനസിലാക്കിയിട്ടുള്ളവർ ഇന്നു ചുരുക്കമാകും. 1844 മുതൽ 1890-ൽ ലവീഞ്ഞു മെത്രാന്റെ ആസ്ഥാനം ചങ്ങനാശേരിയിലേക്കു മാറ്റുന്നതുവരെയുള്ള സുറിയാനി കത്തോലിക്കാ സമൂഹത്തിന്റെ ആസ്ഥാനകേന്ദ്രമായിരുന്നു മാന്നാനം. സുറിയാനി കത്തോലിക്കരുടെ ആധികാരിക ആവശ്യങ്ങൾ നടത്തിപ്പോന്നതും റോമുമായുള്ള ബന്ധം നിലനിർത്തിയിരുന്നതും മാന്നാനം വഴിയായിരുന്നു. ഇന്നത്തെ പണ്ഡിതസമൂഹം പരിഷ്കൃതവും ആധുനികവുമായി കാണുന്ന എത്രയോ കാര്യങ്ങൾക്കാണ് ഒന്നര നൂറ്റാണ്ടുമുമ്പു ചാവറയച്ചൻ കുഴൽവിളിച്ചത്. പള്ളികളെ സാർവത്രികവിദ്യാഭ്യാസത്തിന്റെകൂടി കേന്ദ്രങ്ങളാക്കത്തക്കവിധം ഓരോ പള്ളിയോടുംചേർന്നു പള്ളിക്കൂടം പണിയണമെന്ന ആശയം നിർബന്ധപൂർവം നടപ്പാക്കാൻ കാരണക്കാരനായതു മുതൽ കേരളീയ സാമൂഹിക ജീവിതത്തിൽ ചാവറയച്ചന്റെ കാഴ്ചപ്പാടുകൾ സൃഷ്ടിച്ച വൻമാറ്റങ്ങൾ ചരിത്രം നീതിപൂർവം ഓർമിച്ചോ, ഓർമിക്കാൻ തയാറാകുന്നുണ്ടോ എന്നു സംശയിക്കണം.

1829-1831കാലഘട്ടത്തിൽ മാന്നാനത്തെ കൂട്ടായ്മജീവിതത്തിനു തുടക്കമിട്ടതുമുതൽ ഈ ചെറുകുന്നു ദർശിച്ച വളർച്ചയുടെ പടവുകൾ കരുണ നിറഞ്ഞ ദൈവപരിപാലനയുടെ അടയാളങ്ങൾ കൂടിയാണ്.

സി.എം.ഐ. സമൂഹവും കേരളസഭയും ഇന്നെന്തൊക്കെയാണോ അതെല്ലാം ആയിത്തീർന്നതിൽ മാന്നാനത്തെ ധന്യാത്മത്രയത്തിന്റെ പങ്ക് വളരെ വലുതാണ്.

പ്രകൃതിസൗന്ദര്യത്തിലും ആധ്യാത്മികചൈതന്യത്തിലും മാത്രമല്ല, ആ ചൈതന്യത്തിന്റെ അടിത്തറയാകേണ്ട വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും മാന്നാനം ഇന്നു കേരളത്തിനു മാതൃകയാണ്. കേരള സുറിയാനി സഭയുടെ ചെറിയൊരു അനുച്ഛേദവും. മൂന്നു ഹോസ്റ്റലുകളും ഒരു ബോർഡിംഗ് ഹൗസും അടക്കം പതിന്നാലു വിദ്യാഭ്യാസസ്ഥാപനങ്ങൾ മാന്നാനത്തുണ്ട് എന്നതിൽ നിന്നുതന്നെ അക്കാര്യം വ്യക്തമാകും. സെന്റ് ജോസഫ്സ് എൽ.പി.സ്കൂൾ മുതൽ അമലോദ്ഭവ മൈനർ സെമിനാരിവരെ പെടുന്നു അവയിൽ. ഇവയ്ക്കു പുറമേ അനാഥാലയവും മാന്നാനത്തുണ്ട്.

1985-ൽ ശതാബ്ദിയാഘോഷിച്ച സെന്റ് എഫ്രേംസ് ഹൈസ്കൂൾ, കെ.ഇ. കോളജ്, സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജ്, സെന്റ് ജോസഫ്സ് കംപ്യൂട്ടർ സെന്റർ എന്നിവയ്ക്കു പുറമേ എം.ജി. സർവകലാശാലയുടെ കീഴിലായി സ്കൂൾ ഓഫ് മെഡിക്കൽ സയൻസസ്, സ്കൂൾ ഓഫ് കംപ്യൂട്ടർ സയൻസസ്, സ്കൂൾ ഓഫ് പ്രിന്റിംഗ് ടെക്നോളജി എന്നിവയും മാന്നാനത്തു പ്രവർത്തിക്കുന്നു.

എന്നാൽ മാന്നാനത്തിന്റെ പാരമ്പര്യത്തിനു തിളങ്ങുന്ന തെളിവായി അവശേഷിക്കുന്ന രണ്ടു സ്മാരകങ്ങളുണ്ട്. ആദ്യത്തെ കത്തോലിക്കാ സംസ്കൃതപാഠശാലയും ആദ്യത്തെ കത്തോലിക്കാ അച്ചുകൂടവും. 1846- ൽ ചാവറയച്ചൻ സ്ഥാപിച്ച സംസ്കൃതപാഠശാല അദ്ദേഹത്തിന്റെ യാഥാർഥ്യബോധത്തിന്റെയും വിശാലമായ കാഴ്ചപ്പാടിന്റെയും പ്രതീകം കൂടിയാണ്. അന്നത്തെ സാംസ്കാരിക പശ്ചാത്തലത്തിൽ സംസ്കൃതത്തിന്റെ പ്രാധാന്യം എത്ര യെന്നു ചാവറയച്ചൻ നന്നായി ഗ്രഹിച്ചു. ഓരോ ഇടവക യിലും നിന്ന് ഒരു വിദ്യാർഥിയെങ്കിലും മാന്നാനത്തുവന്നു സംസ്കൃതം പഠിക്കണമെന്നും അദ്ദേഹം നിർബന്ധം വച്ചു.

മലയാളത്തിലെ ആദ്യദിനപത്രമായി വളർന്ന നസ്രാണിദീപിക ആദ്യമായി അച്ചടിച്ച പ്രസും മാന്നാനത്തുണ്ട്. തനിയെ പോയി സർക്കാർ പ്രസ് സന്ദർശിച്ചു മനസിലാക്കിയാണ് അച്ചുകൂടത്തിന്റെ മാതൃക ചാവറയച്ചൻ വാഴപ്പിണ്ടിയിൽ ചെത്തിയുണ്ടാക്കിയത്. അതു കാണിച്ചുകൊടുത്ത് അച്ചൻ ഒരു ഇരുമ്പുപണിക്കാരനെക്കൊണ്ടു യഥാർഥ അച്ചുകൂടം ഉണ്ടാക്കിക്കുകയായിരുന്നു. അങ്ങനെ നിർമിച്ച ആദ്യത്തെ അച്ചുകൂടമാണു മാന്നാനത്തു സൂക്ഷിച്ചിട്ടുള്ളത്.

വിദ്യാഭ്യാസരംഗത്തും ആധ്യാത്മികരംഗത്തും നടപ്പാക്കിയ കാര്യങ്ങൾ മാന്നാനത്തിനു കേരളസമൂഹചരിത്രത്തിലും സഭാചരിത്രത്തിലും അതിപ്രധാനമായ സ്ഥാനം നേടിക്കൊടുത്തു. അതിനെല്ലാംതന്നെ ചാവറയച്ചൻ മുഖ്യ പ്രചോദനമാകുകയും ചെയ്തു.

ഇന്നു മാന്നാനത്തെത്തുന്നവർക്ക് ആശ്രമദേവാലയത്തിനു പുറമെ കണ്ടാസ്വദിക്കാൻ ഒരു കൂട്ടം സ്മാരകങ്ങളും നിർമിതികളുമുണ്ട്. ചാവറ സ്മാരകം മുതൽ ശതാബ്ദി ആഘോഷിച്ച ഹൈസ്കൂൾ വരെ. എന്നാൽ ഇവയെയെല്ലാം അതിശയിച്ചു തലയുയർത്തിനിൽക്കുന്നതു മറ്റൊരു സ്ഥാപനം. മാന്നാനം ദേവാലയം. ചാവറയച്ചന്റെ പ്രാർത്ഥനാനമസ്കാരങ്ങളാൽ മുഖരിതവും അദ്ദേഹത്തിന്റെ ദൈവസ്നേഹാഗ്നിയാൽ പ്രശോഭിതവും ആത്മാനുതാപത്തിൽനിന്നും നന്ദിയിൽനിന്നും കരകവിഞ്ഞൊഴുകിയ കണ്ണുനീരാൽ വിശുദ്ധീകരിക്കപ്പെട്ടതുമായ ദേവാലയം. മുപ്പത്തിമൂന്നുവർഷത്തെ പാദസ്പർശനങ്ങളാൽ ധന്യവും തന്റെ ഭൗതിക ശരീരം വിലയം കൊള്ളുന്നതുമായ ദേവാലയം. അനേകരുടെ ആശ്രയസ്ഥാനമായി, വേദനിക്കുന്ന ഹൃദയങ്ങൾക്ക് ആശ്വാസവും സമാധാനവും പകരുന്ന അഭയസ്ഥാനമായി ആശ്രമദേവാലയം.

മലമുകളിലെ ദേവാലയത്തിനുള്ളിലും അവിടത്തെ ബാഹ്യാന്തരീക്ഷത്തിലും നിലനിൽക്കുന്ന അഭൗമമായ ശാന്തിയും സമാധാനവും, ചാവറയച്ചന്റെ ആത്മാവ് നിരന്തരം അവിടേക്കു ചൊരിയുന്ന അനുഗ്രഹങ്ങൾ, അവിടത്തെ മറ്റു ധന്യാത്മാക്കളുടെ സാന്നിധ്യം ഇതെല്ലാം മാന്നാനത്തെ മറ്റെവിടെനിന്നും വ്യത്യസ്തമാക്കുന്നു.

ചാവറയച്ചന്റെ അനുഗ്രഹങ്ങൾ നേരിട്ടുവാങ്ങിയ അനേകരുടെ സാക്ഷ്യം ആശ്രമദേവാലയത്തോടു ചേർന്നുള്ള, പഴയ കെട്ടിടത്തിന്റെ താഴത്തെ നിലയിൽ നേരിട്ടു കാണാം, വായിക്കാം. എത്രനേരം ആശ്രമദേവാലയ പരിസരത്തു ചെലവഴിച്ചാലുംശരി, തിരികെ മടങ്ങുമ്പോൾ മനസിൽ ഒരു ചിന്തയേ കാണൂ; അല്പംസമയംകൂടി ഇവിടെ നിൽക്കാൻ കഴിഞ്ഞിരുന്നെങ്കിൽ. ഒരിക്കലും ചെടിപ്പിക്കാത്ത, ഒരിക്കലും വറ്റാത്ത നിത്യാനുഗ്രഹങ്ങളുടെ പുണ്യകേദാരമാണ് ഈ മാന്നാനം ദേവാലയവും ചാവറയച്ചൻ മാംസരക്തങ്ങളോടെ ജീവിച്ച ഈ അന്തരീക്ഷവും.

മാന്നാനം എത്ര ധന്യം!


ദൈവം എല്ലാം നിറവേറ്റും

ആ: പ്രിയമുള്ള കുഞ്ഞുങ്ങളെ സർവേശ്വരൻ നമ്മുടെ കർത്താവെ എങ്ങനെ നമ്മുടെ കാര്യങ്ങൾ വിചാരിച്ചു നടത്തുന്നു എന്ന് ഓർപ്പിൻ. അതായത് തമ്പുരാനെ നാം സ്നേഹിക്കണം. എന്നുള്ള മനസ് നമ്മുടെ ഹൃദയത്തിലുണ്ടെന്നും താൻ കാൺമാൻ എത്രയോ സന്തോഷത്തോടുകൂടെ നമുക്കു വേണ്ടിയിരിക്കുന്നതൊക്കെയും താൻ അന്വഷിയ്ക്കും എന്നു കാൺമിൻ.

ഇതായത്, ഈ മഠം സ്ഥാപിക്കപ്പെട്ടിരിക്കയാൽ ഇതിന്റെ നടപ്പ എങ്ങനെ എന്നും വിചാരിക്കുമ്പോൾ നടത്തുവാൻ വേണ്ടിയതൊക്കെയും അല്പബുദ്ധിമുട്ടും കൂടാതെ ദൈവം നിറവേറ്റുന്നു. അന്വേഷിച്ചാൽ കണ്ടെത്തും എന്ന തിരുവചനംപോലെ. ആയതിൽ ഒന്നിതു തന്നെ. അതായത് ഓർക്കാതെ ഒരു ചെറിയ പുസ്തകം ഒരു മുറിയിൽ കണ്ടെത്തി എടുത്തു നോക്കിയപ്പോൾ കന്നികളിൽ അനുചാരം എന്നും കണ്ടു. അത് നിങ്ങൾക്കായി ദൈവം കൊടുത്തയച്ചത്രെ എന്നും ബോധിച്ച മലയാംഭാഷയിൽ എഴുതിയിന്നലെ തീർത്തു. ഇത് ജ്ഞാനവായനയായി മുഴുവനും ഒരു വട്ടം എങ്കിലും എല്ലാവർക്കും നല്ലവണ്ണം വായിച്ചറിയണം.

എന്നാൽ നമ്മുടെ പൈതങ്ങൾ ഇപ്പോൾ തമുൾ പഠിച്ചു എന്നും നിരൂപിക്കയാൽ വായിപ്പാനും തർക്കമുള്ള അർത്ഥം പഠിപ്പാനും രണ്ടും കൂടെ ഉണ്ടാൽ നല്ലതെന്നും തൊന്നുകയാൽ കണ്ടെഴുതിയ തമുൾ പൊസ്തകവും കൊടുത്തയയ്ക്കുന്നു. രണ്ടും സൂക്ഷിച്ചു വായിച്ചുകൊള്ളണം. ഇനിക്കവേണ്ടിയും അപേക്ഷിപ്പിൻ.

(ചാവറയച്ചൻ കന്യാസ്ത്രികൾക്ക് എഴുതിയ കത്തിൽനിന്ന്)



സെർജി ആൻറണി

കൈനകരിയുടെ പുണ്യതേജസ്

വയലേലകളുടെയും തെളിനീരരുവികളുടെയും ഇടയിലൊരു തുരുത്ത്. രണ്ടു നൂറ്റാണ്ടിനു മുമ്പ് ഈ കുട്ടനാടൻ ഗ്രാമം ദുർഗമമോ ഒറ്റപ്പെട്ടതോ ആയിരുന്നുവെന്നു നമുക്കു തോന്നിയേക്കാം.യാത്രാസൗകര്യങ്ങൾ കുറവായിരുന്നുവെങ്കിലും പ്രധാനകരയുമായി അടുത്തസമ്പർക്കം പുലർത്തിയിരുന്ന ഈ തുണ്ടുഭൂമിയിൽ പ്രകൃതിയുടെ, ഈശ്വരന്റെ വരദാനങ്ങൾ ഏറെ വർഷിക്കപ്പെട്ടിട്ടുണ്ട്.

കര ഏറെ കുറവ്. കായലും പാടങ്ങളും അനന്തവിസ്തൃതിയിൽ. കൈനകരിയിലെ ഇത്തരമൊരു പച്ചത്തുരുത്തിൽ തടി കൊണ്ടു നിർമിച്ചൊരു പുരാതന തറവാട്. ഓല മേഞ്ഞ മേൽക്കൂര. അറയും നിരയുമുള്ള ഈ ചെറുവീട്ടിലാണ് പുണ്യശ്ലോകനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ പിറന്നു വീണത്. ഈ പുണ്യഗൃഹം കൈനകരിയിൽ ഇന്നും പഴമ നഷ്ടപ്പെടാതെ സംരക്ഷിച്ചിരിക്കുന്നു – ചാവറഭവൻ എന്ന പേരിൽ.

വേമ്പനാട്ടുകായലിനോടും പമ്പാനദിയുടെ ചെറുശാഖകളോടും തൊട്ടുരുമ്മിക്കിടക്കുന്ന ഹരിതഭൂമിയാണു കൈനകരി . കരഭൂമിയിൽ തെങ്ങും വാഴയും നടുതലകളുമൊക്കെ നന്നേ വിളയുന്നു. നെൽകൃഷിയുടെ കാലമായാൽ പച്ചപ്പട്ടുവിരിച്ചപോൽ വിസ്തൃതമായ പാടങ്ങൾ. കൊയ്ത്തുകാലത്ത് കനമേറിയ കതിർമണികളണിഞ്ഞ് അവ സ്വർണവർണമാകും.

കുട്ടനാടിന്റെ പ്രത്യേകതകളും പ്രകൃതിസൗന്ദര്യവും വിളഞ്ഞുനിൽക്കുന്ന കൈനകരി ആലപ്പുഴയുടെ കൈനഗരിയാണ്. കിഴക്കിന്റെ വെനീസ് എന്നറിയപ്പെട്ടിരുന്ന ആലപ്പുഴയോടു തൊട്ടുരുമ്മിക്കിടക്കുന്ന ഈ മനോഹര ഗ്രാമം ഇന്ന് ഏറെ അറിയപ്പെടുന്നത് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ജന്മസ്ഥലമെന്ന നിലയിലാണ്.

ഒരുകാലത്ത് ആലപ്പുഴ വലിയൊരു വാണിജ്യകേന്ദ്രമായിരുന്നു. വലിയ കൊപ്രാക്കളങ്ങളും കയർഫാക്ടറിക



കൈനകരി ഒരു ദൃശ്യം



കൈനകരിയിൽ ചാവറയച്ചൻ ജനിച്ച ഭവനം

ളുമൊക്കെ ഇതിന്റെ സ്മാരകമെന്നോണം ഇപ്പോഴും അങ്ങിങ്ങ് പൊട്ടിപ്പൊളിഞ്ഞു കിടപ്പുണ്ട്. കിഴക്കൻപ്രദേശങ്ങളിൽനിന്നു വള്ളങ്ങളിലാണ് അക്കാലത്ത് കച്ചവടക്കാരും മറ്റും വേമ്പനാട്ടുകായൽ കടന്ന് ആലപ്പുഴയിലെത്തിയിരുന്നത്.

അന്ന് കൈനകരി അടക്കമുള്ള കുട്ടനാടൻ പ്രദേശങ്ങൾ സമൃദ്ധിയിലും സംസ്കാരത്തിലും മുന്നിട്ടുനിന്നിരുന്നു. അധ്വാനശീലരായ കർഷകരും കർഷകത്തൊഴിലാളികളും കരപ്പാടങ്ങളിലും, ബണ്ടുതീർത്ത് കായൽ വകഞ്ഞുമാറ്റി വെള്ളം വറ്റിച്ച് കായൽപ്രദേശങ്ങളിലും നെൽക്കൃഷി ചെയ്തു. പാടങ്ങളുടെ ഓരങ്ങളിലെ ബണ്ടുകൾ സമൃദ്ധമായി കായ്ക്കുന്ന കല്പവൃക്ഷങ്ങളാലും നിറഞ്ഞുനിന്നു.

ക്രൈസ്തവപാരമ്പര്യം ഏറെ അവകാശപ്പെടാനുണ്ട് കുട്ടനാടൻ പ്രദേശത്തിന്. പുരാതനമായ പല ക്രൈസ്തവകുടുംബങ്ങളും ഈ പ്രദേശത്ത് നൂറ്റാണ്ടുകളായി താമസിച്ചുപോരുന്നു. ചങ്ങനാശേരി അതിരൂപതയുടെ രണ്ട് ആരംഭകാല ബിഷപ്പുമാർ കുട്ടനാട്ടുകാരായിരുന്നു. കൈനകരിയിൽ നിന്നുതന്നെയുള്ള ബിഷപ് മാർ ജയിംസ് കാളാശേരിയും ചമ്പക്കുളത്തു നിന്നുള്ള ബിഷപ് മാർ തോമസ് കുര്യാളശേരിയും. മാതൃഗൃഹമായ കൈനകരി കാളാശേരിയിലാണ് മാർ കുര്യാളശേരി ജനിച്ചതും എറണാകുളം വികാരിയാത്തിന്റെ പ്രഥമ മെത്രാനായിരുന്ന മാർ ലൂയിസ് പഴേപറമ്പിലും കുട്ടനാട്ടിലെ പുളിങ്കുന്നു സ്വദേശി ആയിരുന്നു.

വിദ്യാഭ്യാസ മേഖലയിലും കുട്ടനാടിന് സംസ്ഥാനത്തിന്റെ ഇതര ഭാഗങ്ങളെ അപേക്ഷിച്ച് സമ്പന്നമായൊരു ചരിത്രമുണ്ട്. ശതാബ്ദി പിന്നിട്ട നിരവധി പ്രശസ്ത സ്കൂളുകൾ ഈ പ്രദേശത്തുണ്ട്. പുളിങ്കുന്ന് സെന്റ് ജോസഫ്സ്, കൈനകരി സെന്റ് മേരീസ്, ചമ്പക്കുളം സെന്റ് മേരീസ് എന്നീ ഹൈസ്കൂളുകൾ ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസ വികസനത്തിന് വലിയ സംഭാവനയാണ് നല്കിയിട്ടുള്ളത്.

നിരവധിയായ സർക്കാർ സ്കൂളുകളും കുട്ടനാടിന്റെ അക്ഷരചൈതന്യം വ്യക്തമാക്കുന്നു. കൈനകരിയിൽ തന്നെ പഴക്കമേറിയ മൂന്ന് സർക്കാർ സ്കൂളുകളുണ്ട്. അതിലൊന്ന് ചാവറ ഭവനു സമീപമുള്ള ഗവൺമെന്റ് എൽ.പി. സ്കൂളാണ്. തോട്ടുവാത്തല എൽ.പി. സ്കൂളും കുട്ടമംഗലം സ്കൂളും കൈനകരിയുടെ വിദ്യാഭ്യാസ പാരമ്പര്യം വെളിപ്പെടുത്തുന്ന മറ്റു രണ്ടു സർക്കാർ വിദ്യാലയങ്ങളാണ്.

കുട്ടനാടൻ പ്രദേശങ്ങളിലെ സാക്ഷരതാനിരക്ക്, പ്രത്യേകിച്ച് സ്ത്രീകളുടെ സാക്ഷരതാനിരക്ക്,കേരളം സമ്പൂർണ സാക്ഷരത കൈവരിക്കും മുൻപുതന്നെ വളരെ ഉയർന്നതായിരുന്നു. അധഃസ്ഥിതസമൂഹങ്ങളുടെ വിദ്യാഭ്യാസപരമായ പുരോഗതി ഏറ്റവും കൂടുതലായി ഉണ്ടായിട്ടുള്ള പ്രദേശവും കുട്ടനാടാണ്. ദേശീയ സിവിൽ സർവീസിലുൾപ്പെടെ ഉന്നത ഉദ്യോഗസ്ഥാനങ്ങളിൽ എത്തിയിട്ടുള്ള പിന്നോക്കവിഭാഗക്കാർ ഏറെയുള്ള പ്രദേശമാണിത്. ഇപ്പോഴും നിരവധി ഉയർന്ന പദവികൾ വഹിക്കുന്ന കൈനകരിക്കാരായ നിരവധി പിന്നോക്കവിഭാഗക്കാർക്ക് ഈ പ്രദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏറെ സഹായകമായിട്ടുണ്ട്. ഇതിൽത്തന്നെ കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പങ്ക് നിർണായകമായിരുന്നു.



ജലകേളികളുമായി ആത്മബന്ധമുള്ള നാടാണ് കൈനകരി. പ്രശസ്തമായ നെഹ്റുട്രോഫി വള്ളംകളിയിൽ ഏറ്റവും കൂടുതൽ തവണ വിജയം നേടിയിട്ടുള്ളത് കൈനകരിയിലെ തുഴച്ചിൽകാരാണ്. യു.ബി.സി. കൈനകരി ടീം ജലമേളകളുടെ ആവേശമാണ്. പമ്പയുടെ കൈവഴികളും വേമ്പനാട്ടുകായലിന്റെ സാമീപ്യവും വെള്ളവും വള്ളവുമായുള്ള ബന്ധം അഭേദ്യമാക്കുന്നു. ഗതാഗതത്തിന് ജലവാഹനങ്ങൾ ഇന്നും കൈനകരിക്കാരുടെ പ്രധാന ആശ്രയമാണ്. കുട്ടനാടൻ പ്രദേശങ്ങളിൽ റോഡുകൾ ഏറെ വന്നെങ്കിലും കൈനകരി വില്ലേ

ജിൽ ഇവ വളരെ കുറവാണ്. നെടുകെയും കുറുകെയു മുള്ള തോടുകളും പുഴകളും റോഡുനിർമാണം കൂടുതൽ ശ്രമകരവും പണച്ചെലവേറിയതുമാക്കുന്നു. നിരവധി നീന്തൽതാരങ്ങളെയും ഈ നാട് സംഭാവന ചെയ്തിട്ടുണ്ട്. അന്തർദേശീയ തലത്തിൽ വരെ പ്രശസ്തരായ ചാവറ സഹോദരങ്ങളും ഇതിൽ ഉൾപ്പെടുന്നു.

ചാവറയച്ചന്റെ ജന്മഗൃഹമായ ചാവറ ഭവനിലേക്ക് എത്ത ണമെങ്കിൽ ഇപ്പോഴും ജലവാഹനങ്ങളെത്തന്നെ ആശ്ര യിക്കേണ്ടതുണ്ട്. ആലപ്പുഴയിൽനിന്നും കിഴക്കൻപ്രദേശങ്ങ ളിൽ നിന്നും നിരവധിയാളുകൾ ഈ ദുർഘട ജലപാത കൾ താണ്ടി ചാവറഭവനിലെത്തുന്നു, അനുഗ്രഹവർഷം അനുഭവിക്കുന്നു.

സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ കുട്ടനാട്ടിൽ നിന്നു നിര വധി പ്രമുഖർ സജീവമായി രംഗത്തുണ്ടായിരുന്നു. കുട്ട നാട് രാമകൃഷ്ണപിള്ളയെപ്പോലുള്ളവർ ഈ നാടിന്റെ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ഉജ്ജ്വലനക്ഷത്രങ്ങളാണ്. കൈനകരിയിൽനിന്നും നിരവധി പേർ മഹാത്മജിയുടെ ആഹ്വാനം ശ്രവിച്ച് സ്വാതന്ത്ര്യസമര പോരാട്ടത്തിൽ ഭാഗ ഭാക്കായി. പന്ത്രണ്ടാം വയസിൽ മഹാത്മജിക്ക് ജെയ് വിളിച്ച കൈനകരി ബേബി, കെ.പി.സി.സി. ജനറൽ സെക്രട്ടറി യായിരുന്ന ശാർങ്ഗധരൻ വക്കീൽ, കെ.സി. ജോബ്, കെ.സി. നൈനാൻ, ഐസക് സഖറിയാസ് ഐക്കര തുടങ്ങി ഈ ലിസ്റ്റിൽ കൈനകരിക്കാരും കുറവല്ല.

കർഷകത്തൊഴിലാളികളുടെ പോരാട്ടങ്ങൾക്കും ഈ ഭൂമി വേദിയായിട്ടുണ്ട്. ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദന്റെ ആദ്യകാല തട്ടകമായിരുന്നു ഇവിടം. പുന്നപ്ര-വയലാർ സമരകാലത്തെ പോരാട്ടചരിത്രം പറയുന്ന വിപ്ലവകാരികളുടെയും നാടാണിത്. ഈ പോരാ ട്ടസരണിയിലെ പിൻമുറക്കാരിൽ മുൻ എംഎൽഎ ആയ സി.കെ. സദാശിവനും ഇപ്പോഴത്തെ പന്തളം എംഎൽഎ കെ.കെ. ഷാജുവും ഉൾപ്പെടുന്നു.

ആലപ്പുഴ നിന്നോ നെടുമുടിയിൽ നിന്നോ അരമണി ക്കൂർ ബോട്ടിൽ യാത്ര ചെയ്താൽ കൈനകരിയിലെത്താം. കുട്ടനാടിന്റെ പശ്ചിമഭാഗത്തു സ്ഥിതി ചെയ്യുന്ന കൈന കരി ഇടവകപ്പള്ളിയിൽ നിന്നു മൂന്നു ഫർലോംഗ് വടക്കായി പുഞ്ചപ്പാടത്തിന്റെ മധ്യത്തായിട്ടാണ് 'കിഴക്കെ ചാവറ' 'പടി ഞ്ഞാറെ ചാവറ' എന്നീ രണ്ടു പുരാതന ഭവനങ്ങൾ സ്ഥിതി ചെയ്തിരുന്നത്. ഒറ്റത്തായിയും മുഖപ്പും കിഴക്കു ദർശന വുമായി തെക്കുവടക്കു നിൽക്കുന്ന 'കിഴക്കേ ചാവറ' എന്ന ഗൃഹത്തിലാണ് ചരിത്രപുരുഷനായ കുര്യാക്കോസ് ഏലി യാസച്ചൻ ഭൂജാതനായത്. മാർത്തോമ്മാ ശ്ലീഹായാൽ ജ്ഞാനസ്നാനം നൽകപ്പെട്ട പുരാതന കുടുംബങ്ങളിൽ ഒന്നായ പകലോമറ്റം ശാഖയിൽപ്പെട്ടതാണ് ചാവറക്കു ടുംബം. പാലയൂരിൽനിന്ന് കുറവിലങ്ങാട്ട് വന്ന് താമസിച്ചി രുന്ന പ്രസ്തുത കുടുംബാംഗമായ ഒരാൾ കൈനകരിയിൽ മുക്കാട്ട് വന്ന് വാസമുറപ്പിക്കുകയും അവിടെനിന്ന് മീന പ്പള്ളി, കാളാശേരി എന്നീ കുടുംബങ്ങൾ ഉദ്ഭൂതമാവുകയും ചെയ്തു എന്നാണ് പാരമ്പര്യം. ഫാ. വലേരിയൻ സി.ഡി.യുടെ 'വാഴ്ത്തപ്പെട്ട ദിവ്യശ്രീ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ' എന്ന ഗ്രന്ഥത്തിൽ ഇക്കാര്യം വ്യക്തമാ ക്കിയിട്ടുണ്ട്.

മീനപ്പള്ളിൽ തറവാട്ടിൽനിന്നാണ് ചാവറക്കുടുംബത്തി ലേക്ക് മാറിപ്പാർത്തിട്ടുള്ളത്. അവിടെ കുര്യാക്കോ-മറിയം ദമ്പതികളുടെ പുത്രനായി 1805 ഫെബ്രുവരി പത്തിനാണ് കുര്യാക്കോസ് ഏലിയാസച്ചന്റെ ജനനം.

തന്റെ സ്വഭാവരൂപീകരണത്തിൽ മാതാവിനുണ്ടായിരുന്ന സ്വാധീനം കുര്യാക്കോസ് ഏലിയാസച്ചന്റെ 'ആത്മാനു താപം' എന്ന കൃതിയിൽ വർണിച്ചിട്ടുണ്ട്. കവിതാരൂപത്തി ലുള്ളതാണ് ഈ കൃതി. പ്രാർഥനാജീവിതത്തിന്റെ ആദ്യ പാഠങ്ങൾ അമ്മയിൽനിന്നും അഭ്യസിച്ചതിനെപ്പറ്റി പ്രസ്തുത കൃതിയിൽ വിവരിക്കുന്നു.

കൈനകരിപ്പള്ളി അന്ന് സ്ഥാപിതമായിരുന്നില്ല. ചേന്ന ങ്കരി ഇടവകയുടെ ഭാഗമായിരുന്നു അന്ന് കൈനകരി. അതു കൊണ്ട് 1805 ഫെബ്രുവരി 18-ന് ശിശുവിന്റെ ജ്ഞാന സ്നാനം ചേന്നങ്കരി പള്ളിയിലാണ് നടന്നത്. സ്വപിതാവിന്റെ നാമധേയമായ കുര്യാക്കോസ് എന്ന പേര് ശിശുവിന് നൽക



പ്പെട്ടു. ഒരു സഹോദരനും നാല് സഹോദരികളുമുണ്ടായിരുന്നു. കനിഷ്ഠപുത്രനായ കുര്യാക്കോസ് ചെറുപ്പത്തിലേ തന്നെ ദൈവത്തിനും മനുഷ്യനും പ്രീതികരമായ ജീവിതമാണ് നയിച്ചത്.ദിവ്യബലിയിൽ സംബന്ധിക്കുന്നതിനും മറ്റുമായി കുടുംബാംഗങ്ങളോടൊപ്പം ചേന്നങ്കരി സെന്റ് ജോസഫ്സ് ദേവാലയത്തിലേക്ക് കുര്യാക്കോസ് വള്ളത്തിലാണ് യാത്ര ചെയ്തിരുന്നത്. വള്ളം തുഴയാൻ കുര്യാക്കോസിനു താത്പര്യമായിരുന്നു. വള്ളവും വഞ്ചിപ്പാട്ടുമൊക്കെ അങ്ങനെ ആ ചെറുമനസ്സിൽ കുടിയേറി.

അഞ്ചാമത്തെ വയസിൽ ബാലനെ എഴുത്തിനിരുത്തി. അഞ്ചുകൊല്ലംകൊണ്ട് അന്നത്തെ നടപ്പനുസരിച്ചുള്ള പ്രാഥമിക വിദ്യകളെല്ലാം കുര്യാക്കോസ് ഹൃദിസ്ഥമാക്കി. വിദ്യാഭ്യാസത്തോടൊപ്പം സുകൃതാഭ്യാസത്തിലും കുര്യാക്കോസ് ഏറെ താത്പര്യം കാട്ടി. ദൈവസേവനത്തിനുള്ള വിളി ചെറുപ്രായത്തിലേ ഈ ബാലനിൽ അങ്കുരിച്ചുകഴിഞ്ഞിരുന്നു.

പത്താം വയസിൽ പള്ളിപ്പുറത്ത് പാലയ്ക്കൽ തോമാമല്പാനച്ചനാണ് കുട്ടിയുടെ ദൈവകൃപ മനസിലാക്കി വൈദികപഠനത്തിനുള്ള വഴിയൊരുക്കിയത്.

1829 നവംബറിൽ കുര്യാക്കോസ് അർത്തുങ്കൽ വിശുദ്ധ അന്ത്രയോസ് ശ്ലീഹായുടെ ദേവാലയത്തിൽവച്ച് 24-ാമത്തെ വയസിൽ മൗറെലിയൂസ് സ്തബലീനി മെത്രാനിൽനിന്നു വൈദികപട്ടം സ്വീകരിച്ചു. ആഗമനകാലത്തിന്റെ ഒന്നാം ഞായറാഴ്ച പ്രഥമദിവ്യബലി അർപ്പിക്കുകയും ചെയ്തു. തുടർന്ന് കുറെക്കാലം ചേന്നങ്കരി,പുളിങ്കുന്ന് പള്ളികളിൽ താമസിച്ച് വൈദികശുശ്രൂഷ നടത്തി. കുട്ടനാട്ടിലെ പള്ളികളിൽ ദർശനതിരുന്നാളിൽ ദിവ്യകാരുണ്യപ്രദിക്ഷണങ്ങൾ നടത്തുന്നതിനു പ്രേരണ നല്കിയതും ചാവറയച്ചനാണ്.


ജന്മനാടിനോടുള്ള കുര്യാക്കോസ് ഏലിയാസച്ചന്റെ സവിശേഷവാത്സല്യം ഫാ. വലേരിയൻ എഴുതിയ പുസ്തകത്തിലുള്ള കൈനകരി ഇടവകക്കാർക്കുള്ള ലേഖനം വായിക്കുന്നവർക്ക് വ്യക്തമാകും. ഇത് ഒരു പ്രദേശത്ത് താമസിക്കുന്നവർക്കുവേണ്ടി മാത്രമുള്ള ഉപദേശനിർദേശങ്ങളല്ല. സകല കുടുംബങ്ങളും സമൂഹവും പുലർത്തേണ്ട നീതിമര്യാദകളും കീഴ്വഴക്കങ്ങളും ഒക്കെ അതിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

"ഒരു തറവാടിന്റെ ബഹുമാനവും ഭാഗ്യവും യാതൊരു വഴക്കുമില്ലാതെ എല്ലാവരോടും സമാധാനമായിരിക്കുന്നതത്രേ." "എത്രയും ദ്രവ്യമുള്ള കുടുംബം കടമില്ലാത്ത കുടുംബമാകുന്നു" തുടങ്ങി പ്രായോഗിക ജീവിതത്തിനുതകുന്ന നിരവധി നിർദേശങ്ങൾ പ്രസ്തുത കത്തിൽ പറഞ്ഞിട്ടുണ്ട്.

"പ്രിയപ്പെട്ടവരെ, ഞാൻ മാംസബന്ധത്താൽ ചേന്നൻകരിപള്ളി ഇടവകയിൽ ചാവറ കുര്യാക്കോസ് എന്ന ആളിന്റെ മകൻ ആകുന്നു. എന്നാൽ സർവേശ്വരൻ ഇഹലോകത്തിൽ എന്നെയും സൃഷ്ടിക്കാൻ തിരുമനസായി. ഇപ്പോൾ ഈ തറവാട്ടിലും കാരണവന്മാരിലും എന്നെ ജനിപ്പിച്ചതിനാൽ, എന്റെ മാംസബന്ധക്കാരായ നിങ്ങൾക്ക് നീതിയാലെയും ഉപവിയാലെയും ഉപകാരം ചെയ്യാൻ എനിക്ക് ഒരു വിശേഷകടമയുണ്ട്.... ആയതിനാൽ എല്ലാറ്റിനും ആയി എന്റെ കൈ എഴുത്താൽ ഇതിനെ ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ മരിച്ചാലും ഈ കടലാസ് മരിക്കയില്ല.

ആകയാൽ ഇത് എന്റെ നിക്ഷേപമായി കാക്കുവാൻ എന്റെ മക്കളായ കൈനകരി കുരിശുപള്ളിക്കാരായ നിങ്ങളെ ഞാൻ ഇത് ഏല്പിക്കുന്നു" 1868-ാം കാലം കുംഭമാസം 18 എന്ന തീയതിവച്ച് കർമ്മലീത്താ ദിസ്കാൾഡ് മൂന്നാം സഭ മാന്നാനം മുതലായ കൊവേന്തകളുടെ പ്രിയോർ തിരുക്കുടുംബത്തിന്റെ ആഹാ കുരിയാക്കോ ഏലിയാ എന്നു പേരുവച്ചു നൽകിയ ചൈതന്യദീപ്തി നിറഞ്ഞ ഈ കത്തിൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചനു ജന്മനാടിനോടുള്ള സ്നേഹവും വാത്സല്യവും നിറഞ്ഞുനിൽക്കുന്നു.





ടി. ദേവപ്രസാദ്

ഡപ്യൂട്ടി എഡിറ്റർ, ദീപിക

ചാവറപ്പിതാവിന്റെ ശക്തിസ്രോതസുകൾ

കാലാതീതമായ ഒരു പ്രകാശഗോപുരമാകുവാൻ ചാവറപ്പിതാവിന് എങ്ങനെ കഴിഞ്ഞു? വെറും ആറരപ്പതിറ്റാണ്ടുമാത്രം നമുക്കൊപ്പമുണ്ടായിരുന്ന ഈ സാധാരണക്കാരന് ഐതിഹാസികമായ നേട്ടങ്ങൾ കൈവരിക്കാനായതെങ്ങനെ? ചരിത്രവിദ്യാർഥികളെങ്കിലും അദ്ഭുതത്തോടെ വിശകലനം ചെയ്യുന്ന സമസ്യയാകും അത്. ലോകത്തിന്റെ കണ്ണുകൾക്ക് തിരിച്ചറിയാനാകാത്ത ഒരു ശക്തിയാണ് ചാവറപ്പിതാവിനെ അദ്ഭുതങ്ങളുടെ മനുഷ്യനാക്കിയതെന്ന് വിശ്വാസികൾ കണ്ടെത്തുന്നു.

മനുഷ്യവിമോചകനായി വന്ന യേശു തന്റെ ദൗത്യം ഭാവിതലമുറകൾക്കായി കൈമാറുമ്പോൾ ശിഷ്യർക്കു നൽകുന്ന ഉറപ്പ് വിശുദ്ധ മാർക്കോസ് രേഖപ്പെടുത്തുന്നുണ്ട് : ''നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ചു സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും. വിശ്വസിക്കുന്നവരോടുകൂടെ ഈ അടയാളങ്ങൾ ഉണ്ടായിരിക്കും. അവർ എന്റെ നാമത്തിൽ പിശാചുക്കളെ ബഹിഷ്കരിക്കും. പുതിയ ഭാഷകൾ സംസാരിക്കും. അവർ സർപ്പങ്ങളെ കൈയിലെടുക്കും, മാരകമായ എന്തു കുടിച്ചാലും അത് അവരെ ഉപദ്രവിക്കുകയില്ല. അവർ രോഗികളുടെമേൽ കൈകൾ വയ്ക്കും. അവർ സുഖം പ്രാപിക്കുകയും ചെയ്യും. കർത്താവായ യേശു അവരോട് സംസാരിച്ചതിനുശേഷം സ്വർഗത്തിലേക്ക് സംവഹിക്കപ്പെട്ടു. അവൻ ദൈവത്തിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായി. അവർ എല്ലായിടത്തും പോയി പ്രസംഗിച്ചു. കർത്താവ് അവരോടുകൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾകൊണ്ട് വചനം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു. (16:15.20)

''കർത്താവ് അവരോടുകൂടി പ്രവർത്തിക്കുകയും അടയാളങ്ങൾകൊണ്ട് വചനത്തെ സ്ഥിരീകരിക്കുകയും'' ചെയ്യുന്ന അനുഭവം സഭയുടെ ചരിത്രത്തിലെ മഹാരഥന്മാരുടെയെല്ലാം സ്വന്തമാണ്. ലോകം ഇല്ലായ്മയെന്നു ചിത്രീകരിക്കുന്ന സാഹചര്യങ്ങളിൽനിന്നും വിസ്മയകരമായ നേട്ടങ്ങൾ പടുത്തുയർത്തുവാൻ ചാവറപ്പിതാവിനു സാധിച്ചതിന്റെ പൊരുളും ഈ സത്യമാണ്.

കർത്താവ് ചാവറപ്പിതാവിനോടൊപ്പം പ്രവർത്തിച്ചു. അടയാളങ്ങളിലൂടെ പിതാവ് പകർന്ന വചനത്തിനു സാക്ഷ്യം നൽകി. ആ സാക്ഷ്യമാണ് ആഗോളസഭയുടെ അഭിമാനമായ കർമലീത്താ സന്യാസസഭയും സഭകളുടെ ശുശ്രൂഷകളുമടക്കം ചാവറപ്പിതാവിന്റെ നിത്യസ്മരണകളായി വിലസുന്ന സ്നേഹസ്രോതസുകൾ.

കർത്താവ്, ചാവറപ്പിതാവിനോടൊപ്പം പ്രവർത്തിച്ചതെങ്ങനെയെന്നോ? ദൈവവചനം തന്നെ പറഞ്ഞു തരുന്നുണ്ട് എങ്ങനെ ദൈവം നമ്മോടൊപ്പം നിൽക്കുമെന്ന്. യാക്കോബ് ശ്ലീഹയുടെ ലേഖനത്തിൽ ദൈവം പറയുന്നു: ''ദൈവത്തോടു ചേർന്നുനിൽക്കുവിൻ. അവിടന്ന് നിങ്ങളോടും ചേർന്നുനിൽക്കും'' (4:8). ചാവറപ്പിതാവ് ദൈവത്തോടു ചേർന്നു നിന്നു. ദൈവം അദ്ദേഹത്തോടു ചേർന്നു നിന്നു. ഈ ഒത്തുവാസത്തിന് ചാവറപ്പിതാവ് അനുഭവിച്ചറിഞ്ഞ മാർഗങ്ങളായിരുന്നു ദിവ്യകാരുണ്യഭക്തിയും മരിയഭക്തിയും.

ആഗോളസഭയിൽ വിശുദ്ധ കുർബാനയെ 'ദിവ്യകാരുണ്യം' എന്നു വിളിക്കുന്ന ഏകഭാഷ മലയാളമാണെന്നു തോന്നുന്നു. പോളണ്ടിലെ വി. ഫൗസ്റ്റിനായിലൂടെ ദിവ്യകാരുണ്യ ഭക്തി പ്രചരിപ്പിക്കപ്പെടുന്നതിന് എത്രയോകാലം മുമ്പേ നമ്മുടെ പൂർവികർ ഈ അനുഭവം സ്വന്തമാക്കിയിരിക്കണം!

അൾത്താര ബാലനായി കുർബാനയ്ക്കു കൂടുന്ന കാലം മുതൽ ചാവറപ്പിതാവിൽ ദിവ്യകാരുണ്യ ഭക്തി സജീവമായിരുന്നു. കർത്താവിന്റെ അഭിഷിക്തനും സന്യാസിയും പ്രിയോരുമൊക്കെ ആയിത്തീർന്നതിനനുസരിച്ച് ഈ ഭക്തി വർധിച്ചുകൊണ്ടിരുന്നു. ദിവ്യകാരുണ്യ സന്നിധിയിൽ പിതാവ് ധ്യാനപരവശനായി നിന്നിരുന്ന കാഴ്ചയെക്കുറിച്ച് സമകാലീനരുടെ ധാരാളം വിവരണങ്ങൾ നമുക്കുണ്ട്. ''അത് മനോഹരമായ ഒരു കാഴ്ചയായിരുന്നു ; '' ഫാ. ലൂയിസിനെ ഉദ്ധരിച്ചുകൊണ്ട് ചാവറപ്പിതാവിന്റെ ജീവചരിത്രകാരനായ ഫാ. വലേറിയൻ രേഖപ്പെടുത്തുന്നു. ദിവ്യകാരുണ്യസന്നിധിയിൽ നിൽക്കുന്ന പിതാവിനെ കാണുമ്പോൾ ഒരു മാലാഖ നിൽക്കുന്നതായി തോന്നിയിരുന്നുവെന്ന് ശിഷ്യന്മാരും രേഖപ്പെടുത്തിയിരുന്നു. ചാവറപ്പിതാവിനെ ഏറെ അടുത്തറിഞ്ഞിരുന്ന ലയോപ്പോൾദ് അച്ചൻ ആത്മാനുതാപത്തിൽ സാക്ഷ്യപ്പെടുത്തിയിരുന്നത് ആശ്രമവാസികളുടെ പതിവു വിസീത്തയ്ക്കല്ലാതെ ദിവസവും ഏറെ നേരം വിശുദ്ധ കുർബാനയുടെ തിരുമുമ്പാകെ മുട്ടുകുത്തി എത്രയും എരിവോടെ അദ്ദേഹം നമസ്കരിച്ചുവന്നിരുന്നുവെന്നാണ്.

ദിവ്യകാരുണ്യമായി വിശുദ്ധ കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്ന ഈശോയോട് കുഞ്ഞുങ്ങളെപ്പോലെ ആശ്ര

യത്വം പുലർത്തിയിരുന്നു ചാവറപ്പിതാവ്. ദിവ്യകാരുണ്യനാഥനുമായി എല്ലാം പങ്കുവയ്ക്കുകയും വേണ്ടതെല്ലാം ചോദിച്ചുവാങ്ങുകയും ചെയ്തിരുന്നു.

മാന്നാനത്ത് ആശ്രമം, പള്ളി, അച്ചടിപ്പുര എന്നിവയുടെ പണി നടക്കുന്ന കാലം. ഒരുദിവസം അന്നത്തെ കൂലിക്കു പോലുമുള്ള പണം പ്രിയോരച്ചന്റെ കൈവശമില്ല. ഉത്കണ്ഠയോടെ അദ്ദേഹം കടന്നുചെന്നത് ദിവ്യകാരുണ്യസന്നിധിയിലേക്കാണ്. കുറേനേരം പ്രാർഥിച്ചുനിന്നു. പുറത്തേക്കുവന്നപ്പോൾ ഒരപരിചിതൻ കാത്തുനിൽക്കുന്നു. ''ഞാൻ 500 ചക്രം കൊണ്ടുവന്നിട്ടുണ്ട്. ഒരാളെ അയച്ചാൽ 500 ചക്രംകൂടി കൊടുത്തയയ്ക്കാം.'' ഇതായിരുന്നു അപരിചിതന്റെ വാക്കുകൾ. പണവുമായി ദിവ്യകാരുണ്യനാഥൻ ആളെ അയച്ചിരിക്കുന്നു. കൂനമ്മാവ് മഠം പണി തുടങ്ങുമ്പോൾ അച്ചന്റെ കൈയിലുണ്ടായിരുന്നത് വെറും 18 രൂപ. 8000 രൂപയായി പണി പൂർത്തിയായപ്പോൾ. എല്ലാം നൽകിയത് ദിവ്യകാരുണ്യനാഥൻ.

ഇത്തരം ഭൗതിക അടയാളങ്ങൾ പകർന്ന ബോധ്യം പിതാവിനെ കടുത്ത ദിവ്യകാരുണ്യ ഭക്തനാക്കി. ഈ ഭക്തി കേരളക്കരയിലാകെ പ്രചരിപ്പിക്കുവാൻ പിതാവ് യത്നിച്ചു. അച്ചന്റെ ചാവരുളുകളിൽ കുടുംബങ്ങൾക്ക് പിതാവ് ഈ നിർദേശം നൽകുന്നു: ''കഴിയുന്നതായാൽ ദിവസവും കുർബാന കാണുക. പ്രയാസമെങ്കിൽ തിങ്കളാഴ്ച മരിച്ച വിശ്വാസികൾക്കു വേണ്ടിയും വെള്ളിയാഴ്ച ഈശോയുടെ പീഡാനുഭവങ്ങളുടെ ഭക്തിക്കായും ശനിയാഴ്ച വ്യാകുലമാതാവിന്റെ ഭക്തിക്കായും കുർബാന കാണുക. വീട്ടിൽനിന്നും എല്ലാവർക്കും പോകാനാകാത്തതുകൊണ്ട് ഒന്നോ രണ്ടോ പേർ പോകുക.''

ചാവറപ്പിതാവ് സ്ഥാപിച്ച സന്യാസസഭകളിലെ മക്കളെ ദിവ്യകാരുണ്യഭക്തിയിൽ വളർത്തുവാൻ പിതാവ് ഏറെ ശ്രദ്ധിച്ചു. ദിവ്യകാരുണ്യത്തിരുനാൾ കഴിഞ്ഞ് എട്ടുദിവസത്തേക്ക് വി. കുർബാന പരസ്യമായി എഴുന്നെള്ളിച്ചുവച്ച് കുർബാനയുടെ കാനോൻ നമസ്കാരം ഗാനരൂപത്തിൽ പാടുന്നതിനും ദിവ്യകാരുണ്യ ആശീർവാദം നൽകുന്നതിനും പിതാവ് വ്യവസ്ഥ ചെയ്തു. ഈ പ്രാർഥനകൾ കാനോൻ നമസ്കാരത്തിൽ ചിട്ടപ്പെടുത്തിയതും പിതാവായിരുന്നു. ഈ ഭക്താനുഷ്ഠാനത്തോടനുബന്ധിച്ച് കൂനമ്മാവ് മഠത്തിലെ കന്യാസ്ത്രീകൾക്കു പിതാവ് അയച്ച കത്തിൽ എട്ടുദിവസവും അവരിലൊരാളെങ്കിലും വിശുദ്ധ കുർബാനയുടെ മുന്നിൽ മുടങ്ങാതെ ആരാധിക്കണമെന്ന് ഉപദേശിച്ചു. അനുദിന ദിവ്യകാരുണ്യം അനുവദനീയമല്ലായിരുന്ന അക്കാലത്ത് ഓരോ ദിവസവും ഒരാൾവച്ച് ദിവ്യകാരുണ്യം സ്വീകരിക്കണമെന്നും പിതാവ് നിർദേശിച്ചു.

ദിവ്യകാരുണ്യ ഭക്തിപ്രചാരണത്തിനായി പിതാവ് ആരംഭിച്ച ദിവ്യകാരുണ്യ ഉത്സവമായിരുന്നു നാല്പതുമണി ആരാധന. കേരളത്തിലെ ക്രൈസ്തവരെ ദിവ്യകാരുണ്യസന്നിധിയിലേക്ക് വലിച്ചാകർഷിച്ച ഈ ദിവ്യകാരുണ്യ ഉത്സവത്തിന് പിതാവ് തുടക്കംകുറിച്ചത് 1866-ലെ വിഭൂതിത്തിരുനാളിന്റെ പിറ്റേന്നാണ്. കൂനമ്മാവിലായിരുന്നു തുടക്കം. വ്യാഴം, വെള്ളി, ശനി ദിവസങ്ങളിലായിരുന്നു ആരാധന. ഈ ദിവസങ്ങളിൽ വെടി , വാദ്യം തുടങ്ങിയ ബാഹ്യാഘോഷങ്ങൾ ഉണ്ടായിരിക്കരുത്. ദേവാലയ കീർത്തനങ്ങളല്ലാതെ ഒന്നും പള്ളിയിൽ പാടരുത്. പീഠത്തിന്മേൽ പച്ചപ്പൂക്കൾ വയ്ക്കണം. മെഴുകുകൊണ്ടുള്ള നല്ല തിരികൾ കൊളുത്തണം. പള്ളിക്കകത്ത് പണപ്പിരിവു പാടില്ല. യാചകർ പള്ളിയിൽനിന്നും നൂറു കോൽ ദൂരെയായിരിക്കണം. വിശുദ്ധ കുർബാനയിലെ കാർമികർക്ക് ഇരിക്കാൻ കസേര അരുത്. പള്ളിക്കകത്തും പരിസരത്തും പൂജ്യമായ മൗനം പാലിക്കപ്പെടണം. പ്രിയോരച്ചന്റെ ഈ നിർദേശങ്ങൾ നാല്പതു മണിക്കൂർ ആരാധനയെ എത്രയോ വിശുദ്ധമായി അച്ചൻ കണക്കാക്കിയിരുന്നുവെന്ന് നമുക്കു മനസിലാക്കിത്തരുന്നു. 1867-ൽ വലിയനോമ്പുകാലത്ത് വാഴക്കുളത്തും നോമ്പു കഴിഞ്ഞുവന്ന മൂന്നാം ആഴ്ച മാന്നാനത്തും 1868-ൽ എൽത്തുരുത്തിലും നാൽപതുമണി ആരാധന നടത്തി. കൊവേന്തപ്പള്ളികളിൽ നടന്നുവന്ന ഈ ഭക്തകൃത്യം ക്രമേണ ഇടവക ദേവാലയങ്ങളിലേക്കും പടർന്നു.

പരിശുദ്ധ കന്യകാമറിയത്തിന്റെ ജപമാല എന്ന അപ്പസ്തോലിക ലേഖനത്തിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പങ്കുവയ്ക്കുന്ന ഒരു അല്മായ അനുഭവമുണ്ട്. ''മറിയം എല്ലാവരെയും യേശുവിലേക്കു നയിക്കുന്നതുപോലെ യേശു സ്നേഹിക്കുന്നവരെ അമ്മയുടെ പക്കൽ കൊണ്ടുപോകാറുണ്ട്.'' ദിവ്യകാരുണ്യ ഭക്തർക്ക് സ്വാഭാവികമായി ഉണ്ടാകുന്ന ഒന്നാണ് മരിയഭക്തി. തിരിച്ചും പറയാം.

യേശുവിന്റെ സഭയിൽ അദ്ഭുതകരമായ ശുശ്രൂഷകൾക്കു നിമിത്തമായ എല്ലാവരും ദിവ്യകാരുണ്യത്തിന്റെയും പരിശുദ്ധ അമ്മയുടെയും ഭക്തരാണെന്നത് ചരിത്രം.

ചാവറപ്പിതാവും മരിയഭക്തികൊണ്ട് ജ്വലിച്ചിരുന്നു. പിതാവ് സ്ഥാപിച്ച സഭ കർമലമാതാവിന്റെ നാമത്തിലുള്ളതായി പരിണമിച്ചതുതന്നെ ചാവറപ്പിതാവും പരിശുദ്ധ അമ്മയും തമ്മിലുള്ള സ്നേഹത്തിന്റെ അടയാളമായി അദ്ദേഹം കരുതിയിരുന്നു. വി. ഡൊമിനിക്കിന്റെ സഭ (ഓർഡർ ഓഫ് പ്രീച്ചേഴ്സ്) ഇവിടെയും സ്ഥാപിക്കാനായിരുന്നു സ്ഥാപകപിതാക്കളായ പാലയ്ക്കൽ മല്പാനച്ചന്റെയും പോരുക്കര തോമ്മാ മല്പാനച്ചന്റെയും ഉദ്ദേശ്യം. തുടക്കത്തിൽ മാന്നാനത്തെ ജീവിതക്രമവും അത്തരത്തിലുള്ളതായിരുന്നു. അതിനുവേണ്ടിയാണ് സഭാംഗങ്ങൾ വെള്ള ളോഹ ഉപയോഗിച്ചുതുടങ്ങിയത്. ചാവറപ്പിതാവ് ആ കൂട്ടായ്മയ്ക്കു നൽകിയ പേര് അമലോത്ഭവ കന്യകയുടെ ദാസസംഘം എന്നായിരുന്നു. പിന്നീടത് ദൈവജനനിയുടെ സഹോദരന്മാർ എന്നറിയപ്പെടുന്ന പുരാതന കർമലീത്ത സഭയുടെ ഭാഗമായി.

കേരളസഭയിൽ ഉത്തരീയ ഭക്തി, അമലോത്ഭവ ഭക്തി, വ്യാകുലമാതാ ഭക്തി എന്നിവ അഭ്യസിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ചാവറപ്പിതാവ് കാരണമായി. ഉത്തരീയ സഭ, ജപമാല സഭ, മരിയ സഖ്യം, മാതാവിൽ നൻമരണസഭ തുടങ്ങിയവ പ്രചരിപ്പിക്കുവാനും ചാവറപ്പിതാവ് കാരണമായി. ചാവറപ്പിതാവിന്റെ 'ധ്യാനസല്ലാപ'ങ്ങളിൽ അദ്ദേഹം അനുഭവിച്ച മരിയ സ്നേഹത്തിന്റെ തുടിപ്പുകൾ പ്രകടമാണ്. ആത്മാനുതാപത്തിലും പ്രാർഥനാപുസ്തകത്തിലും എല്ലാം ഈ സ്നേഹം നിറഞ്ഞുനിൽക്കുന്നതു കാണാം.

ചാവറപ്പിതാവ് ഏറ്റെടുത്തു നടത്തിയ എല്ലാ ദുഷ്കരകാര്യങ്ങളും ദൈവമാതാവിന്റെ മധ്യസ്ഥതയിൽ സാധ്യമാക്കപ്പെടുമെന്ന ഉറച്ച വിശ്വാസവും ബോധ്യവും അദ്ദേഹത്തിനുണ്ടായിരുന്നു.

ചാവറപ്പിതാവിന്റെ ആത്മീയ പിതാവായിരുന്ന ലയോപ്പോൾദ് അച്ചന് ഉണ്ടായ ഒരു ദുഃഖം പരിശുദ്ധ അമ്മയോടുള്ള പ്രാർഥനയാൽ നീങ്ങിപ്പോയതിന്റെ വിവരണം അദ്ദേഹം ഡയറിയിൽ കുറിച്ചിട്ടിരുന്നു. ധ്യാനസല്ലാപം എന്ന പുസ്തകത്തിൽ അത് വിവരിക്കുന്നു. അച്ചന്റെ സങ്കടം അറിഞ്ഞ ചാവറപ്പിതാവ് തന്റെ സഹസന്യാസിമാരോടും കന്യാസ്ത്രീമാരോടും വിവരം പറഞ്ഞു. അച്ചനുവേണ്ടി പരിശുദ്ധ രാജ്ഞി, എത്രയും ദയയുള്ള മാതാവേ എന്നീ പ്രാർഥനകൾ മൂന്നുതവണവച്ചു ചൊല്ലി മാതാവിന്റെ മധ്യസ്ഥത നേടാൻ അഭ്യർഥിച്ചു. മലപോലെ വന്ന പ്രശ്നം പൂവുപോലെ പരിണമിക്കപ്പെട്ടു. മാതാവിന്റെ സഹായമാണ് കാരണമെന്ന് അച്ചൻ വിശ്വസിക്കുന്നു.

റോക്കോസ് ശീശ്മക്കെതിരായ പോരാട്ടത്തിലും പിതാവ് പരിശുദ്ധ അമ്മയുടെ സഹായമാണ് തേടിയത്. ''ജന്മപാപമില്ലാതെ ഉത്ഭവിച്ച മറിയമേ, തിരുസഭയ്ക്ക് നേരിട്ട എല്ലാ നാശങ്ങളെയും നീക്കിയ മാതാവേ, പുതുതായി മുളച്ച ഈ ശിശുസഭയെ അസ്വസ്ഥപ്പെടുത്താതിരിക്കുവാൻ അമ്മ

മധ്യസ്ഥത വഹിക്കണമേ, വിശുദ്ധ പത്രോസിന്റെ അധികാരം വഹിക്കുന്ന പരിശുദ്ധ മാർപ്പാപ്പയ്ക്കു പൂർണമായ വിധേയത്വം എന്നും എല്ലായിടത്തും ഉണ്ടാകുവാൻ പ്രാർഥിക്കണമേ''. ഈ പ്രാർഥന പ്രസിദ്ധപ്പെടുത്തുകയും വിശ്വാസികൾ പ്രാർഥിക്കണമെന്ന് നിർദേശിക്കുകയും ചെയ്തു.

ദിവ്യകാരുണ്യനാഥനിൽനിന്നും പരിശുദ്ധ അമ്മവഴി നേടാനാകാത്ത ഒന്നും ഇല്ലെന്ന് ചാവറപ്പിതാവ് അനുഭവിക്കുകയും പഠിപ്പിക്കുകയും ചെയ്തു. ഈ അനുഭവം സമൂഹത്തിൽ മൂർത്തരൂപം പ്രാപിച്ചവയാണ് ചാവറപ്പിതാവിന്റെ കാലാതീതമായ സാമൂഹ്യസംഭാവനകൾ. ഈ അനുഭവം പിതാവിന്റെ വാക്കുകളായി പ്രവഹിച്ചിടത്തൊക്കെ വലിയ മാനസാന്തരങ്ങൾ ഉണ്ടായി.

അദ്ദേഹത്തിന്റെ പ്രസംഗം കേട്ട് വിമ്മിക്കരഞ്ഞവരെക്കുറിച്ച് സമകാലീനർ രേഖപ്പെടുത്തിയിട്ടുണ്ട്. ജീവിക്കുന്ന വിശുദ്ധനെന്ന് ഒപ്പം നടന്നവർ അദ്ദേഹത്തെ കരുതി. ചാവറപ്പിതാവിന്റെ മൃതദേഹം അഴിയില്ലെന്ന വിശ്വാസത്തിൽ, അദ്ദേഹത്തിന്റെ ആത്മഗുരുവായിരുന്ന ലയോപ്പോൾദ് അച്ചൻ പിതാവിന്റെ കബറിടം തുറപ്പിച്ചുനോക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു. (വാഴ്ത്തപ്പെട്ട ദിവ്യശ്രീ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ-ഫാ. വലേരിയൻ. പേജ് 236).

ജീവിച്ച കാലഘട്ടത്തിന്റെ പ്രവാചകനും പ്രകാശവുമായി കാലത്തിനുമുമ്പേ നടക്കുവാൻ ചാവറപ്പിതാവിനായെന്ന് ഇന്ന് സമൂഹം തിരിച്ചറിയുന്നു.

ഈ കാലാതീതമാനം അച്ചന്റെ ജീവിതത്തിനും ദൗത്യത്തിനും കൈവന്നത് അവനോടൊപ്പം യേശു ഉണ്ടായിരുന്നതുകൊണ്ടാണെന്ന് ഇന്ന് നമുക്കറിയാം. ഇതിനു പിതാവിനെ പ്രാപ്തനാക്കിയത് പരിശുദ്ധ പരമദിവ്യകാരുണ്യവും ദിവ്യകാരുണ്യത്തിന്റെ അമ്മയായ മറിയവും ആയിരുന്നു.

ചാവറയച്ചൻ മരിക്കുന്നതിനു തൊട്ടുമുമ്പ് സഭാംഗങ്ങൾക്ക് കൊടുത്ത അന്ത്യോപദേശം

"നിങ്ങൾ എന്തിനു ദുഃഖിക്കുന്നു. മനുഷ്യൻ ആരുതന്നെ ആയാലും എപ്പോഴെങ്കിലും മരിക്കണം. എനിക്കായിട്ടുള്ള സമയം ഇപ്പോൾ ആകുന്നു. ദൈവാനുഗ്രഹത്താൽ ഈ സമയം ഓർത്ത് എന്നാൽ പാടുള്ള ഒരുക്കങ്ങൾ കുറെനാൾ മുമ്പുതുടങ്ങി ഞാൻ ചെയ്തുവന്നു.


ഭക്തിയുള്ള എന്റെ മാതാപിതാക്കന്മാർ ഈശോ മറിയം യൗസേപ്പ് എന്ന മഹാ കുടുംബത്തെ പല വിധത്തിൽ എന്നെ ഓർപ്പിക്കയും ഞാൻ ആ തിരുക്കുടുംബത്തെ ഇതുപോലെ (കട്ടിലിന്റെ അരികിൽ ഇരുന്നിരുന്നതും എപ്പോഴും കാണത്തക്കവിധം തന്റെ മേശയിൽ വച്ചിരുന്നതുമായ രൂപത്തെ കാണിച്ചുകൊണ്ട്) എപ്പോഴും എന്റെ ഹൃദയത്തിൽ ഞാൻ കാക്കുകയും ഓർക്കുകയും വണങ്ങുകയും ചെയ്തിരുന്നതിനാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിക്കകൊണ്ട് മാമ്മോദീസായിൽ എനിക്കു കിട്ടിയ ദൈവ ഇഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയായിട്ടില്ല എന്ന് പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്ക് ധൈര്യമുണ്ട്. നമ്മുടെ പാവപ്പെട്ട സഭയേയും അംഗങ്ങളായ നിങ്ങളെല്ലാവരെയും ഈ തിരുക്കുടുംബത്തിന് ഞാൻ പ്രതിഷ്ഠിക്കുന്നു.

തിരുക്കുടുംബത്തെ നിങ്ങൾ ആശ്രയിക്കുവിൻ, നിങ്ങളുടെ ഹൃദയങ്ങളിൽ ആ തിരുക്കുടുംബം അധികാരം നടത്തട്ടെ. ഞാൻ മരിക്കുന്നതിനെക്കുറിച്ച് നിങ്ങൾ ദുഃഖിച്ചു കലങ്ങേണ്ട. ദൈവതിരുമനസിനു സന്തോഷത്തോടുകൂടി കീഴുവഴങ്ങുവിൻ. ദൈവം സർവ വല്ലഭനും അറുതിയില്ലാത്ത അനുഗ്രഹക്കാരനുമാകുന്നു. സഭയ്ക്കും നിങ്ങൾ ഓരോരുത്തർക്കും എന്നെക്കാൾ കൂടുതൽ നന്മ ചെയ്വാൻ കഴിയുന്ന ഒരു പുത്തൻ പ്രിയോരച്ചനെ ദൈവം ഉടനെ തരും. നിങ്ങൾ എല്ലാവരും റേഗുളയും ന്യായപ്രമാണങ്ങളും ശ്രേഷ്ഠന്മാരുടെ കല്പനകളും സൂക്ഷ്മമായി അനുസരിച്ചു കാക്കണം. ദിവ്യകാരുണ്യത്തിൽ എഴുന്നെള്ളിയിരിക്കുന്ന ഈശോയെ നിങ്ങൾ മുഴുഹൃദയത്തോടുകൂടെ സ്നേഹിക്കണം.

ആ തിരുഹൃദയത്തിൽനിന്ന് നിവ്യായുടെ വചനംപോലെ ആയുസിന്റെ വെള്ളത്തെ കോരിയെടുപ്പിൻ. സഭയുടെ അംഗങ്ങളായിരിക്കുന്നു എല്ലാവരും പ്രത്യേകം ശ്രേഷ്ഠന്മാരും തമ്മിൽ തമ്മിൽ പരമാർഥ ഉപവിയുള്ളവരായിരിക്കണം. ഇപ്രകാരം നിങ്ങൾ ചെയ്യുമെങ്കിൽ ഈ സഭ വഴിയായിട്ട് ദൈവസ്തുതിയും ആത്മരക്ഷയും ഉണ്ടാകയും സഭ ഒന്നിനൊന്നിന് അഭിവൃദ്ധി പ്രാപിക്കയും ചെയ്യും."

ഇപ്രകാരം പറഞ്ഞ് അവസാനിപ്പിച്ച ഉടനെ "ഒപ്പ്റുശുമാ" എന്ന് പറയുകയും പിതാവിന്റെ വാഴുവ് ഇവിടെ നിൽക്കുന്ന ഞങ്ങൾക്കും സഭയിലുള്ള എല്ലാവർക്കും തരണമെന്ന് വികാരിയച്ചൻ അപേക്ഷിക്കയിൽ "ബുർക്കസെ" ചൊല്ലിക്കൊണ്ട് കൈപൊക്കി ആശീർവദിക്കയും ചെയ്തു. ഇതിന്റെശേഷം നിവർന്നുകിടന്ന് ബോധത്തെളിവോടുകൂടെ ഒപ്പ്റുശുമാ കൈക്കൊള്ളുകയും ഓരോ മൊഴികളും കൂടി ചൊല്ലുകയും ചെയ്തു.

(ഫാ. വലേരിയൻ, *ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ*, പേജ് 315-316)



പി. സി. കുര്യാക്കോസ്

ചാവറയച്ചന്റെ സാമീപ്യം അറിഞ്ഞ പെണ്ണാപ്പറമ്പിൽ കുടുംബം


മനസുരുകി പ്രാർഥിച്ചതിന്റെ ഫലം പെണ്ണാപ്പറമ്പിൽ കുടുംബത്തിനു ലഭിച്ചു. പ്രാർഥന ദൈവം കേട്ടു. മടങ്ങിയിരുന്ന കാൽപ്പത്തികൾ ഒരു ദിവസം നിവർന്നു.

ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ അനുഭവം നേരിട്ടറിയാൻ കോഴിക്കോട്, കൂടരഞ്ഞി പെണ്ണാപ്പറമ്പിൽ ജോസഫിന് (കുഞ്ഞുമോൻ) കഴിഞ്ഞു. ആ അനുഭവം പെണ്ണാപ്പറമ്പിൽ കുടുംബത്തിന്റെ മൊത്തം അനുഭവമായി.

പെണ്ണാപ്പറമ്പിൽ മത്തായി-അന്നക്കുട്ടി ദമ്പതികളുടെ മകനായി 1953 ഓഗസ്റ്റ് 15-നാണ് കുഞ്ഞുമോൻ ജനിച്ചത്. ജന്മനാ തന്നെ രണ്ടു കാലുകളുടെയും പകുതി മടങ്ങിയാണ് ഇരുന്നത്. നടക്കുവാൻ നന്നേ ബുദ്ധിമുട്ടിയിരുന്നു. മത്തായിയുടെ ആദ്യ ഭാര്യ മരിച്ചിരുന്നു. രണ്ടാമത്തെ ഭാര്യയിലെ മൂത്ത മകനായിരുന്നു ജോസഫ്. മൂത്ത മകന്റെ കാലുകളുടെ വൈകല്യം ആ ദമ്പതികളെ വല്ലാതെ വിഷമിപ്പിച്ചു. പരസഹായമില്ലാതെ കുഞ്ഞുമോന് നടക്കാൻ വയ്യാത്ത അവസ്ഥ.മാതാപിതാക്കൾ ദിവസവും മകനു വേണ്ടി പ്രാർഥിച്ചു. അങ്ങനെയിരിക്കെ മത്തായിയുടെ കുടുംബത്തിൽപ്പെട്ട ഏലിയാമ്മ ഇരിങ്ങാലക്കുടയിൽ മലയാളം വിദ്വാൻ പഠിക്കാൻ പോയി. ഏലിയാമ്മ അവധിക്ക് വീട്ടിൽ വന്നപ്പോൾ ചാവറയച്ചന്റെ ഒരു രൂപവും നൊവേന പുസ്തകവും പെണ്ണാപ്പറമ്പിൽ കുടുംബത്തിനു നൽകി. മത്തായിയും അന്നക്കുട്ടിയും മറ്റു കുടുംബാംഗങ്ങളും ദിവസവും ചാവറയച്ചന്റെ നൊവേന ചൊല്ലുവാൻ തുടങ്ങി. ദിവസവും സന്ധ്യാപ്രാർഥനയ്ക്കു ശേഷമാണ് നൊവേന കുടുംബാംഗങ്ങൾ എല്ലാവരും കൂടി ചൊല്ലിയിരുന്നത്. ഈ സമയം ആറു വയസുള്ള കുഞ്ഞുമോനും പ്രാർഥനയിൽ കൂടും. കുടുംബാംഗങ്ങളുടെ പ്രാർഥനയോടൊപ്പം കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ അന്നത്തെ വികാരിയായിരുന്ന ബർത്തലോമിയച്ചന്റെ നേതൃത്വത്തിലും കുഞ്ഞുമോനുവേണ്ടി ദിവസവും പ്രാർഥിച്ചിരുന്നു.

കുടുംബാംഗങ്ങളുടെയും നാട്ടുകാരുടെയും പ്രാർഥന ദൈവം കേട്ടുവെന്നതിന്റെ തെളിവാണ് സ്കൂളിൽ പോകവേ ഏലിയാസച്ചനിലൂടെ ദൈവം കുഞ്ഞുമോനിൽ അദ്ഭുതം പ്രവർത്തിച്ചത്.

പതിവുപോലെ കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് യു.പി. സ്കൂളിലേക്ക് ചേച്ചി അന്നക്കുട്ടി, മറ്റൊരു സഹോദരി മേരി എന്നിവർക്കൊപ്പം കുഞ്ഞുമോൻ പോവുകയായിരുന്നു. മിക്ക ദിവസവും അന്നക്കുട്ടി കുഞ്ഞുമോനെ എടുക്കും. മേരി പുസ്തകക്കെട്ടുകൾ ചുമക്കും. അങ്ങനെ പതിവുപോലെ രാവിലെ സ്കൂളിലേക്കുള്ള യാത്രാമധ്യേ അന്നക്കുട്ടി കുഞ്ഞുമോനെ എടുത്തിരുന്നു. എന്നാൽ, തങ്ങളുടെ തന്നെ സ്ഥലമായ പനയ്ക്കച്ചാലിൽ വച്ച് അൽപ്പനേരം കുഞ്ഞുമോനെ നടത്തിച്ചു. വലിയ പാറക്കെട്ടുകൾ ഉള്ളിടമാണ് പനയ്ക്കച്ചാൽ. പാറയുടെ മുകളിലൂടെ കുഞ്ഞുമോൻ സാവധാനം നടക്കും. അന്ന് അൽപ്പം നടന്നു കഴിഞ്ഞപ്പോൾ കുഞ്ഞുമോന്റെ കാല് വേദനിക്കാൻ തുടങ്ങി. വേദന കാരണം കുട്ടി അലമുറയിട്ടു കരഞ്ഞു. ഈ സമയം സ്വർഗസ്ഥനായ പിതാവേ.... എന്നുള്ള പ്രാർഥനയും ഏലിയാസച്ചന്റെ നൊവേനയും ചെല്ലുവാൻ അന്നക്കുട്ടി കുഞ്ഞുമോനോട് പറഞ്ഞു. അന്നക്കുട്ടി പ്രാർഥന ചൊല്ലുമ്പോഴും കുഞ്ഞുമോൻ കരഞ്ഞുകൊണ്ടിരുന്നു. എന്നാൽ, സ്വർഗസ്ഥനായ പിതാവേ..... എന്നുള്ള പ്രാർഥന അഞ്ചാംതവണ പൂർത്തിയാക്കുമ്പോഴേക്കും മടങ്ങിയിരുന്ന കുഞ്ഞുമോന്റെ വലതുകാൽ പതുക്കെ നിവർന്നു തുടങ്ങി. നിവരുന്ന കാലു കണ്ട് അന്നക്കുട്ടിയും കുഞ്ഞുമോനും ഒരു നിമിഷം അദ്ഭുതസ്തബ്ധരായി. കണ്ണുകൾ നിറഞ്ഞുകവിഞ്ഞു. സന്തോഷത്തിന്റെ ആനന്ദാശ്രുക്കൾ. പിന്നെ ഒന്നും ചിന്തിച്ചില്ല.... അന്നക്കുട്ടിയും കുഞ്ഞുമോനും സ്കൂളിലേക്ക് പാഞ്ഞു.



പെണ്ണാപ്പറമ്പിൽ ജോസഫ് (കുഞ്ഞുമോൻ)

ഒരു നിമിഷം ഇവരുടെ സഹപാഠികൾ പകച്ചുനിന്നു. എല്ലാവരും കുഞ്ഞുമോനെ സൂക്ഷ്മമായി നോക്കി. എന്തു സംഭവിച്ചു.? ഇന്നലെ വരെ മടങ്ങിയ കാലുകളുമായി നിരങ്ങിവന്നിരുന്ന പയ്യൻ നിവർന്നകാലിൽ ഉഷാറായി നടന്നുവരുന്നു. ക്ലാസ് ടീച്ചർ ഉറുമ്പേനിരപ്പേൽ അച്ചാമ്മയ്ക്കും വിശ്വസിക്കാനായില്ല.പിന്നെ സംഭവിച്ചതെല്ലാം ഇരുവരും

അധ്യാപകരോടും കുട്ടികളോടും വിവരിച്ചു. സന്തോഷസൂചകമായി അന്ന് സ്കൂളിന് അവധി നൽകി.

വീട്ടിലെത്തിയപ്പോൾ എല്ലാവർക്കും സന്തോഷം. ചാവറയച്ചന് കുടുംബാംഗങ്ങളും നാട്ടുകാരും ബന്ധുക്കളും എല്ലാവരും ചേർന്ന് നന്ദി പറഞ്ഞു. പ്രത്യേക പ്രാർഥനയും നടത്തി.

വലതുകാൽ നിവർന്ന് മൂന്നു വർഷത്തിനുശേഷം അദ്ഭുതം നടന്ന പനയ്ക്കച്ചാലിൽ വച്ചു തന്നെ ഇടതുകാലും നിവർന്നു. ഈ കാലിന്റെ വിരലുകളാണ് നിവർന്നത്. ചേട്ടന്റെ വീട്ടിലേക്കു പോകുമ്പോഴാണ് രണ്ടാമത്തെ അത്ഭുതം സംഭവിച്ചത്. ഉപ്പൂറ്റി നിലത്ത് മുട്ടിയിരുന്നില്ല. ഈ കാലിന് അൽപ്പം നീളക്കുറവായിരുന്നു. അതിനാൽ ഉപ്പൂറ്റി ഉയർത്തി നടന്നെങ്കിലേ കുഞ്ഞുമോന് നന്നായി നടക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ.

രണ്ടു കാലുകളും സ്വാധീനം വന്ന കുഞ്ഞുമോൻ പിന്നീട് വീട്ടിൽ എല്ലാ പണികളിലും സജീവമായി. പണിയെടുക്കുമ്പോഴും പത്താം ക്ലാസിൽ 300 മാർക്കോടെ വിജയിക്കുവാൻ കഴിഞ്ഞു. പിന്നീട് വീട്ടിലെ കൃഷിപ്പണികളിലേക്കു തിരിഞ്ഞു . മരത്തിൽ കയറാൻ പോലും കുഞ്ഞുമോനു കഴിഞ്ഞു.

1996 മാർച്ച് 10-ന് ബ്രെയിൻ ട്യൂമറിനെത്തുടർന്ന് കുഞ്ഞുമോൻ മരിച്ചു. കൃഷിപ്പണിക്കൊപ്പം സാമൂഹ്യസേവനത്തിനും കുഞ്ഞുമോൻ സമയം കണ്ടെത്തിയിരുന്നു. കൂടരഞ്ഞി ഹൗസിംഗ് സൊസൈറ്റി പ്രസിഡന്റായി വൻഭൂരിപക്ഷത്തോടെയാണ് വിജയിച്ചത്.

ബ്രെയിൻ ട്യൂമറിനെത്തുടർന്ന് മാന്നാനം ആശ്രമത്തിൽനിന്ന് ചാവറയച്ചന്റെ തിരുശേഷിപ്പ് കുഞ്ഞുമോനു കൊടുത്തയച്ചിരുന്നു. മരിക്കുന്നിടം വരെ ചാവറയച്ചന്റെ നൊവേന മുടങ്ങാതെ കുടുംബത്തിൽ ചൊല്ലുമായിരുന്നു. ഇപ്പോഴും കുടുംബാംഗങ്ങൾ ആ പതിവ് മുടക്കിയിട്ടില്ല.

ഒരിക്കൽ വീട്ടിലെ പശു അസുഖം ബാധിച്ച് ചാവാറായ അവസ്ഥയിൽ തിരുശേഷിപ്പ് വച്ച് കുടുംബാംഗങ്ങൾ പ്രാർഥിച്ചു. ആ സമയം പശു സുഖം പ്രാപിച്ചുവെന്ന് ഭാര്യ എൽസമ്മ ഓർക്കുന്നു.

ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്നതിന് മുന്നോടിയായി ഡോക്ടർമാർ 15 തവണ കുഞ്ഞുമോന്റെ കാലുകൾ പരിശോധിച്ചതായി സഹോദരി മേരി പറഞ്ഞു. നിരവധി അച്ചൻമാർ വീട്ടിൽവന്ന് തങ്ങളോട് അനുഭവങ്ങൾ ചോദിച്ചു.

പരിശോധനയിൽ അദ്ഭുതം നടന്നിട്ടുണ്ടെന്ന് ഡോക്ടർമാർക്ക് ബോധ്യമായിയെന്ന് മേരി പറഞ്ഞു. പിന്നീട് കോട്ടയത്തുവച്ചും തെളിവെടുപ്പ് നടത്തി. അദ്ഭുതം നടക്കുമ്പോൾ കുഞ്ഞുമോനോടൊപ്പം മേരി ഇല്ലായിരുന്നു. പുസ്തക കെട്ടുകളുമായി പുറകെ നടന്നുവരുകയായിരുന്നു അവർ. കാലുകൾ നിവർന്നതിനുശേഷമാണ് കുഞ്ഞുമോന്റെ സമീപം എത്താൻ മേരിക്ക് കഴിഞ്ഞത്.

മാർപാപ്പ കോട്ടയത്ത് വന്ന സമയത്ത് പാപ്പായിൽനിന്ന് കുർബാന സ്വീകരിക്കാൻ കുഞ്ഞുമോനും മാതാവ് അന്നക്കുട്ടിക്കും സഹോദരിക്കും കഴിഞ്ഞു.

42-ാമത്തെ വയസിലാണ് കുഞ്ഞുമോൻ മരിച്ചത്. അകസ്മികമായി ഉണ്ടായ മരണം കുടുംബത്തെ തളർത്തി. മരണം മുന്നിൽ വന്നപ്പോഴും കുടുംബാംഗങ്ങൾക്ക് ധൈര്യം നൽകാൻ കുഞ്ഞുമോൻ മറന്നില്ല. "ആര് കരഞ്ഞാലും നീ കരയരുതെന്ന്" ഭാര്യ എൽസമ്മയോട് പറഞ്ഞിരുന്നു. കുഞ്ഞുമോന്റെ ഓർമകൾ അയവിറക്കി ഈ കുടുംബം ഇപ്പോഴും ചാവറയച്ചന്റെ നൊവേന മുടങ്ങാതെ ചൊല്ലുന്നു.

നഴ്സിംഗ് വിദ്യാർഥിനിയായ വ്രോണിയ, പ്ലസ്ടു വിദ്യാർഥിനിയായ നീതു എന്നിവരാണ് കുഞ്ഞുമോൻ-എൽസമ്മ ദമ്പതികളുടെ മക്കൾ. തോമസ്, അന്നക്കുട്ടി, മേരി, കുര്യാച്ചൻ, ജോളി, ബെന്നി, മേഴ്സി, ഷെല്ലി, ജോഷി, ജിൻസി എന്നിവരാണ് കുഞ്ഞുമോന്റെ സഹോദരങ്ങൾ.



ജോസഫിന്റെ ഫോട്ടോയുമായി പെണ്ണാപറമ്പിൽ കുടുംബാംഗങ്ങൾ



ബിനോയ് സി.എം.ഐ.

ദുരന്തങ്ങളിൽ കരുത്തേകിയ ചാവറഭക്തി


ചാവറയച്ചന്റെ 200-ാം ജന്മദിനാഘോഷത്തിന്റെ മഹനീയമായ ഈ അവസരത്തിൽ എന്റെ ഈ ചെറിയ ജീവിതത്തെ അവിടുത്തെ ആ വലിയ ജീവിതം എത്രമാത്രം ആകർഷിച്ചു, സ്പർശിച്ചു എന്നത് മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിൽ എനിക്ക് അഭിമാനം മാത്രമേയുള്ളൂ.

ചാവറയച്ചന്റെ വലിയൊരു ഭക്തയിൽ നിന്നും എനിക്ക് ജനിക്കാൻ സാധിച്ചു എന്നുള്ളത് ഇന്നും, എന്നും എപ്പോഴും ഞാൻ ദൈവത്തിന്റെ ഒരു മഹാദാനമായി കാണുന്നു. എന്റെ ദൈവവിളിയെപ്പറ്റി ചിന്തിക്കുമ്പോൾ എന്റെ മനസിലേക്കു കടന്നു വരുന്ന ആദ്യത്തെ ചിത്രം എന്നെ ഇന്നും കോരിത്തരിപ്പിക്കുന്നതാണ്. എന്റെ ചെറുപ്പകാലത്ത് വലത്തു കൈയിൽ എന്നെയും, ഇടത്തു കൈയിൽ എന്റെ അനുജനേയും പിടിച്ചുകൊണ്ട് മാന്നാനം ആശ്രമ ദേവാലയത്തിന്റെ നീണ്ട നടകൾ എല്ലാ ശനിയാഴ്ചകളിലും കയറുന്ന എന്റെ അമ്മച്ചിയുടെ ചിത്രമാണ്- കുർബാനയിൽ പങ്കെടുക്കാനും, ചാവറയച്ചനോടുള്ള നൊവേന കൂടുവാനും... ചുരുക്കം പറഞ്ഞാൽ എന്റെ പ്രിയ അമ്മച്ചി (മറിയമ്മ) മാതൃവാത്സല്യത്തോടൊപ്പം ചാവറ ഭക്തിയും എനിക്കു പകർന്നു തന്നു. എന്റെ അമ്മച്ചി ചാവറഭക്തിയിലൂടെ കൈവരിച്ച അതീവ ദൈവഭക്തിയെയാണ് ഞാനെന്റെ ദൈവവിളിയുടെ ഉറവിടവും, പ്രചോദനകേന്ദ്രവുമായി കാണുന്നത്. ചെറുപ്പത്തിൽ തന്നെ ഏതെങ്കിലും ഒരു വൈദികനാകുക എന്ന ആഗ്രഹമല്ല , ഒരു സി.എം.ഐ വൈദികനാകണമെന്ന് തന്നെയായിരുന്നു എന്റെ ആഗ്രഹം. എന്റെ ചാവറഭക്തി ഇന്നും എന്നെ അതീവ ദൈവഭക്തിയിലേക്കു നയിക്കുന്ന എന്റെ ജീവിതത്തിലെ ഒരു ഉദാത്തമാർഗമാണ്. അതുകൊണ്ടു തന്നെ എന്റെ തിരുപ്പട്ടദിനംപോലെ തന്നെ എനിക്ക് ഏറ്റവും പ്രധാനപ്പെട്ട ദിവസമായിരിക്കും വാഴ്ത്തപ്പെട്ട ചാവറയച്ചൻ വിശുദ്ധനാകുന്ന ദിനം.

ദുരന്തങ്ങളിലൂടെ കൈപിടിച്ചു നടത്തി, നയിച്ച് ലക്ഷ്യത്തിലെത്തിക്കുന്ന ഒരു നല്ല വിശ്വസ്ത സ്നേഹപിതാവാണ് ദൈവം എന്നാണ് എന്റെ ഇതുവരെയുള്ള ജീവിതാനുഭവം എന്നെ പഠിപ്പിച്ചിരിക്കുന്നത്. ദുരന്തങ്ങളിലെല്ലാം എന്റെയും അമ്മച്ചിയുടെയും ചാവറഭക്തിയും, മധ്യസ്ഥതയും എന്നെ പതറാതെ, തളരാതെ സന്യാസ വൈദികാന്തസിലും, എന്റെ അമ്മച്ചിയെ കുടുംബ ജീവിതത്തിലും ഊട്ടിയുറപ്പിച്ചു എന്നത് അതിശയകരമായ ഒരു വസ്തുതയാണ്.

ഞാൻ ആന്ധ്രയിലെ മഞ്ചരിയാൽ എന്ന സ്ഥലത്തുള്ള അനുധാവന നവസന്യാസഭവനത്തിൽ പരിശീലനം പൂർത്തിയാക്കിക്കൊണ്ടിരിക്കുന്ന കാലം. 1994 മാർച്ച് 19-നാണ് എന്റെ ആദ്യവ്രതം തീരുമാനിച്ചിരുന്നത്. വീട്ടുകാർ (പപ്പയും, അമ്മയും അനുജനും), വ്രതവാഗ്ദാന ചടങ്ങിൽ പങ്കെടുക്കുവാനായി ട്രെയിൻ ടിക്കറ്റ് ബുക്ക് ചെയ്തു എന്നു പറഞ്ഞ് കത്തും വന്നിരുന്നു. അങ്ങനെ ആ വലിയ ദിനത്തിനായി ഒരുങ്ങിക്കൊണ്ടിരുന്ന അവസരത്തിലാണ് എന്റെ ജീവിതത്തെ നടുക്കിയ ആ വാർത്ത എന്നെ തേടിയെത്തിയത്. എന്റെ പിതാവ് ഫെബ്രുവരി 23-ന് 43-ാം വയസിൽ ഈ ലോകത്തോട് വിടചൊല്ലി കടന്നു പോയിരിക്കുന്നു. ആ സംഭവം എന്റെ ദൈവവിളിയെ ആട്ടിയുലച്ചു. അധികാരികളും, കൂട്ടുകാരും എന്റെ ഭാവിയെ പല രീതിയിൽ നിർവചിച്ചു. പക്ഷേ അന്നും, ഇന്നും, എന്നും എന്റെ അമ്മച്ചിയുടെ ചാവറഭക്തിയിലൂടെ നേടിയെടുത്ത തീവ്ര ദൈവവിശ്വാസം എനിക്ക് താങ്ങും തണലുമായി. അമ്മ എനിക്ക് ഹൃദയ സ്പർശിയായ ഒരു കത്തെഴുതി:"എന്നെ സംരക്ഷിക്കുവാൻ എന്റെ മോൻ ദൈവവിളി ഉപേക്ഷിച്ച് പോരരുതേ... ഞാൻ എന്തെങ്കിലും ജോലിക്കു പോയി കുടുംബം നോക്കിക്കൊള്ളാം. മോന് ഈ ജീവിതത്തിൽ താല്പര്യമില്ല എന്ന് തോന്നുമ്പോൾ മാത്രം ഈ വഴിക്ക് ചിന്തിക്കുക." അതുവരെ ഒരു ജോലിക്കും പുറത്തുപോയി പരിചയമില്ലാത്ത എന്റെ അമ്മച്ചിയുടെ ത്യാഗ മനസ്കതയിൽ ഞാൻ അഭിമാനം കൊണ്ടു. അമ്മച്ചിയുടെ ആഴമേറിയ പ്രോത്സാഹനവും, അധികാരികളുടെ സമയോചിതമായ മാർഗനിർദേശവും എന്നെ എന്റെ ദൈവവിളിയിൽ പിടിച്ചു നിർത്തി എന്നുമാത്രമല്ല, അതിൽ ആഴപ്പെടുത്തുകയും ചെയ്തു. പിന്നീട് അനുജൻ ജോലിക്കു പോകുവാൻ തുടങ്ങി അങ്ങനെ ജീവിതം വീണ്ടും പഴയപോലെ ഭംഗിയായി. അമ്മച്ചി ജോലിക്ക് പോകുന്നതും നിർത്തിയിരുന്നു.

ഞാൻ ബാഗ്ളൂർ ക്രൈസ്റ്റ് കോളജിൽ മൂന്നാം വർഷ ബിരുദത്തിനു പഠിക്കുന്ന കാലം. 1999 ഡിസംബർ 27-ന് കോളജിന്റെ നേതൃത്വത്തിലുള്ള ഒരു എൻ.എസ്.എസ് ക്യാമ്പിന്റെ ഉദ്ഘാടനത്തിന്റെ ഫോട്ടോ എടുക്കുന്നതിനായി പ്രിൻസിപ്പൽ സെബാസ്റ്റ്യൻ തെക്കേടത്തച്ചനുമായി ഞാൻ പട്ടണത്തിൽ നിന്നും അകലെ ഒരു ഉൾനാടൻ ഗ്രാമത്തിലെത്തി. പരിപാടിയുടെ ഇടയ്ക്ക് പ്രിൻസിപ്പലച്ചന്റെ മൊബൈലിൽ സന്ദേശം എത്തി. ബിനോയിയുടെ അനുജൻ ഒരു ജീപ്പപകടത്തിൽപ്പെട്ടിരിക്കുന്നു. പെട്ടെന്നെത്തുക. ആ രാത്രി തന്നെ ഞാൻ നാട്ടിലേക്കു തിരിച്ചു. വീട്ടിൽ ചെന്നപ്പോൾ അറിഞ്ഞു, എന്റെ അനുജന് അവന്റെ വലതു കൈ അപകടത്തിൽ നഷ്ടമായിരിക്കുന്നു. അനിയനെ കാണാൻ ആശുപത്രിയിലേക്കു പോകും വഴി ഒരിക്കലും തൂവാല കൈവശം വയ്ക്കുവാൻ ഇഷ്ടപ്പെടാത്ത ഞാൻ ഒരു കടയിൽ കയറി തൂവാല വാങ്ങിച്ചു, വലതു കൈ നഷ്ടപ്പെട്ടു കിടക്കുന്ന എന്റെ അനിയനെ കാണുമ്പോൾ അണപൊട്ടിയൊഴുകുന്ന ചുടുകണ്ണീർ തുടയ്ക്കുവാൻ... ഈ സംഭവവും എന്റെ ദൈവവിളിയെ ഉലച്ചു. ഞാൻ എന്റെ അമ്മച്ചിയോട് നേരിട്ട് ചോദിച്ചു, ഞാൻ എന്റെ പരിശീലനത്തിന്റെ അവസാന ഘട്ടത്തിലേക്ക് (തിയോളജി) പ്രവേശിക്കാൻ പോകുകയാണ്. ഈ അവസരത്തിൽ അമ്മച്ചിയുടെ ആഗ്രഹമെന്താണ്? ഞാൻ തിരിച്ചു വരണോ, വേണ്ടയോ? ഒട്ടും ചഞ്ചലമാകാതെ എന്റെ പ്രിയപ്പെട്ട അമ്മച്ചി എന്നോട് ആവർത്തിച്ചു : "എന്നേയും, വീടിനെയും രക്ഷിക്കാൻ നീ



റെജി പഴയിടം

ചാവറയച്ചന്റെ സന്നിധിയിൽ സിജിക്ക് അനുഗ്രഹവർഷം

ചാവറയച്ചന്റെ മധ്യസ്ഥതയിൽ അവിശ്വസനീയമായ അനുഗ്രഹങ്ങൾ ലഭിച്ചതിന്റെ സംതൃപ്തിയിലാണ് എരുമേലിക്ക് സമീപം ഉമിക്കുപ്പ കുന്നപ്പള്ളിൽ ജോസഫ് തോമസ്. ഇദ്ദേഹത്തിന്റെ മൂന്ന് പെൺമക്കളിൽ മൂത്തവളായ സിജിക്കാണ് ചാവറയച്ചന്റെ അനുഗ്രഹത്താൽ നടക്കാനുള്ള ശേഷി ലഭിച്ചത്.

രണ്ടരവയസുവരെ സിജി നടന്നിട്ടില്ലെന്ന് കുടുംബാംഗങ്ങൾ പറയുന്നു. ഇപ്പോൾ 19 വയസുള്ള സിജി മുക്കൂട്ടുതറയിൽ ഒരു ഹോമിയോ ക്ലിനിക്കിൽ ജോലി ചെയ്യുന്നു. 16 വർഷം മുമ്പ് പള്ളിയിൽനിന്നും വികാരിയച്ചൻ ഇടവകാംഗങ്ങളുമായി മാന്നാനം പള്ളിയിൽ പ്രാർഥനയ്ക്കു പോകുന്നുവെന്ന് കേട്ട് സിജിയുടെ വല്യമ്മച്ചി അന്നമ്മ അവരോടൊപ്പം ചേർന്നു. സിജിയുമായി ചാവറയച്ചന്റെ മാന്നാനത്തെ പള്ളിയിലെത്തി. സിജിക്കുവേണ്ടി പ്രാർഥിച്ചാൽ കാലിന് നടക്കാനുള്ള ശേഷി ലഭിക്കുമെന്ന ഉറച്ചവിശ്വാസത്തിലാണ് നേർച്ച നേർന്നത്.

കൊച്ചുമകളോടൊപ്പം മാന്നാനം പള്ളിയുടെ നടയിലെത്തിയപ്പോൾ സിജി വല്യമ്മയോട് പറഞ്ഞു. ''അമ്മച്ചി എന്നെ ഇറക്കി വിട്ടേക്ക്, ഞാൻ നടകൾ നടന്നുകയറാം.'' അവിശ്വസനീയമായ ഒരു കാഴ്ചയായി സിജി ദേവാലയത്തിലേക്കുള്ള നടകൾ നടന്നുകയറിയതായി അന്നമ്മയും സിജിയുടെ പിതാവ് ജോസഫും പറയുന്നു. ആശ്രമദേവാലയത്തിൽ മകളെ അടിമവച്ച് അച്ചന്റെ അനുഗ്രഹത്തിന് നേർച്ചകൾ അർപ്പിച്ചശേഷമാണ് ഇവർ മടങ്ങിയത്.



സിജി

പിന്നീട് ചാവറയച്ചന്റെ അനുഗ്രഹത്താൽ ഈ കുടുംബത്തിന് ഒട്ടനവധി അനുഗ്രഹങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. നാലുവർഷം മുമ്പ് സിജിക്ക് മെനഞ്ചൈറ്റിസ് രോഗം പിടിപെട്ടു. അത്യാസന്നനിലയിൽ ആഴ്ചകളോളം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. രക്ഷപ്പെടാനുള്ള സാധ്യതപോലും മങ്ങിക്കൊണ്ടിരിക്കെ അന്നമ്മ വീണ്ടും ചാവറയച്ചന് നേർച്ച നേർന്നു. ദിവസങ്ങൾക്കുള്ളിൽ സിജി സുഖം പ്രാപിച്ചു.

അനുഗ്രഹത്തിന് നന്ദിയർപ്പിക്കാൻ കൊച്ചുമകളെക്കൂട്ടി വല്യമ്മ ഇപ്പോഴും മാന്നാനം പള്ളിയിൽ എത്താറുണ്ട്.വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ദിശതാബ്ദിയാഘോഷത്തിനിടയിലും അവർ മാന്നാനം പള്ളിയിൽ വന്നു, ചാവറയച്ചനു നന്ദിയർപ്പിക്കാൻ.

ദൈവവിളി ഉപേക്ഷിച്ച് തിരിച്ചു വരരുതേ, ഞാൻ വീണ്ടും എന്തെങ്കിലും ജോലിക്ക് പോയി കുടുംബം നോക്കിക്കൊള്ളാം...'' ഈ വാക്കുകൾ ഇന്നും എന്റെ അമ്മച്ചി പല വിധ അസുഖങ്ങളുടെ നടുവിലും നിറവേറ്റിക്കൊണ്ടിരിക്കുന്നു. അനിയന്റെ അപകടത്തിനുശേഷം അമ്മച്ചി വീണ്ടും ജോലിക്ക് പോകുവാൻ തുടങ്ങി. അമ്മച്ചിയുടെ ചാവറഭക്തിയിൽ നിന്നും ഉടലെടുത്ത അഗാധമായ ദൈവവിശ്വാസമാണ് ഇതിന്റെ എല്ലാം ആധാരമെന്ന് ഉറക്കെപ്പറയുന്നതിൽ എനിക്കല്പം പോലും സങ്കോചമില്ല.

അനിയനോടൊപ്പം ആശുപത്രിയിൽ ഒരു മാസം ചെലവഴിച്ചതിനുശേഷം ഞാൻ വീണ്ടും കോളജിലെത്തി. അവിടെ കോളജിലെ ജോലിക്കാരായ എന്റെ ചില കൂട്ടുകാർ എന്നോടിങ്ങനെ പ്രതികരിച്ചു: "ബിനോയി വീട്ടുകാരോട് ചെയ്യുന്നത് അനീതിയാണ്, ഇനി കുടുംബത്തെ ആരു നോക്കും, അമ്മച്ചിയെ ആരു നോക്കും?'' ആദ്യം വീട് , അതുകഴിഞ്ഞ് വൈദികജീവിതം. പല പ്രാവശ്യം അവർ ഇതാവർത്തിച്ചു, അത് എന്നെയും ഇരുത്തി ചിന്തിപ്പിച്ചു. ഒരു ദിവസം ഞാനിതെല്ലാം ശ്രദ്ധയോടെ കേട്ടതിനുശേഷം അവരോട്, അവർ ഒരിക്കലും പ്രതീക്ഷിക്കാത്ത ചോദ്യം ചോദിച്ചു: "ഞാൻ എല്ലാം ഉപേക്ഷിച്ച് വീട്ടിൽ പോയതിനുശേഷം എനിക്ക് ഒരപകടം പറ്റി എന്റെ രണ്ടു കൈയ്യും നഷ്ടപ്പെട്ടാൽ ആരു വന്ന് എന്റെ കുടുംബത്തെ രക്ഷിക്കും. നിങ്ങൾ ആരെങ്കിലും വരുമോ? പിന്നെ ഒരിക്കലും ആരും ഇക്കാര്യം പറഞ്ഞ് എന്നെ എന്റെ ദൈവവിളിയിൽ നിരുത്സാഹപ്പെടുത്തിയിട്ടില്ല. ഇത്രയും ധൈര്യവും, ദൈവവിശ്വാസമൊക്കെ കിട്ടിയത് ചാവറഭക്തിയിൽ നിന്നാണ് എന്നുള്ളതിൽ എനിക്ക് അശേഷം സംശയമില്ല.

ഞാൻ ഇന്ന് ഒരു ഡീക്കനാണ്. സി.എം.ഐ ഛാന്ദാപ്രൊവിൻസിനുവേണ്ടി പഠിക്കുന്നു. എന്റെ പട്ടവും, പുത്തൻ കുർബാനയും 2004 ഏപ്രിൽ 15-ന് ഉച്ചകഴിഞ്ഞ് 2.15-ന് മാന്നാനം ആശ്രമ ദേവാലയത്തിൽ വച്ച് നടത്താനാണ് പദ്ധതി. മാന്നാനത്ത് പട്ടവും പുത്തൻ കുർബാനയും വയ്ക്കുന്നതിന്റെ ഏക ഉദ്ദേശ്യം ചാവറയച്ചനോടുള്ള എന്റെയും എന്റെ അമ്മച്ചിയുടെയും വ്യക്തിപരമായ കടപ്പാടും അഭേദ്യമായ ബന്ധവും പ്രകടിപ്പിക്കാനും അതുവഴി ദൈവത്തിന് നന്ദിയർപ്പിക്കാനുമാണ്. ഞാൻ എന്റെ ദൈവവിളിയിൽ ഇത്രയേറെ ദുരന്തങ്ങൾക്കുശേഷവും നിലനിൽക്കുന്നുണ്ടെങ്കിൽ, എന്റെ പ്രിയപ്പെട്ട അമ്മച്ചി എല്ലാ ദുരന്തങ്ങളെയും, സഹനങ്ങളെയും മനസിൽ സ്വീകരിച്ച് മക്കളായ ഞങ്ങളെ ശക്തിപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഇനിയും ജീവിതത്തിൽ ഏതു ദുരന്തവും സന്തോഷത്തോടെ ദൈവകൃപയിൽ ആശ്രയിച്ച് സ്വീകരിക്കാനുള്ള മനസ് ഇന്ന് എന്റെ ചെറിയ കുടുംബത്തിനുണ്ടെങ്കിൽ അതിന്റെ ഉറവിടം ചാവറഭക്തി നൽകിയ തീവ്രമായ ദൈവവിശ്വാസം മാത്രമാണ്.

Carmelites of Mary Immaculate

Website : cmicongregation.org

General Administration

Prior General's House
CMI Prior General's House, P.B. No.1056,
Monastery Road, Kochi-682 011.
Ph: 0484-2378137, 2378537
Prior General: 0484-2377399
Fax: 0484-2378363

Provincial Administration

Bhavanagar (Region of St. Joseph Province, Kottayam)
Regional Superior
Dev Darsan (CMI Regional House)
Merubaugh, Gogha Road,
Bhavanagar-364 001.
Ph: 0278-2434045, 2434743

Bijinor

Provincial
St. John's Ashram, Rajarampur,
Jalalabad P.O., Najibabad 246 763
Bijnor Dt., U.P.
Ph: 01341-20466
Email: bijinorprovincial@sancharnet.in

Chanda

Provincial
CMI Provincial House, Bellampalli P.O.
Adilabad Dt., A.P. 504 251
Ph: 08735-22094. Fax: 08735-22094

Coimbatore

Provincial
Little Flower Mission Centre
Bharathiar University P.O., Coimbatore,
Tamil Nadu-641 046
Ph: 0422-423018, Fax: 0422-422789
Email: preshithalfms@eth.net

Jagadalpur

Provincial
Nirmal Sadan, Dharmpura P.O.
Jagadalpur, Bastar Dt., M.P. 494 005
Ph: 07782-29196
Email: cmijag@sancharnet.in

Kalamassery

Provincial
S.H. Provincial House, Rajagiri P.O.
Kalamassery-683 104, Kerala.
Ph: 0484-2540331, Pro & Fax: 2540631
Email: shprovince@hotmail.com

Kottayam

Provincial
CMI Provincial House, P.B. No.648,
Kottayam-686 001, Kerala.
Ph: 0481-2566485, 2304059,
Provincial: 0481-2564787
Fax: 0481-2580051
Email: cmiktm@sancharnet.in

Kozhikode

Provincial
CMI Provincial House, Amalapuri,
Kozhikode 673 001
Ph: 0495-2361553, 2765771
Pro: 0495-2763939, Fax: 0495-27610
Email: cmiprovh@eth.net

Muvattupuzha

Provincial
Carmel Provincial House, P.B. No.34,
College Road, Muvattupuzha-686 661
Ph: 0485-2835933, 2831382, Pro: 0485-2833009
Fax: 0485-2833009
Email: cmicarmelph@satyam.net.in

Mysore

Provincial
Carmel Bhavan, N.R. Mohalla
Shivaji Main Road, Mysore-570 007
Ph: 0821-520533, Prov: 0821-523521
Fax: 0821-523521
Email: cmimysore@hotmail.com

Rajkot

Provincial
St. Xavier's Bhavan, Saurashtra University
P.O., Rajkot 360 005, Gujarat
Ph: 0281-2563069, 2562013, 2561091
Fax: 0281-2562013
Email: prorjt@wilnetonline.net.

Sagar

Provincial
CMI Bhavan (Provincial House)
Padariya Raisem, Bhopan Road 18th KM
P.B. No. 15, Bhopal-426 021 M.P.
Ph: 0755-82743, Prov. & Fax: 0755-82744
Email: cmibhava@sancharnet.in

Thiruvananthapuram

Provincial
CMI Provincial House, P.B. No.401,
Thiruvananthapuram, Kerala-695 014
Ph: 0471-2327355, Pro & Fax: 0471-2322758
Email: tvm_cmitvm@sancharnet.in

Thrissur

Provincial
Devamatha Provincial House,
Patturaikal,
Thrissur, Kerala-680 001.
Ph: 0487-2337373, 2334430,
Pro: 0487-2337767, Fax: 0487-2334331.

Cause of Blessed Kuriakose Elias Chavara
Fr. Antony Vallavanthara CMI, Vice-Postulator, St. Joseph's Monastery
Mannanam P.O.
Kottayam-686001 Kerala, India



വട്ടപ്പലം

സഹനപുത്രിക്കു സമാശ്വാസമായി ചാവറയച്ചൻ

കേരള സഭാരാമത്തിൽ വിരിഞ്ഞ രണ്ടു സുകൃതമലരുകളാണ് വാഴ്ത്തപ്പെട്ടവരായ ചാവറയച്ചനും അൽഫോൻസാമ്മയും. ഒരേ നാൾ, ഒരേ വേദിയിൽ, ഒരേ നാവുകൊണ്ട് പുണ്യാത്മാക്കളുടെ ഗണത്തിലേക്ക് പേർചൊല്ലിവിളിക്കപ്പെട്ടവർ.

ചാവറയച്ചൻ സമർപ്പണത്തിന്റെ വഴിയിലൂടെ വിശുദ്ധിയിലേക്ക് നടന്നു. കയറിയപ്പോൾ, അൽഫോൻസാമ്മയാകട്ടെ സഹനത്തിന്റെ മാർഗത്തിലൂടെയായിരുന്നു തന്റെ ജീവിതയാത്ര. ചാവറയച്ചൻ സമ്പൂർണ സമർപ്പണത്തിലൂടെ സംതൃപ്തി തേടിയപ്പോൾ അൽഫോൻസാമ്മ തന്റെയും സഹജീവികളുടെയും വേദന സ്വന്തം ആത്മാവിൽ ഏറ്റുവാങ്ങി സഹനത്തിന്റെ തോൽക്കുടങ്ങളിലാക്കി മധുരീകരിക്കുകയായിരുന്നു.

ചാവറയച്ചന്റെ ജീവിത വിശുദ്ധിയെക്കുറിച്ച് കേട്ടറിവു മാത്രമേ അൽഫോൻസാമ്മയ്ക്കുണ്ടായിരുന്നുള്ളൂ. എന്നിട്ടും ആ പുണ്യജീവിതത്തിൽ ആകൃഷ്ടയായിരുന്നു അവർ. ചാവറയച്ചനോടു പ്രാർഥിച്ചാൽ രോഗശമനവും ആശ്വാസവും ലഭിക്കുമെന്ന് കന്യാസ്ത്രീമാരും ഗുരുത്തിയമ്മയും അവരോടു പറഞ്ഞിരുന്നു. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ



അൽഫോൻസാമ്മയ്ക്കു മുന്നിൽ ചാവറയച്ചൻ പ്രത്യക്ഷപ്പെട്ടത് ചിത്രകാരന്റെ ഭാവനയിൽ

നൊവേന അൽഫോൻസാമ്മ മുടങ്ങാതെ ചൊല്ലുമായിരുന്നു.

രോഗശയ്യയിലായിരിക്കുമ്പോൾ രണ്ടു തവണ ചാവറയച്ചൻ അൽഫോൻസാമ്മയ്ക്കു പ്രത്യക്ഷപ്പെട്ടിട്ടുള്ളതായി അവരുടെ ജീവചരിത്രത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഒന്ന് നൊവിഷ്യറ്റ് സമയത്തും രണ്ടാമത് കന്യാസ്ത്രീ ആയതിനുശേഷവും.

ജീവിതത്തിൽ മുക്കാൽ പങ്കും രോഗശയ്യയിലായിരുന്നു അൽഫോൻസാമ്മ. അസഹ്യമായ വേദനയിൽ ചാവറയച്ചനോടുള്ള പ്രാർഥനയായിരുന്നു അവർക്കാശ്വാസം.

ചങ്ങനാശേരിയിൽ നൊവിഷ്യറ്റിലായിരിക്കുമ്പോൾ അൽഫോൻസാമ്മയ്ക്കു രക്തസ്രാവം പിടിപെട്ടു. വായിലൂടെയും മൂക്കിലൂടെയും രക്തം ഒഴുകുന്ന അവസ്ഥ. ആ സമയത്ത് കാലിൽ ഒരു വ്രണവും പഴുത്തുപൊട്ടി. അതോടെ അവർ അവശയായി. ചികിത്സകളൊന്നും ഫലിക്കാതെ വന്നപ്പോൾ അവരെ ഭരണങ്ങാനത്തേയ്ക്കു തന്നെ തിരിച്ചയ്ക്കാൻ അധികൃതർ തീരുമാനിച്ചു. എന്നാൽ അന്നത്തെ ബിഷപ് മാർ ജയിംസ് കാളാശേരി അതിനു സമ്മതിച്ചില്ല. 'അൽഫോൻസയെ ഭരണങ്ങാനത്തിനു വിടേണ്ട. അവർ ഇവിടെത്തന്നെ കിടന്നു മരിക്കുന്നെങ്കിൽ മരിച്ചുകൊള്ളട്ടെ.' എന്നായിരുന്നു അദ്ദേഹത്തിന്റെ നിർദ്ദേശം.

എട്ടുമാസമായി തന്നെ പീഡിപ്പിക്കുന്ന രോഗം. ആശ്വാസവും സഹിക്കാനുള്ള ശക്തിയും തരണമേയെന്ന് അവർ ചാവറയച്ചനോടു പ്രാർഥിച്ചു. നവനാൾ പ്രാർഥനയുടെ ഒമ്പതാം നാൾ രാത്രിയിൽ ഏലിയാസച്ചൻ അവർക്കു പ്രത്യക്ഷനായി. 'ഈ ദിനം സുഖമായിരിക്കുന്നു. ഇനിമേൽ ഈ രോഗം നിനക്കുണ്ടായിരിക്കില്ല. എങ്കിലും നീ മറ്റു പല രോഗങ്ങളാൽ പീഡിപ്പിക്കപ്പെടും' ഇതു പറഞ്ഞ് അദ്ദേഹം അപ്രത്യക്ഷനായി.

പിറ്റേന്ന് അൽഫോൻസയുടെ അസുഖം മാറിയതായും കാലിലെ വ്രണം പൂർണമായും സുഖപ്പെട്ടതായും ഫാ.റോമുളൂസ് സി.എം.ഐ തയാറാക്കിയ അൽഫോൻസാമ്മയുടെ ജീവചരിത്രത്തിൽ പറയുന്നു.

മറ്റൊരവസരത്തിൽ കൂടി ഏലിയാസച്ചൻ തനിക്കു പ്രത്യക്ഷപ്പെട്ടതായി അൽഫോൻസാമ്മ പറഞ്ഞിട്ടുണ്ട്. അസഹ്യമായ രോഗാവസ്ഥയിലായിരുന്നു അതും.

വിട്ടുമാറാത്ത പനി, രണ്ടുമാസത്തോളം 105 ഡിഗ്രിയിൽ തുടരുകയായിരുന്നു പനി. ചികിത്സകളൊന്നും ഫലിക്കാത്ത അവസ്ഥ.

അസുഖം വർധിച്ചതോടെ ചുമച്ച് ചോരതുപ്പാൻ തുടങ്ങി. അതോടെ രോഗം ക്ഷയമായിരിക്കാമെന്ന് ഡോക്ടർമാർ അഭിപ്രായപ്പെട്ടു. അതോടെ രോഗിയെ സമൂഹത്തിൽ നിന്ന് മാറ്റിപാർപ്പിക്കണമെന്ന് നിർദ്ദേശം വന്നു. അതു അൽഫോൻസാമ്മയെ വല്ലാതെ വേദനിപ്പിച്ചു.

പിറ്റേന്ന് അമ്മ ഗുരുനാഥയെ വിളിച്ചു പറഞ്ഞു. 'ഇന്നേക്ക് ഒൻപതാം നാൾ എന്റെ പനിമാറിയില്ലെങ്കിൽ എന്നെ മാറ്റിപാർപ്പിച്ചു കൊള്ളൂ' എന്ന്.

തൊട്ടടുത്ത മുറിയിൽ താമസിക്കുന്ന സിസ്റ്റർ സെലീനോടൊപ്പം അൽഫോൻസാമ്മ ചാവറയച്ചനോടുള്ള നവനാൾ പ്രാർഥന തുടങ്ങി. എട്ടാം ദിവസം രാത്രിയിൽ പനി അളന്നു നോക്കി. 105 ഡിഗ്രി. ഒൻപതാം ദിവസം രാവിലെ സിസ്റ്റർ സെലീന പനി വീണ്ടും അളന്നു. ആശ്ചര്യം ! അൽഫോൻസാമ്മയുടെ പനി നിശേഷം വിട്ടുമാറിയിരിക്കുന്നു.

'രാത്രിയിൽ ഏലിയാസച്ചൻ വന്ന് എന്റെ കൈക്കു പിടിച്ച് എഴുന്നേൽപ്പിച്ചു. അടുത്തു കാവൽകിടന്ന വേലക്കാരിയുടെ കിടക്കയ്ക്കു ചുറ്റും മൂന്നു പ്രാവശ്യം എന്നെ നടത്തിച്ചു', തന്റെ രോഗശാന്തിയെയും ഏലിയാസച്ചന്റെ ദർശനത്തെയും കുറിച്ച് അൽഫോൻസാമ്മ പറയുന്നു.

പിന്നീട് തന്നെ സന്ദർശിക്കാനെത്തുന്നവരോടൊക്കെ ചാവറയച്ചനെക്കുറിച്ചും അദ്ദേഹത്തിന്റെ നവനാൾ പ്രാർഥന ചൊല്ലിയാൽ ലഭിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ചും അൽഫോൻസാമ്മ പറയുമായിരുന്നു.

ഉത്തമ കുടുംബം

നല്ല ക്രിസ്ത്യാനിക്കുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു. കുടുംബത്തിന്റെ ന്യായം എന്തെന്നാൽ, ചോരയാലും സ്നേഹത്താലും തമ്മിൽത്തമ്മിൽ കെട്ടപ്പെട്ട പല ആളുകൾ കാരണവന്മാരുടെനേരെ ആചാരവും കീഴ്വഴക്കവും അനുസരിച്ച് തമ്പുരാനോടും മനുഷ്യരോടും സമാധാനമായി നടക്കയും, അവരവരുടെ അന്തസിനു തക്കതിൻവണ്ണം നിത്യഗതിയെ പ്രാപിക്കുന്നതിനു പ്രയത്നം ചെയ്തു കൂട്ടമായി ജീവിക്കുകയും ചെയ്യുന്നതാകുന്നു. ദുഃഖങ്ങളുടെ സ്ഥലമായിരിക്കുന്ന ഈ ലോകത്തിൽ ഓരോരോ ഞെരുക്കങ്ങളിലും സങ്കടങ്ങളിലും ഏറ്റം മധുരിക്കപ്പെട്ട ആശ്വാസവും സമാധാനവും ഉപവിയും ക്രമവുമുള്ള ഒരു കുടുംബത്തിൽ ജീവിക്കുന്നതാകുന്നു.

അപ്രകാരംതന്നെ ക്രമവും സമാധാനവും ഇല്ലാതെയും ദൈവശുശ്രൂഷയിന്മേലും നിത്യരക്ഷയിന്മേലും ഒരു വിചാരവും ഇല്ലാതെയും നടക്കുന്ന ഒരു കുടുംബത്തിൽ ജീവിക്കുന്നത് ഏറ്റം വലിയ സങ്കടമാകുന്നു.

ഇപ്രകാരം ക്രമമില്ലാത്ത കുടുംബങ്ങൾ എത്രയോ സങ്കടങ്ങൾക്കും കണ്ണുനീരുകൾക്കും കാരണമായിരിക്കുന്നു. ഇതുനിമിത്തം കീർത്തിപ്പെട്ടതും ബഹുമാനമുള്ളതും ദ്രവ്യമുള്ളതുമായ എത്രയോ കുടുംബങ്ങൾ നശിച്ചു പോയിരിക്കുന്നു. ഇതിൽ നിന്ന് എത്രയോ വഴക്കുകളും എത്രയോ പാപങ്ങളും എത്രയോ നാശങ്ങളും എത്രയോ മരണങ്ങളും ഉണ്ടായിരിക്കുന്നു.

ഇതിൻവണ്ണമുള്ള തിന്മകളും നാശങ്ങളും വരുന്നതിന് ഇടവരാതിരിപ്പാൻ എനിക്കുണ്ടായിരിക്കുന്ന അതിയായ ആഗ്രത്തെക്കുറിച്ചു ഞാൻ ദൈവവെളിവും സമാധാനവും അപേക്ഷിച്ചുകൊണ്ട് ഈ കുടുംബക്രമം അഥവാ ചട്ടം എഴുതിയുണ്ടാക്കി. ഇതിനെ നിങ്ങളുടെ പൂർവകാരണവന്മാരുടെ വായിൽ നിന്നും പുറപ്പെട്ട ഗുണദോഷം പോലെ കൈക്കൊണ്ടു സൂക്ഷമായിട്ട് അനുസരിക്കുകയും അനുസരിപ്പിക്കുകയും ചെയ്യണമെന്ന് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. (ചാവറയച്ചൻ, *ഒരു നല്ല അപ്പന്റെ ചാവരുൾ*)

ചാവറയച്ചനൊപ്പം സന്യാസവ്രതം അനുഷ്ഠിച്ചവർ

ഫാ. ജേക്കബ് വല്യാറ

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ബന്ധുവും അയൽക്കാരനുമായിരുന്നു വല്യാറയച്ചൻ. കൈനകരി ഇടവകാംഗമായ ഇദ്ദേഹം 1848-ലാണ് സഭയിൽ ചേർന്നത്. 1885 ഡിസംബർ 24-ന് മരിച്ച വല്യാറയച്ചൻ മാന്നാനത്ത് അന്ത്യവിശ്രമം കൊള്ളുന്നു.



ഫാ. മത്തായി കളപ്പുരയ്ക്കൽ

പാലാ ഇടവകാംഗമായ മത്തായിയച്ചൻ 1845-ലാണ് സഭാംഗമായത്. മലേറിയ പടർന്നു പിടിച്ചപ്പോൾ ധൈര്യസമേതം പ്ലാശനാൽ ആശ്രമത്തിൽ ശുശ്രൂഷ നിർവഹിക്കാൻ അച്ചൻ തയാറായി. മാന്നാനത്താണ് ഇദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നത്.



ഫാ. മത്തായി മുഞ്ഞനാട്ട്

ളാലം പുത്തൻപള്ളി ഇടവകാംഗമായിരുന്ന മുഞ്ഞനാട്ടച്ചൻ 1845-ൽ പട്ടം സ്വീകരിച്ചു സഭാംഗമായി. കൂനമ്മാവ് ആശ്രമത്തിലെ ആദ്യത്തെ പ്രിയോർ ആയിരുന്നു. 41-ാം വയസിൽ എൽത്തുരുത്തിൽ അന്തരിച്ച അദ്ദേഹത്തെ അവിടെത്തന്നെ അടക്കം ചെയ്തിരിക്കുന്നു.



ഫാ. കുര്യാക്കോസ് (ആൽബർട്ട് കുര്യൻ) കൊച്ചുപുരയ്ക്കൽ


അതിരമ്പുഴ ഇടവകാംഗമാണ് ഇദ്ദേഹം. മാന്നാനം സെമിനാരിയുടെ റെക്ടർ ആയിരുന്നു. 1866 സെപ്റ്റംബർ 13-ന് എറണാകുളത്ത് ചികിത്സയിലായിരിക്കെ മരിച്ചു.



ഫാ. ഗീവർഗീസ് തോപ്പിൽ


ചാവറയച്ചന്റെ ബന്ധുവും അടുത്ത സുഹൃത്തുമായിരുന്നു ഗീവർഗീസ് അച്ചൻ. ധ്യാനഗുരുവായിരുന്ന ഇദ്ദേഹത്തെ സി.എം.ഐ സഭയുടെ നാലാം തൂണായി വിശേഷിപ്പിക്കപ്പെട്ടിരുന്നു. 1813-ൽ വെളിയനാട്ട് ജനിച്ച ഇദ്ദേഹം പുളിങ്കുന്ന് ഇടവകാംഗമാണ്. സ്വന്തം ഇടവകയിൽ വികാരിയാകാൻ ഭാഗ്യം ലഭിച്ച അച്ചൻ പുളിങ്കുന്നിൽ ആശ്രമം സ്ഥാപിക്കുന്നതിന് നേതൃത്വം നല്കി. 1873 ഒക്ടോബറിൽ ദിവംഗതനായ അച്ചൻ പുളിങ്കുന്നിൽ അന്ത്യവിശ്രമം കൊള്ളുന്നു.





ഫാ. കുര്യാക്കോസ് ഏലിശ പോരൂക്കര

1839-ൽ പട്ടം സ്വീകരിച്ച കുര്യാക്കോസ് അച്ചൻ ഫാ. തോമസ് പോരൂക്കരയുടെ ഇളയ സഹോദരനാണ്. 1839-ൽ സഭാംഗമായ ഇദ്ദേഹമാണ് നിത്യാരാധന എന്ന പുസ്തകം രചിച്ചത്. 1890 ജനുവരി ഏഴിന് എഴുപത്താറാം വയസിൽ പോരൂക്കരയച്ചൻ ദിവംഗതനായി. മാന്നാനത്ത് അന്ത്യവിശ്രമം കൊള്ളുന്നു. ഇദ്ദേഹം സഭയുടെ രണ്ടാമത്തെ ജനറാൾ ആയിരുന്നു.




ഫാ. കുര്യൻ പാലയ്ക്കൽ

ഫാ. തോമസ് പാലയ്ക്കലിന്റെ ബന്ധുവാണ് ഫാ. കുര്യൻ പാലയ്ക്കൽ. പള്ളിപ്പുറം ഇടവകാംഗമാണ്. പുളിങ്കുന്നിലും ചെത്തിപ്പുഴയിലും പ്രിയോരായിരുന്നു. 1898 ജനുവരി 24-ന് മരിച്ചു.



ഫാ. സ്കറിയാ കളത്തിൽ

ദിവ്യകാരുണ്യ ഭക്തനായിരുന്ന സ്കറിയാ എഫ്രേം കളത്തിലച്ചൻ പുളിങ്കുന്ന് ഇടവകാംഗമാണ്. 1908 ജൂൺ 28-ന് ദിവംഗതനായ കളത്തിലച്ചൻ പുളിങ്കുന്നിൽ അന്ത്യവിശ്രമം കൊള്ളുന്നു.



ഫാ. അലക്സാണ്ടർ കട്ടക്കയം (സീനിയർ)

വലിയചാണ്ടി അച്ചൻ എന്നറിയപ്പെടുന്ന അലക്സാണ്ടർ കട്ടക്കയത്ത് അച്ചൻ പാലാ ഇടവകാംഗമാണ്. സുപ്രസിദ്ധ ധ്യാനഗുരുവായിരുന്ന ഇദ്ദേഹത്തിന് മാർപ്പാപ്പയിൽനിന്ന് ബഹുമതിപത്രം ലഭിച്ചിട്ടുണ്ട്. 1909-ൽ 81-ാം വയസിൽ അന്തരിച്ച കട്ടക്കയം അച്ചനെ മാന്നാനത്ത് അടക്കം ചെയ്തിരിക്കുന്നു.



ഫാ. മാണി കണിയാരകത്ത്

ളാലം പുത്തൻപള്ളി ഇടവകാംഗമായ മാണിയച്ചനും പതിനൊന്ന് ആദ്യ അംഗങ്ങളിലൊരാളാകാൻ ഭാഗ്യം ലഭിച്ചു. സഭയിൽനിന്നു പിന്നീട് പുറത്താക്കപ്പെട്ട അച്ചൻ രൂപതാ വൈദികനായി ശിഷ്ടകാലം കഴിഞ്ഞു.



പാലയ്ക്കൽ തോമാ മല്പാൻ



പോരൂക്കര തോമാ മല്പാൻ



ബ്രദർ കണിയാന്തറ യാക്കോബ്

ഇവർ വഴി തുറന്നവർ

അപ്പസ്തോലനായ വിശുദ്ധ തോമസ് നേരിട്ട് ക്രിസ്തുവെളിച്ചം ഭാരതത്തിലെത്തിച്ചു. 19 നൂറ്റാണ്ടുകൾ കാത്തിരിക്കേണ്ടിവന്നു ഭാരത സഭയിൽ ക്രൈസ്തവ സന്യാസത്തിന് ഊടും പാവും പാകി കാണുവാൻ. ആത്മരക്ഷയെപ്രതി 'വനവാസം' എന്ന വഴിയിലൂടെ ലോകത്തിൽ നിന്നും ഒളിച്ചോടാൻ ആഗ്രഹിക്കുകയും എന്നാൽ, അതിനെതിരായി തുടർന്ന് അഞ്ചുവർഷത്തോളം ജനങ്ങളോടുകൂടി, ജനങ്ങൾക്കുവേണ്ടി ജീവിക്കുകയുംചെയ്ത പോരൂക്കര അച്ചൻ, വനവാസത്തിനു പോകാതെ വീട്ടിൽത്തന്നെ താമസിച്ച കണിയാന്തറ യാക്കോബ്, വർഷങ്ങളായി 'സന്യാസി' എന്ന പേരു കൂടാതെ സന്യാസിയായി ജീവിക്കുകയും, ദൈവജനത്തെ നയിക്കുവാൻ നല്ല വൈദികരെ വളർത്തിയെടുക്കാൻ രാപകൽ ശ്രദ്ധിക്കുകയും ചെയ്ത സെമിനാരി മല്പാനായ പാലയ്ക്കൽ തോമ്മാച്ചൻ, ആത്മരക്ഷയേപ്രതിയുള്ള തീക്ഷ്ണതയാൽ എരിഞ്ഞിരുന്ന, ബാല്യം മുതലേ തോമ്മാ മല്പാന്റെ ഇംഗിതത്തിനനുസരിച്ച് സെമിനാരിയിൽ പഠിച്ചുകൊണ്ടിരുന്ന ചാവറയച്ചൻ. നാലുപേരും ഒന്നിച്ചു കൂടാൻ അവസരം കിട്ടിയപ്പോൾ ദൈവത്തിന്റെ കണ്ണാടിയിൽ അവർ കണ്ട പ്രശ്നങ്ങളും അതിനുള്ള പരിഹാരമാർഗങ്ങളും ചർച്ചാവിഷയമായി. ഇന്ത്യയിൽ വൈദികരുടെയിടയിൽപ്പോലും സന്യാസം എന്ന കെട്ടുറപ്പിലൂടെയുള്ള സമൂഹ ജീവിതം ഇല്ലാത്തതുകൊണ്ട് മാനവസമൂഹത്തിന് വന്നുകൊണ്ടിരിക്കുന്ന നഷ്ടത്തെക്കുറിച്ച് അവർ കൂടുതൽ ബോധവാന്മാരായി. അതിനൊരു പരിഹാരവഴി, സ്വയം വിശുദ്ധീകരണത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും ഉതകുന്ന, ദൈവദർശനം സ്വീകരിക്കാൻ പറ്റുന്നൊരു താപസഭവനം. അവ്യക്തതകൾ മാറിക്കിട്ടിയപ്പോൾ അനുവാദത്തിനപേക്ഷയായി. ദൈവത്തിന്റെ വഴിയിലൂടെ നടക്കാൻ, ദൈവത്തിൻ വഴിയേ നടത്താൻ ഇവർ നടന്നുപോയ വഴികളെക്കുറിച്ചൊരു തിരിച്ചറിവ്:

പാലയ്ക്കൽ തോമാ മല്പാൻ

സൗത്ത് പള്ളിപ്പുറത്ത് പാലയ്ക്കൽ കുടുംബത്തിൽ 1782-ൽ ജനിച്ചു. മത്തായി കത്തനാരുടെ ജ്യേഷ്ഠനായിരുന്നു അദ്ദേഹത്തിന്റെ പിതാവ്. സമ്പന്ന കുടുംബമായിരുന്നെങ്കിലും 1790-ൽ പകർച്ചവ്യാധി വസൂരിയും തുടർന്നുണ്ടായ ക്ഷാമവും മൂലം കുടുംബത്തിലെ പല പ്രധാന അംഗങ്ങളും മരിച്ചതോടെ കുടുംബം ദരിദ്രമായി. വിധവയായിത്തീർന്ന അമ്മ രണ്ടാൺമക്കളെയും രണ്ടു പെൺമക്കളെയും വളർത്തി വലുതാക്കാൻ പണിപ്പെട്ടു. വലിയ ദൈവാശ്രയ ബോധവും ഭക്തിയും ഉണ്ടായിരുന്ന അവർ പ്രതിസന്ധികൾ ഒന്നൊന്നായി തരണം ചെയ്തു. ഇളയ മകനായ തോമ്മാച്ചൻ കുത്തിയതോട്ടിൽ തച്ചിൽ അബ്രഹാം മല്പാന്റെ പള്ളിപ്പുറം ഇടവക സെമിനാരിയിൽ ചേർന്നു. 1808 ൽ തിരുപ്പട്ടമേറ്റു. താമസിയാതെ മെത്രാൻ റെയ്മണ്ട് സൂര്യ, തോമ്മാച്ചനെ തന്റെ പാസ്റ്ററൽ കൗൺസിൽ അംഗമായും സെക്രട്ടറിയായും നിശ്ചയിച്ചു. 'മലങ്കര മല്പാൻ' എന്നറിയപ്പെടുന്ന അബ്രഹാം മല്പാൻ ക്ഷീണിതനായപ്പോൾ മെത്രാൻ പാലയ്ക്കലച്ചനെ മല്പാനായി ഉയർത്തിക്കൊണ്ട് പള്ളിപ്പുറം സെമിനാരിയുടെ റെക്ടറായി നിയമിച്ചു.

ഇദ്ദേഹത്തിന്റെ സെമിനാരിയിലാണ് ചാവറയച്ചൻ സെമിനാരി പഠനം നടത്തിയത്. മറ്റു സെമിനാരികളിൽ ഉണ്ടായിരുന്നതിലധികം പഠനപുസ്തകങ്ങളുടെ ശേഖരം ഇവിടെയുണ്ടായിരുന്നു. വ്യക്തമായ സമയക്രമങ്ങളോടുകൂടി പഠനപദ്ധതികൾ ആവിഷ്കരിച്ചിരുന്നു. വലിയ താപസനുംകൂടിയായിരുന്ന അദ്ദേഹം പ്രാർത്ഥനയ്ക്കും തപശ്ചര്യകൾക്കും തന്റെ ജീവിതത്തിൽ വലിയ പ്രാധാന്യം കൽപ്പിക്കുകയും അറിവു സമ്പാദിക്കാൻ വായനയും പഠനവും നടത്തുകയും ചെയ്യുമായിരുന്നു. കർമ്മല മാതാവിന്റെയും വിശുദ്ധ ഡോമിനിക്കിന്റെയും വലിയ ഭക്തനായിരുന്ന അദ്ദേഹം ഈ ഭക്തി സെമിനാരിക്കാരിലും ജനങ്ങളുടെയിടയിലും പ്രചരിപ്പിച്ചിരുന്നു.

സുറിയാനി കത്തോലിക്കാ വൈദികരുടെ വേഷം യാക്കോബായ വൈദികരുടേതുമായി ഏറെ സാമ്യമുള്ളതായിരുന്നു. ഇദ്ദേഹം നേതൃത്വമെടുത്താണ് ഇന്നത്തെ വേഷത്തിലേക്ക് മാറ്റിയത്. സെമിനാരി നിയമങ്ങളിലും പല പരിഷ്കാരങ്ങൾ വരുത്തിയ ആളാണ്. സുറിയാനി സഭയുടെ പാരമ്പര്യങ്ങളോട് അങ്ങേയറ്റം മതിപ്പും താൽപര്യവും ഉണ്ടായിരുന്നതുകൂടാതെ കാനോന നമസ്കാരം ക്രോഡീകരിക്കുവാൻ ചാവറയച്ചനെ സെമിനാരിയിൽ ആയിരുന്നപ്പോൾത്തന്നെ പ്രേരിപ്പിച്ചതും ഇദ്ദേഹം തന്നെയാണ്.

പാലയ്ക്കലച്ചനും പോരൂക്കരയച്ചനും ചാവറയച്ചനും കൂടി പ്രാർത്ഥനാപൂർവ്വം ആലോചിച്ചതിന്റെ ഫലമായിരുന്നു

സി.എം.ഐ സഭയുടെ തുടക്കം. പാലയ്ക്കലച്ചൻ അധിക സമയവും പള്ളിപ്പുറത്തായിരുന്നു എങ്കിലും 1831ന്റെ തുടക്കം മുതൽ അദ്ദേഹത്തിന്റെ മരണ സമയം വരെ, മാന്നാനത്താരംഭിച്ച സന്യാസസമൂഹത്തിന്റെ തെരഞ്ഞെടുക്കപ്പെടാത്ത സുപ്പീരിയർ ആയിരുന്നു അദ്ദേഹം. 1841 ജനുവരി 16-ന് അദ്ദേഹം മരണമടയുകയും പള്ളിപ്പുറത്ത് അടക്കം ചെയ്യപ്പെടുകയും ചെയ്തു. അദ്ദേഹം സന്യാസി എന്ന പേരു സ്വീകരിച്ചു. എന്നാൽ, ജീവിതം കൊണ്ടു പൂർത്തിയാക്കാൻ മരണം അനുവദിച്ചില്ല.

പോരൂക്കര തോമാ മല്പാൻ

ഇന്നത്തെ ചങ്ങനാശേരി അതിരൂപതയിലെ കല്ലൂർക്കാട്ട് ഇടവകയിൽ പോരൂക്കര കുടുംബത്തിൽ ഇട്ടിക്കുരുവിള തരകന്റെയും മറിയാമ്മയുടെയും മൂത്ത മകനായി 1799 ഡിസംബറിൽ ജനിച്ചു. നാലു സഹോദരന്മാരും മൂന്നു സഹോദരിമാരും ഉണ്ടായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം വീട്ടിൽനിന്നുതന്നെ സ്വീകരിച്ചു. വിദഗ്ധരായ അധ്യാപകരെ വീട്ടിൽ വരുത്തിയായിരുന്നു പഠന ം നടത്തിയിരുന്നത്. അന്നു ധാരാളം ഇടവക സെമിനാരികൾ ഉണ്ടായിരുന്നെങ്കിലും സമർത്ഥനും ബുദ്ധിമാനുമായ ഇദ്ദേഹത്തിന് കൂടുതൽ നല്ല വിദ്യാഭ്യാസം കിട്ടണം എന്ന ഉദ്ദേശ്യത്തോടെ കർമ്മലീത്താ മിഷനറിമാർ നടത്തിയിരുന്ന വരാപ്പുഴ സെമിനാരിയിലാണ് ചേർന്നത്. അവിടെ 1823 സെപ്റ്റംബർ 22-ന് പട്ടമേറ്റു.

വൈദികനായ ഉടനേ പുരാതന ഇടവകകളിൽ ഒന്നായ സ്വന്തം ഇടവക തന്നെയാണ് ഭരണത്തിന് ലഭിച്ചത്. ദേവാലയ ശുശ്രൂഷ ഭക്തിപൂർവം നടത്തുന്നതിനു പള്ളിയിൽ അദ്ദേഹം വാദ്യോപകരണങ്ങൾ ഉപയോഗിച്ചുതുടങ്ങി. വിശുദ്ധ യൗസേപ്പിന്റെ വലിയ ഭക്തനായിരുന്നതുകൊണ്ട് ഈ ഭക്തി പ്രചരിപ്പിക്കുവാൻ ബുധനാഴ്ച തോറും പ്രത്യേക പ്രാർത്ഥനകളും പ്രസംഗങ്ങളും നടത്തിയിരുന്നു. അതിനായി ഒരു സഭാ കൂട്ടത്തേയും ഉണ്ടാക്കി.

രണ്ടു വർഷത്തെ കല്ലൂർക്കാട്ടെ സേവനം കഴിഞ്ഞ് തങ്കശേരി പള്ളി വികാരിയായി പോയി. അവിടെ അദ്ദേഹം ഒരു നല്ലയിടയനായി അവരെ വഴക്കുകളിൽനിന്നും തിന്മകളിൽനിന്നും മാനസാന്തരത്തിലേക്ക് നയിച്ചു. ഉപദേശത്താലും പ്രസംഗങ്ങളാലും കുദാശകളാലും ഭവനസന്ദർശനങ്ങളാലും ജനങ്ങളെ നവീകരണത്തിലേക്ക് നയിച്ചു.

ഈ അവസരത്തിലാണ് മൗറേലിയൂസ് സ്തബലീനി മെത്രാൻ ഭരണമേറ്റത്. അദ്ദേഹത്തിന് ഒരു സെക്രട്ടറിയെ വേണമെന്ന് പാലയ്ക്കലച്ചനോട് ആവശ്യപ്പെട്ടതു പ്രകാരം 1828-ൽ പോരൂക്കരയച്ചനെ വരാപ്പുഴ വരുത്തി സെക്രട്ടറിജോലി ഏൽപ്പിച്ചു.

ദൈവപരിപാലനയിൽ സമാനചിന്തയുള്ള വ്യക്തികളെ ദൈവം അടുപ്പിച്ചുകൊണ്ടുവരികയായിരുന്നു. അങ്ങനെ പള്ളിപ്പുറവും കല്ലൂർക്കാടും കൈനകരിയും വരാപ്പുഴയുമായി ഇടയ്ക്കിടെ കൂട്ടിമുട്ടി. ഇതായിരുന്നു സി.എം.ഐ സഭയുടെ തുടക്കത്തിനുള്ള സങ്കേതങ്ങൾ. 1822-ൽ കണിയാന്തറ യാക്കോബുമായി ആരംഭിച്ച വനവാസചിന്ത പോരൂക്കരയച്ചനായിരിക്കണം ആദ്യമായി പാലയ്ക്കലച്ചനുമായി ചർച്ചാവിഷയമാക്കിയത്. തുടർന്നുള്ള അവരുടെ ചിന്തകൾക്ക് പ്രായോഗികരൂപം കിട്ടി. തിരുസഭയുടെ നിരവധിയായ ആവശ്യങ്ങളിലേക്ക് അവരുടെ ശ്രദ്ധ തിരിഞ്ഞു. ഈ ചിന്തകളിൽ ചാവറയച്ചനും പങ്കുചേർന്നു. 1829-ൽ പ്രതിനിധി സംഘം- പാലയ്ക്കലച്ചനും പോരൂക്കര അച്ചനും - മെത്രാനെ സമീപിച്ചു. മനം തെളിഞ്ഞ മെത്രാൻ അനുവാദത്തോടൊപ്പം 200 രൂപയും പിരിവെടുക്കാനുള്ള ധർമ്മക്കടലാസും ഒപ്പുവെച്ചു കൊടുത്തു.

മാന്നാനംകുന്ന് കണ്ടെത്തി ഇന്ത്യയിലെ ക്രൈസ്തവ സന്യാസി ജീവിതത്തിന്റെ ആസ്ഥാനത്തിനുള്ള ആദ്യ കല്ലു പതിക്കുവാനും തുടങ്ങാനിരുന്ന സ്ഥാപനത്തിന് വിശുദ്ധ യൗസേപ്പിന്റെ നാമം നിർദേശിക്കാനുമുള്ള ഭാഗ്യം പോരൂക്കരയച്ചനു തന്നെ കിട്ടി. എന്നാൽ, വ്രതബദ്ധവും നൈയാമികവുമായ സമൂഹ ജീവിതത്തിൽ പങ്കാളിയാകാൻ അവസരം കിട്ടുന്നതിനുമുമ്പ് 1846 ജനുവരി എട്ടിന് ദൈവം അദ്ദേഹത്തെ തിരിച്ചുവിളിച്ചു.

ബ്രദർ കണിയാന്തറ യാക്കോബ്

വിശുദ്ധ ഗ്രന്ഥത്തിൽ 40-ന് പ്രാധാന്യം ഉണ്ട്. നോഹയുടെ കാലത്ത് 40 പകലും 40 രാവും തുടർച്ചയായി മഴ പെയ്തു. ഇസ്രയേൽജനം വാഗ്ദത്ത ഭൂമിയിലേക്കുള്ള പ്രയാണത്തിൽ 40 വർഷം മരുഭൂമിയിൽ ചുറ്റിത്തിരിഞ്ഞു. ഈശോ തന്റെ പരസ്യജീവിതത്തിലേക്കു കടക്കുന്നതിനു മുമ്പ് 40 ദിവസം ഉപവസിച്ചു. കണിയാന്തറ യാക്കോബിനെ സംബന്ധിച്ചിടത്തോളം 40 വർഷത്തിലേറെ തനിക്കുണ്ടായ വെല്ലുവിളികളെ അതിജീവിച്ചതിനു ശേഷമാണ് യഥാർത്ഥ വിളിക്ക് പ്രത്യുത്തരിക്കാനായത്- 1865-ൽ സന്യാസവ്രതങ്ങൾ സ്വീകരിച്ചപ്പോൾ.

1822-ൽ കൂട്ടുകാരനായിരുന്ന പോരൂക്കര തോമ്മാച്ചനോടൊപ്പം ആലോചിച്ചു, വനവാസത്തേക്കുറിച്ച്. 1829 ആയപ്പോഴേക്കും സന്യാസജീവിതത്തിനുള്ള രൂപരേഖകളായി. അന്നുമുതൽ കണിയാന്തറ യാക്കോബും വൈദികർക്കൊപ്പമുണ്ട്. 1855-ൽ വ്രതബദ്ധമായ സമൂഹവും ഉണ്ടായി. അന്നും അദ്ദേഹം സമൂഹത്തോടൊപ്പം ഉണ്ടെങ്കിലും മരുഭൂമിയിലെ അനുഭവത്തിലൂടെ കടന്നുപോയി. 1865-ൽ വ്രതം ചെയ്തതുമുതൽ 1898-ൽ മരണം വരെ സന്യാസ സഹോദരനായി ജീവിച്ച അദ്ദേഹം സി.എം.ഐ സഭയിലെ ആദ്യത്തെ സന്യാസ സഹോദരനാണ്.

അദ്ദേഹം 1800 ജനുവരി ആറിന് കല്ലൂർക്കാട് ഇടവകയിൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം അന്നത്തെ രീതിയിലുള്ള ആശാൻ കളരിയിൽനിന്ന് സ്വീകരിച്ചു. ചെറുപ്പം മുതൽ വീട്ടിലെ കൃഷികാര്യങ്ങളിൽ പിതാവിനെ സഹായിച്ചു. തന്റെ ഭാവിയെപ്പറ്റി ചിന്തിച്ചു തുടങ്ങിയപ്പോൾ ചിന്തകൾ പലതായി. കൂട്ടുകാരനും ഇടവകക്കാരനും സമപ്രായക്കാരനുമായ പോരൂക്കര ശെമ്മാച്ചനുമായി ആലോചനകൾ തുടങ്ങി. അദ്ദേഹത്തിന്റെ മനസിലും ചില ചിന്തകൾ. ലോകം തിന്മ നിറഞ്ഞതാണ്. അതിനോടു കൂടുതലടുത്താൽ ആത്മരക്ഷയും നഷ്ടമായേക്കും. എന്നാൽ, നമുക്ക് വനവാസമായാലോ? വനവാസം കണിയാന്തറ യാക്കോബിന്റെ ജീവിതത്തിൽ സന്യാസമായി പരിണമിച്ചു.

ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ

സുറിയാനി സഭയിൽ നിന്നൊരു നവോത്ഥാന നായകൻ

(34-ാം പേജ് തുടർച്ച)

III

ഇതുവരെ വിവരിച്ച കേരളത്തിലെ നവോത്ഥാന പ്രവണതകളുടെയും പ്രമാണിമാരുടെയും സ്വാഭാവവിശേഷങ്ങൾ സമന്വയിച്ചു ചേർന്ന ഒരു നവോത്ഥാന നായകനായിരുന്നു മുഖ്യമായും സുറിയാനി കത്തോലിക്കാ സഭയെ തന്റെ പ്രവർത്തന രംഗമായി തെരഞ്ഞെടുത്ത ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ. സഭയ്ക്ക് അകത്തെ അദ്ദേഹത്തിന്റെ പരിഷ്കരണ ശ്രമങ്ങൾ മാർട്ടിൻ ലൂഥർ, പാലക്കുന്നത്ത് അബ്രഹാം മൽപ്പാൻ തുടങ്ങിയവരുടെ പ്രവർത്തനങ്ങളേക്കാൾ, വിശുദ്ധരായ ബനഡിക്ട്, അസീസി അക്വീനാസ്, ലയോള തുടങ്ങിയവരുടെ പ്രവർത്തനങ്ങളാണ് സാമ്യം വഹിച്ചിരുന്നത്. എന്തുകൊണ്ടെന്നാൽ സഭയെ ദുർബലപ്പെടുത്തുകയോ പിളർത്തുകയോ ചെയ്യാതെ അതിനകത്ത് കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പാക്കുകയായിരുന്നു ചാവറ അച്ചൻ ചെയ്തത്. സാധാരണ ഒരു ശെമ്മാശ്ശനായി സഭാസേവനം ആരംഭിച്ച് സഭയുടെ വികാരി ജനറാൾ എന്ന ഉന്നത സ്ഥാനം വഹിച്ച് അറുപത്തിയാറാം വയസിൽ നിര്യാതനാകുന്നതുവരെയുള്ള അദ്ദേഹത്തിന്റെ സേവനങ്ങൾ പുത്തനുണർവുകൾക്ക് വഴിവച്ച പരിഷ്കരണ സംരംഭങ്ങളായിരുന്നു. അദ്ദേഹത്തിന്റെ മുഖ്യ സംഭാവനകളെ വിലയിരുത്തുന്നതിനുമുമ്പ് അദ്ദേഹത്തിന്റെ ബാല്യ കൗമാരങ്ങളെ ചുരുക്കമായി ഒന്ന് അവലോകനം ചെയ്യാം.

1805 ഫെബ്രുവരി 10-ന് കുട്ടനാട്ടിലെ കൈനകരിയിൽ തെക്കേ ചാവറയെന്നും വടക്കേ ചാവറയെന്നും പേരുള്ള രണ്ടു പുരാതന ഹൈന്ദവ കുടുംബങ്ങൾക്ക് കിഴക്ക് താമസിക്കേണ്ടിവന്നതിനാൽ മീനപ്പള്ളി കുടുംബം കിഴക്കേ ചാവറയായി. കിഴക്കേ ചാവറയിലെ കുര്യാക്കോസിന്റെയും മറിയത്തിന്റെയും മകനായി ചാവറയച്ചൻ ജനിച്ചു. ആധുനിക തിരുവിതാംകൂർ ചരിത്രത്തിൽ പല കാരണങ്ങളാൽ പ്രശസ്തിപെറ്റ പാലയൂർ പകലോമറ്റം കുടുംബത്തിന്റെ ശാഖകളായിരുന്നു കൈനകരിയിലെ ചാവറ കുടുംബങ്ങൾ. അക്കാലത്ത് ആശാൻ കളരി എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഗ്രാമീണ ഗുരുകുലങ്ങളായിരുന്നു ഇന്നത്തെ പ്രാഥമിക വിദ്യാലയങ്ങളുടെ ചുമതല നിർവഹിച്ചിരുന്നത്. നിലത്തെഴുത്തും ഓലയിലെഴുത്തും അക്ഷരമാലയും അംഗഗണിതവും അൽപ്പസ്വൽപ്പം സംസ്കൃതവും തമിഴും ജ്യോത്സ്യവും വൈദ്യവും തുടങ്ങി അന്നത്തെ സാമൂഹ്യ വ്യവസ്ഥയിൽ കർമനിരതനായ ഒരു പൗരന് ആവശ്യമായ കാര്യങ്ങളൊക്കെ ആശാൻ പഠിപ്പിച്ചിരുന്നു. പഠിക്കാൻ ഉത്സുകനും പരിശ്രമശാലിയും ആയ ഈ ബാലൻ ആശാന്റെയും സഹപാഠികളുടെയും കണ്ണിലുണ്ണിയായി തീർന്നു.

അക്കാലത്ത് കൈനകരിയിൽ പള്ളിയൊന്നും ഇല്ലാതിരുന്നതിനാൽ ചേന്നങ്കരി പള്ളിയിലാണ് മറ്റു കൈനകരിക്കാരോടൊപ്പം ചാവറ കുടുംബക്കാരും കുർബാനയ്ക്കും മറ്റു ശുശ്രൂഷകൾക്കും ആയി പൊയ്ക്കൊണ്ടിരുന്നത്. ബാലനായ കുര്യാക്കോസ്, ആശാൻ കളരിയിലെ പഠിത്തത്തോടൊപ്പം പള്ളിയിലെ പ്രവർത്തനങ്ങളിലും പരിശീലനങ്ങളിലും അതീവ തത്പരനായിരുന്നു. അങ്ങനെ കൗമാരത്തിൽതന്നെ വേദപാഠങ്ങളും സുറിയാനി ഭാഷയും വശമാക്കിയ ചാവറ കുര്യാക്കോസിന്റെ ഭാവി പുരോഹിതവൃത്തിയിലേക്ക് തിരിഞ്ഞതിൽ അത്ഭുതമില്ല. 1829-ാം ആണ്ടിൽ ഇരുപത്തിനാലാമത്തെ വയസിൽ ചാവറ കുര്യാക്കോസ് ഏലിയാസ് ചേർത്തലയ്ക്കടുത്തുള്ള ചരിത്രപ്രസിദ്ധമായ അർത്തുങ്കൽ പള്ളിയിൽവച്ച് പുരോഹിതവൃത്തിയിൽ പ്രവേശിച്ചു.

കുര്യാക്കോസ് ബാല്യവും കൗമാരവും പിന്നിട്ട് വിദ്യാഭ്യാസം പൂർത്തിയാക്കി യൗവനത്തിലേക്ക് കാൽവയ്ക്കുകയും പട്ടം ഏൽക്കുകയും ചെയ്യുന്നതുവരെയുള്ള സുമാർ കാൽ നൂറ്റാണ്ടും അതിന് മുമ്പുള്ള പതിറ്റാണ്ടും തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും മലബാറിന്റെയും ചരിത്രത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഇരുണ്ട നാളുകളായിരുന്നു. കേരളത്തിനുമേൽ മൈസൂർ ആക്രമണം, 1792-ലെ ശ്രീരംഗം ഉടമ്പടിയെ തുടർന്ന് മൈസൂർ പട മലബാറിൽനിന്ന് പിൻവാങ്ങിയത്, 1798-ൽ കാർത്തിക തിരുനാൾ രാമവർമയുടെ നിര്യാണശേഷം ദുർബലരായ ബാല രാമവർമ, ഗൗരി ലക്ഷ്മി ഭായി, ഗൗരി പാർവതി ഭായി തുടങ്ങിയവരുടെ തിരുവിതാംകൂർ ഭരണം, വേലുത്തമ്പിയുടെ കലാപം, പഴശി കലാപം തുടങ്ങിയവയെല്ലാം ഈ കാലയളവിന്റെ ആദ്യത്തെ രണ്ടു പതിറ്റാണ്ടിലാണ് മലയാളിയുടെ ജീവിതത്തേയും രാഷ്ട്രീയത്തേയും ഇളക്കിമറിച്ചത്. ടിപ്പു സുൽത്താന്റെയും പഴശി രാജാവിന്റെയും വേലുത്തമ്പിയുടെയും പരാജയങ്ങളോടുകൂടി ബ്രിട്ടീഷുകാർ കേരളത്തെ മുഴുവൻ അടക്കിവാണ് അധിനിവേശ ചൂഷണം നിർബാധം തുടങ്ങി. മലബാറിൽ നേരിട്ടും തിരുവിതാംകൂറിലും കൊച്ചിയിലും നാട്ടുരാജാക്കന്മാരുടെ മറപിടിച്ചുപോലും അവർ അധിനിവേശവാഴ്ച തുടർന്നു. നാട്ടുരാജാക്കന്മാരുടെ ഒരു മറ ജനകീയ വികാരങ്ങളെ തൃപ്തിപ്പെടുത്താനുള്ള അടവായി സ്വീകരിക്കുമ്പോഴും ബ്രിട്ടീഷ് മേൽക്കായ്മയുടെ (അന്നത്തെ ഈസ്റ്റ് ഇന്ത്യാ കമ്പനി) പ്രതിനിധികൾ നേരിട്ട് ദിവാൻ പദവും മറ്റ് പദവികളും ഉപയോഗിച്ച് ഭരണം നടത്താനും മടിച്ചിരുന്നില്ല. അങ്ങനെയാണ് 1811 മുതൽ 1814 വരെ കേണൽ ജോൺ മൺട്രോ ബ്രിട്ടീഷ് റസിഡന്റായിരുന്നുകൊണ്ടുതന്നെ തിരുവിതാംകൂറിലും കൊച്ചിയിലും ദിവാൻപദം ഏറ്റ് തന്നിഷ്ടം പോലെ ഭരണം നടത്തിയത്. പഴയ നാടുവാഴി സമ്പ്രദായത്തിലുള്ള ഭരണവ്യവസ്ഥയെ ആധുനിക രീതിയിൽ നവീകരിക്കാൻ മൺട്രോയുടെ ഭരണകാലം ഉതകി. അതോടൊപ്പംതന്നെ, താൻ രക്ഷാധികാരിയായിരുന്ന ചർച്ച് മിഷൻ സൊസൈറ്റിയെയും ലണ്ടൻ മിഷൻ സൊസൈറ്റിയെയും അധിനിവേശത്തിന്റെ രാഷ്ട്രീയ ലക്ഷ്യങ്ങൾകൂടി മുന്നിൽകണ്ടുകൊണ്ട് പ്രോത്സാഹിപ്പിക്കാനും മൺട്രോ തന്റെ പദവി ഉപയോഗിച്ചു. ആംഗ്ലിക്കൻ സഭയിൽ പെട്ടതായി (ചർച്ച് ഓഫ് ഇംഗ്ലണ്ട്)രുന്നു സി.എം.എസും എൽ.എം.എസും എങ്കിലും മലബാർ മേഖലയിൽ പ്രവർത്തനം നടത്തിവന്ന ബാസൽ മിഷൻ ജർമൻ പ്രോട്ടസ്റ്റന്റ് സഭയോടാണ് കൂറ് പുലർത്തിയത്.

1829-ൽ പ്രായപൂർത്തി എത്തിയ സ്വാതിതിരുനാൾ രാമവർമ എന്ന പ്രതിഭാശാലിയും തന്റേടിയും സംഗീതകലാകോവിതനും ആയ യുവാവ് റീജന്റ് ഗൗരി പാർവതീഭായിൽനിന്നും അധികാരം ഏറ്റെടുത്ത് കിരീടധാരണം നടത്തിയതോടെ തിരുവിതാംകൂർ ഭരണം- കുറേക്കൂടി സുഗമമായ പാതയിലേക്ക് പ്രവേശിച്ചു. ഗൗരി പാർവതീഭായിയുടെ ഭരണകാലത്ത് പൊട്ടിപ്പുറപ്പെട്ട ചാന്നാർ ലഹളകൾക്ക് അവരുടെ ചില ആവശ്യങ്ങളെങ്കിലും നിവേറ്റിക്കൊടുത്തുകൊണ്ട് സ്വാതിതിരുനാൾ പരിഹാരം ഉണ്ടാക്കാൻ ശ്രമിച്ചു. ഭരണം, വിദ്യാഭ്യാസം, ആരോഗ്യരക്ഷ, നീതിന്യായ പരിപാലനം മുതലായ മേഖലകളിലും ആധുനികീകരണം ത്വരിതപ്പെടുത്തിയത് സ്വാതിതിരുനാളിന്റെ കാലത്താണ്.

ഈ പുതിയ പരിഷ്കാരങ്ങളുടെ പുറകിൽ വിവിധ മിഷണറി സൊസൈറ്റികൾ സ്വന്തം ലക്ഷ്യസാക്ഷാത്കാരത്തെ മുൻനിർത്തിയാണെങ്കിലും ഗണ്യമായ പ്രേരകശക്തികളായി വർത്തിച്ചു എന്ന കാര്യം വിസ്മരിച്ചുകൂടാ. ഈ പടിഞ്ഞാറൻ മിഷണറി സംഘങ്ങളുടെ പ്രവർത്തനം കേരളത്തിലെ പരമ്പരാഗത ക്രിസ്തീയ സമൂഹങ്ങളെയും ബാധിച്ചു. കേരളത്തിലെ തദ്ദേശീയ ക്രിസ്തീയ സഭ ക്രിസ്തുശിഷ്യനായ അപ്പസ്തോലൻ വിശുദ്ധ തോമസ് ക്രിസ്തുവർഷം അമ്പത്തിരണ്ടാം ആണ്ട് നേരിട്ട് കേരളത്തിൽ സ്ഥാപിച്ചതാണെന്ന പരമ്പരാഗതമായ വിശ്വാസം ശരിയോ തെറ്റോ എന്ന പ്രശ്നത്തിലേക്ക് ഇപ്പോൾ പ്രവേശിക്കുന്നില്ല. 1498-ൽ റോമൻ കത്തോലിക്കാസഭയുടെ

ആശിർവാദത്തോടെ വാസ്കോഡഗാമയും കൂട്ടരും അനേകം നൂറ്റാണ്ടുകളോ ഒരു സഹസ്രാബ്ദം തന്നെയോ പഴക്കമുള്ള ക്രിസ്തീയ സമൂഹത്തെയാണ് കേരളത്തിൽ കണ്ടുമുട്ടിയത് എന്നതിൽ തർക്കമില്ല. മാർത്തോമാ ക്രിസ്ത്യാനികൾ എന്നും മലങ്കര സുറിയാനി ക്രിസ്ത്യാനികൾ എന്നും ഉള്ള പേരുകളിലാണ് അവർ അറിയപ്പെട്ടിരുന്നത്.

വാസ്കോ ഡ ഗാമയുടെ കൂടെ വന്ന റോമൻ കത്തോലിക്കാ മിഷണറിമാരും പിന്നീട് വിശുദ്ധ സേവ്യറെപ്പോലുള്ള മതപ്രചാരകരും കേരളത്തിൽ റോമൻ കത്തോലിക്കാ സഭ എന്ന പ്രത്യേകം ഒരു വിഭാഗത്തെ വേർതിരിച്ച് സ്ഥാപിച്ചു. 1599-ൽ ഗോവയിലെ ആർച്ച് ബിഷപ് മെനേസിസിന്റെ നേതൃത്വത്തിൽ നടന്ന ഉദയംപേരൂർ സൂനഹദോസ് കേരളീയ ക്രിസ്ത്യാനികളെ റോമൻ സഭയുടെ ഭാഗമാക്കാൻ ശ്രമിച്ചതും 1653-ലെ കൂനൻ കുരിശ് സത്യം ആ ശ്രമത്തിന് വെല്ലുവിളി ഉയർത്തിയതും ചരിത്രത്തിന്റെ ഭാഗമാണ്. ഈ ചരിത്ര പശ്ചാത്തലത്തിൽ ആണ് 19-ാം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽ ആംഗ്ലിക്കൻ-പ്രോട്ടസ്റ്റന്റ് സഭാ മിഷണറിമാർ കേരളത്തിൽ അവരുടെ നില ഉറപ്പിക്കാൻ ശ്രമം ആരംഭിച്ചത്. ഹൈന്ദവ സമൂഹത്തിലെ സവർണാധിപത്യവും തീണ്ടൽ, തൊടീൽ തുടങ്ങിയ ദുരാചാരങ്ങളുംകൊണ്ട് പൊറുതിമുട്ടിക്കഴിഞ്ഞ അധഃസ്ഥിത ജാതിക്കാരെയും ദളിതരെയും മതപരിവർത്തനം നടത്തി അംഗസംഖ്യ വർധിപ്പിക്കുന്നതിൽ മിഷണറിമാർക്ക് ഗണ്യമായ വിജയം ഉണ്ടായി. പക്ഷേ, അതുകൊണ്ടുമാത്രം അവർ തൃപ്തിപ്പെട്ടില്ല. നിലവിലുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനികളെക്കൂടി ആകർഷിച്ചാൽ മാത്രമേ തങ്ങളുടെ പ്രവർത്തനം വിജയിക്കൂ എന്ന് അവർ കരുതി. അതിനായി നേരിട്ട് അവരെ പടിഞ്ഞാറൻ പ്രോട്ടസ്റ്റന്റ് സഭകളിൽ അംഗമാക്കുന്നതിനു പുറമെ നിലവിലുള്ള ക്രിസ്തീയ സഭകളിൽ തങ്ങളുടെ നവീനാശയങ്ങൾ സന്നിവേശിപ്പിക്കാനും അവർ ശ്രമിച്ചു. ഈ ശ്രമങ്ങൾ സ്വന്തം പാരമ്പര്യങ്ങളിലും ആചാരങ്ങളിലും ആത്മാഭിമാനപൂർവം ഉറച്ചുനിന്ന മലങ്കര സുറിയാനി ക്രിസ്ത്യാനികൾക്ക് അത്ര സ്വാഗതാർഹമായിരുന്നില്ല. "മാർത്തോമയുടെ മാർഗവും വഴിപാടും" എന്ന പേരിൽ അവർ തങ്ങളുടെ പാരമ്പര്യത്തെ പടിഞ്ഞാറൻ പരിഷ്കർത്താക്കളുടെ പിടിയിൽനിന്ന് കാത്തുരക്ഷിച്ചു.

സുറിയാനി യാക്കോബായ സഭയിൽ ഈ സ്വാധീനശക്തികൾ പ്രവർത്തിച്ചതിന്റെ കൂടെ ഫലമായിട്ടാണ് പാലക്കുന്നത്ത് അബ്രഹാം മൽപ്പാന്റെയും അദ്ദേഹത്തിന്റെ അനുയായികളുടെയും നേതൃത്വത്തിൽ സഭ പിളർന്നതും മാർത്തോമാസഭയെന്ന പുതിയൊരു വേർപാട് സഭ രൂപംകൊണ്ടതും (ഈ പ്രക്രിയയുടെ വിശദാംശങ്ങൾക്ക് ഈ ലേഖകന്റെ കേരള നവോത്ഥാനം: ഒരു മാർക്സിസ്റ്റ് വീക്ഷണം, കേരള നവോത്ഥാനം: മതാചാര്യർ, മതനിഷേധികൾ എന്നീ പുസ്തകങ്ങൾ നോക്കുക)

ഇനി നമുക്ക് ചാവറ അച്ചന്റെ ചില പരിഷ്കരണ യത്നങ്ങളെ പ്രത്യേകമായി എടുത്തു പരിശോധിക്കാം.

IV

സുറിയാനി കത്തോലിക്കാ ജനാവലിയുടെയും സഭയുടെയും ആധുനീകരണത്തിനും പുരോഗതിക്കും അത്യന്താപേക്ഷിതമായത് വിദ്യാഭ്യാസ പ്രചാരണം ആണെന്ന് കണ്ടറിഞ്ഞ് പ്രവർത്തിച്ച ദീർഘദൃഷ്ടിയായിരുന്ന ചാവറ അച്ചൻ. സി.എം.എസ് മുതലായ പടിഞ്ഞാറൻ മിഷണറി സംഘങ്ങൾ ഈ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ അച്ചന് പ്രചോദനം നൽകി എന്നതിൽ സംശയമില്ല. പക്ഷേ, ഏതുതരം വിദ്യാഭ്യാസമാണ് അഭികാമ്യം എന്ന കാര്യത്തിൽ ചില ദുർഘടങ്ങൾ ഏർപ്പെട്ടു. അക്കാലത്ത് റോമൻ ആസ്ഥാനവുമായി കൂടുതൽ അടുത്ത ബന്ധമുണ്ടായിരുന്ന ലത്തീൻ കത്തോലിക്കാസഭയുടെ നാഥനായ വരാപ്പുഴ മെത്രാനും മറ്റും ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ അനുഭാവത്തോടെയല്ല നോക്കിക്കണ്ടത്. കത്തോലിക്കർ ഇംഗ്ലീഷ് പഠിച്ചാൽ അവർ സി.എം.എസ് മുതലായ പ്രോട്ടസ്റ്റന്റ് മിഷണറി സംഘങ്ങളുമായി അടുക്കുമെന്നും അത് അവരെ കത്തോലിക്കാ പാരമ്പര്യത്തിൽനിന്ന് അകറ്റുമെന്നും അവർ കരുതിയിരുന്നു. അതുകൊണ്ട് ചാവറ അച്ചൻ ആദ്യം തുടങ്ങിവച്ചത് ഒരു സംസ്കൃത വിദ്യാലയം ആയിരുന്നു. അടിയുറച്ച ക്രിസ്തുമത അവലംബിയായിരിക്കുമ്പോൾത്തന്നെ മാതൃഭാഷയായ മലയാളത്തെയും ആർഷഭാഷയായ സംസ്കൃതത്തെയും ഭാരതീയ പാരമ്പര്യത്തെ പൊതുവേയും ആദരിച്ചിരുന്ന അച്ചൻ ഈ രണ്ടു ഭാഷകളിലും അസൂയാർഹമായ അവഗാഹം നേടിയിരുന്നു.

1861-ൽ സുറിയാനി കത്തോലിക്കാസഭയുടെ വികാരി ജനറലായി ഉയർത്തപ്പെട്ടതോടെ അച്ചന് തന്റെ വിദ്യാഭ്യാസ ആദർശങ്ങൾ കൂടുതൽ ഊർജസ്വലതയോടെ നടത്താനുള്ള അധികാരവും അവസരവും ലഭിച്ചു. അദ്ദേഹം നേരിട്ട് ചില ഇടവകകളിൽ ആധുനിക സമ്പ്രദായത്തിലുള്ള വിദ്യാലയങ്ങൾ ആരംഭിച്ചതിനു പുറമേ, എല്ലാ ഇടവക പള്ളികളോടും ചേർന്ന് ഓരോ പള്ളിക്കൂടങ്ങൾ സ്ഥാപിക്കണമെന്നും അങ്ങനെ ചെയ്യാത്തപക്ഷം ശിക്ഷാനടപടികൾ കൈക്കൊള്ളണമെന്നും ഒരു സർക്കുലർ ഉത്തരവ് പുറപ്പെടുവിച്ചു. സ്വാഭാവികമായും ദൂരവ്യാപകമായ ഫലങ്ങളാണ് ഈ തീരുമാനങ്ങൾ ഉണ്ടാക്കിയത്. മറ്റ് ക്രിസ്തീയ സഭാംഗങ്ങളുടെ നിലവാരത്തിലേക്ക് സുറിയാനി കത്തോലിക്കരെ ഉയർത്താൻ ഈ വിദ്യാഭ്യാസ പരിപാടി സഹായകമായി.

സാധാരണ വിദ്യാർഥികൾക്ക് നൽകിയ ഈ വിദ്യാഭ്യാസ സൗകര്യം അക്കാലത്ത് മറ്റുപല വിദ്യാലയങ്ങളിലും അയിത്തം മൂലം പ്രവേശനമില്ലാതിരുന്ന ദളിതർക്കുപോലും ലഭിക്കുവാൻ വികാരി ജനറാൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അവർക്ക് വിദ്യാലയ പ്രവേശനത്തിനു പുറമേ വസ്ത്രം, ഭക്ഷണം, പുസ്തകം മതലായവ സൗജന്യമായി കഴിയുന്നത്ര വിതരണം ചെയ്യുവാനും ശ്രദ്ധിച്ചിരുന്നു.

സാധാരണ ജനങ്ങൾക്കുള്ള വിദ്യാഭ്യാസ പ്രവർത്തനത്തിൽ മാത്രം അദ്ദേഹം ഒതുങ്ങിനിന്നില്ല. സി.എം.എസ് തുടങ്ങിയ ആധുനിക മിഷണറി സംഘങ്ങളുടെ വിജയത്തിന്റെ രഹസ്യങ്ങളിൽ പ്രധാനപ്പെട്ടത് പഠിപ്പും പരിശീലനവും ലഭിച്ച പുരോഹിതന്മാരാണ് എന്ന വസ്തുത അച്ചൻ കണ്ടറിഞ്ഞു. കേരളത്തിൽ വളരെക്കാലമായി നിലനിന്നിരുന്നത് ഒരുതരം ഹ്യൂഡൽ സമ്പ്രദായത്തിലുള്ള പൗരോഹിത്യ പിന്തുടർച്ചയാണ്. ഇടവക പള്ളികളിലെ അച്ചന്മാർ സാമാന്യേന ഭേദപ്പെട്ട കുടുംബങ്ങളിലെ അംഗങ്ങളായിരിക്കും. അവരുടെ ചില അനന്തരവന്മാരോ അനുജന്മാരോ മറ്റ് അടുത്ത ബന്ധുക്കളോ ഇടവക വികാരിയുടെകൂടെ പള്ളിമേടകളിൽ താമസിച്ച് ഒരുതരം ഗുരുകുലവാസംപോലെ എന്തെങ്കിലും മുഖദാവിൽനിന്ന് കണ്ടും കേട്ടും പഠിച്ചെന്നും പഠിച്ചില്ലെന്നും വരുത്തി കാരണവർ നിര്യാതനാകുമ്പോൾ ആ സ്ഥാനത്തേക്ക് നിയോഗിക്കപ്പെടുകയാണ് പതിവ്. പോർച്ചുഗീസുകാരുടെ വരവിനുശേഷമാണ് പുരോഹിതരെ പരിശീലിപ്പിക്കാൻ പുതിയ തരത്തിലുള്ള സെമിനാരികളും മറ്റ് വിദ്യാപീഠങ്ങളും നിലവിൽവന്നത്. സി.എം.എസുകാരും മറ്റും തുടക്കത്തിലേ സെമിനാരികൾ സ്ഥാപിച്ച് പ്രവർത്തിച്ചിരുന്നു. കത്തോലിക്കരുടെ ഇടയിൽ ലത്തീൻ കത്തോലിക്കാ വിഭാഗങ്ങൾക്ക് സെമിനാരി സമ്പ്രദായം ഉണ്ടായിരുന്നുവെങ്കിലും സുറിയാനി കത്തോലിക്കർക്ക് അവരിൽനിന്നും നല്ല സ്വീകരണമല്ല പലപ്പോഴും ലഭിച്ചിരുന്നത്. ചാവറ അച്ചനുതന്നെ വരാപ്പുഴയിലെ ലത്തീൻ കത്തോലിക്കാ സെമിനാരിയിൽ പ്രവേശനം നിരസിച്ച ദുരനുഭവം ഉണ്ടായതായി പറയപ്പെടുന്നു. ചാവറ അച്ചന്റെ പ്രധാപ്പെട്ട സംഭാവനകളിൽപ്പെട്ടതാണ് സുറിയാനി കത്തോലിക്കാ പുരോഹിത പരിശീലനത്തിനുള്ള സെമിനാരികളുടെ സ്ഥാപനം. മാന്നാനത്തെ പ്രഥമ സെമിനാരിക്കുശേഷം വേറെയും സെമിനാരികൾ അച്ചന്റെ മേൽനോട്ടത്തിൽ സ്ഥാപിക്കപ്പെട്ടു.

വ്യാപകമായ ഈ ജനകീയ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ അനുബന്ധവും തുടർച്ചയും ആണ് ഒരു അച്ചുകൂടം സ്ഥാപിക്കൽ എന്ന് അച്ചൻ മനസിലാക്കി. അക്കാലത്ത് തിരുവിതാംകൂറിൽ രണ്ട് അച്ചുകൂടാരങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു: ഒന്ന് കോട്ടയത്തെ സി.എം.എസ് പ്രസും മറ്റേത് തിരുവനന്തപുരത്തെ സർക്കാർ അച്ചുകൂടവും ആയിരുന്നു. സി.എം.എസ് പ്രസ് പ്രശസ്ത ആംഗ്ലിക്കൻ പണ്ഡിത മിഷണറിയായി റവറന്റ് ബെയ്‌ലിയും സർക്കാർ അച്ചുകൂടം നവോത്ഥാന പ്രകൃതിയായിരുന്ന സ്വാതിതിരുനാൾ മഹാരാജാവും സ്ഥാപിച്ചതാണ്. ചാവറ അച്ചന്റെ മസ്തിഷ്കത്തിൽ അച്ചുകൂടത്തെക്കുറിച്ചുള്ള ആശയം ഉദിക്കുമ്പോൾ അദ്ദേഹം അച്ചുകൂടം എന്നൊരു സാമഗ്രി കണ്ടിട്ടേയില്ലായിരുന്നു. അതെന്തെന്ന് കണ്ടറിയാൻ കോട്ടയത്ത് സി.എം.എസ് പ്രസിൽ പോയ അദ്ദേഹത്തെ അധികൃതർ അതുകാണാൻ അനുവദിച്ചില്ലെന്നു കേട്ടിട്ടുണ്ട്. ഒടുവിൽ തിരുവനന്തപുരത്ത് ചില സർക്കാർ ജീവനക്കാരുടെ സഹായത്തോടുകൂടി അച്ചടിയന്ത്രം കണ്ടു മനസിലാക്കാനും അതിന്റെ ഒരു രൂപരേഖ സ്വയം വരച്ചുണ്ടാക്കാനും അച്ചന് കഴിഞ്ഞു. അതിനുശേഷം അദ്ദേഹം ഒരു പ്രസ് സ്ഥാപിക്കാനും അതിന് ആവശ്യമായ വിദഗ്ധ തൊഴിലാളികളെ കണ്ടെത്തി പരിശീലിപ്പിക്കാനും നടത്തിയ ശ്രമങ്ങൾ ഒരു പ്രത്യേക പ്രബന്ധത്തിന്റെ വിഷയമാണ്. അതിനിടയ്ക്ക് അച്ചന്റെ സംരംഭം ഏതോ ഒരു രഹസ്യ വിധ്വംസക പ്രവർത്തനമാണെന്ന നിലയിൽ ആക്ഷേപങ്ങളും എതിർപ്പുകളും ഉയർന്നപ്പോഴും അവയെ മറികടക്കാൻ അദ്ദേഹം സർക്കാരിൽനിന്നുതന്നെ ഒരു ഉത്തരവ് നേടിയെടുത്തു. 1846 ജൂലൈ മാസത്തിൽ കിട്ടിയ സർക്കാർ അനുവാദപ്രകാരം ഒടുവിൽ മാന്നാനത്ത് അച്ചുകൂടം പ്രവർത്തിച്ചുതുടങ്ങിയപ്പോൾ അച്ചന് അതൊരു ജീവിതസാഫല്യംപോലെ തോന്നി. മലയാളത്തിലെ ഇന്നത്തെ പത്രങ്ങളിൽ ഏറ്റവും പഴക്കമുള്ള ദീപിക പത്രം 1887-ൽ മാന്നാനത്തെ ഈ അച്ചുകൂടത്തിൽനിന്നാണ് നസ്രാണി ദീപിക എന്ന പേരിൽ പുറത്തുവന്നത്. പിന്നീട് കൂനമ്മാവിൽ മറ്റൊരു അച്ചുകൂടംകൂടി അച്ചൻ സ്ഥാപിച്ച് കേരളത്തിലെ അച്ചടിവിദ്യയുടെ ആദ്യപഥികരിൽ അദ്ദേഹം ഒരു പ്രാമാണികനായി. മാന്നാനത്തെ അച്ചുകൂടത്തിൽനിന്ന് ആദ്യം അച്ചടിച്ച പുസ്തകം ജ്ഞാനപീയൂഷം എന്ന പ്രാർഥനാപുസ്തകം ആണ്.

സാമൂഹ്യം, സാംസ്കാരികം, മതപരം, രാഷ്ട്രീയം തുടങ്ങിയ വിവിധ ജീവിത മേഖലകളിൽ ലക്ഷ്യബോധത്തോടെ ആസൂത്രിതമായ പരിവർത്തനങ്ങൾ കൈവരിക്കാൻ ശ്രമിച്ചിട്ടുള്ള നവോത്ഥാന നായകരും വിപ്ലവ നേതാക്കളും മറ്റു ലോകോപകാരികളായ ആചാര്യന്മാരും ഈ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാനും തങ്ങളുടെ ജീവിതശേഷവും ആ ദൗത്യം തുടരാനും പ്രത്യേകം പരിശീലനം നൽകി സമർപ്പിത ചേതസുകളായ സേവന തൽപ്പരരുടെ സംഘം സൃഷ്ടിക്കാറുണ്ട്. ബുദ്ധന്റെ ഭിക്ഷുക്കളുടെയും ഭിക്ഷുണിമാരുടെയും സംഘം അത്തരത്തിൽ ഉള്ളതാണ്. ക്രിസ്തുവിന്റെ ശിഷ്യർ ഉൾക്കൊണ്ട അപ്പോസ്തല സംഘം മറ്റൊരു ഉദാഹരണമാണ്. ബെനഡിക്ട്, ശങ്കരാചാര്യർ, ലയോള തുടങ്ങിയ സന്യാസി സംഘങ്ങൾ സ്ഥാപിച്ച് പ്രവർത്തിച്ചിട്ടുള്ളത് നമുക്കറിയാം. ഇതിൽനിന്നൊക്കെ വ്യത്യസ്തമായ രീതിയിൽ ആണെങ്കിലും സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ പ്രചാരണത്തിനും നടത്തിപ്പിനും രൂപീകരിക്കപ്പെട്ട കമ്യൂണിറ്റ് പാർട്ടികൾ പരിശീലനം സിദ്ധിച്ച പ്രഫഷണൽ വിപ്ലവകാരികൾ അടങ്ങിയതാണ്. ഇവർക്കെല്ലാം പാഠ്യപദ്ധതികളും പരിശീലനക്രമങ്ങളും ജീവിതനിഷ്ഠകളുമെല്ലാം ഉണ്ട്.

വിശുദ്ധ ബെനഡിക്ടിന്റെ കാലംമുതൽ ഇത്തരം വിവിധ സന്യാസി സംഘങ്ങളും അവർക്ക് പഠിക്കാൻ സെമിനാരികളും പാർത്തു പണിയെടുക്കാൻ മഠങ്ങളും എല്ലാം ഉണ്ടായിരുന്നു. എങ്കിലും കേരളത്തിലെ ക്രിസ്തീയ സഭകളിൽ ഈ സമ്പ്രദായം ഉണ്ടായിരുന്നില്ല. പോർച്ചുഗീസുകാരുടെ വരവിനുശേഷം അത്തരം ചില ശ്രമങ്ങൾ തുടങ്ങിയത് ലത്തീൻ സഭയിലായി ഒതുങ്ങി. കേരളത്തിലെ ലത്തീൻസഭയുടെ സ്ഥാപകൻ എന്ന് വിശേഷിപ്പിക്കാവുന്ന വിശുദ്ധ ഫ്രാൻസിസ് സേവ്യർ, ഇഗ്നേഷ്യസ് ലയോള സ്ഥാപിച്ച ഈശോസഭയിൽ (ജെസ്യൂട്ട്) അംഗമായിരുന്നു. എന്നാൽ, ലത്തീൻ സഭയുമായി കൂടിക്കുഴയാതെ സ്വന്തം ദേശീയ പാരമ്പര്യങ്ങളിൽ ഉറച്ചുനിന്ന സുറിയാനി കത്തോലിക്കാസഭയ്ക്ക് അങ്ങനെയുള്ള സന്യാസിസംഘങ്ങളൊന്നും ഉണ്ടായിരുന്നില്ല. അങ്ങനെയൊരു സംഘം അവർക്കായി സ്ഥാപിച്ചത് ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനായിരുന്നു എന്നത് ഈ രംഗത്തും അദ്ദേഹത്തെ ആദ്യപഥികനാക്കുന്നു.

ഇപ്പോൾ കാർമലൈറ്റ് ഓഫ് മേരി ഇമ്മാക്കുലേറ്റ് എന്ന സി.എം.ഐ സന്യാസി സംഘമാണ് അച്ചനും പാലയ്ക്കൽ പോരുക്കര അച്ചന്മാരും മുൻകൈയെടുത്ത് സ്ഥാപിച്ചത്. 1831 മെയ് 11-ന് കോട്ടയം ജില്ലയിൽ മാന്നാനത്ത് ശിലാസ്ഥാപനം നടത്തി അച്ചൻ സ്ഥാപിച്ച ആശ്രമമായിരുന്നു സി.എം.ഐയുടെ ആസ്ഥാനം. സി.എം.ഐ എന്ന സന്യാസി സംഘ രൂപീകരണത്തിനു മുമ്പ് മാർപ്പാപ്പയുടെ അംഗീകാരം കിട്ടുന്നതിനു മുമ്പുതന്നെ ജീവിതം ജനസേവനത്തിനും സഭാപ്രവർത്തനത്തിനുമായി സമർപ്പിച്ച് വ്യക്തമായി ആവിഷ്കരിക്കപ്പെട്ട തപശ്ചര്യയും ജീവിതരീതിയും കൈക്കൊണ്ട ചാവറ അച്ചൻ ഉൾപ്പെടെ ഏതാനും പുരോഹിതർ ആശ്രമത്തിൽ താമസിച്ചു പ്രവർത്തിച്ചുവന്നു. ഏതദ്ദേശീയമായ ഈ ചെറിയ സംഘമാണ് 1851-ൽ മാർപ്പാപ്പയുടെ അംഗീകാരത്തോടെ 'അമലോത്ഭവ മാതാവിന്റെ ദാസസംഘം എന്ന പേരിൽ രൂപപ്പെട്ടത് സാർവദേശീയ കാർമലൈറ്റ് സന്യാസി സംഘത്തിന്റെ മൂന്നാം സഭയായി 1861 മുതൽ കേരളത്തിൽ പ്രവർത്തിച്ചുതുടങ്ങിയത്. കർമലീത്താ നിഷ്പാദുക മൂന്നാംസഭ എന്നതിന്റെ ആദ്യ അക്ഷരങ്ങളായ ക.നി.മു.സ എന്ന ചുരുക്കപ്പേരോടുകൂടിയാണ് ഈ സംഘാംഗങ്ങൾ അറിയപ്പെട്ടിരുന്നത്. കാലക്രമേണ "കനിമൂസ' എന്ന ശുദ്ധ മലയാള പ്രയോഗം അപ്രത്യക്ഷമാവുകയും ഇംഗ്ലീഷിൽ സി.എം.ഐ എന്ന പേര് പ്രചാരത്തിൽ ആവുകയും ചെയ്തു.

കർമലീത്താസംഘം അതിവേഗം വളർച്ച പ്രാപിക്കുകയും സുറിയാനി കത്തോലിക്കാസഭയുടെ പുനരുജ്ജീവനത്തിനും ആധുനീകരണത്തിനും ഗണ്യമായ പങ്ക് വഹിക്കുകയും ചെയ്തു. സി.എം.ഐ സ്ഥാപനത്തിലും പ്രവർത്തനങ്ങളിലും ചാവറ അച്ചന്റെ മുൻഗാമികളും സഹകാരികളുമായിരുന്ന പാലയ്ക്കൽ തോമാ മൽപ്പാൻ, പോരുക്കര തോമസ് മൽപ്പാൻ തുടങ്ങിയവരുടെ പേരുകൾ സ്മരണീയങ്ങളാണ്. അതുപോലെ ചാവറ അച്ചന്റെ സന്യാസിസഭ രൂപീകരണ നിർദേശത്തോട് അനുഭാവം പ്രകടിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയതത് വരാപ്പുഴയിലെ ബർണദീനോസ് എന്ന മെത്രാനായിരുന്നു. ലത്തീൻ സഭാനാഥൻ ആയിരുന്നെങ്കിലും ബർണദീനോസ് മെത്രാപ്പോലീത്തയുടെ പിന്തുണ സുറിയാനി കത്തോലിക്കാസഭയുടെ പ്രഥമ സന്യാസി സംഘത്തിന് പ്രോത്സാഹജനമായി. ജീവിതാന്ത്യംവരെ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ വികാരി ജനറാൾ സ്ഥാനത്തോടൊപ്പം സി.എം.ഐയുടെ ഒന്നാമത്തെ 'പ്രിയോർ' എന്ന നേതൃപദവിയും വഹിച്ചുപോന്നു.

ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ നവോത്ഥാന പ്രവണത പ്രകടമായ മറ്റൊരു രംഗം മലയാള ഭാഷയോടും സംസ്കൃതത്തോടും അദ്ദേഹത്തിനുണ്ടായിരുന്ന ഹൃദയവേഴ്ചയും സർഗവാസനയുമാണ്. ലോകചരിത്രത്തിൽ നവോത്ഥാന നായകരും മതപരിഷ്കർത്താക്കളും എല്ലാം സാധാരണക്കാരുടെ സംഭാഷണ ഭാഷയോട് പ്രത്യേകമായി പക്ഷപാതം പ്രകടിപ്പിച്ചുപോന്നിട്ടുണ്ട്. യാഥാസ്ഥിതികർ സാധാരണക്കാരുടെ ഭാഷയെ 'അപകൃഷ്ട'മായി അവഗണിച്ച് വരേണ്യഭാഷകളെ പരിരംഭണം ചെയ്യുമ്പോൾ പരിഷ്കർത്താക്കൾ സാധാരണക്കാരുടെ

ഭാഷയെ ആചാരാനുഷ്ഠാനങ്ങൾക്കും ധർമ പ്രബോധനത്തിനും ഉപയോഗപ്പെടുത്തിവന്നു. ഭൂരിപക്ഷം ജനങ്ങൾക്ക് അനഭിഗമ്യമായ വരേണ്യഭാഷകളിൽ എഴുതപ്പെട്ട പുണ്യഗ്രന്ഥങ്ങൾ സാധാരണക്കാരുടെ ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നത് ദൈവനിന്ദയായിപ്പോലും കണക്കാക്കിപ്പോന്നു. യൂറോപ്പിൽ ലത്തീൻഭാഷ കാലഹരണപ്പെട്ട് സാധാരണക്കാരുടെ ഇംഗ്ലീഷും ഫ്രഞ്ചും ജർമനും മറ്റും രൂപംകൊണ്ടപ്പോൾ ആ ജനകീയ ഭാഷകളിലേക്ക് വേദപുസ്തകം തർജുമ ചെയ്യാനുള്ള ആദ്യകാല ശ്രമങ്ങൾക്ക് കടുത്ത എതിർപ്പിനെ നേരിടേണ്ടിവന്നു. ഇംഗ്ലീഷുകാരൻ വൈക്ലിഫിനെപ്പോലെ വേദപുസ്തകം ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യാൻ ശ്രമിച്ചവർ ശിക്ഷിക്കപ്പെട്ടു.

വേദേതിഹാസങ്ങളുടെ വരേണ്യസംസ്കൃതം ഉപേക്ഷിച്ചാണ് ഗൗതമ ബുദ്ധനും മഹാവീരനും തങ്ങളുടെ ധർമോപദേശങ്ങൾക്കായി പ്രാകൃതം (പാലി) തെരഞ്ഞെടുത്തത്. അതുപോലെ ഖുറാൻ അറബിയിൽനിന്ന് സാധാരണക്കാരുടെ മറ്റു ഭാഷകളിലേക്ക് വിവർത്തനം ചെയ്യാനുള്ള ശ്രമങ്ങൾ ആദ്യകാലത്തൊക്കെ ശക്തമായ എതിർപ്പിനെ നേരിട്ടു. 19-ാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ആംഗ്ലിക്കൻ മിഷണറിമാർ വന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നതുവരെ അനേകം നൂറ്റാണ്ടുകളായി സുറിയാനി തുടങ്ങിയ ഭാഷകളിൽ മാത്രമേ വേദപുസ്തകം ലഭിക്കുമായിരുന്നുള്ളൂ. പള്ളികളിലെ ആരാധനാക്രമങ്ങളിലും സാധാരണക്കാർക്ക് മനസിലാകാത്ത ഭാഷയാണ് ഉപയോഗിച്ചുവന്നത്.

ഈ സാഹചര്യത്തിൽ മാതൃഭാഷയ്ക്ക് മതകാര്യങ്ങളിൽ നവോത്ഥാന നായകനായ ചാവറ അച്ചൻ പ്രാമുഖ്യം നൽകിയത് സ്വാഭാവികം മാത്രം. ഇതിനായി വിദ്യാലയങ്ങൾ ആരംഭിച്ചതും അച്ചുകൂടം സ്ഥാപിച്ചതും എല്ലാം നേരത്തെ വിവരിച്ചുവല്ലോ. അവയോടൊപ്പം, വേദപുസ്തക കഥകളെയും ധർമാനുഷ്ഠാനങ്ങളെയും കുറിച്ച് നിലവിലുള്ള ചുരുക്കം ചില കൃതികൾ പ്രസിദ്ധീകരിക്കുന്നതിനു പുറമെ സ്വന്തമായി നിരവധി കൃതികൾ ഗദ്യത്തിലും പദ്യത്തിലും അദ്ദേഹം രചിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തു. മലയാളം, സംസ്കൃതം, തമിഴ് എന്നീ ഭാഷകൾക്കു പുറമേ പ്രാചീനവും അർവാചീനവും ആയ പല പശ്ചിമേഷ്യൻ-യൂറോപ്യൻ ഭാഷകളും അറിയാമായിരുന്ന അച്ചന് വിവിധ ഭാഷാപാണ്ഡിത്യത്തോടൊപ്പം കാവ്യവാസനയും ഉണ്ടായിരുന്നു. ആധുനിക മലയാള ഭാഷയും അതിലെ ഗദ്യ-പദ്യ രചനാരീതിയും വളരെയൊന്നും വളർന്നുകഴിഞ്ഞിട്ടില്ലാതിരുന്ന അക്കാലത്ത് അച്ചൻ എഴുതിയ ആത്മാനുതാപം, അനസ്താസ്യായുടെ രക്തസാക്ഷ്യം, മരണവീട്ടിൽ പാടാനുള്ള പാന മുതലായ കവിതാഗ്രന്ഥങ്ങൾ മലയാളഭാഷാ വികസനത്തിലും പങ്ക് വഹിച്ചിട്ടുണ്ട്.

സാധാരണക്കാർക്ക് മനസിലാക്കാനും ആസ്വദിക്കാനും ആലപിക്കാനും കഴിയണം എന്ന നിർബന്ധബുദ്ധി കാരണം തികച്ചും ലളിതമായ ഭാഷയാണ് അദ്ദേഹം ഉപയോഗിച്ചിരുന്നത്. ചേലപ്പറമ്പൻ, വെൺമണി തുടങ്ങിയ ചില പച്ചമലയാള കവിത എഴുത്തുകാരെ ഒഴിച്ചുനിർത്തിയാൽ 19-ാം നൂറ്റാണ്ടിന്റെ രണ്ടും മൂന്നും പാദങ്ങളിൽ ഇത്ര ലളിതമായ മലയാളം കവിതയ്ക്ക് ഉപയോഗിച്ചവർ വളരെ ചുരുക്കമായിരുന്നു. 20-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽപ്പോലും ഇത്ര ലളിതമായ മലയാള ശൈലി കവിതാരചനയിൽ നിലവിൽ വന്നിരുന്നില്ല. ഒരു ഉദാഹരണം.

കന്നിതന്റെ ദേഹമൊക്കെ ചീന്തിയവർ പൊളിച്ചിട്ടു
ചിന്തിവീഴും ചോരകൊണ്ടു കുതിർത്തു ഭൂമി
വെള്ളിപോലെ വെളുത്തുള്ള കന്നിതന്റെ പല്ലുകളെ
വല്ലിയൊരു ചുറ്റികയാൽ തല്ലി വീഴിച്ചു
പുണ്യമാർന്ന കാലുകയ്യിൻ നഖങ്ങളെ പറിപ്പിച്ചു
തണ്യവാൻ ലജ്ജയില്ലാതെ പിന്നെയും കോപാൽ
(അനസ്താസ്യായുടെ രക്തസാക്ഷ്യം)

ഈ ലാളിത്യം മാത്രമല്ല ചാവറ അച്ചനെ കവിതാരചനയിൽ കാലത്തിനു മുമ്പേ നടന്നവനാക്കുന്നത്. അച്ചന്റെ അനസ്താസ്യായുടെ രക്തസാക്ഷ്യം, മലയാള ഭാഷയിലെ പ്രഥമ ഖണ്ഡകാവ്യം എന്ന പദവിക്ക് അർഹമാണെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രകാരനായ ഫാ. സെഡ് എം. മുഴൂർ എഴുതുന്നു.

മലയാളത്തിലെ ആദ്യത്തെ ഖണ്ഡകാവ്യം ഏതെന്നു വ്യവച്ഛേദിച്ചുപറയാൻ പലരും മടിക്കുന്നു. എന്നാൽ, ആധുനിക ഖണ്ഡകാവ്യങ്ങൾക്ക് മുന്നോടിയും അരുണോദയവും ആയി എ.ആർ. രാജവർമയുടെ മലയവിലാസം (1895) ആണ് കണക്കാക്കിയിട്ടുള്ളത്. ആ കൃതി രചിക്കുന്നതിന് 34 വർഷം മുമ്പ് ചാവറയച്ചൻ അനസ്താസ്യായുടെ രക്തസാക്ഷ്യം എന്ന കൃതി രചിച്ചു. ഭാഷയിലെ ആധുനിക ഖണ്ഡകാവ്യങ്ങൾക്ക് ഉദാത്തമായ ഉദാഹരണമായിത്തീർന്നു ഈ കൃതി. (അരൂപിയുടെ മേലൊപ്പുള്ള മനുഷ്യൻ, തിരുവനന്തപുരം 2003, പുറം 226)

ചാവറ അച്ചന്റെ കവിതയുടെ മറ്റൊരു മാതൃക

മാമകപ്പിതാവ് നീ ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയേ മറ്റെന്തുഗുണം നാഥാ
എന്നുടെ സ്നേഹം നീയേ, ഭാഗ്യവുമെനിക്കു നീ,
നിന്നിലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു?
ശ്വാസവുമെനിക്കു നീ ഭക്ഷണപാനീയം നീ
ആശ്വാസം നിന്നിലല്ലാതെവിടെ വയ്ക്കും നാഥാ?

വരേണ്യ രുചികളും 'ഉൽക്കൃഷ്ട' മാനദണ്ഡങ്ങളും അനുസരിച്ച് ഈ കവിതകളും കീർത്തനങ്ങളും അത്ര ഉദാത്തമല്ലെന്ന് ആധുനികർ വിലയിരുത്തിയേക്കാമെങ്കിലും ഈ വരികളുടെ ഹൃദയംഗമവും സംവേദനക്ഷമതയും അനിഷേധ്യമാണ്.

ഇരുപതാം നൂറ്റാണ്ടോടുകൂടി ക്രിസ്തീയ പുരാണ കഥാകഥനങ്ങളും കീർത്തനങ്ങളും ധാരാളം രചിക്കപ്പെടുകയും പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മഹാകവി കെ.വി. സൈമൺ, ചെറിയാൻ കട്ടക്കയം, പുത്തൻകാവ് മാത്തൻ തരകൻ, പ്രഫ. പി.സി. ദേവസ്യ തുടങ്ങിയ ക്രിസ്തീയ കവികളുടെ അനുഗൃഹീതമായ തൂലികകളിൽനിന്നും മാത്രമല്ല, മഹാകവി വള്ളത്തോൾ, ചങ്ങമ്പുഴ തുടങ്ങിയവരും ക്രിസ്തീയ വിഷയങ്ങൾ ഉത്തമ കവിതകൾക്ക് പ്രമേയമാക്കിയിട്ടുണ്ട്. ഇവരൊക്കെ ചാവറ അച്ചന്റെ പിൻഗാമികളാണെങ്കിൽ പുത്തൻപാനയുടെ കർത്താവായ അർണോസ് പാതിരി അദ്ദേഹത്തിന്റെ മുൻഗാമിയായിരുന്നു.

ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ ചരമ ശതാബ്ദി സന്ദർഭത്തിൽ ഡോ. സുകുമാർ അഴീക്കോട് നടത്തിയ വിലയിരുത്തൽ ആവർത്തിച്ചുകൊണ്ട് ഉപസംഹരിക്കാം:

പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരാൾ ഇരുപതാം നൂറ്റാണ്ടിൽ ആദരപൂർവം അനുസ്മരിക്കപ്പെടുന്നുണ്ടെങ്കിൽ ആ വ്യക്തി പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നുകൊണ്ടുതന്നെ ഇരുപതാം നൂറ്റാണ്ടും ഇരുത്തൊന്നാം നൂറ്റാണ്ടും സൃഷ്ടിച്ച ആളായിരിക്കും. അങ്ങനെയുള്ളവരെയാണ് യുഗസ്രഷ്ടാക്കൾ എന്നു വിളിക്കുന്നത്. ചാവറ അച്ചൻ അത്തരത്തിൽ ഒരു യുഗസ്രഷ്ടാവായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ച് കേരളീയ സമൂഹത്തിന് ശക്തിയും വെളിച്ചവും പകർന്ന ചാവറ അച്ചൻ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ജീവിക്കുന്ന നമുക്ക് സൂര്യതേജസായി ചൂടും വെളിച്ചവും പകരുന്നു. ഇത് തുടർന്നുകൊണ്ടേയിരിക്കും. (ടി പുസ്തകം).

കളത്തിൽ സ്കറിയ അപ്രേം അച്ചൻ

സന്യാസ ജീവിതത്തിന്റെ ചൈതന്യം സ്വായത്തമാക്കി ചാവറ കുര്യാക്കോസ് അച്ചനോടൊപ്പം കർമലീത്ത നിഷ്പാദുക മൂന്നാം സഭയുടെ തുടക്കക്കാരിൽ ഒരാളാകാൻ ഭാഗ്യം സിദ്ധിച്ച പുണ്യാത്മാവാണ് കളത്തിൽ സ്കറിയാച്ചൻ.

കുട്ടനാട്ടിലെ പുളിങ്കുന്നിൽ പുരാതനമായ കളത്തിൽ കുടുംബത്തിൽ 1828 ഫെബ്രുവരി 25-ന് വല്യതോമ്മാച്ചൻ - അന്നമ്മ ദമ്പതികളുടെ ഇളയ മകനായി ബഹുമാനപ്പെട്ട സ്കറിയ അപ്രേം അച്ചൻ ജനിച്ചു. പിതൃസഹോദരനായ കളത്തിൽ മത്തായി കത്തനാരുടെ ഭക്തിതീക്ഷ്ണതയും ജപമാല ഭക്തിയും സ്കറിയാച്ചന് വൈദികനാകാൻ പ്രചോദനമേകി. 1853 മാർച്ച് എട്ടിന് കുർബാനപ്പട്ടം സ്വീകരിച്ചു. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ ധ്യാനപ്രസംഗത്തിലും ആശ്രമ ജീവിതത്തിലും ആകൃഷ്ടനായി, 1854-ൽ സന്യാസ സഭയിൽ പ്രവേശിച്ചു. 1855 ഡിസംബർ എട്ടിന് മാന്നാനത്തുവച്ച് ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനോടൊപ്പം കർമ്മലീത്ത നിഷ്പാദുക മൂന്നാം സഭയുടെ ആദ്യ പതിനൊന്നു പിതാക്കന്മാരിൽ ഒരുവനായി വ്രത വാഗ്ദാനം നടത്തി. പതിനൊന്നു പിതാക്കന്മാരിൽ ഏറ്റവും പ്രായം കുറഞ്ഞ ആളായിരുന്നു സ്കറിയാച്ചൻ. 1856 മുതൽ സുറിയാനി പള്ളികളിൽ ധ്യാനപ്രസംഗത്തിനായും നിരവധി സന്യാസ ആശ്രമങ്ങളുടെ ശ്രേഷ്ഠനായും പ്രവർത്തിച്ചു. 1865 സെപ്റ്റംബറിൽ മാന്നാനം സെമിനാരിയുടെ റെക്ടറായും 1867-ൽ മാന്നാനം കൊവേന്തയുടെ വികാരിയായും സേവനമനുഷ്ഠിച്ചു.

അമ്പഴക്കാട്ട് പ്രദേശത്ത് കടുത്ത വരൾച്ച ബാധിച്ച് ജനങ്ങൾ പലായനം ചെയ്യുന്ന അവസരത്തിൽ തിരുഹൃദയ ഭക്തനും പുണ്യാത്മാവുമായ കളത്തിലച്ചന്റെ പ്രാർത്ഥനയെ തുടർന്ന് അതിശക്തമായ മഴ ലഭിച്ചതായി അമ്പഴക്കാട്ട് ആശ്രമത്തിലെ 'നാളാഗമത്തിലും' 'മരണ ഓർമ്മ'യിലും രേഖപ്പെടുത്തിയിട്ടുണ്ട്.

1889-ൽ റോമിൽ നിശ്ചയിച്ച ക്രമചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ നിയോഗിക്കപ്പെട്ട നാല് വൈദികശ്രേഷ്ഠരിൽ ഒരുവനായിരുന്നു ഇദ്ദേഹം. സുറിയാനി സഭയിൽനിന്നും ഒരു തദ്ദേശ മെത്രാനെ നിയമിക്കണമെന്നുള്ള വാദത്തിന്റെ ആദ്യവക്താക്കളിൽ കളത്തിലച്ചനും ഉണ്ടായിരുന്നു.



Rev. Fr. Zacharias Kalathil of St. Ephrem, TOCD
One of the 11 first fathers of the Congregation

1898-ൽ ജന്മനാടായ പുളിങ്കുന്നിൽ ആശ്രമത്തോടനുബന്ധിച്ച് വിശുദ്ധ യൗസേപ്പ് പിതാവിന്റെ നാമത്തിലും സംരക്ഷണയിലും ഇംഗ്ലീഷ് സ്കൂൾ സ്ഥാപിച്ചു.

1908-ൽ തിരുഹൃദയ തിരുനാളിന്റെ പിറ്റേന്ന് ജൂൺമാസം 28-ാം തീയതിവൈകിട്ട് 1.30-ന് 81-ാം വയസിൽ പുളിങ്കുന്നിൽവച്ച് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. പിറ്റേന്ന് പുളിങ്കുന്ന് കൊവേന്തയിൽ സംസ്കരിക്കപ്പെട്ടു. കളത്തിൽ സ്കറിയ അപ്രേം അച്ചന്റെ സഹോദരപുത്രന്റെ പൗത്രനാണ് ഫാ. തോമസ് പി. കളം സി.എം.ഐ.

Inserted by Kalathil Family, Pulincunnoo.



2004 ജനുവരി മൂന്നിന് മാന്നാനത്ത് വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ഇരുന്നൂറാം ജന്മവർഷാഘോഷ സമാരംഭത്തിൽ ഇരുന്നൂറു വൈദികരോടൊപ്പം മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിൽ, മാർ ഗ്രേഷ്യൻ മുണ്ടാടൻ, മാർ കുര്യാക്കോസ് കുന്നശ്ശേരി എന്നിവർ സമൂഹബലി അർപ്പിച്ചപ്പോൾ



2004 ജനുവരി മൂന്നിന്, വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ഇരുന്നൂറാം ജന്മദിനാഘോഷങ്ങൾക്ക് മാന്നാനത്തു തുടക്കം കുറിച്ചുകൊണ്ടു നടന്ന സമ്മേളനത്തിൽ സി.എം.ഐ പ്രിയോർ ജനറാൾ റവ.ഡോ.ആന്റണി കരിയിൽ സ്വാഗത പ്രസംഗം നടത്തുന്നു.

ദിവ്യമന്ത്രം (75-ാം പേജ് തുടർച്ച)

ഇടമറ്റം പള്ളിയുടെ വികാരിയായി നിയമിതനായിരുന്നു. ഇപ്പോൾ വിളക്കുമാടം പള്ളിയുടെ വികാരിയായിക്കഴിയുന്ന തൊണ്ടനാട്ടച്ചൻ മെത്രാപ്പോലീത്തയെ കാണാനെത്തിയതാണ്.

"അച്ചനു സുഖം തന്നെയല്ലേ?" പ്രിയോരച്ചൻ തിരക്കി.

"എന്തോന്നു സുഖം! എങ്ങനെ കഴിഞ്ഞവനാണു ഞാൻ!" തൊണ്ടനാട്ടച്ചന്റെ മുഖത്ത് അസംതൃപ്തിയുടെ കറുത്ത വടുക്കൾ.

ചിലർ എക്കാലവും അസംതൃപ്തരും അസ്വസ്ഥരുമായിരിക്കുമെന്നു ചാവറയച്ചനു തോന്നി.

കൂനമ്മാവിലെ മഠത്തെക്കുറിച്ചുള്ള ഖ്യാതി മലയാളക്കരയിലെങ്ങും വ്യാപിച്ചു. ധാരാളം പെൺകുട്ടികൾ സന്യാസാർഥിനികളായി കൂനമ്മാവിൽ എത്തി. എന്നാൽ ഒരു മഠത്തിൽ അംഗങ്ങളുടെ എണ്ണം 13-ൽ കവിയരുതെന്നു ലെയോപോൾഡ് അച്ചൻ നിർബന്ധം പിടിച്ചു.

"അതു യൂറോപ്പിലെ നിയമമല്ലേ? ഇവിടെയതു കർശനമായി നടപ്പാക്കണോ?" പ്രിയോരച്ചൻ ചോദിച്ചു.

പതുക്കെപ്പതുക്കെ മിഷനറി പ്രിയോരച്ചനോടു യോജിച്ചു. മഠത്തിൽ കൂടുതൽ അർഥിനികൾ താമസമായി.

27

ബെർണർദീനോസ് മെത്രാപ്പോലീത്തയുടെ രോഗം കലശലായിരുന്നു. തന്റെ അന്ത്യം അടുത്തെത്തിയിരിക്കുന്നുവെന്ന് തന്റെ വൈദ്യനെക്കാൾ നന്നായി അദ്ദേഹം അറിഞ്ഞു. ആ അറിവ് അദ്ദേഹത്തിൽ ആഴമേറിയൊരു ശാന്തതയാണ് സൃഷ്ടിച്ചത്. പുറത്തുനിന്നുള്ള ആരെയും കാണുവാൻ അദ്ദേഹം ആഗ്രഹിച്ചില്ല. നിശ്ശബ്ദമായ പ്രാർഥനയിലാണ്ട് അദ്ദേഹം കിടന്നു.

ലെയോപോൾഡ് മിഷനറി ഒപ്പമുണ്ടായിരുന്നു.

1868 സെപ്റ്റംബർ മൂന്നിനു മിഷനറി മെത്രാപ്പോലീത്തയോടു പറഞ്ഞു: "ഡോക്ടർ വന്നിട്ടുണ്ട്."

വേണ്ടെന്നു മെത്രാനച്ചൻ തലകുലുക്കി.

"ഒന്നു നോക്കിയിട്ടു പോകട്ടെ," മിഷനറി വീണ്ടും പറഞ്ഞു.

"വേണ്ട... ആരും വരേണ്ട."

ഡോക്ടർ മടങ്ങിപ്പോയി.

കുറെ സമയത്തിനുശേഷം ആരോ വീണ്ടും വാതിലിൽ മുട്ടി. അതു ചാവറയച്ചനാണെന്നു മിഷനറി കണ്ടു. മിഷനറി മെത്രാനച്ചനോടു പറഞ്ഞു:"പ്രിയോർ വന്നിരിക്കുന്നു."

വരൂ എന്ന അർഥത്തിൽ മെത്രാപ്പോലീത്ത തലയാട്ടി.

മെത്രാനച്ചൻ ശബ്ദങ്ങളിലേക്കു തിരിച്ചുവന്നു. നേർത്ത ശബ്ദത്തിൽ അദ്ദേഹം പറയുന്നതു പ്രിയോരച്ചനും, പ്രിയോരച്ചൻ പറയുന്നതെല്ലാം മെത്രാനച്ചനും മനസിലായി. പ്രാർഥനകൾ അവരെ ബന്ധിച്ചു.

ആ ദിവസം കടന്നുപോയി. ചാവറയച്ചൻ അവിടെത്തന്നെ താമസിച്ചു.

പിറ്റേദിവസം മെത്രാനച്ചന്റെ ശബ്ദം കൂടുതൽ നേർത്തു. അദ്ദേഹത്തിന്റെ ഗ്രഹണശക്തിയും കുറഞ്ഞു.

തന്നെയും കർമ്മലീത്താ സഭയിലെ മറ്റെല്ലാ അംഗങ്ങളെയും ആശീർവദിക്കണമെന്നു പ്രിയോരച്ചൻ മെത്രാപ്പോലീത്തയോട് അപേക്ഷിച്ചു. ഈ ലോകത്തിലെ കർമങ്ങളെല്ലാം ചെയ്തുതീർത്തു തളർന്നിരിക്കുന്ന കൈ ചലിപ്പിച്ച് മെത്രാനച്ചൻ ആശീർവാദം നല്കി.

സെപ്റ്റംബർ അഞ്ചിന് ബെർണർദീനോസ് മെത്രാപ്പോലീത്ത അന്തരിച്ചു.

ലെനാർഡ് ലൂയിസ് മെത്രാനാണ് അദ്ദേഹത്തിന്റെ പിൻഗാമിയായി വന്നത്.

ചാവറയച്ചനെപ്പറ്റി അദ്ദേഹം കേട്ടറിഞ്ഞിരുന്നു. അതിനാൽ ആദ്യം മുതൽതന്നെ ബഹുമാനത്തോടെയാണ് മെത്രാൻ പ്രിയോരച്ചനെ വീക്ഷിച്ചത്.

1869 ഓഗസ്റ്റിൽ മെത്രാനച്ചന് ഒന്നാം വത്തിക്കാൻ സൂനഹദോസിൽ പങ്കെടുക്കുന്നതിനായി റോമിലേക്കു പോകേണ്ടിയിരുന്നു. സുറിയാനി കത്തോലിക്കാസഭയുടെ പ്രതിനിധിയായി ലെയോപോൾഡ് മിഷനറിയെക്കൂടി കൊണ്ടുപോകാൻ അദ്ദേഹം നിശ്ചയിച്ചു.

ഒരു വർഷം കഴിഞ്ഞേ അവർ മടങ്ങിയെത്തൂ. അതുവരെ രൂപതയുടെ ഭരണകാര്യങ്ങൾ നടത്തുന്നതിനു വികാരിജനറാൾ ഫിലിപ്പോസ് മിഷനറിയെ പ്രോ-വികാരി അപ്പസ്തോലിക്കയായും ലെയോപോൾഡ് അച്ചന്റെ അനുജൻ ജെരാൾദ് മിഷനറിയെ സുറിയാനിസഭാ ഡെലിഗേറ്റായും മെത്രാനച്ചൻ ചുമതലയേല്പിച്ചു. എങ്കിലും എല്ലാക്കാര്യങ്ങളും പ്രിയോരച്ചനോട് ആലോചിച്ചേ ചെയ്യാവൂ എന്ന് അദ്ദേഹം രണ്ടു മിഷനറിമാരോടും നിർദേശിച്ചിരുന്നു. പ്രിയോരച്ചൻ ഏറെ ദിവസങ്ങൾ സ്ഥലത്തുനിന്നു മാറിനിൽക്കരുതെന്നും മെത്രാൻ താത്പര്യപ്പെട്ടു.

മെത്രാനച്ചനു യാത്രയയപ്പു നല്കുന്ന സമ്മേളനത്തിൽ ചാവറയച്ചൻ പ്രസംഗിക്കുന്നതിനു പകരം ഒരു കവിത അവതരിപ്പിക്കുകയാണ് ചെയ്തത്. മെത്രാനച്ചനും മിഷ്യനറിയും രൂപതയിൽനിന്നു മാറിനിൽക്കുന്നതിനെക്കുറിച്ചുള്ള ദുഃഖമായിരുന്നു കവിതയുടെ പ്രധാനവിഷയം. സ്വന്തം കാര്യങ്ങൾ നോക്കുവാൻ പോലും അശക്തനായ തന്നെ വലിയ ചുമതലകൾ ഏല്പിക്കുന്നതിലുള്ള ഉത്കണ്ഠയും തനിക്കു വയ്യാതായിരിക്കുന്ന ഘട്ടത്തിൽ ആത്മീയഗുരു ലെയോപോൾഡ് മിഷനറി യാത്രപോകുന്നതിലുള്ള ദുഃഖവും അതിൽ പ്രകടമായിരുന്നു. കവിത മെത്രാനെയും മിഷനറിയെയും മാത്രമല്ല, അവിടെ കൂടിയിരുന്നവരെയും സ്പർശിച്ചു. ഏതാനും നിമിഷത്തേക്ക് അവിടെ നിശ്ശബ്ദത വീശി. പിന്നെ മെത്രാൻ പറഞ്ഞു: "എല്ലാം നന്നായിവരും. എല്ലാവരും പ്രാർഥിച്ചാൽ മതി." മെത്രാനും മിഷനറിയും സൂനഹദോസിലേക്കു യാത്രയായി.

അവർ പോയിരിക്കുന്നത് ഇറ്റലിയിലേക്കായതുകൊണ്ടാണോ എന്നറിയില്ല, ആ നാളുകളിൽ ചാവറയച്ചന് ഇറ്റാലിയൻ ഭാഷയോട് പ്രത്യേക താത്പര്യം തോന്നി. ആ ഭാഷാവശമുള്ള കൊച്ചച്ചന്മാരെക്കൊണ്ട് ഇറ്റാലിയൻ പുസ്തകങ്ങൾ വായിപ്പിച്ചു കേട്ടു. മരിയ അഗ്രതയുടെ "ദൈവത്തിന്റെ നഗരം" എന്ന സ്പാനിഷ് കാവ്യത്തിന്റെ ഇറ്റാലിയൻ പരിഭാഷ വായിച്ചു കേട്ടപ്പോൾ അത്തരത്തിലൊരു കൃതി രചിക്കണമെന്നു ചാവറയച്ചന് ആഗ്രഹമായി. അങ്ങനെയാണ് "ആത്മാനുതാപം" എന്ന കാവ്യം രൂപം പൂണ്ടത്. യേശുവിന്റെയും കന്യാമറിയത്തിന്റെയും ജീവിതകഥകളാണിതിൽ പറയുന്നതെങ്കിലും ആത്മാംശത്തിന് ഈ കൃതിയിൽ വലിയ പ്രാധാന്യമുണ്ട്. യേശുവിന്റെയും മാതാവിന്റെയും ദുഃഖങ്ങൾക്ക് അടിസ്ഥാനം തന്റെ പാപങ്ങളാണെന്ന ബോധമാണ് കൃതിയുടെ അന്തർധാര.

കൊവേന്തയുടെ മുറ്റത്തു താൻ പണ്ടു നട്ടുപിടിപ്പിച്ച വിശേഷതരം മാവിൻതൈ ഇപ്പോൾ വളർന്നിരിക്കുന്നു. ആളുകൾ അതിനെ പ്രിയോർമാവ് എന്നാണ് വിളിക്കുന്നത്. അതിന്റെ കൊമ്പുകളിലിരിക്കുന്ന പക്ഷികളുടെ പാട്ടുകേട്ട് കാവ്യരചന നടത്താൻ പ്രത്യേക സുഖമുണ്ട്.

ഇതിനിടെ, റോമിൽനിന്നു രണ്ടു സന്തോഷവാർത്തകൾ ലഭിച്ചു. കന്യകാമാതാവിന്റെ അമലോത്ഭവം സൂനഹദോസ് ഔദ്യോഗികമായി പ്രഖ്യാപിച്ചുവെന്നതാണ് ഒന്ന്. മറ്റേത്, ലെനാർഡ് ലൂയിസ് മെത്രാന് മെത്രാപ്പോലീത്ത പദവി ലഭിച്ചുവെന്നതും. രണ്ടിനും നന്ദി സൂചകമായി പ്രിയോരച്ചൻ എല്ലാ കൊവേന്തകളിലും പ്രത്യേക ഭക്തകൃത്യങ്ങൾ നടത്തിച്ചു.

ശീശ്മയ്ക്ക് കീഴ്പെട്ടിരുന്ന ആനക്കല്ലുങ്കൽ പള്ളിക്കാർ കത്തോലിക്കാ സഭയിലേക്കു തിരിച്ചുവരാൻ താത്പര്യം പ്രകടിപ്പിച്ചതിനെത്തുടർന്ന് പുനരൈക്യച്ചടങ്ങുകൾക്ക് നേതൃത്വം കൊടുക്കുവാൻ ഫീലിപ്പോസ് മിഷനറിയും ജരാർഡ് മിഷനറിയും ഒരുങ്ങി. പ്രിയോരച്ചൻ കൂടി വന്നാൽക്കൊള്ളാമെന്ന് അവരും ഇടവകക്കാരും താത്പര്യം പ്രകടിപ്പിച്ചതുകൊണ്ട്, യാത്ര വയ്യായിരുന്നെങ്കിലും ചാവറയച്ചൻ മിഷനറിമാരോടൊപ്പം പോയി. യാത്രയ്ക്കിടയിൽ മുത്തോലിയിൽ കൊവേന്തയ്ക്കുള്ള സ്ഥലം കണ്ടുവയ്ക്കുകയും ചെയ്തു.

പച്ചക്കുന്നുകൾക്കിടയിലൂടെ സഞ്ചരിക്കുമ്പോൾ ജെരാർദ് മിഷനറി പറഞ്ഞു: "ഈ മരങ്ങൾ എന്നുമിങ്ങനെ നിന്നിരുന്നെങ്കിൽ!"

"ഇവയൊക്കെ പോകും. പുതിയ മരം വരും. പുതിയതരം മരം. അത് ഇവിടെയൊക്കെ നിറയും," പ്രിയോരച്ചൻ പറഞ്ഞു.

"വിദേശിയാണോ? ഞങ്ങളെപ്പോലെ ഇവിടം സ്വദേശമാക്കുമായിരിക്കും," ജെരാർദച്ചൻ ചിരിച്ചു.

യാത്രയ്ക്കുശേഷം പ്രിയോരച്ചൻ കഠിനമായ വാതപ്പനിയും കണ്ണിനു വേദനയും ബാധിച്ചു കിടപ്പായി. രോഗം ശമിച്ചപ്പോഴേക്കും അദ്ദേഹം വല്ലാതെ ക്ഷീണിതനായിരുന്നു. എന്നാൽ പുണ്യവാന്മാരുടെ ഇറ്റാലിയൻ ഭാഷയിലുള്ള ചരി

തങ്ങൾ വായിക്കണമെന്ന മോഹം അദ്ദേഹത്തിൽ കലശലായി. അതിനാൽ വീണ്ടും ഇറ്റാലിയൻ ഭാഷ പഠിക്കാൻ തുടങ്ങി.

സ്വർഗത്തിൽ ദൈവത്തെ ഏറ്റവും അടുത്തുനിന്നു കാണുവാനും അനുഭവിക്കുവാനും ഭാഗ്യം സിദ്ധിക്കുന്ന പുണ്യവാന്മാരുടെയും പുണ്യവതികളുടെയും ഭൂമിയിലെ പാദപതനങ്ങൾ പ്രിയോരച്ചന്റെ ദിനരാത്രങ്ങളിൽ നിറഞ്ഞു.

പുണ്യവാന്മാരുടെയും, ലോകത്തിൽ ദൈവത്തിനുവേണ്ടി ജനങ്ങളെ നയിച്ച ഗോത്രപിതാക്കളുടെയും, അസംഖ്യം മാലാഖമാരുടെയും നടുവിൽ അനന്തമായ കാലത്തെയും പ്രപഞ്ചത്തെയും കൈക്കുടന്നകളിൽ വച്ചിരിക്കുന്ന മഹാപരിശുദ്ധിയെ, മഹാതേജസിനെ, മഹാശക്തിയെ താൻ എന്നു കാണും?

ആ നിത്യതയുടെ ലോകത്തെത്തുവാൻ ചാവറയച്ചനു തിടുക്കമായി.

പ്രായാധിക്യവും രോഗവും മൂലം ശരീരം അവശമായിരിക്കേ പഠനത്തിലും വായനയിലുമുണ്ടായ അത്യുത്സാഹം നേത്രരോഗത്തിനു കാരണമായി. അതോടെ ശരീരത്തിന്റെ അവശത വർധിച്ചു. വിവരം മാന്നാനത്ത് അറിയിച്ചതിനെത്തുടർന്ന്, നേത്രവൈദ്യം പഠിച്ച മുട്ടത്തു പാടത്തു വർക്കി ശെമ്മാശൻ അവിടെനിന്നെത്തി. ശെമ്മാശൻ നൽകിയ മരുന്നുകളൊന്നും ഫലപ്രദമായില്ല. മാന്നാനത്തു കൊണ്ടുപോയി ചികിത്സിച്ചാൽ രോഗം മാറുമെന്നു ശെമ്മാശൻ ഉറപ്പു പറഞ്ഞെങ്കിലും കൂനമ്മാവു വിടാൻ പ്രിയോരച്ചൻ തയാറായില്ല. "ഞാൻ ഇവിടെത്തന്നെ താമസിക്കണമെന്നു മെത്രാനച്ചനും ലെയോപ്പോൾഡ് മൂപ്പച്ചനും ചുമതലപ്പെടുത്തിയിരുന്നു. അവരിവിടെ ഇല്ലാത്ത സമയം ഞാൻ താമസം മാറ്റുന്നതു ശരിയല്ല," പ്രിയോരച്ചൻ പറഞ്ഞു.

വർക്കി ശെമ്മാശൻ തിരിച്ചുപോയി തന്റെ ജ്യേഷ്ഠനായ ഈപ്പൻ വൈദ്യനെ കൂനമ്മാവിലേക്ക് അയച്ചു. വൈദ്യരുടെ ചികിത്സ കൊണ്ടും കാര്യമായ ഫലമുണ്ടായില്ല. അവസാനം വൈദ്യർ, കണ്ണിൽ അട്ടയിടുക എന്ന ചികിത്സാപ്രയോഗം നടത്തി.

ആ പ്രയോഗംകൊണ്ട് രോഗത്തിന് അല്പം ആശ്വാസമുണ്ടായെങ്കിലും അതുകൊണ്ടുണ്ടായ ക്ലേശങ്ങൾ വലുതായിരുന്നു. ജെരാർദ് അച്ചനും മറ്റും വൈദ്യന്റെ മുന്നിൽവച്ച് ഈ പ്രാകൃത ചികിത്സയെ വിമർശിച്ചു. വൈദ്യർ ചികിത്സ മതിയാക്കി മടങ്ങി.

പ്രസിദ്ധനായ ഡോക്ടർ ഗെന്ധ്റുവിനെ എറണാകുളത്തുനിന്ന് വരുത്തിയാണ് പിന്നീട് ചികിത്സ ചെയ്തത്. പിത്തം കോപിച്ച് ഉഷ്ണംകൊണ്ടതാണു കാരണമെന്ന് പരിശോധനയ്ക്കുശേഷം അദ്ദേഹം പറഞ്ഞു. രണ്ടു ചെവികളുടെയും മേൽഭാഗത്തുനിന്നു നെറ്റിവരെ ഏതാനും സ്ഥലങ്ങളിൽ നാലുവിരൽ വീതിയിൽ പൊള്ളിക്കാൻ മരുന്നു പുരട്ടി. മരുന്നു പുരട്ടിയ ഭാഗങ്ങൾ കുമിളയായി പൊങ്ങി. കുമിളകൾ പൊട്ടിച്ചപ്പോൾ ദുർനീരു പുറത്തുപോയി. അതോടെ കാഴ്ചശക്തി തിരിച്ചുകിട്ടി. പൊള്ളിച്ച ഭാഗങ്ങൾ മരുന്നുപുരട്ടി സുഖമാക്കുകയും ചെയ്തു.

വേദനകൾക്കും ചികിത്സകൾക്കുമിടയിലും ചാവറയച്ചൻ ധ്യാനിക്കുകയും പ്രാർഥിക്കുകയും ചെയ്തിരുന്നു. ജപങ്ങൾ ആ നാവിൽനിന്ന് ഇടതടവില്ലാതെ ഉയർന്നുകൊണ്ടിരുന്നു.

നിരന്തരമായ പ്രാർഥന ദീനം വർധിപ്പിക്കുമെന്നു തോന്നിയപ്പോൾ പ്രോ- വികാരി അപ്പസ്തോലിക്ക ഇടപെട്ടു. ഏതാനും പ്രാവശ്യം കർത്തൃപ്രാർഥന മാത്രം ചൊല്ലിയാൽ മതിയെന്ന് അദ്ദേഹം നിഷ്കർഷിച്ചു. ചാവറയച്ചൻ അനുസരിച്ചു.

തന്നെ കാണാനെത്തുന്നവരെയെല്ലാം അദ്ദേഹം സന്തോഷത്തോടെയാണ് സ്വീകരിച്ചത്. തന്റെ വേദനകളെക്കുറിച്ചോ വിഷമങ്ങളെക്കുറിച്ചോ അവരോടു സംസാരിച്ചില്ല. മറിച്ച്, അവരുടെ വിശേഷങ്ങൾ ആരായുകയും അവരുടെ നന്മയ്ക്കായുള്ള ഉപദേശങ്ങൾ നൽകുകയുമാണ് ചെയ്തത്. അതുകൊണ്ട്, ഒരു രോഗിയെ സന്ദർശിച്ച മട്ടിലല്ല, പ്രിയോരച്ചനുമായി ഒരു സംഭാഷണം നടത്തിയതിന്റെ സന്തോഷത്തിലാണ് സന്ദർശകർ മടങ്ങിയത്.

പ്രിയോരച്ചന്റെ അവശത ഒന്നിനൊന്നു വർധിച്ചുവന്നു. പുണ്യവാന്മാരുടെ ജീവിതകഥകൾ കേട്ട് അദ്ദേഹം തളർന്നു കിടക്കും. അവയെക്കുറിച്ച് ധ്യാനിക്കും.

പുണ്യത്തിന്റെ പാത ഏതാണ്? പൊതുവായ ഒരു പാത ഇല്ലെന്നു പറയാം. ഓരോരുത്തരെയും ദൈവം ഓരോ വഴിയിൽ എത്തിക്കുകയാണ്.

ദൈവമേ, നിന്റെ തിരുസന്നിധിയിൽ എത്താൻ കഴിഞ്ഞവർ എത്ര ഭാഗ്യവാന്മാർ!

1870 നവംബർ ആദ്യം മെത്രാപ്പോലീത്തയും ലെയോപോൾഡ് അച്ചനും റോമിൽനിന്നു തിരിച്ചെത്തി. വന്ന ദിവസംതന്നെ മിഷനറി ചാവറയച്ചന്റെ അടുത്തെത്തി. തന്റെ ആത്മീയ ഗുരുവിനെ ഏറെ നാൾക്കുശേഷം കണ്ടപ്പോൾ ചാവറയച്ചൻ സന്തോഷം കൊണ്ടു കരഞ്ഞുപോയി. മിഷനറിക്കും സ്വയം നിയന്ത്രിക്കാനായില്ല. തേങ്ങിക്കരഞ്ഞുകൊണ്ട് അദ്ദേഹം പ്രിയോരച്ചന്റെ ദുർബലമായ ശരീരം തന്റെ കരവലയത്തിലാക്കി.

ആത്മീയ പിതാവിനോടു സംസാരിക്കാൻ വെമ്പിയിരിക്കുകയായിരുന്നു ചാവറയച്ചനെന്നു തോന്നി. രണ്ടു മണിക്കൂറോളം നേരം മറ്റെല്ലാവരെയും മാറ്റിനിർത്തി അവർ സംസാരിച്ചു.

ലെയോപോൾഡ് അച്ചൻ വിദേശത്തുനിന്നു പല സമ്മാനങ്ങളും കൊണ്ടുവന്നിരുന്നു. ഈ നാട്ടിൽ ആരും കണ്ടിട്ടില്ലാത്ത പല സാധനങ്ങളുമുണ്ടായിരുന്നു അക്കൂട്ടത്തിൽ. പ്രിയോരച്ചന് ഇഷ്ടമുള്ള സാധനങ്ങൾ എടുത്തുകൊള്ളാൻ മിഷനറി പറഞ്ഞു. "അച്ചനെ വീണ്ടും കാണാൻ സാധിച്ചതുതന്നെ എനിക്കു സന്തോഷമായി. മറ്റൊന്നും എനിക്കു വേണ്ട," പ്രിയോരച്ചൻ പറഞ്ഞു. മിഷനറി നിർബന്ധിച്ചപ്പോൾ അദ്ദേഹം ഒരു കുല മുന്തിരിപ്പഴം മാത്രം എടുത്തു.

പിറ്റേ ദിവസം മെത്രാപ്പോലീത്തയും ചാവറയച്ചനെ സന്ദർശിച്ചു.

മെത്രാപ്പോലീത്തയും ലെയോപോൾഡ് അച്ചനും മടങ്ങിയെത്തിയതോടെ ചാവറയച്ചന് ആശ്വാസമായി. ഇനി സ്വസ്ഥമായി മരിക്കാം.

ദീനം നാൾക്കുനാൾ ഏറി വന്നു. അമ്പഴക്കാട്ടേക്കു മാറിയാൽ ആശ്വാസം കിട്ടുമെന്നു പറഞ്ഞ് ലെയോപോൾഡ് മിഷനറി നിർബന്ധിച്ചപ്പോൾ ചാവറയച്ചൻ സമ്മതം മൂളി. എന്നാൽ അമ്പഴക്കാട്ടെത്തിയപ്പോൾ അവിടത്തെ തണുത്ത കാറ്റേറ്റ് ദീനം വർധിക്കുകയാണ് ചെയ്തത്. ഉടനേ മടങ്ങി.

അടുക്കലടുക്കൽ ദിവ്യകാരുണ്യം ഉൾക്കൊള്ളാൻ ചാവറയച്ചൻ താത്പര്യം കാട്ടി. തന്നെ സന്ദർശിക്കുന്നവർ ആധ്യാത്മിക കാര്യങ്ങൾ മാത്രമേ തന്നോടു സംസാരിക്കാവൂ എന്ന അറിയിപ്പ് വാതിലിൽ പതിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മനസ് ഈ ലോകത്തിൽനിന്നു വേർപെട്ടു തുടങ്ങിയിരുന്നു.

ഓർമകൾ. ജീവിതം അതിന്റെ അവസാനത്തെ ആ നൂലിഴകൾകൊണ്ട് അദ്ദേഹത്തെ ബന്ധിക്കുവാൻ ശ്രമിച്ചു.

ചേറിന്റെയും മീനുകളുടെയും മണം. നെല്ലു പുഴുങ്ങുന്ന മണം. ചകിരിയുടെ മണം.

"ഞാൻ എന്തിനാണിവിടെ... വന്നത്?" പ്രിയോരച്ചൻ ചോദിച്ചു.

"പ്രിയോരച്ചാ.... പ്രിയോരച്ചാ... അങ്ങ് എവിടെയും പോയില്ല... ഇവിടെ കൂനമ്മാവിലാണ്," ലെയോപോൾഡ് അച്ചൻ പറഞ്ഞു.

പ്രിയോരച്ചൻ ഉണർന്നു. വീണ്ടും മയങ്ങി.

ഉണർന്നപ്പോൾ പ്രിയോരച്ചൻ മിഷനറിയോട് പറഞ്ഞു: "ഞാൻ വല്യാറ അച്ചനെ സ്വപ്നം കണ്ടു."

"അതാരാണ്?"

"വല്യാറ ചാക്കോ അച്ചൻ. മാന്നാനം കൊവേന്തയിൽ ഉണ്ടായിരുന്ന കൊച്ചച്ചൻ... മൗനം കുറവ്, പ്രാർഥന കുറവ്... ഞാൻ വഴക്കു പറഞ്ഞിട്ടുണ്ട്... ശരിയാകത്തില്ലെന്നു വിചാരിച്ചിട്ടുണ്ട്. ഒരിക്കൽ കൊവേന്തയിൽ ഒരാൾക്ക് അർശസ് വഷളായി.... കുടൽ പുറത്തുവന്നു... കൃമികൾ.... ദുർഗന്ധം... അടുത്തു ചെല്ലാൻ ആരുമില്ല... അപ്പോൾ ചാക്കോ അച്ചൻ പരിചരണം മുഴുവൻ ഏറ്റെടുത്തു.... എത്ര ദിവസം രോഗിയുടെ കൂടെ.... ഈച്ചകളുടെയും ദുർഗന്ധത്തിന്റെയും നടുക്കു താമസിച്ചു...രോഗി മരിക്കുവോളം."

"ചാക്കോ അച്ചൻ ഇപ്പോൾ എവിടെയാണ്?"

"സ്വർഗത്തിൽ.... ആയിരിക്കണം.... സ്വർഗത്തിൽനിന്നായിരിക്കണം എന്നെ... കാണാൻ വന്നത്... വളരെ ചെറുപ്പത്തിൽ മരിച്ചു.... മാന്നാനം കൊവേന്തയിൽ ആദ്യമായി മരിച്ചയാളാണ്.... രോഗീശുശ്രൂഷ കഴിഞ്ഞ് ആളാകെ മാറിയിരുന്നു..... നല്ലൊരു ധ്യാനഗുരുവായിത്തീർന്നു.... പക്ഷേ ദൈവം വേഗം വിളിച്ചു...."

"പ്രിയോരച്ചനു വളരെ ക്ഷീണമുണ്ട്. സംസാരിക്കേണ്ട."

"സ്വർഗത്തിൽനിന്നു പലരും എന്നെ കാണാൻ വരുന്നുണ്ട്.... അപ്പൻ.... അമ്മ... ഇച്ചായൻ... പാലയ്ക്കലച്ചൻ.... പോരൂക്കരയച്ചൻ... അവരെന്നെ വിളിക്കുന്നു.."

"പ്രിയോരച്ചനെ ഞങ്ങൾക്കു വേണം," ലെയോപോൾഡ്

അച്ചന്റെ സ്വരമിടറി.

"തമ്പുരാൻ ഉണ്ടെങ്കിൽ ആരും വേണ്ട.... ദുഃഖിക്കരുത്. ദുഃഖിപ്പിക്കുകയുമരുത്. മനുഷ്യരുടെ ദുഃഖം ദൈവത്തെ ദുഃഖിതനാക്കും."

"ഞാൻ... ശ്രമിക്കാം.... പ്രിയോരച്ചാ." നിറയുന്ന കണ്ണുകൾ പ്രിയോരച്ചനിൽനിന്നു വെട്ടിച്ചുമാറ്റി ലെയോപോൾഡ് മിഷനറി പെട്ടെന്നു മുറിക്കു പുറത്തുകടന്നു.

1871 ജനുവരി രണ്ട്.

പുലർച്ചയ്ക്ക് ചാവറയച്ചൻ കുമ്പസാരിച്ചു. പതിവിൽക്കവിഞ്ഞ ഒരുക്കത്തോടെ വിശുദ്ധ കുർബാന ഉൾക്കൊണ്ടു.

ഉച്ചകഴിഞ്ഞപ്പോൾ ഛർദി തുടങ്ങി. ബ്രദർ നിക്ലാവോസ് എത്തി കുറെ മരുന്നുകൾ കൊടുത്തിട്ടും പ്രയോജനമുണ്ടായില്ല. അവശമായ ശരീരത്തെ ക്രൂരമായി ഉലച്ചുകൊണ്ട് ഓക്കാനം തുടർന്നു.

ലെയോപോൾഡ് അച്ചൻ പള്ളിയിൽ ഓടിയെത്തി അൾത്താരയ്ക്കു മുന്നിൽ സാഷ്ടാംഗം വീണു പ്രാർഥിച്ചു. അദ്ദേഹം തലയുയർത്തുമ്പോൾ തളംകെട്ടിക്കിടന്ന കണ്ണീരിൽ കെടാവിളക്കിന്റെ വെട്ടം വീണു.

മിഷനറി ഒരു കുറിപ്പ് മഠത്തിലെ കന്യാസ്ത്രീകൾക്കു കൊടുത്തുവിട്ടു: "പ്രിയ മക്കളേ, പ്രിയോരച്ചനു വല്ലാത്ത വിഷമംപോലെ തോന്നുന്നു. പ്രാർഥിക്കണം. നിങ്ങൾ എല്ലാവരും ഇപ്പോൾ കപ്പേളയിൽച്ചെന്ന് അരമണിക്കൂർ പ്രിയോരച്ചനു വേണ്ടി പ്രാർഥിക്കൂ."

കന്യാസ്ത്രീകൾ കണ്ണീരോടെ പ്രാർഥിച്ചു.

കുറെക്കഴിഞ്ഞപ്പോൾ ചാവറയച്ചന് ആശ്വാസമായതായി കണ്ടു.

"ആശ്വാസം തോന്നുന്നുണ്ടോ, പ്രിയോരച്ചാ?" ആരോ ചോദിച്ചു.

പ്രിയോരച്ചൻ ഒരു ശിശുവിനെപ്പോലെ പുഞ്ചിരിച്ചു.

അത് ഈ ലോകത്തിന്റേതല്ലാത്ത പുഞ്ചിരിയായിരുന്നു.

കുറച്ചു കഴിഞ്ഞ് അദ്ദേഹം പറഞ്ഞു: "ഒപ്രുശുമാ."

ആരാണ് പ്രിയോരച്ചന് അന്ത്യകൂദാശ നൽകേണ്ടത്? ചുറ്റും നിന്നവർ ആലോചിച്ചു. പിന്നെയവർ പ്രിയോരച്ചനോടുതന്നെ ചോദിച്ചു.

"മൂപ്പച്ചൻ," അദ്ദേഹം പറഞ്ഞു. ലെയോപോൾഡ് മിഷനറിയെ അദ്ദേഹം അങ്ങനെയാണ് വിളിക്കുന്നത്.

അവർ ലെയോപോൾഡ് അച്ചനെ തേടിപ്പോയി. അദ്ദേഹം മറ്റൊരു മുറിയിൽ കരഞ്ഞുകൊണ്ടു കിടക്കുകയായിരുന്നു. അന്ത്യകൂദാശ കൊടുക്കുന്ന കാര്യം പറഞ്ഞപ്പോൾ അദ്ദേഹം വിങ്ങിപ്പൊട്ടി: "എനിക്കു സാധിക്കില്ല."

അച്ചന്മാർ വിഷമിച്ചു. അവർ മടങ്ങിപ്പോയി. ചാവറയച്ചനോടു കാര്യം പറഞ്ഞു. വികാരി ജനറാൾ ഫീലിപ്പോസ് മിഷനറി അവിടെയുണ്ട്. അദ്ദേഹമായാലോ? അല്ലെങ്കിൽ മെത്രാനച്ചനെ വരുത്താം.

വേണ്ട എന്ന അർഥത്തിൽ പ്രിയോരച്ചൻ തലയാട്ടി.

"ഔസേപ്പച്ചൻ," അദ്ദേഹം പറഞ്ഞു.

കൂനമ്മാവു കൊവേന്തയുടെ വികാരി ഔസേപ്പച്ചൻ.

"അച്ചൻ സുറിയാനിൽ ചൊല്ലുമ്പോ... എനിക്കും ചൊല്ലാമല്ലോ."

കൂനമ്മാവു കൊവേന്തയിലെ എല്ലാ അംഗങ്ങളും പ്രിയോരച്ചന്റെ കിടക്കയ്ക്കു ചുറ്റും കൂടിയിരുന്നു. തന്റെ ചാവരുൾ കേൾക്കുവാനും ആശീർവാദം സ്വീകരിക്കുവാനുമാണ് അവർ നില്ക്കുന്നതെന്നു പ്രിയോരച്ചനു മനസിലായി. എല്ലാവരും അതീവദുഃഖിതരായിരുന്നു. ചിലർ വിങ്ങിക്കരയുന്നുമുണ്ടായിരുന്നു.

തല നിവർത്തിവയ്ക്കാൻ പ്രിയോരച്ചൻ ബദ്ധപ്പെട്ടു. ആരോ തലയണ ചാരിവച്ചുകൊടുത്തു. അതിൽ ചാരിയിരുന്നുകൊണ്ട് അദ്ദേഹം പറഞ്ഞു:

"നിങ്ങൾ എന്തിനു ദുഃഖിക്കുന്നു? മനുഷ്യൻ ആരു തന്നെയായാലും എപ്പോഴെങ്കിലും മരിക്കണം. എനിക്കുള്ള സമയം ഇതാകുന്നു. ദൈവാനുഗ്രഹത്താൽ ഈ സമയത്തിനുവേണ്ടിയുള്ള ഒരുക്കം ഞാൻ കുറേക്കാലമായി ചെയ്തുവരികയായിരുന്നു. ചെറുപ്പം മുതൽ എപ്പോഴും ഹൃദയത്തിൽ ഞാൻ തിരുക്കുടുംബത്തെ കാക്കുകയും ഓർക്കുകയും വണങ്ങുകയും ചെയ്തു. തിരുക്കുടുംബം എന്നെ സംരക്ഷിക്കുകയും ചെയ്തുപോന്നു. അതുകൊണ്ട്, മാമ്മോദീസയിൽ എനിക്കു കിട്ടിയ ദൈവേഷ്ടപ്രസാദം ഒരിക്കലും നശിക്കുവാൻ ഇടയായിട്ടില്ല എന്നു പറയുവാൻ ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്. നമ്മുടെ പാവപ്പെട്ട സഭയെയും അംഗങ്ങളായ നിങ്ങളെല്ലാവരെയും ഈ തിരുക്കുടുംബത്തിനു ഞാൻ പ്രതിഷ്ഠിക്കുന്നു....

"ഞാൻ മരിക്കുന്നതിനെക്കുറിച്ചു നിങ്ങൾ ദുഃഖിക്കേണ്ട. ദൈവതിരുമനസിന് സന്തോഷത്തോടുകൂടി കീഴ്വഴങ്ങുവിൻ. നിങ്ങൾ ഓരോരുത്തർക്കും എന്നെക്കാൾ കൂടുതൽ നന്മ ചെയ്യുവാൻ കഴിയുന്ന ഒരു പുത്തൻ പ്രിയോരച്ചനെ ദൈവം ഉടനേ തരും. നിങ്ങളെല്ലാവരും റേഗുളയും ന്യായപ്രമാണങ്ങളും ശ്രേഷ്ഠന്മാരുടെ കല്പനകളും സൂക്ഷ്മമായി അനുസരിക്കണം."

അദ്ദേഹത്തിന്റെ വാക്കുകൾ സ്വകാര്യമായ സ്വകൃതജപോച്ചാരണം പോലെയായി. "ഈശോയുടെ തിരുഹൃദയത്തിൽനിന്ന് നിവ്യായുടെ വചനംപോലെ ആയുസിന്റെ ജലത്തെ കോരിയെടുക്കുക. സഭാംഗങ്ങളെല്ലാവരും തമ്മിൽത്തമ്മിൽ ഉപവിയുള്ളവരായിരിക്കണം. എങ്കിൽ ഈ സഭ വഴിയായി ദൈവസ്തുതിയും ആത്മരക്ഷയും ഉണ്ടാകുകയും സഭ മേൽക്കുമേൽ അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യും."

നേർത്ത വാക്കുകളുടെ അവസാനം അദ്ദേഹം ഓസേപ്പച്ചന്റെ നേരെ മുഖം തിരിച്ച് "ഒപ്രുശുമാ" എന്നു പറഞ്ഞു.

"പിതാവേ, അങ്ങയുടെ വാഴ്വ് ഇവിടെ നില്ക്കുന്ന ഞങ്ങൾക്കും സഭയിലുള്ള എല്ലാവർക്കും തരണമേ," ഔസേപ്പ് അച്ചൻ അപേക്ഷിച്ചു.

ഒരു കുന്തിരിക്കപ്പുകച്ചുരുൾ പോലെ പ്രിയോരച്ചന്റെ വലതുകരം ചലിച്ചു. അതിൽനിന്നു വായുവിലൊരു കുരിശുരൂപം പതിയുമ്പോൾ അദ്ദേഹത്തിന്റെ നാവ് ചലിച്ചു: "ബുർക്സേദാലാഹാ...."

പിന്നെ അദ്ദേഹം ഒപ്രുശുമായ്ക്കായി തല കുനിച്ചു. വികാരിയച്ചന്റെ ഓരോ മൊഴിയും ഏറ്റുചൊല്ലി.

മനോഹരവും ദൈവികവുമായ ഒരു ശാന്തതയിലേക്ക് അദ്ദേഹം കടന്നു.

രാത്രിയുടെ തണുപ്പ് വീണു തുടങ്ങിയിരുന്നു. ഏതോ മയക്കത്തിൽനിന്ന് ഉണർന്നപ്പോൾ, പ്രിയോരച്ചൻ ജനാല തുറക്കുവാൻ ആവശ്യപ്പെട്ടു. ജനാലയിലൂടെ അദ്ദേഹം ലോകത്തെ നോക്കി.

"മാവുകൾ പൂത്തിരിക്കുന്നു," അദ്ദേഹം പറഞ്ഞു.

"അവ നക്ഷത്രങ്ങളാണു പിതാവേ," ആരോ പറഞ്ഞുകൊടുത്തു.

"നക്ഷത്രങ്ങളോ... മാലാഖമാരുടെ കണ്ണുകളാവും."

പ്രിയോരച്ചൻ മാലാഖമാരെപ്പോലെ പുഞ്ചിരിച്ചു.

അദ്ദേഹം മൗനം പുതച്ചുറങ്ങി.

പാതിരാവരെ നീണ്ട ഒരു പ്രാർഥനയ്ക്കുശേഷം ലെയോപോൾഡ് മൂപ്പച്ചൻ പ്രിയോരച്ചന്റെ അടുത്തെത്തി. മൂപ്പച്ചന്റെ നിശ്വാസം തിരിച്ചറിഞ്ഞിട്ടെന്നപോലെ പ്രിയോരച്ചൻ കണ്ണു തുറന്നു.

"പ്രിയോരച്ചാ... ഇപ്പോൾ എങ്ങനെയുണ്ട്? സന്തോഷമുണ്ടോ? ഹൃദയസമാധാനമുണ്ടോ?" മൂപ്പച്ചൻ ചോദിച്ചു.

മിഷനറിയുടെ രണ്ടു കൈത്തലങ്ങളും വെണ്ണപോലെ തണുത്ത തന്റെ കൈകൾക്കുള്ളിൽ ചേർത്തുകൊണ്ട് പ്രിയോരച്ചൻ പറഞ്ഞു: "അച്ചാ, ഇപ്പോൾ നല്ല സന്തോഷമുണ്ട്.... നല്ല സമാധാനമുണ്ട്.... അച്ചാ, ഞാൻ കഴിഞ്ഞ ഞായറാഴ്ച കുർബാന കണ്ടില്ലല്ലോ..."

"അതു മനസുകേടുകൊണ്ടല്ലല്ലോ. മേലുള്ളവർ കല്പിച്ചിട്ടല്ലേ," മൂപ്പച്ചൻ ആശ്വസിപ്പിച്ചു.

"അതേ.... ഇപ്പോൾ നല്ല സമാധാനം... നല്ല സന്തോഷം." മാലാഖികമായൊരു പുഞ്ചിരിയിലേക്കു പ്രിയോരച്ചൻ ഒഴുകി.

മിഷനറി പുറത്തേക്കു നടന്നു. തറയ്ക്കു വല്ലാത്ത തണുപ്പ്. പ്രിയോരച്ചന്റെ കൈകളുടെ തണുപ്പ്.

ഭിത്തിയിൽ പിടിച്ചു മിഷനറി പുറത്തേക്കിറങ്ങി. ഭിത്തിക്കു വല്ലാത്ത തണുപ്പ്.

അദ്ദേഹത്തിനു കരച്ചിൽ വന്നു. കരച്ചിൽ തൊണ്ടയിലമർത്തിവച്ച് വിറച്ചുകൊണ്ട് അദ്ദേഹം തന്റെ കിടപ്പുമുറിയിലേക്കു നടന്നു. അപ്പോൾ 1871 ജനുവരി മൂന്നിന്റെ ആദ്യനാഴികകളായിരുന്നു.

പ്രാർഥനയ്ക്കു നടുവിൽ ഒരു പുഞ്ചിരിയായി പ്രിയോരച്ചൻ മയങ്ങി. ഉറക്കത്തിന്റെ പൂമ്പൊടി കണക്കില്ലാതെ ഉതിർന്നു വീഴുകയായിരുന്നു.

"കുഞ്ഞേ...." മധുരമായ ഒരു വിളി അദ്ദേഹത്തെ തൊട്ടു. നിർവൃതികൊള്ളിക്കുന്ന വിളി.

"വരൂ," മാധുര്യം വിളിച്ചു.

"ഞാൻ വയ്യാതെ കിടക്കുകയല്ലേ. വയ്യ"

"അതു വെറുതേ. ദാ, ഇങ്ങനെ കൈകൾ നിവർത്തൂ. ഇങ്ങനെ വീശണം. ങാ, അങ്ങനെ. കണ്ടില്ലേ, വയ്യെന്നു പറഞ്ഞിട്ടിപ്പോൾ പറക്കുന്നു."

"ഹായ്, നക്ഷത്രങ്ങൾ! മാമ്പൂക്കൾ!....ഒരു സംഗീതം എന്റെ മേലാകെ തൊടുന്നു!"

"അതു നീയൊരിക്കൽ ദൈവത്തെക്കുറിച്ചു പാടിയ ഗാനങ്ങളാണ്."

"സുഗന്ധങ്ങൾ എന്റെ നാവിൽ രുചികളാവുന്നു!"

"അതു നീ മറ്റുള്ളവർക്കു ചെയ്ത സുകൃതങ്ങളാണ്."

"വർണങ്ങളുടെ പുഴ!"

"അതിന്റെ തീരത്തു നിനക്കു നടക്കാനിറങ്ങാം. നിന്റെ സഹനങ്ങളാണത്."

കൂനമ്മാവു കൊവേന്തയിൽ മുപ്പന്മാർ പ്രിയോരച്ചനു വേണ്ടി കുർബാന അർപ്പിക്കുകയായിരുന്നു. സമയം രാവിലെ 7.30. പ്രിയോരച്ചന്റെ മുറിയിൽനിന്ന് അച്ചന്മാർ പള്ളിയിലേക്കും കൊവേന്തയിലേക്കും ഓടിവന്നു. അവർ വിങ്ങിപ്പൊട്ടുകയായിരുന്നു.

കുർബാനയ്ക്കുശേഷം മരണമണി മുഴങ്ങി. വിറങ്ങലിച്ച പ്രഭാതത്തിലൂടെ ആ തേങ്ങൽ അകലങ്ങളിലേക്കു പടർന്നു.

"കുര്യാക്കോസ്...."

പരിചിതമായ സ്വരങ്ങൾ പ്രിയോരച്ചനെ സ്നേഹത്തിന്റെ ലോകത്തേക്കു വിളിച്ചു. എവിടെയും സ്നേഹം. അനന്തമായ ദൈവസ്നേഹം അലയില്ലാത്ത കടലായിക്കിടക്കുന്ന ലോകം.

അപ്പോൾ, കുര്യാക്കോസ് 65 വർഷവും പത്തുമാസവും ജീവിച്ച താഴത്തെ പരുപരുത്ത ലോകത്ത് വലിയ ജനക്കൂട്ടം കൂനമ്മാവ് കൊവേന്തയിൽ അദ്ദേഹത്തിന്റെ ശരീരം അവസാനമായി കാണുവാൻ തിരക്കുകൂട്ടുകയായിരുന്നു.

സംസ്കാരദിവസമായ ജനുവരി നാലിനു കൊവേന്തപ്പള്ളിയും പരിസരങ്ങളും ജനങ്ങളാൽ നിറഞ്ഞു. പ്രാർഥനകളും പൊട്ടിക്കരച്ചിലുകളും പ്രിയോരച്ചന് ജനതതിയുടെ പ്രണാമമായി.

ഉച്ചയ്ക്കു മുമ്പായി പോരൂക്കര കുര്യാക്കോസ് ഏലീശാ അച്ചന്റെയും ചാവറ ഔസേപ്പ് അച്ചന്റെയും പ്രധാന കാർമികത്വത്തിൽ സംസ്കാര കർമങ്ങൾ ആരംഭിച്ചു. കാപ്പിൽ മത്തായി അച്ചനാണു ചരമപ്രസംഗം നടത്തിയത്. "ഇന്നു മലയാളത്തിന്റെ പതാക വീണിരിക്കുന്നു" എന്ന് ആരംഭിച്ച ദീർഘമായ പ്രസംഗത്തിനും നഗരികാണിക്കലിനുംശേഷം, കൂനമ്മാവിലെ വിശുദ്ധ ഫിലോമിനയുടെ ദേവാലയ മദ്ബഹയ്ക്കുതാഴെ, പള്ളിയുടെ മധ്യത്തിൽ, 'മലയാളത്തിലെ സുറിയാനി കർമലീത്താസഭയുടെ സ്ഥാപകനും ഒന്നാമത്തെ പ്രിയോർ ജനറാളും സർവാരാധ്യനുമായ തിരുക്കുടുംബത്തിന്റെ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, കബറടക്കം ചെയ്യപ്പെട്ടു.

ഫെബ്രുവരി 22-നു പുതിയ പ്രിയോർ ജനറാളായി പോരൂക്കര കുര്യാക്കോസ് ഏലീശാ അച്ചൻ നിയമിതനായി.

പ്രിയോരച്ചന്റെ വിയോഗമുണ്ടാക്കിയ ദുഃഖത്തിൽനിന്നു നീന്തിക്കടന്നയുടൻ തന്നെ ലെയോപോൾഡ് മിഷനറി അദ്ദേഹത്തിന്റെ ജീവചരിത്രമെഴുതാൻ തുടങ്ങി. പല സ്ഥലങ്ങളിൽനിന്നും ആളുകളിൽനിന്നുമായി വിവരങ്ങൾ ശേഖരിച്ചു. ചാവറയച്ചൻ വിശുദ്ധനാണെന്നതിന് അദ്ദേഹത്തിനു സംശയമുണ്ടായിരുന്നില്ല. വിശുദ്ധനായി പ്രഖ്യാപിക്കപ്പെടുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങുകയും ചെയ്തു. അതിനുവേണ്ടി പ്രാർഥിക്കാൻ സന്യാസികളെയും കന്യാസ്ത്രീകളെയും മിഷനറി പ്രോത്സാഹിപ്പിച്ചു. എല്ലാ കൊവേന്തകളിലേക്കും ചാവറയച്ചൻ ഉപയോഗിച്ചിരുന്ന വസ്തുക്കൾ അയച്ചുകൊടുത്തു. ചാവറയച്ചന്റെ 'ആത്മാനുതാപം' അച്ചടിച്ചു പ്രസിദ്ധീകരിച്ചതും മിഷനറിയാണ്-സ്വന്തം ആമുഖക്കുറിപ്പോടെ.

എന്നാൽ സുറിയാനിക്കാരുടെ സന്യാസ സഭകളുമായുള്ള ബന്ധം അവസാനിപ്പിക്കാൻ 1873-ൽ മിഷനറിക്ക് അദ്ദേഹത്തിന്റെ അധികാരികളിൽനിന്നു സമ്മർദം ഉണ്ടായതോടെ ആ പ്രവർത്തനങ്ങളെല്ലാം മന്ദീഭവിച്ചു. 1876-ൽ ലെയോപോൾഡ് മിഷനറി ഇറ്റലിയിലേക്കു സ്ഥലം മാറ്റപ്പെട്ടതോടെ അവ മുടങ്ങുകയും ചെയ്തു.

പക്ഷേ ചാവറയച്ചൻ സ്വർഗീയ പിതാവിന്റെ അരികിൽ ഭൂമിയിലേക്ക് ഉറ്റുനോക്കിക്കൊണ്ടിരുന്നു. തന്നെ വിളിക്കുന്നവരെ ശ്രദ്ധിച്ച് അവരുടെ വേദനകൾ, വേദനകളും പാപങ്ങളും തുടച്ചുനീക്കുന്നവന്റെ സ്നേഹത്തിലേക്കു കൈമാറിക്കൊണ്ടിരുന്നു....കൈമാറിക്കൊണ്ടിരിക്കുന്നു.

28

ഒബർത്തോട്ടങ്ങൾക്കിടയിലൂടെ ഇരച്ചുവന്ന ബസിൽനിന്നിറങ്ങി തീർത്ഥാടകൻ കുന്നിന്റെ മുകളിലേക്കു നടക്കാൻ തുടങ്ങിയപ്പോൾ ഒരു കാർ അടുത്തുവന്നുനിന്നു.

"കൊവേന്തപ്പള്ളിയിലേക്കാണോ? കയറിക്കോളൂ" കാറോടിക്കുന്ന സിൽക്ക് ജൂബ്ബക്കാരൻ പറഞ്ഞു.

തീർഥാടകൻ കാറിൽ കയറി.

"ചേട്ടൻ ചാവറയച്ചന്റെ ഭക്തനാണോ?" ജൂബ്ബക്കാരൻ ചോദിച്ചു.

"അതെ. എന്റെ മകനെ മനുഷ്യനാക്കിയതു ചാവറയച്ചനാണ്. അവനു ജോലി കൊടുത്തതും ചാവറയച്ചനാണ്"

"അതുശരി. എന്റെ ബിസിനസ് കൺസൾട്ടന്റാണ് ചാവറയച്ചൻ. എന്തും ഇവിടെവന്ന് ആലോചിച്ചിട്ടേ ഞാൻ തുടങ്ങൂ."

"നാളെ മാർപാപ്പ ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ പങ്കെടുക്കണം. അതിനു ഞാൻ ഇന്നേ ഇങ്ങു പോന്നു. ഇന്നു കോട്ടയം ടൗണിൽ എവിടെയെങ്കിലും തങ്ങണം. നാളെ ടൗണിൽ ജനപ്രളയമായിരിക്കും. വെളുപ്പിനെ മൈതാനത്തു സ്ഥലം പിടിച്ചില്ലെങ്കിൽ നിൽക്കാൻ ഇടം കിട്ടില്ല"

"വെളുപ്പിനെ എത്തിയാലും വേദിക്കടുത്ത് സ്ഥലം കിട്ടുമെന്നു തോന്നുന്നില്ല. രാത്രിയിൽത്തന്നെ ആളുകൾ സ്ഥലം പിടിക്കും. അതുകൊണ്ട് ചടങ്ങ് ടി.വിയിൽ കാണാനാണ് എന്റെ കുടുംബത്തിന്റെ പരിപാടി" ജൂബ്ബക്കാരൻ പറഞ്ഞു.

കൊവേന്തയുടെ മുറ്റത്തു കാർ നിന്നു. നല്ല ആൾത്തിരക്ക്. വെയിലിൽ നനയുന്ന ആൾക്കൂട്ടത്തെ തോർത്താൻ പടിഞ്ഞാറൻ കാറ്റ് തിരക്കേറിയ ഒരു വീട്ടമ്മയെപ്പോലെ ഓടിനടന്നു.

ആൾക്കൂട്ടത്തിന്റെ നടുവിലൂടെ അവർ ആശ്രമദേവാലയത്തിൽ കടന്നു. മുട്ടുകുത്തിയും കൈകൂപ്പിയും കണ്ണീരൊഴുക്കിയും നിൽക്കുന്നവരുടെയും സാഷ്ടാംഗം പ്രണമിക്കുന്നവരുടെയും നിശബ്ദമായ പ്രാർത്ഥനകൾക്കു മുമ്പിൽ അനേകം മെഴുകുതിരികൾ ഉരുകിത്തെളിഞ്ഞുനിന്നു.

പുതിയ രണ്ടു മെഴുകുതിരികൾ അവർ ഇരുവർക്കുമായി ഉരുകാൻ തുടങ്ങി.

മെഴുകുതിരിപോലെ ഉരുകുന്ന മനുഷ്യഹൃദയങ്ങളെ ചാവറയച്ചൻ സ്വർഗത്തിലിരുന്നു കണ്ടു. അവയുടെ വേദനകളെ ചാവറയച്ചൻ ദൈവത്തിന്റെ മുന്നിൽ നിരത്തി.

പറയാനുള്ളതൊക്കെ, ഓർമിച്ചതൊക്കെ, പറഞ്ഞു കഴിഞ്ഞപ്പോൾ ആശ്വാസത്തോടെ അവർ ദേവാലയത്തിൽ നിന്നിറങ്ങി.

തീർഥാടകരുടെ തിരക്കു വർധിച്ചിരിക്കുന്നു. കണ്ണീരൊഴുക്കുന്ന മെഴുകുതിരികളുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുന്നു.

"ഒന്നര നൂറ്റാണ്ടു മുമ്പ് ചാവറയച്ചൻ നടന്ന മണ്ണ്. ചാവറയച്ചൻ കണ്ട ആകാശം. ചാവറയച്ചൻ നോക്കിനിന്ന പ്രകൃതി. എല്ലാം ഇപ്പോൾ നമുക്കു മുന്നിൽ" ജൂബ്ബക്കാരൻ പറഞ്ഞു.

"പക്ഷേ, ചാവറയച്ചൻ കണ്ട ആകാശവും മണ്ണും പ്രകൃതിയുമായിരിക്കില്ല നമ്മൾ കാണുന്നത്. ഓരോരുത്തരും ഓരോന്നിനേയും കാണുന്നതു തന്റേതായ രീതിയിലും -ഒരുപക്ഷേ രൂപത്തിലും-ആയിരിക്കാം. ഏതായാലും ചാവറയച്ചന്റെ വിശുദ്ധമായ കണ്ണ് കണ്ടതുപോലെയായിരിക്കില്ല സാധാരണക്കാരായ നമ്മൾ കാണുന്നത്" - സഹതീർഥാടകൻ പറഞ്ഞു.

റബർ മരങ്ങൾ നിഴൽകൊണ്ടു തലോടുന്ന ടാർ റോഡിലൂടെ കാർ നീങ്ങി. കോൺക്രീറ്റ് കെട്ടിടനിരകൾക്കും കൂറ്റൻ പരസ്യപ്പലകകൾക്കും അരികിലൂടെ, ചീറിപ്പായുന്ന വാഹനങ്ങൾക്കിടയിലൂടെ കാർ കോട്ടയത്തെത്തി. ആകാശത്തേക്കു കയറിക്കൊണ്ടിരിക്കുന്ന നഗരം.

നഗരത്തിൽ ട്രാഫിക് ജാം. അലങ്കാരങ്ങൾ. മാർപാപ്പയെ സ്വീകരിക്കാനായി നഗരം പൂത്തുലഞ്ഞു നിൽക്കുന്നു. നഗരത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ആൾക്കൂട്ടത്തെ പ്രതീക്ഷിച്ച് താൽക്കാലിക വ്യാപാരശാലകൾ ഉയരുന്നു.

തീർഥാടകനെ നഗരത്തിലിറക്കി ജൂബ്ബക്കാരന്റെ കാർ മുന്നോട്ടുപോയി. കാറിൽനിന്നിറങ്ങിയ തീർഥാടകൻ അന്നു രാത്രി നഗരത്തിൽ തങ്ങി. നിയോൺ ലൈറ്റുകൾക്കു കീഴിൽ നഗരം ഉറങ്ങാതെ കിടന്നു.

1986 ഫെബ്രുവരി എട്ട്.

സൂര്യൻ ചക്രവാളത്തിൽ കൈകുത്തി എഴുന്നേൽക്കുമ്പോഴേക്കും വലിയൊരു ആകാംക്ഷയിൽ നഗരം മുറുകിക്കഴിഞ്ഞിരുന്നു.

രാവിലെ ഒൻപതിനാണു കൊച്ചിയിൽനിന്നുള്ള ഹെലികോപ്റ്റർ കോട്ടയം മെഡിക്കൽ കോളജ് ഗ്രൗണ്ടിനെ തൊട്ടത്. അതിൽനിന്നു പതിനായിരങ്ങളുടെ ഭക്ത്യാദരാകാംക്ഷാവേശങ്ങളിലേക്കു ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇറങ്ങിവന്നു.

പോപ്മൊബീലിൽ അദ്ദേഹം കോട്ടയം നഗരത്തിലേക്കു നീങ്ങി -റോഡിന്റെ ഇരുവശങ്ങളിലും കെട്ടിടങ്ങളുടെ ടെറസുകളിലും തിങ്ങുന്ന ആളുകൾക്കു നേരെ കൈവീശി

ക്കൊണ്ട് അവരെ പുഞ്ചിരിയാൽ എത്തിപ്പിടിച്ചുകൊണ്ട്.

ചിലർ സ്വന്തം കൈയിൽ നുള്ളി അതിന്റെ യാഥാർഥ്യം പരിശോധിച്ചു. പണ്ടൊക്കെ മാർപാപ്പമാർ കടൽകടന്നു യാത്ര ചെയ്തിരുന്നില്ല. ഈ മാർപാപ്പയാകട്ടെ ഇതാ ഇവിടെ!

നാഗമ്പടം മൈതാനത്തിൽ ആകാശം മേൽക്കൂരയായ ഒരു ദേവാലയം രൂപം പൂണ്ടിരുന്നു. എത്രയോ ലക്ഷങ്ങളുടെ കണ്ണുകൾ ഒന്നിക്കുന്ന അൾത്താരയിൽ മൂന്നു കർദിനാൾമാർ ആർച്ചുബിഷപ്പിനോടും നാലു ബിഷപ്പുമാർ, നൂറുകണക്കിനു വൈദികർ എന്നിവരോടൊപ്പം മാർപാപ്പ ദിവ്യബലി അർപ്പിക്കുമ്പോൾ തീർഥാടകൻ നിറഞ്ഞ ഹൃദയത്തോടെ അതിൽ പങ്കുകൊള്ളുകയായിരുന്നു. വെയിലിനു ഭാരം വയ്ക്കുന്നത് അയാൾ അറിഞ്ഞില്ല; മെഴുക് ഉരുകുന്നതുപോലെ വിയർപ്പ് ഒഴുകിയിറങ്ങുന്നത് അറിഞ്ഞില്ല.

വെയിലിനപ്പുറത്തുള്ള നക്ഷത്രങ്ങളും സ്വർഗീയവൃന്ദങ്ങളും അദൃശ്യമായി നോക്കിനിൽക്കേ, സ്വർഗത്തോടു ഭൂമിയുടെ അപേക്ഷപോലൊരു സ്വരം തീർഥാടകൻ കേട്ടു. അല്ല, ചങ്ങനാശേരി അതിരൂപതാധ്യക്ഷൻ മാർപ്പാപ്പയോട് അപേക്ഷിക്കുകയാണ് -ധന്യനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തണമേ എന്ന്.

പിന്നെ പാലാ രൂപതാധ്യക്ഷന്റെ അപേക്ഷ -ധന്യയായ സിസ്റ്റർ അൽഫോൻസാമ്മയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കണമേ എന്ന്.

ദൈവം അപേക്ഷ കേട്ടു. ദൈവം വാത്സല്യപൂർവം ഭൂമിയുടെ ചുമലിൽ തട്ടി. നിത്യതയുടെ പശിമയുള്ള വിരലാൽ ദൈവം മാർപാപ്പയുടെ നാവിൽ തൊട്ടു.

ജോൺപോൾ രണ്ടാമൻ മാർപാപ്പ പറയുന്നത് തീർഥാടകൻ കേട്ടു; ലക്ഷങ്ങൾ കേട്ടു:

"നമ്മുടെ സഹോദരന്മാർ ചങ്ങനാശേരി മെത്രാപ്പോലീത്തമാർ ജോസഫ് പവ്വത്തിൽ, പാലാ രൂപതാ മെത്രാൻ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, മറ്റുപല സഹോദര മെത്രാന്മാർ, അനേകം വിശ്വാസികൾ എന്നിവർ പ്രകടിപ്പിച്ചിട്ടുള്ള ആഗ്രഹമനുസരിച്ചും വിശുദ്ധരുടെ നാമകരണത്തിനുള്ള റീത്തുകളുടെ തിരുസംഘത്തിന്റെ അഭിപ്രായമനുസരിച്ചും..."

ഒൻപതു വൃന്ദം മാലാഖമാർ ദൈവതിരുമുമ്പിൽ കൈകൂപ്പി.

".... ധന്യരായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനേയും മുട്ടത്തുപാടത്തു സിസ്റ്റർ അൽഫോൻസായേയും..."

വിശുദ്ധഗണം ദൈവത്തെ നമസ്കരിച്ചു.

".... ഈ നിമിഷം മുതൽ വാഴ്ത്തപ്പെട്ടവർ എന്നു വിളിക്കാമെന്നും അവരുടെ തിരുനാളുകൾ ഓരോ വർഷവും അവരുടെ സ്വർഗീയ ജന്മനാളുകളിൽ നിയമാനുസൃതമായും അതതു സ്ഥലങ്ങളിലും ആഘോഷിക്കാമെന്നും..."

വെയിലിന്റെ തിളക്കം വർധിച്ചു.

"... നാം അപ്പസ്തോലികാധികാരം ഉപയോഗിച്ചു പ്രഖ്യാപിക്കുന്നു...."

തീർഥാടകൻ വിയർപ്പിൽ കുളിർത്തു.

"... പിതാവിന്റെയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ, ആമേൻ..."

ആമേൻ. ആമേൻ. ആമേൻ -തീർഥാടകൻ പറഞ്ഞുകൊണ്ടിരുന്നു.






ആർ.വെങ്കട്ടരാമൻ

മുൻ രാഷ്ട്രപതി

ക്രിസ്തീയ ചൈതന്യത്തിന്റെ ഉദാത്ത പ്രതീകം

ധന്യനായ ചാവറയച്ചൻ നമ്മെ വിട്ടുപിരിഞ്ഞിട്ട് ഒരു നൂറ്റാണ്ടിലേറെയായിരിക്കുന്നു. വർഷങ്ങൾ കടന്നു പോയിട്ടും ഒരു പ്രചോദകശക്തിയായി ആയിരങ്ങളുടെ മനസിൽ അനശ്വരനായി അദ്ദേഹം ഇന്നും ജീവിക്കുന്നു. ഒരു മഹാപണ്ഡിതനായും അഗതികൾക്കും ദരിദ്രർക്കും അധഃകൃതർക്കും വേണ്ടിയുള്ള സ്ഥാപനങ്ങളുടെ സ്ഥാപകനായും അദ്ദേഹം നന്ദിപൂർവം സ്മരിക്കപ്പെടുന്നു.

ദൈവികചിന്തയേയും മനുഷ്യസേവനത്തേയും ഇദ്ദേഹത്തെപ്പോലെ ഇത്ര സ്വാഭാവികമായും ക്രിയാത്മകമായും സംയോജിപ്പിച്ചിട്ടുള്ളവർ അംഗുലീപരിമിതമാണ്. യഥാർഥത്തിൽ ഈ മഹാത്മാവിന്റെ മനസിൽ വിശ്വാസപരമായ പ്രവർത്തനങ്ങൾക്കും കർമ്മപരമായ പ്രവർത്തനങ്ങൾക്കും തമ്മിൽ ഒരു വ്യത്യാസവും ഉണ്ടായിരുന്നില്ല. ചാവറയച്ചൻ ഈ രണ്ടു രീതിയേയും പ്രതിനിധീകരിച്ചിരുന്നു. ഒരു യോഗിവര്യനായിരുന്നെങ്കിലും അദ്ദേഹം ബാഹ്യപ്രവർത്തനങ്ങളുടെ നിലയ്ക്കാത്ത യന്ത്രം തന്നെയായിരുന്നു. ചാവറയച്ചൻ തന്റെ ഉള്ളിന്റെ ഉള്ളിലെ ദൈവികചൈതന്യത്തിലേക്കു സംക്രമിക്കുന്നതോടൊപ്പം ഏവർക്കും അഭിമാനമുള്ളവരും ദൈവവിശ്വാസമുള്ളവരുമായി ജീവിക്കുന്നതിനുള്ള സാമൂഹിക ചുറ്റുപാട് ഉണ്ടാക്കുന്നതിനും അക്ഷീണം പരിശ്രമിച്ചിരുന്നു. 1986-ൽ പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ തന്റെ ഭാരത സന്ദർശന വേളയിൽ ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചത് തികച്ചും സമുചിതമായിരിക്കുന്നു.



ചാവറ സ്മാരക സ്റ്റാമ്പ്

ചാവറയച്ചൻ ജീവിച്ചിരുന്ന കാലഘട്ടം, അതായത് 19-ാം നൂറ്റാണ്ട്, നമ്മുടെ സമൂഹം ദാരിദ്ര്യത്തിലും നിരാശയിലും നീങ്ങിക്കൊണ്ടിരുന്ന ഒരവസരമായിരുന്നു. വിദേശികളായ അന്നത്തെ ഭരണാധികാരികൾ ജനങ്ങളുടെ ജീവിതസാഹചര്യങ്ങളെക്കുറിച്ച് യാതൊന്നും ശ്രദ്ധിച്ചിരുന്നില്ല. മഹത്തായ നമ്മുടെ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും നാരായവേരിനു കോടാലി വയ്ക്കുന്ന തരത്തിൽ നമ്മുടെ പോരായ്മകളെ വെളിച്ചത്തു കൊണ്ടുവരുന്നതിനും നമ്മുടെ ശക്തിയെ നിസാരമായിക്കരുതുന്നതിനും അബദ്ധജടിലമായ പ്രചാരണങ്ങൾ നടക്കുകയായിരുന്നു.

ഇതിന്റെ പരിണതഫലമായി നമ്മുടെ ജനങ്ങളിൽ ശക്തമായ അപകർഷതാബോധവും നിരാശയും ഉണ്ടായി. ചാവറയച്ചനേപ്പോലുള്ള ചുരുക്കം ചില മനീഷികൾക്കെങ്കിലും ഭാരതത്തിന്റെ കഴിഞ്ഞകാലത്തെ, അതിന്റെ ഭാവി ഭാഗധേയവുമായി സമന്വയിപ്പിക്കുവാൻ നന്നായി അറിയാമായിരുന്നു. ഭാരതത്തിന്റെ ഭാവി തിരുത്തിക്കുറിച്ച മഹാപുരുഷനായിരുന്നു അദ്ദേഹം. വേദങ്ങളും സംസ്കൃതഗ്രന്ഥങ്ങളും ഹൃദിസ്ഥമാക്കുകയും തമിഴും സംസ്കൃതവും പഠിക്കുകയും ഇപ്രകാരം ഭാരത്തിന്റെ പുരാതനമായ ജ്ഞാനസമ്പത്തിനെ തന്റെ ഹൃദയത്തിൽ നിറഞ്ഞിരുന്ന ക്രിസ്തീയ ദൈവവിജ്ഞാനവുമായി ബന്ധിപ്പിക്കുവാൻ പരിശ്രമിക്കുകയും ചെയ്തു. തന്റെ വിജ്ഞാനം ജനങ്ങളുമായി പങ്കുവയ്ക്കുവാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു. ഇതിനുവേണ്ടി അദ്ദേഹം 1829 മുതൽ 1870 വരെയുള്ള 40 കൊല്ലത്തെ അനുഭവങ്ങൾ തന്റെ ഭാവിതലമുറയ്ക്കുവേണ്ടി രേഖപ്പെടുത്തി. 'നാളാഗമങ്ങൾ' എന്നറിയപ്പെടുന്ന രേഖ 1829 മുതൽ 1870 വരെ കേരളത്തിന്റെ ആധികാരികമായ ചരിത്രം തന്നെയാണ്.

വിദ്യാഭ്യാസ പ്രവർത്തനം അദ്ദേഹത്തിന് ഏറ്റം പ്രിയപ്പെട്ടതായിരുന്നു. മതവിദ്യാഭ്യാസവും പൊതുവിദ്യാഭ്യാസവും അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരേ നാണയത്തിന്റെ രണ്ടു വശങ്ങൾ മാത്രമായിരുന്നു. അധ:കൃതരെ ഉദ്ധരിക്കുന്നതിന് ഒന്നാന്തരമൊരു മാർഗമായിരുന്നു ചാവറയച്ചനെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസ പ്രവർത്തനം. പാലയ്ക്കലച്ചനിൽ നിന്നും പോരുക്കരയച്ചനിൽ നിന്നും ഉത്തേജനം സ്വീകരിച്ചുകൊണ്ട് എല്ലാ ഇടവക ദേവാലയങ്ങളോടും അനുബന്ധിച്ച് സ്കൂളുകൾ സ്ഥാപിക്കപ്പെടണമെന്ന് അദ്ദേഹം നിഷ്കർഷിച്ചു. ഒരു പടികൂടി കടന്ന്, ഇപ്രകാരം തന്റെ നിർദേശം അനുസരിച്ച് സ്കൂളുകൾ തുടങ്ങാത്ത ഇടവകപ്പള്ളികളെല്ലാം അടച്ചു പൂട്ടണമെന്ന് അദ്ദേഹം താക്കീതു ചെയ്തു. വിദ്യാദാനത്തിനുവേണ്ടി അപേക്ഷിക്കുന്ന ഏതു മതക്കാർക്കും ഹരിജനങ്ങളുൾപ്പെടെയുള്ളവർക്ക്, ചാവറയച്ചൻ സമാരംഭിച്ച സ്കൂളുകളിൽ പ്രവേശനം ലഭിച്ചിരുന്നു. അന്നത്തെ സാഹചര്യത്തിൽ ഇതു വിപ്ലവകരമായ ഒരു നീക്കം തന്നെയായിരുന്നു.

ചാവറയച്ചന്റെ വിദൂരദൃഷ്ടി മറ്റൊരു പുരോഗമനപരമായ കാര്യ

ത്തിലും- സ്ത്രീജനങ്ങളുടെ സമുദ്ധാരണത്തിലും-പ്രത്യേകം പതിഞ്ഞിരുന്നു. 1864- ൽ തന്നെ ചാവറയച്ചൻ സ്ത്രീകൾക്കുവേണ്ടിയുള്ള ഒരു ഭാരതീയ സന്യാസസഭയ്ക്ക് അടിസ്ഥാനമിടുകയും അതു സ്ത്രീജനങ്ങളുടെ സർവതോന്മുഖമായ പുരോഗതിക്ക് ആക്കം കൂട്ടുകയും ചെയ്തു. ഇപ്രകാരം ചാവറയച്ചൻ ഇന്ത്യൻ നവോത്ഥാന പ്രസ്ഥാനത്തിന്റെ അതികായനായ ഒരു അവതാരമായിരുന്നു. ഇത് അധഃകൃതരെ ഉയർത്തുന്നതിനും നിരാശരെ ധൈര്യപ്പെടുത്തുന്നതിനും ജനങ്ങളിൽ സ്വാഭിമാനം വളർത്തുന്നതിനും വളരെയേറെ സഹായകമായി. ക്രിസ്തുമതത്തിന്റെ മഹത്തായ സേവനമാതൃകവഴി ഇങ്ങനെയെല്ലാം പ്രവർത്തിക്കുവാൻ സാധിച്ചത് ചാവറയച്ചന്റെ ഒരു പ്രത്യേക കഴിവായിരുന്നു. ഇന്ത്യയുടെ പ്രഥമ പ്രസിഡന്റായ ഡോ.രാധാകൃഷ്ണൻ ഭാരതത്തിലെ ക്രിസ്തീയസഭയുടെ പുരാതനത്വത്തേയും പ്രാധാന്യത്തെയും പുരസ്കരിച്ച് ഇപ്രകാരം പറഞ്ഞിരുന്നു.

"ഓർക്കുക വിശുദ്ധ തോമ്മാശ്ലീഹാ ഭാരതത്തിലേയ്ക്ക് വന്നപ്പോൾ യൂറോപ്പിലെ ഇന്നത്തെ നിരവധി ക്രിസ്തീയ രാജ്യങ്ങളിലും ക്രിസ്തുമതം എത്തിനോക്കുകപോലും ചെയ്തിരുന്നില്ല. ഭാരതത്തിലെ ക്രിസ്തുമതമാകട്ടെ തങ്ങളുടെ പിതാവാണ് സെന്റ് തോമസ് എന്ന് അഭിമാനിക്കുന്നതുകൊണ്ട് യൂറോപ്പിലെ ഇന്നത്തെ മിക്ക ക്രിസ്തീയ രാജ്യങ്ങളേക്കാൾ കൂടുതൽ ക്രിസ്തീയ ചരിത്രവും നീണ്ട ക്രിസ്തീയ പാരമ്പര്യവും ഭാരതസഭയ്ക്ക് ഉണ്ട്. ഇപ്രകാരം സംഭവിച്ചതിൽ നമുക്ക് യഥാർത്ഥത്തിൽ അഭിമാനിക്കാം". ചാവറയച്ചന്റെ ഭാരത ക്രിസ്തീയസഭയുടെ ചൈതന്യത്തെ സമ്യക്കായി പ്രതിനിധീകരിച്ചിരുന്നു; മലബാർ സഭയുടെ ചൈതന്യത്തെയാകട്ടെ അതിന്റെ അത്യുജ്ജ്വല ശോഭയിലും.

സെന്റ് പീറ്റർ റോമൻ സഭയെ സ്ഥാപിച്ചതും സെന്റ് തോമസ് മലബാർ സഭയെ സ്ഥാപിച്ചതും അവയുടെ കാലക്രമത്തിന്റെയും മാർഗദർശനത്തിന്റെയും അടിസ്ഥാനത്തിൽ തുല്യപ്രാധാന്യമർഹിക്കുന്നതാണെന്ന് എടുത്തു പറയേണ്ടതാണ്. വി. തോമസ് എ.ഡി 52-ൽ കൊടുങ്ങല്ലൂരിൽ വന്നിറങ്ങി. അന്നുമുതൽ ഇന്നുവരെ- മദർ തെരേസയുടെ നല്ല മാതൃക നമ്മുടെ മണ്ണിനെ പുളകം ചാർത്തുന്ന ഈ നാൾ വരെ-ക്രിസ്തുമതം ഭാരത സംസ്കാരത്തിന്റെ ഒരവിഭാജ്യഘടകമായിത്തീർന്നിരിക്കുന്നു.

ക്രിസ്തുവർഷത്തിന്റെ ആദ്യഘട്ടം മുതൽ തന്നെ ദക്ഷിണ ഭാരതം ക്രിസ്തുമതത്തിന് വരവേല്പ് അരുളിയിരുന്നു. സെന്റ് തോമസിന്റെയും 15- ാം ശതകത്തിൽ മാർ ജോണിന്റെയും അപ്പസ്തോലിക പ്രവർത്തനങ്ങൾ വഴിയായി സുറിയാനി സഭയും 16-ാം നൂറ്റാണ്ടിൽ ഫ്രാൻസിസ് സേവ്യറിന്റെ പ്രവർത്തനം വഴിയായി ലത്തീൻസഭയും 17-ാം നൂറ്റാണ്ടിൽ ദെനോബിലിയുടെ പ്രവർത്തനഫലമായുണ്ടായ ജസ്യൂട്ട് മിഷനറിമാരുടെ മധുരമിഷനും 18-ാം നൂറ്റാണ്ടിലെ ഡച്ചുകാരുടെ പ്രവർത്തനഫലമായി ട്രാൻകേബാറിലുണ്ടായ പ്രൊട്ടസ്റ്റന്റ് മിഷനും 19-ാം നൂറ്റാണ്ടിൽ തിരുവിതാംകൂറിൽ ഉടലെടുത്ത ലണ്ടൻ മിഷൻ സൊസൈറ്റീസും പില്ക്കാലത്തുണ്ടായ മറ്റു നിരവധി മിഷൻ പ്രസ്ഥാനങ്ങളും ബ്രദറൻ സഭകളും ദക്ഷിണ ഭാരതത്തിൽ ക്രിസ്തുമതത്തിന് സുദൃഢമായ ഒരു അടിസ്ഥാനം നൽകി.

ഭാരതത്തിലുടനീളം സ്ഥാപിതമായ ഈ മിഷനുകളെല്ലാം തന്നെ അതിന്റെ സ്ഥാപക പിതാക്കന്മാർ ഈ മിഷനുകളോട് അനുബന്ധിച്ച് തുടങ്ങിവച്ച നല്ല നിലവാരമുള്ള സ്കൂളുകളുടെയും കോളജുകളേയും പ്രവർത്തനമില്ലായിരുന്നെങ്കിൽ അതിൽത്തന്നെ വലിയ പ്രാധാന്യമുള്ളതാകുമായിരുന്നില്ല. ചാവറയച്ചന്റേയും വിദ്യാഭ്യാസ പ്രവർത്തന സംരംഭങ്ങൾ മഹത്തായ പാരമ്പര്യത്തിലാണ് ഉടലെടുക്കുന്നത്.

ഇപ്രകാരമുള്ള നീക്കങ്ങൾ കാലക്രമത്തിൽ ശക്തമായ പല ബൗദ്ധികമുന്നേറ്റങ്ങൾക്കും കാരണമായി. ആര്യസമാജം, ബ്രഹ്മസമാജം മുതലായ ശക്തമായ ബൗദ്ധിക മുന്നേറ്റങ്ങളുടെ ആവിർഭാവത്തിന് ക്രിസ്തീയ മിഷനറിമാരുടെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളാണ് മാതൃകയും പ്രചോദനവും ഏകിയതെന്ന് ചരിത്രകാരന്മാർ എല്ലാം സമ്മതിക്കുന്നു.

ക്രിസ്തീയ ശുശ്രൂഷയുടെ പ്രായോഗിക പദ്ധതിയുമായി ക്രൈസ്തവ മിഷനറിമാർ ആദിവാസികളുടെയും അധഃസ്ഥിതരുടേയും ഹരിജനങ്ങളുടേയും ഇടയിൽ ഫലപ്രദമായി പ്രവർത്തിച്ചു. ചാവറയച്ചനെപ്പോലെ അധികമാരും ഭാരത ക്രിസ്തീയ സഭയുടെ ഈ ശുശ്രൂഷാചൈതന്യത്തെ ഫലപ്രദമായി പ്രായോഗികമാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല. ഭാരതത്തിലെ ക്രിസ്തീയ സഭ എണ്ണത്തിൽ ചെറുതാണെങ്കിലും ഭാരതത്തിന്റെ ദേശീയ പ്രവർത്തനങ്ങളിൽ എന്നും മുന്നണിയിൽ നിന്നിട്ടുണ്ട്. ഈ സമൂഹത്തിലെ പല മഹോന്നത വ്യക്തികളും നിരവധി പൊതു പ്രവർത്തനങ്ങളിലും സ്വകാര്യസ്ഥാപനങ്ങളിലും പ്രമുഖ സ്ഥാനങ്ങൾ അലങ്കരിച്ചിട്ടുണ്ട്. ഇവരെല്ലാം എന്നും സാമൂഹ്യസമത്വത്തിനും സമുദായോദ്ധാരണത്തിനുമുള്ള പ്രവർത്തനങ്ങളിലും മുൻപന്തിയിൽ തന്നെയായിരുന്നു.

(1987 ഡിസംബർ 20 ന് ചാവറ സ്മാരക സ്റ്റാമ്പ് പ്രകാശനം ചെയ്ത വേളയിൽ ചെയ്ത പ്രസംഗം)

ഫലപ്രദമായ ലഹരിചികിത്സയ്ക്കും പുനരധിവാസത്തിനും
E-mail: ktm_navadars@sancharnet.in
നവദർശനാഗ്രാം
പുളിയൻമല-685 515, കട്ടപ്പന, ഇടുക്കി ജില്ല
ഫോൺ: 04868-270045
270481
ടി.സി. മാതൃകയിലുള്ള ഇന്ത്യയിലെ ചികിത്സാ പുനരധിവാസഗ്രാമം

PRAYERFUL GREETINGS FROM
Provincial Superior & Community
CMC Vimala Provincial House
Ernakulam

Deepika Daily ■ Rashtra Deepika Eveninger ■ Business Deepika ■ Kuttikalude Deepika ■ Karshakan ■ Sthree Dhanam ■ Children's Digest ■ Rashtra Deepika Cinema ■



DEEPIKA

THE FIRST MALAYALAM DAILY

rashtra deepika limited

Kerala's voice for change


Kottayam 686 001,India. Corp. Office: P.B.No:2252 Kochi-682025

Tel:+91 484 2336570,71 Fax:+91 484 2331692

e-mail: deepika@deepika.com, www.deepika.com



On the Occasion of the bicentenary birthday celebrations of



BLESSED KURIAKOSE ELIAS CHAVARA

founder

Carmelites of Mary Immaculate (C.M.I)

The first indigenous religious Congregation in India

Best Compliments from...

CMI GENERALATE


Chavara Cultural Centre
CEVA , K.C.M Press,
C.C.M. Boys' Home
Chavara Computer Centre
Chavara College of Advanced Studies

V. REV. DR. ANTONY KARIYIL CMI
PRIOR GENERAL & COMMUNITY, CMI PRIOR GENERAL'S HOUSE
P.B. NO. 1056, MONASTERY ROAD, ERNAKULAM, KOCHI – 682 011 PH. 0484 2378537

CHRIST COLLEGE

B A N G A L O R E - 5 6 0 0 2 9

www.christcollege.edu



- Situated in the Garden City of India, close to the IT Corridor
- The first college in Karnataka to be accredited by NAAC, UGC
- Rated as the best campus in Bangalore (Bangalore Urban Art Commission)
- Focus on holistic development of the students
- Placement for Postgraduate and Graduate students in leading organisations.

DEGREE COURSES

BCom	(Commerce)
BCom	(Tourism)
BBM	(Bachelor of Business Management)
BHM	(Bachelor of Hotel Management)
BCA	(Bachelor Computer Applications)
BSc	(Computer Science)
BSc	(Electronics)
BSc	Physics, Chemistry, Mathematics, Statistics, Botany & Zoology
BA	(Psychology)
BA	(Journalism)
BA	(Communicative English)
BA	Economics, Sociology, Political Science & History



POSTGRADUATE COURSES

MBA	(Master of Business Administration)
MCA	(Master of Computer Applications)
MTA	(Master of Tourism Administration)
MA	(Sociology)
MSc	(Physics)
MSc	(Psychology)

Twinning Programme with

WESTERN MICHIGAN UNIVERSITY, U.S.A.

BBA	(Bachelor of Business Administration)
BS	(Computer Science)
BE	(Electrical & Computer Engineering)

Twinning Programme with

ASSUMPTION UNIVERSITY, THAILAND

MBA	(Master of Business Administration)
MA-TRM	(Master of Arts in Tourism Management)

International Partnership with

GRIFFITH UNIVERSITY, AUSTRALIA

B.Com	(Bachelor of Commerce)
BBM	(Bachelor of Business Management)
BIB	(Bachelor of International Business)
BE	(Bachelor of Engineering in Microelectronic Engineering)
BE	(Bachelor of Engineering in Electronic Engineering)

Twinning Programme (Evening) with

PONDICHERRY UNIVERSITY

BBA, MHRM, MFM, MFT, MMM, PGDBA & PGDHRM

CENTRE FOR CAREER ADVANCEMENT

Civil Services (IAS) Training Programme

Associate Company Secretaryship (ACS)

Foundation and Intermediate Training Programme

CONTACT:

OFFICE OF ADMISSIONS, CHRIST COLLEGE, HOSUR ROAD, BANGALORE - 560029, INDIA.


Phone: 91-80-25536280 Fax: 25535863


E-mail: princi@christcollege.edu

ST. JOSEPH'S MONASTERY

MANNANAM-686 561

Ph: 0481-2598150, 2598350





ചാവറ കുറിയാക്കോസ് ഏലിയാസച്ചൻ
(1805 – 1871)
വലിയ പ്രിയോരച്ചൻ

1831-ൽ മേയ്മാസം 11-ാം തീയതി പോരുക്കര തോമ്മാമല്പാനച്ചൻ മാന്നാനം കുന്നിൽ സി.എം.ഐ. സഭയുടെ പ്രഥമ ഭവനത്തിന് വിശുദ്ധ യൗസേപ്പിന്റെ നാമത്തിൽ അടിസ്ഥാനമിട്ടു. സി.എം.ഐ. സമൂഹത്തെ നയിച്ചത് ചാവറയച്ചനായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സഭയുടെ ആദ്യ പതിനൊന്നു പിതാക്കന്മാർ അമലോത്ഭവമാതാവിന്റെ ദാസസംഘം എന്ന പേരിൽ 1855 ഡിസംബർ 8-ന് മാന്നാനത്തുവച്ച് ആദ്യവ്രതമനുഷ്ഠിച്ചു. അന്നാണ്. സി.എം.ഐ. സഭ ഔദ്യോഗികമായി - നൈയാമികമായി - സ്ഥാപിക്കപ്പെടുന്നത്. 1861-ൽ മാന്നാനത്തെ അമലോത്ഭവമാതാവിന്റെ ദാസസംഘത്തെ കർമ്മലീത്താസഭയുടെ മൂന്നാംസഭയാക്കി മാറ്റി. അന്നുമുതൽ 1959 വരെ കർമ്മലീത്താ നിഷ്പാദുക മൂന്നാംസഭ (ക.നി.മൂ.സ.-T.O.C.D.) എന്ന പേരിലാണ് സി.എം.ഐ. സഭ അറിയപ്പെട്ടത്. 1959 മുതൽ ഈ സഭ അമലോത്ഭവ മാതാവിന്റെ കർമ്മലീത്തർ (Carmelites of Mary Immaculate - CMI) എന്ന പേരിൽ അറിയപ്പെടുന്നു. ഇതാണ് ഇന്നത്തെ സി.എം.ഐ. സഭയുടെ സ്ഥാപനചരിത്രം.



വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ

ഇരുന്നൂറാം ജന്മദിനത്തിൽ



വന്ദ്യ പിതാവിന്
കോട്ടയം സെന്റ് ജോസഫ്സ്
പ്രോവിൻസിന്റെ
ആദരപൂർവമായ
പ്രണാമവും
സ്നേഹസമന്വിതമായ
സമർപ്പണവും

ഞങ്ങൾ പങ്കുചേരട്ടെ:
പിതാവേ, അങ്ങയുടെ
ആത്മീയ പ്രകർഷത്തിൽ
കാലാതീത ദർശനത്തിൽ
ജ്ഞാന വ്യാപന യജ്ഞത്തിൽ
ദീന ദയാ ചൈതന്യത്തിൽ
നിരന്തര കർമോത്സുകതയിൽ

ഞങ്ങളെ നയിച്ചാലും:
കാലത്തിനൊത്തും
കാലത്തിനു മുൻപേയും
നീങ്ങാൻ
ഇടറാതെ, തളരാതെ
മുന്നേറാൻ

St. Joseph Province, Kottayam.
C.M.I Provincial House, P.B. No. 648, Kottayam-686001, Kerala.
Ph: 0481-2566485
Fax: 0481-2580051



With Best Compliments From:

Christ Sr. Sec. School, Guna
St.Paul Sr. Sec. School, Bhopal
Chavara Vidyapeeth, Kheri, Narsinghpur
Carmel School, Kareli, Narsinghpur

CMI St.Paul Province,
Bhopal, M.P.

on the occasion of

200th Jayanthi of our founder

Bl. Chavara

Prayerful Greetings from:-



CARMEL PROVINCIAL HOUSE

MUVATTUPUZHA -686 661

CARMEL MONASTERY
VAZHAKULAM - 686 670

L.F. MONASTERY
KODUVELY -685 582

M.D.MONASTERY
KOTHAMANGALAM -686 691

CALVARY MOUNT MONASTERY
CALVARY MOUNT -685 515

CARMEL NOVITIATE
NERIAMANGALAM -686 693

DEEPTHY BHAVAN
ADIMALY -685 551

JYOTHINIVAS
THODUPUZHA -685 584

VIMALALAYAM
KORANDAKAD,
MUNNAR -685 616

P.S. MONASTERY
VAZHITHALA -685 583

ST. JOSEPH'S CARMEL HOUSE
VATTAVADA - 685 615

NIRMALGRAM ASHRAM
CHENKARA -686 691

ST.MARY'S CHURCH
KAITHAPARA,
UDUMBANNOOR -685 595

SANTHIGRAM
IDUKKI COLONY -685 602

NIRMALGRAM WELFARE CENTRE
BHOOTHATHANKETTU -686 691

CARMEL BHAVAN
KAKANADU -682 030

CHAVARA BHAVAN
NEDUMKANDAM -685 553



Prayerful Greetings from:

Father Provincial &
Community
C.M.I. Devamatha Province
Patturaickal
Thrissur.

With Best Compliments From



PROVINCE OF ST.JOSEPH

CMI Provincial House, P.B.No. 401,
Thiruvananthapuram- 695014, Kerala State, India.
Ph: 0471-327355 (House), 322758 (Provincial)
Fax-0471-322758, E-mail: cmitvm@vsnl.com
web: www.cmitvm.com



Best Compliments From:



The Christ Nagar Group of Schools is owned and managed by the Fathers of the religious congregation of the Carmelites of Mary Immaculate (CMI) at Christ Hall, the CMI monastery at Kaudiar, Trivandrum. The Blessed Kuriakose Elias Chavara, the Founder of Carmelites of Mary Immaculate (CMI) religious congregation, is our source of inspiration.

Christ Hall
Trivandrum

Christ Nagar Hr. Sec. School (ICSE)
Kaudiar

Christ Nagar English Hr. Sec. School (State)
Kaudiar

Christ Nagar Sr Sec. School (CBSE)
Thiruvallom

A Symbol of Excellence

CHRIST NAGAR GROUP OF SCHOOLS

Kaudiar P.O., Trivandrum, Kerala- 695 003

Phone: Office- 0471-2318482 Principal- 0471- 2318484. Manager- 0471-2316990.

Fax: 91 471 2311985. E-mail: cnehss@hotmail.com

With Best Compliments from



C.M.I ST. THOMAS
PROVINCIAL HOUSE
Amalapuri, Kozhikode

Best Compliments From

ST. JOSEPH'S MONASTERY
Devagiri, Kozhikode 673 008
Ph: 0495-2355134

Devagiri Institutions:

St. Joseph's College
St. Joseph's Church
Savio Higher Secondary School
Asha Kiran School (School for Differentially Abled)
Amala Aspirants' House.

Best Compliments:

Rev. Fr. Mathew
Thazhathuveettil
Principal

ST. JUDE HIGHER Secondary School

Mukhathala, Alummoodu P.O.
Kollam, Kerala, Pin - 691 577
Ph: 0474 - 2503811, 2502411

With best compliments from:



Fr. Provincial & Community,
St. Paul's Province,
Carmel Bhavan, Mysore

Best Compliments From;

LITTLE FLOWER MONASTERY

C.M.I. Ashram, Poonjar. Ph: 04822 272281

സി. എം. സി സന്യാസസഭയിലേക്ക് സ്വാഗതം

വിശുദ്ധരായ സഭാതനയരില്ലാതിരുന്നതിനാൽ വന്ധ്യയായിരുന്ന കേരള സഭയെ സന്താനപുഷ്ടിയുള്ളവളാക്കുവാൻവേണ്ടി സന്യാസസഭകൾക്ക് രൂപം നൽകിയ വാഴ്ത്തപ്പെട്ട ചാവറ പിതാവിന്റെ സ്വപ്ന സാക്ഷാത്കാരത്തിനായി അണിചേർന്ന്, പ്രാർത്ഥനയിലൂടെയും വിദ്യാഭ്യാസം, ആതുരസേവനം തുടങ്ങിയ പ്രേഷിത ശുശ്രൂഷകളിലൂടെയും വിശുദ്ധസാധന ചെയ്ത് സന്യാസ സമർപ്പണത്തിന്റെ ആത്മീയ ധന്യതയിലേക്ക് പ്രവേശിക്കുവാൻ താൽപര്യമുള്ളവരും വിളി ലഭിച്ചവരും പ്രതിജ്ഞാബദ്ധരുമായ കൊച്ചനുജത്തിമാർക്ക് സ്വാഗതം.
ബന്ധപ്പെടുക:
VOCATION PROMOTOR, CMC Provincial House, Pala, Pala P.O. Pin: 686 575. Kottayam Dist., Kerala

Best Compliments from

PROVINCIAL & COMMUNITY

Nirmal Province, Jagadalpur, Bastar Dt. 494 005, Chhattisgarh
Phone: 07782-229196, E-mail: cmijag@sancharnet.in

പുണ്യചരിതനായ ചാവറ പിതാവിനാൽ തിരിതെളിക്കപ്പെട്ട സി.എം.ഐ ആശ്രമം മുത്തോലി

കാലത്തിന്റെ വെല്ലുവിളികളിൽ മാറ്റുരച്ച് തപോധനനായ വാഴ്ത്തപ്പെട്ട ചാവറ പിതാവിന്റെ പിൻഗാമികളെ പരിശീലിപ്പിക്കുന്ന മേരിക്യൂൻസ് സെമിനാരി

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ പാദസ്പർശനമേറ്റ പ്രശാന്ത സുന്ദരമായ പുണ്യഭൂമിയിൽ വിജ്ഞാനവും വിനോദവും വിശുദ്ധിയും നിറഞ്ഞ ജീവിതചര്യകളിലൂടെ വിദ്യാർഥികളെ കർമരംഗങ്ങളിലേക്ക് ഒരുക്കുന്ന സെന്റ് ആന്റണീസ് ഹൈസ്കൂൾ
സെന്റ് ആന്റണീസ് ബോർഡിംഗ്

St. John's Monastery Mutholy- Tel. 205030. Mary Queen's Seminary- Tel. 205496
St. Antony's Boarding House- Tel. 205140. St. Antony's High School- Tel. 205020

greetings from

BHARATHAMATHA

HIGHER SECONDARY SCHOOL

CHANDRANAGAR, PALAKKAD

With Best Compliments From

Silver Hills School

Marikunnu P.O
Kozhikode-673012
Ph: 2370615

With Best Compliments From:

Fr. Rector And Community

St. Thomas Mount
CMI Novitiate (House)

Marikunnu
Ph: 2730546, 2731639.

Wayanad gets another landmark...



Located at the heart of Kalpetta town on NH 212.







Three star facilities at no star rates.

Facilities & Services: 33 well appointed Deluxe, A/c & non A/c rooms. Separate veg. & non veg. multi-cuisine restaurants. Banquet / Conference facilities (125 pax). Boardroom (30 pax). Direct STD / ISD dialling. Round the clock Cable TV. Laundry service. Car rental. Spacious parking. Conducted sight seeing tour. Shopping arcade. Doctor on call. Internet facilities.

At The Woodlands, you can be sure of a warm reception in a cool ambience, choicest delicacies at moderate rates in perfect ambience for families.

THE WOODLANDS
A CLASSIC HOTEL

Main Road, Kalpetta 673 121 Wayanad, Kerala Phone: 04936 202547, 203677, 207156.
E-mail : info@thewoodlandshotel.com thewoodlands@sify.com www.thewoodlandshotel.com

XCEL

KVJ Kochikunnel

Kochikunnel Group of Hotels

• **Hotel Pankaj, Kalpetta,** Ph: 04936 202677 • **Hotel Dwaraka, Bathery,** Ph: 04936 - 221397 • **Hotel Prince, Bathery,** Ph: 04936 - 221397, 222227 • **Hotel Pearl Mount, Pulpally,** Ph: 04936-240397 • **Hotel Pearl Mount, Kenichira,** Ph: 04936-211048 • **Hotel Picnic, Manjeri** Ph: 0483-2766865, 2766105

With Best Compliments from...

S.H. Provincial House, Rajagiri & Rajagiri Educational Institutions

Rajagiri Vidyapeetham (seat of knowledge) is a dream eternal, being unfolded in time through the relentless CMI quest for excellence in the pursuit of Wisdom. The dream is a wide network of institutions and centres providing quality education from pre-primary to doctoral programmes of specialisations and super-specialisations, and also seeking alternatives to the conventional and mainstream efforts.

Rajagiri Vidyapeetham, Kalamassery

Rajagiri College of Social Sciences, Kalamassery
Rajagiri School of Management, Kakkanad
Rajagiri School of Engineering and Technology, Kakkanad
Rajagiri High School, Kalamassery
Rajagiri Public School, Kalamassery
Rajagiri Kindergarten, Kalamassery
The Research Institute, Kalamassery
Kristujayanthi Public School, Kakkanad
Viswajyothi Public School, Angamaly

S.H. Provincial House

Rajagiri P. O., Kalamassery,
Kochi - 683 104, Kerala, India.
Phone : 91 - 484 - 2540331
Fax : 91 - 484 - 2540631



Rajagiri College of Social Sciences



Rajagiri School of Engineering and Technology



Rajagiri High School



Rajagiri Public School



Rajagiri Kindergarten



Kristujayanthi Public School



Viswajyothi Public School



Rajagiri School of Management

Printed at : Rajhans Enterprises, Bangalore - 44 ✆ : 23357070